# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

2023 സെപ്റ്റംബർ 13, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 192 –നമ്പർ 7

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2023 സെപ്റ്റംബർ 13, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധം ആയി

ചേർത്തിരിക്കുന്നു) ...

**II അടിയന്തരപ്രമേയ നോട്ടീസ്** ...

...

**III ശ്രദ്ധ ക്ഷണിക്കൽ**

(1) ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
-ശ്രീ. ഇ. കെ. വിജയൻ ...

(2) വാഹന നിർമ്മാണവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ
-ശ്രീ. അനൂപ് ജേക്കബ് ...

**IV സബ്മിഷൻ**

(1) നിപ വൈറസിനെതിരെ സ്വീകരിക്കേണ്ട
അടിയന്തര നടപടികൾ
- പ്രതിപക്ഷനേതാവ്
(ശ്രീ. വി. ഡി. സതീശൻ) ...

(2) ഇ-ഫയലിംഗ് സമ്പ്രദായത്തിലെ അശാസ്ത്രീയത
- ശ്രീ. കടകംപള്ളി സുരേന്ദ്രൻ ...

(3) അങ്കമാലി-ശബരി റെയിൽ പദ്ധതി
- ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ...

(4) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം
- ശ്രീമതി ശാന്തകുമാരി കെ. ...

(5) കോഴിക്കോട് വിമാനത്താവളത്തിലെ കാർഗോ കോംപ്ലക്സിന്റെ വികസനം
- ശ്രീ. ടി. വി. ഇബ്രാഹിം ...

(6) ജാതി സെൻസസ്
- ശ്രീ. പി. കെ. ബഷീർ ...

(7) ഗുരുവായൂർ അമൃത് പദ്ധതി
- ശ്രീ. മുരളി പെരുനെല്ലി ...

(8) ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗശല്യം
- ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ...

(9) ചെങ്ങമനാട് ബിവറേജസ് ഔട്ട്ലെറ്റ് മാറ്റുന്നതിനുള്ള നടപടി
- ശ്രീ. അൻവർ സാദത്ത് ...

(10) ഭിന്നശേഷിക്കാരുടെ സ്വയംതൊഴിൽ ഉൽപ്പന്നങ്ങളുടെ വിൽപ്പന
- ശ്രീ. വി. ആർ. സുനിൽ കുമാർ ...

(11) സ്കൂൾ പാചകത്തൊഴിലാളികളുടെ ആനുകൂല്യം
- ശ്രീ. എം. നൗഷാദ് ...

(12) പാപ്പിനിശ്ശേരി ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം
- ശ്രീ. കെ. വി. സുമേഷ് ...

(13) റേഷൻ കടകൾക്കുള്ള കമ്മീഷൻ
- ശ്രീ. ജി. സ്റ്റീഫൻ ...

(14) വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ അടിസ്ഥാന സൗകര്യ വികസനം
- ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ...

(15) ജസ്റ്റിസ് ജെ. ബി. കോശി റിപ്പോർട്ടിന്മേൽ തുടർനടപടി
- ശ്രീ. റോജി എം. ജോൺ ...

**V റിപ്പോർട്ടുകളുടെ സമർപ്പണം**

(1) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ...

(2) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള

ആക്ഷൻ ടേക്കൺ റിപ്പോർട്ടും ...

(3) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ...

(4) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ എട്ട് മുതൽ പതിനൊന്ന് വരെയുള്ള റിപ്പോർട്ടുകൾ ...

(5) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ...

VI നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2023-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ...

(ii) 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും)ഭേദഗതി ബിൽ ...

(iii) 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ)രണ്ടാം ഭേദഗതി ബിൽ ...

(2) സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപ്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...

**VII അടിയന്തരപ്രമേയ ചർച്ച**

സാമ്പത്തിക പ്രതിസന്ധി
- ശ്രീ. റോജി എം. ജോൺ ...

**നിയമനിർമ്മാണകാര്യം..... തുടർച്ച** ...

**VIII അറിയിപ്പ്**

മെഡിക്കൽ ക്യാമ്പ്
- മി. സ്പീക്കർ ...

അനുബന്ധം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2023 സെപ്റ്റംബർ 13, ബുധൻ

---

വാല്യം 192}　　　　ഔദ്യോഗിക റിപ്പോർട്ട്　　　　{നമ്പർ 7

---

നിയമസഭ 2023 സെപ്റ്റംബർ മാസം 13-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ......... ഓർഡർ...... ചോദ്യം നമ്പർ (*151)

**ആരോഗ്യ മേഖലയിൽ വിവര സാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങൾ**

1(*151) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങളും സേവനങ്ങളും വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി പൂർണ്ണമായും കടലാസുരഹിത ആശുപത്രികൾ സജ്ജീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി ആരോഗ്യമേഖലയിൽ മെച്ചപ്പെട്ട

സേവനങ്ങൾ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇ-സഞ്ജീവനി പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; ടെലിമെഡിസിൻ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ഇ-പേയ്മെന്റ് സംവിധാനം നിലവിലില്ലാത്തതിനാൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡെബിറ്റ് കാർഡ്, ഗൂഗിൾ-പേ, ഫോൺ-പേ പോലുള്ള സേവനങ്ങൾ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളും സേവനങ്ങളും വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി

സംസ്ഥാനത്തെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽവരുന്ന മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലെയും ചികിത്സാവിവരങ്ങൾ ഏകോപിപ്പിക്കുന്നതിനാണ് സംസ്ഥാന ഡിജിറ്റൽ ഹെൽത്ത് മിഷൻ മുഖാന്തരം ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിവരുന്നത്. നാളിതുവരെ സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ, ജനറൽ, ജില്ലാ-താലൂക്ക് ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, കുടുംബാരോഗ്യകേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള 594 ആശുപത്രികൾ, ആരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് ഇ-ഹെൽത്ത് സംവിധാനം ആരംഭിച്ചിട്ടുള്ളത്. ഇതിൽ 373 ആരോഗ്യസ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് സംവിധാനം കഴിഞ്ഞ രണ്ട് വർഷംകൊണ്ട് ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ പുതുതായി 120-ഓളം സ്ഥാപനങ്ങളിൽക്കൂടി ഇ-ഹെൽത്ത് നടപ്പിൽവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള ആരോഗ്യസ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് നടപ്പാക്കുന്നതിനുള്ള പ്രാഥമിക നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്. ഇതുകൂടാതെ കൂടുതൽ

രോഗികളിലേയ്ക്ക് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം എത്തിക്കുന്നതിനും ആശുപത്രികളിൽ എത്തിച്ചേരാൻ സാധിക്കാത്തവർക്ക് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഇ-സഞ്ജീവനി സംവിധാനം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിലേയ്ക്കായി 48 സ്ഥാപനങ്ങളിൽ മെഡിക്കൽ ബോർഡുകൾ ഓൺലൈനായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. മറ്റു സ്ഥാപനങ്ങളിലേയ്ക്കും ഇത് വ്യാപിപ്പിക്കുന്നതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനായി PoS (പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിക്കുന്നതിന് എല്ലാ ആശുപത്രികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ഓൺലൈൻ ബുക്കിംഗ് മുതൽ ആശുപത്രിയിലെ മുഴുവൻ സേവനങ്ങൾക്കും ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സർക്കാർ ആലോചിക്കുന്നുണ്ട്. ആയതിനായി നിലവിലെ സംവിധാനങ്ങളെക്കുറിച്ചുള്ള വിവരശേഖരണം നടന്നുവരുന്നു. സർക്കാർ ആശുപത്രികളിലെ ഇ-ഹെൽത്ത് സംവിധാനം ഉപയോഗിച്ചുകൊണ്ടുള്ള ഓൺലൈൻ രജിസ്ട്രേഷൻ, appointment booking,

ഓൺലൈൻ പേയ്മെന്റ് വഴിയുള്ള അക്കൗണ്ടിംഗ്, Banking Payment, Gateway എന്നിവ സംബന്ധിച്ച് പഠിക്കുന്നതിനായി 05-07-2023-ലെ സ.ഉ(ആർ.ടി.) 1608/2023/H&FWD പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. അതിന്റെ പ്രവർത്തനം നടന്നുവരികയാണ്. എല്ലാ ആശുപത്രികളിലെയും പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ മോണിറ്ററിംഗ് സാധ്യമാക്കുന്നതിലേയ്ക്കായി ഹോസ്പിറ്റൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (HMIS) മുഖാന്തരം റിപ്പോർട്ടിംഗ് നടത്തിവരുന്നു. പകർച്ചവ്യാധികളുടെ ദൈനംദിന S Form, P Form, L Form മുഖാന്തരമുള്ള റിപ്പോർട്ടിംഗ് Integrated Health Information Platform വഴി എല്ലാ ജില്ലകളിലും നടത്തുന്നുണ്ട്. ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ഡയാലിസിസ് സംവിധാനമുള്ള കേന്ദ്രങ്ങളിൽ Pradhan Mantri National Dialysis Programme (PMNDP) പോർട്ടൽ വഴി മോണിറ്ററിംഗ് നടത്തിവരുന്നു. കേരളത്തിൽ വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങളെ എത്രയുംവേഗം കണ്ടെത്തുന്നതിലേയ്ക്കായി ജനസംഖ്യാധിഷ്ഠിത സ്ക്രീനിംഗിന് "ശൈലീ" എന്ന ഓൺലൈൻ ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു. ഇതുവരെ 1 കോടി

46 ലക്ഷം അതായത് ടാർജറ്റ് പോപ്പുലേഷന്റെ (84.11% പേർ) സർവ്വേയാണ് പൂർത്തിയാക്കിയിട്ടുള്ളത്. Unique Health ID മുഖേന ഒരു രോഗിയുടെ ചികിത്സാ വിവരങ്ങൾ എല്ലാ ചികിത്സാ കേന്ദ്രത്തിലും ലഭ്യമാക്കൽ ഇതിന്റെ ഭാഗമായി നടന്നുവരുന്നു. കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ചാണ് നടപ്പാക്കുന്നത്. ഗുണഭോക്താവിനെ തിരിച്ചറിയൽ, ഇൻഷ്വറൻസ് കാർഡ് സൃഷ്ടിക്കൽ, രജിസ്ട്രേഷൻ, ഡിസ്ചാർജ്, ക്ലെയിം ആരംഭിക്കൽ, ആശുപത്രികളിലേയ്ക്കുള്ള പണമടയ്ക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കേന്ദ്ര സെർവറിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നു. ഈ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ പഴയ ക്ലെയിം വിശദാംശങ്ങൾ, അപ്‌ലോഡ് ചെയ്ത രേഖകൾ, ഗുണഭോക്താവിന്റെ മറ്റ് പ്രസക്ത വിവരങ്ങൾ എന്നിവ വീണ്ടും കാണാനും പരിശോധിക്കാനുമുള്ള അവസരം ലഭിക്കുന്നു.

(ബി) സംസ്ഥാനത്ത് ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ വരുന്ന മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളും

പൂർണ്ണമായും കടലാസുരഹിതമാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇ-ഹെൽത്ത് സംവിധാനത്തിലൂടെ online appointment, കൺസൾട്ടേഷൻ, ലബോറട്ടറി റിപ്പോർട്ടുകൾ (SMS അലേർട്ട്), പേഷ്യന്റ് രജിസ്ട്രേഷൻ, ടോക്കൺ അധിഷ്ഠിത ക്യൂ നിയന്ത്രണം, റഫറൽ & അഡ്വാൻസ് ബുക്കിംഗ്, ഫാർമസി, ബില്ലിംഗ്, ഇൻ-പേഷ്യന്റ് മാനേജ്മെന്റ് (Diet മാനേജ്മെന്റ്, ബെഡ് മാനേജ്മെന്റ്, വാർഡ്, ബെഡ് ട്രാൻസ്ഫർ), ഡിസ്ചാർജ്ജ് സമ്മറി എന്നീ സേവനങ്ങൾ കടലാസുരഹിതമായാണ് രൂപകല്പന ചെയ്തിട്ടുള്ളത്. സംസ്ഥാനത്തൊട്ടാകെയുള്ള 594 ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇതിൽ മുന്നൂറോളം ആശുപത്രികൾ കടലാസുരഹിതമായിട്ടാണ് പ്രവർത്തിക്കുന്നത്. പൊതുജനങ്ങൾക്ക് വെബ് പോർട്ടൽ മുഖേന online appointment ബുക്കിംഗിനുള്ള സൗകര്യവും നിലവിൽ ലഭ്യമാണ്. രോഗികൾക്ക് ഡോക്ടറെ കാണുന്നതിനുള്ള തിരക്ക് ഒഴിവാക്കുന്നതിന്റെ ഭാഗമായി ക്യൂ മാനേജ്മെന്റ് സിസ്റ്റം ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള എല്ലാ ആശുപത്രികളിലും സജ്ജീകരിച്ചിട്ടുണ്ട്. ഓൺലൈൻ ഒ.പി.

രജിസ്ട്രേഷൻ, ആശുപത്രി റിസപ്ഷൻ മുഖാന്തരമുള്ള ഒ.പി. രജിസ്ട്രേഷൻ, ടോക്കൺ ഡിസ്പ്ലേ, അഡ്വാൻസ് ടോക്കൺ ബുക്കിംഗ് എന്നീ സംവിധാനങ്ങൾ ഇതിനകംതന്നെ തിരുവനന്തപുരം മെഡിക്കൽ കോളേജിലടക്കം പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ലഭ്യമാണ്. ഈ സംവിധാനംവഴി ഒ.പി.-യിലെ തിരക്ക് ഫലപ്രദമായി നിയന്ത്രിക്കാനും ക്രമീകരിക്കാനും സാധ്യമാണ്. ഒ.പി. രജിസ്ട്രേഷൻ വഴിയോ, ഓൺലൈൻ അപ്പോയിന്റ്മെന്റ് ബുക്കിംഗ് വഴിയോ ആശുപത്രിയിൽ എത്തുന്ന രോഗിക്ക് ടോക്കൺ അനുസരിച്ച് അതത് ഡോക്ടറെ കാണാനും ഡോക്ടർക്ക് അപ്പോൾത്തന്നെ രോഗിയുടെ ചികിത്സാവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്താനും സാധിക്കും. വ്യക്തികളുടെ സമഗ്രമായ ആരോഗ്യരേഖകൾ ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയ ആശുപത്രികളിൽ കമ്പ്യൂട്ടർ ശൃംഖല വഴി ലഭ്യമാകുമെന്നതിനാൽ വിവിധ ആശുപത്രികളിൽ തുടർചികിത്സകൾ വേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഡോക്ടർമാർക്ക് തങ്ങളുടെ മുന്നിലിരിക്കുന്ന രോഗിയുടെ പൂർണ്ണമായ രോഗചികിത്സാ സംഗ്രഹം ഞൊടിയിടയിൽത്തന്നെ കേന്ദ്രീകൃത കമ്പ്യൂട്ടറിൽനിന്ന് ലഭ്യമാക്കി കൃത്യമായ തുടർചികിത്സ

നിർണ്ണയിക്കാൻ സാധിക്കുന്നു. ഇതുവഴി രോഗികൾക്ക് തങ്ങളുടെ ചികിത്സാ സംബന്ധിയായ രേഖകൾ കൊണ്ടുനടക്കേണ്ട ആവശ്യവും ഇല്ലാതാകുന്നു. അതോടൊപ്പം നിലവിൽ ആവശ്യമായ ചികിത്സയുടെ വിവരങ്ങളും വേണ്ടിവരുന്ന മരുന്നുകളുടെ ഇ-കുറിപ്പടിയും ഡോക്ടർ ഇ-ഹെൽത്ത് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതുവഴി നെറ്റ്‌വർക്ക് സംവിധാനത്തിലൂടെ ഫാർമസികളിൽ ലഭ്യമാകുകയും തുടർന്ന് രോഗികൾക്ക് ഡോക്ടർ നിർദ്ദേശിച്ചിട്ടുള്ള മരുന്നുകൾ ഫാർമസികളിൽനിന്ന് ലഭിക്കുകയും ചെയ്യുന്നു. ചികിത്സയുടെ ഭാഗമായി സർക്കാർ ലബോറട്ടറിയുടെ സേവനം തേടിയാൽ ഡോക്ടർമാരുടെ കുറിപ്പടികൾ നെറ്റ്‌വർക്കുവഴി ലബോറട്ടറികളിൽ അപ്പപ്പോൾ എത്തുന്നതാണ്. ടെസ്റ്റ് റിസൾട്ടുകൾ ഡോക്ടർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ തൽസമയം ലഭ്യമാകുന്നു. ഒപ്പം, രോഗികൾക്ക് റിസൾട്ടുകൾ S.M.S. മുഖാന്തരം ലഭിക്കുന്നു. ലാബ്, റേഡിയോളജി മുതലായ ബന്ധപ്പെട്ട സേവനങ്ങൾക്കാവശ്യമായ ബില്ലിംഗ് സാങ്കേതികത്വം ഇ-ഹെൽത്ത് സംവിധാനത്തിൽ ലഭ്യമാണ്. ഇതുവഴി രോഗികൾക്കും ആശുപത്രി മാനേജ്‌മെന്റിനും ബില്ലിംഗ് സൗകര്യപ്രദമായി ഉപയോഗപ്പെടുത്താം.

ഡോക്ടർമാരുടെ പ്രിസ്ക്രിപ്ഷനുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ അഡ്മിറ്റാകുന്ന രോഗികൾക്ക് നെറ്റ്‌വർക്ക് വഴി അതത് വിഭാഗത്തിന്റെ വാർഡുകളിലും മറ്റും അപ്പപ്പോൾ നിർദ്ദേശമെത്തുന്നു. അതനുസരിച്ച് അഡ്മിറ്റാകാനും ആവശ്യമുള്ളപ്പോൾ വാർഡ്, ബെഡ് എന്നിവ മാറുന്നതിനും സാധ്യമാണ്. ഒപ്പം ഡയറ്റ് നിർദ്ദേശങ്ങൾ നെറ്റ്‌വർക്കുവഴി അതത് നഴ്സുമാർക്കും മറ്റും ലഭിച്ച് അതനുസരിച്ച് അവ കൈകാര്യം ചെയ്യാനും സാധിക്കുന്നു.

(സി) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് പതിവ് ഒ.പി. ചികിത്സയ്ക്കായുള്ള ആശുപത്രി സന്ദർശനം ഒഴിവാക്കി പകരം ഗുണനിലവാരമുള്ള ആരോഗ്യസേവനങ്ങൾ നൽകുന്നതിനായി നടപ്പാക്കിയ ടെലിമെഡിസിൻ സംവിധാനമാണ് ഇ-സഞ്ജീവനി. രാജ്യത്തെ ആദ്യത്തെ ഓൺലൈൻ വ്യക്തിസൗഹൃദ ടെലിമെഡിസിൻ വീഡിയോ കോൺഫറൻസ് സംവിധാനമാണ് ഇ-സഞ്ജീവനി. ഈ ദശകത്തിലെ നിർണ്ണായകവും ശ്രദ്ധിക്കേണ്ടതുമായ ഒന്നാണ് ടെലിമെഡിസിൻ പ്ലാറ്റ്ഫോമായ ഇ-സഞ്ജീവനി. ഇ-

സഞ്ജീവനിയിലൂടെ പൊതുജനങ്ങൾക്ക് രണ്ടുതരം ടെലിമെഡിസിൻ സേവനങ്ങൾ ലഭ്യമാണ്; ആയുഷ്മാൻ ഭാരത് - ഹെൽത്ത് ആൻഡ് വെൽനസ് സെന്ററിന്റെ (എ.ബി.എച്ച്.ഡബ്ല്യു.സി.) കീഴിൽ ഇ-സഞ്ജീവനി HWC (ഡോക്ടർ ടു ഡോക്ടർ) ടെലിമെഡിസിൻ സേവനവും ഇ-സഞ്ജീവനി ഒ.പി. സേവനവും. ഇന്ത്യയിൽത്തന്നെ ആദ്യമായി ഇ-സഞ്ജീവനി പൊതുജനങ്ങളിലേയ്ക്കെത്തിക്കാൻ കഴിഞ്ഞത് കേരളത്തിന്റെ ആരോഗ്യ മേഖലയുടെ മികവായി കണക്കാക്കാൻ കഴിയും. സംസ്ഥാനത്തൊട്ടാകെ പ്രതിദിനം ശരാശരി 1200 മുതൽ 1500 പേർക്കുവരെ ഇ-സഞ്ജീവനി സേവനം പ്രയോജനപ്പെടുന്നു. സാങ്കേതിക മികവുകൊണ്ടും പ്രവർത്തന മികവുകൊണ്ടും ഇ-സഞ്ജീവനിയിൽ വലിയ മാറ്റമാണ് കൊണ്ടുവരാൻ കഴിഞ്ഞത്. ടെലിമെഡിസിൻ വഴിയുള്ള ഇ-പ്രിസ്ക്രിപ്ഷൻ ഉപയോഗിച്ച് അടുത്ത 24 മണിക്കൂറിനുള്ളിൽ അടുത്തുള്ള സർക്കാർ ആശുപത്രിയിൽനിന്നും മരുന്നുകൾ സൗജന്യമായി വാങ്ങാനും ലാബ് സൗകര്യമുള്ള ആശുപത്രികളിൽനിന്നും ലാബ് പരിശോധന നടത്താനും രോഗിക്ക് കഴിയും. എല്ലാ ജില്ലയിലും ഇ-സഞ്ജീവനി സേവനം വിപുലീകരിക്കുന്നതിലേയ്ക്കായി ECRP (Emergency

Covid Response Package), ROP, Supplementary ROP തുടങ്ങിയവയ്ക്ക് തുക വകയിരുത്തിയിട്ടുണ്ട്. 23-04-2022-ലെ സ.ഉ(ആർ.ടി). 899/2022/H&FWD ഉത്തരവുപ്രകാരം ഇ-സഞ്ജീവനി ത്രിതല ഹബ്ബിലൂടെയും സ്പോക്ക് സിസ്റ്റത്തിലൂടെയുമുള്ള സേവനലഭ്യത വിപുലീകരിക്കുന്നതിനായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന കമ്മിറ്റിയും ജില്ലകളിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ കമ്മിറ്റികളും രൂപീകരിച്ച് ഇ-സഞ്ജീവനി സേവനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ ജില്ലകളിലെ പ്രാഥമികാരോഗ്യ സ്ഥാപനങ്ങളിൽനിന്നുകൊണ്ടുതന്നെ റഫറൽ സംവിധാനത്തിലൂടെ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കാൻ കഴിഞ്ഞു. എല്ലാ ജില്ലകളിലും ഇ-സഞ്ജീവനിയുടെ പ്രവർത്തനം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിലയിരുത്തിവരുന്നു. കൂടാതെ ജില്ലാ ഹബ്ബുകളായ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും എല്ലാ മെഡിക്കൽ കോളേജുകളുടെയും പങ്കാളിത്തം ഇ-സഞ്ജീവനി ഒ.പി.യിൽ ഉറപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു. ഇ-സഞ്ജീവനി ഒ.പി.-യിൽ

ജനറൽ ഒ.പി. എല്ലാ ദിവസവും 24 മണിക്കൂറും ലഭ്യമാണ്. ഈ സേവനം ഉറപ്പാക്കുന്നതിലേയ്ക്കായി 35 മെഡിക്കൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. ഈ ഒ.പി.-യിലൂടെ ഏത് വിധത്തിലുള്ള അസുഖങ്ങൾക്കും ചികിത്സാസംബന്ധമായ സംശയങ്ങൾക്കും സേവനം തേടാം. സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ആവശ്യമുള്ളവരെ അതത് വിഭാഗങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നു. ഇ-സഞ്ജീവനി ടെലിമെഡിസിൻ സേവനം കേരളത്തിൽ തുടങ്ങിയപ്പോൾത്തന്നെ സ്പെഷ്യാലിറ്റി ഒ.പി.-കൾ തുടങ്ങുകയും ചെയ്തു. ഇതുകൂടാതെ ആയുഷ് വകുപ്പ് നടത്തുന്ന ഹോമിയോപ്പതി, ആയുർവേദ ഒ.പി.-കളും ഇ-സഞ്ജീവനിയിൽ ലഭ്യമാണ്. ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലിമെഡിസിൻ സേവനം ഹബ് ആൻഡ് സ്പോക് മോഡലിലാണ് പ്രർത്തിക്കുന്നത്. ഹബ് എന്നത് മെഡിക്കൽ കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും എല്ലാ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും സേവനം ലഭിക്കുംവിധമാണ് സജ്ജീകരിച്ചിരിക്കുന്നത്. സ്പോക് എന്നത് താലൂക്ക് ആശുപത്രികൾ, കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾ

എന്നിവയാണ്. സ്പോക്കിൽ വരുന്ന രോഗികളെ മെഡിക്കൽ കോളേജുകളിലേയ്ക്കും ജില്ലാ ആശുപത്രികളിലേയ്ക്കും റഫർ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ അവർക്ക് സ്പോക് ആശുപത്രികളിൽ നിന്നുതന്നെ മെഡിക്കൽ കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുവെന്നതാണ് ഡോക്ടർ ടു ഡോക്ടർ ടെലിമെഡിസിൻ സേവനത്തിന്റെ പ്രത്യേകത. ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലിമെഡിസിൻ സേവനം രണ്ടുഘട്ട പരിശോധനയാണ് രോഗിക്ക് നൽകുന്നത്. ആദ്യമായി, സ്പോക്ക് ആശുപത്രിയിലെ ഡോക്ടർ ചെയ്യുന്ന പ്രാഥമിക പരിശോധനയാണ്. അതുകഴിഞ്ഞ് രോഗിയെ സ്പെഷ്യലിസ്റ്റ് ഡോക്ടർക്ക് റഫർ ചെയ്യേണ്ട സാഹചര്യമുണ്ടെങ്കിൽ സ്പോക്ക് ആശുപത്രിയിലെ ഡോക്ടർക്ക് ഉടൻതന്നെ ഹബ്ബിലെ (മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ) ഡോക്ടർമാരെ ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലിമെഡിസിൻ സേവനത്തിലൂടെ ബന്ധപ്പെട്ട് ആവശ്യമായ ചികിത്സ നൽകാവുന്നതാണ്. ഇതുവഴി സ്പെഷ്യലിസ്റ്റ് ഡോക്ടറെ റഫർ ചെയ്ത് രോഗിക്ക് മെഡിക്കൽ കോളേജുകളിലേയ്ക്കും ജില്ലാ

ആശുപത്രികളിലേയ്ക്കും സഞ്ചരിക്കാതെതന്നെ സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനം ലഭിക്കുന്നതാണ്. കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിലേയ്ക്കായി സ്വകാര്യസ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ ദിവസവും അവരുടെ സേവനം ഉറപ്പാക്കുന്നുണ്ട്. ഇ-സഞ്ജീവനി സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി ജില്ലാ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ ഡ്യൂട്ടി ക്രമീകരിച്ച് സേവനലഭ്യത ഉറപ്പാക്കുന്നു. എല്ലാ ജില്ലകളിലും ജില്ലാ ഹബ്ബുകളും സംസ്ഥാന ഹബ്ബും പ്രവർത്തിക്കുന്നുണ്ട്. ഗൃഹ സന്ദർശനം നടത്തുന്ന പാലിയേറ്റീവ് കെയർ സ്റ്റാഫ് നേഴ്സുമാർ, ആശാ വർക്കർമാർ, സ്റ്റാഫ് നഴ്സുമാർ, MLSP (Mid Level Service Providers), RBSK (Rashtriya Bal Swasthya Karyakram) നേഴ്സുമാർ, ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. എന്നിവർക്കും ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനംവഴി സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനം രോഗികൾക്ക് നൽകാവുന്നതാണ്. ഇ-സഞ്ജീവനിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്റ്റേറ്റ് ഹബ്ബ് ഡോക്ടർമാർക്കും എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത ഡോക്ടർമാർക്കും പാലിയേറ്റീവ് കെയർ

സ്റ്റാഫ് നഴ്സുമാർ, ആശ വർക്കർമാർ, സ്റ്റാഫ് നഴ്സുമാർ, MLSP, RBSK നഴ്സുമാർ, JPHN, JHI-മാർക്കും ഇ-സഞ്ജീവനിയുടെ പ്രവർത്തനത്തെക്കുറിച്ചും ഇ-സഞ്ജീവനിയുടെ സാങ്കേതികവശങ്ങളെക്കുറിച്ചും സി-ഡാക്ക് മൊഹാലിയിൽനിന്നുമുള്ള വിദഗ്ധരുടെ പരിശീലനം നൽകിയിട്ടുണ്ട്. കേരളത്തിൽ ഇതുവരെ 8.36 ലക്ഷത്തിലധികം കൺസൾട്ടേഷനുകളാണ് പൂർത്തിയാക്കിയത്. ഇതുവരെ 2300-ൽ അധികം ഡോക്ടർമാരെയും 5744 സ്പോക് യൂസർമാരെയും 6001 ആരോഗ്യ സ്ഥാപനങ്ങളെയും ഇ-സഞ്ജീവനിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ മെഡിക്കൽ കോളേജുകളെ എല്ലാ സ്പോക്കുകളുമായും ബന്ധിപ്പിച്ചിരിക്കുന്നു. മിക്ക ജില്ലകളിലും ഇ-സഞ്ജീവനിയിലൂടെ മികച്ച സേവനമാണ് നൽകുന്നത്. ഇതിനുദാഹരണമാണ് ജില്ലകളിൽ ഇ-സഞ്ജീവനി വഴി ഫീൽഡുതല ആരോഗ്യപ്രവർത്തകർ കണ്ടെത്തിയ വിളർച്ച, പോഷകക്കുറവ്, നേത്രപരിശോധനയിൽ കണ്ടെത്തിയ കാഴ്ചക്കുറവ്, കിടപ്പുരോഗികളുടെ പരിചരണം എന്നിവ. ലോക വയോജന ദിനത്തോടനുബന്ധിച്ച് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിച്ച ഇ-സഞ്ജീവനി വയോജനദിന പരിപാടിയിൽ

നൂറുകണക്കിന് വയോജനങ്ങൾക്ക് ഇ-സഞ്ജീവനി വഴി ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം നെട്ടുകാൽത്തേരി തുറന്ന ജയിലിലെ തടവുകാർക്ക് ആരോഗ്യസേവനം ലഭ്യമാക്കുന്നതിലേയ്ക്കായി ജയിൽ മെഡിക്കൽ ടീമിന്റെ നേതൃത്വത്തിൽ ഇ-സഞ്ജീവനി സേവനം ലഭ്യമാക്കിവരുന്നു. വരുംനാളുകളിൽ ഇ-സഞ്ജീവനിയുടെ സേവനം മികച്ചതാക്കുന്നതിനും എല്ലാവരിലേയ്ക്കും എത്തിക്കുന്നതിനുമുള്ള സത്വരനടപടികൾ ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ചുവരുന്നു. ജയിൽ, ശിശുമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ എന്നിവിടങ്ങളിലുള്ളവർക്ക് വളരെയധികം പ്രയോജനപ്പെടുന്നതാണ് ഇ-സഞ്ജീവനി. ഇ-സഞ്ജീവനി സേവനങ്ങൾ ഓരോ വ്യക്തിക്കും എങ്ങനെ ലഭ്യമാക്കുമെന്നും അതോടൊപ്പം അതെങ്ങനെ ഉപയോഗിക്കാമെന്നുമുള്ള നിർദ്ദേശങ്ങൾ ഭവനസന്ദർശന വേളകളിൽ ആരോഗ്യപ്രവർത്തകർ ഭവനങ്ങളിലെ സാഹചര്യങ്ങൾ മനസ്സിലാക്കി നൽകിവരുന്നു. ഇ-സഞ്ജീവനി ടെലിമെഡിസിൻ ഉപയോഗിക്കുന്നതിൽ ജനങ്ങൾക്ക് എന്ത്

സംശയമുണ്ടെങ്കിലും ദിശവഴി 1056, 0471-2552056 എന്നീ ടെലിഫോൺ നമ്പരുകളിൽ സൗജന്യമായി ബന്ധപ്പെടാവുന്നതാണ്.

(ഡി) ആശുപത്രികളിൽ പൊതുജനങ്ങളിൽനിന്നും പേമെന്റ് ഈടാക്കുന്നത് ഒ.പി. ടിക്കറ്റ്, ലബോറട്ടറി പരിശോധന എന്നീ കാര്യങ്ങൾക്കാണ്. ഇ-പേമെന്റ് (e-payment) നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമായി online appointment booking നടത്തുമ്പോൾത്തന്നെ ആശുപത്രികളിൽ അവയ്ക്ക് തുക ഈടാക്കുന്നുണ്ടെങ്കിൽ അവ appointment ബുക്ക് ചെയ്യുന്ന സമയംതന്നെ പേമെന്റ് ചെയ്യാവുന്നതരത്തിൽ ഇ-ഹെൽത്ത് സോഫ്റ്റ്‌വെയറിൽ വേണ്ടുന്ന ഭേദഗതികൾ നടത്തിവരുന്നു. കൂടാതെ, ലബോറട്ടറി പരിശോധനയ്ക്കുള്ള പ്രതിഫലം ഇ-പേയ്മെന്റ് ആയി ലഭ്യമാക്കുന്നതിനായി PoS മെഷീൻ സ്ഥാപിച്ച് ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, ഗൂഗിൾ പേ, ഫോൺ പേ മുതലായവ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണിച്ചുവരികയാണ്. ആയതിനായുള്ള വിവരശേഖരണം നടത്തിവരുന്നു. എറണാകുളം, കണ്ണൂർ, വയനാട് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇ-പേയ്മെന്റ് നിലവിലുണ്ട്. ഇ-പേമെന്റ്

സംവിധാനമില്ലാത്ത മെഡിക്കൽ കോളേജ് ആശുപത്രികളിൽ ടി സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, കേരളത്തെ ഭീതിയുടെ മുൾമുനയിൽ നിർത്തിയ നിപ വൈറസ് വീണ്ടും പേരാമ്പ്രയിലും കോഴിക്കോട്ടും പ്രത്യക്ഷപ്പെട്ടുവെന്ന വാർത്ത കഴിഞ്ഞ ദിവസം പത്രമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിരുന്നു. ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജും പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. മുഹമ്മദ് റിയാസും ശ്രീ. പി. കെ. കുഞ്ഞമ്മദ് കുട്ടി മാസ്റ്ററും ശ്രീ. ഇ. കെ. വിജയനും ഇന്നലെത്തന്നെ അവിടെയെത്തുകയും കരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവെന്ന് പത്രവാർത്തകളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചു. നിപ വൈറസ് ബാധയ്ക്കെതിരെ എന്തെല്ലാം കരുതൽ നടപടികളും സുരക്ഷാക്രമീകരണങ്ങളുമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ച വിഷയം ഇന്നത്തെ ചോദ്യവുമായി ബന്ധപ്പെട്ടതല്ലെങ്കിൽപ്പോലും പ്രധാനപ്പെട്ട വിഷയമായതുകൊണ്ടും അദ്ദേഹം സഭയിൽ

ഉന്നയിച്ചതായതുകൊണ്ടും അതിനെക്കുറിച്ച് വിശദീകരിക്കാം. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ഒരു അസ്വാഭാവിക പനി മരണമുണ്ടായെന്നും മരണപ്പെട്ട വ്യക്തിയുടെ അടുത്ത ബന്ധുക്കൾ പനിബാധിച്ച് ആശുപത്രിയിലാണെന്നും അദ്ദേഹത്തിന്റെ മകൻ ഗുരുതരാവസ്ഥയിൽ വെന്റിലേറ്ററിലാണെന്നുമുള്ള വിവരം മിനിഞ്ഞാന്ന് രാവിലെയാണ് ലഭിച്ചത്. ഇതിൽ അസ്വാഭാവികതയുണ്ടെന്ന് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയതിനെത്തുടർന്ന് അടിയന്തരമായി സമഗ്ര റിപ്പോർട്ട് ശേഖരിക്കുന്നതിന് ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്സിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണവും അതോടൊപ്പം ഫീൽഡുതലത്തിൽ ആരോഗ്യപ്രവർത്തകർ ഡാറ്റയുമെടുത്തു. കോഴിക്കോട് മെഡിക്കൽ കോളേജിൽ BSL Level 2 Lab ഉണ്ട്. 2021 സെപ്റ്റംബർ മുതലാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രസ്തുത ലാബ് ക്രമീകരിച്ചത്. അവിടെ നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ നിപ ആണെന്നുള്ളത് ശക്തമായി സംശയിച്ചു. സംശയിച്ചുവെന്ന് പറയുന്നത് ടെക്നിക്കലായിട്ടാണ്. കാരണം, നിപ

സ്ഥിരീകരിക്കാൻ കഴിയുന്നത് പൂനയിലെ The National Institute of Virology (NIV)-ക്കാണ്. അവരാണ് അത് ഡിക്ലെയർ ചെയ്യേണ്ടത്. മിനിഞ്ഞാന്നുരാത്രിതന്നെ നമ്മുടെ ലാബിൽ ഇതിന്റെ പരിശോധനകൾ നടത്തി സാമ്പിളുകൾ പൂനയിലേയ്ക്കയച്ചു. ഇന്നലെ രാത്രി 9 മണിയോടുകൂടി അവിടെനിന്നും ടെസ്റ്റ് റിസൾട്ട് ലഭിച്ചു. മരണപ്പെട്ട വ്യക്തിയുടെ പരിശോധനാഫലം പോസിറ്റീവാണ്. കൂടാതെ മരണപ്പെട്ട വ്യക്തിയുടെ മകന്റെയും ഭാര്യാസഹോദരന്റെയും പരിശോധനാഫലവും പോസിറ്റീവാണ്. മരണപ്പെട്ട വ്യക്തിയുടെ ഒൻപത് വയസ്സുള്ള മകൻ ഇപ്പോൾ വെന്റിലേറ്ററിലാണ്. നിപ സസ്പെക്ട് ചെയ്ത സമയംതന്നെ ആരോഗ്യവകുപ്പിന്റെ ഉന്നതതലയോഗം അടിയന്തരമായി ചേരുകയുണ്ടായി. എല്ലാ ഉന്നത ഉദ്യോഗസ്ഥരും രാത്രിയിൽത്തന്നെ യോഗത്തിൽ പങ്കെടുത്തിരുന്നു. യോഗത്തിനുശേഷം ഡയറക്ടർമാരുൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ കോഴിക്കോട് പോയി. ഞാനും അവിടെ പോയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും മുന്നൊരുക്കപ്രവർത്തനങ്ങളും

ആരോഗ്യവകുപ്പ് നടത്തുകയുണ്ടായി. ഇങ്ങനെയൊരു സാഹചര്യമുണ്ടായാൽ എന്ത് ചെയ്യണമെന്നതുസംബന്ധിച്ച് 2018-ൽ പ്രോട്ടോകോൾ പുറപ്പെടുവിച്ചിരുന്നു. അത് പരിഷ്കരിച്ച് 2021-ൽ പുതിയൊരു പ്രോട്ടോകോൾ പുറപ്പെടുവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 16 കോർ കമ്മിറ്റികൾ രൂപീകരിച്ചു, സർവൈലൻസും കോണ്ടാക്ട് ട്രേസിംഗും അതിലുണ്ട്. അതോടൊപ്പം അതിൽ ഹൈ റിസ്ക്, ലോ റിസ്ക് കാറ്റഗറൈസേഷനുമുണ്ട്. ഇവയുൾപ്പെടെയുള്ള കോർ ടീമുകൾ രൂപീകരിച്ചുകൊണ്ട് അടിയന്തരമായി പരിശോധിക്കുന്നത് ഇവരുടെ സമ്പർക്കത്തെക്കുറിച്ചാണ്. അത് പ്രൈമറി കോണ്ടാക്ടാണോ ഹൈ റിസ്കാണോ ലോ റിസ്കാണോ എന്നുള്ളതാണ്. അതനുസരിച്ച് ഏതൊക്കെ ആശുപത്രികളിൽ പോയിട്ടുണ്ട്; ഏതൊക്കെ സമയത്താണ് പോയത്; ഏത് ഭാഗത്താണ് പോയത്, കാഷ്വാലിറ്റിയിലായിരുന്നോ, ഐ.സി.യു.-വിലായിരുന്നോ; എത്രസമയമുണ്ടായിരുന്നു എന്നിവയുൾപ്പെടെയുള്ള റൂട്ട്മാപ്പുകൾ ഇന്ന് രാവിലെയോടുകൂടി പ്രസിദ്ധീകരിക്കുകയാണ്. അതുകൂടാതെ മെഡിസിൻ, അനുബന്ധമായ സാമഗ്രികളൊരുക്കൽ, ഐസൊലേഷൻ ഫെസിലിറ്റി

ഏർപ്പാടാക്കൽ തുടങ്ങിയവ ചെയ്യുന്നുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ പേ വാർഡ് സംവിധാനത്തിൽ 75 മുറികൾ ക്രമീകരിച്ചിട്ടുണ്ട്. അവിടെ ഫേസ്-1, ഫേസ്-2, പ്ലാൻ-എ, പ്ലാൻ-ബി, പ്ലാൻ-സി എന്നീ നിലയിൽ സമ്പർക്കമുള്ളവരെ പ്രവേശിപ്പിക്കാൻ കഴിയും. അതുകൂടാതെ പ്രധാനപ്പെട്ടൊരു കാര്യം, നിപ പോസിറ്റീവായിട്ടുള്ളവർക്ക് അവയിലബിളായിട്ടുള്ള മെഡിസിൽ Monoclonal antibody ആണ്. അവ ലഭ്യമാക്കുന്നതിന് മിനിഞ്ഞാന്നുരാത്രിതന്നെ Indian Council of Medical Research (ICMR)-ഉം ആയി ബന്ധപ്പെട്ടിരുന്നു. അവർ അത് വിമാനമാർഗ്ഗം ഇവിടെ എത്തിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ചികിത്സിക്കുന്ന ഡോക്ടറുടെകൂടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ Monoclonal antibody ഇവിടെ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുകയാണ്. ഈ ഘട്ടത്തിൽ ഇന്നലെ മുതൽതന്നെ സമ്പർക്കബാധിതരെ തിരിച്ചറിഞ്ഞ് അവരെ ഐസൊലേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ കോഴിക്കോട് ജില്ലയിൽ രണ്ട് എപ്പിക്സ് സെന്ററുകളാണുള്ളത്. പ്രസ്തുത സെന്ററുകളുടെ അഞ്ച് കിലോമീറ്റർ റേഡിയസ്സിനുള്ളിൽ containment zone

പ്രഖ്യാപിച്ചുകൊണ്ട് ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർ പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലയുടെ ചുമതലയുള്ള മന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് ഇന്നലെ അവിടെ വരികയും നിപ പ്രതിരോധത്തിനായി വകുപ്പുകളുടെ ഒരു യോഗം വിളിച്ചുചേർക്കുകയും ചെയ്തു. 30-ാം തീയതി മരിച്ച വ്യക്തിക്ക് ലിവർ സിറോസിസ് ഉണ്ടായിരുന്നതുകൊണ്ടാണ് നിപ സാന്നിധ്യം മനസ്സിലാക്കാൻ സാധിക്കാതിരുന്നത്. മറ്റ് ഗുരുതരരോഗങ്ങളുള്ള വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിൽനിന്നാണ് മറ്റുള്ളവരിലേയ്ക്ക് രോഗം പകർന്നതെന്നാണ് ഈ ഘട്ടത്തിൽ കണ്ടെത്തിയിട്ടുള്ളത്. ഈ വ്യക്തിയുമായി സമ്പർക്കത്തിലായ മുഴുവൻ പേരെയും കണ്ടെത്തുകയും ഐസൊലേറ്റ് ചെയ്യുകയും പരിശോധനകൾ നടത്തുകയും ചെയ്യുന്നതാണ്. കേന്ദ്രത്തിന്റെ സഹായവും അഭ്യർത്ഥിച്ചിരുന്നു. എൻ.ഐ.വി. പൂനയിൽനിന്നുള്ള സംഘം ഇന്ന് വൈകുന്നേരത്തോടുകൂടി അവിടെ മൊബൈൽ ലാബ് സെറ്റ് ചെയ്യുന്നതിനും വവ്വാലുകളുടെ സർവ്വേ (Bat survey) നടത്തുന്നതിനുംവേണ്ടി എത്തുന്നുണ്ട്. കൂടാതെ സർവ്വേയുടെ ഭാഗമായി ചെന്നൈയിൽനിന്നും എപ്പിഡമോളജിസ്റ്റുകളുടെ ഒരു സംഘവും എത്തുന്നുണ്ട്.

സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ മുന്നൊരുക്ക പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി ചെയ്തിട്ടുണ്ട്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, നിപബാധ നിയന്ത്രണത്തിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നറിഞ്ഞതിൽ സന്തോഷം. ഈ മാരകവൈറസ് ബാധിച്ചവർക്ക് സാമ്പത്തികസഹായം നൽകുന്നതിനെക്കുറിച്ചും അവരുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിന് മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, ഈ രോഗം മറ്റ് വ്യക്തികളിലേയ്ക്ക് പകരാതിരിക്കാനുള്ള ശക്തമായ നടപടി സ്വീകരിക്കുന്നതിനാണ് ആരോഗ്യ വകുപ്പ് ഈ ഘട്ടത്തിൽ മുൻഗണന നൽകിയിട്ടുള്ളത്. ഇനിയും രോഗികളായവരുണ്ടെങ്കിൽ അവരെ കണ്ടെത്തി ചികിത്സയ്ക്ക് വിധേയമാക്കുകയും ഐസോലെഷനിലുള്ളവർക്ക് സൈക്കോളജിക്കൽ സപ്പോർട്ട് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. പ്രസ്തുത സാഹചര്യം അഭിമുഖീകരിക്കുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അതിലേയ്ക്കായി സാധ്യമായിട്ടുള്ളതെല്ലാം ചെയ്യുന്നതാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, കോഴിക്കോട് നേരത്തെ നിപ വൈറസ് സ്ഥിരീകരിച്ച സമയത്ത് ആരോഗ്യ വകുപ്പ് ഫലപ്രദമായ ഇടപെടലാണ് നടത്തിയത്. അവിടെ നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഫലപ്രദമായ പ്രതിരോധ നടപടികൾ സ്വീകരിച്ചതിന് ഗവൺമെന്റിനെയും ആരോഗ്യ വകുപ്പിനെയും ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. നിപ വൈറസിന്റെ പരിശോധന കോഴിക്കോട് നടത്തി റിസൾട്ട് അറിഞ്ഞെങ്കിലും ഔദ്യോഗികമായി അംഗീകരിക്കാൻ സാധിച്ചിട്ടില്ല. പൂനെയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നുള്ള ഫലം വന്നപ്പോഴാണ് ഔദ്യോഗികമായി റിസൾട്ട് അനൗൺസ് ചെയ്യാൻ സാധിച്ചത്. ആലപ്പുഴയിൽ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുണ്ട്. നിപ അടക്കമുള്ള രോഗവുമായി ബന്ധപ്പെട്ട പരിശോധനാ സംവിധാനം ഇവിടെത്തന്നെ ഏർപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, നിപ രോഗസ്ഥിരീകരണത്തിനുള്ള സംവിധാനം നമ്മുടെ സംസ്ഥാനത്തുതന്നെയുണ്ട്. അതിൽ ഒന്നാമത്തേത്

കോഴിക്കോട് മെഡിക്കൽ കോളേജിലെ ബി.എസ്.എൽ. ലെവൽ-2 ലാബാണ്. 2021-ലെ നിപ കേസിനെത്തുടർന്ന് കോഴിക്കോട് സ്ഥാപിച്ചതാണിത്. അവിടെയാണ് ഇപ്പോഴത്തെ നിപ വൈറസ് രോഗവും സ്ഥിരീകരിച്ചത്. രണ്ടാമത്തേത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, തോന്നയ്ക്കൽ; അവിടെയും നിപ രോഗം സ്ഥിരീകരിക്കാൻ കഴിയും. ഐ.സി.എം.ആർ. ഓരോ വൈറസിനെയും പല രീതിയിൽ കാറ്റഗറൈസ് ചെയ്തിട്ടുണ്ട്. മനുഷ്യരിൽ നിന്ന് മനുഷ്യരിലേയ്ക്ക് പടരുന്ന ബംഗ്ലാദേശ് വേരിയന്റാണ് സംസ്ഥാനത്ത് കാണപ്പെടുന്ന വൈറസ് ബാധ, വ്യാപനശേഷി കുറവാണെങ്കിലും മരണനിരക്ക് 70 ശതമാനത്തിന് മുകളിലാണ്. ഈ വൈറസ് സാമ്പിളുകൾ പരിശോധിക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങളും സുരക്ഷയും അനിവാര്യമാണ്. പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പരിശോധനകൾ സംസ്ഥാനത്തെ ബി.എസ്.എൽ. ലെവൽ-2 ലാബുകളിൽ നടത്തുന്നത്. കോഴിക്കോട് വൈറോളജി ലാബിലെ പരിശോധനാഫലം പോസിറ്റീവാണെന്നുള്ളത് മിനിഞ്ഞാന്ന് രാത്രി പതിനൊന്നരയോടുകൂടി വ്യക്തമായിരുന്നു. അതിന്റെ

അടിസ്ഥാനത്തിൽത്തന്നെയാണ് തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് പ്രാഥമിക പരിശോധന നടത്തിയാലും പൂനെ എൻ.ഐ.വി.-യിൽ പരിശോധിച്ചതിനുശേഷം മാത്രമേ അത് സ്ഥിരീകരിക്കാൻ സാധിക്കൂ. പൂനെയിൽ ലെവൽ-3, ലെവൽ-4 ലാബുകളാണ് സജ്ജമാക്കിയിട്ടുള്ളത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ മറ്റൊരു ലാബിന്റെ നിർമ്മാണംകൂടി ഇപ്പോൾ പൂർത്തിയാക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ പരിശോധന നടത്തി ഫലം ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതിന് അനുമതി നേടുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കഴിഞ്ഞ രണ്ടുദിവസങ്ങളിലായി നമ്മളെയാകെ ആശങ്കയിലാക്കിയ വിഷയം സംബന്ധിച്ച് വളരെനല്ല വിശദീകരണമാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയത്. അതിന് ഗവൺമെന്റിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും അഭിനന്ദിക്കുന്നു. ആരോഗ്യമേഖലയിൽ വിവര സാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങളെ സംബന്ധിച്ച ചോദ്യമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. വ്യക്തിഗത ആരോഗ്യ വിവരങ്ങളുടെ ഡിജിറ്റൽ കൈമാറ്റം ശ്രദ്ധാപൂർവ്വം കൈകാര്യം

ചെയ്യേണ്ടതാണെന്ന് എല്ലാവർക്കുമറിയാം. അതിനാൽ ആരോഗ്യരംഗത്ത് സാങ്കേതികവിദ്യ ഉപയോഗിക്കുമ്പോൾ രോഗികളുടെ വ്യക്തിപരമായ വിവരങ്ങളുടെ സ്വകാര്യത ഉറപ്പുവരുത്താനുള്ള സംവിധാനമുണ്ടോ; അതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, പ്രധാനപ്പെട്ടൊരു വിഷയമാണിത്. ഡിജിറ്റൽ ഹെൽത്തിലേയ്ക്ക് ആരോഗ്യവകുപ്പ് പ്രവേശിച്ചപ്പോൾ ആദ്യമായി അഡ്രസ്സ് ചെയ്ത വിഷയം ഡാറ്റാ പ്രൈവസിയെക്കുറിച്ചാണ്. സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് ഈ വിവരങ്ങളെല്ലാം സൂക്ഷിക്കുന്നത്. ഡിജിറ്റൽ ഇ-ഹെൽത്ത് സംവിധാനം രോഗീസൗഹൃദമാണ്. ഒരു ആശുപത്രിയിലേയ്ക്ക് ഏതൊരു വ്യക്തി കടന്നുചെന്നാലും വർഷങ്ങൾക്കുമുമ്പ് അല്ലെങ്കിൽ മാസങ്ങൾക്കുമുമ്പുള്ള ട്രീറ്റ്മെന്റിന്റെ ഡീറ്റെയ്ൽസ് കൊണ്ടുപോകേണ്ട കാര്യമില്ല. പേപ്പർരഹിതമാക്കി എല്ലാ ആശുപത്രികളെയും മാറ്റിയെടുക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം. അതോടൊപ്പംതന്നെ ഒരു ലാബിൽ സാമ്പിൾ പരിശോധനയ്ക്ക് കൊടുത്തശേഷം വീണ്ടും അതേ ലാബിൽ പോയി റിസൾട്ട് കളക്ട് ചെയ്യേണ്ട സാഹചര്യം ഒഴിവാകുകയാണ്. അതിന്റെ

തുടക്കമായാണ് ഇത്തരം പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നത്. ഇ-ഹെൽത്ത് നടപ്പാക്കിയ ആരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം ഞാൻ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച വിഷയത്തിൽ, ഒരു ഐ.ഡി. ക്രിയേറ്റ് ചെയ്യുമ്പോൾ ഇതിന്റെ ഭാഗമായിട്ടുള്ള വ്യക്തിയെ സംബന്ധിച്ചിടത്തോളം ആ വ്യക്തിക്കാണ് ഈ ഡാറ്റയിൽ അധികാരമുള്ളത്. ആ വ്യക്തിയുടെ അനുവാദത്തോടെ മാത്രമേ ചികിത്സിക്കുന്ന ഡോക്ടർക്ക് ഇതിലേയ്ക്ക് ഡാറ്റ എന്റർ ചെയ്യാൻ കഴിയുകയുള്ളൂ. മറ്റൊരാൾക്കുമിത് കാണാൻ കഴിയുകയില്ല. സ്റ്റേറ്റ് ഡാറ്റാ ഹബ്ബിലാണ് ഈ വിവരങ്ങൾ സൂക്ഷിച്ചിരിക്കുന്നത്. ഡാറ്റ പ്രൈവസി പൂർണ്ണമായും ഉറപ്പാക്കിക്കൊണ്ടാണ് ഇ-ഹെൽത്ത് സംവിധാനം നടപ്പാക്കുന്നത്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u> സർ, സംസ്ഥാനത്തെ പല സർക്കാർ ആശുപത്രികളിലും മാലിന്യ സംസ്കരണത്തിനാവശ്യമായ സംവിധാനങ്ങൾ ഇപ്പോഴും നടപ്പാക്കിയിട്ടില്ല. കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിലടക്കം അനുമതി ലഭിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, വിഷയവുമായി ബന്ധപ്പെട്ട ചോദ്യമല്ലെങ്കിൽപ്പോലും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്ന വിഷയം പ്രാധാന്യമർഹിക്കുന്നതാണ്. മാലിന്യസംസ്കരണം സംസ്ഥാന സർക്കാരിന്റെ മിഷനായതുകൊണ്ട് നവകേരളം മാലിന്യമുക്തമായിരിക്കണം. ബയോവേസ്റ്റ് നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നടപടികൾ എല്ലാ ആശുപത്രികളിലും സ്വീകരിച്ചുവരികയാണ്. കൂടാതെ ആശുപത്രികളിൽനിന്നുള്ള പ്ലാസ്റ്റിക്, മരുന്നുകുപ്പികൾ, ടാബ്ലെറ്റ് കവറുകൾ എന്നിവയുടെ നിർമ്മാർജ്ജനത്തിനായുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി എല്ലാ മെഡിക്കൽ കോളേജുകളിലും ഈ വർഷം ഒരുക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച STP (Sewage Treatment Plant) ഉൾപ്പെടെയുള്ള കാര്യങ്ങൾ ഒന്നരവർഷത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും പ്രാവർത്തികമാക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ലോകത്ത് 700-ൽപരം ആളുകൾക്ക് നിപ രോഗം വന്നു എന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. നിപ വൈറസ് ബാധമൂലമുള്ള മരണനിരക്ക് 70 ശതമാനമാണെങ്കിലും കഴിഞ്ഞ തവണ കേരളത്തിലെ മരണനിരക്ക് 90 ശതമാനമായിരുന്നു. എനിക്ക് ചോദിക്കാനുള്ളത്, ഇതിനാവശ്യമായ ഒരു പ്രോട്ടോക്കോൾ സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? അതുമാത്രമല്ല, ആശുപത്രികളിൽ ആവശ്യമായ മരുന്നുകളില്ല, ജീവനക്കാർക്ക് വേണ്ടത്ര പരിശീലനം നൽകിയിട്ടില്ല എന്നുള്ള പരാതികളുമുണ്ട്, അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, 2018-ൽ ആദ്യമായി നിപ കേസ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തപ്പോൾത്തന്നെ ഇതുമായി ബന്ധപ്പെട്ട പ്രോട്ടോക്കോൾ സംസ്ഥാന സർക്കാർ തയ്യാറാക്കിയിരുന്നു. 2021-ൽ ഈ പ്രോട്ടോക്കോൾ ആരോഗ്യ വകുപ്പ് പുതുക്കിയിട്ടുണ്ട്, അതാണ് നിലവിലുള്ളത്. നിപ കേസ് വീണ്ടും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആ പ്രോട്ടോക്കോൾ പരിഷ്കരിക്കേണ്ടതില്ലെന്നാണ് ഹെൽത്ത് പാനൽ നിർദേശിച്ചിരിക്കുന്നത്.

കോഴിക്കോട് ജില്ലയിൽ വീണ്ടും നിപ ഔട്ട്ബ്രേക്കുണ്ടായ സാഹചര്യത്തിൽ ആവശ്യമായ മരുന്നുകളുടെ ക്രമീകരണം ഉറപ്പാക്കിയിട്ടുണ്ട്. നിപ രോഗികൾക്ക് നൽകുന്ന Monoclonal Antibodies നമ്മുടെ പക്കലില്ലാത്തതിനാൽ ICMR-മായി ആശയവിനിമയം നടത്തുകയും നിലവിൽ പോസിറ്റീവായവർക്ക് നൽകുന്നതിനുവേണ്ടി ഇന്ന് വൈകുന്നേരത്തിന് മുമ്പായി വിമാനമാർഗ്ഗം കോഴിക്കോട് എത്തിക്കുകയും നിപ ബാധിതരായ കുഞ്ഞിനും 24 വയസ്സുള്ള വ്യക്തിക്കും നൽകുകയും ചെയ്യും. ഈ പ്രോട്ടോക്കോളിന്റെ ഒരു ഘടകമാണ് കപ്പാസിറ്റി ബിൽഡിംഗ്. കോഴിക്കോട് ജില്ലയിൽ 2018, 2021, 2023 എന്നീ വർഷങ്ങളിൽ നിപ കേസ്സുകളുണ്ടായിട്ടുണ്ട്. 2019-ൽ എറണാകുളം ജില്ലയിലാണുണ്ടായത്. ആരോഗ്യ വകുപ്പിന്റെ സംവിധാനങ്ങൾ ഇത് നേരിടാൻ സജ്ജമാണ്. അതാണ് ഏറ്റവും പ്രധാന കാര്യം. ഇങ്ങനെയൊരു സാഹചര്യമുണ്ടായാൽ മുഴവൻ സിസ്റ്റവും ജാഗ്രതയോടുകൂടി പ്രോട്ടോക്കോൾ അനുസരിച്ചുള്ള നടപടിക്രമങ്ങളാണ് നടത്തുന്നത്. അതുകൂടാതെ പ്രോട്ടോക്കോളിന്റെ ഭാഗമായി കപ്പാസിറ്റി ബിൽഡിംഗ്കൂടി നടക്കുന്നുണ്ട്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, കഴിഞ്ഞ ദിവസം എന്റെ നിയോജകമണ്ഡലത്തിലെ ജില്ലാ ആശുപത്രിയിൽ പോയപ്പോൾ സങ്കടകരമായ ഒരു കാഴ്ച കണ്ടു; ദീർഘമായ ക്യൂ സംവിധാനം അവിടെയുണ്ടായിരുന്നു. ആരോഗ്യ മേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്ന ഇന്നത്തെക്കാലത്ത് ആശുപത്രികളിലെ ഒ.പി.-ക്ക് മുന്നിലുള്ള ദീർഘമായ ക്യൂ ഒഴിവാക്കുന്നതിനുള്ള നടപടിയെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ഇക്കാര്യം സർക്കാർ ആലോചിക്കുകയും ഇ-ഹെൽത്തിന്റെ ഭാഗമായി ഇതിന്റെ മോഡ്യൂൾ ഡെവലപ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 597 ആശുപത്രികളിലും ആരോഗ്യ കേന്ദ്രങ്ങളിലും ഇ-ഹെൽത്ത് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഉദാഹരണത്തിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് എടുത്താൽ, ലോകത്തിന്റെ ഏത് ഭാഗത്തിരുന്നും ഒരാൾക്ക് നാളെയോ മറ്റന്നാളോ അല്ലെങ്കിൽ ഏതൊരു ദിവസത്തേയ്ക്കും അപ്പോയിന്റ്മെന്റ് എടുക്കാൻ കഴിയും. നാളെ 11.00 മണിക്കാണ് അപ്പോയിന്റ്മെന്റ് എങ്കിൽ 10.45-ന് ആ വ്യക്തിക്ക് അവിടെ എത്തിയാൽ

മതിയാകും. ക്യൂ സംവിധാനം ഒഴിവാക്കുന്നതിനുള്ള മോഡ്യൂൾ ഇതിനോടകംതന്നെ ഇ-ഹെൽത്തിൽ ഡെവലപ് ചെയ്തിട്ടുണ്ട്. ഇത് നടപ്പാക്കിയപ്പോൾ ഒരു വിഷയംകൂടി നമ്മുടെ മുന്നിൽവന്നിട്ടുണ്ട്, അത് ഞാൻ നേരത്തെ ഉത്തരത്തിൽ പറഞ്ഞതാണ്. ലാബിൽ ബി.പി.എൽ. കാർഡുടമകൾക്ക് സൗജന്യമായി പരിശോധന നടത്താൻ കഴിയും. അത്തരം കാറ്റഗറിയിൽപ്പെടാത്തവർക്ക് പേമെന്റ് നൽകേണ്ടിവരുമ്പോൾ അത് സാധ്യമാക്കാനായി ഇ-പേമെന്റ് സംവിധാനം ഉൾപ്പെടുത്തുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതും രണ്ട് മാസത്തിനുള്ളിൽ സാധ്യമാക്കാൻ കഴിയുന്നതാണ്.

ശ്രീമതി കെ. കെ. രമ: സർ, ഇ-ഹെൽത്ത് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യയുടെ നിരവധി സങ്കേതങ്ങൾ ആരോഗ്യരംഗത്ത് വികസിപ്പിച്ചിട്ടുണ്ട്. എന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രസവശസ്ത്രക്രിയക്കിടെ വയറ്റിൽ കത്രിക കുടുങ്ങിയ ഹർഷിന എന്ന സ്ത്രീ നീണ്ട അഞ്ച് വർഷമാണ് അതിന്റെ ദുരിതങ്ങൾ അനുഭവിച്ച് മുന്നോട്ടുപോയത്. ഇപ്പോഴും അവർ സമരരംഗത്താണ്, അവർ

ആരോഗ്യപരമായി വളരെയധികം പ്രയാസമനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് നാം ഉപയോഗിക്കുന്ന ആധുനിക സാങ്കേതികവിദ്യയുടെ പോരായ്മയും ഡോക്ടർമാരുടെ ഭാഗത്തുനിന്നുള്ള അക്ഷന്തവ്യമായ വീഴ്ചയുമാണ് ഇതിന് കാരണം. ആ വീഴ്ച അംഗീകരിച്ച് ഹർഷിനയ്ക്ക് അവർ ആവശ്യപ്പെട്ട 50 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി വീണാ ജോർജ്: സർ, പ്രസ്തുത കേസിന്റെ തുടക്കംമുതൽ ഹർഷിനയ്ക്ക് നീതി ലഭിക്കണമെന്ന നിലപാടുതന്നെയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 2014, 2015, 2017 വർഷങ്ങളിലായി മൂന്ന് ശസ്ത്രക്രിയകളാണ് ഈ യുവതിയിൽ നടത്തിയിട്ടുള്ളതെന്നാണ് എന്റെ ഓർമ്മ. അവസാനത്തെ സിസേറിയൻ നടത്തിയത് 2017-ലാണ്. 2022-ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽവച്ചാണ് കത്രിക പുറത്തെടുക്കുന്നത്. ഇതുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ കൃത്യമായ കണ്ടെത്തലുകളില്ലാത്തതിനാൽ അത് തള്ളുകയും പോലീസ് അന്വേഷിക്കണമെന്ന നിർദ്ദേശം ആരോഗ്യ വകുപ്പുതന്നെ മുന്നോട്ടുവയ്ക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് മന്ത്രിസഭയ്ക്ക് സമർപ്പിക്കാൻ

നിർദ്ദേശിക്കുകയും മന്ത്രിസഭായോഗം പോലീസ് അന്വേഷണത്തിന് തീരുമാനിക്കുകയും ചെയ്തു. പോലീസ് അന്വേഷണത്തിന്റെ ഭാഗമായി ചില കണ്ടെത്തലുകൾ നടത്തിയിട്ടുണ്ട്. നിയമനടപടികളിലൂടെ ഹർഷിനയ്ക്ക് പൂർണ്ണമായും നീതി ഉറപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

**ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

2(*152) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ത്രിതല പഞ്ചായത്തുകൾ വഴി നൽകുന്ന സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(സി) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം വിപുലീകരിക്കാനും സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ എന്നിവർക്ക് വിവിധ സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്ന തരത്തിൽ വാർഡുകൾതോറുമുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. വികസന-ക്ഷേമ-സേവന പ്രവർത്തനങ്ങൾക്ക് വാർഷികപദ്ധതി സമഗ്രമായി ഉപയോഗപ്പെടുത്തുക, ഇ-ഗവേർണൻസ് ഉപയോഗപ്പെടുത്തി അഴിമതിരഹിത സദ്ഭരണം സാധ്യമാക്കൽ, മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ, ഫ്രണ്ട് ഓഫീസ്, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ, സിറ്റിസൺ സർവ്വീസ് പോർട്ടൽ, ഐ.എൽ.ജി.എം.എസ്. സംവിധാനം, ഇതിന്റെ തുടർച്ചയായി കെ-സ്മാർട്ട് പ്ലാറ്റ്ഫോമും മൊബൈൽ ആപ്ലിക്കേഷനും, ഉപജില്ലാ, ജില്ലാ സംസ്ഥാന

അദാലത്ത് സംവിധാനം, സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ, വാതിൽപ്പടി സേവനം, കുടുംബശ്രീ സംവിധാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായക സംവിധാനമായി മാറ്റുന്നതിനുള്ള നടപടി, ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണം, വിവിധ തരത്തിലുള്ള അധിക തസ്തികകൾ ലഭ്യമാക്കൽ, ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിപുലമായ പരിശീലനം, കെട്ടിടനിർമ്മാണ ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും ലഘൂകരണം, വരുമാന വർദ്ധനവിനുള്ള നടപടികൾ, വിവാഹ രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കൽ, തൊഴിലുറപ്പ് പദ്ധതി മാതൃകാപരമായി നടപ്പാക്കാൻ സാഹചര്യം ഒരുക്കൽ, ദുരന്തനിവാരണം, കാലാവസ്ഥാവ്യതിയാനം, സുസ്ഥിര വികസനസൂചികകൾ തുടങ്ങിയ മേഖലകളിൽ ആവശ്യമായ പിന്തുണ നൽകൽ എന്നിങ്ങനെ വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രധാന പ്രവർത്തനങ്ങൾ ഇനി പറയുന്നു.

<u>വാർഷിക പദ്ധതി</u>

1. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2021-22 മുതൽ വർദ്ധിച്ച തോതിൽ ഫണ്ട് ലഭ്യമാക്കുന്നുണ്ട്. വികസനഫണ്ട് വിഹിതം 2021-22-ൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26 ശതമാനമായി ഉയർത്തുകയും തുടർന്ന് ഓരോ വർഷവും 0.5 ശതമാനം വീതം വർദ്ധിപ്പിച്ച് നൽകുകയുമാണ്. മെയിന്റനൻസ് ഫണ്ടുവിഹിതം തനത് നികുതി വരുമാനത്തിന്റെ 6.5 ശതമാനമായും ജനറൽ പർപ്പസ് ഫണ്ടു വിഹിതം തനത് നികുതി വരുമാനത്തിന്റെ 4.0 ശതമാനമായും വർദ്ധിപ്പിച്ചു നൽകി.

2. തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനസ്വാതന്ത്ര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെയിന്റനൻസ് ഫണ്ടിൽ നിന്നും തനതുഫണ്ടിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക മാറ്റിവച്ച് അടിയന്തര സാഹചര്യങ്ങളിൽ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി കൂടാതെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് കഴിയുന്ന സമ്പ്രദായം പ്രാവർത്തികമാക്കി.

3. ജനകീയാസൂത്രണ പ്രക്രിയ സുതാര്യവും സുദൃഢവുമാക്കുന്നതിനായി പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പതിനാലാം പഞ്ചവൽസര

പദ്ധതിക്കാലയളവിൽ സമഗ്രമായി പരിഷ്കരിച്ചു. കൂടുതൽ സ്കീമുകൾ ഉൾപ്പെടുത്തി സബ്സിഡി മാർഗ്ഗരേഖയുടെ വ്യാപ്തിയും വർധിപ്പിച്ചു. [സ.ഉ(കൈ) നം.84/2022/തസ്വഭവ തീയതി 19-04-2022, സ.ഉ(കൈ) നം.86/2022/തസ്വഭവ തീയതി 19-04-2022, സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28-05-2022].

4. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഉൽപ്പാദനമേഖലയിൽ കൂടുതൽ കാര്യക്ഷമമായി ഇടപെടാൻ കഴിയുംവിധം പ്രാദേശിക സാമ്പത്തിക വികസനത്തിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചു. പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി സംരംഭകത്വവും സ്വയംതൊഴിലും പ്രോത്സാഹിപ്പിക്കുന്നതിന് തൊഴിൽസഭകൾ സംഘടിപ്പിച്ചു. നോളജ് മിഷന്റെ 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിവരുന്നു. സംരംഭകത്വ വികസനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ ഇന്റേണുകൾ പഞ്ചായത്തുകൾ കേന്ദ്രമായാണ് പ്രവർത്തിച്ചുവരുന്നത്.

5. സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിത ഇടപെടലുകൾ നടത്തുന്നതിനും സ്ത്രീകളുടെ ലിംഗപദവി, ആവശ്യങ്ങൾ, കുട്ടികളുടെ സമഗ്ര വികസനം, സംരക്ഷണം, അതിജീവനം, പങ്കാളിത്തം, വയോജനങ്ങളുടെ ക്ഷേമം, സാന്ത്വനപരിചരണം എന്നിവയ്ക്കായി നിശ്ചിത തുക നിർബന്ധമായും മാറ്റിവച്ച് പ്രത്യേകം ഉപപദ്ധതികൾ തയ്യാറാക്കി നടപ്പാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>മാലിന്യമുക്ത നവകേരളം</u>

അതിവേഗം നഗരവൽക്കരിക്കുകയും നഗര-ഗ്രാമ ഭേദമില്ലാതെ ഉപഭോഗ ശീലം വർദ്ധിക്കുകയും ചെയ്യുന്ന കേരളം അതിവേഗം വലിയ മാലിന്യ ഉൽപ്പാദക സംസ്ഥാനമായി മാറുകയാണ്. സംസ്ഥാനത്തെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളെയും തദ്ദേശസ്വയംഭരണ വകുപ്പിനെയും മറ്റ് വകുപ്പുകളെയും ഏകോപിപ്പിച്ച് ഒരു സമഗ്രമാലിന്യ പരിപാലന പ്രസ്ഥാനം ആരംഭിച്ചു. ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതോടൊപ്പം മാലിന്യസംസ്കരണം സാധ്യമാക്കുന്നതിനുള്ള

അടിസ്ഥാനസൗകര്യങ്ങൾ സമയബന്ധിതമായി വികസിപ്പിക്കുന്നതിനുള്ള പരിപാടിയാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഹരിതകർമ്മ സേനയുടെ വിന്യാസവും വാതിൽപ്പടി ശേഖരണവും നൂറു ശതമാനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ ഇടങ്ങളിലെല്ലാം എം.സി.എഫ്.-കളും ആർ.ആർ.എഫ്.-കളും നിർമ്മിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്ത്, മുനിസിപ്പൽ സെക്രട്ടറിമാർക്കും എഞ്ചിനീയർമാർക്കും പ്രത്യേക പരിശീലനം നൽകുന്നുണ്ട്.

ഇ-ഗവേണൻസിലൂടെ സദ്ഭരണം

1. എല്ലാ പഞ്ചായത്തുകളും പൗരാവകാശ രേഖകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന സേവനങ്ങൾ കാലതാമസംകൂടാതെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി കാര്യക്ഷമമായ ഫ്രണ്ട് ഓഫീസ് സംവിധാനം പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നുണ്ട്.

2. ഗ്രാമപഞ്ചായത്ത് ഓഫീസുകളുടെ അടിസ്ഥാന/ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി ആയതിലൂടെ ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിച്ച് പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള സേവനം സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ISO അംഗീകാരം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

3. പൗരന്മാർക്ക് പഞ്ചായത്തിന്റെ സേവനങ്ങൾ സിറ്റിസൺ പോർട്ടൽ വഴി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

4. ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് ILGMS എന്ന സോഫ്റ്റ്‌വെയർ 2022 ഏപ്രിൽ മുതൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തി.

5. പ്രാദേശിക സർക്കാരുകളുടെ സേവനങ്ങൾ പുതുമയോടെയും മികവോടെയും ഒരുക്കിനൽകാനുള്ള പ്രധാനമായ മറ്റൊരു ചുവടുവയ്പ്പാണ് കെ-സ്മാർട്ട് പ്ലാറ്റ്ഫോം. മറ്റ് സംസ്ഥാനങ്ങളും കെ-സ്മാർട്ട് മാതൃകയിൽ സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ ഇതിനകംതന്നെ ഐ.കെ.എം.-നെ

സമീപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ സേവനം ഓൺലൈനിൽ ലഭ്യമാക്കിയ ഐ.എൽ.ജി.എം.എസ്. പ്ലാറ്റ്ഫോമും ദേശീയതലത്തിൽ ശ്രദ്ധ നേടിയിരുന്നു. വിപുലവും ആധുനികവുമായ സൗകര്യമാണ് കെ- സ്മാർട്ടിലൂടെ ലക്ഷ്യമിടുന്നത്.

അദാലത്ത് സംവിധാനവും സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ സംവിധാനവും

1. ഉപജില്ല, ജില്ല, സംസ്ഥാനതലങ്ങളിൽ സിറ്റിസൺ അസിസ്റ്റന്റ് എന്ന സ്ഥിരം അദാലത്ത് സംവിധാനം 2023 മേയ് മുതൽ ആരംഭിച്ചു. ഗ്രാമപഞ്ചായത്തുകളിൽനിന്ന് സമയബന്ധിത സേവനം ലഭിക്കാത്ത ഒരാൾക്ക് adalat.lsgkerala.gov.in എന്ന പോർട്ടൽ വഴി അദാലത്ത് സംവിധാനത്തിന്റെ സഹായം തേടാം. പ്രാഥമിക ഘട്ടത്തിൽ ബിൽഡിംഗ് പെർമിറ്റ്, കെട്ടിട നമ്പർ, ലൈസൻസ് എന്നീ സേവനങ്ങൾ സംബന്ധിച്ച പരാതികളാണ് സ്ഥിര അദാലത്ത് സമിതികൾ പരിഗണിക്കുന്നത്.

2. വിവിധ വകുപ്പുകളും സ്ഥാപനങ്ങളും നൽകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിന്

ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസുകളോട് ചേർന്ന് സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകൾ ഏർപ്പെടുത്തി.

വാതിൽപ്പടി സേവനം

പ്രായാധിക്യം, ഗുരുതര രോഗം, അതിദാരിദ്ര്യം തുടങ്ങി പലവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവരുടെ അറിവില്ലായ്മയും മറ്റ് നിസ്സഹായാവസ്ഥകളുംമൂലം സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കുന്നതിന് സന്നദ്ധ സേനാംഗങ്ങളോ അനുബന്ധ സേവനദാതാക്കളോ നേരിട്ടെത്തി സർക്കാരിന്റെ സാമൂഹ്യക്ഷേമ സേവനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ സഹായങ്ങൾ പ്രദാനം ചെയ്യാൻ ലക്ഷ്യമിട്ട് "വാതിൽപ്പടി സേവന പദ്ധതി" ആരംഭിച്ചു.

കുടുംബശ്രീയുടെ പിന്തുണ

1. ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഏറ്റവും സഹായകരമായി പ്രവർത്തിക്കുന്ന തലത്തിലേയ്ക്ക് കുടുംബശ്രീ സംവിധാനത്തെ രൂപപ്പെടുത്തി.

2. എല്ലാ വർഷവും കുടുംബശ്രീ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നഗര, ഗ്രാമ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി തയ്യാറാക്കുന്നതുവഴി പഞ്ചായത്തുകൾക്കാവശ്യമായ വിവരവ്യൂഹം ലഭിക്കുന്നതിനുള്ള സംവിധാനം മെച്ചപ്പെടുത്തി. പ്രസ്തുത പദ്ധതിയിലെ നിർദ്ദേശങ്ങളും പദ്ധതികളും തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. തദ്ദേശസ്ഥാപനങ്ങൾക്ക് യാഥാർത്ഥ്യബോധമുള്ള പദ്ധതിരേഖ ലഭിക്കുന്നതിനും ഫലപ്രദമായി നടപ്പാക്കുന്നതിനും ഇത് സഹായിക്കുന്നു.

3. വിവിധ സ്കീമുകളുടെയും പ്രോജക്ടുകളുടെയും ഗുണഭോക്താക്കളെ തിരിച്ചറിയാൻ കുടുംബശ്രീ ശൃംഖലയെ ഉപയോഗിക്കാവുന്ന സംവിധാനമുണ്ട്. മികച്ച സേവന വിതരണത്തിനും ഭരണാവശ്യങ്ങൾക്കുമായി ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്, ഡാറ്റാ എൻട്രി, ഹൗസ് കീപ്പിംഗ് സേവനം, ഫെസിലിറ്റി മാനേജ്മെന്റ് സേവനങ്ങൾ തുടങ്ങിയ തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുത്ത ജോലികൾ വൈദഗ്ധ്യത്തോടെ ചെയ്യുന്നതിന് കുടുംബശ്രീയെ പ്രാപ്തമാക്കി.

<u>ജീവനക്കാര്യം</u>

1. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമാക്കി.

2. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഇന്റർ ട്രാൻസ്ഫറബിലിറ്റി സാധ്യമാക്കി ഓൺലൈൻ പൊതുസ്ഥലംമാറ്റ ഉത്തരവ് പുറത്തിറക്കി.

3. ആവശ്യപ്പെട്ട എല്ലാ ഗ്രാമപഞ്ചായത്തുകളിലും താൽക്കാലിക ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിച്ചു.

4. എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രോജക്ട് അസിസ്റ്റന്റ് തസ്തികകൾ പുതുതായി ഏർപ്പെടുത്തി.

5. ജില്ലാ-ബ്ലോക്ക് തലങ്ങളിൽ ആർ.ജി.എസ്.എ.-യുടെ ഭാഗമായി ആൾക്കാരെ നിയോഗിച്ചു.

6. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് അക്രഡിറ്റഡ് എഞ്ചിനീയർമാരെ നിയോഗിച്ചു.

7. വ്യവസായ വകുപ്പുമായി ചേർന്ന് ഇന്റേണുകളുടെ സഹായം ലഭ്യമാക്കി.

8. പെർഫോമൻസ് ഓഡിറ്റ് സംവിധാനത്തിലുണ്ടായിരുന്ന ജീവനക്കാരെ ഗ്രാമ പഞ്ചായത്തുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിച്ചു.

പരിശീലനം

1. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലന പരിപാടികൾ കില മുഖേന സംഘടിപ്പിച്ചു.

2. കോവിഡ് കാലത്തും അതിനുശേഷവും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കൂടാതെ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും പ്രത്യേക വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചു.

3. ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് സൈൻ ലാംഗ്വേജ് ഉൾപ്പെടെയുള്ള പരിശീലനം സംഘടിപ്പിച്ചു. പ്രത്യേകം കൈപ്പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു.

4. ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ലക്ഷ്യമിട്ട് കിലയുടെ തളിപ്പറമ്പ് ക്യാമ്പിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ്പ് എന്ന അന്താരാഷ്ട്ര നേതൃപഠനകേന്ദ്രം ആരംഭിച്ചു.

പെർമിറ്റ്, ലൈസൻസ്

1. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സമീപനത്തിന്റെ ഭാഗമായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലഘൂകരിച്ചു. അതിന്റെ തുടർച്ചയായി വീട് നിർമ്മാണത്തിനും ഭൂവികസനം നടത്തുന്നതിനും മണ്ണ് നീക്കം ചെയ്യുന്നതിനുമുണ്ടായിരുന്ന സാങ്കേതികതടസ്സങ്ങൾ ഒഴിവാക്കുകയും അഴിമതി സാധ്യതകൾ അടയ്ക്കുകയും ചെയ്തു.

2. 300 ച.മീ. വരെയുള്ള ലോ റിസ്ക് കെട്ടിട നിർമ്മാണങ്ങൾക്ക് സെൽഫ് സർട്ടിഫിക്കേഷൻ സംവിധാനമേർപ്പെടുത്തി.

3. ലൈസൻസ് പുതുക്കുന്നതിനുള്ള നടപടിക്രമം നേരത്തെതന്നെ ലഘുകരിച്ചിരുന്നു. പുതുതായി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് നിർദ്ദേശം പുറപ്പെടുവിച്ചു.

വരുമാന വർദ്ധനവ്

1. 2023 ഏപ്രിൽ ഒന്നുമുതൽ കെട്ടിടങ്ങളുടെ നിലവിലുള്ള വസ്തു നികുതി 5% വർദ്ധിപ്പിക്കാനുള്ള നിയമഭേദഗതി കൊണ്ടുവന്നു. 2023-24 വർഷം മുതൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പുതിയ നിരക്കുകൾ ബാധകമാക്കി

ഗ്രാമപഞ്ചായത്തുകളുടെ വരുമാനത്തിൽ കാലികമായ വർദ്ധനവിന് സാഹചര്യമൊരുക്കി. ഇതോടൊപ്പം അർഹതപ്പെട്ടവർക്ക് ഇളവുകളും നിശ്ചയിച്ചിട്ടുണ്ട്. നേരത്തെ 30 ചതുരശ്ര മീറ്റർവരെ ബി.പി.എൽ. വിഭാഗങ്ങൾക്ക് മാത്രമായിരുന്ന നികുതിയിളവ്. ഇനി സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന 60 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി അടയ്ക്കേണ്ടതില്ല. ഈ ഇളവ് ഫ്ലാറ്റുകൾക്ക് ബാധകമല്ല. നികുതി ചോർച്ച തടയുന്നതിനും ഓരോ കെട്ടിടത്തിലും വരുത്തിയിട്ടുള്ള മാറ്റങ്ങൾ കണ്ടെത്തുന്നതിനും വിപുലമായ പരിശോധന നടത്തി ഇതനുസരിച്ച് നികുതി പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശം നൽകി. എന്നാൽ 1500 ചതുരശ്ര അടി വരെയുള്ള വീടുകളെ മൂന്നിരട്ടി വസ്തു നികുതി ചുമത്തുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

2. പെർമിറ്റ് ഫീസിലും കാലികമായ വർദ്ധനവ് നൽകി ഗ്രാമപഞ്ചായത്തുകളുടെ വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് പിന്തുണ നൽകി.

വിവാഹ രജിസ്ട്രേഷൻ

1. നവോത്ഥാനമൂല്യങ്ങൾക്ക് കരുത്തേകി മതാചാരപ്രകാരമാണ് വിവാഹം നടന്നതെന്ന രേഖ ആവശ്യമില്ലെന്ന നിലപാടെടുത്തുകൊണ്ട് വിവാഹ രജിസ്ട്രേഷൻ പ്രവർത്തനം സുഗമമാക്കി. വിവാഹത്തിൽ ഏർപ്പെടുന്ന സ്ത്രീയുടെയും ജനിക്കുന്ന കുട്ടികളുടെയും സുരക്ഷിതത്വത്തിനായി ആ സമീപനം സഹായകരമായി.

2. കോവിഡ് സാഹചര്യത്തിൽ രജിസ്റ്റർ ചെയ്യാൻ നേരിട്ട് തദ്ദേശസ്ഥാപന രജിസ്ട്രാർ മുമ്പാകെ എത്താനാകാത്ത ദമ്പതികൾക്ക് വീഡിയോ കോൺഫറൻസ് മുഖാന്തരം വിവാഹം ഓൺലൈനായി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം സർക്കാർ ഏർപ്പെടുത്തുകയുണ്ടായി.

<u>തൊഴിലുറപ്പ് പദ്ധതി</u>

1. തൊഴിലുറപ്പ് പദ്ധതി രാജ്യത്ത് മാതൃകാപരമായി നടപ്പാക്കുന്ന സംസ്ഥാനമായി കേരളം മാറി.

2. സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് പ്രക്രിയയിലൂടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വീഴ്ചകൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

3. നഗരമേഖലയിൽ തൊഴിൽ നൽകുന്ന സംസ്ഥാന സർക്കാരിന്റെ സ്വന്തം പദ്ധതിയായ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലും ചരിത്രപരമായി കുതിപ്പ് സൃഷ്ടിക്കാൻ സർക്കാരിന് സാധിച്ചു.

4. തൊഴിലാളികളുടെ ക്ഷേമത്തിനായി തൊഴിലുറപ്പ് ക്ഷേമ ബോർഡ് രൂപീകരിച്ചു. ശുചിത്വ പദവി സംബന്ധിച്ച ഗ്രേഡിംഗ് നേരത്തെതന്നെ നടത്തിയിട്ടുണ്ട്. എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ത്രിതല പഞ്ചായത്തുകളുടെ ഗ്രേഡിംഗ് നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ദുരന്തനിവാരണം, കാലാവസ്ഥാവ്യതിയാനം, സുസ്ഥിരവികസന സൂചികകൾ തുടങ്ങിയ മേഖലകളിലും ആവശ്യമായ പിന്തുണ നൽകിവരുന്നു.

<u>നവകേരള തദ്ദേശകം</u>

നവകേരള നിർമ്മിതിയുടെ പുതിയൊരു ഘട്ടത്തിനാണ് രണ്ടാം പിണറായി സർക്കാർ തുടക്കമിട്ടിരിക്കുന്നത്. സാധാരണ ജനങ്ങൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ വിപുലപ്പെടുത്തിയും പുതുതലമുറ ആഗ്രഹിക്കുന്ന ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിച്ചും കേരളത്തെ ജ്ഞാനസമൂഹവും ജ്ഞാന സമ്പദ്ഘടനയുമാക്കി മാറ്റാനുതകുന്ന വികസന മാതൃകകളാണ് ഈ

സർക്കാർ നടപ്പാക്കുന്നത്. അതിനനുസരിച്ച് സുസ്ഥിരവികസനവും വളർച്ചയും സാമൂഹ്യനീതിയും തുല്യതയും കരുത്താക്കി മുന്നേറുന്ന വികസനശൈലിയുടെ തുടർച്ചയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കാണാനാവുക. നവകേരള സൃഷ്ടിയുടെ ഭാഗമായി നവകേരള തദ്ദേശകം ക്യാമ്പയിൻ ശക്തമായ നിലയിൽ ആരംഭിച്ചു. 14 ജില്ലകളിലും നേരിട്ടുപോയി അതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. ജനകീയാസൂത്രണത്തിന്റെ 25–ാം വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് വിപുലവും നവീനവുമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഗ്രാമ, നഗര ഭേദമെന്യേ കേരളത്തെ മൊത്തം കണ്ടുകൊണ്ടുള്ള വികസന, ക്ഷേമ, ഭരണനിർവ്വഹണ സമീപനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. പ്രളയത്തിന്റെയും ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെയും കോവിഡിന്റെയും പ്രതിസന്ധി നിറഞ്ഞ കാലത്തുനിന്നും ഉയർത്തെഴുന്നേൽക്കുന്ന നവകേരളത്തെ രൂപപ്പെടുത്തുന്നതിൽ ചരിത്രപരമായ പങ്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചുവരുന്നത്.

(ബി) (1) ഗ്രാമപഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) സോഫ്റ്റ്‌വെയർ മൂന്ന് ഘട്ടങ്ങളിലായി 2022 ഏപ്രിൽ 4-ാം തീയതി സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഫയൽ മാനേജ്മെന്റ്, സിവിൽ രജിസ്ട്രേഷൻ, അക്കൗണ്ടിംഗ് എന്നീ മൂന്നു മോഡ്യൂളുകളാണ് ILGMS-ൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പഞ്ചായത്തുകളിൽ ഉപയോഗിച്ചുവരുന്ന എല്ലാ സോഫ്റ്റ്‌വെയറുകളും ഒറ്റ പ്ലാറ്റ്ഫോമിലേയ്ക്ക് ഇന്റഗ്രേറ്റ് ചെയ്ത് എല്ലാ സേവനങ്ങളും പൂർണ്ണമായും ഓൺലൈനാക്കുന്നതിനും മൊബൈൽ ആപ്പ് ലഭ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കെ-സ്മാർട്ട് പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തി നടന്നുവരുന്നു. ILGMS-ന്റെ ഭാഗമായ സിറ്റിസൺ സർവ്വീസ് പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്തശേഷം അവരുടെ ലോഗിനിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന 263 സേവനങ്ങൾക്ക്

ഓൺലൈനായി അപേക്ഷ അയയ്ക്കുന്നതിനും ഓൺലൈൻ ആയിത്തന്നെ തുക ഒടുക്കുന്നതിനും സേവനങ്ങൾ ലഭിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇത് മൊബൈൽ ഫോൺ മുഖേനയും ചെയ്യാവുന്നതാണ്.

2) തദ്ദേശസ്ഥാപനങ്ങളിലെ റോഡ് കട്ടിംഗ് അനുവാദത്തിനുള്ള അപേക്ഷകളുടെ കാലതാമസവും പരാതികളും ഒഴിവാക്കുന്നതിലേയ്ക്ക് കേരള സംസ്ഥാന ഐ.റ്റി. മിഷൻ വികസിപ്പിച്ച സുഗമ പോർട്ടൽ വെബ് ആപ്ലിക്കേഷൻ ("Sugama Portal" Web Based Road Cutting & Utility Shifting Solution) ഉപയോഗിക്കുന്നതിന് 13-10-2022-ലെ G.O(Rt) No. 1983/2021/LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. നിലവിൽ റോഡ് കട്ടിംഗിനുള്ള അപേക്ഷകൾ പ്രസ്തുത പോർട്ടൽ മുഖേനയാണ് കൈകാര്യം ചെയ്യുന്നത്.

3) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പൊതുജന സേവനങ്ങൾ ലഭിക്കുന്നതിന് സർക്കാർ മാനദണ്ഡപ്രകാരമുള്ള സമയപരിധിയിൽ കൂടുതൽ വൈകുന്ന അവസരങ്ങളിലും സേവനം പൂർത്തിയാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്ന അവസരങ്ങളിലും

പ്രശ്നപരിഹാരത്തിന് ഉപജില്ലാതലത്തിലും സംസ്ഥാനതലത്തിലും സ്ഥിര അദാലത്ത് സമിതി സംവിധാനം രൂപീകരിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനങ്ങൾക്കായി അപേക്ഷ നൽകിയശേഷം അവ ലഭിക്കാൻ തടസ്സം, വൈകൽ നേരിടുന്നവർക്ക് അദാലത്തിലേയ്ക്ക് പരാതി സമർപ്പിക്കാനും പരാതികളുടെ തുടർനടപടികളുടെ നിർവ്വഹണത്തിനുമാണ് സ്ഥിരഅദാലത്ത് പോർട്ടൽ.

(സി) പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖപ്രകാരം സ്ത്രീകൾക്കായി വനിതാ ഘടക പദ്ധതി രൂപീകരിക്കുന്നതിനും വികസന ഫണ്ടിന്റെ 10 ശതമാനത്തിൽ കുറയാത്ത തുക വനിതാ ഘടക പദ്ധതിക്കായി വകയിരുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. കൂടാതെ വികസന ഫണ്ടിന്റെ 5% കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ തുടങ്ങിയ വിഭാഗങ്ങളിലുള്ളവർക്കും കുറഞ്ഞത് 5% വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പദ്ധതികൾക്കുമായി നീക്കിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജെൻഡർ റിസോഴ്സ് സെന്റർ, കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ, ജെൻഡർ ഡെസ്കുകൾ, ജാഗ്രതാ സമിതി,

ബാലപഞ്ചായത്ത്, ബാലസഭാ പ്രവർത്തനങ്ങൾ, കുട്ടികൾക്ക് കായിക പരിശീലനം, ജീവിത നൈപുണ്യ വിദ്യാഭ്യാസം, പാരന്റിംഗ് ക്ലിനിക്, വിമുക്തി, വയോജന പരിപാലന കേന്ദ്രങ്ങൾ, വയോജനങ്ങൾക്ക് യോഗപരിശീലനം, പകൽവീട്, വയോക്ലബുകൾ തുടങ്ങിയ പദ്ധതികൾ സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ എന്നിവരുടെ ക്ഷേമത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം, അവശത, അറിവില്ലായ്മ, നിസ്സഹായാവസ്ഥ എന്നിവമൂലം സർക്കാർ സേവനങ്ങൾ യഥാസമയം ലഭിക്കാതിരിക്കുന്നവർക്ക് സന്നദ്ധ സേനാംഗങ്ങളോ അനുബന്ധ സേവനദാതാക്കളോ വീടുകളിൽ നേരിട്ടെത്തി സർക്കാരിന്റെ സാമൂഹ്യക്ഷേമ സേവനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ സഹായം പ്രദാനം ചെയ്യാൻ ലക്ഷ്യമിട്ട് 'വാതിൽപ്പടി സേവന പദ്ധതി' ആരംഭിച്ചിട്ടുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: സർ, തനത് ഫണ്ടില്ലാത്ത പതിമൂന്ന് പഞ്ചായത്തുകളുടെ എം.എൽ.എ.-യാണ് ഞാൻ. വളരെയധികം കഷ്ടതയിലൂടെയും പ്രയാസത്തിലൂടെയും കടന്നുപോകുന്ന പ്രദേശമായ

കുട്ടനാട്ടിൽ 181 വാർഡുകളാണുള്ളത്. ഞങ്ങളുടെ ഏറ്റവും വലിയ പ്രയാസമെന്നുപറയുന്നത് നല്ല വഴികളില്ലെന്നതാണ്. പഞ്ചായത്ത് മെമ്പർമാരുടെ ഫണ്ട് വളരെ കുറവാണ്, നാല് ലക്ഷം രൂപമാത്രമേയുള്ളൂ.

മി. സ്പീക്കർ: സാമ്പത്തിക കണക്ക് പരാമർശിക്കേണ്ട, അത് പ്രസംഗത്തിൽ പറഞ്ഞോളൂ, അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. തോമസ് കെ. തോമസ്: സർ, ഇക്കാര്യം സൂചിപ്പിച്ചാലല്ലേ മനസ്സിലാകൂ. തനത് ഫണ്ടില്ലാത്ത പഞ്ചായത്തുകളെ അംഗീകരിച്ചുകൊണ്ട് മെമ്പർമാർക്ക് ആവശ്യമായ കൈത്താങ്ങ് നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, പഞ്ചായത്ത് മെമ്പർമാർക്ക് പ്രത്യേക സഹായം നൽകാൻ സർക്കാരിന് കഴിയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിന്റെ 27.19 ശതമാനമാണ് ഈ സാമ്പത്തികവർഷം അനുവദിച്ചിട്ടുള്ളത്. ധനകാര്യ കമ്മീഷന്റെ ശിപാർശ അനുസരിച്ച് 0.5 ശതമാനം എല്ലാ വർഷവും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് ഏറ്റവും കൂടുതൽ പദ്ധതി വിഹിതം അനുവദിക്കുന്ന സംസ്ഥാനം കേരളമാണ് എന്നുമാത്രമല്ല, മറ്റ് സംസ്ഥാനങ്ങളെല്ലാം ഇക്കാര്യത്തിൽ ബഹുദൂരം പിന്നിലുമാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തനത് ഫണ്ടിന്റെ കാര്യം പ്രധാന വിഷയമാണ്. ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമല്ല ചില മുനിസിപ്പാലിറ്റികൾക്കുപോലും തനത് ഫണ്ടില്ലാത്ത പ്രശ്നമുണ്ട്. ഉത്തരത്തിന്റെ ആദ്യ ഭാഗത്തിൽ സൂചിപ്പിച്ചതുപോലെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന തരത്തിലുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നികുതി 25 ശതമാനം വർദ്ധിപ്പിക്കണമെന്നത് ധനകാര്യ കമ്മീഷന്റെ 2013-ലെ ശിപാർശയായിരുന്നു. 25 ശതമാനം ഒറ്റയടിക്ക് വർദ്ധിപ്പിക്കുന്നത് അമിത ഭാരമുണ്ടാക്കുമെന്നതുകൊണ്ട് 5 ശതമാനം വീതം വർദ്ധിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതിനുപുറമെ കെട്ടിട നിർമ്മാണ പെർമിറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ലഘൂകരിക്കുന്നതിനും പെർമിറ്റ് ഫീസ് കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. ഇതിലൂടെ ഈ സാമ്പത്തികവർഷം അദ്ദേഹം

ഉന്നയിച്ച പ്രശ്നത്തിന് വലിയൊരളവിൽ മാറ്റമുണ്ടാകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ അത് പ്രതിഫലിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. തോമസ് കെ. തോമസ്: സർ, ഏറ്റവും കൂടുതൽ പാടശേഖരമുള്ള സ്ഥലമാണ് കുട്ടനാട്. ഞങ്ങളുടെ വഴികളാണ് ഏറ്റവും വലിയ പ്രശ്നം. കാരണം ഒരു പഞ്ചായത്തിൽ പത്ത് വഴികളുണ്ടെങ്കിൽ 181 വാർഡിലുമായി 1810 വഴികളുണ്ട്. ഇവയുടെ സംരക്ഷണത്തിനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. ഞങ്ങളെ ഏറ്റവുമധികം ബുദ്ധിമുട്ടിക്കുന്നത് തണ്ണീർത്തട സംരക്ഷണ നിയമമാണ്. കുട്ടനാട്ടിൽ 95 ശതമാനവും പാടശേഖരമാണ്, കരഭൂമി 5 ശതമാനം മാത്രമേയുള്ളൂ. ഈ നിയമത്തിൽനിന്നും ഒരു പ്രത്യേക ഇളവ് നൽകി ഞങ്ങളെ രക്ഷിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് റോഡുകളുടെ പരിപാലനം നടത്താവുന്നതാണ്. അതുപോലെ തനത്

വരുമാനം വർദ്ധിക്കുമ്പോഴും അത് ഉപയോഗിച്ചുകൊണ്ട് ഗ്രാമീണ റോഡുകളുടെ പ്രശ്നം പരിഹരിക്കാൻ കഴിയും.

ശ്രീ. മാത്യു ടി. തോമസ്: സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ ദീർഘദർശനത്തോടെയുള്ള പ്രവർത്തനങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നത്. എന്നാൽ, എഞ്ചിനീയറിംഗ് വിംഗിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിൽ ഗവൺമെന്റിന്റെ ഇടപെടൽ അനിവാര്യമായ സാഹചര്യമാണ് നിലനിൽക്കുന്നത്. പല സ്ഥലത്തും എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള വർക്കുകളടക്കം നിരവധി പ്രവൃത്തികൾ എഞ്ചിനീയറിംഗ് വിംഗിന്റെ കെടുകാര്യസ്ഥതമൂലം സ്തംഭനാവസ്ഥയിലാണ്. ഉദ്യോഗസ്ഥർ തമ്മിലുള്ള ഏകോപനമില്ലായ്മ വലിയൊരു പ്രശ്നമാണ്. ഇക്കാര്യങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യാൻ നടത്തുന്ന പരിശ്രമങ്ങൾ പലപ്പോഴും വിജയത്തിലെത്തുന്നില്ല. ഒരോ ബ്ലോക്കിലും മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിന് കാരണക്കാരായവർ

ആരെല്ലാമാണെന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ കണ്ടെത്തി മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ ഇടപെടൽ നടത്താൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ഗൗരവമുള്ള വിഷയമാണ്. എഞ്ചിനീയറിംഗ് വിംഗുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പിൽ എഞ്ചിനീയർമാർ ജോലിയിൽ തുടരുന്നില്ലെന്നത് പ്രധാന പ്രശ്നമാണ്. കഴിഞ്ഞ വർഷം പി.എസ്.സി. വഴി 128 പേർക്ക് നിയമനം ലഭിച്ചപ്പോൾ അതിൽ 93 പേരും മറ്റ് ഡിപ്പാർട്ടുമെന്റുകളിലേയ്ക്ക് പോയി എന്നതാണ് ഞങ്ങൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ കാര്യം. അതിന് പല കാരണങ്ങളുണ്ട്. ഒന്ന്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ താരതമ്യേന ജോലിഭാരം കൂടുതലുണ്ട്, മാത്രമല്ല കെ.എസ്.ഇ.ബി. പോലുള്ള സ്ഥാപനങ്ങളിൽ ശമ്പളം കൂടുതലാണ് എന്ന കാരണത്താൽ ആളുകൾ അങ്ങോട്ടുപോകും. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഇപ്പോൾ

നിരവധി എഞ്ചിനീയർമാരുടെ സേവനം തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ഒരാൾ കെ.എസ്.ഇ.ബി.-യിൽ ഓവർസീയറായി ജോലി ചെയ്യുകയാണെന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാരണം, ഇതിനേക്കാൾ കൂടുതൽ ശമ്പളം അവിടെയുണ്ട്, ജോലിഭാരവും കുറവാണ്. ഇങ്ങനെയുള്ള ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്തായാലും എഞ്ചിനീയറിംഗ് മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിന് വകുപ്പ് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ആ സമിതിയുടെ റിപ്പോർട്ട് വൈകാതെ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന്റെകൂടി അടിസ്ഥാനത്തിൽ കാര്യമായ ചില നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അക്കാര്യം തീർച്ചയായും ഈ സഭയെയും ബഹുമാനപ്പെട്ട അംഗത്തെയും അറിയിക്കും.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയും ശ്രീ. മാത്യു ടി. തോമസും പറഞ്ഞതിന്റെ ചുവടുപിടിച്ചുകൊണ്ട് എല്ലാവർക്കും വേണ്ടിയാണ് ഞാൻ ചോദ്യം ഉന്നയിക്കുന്നത്. തനതുഫണ്ട്

ശേഖരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ചില നിർദ്ദേശങ്ങൾ നൽകിയെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് കുളങ്ങൾ നവീകരിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിൽനിന്നും തുക അനുവദിച്ചു. കുളത്തിൽനിന്നും ടൺ കണക്കിന് ചെളി വാരി കരയിലിട്ടു. ചെളിക്ക് നിരവധി ആവശ്യക്കാരുണ്ട്. രണ്ട് കുളത്തിൽനിന്നുമായി കോരിയിട്ടിരിക്കുന്ന ചെളി ടെണ്ടർ ചെയ്ത് നൽകിയാൽ മിനിമം പത്ത് ലക്ഷം രൂപവരെ ലഭിക്കും. ടെണ്ടർ നടപടി സ്വീകരിക്കാൻ ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടാൽ അവർ അത് ചെയ്യുകയില്ല. അതുമാത്രമല്ല, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രികൂടി ഇവിടെയുള്ളതുകൊണ്ട് ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ രംഗത്ത് ഏകജാലക സംവിധാനം ഏർപ്പെടുത്തി. നിരവധി ചർച്ചകൾക്കുശേഷം നിയമസഭ വ്യവസായ രംഗത്ത് ഏകജാലക സംവിധാനത്തോടെ ഒരു നിയമം പാസ്സാക്കി. ശ്രീ. മാത്യു ടി. തോമസ് സൂചിപ്പിച്ചതുപോലെ ദൗർഭാഗ്യവശാൽ ഇതിനെ

തടസ്സപ്പെടുത്തുന്നത് പഞ്ചായത്ത് സെക്രട്ടറിമാരും പഞ്ചായത്ത് എഞ്ചിനീയർമാരുമാണ്. ഒരു വ്യക്തി വ്യവസായ സംരംഭത്തിന് അപേക്ഷ നൽകിയാൽ കൃത്യമായ മറുപടി നൽകാതെ സർക്കാരിന്റെ നയത്തെ കളങ്കപ്പെടുത്തുന്ന സമീപനം പഞ്ചായത്ത് സെക്രട്ടറിമാരും എഞ്ചിനീയർമാരും സ്വീകരിക്കുന്നുണ്ട്. അതിനാൽ കേരളത്തിലെ മുഴുവൻ പഞ്ചായത്ത് സെക്രട്ടറിമാരെയും എഞ്ചിനീയർമാരെയും മൂന്ന് മേഖലകളായി തിരിച്ചോ അല്ലെങ്കിൽ ഒറ്റയ്ക്കോ വിളിച്ചിരുത്തി സർക്കാരിന്റെ വ്യവസായ നയം എന്താണെന്ന് ബോധ്യപ്പെടുത്തിക്കൊടുക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കാനുള്ളത്. ഇതുമൂലം എൽ.ഡി.എഫ്.-ലെയും യു.ഡി.എഫ്.-ലെയും പഞ്ചായത്ത് പ്രസിഡന്റുമാരും ജനപ്രതിനിധികളും വളരെയധികം ബുദ്ധിമുട്ടുകയാണ്. ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് പറഞ്ഞാൽ മാത്രമേ അവർ അനുസരിക്കുകയുള്ളൂ. അല്ലാതെ ആര് പറഞ്ഞിട്ടും കാര്യമില്ല. രേഖാമൂലം നൽകിയാൽ ഉദ്യോഗസ്ഥർ അതിനെ ദുർവ്യാഖ്യാനം ചെയ്ത് പഞ്ചായത്ത് ഭരണം ദുരിതപ്പെടുത്തും. ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രിമാർ അവരെ നേരിട്ട് വിളിച്ചുവരുത്തി ഇത്

എങ്ങനെയാണ് ചെയ്യേണ്ടതെന്നും സർക്കാരിന്റെ വ്യവസായ നയം എന്താണെന്നും ബോധ്യപ്പെടുത്തിക്കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിലുള്ളതും ഇടപെട്ടിട്ടുള്ളതുമാണ്. എനിക്ക് മുമ്പ് ചുമതലയുണ്ടായിരുന്ന ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററും വ്യവസായ വകുപ്പുമന്ത്രിയും ഈസ് ഓഫ് ഡൂയിംഗ് ബിസിനസുമായി ബന്ധപ്പെട്ട ഓറിയന്റേഷനുവേണ്ടി സെക്രട്ടറിമാരുടെ സംയുക്ത യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ഞാൻ മന്ത്രിയായതിനുശേഷം എഞ്ചിനീയറിംഗ് സ്റ്റാഫിനെ മുഴുവൻ ഓൺലൈനിലൂടെ അഭിസംബോധന ചെയ്യുകയും ഈ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ യോഗം ചേരുക മാത്രമല്ല, വിശദമായ സിലബസിന്റെ അടിസ്ഥാനത്തിൽ പരിശീലനം നൽകണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ പുതിയതായി നിയമിക്കുന്ന എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും KILA (Kerala Institute of Local Administration)-യിൽ പ്രത്യേക പരിശീലനം

നൽകുന്നുണ്ട്. അതിനുപുറമെ തദ്ദേശസ്വയംഭരണ വകുപ്പിലെ സെക്രട്ടറിമാരുടെ കാര്യത്തെ സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ചു. അങ്ങയെ ഇക്കാര്യം അറിയിക്കുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്; മുനിസിപ്പാലിറ്റി, പഞ്ചായത്ത്, കോർപ്പറേഷൻ തുടങ്ങി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പിലെ മുഴുവൻ സെക്രട്ടറിമാർക്കും മൂന്ന് മേഖലകളിലായി IMG (Institute of Management in Government) പ്രത്യേക സിലബസ് തയ്യാറാക്കി 40 ബാച്ചുകളായി പരിശീലനം നൽകുകയാണ്. ഇത്തരം ഇടപെടലുകളിലൂടെ കുറച്ച് മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് വിചാരിക്കുന്നത്. അതോടൊപ്പം, സംരംഭകത്വത്തെ തടസ്സപ്പെടുത്തുന്ന സമീപനങ്ങൾ പലപ്പോഴും സാങ്കേതികത്വത്തിന്റെ പേരിൽ ഉണ്ടാകുന്നുണ്ട്. അതുസംബന്ധിച്ച് അതത് സമയം നേരിട്ട് പരാതി ലഭിക്കും. വ്യവസായ വകുപ്പുമന്ത്രി ദൈനംദിനം ഒട്ടേറെ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. അതിലെല്ലാം അപ്പപ്പോൾതന്നെ ഇടപെടാനും പരിഹരിക്കാനുമുള്ള കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. അത്തരത്തിൽ പരിഹരിച്ച നിരവധി അനുഭവങ്ങളുമുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ, ഇക്കാര്യത്തിൽ ഒരു

സംവിധാനം മെച്ചപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. അതിനാവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചത് ഗൗരവമുള്ള വിഷയമാണ്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ, ഞങ്ങൾ യോഗം ചേരുകയും ദൈനംദിന സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രണ്ട് വകുപ്പുകളും ഓരോ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മന്ത്രിമാരുടെ ഓഫീസിലും സംവിധാനമുണ്ട്. ഏത് വകുപ്പിനെ സംബന്ധിച്ചും മന്ത്രിമാർക്ക് നൽകുന്ന പരാതി നോഡൽ ഓഫീസർമാർക്ക് കൈമാറും. പിന്നീട് അവരാണ് അതുസംബന്ധിച്ച് പരിശോധിക്കേണ്ടത്. എന്നാൽ, നിയമസഭ പാസ്സാക്കിയ ഒരു നിയമമുണ്ട്. കഴിഞ്ഞ ദിവസം ഞാൻ റിവ്യൂ ചെയ്തപ്പോൾ വളരെ കുറച്ച് പരാതികൾ മാത്രമാണ് അതുമായി ബന്ധപ്പെട്ട് സംവിധാനത്തിന്റെ മുമ്പിലുള്ളത്. അത് സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് അഡ്രസ് മെക്കാനിസമാണ്. 5 കോടി രൂപയ്ക്ക് താഴെ നിക്ഷേപമുള്ള സ്ഥാപനങ്ങൾ

ആരംഭിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ ആവശ്യമായ സേവനങ്ങളുമായി ബന്ധപ്പെട്ട ഏതുപരാതിയും ആ കമ്മിറ്റിയുടെ മുമ്പിലും 5 കോടി രൂപയ്ക്ക് മുകളിലാണെങ്കിൽ സംസ്ഥാനതലത്തിലുള്ള കമ്മിറ്റിയുടെ മുമ്പിലും നൽകാം. ലഭിച്ച പരാതി നിയമത്തിലെ വ്യവസ്ഥയനുസരിച്ച് 30 ദിവസത്തിനുള്ളിൽ തീർപ്പാക്കണം. കൈക്കൊണ്ട തീരുമാനം പഞ്ചായത്ത് സെക്രട്ടറിയെ സംബന്ധിച്ചുള്ളതാണെങ്കിൽ 15 ദിവസത്തിനകം ആ സെക്രട്ടറി അത് നടപ്പിലാക്കണം. പതിനാറാമത്തെ ദിവസമായാൽ ആ സെക്രട്ടറി 250 രൂപ പിഴ അടയ്ക്കണം. 10,000 രൂപവരെ പിഴ ഈടാക്കാനും വകുപ്പുതല അച്ചടക്ക നടപടി ശിപാർശ ചെയ്യാനും ആ കമ്മിറ്റിക്ക് സർക്കാർ അധികാരം നൽകിയിട്ടുണ്ട്. ഞാൻ കഴിഞ്ഞ ദിവസം റിവ്യൂ ചെയ്യുമ്പോൾ ആകെ രണ്ടോ മൂന്നോ പരാതികളാണ് ഇതുവരെ വന്നിട്ടുള്ളത്. എന്റെ മുമ്പിൽ ഓരോ ദിവസവും നൂറുകണക്കിന് പരാതികൾ വരുന്നുണ്ട്.

മി. സ്പീക്കർ: ജനങ്ങൾക്ക് അറിയാത്ത പ്രശ്നമുണ്ടോ?

ശ്രീ. പി. രാജീവ്: സർ, നിയമസഭ പാസ്സാക്കിയ സംവിധാനത്തെ സംബന്ധിച്ച് നമ്മളെല്ലാം പറയുന്നുണ്ടെങ്കിലും ഉദ്യോഗസ്ഥരെ ശിക്ഷിക്കാൻ

അവസരം ലഭിക്കണമെങ്കിൽ കമ്മിറ്റിക്കുമുമ്പിൽ പരാതി ലഭിക്കണം. എനിക്ക് എന്റെ വകുപ്പിലെ ഉദ്യോഗസ്ഥനെ ശിക്ഷിക്കാൻ സാധിച്ചെന്നുവരാം. അതുപോലെ പഞ്ചായത്തുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കും സാധിച്ചെന്നുവരാം. നമുക്ക് ലഭിച്ച പരാതിയാണെങ്കിലും ഓൺലൈനായി സമർപ്പിച്ചാൽ മതി. സംസ്ഥാനതലത്തിലാണെങ്കിൽ പ്രധാനപ്പെട്ട പതിനഞ്ചോളം വകുപ്പുകളിലെ സെക്രട്ടറിമാർ ആ കമ്മിറ്റിയിലുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കമ്മിറ്റി ഏതുദിവസം ചേരണമെന്ന് ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിലുണ്ട്. മുഴുവൻ എം.എൽ.എ.-മാരും ഇത്തരം പരാതികൾ നൽകിയാൽ അവർക്ക് കുറച്ച് ഭാരം കൂടുമെങ്കിൽപോലും ഗവൺമെന്റ് ചില നടപടികളിലേയ്ക്ക് വരുന്നുവെന്ന പ്രതീതി പൊതുവെ വന്നുകഴിഞ്ഞാൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കും.

ശ്രീ. കെ. പി. മോഹനൻ: സർ, പ്രാദേശിക സർക്കാർ എന്നറിയപ്പെടുന്ന ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്ന അങ്ങേയ്ക്ക് അഭിനന്ദനങ്ങൾ. ഗ്രാമീണ മേഖലയുടെ

വികസനം ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പുസാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ റോഡ് മെയിന്റനൻസ് ഗ്രാന്റുൾപ്പെടെയുള്ളവയിൽ സാങ്കേതിക അനുമതിയും ഫണ്ട് വിനിയോഗിച്ച് പ്രവൃത്തികൾ നടത്തുന്നതിനുള്ള അനുമതിയും നൽകുന്നതിനുള്ള കാലതാമസം നേരിടുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പാട്യം, തൃപ്പങ്ങോട്ടൂർ പഞ്ചായത്തുകളിലും മറ്റുപഞ്ചായത്തുകളിലും മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉൾപ്പെടെയുള്ളവയിൽ സാങ്കേതികാനുമതി നൽകുന്നതിനും ഫണ്ട് വിനിയോഗിച്ച് പ്രവൃത്തികൾ നടത്തുന്നതിനും തടസ്സങ്ങളൊന്നുമില്ല. അത് അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള അതത് പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗമാണ് നൽകേണ്ടത്.

ശ്രീ. കെ. പി. മോഹനൻ: സർ, അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് ലഭിച്ചിട്ടുണ്ട്.... (മൈക്ക് ഓഫ്)..... ........ (കത്ത് ഉയർത്തിക്കാണിച്ചു)

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അക്കാര്യത്തിൽ അതത് സ്ഥലത്താണ് അനുമതി നൽകേണ്ടത്. അതിൽ മറ്റുതടസ്സങ്ങളില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അതുസംബന്ധിച്ച് ഞാൻ നേരത്തെ വിശദീകരിച്ചു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ വകുപ്പുകളുടെ സംയോജനത്തിനുശേഷം പഞ്ചായത്തീരാജ് ആക്റ്റിനുകീഴിൽ പഞ്ചായത്തിൽ വർക്ക് ചെയ്തവർ മുനിസിപ്പൽ കോർപ്പറേഷൻ സ്ഥാപനങ്ങളിലും മുനിസിപ്പൽ ആക്ടിനുകീഴിൽ പ്രവർത്തിച്ചവർ പഞ്ചായത്തിന് കീഴിലും മറ്റുമായതിനാൽ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിൽ വലിയ പ്രയാസം നേരിടുന്നുണ്ട്. അതോടൊപ്പം, ഇവിടത്തെ ജീവനക്കാരുടെ പ്രശ്നത്തെ സംബന്ധിച്ച് മന്ത്രി സൂചിപ്പിച്ചു. എന്റെ നിയോജകമണ്ഡലത്തിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറോ ക്ലർക്കോ ഇല്ല. നാല്

ഓവർസീയർമാർ ആവശ്യമുള്ളിടത്ത് ഒരാൾ മാത്രമാണുള്ളത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ കത്ത് നൽകുകയും അദ്ദേഹത്തെ നേരിട്ട് കണ്ട് സംസാരിക്കുകയും ചെയ്തു. എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല എല്ലായിടത്തും ഇതുതന്നെയാണ് അവസ്ഥ. അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടെന്നും പരിഹരിക്കാമെന്ന് അറിയിക്കുകയും ചെയ്തു. സമയബന്ധിതമായി കുറച്ച് ജീവനക്കാരെയെങ്കിലും, അതായത് അഞ്ച് പേരെ ആവശ്യമുള്ളിടത്ത് രണ്ട് പേരെയെങ്കിലും നിയമിച്ച് ഈ സ്ഥാപനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇതുസംബന്ധിച്ച് ഞാൻ വ്യക്തമാക്കിയതാണ്. ജീവനക്കാരുടെ കുറവ് അടിയന്തരമായി പരിഹരിക്കുന്നതിന് സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രശ്നത്തെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. ജീവനക്കാരുടെ ക്ഷാമമുണ്ടെന്നത് വസ്തുതയാണ്. ഞാൻ നേരത്തെ പരാമർശിച്ച കാര്യം

ആവർത്തിക്കുന്നില്ല. അതിനും ബദൽ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. കാരണം, പി.എസ്.സി.-യിൽ നിന്ന് ആളിനെ ലഭിക്കണം. മാത്രമല്ല, പുതിയതായി നിയമിക്കപ്പെടുന്ന ജീവനക്കാർ പെട്ടെന്ന് മറ്റൊരു ജോലി ലഭിച്ചാൽ അവിടേയ്ക്ക് പോകുന്ന പ്രശ്നമുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ട്. വൈകാതെതന്നെ അക്കാര്യത്തിൽ ഒരു സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്നാണ് സർക്കാർ വിചാരിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യത്തിൽ സർക്കാർ നേരത്തെതന്നെ ഉത്തരവ് നൽകിയിട്ടുണ്ട്. താൽക്കാലിക നിയമനം നടത്താമെന്നാണ് കഴിഞ്ഞ സാമ്പത്തികവർഷം നൽകിയിട്ടുള്ള ഉത്തരവ്. പി.എസ്.സി. നിയമനം വരുന്നതുവരെ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് താൽക്കാലിക നിയമനം നടത്താൻ സാധിക്കുന്നതാണ്. അതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. എന്നാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീണ്ടുംവീണ്ടും ഇങ്ങനെ നിവേദനം നൽകി കാത്തിരിക്കുന്ന സ്ഥിതി മാത്രമാണുള്ളത്. സ്ഥിരനിയമനം

നടക്കുന്നതുവരെ താൽക്കാലിക നിയമനം നടത്തുന്നതിനുള്ള അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം സൂചിപ്പിച്ച മറ്റൊരു കാര്യം, ഇന്റർ ട്രാൻസ്ഫറബിലിറ്റിയുടെ പ്രശ്നമാണ്. ഏകീകരണത്തിന്റെ ഭാഗമായി ഇന്റർ ട്രാൻസ്ഫറബിലിറ്റി നടപ്പാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രാരംഭത്തിൽ ചില ബുദ്ധിമുട്ടുകളുണ്ടാകും. അവ പരിഹരിക്കുന്നതിന് പഞ്ചായത്തുകളിൽനിന്ന് മുനിസിപ്പാലിറ്റികളിലേയ്ക്കും അവിടെനിന്നും തിരിച്ചുവന്നവരുടെയും പ്രത്യേക ലിസ്റ്റ് തയ്യാറാക്കി പരിശീലനം നൽകുന്നതിന് പ്ലാൻ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഗ്രാമപഞ്ചായത്തുകളുടെ സേവന പ്രവർത്തനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്ന കാര്യത്തിൽ ഏറെ സഹായകരമായ നിലപാടെടുത്തിരുന്നവരാണ് തൊഴിൽ സാക്ഷരതാ പ്രവർത്തകർ. കേന്ദ്ര സർക്കാർ അവരെ ഉപേക്ഷിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റ് അവരെ ഏറ്റെടുത്തതാണ്. അവരെ തദ്ദേശസ്ഥാപനങ്ങളുടെ ഭാഗമാക്കുമെന്ന് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും ചെയ്തു. പക്ഷെ, നാളിതുവരെ അത്

നടപ്പാക്കപ്പെട്ടിട്ടില്ല. അവർ ഇപ്പോഴും ജീവിതസമരത്തിലാണ്, അവരുടെ അവസ്ഥ പരിതാപകരമാണ്. അവരെ പഞ്ചായത്തുകൾക്ക് ലഭിച്ചാൽ ഏറെ സഹായകരമാകും. അതിനെ സംബന്ധിച്ച മറുപടി ഈ ഫ്ലോറിൽ നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, കേന്ദ്ര സർക്കാർ സാക്ഷരതാ മിഷന്റെ പ്രവർത്തനത്തിന് ഫണ്ട് നൽകുന്നത് അവസാനിപ്പിച്ചു. സാധാരണഗതിയിൽ ആ സമയത്തുതന്നെ തൊഴിൽ സാക്ഷരതാ പ്രവർത്തകരെ വേണമെങ്കിൽ പിരിച്ചുവിടാവുന്നതാണ്. എന്നാൽ, കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് അവരെ സംരക്ഷിക്കുകയാണ് ചെയ്തത്. ഇപ്പോൾ അവരെ തദ്ദേശ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കാനുള്ള തീരുമാനമെടുത്തു. ഞാനും ബഹുമാന്യരായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇക്കാര്യങ്ങൾ ചർച്ച ചെയ്ത് എല്ലാ കാര്യത്തിലും വ്യക്തതയുണ്ടാക്കിക്കഴിഞ്ഞു. അതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അവരെ തദ്ദേശ സ്ഥാപനങ്ങളിൽ

പുനർവിന്യസിക്കുന്നതിനുള്ള മന്ത്രിസഭാ തീരുമാനവും ഉത്തരവും അധികം വൈകാതെയുണ്ടാകും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ത്രിതല പഞ്ചായത്തുകളുടെ പ്രധാന വരുമാനം ബിൽഡിംഗ് ടാക്സ് ആണ്. ഇത് പലപ്പോഴും കൃത്യമായി അടയ്ക്കാൻ കഴിയുന്നില്ല. കാരണം, പഞ്ചായത്തുകളിൽ ആവശ്യമായ സ്റ്റാഫ് ഇല്ല, അതുപോലെ അവിടെയുള്ള ജീവനക്കാരെ ഇടയ്ക്കിടെ സ്ഥലം മാറ്റുകയും ചെയ്യുന്നു. കൂടാതെ സ്ഥലം മാറ്റിയ ജീവനക്കാർ ജോലിയിൽ പ്രവേശിക്കാൻ കാലതാമസമെടുക്കുകയും ചെയ്യുന്നു. ഇത് വലിയ പ്രശ്നങ്ങളാണുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ബിൽഡിംഗ് റൂൾസ് ഇടയ്ക്കിടയ്ക്ക് മാറുന്നുണ്ട്. അതുപോലെ കഴിഞ്ഞ പ്രാവശ്യം കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് വല്ലാത്ത രീതിയിൽ വർദ്ധിപ്പിച്ചതുകാരണം മണ്ഡലങ്ങളിലെല്ലാം കൺസ്ട്രക്ഷൻ വളരെ കുറഞ്ഞിട്ടുണ്ട്. ഇതുമൂലം പഞ്ചായത്തുകൾക്ക് വരുമാനം കുറയുകയും വലിയ രീതിയിലുള്ള അരിയേഴ്സ് ഉണ്ടാകുകയും ചെയ്യുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഒറ്റ ചോദ്യത്തിൽ നാലോ അഞ്ചോ ചോദ്യങ്ങളാണ് അടങ്ങിയിട്ടുള്ളത്. ഒന്നാമത്തെ ചോദ്യം സ്ഥലംമാറ്റത്തെ സംബന്ധിച്ചുള്ളതാണ്. ഇടയ്ക്കിടയ്ക്ക് സ്ഥലംമാറ്റം നടത്താറില്ല. ചരിത്രത്തിലാദ്യമായി 31,000 ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം ഈ വർഷം തദ്ദേശസ്വയംഭരണ വകുപ്പ് നടത്തുകയുണ്ടായി. ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് അവരെല്ലാം ഐകകണ്ഠ്യേന അംഗീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റം നടത്തിയിട്ടുള്ളത്. സ്വാഭാവികമായും ചരിത്രത്തിലാദ്യമായി ഇത്രയും ജീവനക്കാരെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സുതാര്യമായി ഓൺലൈനിലൂടെ സ്ഥലംമാറ്റിയപ്പോൾ കാണാൻ കഴിയാതിരുന്ന ചില പ്രശ്നങ്ങൾ വന്നിട്ടുണ്ട്. ആ പ്രശ്നങ്ങൾ ഇപ്പോൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതൊഴിച്ചാൽ വർഷങ്ങളായി ഒരേ സീറ്റിൽ ഇരുന്നവർക്കെല്ലാം മാറ്റമുണ്ടായിട്ടുണ്ട്. അതിന്റെ ചില മുറുമുറുപ്പുകൾ തീർച്ചയായുമുണ്ടാകും. മൂന്ന് വർഷം ഒരേ ഓഫീസിൽ ജോലി ചെയ്ത മുഴുവൻ ആളുകളും നിർബന്ധമായും മാറേണ്ട സാഹചര്യമുണ്ടായി. എല്ലാ

സംഘടനകളും ഐകകണ്ഠ്യേന അംഗീകരിച്ച മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തത്. രണ്ടാമതായി, ബിൽഡിംഗ് റൂൾസ് ഇടയ്ക്കിടയ്ക്ക് മാറുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം പറയുന്നത്. കെട്ടിട നികുതിയാണ് പ്രധാനപ്പെട്ട വരുമാനമെന്നും അദ്ദേഹം പറഞ്ഞു. പെർമിറ്റ് ഫീസ് വർദ്ധിപ്പിച്ചതിനെ കണ്ണിൽചോരയില്ലാത്ത വർദ്ധനവെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. വസ്തുതയെന്താണ്; യഥാർത്ഥത്തിൽ കാലാനുസൃതമായിട്ടുള്ള വർദ്ധനവില്ലാത്തതുകൊണ്ട് കേരളത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് വളരെ പരിമിതമായിരുന്നു. അത് വർദ്ധിപ്പിക്കണമെന്നത് തദ്ദേശ സ്ഥാപനങ്ങളുടേയും അദ്ധ്യക്ഷന്മാരുടേയും ഏറെക്കാലത്തെ ആവശ്യമാണ്. സർക്കാർ വേണ്ടത്ര അവധാനതയോടുകൂടി ചർച്ച ചെയ്താണ് തീരുമാനമെടുത്തത്. എല്ലാ സംഘടനകളുമായും ഇക്കാര്യം ചർച്ച ചെയ്തു. തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായി ഒരു പ്രത്യേക സെഷൻതന്നെ ഇത് ചർച്ച ചെയ്യാൻ വച്ചിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനേയും ആ സെഷനിൽ ക്ഷണിച്ചിരുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രിയുമുണ്ടായിരുന്നു.

പ്രതിപക്ഷനേതാവ് പങ്കെടുക്കുമെന്ന് അറിയിച്ചിരുന്നെങ്കിലും അസൗകര്യംമൂലം അദ്ദേഹത്തിന് പങ്കെടുക്കാൻ സാധിച്ചില്ല. അതിനുപുറമെ ഇന്ത്യയിലാകെയുള്ള തദ്ദേശ സ്ഥാപനങ്ങളുടെ പെർമിറ്റ് ഫീസ് സംബന്ധിച്ച് ആഴത്തിലുള്ള പഠനം നടത്തിയതിന്റെയടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിച്ചു. വർദ്ധിപ്പിക്കുക എന്ന വാക്കുപോലും ശരിയല്ല. പുതുക്കി നിശ്ചയിക്കുകയാണ് ചെയ്തിട്ടുള്ളത്. ഞാൻ ഒന്നുരണ്ട് ഉദാഹരണം പറയാം; തമിഴ്നാട്ടിലെ ഒരു ഗ്രാമപഞ്ചായത്തിൽ 2333 ചതുരശ്രയടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നൽകുന്ന പെർമിറ്റ് ഫീസ് 48,104 രൂപയാണ്. റസീപ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യം സൂചിപ്പിക്കുന്നത്. കേരളത്തിൽ അത് പകുതിയിലും താഴെയാണ്. മൂന്നിലൊന്നിനേക്കാൾ അല്പം കൂടുതലേ വരുന്നുള്ളൂ. ഇനി കോർപ്പറേഷനിലെ കാര്യം പറയാം; തമിഴ്നാട്ടിലെ ഒരു കോർപ്പറേഷനിൽ 1406 സ്ക്വയർ ഫീറ്റ് കെട്ടിടത്തിനുള്ള പെർമിറ്റ് ഫീസ് 50,772 രൂപയാണ്. അത് കേരളത്തിലൊരു കോർപ്പറേഷനിലേക്ക് വരുമ്പോൾ പുതുക്കിയ നിരക്കനുസരിച്ച് 13,066 രൂപയാണ് വരുന്നത്. അതായത് മൂന്നിലൊന്നിനേക്കാൾ കുറവാണ്. ഞാൻ ഇന്ത്യയിലെ മുഴുവൻ

സംസ്ഥാനങ്ങളിലേയും കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിന്റെ നിരക്കുകൾ പരാമർശിക്കാം. ഞാൻ ഒരു കാര്യംകൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. സർക്കാരിന്റെ നികുതിക്കൊള്ളയെന്നെല്ലാം ചിലർ പ്രചരിപ്പിക്കുകയാണ്. പെർമിറ്റ് ഫീസ് വർദ്ധനവിൽ നിന്നുള്ള ചില്ലിക്കാശുപോലും സർക്കാരിനുള്ളതല്ല. അത് മുഴുവൻ തദ്ദേശ സ്ഥാപനങ്ങൾക്കാണ്. കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ ഭരിക്കുന്നത് എൽ.ഡി.എഫ് മാത്രമല്ല; യു.ഡി.എഫ്-ഉം മുസ്ലിം ലീഗുമെല്ലാം ഭരിക്കുന്നുണ്ട്. ഒരുകാര്യം കൂടി വ്യക്തമാക്കട്ടെ, മുസ്ലിം ലീഗും-യു.ഡി.എഫ്-ഉം ഭരിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ ഞങ്ങളിത് നടപ്പിലാക്കില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് പ്രമേയം പാസ്സാക്കി. ഇതുസംബന്ധിച്ച് പത്രത്തിൽ വലിയ വാർത്തകൾ നൽകിയിരുന്നു. എന്നാൽ എല്ലാവരും അത് നടപ്പാക്കുകയും ആ വരുമാനം വാങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്.

**മൾട്ടിലെവൽ മാർക്കറ്റിംഗ്, ഡയറക്ട് സെല്ലിംഗ് കമ്പനികളെ നിയന്ത്രിക്കാൻ നടപടി**

3 (*153) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

<u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിതരണ ശൃംഖലകൾ സൃഷ്ടിച്ച് വ്യാപാരം നടത്തുന്ന മൾട്ടിലെവൽ മാർക്കറ്റിംഗ്, ഡയറക്ട് സെല്ലിംഗ് കമ്പനികളുടെ വർദ്ധിച്ചുവരുന്ന സാന്നിധ്യവും നിയമവിരുദ്ധ പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്പനികളെ നിയന്ത്രിക്കാൻ സർക്കാർ സംവിധാനം ഒരുക്കുമോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) 2019-ലെ ഉപഭോക്തൃ നിയമം പാലിക്കാത്ത പ്രസ്തുത കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) മണി ചെയിൻ, പിരമിഡ് സ്കീമുകൾ എന്നിവ നടത്തി ജനങ്ങളെ തട്ടിപ്പിനിരയാക്കുന്ന വ്യാജകമ്പനികൾക്കെതിരെ ഉപഭോക്തൃകാര്യ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) ഓൺലൈൻ വ്യാപാരങ്ങൾ വ്യാപകമാകുന്ന ഈ കാലഘട്ടത്തിൽ ഉപഭോക്തൃ ബോധവൽക്കരണത്തിന് കൂടുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കൂടാതെ Vihan Direct Selling (India) Pvt. Ltd (Q Net) എന്ന സ്ഥാപനത്തിനെതിരെ ലഭിച്ച പരാതിയിൽ ക്രൈംബ്രാഞ്ച് പ്രാഥമിക അന്വേഷണം നടത്തിവരുന്നു. സംസ്ഥാന ജി.എസ്.ടി ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ചില ജില്ലകളിൽ ഇത്തരം കമ്പനികളുടെ പ്രവർത്തനം നടക്കുന്നുണ്ടെന്ന് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ GST നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) മൾട്ടിലെവൽ മാർക്കറ്റിംഗ്, ഡയറക്ട് സെല്ലിംഗ് കമ്പനികളെ നിയന്ത്രിക്കാൻ സർക്കാർ സംവിധാനം ഒരുക്കുന്നതിന്റെ

ഭാഗമായി ഡയറക്ട് സെല്ലിംഗിനെയും ഡയറക്ട് സെല്ലേഴ്സിനെയും നിയന്ത്രിക്കുന്നതിനുള്ള മോണിറ്ററിംഗ് മെക്കാനിസം നടപ്പിലാക്കുന്നതിന് സർക്കാർ 28-03-2023-ലെ സ.ഉ.(പി) നം.6/2023/ഉകാവ പ്രകാരം മാർഗനിർദ്ദേശം പുറത്തിറക്കിയിട്ടുണ്ട്. ഇതിൻപ്രകാരം ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മൾട്ടി ലെവൽ മാർക്കറ്റിംഗ് ബിസിനസ് നടത്തുന്നവരെ നിരീക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ജില്ലാ സപ്ലൈ ഓഫീസർമാരെ 18-10-2021-ലെ സ.ഉ.(പി)നം.18/2021/സിഎഡി പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം ജില്ലാ പോലീസ് മേധാവികളെ അറിയിച്ചിട്ടുണ്ട്.

(സി) പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മണി ചെയിൻ, പിരമിഡ് സ്കീമുകൾ എന്നിവ 2019-ലെ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. ഡയറക്ട് സെല്ലിംഗ് കമ്പനികളെ നിയന്ത്രിക്കുന്നതിനും എല്ലാത്തരത്തിലുള്ള പിരമിഡ് സ്കീമുകളും മണിസർക്കുലേഷൻ സ്കീമുകളും അന്യായമായ വ്യാപാര സമ്പ്രദായങ്ങളും

തടയുന്നതിനും സർക്കാർ ഒരു മോണിറ്ററിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറി ചെയർമാനും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ കൺവീനർ & നോഡൽ ഓഫീസറുമായ പ്രസ്തുത മോണിറ്ററിംഗ് അതോറിറ്റിയിൽ ധനകാര്യ വകുപ്പ് സെക്രട്ടറി, ലാ സെക്രട്ടറി, നികുതി വകുപ്പ് സെക്രട്ടറി, ലീഗൽ മെട്രോളജി കൺട്രോളർ, ഭക്ഷ്യസുരക്ഷാ കമ്മീഷണർ, CGST കമ്മീഷണർ, SGST കമ്മീഷണർ, ADGP റാങ്കിലുള്ള ഒരു പോലീസ് ഓഫീസർ, ഒരു വിഷയ വിദഗ്ധൻ എന്നിവർ അംഗങ്ങളാണ്.

(ഇ) ഉണ്ട്. സംസ്ഥാനത്ത് ഉപഭോക്തൃ ബോധവത്ക്കരണ പ്രവർത്തനങ്ങൾ വിപുലമായി നടത്തിവരുന്നു. കലാജാഥ, പരസ്യചിത്രങ്ങൾ, അനിമേഷൻ ചിത്രം, പോസ്റ്റർ പ്രചരണം, സോഷ്യൽ മീഡിയ വഴി ഉപഭോക്തൃ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ദേശീയ അന്തർദേശീയ ഉപഭോക്തൃ ദിനങ്ങളിൽ പ്രത്യേക പരിശീലന പരിപാടികൾ, ഉപഭോക്തൃ ബോധവത്ക്കരണ ക്ലാസുകൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽകൂടിയുള്ള ബോധവത്ക്കരണം എന്നിവയും നടത്താറുണ്ട്.

ഓൺലൈൻ വഴിയുള്ള വിവിധ തട്ടിപ്പുകളെക്കുറിച്ചും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ സ്വീകരിക്കേണ്ട സുരക്ഷാമുൻകരുതലുകളെക്കുറിച്ചും ബോധവത്ക്കരണ പരിപാടികളും പ്രചാരണവും നാഷണൽ സർവീസ് സ്കീം, വോളണ്ടറി കൺസ്യൂമർ ഓർഗനൈസേഷനുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ വഴിയും നടത്തിവരുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, കേരളത്തെ സമ്പൂർണ്ണ ഉപഭോക്തൃ സൗഹൃദ സംസ്ഥാനമാക്കാൻ ഗവൺമെന്റ് നടത്തുന്ന പരിശ്രമങ്ങളെ അഭിനന്ദിക്കുകയാണ്. ഉപഭോക്തൃ ശാക്തീകരണ കാര്യത്തിൽ ലോക മാതൃകയിലേക്ക് കേരളത്തെ കൊണ്ടുവരാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഡയറക്ട് സെല്ലിംഗ് രംഗത്ത് നിയന്ത്രണം കൊണ്ടുവരുമ്പോൾ ഈ രംഗത്ത് തൊഴിലെടുക്കുന്നവരുടെ പ്രശ്നങ്ങൾകൂടി കണക്കിലെടുക്കുമോ; അതുപോലെ സർക്കാർ മുമ്പാകെ എൻറോൾ ചെയ്യുന്ന കമ്പനികളുടെ പേരുവിവരം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ഡയറക്ട് സെല്ലിംഗ് കമ്പനികളുടെയും തൊഴിലാളികളുടെയും സംഘടനകളുമായി നടത്തിയ ചർച്ചയിൽ ഡയറക്ട്

സെല്ലിംഗ് രംഗത്ത് തൊഴിലെടുക്കുന്നവരുടെ വിവിധ പ്രശ്നങ്ങൾ ഉയർന്നുവരികയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് ഉപഭോക്തൃകാര്യ വകുപ്പിന് പരിമിതിയുള്ളതിനാൽ തൊഴിൽ വകുപ്പിന്റെകൂടി സഹകരണത്തോടെ മാത്രമേ തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പംതന്നെ ഈ രംഗത്ത് പ്രവർത്തിക്കുന്നവരെ തുടർച്ചയായി ബോധവൽക്കരിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, അധിക സാധനങ്ങൾ വാങ്ങാൻ വിതരണക്കാരെ നിർബന്ധിക്കാൻ പാടില്ലെന്ന വ്യവസ്ഥയുണ്ട്. കൂടാതെ നിർബന്ധിപ്പിച്ച് പേര് ചേർക്കൽ, രജിസ്ട്രേഷൻ ഫീസ് ഈടാക്കൽ എന്നിവ പാടില്ലെന്നും കമ്പനിയിൽ ചേർക്കുന്നവരുമായി 1872-ലെ ഇന്ത്യൻ കരാർ നിയമമനുസരിച്ച് പങ്കാളിത്ത നിബന്ധനകൾ വ്യക്തമാക്കുന്ന കരാറിൽ ഒപ്പിടണമെന്നുമുള്ള വ്യവസ്ഥകൾ ഡയറക്ട് സെല്ലിംഗ് കമ്പനികൾക്ക് ബാധകമാണോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഡയറക്ട് സെല്ലിംഗ് മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുപ്രകാരം ഡയറക്ട് സെല്ലിംഗ് മോണിറ്ററിംഗ് അതോറിറ്റി മുമ്പാകെ എൻറോൾ ചെയ്യുന്ന കമ്പനിയുടെ വിവരങ്ങൾ ഉപഭോക്തൃകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഈ രംഗത്തെ കള്ളനാണയങ്ങളെ തിരിച്ചറിയുന്നതിന് ഈ നടപടികൾ പൊതുജനങ്ങൾക്ക് സഹായകരമാകുമെന്നതിനാൽ എൻറോൾ ചെയ്യുന്ന കമ്പനികളുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഓണക്കാലത്ത് സർക്കാർ നേരിട്ട് വിപണിയിൽ ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ 19,000 കോടി രൂപയുടെ വിൽപന നടന്നുവെന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ, വിദേശ രാജ്യങ്ങളിലെ കമ്പനികളെന്ന് അവകാശപ്പെട്ട് ഇന്ത്യയിൽ ഓഫീസില്ലാതെ വെർച്വൽ പ്രോഡക്ടുകൾ വിൽക്കുന്ന രീതികൾക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, നിലവിലെ കേന്ദ്ര ഡയറക്ട് സെല്ലിംഗ് മാർഗ്ഗരേഖകൾ പ്രകാരം, ഇന്ത്യയിൽ ഓഫീസുള്ള കമ്പനികൾക്ക് മാത്രമെ ഡയറക്ട് സെല്ലിംഗ് രംഗത്ത് പ്രവർത്തിക്കാനാകൂവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ മോണിറ്ററിംഗ് അതോറിറ്റി മുമ്പാകെ എൻറോൾ ചെയ്യണമെങ്കിലും കമ്പനികൾക്ക് കേരളത്തിൽ ഓഫീസ് ആവശ്യമാണ്. ഇപ്രകാരം എൻറോൾ ചെയ്യാതെയും സർക്കാർ അനുമതിയില്ലാതെയും ഏതെങ്കിലും കമ്പനികൾ പ്രവർത്തിച്ചാൽ പോലീസ് ഉൾപ്പെടെ ബന്ധപ്പെട്ട ലാ എൻഫോഴ്സ്മെന്റ് അധികാരികൾക്ക് നിയമ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നിയമപരമല്ലാത്ത മൾട്ടിലെവൽ കമ്പനികളുടെ മോഹവലയത്തിൽപ്പെട്ട് സാമ്പത്തിക നഷ്ടമനുഭവിക്കുന്ന നിരവധിപേർ നമുക്ക് ചുറ്റുമുണ്ട്. ഇത്തരം കമ്പനികളെ കടിഞ്ഞാണിടേണ്ടത് നമ്മുടെ ആവശ്യമാണ്. തട്ടിപ്പ് കമ്പനികൾ കൂണുപോലെ മുളച്ചുപൊങ്ങുന്നത് തടയാൻ നിശ്ചിത നിക്ഷേപമുള്ള കമ്പനികൾക്കുമാത്രം ഡയറക്ട് സെല്ലിംഗ് നടത്താൻ അനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ചെറുകിട സംരംഭകരെയും സ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുകയെന്നതാണ് ഈ സർക്കാരിന്റെ നയം. നിലവിൽ അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്ന ഭീമൻ ഡയറക്ട് സെല്ലിംഗ് കമ്പനികളുൾപ്പെടെയുള്ള പല കമ്പനികളും ചെറിയ മുതൽമുടക്കിൽനിന്ന് ആരംഭിച്ചവയാണ്. പുതിയ ഒരു സംരംഭകൻ മെച്ചപ്പെട്ട ഉൽപന്നവുമായി ഡയറക്ട് സെല്ലിംഗ് ആരംഭിക്കാൻ ശ്രമിച്ചാൽ ഉയർന്ന നിക്ഷേപമില്ലായെന്ന കാരണത്താൽ പ്രവർത്തനം തടയുന്നത് ആശാസ്യമല്ല. മാത്രമല്ല, ഡയറക്ട് സെല്ലിംഗ് രംഗത്തെ നിയന്ത്രിക്കുന്നത് പ്രധാനമായും കേന്ദ്രചട്ടങ്ങളാണ്. അതുകൊണ്ട് കൃത്യമായി ചട്ടങ്ങൾ പാലിക്കുകയും നിയമപ്രകാരം യഥാസമയം റിട്ടേണുകൾ സമർപ്പിക്കുകയും ചെയ്യുന്ന സംരംഭങ്ങളെ നിരീക്ഷിക്കുകയും നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അതോടൊപ്പം ഉപഭോക്താക്കളുടെ താല്പര്യം സംരക്ഷിക്കുകയും ചെയ്യുകയെന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നത്.

ശ്രീ. വാഴൂർ സോമൻ: സർ, മൾട്ടിലെവൽ മാർക്കറ്റിംഗ് രംഗത്ത് പതിനായിരക്കണക്കിന് യുവതീ-യുവാക്കളും അഭ്യസ്തവിദ്യരും അല്ലാത്തവരുമായവർ ജോലിചെയ്തുവരികയാണ്. ഈ മേഖലയിൽ സത്യസന്ധമായി പ്രവർത്തിക്കുന്ന കമ്പനികളെ സംരക്ഷിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ജി. ആർ. അനിൽ: സർ, നിയമാനുസൃതം പ്രവർത്തിക്കുന്ന കമ്പനികൾക്ക് എല്ലാ സഹായങ്ങളും ചെയ്യുന്നതാണ്. എന്നാൽ ഡയറക്ട് സെല്ലിംഗ് എന്ന മറ ഉപയോഗിച്ച് മണി ചെയിനുകൾ, പിരമിഡ് സ്കീമുകൾ തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടിയെടുക്കുക എന്നതാണ് സർക്കാരിന്റെ നയം. ഈ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾ, വിതരണക്കാർ, ട്രേഡ് യൂണിയനുകൾ എന്നിവയുടെ പ്രതിനിധികളുമായി സർക്കാർ 14-06-2023-ന് ചർച്ച നടത്തുകയുണ്ടായി. ഓഗസ്റ്റ് 5-ന് വിവിധ വിഷയങ്ങളിലെ വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് ശില്പശാലയും സംഘടിപ്പിച്ചിട്ടുണ്ട്. അതിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് മോണിറ്ററിംഗ് സംവിധാനം കൂടുതൽ

ശക്തിപ്പെടുത്തുന്നതിനായി നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കുന്ന നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ആൻസലൻ: സർ, കേരളത്തിൽ പതിനാറ് ലക്ഷത്തോളം വരുന്ന ചെറുകിട-ഇടത്തരം വ്യാപാര മേഖലകളുണ്ട്. ഈ മേഖലകളിൽ ഏകദേശം അരക്കോടിയിലധികം ആളുകൾ തൊഴിലെടുക്കുന്നുണ്ട്. ഈ വ്യാപാരമേഖലയ്ക്ക് ഭീഷണിയായി ഓൺലൈൻ വ്യാപാരം വലിയ തോതിൽ നടക്കുന്നുണ്ട്. ഓൺലൈൻ വ്യാപാരം സംബന്ധിച്ച് ഏതെങ്കിലും നികുതി ഏർപ്പെടുത്താനും നിയന്ത്രിക്കാനും കഴിഞ്ഞിട്ടുണ്ടോ; നിലവാരം കുറഞ്ഞ സാധനങ്ങൾ ഓൺലൈൻ വ്യാപാരത്തിലൂടെ നൽകി ഉപഭോക്താക്കളെ കബളിപ്പിക്കുന്ന നിലപാട് സ്വീകരിക്കുന്നുണ്ട്. ഇതിനെതിരെ ശക്തമായ നിലപാട് കേന്ദ്ര നിയമത്തെ നിലനിർത്തിക്കൊണ്ട് സംസ്ഥാനത്തിന് സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഡയറക്ട് സെല്ലിംഗുമായി ബന്ധപ്പെട്ട് പുതിയ നിർദ്ദേശങ്ങളുൾപ്പെടുത്തിക്കൊണ്ടുള്ള മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിനനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഉപഭോക്തൃകാര്യ വകുപ്പിൽ നിരവധി കേസുകൾ പെൻഡിംഗായി കിടക്കുന്നുവെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ അനന്തമായി നീണ്ടുപോകുമ്പോൾ ഉപഭോക്താക്കൾക്ക് നീതി ലഭിക്കാത്ത അവസ്ഥ സംജാതമാകുന്നു. വിവിധ ജില്ലകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയുംവേഗം തീർപ്പാക്കാനുള്ള നടപടി ഗവൺമെന്റ് തലത്തിൽ സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം സംബന്ധിച്ച് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പുകല്പിക്കുന്ന കാര്യത്തിൽ കഴിഞ്ഞവർഷം വളരെയധികം മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. പരാതി തീർപ്പാക്കലിൽ രാജ്യത്ത് രണ്ടാം സ്ഥാനത്തേയ്ക്ക് കേരളമെത്തുന്ന ഒരവസ്ഥയുണ്ടായിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, ഓൺലൈൻ മാർക്കറ്റിംഗിന്റെ ഭാഗമായി നിരവധി വെബ്സൈറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും അനധികൃതമായാണ് പ്രവർത്തിക്കുന്നത്. ഓൺലൈൻ വഴി ജനങ്ങൾ

സാധനങ്ങൾ വാങ്ങുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന വെബ്സൈറ്റുകളെ ബ്ലാക്ക്ലിസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, അക്കാര്യം പരിശോധിക്കാം.

**ലൈഫ് പദ്ധതി**

4 (*154) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിലൂടെ 2022-23 സാമ്പത്തിക വർഷം വരെ എത്ര വീടുകൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടത്; വിശദമാക്കുമോ;

(ബി) ലൈഫ് പദ്ധതിയിൽ കേന്ദ്ര വിഹിതമായി ലഭ്യമായ തുകയുടെ വിശദാംശം അറിയിക്കാമോ;

(സി) സംസ്ഥാന വിഹിതമായി എത്ര തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) മറ്റ് സംസ്ഥാനങ്ങളിലെ ഭവന പദ്ധതികളിലുള്ള കേന്ദ്ര സഹായം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ലൈഫ് ഗുണഭോക്താക്കൾക്ക് ജീവനോപാധിയും അന്തസ്സുള്ള ജീവിതവും ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) ലൈഫ് ഭവനപദ്ധതിയുടെ അർഹതാ മാനദണ്ഡപ്രകാരം 2017-ൽ തയ്യാറാക്കിയ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്തൃ പട്ടികയിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണാനുകൂല്യം ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിൻപ്രകാരം ഗുണഭോക്തൃ പട്ടികയിലെ അർഹരായ ഗുണഭോക്താക്കളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണാനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. കരാർ വയ്ക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തവരും CRZ, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വനാവകാശ സംരക്ഷണ നിയമം എന്നിവയുടെ പരിധിയിൽവരുന്ന ഗുണഭോക്താക്കൾക്കും മതിയായ രേഖകൾ

ഹാജരാക്കുവാൻ സാധിക്കാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. ഇവ ഹാജരാക്കുന്നമുറയ്ക്ക് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം ആരംഭിക്കുവാൻ സാധിക്കും. കൂടാതെ, അഡീഷണൽ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവർക്കും ഭവനം ലഭ്യമാക്കുക, 2021-22 മുതൽ ഒരു സാമ്പത്തിക വർഷം ഒരു ലക്ഷം വീടെന്ന കണക്കിൽ 5 വർഷംകൊണ്ട് 5 ലക്ഷം വീടുകൾ പൂർത്തീകരിക്കുക എന്നതായിരുന്നു ലക്ഷ്യം. ഇപ്രകാരം ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 31-08-2023 വരെ 349,247 കുടുംബങ്ങളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഈ മാസം കഴിയുമ്പോഴേയ്ക്കും അത് മൂന്നര ലക്ഷമായി മാറും.

(ബി) ലൈഫ് ഭവന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു സമഗ്ര പദ്ധതിയാണ്. ലൈഫ് ഭവന പദ്ധതിയിൽ കേന്ദ്ര വിഹിതം വിനിയോഗിക്കുന്നില്ല. ഇതിനുപുറമെ വിവിധ സംസ്ഥാന-കേന്ദ്ര ഭവന പദ്ധതികൾ Life പദ്ധതിയുമായി സംയോജിപ്പിച്ച് ലൈഫ് നിരക്കിൽ

ആനുകൂല്യം നൽകി നടപ്പിലാക്കുന്നു. PMAY നടപ്പിലാക്കുമ്പോൾ PMAY ഗ്രാമീണിൽ (PMAY-G) ഒരു ഗുണഭോക്താവിന് 72,000 രൂപയും PMAY അർബനിൽ (PMAY-U) ഒരു ഗുണഭോക്താവിന് 1,50,000 രൂപയും കേന്ദ്ര വിഹിതമായി ലഭിക്കുന്നു. ഇത് ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ച് സംസ്ഥാന സർക്കാർ ഭവന നിർമ്മാണത്തിനായി നൽകുന്ന അതേ നിരക്കിൽതന്നെ ബാക്കി തുക സംസ്ഥാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നൽകിയാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. PMAY-U കേന്ദ്ര വിഹിതമായി നഗരമേഖലയിൽ 1401.38 കോടി രൂപയും PMAY-G കേന്ദ്ര വിഹിതമായി ഗ്രാമീണമേഖലയിൽ 704.38 കോടി രൂപയും ഉൾപ്പെടെ ഇതുവരെ 2105.76 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്.

(സി) സംസ്ഥാന വിഹിതമായിമാത്രം ഇതുവരെ ആകെ 4044.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ബഡ്ജറ്റിൽനിന്നും ലഭ്യമാക്കിയ തുകയിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി 3429.94 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവർക്ക്

സംസ്ഥാന ബഡ്ജറ്റ് വഴി ലഭിക്കുന്ന തുകയിൽനിന്നും തിരിച്ചടയ്ക്കുന്ന വായ്പ വിഹിതമായി 4383 കോടി രൂപയും ഉൾപ്പെടെ ആകെ 11857.51 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വായ്പാ തുകയുടെ പലിശ നൽകുന്നത് സംസ്ഥാന സർക്കാരാണ്. 31-08-2023 വരെ 349247 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 116541 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ഡി) ഇല്ല.

(ഇ) ലൈഫ് ഗുണഭോക്താക്കളെ സർക്കാർ തലത്തിലുള്ള വിവിധ സാമൂഹ്യക്ഷേമ, തൊഴിൽദായക സംഘടനാ പ്രവർത്തനങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് സാമൂഹ്യ ഇടപെടലുകളിലൂടെ സുരക്ഷിതമായ ഭവനത്തിലേയ്ക്കും അതിലൂടെ മികച്ച ജീവിതത്തിലേയ്ക്കും എത്തിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കിവരുന്നു. ലൈഫ് ഗുണഭോക്തൃ കുടുംബത്തിലെ ഓരോ കുടുംബത്തിന്റെയും സാഹചര്യങ്ങളും ആവശ്യങ്ങളും തിരിച്ചറിഞ്ഞുകൊണ്ട് പ്രത്യേക ഇടപെടലുകൾ നടത്തി സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനാവശ്യമായ പരിശീലനങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിനായി വകുപ്പുകൾ, മിഷനുകൾ, സംഘടനകൾ തുടങ്ങിയവയുടെ

സേവനങ്ങളും പദ്ധതികളും സംയോജിപ്പിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ദേശീയ നഗര ഉപജീവന മിഷനുമായി സംയോജിച്ച് 968 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും ഇതിൽ 410 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. 347 സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു. മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവയുമായുള്ള സംയോജനത്തിലൂടെ ഓരോ ലൈഫ് ഗുണഭോക്താവിനും 90 തൊഴിൽ ദിനങ്ങളും ഇതിലൂടെ 27,990 രൂപയുടെ അധിക ധനസഹായവും നൽകി. കൂടാതെ വിവിധ വകുപ്പുകളുമായുള്ള സംയോജനത്തിലൂടെ പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യസുരക്ഷാ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കിവരുന്നു. ഭവന പൂർത്തീകരണത്തിന് അധികതുക ആവശ്യമായിവരുന്നപക്ഷം കുടുംബശ്രീ മുഖേന വായ്പ ലഭ്യമാക്കിവരുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, സംസ്ഥാനത്ത് ഏറ്റവും ശ്രദ്ധേയമായൊരു പദ്ധതിയാണ് ലൈഫ് പദ്ധതി. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ

കേരളത്തിൽ വീടില്ലാത്തവർക്കെല്ലാം ലൈഫ് പദ്ധതിയിലൂടെ വീട് നൽകാൻ കഴിയുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, എല്ലാവർക്കും അടച്ചുറപ്പുള്ള സുരക്ഷിതമായ വീട് എന്നതാണ് ലൈഫ് പദ്ധതി ലക്ഷ്യമിടുന്നത്. മൂന്നര ലക്ഷം വീടുകൾ പൂർത്തിയാക്കിക്കഴിഞ്ഞു. അതിനുപുറമെ 116,541 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. അതുകൂടി ചേരുമ്പോൾ നാല് ലക്ഷത്തി അറുപത്തിയാറായിരത്തിലധികം വീടുകളായി മാറും. മൂന്ന് ലക്ഷത്തിലധികം ആളുകൾ ഭൂമിയുള്ളവരും ഭവനരഹിതരുമാണ്. ഏതാണ്ട് അത്രയും ആളുകൾ ഭൂരഹിതരും ഭവനരഹിതരുമാണ്. അങ്ങനെ ഏതാണ്ട് ഏഴ് ലക്ഷത്തോളം ആളുകൾ വീടില്ലാത്തവരായിട്ടുണ്ട്. ഭൂമിയുള്ള എല്ലാവർക്കും എത്രയുംവേഗം വീട് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഭൂരഹിതർക്ക് ഭൂമി കണ്ടെത്താൻ 'മനസ്സോടിത്തിരി മണ്ണ്' തുടങ്ങിയ കാമ്പയിനുകൾ നടക്കുന്നുണ്ട്. അതിലൂടെ വലിയ തോതിൽ സംഭാവനയായി ഭൂമി ലഭിക്കുന്നുണ്ട്. ഭൂരഹിതർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തുന്നതിനുള്ള

പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, പല നിർധന കുടുംബങ്ങൾക്കും വളരെ ചെറിയ സ്ഥലം മാത്രമേയുണ്ടാവുകയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, സി.ആർ.ഇസഡ്., തരം മാറ്റൽ എന്നിവമൂലം ബുദ്ധിമുട്ടനുഭവപ്പെടുന്നവർക്ക് ലൈഫ് പദ്ധതിയിൽമാത്രം ഈ മാനദണ്ഡം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അക്കാര്യം പരിശോധിച്ചാൽ മാത്രമേ മറുപടി നൽകാൻ സാധിക്കുകയുള്ളൂ.

ശ്രീ. എം. നൗഷാദ്: സർ, ലൈഫ് പദ്ധതിയിലെ ഒരു സാങ്കേതിക പ്രശ്നമാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. 2017-ൽ ലൈഫ് പദ്ധതിയിൽ ആദ്യമായി അപേക്ഷ ക്ഷണിക്കുമ്പോൾ പ്രത്യേകം താമസിക്കുന്നെങ്കിലും റേഷൻ കാർഡ് ഒന്നായിരുന്ന കുടുംബങ്ങൾ ആ കാർഡുവച്ച് അപേക്ഷ നൽകി. 2020-ൽ ഈ ഗവൺമെന്റുതന്നെ കാർഡ് പ്രത്യേകമാക്കാൻ അനുവാദം കൊടുത്തിരുന്നു. എന്നാൽ, 100 ശതമാനം അർഹതയുള്ളതും

2020-നുമുമ്പ് കാർഡ് പ്രത്യേകമാക്കിയതുമായ കുടുംബങ്ങൾക്കുൾപ്പെടെ ഈ സാങ്കേതികത്വം ചൂണ്ടിക്കാട്ടി ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തിരുത്താൻ നിർദ്ദേശം നൽകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം പരിശോധിക്കാം.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഭൂമിയുള്ളവർക്കുള്ള വീടുകൾ ഏതാണ്ട് പൂർത്തിയായി വരികയാണ്. ഭൂമിയില്ലാത്തവരുടെ കാര്യമാണ് ഗൗരവമായി എടുക്കേണ്ടത്. നഗരമേഖലകളിൽ ഭൂമി അക്വയർ ചെയ്യുന്നതിന് റവന്യൂ വകുപ്പിന്റെ സഹായത്തോടെ ഒരു സ്പെഷ്യൽ ടീമിനെ വിനിയോഗിക്കാൻ കഴിഞ്ഞാൽ ഫലപ്രദമായി അത് നടപ്പാക്കാം. അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇതുസംബന്ധിച്ച് ഞാനിവിടെ വ്യക്തമാക്കിക്കഴിഞ്ഞു. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും ഇക്കാര്യത്തിന്മേൽ ഒരു യോഗം ചേരുകയും ചെയ്തിട്ടുണ്ട്.

സംഭാവനയായി ലഭിക്കുന്ന ഭൂമിക്കുപുറമെ റവന്യൂ വകുപ്പിന്റെകൂടി സഹായത്തോടെ ഭൂമി കണ്ടെത്താനുള്ള നടപടികൾ നടക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്*.)

**10.00 AM]**

**II അടിയന്തരപ്രമേയ നോട്ടീസ്**

മി. സ്പീക്കർ: സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥതയും ധൂർത്തും കാരണം സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായും ഇതുമൂലം വികസന പ്രവർത്തനങ്ങളും നിരവധി സാമൂഹ്യസുരക്ഷാ പദ്ധതികളും മുടങ്ങിയതായും പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

* അനുബന്ധമായി വച്ചിട്ടുണ്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇന്നലെയും മിനിഞ്ഞാന്നും വിശദമായി ചർച്ച ചെയ്ത വിഷയത്തെ സംബന്ധിച്ചാണ് ഇന്ന് അടിയന്തരപ്രമേയ നോട്ടീസ് നൽകിയിരിക്കുന്നത്. സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയെക്കുറിച്ച് വീണ്ടും വിശദമായി ചർച്ച നടത്തണമെന്ന് പ്രതിപക്ഷം ആഗ്രഹിക്കുന്നതിൽ നമുക്കും സന്തോഷമുണ്ട്. അതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യാമെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ചട്ടം 50 പ്രകാരമുള്ള നോട്ടീസിന്മേൽ ചർച്ചയാകാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അറിയിച്ച സാഹചര്യത്തിൽ ഈ നോട്ടീസ് ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു. കൃത്യം 1.00 മണിക്ക് ചർച്ച ആരംഭിക്കുന്നതാണ്. 2 മണിക്കൂറാണ് ചർച്ചയ്ക്കുള്ള സമയം.

അടുത്തത് ശ്രദ്ധ ക്ഷണിക്കലാണ്. ഇന്ന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള മൂന്ന് ബില്ലുകളും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ഒരു ബില്ലും പരിഗണനയ്ക്കെടുക്കുന്നുണ്ട്. രണ്ട് മണിക്കൂർ അടിയന്തരപ്രമേയ ചർച്ചയ്ക്കായി നീക്കിവയ്ക്കുകയും ചെയ്യുകയാണ്. ആയതിനാൽ ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവയെല്ലാം സമയപരിധി

പാലിച്ച് അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ തയ്യാറാകണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

**III ശ്രദ്ധ ക്ഷണിക്കൽ**

**(1) ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ**

ശ്രീ. ഇ. കെ. വിജയൻ: സർ, നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിന്റെ 27(എ) വകുപ്പുപ്രകാരം ഭൂമി തരം മാറ്റുന്നതിന് ആർ.ഡി.ഒ.-മാർ ഉത്തരവുകൾ പുറപ്പെടുവിച്ചശേഷം റവന്യൂരേഖകളിൽ മാറ്റം വരുത്തുന്നതിന് സർവേയർമാർ ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. ഡിജിറ്റൽ റീ-സർവേ പ്രവർത്തനങ്ങൾ നടത്തേണ്ടതുള്ളതുകൊണ്ടും എൽ.ആർ.എം. (Land Records Maintenance) പരാതികൾ പരിഹരിക്കേണ്ടതുള്ളതുകൊണ്ടും സർവേയർമാർക്ക് സമയബന്ധിതമായി സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കഴിയുന്നില്ല. ഇതുമൂലം വലിയ ഫീസ് ഒടുക്കിയ ശേഷവും ആർ.ഡി.ഒ.-യുടെ ഉത്തരവ് ലഭിച്ചശേഷവും തരംമാറ്റത്തിന്റെ പ്രയോജനം ലഭിക്കാത്ത

സാഹചര്യമാണുള്ളത്. ഇക്കാര്യം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ശ്രീ. ഇ. കെ. വിജയൻ ഉന്നയിച്ചത് വളരെ ഗൗരവമുള്ള വിഷയമാണ്. 27(എ) വകുപ്പ് പ്രകാരം കേരളത്തിൽ നെൽവയൽ തണ്ണീർത്തട നിയമവുമായി ബന്ധപ്പെട്ട് തരംമാറ്റത്തിനുള്ള അപേക്ഷകൾ അതിവേഗം തീർപ്പാക്കാനുള്ള എല്ലാവിധ നടപടിക്രമങ്ങളും പൂർത്തീകരിക്കുമ്പോഴും ആർ.ഡി.ഒ. പാസ്സാക്കിയ അപേക്ഷകളിൽ റവന്യൂരേഖകളിൽ മാറ്റം വരുത്താനുള്ള പ്രശ്നം ഒരു പ്രധാന തടസ്സമായി നിൽക്കുന്നത് ഗൗരവമായി കാണുന്നുണ്ട്. അക്കാര്യം പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിച്ചിട്ടുണ്ട്. അത് സഭയെ അറിയിക്കേണ്ട ഒരു പ്രധാന വിഷയമായതുകൊണ്ട് കുറച്ചുസമയം അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27(എ) വകുപ്പുപ്രകാരം ഭൂമിയുടെ സ്വഭാവവ്യതിയാനം അനുവദിച്ചുകൊണ്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാർ ഉത്തരവ് പുറപ്പെടുവിക്കുന്ന കേസുകളിൽ ടി നിയമത്തിലെ 27(സി)

വകുപ്പുപ്രകാരം ഭൂരേഖകളിൽ മാറ്റംവരുത്തുന്നതിലുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നത് റവന്യൂ വകുപ്പ് ഗൗരവത്തോടുകൂടിയാണ് കണ്ടുവരുന്നത്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ആർ.ഡി.ഒ.-മാർ തരംമാറ്റ ഉത്തരവ് നൽകിക്കഴിഞ്ഞാൽ പുതിയ സബ്ഡിവിഷൻ സൃഷ്ടിക്കുന്നതിനും ഭൂനികുതി നിയമപ്രകാരം ഭൂനികുതി കണക്കാക്കുന്നതിനും തഹസിൽദാർമാർ ആവശ്യമായ പരിശോധന നടത്തി നടപടിക്രമം പുറപ്പെടുവിച്ച് ആയത് വില്ലേജ് ഓഫീസർക്ക് അയച്ചുകൊടുത്ത് റവന്യൂ രേഖകളിൽ മാറ്റം വരുത്തേണ്ടതാണ്. നിയമത്തിലെ 27(സി) പ്രകാരവും ചട്ടം 13 പ്രകാരവുമുള്ള ഈ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസവും അതുമായി ബന്ധപ്പെട്ട വലിയ പ്രയാസങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് 78-ാമത് റവന്യൂ സെക്രട്ടേറിയറ്റ് യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 05-08-2023-ൽ ലാൻഡ് റവന്യൂ കമ്മീഷണറെ പ്രത്യേകം ചുമതലപ്പെടുത്തിക്കൊണ്ട് 2886/2023 എന്ന ഉത്തരവ് പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ

കമ്മീഷണർ ഒരു Standard Operating Procedure 09-09-2023-ന് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവും എസ്.ഒ.പി.-യും പ്രകാരം സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ ആർ.ഡി.ഒ.-യുടെ ഉത്തരവ് താലൂക്ക് ഓഫീസുകളിൽ ലഭ്യമായാലുടൻതന്നെ പ്രത്യേകിച്ച് ഉത്തരവോ നടപടിക്രമമോ തയ്യാറാക്കുന്നത് ഒഴിവാക്കി തരംമാറ്റൽ ഉത്തരവിൽത്തന്നെ ബ്ലോക്ക് നമ്പർ, സർവേ നമ്പർ, തണ്ടപ്പേർ നമ്പർ എന്നിവ സൂചിപ്പിച്ച് പുറത്തെഴുത്ത് നടത്തി ഭൂരേഖാ തഹസിൽദാർമാർ 48 മണിക്കൂറിനുള്ളിൽ വില്ലേജ് ഓഫീസർക്ക് ഭൂരേഖകളിൽ വേണ്ട മാറ്റംവരുത്തുന്നതിനായി അയച്ചു നൽകേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന പുറത്തെഴുത്ത് നിർദ്ദേശത്തിന്മേൽ വില്ലേജ് ഓഫീസർ തുടർനടപടികൾ സ്വീകരിക്കേണ്ടതിലേയ്ക്കായി താലൂക്ക് ഓഫീസിൽ നിന്നും ReLIS പോർട്ടലിൽ ആവശ്യമായ മാറ്റം തത്സമയം വരുത്തേണ്ടതുമാണ്. തുടർന്ന്, വില്ലേജ് ഓഫീസർ ഉടൻതന്നെ ആർ.ഡി.ഒ.യുടെ ഉത്തരവിന്റെയും തഹസിൽദാരുടെ പുറത്തെഴുത്ത് കത്തിന്റെയും നമ്പറും തീയതിയും സപ്ലിമെന്ററി ബി.റ്റി.ആർ.-ൽ രേഖപ്പെടുത്തി 5 പ്രവൃത്തി ദിവസത്തിനുള്ളിൽ കക്ഷി കരമടച്ച്

തീർപ്പാക്കേണ്ടതാണെന്ന നിർദ്ദേശം നൽകിക്കഴിഞ്ഞിരിക്കുകയാണ്. എന്നാൽ, സബ്ഡിവിഷൻ ആവശ്യമുള്ള കേസുകളും വരും. ജലസംരക്ഷണം ആവശ്യമുള്ള കേസുകളിലും സബ്ഡിവിഷൻ ആവശ്യമുള്ള കേസുകളിലും അത്തരം ഭൂമി പ്രത്യേകമായി സബ്ഡിവിഷൻ ചെയ്യണമെന്ന് നിയമവും ചട്ടവും അനുശാസിക്കുന്ന സാഹചര്യത്തിൽ സർവ്വേ നടപടികൾ താൽക്കാലികമായി ഒഴിവാക്കി തരംമാറ്റപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണത്തിനനുസൃതമായി താൽക്കാലിക സബ്ഡിവിഷൻ അനുവദിച്ചും ഭൂനികുതി തിട്ടപ്പെടുത്തിയും തഹസിൽദാർ ഉത്തരവ് പുറപ്പെടുവിച്ച് വില്ലേജ് ഓഫീസർക്ക് കൈമാറണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം നടപടി സ്വീകരിച്ച് ReLIS-ൽ മാറ്റം വരുത്തി നൽകിയശേഷം പിന്നീടുവരുന്ന സർവേ നടപടികളുമായി തങ്ങൾ സഹകരിക്കുമെന്നും സർവേ നടപടികളുടെ ഭാഗമായി തയ്യാറാക്കുന്ന റെക്കാർഡുകൾ സംബന്ധിച്ച ആക്ഷേപം ഉന്നയിക്കുന്നതല്ലായെന്നും ആർ.ഡി.ഒ.-യുടെ സ്വഭാവവ്യതിയാനം അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ ഉൾപ്പെട്ടതുപ്രകാരമുള്ള ഭൂവിസ്തൃതിയിൽ കുറവ് കാണുന്നപക്ഷം ആയത് അംഗീകരിക്കുമെന്നും ഒരു സത്യപ്രസ്താവന

അപേക്ഷകൻ ഹാജരാക്കുന്ന മുറയ്ക്ക് റവന്യൂ രേഖകളിൽ മാറ്റം വരുത്തിയശേഷം നിയമാനുസൃത സർവേ സബ്ഡിവിഷൻ നടത്തിയാൽ നടപടികൾ സ്വീകരിക്കുന്നതിന് ഫയൽ സർവേ വിഭാഗത്തിന് കൈമാറിയാൽ മതിയാകും. മേൽ വിവരിച്ചപ്രകാരം നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ചാൽ തരംമാറ്റൽ ഉത്തരവ് ലഭിച്ചശേഷം രേഖകളിൽ ഇനിയും മാറ്റം വരുത്താനുദ്ദേശിക്കുന്ന അവശേഷിക്കുന്ന 34,714 കേസുകൾ ചുരുങ്ങിയ സമയത്തിനുള്ളിൽ തീർപ്പാക്കി നൽകാനാകും. ലഭിക്കുന്ന അപേക്ഷകൾ 5 ദിവസത്തിനുള്ളിൽ തീർപ്പാക്കി നൽകുക എന്നതാണ് ലക്ഷ്യമിടുന്നത്. ഇപ്പോൾ ആർ.ഡി.ഒ.-മാർ മാത്രം കൈകാര്യം ചെയ്യുന്ന തരംമാറ്റൽ അപേക്ഷകൾ നിയമഭേദഗതിയിലൂടെ കൂടുതൽ ഉദ്യോഗസ്ഥർക്ക് ചുമതല നൽകി തീർപ്പാക്കാനുള്ള സമഗ്ര പദ്ധതി സഭയുടെ മുമ്പാകെ ചർച്ചയ്ക്ക് വരികയാണ്. ആവശ്യമായ രേഖകളിൽ മാറ്റം വരുത്തി അപേക്ഷ മേൽപ്പറഞ്ഞ നടപടികളിലൂടെ ലഘൂകരിക്കാൻ കഴിയും. അഞ്ച് ദിവസത്തിനുള്ളിൽ ഈ നടപടികൾ ഓരോ കേസിലും പ്രത്യേകമായി

പൂർത്തീകരിക്കാൻ കഴിയുമെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തെ ഈ ഘട്ടത്തിൽ അറിയിക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, തരംമാറ്റൽ പ്രക്രിയ ലളിതമാക്കാനുള്ള അങ്ങയുടെ ശ്രമത്തിന് എല്ലാവിധ അഭിനന്ദനങ്ങളും നേരുകയാണ്. ഇനിയും തീർപ്പാക്കാനവശേഷിക്കുന്ന തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. രാജൻ: സർ, അതിനുവേണ്ടി ഒരു പ്രത്യേക എസ്.ഒ.പി. തയ്യാറാക്കിയിട്ടുണ്ട്. തരംമാറ്റൽ അപേക്ഷകളിൽ അതിവേഗ നടപടി സ്വീകരിക്കും. ഇന്ന് സഭയുടെ മുമ്പാകെ ഇതുമായി ബന്ധപ്പെട്ട് ഒരു ബിൽ വരുന്നതുകൊണ്ട് മറ്റ് വിശദാംശങ്ങൾ ആ ഘട്ടത്തിൽ അറിയിക്കാവുന്നതാണ്. ഇക്കാര്യത്തിൽ അതിവേഗം നടപടി സ്വീകരിക്കുന്നതാണ്.

(2) <u>വാഹന നിർമ്മാണവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, സംസ്ഥാനത്ത് വാഹനങ്ങൾക്ക് തീപിടിക്കുന്ന സന്ദർഭങ്ങൾ ആവർത്തിക്കുന്നത് ഗൗരവമായി കാണേണ്ട വിഷയമാണ്. കഴിഞ്ഞ രണ്ടുമാസത്തിനിടയ്ക്ക് അത്തരത്തിലുള്ള അനവധി റിപ്പോർട്ടുകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇത് സ്വാഭാവികമായും വാഹന ഉടമകൾക്കടക്കം വലിയ ഭീതി ഉളവാക്കിയിട്ടുണ്ട്. കഴിഞ്ഞ മാസം മാവേലിക്കര കണ്ടിയൂരിൽ കാറിന് തീപിടിച്ച് യുവാവ് മരിച്ച സംഭവം, കോട്ടയം വാകത്താനത്തെ അപകടം, കണ്ണൂരിൽ ഓടിക്കൊണ്ടിരുന്ന കാറിന് തീപിടിച്ച് ഗർഭിണിയടക്കം രണ്ടുപേർ മരണപ്പെട്ട സംഭവം എന്നിങ്ങനെ നിരവധി അപകടങ്ങളാണുണ്ടായത്. കാറുകൾക്ക് തീപിടിക്കുന്ന സാഹചര്യമാണ് കൂടുതലായി കണ്ടുവരുന്നത്. അതോടൊപ്പം ലോറികളിൽ തീപിടിച്ച സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. ഇരുചക്രവാഹനങ്ങൾ നിന്നുകത്തുന്ന അവസരങ്ങളുണ്ടാകുന്നു. ഇത് വർദ്ധിച്ചുവരുന്ന സാഹചര്യം കേരളത്തിൽ ഉടലെടുത്തിട്ടുണ്ട്. ഈ അപകടങ്ങൾ ഉണ്ടാകാനുള്ള സാഹചര്യം എന്തുകൊണ്ടാണെന്നത് സംബന്ധിച്ചുള്ള പരിശോധന അനിവാര്യമാണ്.

ഗതാഗത വകുപ്പ് ഇതുമായി ബന്ധപ്പെട്ട് ഒരു സമിതിയെ നിയോഗിച്ചുവെന്ന് വാർത്തകളിൽ വായിക്കാനിടയായി. ഇലക്ട്രിക്കൽ/മെക്കാനിക്കൽ മോഡിഫിക്കേഷനുകളാണ് ഇതിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്. ഇതിൽ മറ്റ് നിരവധി കാരണങ്ങളുണ്ടെങ്കിലും ഞാൻ അതൊന്നും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. പ്രത്യേകതരം വണ്ടുകൾ വാഹനങ്ങളുടെ ഫ്യൂവൽ പൈപ്പുകളിൽ കടിച്ച് ദ്വാരമുണ്ടാക്കുന്നതുമൂലം ഇന്ധനം ചോർന്നുണ്ടാക്കുന്ന അപകടങ്ങൾ, കാർ പെർഫ്യൂംസ്മൂലമുണ്ടാകുന്ന അപകടങ്ങൾ തുടങ്ങി പല രീതിയിലുള്ള വാർത്തകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇതെല്ലാം ഊഹാപോഹങ്ങൾ മാത്രമാണ്. ഇത്തരം വിഷയങ്ങളുണ്ടാകുന്നത് എന്തുകൊണ്ടാണെന്നത് സംബന്ധിച്ചുള്ള ആധികാരിക പഠനം അനിവാര്യമാണ്. ഇലക്ട്രിക് വാഹനങ്ങൾ ആദ്യം ഇറക്കിയ സമയത്ത് ചില വാഹനങ്ങളിലെ ഡിസൈനിൽ പ്രശ്നങ്ങളുണ്ടെന്ന് മനസ്സിലാക്കുകയും വാഹനങ്ങൾ തിരികെ വാങ്ങിയ സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. മോഡിഫിക്കേഷൻ, മാനുഫാക്ചറിംഗ് ഡിഫക്ട് എന്നിവകൊണ്ടാണോ ഇത്തരത്തിലുള്ള അപകടങ്ങൾ

ആവർത്തിക്കുന്നതെന്നത് സംബന്ധിച്ചുള്ള വ്യക്തമായ പഠനവും അതിനനുസൃതമായ നടപടികളുമാണ് വേണ്ടത്. വാഹനങ്ങൾ മോഡിഫിക്കേഷൻ നടത്തുന്ന വർക്ക്ഷോപ്പുകൾക്കെതിരെ നടപടിയെടുക്കുമെന്ന് മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അനധികൃതമായും ലൈസൻസ് ഇല്ലാതെയും പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുണ്ടെങ്കിൽ നടപടിയെടുക്കുകതന്നെ വേണം. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്നത് സംബന്ധിച്ച് കൃത്യവും വ്യക്തവുമായ പരിശോധനയും അതിനനുസൃതമായ നടപടികളുമുണ്ടാകണം. അല്ലാതെ അനുമാനത്തിലൂടെ പരിശോധനയിലേയ്ക്ക് പോകാൻ സാധിക്കില്ല. കാർ പെർഫ്യൂം അപകടത്തിന് കാരണമാണെന്ന് പരാമർശിക്കുന്നുണ്ട്. പക്ഷെ, കാർ പെർഫ്യൂം ഇപ്പോഴും വിപണിയിൽ സുലഭമാണ്. ഇങ്ങനെയുള്ള ഊഹാപോഹങ്ങളും ഉണ്ടാകുന്നു. വ്യക്തമായ കാരണം കണ്ടെത്താൻ സാധിക്കാത്തത് ഗൗരവമായ വിഷയമാണ്. അപകടമുണ്ടായാൽ എങ്ങനെ നേരിടാൻ സാധിക്കുമെന്നതാണ് മറ്റൊരു വിഷയം. ഓയിൽ ലീക്കേജ് ഉണ്ടാകുമ്പോൾ ഫയർ ഫോഴ്സ് ഫോം കോമ്പൗണ്ടാണ് ഇപ്പോൾ

ഉപയോഗിക്കുന്നത്. കൺവെൻഷണൽ രീതിയിൽ വെള്ളം ഉപയോഗിച്ചാണ് തീ അണയ്ക്കാൻ ശ്രമിക്കുന്നത്. ഇലക്ട്രിക്കൽ വാഹനങ്ങളിൽ തീ അണയ്ക്കാൻ ഡ്രൈ കെമിക്കൽ പൗഡറാണ് സാധാരണയായി ഉപയോഗിക്കേണ്ടത്. ഡ്രൈ കെമിക്കൽ പൗഡർ നഗരകേന്ദ്രങ്ങളിലെ പ്രധാന ഫയർ സ്റ്റേഷനുകളിൽ മാത്രമേ ലഭ്യമാകുകയുള്ളൂ. അല്ലാത്ത സ്ഥലങ്ങളിൽ ഡി.സി.പി. ഉൾപ്പെടെയുള്ള സാധനങ്ങൾ ലഭ്യമല്ല. ഇങ്ങനെയുള്ള സന്ദർഭങ്ങൾ വർദ്ധിച്ചുവരുന്നതുകൊണ്ട് മുൻകരുതലുകൾ സ്വീകരിക്കാനും അപകടം ഒഴിവാക്കാനുമുള്ള നടപടികളും അതിനനുസൃതമായി ഫയർ ഫോഴ്സ് സേനയെ എക്വിപ് ചെയ്യാനുമുള്ള നടപടികളും സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. വാഹനങ്ങളുടെ എണ്ണം കൂടുതലുള്ള സംസ്ഥാനമാണ് കേരളം. ഒരു വാഹനം പോലുമില്ലാത്ത വീട് കേരളത്തിലില്ലെന്ന് നമുക്കെല്ലാം അറിയാം. അതുകൊണ്ട് ഈ വിഷയം എല്ലാ വാഹന ഉടമകളെയും

ആശങ്കപ്പെടുത്തുന്നതാണ്. വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുമ്പോഴും അല്ലെങ്കിൽ ഓട്ടത്തിനിടയിൽ നിർത്തിയിടുമ്പോഴും തീ പിടിച്ച് അപകടങ്ങൾ ഉണ്ടാകുന്ന സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇതിന്റെ യഥാർത്ഥ കാരണം കണ്ടെത്തി ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗതാഗത മേഖലയിലെ സാങ്കേതിക വിദഗ്ദ്ധരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും വാഹനനിർമ്മാതാക്കളുടെയും ഇൻഷ്വറൻസ് പ്രതിനിധികളുടെയും ഡീലർമാരുടെയും അടിയന്തര യോഗം വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ 17-08-2023-ന് വിളിച്ചുചേർത്ത് ഗൗരവമായി ഈ വിഷയം വിലയിരുത്തുകയുമുണ്ടായി. മനുഷ്യനിർമ്മിതമായ കാരണങ്ങളാലും യന്ത്രത്തകരാറുമൂലവും ഇലക്ട്രിക് സർക്യൂട്ടിന്റെ പ്രശ്നങ്ങളുംമൂലമാണ് വാഹനങ്ങൾക്ക് തീപിടിത്തമുണ്ടാകുന്നതെന്ന് പ്രസ്തുത യോഗത്തിൽ വിലയിരുത്തിയിട്ടുണ്ട്. ലൈറ്റ് മോട്ടോർ വാഹനങ്ങൾക്കാണ് ഇത്തരത്തിലുള്ള തീപിടിത്തങ്ങൾ കൂടുതലായി ഉണ്ടാകുന്നത്. ലോ വേരിയന്റ് വാഹനങ്ങളെ ഹൈ വേരിയന്റാക്കാൻ ഓട്ടോമൊബൈൽ സ്റ്റാൻഡേർഡ് അനുസരിച്ചുള്ളതല്ലാത്ത ഫ്യൂസും വയറിങ്ങും അനുബന്ധ

ഉപകരണങ്ങളും ഉപയോഗിച്ച് കൂടുതൽ ഫിറ്റിംഗ്സുകൾ ഘടിപ്പിച്ച് നിയമവിരുദ്ധമായി അൾട്ടറേഷൻ നടത്തുന്നത് തീപിടിത്തത്തിനുള്ള പ്രധാനകാരണമായി വിലയിരുത്തിയിട്ടുണ്ട്. ഇത്തരം അനധികൃത ആൾട്ടറേഷനുകൾ നിരുത്സാഹപ്പെടുത്തണമെന്നും അവ നടത്തുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കേണ്ടതുണ്ടെന്നും യോഗം വിലയിരുത്തി. വാഹനത്തിന്റെ എഞ്ചിനെയും ടാങ്കിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഫ്യൂവൽ ലൈനിലെ റബ്ബർ ഹോസിൽ പല കാരണങ്ങളാൽ ദ്വാരങ്ങളുണ്ടാകാറുണ്ട്. ഉദാഹരണമായി, മലയോര മേഖലകളിൽ പ്രത്യേകതരം വണ്ട് ഇത്തരത്തിലുള്ള റബ്ബർ ഹോസ് തുരക്കാറുണ്ട്. റബ്ബർ ഹോസിലെ സുഷിരത്തിലൂടെയുണ്ടാകുന്ന ഇന്ധനചോർച്ചയും തീപിടിത്തത്തിന് കാരണമാകുന്നതായി മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. വാഹനങ്ങളിൽ ആൾട്ടറേഷൻസ് നടത്തുന്ന സ്ഥാപനങ്ങൾ അത്തരം ആൾട്ടറേഷനുകൾ സുരക്ഷിതമാണെന്നും മാനദണ്ഡങ്ങൾക്ക് വിധേയമാണെന്നും ആയതിൽ സംഭവിക്കുന്ന വീഴ്ചകൾക്ക് സ്ഥാപനം ഉത്തരവാദിയാണെന്നുമുള്ള സാക്ഷ്യപത്രം വാഹന ഉടമകൾക്ക്

നൽകണമെന്ന നിബന്ധനയുണ്ടാക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുകയാണ്. ഇത്തരം പ്രവൃത്തികളുടെ അപകടസാധ്യതകളെ സംബന്ധിച്ച് വാഹനം വാങ്ങുന്നവരെ ബോധവൽക്കരിക്കാൻ ഡീലർമാർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു. യാത്രാവേളയിലും നിർത്തിയിടുമ്പോഴും വാഹനങ്ങൾ അഗ്നിക്കിരയാകുന്ന സാഹചര്യം സർക്കാർ ഗൗരവത്തോടെ പരിശോധിക്കുകയും ഇത്തരം അപകടങ്ങൾ ഉണ്ടാകാൻ ഇടയാക്കുന്ന യഥാർത്ഥ കാരണം സംബന്ധിച്ച് പഠനം നടത്തി രണ്ടുമാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ റോഡ് സുരക്ഷാ കമ്മീഷണറുടെ നേതൃത്വത്തിൽ ട്രാഫിക് പോലീസ് ഐ.ജി., ഫോറൻസിക് വിഭാഗം മുൻ ജോയിന്റ് ഡയറക്ടർ ഡോ. സുനിൽ എസ്. പി., സാങ്കേതിക വിദഗ്ധൻ ശ്രീ. രമേശ് കെ. ജെ., എസ്.സി.എം.എസ്. കോളേജ് പ്രൊഫസർ ഡോ. മനോജ് കുമാർ, ശ്രീചിത്ര തിരുനാൾ എഞ്ചിനീയറിംഗ് കോളേജ് ഓട്ടോമൊബൈൽ വിഭാഗം പ്രൊഫസർ ഡോ. കമൽ കൃഷ്ണ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവർ അംഗങ്ങളായ ഒരു സമിതി രൂപീകരിച്ച് 28-8-2023-ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

സമിതിയുടെ ആദ്യയോഗം 18-09-2023-ന് നടക്കുകയാണ്. പ്രസ്തുത സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് വാഹന ഉപഭോക്താക്കളുടെയും ജനങ്ങളുടെയും സുരക്ഷിതത്വത്തിനുവേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, സമിതിയുടെ പരിശോധന ഉണ്ടാകുമ്പോൾ ഏതുതരത്തിലുള്ള വാഹനങ്ങളാണ് തീപിടിക്കാൻ കാരണമാകുന്നത് എന്നത് സംബന്ധിച്ചുള്ള ആധികാരിക റിപ്പോർട്ടാണ് അനിവാര്യം. ആദ്യം ഞാൻ സൂചിപ്പിച്ചതുപോലെ ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ സാധിക്കില്ല. ഡീസൽ, പെട്രോൾ, എൽ.പി.ജി., ബാറ്ററി ഓപ്പറേറ്ററിംഗ് വാഹനങ്ങൾ എന്നിവയിൽ ഏതാണ് ഇത്തരത്തിൽ കൂടുതൽ അപകടങ്ങൾക്ക് വിധേയമാകുന്നത് എന്നത് സംബന്ധിച്ചുള്ള പഠനം നടത്തേണ്ടത് അനിവാര്യമാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു വിഷയം സൂചിപ്പിക്കാനുള്ളത്, സ്കൂളുകൾ/കോളേജുകളിൽ നിന്ന് വിനോദയാത്ര പോകുന്ന വാഹനങ്ങൾക്ക് രാത്രിയാത്രകൾ ഒഴിവാക്കിയിരിക്കുന്നുവെന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി

നൽകിയിരിക്കുന്ന മറുപടി. അത്തരമൊരു ഉത്തരവ് ഗതാഗത വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, സംസ്ഥാനത്ത് ലൈറ്റ് മോട്ടോർ വാഹനങ്ങൾക്കാണ് കൂടുതലായി തീപിടിത്തം ഉണ്ടാകുന്നത്. അതിന് ഡീസൽ വാഹനങ്ങളെന്നോ പെട്രോൾ വാഹനങ്ങളെന്നോ ഇലക്ട്രിക് വാഹനങ്ങളെന്നോ വ്യത്യാസമില്ല. ടൂറിസ്റ്റ് ബസ്സുകൾ രാത്രിയാത്ര നടത്തുന്നത് സംബന്ധിച്ച് ഗതാഗത വകുപ്പ് ഇതുവരെ ഉത്തരവിറക്കിയിട്ടില്ല.

**IV സബ്മിഷൻ**

(1) നിപ വൈറസിനെതിരെ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നിപ വൈറസ് ബാധയെ സംബന്ധിച്ച് ചില കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചോദ്യോത്തര വേളയിൽ മറുപടി നൽകുകയുണ്ടായി. ഞാൻ ഇതുസംബന്ധിച്ച് ചുരുക്കിപ്പറയാം. അപകടകരമായ രീതിയിൽ നിപ വൈറസ് വീണ്ടും വന്നിരിക്കുന്ന

സാഹചര്യത്തിൽ ചില അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി രോഗം സ്ഥിരീകരിച്ചിട്ടും കേരളത്തിൽ സ്ഥിരീകരിക്കാൻ സാധിച്ചിട്ടില്ല. സാമ്പിൾ പൂനെയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് അയച്ചിരിക്കുകയാണ്. സംസ്ഥാനത്തെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകളെ അപ്ഗ്രേഡ് ചെയ്യേണ്ടതാണ്. നിപ പോലുള്ള രോഗം എപ്പോൾ വേണമെങ്കിലും വരാൻ സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. ലോകത്തിൽ ആകെ എഴുന്നൂറോളം പേർക്ക് മാത്രമാണ് ഈ രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. കേരളത്തിൽ ഈ രോഗംമൂലം നിരവധിയാളുകൾ മരണപ്പെടുകയുണ്ടായി. ആയതിനാൽ സംസ്ഥാനത്തുതന്നെ പരിശോധന നടത്താനുള്ള അടിയന്തര സംവിധാനം ഏർപ്പെടുത്തണം. നേരത്തെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ നിപ രോഗത്തിന്റെ ചികിത്സയ്ക്കാവശ്യമായ പ്രോട്ടോക്കോൾ നിലവിലുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. നിലവിലുള്ള പ്രോട്ടോക്കോളിനെ സംബന്ധിച്ച് ആരോഗ്യ പ്രവർത്തകരുടെ ഇടയിൽ വ്യാപകമായ പരാതിയുണ്ട്. അതുകൊണ്ട് വിശദമായ ചർച്ചകൾക്കുശേഷം

ഒരു സംവിധാനം ഏർപ്പെടുത്തി നിപയെ നേരിടാൻ പുതിയ ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മാത്രമല്ല, എല്ലാ സ്ഥലങ്ങളിലും ഇതിനുവേണ്ട മരുന്നുകളും പ്രത്യേക ഐസൊലേഷൻ സംവിധാനവും ഏർപ്പെടുത്താൻ ശ്രമിക്കണം. നിപ റിപ്പോർട്ട് ചെയ്ത കോഴിക്കോട് തിരുവള്ളൂർ പഞ്ചായത്തിൽ ആവശ്യമായ പ്രിവെന്റീവ് മെഷേഴ്സ് സ്വീകരിക്കുകയോ കോൺടാക്ട് ലിസ്റ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ലെന്ന് പഞ്ചായത്തിൽ നിന്നുതന്നെ പരാതി ഉയർന്നിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർ കൃത്യമായി പോകുകയും കോൺടാക്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യണം. നേരത്തെ സൂചിപ്പിച്ചതുപോലെ 70 ശതമാനം മോർട്ടാലിറ്റി സാധ്യതയുള്ള ഒരു അസുഖമാണിത്. അസുഖം റിപ്പോർട്ട് ചെയ്താൽ പെട്ടെന്ന് കോൺടാക്ട് ലിസ്റ്റ് തയ്യാറാക്കുക എന്നതാണ് ആദ്യത്തെ നടപടി. അതിപ്പോൾ കോഴിക്കോട് ഫലപ്രദമായി ചെയ്തിട്ടില്ലെന്നുള്ള പരാതിയുണ്ട്. നിപ രോഗം കൈകാര്യം ചെയ്യുന്നതിൽ ആരോഗ്യ പ്രവർത്തകർക്ക് കാര്യമായ പരിശീലനം നൽകിയിട്ടില്ല എന്നതാണ് മറ്റൊരു വിഷയം. വളരെക്കുറച്ച് ആളുകൾക്കുമാത്രമേ ഇതിനെക്കുറിച്ച് അറിയുകയുള്ളൂ. ഇത് പെട്ടെന്ന്

വ്യാപിച്ചാലുള്ള ബുദ്ധിമുട്ടുകൾ മുൻകൂട്ടി അറിഞ്ഞ് കൂടുതൽ ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനമുണ്ടാകണം. മാത്രമല്ല, കോവിഡിനെ സംബന്ധിച്ചായാലും നിപയെ സംബന്ധിച്ചായാലും ഒരു ഡാറ്റയും ശേഖരിക്കുന്നില്ലായെന്നതാണ് പ്രധാന പ്രശ്നം. ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുമ്പോഴും ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുമ്പോഴും ഈ രോഗം ഭാവിയിൽ വരാനുള്ള സാധ്യതകൾകൂടി പരിഗണിച്ചുകൊണ്ടുള്ള കൃത്യമായ ഡാറ്റ ശേഖരിക്കുകയും അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണം. ഒരു വിഷയം ഉണ്ടാകുമ്പോൾ അത് ഭാവിയിൽ വരാനുള്ള സാധ്യതകൂടി മുന്നിൽകണ്ടുകൊണ്ടുള്ള നടപടി സ്വീകരിക്കണം. ഇത്തരം കാര്യങ്ങളിൽ ആരോഗ്യ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വീണ്ടുമൊരു നിപ ഔട്ട്ബ്രേക്ക് സംസ്ഥാനത്തുണ്ടായിരിക്കുകയാണ്. സാധ്യമായ എല്ലാ പ്രവർത്തനങ്ങളും

നടത്തി ഈ സാഹചര്യത്തെ നേരിടുന്നതിനുവേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്. കേരളം ഒറ്റക്കെട്ടായിനിന്ന് ഈയൊരു സാഹചര്യത്തെ നേരിടണമെന്നാണ് പ്രതിപക്ഷാംഗങ്ങളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അനാവശ്യവിവാദത്തിന് ഇവിടെ യാതൊരു പ്രസക്തിയുമില്ല. കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി സ്ഥിരീകരിച്ചിട്ടും കേരളത്തിന് സ്ഥിരീകരിക്കാൻ കഴിഞ്ഞില്ലെന്ന് പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന് നമ്മുടെ കൈവശമുള്ള എല്ലാ ഡോക്യുമെന്റ്സും നൽകാൻ കഴിയും. സംസ്ഥാനത്ത് സർക്കാർ സംവിധാനത്തിൽ നിപ വൈറസ് സ്ഥിരീകരിക്കാൻ കഴിയുന്ന രണ്ട് ലാബുകളുണ്ടെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. 2021 സെപ്റ്റംബർ മാസം മുതൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ബി.എസ്. (ബയോ സേഫ്റ്റി) ലെവൽ -2 സൗകര്യം നമുക്കുണ്ട്. ഇവിടെ നിപ വൈറസ് സ്ഥിരീകരണത്തിനുള്ള സംവിധാനമുണ്ട്. കൂടാതെ 2021 ഫെബ്രുവരി മാസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത തോന്നയ്ക്കലിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലും നിപ വൈറസ് ബാധ

സ്ഥിരീകരിക്കാൻ സാധിക്കും. ഈ മാസം 11-ാം തീയതി രാവിലെയാണ് ആരോഗ്യ വകുപ്പിന് ഒരു ഇൻഫർമേഷൻ ലഭിക്കുന്നത്. ആ ഇൻഫർമേഷൻ ഇപ്രകാരമായിരുന്നു, പ്രൈവറ്റ് ഹോസ്പിറ്റലിൽ ഒരു അസ്വാഭാവിക പനി മരണം ഉണ്ടായി. പ്രസ്തുത മരണം ഹോസ്പിറ്റൽ അധികൃതർ സസ്പെക്റ്റ് ചെയ്യാതിരുന്നത് അദ്ദേഹം ലിവർ സിറോസിസ് ഉൾപ്പെടെ മറ്റ് രോഗങ്ങളുള്ള വ്യക്തിയായിരുന്നതിനാലാണ്. പക്ഷെ, അദ്ദേഹത്തിന്റെ മകൻ ഉൾപ്പെടെ അടുത്ത ബന്ധുക്കൾക്കും പനി ബാധിക്കുകയും മകൻ വെന്റിലേറ്ററിൽ ആകുകയും ചെയ്ത സാഹചര്യമുണ്ടെന്ന് കണ്ടെത്തിയ ഉടൻതന്നെ ആരോഗ്യ വകുപ്പ് അവിടെ ഫീൽഡ് സർവൈലൻസ് ആരംഭിക്കുകയും വസ്തുതകൾ ശേഖരിക്കുകയും കേസ് സ്റ്റഡി നടത്തുകയും ചെയ്തു. തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജിലെ ലാബിൽ പരിശോധിച്ചു. ഫലം പോസിറ്റീവാണെന്നുള്ളത് 11-ാം തീയതി രാത്രി വൈകി സ്ഥിരീകരിച്ചുവെങ്കിലും അത് ഡിക്ലയർ ചെയ്യാൻ നമുക്ക് കഴിയില്ല. എൻ.ഐ.വി. പൂനെയ്ക്കാണ് അതിന്റെ ഡിക്ലറേഷൻ സാധ്യമാകുന്നത്. ഈ സാമ്പിളുകൾ മിനിഞ്ഞാന്ന് രാത്രിതന്നെ വിമാനമാർഗ്ഗം എൻ.ഐ.വി.

പൂനെയിലേയ്ക്ക് അയയ്ക്കുകയും ഇന്നലെ ഉച്ചയ്ക്ക് ഏകദേശം രണ്ട് മണിയോടെ പൂനെയിൽ സാമ്പിളുകൾ എത്തുകയുമുണ്ടായി. നാല് മുതൽ ആറ് മണിക്കൂറുകളാണ് ഈ സാമ്പിളുകൾ പ്രോസസ്സ് ചെയ്യുന്നതിന് ആവശ്യമായി വരുന്നത്. ബഹുമാന്യനായ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ഇങ്ങനെയൊരു കാര്യം ടെലിവിഷൻ ചാനലുകളിലൂടെ അറിയിച്ചത് കണ്ടപ്പോൾത്തന്നെ ഞാൻ എൻ.ഐ.വി. പൂനെയിലെ ബന്ധപ്പെട്ടവരുമായി കോൺടാക്ട് ചെയ്തിരുന്നു. എൻ.ഐ.വി. പൂനെയിൽനിന്നും നമുക്ക് ലഭിച്ച സന്ദേശം 'The samples are under process, എന്നാണ്. 8.30-ഓടുകൂടി ഫലം ലഭിക്കുമെന്നുള്ള അറിയിപ്പ് വീണ്ടും ലഭിച്ചു. മെയിൽ മുഖാന്തിരം ഹെൽത്ത് സർവ്വീസസ് ഡയറക്ടർക്കും വാട്ട്സ്ആപ്പിലൂടെ എനിക്കും ഔദ്യോഗിക വിവരം ലഭിച്ചത് രാത്രി 8.50-നുശേഷമാണ്. മിനിഞ്ഞാന്ന് മരിച്ച 40 വയസ്സുള്ള ചെറുപ്പക്കാരന് നിപ പോസിറ്റീവാണ്. ആദ്യം മരിച്ച വ്യക്തിയുടെ 9 വയസ്സുള്ള മകനും ഭാര്യാസഹോദരനും പോസിറ്റീവാണ് എന്നതാണ് അവിടെനിന്നും ലഭിച്ച വിവരം. 9 വയസ്സുള്ള മകൻ ഇപ്പോൾ വെന്റിലേറ്ററിലാണ്. നിപ രോഗബാധ നേരിടാൻ സംസ്ഥാന സർക്കാർ

യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടെത്തന്നെ ഈ പരിശോധനകൾ നടത്താനും സ്ഥിരീകരിക്കാനും നമുക്ക് സാധിക്കും. സാങ്കേതികമായ ഡിക്ലറേഷനുവേണ്ടി മാത്രമാണ് എൻ.ഐ.വി., പൂനെയിലേയ്ക്ക് അയച്ചത്. എൻ.ഐ.വി.-യോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവരുടെ മൂന്ന് സംഘങ്ങളെ അയയ്ക്കുന്നുണ്ട്. വവ്വാലുകളുടെ സർവ്വേയ്ക്കുവേണ്ടി അവർ ഒരു സംഘത്തെ അയയ്ക്കുന്നുണ്ട്. അവർ ഉച്ചകഴിഞ്ഞ് എത്തുമെന്നാണ് കരുതുന്നത്. അതുകൂടാതെ സാമ്പിൾ പൂനെയിലേയ്ക്ക് അയച്ച് പരിശോധിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ അവരുടെ ഒരു മൊബൈൽ സംഘം ഇന്ന് വൈകുന്നേരം എത്തും. മാത്രമല്ല എപ്പിഡമോളജിക്കൽ സർവ്വേയ്ക്കും അസസ്മെന്റിനുംവേണ്ടി ചെന്നൈയിൽ നിന്നുള്ള ടീംകൂടി ഇന്നെത്തുന്നുണ്ട്. സംസ്ഥാനത്ത് തോന്നയ്ക്കലിലും കോഴിക്കോട് മെഡിക്കൽ കോളേജിലും നിപ പരിശോധനയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എൻ.ഐ.വി. ആലപ്പുഴയിൽ പരിശോധിക്കാമെങ്കിലും അവർക്കും ഡിക്ലറേഷനുള്ള അധികാരമില്ല. ഡിക്ലറേഷനുവേണ്ടി എൻ.ഐ.വി. പൂനെയിലേയ്ക്ക് അയയ്ക്കണം.

തോന്നയ്ക്കലിലും കോഴിക്കോട് മെഡിക്കൽ കോളേജിലും ഡിക്ലറേഷൻ സാധ്യമാക്കുന്നതിനുള്ള അനുമതികൾക്കായി ശ്രമിക്കുന്നുണ്ട്. അതുകൂടി നമുക്ക് നേടിയെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചികിത്സാ പ്രോട്ടോക്കോൾ സംബന്ധിച്ച കാര്യമാണ് രണ്ടാമതായി പരാമർശിച്ചത്. 2018-ൽ നിപ ഔട്ട്ബ്രേക്ക് ഉണ്ടായപ്പോൾ ആരോഗ്യ വകുപ്പ് ഒരു പ്രോട്ടോക്കോൾ പുറത്തിറക്കിയിരുന്നു. 2021-ൽ അത് പരിഷ്കരിച്ചിട്ടുണ്ട്. ആ പ്രോട്ടോക്കോൾ അനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ഡോക്ടർമാരുടെ വിദഗ്ധ സംഘമാണ് ഈ പ്രോട്ടോക്കോൾ നിശ്ചയിച്ചിട്ടുള്ളത്. ആ പ്രോട്ടോക്കോളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ ആവശ്യമാണെങ്കിൽ ഉറപ്പായും അത്തരത്തിലുള്ള മാറ്റങ്ങൾ ഉൾപ്പെടുത്താം. പക്ഷെ, ചികിത്സ സംബന്ധിച്ച് നിലവിൽ മറിച്ചൊരഭിപ്രായം ഉണ്ടായിട്ടില്ല.

മി. സ്പീക്കർ: മറുപടിയുടെ ബാക്കി ഭാഗം മേശപ്പുറത്ത് വച്ചാൽ മതി.

ശ്രീമതി വീണാ ജോർജ്: സർ, 323 പേരാണ് ഇപ്പോൾ സമ്പർക്ക പട്ടികയിലുള്ളത്. അതിന്റെ വിശദാംശങ്ങളുണ്ട്. ഒരുകാര്യംകൂടി ഇവിടെ സൂചിപ്പിക്കാനുണ്ട്.

മി. സ്പീക്കർ: രാവിലെ കുറെ കാര്യങ്ങൾ ഫ്ലോറിൽ പറഞ്ഞതാണ്.

ശ്രീമതി വീണാ ജോർജ്: സർ, ചികിത്സയും പ്രതിരോധവും മാത്രമാണ് നടത്തുന്നതെന്ന് ഇവിടെ സൂചിപ്പിച്ചു. എന്നാൽ അങ്ങനെയല്ല. ഈ കാലഘട്ടത്തിൽ ചെയ്ത പ്രവർത്തനങ്ങളുടെ പോയിന്റുകൾ മാത്രം പരാമർശിക്കാം. മസ്തിഷ്ക ജ്വരം അതായത് Acute Encephalitis Syndrome (AES) ഉൾപ്പെടെയുള്ളയാൾ, അത് ഏത് വ്യക്തിയുമാകട്ടെ, ഏത് ഘട്ടത്തിൽ വന്നാലും സർവൈലൻസ് സ്ക്രീനിംഗ്തണ്‍ ചെയ്യുന്നതിന് പ്രൈവറ്റ് മേഖലയിൽ ഉൾപ്പെടെ അതിനൊരു പ്രോട്ടോക്കോളും ഗൈഡ്‌ലൈനും നിശ്ചയിച്ച് ഗവൺമെന്റ് ഓർഡർ ഇറക്കിയിട്ടുണ്ട്. അതോടൊപ്പം പൂനെയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുമായി സഹകരിച്ച് പോയിന്റ് ഓഫ് കെയർ ടെസ്റ്റിംഗ് കോഴിക്കോട് മെഡിക്കൽ കോളേജിൽ എസ്റ്റാബ്ലിഷ് ചെയ്തു. ഈ കാലഘട്ടത്തിൽ ആയിരക്കണക്കിന് സാമ്പിളുകളാണ് കോഴിക്കോട്

മെഡിക്കൽ കോളേജിൽ പരിശോധിച്ചിട്ടുള്ളത്. ഡയഗനോസ്റ്റിക് നെറ്റ്വർക്ക് എൻ.ഐ.വി. പൂനെയുമായി എസ്റ്റാബ്ലിഷ് ചെയ്തിട്ടുണ്ട്. എല്ലാ ആരോഗ്യ വിദഗ്ദ്ധരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള സ്റ്റേറ്റ് ലെവൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. അതിൽ ആരോഗ്യം, വനം-വന്യജീവി, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തിരുന്നു. കൂടാതെ ഒരു ബുക്ക്ലെറ്റും ഇറക്കിയിട്ടുണ്ട്. കാലാകാലങ്ങളിൽ പൊതുജനങ്ങൾക്ക് നൽകേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. അതുകൂടാതെ നിപ ഔട്ട്ബ്രേക്ക് നിരീക്ഷിക്കാൻ കഴിഞ്ഞ ഒന്നര വർഷത്തിനുള്ളിൽ ഒരു സി.ഡി.എം.എസ്. പോർട്ടൽ ഇ-ഹെൽത്ത് രൂപീകരിച്ചിട്ടുണ്ട്. അതോടൊപ്പം സോഷ്യൽ അവെയർനസും നടത്തുന്നുണ്ട്. കൂടാതെ ഏകാരോഗ്യത്തെ അടിസ്ഥാനമാക്കി ആശയപ്രചാരണവും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസ്ഥാനത്തുള്ള പരിശോധനാ സംവിധാനത്തെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. സംസ്ഥാനത്തെ

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എല്ലാ പരിശോധനയും നടത്താൻ സജ്ജമാണെന്ന് ഇന്ന് ഒരു ദിനപത്രംതന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ എന്തുകൊണ്ട് അവിടേയ്ക്ക് അയച്ചില്ല എന്നതൊരു പ്രശ്നമാണ്. അക്കാര്യം പരിശോധിക്കാം. നമ്മുടെ സംസ്ഥാനത്ത് ദേശീയതലത്തിൽ അംഗീകാരം നേടാൻ കഴിയുന്ന ഒരു സ്ഥാപനമായിട്ടാണിത് വളർന്നുവരുന്നത്. എല്ലാ കഴിവുകളും ഇപ്പോൾ അവർ ആർജ്ജിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനിയും കൂടുതൽ ഉയരേണ്ടതായിട്ടുണ്ട്. ശക്തമായ രീതിയിൽ അതിനെ വളർത്തിക്കൊണ്ടുവരാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റ് കാര്യങ്ങൾ ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

(2) ഇ-ഫയലിംഗ് സമ്പ്രദായത്തിലെ അശാസ്ത്രീയത

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്ത് സ്വയം തൊഴിൽ കണ്ടെത്തുന്ന ഏകദേശം ഒരുലക്ഷം കുടുംബങ്ങളെ ബാധിക്കുന്ന പ്രശ്നമാണ് ഞാൻ അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നത്. നീതിന്യായ വ്യവസ്ഥയുടെ അവിഭാജ്യഘടകമാണ് അഭിഭാഷക ഗുമസ്ത സമൂഹം.

രാജ്യത്തെമ്പാടുമുള്ള കോടതി നടപടികൾ ഇ-ഫയലിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറ്റുന്നതിന് സുപ്രീംകോടതി ശ്രമിക്കുകയാണ്. ഇ-ഫയലിംഗ് നടപ്പിലാക്കാനുള്ള പരീക്ഷണം നടത്തുന്ന ആദ്യ സംസ്ഥാനമായി കേരളത്തെയാണ് പതിവുപോലെ സുപ്രീംകോടതി നിർദ്ദേശിച്ചിരിക്കുന്നത്. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഗുമസ്തസമൂഹത്തെ എങ്ങനെ ഇത് ബാധിക്കുമെന്ന് പരിശോധിക്കുകപോലും ചെയ്യാതെ നിർദ്ദേശം ലഭിച്ച മാത്രയിൽത്തന്നെ ആ തീരുമാനം നടപ്പിലാക്കാനുള്ള തീവ്രയജ്ഞത്തിലാണ് നാം ഏർപ്പെട്ടിരിക്കുന്നത്. കോടതി നടപടികൾ ഇ-ഫയലിംഗ് സമ്പ്രായത്തിലേയ്ക്ക് മാറ്റുന്നതിലെ അശാസ്ത്രീയത നിമിത്തം അവർക്ക് തൊഴിൽ നഷ്ടമാകുന്ന സാഹചര്യമാണ് ഉടലെടുത്തിരിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയും അപ്രായോഗിക നടപടികളിലൂടെയും ദ്രുതഗതിയിൽ ഇ-ഫയലിംഗ് നടപ്പിലാക്കുന്നതിനെതിരെ വലിയ ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. ആവശ്യമായ തയ്യാറെടുപ്പുകളോടെ ശാസ്ത്രീയമായി ഇ-ഫയലിംഗ് നടപ്പിലാക്കുക, ഇ-ഫയലിംഗിനോടൊപ്പം ഫിസിക്കൽ ഫയലിംഗ് നിലനിർത്തുക, കൈയെഴുത്ത് കോപ്പികൾ സ്വീകരിക്കുക,

പകർപ്പ് അപേക്ഷകൾ പൂർണ്ണമായും ഫിസിക്കൽ ഫയലിംഗ് ആക്കുക, ഫയൽ ചെയ്യുന്ന ജാമ്യ ഹർജികളിൽ ഇ-ഫയലിംഗ് ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങൾ അവർ ഉന്നയിക്കുന്നുണ്ട്. അത് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നേരത്തെ സൂചിപ്പിച്ച രീതിയിൽ മേശപ്പുറത്ത് വയ്ക്കേണ്ടതാണിത്. ഇതൊരു പ്രധാന പ്രശ്നമായതുകൊണ്ട് ഇവിടെ പരാമർശിക്കുകയാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ സമയവും ചെലവും ലാഭിച്ച് കേസ് ഫയലിംഗ് സാധ്യമാക്കുന്നതിനാണ് സുപ്രീംകോടതിയുടെ മേൽനോട്ടത്തിൽ രാജ്യത്ത് ഇ-ഫയലിംഗ് നടപ്പിലാക്കിവരുന്നത്. 2020 മുതൽ ഹൈക്കോടതിയിലും 2022 മുതൽ ജില്ലാ കോടതികളിലും ഇ-ഫയലിംഗ് നടപ്പാക്കിയിട്ടുണ്ട്. കോടതി ചെലവുകൾ കുറയ്ക്കുവാനും രേഖകൾ ഡിജിറ്റലായി സംരക്ഷിക്കുവാനും കഴിയുന്ന ഈ സംവിധാനം പൊതുജനങ്ങൾക്കേറെ സഹായകരമാണ്. ഹൈക്കോടതിയിലുൾപ്പെടെ വിവിധ കോടതികളിൽ ഇ-സേവാ കേന്ദ്രങ്ങളും ഹെൽപ്പ് ഡെസ്കുകളും ഇതിനായി ഏർപ്പെടുത്തിയിട്ടുണ്ട്.

അഭിഭാഷകർ, വക്കീൽ ഗുമസ്തർ തുടങ്ങിയവർക്ക് തുടർച്ചയായ പരിശീലനം നൽകിയാണ് ഇ-ഫയലിംഗ് നടത്തിവരുന്നത്. ഇലക്ട്രോണിക് ഫയലിംഗ് റൂൾസ് ഫോർ കോർട്ട്സ് (കേരള) 2021 റൂൾ 10 പ്രകാരം ഇളവ് ഹർജികൾ, മാറ്റിവെയ്ക്കൽ ഹർജികൾ, ജാമ്യാപേക്ഷകൾ, പകർപ്പ്/കോടതി രേഖകൾക്കുള്ള അപേക്ഷകൾ, സാക്ഷിപ്പടി ഡെപ്പോസിറ്റ് മെമ്മോ, പ്രോസസ്സ് മെമ്മോ, ചെക്ക് അപേക്ഷകൾ തുടങ്ങിയവ കോടതി അനുമതിക്ക് വിധേയമായി ഇ-ഫയലിംഗിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതോടൊപ്പം 05-08-2023 മുതൽ ഇളവ് ഹർജികൾ, കുറ്റസമ്മതം നടത്തുന്ന കേസ്സുകളിലെ വക്കാലത്ത് മെമ്മോറാണ്ടം, ക്രിമിനൽ കോടതികളിലെ മുൻകൂർ ഹർജികൾ/ മാറ്റിവെയ്ക്കൽ അപേക്ഷകൾ, വാറണ്ട് തിരിച്ചുവിളിക്കൽ ഹർജികൾ, ജാമ്യക്കാരുടെ പട്ടിക, ജാമ്യത്തിനുവേണ്ടിയുള്ള ഗ്യാരണ്ടറുടെ സത്യവാങ്മൂലം, രേഖകളുടെ പട്ടിക, സമൻസ്/അറിയിപ്പ് ഫോമുകൾ, സാക്ഷിപ്പടി ഡപ്പോസിറ്റ് മെമ്മോകൾ, പരിശോധനാ അപേക്ഷകൾ, പ്രോസസ്സ് മെമ്മോകൾ തുടങ്ങിയവ ഇ-ഫയലിംഗ് നിർബന്ധമല്ലാത്തവയോ

ഓപ്ഷണലോ ആക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ അഭിഭാഷക ഗുമസ്ത സമൂഹത്തിന് ആശങ്കപ്പെടേണ്ട സാഹചര്യം നിലവിലില്ല.

(3) അങ്കമാലി-ശബരി റെയിൽ പദ്ധതി

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 25 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ഒരു പദ്ധതിയാണ് അങ്കമാലി-ശബരി റെയിൽവേ പാത. ഈ റെയിൽവേ പാതയുടെ നിർമ്മാണം അങ്കമാലി മുതൽ കാലടി വരെ പൂർത്തീകരിച്ചിട്ടുണ്ട്. പക്ഷെ, അതിനുശേഷം പാതയ്ക്കായി കല്ലിട്ട് തിരിച്ച അങ്കമാലി മുതൽ രാമപുരം സ്റ്റേഷൻ വരെയുള്ള പ്രദേശത്തെ സ്ഥല ഉടമകൾ സ്ഥലം വിൽക്കാനോ, വീട് നിർമ്മിക്കാനോ, സ്ഥലം ഈട് വച്ച് വായ്പ എടുക്കാനോ കഴിയാതെ കഷ്ടപ്പെടുകയാണ്. ഈ റെയിവേപാത നമുക്ക് പൂർത്തികരിക്കണം. 2021-ലെ സംസ്ഥാന ബഡ്ജറ്റിൽ 2,000 കോടി രൂപ കിഫ്ബി മുഖേന വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പുതിയ എസ്റ്റിമേറ്റ് പ്രകാരം ഇപ്പോൾ 5,000 കോടി രൂപയെങ്കിലും അനിവാര്യമാണ്.

സംസ്ഥാന സർക്കാർ പകുതി തുക അനുവദിച്ചാൽ മാത്രമേ കേന്ദ്ര സർക്കാർ തുക അനുവദിക്കുകയുള്ളൂ. ഈ സർക്കാരിന്റെ കാലഘട്ടത്തിൽത്തന്നെ ഇതിന്റെ എസ്റ്റിമേറ്റ് പുതുക്കുന്നതിനും ഭൂ ഉടമകൾക്ക് തുക അനുവദിച്ച് പദ്ധതി പൂർത്തീക്കരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഇത് യാഥാർത്ഥ്യമാകുന്നതിലൂടെ സമാന്തരമായ നല്ലൊരു പാത തിരുവനന്തപുരം വരെയുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. അങ്ങ് ഇതിൽ പ്രത്യേകം താൽപ്പര്യമെടുത്ത് ഈ പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇത്തരം കാര്യങ്ങളിൽ നാം ഒന്നിച്ചുതന്നെ ശബ്ദമുയർത്തേണ്ടതാണ്. ഞാൻ പ്രത്യേക താൽപ്പര്യമെടുത്തതുകൊണ്ടോ സംസ്ഥാന ഗവൺമെന്റ് പ്രത്യേക താൽപ്പര്യമെടുത്തതുകൊണ്ടോ മാത്രം തീരാവുന്ന ഒരു പദ്ധതിയല്ലയിത്. റെയിൽവേ ആകുമ്പോൾ അങ്ങനെ ചില പ്രശ്നങ്ങളുണ്ട്. പഴയ ചില കാര്യങ്ങൾ മുടങ്ങിപ്പോയത് നമുക്ക് അറിയാമല്ലോ. അതിന് കേന്ദ്ര

അനുമതിയാണ് പ്രശ്നം. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടെ മാത്രമേ ഈ പദ്ധതി നടപ്പാക്കാൻ സാധിക്കുകയുള്ളൂ. 1997-98 വർഷത്തെ റെയിൽവേ ബഡ്ജറ്റിലാണ് അങ്കമാലി-ശബരി റെയിൽ പദ്ധതി നിർദ്ദേശിക്കപ്പെട്ടത്. ഇത് ശബരിമല തീർത്ഥാടകർക്ക് സൗകര്യമാകുന്നതോടൊപ്പംതന്നെ എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളുടെ സാമ്പത്തിക വികസനം ത്വരിതഗതിയിലാക്കുകയും ചെയ്യുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അഞ്ച് കോടിയോളം തീർത്ഥാടകരാണ് വർഷംതോറും ശബരിമലയിലെത്തുന്നത്. തീർത്ഥാടക ബാഹുല്യം ഉൾക്കൊള്ളാൻ കൂടുതൽ ഗതാഗത സംവിധാനങ്ങൾ ഇവിടെ അനിവാര്യമാണ്. വിനോദസഞ്ചാര/വ്യാവസായിക മേഖലകളുടെ മുന്നേറ്റത്തിന് ഈ പദ്ധതി ഏറെ ഗുണകരമാണ്. റെയിൽവേ ബോർഡിന്റെ നിർദ്ദേശമനുസരിച്ച് അങ്കമാലി-ശബരി പദ്ധതിയുടെ 50 ശതമാനം തുക സംസ്ഥാന സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ച് 2021-ൽത്തന്നെ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പദ്ധതിയുടെ വിശദമായ റിപ്പോർട്ട് ദക്ഷിണ റെയിൽവേ ബോർഡിന് സമർപ്പിച്ചിരുന്നു. തുടർന്ന് ദക്ഷിണ റെയിൽവേ

ആരാഞ്ഞ അധിക വിവരങ്ങൾ ചേർത്ത് 3,810 കോടി 69 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 27-06-2023-ന് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിക്ക് 2023-24-ൽ 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരളത്തിന്റെ റെയിൽവേ വികസന പാതയിൽ വഴിത്തിരിവാകുന്ന പദ്ധതി യാഥാർത്ഥ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് സംസ്ഥാന സർക്കാർ കത്തയച്ചിട്ടുണ്ട്. തുടർന്നുള്ള കാര്യങ്ങൾ നമുക്ക് ശ്രദ്ധിക്കാവുന്നതാണ്.

(4) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം

ശ്രീമതി ശാന്തകുമാരി കെ.: സർ, ഒട്ടേറെ സ്ഥല പരിമിതികൾക്കിടയിലും ഗവൺമെന്റ് പത്തിരിപ്പാല ജി.വി.എച്ച്.എസ്.എസ്.-ന്റെ ക്ലാസ് മുറികൾ പകുത്തുനൽകിയിട്ടാണ് എന്റെ നിയോജകമണ്ഡലത്തിലെ ഏക സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രവർത്തിച്ചുവരുന്നത്. ജില്ലയിലെ കർഷകത്തൊഴിലാളികളുടെ മക്കളുൾപ്പെടെ പഠിക്കുന്ന ഏക ആർട്സ് ആൻഡ് സയൻസ് കോളേജാണിത്. ഇവിടെ ബികോം, ബി.ബി.എ., ബി.എ. മലയാളം, ബി.എ.

ഇംഗ്ലീഷ് തുടങ്ങിയ ബിരുദകോഴ്സുകളാണുള്ളത്. ഗ്രാഡ്വേഷൻ കോഴ്സുകൾകൊണ്ട് മാത്രം ഒരു കോളേജിന് മുന്നോട്ടുപോകാൻ സാധിക്കാത്തുകൊണ്ട് എം.എ. മലയാളം ഉൾപ്പെടെയുള്ള പി.ജി. കോഴ്സുകൾകൂടി ആവശ്യപ്പെട്ടിട്ടുണ്ട്. നല്ല കോളേജ് ക്യാമ്പസിൽ പഠിക്കണമെന്ന വിദ്യാർത്ഥികളുടെ മോഹത്തിന്റെ അടിസ്ഥാനത്തിൽ 2018-ൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 10 കോടി 16 ലക്ഷം രൂപയ്ക്ക് പുതിയ കെട്ടിടത്തിനുവേണ്ടി അനുമതി നൽകിയിരുന്നു. എന്നാൽ നാളിതുവരെയായിട്ടും അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. പരീക്ഷ നടത്തുന്നതിന് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ക്ലാസ് മുറികളെയാണ് ഇപ്പോഴും ആശ്രയിക്കുന്നത്. അത് പലപ്പോഴും വലിയ അസൗകര്യങ്ങളുണ്ടാക്കാറുണ്ട്. അതിനാൽ പ്രസ്തുത കെട്ടിടം നിർമ്മിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 06-07-2019-ലെ ഉത്തരവും അതിനുശേഷം പുറപ്പെടുവിച്ച രണ്ട് ഉത്തരവുകളും ചേർത്ത് പത്തിരിപ്പാല സർക്കാർ ആർട്സ് ആൻഡ് സയൻസ്

കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ പരിശോധിച്ചിരുന്നു. 12-10-2020-ൽ കൂടിയ കിഫ്ബിയുടെ പതിനാറാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 30-10-2020-ൽ ഉത്തരവ് പുറപ്പെടുവിച്ച് 10,15,53,109 രൂപയുടെ ധനാനുമതി നൽകിയിരുന്നു. 08-12-2020-ലെ നടപടിക്രമപ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 2500 മീറ്റർ സ്ക്വയറിൽ കൂടുതലാണെങ്കിൽ 'ഗൃഹ 3 സ്റ്റാർ' ചട്ടങ്ങൾ ബാധകമാണ്. ടി ഉത്തരവനുസരിച്ചും ഡി.എസ്.ആർ., ജി.എസ്.ടി. നിരക്കിലുണ്ടായ മാറ്റമനുസരിച്ചും മേൽ പദ്ധതിക്കായി 12,78,75,270 രൂപയുടെ പുതുക്കിയ ധനാനുമതി നൽകുന്നതിന് കിറ്റ്കോ 10-03-2020-ൽ പുതുക്കിയ ശിപാർശ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി പരിശോധിക്കുകയും കിറ്റ്കോയുമായി നടത്തിയ കൂടിയാലോചനയ്ക്കുശേഷം കിഫ്ബിയുടെ ഇരുപത്തിരണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. അംഗീകാരം ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 30-03-

2023-ലെ ഉത്തരവുപ്രകാരം ഈ പദ്ധതിക്ക് 13,56,28,769 രൂപയുടെ പുതുക്കിയ ധനാനുമതി നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി ടി പദ്ധതി 12 മാസക്കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതിന് 11,41,83,083 രൂപയുടെ ടെക്നിക്കൽ സാംഗ്ഷൻ 03-08-2023-ന് അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ച് വർക്ക് ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ എസ്.പി.വി. ആയ കിറ്റ്കോ സ്വീകരിച്ചുവരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയാരംഭിച്ച് യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(5) കോഴിക്കോട് വിമാനത്താവളത്തിലെ കാർഗോ കോംപ്ലക്സിന്റെ വികസനം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സംസ്ഥാനത്ത് പൊതു മേഖലയിലുള്ള ഏക എയർപ്പോർട്ടാണ് കോഴിക്കോട് എയർപോർട്ട്. ഈ എയർപോർട്ട് ഇപ്പോൾ വികസനത്തിന്റെ പാതയിലാണ്. എന്നാൽ, എയർപോർട്ടിലുള്ള കാർഗോ സംവിധാനം ശോചനീയാവസ്ഥയിലാണ്. ഏറ്റവും കൂടുതൽ പഴവും പച്ചക്കറികളും കയറ്റിയയ്ക്കുകയും സംസ്ഥാനത്തിന് വിദേശനാണ്യം

നേടിത്തരുകയും ചെയ്യുന്ന ഒരു എയർപോർട്ടാണിത്. എന്നാൽ, കാർഗോ സംവിധാനം ഏർപ്പെടുത്തുന്നത് കെ.എസ്.ഐ.ഇ-യുടെ കീഴിലാണ്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് വ്യവസായ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ ഒരു ദിവസംതന്നെ ഏകദേശം 45 മെട്രിക് ടൺ സാധനങ്ങൾ കയറ്റി അയയ്ക്കുന്നുണ്ട്. പക്ഷെ, 1060 സ്ക്വയർ ഫീറ്റ് സ്ഥലസൗകര്യം മാത്രമാണ് ഇവിടെയുള്ളത്. കാർഗോ കോംപ്ലക്സിനാവശ്യമായ സ്ഥലം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. ഒന്നുകിൽ എയർപോർട്ട് അതോറിറ്റിയുമായി സംസ്ഥാന സർക്കാർ നേരിട്ട് സംസാരിച്ച് സ്ഥലം ലഭ്യമാക്കുകയോ അല്ലെങ്കിൽ പുറത്തുനിന്ന് ലീസിന് ലഭ്യമാക്കുകയോ ചെയ്യണമെന്നതാണ് അടിസ്ഥാനപരമായ ആവശ്യം. അതോടൊപ്പം അവിടെയുള്ള ശീതീകരണ സംവിധാനം വിപുലപ്പെടുത്തേണ്ടതുണ്ട്. അവിടെ ഇപ്പോൾ 2 എക്സ്റേ മെഷീനുകളാണുള്ളത്. 3 മെഷീനുകൾ അവിടെ അനിവാര്യമാണ്. അതുപോലെതന്നെ വിദേശരാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്ന സാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനാവശ്യമായ ലാബ്

സൗകര്യവും അവിടെ ലഭ്യമല്ല. അതുപോലെ ആധുനിക സൗകര്യമുള്ള ട്രോളികളും അനിവാര്യമാണ്. ഇപ്പോൾ യാത്രാ വിമാനങ്ങളിലാണ് ചരക്കുകൾ കയറ്റി അയയ്ക്കുന്നത്. പ്രത്യേക ചരക്കുവിമാനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ മുൻകൈയെടുക്കേണ്ടതുണ്ട്. കൂടാതെ, ആഭ്യന്തര ചരക്ക് സർവ്വീസുകളും വിപുലപ്പെടുത്തേണ്ടതുണ്ട്. ഈ ആവശ്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് സംസ്ഥാനത്തെ സാമ്പത്തിക രംഗത്തും കയറ്റുമതി രംഗത്തും വലിയ ഉണർവ്വിന് സാധ്യതയുള്ള കോഴിക്കോട് വിമാനത്താവളത്തിലെ കാർഗോ കോംപ്ലക്സിന്റെ വികസനത്തിന് സർക്കാർ കാര്യക്ഷമമായി ഇടപെടണം. അതിനുവേണ്ടി അങ്ങയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേരണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

**(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വാഴൂർ സോമൻ)**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ ഏകദേശം 1060 സ്ക്വയർ ഫീറ്റ് മാത്രമാണ് എയർകാർഗോ എക്സ്പോർട്ട് പ്രവർത്തനങ്ങൾക്കായി നിലവിൽ

കെ.എസ്.ഐ.ഇ.-യ്ക്ക് അനുവദിച്ചിട്ടുള്ളത്. ഇവിടെ ഇന്റർനാഷണൽ എക്സ്പോർട്ട് മാത്രമാണ് നടത്തുന്നത്. ഡൊമസ്റ്റിക് കാർഗോ പ്രവർത്തനങ്ങൾ വകുപ്പിന്റെ കീഴിലല്ല കൈകാര്യം ചെയ്യുന്നത്. കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള കെ.എസ്.ഐ.ഇ.-യുടെ ഇന്റർനാഷണൽ എയർകാർഗോ കോംപ്ലക്സുകൾക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ സുരക്ഷാ ഏജൻസിയായ ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റിയുടെ Regulated Air Cargo Agent Status ലഭിച്ചിട്ടുണ്ട്. കേരളത്തിലെ മറ്റൊരു പ്രമുഖ സ്വകാര്യ എയർ കാർഗോ കസ്റ്റോഡിയനും പ്രസ്തുത പദവി ഇതുവരെ നേരിട്ട് ലഭിച്ചിട്ടില്ല. പരിമിതികളുണ്ടെങ്കിലും നമുക്ക് മാത്രമാണ് ടി പദവി ലഭിച്ചിട്ടുള്ളത്. എയർപോർട്ടിൽനിന്ന് വിമാനംവഴി ചരക്കുകൾ അയയ്ക്കുന്നതിന് 'Bureau of Civil Aviation Security' നിഷ്കർഷിച്ചിട്ടുള്ള കർശന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് കോഴിക്കോടിന് Regulated Air Cargo Agent Status പദവി ലഭ്യമായത്. എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും നടപ്പാക്കുന്നതിന്റെ ഭാഗമായി X-ray machine, Explosives Trace Detectors (ETD) Machine, Door

Frame Metal Detector, Hand Held Metal Detector, Electronic Surveillance System, Ladies frisking room എന്നിവ സ്ഥാപിക്കുകയും കാർഗോ സ്ക്രീൻ ചെയ്യുന്നതിനായി BCAS അംഗീകരിച്ച എക്സ്റേ സ്ക്രീനർമാരെ നിയമിക്കുകയും അനുബന്ധ സൗകര്യങ്ങളൊരുക്കുകയും ചെയ്തിട്ടുണ്ട്. BCAS-ന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി നിരവധി തവണ പരിശോധിച്ചതിനുശേഷമാണ് നമുക്ക് Regulated Agent Status അനുവദിക്കപ്പെട്ടത്. സ്ഥലപരിമിതിയുണ്ടെങ്കിലും കഴിഞ്ഞ കുറേ വർഷങ്ങളായി കോഴിക്കോട്ടുനിന്നും നല്ല രീതിയിൽ എയർ കാർഗോ എക്സ്പോർട്ട് നടന്നുവരുന്നുണ്ട്. കെ.എസ്.ഐ.ഇ.-യുടെ കോഴിക്കോട് കാർഗോ കോംപ്ലക്സിൽ Cold storage സൗകര്യവും നിലവിലുണ്ട്. എങ്കിലും പുതിയ X-ray machine, Pallet truck, ട്രോളികൾ, ഓഫീസ് ഉപകരണങ്ങൾ തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും കെ.എസ്.ഐ.ഇ. എക്സ്പോർട്ട് കോംപ്ലക്സിൽ ഉടൻതന്നെ ഏർപ്പെടുത്തുന്നതാണ്. കൂടാതെ, കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. അത് ലഭിക്കുന്നപക്ഷം ശീതീകരണ സംവിധാനവും നടപ്പിലാക്കാൻ സാധിക്കും. കാർഗോ സ്ക്രീനിംഗിനും മറ്റുമായി BCAS അംഗീകരിച്ച എക്സ്റേ സ്ക്രീനർമാരെ

കെ.എസ്.ഐ.ഇ. ഇതിനകം നിയോഗിച്ചുകഴിഞ്ഞു. കാർഗോ ടെർമിനൽ പ്രവർത്തനങ്ങൾക്കായി കൂടുതൽപേരെ ഉടൻതന്നെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ കെ.എസ്.ഐ.ഇ. ഇന്റർനാഷണൽ കാർഗോ മാത്രമേ കൈകാര്യം ചെയ്യുന്നുള്ളൂ. ഡൊമസ്റ്റിക് കാർഗോ ടെർമിനൽ പ്രവർത്തനങ്ങളുടെ കാര്യത്തിൽ എയർപോർട്ട് അതോറിറ്റിയുമായി ആലോചിച്ച് തീരുമാനിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ അതുസംബന്ധിച്ച് ഒരു യോഗം അനിവാര്യമാണെങ്കിൽ അക്കാര്യം ആലോചിക്കാവുന്നതാണ്.

(6) ജാതി സെൻസസ്

ശ്രീ. പി. കെ. ബഷീർ: സർ, സുപ്രധാനമായൊരു വിഷയമാണ് ഇവിടെ സബ്മിഷനായി അവതരിപ്പിക്കുന്നത്. പിന്നാക്ക ജാതി സംവരണം രാജ്യത്ത് വലിയ വെല്ലുവിളിയായി മാറിയിരിക്കുകയാണ്. ഈ സംവരണം നമ്മുടെ രാജ്യത്ത് ദശാബ്ദങ്ങളായി നടന്നുവരുന്ന ഒന്നാണ്. എന്നാൽ ജാതി സംവരണം കൃത്യമായി നടത്തണമെങ്കിൽ അതുസംബന്ധിച്ച ആധികാരിക വിവരങ്ങൾ അനിവാര്യമാണ്. എന്നാൽ, 1931 -ൽ ബ്രിട്ടീഷ് ഭരണകാലത്ത്

നടത്തിയ അപൂർണ്ണമായ ജാതി സെൻസസ് അല്ലാതെ മറ്റൊരു ആധികാരിക രേഖയുമില്ലാത്ത സ്ഥിതിയാണ് ഇന്നുള്ളത്. പിന്നാക്ക ജനവിഭാഗങ്ങൾ ഏതൊക്കെയാണെന്നതിനെ സംബന്ധിച്ചും അതിന്റെ ആധികാരികമായ കണക്കുകൾ സംബന്ധിച്ചും ഇപ്പോഴും അവ്യക്തമായ ചിത്രമാണ് നമ്മുടെ രാജ്യത്തും സംസ്ഥാനത്തും നിലനില്ക്കുന്നത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സുപ്രീംകോടതിയുടെ ഇന്ദിരാ സാഹ്നി കേസ് വിധിയിൽ രാജ്യത്ത് പിന്നാക്കക്കാർക്ക് 27 ശതമാനം സംവരണം സർക്കാർ ജോലികളിലും കോളേജ് അഡ്മിഷനുകളിലും അനുവദിച്ചിട്ടുണ്ട്. ഭൂരിപക്ഷമായ ഹിന്ദു മതത്തിൽത്തന്നെ 70 ശതമാനത്തോളംപേർ പിന്നാക്ക വിഭാഗത്തിൽനിന്നാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ന്യൂനപക്ഷങ്ങളിലെ പിന്നാക്കവിഭാഗത്തിനെക്കൂടെ ഉൾപ്പെടുത്തിയാൽ മൊത്തം ജനസംഖ്യയിൽ ഏതാണ്ട് 80 ശതമാനത്തോളം വരും. സമൂഹത്തിൽ മഹാഭൂരിപക്ഷം വരുന്ന ടി വിഭാഗത്തിന്റെ മൗലികാവകാശമാണ് ജാതി സെൻസസിന്റെ അഭാവംമൂലം ഇന്ത്യയിലും സംസ്ഥാനത്തും നിഷേധിക്കപ്പെടുന്നത്. ഏതൊരു ആസൂത്രണത്തിന്റെയും

അടിസ്ഥാനം ആധികാരികമായ കണക്കുകളും വിവരങ്ങളുമാണ്. എന്നാൽ, ആധികാരികമായ ഒരു കണക്കിന്റെയും പിൻബലം ഇല്ലാതെയാണ് പിന്നാക്ക സംവരണം ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. 1891-ൽ ബ്രിട്ടീഷുകാർ ഇന്ത്യയിൽ സെൻസസ് ആരംഭിച്ചപ്പോൾ അതിൽ ജാതി രേഖപ്പെടുത്തുന്നതിന് കോളം ഉണ്ടായിരുന്നു. 1931 വരെ അത് തുടരുകയും ചെയ്തു. 1953 -ൽ രാജ്യത്ത് ആദ്യമായി പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹ്യ-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പഠിക്കാൻ നിയോഗിച്ച കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങളിലൊന്ന് 1961-ലെ സെൻസസിൽ ജാതി കണക്ക് എടുക്കണമെന്നായിരുന്നു. എന്നാൽ അത് നടന്നില്ല. 2011-ലെ സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസിൽ തെറ്റുള്ളതിനാൽ ജോലി, വിദ്യാഭ്യാസം, തിരഞ്ഞെടുപ്പ്, സംവരണം എന്നിവയ്ക്ക് ഇതിനെ ആശ്രയിക്കാനാകില്ലെന്ന് കേന്ദ്രസർക്കാർ അറിയിച്ചു. 2011-ലെ സെൻസസ് ജനങ്ങളിൽ നിന്ന് ബോധപൂർവ്വം മറച്ചുവച്ചുകൊണ്ടാണ് കേന്ദ്രം ഈ തെറ്റായ പ്രസ്താവന നടത്തിയത്. 2011-ലെ കണക്കുകൾ നിറയെ അബദ്ധങ്ങളായതിനാൽ അത് ഉപയോഗിക്കാനാകാതെ രജിസ്ട്രാർ ജനറലിന്റെ ഓഫീസിൽ

സൂക്ഷിച്ചിരിക്കുകയാണെന്നാണ് സുപ്രീംകോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ കേന്ദ്രസർക്കാർ വ്യക്തമാക്കിയിരിക്കുന്നത്. മഹാരാഷ്ട്ര, ബീഹാർ, ഝാർഖണ്ഡ്, ഒഡീഷ നിയമസഭകൾ ജാതി സെൻസസ് എടുക്കണമെന്നാവശ്യപ്പെട്ട് പ്രമേയം പാസ്സാക്കിയിട്ടുണ്ട്. കേന്ദ്രം ഇതിന് തയ്യാറായില്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ജാതി സെൻസസ് നടത്തുമെന്ന് ഒഡീഷ, ബീഹാർ അടക്കം ചില സംസ്ഥാനങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ബീഹാറിൽ നിയമസഭാ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ജാതി സെൻസസ് നടത്തി. ബീഹാർ സംസ്ഥാനം ജാതി സെൻസസ് നടത്താൻ തീരുമാനിച്ച അവസരത്തിൽ ഇതുമായി ബന്ധപ്പെട്ട കേസ് സുപ്രീംകോടതിയിൽ ഫയൽ ചെയ്യപ്പെടുകയും സുപ്രീംകോടതി ഹൈക്കോടതിയോട് ഇതുസംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. ഹൈക്കോടതി പ്രസ്തുത കേസ് പരിശോധിച്ചു. ജാതി സെൻസസ് നടത്തണമെന്നുതന്നെയാണ് ബീഹാർ ഹൈക്കോടതി സൂചിപ്പിച്ചത്. ബീഹാർ ഹൈക്കോടതിയുടെ വിധിക്കെതിരെ സുപ്രീംകോടതിയിൽ പോയെങ്കിലും പ്രസ്തുത വിധി സ്റ്റേ ചെയ്തില്ല. നമ്മുടെ സംസ്ഥാനത്ത് ഇത്

നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പല സംഘടനകളും വ്യക്തികളും പിന്നാക്ക സമിതി അംഗങ്ങളും നിവേദനം നൽകി. എന്നാൽ, ഇതിന്മേൽ തീരുമാനം എടുക്കാത്തതുകൊണ്ട് സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തു. അതിലും സംസ്ഥാന സർക്കാർ ഇതുവരെയും തീരുമാനം എടുത്തിട്ടില്ല. ഈ മാസം 22-ാം തീയതി സംസ്ഥാന സർക്കാരിന് എതിരെയുള്ള കോടതിയലക്ഷ്യ കേസ് സുപ്രീംകോടതിയിൽ വരികയാണ്. കേരളത്തിൽ ജാതി സെൻസസ് നടത്തേണ്ടത് അനിവാര്യമാണ്. സംവരണത്തിന് അർഹമായ എസ്.സി., എസ്.റ്റി., മുസ്ലിം, മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ജാതി തിരിച്ചുള്ള വിവരങ്ങൾ ലഭ്യമായാൽ മാത്രമേ ഓരോ വിഭാഗങ്ങൾക്കും അർഹമായ സംവരണപ്രകാരമുള്ള അവകാശങ്ങൾ ലഭിച്ചെന്ന് ഉറപ്പാക്കാൻ കഴിയൂ. അതിനാൽ, കേരളത്തിലും ജാതി സെൻസസ് നടത്തുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ജാതി സെൻസസ് നടത്തുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ചാണ്

ബഹുമാനപ്പെട്ട അംഗം സബ്മിഷൻ അവതരിപ്പിച്ചത്. പ്രസ്തുത വിഷയം സംബന്ധിച്ച ചരിത്രവും പാരമ്പര്യവും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹമിവിടെ സൂചിപ്പിച്ച കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. 2011-ലാണ് കേന്ദ്രസർക്കാർ സാമൂഹ്യ-സാമ്പത്തിക ജാതിസെൻസസ് നടത്തിയത്. അതിനോടനുബന്ധിച്ച് റോ കാസ്റ്റ് ഡാറ്റ നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു. എന്നാൽ പ്രസ്തുത ഡാറ്റ ഒരു ഏജൻസിക്കും കൈമാറാനാകില്ലെന്ന വിവരം കേന്ദ്രസർക്കാർ സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനെ അറിയിക്കുകയുണ്ടായി. പ്രസ്തുത വിവരം കമ്മീഷൻ സർക്കാരിനെയും അറിയിച്ചിട്ടുണ്ട്. തുടർന്ന് 105-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സാമൂഹ്യമായിട്ടും വിദ്യാഭ്യാസപരമായിട്ടും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ പ്രത്യേക സംസ്ഥാന പട്ടിക തയ്യാറാക്കാനും പരിപാലിക്കാനും സാമൂഹ്യ-സാമ്പത്തിക ജാതി സെൻസസ് നടത്താനും സംസ്ഥാന സർക്കാരുകൾക്ക് സ്വാതന്ത്ര്യമുണ്ടെന്ന് കേന്ദ്രസർക്കാർ അറിയിച്ചു. ചില സംഘടനകൾ ഹൈക്കോടതിയിലാണ് കേസ് ഫയൽ ചെയ്തിരിക്കുന്നത്. കൂടാതെ,

സെൻസസ് നടത്തണമെന്നതുസംബന്ധിച്ച് ചില സാമൂഹ്യ സംഘടനകളും സർക്കാരിൽ പരാതി സമർപ്പിച്ചു. ഇതുസംബന്ധിച്ച് കോടതി പരിശോധിച്ചുവരികയാണ്. ബീഹാറിൽ സെൻസസ് ആരംഭിച്ചതുസംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. എല്ലാ സംസ്ഥാനങ്ങളും പ്രസ്തുത തീരുമാനം നടപ്പാക്കാൻ മുന്നോട്ടുവന്നിട്ടില്ല. സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങൾ പരിശോധിച്ചുമാത്രമേ അത് ആരംഭിക്കാൻ കഴിയൂ. സംസ്ഥാനത്ത് ജാതി സെൻസസ് നടത്തുന്ന വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം സ്വീകരിക്കേണ്ടതുണ്ട്. അത്തരത്തിലൊരു തീരുമാനമെടുത്തുകൊണ്ട് ഇക്കാര്യം പരിശോധിക്കുകയും അത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും ചെയ്യാം. നിലവിൽ കോടതിയിൽ ഇതുമായി ബന്ധപ്പെട്ട കേസ് നിലനിൽക്കുന്നുണ്ട്. അതുകൂടി പരിശോധിച്ച് ജാതി സെൻസസ് എടുക്കുന്ന കാര്യം സംബന്ധിച്ച് തീരുമാനിക്കാവുന്നതാണ്.

(7) ഗുരുവായൂർ അമൃത് പദ്ധതി

ശ്രീ. മുരളി പെരുനെല്ലി: സർ, ഗുരുവായൂർ അമൃത് കുടിവെള്ള പദ്ധതിക്കുള്ള പൈപ്പ് ലൈൻ കടന്നുപോകുന്നത് മണലൂർ മണ്ഡലത്തിലെ ഏകദേശം ഇരുപത് കിലോമീറ്റർ നീളമുള്ള പൊതുമരാമത്ത് റോഡുവഴിയാണ്. വർഷങ്ങളായി ഇഴഞ്ഞുനീങ്ങുന്ന ഈ പൈപ്പ് ലൈൻ പണിമൂലം ദുരിതം പേറുന്നവരാണ് മണലൂർ നിവാസികളെന്നത് ഒരു വാസ്തവമാണ്. സമയബന്ധിതമായി ഈ പണി പൂർത്തീകരിക്കാത്തതുമൂലം മണ്ഡലത്തിലെ മറ്റ് പ്രധാന റോഡുകൾ തകർന്നുകിടക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. പ്രത്യേകിച്ച് ഗുരുവായൂർ മേൽപ്പാലത്തിന്റെ പണി പൂർത്തീകരിക്കാത്തതുമൂലം നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. അന്യസംസ്ഥാന വാഹനങ്ങളടക്കം കടന്നുപോകുന്ന ഒരു പ്രധാന റോഡാണിത്. ഈ റോഡിന്റെ ഭാഗമായ പൂവത്തൂർ മുതൽ പാവറട്ടി വരെയുള്ള റോഡ് ഒരു മുന്നറിയിപ്പുമില്ലാതെ പൂർണ്ണമായും അടച്ചുകെട്ടിയതിനാൽ സ്കൂൾ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള യാത്രക്കാർ വലിയ ദുരിതം പേറുകയാണ്. ആയതിനാൽ, അടിയന്തരമായി ഈ റോഡിന്റെ പണി പൂർത്തീകരിക്കാൻ

നടപടി സ്വീകരിക്കണം. Restoration വർക്ക് പെട്ടെന്ന് പൂർത്തീകരിക്കാനും പ്രസ്തുത വർക്ക് നടത്താത്ത മറ്റ് പ്രദേശങ്ങളിലെ വർക്കുകൾ പൂർത്തീകരിച്ച് റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഗുരുവായൂർ അമൃത് പദ്ധതിയുടെ ഭാഗമായി പൂവത്തൂർ-പാവറട്ടി റോഡിൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. ഇതോടൊപ്പംതന്നെ ജൽജീവൻ മിഷൻ ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെട്ട പാവറട്ടി - മുല്ലശ്ശേരി പദ്ധതികൾക്കുള്ള പൈപ്പുകളും സ്ഥാപിക്കുന്നുണ്ട്. കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ജില്ലാ വികസന സമിതി യോഗത്തിൽ ബഹുമാനപ്പെട്ട ഗുരുവായൂർ എം.എൽ.എ.-യുടെയും കളക്ടറുടെയും നിർദ്ദേശപ്രകാരം റോഡ് ബ്ലോക്ക് ചെയ്ത് പതിനഞ്ച് പ്രവൃത്തി ദിവസംകൊണ്ട് പണി പൂർത്തീകരിക്കാനാണ് തീരുമാനിച്ചത്. അപ്രകാരം പ്രവൃത്തി പുരോഗമിക്കുകയാണ്. 1400 മീറ്റർ പൈപ്പ് സ്ഥാപിക്കേണ്ടതിൽ 658 മീറ്റർ സ്ഥാപിച്ചു. ബാക്കി 742 മീറ്റർ പൈപ്പ് സ്ഥാപിക്കാനുണ്ട്. പ്രതികൂല കാലാവസ്ഥ പ്രവൃത്തിയെ സാരമായി ബാധിച്ചിട്ടുണ്ട്.

എന്നിരുന്നാലും സെപ്റ്റംബർ മാസം അവസാനം ആകുന്നതിന് മുമ്പുതന്നെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കരാറുകാർ എന്തെങ്കിലും വീഴ്ച വരുത്തിയാൽപ്പോലും ഡിപ്പാർട്ട്മെന്റ് തലത്തിൽ ആ പ്രവൃത്തി ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(8) ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗശല്യം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും ഗൗരവമായ ഒരു ജനകീയ വിഷയമാണ് വന്യമൃഗ ശല്യം. എരുമേലി, മുണ്ടക്കയം, കോരുത്തോട് എന്നീ മൂന്നു പഞ്ചായത്തുകളിലായി ഏകദേശം മുപ്പതു കിലോമീറ്റർ ദൂരം കാർഷിക മേഖലയും വനമേഖലയും അതിർത്തി പങ്കിടുന്നു. ഈ പ്രദേശങ്ങളിലെ നിരന്തരമായ വന്യമൃഗശല്യം ജനങ്ങൾക്ക് വലിയ ഭീഷണിയും ദുരിതവുമായിരിക്കുകയാണ്. 19-05-2023-ന് കണമലയിൽ രണ്ടു ആളുകളെ അവരുടെ വീട്ടിൽവച്ച് കാട്ടുപോത്ത് ആക്രമിച്ച് കൊലപ്പെടുത്തുകയുണ്ടായി. പുലിക്കുന്ന് എന്നു പറയുന്ന സ്ഥലത്ത് ഒരു പുലി ഇറങ്ങി നിരവധി

വളർത്തുമൃഗങ്ങളെയും മറ്റും തുടർച്ചയായി പിടിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ കഴിഞ്ഞ ഇരുപതാം തീയതിയാണ് അതിനെ കെണി വച്ചുപിടിക്കാൻ ഇടയായത്. ഈ നിലയിൽ വന്യമൃഗശല്യം രൂക്ഷമായി വരികയാണ്. കണ്ണിമല, കാരിശ്ശേരി, പാക്കാനം, തുമരംപാറ, കൊപ്പം, മൈനാക്കുളം, കൊമ്പുകുത്തി എന്നീ മേഖലകളിലെ നൂറുകണക്കിന് ഏക്കർ കൃഷിഭൂമിയിൽ ഇന്ന് കൃഷിയില്ല. കൃഷി മുഴുവൻ വന്യമൃഗങ്ങൾ നശിപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽമാത്രം മുന്നൂറ് കുടുംബങ്ങൾക്കാണ് വന്യമൃഗങ്ങളുടെ ആക്രമണംമൂലം നാശനഷ്ടങ്ങൾ നേരിടേണ്ടി വന്നത്. ടി വിഷയവുമായി ബന്ധപ്പെട്ട് രണ്ട് പരിഹാര മാർഗ്ഗങ്ങളാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഒന്ന്, മുപ്പതു കിലോമീറ്റർ ദൂരമുള്ളതിൽ കേവലം ആറ് കിലോമീറ്റർ ദൂരം മാത്രമാണ് പ്രതിരോധ സംവിധാനമുള്ളത്. അവശേഷിക്കുന്ന ഭാഗത്ത് കൃത്യമായ പ്രതിരോധ സംവിധാനം ആവശ്യമുണ്ടെങ്കിൽ കിടങ്ങ്, ജൈവ വേലി, സോളാർ ഹാംഗിംഗ് ഫെൻസിംഗ് അടക്കമുള്ള പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തണം. അതോടൊപ്പം മൃഗങ്ങൾ വരുന്നത് കൃത്യമായി സെൻസ് ചെയ്ത് അതിനെ

തിരിച്ച് ഓടിക്കാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തണം. കോട്ടയം ജില്ലയിൽ വനം വകുപ്പിന് റാപ്പിഡ് റെസ്പോൺസ് ടീം നിലവിലില്ല. ആയതിനാൽ റാപ്പിഡ് റെസ്പോൺസ് ടീമിനെയും കൂടുതൽ വനപാലകരെയും നിയോഗിച്ച് ഇപ്പോഴുള്ള നിയമ സംവിധാനത്തിനുള്ളിൽനിന്നുകൊണ്ടുള്ള പ്രതിരോധ സംവിധാനങ്ങളും പരിരക്ഷാ മാർഗ്ഗങ്ങളും അവലംബിക്കണം. അതോടൊപ്പം ഗവൺമെന്റ് നിയമപരമായ പോംവഴികളെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയെ നിശ്ചയിച്ചതിൽ ഗവൺമെന്റിനെ പ്രത്യേകം അഭിനന്ദിക്കുന്നു. എനിക്ക് സൂചിപ്പിക്കാനുള്ളത്, കൃത്രിമ ജനനനിയന്ത്രണ മാർഗ്ഗങ്ങൾ മൃഗങ്ങൾക്ക് ഏതെങ്കിലും നിലയിൽ അപ്ലൈ ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കണം. ഇവയുടെ എണ്ണപ്പെരുക്കം നിയന്ത്രിച്ചേ മതിയാകൂ. അതുപോലെ കാർഷികമേഖലയിൽ ഇറങ്ങുന്ന മൃഗങ്ങൾക്കെതിരെ മറ്റ് രാജ്യങ്ങളിലുള്ളതുപോലെ ഷൂട്ട് അറ്റ് സൈറ്റ് നടപ്പാക്കണം. കൃഷിഭൂമി കർഷകന് അവകാശപ്പെട്ടതാണ്. അതുപോലെ മൃഗങ്ങൾ വനത്തിൽ നിൽക്കണം. ഈ തത്ത്വം പാലിച്ചുകൊണ്ട് അതിന് പുറത്തേയ്ക്ക് വരുന്നവയെ

കൊല്ലാൻ നിയമപരമായ പരിരക്ഷ ഉണ്ടായേ മതിയാകൂ. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റിന് ഒരു പരിധിവരെ സാധിക്കുമെന്നാണ് നിയമവിദഗ്ധർ നൽകുന്ന സൂചന. അക്കാര്യം ഞാനിവിടെ സൂചിപ്പിക്കാം. Protection of wild life animals and birds are included as item No.17 B of Concurrent List (Schedule VII) of the Constitution of India. Since Wild Life (Protection) Act being a central Act, as per Article 254(2) of the Constitution of India, the State Govt. could bring amendment or a state legislation only on assent of the President of India. പ്രസിഡന്റ് ഓഫ് ഇന്ത്യയുടെ അംഗീകാരം മതി, ഇക്കാര്യത്തിൽ സ്റ്റേറ്റ് ഗവൺമെന്റിനും നിയമനിർമ്മാണമാകാം. Hence along with the other measures the State Govt. could amend the Wild Life (Protection) Act or enact a legislation on the subject matter under Article 254(2) and delegate the power provided under Sec. 11 of the Act to District Magistrate so as to protect human life, safety and also the agriculture in the areas which are prone to wild animal attacks. ഈ നിലയിൽ നിലവിലുള്ള

നിയമസംവിധാനത്തിനകത്തുള്ള പ്രതിരോധ മാർഗ്ഗവും അതോടൊപ്പം നിയമ ഭേദഗതിയും കൃഷിഭൂമിയുടെയും കർഷകന്റെയും രക്ഷയ്ക്കുവേണ്ടി ഉണ്ടാകണമെന്നതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധയിലുള്ള വിഷയമാണ്. അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ ഓരോന്നായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സാധാരണ നിലയിൽ ജനവാസ മേഖലയിൽ ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് കയറ്റിവിടുന്ന പ്രവർത്തനമാണ് നടത്താറുള്ളത്. വനംവകുപ്പ് ഉദ്യോഗസ്ഥരും തദ്ദേശീയരും ഉൾപ്പെട്ട വിവിധ ടീമുകളെ ഇതിനോടകംതന്നെ രൂപീകരിച്ചിട്ടുണ്ട്. കോട്ടയം ഡിവിഷനിലെ പീരുമേട്, കോരുത്തോട് ഭാഗം ഹോട്ട്സ്പോട്ടായി നിർണ്ണയിക്കുകയും ടി സ്ഥലത്ത് വനംവകുപ്പിന്റെ വിവിധ വിഭാഗങ്ങളിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക ടീം രൂപീകരിച്ച് വന്യജീവി ആക്രമണം തടയാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കാട്ടുപന്നികളെ

ഉപാധികളോടുകൂടി വെടിവച്ചുകൊല്ലുന്നതിനുള്ള തീരുമാനമാണ് നിലവിലുള്ളത്. അക്രമകാരികളായ മറ്റ് വന്യമൃഗങ്ങളെ കൊല്ലാനുള്ള നിയമ ഭേദഗതി വേണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. ആ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് പറയുമ്പോൾ, പന്നികളെ കൊല്ലുന്നതിനുള്ള ഉത്തരവുപോലെതന്നെ കർശന ഉപാധികളോടുകൂടി മാത്രമേ ആ അമെന്റ്മെന്റ് പാസ്സാക്കാൻ കഴിയുകയുള്ളൂ. അവകാശമുണ്ട് പക്ഷെ, ഉപാധികളാണ് പ്രശ്നം. ഉപാധികളിൽ മാറ്റം വന്നാൽ മാത്രമേ കർഷകർക്ക് അത് പ്രയോഗിക്കാൻ കഴിയൂ. കാട്ടുപന്നികളെ കൊല്ലാൻ ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമുണ്ടെങ്കിലും അത് പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നില്ലെന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാവുമെന്നാണ് ഞാൻ കരുതുന്നത്. എന്നാൽ, പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 13.5 കിലോമീറ്റർ ദൂരം സോളാർ വേലിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. വന്യജീവി സാന്നിധ്യം കൂടുതലായി കാണപ്പെടുന്ന സ്ഥലങ്ങളിൽ അവയെ തടയുന്നതിന് നബാർഡിന്റെ

പദ്ധതിയിൽ ഉൾപ്പെടുത്തി 21 കിലോമീറ്റർ സോളാർ ഹാംഗിംഗ് ഫെൻസിംഗ് നിർമ്മിക്കുന്നതിനും 1.8 കിലോമീറ്റർ എലിഫെന്റ് പ്രൂഫ് ട്രെഞ്ച് നിർമ്മിക്കുന്നതിനുമായി 287.91 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സജീവ പരിഗണനയിലാണ്. അങ്ങനെ വരുമ്പോൾ 30 കിലോമീറ്ററിലധികം വരുന്ന അങ്ങയുടെ മണ്ഡലത്തിന്റെ വനാതിർത്തി ഏതാണ്ട് സംരക്ഷിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. സോളാർ വേലിയുടെ പ്രവർത്തനം കൃത്യമായി നിരീക്ഷിക്കുന്നതിനും ആക്രമണമുണ്ടായാൽ തടയുന്നതിനും തദ്ദേശീയരെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി വാർഡുതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സോളാർ വേലിയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും ഈ സമിതികളുടെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്. ജനകീയ പങ്കാളിത്തത്തോടുകൂടിയാണ് ഈ പ്രതിരോധ പ്രവർത്തനം നടത്തുന്നത് എന്ന് പ്രത്യേകമായി സൂചിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇപ്രകാരം പ്രസ്താവിച്ചത്. പ്രശ്നബാധിത പ്രദേശങ്ങളിൽ പ്രദേശവാസികളെ പങ്കെടുപ്പിച്ച് ജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അധികൃതരുമായി കൂടിയാലോചിച്ച് തുടർന്നും അത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള

നടപടി സ്വീകരിച്ചുവരുന്നുണ്ട്. മരണപ്പെട്ടവർക്ക് അടിയന്തര സഹായമായി സർക്കാർ ആദ്യ ഗഡു നൽകിയിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ മറ്റു ഗഡുക്കൾ നൽകാൻ കഴിയൂ എന്ന കാര്യം അനുഭവസമ്പത്തുള്ള അങ്ങേയ്ക്ക് അറിയാമെന്നാണ് ഞാൻ കരുതുന്നത്. ഈ മേഖലയ്ക്ക് സർക്കാർ പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്.

**11.00 AM]**

(9) <u>ചെങ്ങമനാട് ബിവറേജസ് ഔട്ട്ലെറ്റ് മാറ്റുന്നതിനുള്ള നടപടി</u>

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, അതീവഗൗരവമുള്ള ഒരു ജനകീയ പ്രശ്നമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 21-08-2023-ന് എന്റെ നാട്ടിലെ കോട്ടായി എന്ന പ്രദേശത്ത് ഒരു പുതിയ ബിവറേജസ് ഔട്ട്ലെറ്റ് ആരംഭിച്ചു. ഈ പ്രദേശത്തിന്റെ തൊട്ടടുത്ത പ്രദേശത്തുണ്ടായിരുന്ന ബിവറേജസ് ഔട്ട്ലെറ്റ് ജനങ്ങളുടെ പ്രതിഷേധത്തിന്റെ ഭാഗമായി മാറ്റിയിരുന്നു. ആ ബിവറേജസ് ഔട്ട്ലെറ്റാണ് ഇപ്പോൾ കോട്ടായി പ്രദേശത്ത് ആരംഭിച്ചത്. എൻ.എച്ച്-നോട് ചേർന്ന് ഈ ബിവറേജസ് ഔട്ട്ലെറ്റ് സ്ഥാപിച്ചതിനാൽ അപകടങ്ങളുണ്ടാകാനുള്ള സാധ്യത

കൂടുതലാണ്. മാത്രമല്ല, ജനങ്ങൾ നിരന്തരമായി സഞ്ചരിക്കുന്നതും ഇടപെടുന്നതുമായ പ്രദേശത്താണ് ഈ ബിവറേജസ് ഔട്ട്‌ലെറ്റ് സ്ഥാപിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് അവിടെ വലിയ ജനകീയ പ്രക്ഷോഭങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഈ ബിവറേജസ് ഔട്ട്‌ലെറ്റ് ആരംഭിച്ച ഉടൻതന്നെ അവിടെ മദ്യം വാങ്ങാൻ വന്നവർ പരസ്പരം ബഹളമുണ്ടാക്കുകയും അവസാനം കത്തിക്കുത്തിൽ കലാശിക്കുന്ന അവസ്ഥയിലേയ്ക്ക് എത്തുകയും ചെയ്തതോടുകൂടി അവിടെയുള്ള സ്ത്രീകളും കുട്ടികളുമടക്കമുള്ളവർക്ക് ഭയവും പരിഭ്രാന്തിയും ഉണ്ടായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അവിടെ ജനകീയ സമിതി രൂപീകരിച്ചു. അതിൽ എല്ലാ രാഷ്ട്രീയപാർട്ടികളും സംഘടനകളും റെസിഡൻസ് അസോസിയേഷനുകളും ഉൾപ്പെട്ടിട്ടുണ്ട്. അവിടെ അവർ സംയുക്തമായി ജനകീയ പ്രക്ഷോഭം ആരംഭിച്ചിരിക്കുകയാണ്. 21-08-2023-ന് ഈ ഔട്ട്‌ലെറ്റ് ആരംഭിച്ചപ്പോൾതന്നെ ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ കത്ത് നൽകുകയും അദ്ദേഹം ആലുവയിൽ വന്നപ്പോൾ ഞാൻ നേരിട്ട് സംസാരിക്കുകയും ചെയ്തതാണ്. ഇന്നലെ ഇതുസംബന്ധിച്ച് ജനകീയ സമിതി ഒപ്പ് ശേഖരണം

നടത്തുകയും അത് പെറ്റീഷനോടൊപ്പം ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ആ പ്രദേശത്ത് വലിയ പ്രതിഷേധത്തിനിടയാക്കിയ സംഭവമാണിത്. ആയതിനാൽ ജനവികാരം മനസ്സിലാക്കി ഈ ഔട്ട്‌ലെറ്റ് എത്രയുംവേഗം അവിടെനിന്നും മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (**ശ്രീ. എം. ബി. രാജേഷ്**): സർ, എറണാകുളം ഡിവിഷനിലെ എഫ്.എൽ. 17033 അത്താണി ഷോപ്പ് 21-08-2023-നാണ് പ്രവർത്തനമാരംഭിച്ചത്. നിയമപ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിക്കുന്ന കെട്ടിടത്തിലാണ് ഈ ഷോപ്പിന് ലൈസൻസ് നൽകിയത്. ഷോപ്പിന്റെ ഏറ്റവും അടുത്ത ഒബ്ജക്ഷണബിളായിട്ടുള്ള സ്ഥാപനം 500 മീറ്റർ പടിഞ്ഞാറ് മാറിയുള്ള ഒരു പള്ളിയാണ്. ഈ സ്ഥാപനത്തിന്റെ വടക്കേ അതിരിൽ ശ്രീ. സെയ്ദ് മുഹമ്മദ് എന്നയാളുടെ സ്ഥലവും തെക്കുകിഴക്ക് അതിരുകളിൽ മാർക്കറ്റിംഗ് ഫെഡറേഷന്റെ വക സ്ഥലവും പടിഞ്ഞാറേ അതിരിൽ എൻ.എച്ച്. 544-ന്റെ സർവ്വീസ് റോഡുമാണുള്ളത്. ഈ ഷോപ്പ് പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യങ്ങളും

പാർക്കിംഗ് സൗകര്യവും അവിടെ ലഭ്യമാണ്. ഷോപ്പിന്റെ സമീപത്ത് ജനകീയ സമരങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല, ഈ ഷോപ്പ് തുറന്നശേഷം ഇതിന്റെ പരിസരത്ത് തല്ല്, ബഹളം, കത്തിക്കുത്ത് എന്നിവയുണ്ടായതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാതരത്തിലും നിയമപരമായാണ് ഈ ഷോപ്പിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഷോപ്പിന്റെ പരിസരത്ത് അനിഷ്ടസംഭവങ്ങളുണ്ടാകാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(10) ഭിന്നശേഷിക്കാരുടെ സ്വയംതൊഴിൽ ഉൽപ്പന്നങ്ങളുടെ വിൽപ്പന

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, സംസ്ഥാനത്തെ ഭിന്നശേഷിക്കാരും അപകടങ്ങൾ, മറ്റു മാരകരോഗങ്ങൾ പിടിപെട്ട് ചലനശേഷി നഷ്ടപ്പെട്ടവരും ഉപജീവനത്തിനായി സ്വയംതൊഴിലിലൂടെ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നുണ്ട്. ഭക്ഷ്യോൽപ്പന്നങ്ങൾ, കറിപൗഡറുകൾ, അച്ചാറുകൾ, കുടകൾ, വിവിധ കരകൗശല വസ്തുക്കൾ, സോപ്പ്, സോപ്പുപൊടി, ലോഷനുകൾ തുടങ്ങി

നിരവധി ഉൽപ്പന്നങ്ങളാണ് ഇത്തരത്തിൽ നിർമ്മിക്കപ്പെടുന്നത്. എന്നാൽ, ഇവയ്ക്ക് നിലവിൽ പ്രചാരത്തിലുള്ള ബഹുരാഷ്ട്ര കമ്പനികളുടെ ഉൽപ്പന്നങ്ങൾക്കൊപ്പം സ്വകാര്യ സൂപ്പർമാർക്കറ്റുകളിൽ പിടിച്ചുനിൽക്കാനാവശ്യമായ ട്രേഡ് നെയിമോ പരസ്യങ്ങളോ നൽകാൻ കഴിയാത്തതിനാൽ വിപണി ലഭിക്കാത്ത സാഹചര്യമാണുള്ളത്. മികച്ച ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളാണ് ഇവർ നിർമ്മിക്കുന്നത്. മറ്റു ജോലികൾ ചെയ്യാൻ ശാരീരിക പരിമിതികൾ ഇവരെ അനുവദിക്കാത്തതിനാൽ ഈ കുടുംബങ്ങൾ സാമ്പത്തിക ബുദ്ധിമുട്ടിലാണ്. ആയതിനാൽ ഇവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ സർക്കാർ ബ്രാൻഡിൽ പുറത്തിറക്കി സർക്കാർ നിയന്ത്രണത്തിലുള്ള സഹകരണ സൂപ്പർമാർക്കറ്റുകൾ, സപ്ലൈകോ എന്നിവ വഴി വിൽപ്പന നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ച് സംസ്ഥാനത്തെ ഭിന്നശേഷിക്കാരെയും അവരുടെ കുടുംബത്തെയും സഹായിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും അവരെ മുഖ്യധാരയിലേയ്ക്ക്

ഉയർത്തികൊണ്ടുവരുന്നതിനുമായി സംസ്ഥാന സർക്കാർ നിരവധി ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. വരുമാനദായകമായ സ്വയംതൊഴിൽ പദ്ധതികളിലേയ്ക്ക് അവരെ കൈപിടിച്ച് കൊണ്ടുപോകുന്നതിനുള്ള ശ്രമങ്ങൾ എല്ലാ ഏജൻസികളിലൂടെയും നടപ്പിലാക്കുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വൊക്കേഷണൽ പരിശീലന കേന്ദ്രങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, വികലാംഗക്ഷേമ കോർപ്പറേഷൻ, സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന വിവിധ എൻ.ജി.ഒ.-കൾ എന്നിവയിലൂടെ നിരവധി തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായി നൽകിവരുന്നുണ്ട്. ഭർത്താവ് ഉപേക്ഷിച്ചതോ മരണപ്പെട്ടതോ ആയ തീവ്ര ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്ന മാതാവിന്, സ്ത്രീകളായ രക്ഷിതാവിന് സ്വയം തൊഴിൽ ചെയ്യാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് മുഖേന 'സ്വാശ്രയ' പദ്ധതിയുടെ കീഴിൽ ഒറ്റത്തവണ ധനസഹായം നൽകി വരുന്നു. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ സർക്കാർ ധനസഹായത്തോടുകൂടി സന്നദ്ധസംഘടനകൾ വിവിധ തൊഴിൽ പരിശീലന

പദ്ധതികൾ നടപ്പാക്കുകയും വീടുകളിൽ ഇരുന്നുകൊണ്ട് ചെയ്യാവുന്ന സ്വയംതൊഴിൽ പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ വികലാംഗക്ഷേമ കോർപ്പറേഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേന ഭിന്നശേഷിക്കാരായവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പകളും സർക്കാർ നൽകിവരുന്നുണ്ട്. നിലവിൽ സപ്ലൈകോയുടെ ഹൈപ്പർ മാർക്കറ്റ്/ പീപ്പിൾസ് ബസാർ/ സൂപ്പർമാർക്കറ്റ് ശ്രേണിയിലുള്ള വിൽപ്പന ശാലകളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ സപ്ലൈകോയും കുടുംബശ്രീ മിഷനുമായുള്ള കരാറനുസരിച്ച് പ്രത്യേകം റാക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ഭിന്നശേഷി വിഭാഗക്കാർ ഉൽപ്പാദിപ്പിക്കുന്ന വിവിധ ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വിൽപ്പന സാധ്യതയും കണക്കിലെടുത്ത് കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്ന രീതിയിൽ സർക്കാർ/സഹകരണ/സപ്ലൈകോ സ്ഥാപനങ്ങൾ മുഖേന വിൽപ്പന നടത്തി ഭിന്നശേഷിക്കാരായ വ്യക്തികളെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം സ്വാഗതാർഹമാണ്, അത് നല്ല നിർദ്ദേശമാണ്. അക്കാര്യം

പരിഗണിക്കാവുന്നതാണ്. നിലവിൽ ഭിന്നശേഷി വിഭാഗക്കാർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഒരു സൂപ്പർമാർക്കറ്റ് നിപ്മറിനോട് ചേർന്ന് സജ്ജമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ വിലയേറിയ നിർദ്ദേശത്തിന് നന്ദി രേഖപ്പെടുത്തുന്നു. തീർച്ചയായും പ്രസ്തുത നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

(11) സ്കൂൾ പാചകത്തൊഴിലാളികളുടെ ആനുകൂല്യം

ശ്രീ. എം. നൗഷാദ്: സർ, കേരളത്തിലെ സ്കൂളുകളിലെ പാചകത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കേരളത്തിലെ 4697 ഗവൺമെന്റ് സ്കൂളുകളിലും 7214 എയ്ഡഡ് സ്കൂളുകളിലുമായി 11,911 സ്കൂളുകളിലെ പ്രൈമറി തലം മുതൽ 8-ാം സ്റ്റാൻഡേർഡ് വരെയുള്ള കുട്ടികൾക്ക് ഭക്ഷണം തയ്യാറാക്കുന്ന ജോലിയാണ് ഇവർക്കുള്ളത്. കേരളത്തിൽ ആകെ 13,611 സ്കൂൾ പാചകത്തൊഴിലാളികളാണുള്ളത്. ഇവരുടെ ദിവസവേതനം 600 രൂപയാണ്. 500 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ ഒരു പാചകത്തൊഴിലാളി

മാത്രമാണ് നിലവിലുള്ളത്. 500-ലധികം കുട്ടികളുള്ള സ്കൂളുകളിൽ ഒരു തൊഴിലാളി കൂടിയാകാം. 500 വിദ്യാർത്ഥികൾക്ക് ഊണ് തയ്യാറാക്കുന്നതിന്റെ (രണ്ട് കറികൾ ഉൾപ്പെടെ) ബുദ്ധിമുട്ട് നമുക്കറിയാം. 500 പേർക്കുള്ള ഭക്ഷണം തയ്യാറാക്കാൻ ഒരാൾക്ക് ഒറ്റയ്ക്ക് സാധിക്കുകയില്ല. അതുപോലെ 70-ഉം 75-ഉം വയസ്സ് പ്രായമായവർ ഇപ്പോഴും ഈ തൊഴിലിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്, അവർക്ക് നിരവധി ശാരീരിക ബുദ്ധിമുട്ടുകളുണ്ട്. കായികശേഷിയുള്ളവരാണെങ്കിൽപ്പോലും ഒരാൾക്ക് ഒറ്റയ്ക്ക് ഈ ജോലി നിർവ്വഹിക്കാൻ കഴിയില്ല. ആയതിനാൽ അവർ മറ്റുള്ളവരെ സഹായത്തിന് വിളിച്ചുകൊണ്ടാണ് ഈ ജോലി നിർവ്വഹിക്കുന്നത്. പാചകത്തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനത്തിൽനിന്നും അവർക്കും ഒരു വിഹിതം നൽകേണ്ടതായി വരുന്നുണ്ട്. പാചകത്തൊഴിലാളികളുടെ ദിവസവേതനം 600 രൂപയാണെങ്കിലും യഥാർത്ഥത്തിൽ ടി തുക മുഴുവനും അവരുടെ കൈകളിൽ എത്തുന്നില്ല. പ്രായാധിക്യത്താൽ

ബുദ്ധിമുട്ടുന്നവരുമുണ്ട്. അവരെല്ലാം ഈ ഗവൺമെന്റിൽ പ്രതീക്ഷയർപ്പിച്ചാണ് നിൽക്കുന്നത്. അവർക്ക് റിട്ടയർമെന്റ് പ്രായം നിശ്ചയിച്ച് മാന്യമായ പെൻഷൻ നൽകാൻ കഴിയുമോ, അതല്ലെങ്കിൽ അവരുടെ സേവന കാലാവധി കണക്കാക്കി ഒറ്റത്തവണയായി റിട്ടയർമെന്റ് ആനുകൂല്യം നൽകാൻ കഴിയുമോ എന്നത് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കണം. 500 കുട്ടികളെന്നുള്ളത് 250 ആക്കി മാറ്റാൻ കഴിയുമോ എന്നത് സർക്കാർ ഗൗരവമായി പരിശോധിക്കണം. പാചകത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. സ്കൂൾ പാചകത്തൊഴിലാളികളെ നിശ്ചിത ഓണറേറിയം

വ്യവസ്ഥയിൽ അതത് സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയാണ് തെരഞ്ഞെടുക്കുന്നത്. ചില സ്ഥലത്ത് പേരന്റ് - ടീച്ചേഴ്സ് അസോസിയേഷൻ സംയുക്തമായാണ് ഈ നടപടിക്രമം പൂർത്തീകരിക്കുന്നത്. നിലവിൽ പാചകത്തൊഴിലാളികൾക്ക് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ല. 18 മുതൽ 80 വയസ്സുവരെ പ്രായമുള്ള പാചകത്തൊഴിലാളികൾ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ ജോലി ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഒരു വ്യക്തിയെക്കൂടി നിയോഗിച്ചുകൊണ്ടാണ് പാചകത്തൊഴിലാളികൾ പാചകം പൂർത്തീകരിക്കുന്നത് എന്ന കാര്യം സത്യമാണ്. ഇവർക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പ്രതിമാസ ഓണറേറിയം 1000 രൂപ മാത്രമാണ്. അതിൽ 600 രൂപ കേന്ദ്ര വിഹിതവും 400 രൂപ സംസ്ഥാന വിഹിതവുമാണ്. എന്നാൽ കേരളത്തിലെ പാചകത്തൊഴിലാളികൾക്ക് പ്രതിദിനം മിനിമം 600 രൂപയും പരമാവധി 675 രൂപയുമാണ് ഓണറേറിയമായി നൽകുന്നത്. അത് കൂട്ടുമ്പോൾ പ്രതിമാസം 10,000 മുതൽ 15,000 രൂപ വരെ ഇവർക്ക്

ലഭിക്കുന്നുണ്ട്. ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവരായതിനാൽ ഇവർക്ക് പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. സ്കൂൾ പാചകത്തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്ന് യാതൊരു നിർദ്ദേശവും വന്നിട്ടില്ല. എങ്കിൽപ്പോലും ഇത്രയും കുട്ടികളുടെ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന തൊഴിലാളികളുടെ അദ്ധ്വാനത്തെ ഗവൺമെന്റ് മാനിക്കുകയാണ്. ഉച്ചഭക്ഷണ പദ്ധതിയെ സംബന്ധിച്ചിടത്തോളം റീ-അറേഞ്ച്മെന്റ് നടത്തുന്നതിന് ഗവൺമെന്റ് ആലോചിക്കുകയാണ്. ചിലയിടങ്ങളിൽ പ്രഭാതഭക്ഷണം നൽകുന്നതിനും പാചകത്തൊഴിലാളികളാണ് സഹായിക്കുന്നത്. നിലവിലുള്ള നിയമം അനുസരിച്ച് പാചകത്തൊഴിലാളികൾക്ക് പെൻഷൻപ്രായം നിശ്ചയിച്ച് പെൻഷനോ വൺടൈം റിട്ടയർമെന്റ് ആനുകൂല്യമോ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ, സ്കൂൾ ഉച്ചഭക്ഷണ പദ്ധതി സംബന്ധിച്ച് സമഗ്ര ചർച്ച നടത്തുന്ന അവസരത്തിൽ

പാചകത്തൊഴിലാളികളുടെ കാര്യത്തിൽ മനുഷ്യത്വപരമായി എന്ത് ചെയ്യാൻ സാധിക്കുമെന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാം.

(12) പാപ്പിനിശ്ശേരി ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. വി. സുമേഷ്: സർ, ഏതാണ്ട് 150-ഓളം രോഗികൾ പ്രതിദിനം എത്തുന്ന പാപ്പിനിശ്ശേരി ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം പ്രതിസന്ധിയിലാണ്. മറ്റിടങ്ങളിൽനിന്ന് റഫറലായി വരുന്ന രോഗികളുടെ പ്രധാന കേന്ദ്രമായ പാപ്പിനിശ്ശേരി ഇ.എസ്.ഐ. ആശുപത്രിയിൽ ലാബ് അസിസ്റ്റന്റോ നഴ്സിംഗ് അസിസ്റ്റന്റോ ഇല്ല. ആക്സിലറി നഴ്സ് ആൻഡ് മെഡിസിൻ വിഭാഗത്തിൽ 2 പേരാണ് ആവശ്യമായിട്ടുള്ളത്, എന്നാൽ ഒരാൾതന്നെ എല്ലാ കാര്യങ്ങളും നിർവ്വഹിക്കേണ്ട അവസ്ഥയാണ് അവിടെയുള്ളത്. നെയ്ത്തുതൊഴിലാളികളുടെ പ്രധാന മേഖലയായതിനാൽ ഞായറാഴ്ച ദിവസങ്ങളിൽ പാപ്പിനിശ്ശേരി ഇ.എസ്.ഐ. ആശുപത്രിയിൽ നിരവധി തൊഴിലാളികൾ വരും. എന്നാൽ, ചില ഘട്ടങ്ങളിൽ ആശുപത്രി അടച്ചിടേണ്ട സാഹചര്യംപോലും ഉണ്ടാകുന്നുണ്ട്. ഇത് ആശുപത്രിയുടെ പ്രവർത്തനത്തെ ഗുരുതരമായി

ബാധിക്കുന്നുണ്ട്. ആയതിനാൽ ഈ പ്രതിസന്ധി പരിഹാരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ കീഴിൽ പാപ്പിനിശ്ശേരിയിലുള്ള ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ 17 തസ്തികകളാണ് നിലവിലുള്ളത്. അവ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ - 2, സീനിയർ ക്ലാർക്ക് - 1, ഓഫീസ് അസിസ്റ്റന്റ് - 1, ഫാർമസിസ്റ്റ് - 1, ആക്സിലറി നഴ്സ് & മിഡ്‌വൈഫ് - 2, നഴ്സിംഗ് ഓഫീസർ - 1, നഴ്സിംഗ് അസിസ്റ്റന്റ് - 1, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II –3, ലാബ് ടെക്നീഷ്യൻ - 1, പാർട്ട് ടൈം സ്വീപ്പർ - 1, ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഹോമിയോ) - 1, ഫാർമസിസ്റ്റ് (ഹോമിയോ) - 1 എന്നിങ്ങനെയാണ്. ഇതിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ആക്സിലറി നഴ്സ് & മിഡ്‌വൈഫ്, ഫാർമസിസ്റ്റ് എന്നീ തസ്തികകളിൽ ഓരോ ഒഴിവുകൾ വീതം നിലവിലുണ്ട്. ആക്സിലറി നഴ്സ് & മിഡ്‌വൈഫ് തസ്തികയിലെയും ഫാർമസിസ്റ്റ്

തസ്തികയിലെയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫാർമസിസ്റ്റ് തസ്തികയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ കണ്ണൂർ പി.എസ്.സി.-യിൽ നിന്ന് നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി തൽക്കാലിക നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ മേൽപ്പറഞ്ഞ ഒഴിവുകളിലേയ്ക്ക് മറ്റ് സ്ഥാപനങ്ങളിൽനിന്ന് വർക്കിംഗ് അറേഞ്ച്മെന്റിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലെ ഒഴിവിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. ലാബ് ടെക്നീഷ്യൻ തസ്തികയിൽ ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അവിടത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശോധന നടത്തേണ്ടതുണ്ട്. ശ്രീ. കെ. വി. സുമേഷിനെയും പാപ്പിനിശ്ശേരി ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനപരിധിയിലുള്ള ജനപ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു യോഗം ചേർന്ന് ഇതിൽ എന്തെങ്കിലും

കുറവുകൾ ഉണ്ടെങ്കിൽ പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(13) റേഷൻ കടകൾക്കുള്ള കമ്മീഷൻ

ശ്രീ. ജി. സ്റ്റീഫൻ: സർ, കേരളത്തിലെ പൊതുവിതരണരംഗത്ത് സജീവ സാന്നിദ്ധ്യമായ റേഷൻകട ഉടമകളെയും അവിടത്തെ തൊഴിലാളികളെയും ബാധിക്കുന്ന പ്രധാന വിഷയമാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. കോവിഡ് കാലഘട്ടത്തിൽ സർക്കാർ സൗജന്യമായി നൽകിയ ഭക്ഷ്യക്കിറ്റുകൾ സംസ്ഥാനത്തെ അംഗീകൃത റേഷൻ കടകൾ വഴിയാണ് പൊതുജനങ്ങൾക്ക് മുടക്കംകൂടാതെ ഗവൺമെന്റ് വിതരണം ചെയ്തത്. രാജ്യത്തുതന്നെ ശ്രദ്ധപിടിച്ചുപറ്റിയ സൗജന്യക്കിറ്റ് വിതരണത്തിലും അതിന്റെ ക്രമീകരണങ്ങൾക്കും സംസ്ഥാനത്തെ റേഷൻകട ഉടമകൾ മുൻനിരയിൽതന്നെയുണ്ടായിരുന്നു. കിറ്റ് സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി റേഷൻ വ്യാപാരികൾക്ക് ധാരാളം തുക ചെലവായിട്ടുണ്ട്. വാടകയ്ക്ക് കടമുറികളെടുത്തും പ്രത്യേക ജീവനക്കാരെ നിയോഗിച്ചുമാണ് ഭൂരിഭാഗം റേഷൻ കടയുടമകളും കിറ്റ്

വിതരണത്തിൽ സർക്കാരിനോട് സഹകരിച്ചത്. ഒരു സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണത്തിന് 5 രൂപ നിരക്കിലുള്ള കമ്മീഷൻ റേഷൻകടയുടമകൾക്ക് നൽകാമെന്ന ഉറപ്പ് സർക്കാർ പ്രഖ്യാപിച്ചിരുന്നു. 2020 ഏപ്രിൽ-മേയ് മാസങ്ങളിൽ വിതരണം നടത്തിയ കിറ്റുകൾക്ക് 5,91,36,112 രൂപയും ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ വിതരണം നടത്തിയ കിറ്റുകൾക്ക് 4,68,92,680 രൂപയും സർക്കാർ വിതരണം ചെയ്തിരുന്നു. ഇത് റേഷൻകട ഉടമകൾക്കും ജീവനക്കാർക്കും ആശ്വാസമായിരുന്നു. തുടർന്ന് സാമ്പത്തിക പ്രതിസന്ധിക്കിടയിലും 2022 മേയ് മാസം വിതരണം ചെയ്ത 8529,179 കിറ്റുകളുടെ കമ്മീഷൻ തുകയും അനുവദിച്ചിട്ടുണ്ട്. ഇനി 11 മാസത്തെ കിറ്റ് നൽകിയതിന്റെ കമ്മീഷൻ തുകകൂടി ഇവർക്ക് ലഭിക്കാനുണ്ട്. 14,257 റേഷൻകട തൊഴിലാളികൾക്കാണ് ഈ ആനുകൂല്യം ലഭിക്കേണ്ടത്. കോവിഡ് കാലഘട്ടത്തിൽ അതിജീവനക്കിറ്റുകൾ വിതരണം ചെയ്യുന്നതിനായി റേഷൻ വ്യാപാരികൾ ചെയ്ത പ്രവൃത്തികൾ പ്രത്യേകം പരിഗണിക്കേണ്ടതാണ്. ലോക്ഡൗൺ കാരണം സർവ്വ തൊഴിൽമേഖലയും സ്തംഭിച്ച ഘട്ടത്തിൽ സ്വജീവൻ ത്യജിച്ചുകൊണ്ടാണ് റേഷൻകട

തൊഴിലാളികൾ സർക്കാരിന്റെ കിറ്റ് വിതരണത്തിനുവേണ്ടി മുന്നോട്ടുവന്നത്. ഇവർക്കുണ്ടായ സാമ്പത്തിക ബാദ്ധ്യത താങ്ങാവുന്നതിലും അപ്പുറമായിരുന്നു. നിരവധി റേഷൻകട ലൈസൻസികളും തൊഴിലാളികളും കോവിഡ് കാലഘട്ടത്തിൽ ഈ പ്രവർത്തനം ഏറ്റെടുക്കുന്നതിനിടയിൽ മരണപ്പെട്ടുപോകുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇത് സർക്കാർ തിരിച്ചറിഞ്ഞും കണ്ടറിഞ്ഞുംതന്നെയാണ് കിറ്റിന് അഞ്ചുരൂപ നിരക്കിൽ കമ്മീഷൻ അനുവദിച്ചത്. നിരന്തരമായി അഭ്യർത്ഥന നടത്തിയിട്ടും ന്യായമായി ഇവർക്ക് ലഭിക്കേണ്ട കമ്മീഷൻ തുക മുഴുവനായി കിട്ടാത്തതിനാൽ പല സംഘടനകളും കോടതിയെ സമീപിക്കുന്ന സാഹചര്യമുണ്ടായി. ഹൈക്കോടതിയിൽനിന്നും സുപ്രീംകോടതിയിൽനിന്നും ഇവർക്ക് അനുകൂല ഉത്തരവ് ലഭിച്ചിട്ടുണ്ട്. ഇപ്പോൾ കേസ് കൊടുത്ത ഏഴ് പേർക്കുമാത്രം പതിനൊന്ന് മാസത്തെ കോവിഡ്കാല കിറ്റുവിതരണ കമ്മീഷൻ നൽകിയാൽ മതിയെന്ന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന റേഷൻകട തൊഴിലാളികൾക്ക് നിരാശയും തിരിച്ചടിയുമാണ് ഈ തീരുമാനത്തിലൂടെ ഉണ്ടായിട്ടുള്ളത്. കോവിഡ് കാലഘട്ടത്തിൽ

സർക്കാരിന്റെ കർമ്മപരിപാടികൾ നടപ്പിലാക്കുന്നതിന് ശക്തമായ പിന്തുണ നൽകിയ തൊഴിൽവിഭാഗമാണ് റേഷൻകട തൊഴിലാളികൾ. National Food Security Act നിലവിൽവന്നതിനുശേഷം വാതിൽപ്പടി മുഖേനയുള്ള സാധനവിതരണത്തിലൂടെയും ഇ-പോസ് മെഷീൻ സ്ഥാപിച്ചതിലൂടെയും ഈ രംഗത്തെ തെറ്റായ എല്ലാ പ്രവണതകളും അവസാനിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നത് സ്വാഗതാർഹമാണ്. തികച്ചും അഴിമതിരഹിതമായാണ് റേഷൻകടകൾ ഇപ്പോൾ പ്രവർത്തിക്കുന്നത്. റേഷൻകടകളെ പഴയ സാഹചര്യത്തിൽ വിലയിരുത്തുന്നത് ഉചിതമല്ല. റേഷൻ കടകളിൽ ലൈസൻസിയോടൊപ്പം ഒരു തൊഴിലാളിയും പ്രവർത്തിക്കുന്നുണ്ട്. 92 ലക്ഷം കാർഡുടമകൾക്ക് റേഷൻ വിതരണം ചെയ്യുന്ന റേഷൻകട ലൈസൻസിയെയും അവിടത്തെ തൊഴിലാളിയെയും നിരാശരാക്കുന്ന സമീപനമാണ് ഈ ഉത്തരവിലൂടെ ഉണ്ടായിട്ടുള്ളത്. ആയതിനാൽ, കോവിഡ് കാലഘട്ടത്തിൽ കിറ്റ് വിതരണം ചെയ്ത മുഴുവൻ റേഷൻകട ലൈസൻസികൾക്കും തൊഴിലാളികൾക്കും, ഇനിയും കോടതിയിലേയ്ക്ക് പോകാനിടവരുത്താതെ അവരുടെ കമ്മീഷൻ വിതരണം ചെയ്യാൻ സർക്കാർ

സത്വര നടപടി സ്വീകരിക്കണം. 14,257 റേഷൻകട ഉടമകൾക്കും ഈ തുക ലഭിക്കുന്നതിനാവശ്യമായ സഹായം ചെയ്യണം. സുപ്രീംകോടതിയുടെയും ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെയും ഡിവിഷൻ ബെഞ്ചിന്റെയും നിരീക്ഷണവും വിധിയും പ്രത്യേകമായി സർക്കാർ പരിഗണിക്കണം. ജോലി ചെയ്ത വ്യക്തിക്ക് കൂലി ലഭിച്ചിട്ടില്ലെന്ന വിമർശനം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും ശ്രദ്ധിക്കുമെന്ന് കരുതുന്നു. റേഷൻകട ഉടമകൾക്ക് കിറ്റിന്റെ കമ്മീഷൻ പൂർണ്ണമായി കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, സംസ്ഥാനത്ത് 14 തവണകളിലായി 12 കോടിയിൽപ്പരം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റേഷൻവ്യാപാരികൾ മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളത്. അക്കാര്യം ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ, കോവിഡ് മഹാമാരിയെ അതിജീവിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങളിൽനിന്നും വലിയതോതിലുള്ള സഹകരണമാണ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ളത്. സൗജന്യ

ഭക്ഷ്യക്കിറ്റ് വിതരണവുമായി ബന്ധപ്പെട്ട് കമ്മീഷൻ ഇനത്തിൽ രണ്ട് തവണകളിലായി 10 കോടിയിൽപ്പരം രൂപ റേഷൻ വ്യാപാരികൾക്ക് നൽകിയിരുന്നു. എന്നാൽ, തുടർന്നുള്ള കിറ്റുകൾക്കും കമ്മീഷൻ നൽകണമെന്ന റേഷൻ വ്യാപാരികളുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. കോവിഡ് കാലത്തെത്തുടർന്നുള്ള സർക്കാരിന്റെ സാമ്പത്തിക സാഹചര്യം കണക്കിലെടുത്ത് സൗജന്യക്കിറ്റ് വിതരണം മനുഷ്യത്വപരമായൊരു സേവനമായിക്കണ്ട് കമ്മീഷൻ നൽകണമെന്ന അവകാശവാദത്തിൽനിന്നും റേഷൻ വ്യാപാരികൾ പിന്മാറണമെന്ന് സർക്കാർ നിലപാടെടുത്തു. ഇതിനെതിരെ റേഷൻ വ്യാപാരികൾ ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചതിന്മേൽ അവർക്ക് അനുകൂലമായ വിധിയുണ്ടായി. സർക്കാർ പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തത് പരിഗണിച്ച ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 31-03-2022-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ സിംഗിൾ ബെഞ്ചിന്റെ വിധിക്കനുസൃതമായ നടപടി സ്വീകരിക്കാൻ സർക്കാരിന് ഉത്തരവ് നൽകുകയും എന്നാൽ ടി വിഷയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ള

കക്ഷികൾക്കുമാത്രം കമ്മീഷൻ നൽകിയാൽ മതിയെന്ന് നിർദ്ദേശിക്കുകയും ചെയ്തു. സുപ്രീംകോടതിയും ഹൈക്കോടതി ഡിവിഷൻ ബെഞ്ചും പുറപ്പെടുവിച്ച വിധിന്യായങ്ങളുടെ അടിസ്ഥാനത്തിലാണ് 5-9-2023-ലെ ഉത്തരവുപ്രകാരം 1965/2022, 1975/2022, 1976/2022, 2002/2022 കേസ്സുകളിൽ കക്ഷിയായിട്ടുള്ളവർക്ക് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്ത വകയിൽ കമ്മീഷൻ നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളത്. എന്നാൽ, ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്ന വിഷയമായതിനാൽ ഇതു സംബന്ധിച്ച് ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രി, മുഖ്യമന്ത്രി എന്നിവരുമായി ഉന്നതതല ചർച്ചകൾ നടത്തി പരിഹാരം കാണാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(14) <u>വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ അടിസ്ഥാനസൗകര്യ വികസനം</u>

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷനുമായി ബന്ധപ്പെട്ട് മണ്ഡലത്തിലെ പ്രധാന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനും പരിഹാരം കാണുന്നതിനും വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിയുടെ അലൈൻമെന്റ് പൂർണ്ണമാക്കാൻ കഴിയാത്തത് അകമലയിൽ നിർമ്മിക്കേണ്ട റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലം നിശ്ചയിച്ച് നൽകാത്തതുകൊണ്ടാണ്. റെയിൽവേ ഇക്കാര്യത്തിൽവരുത്തുന്ന കാലതാമസവും മെല്ലെപ്പോക്കും അവഗണനാപരമായ സമീപനവും വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന്റെ പൊതുവായ വികസനത്തെയുൾപ്പെടെ ബാധിക്കുന്നുണ്ട്. യാത്രക്കാർ ദീർഘകാലമായി ആവശ്യപ്പെടുന്ന നിരവധി ട്രെയിനുകൾക്ക് വടക്കാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിക്കുന്നില്ല. മാത്രമല്ല, കോവിഡ് കാലത്ത് നിർത്തലാക്കിയ സ്റ്റോപ്പുകൾ പുനഃസ്ഥാപിക്കുകയും ചെയ്തിട്ടില്ല. യാത്രക്കാരില്ലെന്ന പരാതിയാണ് റെയിൽവേ പലപ്പോഴും ഉന്നയിക്കുന്നത്. സ്റ്റോപ്പുകൾ അനുവദിച്ചാൽമാത്രമേ ട്രെയിനുകളിൽ യാത്രക്കാരുണ്ടാകുകയുള്ളൂ. ഷൊർണ്ണൂർ ടച്ച് ചെയ്യാതെ പാലക്കാടുവഴി പോകുന്ന എല്ലാ ട്രെയിനുകൾക്കും വടക്കാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിക്കാവുന്നതാണ്. ദീർഘകാലമായുള്ള ഈ ആവശ്യം നടപ്പാക്കപ്പെടേണ്ടതുണ്ട്. ധാരാളം യാത്രക്കാർ ആശ്രയിക്കുന്ന തലപ്പിള്ളി താലൂക്കിന്റെ ആസ്ഥാനത്തുള്ള റെയിൽവേ സ്റ്റേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, പ്ലാറ്റ്ഫോമുകൾ സ്റ്റാൻഡേർഡ്

നീളത്തിലും ഉയരത്തിലും നവീകരിക്കൽ, ഒന്നുംരണ്ടും പ്ലാറ്റ്ഫോമുകൾക്ക് പൂർണ്ണമായും മേൽക്കൂര നിർമ്മിക്കൽ, ട്രെയിനുകൾ പെട്ടെന്ന് നിർത്താൻ കഴിയുന്ന മെയിൻലൈൻ പ്ലാറ്റ്ഫോമുകളുണ്ടാക്കൽ, സ്റ്റേഷൻ കെട്ടിടം നവീകരിക്കൽ, കാത്തിരുപ്പുകേന്ദ്രം നവീകരിക്കൽ, ഭിന്നശേഷി സൗഹൃദമായി പോർട്ടിക്കോ നവീകരിക്കൽ, ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മാണം, റെസ്റ്റോറന്റ് എന്നിവ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യം കൂടുതൽ മെച്ചപ്പെടുത്തൽ, റെയിൽവേ കോളനി ഭാഗത്തേയ്ക്ക് സ്റ്റേഷൻ മുറിച്ചുകടക്കാൻ ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കൽ, പുല്ലാണിക്കാട് പഴയ റെയിൽവേ ഗേറ്റിന്റെ ഭാഗത്ത് അടിപ്പാത നിർമ്മിക്കൽ തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി സംസ്ഥാന ഗവൺമെന്റ് കൂടുതൽ ഇടപെടലുകൾ നടത്തണം.

ന്യൂനപക്ഷക്ഷേമം കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷനുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ NSG-5 കാറ്റഗറിയിലുള്ളതാണ്. റെയിൽവേയുടെ വിലയിരുത്തൽ പ്രകാരം പ്രതിദിനം 923 യാത്രക്കാരും സീസൺ ടിക്കറ്റുകാരുടെ എണ്ണം 15-ഉം മാത്രമാണ്. നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമായ

എല്ലാ സൗകര്യങ്ങളും റെയിൽവേ സ്റ്റേഷനിലുണ്ടെന്നാണ് റെയിൽവേ ഡിവിഷണൽ മാനേജർ അറിയിച്ചിട്ടുള്ളത്. കോവിഡ് മഹാമാരിക്കുശേഷം ട്രെയിൻ സർവ്വീസുകൾ പുനഃസ്ഥാപിച്ചപ്പോൾ സീറോ ബെയ്സ്ഡ് ടൈം ടേബ്ലിംഗിന്റെ ഭാഗമായി യാത്രക്കാർ കുറവുള്ള സ്റ്റോപ്പുകൾ ഒഴിവാക്കിയിരുന്നു. അമൃത് ഭാരത് സ്കീമിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ പുനർനിർമ്മിക്കാൻ റെയിൽവെ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്ലാറ്റ്ഫോം ഷെൽട്ടറുകൾ വികസിപ്പിക്കുക, സ്റ്റേഷൻ കെട്ടിടം, കാത്തിരിപ്പ് കേന്ദ്രം, ഭിന്നശേഷി സൗഹൃദ പോർട്ടിക്കോ എന്നിവയുടെ നവീകരണം ഉൾപ്പെടെയുള്ള വടക്കാഞ്ചേരി സ്റ്റേഷന്റെ സമഗ്ര വികസനത്തിനാണ് പദ്ധതികൾ അമൃത് ഭാരത് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഷൊർണ്ണൂർ ടച്ച് ചെയ്യാതെ പാലക്കാട് വഴി പോകുന്ന എല്ലാ ട്രെയിനുകൾക്കും വടക്കാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിക്കുന്ന വിഷയം റെയിൽവേ ബോർഡ് തീരുമാനിക്കേണ്ടതാണ്. റെയിൽവേ കോളനി ഭാഗത്തേയ്ക്ക് പോകുന്നവർക്ക് വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ സുരക്ഷിതമായി മുറിച്ച് കടക്കുന്നതിന് ഫുട്ട് ഓവർബ്രിഡ്ജ് നിർമ്മിക്കുന്നത് സംബന്ധിച്ച് നിലവിൽ പ്രോപ്പോസലുകളൊന്നുമില്ല. അത് പ്രായോഗികമാകുന്ന പക്ഷം ഡെപ്പോസിറ്റ് സ്കീമിൽ പരിഗണിച്ച് ഫുട്ട് ഓവർ

ബ്രിഡ്ജ് നിർമ്മിക്കാമെന്നുള്ളതാണ്. പുല്ലാനിക്കാട് ഭാഗത്തേക്ക് പോകാൻ ഉപയോഗിച്ചിരുന്ന പഴയ റയിൽവേ ഗേറ്റിന്റെ സ്ഥാനത്ത് അടിപ്പാത നിർമ്മിക്കുന്ന വിഷയവും ഡെപ്പോസിറ്റ് സ്കീമിന് കീഴിൽ പരിഗണിക്കാവുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. സാധാരണയായി ഒരു സ്റ്റേഷനിൽ എസ്കലേറ്റർ സ്ഥാപിക്കുന്നതിന് പ്രതിദിനം ശരാശരി 25000 യാത്രക്കാർ ആവശ്യമാണ്. എന്നാൽ വടക്കാഞ്ചേരിയിൽ പ്രതിദിനം ശരാശരി യാത്രക്കാരുടെ എണ്ണം 1000-ൽ താഴെയാണെന്നിരിക്കെ ഇപ്പോൾ സ്റ്റേഷനിൽ എസ്കലേറ്റർ സ്ഥാപിക്കുന്നത് പ്രായോഗികമല്ല എന്നാണ് റെയിൽവേയുടെ അഭിപ്രായം. ഈ വിഷയവും ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചിരുന്നു. അകമല റെയിൽവേ ഓവർ ബ്രിഡ്ജിനായുള്ള സ്ഥലം റെയിൽവേ സ്ഥിരീകരിച്ചു നൽകുന്നത് സംബന്ധിച്ച വിഷയത്തിലും അടിയന്തരമായി അനുകൂല നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 05-09-23-ന് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കേരളത്തിൽ നിന്നും കത്തയച്ചിട്ടുണ്ട്.

**(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)**

(15) ജസ്റ്റിസ് ജെ. ബി. കോശി റിപ്പോർട്ടിന്മേൽ തുടർനടപടി

ശ്രീ. റോജി എം. ജോൺ: സർ, കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥ പഠിച്ച് വിവിധ ക്ഷേമ പദ്ധതികൾ നിർദ്ദേശിക്കാൻ 2020-ൽ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ട് മാസങ്ങൾ പിന്നിട്ടു. കഴിഞ്ഞ മേയ് 17-ാം തീയതി കമ്മീഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് റിപ്പോർട്ട് നൽകിയെങ്കിലും തുടർനടപടികൾ ഇതുവരെ ഉണ്ടായിട്ടില്ല. സർക്കാർ റിപ്പോർട്ട് ഇതുവരെ പുറത്തുവിട്ടിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. നിരവധി സിറ്റിംഗുകൾ നടത്തി വിശദമായ റിപ്പോർട്ടാണ് കമ്മീഷൻ തയ്യാറാക്കിയിരിക്കുന്നത്. 306 പേജുകളിൽ രണ്ട് വാല്യങ്ങളായി തയ്യാറാക്കിയ റിപ്പോർട്ടിൽ 500 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയാണ് സർക്കാരിന് നൽകിയിരിക്കുന്നതെന്ന് മാധ്യമങ്ങളിലൂടെ അറിയാൻ കഴിഞ്ഞു. കേരളത്തിലെ സവിശേഷ സാമൂഹ്യ/രാഷ്ട്രീയ സാഹചര്യങ്ങളിൽ ക്രൈസ്തവ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന പലതരത്തിലുമുള്ള പ്രശ്നങ്ങൾക്ക്

പരിഹാരമാവുമെന്ന ചിന്തയിലാണ് കമ്മീഷൻ രൂപീകരിക്കപ്പെട്ടത്. ആയതിനാൽ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാനായി 05-11-2020-ലെ സ.ഉ. (എം.എസ്)നം. 214/2020/ആഭ്യന്തരം പ്രകാരം രൂപീകൃതമായ ജസ്റ്റിസ് (റിട്ട.) ജെ. ബി. കോശി കമ്മീഷൻ പഠനം പൂർത്തിയാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത റിപ്പോർട്ട് ആഭ്യന്തര വകുപ്പിൽനിന്നും ന്യൂനപക്ഷക്ഷേമ വകുപ്പിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പൊതുവായ പ്രശ്നങ്ങൾ, ലത്തീൻ കത്തോലിക്കർ, പരിവർത്തിത ക്രൈസ്തവർ എന്നിവർ അഭിമുഖീകരിക്കുന്ന വിഷയങ്ങൾ, കുട്ടനാട്ടിലേയും മലയോര പ്രദേശങ്ങളിലേയും തീരദേശ മേഖലയിലേയും

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിമിതികളും ഉൾക്കൊണ്ടുകൊണ്ട് ഇവിടങ്ങളിൽ അധിവസിക്കുന്ന ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനും വിവിധ തലങ്ങളിൽ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള സമഗ്രനിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ റിപ്പോർട്ടാണ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ളത്. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക പിന്നാക്കാവസ്ഥ മറികടക്കുന്നതിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിലേക്കായി 09-02-2021-ലെ ജി.ഒ. (എം.എസ്) നം. 32/2021/ഹോം പ്രകാരം കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ ചുവടെ ചേർക്കും പ്രകാരം നിശ്ചയിച്ച് ഉത്തരവായിരുന്നു.

**എ. വിദ്യാഭ്യാസം**

1. ന്യൂനപക്ഷമെന്ന നിലയിൽ വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുകയോ അനുഭവിക്കുകയോ ചെയ്യുന്ന പ്രശ്നങ്ങൾ ഏതൊക്കെ?

2. മറ്റ് ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്നതോ സർക്കാർ നൽകുന്നതോ ആയ സഹായങ്ങളും ആനുകൂല്യങ്ങളും താരതമ്യപ്പെടുത്തുമ്പോൾ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് അവയെല്ലാം ന്യായമായ രീതിയിലും തോതിലും ലഭിക്കുന്നുണ്ടോ; ഏതെങ്കിലും തരത്തിലുള്ള പക്ഷപാതപരമായ വിവേചനം അവർ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അത് ഏതൊക്ക രീതിയിലാണ്; അത് എങ്ങനെ പരിഹരിക്കാം?

3. വിദ്യാഭ്യാസ മേഖലയിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാം; ഉന്നതവിദ്യാഭ്യാസ മേഖലയിൽ അവർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അവ എങ്ങനെ പരിഹരിക്കാം?

**ബി. സാമ്പത്തികം**

1. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളിൽ സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്നവരുണ്ടോ; അവർ ഏതൊക്കെ വിഭാഗങ്ങളിൽപ്പെടുന്നവരാണ്; അവർ സാമൂഹിക പിന്നോക്കാവസ്ഥ നേരിടുന്നുണ്ടോ; അവരുടെ പിന്നോക്കാവസ്ഥ സംബന്ധിച്ച വിവരങ്ങൾ ഏതൊക്കെ?

2. ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്ക് കൂടുതൽ കരുതലുകൾ ആവശ്യമുണ്ടോ?

3. സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കാനായി വിവിധ ഏജൻസികൾക്കോ സർക്കാരിനോ എന്തെല്ലാം ചെയ്യാൻ കഴിയും; അടിയന്തരമായി ഏതൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്?

**സി. ക്ഷേമം**

1. ക്രിസ്തുമതത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾ, തീരദേശവാസികൾ, മലയോര കർഷകർ, വനാതിർത്തിയോടടുത്ത് താമസിക്കുന്ന കർഷകർ, കുട്ടനാട് മുതലായ സ്ഥലങ്ങളിൽ താമസിക്കുന്ന കർഷകർ, ആദിവാസികൾ, ദളിതർ, ലത്തീൻ തുടങ്ങിയവർക്ക് പ്രത്യേകമായ ക്ഷേമപ്രവർത്തനങ്ങൾ ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം?

2. ദളിത് വിഭാഗങ്ങളിൽ നിന്നും പിന്നാക്ക വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യാനികൾ ആയവരുടെ അവസ്ഥ എന്താണ്; അവരുടെ ക്ഷേമത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കും?

3. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് സർക്കാർ പൊതുമേഖലാ ഉദ്യോഗതലങ്ങളിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഉണ്ടോ; ഇല്ലെങ്കിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം; ഏതെല്ലാം മേഖലകളിൽ ഏതെല്ലാം രീതികളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ സർക്കാരിൽ നിന്ന് ക്ഷേമ സംബന്ധമായ സഹായം അർഹിക്കുന്നു?

പ്രസ്തുത റിപ്പോർട്ടിന്റെ അദ്ധ്യായം 8-ൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന വിദ്യാഭ്യാസ-സാമൂഹ്യ-സാമ്പത്തിക പിന്നാക്കാവസ്ഥ മറികടക്കുന്നതിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിനായി 285 ശിപാർശകളാണ് കമ്മീഷൻ നൽകിയിട്ടുള്ളത്. ന്യൂനപക്ഷക്ഷേമമുൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ട ശിപാർശകളാണിവ. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**V റിപ്പോർട്ടുകളുടെ സമർപ്പണം**

1. <u>2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ</u>

<u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനുവേണ്ടി സമിതിയംഗമായ ഞാൻ സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

2. <u>2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും</u>

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള

ആനുകാലിക റിപ്പോർട്ട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

3. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ പീരിയോഡിക്കൽ റിപ്പോർട്ട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

4. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 8 മുതൽ 11 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 8 മുതൽ 11 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

5. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അധ്യക്ഷനുവേണ്ടി സമിതിയംഗമായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**VI നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ചർച്ചയ്ക്കുശേഷം സംസാരിക്കാം.

മി. സ്പീക്കർ: സമയക്രമം പാലിച്ചാൽ എല്ലാം സുഗമമായി കൈകാര്യം ചെയ്യാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചുനൽകിയതും അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന്

ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്നതിനായി പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. റവന്യൂ ഡിവിഷണൽ ഓഫീസറുടെ അധികാരം ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കുകൂടി നൽകുന്നത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സഹായകരമാകും. നെൽവയൽ നികത്തി മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്നത് തടഞ്ഞ് അവ സംരക്ഷിക്കുകയെന്ന കാർഷിക നയത്തിന്റെ ഭാഗമായുണ്ടായ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ പരാജയപ്പെടുത്തുന്ന രീതിയിലാണ് നിലവിൽ ഇത് സംസ്ഥാനത്ത് നടപ്പാക്കുന്നത്. ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി നിയമം നടപ്പാക്കാൻ നടപടി സ്വീകരിക്കാത്തതിനാലാണ് ഈ ബില്ലിനോട് ഞാൻ വിയോജിപ്പ് പ്രകടിപ്പിക്കുന്നത്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള ഡാറ്റാ ബാങ്കിൽ ഭൂമി ഉൾപ്പെട്ടതുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങൾ സാധാരണക്കാരായ ജനങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അതിൽ എടുത്തുപറയേണ്ട പ്രശ്നമെന്നുപറയുന്നത് ചുറ്റുപാടും കരഭൂമിയായി

മാറിയിരിക്കുന്ന പ്രദേശങ്ങളായിരിക്കും. തരിശായി ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളിൽ ഒരിക്കലും കൃഷി ചെയ്യാൻ സാധിക്കില്ല. സ്വന്തം പേരിൽ പുരയിടമില്ലാത്ത പത്ത് സെന്റിൽ താഴെയുള്ള തുണ്ടുഭൂമികൾ പോലും ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ പത്ത് സെന്റ് മാത്രമുള്ള കുടുംബത്തിലെ ഒരാൾക്ക് ഒരു പുര നിർമ്മിക്കാനുള്ള അവസരം ഇതുമൂലം നഷ്ടപ്പെടുകയാണ്. മറ്റൊരുകാര്യം, 2008-ലാണ് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നത്. 2008 ജൂലൈ 24-ന് നിയമസഭ പാസ്സാക്കിയ ആക്റ്റ് 2008 ആഗസ്റ്റ് 12-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നു. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് വീടുവച്ച് താമസിക്കുന്ന പലയാളുകളുമുണ്ട്. അവരൊക്കെ ഇപ്പോൾ പ്രയാസങ്ങൾ നേരിടുകയാണ്. ആർ.ഡി.ഒ. അവർക്ക് നോട്ടീസ് അയയ്ക്കുന്നുണ്ട്, അവരുടെ കാര്യത്തിൽ ഒരു തീരുമാനം വേണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത സ്ഥലങ്ങളിൽ കെട്ടിടം നിർമ്മിച്ചവർക്കും ഇപ്പോൾ നോട്ടീസ്

കൊടുക്കുകയാണ്. നോട്ടീസ് ലഭിച്ചതുകൊണ്ട് അവർക്ക് വീടുപൊളിച്ച് വേറെ സ്ഥലത്തേയ്ക്ക് പോകാൻ കഴിയില്ലല്ലോ. അതുപോലെ വെള്ളക്കെട്ടുള്ളതുകൊണ്ടുമാത്രം ഒരു സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെടണമെന്നില്ല. കൃഷിഭൂമിയുടെ പ്രത്യേകതയും നമുക്കെല്ലാമറിയാം. കൃഷിഭൂമിയിൽ സദാ വെള്ളം ഒഴുകിക്കൊണ്ടിരിക്കണം. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലം കൃഷിഭൂമിയാണെന്ന് ഒരിക്കലും പറയാൻ സാധിക്കില്ല. വെജിറ്റബിൾ കൃഷിയുടെ പ്രത്യേകത നമുക്കറിയാം. തെങ്ങുണ്ടെങ്കിൽ ആ സ്ഥലത്ത് പച്ചക്കറി കൃഷി സാധിക്കില്ല. അങ്ങനെയുള്ള സ്ഥലവും ഇപ്പോൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കപ്പെടുന്ന ഭൂമിയെ സംബന്ധിച്ച വിജ്ഞാപനം പലപ്പോഴും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് ലഭിക്കുന്നില്ല, അത് യഥാസമയം പ്രസിദ്ധീകരിക്കുന്നുമില്ല. റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം മുഖാന്തരം തീർപ്പാക്കുന്ന Form 5 അപേക്ഷകളുടെ ഉത്തരവിന്റെ പകർപ്പുകൾ ലഭിക്കാത്തതാണ് ഇതിനുള്ള കാരണമെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ

ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നിലവിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നത് ഗസറ്റ് വിജ്ഞാപനപ്രകാരമാണ്. സാധാരണക്കാരായ ജനങ്ങൾക്ക് പലപ്പോഴും ഈ ഗസറ്റ് റഫർ ചെയ്യാൻ സാധിക്കുകയില്ല. അവർക്കുകൂടി അപ്രോച്ച് ചെയ്യാൻ കഴിയുന്ന സംവിധാനം ഇക്കാര്യത്തിലുണ്ടാകണം. നാടിന്റെ നാനാഭാഗങ്ങളിലും പുല്ല് വളർന്ന് തരിശ്ശായിക്കിടക്കുന്ന ധാരാളം സ്ഥലങ്ങളുണ്ടാകും. മഴക്കാലത്ത് വെള്ളക്കെട്ടില്ലാത്ത സ്ഥലങ്ങൾ സംസ്ഥാനത്ത് അപൂർവ്വമാണ്. നാഷണൽ ഹൈവേയുടെ നിർമ്മാണം നടക്കുന്നതിനാൽ എല്ലായിടത്തും വെള്ളക്കെട്ട് കാണാൻ സാധിക്കും. അങ്ങനെയുള്ള സ്ഥലങ്ങൾപോലും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ട്. വെള്ളക്കെട്ടുള്ള സ്ഥലങ്ങൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നത് ശരിയല്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രാദേശികതല നിരീക്ഷണ സമിതി (LLMC)-യുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോയെന്ന കാര്യത്തിൽ ഒരു പരിശോധന അനിവാര്യമാണ്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സമിതിയാണ് ഇതിന് തീരുമാനമെടുക്കേണ്ടത്. എന്റെ മണ്ഡലത്തിൽത്തന്നെ ഇവരെക്കൂടാതെ ഒന്നുരണ്ട് പരിസ്ഥിതിപ്രവർത്തകരെ സർക്കാർ നിയമിക്കുന്നുണ്ട്. ഇവർ ഏതെങ്കിലും രീതിയിൽ വൈരാഗ്യബുദ്ധിയോടുകൂടി നിരസിക്കുന്ന അവസ്ഥ പലപ്പോഴും ഉണ്ടാകാറുണ്ട്. അതിനാൽ അവരെ നിയന്ത്രിക്കണം. സർക്കാർ സുതാര്യമായി ഇക്കാര്യത്തിൽ ഇടപെടണം. അനുഭവത്തിലുള്ള കാര്യമാണിത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് നിയന്ത്രിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് എന്തെങ്കിലും ഇടപെടലുണ്ടാകുമോ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഇത് എന്റെ ശ്രദ്ധയിൽ മാത്രമല്ല, ഇവിടെയിരിക്കുന്ന എല്ലാ എം.എൽ.എ.-മാരുടെയും ശ്രദ്ധയിൽപ്പെട്ട കാര്യമാണെന്നാണ് ഞാൻ കരുതുന്നത്. കാരണം, എല്ലാ എം.എൽ.എ.-മാരും അനുഭവിക്കുന്ന പ്രയാസമാണിത്. പ്രാദേശിക നിരീക്ഷണസമിതി പലപ്പോഴും കൃത്യസമയത്ത് യോഗം ചേരാറില്ല. പ്രാദേശിക നിരീക്ഷണ

സമിതിയിലുള്ള അംഗങ്ങളെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. അതിൽ ഒരു പരിസ്ഥിതി പ്രവർത്തകനുണ്ടാകും, ചെയർമാൻ ജില്ലാ കളക്ടർ ആണെന്നാണ് ഞാൻ കരുതുന്നത്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, എല്ലാ ജില്ലാ കളക്ടർമാർക്കും ഭാരിച്ച ഉത്തരവാദിത്വമാണുള്ളത്. അവർക്ക് പ്രാദേശിക നിരീക്ഷണസമിതിയുടെ യോഗം കൃത്യസമയത്ത് വിളിച്ചുചേർക്കാൻ പലപ്പോഴും സാധിക്കാറില്ല. പ്രസ്തുത സമിതിയുടെ ചെയർമാൻ പദവിയിൽനിന്നും കളക്ടറെ മാറ്റണമെന്ന് ഞാൻ പറയുന്നില്ല, ഭാരിച്ച ജോലിയില്ലാത്ത ഒരാളെ നിയമിക്കുന്നത് ഉചിതമായിരിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ ശ്രീ. എ. കെ. എം. അഷ്റഫ് സൂചിപ്പിച്ചതുപോലെ പ്രാദേശിക നിരീക്ഷണസമിതിയിലുള്ളവർ പലപ്പോഴും വൈര്യനിര്യാതനബുദ്ധിയോടെ കാര്യങ്ങൾ കാണുന്നുണ്ടോയെന്നുള്ള ഒരു സംശയം എനിക്കുണ്ട്, അതിവിടെ ഞാൻ പ്രകടിപ്പിക്കുകയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പത്തിരുപത്തിയഞ്ച് വർഷങ്ങൾക്കുമുമ്പ് ഫില്ലിംഗ് ഓർഡർ ലഭിച്ച ചില സ്ഥലങ്ങളിൽ പ്രസ്തുത

ഓർഡർ നഷ്ടപ്പെട്ടുവെന്നും അതിപ്പോൾ കാണുന്നില്ലെന്നുമാണ് ആർ.ഡി.ഒ. ഓഫീസിൽ അന്വേഷിച്ചാൽ അറിയാൻ സാധിക്കുന്നത്. പത്തോ പതിനഞ്ചോ വർഷങ്ങൾ മാത്രമേ ഡോക്യുമെന്റുകൾ അവിടെ സൂക്ഷിക്കാറുള്ളുവെന്നും അതിനുശേഷം അവ കത്തിച്ചു കളയുകയാണെന്നും പറയുന്നു. വീണ്ടും പ്രസ്തുത സ്ഥലം ഫില്ലിംഗിനുവേണ്ടി പെർമിറ്റ് ചോദിക്കുമ്പോൾ വലിയ തുകയാണ് കൊടുക്കേണ്ടിവരുന്നത്. പത്തിരുപത്തിയഞ്ച് വർഷങ്ങൾക്കുമുമ്പ് ലഭിച്ച ആ ഡോക്യുമെന്റിന് നമ്പറും കാര്യങ്ങളുമൊക്കെയുണ്ടെങ്കിലും ഒരു വിലയുമില്ലാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ഇത്തരത്തിലുള്ള നിരവധി കാര്യങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്റെ മണ്ഡലത്തിലും ജില്ലയിലും ഇതുപോലുള്ള പ്രശ്നങ്ങളുമായി നിരവധിയാളുകൾ എം.എൽ.എ.-മാരെ സമീപിക്കുന്നുണ്ട്. ഉദാഹരണമായി, ഈയടുത്ത കാലത്ത് കാസർഗോഡ് താലൂക്ക് ഓഫീസിൽ സാധാരണക്കാരനായ ഒരാൾ ഒരു രേഖയുമായി ബന്ധപ്പെട്ട കാര്യം അന്വേഷിച്ചപ്പോൾ അതൊക്കെ നശിച്ചുവെന്ന

മറുപടിയാണ് ലഭിച്ചത്. അങ്ങിവിടെ ഉന്നയിച്ച വിഷയം പ്രധാനപ്പെട്ടതാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. റവന്യൂ വകുപ്പുമന്ത്രി പ്രാഗത്ഭ്യമുള്ള വ്യക്തി ആയതുകൊണ്ട് അതിനൊക്കെ മറുപടി നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ നിർദ്ദേശമനുസരിച്ച് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. അവസാനമായി ഒരു കാര്യം മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ. 25 സെന്റിൽ താഴെയുള്ള ഭൂമി തരംമാറ്റേണ്ടതില്ലെന്നത് സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ഒരു സംശയമുണ്ട്. 25 സെന്റിന് താഴെ ഭൂമിയുള്ള ഒരാൾ ഹൈക്കോടതിയെ സമീപിച്ചപ്പോൾ ഒരു വിധി പുറപ്പെടുവിച്ചതുകൊണ്ടാണ് ജനങ്ങളുടെ ഇടയിൽ അങ്ങനെയൊരു സംശയമുള്ളത്. സർക്കാർ അതിനെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി വ്യക്തത നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനോടുള്ള വിയോജിപ്പ്

രേഖപ്പെടുത്തുകയാണ്. കേരളത്തിലെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവയെ പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിനുമാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുന്ന നിയമനിർമ്മാണമായിരുന്നു 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ. 30 വകുപ്പുകളുള്ള ഈ നിയമത്തിൽ നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള വിലക്ക്, നെൽകൃഷിക്ക് പ്രോത്സാഹനം നൽകൽ, പ്രാദേശിക നിരീക്ഷണ സമിതിയുടെ രൂപീകരണം, തരിശ് നെൽവയലിൽ കൃഷി പ്രാവർത്തികമാക്കൽ തുടങ്ങിയ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ച് നൽകിയിട്ടുള്ളതും ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്ന നിയമം ഭേദഗതി ചെയ്യാനാണ് ഈ

ബിൽ കൊണ്ടുവന്നിട്ടുള്ളത്. റവന്യൂ ഡിവിഷണൽ ഓഫീസറുടെ അധികാരം ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കുകൂടി നൽകുന്നത് നെൽവയലുകളും തണ്ണീർത്തടങ്ങളും പരിവർത്തനപ്പെടുത്തുന്നതും രൂപപ്പെടുത്തുന്നതും തടഞ്ഞ് സംരക്ഷിക്കുകയെന്ന നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് തുരങ്കംവയ്ക്കാൻ ഇടയാക്കും. 12-08-2008-ൽ നടപ്പിലാക്കിയ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് കുറ്റമറ്റതാക്കാൻ 15 വർഷം കഴിഞ്ഞിട്ടും സർക്കാരിന് കഴിഞ്ഞിട്ടില്ല. നെൽവയൽ ഇനത്തിൽപ്പെടാത്ത ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയശേഷം അത് ഒഴിവാക്കി വാങ്ങാനുള്ള ചുമതല സാധാരണക്കാരന് നൽകിയിരിക്കുകയാണ്. നടപടിക്രമങ്ങളിലെ സങ്കീർണ്ണതയും റവന്യൂ ഓഫീസുകളിലെ കാലതാമസവുംമൂലം ജനങ്ങൾ കഷ്ടപ്പാടിലാണ്. ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയ ഭൂമി ഫെയർ വാല്യൂ വിജ്ഞാപനപ്രകാരം Commercially important site, Residential plot with road access എന്നിങ്ങനെയെല്ലാം തരംതിരിച്ച് കരഭൂമിയുടെ ഉയർന്ന ന്യായവില അന്യായമായി അടിച്ചേൽപ്പിച്ചിരിക്കുകയാണ്. നെൽവയലിന്റെ

ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിക്ക് ഫെയർ വാല്യൂ പൊതുവായി നിശ്ചയിച്ച് പരസ്യപ്പെടുത്തണം. നിയമവും കോടതി ഉത്തരവുകളും പല കാര്യങ്ങളിലും വിഭിന്നമായി നിൽക്കുന്നു. പ്രത്യേകിച്ച് തരംമാറ്റ കേസുകളുടെ ഫീസ് നിരക്ക്. കേരള ഭൂ വിനിയോഗ ഉത്തരവ് പ്രകാരം അനുമതി കിട്ടിയ ഭൂമിയുടെ തരംമാറ്റം സംബന്ധിച്ച് ഉദ്യോഗസ്ഥർ വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കുന്നതുമൂലം ജനങ്ങൾ ഓരോ കേസിലും കോടതിയെ സമീപിക്കേണ്ട അവസ്ഥയാണ്. ആയതിനാൽ ഇത്തരം പോയിന്റുകളിൽ ഏകീകരിച്ച നിർദ്ദേശം നൽകണം. നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി തരംമാറ്റുന്നവരിൽനിന്ന് 4 വർഷത്തിനിടെ സർക്കാർ പിരിച്ചെടുത്തത് 900 കോടിയോളം രൂപയാണ്. എന്നാൽ, നിയമം അനുശാസിക്കുന്നവിധം ഈ തുക കാർഷിക അഭിവൃദ്ധി ഫണ്ടിലേയ്ക്ക് നിക്ഷേപിച്ചില്ല. ഫലത്തിൽ കൃഷിയുടെ പ്രോത്സാഹനത്തിനുവേണ്ടി ഉപയോഗിക്കേണ്ട തുക വകമാറ്റി ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. 25 സെന്റ് മുതൽ ഒരു ഏക്കർ വരെയുള്ള ഭൂമിക്ക് ന്യായവിലയുടെ 10 ശതമാനവും ഒരു ഏക്കറിന് മുകളിലുള്ള ഭൂമിക്ക് ന്യായവിലയുടെ 20 ശതമാനവുമാണ്

ഇപ്പോൾ തരംമാറ്റുന്നതിനായി ഈടാക്കുന്നത്. 2021-നുമുമ്പ് ഇതിൽ കൂടുതൽ തുക ഈടാക്കിയിരുന്നു. നെൽകൃഷി പ്രോത്സാഹിപ്പിക്കുക, നെൽവയലുകൾ സംരക്ഷിക്കുക, നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കുക, നിയമം നടപ്പാക്കുന്നതിന് ഉപഗ്രഹ ചിത്രങ്ങൾ ശേഖരിക്കുക എന്നിവ ഉൾപ്പെടെയുള്ളവയ്ക്ക് മാത്രമേ ഈ ഫണ്ട് വിനിയോഗിക്കാവൂ എന്നാണ് ഭേദഗതിയിൽ പരാമർശിക്കുന്നത്. 2018-ലെ നിയമ ഭേദഗതിയിലൂടെ നിർദ്ദേശിച്ച കാർഷിക അഭിവൃദ്ധി ഫണ്ട് 2022 ജൂലൈ മാസത്തിലാണ് സർക്കാർ രൂപവൽക്കരിക്കുന്നത്. എന്നിട്ടും ഫണ്ടിലേയ്ക്ക് ആദ്യഘട്ടത്തിൽ കൈമാറിയത് 5 കോടി രൂപയാണ്. അതിൽ 1.5 കോടി രൂപ റവന്യൂ വകുപ്പ് ജീവനക്കാരെ നിയമിക്കാനും മറ്റും ഉപയോഗിച്ചു. അനധികൃതമായി നികത്തിയ പാടം പൂർവ്വസ്ഥിതിയിലാക്കാനുള്ള ആയിരത്തിലധികം ഉത്തരവുകളാണ് സംസ്ഥാനത്ത് ഇപ്പോഴും പാലിക്കപ്പെടാതെ കിടക്കുന്നത്. അനധികൃത നികത്തലാണെന്ന് കണ്ടെത്തുകയും സ്ഥലം പൂർവ്വസ്ഥിതിയിലാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 10 വർഷം മുമ്പ് ജില്ലാ കളക്ടർ നൽകിയ ഉത്തരവുകളും നടപ്പാക്കാനുണ്ട്. തുകയില്ലെന്ന കാരണം

ചൂണ്ടിക്കാട്ടിയാണ് ഇത് തടസ്സപ്പെട്ടിരിക്കുന്നത്. ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ട കോടിക്കണക്കിന് രൂപ സർക്കാർ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

**(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. എച്ച്. കുഞ്ഞമ്പു)**

2016 മുതൽ സംസ്ഥാനത്ത് അനധികൃതമായി നെൽവയൽ, തണ്ണീർത്തടങ്ങൾ എന്നിവ നികത്തിയത് സംബന്ധിച്ച് ലഭിച്ച മുഴുവൻ പരാതികളിന്മേലും നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് റവന്യൂ വകുപ്പിന്റെ അവകാശവാദം. എന്നാൽ 151 കേസ്സുകളിൽ മാത്രമേ നെൽവയൽ തണ്ണീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കാൻ സാധിച്ചിട്ടുള്ളൂ. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ആപ്തവാക്യവുമായി മുന്നോട്ടുപോകുകയാണ് റവന്യൂ വകുപ്പ്. വില്ലേജ് ഓഫീസുകൾ സ്മാർട്ടാകുന്നു. അത് മാത്രം മതിയോ; താലൂക്ക് ഓഫീസുകളും സ്മാർട്ട് ആകണ്ടേ; അവിടെയും അടിസ്ഥാന സൗകര്യങ്ങൾ വേണ്ടേ; 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷനുകളുടെ സ്ഥിതിയെന്താണ്? ഇതിൽ കടകംപള്ളി റവന്യൂ ടവറും

വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷനമാണ് ഇതുവരെ പൂർത്തിയാക്കിയത്. മട്ടന്നൂർ റവന്യൂ ടവറിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കിയെല്ലാം കടലാസിലാണ്. അക്കൂട്ടത്തിൽ എന്റെ നിയോജകമണ്ഡലമായ ചാലക്കുടിയുമുണ്ട്. ചാലക്കുടി വാണിജ്യ സമുച്ചയത്തിന്റെ മൂന്നാം നിലയിൽ പരിമിതമായ സ്ഥലത്ത് അസൗകര്യങ്ങളുടെ നടുവിലാണ് താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്നത്. റവന്യൂ ടവർ നിർമ്മാണത്തിനായി സ്ഥലം കണ്ടെത്തി ഭവന നിർമ്മാണ ബോർഡിന് കൈമാറിയിട്ട് രണ്ട് വർഷമായി. ഇനിയെങ്കിലും റവന്യൂ ടവർ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഡിജിറ്റലൈസേഷൻ നടപടികളും സ്മാർട്ട് വില്ലേജ് പദ്ധതികളും മുന്നോട്ട് പോകുമ്പോഴും വില്ലേജ് ഓഫീസുകളിലെ ജീവനക്കാർക്ക് ജോലിഭാരം വർദ്ധിക്കുകയാണ്. മതിയായ ജീവനക്കാരുടെ അഭാവംമൂലം വിവിധ ആവശ്യങ്ങൾക്കും സർട്ടിഫിക്കറ്റുകൾക്കും വില്ലേജ് ഓഫീസുകളിൽ കയറിയിറങ്ങി ജനങ്ങൾ പൊറുതിമുട്ടുകയാണ്. അര നൂറ്റാണ്ട് മുമ്പ് വില്ലേജ്, താലൂക്ക് ഓഫീസുകൾ പ്രവർത്തനം ആരംഭിച്ച കാലത്തെ സ്റ്റാഫ് പാറ്റേണുകളിലാണ് ഇന്നും ഇവ പ്രവർത്തിക്കുന്നത്.

ഇതിൽ കാലാനുസൃതമായ മാറ്റമുണ്ടാകണം. ചാലക്കുടി താലൂക്കിൽ മാത്രം വിവിധ ആവശ്യങ്ങൾക്കായുള്ള സർവ്വേ നടപടികളിൽ അയ്യായിരത്തോളം അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്. അക്കൂട്ടത്തിൽ 2018 വരെയുള്ള 456 അപേക്ഷകളുമുണ്ട്. ഭൂമി തരംമാറ്റുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളത് നാലായിരത്തോളമാണ്. ചാലക്കുടി താലൂക്ക് ഓഫീസിലും വില്ലേജ് ഓഫീസിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 30 ലാപ്ടോപ്പുകളും 11 പ്രിന്ററുകളും വാങ്ങാൻ പ്രാദേശിക വികസന ഫണ്ടിൽനിന്നും 17 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രാദേശിക വികസന ഫണ്ടിൽനിന്നും ആവശ്യമായ തുക അനുവദിക്കാൻ ഞങ്ങളെപ്പോലുള്ള വ്യക്തികൾ തയ്യാറാണ്. പക്ഷെ, ഇതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്ന സാഹചര്യമുണ്ടാകണം. അഴിമതിയെക്കുറിച്ച് പറയാതിരിക്കാനാവില്ല. റവന്യൂ വകുപ്പ് അഴിമതിയുടെ കൂടാരമായി മാറിയിരിക്കുകയാണ്. കോഴ നൽകാതെ ഒരു ഫയൽപോലും അനങ്ങുകയില്ല. വിജിലൻസ് അടിക്കടി റെയ്ഡുകൾ നടത്തി കൈക്കൂലിക്കാരെ അറസ്റ്റ് ചെയ്യുന്നുണ്ടെങ്കിലും കോഴ വാങ്ങൽ നിർബാധം

തുടരുന്നു. കോഴ നൽകിയാൽ മാത്രമേ ഭൂമി സംബന്ധമായ എന്ത് സേവനവും ലഭിക്കുകയുള്ളൂ എന്ന സ്ഥിതിയാണുള്ളത്. ഭൂമി തരംമാറ്റൽ, പട്ടയം, കൈവശാവകാശം, ആധാരപ്പകർപ്പ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവയാണ് ഏറ്റവും അധികം കോഴ മറിയുന്ന ഇടപാടുകൾ. അർഹതപ്പെട്ട സേവനങ്ങൾ ലഭിക്കാനാണ് ജനങ്ങൾ കോഴ കൊടുക്കുന്നത്. വില്ലേജ് ഓഫീസ് മുതൽ കളക്ടറേറ്റുവരെ നീളുന്നതാണ് റവന്യൂ വകുപ്പിലെ അഴിമതിച്ചങ്ങല. കോഴ നൽകിയില്ലെങ്കിൽ ഓഫീസുകൾ കയറിയിറങ്ങി നരകിക്കേണ്ടിവരും. ഗതികെട്ട് ജനങ്ങൾ കോഴ നൽകുന്നു. അങ്ങനെ റവന്യൂ വകുപ്പിലെ അഴിമതിക്കാർ തഴച്ചുവളരുന്നു.

**12.00 Noon]**

വടക്കൻ ജില്ലകളിൽ വില്ലേജ് ഓഫീസുകളിലെ സേവനങ്ങൾക്ക് രണ്ടായിരം മുതൽ മൂവായിരം രൂപവരെ ഈടാക്കുന്നു. വിരമിച്ചവരും ഇടനിലക്കാരും പരാതിയെഴുത്തുകാരും കോഴച്ചങ്ങലയിലെ കണ്ണികളാണ്. പാലക്കാട് ജില്ലയിലെ വില്ലേജ് അസിസ്റ്റന്റ് സുരേഷ് കുമാറിൽനിന്നും പിടിച്ചെടുത്ത ഒരു കോടി രൂപയും ഷർട്ട്, കുടംപുളി, തേൻ എന്നിവയുമടക്കമുള്ള കൈക്കൂലി

സാധനങ്ങളും ഈ വിപത്തിന്റെ വ്യാപ്തി തെളിയിക്കുന്നതാണ്. കാസർഗോഡ് ചിത്താരി വില്ലേജ് ഓഫീസർ കൈക്കൂലി വാങ്ങുമ്പോൾ വിജിലൻസ് പിടികൂടുകയുണ്ടായി. അദ്ദേഹത്തിന് കഴിഞ്ഞ ഫെബ്രുവരിയിലാണ് മികച്ച വില്ലേജ് ആഫീസറായി പുരസ്കാരം ലഭിച്ചത്. ആർക്കാണ് തെറ്റുപറ്റിയത്? പുരസ്കാര നിർണ്ണയ സമിതിക്കോ; പുരസ്കാരം ലഭിച്ച വില്ലേജ് ഓഫീസർക്കോ; അതോ വിജിലൻസിനോ? അഴിമതിക്കാർക്ക് അവാർഡ് നൽകുന്ന വകുപ്പായി റവന്യൂ വകുപ്പ് മാറുകയാണ്. ഒരു സർക്കാർ ഉത്തരവിനെ പരാമർശിച്ചുകൊണ്ട് വാട്സാപ്പിൽ രണ്ട് കുറിപ്പുകളിട്ടതിന്റെ പേരിൽ ഒരു ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്ത വിചിത്രനടപടിയും റവന്യൂ വകുപ്പിൽ കാണുകയുണ്ടായി. അച്ചടക്ക നടപടിയിൽ കക്ഷിയല്ലാത്തയാൾക്ക് ഇതുസംബന്ധിച്ച് അഭിപ്രായം പറയുന്നതിനോ കോടതിയെ സമീപിക്കുന്നതിനോ അവകാശമില്ല എന്ന അത്ഭുതകരമായ നിരീക്ഷണവും ആ ഉത്തരവിലുണ്ട്. ജീവനക്കാർ വാട്സാപ്പ് ഗ്രൂപ്പിലിടുന്ന സന്ദേശംപോലും സൂക്ഷ്മമായി നിരീക്ഷിച്ച് നടപടി സ്വീകരിക്കുന്ന വകുപ്പിന് അഴിമതിക്കാരെ കണ്ടെത്താൻ

സംവിധാനമില്ലാത്തത് പരിതാപകരമാണ്. നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും നികത്തുന്നത് തടയുന്നതിനുള്ള നിയമം പ്രാബല്യത്തിൽ വന്നിട്ട് പതിനഞ്ച് വർഷമാകുകയാണ്. 1970-നുമുമ്പ് എട്ടുലക്ഷം ഹെക്ടറുണ്ടായിരുന്ന നെൽപ്പാടം 2008 ആയപ്പോഴേയ്ക്കും രണ്ട് ലക്ഷം ഹെക്ടറായി കുറഞ്ഞു. ഒരു കാലത്ത് അരിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമായിരുന്ന കേരളത്തിൽ ഇപ്പോൾ എൺപത് ശതമാനവും പുറത്തുനിന്നാണ് കൊണ്ടുവരുന്നത്. പാടം എന്ന നിലയ്ക്ക് ഡാറ്റാ ബാങ്കിലുള്ള സ്ഥലങ്ങൾക്കുപുറമെ പതിറ്റാണ്ടുകൾക്കുമുമ്പുതന്നെ പുരയിടമായി മാറിയ ഒട്ടേറെ സ്ഥലങ്ങൾ പാടമെന്ന നിലയിലാണ് ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയ സ്ഥലങ്ങളുമുണ്ട്. ഡാറ്റാ ബാങ്കിലെ പിശകുതിരുത്തൽ അനന്തമായി വൈകുന്നത് ആയിരക്കണക്കിന് കുടുംബങ്ങളെ വിഷമത്തിലാക്കുകയാണ്. നേരത്തെ പുരയിടമാക്കിയതും എന്നാൽ രേഖയിൽ നിലമെന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ സ്ഥലത്ത് വീടുവയ്ക്കണമെങ്കിൽ ഭൂമി തരംമാറ്റൽ അപേക്ഷ സമർപ്പിക്കണം. ഈ അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി

അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതിന് വലിയ കാലതാമസമുണ്ടാകുന്നു. അപേക്ഷയുമായി ബന്ധപ്പെട്ട നൂലാമാലകളും ആയിരക്കണക്കിന് കുടുംബങ്ങളെ ദോഷകരമായി ബാധിക്കുകയാണ്. നൂറ് കൊല്ലം മുമ്പത്തെ സെറ്റിൽമെന്റ് രജിസ്റ്ററിൽ സംസ്ഥാനത്ത് 30 ലക്ഷം ഏക്കർ നെൽപ്പാടമുണ്ടായിരുന്നത് ഇപ്പോൾ അഞ്ചുലക്ഷം ഹെക്ടറായി കുറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ വ്യക്തമാക്കിയത്. അത് ഇനിയും കുറയാതിരിക്കാനുള്ള ജാഗ്രതയും കർശന നടപടിയും അനിവാര്യമാണ്. 1970-ൽ എട്ടേമുക്കാൽ ലക്ഷം ഹെക്ടറുണ്ടായിരുന്ന നെൽക്കൃഷി 1981-ൽ 8.2, ,1991-ൽ 5.59, 2001-ൽ 3.47, 2011-ൽ 1.97, 2016-17-ൽ 1.66 ലക്ഷം ഹെക്ടറായി കുറഞ്ഞിരിക്കുന്നു. 2017-18-ൽ 1.89 ലക്ഷം ഹെക്ടറായി വർദ്ധിച്ചത് ഇപ്പോൾ 2.1 ലക്ഷം ഹെക്ടറിൽ എത്തിനിൽക്കുകയാണ്. കോവിഡ് കാലത്ത് നെൽകൃഷി മേഖലയുടെ വിസ്തീർണ്ണത്തിലും ഉൽപ്പാദനത്തിലും വളർച്ചയുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്. അത്തരത്തിൽ ചെറിയ തോതിലെങ്കിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ച തുടരുന്നതിന് ശ്രമമുണ്ടാകണം. ഡാറ്റാ

ബാങ്കുമായി ബന്ധപ്പെട്ട സാധാരണക്കാരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരം നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും നികത്തുന്നതിന്റെ അന്തഃസത്ത ശരിയായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. ഇത്രയും സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഭരണവകുപ്പുകളുടെ മാതൃവകുപ്പായ റവന്യൂ വകുപ്പിനെ കാലാനുസൃതമായ മാറ്റങ്ങളിലൂടെ സക്രിയമാക്കുന്നതിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ആദ്യമായി അഭിനന്ദിക്കുകയാണ്. "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" ഈ മുദ്രാവാക്യമാണ് ഇന്ന് കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റെടുത്തിരിക്കുന്നത്. അത് ജനങ്ങൾക്ക്

ബോധ്യമായിക്കൊണ്ടിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഇപ്പോൾ പഴയകാലമൊന്നുമല്ല. ഒറ്റപ്പെട്ട ചില സംഭവങ്ങൾ നാട്ടിലുണ്ടാകുന്നുണ്ടെങ്കിലും മാതൃകാപരമായ നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ മാത്രമല്ല സേവനങ്ങളുടെ കാര്യത്തിലും പഴയ കാലങ്ങളിലെ വില്ലേജ് ഓഫീസുകളുടെ സ്ഥിതി നമുക്കറിയാവുന്നതാണ്. ഇപ്പോൾ പറഞ്ഞ കഥകളെല്ലാം കുറെ വർഷങ്ങൾക്ക് മുമ്പുള്ളതാണ്; അത് സാർവ്വത്രികമായി നടക്കുന്ന സംഭവങ്ങൾ മാത്രമാണ്. ഇത്തരം കാര്യങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലുള്ളത്. ഒരു സർക്കാരിന്റെ പ്രധാന മുഖം നാട്ടിലെ ഓഫീസുകളാണ്. റവന്യൂ വകുപ്പിന്റെ മുഖം വില്ലേജ് ഓഫീസുകളിൽ പോയാൽ ജനങ്ങൾക്ക് മനസ്സിലാകും. സേവനങ്ങളുടെ കാര്യത്തിലും സ്മാർട്ടാണ്. ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പല സന്ദർഭങ്ങളിലും ഈ സഭയെ ബോധ്യപ്പെടുത്തുകയുണ്ടായി. ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ടാക്കുന്നതിന് മികച്ച നേതൃത്വമാണ്

നൽകിയിട്ടുള്ളത്; അതിന് നന്ദി രേഖപ്പെടുത്തുന്നു. ഡിജിറ്റൽ സർവ്വേകൂടി ആ പ്രദേശത്ത് നടപ്പാക്കിയാൽ ജനങ്ങൾക്ക് സ്മാർട്ട് സേവനം പൂർണ്ണമായും ലഭിക്കുന്ന ഒരു നിയോജകമണ്ഡലമായി മാറ്റിയെടുക്കാൻ സാധിക്കും. നിർഭാഗ്യവശാൽ ഡിജിറ്റൽ സർവ്വേയിൽ ഇതുവരെ ഈ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളെ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ജനങ്ങൾക്ക് നിയമാനുസൃതമായ സേവനം സമയബന്ധിതമായി നൽകുമ്പോഴാണ് സ്മാർട്ട് സേവന സംസ്കാരം രൂപപ്പെടുന്നത്. അതിന്റെ ഭാഗമാണ് ഈ ബില്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അപേക്ഷ ലഭിച്ച് പത്ത് ദിവസത്തിനകം തീർപ്പാക്കുന്നതിനുള്ള ലക്ഷ്യം കൈവരിക്കാനാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഈ ഭേദഗതികൾ സഭയിൽ അവതരിപ്പിക്കുന്നത്. 2008 ആഗസ്റ്റ് മാസം 12-ാം തീയതിയാണ് ഈ നിയമം നിലവിൽ വന്നത്. ഈ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യം നിയമത്തിന്റെ കണ്ണിലൂടെ മാത്രമല്ല, സാമൂഹ്യമായും വിലയിരുത്തേണ്ടതുണ്ട്. നൂറ് വർഷങ്ങൾക്കുമുമ്പ് ഭൂമിയുടെ സെറ്റിൽമെന്റ് രജിസ്റ്ററിൽ 30 ലക്ഷം ഏക്കർ ഉണ്ടായിരുന്ന

നെൽവയലുകളാണ് 1970-ൽ 20 ലക്ഷം ഏക്കറായി കുറഞ്ഞതെന്ന് മുമ്പ് സംസാരിച്ച അംഗം സൂചിപ്പിക്കുകയുണ്ടായി. 1970-നുശേഷമുള്ള ഇന്നത്തെ കണക്ക് പരിശോധിക്കുമ്പോൾ, അത് വെറും അഞ്ചുലക്ഷം ഏക്കറായി കുറഞ്ഞ സാഹചര്യത്തിലാണ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുണ്ടായിരുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് ഈ ബിൽ കൊണ്ടുവരാൻ തയ്യാറായത്. 1976-ലെ ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ നിലനിൽക്കുമ്പോഴാണ് ഇത്തരത്തിലുള്ള നികത്തൽ നടന്നതെന്ന് നാം ഓർക്കണം. ആ നിയമം നടപ്പാക്കാൻ ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റും സാമൂഹ്യബോധവുമാണ് നമുക്ക് സൃഷ്ടിക്കപ്പെടേണ്ടത്. അക്കാര്യമാണ് ഈ ബില്ലിന്റെ ചർച്ചയിൽ രൂപപ്പെടുത്തേണ്ടത്. സമൂഹത്തിൽ അത്തരത്തിലുള്ള ബോധം രൂപപ്പെടുത്തിയെടുക്കാൻ ജനപ്രതിനിധികൾക്ക് കഴിയണം. ഭൂമിയുടെ വൃക്കകളാണ് നീർത്തടങ്ങളെന്ന കാര്യം നമ്മൾ പലപ്പോഴും മറന്നുപോകുകയാണ്. മണ്ണിലെത്തുന്ന മഴയെ തോടുകൾക്കും കനാലുകൾക്കും പുഴകൾക്കും കടലിനും വിട്ടുകൊടുക്കാതെ സംഭരിച്ചുനിർത്തി ഭൂമിയെ തണുപ്പിക്കുന്ന, കരയിലെ സർവ്വ ജീവജാലങ്ങൾക്കും ആവാസവ്യവസ്ഥ

ഒരുക്കുന്ന, താപത്തെ ആഗിരണം ചെയ്യുന്ന ഒരു സംവിധാനം അനിവാര്യമാണ്. ആ തരത്തിലേയ്ക്ക് അതിനെ കാണാൻ സാധിക്കണം. അന്തരീക്ഷത്തിലെ കാർബൺഡൈഓക്സൈഡിനെ ആഗിരണം ചെയ്യുന്നതിലും ജൈവവസ്തുക്കളെ വിഘടിപ്പിക്കുന്നതിലും ഹാനികരമായ സൂക്ഷ്മാണുക്കളെ നിർവ്വീര്യമാക്കുന്നതിലും നീർത്തടങ്ങൾ വഹിക്കുന്ന പങ്ക് വലുതാണ്. നിയമനിർമ്മാണം നടത്തുക മാത്രമല്ല, ജനങ്ങളിൽ അവബോധംകൂടി സൃഷ്ടിക്കാൻ നമുക്ക് സാധിക്കണം. പ്രതിവർഷം ഒരു ഹെക്ടർ നീർത്തടത്തിൽനിന്നും 30 കോടി ലിറ്റർ ശുദ്ധജലം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്. 30 കോടി ലിറ്റർ ശുദ്ധജലത്തിന്റെ വില നമ്മൾ കണക്കാക്കണം. നമ്മൾ അങ്ങനെയാണോ സാധാരണയായി ഭൂമിയെ വിലയിരുത്തുന്നത്? ഭൂമിയെ കറൻസി, സ്വർണ്ണം എന്നിവപോലെയുള്ള ഒരു വസ്തുവായാണ് കാണുന്നത്. ആ വസ്തുവിന് എത്ര വിലകിട്ടുമെന്നാണ് നാം വിലയിരുത്തുന്നത്. എന്നാൽ ഭൂമിയുടെ ധർമ്മമെന്താണ്; നീർത്തടത്തിന്റെ ധർമ്മമെന്താണ്; നെൽവയലിന്റെ ധർമ്മമെന്താണ്? അതിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഭൂപ്രദേശങ്ങളെ വിലയിരുത്തുമ്പോൾ ഒരു

ഹെക്ടർ നീർത്തടമെന്ന് പറയുന്നത് 30 കോടി ലിറ്റർ ശുദ്ധജലം ലഭിക്കുന്ന ഇടമാണ്. ഒരു ലിറ്റർ വെള്ളത്തിന് അഞ്ചുരൂപ വച്ച് കണക്കാക്കിയാൽപ്പോലും ഒരു സെന്റ് നീർത്തടത്തിന്റെ വില 60 ലക്ഷം രൂപവരും; ഒരു വർഷത്തെ കണക്കാണിത്. ഒരു വർഷം 60 ലക്ഷം രൂപയുടെ മൂല്യമാണ് ലഭിക്കുന്നത്. അപ്പോൾ 100 വർഷത്തെ കാര്യമോ; ആ തരത്തിലേയ്ക്ക് നീർത്തടത്തെ കാണാൻ എന്തുകൊണ്ട് കേരളീയ സമൂഹത്തിന് സാധിക്കുന്നില്ല? അതാണ് ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ നിലനിൽക്കുമ്പോഴും കേരളത്തിലെ ജനങ്ങൾ നെൽവയൽ നികത്തിയപ്പോൾ അതിനെ ചെറുക്കാതിരുന്നതെന്നാണ് എന്റെ അഭിപ്രായം. ആ ഒരു ബോധം നാട്ടിൽ സൃഷ്ടിക്കാൻ കഴിയണം. മാനവസംസ്കാരവും ജീവിതരീതിയും രൂപപ്പെട്ടതും വളർന്നതും ഉയർച്ച പ്രാപിച്ചതുമെല്ലാം ഇത്തരം നീർത്തടങ്ങളെ കേന്ദ്രീകരിച്ചാണെന്ന വസ്തുത മറക്കാൻ പാടില്ല. ഭൂമി ഒറ്റപ്പെട്ട വ്യക്തിയുടെയോ സമൂഹത്തിന്റെയോ രാഷ്ട്രത്തിന്റെയോ സ്വത്തല്ല. നമ്മൾ അതിന്റെ കേവല ഉപഭോക്താക്കൾ മാത്രമാണ്. അതിനെ മെച്ചപ്പെട്ട രീതിയിൽ വരുംതലമുറയ്ക്ക് പകർന്നുനൽകുകയെന്ന ചുമതലയാണ്

നമുക്കുള്ളതെന്ന ബോധ്യമുണ്ടാകണം. നൂറ്റാണ്ടുകൾക്ക് മുമ്പ് രചിക്കപ്പെട്ട അർത്ഥശാസ്ത്രം എന്ന ഗ്രന്ഥത്തിൽപ്പോലും പ്രകൃതിസംരക്ഷണത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. നീർത്തടങ്ങൾ, കന്നുകാലികളുടെ മേച്ചിൽപ്പുറങ്ങൾ എന്നിവ നശിപ്പിക്കുന്ന ഒരാളിന് നൽകുന്ന ശിക്ഷ വധശിക്ഷയാണെന്നും ആ വ്യക്തി ഭൂമുഖത്തുതന്നെ വേണ്ടെന്നുമാണ് അതിൽ പരാമർശിക്കുന്നത്. ഇത്തരത്തിൽ ജാഗ്രതയോടുകൂടി പഴയ തലമുറ സമർപ്പിച്ചതിനെയാണ് ഇന്നിപ്പോൾ നിയമത്തിലൂടെ നമുക്ക് സംരക്ഷിക്കേണ്ടിവരുന്നത്. ഇത്തരത്തിൽ ഉത്തമ ബോധ്യത്തിന്റെയും സാമൂഹ്യപ്രതിബദ്ധതയുടെയും അടിസ്ഥാനത്തിലാണ് 2008-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ നിയമം കൊണ്ടുവരാൻ തീരുമാനിച്ചത്. കേരളത്തിലെ നെൽവയലുകളുടെയും നീർത്തടങ്ങളുടെയും വിസ്തൃതി കുറയൽ, ഭക്ഷ്യസുരക്ഷയുടെ പ്രശ്നം എന്നിവയെല്ലാം വിലയിരുത്തിയാണ് 2008 ആഗസ്റ്റ് 12-ാം തീയതി ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചത്. സർക്കാർ രേഖകളുടെ പരിമിതികളും സങ്കീർണ്ണതകളും ജീവനക്കാരുടെ ജോലിഭാരവുംമൂലം 2008-2011 കാലയളവിൽ ഡാറ്റാ ബാങ്ക് പൂർണ്ണമാക്കാൻ

കഴിഞ്ഞിരുന്നില്ല. 2011-2016 കാലയളവിലും അന്നത്തെ ഗവൺമെന്റ് വിവിധ കാരണങ്ങളാൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാൻ അലംഭാവം കാണിച്ചു. പക്ഷെ, 2016-ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. ഗവൺമെന്റാണ് ഡാറ്റാ ബാങ്ക് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയും അവ പ്രസിദ്ധീകരിച്ച് കൃത്യമായി നടപ്പിലാക്കാനുള്ള നിലപാടുകൾ സ്വീകരിക്കുകയും ചെയ്തത്. അപ്പോഴാണ് നിരവധി പ്രതിസന്ധികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുന്നത്. 2008-നുമുമ്പ് നികത്തിയതും നിർമ്മാണപ്രവർത്തനങ്ങളും തരംമാറ്റലുമൊക്കെയായി രൂപാന്തരപ്പെട്ട സ്ഥലം പഴയകാലത്ത് നെൽവയലുകളെന്നും തണ്ണീർത്തടങ്ങളെന്നുമൊക്കെ റവന്യൂ റെക്കോർഡിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ ഫലമായി അവിടെ വീടുവയ്ക്കാനോ മറ്റേതെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാൻ കഴിയാത്ത ആയിരക്കണക്കിന് ആളുകളുടെ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ വിഷയം പരിഹരിക്കുന്നതിനായി കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ഇ. ചന്ദ്രശേഖരന്റെ

നേതൃത്വത്തിൽ ഈ ബില്ലിന്മേൽ ഒരു ഭേദഗതി കൊണ്ടുവന്നത്. 2008-ന് മുമ്പ് നികത്തിയ നെൽവയലുകളും നീർത്തടങ്ങളും സർക്കാർ രേഖകളിൽ തരംമാറ്റുന്ന വ്യവസ്ഥയുണ്ടായി. നിയമം കർശനമായി നടപ്പിലാക്കിയാണ് ഭേദഗതികൾ അവതരിപ്പിക്കുന്നത്. പൊതുആവശ്യത്തിനും വീട് വയ്ക്കുന്നതിനും കർശന പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമെ നമുക്കിത് ഉപയോഗിക്കാൻ അനുവാദം ലഭിക്കുകയുള്ളൂ. പൂർവ്വസ്ഥിതിയിലാക്കാൻ കളക്ടർമാർക്ക് കൃത്യമായ അധികാരം നൽകുന്ന ബില്ലാണിത്. ഈ പറയുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഭേദഗതി കൊണ്ടുവന്നപ്പോൾ, 25 സെന്റ് വരെ സൗജന്യമായി തരംമാറ്റാമെന്നും അതുപോലെ കരമൊടുക്ക് ഓൺലൈനായിവന്ന അവസരത്തിൽ എല്ലാവരുടെയും ഭൂമിയുടെ തരം എന്താണെന്ന് ബോധ്യപ്പെട്ട അവസ്ഥ വന്നപ്പോൾ അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയുണ്ടായി. ഓഫ്ലൈനായി ലഭിച്ച 226,901 അപേക്ഷകളിൽ 223,077 അപേക്ഷകളും സ്മാർട്ട് സേവനത്തിന്റെ ഭാഗമായി തീർപ്പാക്കുകയുണ്ടായി. വെറും 3824 അപേക്ഷകൾ മാത്രമാണ് തീർപ്പാക്കാനുള്ളത്. ഓൺലൈനായി 311,167

അപേക്ഷകൾ ലഭിച്ചതിൽ 85,528 എണ്ണം തീർപ്പാക്കി. രണ്ടാം ശനിയാഴ്ചയും ഞായറാഴ്ചയും പ്രവർത്തിദിനമല്ലെങ്കിൽപ്പോലും അന്നും ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ സാധിക്കും. ദിനംപ്രതി 500 അപേക്ഷകളാണ് ലഭിക്കുന്നത്. അതിൽ പെൻഡിംഗിലിരിക്കുന്ന ഒരു ലക്ഷത്തിലധികം അപേക്ഷകൾ Form 5 ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ടത് മാറ്റിയെടുക്കുന്നതിനാണ് Form 5-ൽ അപേക്ഷിക്കുന്നത്. അതിനൊരു സമയക്രമം നിശ്ചയിച്ച് അങ്ങനെയൊരു പ്രോസസ്സിലേയ്ക്ക് പോകേണ്ടതുണ്ടോയെന്ന് പരിശോധിച്ച് അത്തരം തെറ്റുകൾ തിരുത്താനുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത് നല്ലതാണ്. ഈ സാഹചര്യത്തിലാണ് സ്മാർട്ട് സേവനമെന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ആർ.ഡി.ഒ. വഹിക്കുന്ന അധികാരം ഡെപ്യൂട്ടി കളക്ടർക്കുകൂടി നൽകിക്കൊണ്ടുള്ള അതിവേഗ തീർപ്പാക്കൽ ദൗത്യം റവന്യൂ വകുപ്പ് ആവിഷ്കരിച്ചത്. കാർഷിക അഭിവൃദ്ധി ഫണ്ടിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അത് കൃത്യമായി വിനിയോഗിക്കുന്ന നിലപാടാണ് റവന്യൂ വകുപ്പ് സ്വീകരിക്കുന്നത്. ഈ പ്രോസസ്സിനുവേണ്ടി റവന്യൂ വകുപ്പിൽ ഏകദേശം 990

താൽക്കാലിക തസ്തികകളിൽ നിയമനം നടത്തുകയാണ്. അതിൽ ക്ലാർക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, സർവ്വേയർ എന്നീ തസ്തികകൾ ഉൾപ്പെടും. രണ്ട് വില്ലേജിന് ഒരു വാഹനം എന്ന നിലയിൽ സപ്ലൈ ചെയ്തുകൊണ്ട് ജനങ്ങൾക്ക് സ്മാർട്ട് സേവനം നൽകുവാനുള്ള ശ്രമമാണ് നടത്തുന്നത്. ആർ.ഡി.ഒ.-യുടെ അധികാരം ഡെപ്യൂട്ടി കളക്ടർക്കുകൂടി വിഭജിച്ചുകൊടുത്ത്, അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം തീർപ്പുകൽപ്പിക്കുന്ന രീതിയിലുള്ള നിലപാടുകളാണ് സർക്കാർ സ്വീകരിക്കുന്നത്. അതിന് 68 ജൂനിയർ സൂപ്രണ്ടുമാരെയും 181 ക്ലാർക്കുമാരെയും താൽക്കാലികമായി നിയമിക്കുകയാണ്. അത്തരത്തിൽ ശ്രദ്ധേയവും സമയബന്ധിതവും സ്മാർട്ടുമായ സേവനം റവന്യൂ വകുപ്പിൽ നടപ്പിലാക്കുകയാണ്. കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടതും അവരുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്നതുമായ പ്രശ്നമാണിത്. ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കി സമയബന്ധിതമായി സേവനം നൽകുക എന്ന നിലപാടിന്റെ ഭാഗമായി സർക്കാർ കൊണ്ടുവന്ന ഈ ഭേദഗതി ബിൽ ജനോപകാരപ്രദമാണ്. ഞാൻ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ ബഹുമാന്യരായ അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ ഈ ഭേദഗതി കൊണ്ടുവരുന്നതിന്റെ പ്രയോജനം യഥാർത്ഥത്തിൽ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭിക്കണം. ഈ നിയമത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ ഓഫീസുകളും കയറിയിറങ്ങി ജനങ്ങൾ കഷ്ടപ്പെടുന്നതല്ലാതെ സമയത്ത് കാര്യങ്ങൾ നടത്തിയെടുക്കാൻ കഴിയുന്നില്ല എന്നുള്ള പ്രശ്നം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അപേക്ഷ സമർപ്പിച്ചിട്ടുള്ള ആവശ്യക്കാരുടെ എണ്ണം കൂടുതലാണ്. എന്നാൽ, ഇതനുസരിച്ച് അപേക്ഷ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പുണ്ടാക്കുന്നതിനും ഇപ്പോൾ സാധിക്കുന്നില്ല. ആർ.ഡി.ഒ. ലെവലിൽനിന്നും മാറി ഡെപ്യൂട്ടി കളക്ടർ അല്ലെങ്കിൽ തത്തുല്യ നിലയിലേയ്ക്ക് ഇത് വിപുലീകരിക്കുന്നു എന്നത് ഒരുവിധത്തിൽ ആശ്വാസമാണ്. ഞങ്ങൾ തത്വത്തിൽ അതിന്റെ നന്മയെ

ഉൾക്കൊള്ളുന്നു. പക്ഷെ, ആർ.ഡി.ഒ.-ക്ക് പകരം ഡെപ്യൂട്ടി കളക്ടർ വരുന്നതുകൊണ്ട് യഥാർത്ഥത്തിൽ ഈ പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെടുന്നതിനുള്ള സാഹചര്യമുണ്ടാകുന്നില്ല. കാരണം, ജീവനക്കാരുടെ അഭാവംതന്നെയാണ്. കുറേ ജീവനക്കാരെ പുതുതായി നിയമിക്കാനുള്ള നടപടിയെടുത്തതിനെക്കുറിച്ച് ശ്രീ. ജി. എസ്. ജയലാൽ സൂചിപ്പിച്ചു. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ നേരത്തെ മറുപടി നൽകിയിരുന്നു. പക്ഷെ, താൽക്കാലികമായി കുറച്ച് ജീവനക്കാരെ നിയമിക്കുന്നതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കപ്പെടുമോ എന്ന് സർക്കാർ പരിശോധിക്കേണ്ടതായിട്ടുണ്ട്. കാരണം, സങ്കീർണ്ണമായ പ്രശ്നമായതുകൊണ്ട് ഏതെങ്കിലും സാങ്കേതികത്വം ചൂണ്ടിക്കാട്ടി എങ്ങനെയും മടക്കി അയയ്ക്കുന്നതിനാണ് റവന്യൂ വകുപ്പിലെ ഭൂരിപക്ഷംപേരും ഇഷ്ടപ്പെടുന്നത് എന്നുള്ളത് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കാണാൻ കഴിയുന്ന കാര്യമാണ്. ഇത് നൽകണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയും പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുകയും ചെയ്യുന്നത് നല്ല കാര്യംതന്നെയാണ്. പക്ഷെ, ഉദ്യോഗസ്ഥതലത്തിലേയ്ക്ക് വരുമ്പോൾ ഇത്

രണ്ട് രീതിയിലുണ്ട്. ഒന്ന്, ഉദ്യോഗസ്ഥർ ഇതിന്റെ റിസ്ക് ഏറ്റെടുക്കാതെ ഒഴിഞ്ഞുമാറുന്നതിന്റെ ഭാഗമായി തന്ത്രപൂർവ്വം അടുത്ത ആളിലേയ്ക്ക് കൈമാറുകയും ഇതിനുവേണ്ടി നടക്കുന്നവരുടെ നടത്തം തുടരുകയും ചെയ്യുന്നു. രണ്ട്, ഇതിനെ അഴിമതിക്കുവേണ്ടി ദുർവിനിയോഗം ചെയ്യുന്ന സാഹചര്യവും ഗൗരവമായി കാണേണ്ടതുണ്ട്. ചില ഉദ്യോഗസ്ഥർ ഇതിനെയൊരു കറവപ്പശുവായി കണ്ടുകൊണ്ട് എങ്ങനെയാണ് കൈകാര്യം ചെയ്യാൻ സാധിക്കുന്നതെന്ന് പഠനം നടത്തി അതിന്റെ ഭാഗമായി കൈക്കൂലിക്കുവേണ്ടി കാത്തിരിക്കുന്ന സാഹചര്യവും അതിനുവേണ്ടി വലിച്ചുനീട്ടുന്ന സാഹചര്യവും വ്യക്തമായി കാണാൻ കഴിയുന്നതാണ്. ഇക്കാര്യങ്ങൾ എങ്ങനെ നിയന്ത്രിക്കാൻ സാധിക്കുമെന്നും ജനങ്ങൾക്ക് ഉപകാരപ്രദമായ നിലയിലേയ്ക്ക് ഇത് എങ്ങനെ കൊണ്ടുവരാൻ സാധിക്കും എന്നതിനെക്കുറിച്ചും ഫലപ്രദമായ ഇടപെടലിന് സാഹചര്യമുണ്ടാക്കണം. ഈ ഭേദഗതികൾ കൊണ്ടുവരാൻ ശ്രമിക്കുന്ന മന്ത്രിയുടെ നല്ല മനസ്സ് തിരിച്ചറിഞ്ഞുകൊണ്ടുതന്നെ ഇക്കാര്യം പ്രത്യേകം ചൂണ്ടാക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

**(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)**

ശ്രീ. തോമസ് കെ. തോമസ്: സർ, 2008-ൽ ഈ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ മുമ്പ് നിയമസഭയിലുണ്ടായിരുന്ന എന്റെ സഹോദരനായ തോമസ് ചാണ്ടി ഈ നിയമത്തെ ശക്തമായി എതിർത്തിരുന്നു. കുട്ടനാട്പോലൊരു പ്രദേശത്ത് ഇങ്ങനെയൊരു നിയമം നടപ്പിലാക്കുമ്പോൾ അവിടത്തെ പരിസ്ഥിതികൂടി കണക്കിലെടുത്ത് അവിടെ ജീവിക്കുന്നവർക്ക് അനുയോജ്യമായ രീതിയിൽ ഈ നിയമം ഭേദഗതി ചെയ്യണമെന്ന് അദ്ദേഹം സൂചിപ്പിച്ചത് അങ്ങയുടെ ഓർമ്മയിലുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, തീർച്ചയായും. അന്ന് ഞാൻ നിയമസഭയിലുണ്ട്. കുട്ടനാട്ടിൽ ഭൂമി നികത്തുന്നതുമായി ബന്ധപ്പെട്ട അപകടങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ മറുഭാഗംകൂടി അദ്ദേഹം ചൂണ്ടിക്കാണിച്ചത് വസ്തുതാപരമാണ്. ജില്ലാതല/പ്രദേശികതല സമിതികൾ ഉപകാരപ്രദമായി പ്രവർത്തിക്കണം. സത്യത്തിൽ മനുഷ്യരെ സഹായിക്കുന്നതിൽ അവർക്കാണ് കൂടുതൽ ഇടപെടാൻ കഴിയുന്നത്. ഈ സമിതികൾ പലപ്പോഴും അനാവശ്യതടസ്സങ്ങൾ സൃഷ്ടിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തടസ്സം നിൽക്കുകയാണ്. അതിനാൽ ഇത് കൃത്യമായി

മോണിറ്റർ ചെയ്യാൻ സർക്കാർതലത്തിൽ സ്പെഷ്യൽ ടീം രൂപീകരിക്കണം. സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതിനും വിവിധ ആവശ്യങ്ങൾക്കുമെല്ലാം ആളുകൾ വില്ലേജ് ആഫീസുകളെ ആശ്രയിക്കുന്നതിനാൽ അവിടെ ജോലിഭാരം കൂടുതലാണ്. കഷ്ടിച്ച് വില്ലേജ് ആഫീസറും ഒരു ജീവനക്കാരനും അവിടെ ഉണ്ടാകും. സമയബന്ധിതമായി ജോലി ചെയ്യാൻ കഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഇത്രയേറെ കാര്യങ്ങൾ വന്നുകഴിയുമ്പോൾ വില്ലേജ് ഓഫീസുകളും താലൂക്ക് ഓഫീസുകളും കുഴയുകയാണ്. ആയിരക്കണക്കിന് അപേക്ഷകളാണ് അവിടെ കെട്ടിക്കിടക്കുന്നത്. ഇത് പരിഹരിക്കാൻ സർക്കാരെടുത്ത ശ്രമം വിജയിക്കണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി സംസ്ഥാനമൊട്ടാകെ സ്പെഷ്യൽ അദാലത്ത് ഏർപ്പെടുത്തി സമയബന്ധിതമായി ഇത് നടപ്പാക്കാനുള്ള ക്രമീകരണത്തിലേയ്ക്ക് വരണം. എങ്കിൽ മാത്രമെ ജനങ്ങൾക്ക് ഉപകാരപ്രദമായ നിലയിൽ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. പതിനഞ്ചും ഇരുപതും വർഷം കഴിഞ്ഞാലും ഇതൊന്നും ആളുകൾക്ക് ഉപകാരപ്രദമായ നിലയിലേയ്ക്ക് കൊണ്ടുവരാനുള്ള നടപടിക്രമങ്ങളുണ്ടാകില്ല, അതിനുവേണ്ടി കാത്തിരിക്കുക എന്നല്ലാതെ

അവരുടെ ജീവിതകാലത്ത് യാഥാർത്ഥ്യമാകുമെന്ന് പ്രതീക്ഷിക്കാൻ കഴിയില്ല എന്നൊക്കെയാണ് പല മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ആത്മാർത്ഥതയെ സ്വാഗതം ചെയ്യുന്നു. അങ്ങയുടെ ഈ പരിശ്രമം വിജയിക്കണമെങ്കിൽ താലൂക്കടിസ്ഥാനത്തിൽ സ്പെഷ്യൽ അദാലത്ത് ഏർപ്പെടുത്തണം. പട്ടയത്തിന്റെ കാര്യത്തിൽ അങ്ങെടുത്തിരിക്കുന്ന നിലപാട് സ്വാഗതാർഹമാണ്. ഇത് സങ്കീർണ്ണമായ മറ്റൊരു വിഷയമാണ്. ഇതൊന്നും പെട്ടെന്ന് നടക്കുന്ന കാര്യമല്ലെന്ന് നാം കാലങ്ങളായി കണ്ടുകൊണ്ടിരിക്കുകയാണ്. താലൂക്കടിസ്ഥാനത്തിലും നിയോജകമണ്ഡലാടിസ്ഥാനത്തിലും എം.എൽ.എ.-മാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ വിളിച്ചുകൂട്ടി റിവ്യൂ ചെയ്ത് കൂട്ടായ സഹകരണത്തോടെ പരമാവധി വേഗത്തിൽ പട്ടയം കൊടുക്കുക എന്നതാണ് നിലവിലെ തീരുമാനം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ജില്ലാതലത്തിൽ എം.എൽ.എ.-മാരെ വിളിച്ചുകൂട്ടി എടുത്ത തീരുമാനത്തിന്റെ തുടർച്ചയായി നല്ലൊരു നടപടിയിലേയ്ക്ക് വന്നിരിക്കുകയാണ്. താലൂക്കടിസ്ഥാനത്തിൽ സ്പെഷ്യൽ അദാലത്തുകൾവഴി സമയബന്ധിതമായി ഇക്കാര്യങ്ങൾ

പരിഹരിക്കാൻ നടപടി ഉണ്ടാകുന്നത് ഉപകാരപ്രദമായിരിക്കും. നിലം തരംമാറ്റുന്നതിൽ ധാരാളം കുരുക്കുകൾ സംഭവിക്കുന്നു. വസ്തുവുമായി ബന്ധപ്പെട്ട രേഖകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് ഒരു പ്രധാന വിഷയമാണ്. കാലങ്ങളായി താമസിച്ചുകൊണ്ടിരിക്കുന്ന ഭൂമി റീസർവ്വേ കഴിഞ്ഞ് വരുമ്പോൾ രേഖകളിൽ 'നിലം' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഉടമസ്ഥൻപോലും അറിയുന്നില്ല. അവർക്ക് എന്ത് ചെയ്യാൻ സാധിക്കും; അയാൾ നിരപരാധിയാണ്. ഈ ഭൂമി ആരും നികത്തിയതല്ല, കാലങ്ങളായി കരഭൂമിയായി കിടന്നതാണ്. റെക്കോർഡുകളിലെ പിശകുകൾകൊണ്ട് സംഭവിക്കുന്ന വിഷയങ്ങൾ പരിഹരിച്ചുകിട്ടാതെ എത്ര മനുഷ്യരാണ് വിഷമിക്കുന്നത്. യാഥാർത്ഥ്യബോധത്തോടെ ഈ വിഷയങ്ങളെ സമീപിക്കണം. രണ്ടും രണ്ടായി കാണാൻ സാധിക്കണം. അനധികൃതമായി നികത്തിക്കൊണ്ടിരിക്കുന്നു. ഇപ്പോഴും അനധികൃതമായി മണ്ണെടുക്കലും നികത്തലും നിർബാധം തുടരുന്നുണ്ട്. അവരെ നിയന്ത്രിക്കുന്നതിനോടൊപ്പം ഇനിയുള്ള നെൽവയലുകളെങ്കിലും സംരക്ഷിക്കാൻ കഴിയുന്ന വിധത്തിൽ ഈ

നിയമത്തെ പ്രയോജനപ്പെടുത്താൻ സാധിക്കണം. കരഭൂമിയായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സ്ഥലം കൃത്യമായി വേർതിരിച്ച് കൊടുക്കാൻ കഴിയണം. 25 സെന്റ് വരെയുള്ള ഭൂമി സൗജന്യമായി തരംമാറ്റാം എന്ന് തീരുമാനിച്ചപ്പോൾ മറ്റൊരു പ്രശ്നമുണ്ടായിരിക്കുകയാണ്. ഉദാഹരണത്തിന് ഒരാൾക്ക് 50 സെന്റ് ഭൂമിയുണ്ടെങ്കിൽ 25 സെന്റെങ്കിലും ഒഴിവാക്കിക്കൊടുക്കണ്ടേ; ബാക്കി 25 സെന്റിന് തുക അടയ്ക്കാൻ പറഞ്ഞാൽ മനസ്സിലാക്കാം. കോടതിപോലും അതിനെ ചോദ്യം ചെയ്തു. നമ്മളെടുത്തിരിക്കുന്ന നിലപാട് തെറ്റാണെന്നാണ് കോടതി സൂചിപ്പിച്ചത്. കാരണം, ഒരു വ്യക്തിക്ക് നാൽപത് സെന്റ് ഭൂമിയുണ്ടെങ്കിൽ അതിൽ 25 സെന്റ് ഒഴിവാക്കി ബാക്കി 15 സെന്റിന് തുക അടയ്ക്കാൻ ആവശ്യപ്പെട്ടാൽ അതിലൊരു പ്രായോഗികതയുണ്ട്. അതിനുപകരം ഈ നാൽപതു സെന്റിനും ഈ വ്യക്തി തുക അടയ്ക്കേണ്ടിവരികയാണ്. അപ്രായോഗികമായ അഥവാ ബാലൻസ്ഡ് അല്ലാത്ത ഒരു സാഹചര്യം നമ്മൾതന്നെ ക്ഷണിച്ചുവരുത്തിയിട്ടുണ്ട്. അക്കാര്യം സർക്കാർ പരിശോധിക്കേണ്ടതുണ്ട്. കോടതി ആ വിഷയം പരിഗണിക്കുമ്പോൾ അപ്പീലിന് പോകുന്നത്

ജനങ്ങൾക്ക് ഉപദ്രവമായി മാത്രമെ മാറുകയുള്ളൂ. കാലങ്ങളായി പല സ്ഥലങ്ങളിലും നിർമ്മിച്ചിട്ടുള്ള വീടുകളും കെട്ടിടങ്ങളും പലയിടങ്ങളിലായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പെട്രോൾ പമ്പുകളും മറ്റ് പല സ്ഥാപനങ്ങളുമെല്ലാം ഇടിച്ചുനിരത്തി അവിടത്തെ മണ്ണ് മുഴുവൻ കോരിമാറ്റി കുളംകുത്തി പുതുതായി നെല്ല് കൃഷി ചെയ്യണമെന്ന് പറയുന്നത് തുഗ്ലക് പരിഷ്കാരമാണ്. ഇക്കാര്യം നിരവധി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജനപ്രതിനിധികളും സർക്കാരും ഇക്കാര്യം ഗൗരവമായി കാണണ്ടേ? ഇതുമായി ബന്ധപ്പെട്ട വാർത്തകൾ പ്രസിദ്ധീകരിച്ച ആറേഴ് പത്രങ്ങൾ സമീപകാലത്ത് ഞാൻ പരിശോധിക്കുകയുണ്ടായി. ഇത് തുഗ്ലക് പരിഷ്കാരമായി മാത്രമെ സമൂഹം വിലയിരുത്തുകയുള്ളൂ. ഇത് പ്രായോഗിക തലത്തിലേയ്ക്ക് വരേണ്ടതുണ്ട്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഈ രീതിയിലുള്ള ഓർഡർ വരുമ്പോൾ നമ്മൾ കോടതിയിൽ പോയാൽ പെട്ടെന്നുതന്നെ അത് പരിഹരിക്കാൻ സാധിക്കും. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് അതാണ്. കോടതിയാണ് എല്ലാ കാര്യത്തിലും ഇടപെടുന്നത്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ആളുകൾ ഇപ്പോൾ അത് കണ്ടുപഠിച്ചിട്ടുണ്ട്. പല വിഷയങ്ങളിലും ഇത്തരത്തിലുള്ള കാരണങ്ങൾ പറഞ്ഞ് നമ്മൾ നിരസിക്കുമ്പോൾ അവർ കോടതിയിൽ പോകും. കോടതി ഇതിന്റെ പ്രായോഗികവശം കണക്കിലെടുത്ത് അനുമതി നൽകുന്ന സാഹചര്യം സംജാതമാകുമ്പോൾ സത്യത്തിൽ ഇക്കാര്യങ്ങൾക്കുവേണ്ടി നിരവധി വർഷം നമ്മൾ നഷ്ടപ്പെടുത്തുകയാണ്. അത്തരമൊരു വിഷയം സർക്കാർ ഗൗരവമായി കാണുന്നതിനോടൊപ്പം ഇത് പ്രായോഗികമായി പരിഹരിക്കുന്നതിനുള്ള സാഹചര്യവുമുണ്ടാക്കണം. ഡാറ്റാ ബാങ്കിലെ തെറ്റുകളും സങ്കീർണമായ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അത് പരിശോധിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു ഇടപെടൽകൂടി നടത്തണമെന്നഭ്യർത്ഥിക്കുകയാണ്. നെൽപ്പാടങ്ങൾ എട്ട് ലക്ഷം ഹെക്ടറിൽനിന്ന് രണ്ട് ലക്ഷം ഹെക്ടറായി കുറഞ്ഞ ഗുരുതര സാഹചര്യത്തിലാണ് ഈ നിയമത്തിന്റെ ഭേദഗതിയിലേയ്ക്ക് നമ്മൾ കടക്കുന്നത്. തീർച്ചയായും കേരളത്തിലെ തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷിക്കപ്പെടണം. കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് കടുത്ത

ചൂടിലേയ്ക്ക് നമ്മുടെ സംസ്ഥാനം നീങ്ങിക്കൊണ്ടിരിക്കുകയാണ്. 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് വിശേഷിപ്പിക്കുന്ന കേരളത്തിന്റെ പ്രകൃതിയെയും പരിസ്ഥിതിയെയും തകർക്കുന്ന ഗുരുതര പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. പക്ഷെ, അതിന്റെ പേരിൽ ജനങ്ങൾക്ക് ഉപദ്രവകരമാകുന്ന സാഹചര്യങ്ങൾ, ഗുരുതരമായ സങ്കീർണാവസ്ഥ, പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കാനെടുക്കുന്ന സമീപനം എന്നിവയെല്ലാം തിരുത്തപ്പെടേണ്ടതാണ്. സർക്കാരിന്റെ ആവശ്യങ്ങൾക്കുവേണ്ടി വാങ്ങുന്ന ഭൂമിയുടെ കാര്യത്തിൽ പ്രത്യേക പരിശോധന നടത്താൻ തയ്യാറാകണം. കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഒരു സ്ഥലത്തെ കൃഷിയുമായി ബന്ധപ്പെട്ട് സബ്മിഷൻ കൊണ്ടുവന്നപ്പോൾ കൃഷി വകുപ്പുമന്ത്രി ശ്രീ. പി. പ്രസാദ് അതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. റവന്യൂ വകുപ്പുതലത്തിൽ ഇപ്പോഴുള്ള സംവിധാനത്തിന്റെകൂടെ സർക്കാർ ആവശ്യങ്ങൾക്കുള്ള ഭൂമിയാണെങ്കിൽ നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിക്കാമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. എന്റെ അനുഭവത്തിൽ കടുത്തുരുത്തി പഞ്ചായത്തിലെ

ഗവൺമെന്റ് പോളിടെക്നിക് ഉൾപ്പെടെ അവിടത്തെ പ്രധാനപ്പെട്ട സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സ്ഥലമില്ല. പഞ്ചായത്തിന്റെയോ സർക്കാരിന്റെയോ കീഴിൽ സ്ഥലമില്ലാത്തതിനാൽ കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് മുൻകൈയെടുത്ത് ഇരുപത് വർഷങ്ങൾക്ക് മുമ്പ് 20 ഏക്കർ സ്ഥലം വാങ്ങിച്ചു. അതിൽ 8 ഏക്കർ സ്ഥലത്ത് പോളിടെക്നിക് കെട്ടിടം നിർമ്മിച്ചു. ബാക്കിയുള്ള ഭൂമിയിലെ 7 ഏക്കർ സ്ഥലത്ത് പഞ്ചായത്തിന്റെയും സർക്കാരിന്റെയും ധാരണയോടെ കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കാനായി വിട്ടുകൊടുത്തു. ഉമ്മൻ ചാണ്ടിയായിരുന്നു അപ്പോഴത്തെ മുഖ്യമന്ത്രി. കൂടാതെ ഫയർ സ്റ്റേഷൻ, അങ്കണവാടി, സ്പോർട്സ് സ്റ്റേഡിയം തുടങ്ങി ആ നാട്ടുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങൾക്ക് 20 ഏക്കർ വിനിയോഗിക്കാൻ പഞ്ചായത്ത് തീരുമാനിക്കുകയും അതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ഈ ഭൂമി കൃഷി ചെയ്യുന്നതിനുള്ള സ്ഥലമായിത്തന്നെ ഉപയോഗിക്കുന്നതാണ് ഉത്തമമെന്ന് കൃഷി വകുപ്പിന്റെ സ്റ്റേറ്റ് ലെവൽ കമ്മിറ്റി റിപ്പോർട്ട് നൽകുകയുണ്ടായി. ഇപ്പോൾ ഈ സ്ഥലത്ത് പോളിടെക്നിക് കെട്ടിടം നിർമ്മിച്ച് കുട്ടികൾ

പഠിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആ ഭൂമിയിൽ കൃഷി ചെയ്താൽ മതിയെന്ന് ആവശ്യപ്പെട്ടാൽ എവിടെ കൃഷി നടത്തും; സർക്കാർ ഭൂമിയിൽ ആര് കൃഷി നടത്തും? അതിൽ പകുതി കരഭൂമിയാണ്. ഒരിക്കലും കൃഷി ചെയ്യാൻ സാധിക്കാത്ത സ്ഥലമാണ് ആ പഞ്ചായത്തിൽ കണ്ടെത്തിയത്. ആ ഭൂമി നമുക്ക് ഉപയോഗപ്രദമാക്കാൻ കഴിയില്ല. ഒരു നാടിന്റെ പൊതുആവശ്യം എന്ന നിലയിൽ എല്ലാ ജനപ്രതിനിധികളും ഒന്നിച്ചെടുത്ത ഒരു തീരുമാനമായിരുന്നു അത്. ഇതിന്റെ പേരിൽ കടുത്തുരുത്തിയിലെ കാലവസ്ഥയ്ക്കോ കൃഷിയ്ക്കോ യാതൊരു പ്രശ്നവുമുണ്ടാകില്ല. ഞാൻ ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു, കോട്ടയം ജില്ലയിൽ തരിശ്ശായി കിടന്ന കൃഷിപ്പാടങ്ങൾ ഏറ്റവും കൂടുതൽ ഉപയുക്തമാക്കി കൃഷി ചെയ്ത നിയോജകമണ്ഡലമായും ഗ്രാമപഞ്ചായത്തായും കടുത്തുരുത്തി മാറി. അവിടെ തരിശ്ശായി കിടന്ന കൃഷിയിടങ്ങൾ മുഴുവൻ കൃഷി ചെയ്തശേഷമാണ് ഈ അപേക്ഷ ക്ഷണിക്കുന്നത്. സർക്കാരിന്റെ ആവശ്യത്തിനുവേണ്ടി വാങ്ങിയ ഭൂമിയിൽ കൃഷി ചെയ്താൽ മതിയെന്ന് ഗവൺമെന്റ് പറഞ്ഞാൽ അത് എന്ത് അനീതിയാണ്, എത്ര അപ്രായോഗികമാണ്, ഭാവനാശൂന്യമായ

നടപടിയാണത്. ഇത്തരത്തിലുള്ള അബദ്ധങ്ങൾ തിരുത്താൻ നമ്മൾ തയ്യാറാകണം. ഫണ്ടിനുവേണ്ടി എല്ലാ മന്ത്രിമാരോടും ഗവൺമെന്റിനോടും ആവശ്യപ്പെടുകയാണ്. കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് കെട്ടിടം നിർമ്മിക്കാൻ 30 കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ട് 12 വർഷമായി. കെട്ടിടനിർമ്മാണത്തിനുള്ള അനുവാദം സംസ്ഥാന ഗവൺമെന്റിൽനിന്ന് ലഭിക്കാത്തതിന്റെ പേരിൽ തുക നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതുപോലെയുള്ള നൂറുകണക്കിന് പ്രശ്നങ്ങളുണ്ട്. സർക്കാർ ആവശ്യങ്ങൾക്കുവേണ്ടി വാങ്ങിയ സ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ അനുവാദം കൊടുക്കാനുള്ള പ്രായോഗിക നിലപാട് ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക് കോമ്പൗണ്ട് അവിടത്തെ എല്ലാ സ്ഥാപനങ്ങൾക്കും വേണ്ടിയുള്ളതാണ്. അതുൾപ്പെടെയുള്ള പ്രശ്നങ്ങളുടെ യാഥാർത്ഥ്യം കൃഷി വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി പരിശോധിക്കുവാനും പരിഹരിച്ചുതരാനും കഴിയുന്ന

സാഹചര്യമുണ്ടാകണം. ഞാൻ ചൂണ്ടിക്കാണിച്ചത് എന്റെ മാത്രം മണ്ഡലത്തിലെ പ്രശ്നമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മോൻസ് ജോസഫ്, ഒരു മണിക്ക് അടിയന്തര പ്രമേയ ചർച്ചയുണ്ട്. അതിനുമുമ്പ് ഈ ബിൽ പൂർത്തീകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: സർ, അത് ഞാൻ അംഗീകരിക്കുന്നു. ഞാൻ ചുരുക്കിപ്പറയാം. ഗവൺമെന്റ് ആവശ്യങ്ങൾക്കായി വാങ്ങിയ ഭൂമി നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കി ഇക്കാര്യങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ഇതിന് നിയമ ഭേദഗതി പ്രായോഗികമല്ല, സർക്കാർ തലത്തിലുള്ള തീരുമാനമാണ് പ്രായോഗികം. അതിനുള്ള നടപടികൾകൂടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇക്കാര്യങ്ങൾ ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കണം. ഇത് ജനോപകാരപ്രദമായ നിലയിൽ മാറ്റണം. മന്ത്രി സ്വീകരിച്ച നല്ല നിലപാടിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ഇത്തരത്തിൽ ഉപദ്രവമുണ്ടാകുന്ന സാഹചര്യങ്ങൾ പരിശോധിച്ച് തിരുത്തുന്നതിനുള്ള നടപടികൂടി ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇവിടെ ബഹുമാന്യരായ അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ചെറുതാണെങ്കിലും ഇപ്പോൾ നിലനിൽക്കുന്ന നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് കേരളത്തിൽ ഏറ്റവും ശ്രദ്ധേയമായി വരാൻ പോകുന്ന ഒരു പ്രശ്നമാണ് ഗവൺമെന്റ് ഒരു ഭേദഗതിയിലൂടെ ചൂണ്ടിക്കാണിക്കാൻ നിശ്ചയിച്ചതും അത് രണ്ടാം വകുപ്പിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടതും. അങ്ങ് സൂചിപ്പിച്ചതുപോലെ അൽപ്പസമയത്തിനുള്ളിൽ മറുപടി പറഞ്ഞ് അവസാനിപ്പിക്കേണ്ടതുണ്ട്. ഏതാണ്ട് ഒരു മണിക്കൂറോളം നീണ്ടുനിന്ന ചർച്ചയ്ക്കാണ് മറുപടി നൽകേണ്ടതെങ്കിലും പരമാവധി ചുരുക്കി മറുപടി നൽകാം. ചെയറിന്റെ അനുവാദമില്ലാതെ  ആർക്കും വഴങ്ങുന്ന പ്രശ്നമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു മണിക്ക് മുമ്പ് ഈ ബിൽ പൂർത്തീകരിക്കണം.

ശ്രീ. കെ. രാജൻ: സർ, യഥാർത്ഥത്തിൽ വിചിത്രവാദങ്ങളാണ് വിയോജനക്കുറിപ്പിൽ സൂചിപ്പിച്ചത്. തരംമാറ്റ നടപടികൾക്ക് വേഗത

പോരെന്ന് തുടർച്ചയായി ഈ സഭയിൽ പറയുകയും ശ്രീ. മോൻസ് ജോസഫ് സൂചിപ്പിച്ചതുപോലെ അദാലത്ത് ഉൾപ്പെടെയുള്ള നടപടികൾ നടത്തിയാണെങ്കിലും അത് പരിഹരിക്കണമെന്ന് ആവശ്യപ്പെടുകയും അതേസമയം അങ്ങനെയുള്ള നടപടികൾക്ക് നേതൃത്വം നൽകാവുന്ന വിധത്തിൽ ഇതിന്റെ അധികാരത്തെ വികേന്ദ്രീകരിക്കുമ്പോൾ ആ തീരുമാനത്തിന് വിയോജനക്കുറിപ്പ് എഴുതുകയും ചെയ്യുന്നത് വിചിത്രമായ കാര്യമാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ കേരളത്തിൽ 27 (എ) എന്ന ഉപവകുപ്പ് നിലവിൽവന്ന 30-12-2017-നുശേഷം ഓഫ്‌ലൈനായി ലഭ്യമായിട്ടുള്ള അപേക്ഷകളുടെ എണ്ണം 226,901 ആണ്. അതിൽ തീർപ്പാക്കപ്പെട്ടത് 223,077 ആണ്. ബാക്കിയുള്ളത് 3824 അപേക്ഷകളാണ്. അഴിമതി തടയുന്നതിന് പരമാവധി ശ്രമം നടത്തി ഓൺലൈൻ നടപടികൾ 2022 ഫെബ്രുവരി മുതൽ ആരംഭിച്ചപ്പോൾ 311,167 കേസുകളാണ് ഇതുവരെ ലഭിച്ചത്. അതിൽ തീർപ്പാക്കാനായത് 82,528 കേസുകളാണ്. 228,639 കേസുകൾ ബാക്കി നിൽക്കുന്നുണ്ട്. കേരളത്തിൽ 27 ആർ.ഡി.ഒ.-മാർ (സബ്കളക്ടർ) ഉണ്ട്. ഒരു ആർ.ഡി.ഒ.-ക്ക് ഒരു ദിവസം വില്ലേജ് ഓഫീസ്

മുതലുള്ള എല്ലാ ഉദ്യോഗസ്ഥരെയും ശാക്തീകരിച്ച് അദ്ദേഹത്തിന്റെ മുമ്പിലേയ്ക്ക് ഒപ്പിടാനുള്ള ഫയലുകൾ കൊണ്ടുവന്നാൽ എത്ര കേസുകളിൽ ഒപ്പിടാൻ സാധിക്കും? 228,639 കേസുകൾ ഇനിയും ഓൺലൈനായി നിൽക്കുന്ന കേരളത്തിൽ വിയോജിപ്പ് രേഖപ്പെടുത്തിയ വ്യക്തികളുടെ അഭിപ്രായത്തിൽ 27 ആർ.ഡി.ഒ.-മാരുടെ തസ്തിക മതിയെന്നാണോ? 77 താലൂക്കുകളിൽ 69 കേന്ദ്രങ്ങളിലായി 42 ഡെപ്യൂട്ടി കളക്ടർമാരെയും 27 സബ്കളക്ടർമാരെയും ഉപയോഗപ്പെടുത്തി ഇത് വികേന്ദ്രീകരിക്കുകയും ശ്രീ. മോൻസ് ജോസഫ് നിർദ്ദേശിച്ചതുപോലെ അദാലത്ത് ഉൾപ്പെടെയുള്ള നടപടിക്രമങ്ങളിലേയ്ക്ക് വരികയും ചെയ്താൽ കേസുകൾ അനന്തമായി നീണ്ടുപോകുന്ന പ്രശ്നമുണ്ടാകില്ല. ശ്രീ. ജി. എസ്. ജയലാൽ ഇവിടെ സൂചിപ്പിച്ചതുപോലെ നേരത്തെ രണ്ടാം ശനിയാഴ്ചയും ഞായറാഴ്ചയും അവധി ദിവസങ്ങളിലും അപേക്ഷ നൽകാൻ കഴിയില്ലായിരുന്നു. എന്നാൽ, എല്ലാം ഓൺലൈനായപ്പോൾ 365 ദിവസവും രാപകൽ വ്യത്യാസമില്ലാതെ അപേക്ഷ കൊടുക്കാനുള്ള സാഹചര്യമുണ്ടായപ്പോൾ അപേക്ഷകളുടെ എണ്ണത്തിൽ വലിയ വർദ്ധനവാണുണ്ടായത്. ഒരു ദിവസം 24 മണിക്കൂർ

തികയുന്നതിനുമുമ്പുതന്നെ അഞ്ഞൂറിലധികം അപേക്ഷകൾ ലഭിക്കുന്നു. ഇത്രയും അപേക്ഷകൾ കൈകാര്യം ചെയ്യാനുള്ള ഉത്തരവാദിത്വം കുറച്ച് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായാൽ അവർ നിരവധി പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടിവരും. അങ്ങനെ വരുമ്പോൾ ഇത് ചർച്ച ചെയ്യുന്നത് പോസിറ്റീവായ സമീപനമായി കാണാനാകില്ല. ഇതിൽ കോടതികൾ ഇടപെടുന്നുവെന്ന കാര്യം ശ്രീ. മോൻസ് ജോസഫ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത് പ്രസക്തമായൊരു കാര്യമാണ്. നേരത്തെയുണ്ടായിരുന്ന ഒരു കേസാണ് Thankachan Vs. State of Kerala. 2008-നുശേഷം വാങ്ങിയ ഭൂമിയാണെങ്കിൽ വീട് വയ്ക്കാനോ നിലം നികത്താനോ പാടില്ലെന്ന് പ്രസ്തുത കേസിൽ കോടതി വിധി വന്നിരുന്നു. അതിനെതിരായി പിന്നീട് വന്ന കോടതി വിധിയിൽ, അതായത് സിംഗിൾ ബെഞ്ച് കൊടുത്ത കോടതി വിധിക്കെതിരായ മറ്റൊരു ഉത്തരവിൽ 2008-നുശേഷം നികത്തിയതാണെങ്കിൽപ്പോലും അങ്ങനെ സ്വഭാവമാറ്റത്തിന് അനുവാദമുണ്ടെന്ന് ഡിവിഷൻ ബെഞ്ച് വിധിക്കുകയുണ്ടായി. ആ വിധിക്കെതിരായി മറ്റൊരു സിംഗിൾ ബെഞ്ച് കോടതിയിൽ വന്ന കേസ്

ഹൈക്കോടതിയുടെ ഫുൾ ബെഞ്ചിന് റഫർ ചെയ്തപ്പോൾ Thankachan Vs. State of Kerala-യിൽ സൂചിപ്പിച്ചതുപോലെ 2008-നുശേഷം നികത്തിയ സ്ഥലമാണെങ്കിൽ അവിടെ വീടുവയ്ക്കാനോ മാറ്റം ചെയ്യാനോ സാധ്യമല്ലായെന്ന് വീണ്ടും സൂചിപ്പിച്ചു. കോടതികൾ ഈ നിയമത്തെ വ്യാഖ്യാനം ചെയ്യുന്നതിനനുസരിച്ച് സ്വാഭാവികമായ കാലതാമസമുണ്ടായി. ബഹുമാന്യരായ അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചതുപോലെ 25-02-2021-ലാണ് 25 സെന്റ്വരെയുള്ള ഭൂമിക്ക് തുക അടയ്ക്കേണ്ടതില്ലെന്ന നിർദ്ദേശം ക്യാബിനറ്റ് കൊണ്ടുവരുന്നത്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ ഒരു എസ്.ആർ.ഒ. പുറത്തിറക്കി നാലാം മാസത്തിൽ അത് ചട്ടത്തിന്റെ ഭാഗമാക്കി മാറ്റി. ആകെ 25 സെന്റ് ഭൂമി മാത്രമേയുള്ളൂവെങ്കിൽ ടി ഭൂമിക്ക് തുക അടയ്ക്കേണ്ടതില്ല എന്നാണ് അന്ന് പരാമർശിച്ചിരുന്ന പ്രധാന കാര്യം. എന്നാൽ അതുസംബന്ധിച്ച് വിശദമായ ചർച്ചകളുണ്ടായി. അതിൽ ഏറ്റവും പ്രധാനമായുണ്ടായത്, നാലാം മാസത്തിൽ എസ്.ആർ.ഒ. ഇറങ്ങിയതിന് മുമ്പ് ലഭ്യമായ അപേക്ഷകളിൽ ഈ തീരുമാനമെടുക്കാമോ എന്നതാണ്. നാലാം മാസത്തിന് മുമ്പ് വന്നിട്ടുള്ളത് എസ്.ആർ.ഒ. ഇറക്കുന്നതിന് മുമ്പുള്ള

അഭിപ്രായമായതിനാൽ നൽകാൻ കഴിയില്ലായെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടു. പക്ഷെ, അവർക്കുംകൂടി നൽകണമെന്നാണ് കോടതി വിധി. 2021 ഏഴാം മാസത്തിൽ റവന്യൂ വകുപ്പ് അതിന്റെ സ്പഷ്ടീകരണം പുറത്തിറക്കി. നിയമം മാത്രമല്ല അതിന്റെ ഭാഗമായിട്ടുണ്ടായ നിരവധി കോടതി നടപടികളും അനന്തരഫലങ്ങളും ഈ പ്രവർത്തനങ്ങളുടെ വേഗതയ്ക്ക് ചെറിയ തടസ്സങ്ങളുണ്ടാക്കിയിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. യഥാർത്ഥത്തിൽ ഈ നിയമം വരാനുള്ള കാരണം, 1970-ൽ എട്ട് ലക്ഷം ഹെക്ടർ നെൽകൃഷിയുണ്ടായിരുന്ന നാടായിരുന്നു കേരളം. എന്നാൽ 2000 ആകുമ്പോൾ അത് രണ്ട് ലക്ഷം ഹെക്ടറായി കുറഞ്ഞു. 2008-ൽ ശ്രീ. കെ. പി. രാജേന്ദ്രൻ കേരള നിയമസഭയിൽ ഈ നിയമം അവതരിപ്പിക്കുന്ന ഘട്ടത്തിൽ കേരളത്തിന് വേണ്ടിവരുന്ന 80 ശതമാനം അരിയും അയൽ സംസ്ഥാനത്തുനിന്നും കൊണ്ടുവരേണ്ട സ്ഥിതിയായിരുന്നു. നാണ്യവിളകൾ തോട്ടങ്ങളായി പരിവർത്തനപ്പെടുത്തുന്നതുകൊണ്ട് നെൽവയലുകൾ വ്യാപകമായി നഷ്ടപ്പെടുന്നുവെന്ന് പരാതിയുണ്ട്. പുതിയ നിർമ്മാണ

പ്രവർത്തനങ്ങൾക്കായി, അത് സർക്കാരിനുവേണ്ടിയാണെങ്കിലും അല്ലാതെയാണെങ്കിലും വ്യാപകമായി ചതുപ്പുകൾ നികത്തുന്ന സ്ഥിതിയുണ്ടായി. ചതുപ്പുകൾക്കും കേരളത്തിന്റെ കാർഷിക മേഖലയിൽ ജോലി നിർവ്വഹിക്കാനുണ്ടെന്ന് ശ്രീ. മോൻസ് ജോസഫ് ഉൾപ്പെടെയുള്ള അംഗങ്ങൾക്കറിയാം. നീർത്തട മേഖലയുടെ വ്യാപകമായ നികത്തൽ പരിസ്ഥിതി അപചയത്തിനും മണ്ണിന്റെ ഫലഭ്രയിഷ്ഠതയ്ക്കും പ്രതികൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന ഘട്ടത്തിലാണ് 2008-ൽ ശ്രീ. കെ. പി. രാജേന്ദ്രൻ ഇങ്ങനെയൊരു വിഷയത്തിലേക്ക് വന്നത്. ജൈവ സമ്പുഷ്ടക്കുറവിനും വ്യാപകമായ മണ്ണൊലിപ്പിനും കിണറുകളിലേയും കുളങ്ങളിലേയും ജലനിരപ്പ് താഴുന്നതിനും ഇത് ഇടയാക്കുന്നു. ബഹുമാന്യരായ അംഗങ്ങൾ മനസ്സിലാക്കേണ്ടത്, ഈ വിഷയം വിശദമായി ചർച്ചചെയ്യാൻ ഞാൻ തയ്യാറാണ്. എന്നാൽ, ഒരു മണിക്ക് അടിയന്തര പ്രമേയത്തിന്റെ ചർച്ചയിലേയ്ക്ക് കടക്കണമെന്ന് ബഹുമാനപ്പെട്ട ചെയർ അഭിപ്രായപ്പെട്ടതുകൊണ്ടാണ് ഞാൻ ചുരുക്കിപ്പറയുന്നത്. .....(ബഹളം)...

ഞാൻ ഇതിന്റെ ലക്ഷ്യം പറഞ്ഞോട്ടെ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഞാൻ അങ്ങേയ്ക്ക് വഴങ്ങാം, ഇന്നലത്തെ സ്ഥിതിയുണ്ടാകില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... ഒരുമണിക്ക് മുൻപ് ഈ ബില്ലിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കണം.

ശ്രീ. കെ. രാജൻ: സർ, നീർത്തടങ്ങളുടെ പരിസ്ഥിതിധർമ്മം നിലനിർത്തിക്കൊണ്ടുതന്നെ കൃഷിയിറക്കാവുന്ന ഏക ഉഭയവിളയാണ് നെല്ല്. അതുമാത്രമല്ല, ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ വെള്ളക്കെട്ട് കാണുന്ന ഇടമൊക്കെ തണ്ണീർത്തടമെന്ന് പ്രഖ്യാപിക്കാൻ സാധിക്കില്ല. തണ്ണീർത്തടത്തെ കൃത്യതയോടുകൂടി ഡിഫൈൻ ചെയ്തിട്ടുണ്ട്. നാലഞ്ച് മണിക്കൂർ എടുത്താണ് സഭ ഇത് ചർച്ച ചെയ്തത്. നീർത്തടങ്ങൾക്ക് വൈവിദ്ധ്യമാർന്ന പരിസ്ഥിതി ഘടനയുണ്ട്. വിവിധ സസ്യവർഗ്ഗങ്ങൾക്കും ജന്തുസമൂഹങ്ങൾക്കും ആവാസവ്യവസ്ഥ ഒരുക്കിക്കൊടുക്കുന്ന സ്ഥലമാണിത്. സൂഷ്മജീവികൾ, ഉരഗങ്ങൾ ഉൾപ്പെടെ എല്ലാ ഉഭയജീവികളും ജീവചരിത്രത്തിന്റെ ഒരു ഘട്ടത്തിലെങ്കിലും വളരേണ്ട സ്ഥലമായി തണ്ണീർത്തടം മാറുകയാണ്. മത്സ്യങ്ങൾക്ക് മുട്ടയിടുന്നതിനും തീറ്റ

തേടുന്നതിനും പ്രകൃതിയാലുള്ള ശത്രുക്കളെ നേരിടുന്നതിനുമുള്ള സ്ഥലമാണ് തണ്ണീർത്തടം. പക്ഷികളുടെ വിശ്രമസങ്കേതത്തിന് നീർത്തടം പ്രധാന ആശ്രയകേന്ദ്രമായി മാറുകയാണ്. വലിയ വരൾച്ചയെ നേരിടാൻ പോകുന്നൊരു ഘട്ടം നമ്മൾ കണ്ടു. രണ്ട് ഡാമുകൾ തുറന്നത് സംബന്ധിച്ച പ്രശ്നം ചർച്ച ചെയ്യാൻ 2021 നവംബറിൽ അടൂരിൽ യോഗം ചേർന്നു. 2021 നവംബറിൽ 175 ശതമാനത്തിലധികം മഴ ലഭിച്ച ജില്ലയാണ് പത്തനംതിട്ട. കേരളത്തിലെ തണ്ണീർത്തടങ്ങൾക്കും ചതുപ്പുകൾക്കും വലിയ ധർമ്മം നിർവ്വഹിക്കാനുണ്ടെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് 2008-ൽ ഈ നിയമം കൊണ്ടുവന്നത്. തർക്കങ്ങളുണ്ടെങ്കിലും ഇക്കാര്യത്തിൽ നമുക്ക് ഏതെങ്കിലും വിധത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളില്ലെന്ന് ഞാൻ കരുതട്ടെ. പൊതുആവശ്യത്തിനും വീട് വയ്ക്കുന്നതിനുമല്ലാതെ 2008-നുശേഷം നെൽവയൽ നികത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചുകൊണ്ട് സെക്ഷൻ 9 പ്രകാരം വീടുവയ്ക്കാൻ സ്വന്തം ജില്ലയിൽ സ്ഥലമില്ലാത്ത വ്യക്തിക്ക് പഞ്ചായത്തിൽ 10 സെന്റുവരെയും മുനിസിപ്പാലിറ്റിയിൽ 5 സെന്റുവരെയും വയൽ നികത്താനുള്ള വ്യവസ്ഥയാണ് 2008-ലെ നിയമത്തിലുള്ളത്.

നേരത്തെ ഞാനിവിടെ സൂചിപ്പിച്ചതുപോലെ Thankachan Vs. State of Kerala എന്ന കേസ്സിൽ 2008-നുശേഷം വാങ്ങിയ ഭൂമി വീട് വയ്ക്കുന്നതിനുവേണ്ടി നികത്താൻ സാധിക്കില്ല. 2019-ൽ Yousuf Chalil Vs. State of Kerala എന്ന കേസ്സിൽ ഇങ്ങനെ വീടുവയ്ക്കാൻ മറ്റ് ഭൂമിയില്ലെങ്കിൽ നികത്താൻ അനുമതി നൽകണമെന്ന് ഡിവിഷൻ ബെഞ്ച് വാദിച്ചു. ഈ വിധിയുടെ നിയമസാധുത സംബന്ധിച്ച് മറ്റൊരു ഡിവിഷൻ ബെഞ്ച് നൽകിയ റഫറൻസിൽ തങ്കച്ചൻ കേസ്സിലെ സിംഗിൾ ബെഞ്ച് വിധിയാണ് കേരള ഹൈക്കോടതി ഫുൾബെഞ്ച് അനുവദിച്ചത്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചതുപോലെ പ്രാദേശികതല വികസന സമിതിയുടെ അദ്ധ്യക്ഷൻ കളക്ടർ അല്ല, ഇവിടെ ചെയർമാനായി പ്രവർത്തിക്കേണ്ടത് പഞ്ചായത്ത് പ്രസിഡന്റാണ്. അദ്ദേഹത്തെ സഹായിക്കാനുള്ള കമ്മിറ്റിയുടെ കൺവീനർ അഗ്രിക്കൾച്ചറൽ ഓഫീസറാണ്. വില്ലേജ് ഓഫീസറും കൃഷിക്കാരുടെ മൂന്ന് പ്രതിനിധികളും അതിൽ അംഗങ്ങളാണ്. അതിനുമുകളിലുള്ള District Level Monitoring Committee (DLMC)-യുടെ ചെയർമാനാണ് കളക്ടർ. അപ്പീൽ അധികാരമുള്ള ഒരു കമ്മിറ്റിയായതുകൊണ്ടാണ് കളക്ടറെ ചെയർമാനായി

നിയോഗിച്ചിട്ടുള്ളത്. അതിനുമുകളിൽ State Level Monitoring Committee (SLMC) ആണ്, അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കൺട്രോളറാണ് അതിന്റെ കൺവീനർ. ഇവിടെ Local Level Monitoring Committee (LLMC) കൂടുന്നില്ലെന്ന പരാതി ഗൗരവമായിത്തന്നെയാണ് നമ്മൾ കാണുന്നത്. കഴിഞ്ഞ ആഗസ്റ്റ് 2-ന് എന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സബ്ജക്ട് കമ്മിറ്റി II കേരളത്തിലെ റവന്യൂ വകുപ്പിനേയും തദ്ദേശസ്വയംഭരണ വകുപ്പിനേയും കൃഷി വകുപ്പിനേയും അവരുടെ ചുമതലകൾ നിർവ്വഹിക്കാൻ ചുമതലപ്പെടുത്തി. ഇതുവരെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തരമായി അത് സൃഷ്ടിച്ച് 2023 സെപ്റ്റംബർ 16-നുമുൻപായി കമ്മിറ്റിക്ക് മുൻപിൽ സമർപ്പിക്കാനുള്ള വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്ക് സംബന്ധിച്ച് നിലവിൽ പരാതികളുണ്ടെങ്കിൽ ആർ.ഡി.ഒ.-മാർ പരിശോധിച്ച് തിരുത്തലുകൾ വരുത്തി പുതിയവ ഒരു മാസത്തിനുള്ളിൽ നോട്ടിഫൈ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ച് അതിന്റെ പ്രസിദ്ധീകരണം ഉറപ്പുവരുത്താൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. നെൽവയലുകളും

തണ്ണീർത്തടങ്ങളും നിയമത്തിലെ നിർവ്വചനമനുസരിച്ച് വ്യവസ്ഥ ചെയ്യുംപ്രകാരം അടിയന്തരമായി ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അത് പ്രസിദ്ധീകരിക്കാനും ഒരു മാസത്തിനുള്ളിൽ Local Level Monitoring Committee (LLMC) കൂടുന്നില്ലെങ്കിൽ ആ വിവരം ബന്ധപ്പെട്ട കമ്മിറ്റിയെ അറിയിക്കാനും ഈ മൂന്ന് വകുപ്പുകളെയും ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ട്. അതുകൊണ്ട് അക്കാര്യത്തിൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്. ഡാറ്റാ ബാങ്കിൽനിന്നും മാറ്റുന്നതിന് Local Level Monitoring Committee (LLMC)-ക്കോ ആർ.ഡി.ഒ.-യ്ക്കോ നൽകുന്ന അപേക്ഷ Form 5-ലാണ്. യഥാർത്ഥത്തിൽ ഇപ്പോൾ പരിശോധനയിൽ മനസ്സിലാക്കിയ കാര്യം, ഇനി പരിഹരിക്കാനുള്ള 228,641 പരാതികളിൽ 106,409 എണ്ണവും Form 5-ലാണ് എന്നുള്ളതാണ്. Form 6-ൽ ഇനി പരിഹരിക്കാനുള്ളത് 116,956 അപേക്ഷകളാണ്. 2008-നുമുൻപ് നികത്തപ്പെട്ട സ്ഥലങ്ങൾ റവന്യൂ രേഖകളിൽ തെറ്റായി നിലമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് പുരയിടമാക്കി മാറ്റാനുള്ള 27 (എ)-ക്ക് അധികാരം കൊടുക്കുന്നത് Form 6

ആണ്. എന്നാൽ, 2008-ൽ ഈ നിയമം പാസ്സാക്കുമ്പോൾ നിലവിലുള്ള നിലങ്ങൾ ഉൾപ്പെട്ടതാണ് ഡാറ്റാ ബാങ്ക്. ആ ഡാറ്റാ ബാങ്കിൽ നിന്നും പേരുകൾ ഒഴിവാക്കാൻ കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷക്കാലമായി അപേക്ഷ ലഭിച്ചിട്ടും ഇനിയും അപേക്ഷ Form 5-ൽ തുടർന്നാൽ നാം ഉന്നയിക്കപ്പെടുന്ന വിഷയങ്ങളിലൊന്നും കേരളം നിൽക്കില്ല എന്നത് യാഥാർത്ഥ്യമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയാണ് യഥാർത്ഥത്തിൽ ഇത്തരമൊരു നടപടിയുമായി മുന്നോട്ടുപോകാൻ സർക്കാർ ആഗ്രഹിക്കുന്നത്. യഥാർത്ഥത്തിൽ ആർ.ഡി.ഒ. ചെയ്തുതീർക്കേണ്ട ജോലികൾ എത്രയാണ്? ആർ.ഡി.ഒ.-യ്ക്ക് ചെയ്ത് തീർക്കേണ്ട ജോലികൾ മുപ്പതിലധികം വരും. വിവിധ സർട്ടിഫിക്കറ്റുകളുടെ അപ്പീലുകൾ, ഭക്ഷ്യസുരക്ഷാ നിയമം, രക്ഷകർത്താക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമം, section 133 of Cr.PC പ്രകാരം പബ്ലിക് ന്യൂയിസൻസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ, മജിസ്റ്റീരിയൽ നടപടിക്രമങ്ങൾ, ഭൂവിനിയോഗം, വനാവകാശ നിയമം, അവകാശികളില്ലാത്ത വസ്തുക്കൾ കൈകാര്യം ചെയ്യൽ, relinquishment, ഭൂമി സംബന്ധമായ നിയമങ്ങൾ, ഭൂസംരക്ഷണം, പോക്കുവരവിന്റെ അപ്പീൽ,

മുനിസിപ്പൽ കോർപ്പറേഷൻ ഭൂപതിവ്, പാട്ടം തുടങ്ങി ഏതാണ്ട് മുപ്പതിലേറെ ജോലികൾ നിർവ്വഹിക്കാനുള്ള ആർ.ഡി.ഒ.-മാർ ഇപ്പോൾ ഭൂമി തരംമാറ്റമെന്ന ഒറ്റ വിഷയത്തിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. കേരളത്തിൽ 69 കേന്ദ്രങ്ങളിലായി 77 താലൂക്കുകളിൽ വരുന്ന ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ നിയമം അനുശാസിക്കുന്ന വിധത്തിൽ കൈകാര്യം ചെയ്യാനുള്ള ശ്രമമാണ് നിശ്ചയിച്ചിട്ടുള്ള ഈ നടപടിക്രമങ്ങളിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഒരു കാര്യം ഇവിടെ സൂചിപ്പിച്ചത് ശരിയാണ്, 1182,41,91,361 രൂപ ഇതിനകം നമുക്ക് സമാഹരിക്കാൻ കഴിഞ്ഞു. അതിന്റെ ഭാഗമായി 2022 ഫെബ്രുവരി 22 മുതൽ തുടർച്ചയായി തുക ചെലവഴിച്ചുകൊണ്ട് അധിക ഉദ്യോഗസ്ഥരെ നിയമിക്കുകയാണ്. സർവ്വേയർ ഉൾപ്പെടെ 990 ഉദ്യോഗസ്ഥർ, 341 വാഹനങ്ങൾ, ആവശ്യമായ ഐ.ടി. ഉപകരണങ്ങൾ എന്നിവ ആദ്യഘട്ടത്തിൽ നൽകി. രണ്ടാംഘട്ടത്തിൽ വീണ്ടും അത്രതന്നെ തുടരാൻ തീരുമാനിച്ചു. ഈ ഗവൺമെന്റ് കഴിഞ്ഞ മാസം ഒന്നാം തീയതിയെടുത്ത തീരുമാനമനുസരിച്ച് 68 ജൂനിയർ സൂപ്രണ്ടുമാരെ ബൈ പ്രൊമോഷൻ വഴിയും

181 പുതിയ ക്ലർക്കുമാരെ പി.എസ്.സി. ലിസ്റ്റ് പ്രകാരവും 123 സർവേയർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും 220 വാഹനങ്ങളും രണ്ടുവർഷത്തേയ്ക്ക് സ്ഥിരമായി വരാവുന്ന സംവിധാനമെന്ന നിലയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാന്യരായ അംഗങ്ങൾ മനസ്സിലാക്കേണ്ടത്, വിജിലൻസ് പരിശോധിക്കുന്നതിനാൽ ഈ താൽക്കാലിക ജീവനക്കാർ ഭൂമിയുടെ വാല്യു നിശ്ചയിച്ചാൽ പലപ്പോഴും ആർ.ഡി.ഒ.-മാർക്കും സബ് കളക്ടർമാർക്കും ആ തുക നിശ്ചയിക്കാൻ പ്രയാസമുണ്ടാകും. സ്ഥിരം ജീവനക്കാരായാൽ കെ.എസ്.ആർ.-ന്റെ പരിരക്ഷ ലഭിക്കും. ശ്രീ. മോൻസ് ജോസഫ് സൂചിപ്പിച്ചതുപോലെ വില്ലേജുകളിൽ ഇതുമായി ബന്ധപ്പെട്ട് എന്തു നടപടികൾ സ്വീകരിക്കാൻ കഴിയും എന്നുള്ളതാണ് നോക്കേണ്ടത്. വില്ലേജുകളിൽ ജീവനക്കാരുടെ എണ്ണക്കുറവുണ്ട്. അതിനാൽ 197 എൽ.ഡി. ടൈപ്പിസ്റ്റ്, 201 യു.ഡി. ടൈപ്പിസ്റ്റ്, 921 ഒ.എ. ഉൾപ്പെടെ 1319 പുതിയ ജീവനക്കാരെ വില്ലേജുകളിലേയ്ക്ക് പുനർവിന്യസിക്കുകയാണ്. നമുക്ക് പുതിയ തസ്തികകളുണ്ടാക്കാൻ കഴിയുന്നില്ല, എന്നാൽ റവന്യൂ വകുപ്പിന്റെ ജില്ലാ കേന്ദ്രങ്ങളിലുള്ള 1391 പേരെ ഭൂമി തരംമാറ്റം അധികമായി ഉണ്ടാകുന്ന

സ്ഥലങ്ങളിലേയ്ക്ക് മാറ്റിക്കൊടുക്കാൻ കഴിഞ്ഞാൽ അതിവേഗം ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ നടപടിക്രമങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. ബഹുമാനപ്പെട്ട ചാലക്കുടി അംഗം ഞാൻ പറയുന്നത് കേൾക്കുന്നുണ്ടെന്ന് വിചാരിക്കുന്നു. വകുപ്പ് 27(ഡി) പ്രകാരം 5 കോടി രൂപ മാത്രമേ ചെലവഴിക്കപ്പെട്ടിട്ടുള്ളൂവെന്ന തെറ്റായ ഒരു പ്രസ്താവന അദ്ദേഹം പ്രസംഗത്തിനിടയിൽ നടത്തിയിരുന്നു. ഞാൻ ആ പ്രസ്താവനയെ വെല്ലുവിളിക്കാനല്ല ഇത് പറയുന്നത്, പക്ഷെ, കണക്കനുസരിച്ച് വകുപ്പ് 27 (ഡി) പ്രകാരം ഇതുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് 31,63,39,967 രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് കൃത്യമായ കാര്യമാണ്, സെക്ഷൻ 13 പ്രകാരം പല കേസുകളിലും നടപടി പ്രഖ്യാപിക്കാൻ കഴിയുമ്പോഴും റെസ്റ്റോറേഷൻ നടക്കുന്നില്ല എന്നുള്ളത് പ്രധാന പ്രശ്നമാണ്, മറ്റ് അംഗങ്ങളും ഇത് സൂചിപ്പിച്ചിട്ടുണ്ട്. നിയമലംഘനം നടത്തിയതിൽ നേരത്തേ റെസ്റ്റോറേഷൻ നടത്താൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ ഇത്തരത്തിലുള്ള 974 കേസുകളിൽ സെക്ഷൻ 13 പ്രകാരം റെസ്റ്റോറേഷൻ നടത്താൻ കളക്ടർമാർ ഉത്തരവ്

നൽകിയിട്ടുണ്ട്. എന്നാൽ ഇത് നടപ്പിലാക്കണമെങ്കിൽ 14,65,28,950 രൂപ ചെലവുവരും. ധനകാര്യ വകുപ്പിലേയ്ക്ക് പ്രസ്തുത പ്രശ്നം സംബന്ധിച്ച് ഫയൽ സമർപ്പിച്ചിട്ടുണ്ട്, സെക്ഷൻ 27(ഡി)-ൽ നിന്നും പ്രസ്തുത ആവശ്യത്തിനുള്ള തുക ഉപയോഗിച്ചുകൊണ്ട് റെസ്റ്റോറേഷൻ നടപടികൾ അടിയന്തരമായി നടത്താൻ കഴിയുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം വിയോജനക്കുറിപ്പിൽ സൂചിപ്പിച്ചതുപോലെ 7536 കേസുകളിൽ 974 കേസുകൾ തീർപ്പാക്കിയിട്ടും ഇത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തത്, ഘടന മാറ്റിയ സ്ഥലത്തുനിന്നും നീക്കംചെയ്യുന്ന മണ്ണ് എവിടെ കൊണ്ടുപോയി നിക്ഷേപിക്കുമെന്ന പ്രശ്നം നിലനിൽക്കുന്നതുകൊണ്ടാണ്. നികത്തപ്പെട്ട സ്ഥലം റെസ്റ്റോറേഷൻ നടത്തുമ്പോൾ മണ്ണ് എവിടേയ്ക്ക് നീക്കും? ദേശീയപാതാ നിർമ്മാണത്തിനും സ്വകാര്യ വ്യക്തികളുടെ ആവശ്യത്തിനും സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്കുംവേണ്ടി ഉപയോഗിക്കുന്നതിനായി മണ്ണ് എടുത്തുകൊടുക്കാനുള്ള പ്രത്യേക 'സ്റ്റാന്റേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവർ' തയ്യാറാക്കി അതിനാവശ്യമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. വകുപ്പ് 27(സി)-

യെക്കുറിച്ച് ഞാൻ രാവിലെ വിശദീകരിച്ചിരുന്നു. ആ രീതിയിൽ 48 മണിക്കൂറിനുള്ളിൽ കേസുകൾ റിപ്പോർട്ട് ചെയ്യാനും 5 ദിവസംകൊണ്ട് ഇതിന്മേൽ ആവശ്യമായ നടപടി പൂർത്തിയാക്കാൻ കഴിയുന്നവിധത്തിലും പുതിയ തീരുമാനങ്ങളിലേയ്ക്ക് എത്തിച്ചേരാൻ കഴിയുമെന്നാണ് റവന്യൂ വകുപ്പ് കരുതുന്നത്. Form 5-നെക്കുറിച്ച് നേരത്തേയും ഇവിടെ സൂചിപ്പിച്ചതാണ്, അതിനായി ഇനിയും കാത്തിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് എന്ന നിലയ്ക്ക് Form 5-നെ സംബന്ധിച്ച് കൃത്യമായ തീരുമാനം സ്വീകരിക്കേണ്ടിവരുമെന്ന് കരുതുകയാണ്. അതിനാവശ്യമായ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയും ചെയ്യുന്നതാണ്. അഴിമതി നേരിടുന്നതിന് ശ്രദ്ധേയമായ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. മുൻകാലങ്ങളിലെ കാര്യങ്ങൾ പരിശോധിച്ചാൽ റവന്യൂ വകുപ്പിൽ അഴിമതി മാറ്റിയെടുക്കാൻ വലിയ അവസരങ്ങളുണ്ടായിട്ടുണ്ട്. അതുമാത്രമല്ല, Zero Corruption Campaign-ന്റെ ഭാഗമായി അഞ്ച് തലത്തിലുള്ള ഇൻസ്പെക്ഷൻ ആരംഭിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി വകുപ്പുമന്ത്രിയും കളക്ടർ ഉൾപ്പെടെയുള്ളവരും

പരിശോധന നടത്തുന്നുണ്ട്. ഒരു മാസം രണ്ട് വില്ലേജുകൾ എന്ന കണക്കിൽ ജില്ലാതലത്തിൽ ഇൻസ്പെക്ഷൻ ടീം പരിശോധിക്കുന്നുണ്ട്. കളക്ടറേറ്റിൽ നിന്നുള്ള ടീം മാത്രമല്ല, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽനിന്നും ഇൻസ്പെക്ഷൻ ടീം പോകുന്നുണ്ട്. കൂടാതെ, റവന്യൂ വിജിലൻസും പരിശോധന നടത്തുന്നുണ്ട്. Zero corruption campaign-ന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിലെ നിലവിലെ ഉദ്യോഗസ്ഥരെക്കൂടി ഇത്തരം പരിശോധനകൾക്ക് അയയ്ക്കാൻ സാധിച്ചാൽ മാസം ഏറ്റവും ചുരുങ്ങിയത് 500 സ്ഥലങ്ങളിലെങ്കിലും മേൽസൂചിപ്പിച്ച തരത്തിലുള്ള പരിശോധന നടത്തി അഴിമതി ഇല്ലാതാക്കാൻ സാധിക്കും. അടുത്തപ്രാവശ്യം ഞാൻ ഇതുസംബന്ധിച്ച കണക്ക് വിശദീകരിക്കാം. ഇപ്പോൾ സമയമില്ലാത്തതിനാൽ അതുകൂടി പരാമർശിക്കാൻ കഴിയില്ല. റവന്യൂ വകുപ്പിൽ നടപടിക്രമങ്ങൾ നടക്കുന്നത് ഉദ്യോഗസ്ഥ കേന്ദ്രീകൃതമായാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിഡന്റും അതിന്റെ മറ്റ് ഭാരവാഹികളുമുള്ളതുകൊണ്ട് അത്തരം ഒരു പരിശോധനാ നടപടിയുണ്ട്. എന്നാൽ, വില്ലേജ് ഓഫീസുകളിൽ ഉദ്യോഗസ്ഥ കേന്ദ്രീകൃതമാണെന്ന പ്രശ്നം

ഉന്നയിക്കപ്പെട്ടപ്പോൾ അതിനെ മറികടക്കാനായി എല്ലാ മൂന്നാമത്തെ വെള്ളിയാഴ്ചയും മൂന്നുമണിക്ക് യോഗം ചേരാനും കഴിയുന്നതും റവന്യൂ വകുപ്പിനെ ശക്തിപ്പെടുത്താനും അഴിമതി ഉൾപ്പെടെ ചൂണ്ടിക്കാണിക്കാനും കഴിയുന്നവിധത്തിൽ വില്ലേജുതല ജനകീയ സമിതികൾ കേരളത്തിൽ രൂപീകരിച്ചിട്ടുണ്ട്. ആ സമിതിയുടെ കൺവീനർ വില്ലേജ് ഓഫീസറാണ്. ഓരോ വില്ലേജിന്റെയും പരിധിയിലെ നിയമസഭാംഗമോ അവരുടെ പ്രതിനിധിയോ ആ സമിതിയിൽ അംഗമായിരിക്കും. ഈ നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രാദേശികതല അംഗങ്ങൾ വില്ലേജുതല ജനകീയ സമിതിയിൽ അംഗങ്ങളാണ്. പഞ്ചായത്ത് പ്രസിഡന്റ്, കോർപ്പറേഷൻ മേയർ, മുൻസിപ്പൽ ചെയർമാൻ തുടങ്ങിയവരൊക്കെ അംഗങ്ങളാണ്. ഓരോ വില്ലേജിലെയും വാർഡ് മെമ്പർമാർ സമിതിയിൽ അംഗമാണ്. ഒരു വില്ലേജ് ഓഫീസിൽ അഴിമതി റിപ്പോർട്ട് ചെയ്താൽ ആ വിവരം സെക്രട്ടേറിയറ്റിൽ ലഭ്യമാകുന്നവിധത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. എം.എൽ.എ.-മാരുടെ പ്രതിനിധികൾ അവിടെ പോകുന്നുണ്ടോയെന്ന കാര്യത്തിൽ ആത്മപരിശോധന

നടത്തേണ്ടതാണ്, അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ആ കാര്യം നിർബന്ധമായി നടപ്പിലാക്കാനുള്ള സംവിധാനം സൃഷ്ടിച്ചെടുക്കേണ്ടതാണ്. അഴിമതി തുടച്ചുമാറ്റാനായി സ്കൂളിന്റെ പി.ടി.എ. പോലെയോ ആശുപത്രിയുടെ എച്ച്.എം.സി. പോലെയോ ഒരു വില്ലേജ് ഓഫീസിന്റെ രക്ഷാകർതൃ സമിതിയായി പ്രസ്തുത സമിതി മാറണം. അഴിമതിയുടെ കാര്യത്തിൽ മാത്രമല്ല ഈ സമിതി പട്ടയം സംബന്ധിച്ച അന്വേഷണത്തിലെ വിവരശേഖരണ സമിതി കൂടിയാണ്. അനധികൃത ഭൂമി കൈവശമുണ്ടെങ്കിൽ അത് കണ്ടുപിടിക്കുന്നതിനുള്ള ഏജൻസിയായും റെസ്റ്റോറേഷൻ നടത്താൻ ഇടപെടാൻ കഴിയുന്ന ഏജൻസിയായും ഇതിന് പ്രവർത്തിക്കാൻ സാധിക്കും. വില്ലേജുതല ജനകീയ സമിതികളെ ശാക്തീകരിക്കണം. രണ്ടോ മൂന്നോ വർഷത്തെ എക്സ്പീരിയൻസ് ഇല്ലാത്ത ഒരു എൽ.ഡി.സി./യു.ഡി.സി.-യെ വില്ലേജ് ഓഫീസറായി നിയമിക്കുന്നതല്ല. വില്ലേജ് ഓഫീസറായി രണ്ടുവർഷമെങ്കിലും പ്രവൃത്തി പരിചയമില്ലാത്ത ഒരാളെയും താലൂക്ക് ഓഫീസിൽ ജൂനിയർ സൂപ്രണ്ട്, ഡെപ്യൂട്ടി തഹസിൽദാർ എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതല്ല. പ്രൊമോഷൻ ലഭ്യമാകുന്ന

ഉദ്യോഗസ്ഥർക്ക് ഐ.എൽ.ഡി.എം. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്)-ലൂടെ പരിശീലനം നൽകി കൃത്യമായ സേവനം ഉറപ്പുവരുത്താൻ കഴിയുംവിധത്തിലുള്ള നടപടിക്രമങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിച്ചുകൊണ്ട് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്, അതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. റവന്യൂ വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളെയും ഡിജിറ്റലൈസ് ചെയ്യുകയെന്ന ലക്ഷ്യംവച്ചുകൊണ്ട് കൃത്യതയോടെ തയ്യാറാക്കുന്ന പരിപാടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നടപടിക്രമങ്ങളുമായി മുന്നോട്ടുപോകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഈ നിയമം പാസ്സാകുന്നതോടെ കേരളത്തിലെ നെൽവയൽ-തണ്ണീർത്തടവുമായി ബന്ധപ്പെട്ട് ലഭ്യമായ എല്ലാ പരാതികളും പ്രവർത്തനങ്ങളും വേഗത്തിൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്. ഞങ്ങൾ നിയമത്തിൽ ഉറച്ചുനിൽക്കുകയാണ്. നിയമത്തിന്റെ ലക്ഷ്യം നടപ്പിലാക്കാനുള്ള ശ്രമങ്ങളിൽ ഒരുതരത്തിലും വെള്ളംചേർക്കുന്ന പ്രശ്നമില്ല. ഇവിടെ സൂചിപ്പിച്ച നിർദ്ദേശങ്ങൾ തീർച്ചയായും പരിഗണിക്കാവുന്നതാണ്. പക്ഷെ, നിയമത്തിൽ വെള്ളം ചേർക്കില്ല,

ജനങ്ങളെ ദ്രോഹിക്കാനാകില്ല. പരമാവധി ജനങ്ങളെ സഹായിക്കാവുന്ന വിധത്തിൽ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകും. നിയമസഭ തുടരുന്നതിനിടയിൽത്തന്നെ അനധികൃതമായി നികത്തപ്പെട്ട മുഴുവൻ ഭൂമിയും ഒരിഞ്ചുപോലും നഷ്ടപ്പെടാത്ത വിധത്തിൽ തിരിച്ചുപിടിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ കഴിയുമെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 2-ൽ "ആക്റ്റിലെ" എന്നതിന് പകരം "നിയമത്തിലെ" എന്ന് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

143. പ്രധാന ആക്റ്റിലെ വകുപ്പ് 2(XV)-ൽ "ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ള" എന്നതിന് പകരം "ആക്റ്റ് പ്രകാരമുള്ള" എന്ന് ചേർക്കുക.

170. ഖണ്ഡം 2 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2 (XV എ)-ൽ, "വിനിയോഗിക്കുന്നതിന് " എന്നതിന് പകരം "കൈകാര്യം ചെയ്യുന്നതിന്" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

151. ഖണ്ഡം 2 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(XV എ)-ൽ "എന്നാൽ സർക്കാർ" എന്ന വാക്കുകൾക്ക് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

155. ഖണ്ഡം 2 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(XV എ)-യിൽ "ഓഫീസർമാരായി നിയമിക്കുന്ന ഉദ്യോഗസ്ഥർ" എന്ന വാക്കുകൾക്ക് പകരം "ഓഫീസർ തസ്തികയിൽ നിയമിക്കുന്ന ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

156. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xv എ)-ൽ "എന്നർത്ഥമാകുന്നതും" എന്നതിന് പകരം "എന്ന് വിവക്ഷിക്കുന്നതും" എന്ന് ചേർക്കുക.

162. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xv എ)-ൽ "ഏതെങ്കിലുമോ എല്ലാമോ അധികാരങ്ങൾ" എന്നതിനു പകരം "എല്ലാ അധികാരങ്ങളും" എന്ന് ചേർക്കുക.

166. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xv എ)-ൽ "വിനിയോഗിക്കുന്നതിന്" എന്നതിന് പകരം "പ്രയോഗിക്കുന്നതിന് " എന്ന് ചേർക്കുക.

181. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xv എ)-യിൽ, "ചുമതലപ്പെടുത്തുന്ന" എന്നതിന് പകരം "നിയോഗിക്കപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

158. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xv എ)-ൽ "അതിൽ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലുമോ എല്ലാമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സർക്കാർ പൊതുവായോ പ്രത്യേകമായോ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി കളക്ടർ പദവിയിൽ താഴെയല്ലാത്ത" എന്നതിന് പകരം "ഈ ആക്റ്റ് പ്രകാരം നിർണ്ണയിക്കപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി കളക്ടർ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(XV എ)-ൽ "ഏതെങ്കിലുമോ എല്ലാമോ" എന്നത് നീക്കം ചെയ്യുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (XV എ)-ൽ "പൊതുവായോ പ്രത്യേകമായോ പുറപ്പെടുവിക്കുന്ന" എന്നതിന് പകരം "കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന" എന്ന് കൂട്ടിച്ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

184. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(XV എ)-ൽ "താഴെയല്ലാത്ത" എന്നതിന് പകരം "കുറയാത്ത പദവിയിലുള്ള" എന്ന് ചേർക്കുക.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 183-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

183. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(XV എ)-ൽ "കളക്ടർ" എന്നതിന് പകരം "കളക്ടറുടെ" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 136-ാം നമ്പർ ഭേദഗതി 135-ാം നമ്പർ ഭേദഗതിക്കും 144, 145, 146 എന്നീ നമ്പർ ഭേദഗതികൾ 143-ാം നമ്പർ ഭേദഗതിക്കും 167, 168, 169 എന്നീ നമ്പർ ഭേദഗതികൾ 170-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി ഇബ്രാഹിം അവതരിപ്പിച്ച 143, 170 എന്നീനമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 151, 155 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 156, 162, 166, 181 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

119. പീഠികയിൽ "ആവശ്യങ്ങൾക്കായി" എന്നതിന് പകരം "സംഗതികൾക്കായി " എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

127. ഖണ്ഡം 1(1)-ൽ, "ആക്റ്റിന്" എന്നതിന് പകരം "നിയമത്തിന്" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 128-ാം നമ്പർ ഭേദഗതി 127-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 119–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 127–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചു. ബിൽ പാസ്സായി.

(നിയമനിർമ്മാണകാര്യം തുടരും)

1.02 PM]

**VII അടിയന്തരപ്രമേയ ചർച്ച**

സാമ്പത്തിക പ്രതിസന്ധി

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. റോജി എം. ജോൺ, അങ്ങേയ്ക്ക് സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, നികുതി നഷ്ടംമൂലം സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയിലുണ്ടാകുന്ന ഗുരുതര പ്രശ്നങ്ങൾ സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയപ്പോൾ അത് അവതരിപ്പിക്കാനുള്ള അനുവാദംപോലും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായില്ല. ഇത്തവണ ഈ വിഷയം അടിയന്തരപ്രമേയത്തിൽ കൊണ്ടുവന്നപ്പോൾ ചർച്ചയ്ക്കെടുക്കാൻ സർക്കാർ തയ്യാറായതിൽ പ്രത്യേക അഭിനന്ദനവും നന്ദിയും അറിയിക്കുകയാണ്. ആമുഖമായി ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കേരളത്തിൽ പറയാനുള്ളത് ഇവിടെയും കേന്ദ്രത്തിൽ പറയാനുള്ളത് അവിടെയും പറയുവാനുള്ള ആർജ്ജവം യു.ഡി.എഫ്.-നും കോൺഗ്രസ്സിനും

എല്ലാകാലത്തുമുണ്ട്. ഇത് കേരള നിയമസഭയാണ്, ലോക്സഭയല്ല, അതുകൊണ്ട് കേന്ദ്രത്തിൽ പറയാനുള്ളത് അവിടെ പറയുന്നില്ലല്ലോയെന്ന സ്ഥിരം ക്യാപ്സ്യൂളുമായി ദയവായി ഭരണപക്ഷത്തുള്ളവർ വരരുതെന്നുള്ള അഭ്യർത്ഥനയാണ് എനിക്ക് ആമുഖമായി സൂചിപ്പിക്കാനുള്ളത്. ഇവിടത്തെ പോരായ്മകൾ ചൂണ്ടിക്കാണിക്കാനും അതിന് പരിഹാരമുണ്ടാക്കാനുമാണ് ഞങ്ങൾ പ്രതിപക്ഷത്തിരിക്കുന്നത്. അതുകൊണ്ടാണ് ഈ അടിയന്തരപ്രമേയം ഇവിടെ കൊണ്ടുവന്നത്. ഇതുമായി ബന്ധപ്പെട്ട് ലോക്സഭയിലും രാജ്യസഭയിലും കൊണ്ടുവരേണ്ട പ്രമേയങ്ങൾ ഞങ്ങൾ കൊണ്ടുവരുന്നുണ്ട്, കൊണ്ടുവന്നിട്ടുണ്ട്, ഇനിയും കൊണ്ടുവരികതന്നെ ചെയ്യും. കേരളത്തിലെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് സർവ്വശ്രീ അനൂപ് ജേക്കബ്, ടി. വി. ഇബ്രാഹിം, പി. കെ. ബഷീർ, എം. വി. ഗോവിന്ദൻ മാസ്റ്റർ തുടങ്ങി നിരവധി അംഗങ്ങൾ ഉന്നയിച്ച ചോദ്യത്തിന് ഏകദേശം സമാനമായ മറുപടിയാണ് ധനകാര്യ വകുപ്പുമന്ത്രി നൽകിയിരിക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് അദ്ദേഹം നൽകിയിരിക്കുന്ന ഉത്തരങ്ങളിൽ പ്രധാനമായും മൂന്ന് ഭാഗങ്ങളാണുള്ളത്.

കഴിഞ്ഞ സാമ്പത്തികവർഷത്തെ അപേക്ഷിച്ച് 8425 കോടി രൂപയുടെ കുറവ് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിലുണ്ടെന്നുള്ളതാണ് ആദ്യത്തെ പരാമർശം. രണ്ടാമത്തെ പ്രധാന ആക്ഷേപം, ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയതോടുകൂടി 7200 കോടി രൂപയുടെ നഷ്ടമുണ്ടാകുന്നുവെന്നതാണ്. മൂന്നാമത്തെ വാദം, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രം ഇടപെടുന്നതുകൊണ്ട് നമുക്കാവശ്യമായിട്ടുള്ള കടമെടുക്കാൻ സാധിക്കുന്നില്ലെന്നുള്ളതാണ്. എല്ലാ ഉത്തരത്തിലും ഒരേ കാരണങ്ങൾ തന്നെയാണ് അദ്ദേഹം നിരത്തിയിട്ടുള്ളത്. മൂന്ന് കാരണങ്ങളിൽ ആദ്യത്തേതായ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിനെക്കുറിച്ച് സംസാരിക്കാം. ഞങ്ങളാരും കേന്ദ്രത്തിന്റെ വക്കീലന്മാരല്ല, ഞങ്ങൾക്കത് പരാമർശിക്കേണ്ട ആവശ്യവുമില്ല. പക്ഷെ, യാഥാർത്ഥ്യങ്ങളും കണക്കുകളും നമുക്ക് നിഷേധിക്കാൻ സാധിക്കില്ലല്ലോ? 15-ാം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം സംസ്ഥാനത്തിന് റവന്യൂ കമ്മി ഗ്രാന്റിനത്തിൽ വകയിരുത്തിയതും നാളിതുവരെ ലഭ്യമായതുമായ തുക എത്രയെന്ന് അറിയിക്കാമോയെന്ന് ശ്രീ. ഐ. സി. ബാലകൃഷ്ണൻ 24-08-2022-ൽ

ഉന്നയിച്ച ചോദ്യത്തിന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇപ്രകാരം മറുപടി നൽകുകയുണ്ടായി: '15-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് അനുവദിച്ച ആകെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 53,137 കോടി രൂപയാണ്. ഓരോ കാലഘട്ടത്തിലും സാഹചര്യങ്ങൾ വിലയിരുത്തിക്കൊണ്ടും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മനസ്സിലാക്കിക്കൊണ്ടുമാണ് ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് അനുവദിക്കുന്നത്.' ഇതിൽ ഓരോ വർഷവും ഏറ്റക്കുറച്ചിലുകളുണ്ടാകാറുണ്ട്. രണ്ട് കാര്യങ്ങൾ ഇവിടെ കാണേണ്ടതായിട്ടുണ്ട്. 14-ാം ധനകാര്യ കമ്മീഷൻ കേരളത്തിന് അനുവദിച്ച ആകെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 9,519 കോടി രൂപയും 15-ാം ധനകാര്യ കമ്മീഷൻ അനുവദിച്ചത് 53,137 കോടി രൂപയുമാണ്. എത്രയധികം തുകയുടെ വ്യത്യാസം വന്നിട്ടുണ്ടെന്നുള്ളത് അങ്ങുതന്നെ പരിശോധിക്കണം. ഇതിൽ ഒരു കാര്യംകൂടി മനസ്സിലാക്കേണ്ടതായിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ ആകെ 16 സംസ്ഥാനങ്ങൾക്കാണ് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് അനുവദിച്ചത്. 16 സംസ്ഥാനങ്ങൾക്കായി മൊത്തം 2,90,000 കോടിരൂപ അനുവദിച്ചപ്പോൾ

ഏറ്റവും കൂടുതൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ലഭ്യമായത് കൊച്ചുസംസ്ഥാനമായ കേരളത്തിനാണ്. ഈ കണക്കുകൾ അങ്ങേയ്ക്ക് നിഷേധിക്കാൻ സാധിക്കുമോ? കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് നമുക്ക് ലഭിച്ചത് കുറവാണെന്നാണ് അവസാനം പരാമർശിച്ചത്. 5 വർഷത്തേയ്ക്ക് ധനകാര്യ കമ്മീഷൻ ഒരു സംസ്ഥാനത്തിന് നീക്കിവയ്ക്കുന്ന മൊത്തത്തിലുള്ള വിഹിതം 53,137 കോടി രൂപയാണ്. 2020-21 വർഷത്തിൽ പതിനയ്യായിരത്തിലധികം കോടിരൂപയും 2021-22-ൽ ഇരുപതിനായിരത്തോളം കോടിരൂപയും 2022-23-ൽ പതിമൂന്നായിരത്തിലധികം കോടിരൂപയും ലഭിച്ചു. ധനകാര്യ കമ്മീഷൻ ഓരോ വർഷവും തുക കൃത്യമായി അനുവദിച്ചു. ആകെ അനുവദിച്ച 53,137 കോടി രൂപയിൽ കേവലം 4,749 കോടി രൂപയാണ് ഈ സാമ്പത്തിക വർഷത്തിൽ ലഭിക്കാനുള്ളത്. ആദ്യപാദത്തിൽ ലഭിക്കേണ്ട തുക ലഭിച്ചുകഴിഞ്ഞു. അതനുസരിച്ച് 5 വർഷത്തേയ്ക്ക് നമുക്ക് ലഭിക്കേണ്ട ഗ്രാന്റ് ഇതിനോടകംതന്നെ ലഭിച്ചുകഴിഞ്ഞിരിക്കുകയാണ്. ബാക്കിയുള്ള ചെറിയ തുക മാത്രമേ ഇനി ലഭിക്കാനുള്ളൂ. അതിന്റെ അർത്ഥം അടുത്ത

സാമ്പത്തികവർഷം റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി ഒരു രൂപപോലും ലഭിക്കില്ലെന്നാണ്. ഇത് പുതിയ കണക്കൊന്നുമല്ല. ഇത് ധനകാര്യ കമ്മീഷന്റെ ശിപാർശ വരുമ്പോൾത്തന്നെയുള്ള നിർദ്ദേശങ്ങളാണ്. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഇത്ര തുകയേ ലഭിക്കുകയുള്ളൂ എന്ന കാര്യം ഈ രാജ്യത്തെ എല്ലാവർക്കും അറിയാമെന്നിരിക്കെ അങ്ങ് ആവർത്തിച്ച് ധനകാര്യ കമ്മീഷന്റെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിൽ കാര്യമായ കുറവുണ്ടായെന്നുപറയുമ്പോൾ യഥാർത്ഥത്തിൽ സംഭവിച്ചത് എന്താണ്? 14-ാം ധനകാര്യ കമ്മീഷനെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിലേയ്ക്ക് വന്നപ്പോൾ 40,000 കോടി രൂപയുടെ വർദ്ധനയാണ് കേരളത്തിനുണ്ടായത്. ധനകാര്യ കമ്മീഷന്റെ വിഹിതമായി ഇത്രയും തുക അധികമായി ലഭിച്ചുകഴിഞ്ഞപ്പോൾ ഇനി വേറൊന്നും ഇവിടെ ചെയ്യേണ്ട ആവശ്യമില്ല, ഈ തുക ആവശ്യത്തിനുണ്ടല്ലോയെന്ന ധാരണയിൽ മുന്നോട്ട് പോകുകയാണ്. All pass കൊടുക്കുമ്പോൾ അലംഭാവം കാണിക്കുന്ന ഒരു ശരാശരി വിദ്യാർത്ഥിയുടെ മനോഭാവത്തിൽ സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പ് മുന്നോട്ടുപോയതുകൊണ്ടാണ് ഇപ്പോൾ കാണുന്ന അവസ്ഥയിൽ കേരളം

എത്തിനിൽക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി രണ്ടാമതായി ഇവിടെ സൂചിപ്പിച്ചത് ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട വിഷയമാണ്. അദ്ദേഹത്തിന്റെ മുൻഗാമിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്, ജി.എസ്.ടി. നടപ്പാക്കിയപ്പോൾ എന്താണ് പറഞ്ഞത്? കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിന് 'ഡെസ്റ്റിനേഷൻ പ്രിൻസിപ്പിൾ' അനുസരിച്ച് ജി.എസ്.ടി. നടപ്പാക്കുമ്പോൾ 20 മുതൽ 30 ശതമാനം വരെ വർദ്ധനയുണ്ടാകുമെന്നാണ്. എന്നിട്ട് അതുണ്ടായോ; അതുകൊണ്ട് എന്തുസംഭവിച്ചു? വെറുതെ ഇരുന്നാൽ 20 മുതൽ 30 ശതമാനം വരെ വർദ്ധനവ് ലഭിക്കുമെന്ന് പറഞ്ഞ് സംസ്ഥാനത്ത് നടപ്പാക്കേണ്ട സാമ്പത്തിക പരിഷ്കാരങ്ങളൊന്നും നടപ്പാക്കിയില്ല. ഇതുമൂലം സംസ്ഥാനത്തിന് ലഭിക്കേണ്ട തുക കൃത്യമായി ലഭിക്കാതെ വരികയും പിരിച്ചെടുക്കേണ്ട തുക കൃത്യമായി പിരിച്ചെടുക്കാൻ സാധിക്കാതെ വരികയും ചെയ്തു. ജി.എസ്.ടി. പോർട്ടലിൽനിന്നും കേരളത്തിനാവശ്യമായ വിവരങ്ങൾ ശേഖരിക്കാൻ കഴിയുന്ന ബാക്ക് എൻഡ് സോഫ്റ്റ്‌വെയർ സിസ്റ്റം കേരളം നടപ്പാക്കിയില്ല. പകരം അപര്യാപ്തമായ സ്വന്തം സോഫ്റ്റ്‌വെയർ ഉപയോഗിച്ചു. അത്

ഫലപ്രദമല്ലെന്ന് തിരിച്ചറിയാൻ നാല് വർഷമെടുത്തു. ഒടുവിൽ കേന്ദ്രം തയ്യാറാക്കിയ സോഫ്റ്റ്‌വെയർതന്നെ വാങ്ങാൻ നിർബന്ധിതമായി. ജി.എസ്.ടി. വെട്ടിപ്പ് തടയാൻ ഓഡിറ്റും എൻഫോഴ്സ്മെന്റും ശക്തമാക്കണമെന്ന് 2019 മുതൽ പ്രതിപക്ഷം സൂചിപ്പിച്ചതാണ്. പക്ഷെ, സംസ്ഥാന സർക്കാർ എന്താണ് ചെയ്തത്? അഞ്ച് വർഷങ്ങൾക്കുമുമ്പ് ചെയ്യേണ്ട കാര്യങ്ങൾ സംസ്ഥാന സർക്കാരോ ധനകാര്യ വകുപ്പോ ചെയ്തില്ല. കോമ്പൻസേഷൻ നഷ്ടമാകുന്നുവെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിലാണ് ജി.എസ്.ടി. വകുപ്പ് പുനഃസംഘടിപ്പിക്കാൻ സംസ്ഥാന ധനകാര്യ വകുപ്പ് തയ്യാറായത്. ഇപ്പോൾ എന്താണ് സംഭവിച്ചത്? ജനുവരിയിൽ ഓഡിറ്റ് വിംഗിലേയ്ക്ക് 700 ജീവനക്കാരെ നിയമിച്ചു. ഇവർക്ക് ഏതെങ്കിലുമൊരു ഫയൽ ഓഡിറ്റ് ചെയ്യാൻ സാധിക്കുന്നുണ്ടോ? ഇതുസംബന്ധിച്ച് അങ്ങ് സത്യസന്ധമായി മറുപടി നൽകണം. അവർ വെറുതെ ഇരുന്ന് മാസപ്പടി വാങ്ങുകയാണ്. ജി.എസ്.ടി. നടപ്പാക്കിയപ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട ഏറ്റവും വലിയ അനുകൂല്യമെന്നു പറയുന്നത് ഐ.ജി.എസ്.ടി. ഇനമായിരുന്നു. സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെയും

എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെയും അഭിപ്രായത്തിൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ ജി.എസ്.ടി. - ഐ.ജി.എസ്.ടി. അനുപാതം 2:3 ആയിരിക്കണമെന്നാണ്. സർക്കാർതന്നെ ഇപ്രകാരം പരാമർശിക്കുമ്പോൾ അതിനനുസൃതമായ കോമ്പൻസേഷൻ ഐ.ജി.എസ്.ടി. ഇനത്തിൽ നമുക്ക് ലഭിച്ചോ? ആവശ്യമായ ഭേദഗതികൾ വരുത്താത്തതുകൊണ്ടും ഫയൽ ചെയ്യുന്നതിനുവേണ്ട സംവിധാനം കൃത്യമായി ഏർപ്പെടുത്താത്തതുകൊണ്ടും കേരളത്തിന് ഒരു വർഷം ശരാശരി 5000 കോടി രൂപയുടെ നഷ്ടമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചത്? ഐ.ജി.എസ്.ടി. ഇനത്തിൽ വ്യാപക ക്രമക്കേട് നടന്നതായി ഇദ്ദേഹത്തിന്റെ മുൻഗാമി ഡോ. ടി. എം. തോമസ് ഐസക് സൂചിപ്പിക്കുകയുണ്ടായി. എല്ലാ ചെക്ക്പോസ്റ്റുകളിലും ഊടുവഴികളിലും ANPR (Automatic Number Plate Recognition) ക്യാമറകൾ സ്ഥാപിക്കുകയും വാഹനത്തിന്റെ തൂക്കം അളക്കാൻ സെൻസർ വയ്ക്കുകയും ചെയ്യുമ്പോൾ നികുതി ചോർച്ച ഇനത്തിൽ 13 ശതമാനം തിരിച്ചുപിടിക്കാനാവുമെന്നും കൂടാതെ ക്യാമറകളെല്ലാം

പ്രവർത്തനക്ഷമമാക്കുമ്പോൾ 14 ശതമാനംകൂടെ ലഭിക്കുമെന്നും അങ്ങനെ ആകെ 27 ശതമാനത്തിന്റെ വർദ്ധനയുണ്ടാകുമെന്നുമാണ് 2019-ൽ ഡോ. ടി. എം. തോമസ് ഐസക് സൂചിപ്പിച്ചത്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ആ വർദ്ധനവ് ഉണ്ടായോ? ഇങ്ങനെ 27 ശതമാനം വർദ്ധനയുണ്ടാകുമ്പോൾ ജി.എസ്.ടി. കോമ്പൻസേഷൻ അനിവാര്യമല്ലാത്ത അവസ്ഥയിലേയ്ക്ക് കേരളം എത്തുമെന്നും അദ്ദേഹം സൂചിപ്പിച്ചു. അതായത് ജി.എസ്.ടി. കോമ്പൻസേഷൻ വാങ്ങേണ്ട അവസ്ഥപോലും വരില്ലെന്ന് അങ്ങയുടെ മുൻഗാമി പ്രസ്താവിച്ചു. ഐ.ജി.എസ്.ടി.-യിൽ നമ്മൾ എവിടെയെത്തി നിൽക്കുന്നു എന്ന കാര്യം അങ്ങ് കാണാതെ പോകരുത്. ഐ.ജി.എസ്.ടി. ഇനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ ടെക്നിക്കൽ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തി കുറെ കാര്യങ്ങൾ ചെയ്തുവരുന്നുണ്ടെന്ന് ഇന്നലെ താങ്കൾ സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യങ്ങളെല്ലാം 7 വർഷം മുമ്പ് ചെയ്യേണ്ടതായിരുന്നു. ഐ.ജി.എസ്.ടി. ഇനത്തിൽ ഇക്കാലയളവിൽ നമുക്ക് നഷ്ടപ്പെട്ടത് 25000-ത്തിലധികം കോടി രൂപയാണ്. ഇതിൽ പ്രധാന കാര്യം, പിരിച്ചെടുക്കേണ്ട നികുതി കൃത്യമായി പിരിച്ചെടുക്കാൻ നമുക്ക്

സാധിക്കുന്നുണ്ടോ? സ്വർണ്ണത്തിന്റെ കാര്യമെടുത്താൽ, ഇന്ത്യയിലേയ്ക്ക് ഒരു വർഷം ഏതാണ്ട് 800 ടൺ സ്വർണ്ണം ഇറക്കുമതി ചെയ്യുന്നതിൽ ഏകദേശം 150 ടൺ കേരളത്തിലാണ് വരുന്നത്. ഇതിന്റെ നികുതി കൃത്യമായി ലഭ്യമാക്കുവാൻ നടപടികളുണ്ടോ? കേരളത്തിലെ ആകെ സ്വർണ്ണ വിൽപ്പനയുടെ 20 ശതമാനംപോലും നികുതിക്ക് വിധേയമാകുന്നില്ലെന്നാണ് മുൻ പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി ചെയർപേഴ്സണും സാമ്പത്തിക വിദഗ്ദ്ധയുമായ ഡോ. മേരി ജോർജ്ജ് സൂചിപ്പിച്ചത്. അതായത് പ്രതിവർഷം കേരളത്തിന് ഏകദേശം 18,000 കോടിരൂപ ഈയിനത്തിൽ നഷ്ടമാകുന്നുവെന്നാണ്. ഇതുപിരിച്ചെടുക്കാൻ കേരളം എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? അതുപോലെ മദ്യവിൽപ്പനയുമായി ബന്ധപ്പെട്ട് ബാർ ഹോട്ടലുകളിൽ ടേണോവർ ടാക്സ് ഈടാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തെങ്കിലും ചെയ്യുന്നുണ്ടോ? പഴയ VAT (Value Added Tax) നിയമത്തിലും പുതിയ ജി.എസ്.ടി.-യിലുമായി ഏകദേശം 12,000-ത്തോളം കോടിരൂപ പിരിച്ചുകിട്ടാനുണ്ട്. അത് നികുതി വകുപ്പിന്റെ അനാസ്ഥമൂലം റവന്യൂ റിക്കവറിയിൽപ്പെട്ടുകിടക്കുകയാണ്. ഈ സർക്കാർ ആരിൽനിന്നാണ്

നികുതി പിരിക്കുന്നത്? സർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും മദ്യത്തിന്റെയും ലോട്ടറിയുടെയും വില വർദ്ധിപ്പിച്ചു. ഈ സർക്കാർ വൻകിടക്കാരിൽനിന്ന് ഈടാക്കാനുള്ളത് പിരിച്ചെടുക്കാതെ സാധാരണക്കാരന്റെ മേൽ എല്ലാ നികുതിഭാരവും അടിച്ചേൽപ്പിച്ചു. സംസ്ഥാനത്ത് എല്ലാ സാധനങ്ങളുടെയും വില വർദ്ധിപ്പിച്ചു. കൂടാതെ വെള്ളക്കരം, ഭൂമിയുടെ വില, വൈദ്യുതി ചാർജ്ജ്, വീട്ടുകരം അങ്ങനെയെല്ലാം വർദ്ധിപ്പിച്ചിരിക്കുകയാണ്. മൂന്നാമത്തെ കാര്യം അദ്ദേഹം സൂചിപ്പിച്ചത് കടമെടുപ്പിനെ സംബന്ധിച്ചാണ്. കിഫ്ബി ആരംഭിച്ച സമയത്തെ കടമെടുപ്പിനെ സംബന്ധിച്ച് ഞങ്ങൾ സൂചിപ്പിച്ചതാണ്. ഇത് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വരുമെന്ന് പ്രതിപക്ഷം ആവർത്തിച്ച് വ്യക്തമാക്കിയെങ്കിലും അങ്ങയുടെ മുൻഗാമി അത് അംഗീകരിച്ചില്ല. ഇത് കേരളത്തിന്റെ പരിധിയിൽ വരില്ലെന്ന് അദ്ദേഹം പ്രസ്താവിച്ചു. ഇപ്പോൾ ഞങ്ങൾ പറഞ്ഞത് യാഥാർത്ഥ്യമായില്ലേ; കേരളത്തിന്റെ പരിധിയിലേയ്ക്ക് ഇത് വരികയല്ലേ; ഇപ്പോൾ എന്താണ് സംഭവിച്ചത്? ലണ്ടൻ സ്റ്റോക്ക് മാർക്കറ്റ് മുതൽ ലേബർ വെൽഫെയർ

ഫണ്ടിൽനിന്നുവരെ കടമെടുക്കുന്ന അല്ലെങ്കിൽ കടമെടുക്കാൻവേണ്ടി മാത്രമുള്ള ഒരു ഗവൺമെന്റായി ഈ സർക്കാർ മാറിയ കാഴ്ചയാണ് കാണുന്നത്. ഇതെല്ലാം ചെയ്തത് എന്തിനാണെന്നറിയാമോ? ഒറ്റ ഉദ്ദേശ്യത്തോടുകൂടിയാണ് ഇതെല്ലാം ചെയ്തത്. ഞങ്ങൾ എത്ര കടമെടുത്താലും കുഴപ്പമില്ല, അടുത്ത ഗവൺമെന്റ് വരുമ്പോൾ ഇതെല്ലാം അവരുടെ തലയിലായിക്കൊള്ളുമെന്നാണ് കഴിഞ്ഞ ഗവൺമെന്റ് കരുതിയത്. നിർഭാഗ്യവശാൽ ഇതെല്ലാം വന്നുചേർന്നത് അങ്ങയുടെ തലയിലാണെന്നുമാത്രമേ ഇതുമായി ബന്ധപ്പെട്ട് പരാമർശിക്കാനുള്ളൂ. ഇപ്പോൾ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? സംസ്ഥാനത്തെ എല്ലാ പദ്ധതികളും താറുമാറായിരിക്കുകയാണ്. സംസ്ഥാനത്തിന് പിരിച്ചെടുക്കേണ്ട തുക പിരിച്ചെടുക്കാനും കേന്ദ്രത്തിൽനിന്ന് ലഭിക്കാനുള്ളത് വാങ്ങിച്ചെടുക്കാനും സാധിക്കുന്നില്ല. ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളം കൊടുക്കാനില്ല. പാടത്ത് പണിയെടുക്കുന്നവർക്ക് വരമ്പത്ത് കൂലി എന്ന് പ്രസ്താവിച്ചെങ്കിലും കോടതിയിൽ പോയാൽപ്പോലും കൂലി ലഭിക്കാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. ജീവനക്കാർക്കും പെൻഷൻകാർക്കും

ഡി.എ. കുടിശ്ശികയില്ല, നെല്ല് സംഭരിച്ച കർഷകന് തുക നൽകുന്നില്ല, വിദ്യാർത്ഥികളുടെ ഉച്ചക്കഞ്ഞി വിതരണത്തിനുള്ള തുകയും പാചകത്തൊഴിലാളികൾക്കുള്ള വേതനവും കൊടുക്കാൻ സാധിക്കുന്നില്ല. കുടുംബശ്രീയുടെ ജനകീയ ഹോട്ടലുകൾ അടച്ചുപൂട്ടി, എസ്.സി./എസ്.ടി. ഫെല്ലോഷിപ്പ് നൽകാൻ തുകയില്ല, യൂണിവേഴ്സിറ്റികളുടെ ഗ്രാന്റ് വെട്ടിക്കുറച്ചു. കൃഷിനാശം സംഭവിച്ച കർഷകന് നഷ്ടപരിഹാരം കൊടുക്കാനും വന്യമൃഗങ്ങളാൽ ആക്രമിക്കപ്പെട്ടവർക്കും കാരുണ്യപദ്ധതിയുടെ ഭാഗമായി ചികിത്സ നടത്തിയ ആശുപത്രികൾക്കും കൊടുക്കാൻ തുകയില്ല. പല ആശുപത്രികളിലും മരുന്നുപോലും ലഭ്യമല്ല. ക്ഷേമനിധി പെൻഷനടക്കം കുടിശ്ശികയായി കിടക്കുന്ന അവസരത്തിലും കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണെന്ന് പ്രഖ്യാപിക്കുകയാണ്. ഇതാണോ ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റ്? ഇത് തീവ്ര വലതുപക്ഷ ഗവൺമെന്റാണ്; സാധാരണക്കാരനെ തിരിഞ്ഞുനോക്കാത്ത ഗവൺമെന്റ്. ഈ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചു. കേന്ദ്രം ഫണ്ട് നൽകുന്നില്ലെന്ന് ആവർത്തിച്ച് വ്യക്തമാക്കുന്ന നിങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

ഫണ്ട് നൽകാൻ തയ്യാറാകുന്നുണ്ടോ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഞെക്കിക്കൊല്ലുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കരാറുകാർക്ക് കൊടുക്കാൻ തുകയില്ല. ഇന്ന് സംസ്ഥാനത്തെ എം.എൽ.എ.-മാർ കരാറുകാരുടെ പിന്നാലെ നടക്കേണ്ട അവസ്ഥയാണുള്ളത്. കാരണം, ഒരാളും വർക്ക് ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. ആകെ സർക്കാരിന് അറിയാവുന്ന ഒരേയൊരു കരാറുകാരൻ എന്നുപറയുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. പണിയെടുത്താൽ അവർക്ക് മാത്രം കാശ് കൊടുക്കും, ഇവിടത്തെ ചെറുകിട കരാറുകാരൻ പണിയെടുത്താൻ കാശ് കൊടുക്കാത്ത സാഹചര്യമാണുള്ളത്. ധനകാര്യ വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം അഞ്ച് ലക്ഷത്തിന് മുകളിൽ തുകയുള്ള ബില്ലുകൾക്ക് ട്രഷറിയിൽ നിയന്ത്രണം ഏർപ്പെടുത്തി. സാധാരണ ഫെബ്രുവരി, മാർച്ച് മാസത്തിലാണ് ട്രഷറിയിൽ ക്യൂ സിസ്റ്റം നടപ്പാക്കുന്നതെങ്കിൽ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽത്തന്നെ ക്യൂ സിസ്റ്റം നടപ്പാക്കിയ ധനകാര്യ വകുപ്പുമന്ത്രിയാണ് നിലവിലുള്ളത്. അത് ഒരു വശത്ത് നടക്കുമ്പോൾ മറുവശത്ത് വലിയ ധൂർത്താണ് നടക്കുന്നത്. 86

ലക്ഷം ആളുകൾക്ക് ഓണക്കിറ്റ് കൊടുക്കാൻ കഴിയാത്ത സർക്കാരാണ് 80 ലക്ഷം രൂപയ്ക്ക് ഹെലികോപ്റ്റർ വാടകയ്ക്കെടുക്കുന്നത്. സാധാരണക്കാരന്റെ ഓണം പെരുവഴിയിലാക്കിയ മുഖ്യമന്ത്രിയാണ് പത്ത് ലക്ഷം രൂപയുടെ ഓണസദ്യയൊരുക്കി സുഭിക്ഷമായി ആഘോഷിച്ചത്. പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും ഹോസ്റ്റൽ ഫീസും കൊടുക്കാൻ കാശില്ലെങ്കിലും മുഖ്യമന്ത്രിയുടെ ക്ലിഫ് ഹൗസിലെ കാലിത്തൊഴുത്തിന് 42 ലക്ഷം, ലിഫ്റ്റിന് 25 ലക്ഷം, സ്വിമ്മിംഗ് പൂളിന് 32 ലക്ഷം, പൊരിവെയിലത്ത് ആളുകൾ നിൽക്കുമ്പോൾ ആംബുലൻസ് അടക്കം 28 വാഹനങ്ങളുമായി മുഖ്യമന്ത്രി കേരളത്തിൽ അങ്ങോളമിങ്ങോളം നടക്കുകയാണ്. വെളുത്ത ഇന്നോവ കാർ മാറ്റി കറുത്ത ഇന്നോവ വാങ്ങി, കറുത്ത ഇന്നോവ മാറ്റി ക്രിസ്റ്റ വാങ്ങിച്ചു. മെഡിക്കൽ കോളേജിൽ രോഗികൾക്ക് ബ്രെഡ് വാങ്ങാൻ കാശില്ലെങ്കിലും ഓണസദ്യ നടത്താൻ മുഖ്യമന്ത്രിക്ക് കാശുണ്ട്. അഴിമതി കേസുകൾ വാദിക്കാൻ വക്കീലന്മാരെ ലക്ഷങ്ങൾ കൊടുത്ത് കൊണ്ടുവരികയാണ്. പി.എസ്.സി. മുഖേന നിയമനമില്ലെങ്കിലും പിൻവാതിലിലൂടെ നിരവധിയാളുകളെ നിയമിക്കുന്നു. ഇതൊക്കെയല്ലേ

നിങ്ങളുടെ ബദലെന്നുപറയുന്നത്. നെല്ല് സംഭരണം, ഉച്ചക്കഞ്ഞി, എൻ.എച്ച്.എം., തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നിവയുടെ കാര്യത്തിലായാലും കേന്ദ്രം നൽകാനുള്ള തുക നൽകുകതന്നെ വേണം, അതിന് യാതൊരു സംശയവുമില്ല. ഡിവിസിബിൾ പൂളിലെ നികുതിവിഹിതം വർദ്ധിപ്പിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണം. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40 എന്നത് 75:25 എന്നാക്കണമെന്ന കാര്യത്തിലും ആർക്കും തർക്കമില്ല. നമ്മളൊക്കെ അക്കാര്യത്തിൽ യോജിക്കുന്നു. പക്ഷെ, ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം മനസ്സിലാക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി യു.ഡി.എഫ്. എം.പി.-മാരെക്കുറിച്ചാണ് എപ്പോഴും പരാമർശിക്കുന്നത്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, യു.ഡി.എഫ്. എം.പി.-മാരെ ഈ സർക്കാർ തിരിച്ചറിയുമോ? ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും എത്ര തവണ ഡൽഹിയിൽപ്പോയി? എം.പി.-മാരുടെ ഒരു യോഗം വിളിക്കാൻ മുഖ്യമന്ത്രി തയ്യാറായോ; ധനകാര്യ വകുപ്പുമന്ത്രി തയ്യാറായോ? ഇവിടെയുള്ള മന്ത്രിമാർ ഡൽഹിയിൽപ്പോയാൽ ആകെ ഒരു എം.പി.-യെ മാത്രമേ അവർക്ക്

അറിയാവൂ. യു.ഡി.എഫ്.-ന്റെ എം.പി.-മാരെ അറിയില്ല. യു.ഡി.എഫ്.-എൽ.ഡി.എഫ്. എം.പി.-മാരെ ചേർത്തുകൊണ്ട് ഏതെങ്കിലുമൊരു കാര്യത്തിൽ നിവേദനം കൊടുക്കാൻ ഈ സർക്കാർ തയ്യാറാകുന്നുണ്ടോ? അഴിമതിയും നികുതിപിരിവിലെ കെടുകാര്യസ്ഥതയുംമൂലം ധന പ്രതിസന്ധിയിലായിരിക്കുന്ന സംസ്ഥാനത്തെ കൂടുതൽ പ്രതിസന്ധിയിലേയ്ക്കാണ് ഈ സർക്കാർ കൊണ്ടുപോകുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പ്രതിപക്ഷം കൊണ്ടുവരുന്ന എല്ലാ അടിയന്തരപ്രമേയങ്ങളും ചർച്ച ചെയ്യാൻ ബഹുമാന്യരായ മുഖ്യമന്ത്രിയും മന്ത്രിമാരും തയ്യാറാകണമെന്നാണ് എന്റെ അഭിപ്രായം. അടിയന്തരപ്രമേയത്തിൽ പ്രതിപക്ഷത്തിന് ലഭിക്കുന്ന പ്രത്യേക പ്രിവിലേജ് ഉപയോഗിച്ച് പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും നട്ടാൽകുരുക്കാത്ത നുണകൾ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും പ്രസ്സ് റൂമിൽ പത്രസമ്മേളനം നടത്തി അവിടെയും നുണകൾ പറഞ്ഞ് അവസാനിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് സംസ്ഥാനത്ത് കണ്ടുവരുന്നത്.

യഥാർത്ഥത്തിൽ അതിന്റെ ഭാഗമായി ജനങ്ങൾ ഇവർ പറയുന്നത് വിശ്വസിക്കുന്ന അവസ്ഥാവിശേഷം സംജാതമായിട്ടുണ്ട്. ഇത്തരം നുണകൾ ആവർത്തിക്കാൻ ഇവരെ പ്രേരിപ്പിക്കുന്നതും അതുതന്നെയാണ്. മിനിഞ്ഞാന്ന് അടിയന്തരപ്രമേയത്തിന് അവതരണാനുമതി നൽകിയതിലൂടെ പ്രതിപക്ഷം ഉമ്മൻ ചാണ്ടിയോട് സ്വീകരിച്ച നിലപാടിനെക്കുറിച്ചും അവരുടെ ലക്ഷ്യത്തെക്കുറിച്ചും ജനങ്ങളെ ബോധ്യപ്പെടുത്താൻ സാധിച്ചു. ഈ അടിയന്തരപ്രമേയാവതരണത്തിലൂടെ സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി ജനങ്ങളെ ബോധ്യപ്പെടുത്താൻ സാധിക്കുമെന്നാണ് കരുതുന്നത്. 'സംസ്ഥാനത്ത് മദ്യവും ലോട്ടറിയുമല്ലാതെ എന്തുണ്ട് വരുമാനം', 'കടം പെരുകുന്ന കേരളം', 'സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് കൂപ്പുകുത്തുന്ന കേരളം' എന്നിങ്ങനെയുള്ള തലക്കെട്ടുകൾ പത്ര-മാധ്യമങ്ങളിലൂടെ പ്രചരിക്കുകയാണ്. സംസ്ഥാനത്ത് ഒരു വിഭാഗം മാധ്യമങ്ങളും സംഘി-കൊങ്ങി പുച്ഛിക്കലുകാരും വാട്സാപ്പ് ജീവികളും നുണകൾ ആവർത്തിക്കുകയാണ്. നിയമസഭയിൽ മാത്രമല്ല പുറത്തും ഈ നുണകൾ ഭംഗിയായി ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട

പ്രമേയാവതാരകൻ ആരംഭത്തിൽത്തന്നെ ഒരു മുൻകൂർ ജാമ്യമെടുക്കുകയായിരുന്നു. 'നിയമസഭയിൽ പറയാനുള്ളത് നിയമസഭയിലും പാർലമെന്റിൽ പറയാനുള്ളത് പാർലമെന്റിലും പറയാനുള്ള ആർജ്ജവം ഞങ്ങൾക്കുണ്ട്' എന്നുപരാമർശിച്ചുകൊണ്ടാണ് പ്രമേയാവതാരകൻ പ്രസംഗം ആരംഭിച്ചത്. ഈ ആർജ്ജവം പാർലമെന്റിൽ കാണിക്കുന്നതായി ഞങ്ങളാരും കാണുന്നില്ല. കേരളത്തിൽനിന്നുള്ള യു.ഡി.എഫ്.-ലെ 18 പാർലമെന്റ് അംഗങ്ങൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒന്ന് എഴുന്നേറ്റ് നിന്നതായിപ്പോലും അറിയില്ല, കേരളത്തിലെ ഒരു കുഞ്ഞും അത് കണ്ടിട്ടുമില്ല. സംസ്ഥാനത്തിന്റെ വികസനസ്വപ്നങ്ങളെ ഇല്ലാതാക്കാൻ അവർ ബി.ജെ.പി.-യോടൊപ്പം ചേർന്നുനിൽക്കുന്ന സമീപനമാണ് യഥാർത്ഥത്തിൽ സ്വീകരിക്കുന്നത്. അത് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും അറിയാവുന്ന കാര്യമാണ്. പ്രമേയാവതാരകൻ എത്ര ഭംഗിയായി അവതരിപ്പിക്കാൻ ശ്രമിച്ചാലും ജനങ്ങൾക്ക് കൃത്യമായി ബോധ്യമുള്ള കാര്യമാണത്. കേന്ദ്ര ഗവൺമെന്റിനോടൊപ്പം ചേർന്ന് സംസ്ഥാനത്തിന്റെ വികസന

പരിപാടികളെ നശിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഞങ്ങൾ അവിടെ എന്തൊക്കെയോ ചെയ്യുന്നുവെന്ന് നിങ്ങൾ എത്ര ആവർത്തിച്ച് പറഞ്ഞാലും ജനങ്ങൾ അത് കേൾക്കുകയില്ല. സംസ്ഥാനങ്ങളോടുള്ള വിവേചനപരമായ നയങ്ങൾക്കെതിരെ പ്രതിപക്ഷം എന്തെങ്കിലും പരാമർശിക്കാൻ തയ്യാറാകുന്നുണ്ടോ? ഇവിടെ ധൂർത്താണ്, കെടുകാര്യസ്ഥതയാണ് എന്നൊക്കെയാണ് നിങ്ങൾ പറയുന്നത്. സംസ്ഥാനങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻവേണ്ടി സർക്കാർ നടത്തുന്ന എല്ലാ ശ്രമങ്ങളെയും ദുർബലമാക്കാനുള്ള നീക്കമാണ് യഥാർത്ഥത്തിൽ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇത് കഴിഞ്ഞ നാലുവർഷമായി തുടർന്നുകൊണ്ടിരിക്കുന്ന എന്നത് പച്ചയായ പരമാർത്ഥമാണ്. അതിനെ വെള്ളപൂശാൻ നിങ്ങൾക്ക് സാധിക്കില്ല. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ആ ഗ്രാന്റ് പുനഃപരിശോധിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ഇതിനെതിരെ സമാനചിന്താഗതിയുള്ള

സംസ്ഥാനങ്ങളെ അണിനിരത്തി ബഹുമാനപ്പെട്ട രാഷ്ട്രപതിക്ക് മെമ്മോറാണ്ടം നൽകാൻ മുൻകൈയെടുത്ത സംസ്ഥാനമാണ് കേരളം. കേരളത്തിന് ലഭ്യമായ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നികുതി വിഹിതത്തിൽവന്ന വീഴ്ച നികത്താൻ പര്യാപ്തമല്ലെന്ന നമ്മുടെ യുക്തിഭദ്രമായ വാദത്തെ ഖണ്ഡിക്കുവാൻ പ്രമേയാവതാരകൻ വലിയ വ്യഗ്രത കാട്ടുകയുണ്ടായി. നിങ്ങൾ ബി.ജെ.പി.-ക്കുവേണ്ടി നല്ലൊരു അഡ്വക്കേറ്റായി ഇവിടെ വാദിക്കുകയാണ്. കേന്ദ്രഗവൺമെന്റ് ചെയ്യുന്ന അന്യായങ്ങളും സംസ്ഥാനത്തിനോട് കാണിക്കുന്ന അവഗണനകളും നിങ്ങൾ കാണുന്നില്ല. ക്ഷേമപദ്ധതികളെല്ലാം തകർന്നുവെന്നും വികസനപ്രവർത്തനങ്ങൾ നടക്കുന്നില്ലെന്നുമാണ് നിങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ കുറേക്കാലമായി നിങ്ങൾ നടത്തുന്ന പ്രചാരണം അതല്ലേ? ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വർഗ്ഗീയശക്തികൾക്ക് മാത്രമല്ല, വലതുപക്ഷ പാർട്ടികൾക്കും കുത്തക മുതലാളിമാർക്കും കണ്ണിലെ കരടാണ്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ രാജ്യത്തെ വർഗ്ഗീയതയിലൂടെ ഭിന്നിപ്പിക്കുമ്പോൾ ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന

എൽ.ഡി.എഫ്. സർക്കാർ പ്രതീക്ഷയുടെ തുരുത്തായി നിലകൊള്ളുകയാണ്. ഒന്നാം പിണറായി സർക്കാരിനെതിരെ കോൺഗ്രസ്സും ബി.ജെ.പി.-യും സംയുക്തമായി ഇല്ലാക്കഥകൾ പ്രചരിപ്പിച്ചു. ബിരിയാണി ചെമ്പും ഖുറാനും ഈന്തപ്പഴവും സ്പ്രിംഗ്ലറുമെല്ലാം ഇതിനുള്ള തെളിവുകളാണ്. പക്ഷെ, സംഭവിച്ചത് എന്താണ്? നിങ്ങളുടെ മുക്കൂട്ടുമുന്നണിയും മാധ്യമപ്പടയും ഒരുമിച്ച് നിന്നിട്ടും ഇടതുപക്ഷ സർക്കാരിന്റെ മാറ്റ് കൂടിയതല്ലാതെ ലവലേശം കുറഞ്ഞില്ല. വർദ്ധിച്ച ഭൂരിപക്ഷത്തോടെ ഞങ്ങൾ ഇവിടെയിരിക്കുന്നത് അതിനുള്ള ഏറ്റവും വലിയ തെളിവാണ്. പൊതുമേഖലയെ വിറ്റുനശിപ്പിക്കുന്ന പ്രവൃത്തികളെ എതിർത്തുകൊണ്ട് കേരളം പുതിയൊരു മാതൃക സൃഷ്ടിച്ചു. 'കേരള മാതൃക' പടുത്തുയർത്തിയപ്പോൾ ബി.ജെ.പി.-ക്ക് കേരളത്തിലെ ഇടതു സർക്കാരിനെ താഴെയിറക്കുകയല്ലാതെ വേറെ വഴിയില്ലെന്നായി. ഇടതുപക്ഷം ഭരിക്കുന്ന കേരളത്തെ തകർക്കാൻ ഇ.ഡി.-യെക്കൊണ്ട് കഴിയില്ലെന്നായതോടെ അതിനായി അവർ പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തി. കേരളത്തിന്റെ വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കുക, കേരളത്തെ സാമ്പത്തികമായി ഞെക്കിക്കൊല്ലുക തുടങ്ങിയവയാണ്

ആ മാർഗ്ഗങ്ങൾ. പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തായിരുന്നു കേരളത്തിലുണ്ടായ മാറ്റം? ഈ സർക്കാർ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ മുടങ്ങിക്കിടന്ന പതിനെട്ട് മാസത്തെ പെൻഷൻ ഉൾപ്പെടെ കൊടുക്കുകയും പാവപ്പെട്ട ജനതയ്ക്ക് 1,600 രൂപ വീതം ക്ഷേമ പെൻഷൻ നൽകുകയും ചെയ്തു. ഏതാണ്ട് മൂന്നുലക്ഷം കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിലൂടെ വീടുകളും ഫ്ലാറ്റുകളും നിർമ്മിച്ചുനൽകുന്നതിന് നടപടി സ്വീകരിച്ചു. ഇതെല്ലാം വികസന പ്രവർത്തനങ്ങളല്ലേ? റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവപോലും മികവിന്റെ കേന്ദ്രങ്ങളായി മാറി. ചോർന്നൊലിച്ച് തകർന്നുവീഴാറായ സ്കൂൾകെട്ടിടങ്ങളുടെ സ്ഥാനത്ത് അംബരചുംബികളായ കെട്ടിടങ്ങളുൾപ്പെടെ അന്താരാഷ്ട്രനിലവാരമുള്ള അടിസ്ഥാനസൗകര്യം സംസ്ഥാനത്ത് ഉറപ്പാക്കി. മുൻമുഖ്യമന്ത്രിയുടെ സ്കൂളും ഇതിൽപ്പെടും. കുട്ടികൾക്ക് മുടങ്ങാതെ ഉച്ചഭക്ഷണവും അവധിക്കാലത്ത് അരിയും നൽകി. നെൽകർഷകർക്ക് ഏറ്റവും ഉയർന്ന സംഭരണവില നൽകി. കെ.എസ്.ആർ.ടി.സി.-യിൽ നിന്നും വിരമിച്ചവർക്ക് കുടിശ്ശിക തീർത്ത് പെൻഷൻ നൽകി. നിരവധി

രോഗികൾക്ക് സൗജന്യചികിത്സ നൽകാനും ഈ സർക്കാരിന് സാധിച്ചു. സൗജന്യചികിത്സ എന്നുപറയുമ്പോൾ, നിങ്ങളുടെ കാലത്തെപ്പോലെ പാരസെറ്റമോളിനുപോലും സ്വകാര്യ മെഡിക്കൽ സ്റ്റോറുകളെ ആശ്രയിക്കേണ്ട സ്ഥിതി ഇന്നില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി മികച്ച രീതിയിൽ ചെലവഴിക്കുന്ന ദുരിതാശ്വാസനിധിയായി മാറ്റി. നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുന്നു, നാഷണൽ ഹൈവേ, ഗെയ്ൽ പദ്ധതി, ഇടമൺ-കൊച്ചി പവർ ഹൈവേ, ഇങ്ങനെ നേട്ടങ്ങളുടെയും വികസന പ്രവർത്തനങ്ങളുടെയും ഒരു നീണ്ട പട്ടികയാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ സംസ്ഥാനത്ത് സൃഷ്ടിച്ചത്. എന്നാൽ പിണറായി വിജയൻ സർക്കാരിന് ജനസമ്മതി കൂടുന്നതുകണ്ട് വിറളിപിടിച്ച കേന്ദ്രസർക്കാർ കേരളത്തെ കഴുത്തുമുറുക്കി കൊല്ലാനാണ് ശ്രമിക്കുന്നത്. ഞാൻ അതിനെക്കുറിച്ച് ദീർഘമായി സംസാരിക്കുന്നില്ല. നിങ്ങൾ ഇവിടെ നടത്തുന്ന പ്രചാരണമെന്താണ്; 42 ലക്ഷം രൂപയുടെ തൊഴുത്ത് നിർമ്മിച്ചിരിക്കുന്നുവെന്നാണ് പ്രമേയാവതാരകൻ സൂചിപ്പിച്ചത്. അസത്യപ്രചാരണത്തിന് ഒരു

അടിസ്ഥാനം വേണ്ടേ? തൊഴുത്തും മതിലും മുൻമുഖ്യമന്ത്രിയുടെ കാലത്തുമുണ്ടായിരുന്നു. യുവമോർച്ചാ പ്രവർത്തകർ മതിൽ ചാടിക്കടക്കാൻ ശ്രമിച്ചപ്പോഴാണ് സുരക്ഷാ കാരണങ്ങളാൽ മതിൽ പുതുക്കിപ്പണിയാൻ ശ്രമിച്ചത്. മതിൽ പുതുക്കിപ്പണിയാൻ തീരുമാനിച്ചപ്പോൾ നേരത്തെയുണ്ടായിരുന്ന തൊഴുത്തും പുതുക്കിപ്പണിയാൻ തീരുമാനിച്ചു. രണ്ടിനുംകൂടി 42 ലക്ഷം രൂപ ചെലവ്. കേരളത്തിൽ മാർക്സിസ്റ്റ് വിരുദ്ധജ്വരം ബാധിച്ച ചില മാധ്യമങ്ങളുണ്ട്, ഞാൻ പേരൊന്നും പറയുന്നില്ല, അത് എല്ലാവർക്കും അറിയാവുന്നതാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി രാജ്യത്ത് അധികാരത്തിൽ വന്നാൽ വിഷം കുടിച്ച് ആത്മഹത്യ ചെയ്യുമെന്ന് പരസ്യമായി പ്രഖ്യാപിച്ച കുടുംബക്കാരുടെ മാധ്യമം, അവർ 42 ലക്ഷംരൂപ തൊഴുത്തിനുമാത്രമായി മാറ്റി, അതിനോടൊപ്പമുള്ള മതിലിന്റെ കാര്യം ബോധപൂർവ്വം വിസ്മരിച്ചു. പ്രതിപക്ഷം അത് ഏറ്റുപിടിച്ച് ഈ നാടാകെ വലിയ പ്രചാരണം നടത്തുകയാണ്. വാഹനങ്ങളുടെ കാര്യത്തെക്കുറിച്ച് ഓരോരുത്തരും അവരവർക്ക് തോന്നിയത് പറയുകയാണ്. നാല് വാഹനങ്ങളാണ് കേരളത്തിലെ മുഖ്യമന്ത്രിക്ക് എസ്കോർട്ടായുള്ളത്. ഞാൻ

അടുത്തകാലത്ത് കർണ്ണാടകയിലെ കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയുടെ യാത്ര ഒരു വീഡിയോയിലൂടെ കണ്ടു, നാൽപതൊന്നുമല്ല വാഹനങ്ങൾ, എന്തൊരു യാത്രയാണ് മുഖ്യമന്ത്രി അവിടെ നടത്തുന്നത്. രാജസ്ഥാനിലെ മുഖ്യമന്ത്രിയുടെ പൂർണ്ണകായചിത്രം കാണാതെ നമുക്ക് ഒരു ദിവസം പത്രം വായിക്കാൻ സാധിക്കുമോ; കേരളത്തിലെ പത്രങ്ങളിൽ പല ദിവസങ്ങളിലും രാജസ്ഥാൻ മുഖ്യമന്ത്രിയുടെ ചിത്രം വരുന്നുണ്ട്; ഇത് വല്ലതും ഈ നാട്ടിൽ നടക്കുന്നുണ്ടോ? വ്യാജപ്രചാരണങ്ങൾ നടത്തി ജനങ്ങളുടെ മനസ്സിൽ വിഷലിപ്തമായൊരു സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള പരിശ്രമമാണ് യഥാർത്ഥത്തിൽ പ്രതിപക്ഷം നടത്തുന്നത്. നമ്മുടെ സംസ്ഥാനം മുന്നേറിയ കാഴ്ച നിങ്ങൾ കാണുന്നില്ല; നിങ്ങൾ നുണകൾ ആവർത്തിക്കുകയാണ്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ കഴിഞ്ഞ വർഷം പതിറ്റാണ്ടിലെ ഏറ്റവും വലിയ വളർച്ച, 12.01%, നേടിയത് പ്രതിപക്ഷാംഗങ്ങളും പ്രമേയാവതാരകനും അറിഞ്ഞില്ല. ഈ വളർച്ച മലയാളികൾ കള്ള് കുടിച്ചിട്ടോ കേരളത്തിലെ മുഴുവൻ ആളുകളും ലോട്ടറിയെടുത്തിട്ടോ നേടിയെടുത്തതല്ല. എന്നാൽ, കേരളത്തിന്റെ ഈ വളർച്ചയുടെ സൂത്രം ഇപ്പോഴും സാമ്പത്തികമാന്ദ്യം

നേരിടുന്ന മറ്റുസംസ്ഥാനങ്ങൾക്ക് പറഞ്ഞുകൊടുക്കേണ്ട സ്ഥിതിവിശേഷമാണുള്ളത്. കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് പ്രധാന ഊർജ്ജമായത് ടൂറിസം മേഖലയാണ്. 114% വളർച്ചയാണ് ഹോട്ടലുകളിലും അനുബന്ധ സർവ്വീസുകളിലുമുൾപ്പെടെ ടൂറിസം മേഖലയിലുണ്ടായത്. അടിസ്ഥാനസൗകര്യവികസനത്തിൽ നടത്തിയ നിക്ഷേപമാണ് അതിനുള്ള പ്രധാന കാരണം. എത്ര കോടി രൂപയാണ് ഈയിനത്തിൽ ചെലവഴിച്ചത്? ഏതാണ്ട് 80,000 കോടിയോളം രൂപ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി സംസ്ഥാനത്ത് വിനിയോഗിച്ചതിലൂടെ നല്ല റോഡുകളും സ്കൂളുകളും ഉണ്ടാകുന്നുവെന്ന് മാത്രമല്ല, അവയുടെ സൗകര്യം ഉപയോഗപ്പെടുത്തി അനുബന്ധ സംരംഭങ്ങളും തൊഴിലവസരങ്ങളും ഇവിടെ സൃഷ്ടിക്കുന്നുവെന്ന കാര്യവും വിസ്മരിക്കരുത്. സംരംഭക വർഷത്തിന്റെ ഭാഗമായി 5,400 കോടി രൂപയിലധികം നിക്ഷേപം നടത്താനും 1.9 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞു. ഇന്ത്യയിലെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റമുള്ള സംസ്ഥാനമാണ് കേരളം. ഐ.ടി. മേഖലയിൽ വലിയ കുതിപ്പാണ് സംസ്ഥാനം നടത്തുന്നത്. ടെക്നോപാർക്കിന്റെ

വികസനം നാലാം ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. അങ്ങനെ വികസനത്തിന്റെ കാര്യത്തിൽ സംസ്ഥാനം മുന്നോട്ടുപോകുന്ന സാഹചര്യത്തിലാണ് നിൽക്കുന്നത്. സംസ്ഥാനത്തിന്റെ വികസനത്തെ മുരടിപ്പിക്കുന്ന നടപടിയാണ് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നത്. സംസ്ഥാനത്തിന് അർഹമായ വിഹിതം വെട്ടിക്കുറയ്ക്കുന്ന നടപടികളെ പിന്തുണയ്ക്കുകയും അതിനുവേണ്ടി പ്രചാരണം നടത്തുകയും ചെയ്യുന്ന പ്രതിപക്ഷം നിലപാട് തിരുത്താൻ തയ്യാറാകണം. പ്രതിപക്ഷത്തിന്റെ ഈ നീക്കം അപലപനീയമാണെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

**(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വാഴൂർ സോമൻ)**

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. യു.ഡി.എഫ്.-ൽനിന്ന് 19 എം.പി.-മാർ ഉണ്ടെന്നുള്ള കടുത്ത നിരാശ ശ്രീ. കടകംപള്ളി സുരേന്ദ്രന് ഇപ്പോഴും മാറിയിട്ടില്ല. കോൺഗ്രസ്സുകാർ ജയിക്കരുതെന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം. തിരുവനന്തപുരം മണ്ഡലത്തിൽ നിന്നുപോലും

ഞങ്ങൾ ജയിച്ചതിൽ അദ്ദേഹം പ്രയാസപ്പെടുന്നുണ്ട്. ആ 19 എം.പി.-മാർ ജയിച്ച് ഡൽഹിയിൽ പോയത് ബി.ജെ.പി.-ക്കെതിരായ ശക്തമായ പോരാട്ടത്തിനായിരുന്നുവെന്നത് കഴിഞ്ഞ നാല് വർഷങ്ങളിലായി നടന്ന പ്രവർത്തനങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിയും. അവിടെ എൽ.ഡി.എഫ്.-ൽനിന്നും ഒരു എം.പി.-മാത്രമാണുള്ളത്. ഈ എം.പി.-മാർ കേരളത്തിലെ ജനങ്ങളുടെ വികാരമാണ് അവിടെ ഉയർത്തിപ്പിടിച്ചത്. അത് മറന്നുകൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ വിളിച്ചപ്പോൾ അവർ യോഗത്തിൽ പങ്കെടുത്തില്ലെന്ന് ഇവിടെ പരാമർശിക്കുകയുണ്ടായി. വിളിക്കേണ്ട രീതിയിൽ വിളിച്ചാൽ ഞങ്ങൾ പോകുകയും അതിൽ പങ്കെടുക്കുകയും ചെയ്യും. അതാണ് ചെയ്യേണ്ടത്. കേരളത്തിലെ മുഖ്യമന്ത്രി എം.പി.-മാരുടെ യോഗം വിളിക്കുന്നത് ഓൺലൈനിലൂടെയാണ്. എത്രയോ നാളായി അദ്ദേഹം ഓൺലൈനിലൂടെ കാബിനറ്റ് മീറ്റിംഗുകൾ നടത്തുന്നു. നേരിട്ട് ആളുകളെ കാണാത്ത വ്യക്തിയാണല്ലോ അദ്ദേഹം. എം.പി.മാരുടെ യോഗം ഓൺലൈനിലൂടെയാണ് വിളിക്കുന്നത്. കേരളത്തിലെ എം.പി.-മാർ ഇത്രയും

സ്തുത്യർഹമായ നിലയിൽ കേരളത്തിലെ ജനകീയപ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ച ചരിത്രമുണ്ടായിട്ടില്ലെന്നതാണ് സത്യം. എന്നിട്ടും നിരാശപൂണ്ട ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവരെ ആക്ഷേപിക്കാനാണ് ശ്രമിക്കുന്നത്. ഞാൻ ഒരു കാര്യം ശ്രീ. കടകംപള്ളി സുരേന്ദ്രനെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. 2024-ലെ തെരഞ്ഞെടുപ്പിൽ 20-ൽ 20 സീറ്റും യു.ഡി.എഫ്. നേടുമെന്ന കാര്യത്തിൽ തർക്കം വേണ്ട. കാരണം, നിങ്ങളുടെ ജനവിരുദ്ധ നിലപാടുകളിന്മേൽ പുതുപ്പള്ളിയിലെയും തൃക്കാക്കരയിലെയും ജനങ്ങൾ നിങ്ങൾക്കൊരു പാഠം നൽകി. എന്നിട്ടും നിങ്ങൾ പഠിക്കുന്നില്ല, തെറ്റുകൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. കേരളം ഏറ്റവും വലിയ സാമ്പത്തികത്തകർച്ച നേരിടുന്ന ഈ കാലഘട്ടത്തിൽപോലും ഭരണകക്ഷിയംഗങ്ങൾ വസ്തുതകൾ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. ശ്രീ. കടകംപള്ളി സുരേന്ദ്രൻ ക്ലിഫ് ഹൗസിനെപ്പറ്റി സൂചിപ്പിച്ചു. മുൻ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരന് അസുഖം ബാധിച്ച സന്ദർഭത്തിൽ നീന്തൽ പരിശീലിക്കാൻ ഡോക്ടർ ഉപദേശിച്ചപ്പോൾ അവിടെയൊരു നീന്തൽക്കുളമുണ്ടാക്കി. അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന ഇ. കെ. നായനാർ പിന്നീട്

മുഖ്യമന്ത്രിയായപ്പോൾ ആ നീന്തൽക്കുളത്തിൽ പട്ടിയെ കുളിപ്പിക്കുമെന്ന് പറഞ്ഞു. ഇപ്പോൾ ക്ലിഫ്ഹൗസിൽ പട്ടിയാണോ കുട്ടിയാണോ കുളിക്കുന്നതെന്നാണ് എന്റെ ചോദ്യം. 43 ലക്ഷം രൂപ മുടക്കി നീന്തൽക്കുളമുണ്ടാക്കി. അന്ന് ഇക്കാര്യങ്ങളെപ്പറ്റി നിങ്ങൾ വിമർശിച്ചതുകൊണ്ടാണ് ഇന്ന് ഞാൻ ഇക്കാര്യം പറയുന്നത്. ഞാൻ അതിനൊന്നും എതിരല്ല. ശ്രീ. വി. എസ്. അച്യുതാനന്ദനെപോലെ നൂറുവയസ്സുണ്ടായിരുന്ന ഒരു മുഖ്യമന്ത്രി നടന്നുകയറിയ ക്ലിഫ് ഹൗസിൽ ശ്രീ. പിണറായി വിജയനുവേണ്ടി 25 ലക്ഷം രൂപ ചെലവാക്കി ലിഫ്റ്റ് നിർമ്മിച്ചതിനെപ്പറ്റി ശ്രീ. കടകംപള്ളി സുരേന്ദ്രൻ വളരെ ആഹ്ലാദത്തോടെയാണ് സംസാരിക്കുന്നത്. ശ്രീ. വി. എസ്. അച്യുതാനന്ദനും കെ. കരുണാകരനും ലിഫ്റ്റിന്റെ ആവശ്യമില്ലായിരുന്നു. ഇതെല്ലാം നിങ്ങൾ ഞങ്ങളെക്കൊണ്ട് പറയിപ്പിക്കുകയാണ്. കേരളത്തിലെ മുഖ്യമന്ത്രി കോട്ട കെട്ടി അതിനകത്ത് ഇരിക്കുകയാണ്. അവിടെ 43 ലക്ഷം രൂപയ്ക്ക് തൊഴുത്ത് നിർമ്മിക്കുകയും മുന്തിയയിനം പശുക്കളെ വാങ്ങുകയും ചെയ്തു. പശുക്കൾ പാൽ ചുരത്തുന്നതിനുവേണ്ടി ശ്രീ. എ. ആർ. റഹ്മാന്റെ പാട്ട്

കേൾപ്പിക്കുന്നതിനുള്ള സംവിധാനം അവിടെ ഏർപ്പെടുത്തിയിരിക്കുന്നുവെന്നതാണ് സത്യം. ഇതെല്ലാം ഞങ്ങളെക്കൊണ്ട് വെറുതെ പറയിപ്പിക്കരുത്. കേരളത്തിന്റെ സാമ്പത്തികരംഗത്തെ തകർത്തുതരിപ്പണമാക്കിയ വ്യക്തികളാണ് നിങ്ങൾ. സാമ്പത്തികരംഗത്ത് നമ്മുടെ സംസ്ഥാനം എവിടെ നിൽക്കുന്നു. FRBM (Fiscal Responsibility and Budget Management) ആക്റ്റനുസരിച്ച് നിങ്ങൾക്ക് കടമെടുക്കാനുള്ള പരിധി ജി.ഡി.പി.-യുടെ 3% മാത്രമാണെന്ന് ഞങ്ങൾ നേരത്തെ സൂചിപ്പിച്ചതാണ്. എന്നാൽ നിങ്ങൾ എന്താണ് ചെയ്തത്? നിങ്ങൾ ഇങ്ങനെ കടമെടുക്കരുതെന്നും ഈ രീതിയിൽ കടമെടുക്കുന്നത് ശരിയല്ലെന്നും ഉയർന്ന പലിശയ്ക്ക് മസാല ബോണ്ടുകൾ വാങ്ങിയാൽ നിങ്ങൾക്കിത് തിരിച്ചടയ്ക്കേണ്ടതായി വരുമെന്നും സഭയിൽ ഞാൻ എത്രയോ പ്രാവശ്യം ഡോ. തോമസ് ഐസക്കിന് മുന്നറിയിപ്പ് നൽകിയതാണ്. നിങ്ങളിപ്പോൾ പലിശ കൊടുക്കുന്നതിനല്ലേ കടമെടുക്കുന്നത്; പലിശ കൊടുക്കാനല്ലാതെ എന്തിനാണ് നിങ്ങൾക്ക് സമയമുള്ളത്. ഏത് ഗവൺമെന്റിനും വികസനത്തിനുവേണ്ടി കടമെടുക്കേണ്ടതായി വരും. എന്നാൽ,

നിങ്ങളെപ്പോലെ ലെക്കുംലെഗാനുമില്ലാതെ കടംവാങ്ങിയ ഒരു സർക്കാർ കേരളചരിത്രത്തിലുണ്ടായിട്ടില്ല. വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി രാജ്യവും സംസ്ഥാനവും കടമെടുക്കുന്നത് സാധാരണയാണ്. കടമെടുത്ത് നടത്തുന്ന വികസനപ്രവർത്തനങ്ങൾ ഭാവിയിൽ കടംവീട്ടാനുള്ള വരുമാനം നൽകുന്ന സാഹചര്യത്തിലായിരിക്കണമെന്നതാണ് വസ്തുത. നിങ്ങൾ എടുക്കുന്ന കടം ഏതെങ്കിലും വരുമാന വർദ്ധനവിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ടോ; ഇ. എം. എസ്. നമ്പൂതിരിപ്പാട് മുതൽ ഉമ്മൻ ചാണ്ടിവരെയുള്ള ഗവൺമെന്റുകൾ എടുത്ത കടം ഒന്നേമുക്കാൽ ലക്ഷം കോടി രൂപയാണ്. ഈ ഗവൺമെന്റ് ഏഴ് വർഷം കൊണ്ട് 4 ലക്ഷം കോടി രൂപയായി കടം വർദ്ധിപ്പിച്ചിരിക്കുന്നു. നിങ്ങൾ ഏതെങ്കിലും തരത്തിലുള്ള വികസനം നടത്തിയോ? ഞങ്ങൾ കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം പദ്ധതി, എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങളിൽ അവ ആരംഭിക്കുകയും ഇൻഫോ പാർക്ക് കൊണ്ടുവരികയും ചെയ്തു. നിങ്ങൾ എന്ത് ചെയ്തു? നിങ്ങൾ

ഏത് വൻകിട വികസനപദ്ധതിയാണ് കേരളത്തിൽ നടപ്പാക്കിയത്; കേരളത്തിന്റെ വികസനത്തിനുവേണ്ടി എന്താണ് ചെയ്തത്? സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചുവെന്ന് നിങ്ങൾ അവകാശപ്പെടുന്നു. കേരളത്തിൽ ആദ്യമായിട്ടാണോ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്; രാജഭരണകാലത്തും കേരളത്തിൽ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടില്ലേ; നിങ്ങൾ പറയുന്നത് കേട്ടാൽ കേരളത്തിൽ ആദ്യമായിട്ടാണ് സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചതെന്ന് തോന്നും. ഏതുകാലത്താണ് എം.എൽ.എ. ആസ്തി വികസന ഫണ്ട് അനുവദിച്ചുതുടങ്ങിയത്; കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടായി അഞ്ച് കോടി രൂപ അനുവദിച്ചത്. നിങ്ങൾ അതിൽ ഒരു രൂപയെങ്കിലും കൂട്ടിയോ; പത്ത് വർഷം ധനകാര്യ വകുപ്പുമന്ത്രിയായി അധികാരത്തിലിരുന്ന ഡോ. ടി. എം. തോമസ് ഐസക്ക് ഇപ്പോൾ നിങ്ങളെ വിമർശിക്കുകയാണ്. പത്ത് വർഷക്കാലം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന് ഇതൊക്കെ ചെയ്യാമായിരുന്നില്ലേ; അദ്ദേഹം സംസ്ഥാന കടത്തിന്റെ ഭാരം മുഴുവനും ശ്രീ.

കെ. എൻ. ബാലഗോപാലിന്റെ തലയിൽ കയറ്റിവച്ചു. ഡോ. ടി. എം. തോമസ് ഐസക്ക് ജുബ്ബയുടെ നീളം അല്പം കുട്ടിയെന്നല്ലാതെ അധികാരത്തിലിരുന്ന പത്ത് വർഷംകൊണ്ട് യാതൊന്നും ചെയ്തില്ല. കാർഷികവളർച്ച രൂക്ഷമായ മുരടിപ്പിലാണെന്നും സേവനനിലവാരത്തെ സംബന്ധിച്ച് ജനങ്ങളുടെ പരാതിയേറുന്നുവെന്നും കോർപ്പറേറ്റ് മൂലധനത്തെ ആകർഷിക്കാൻ കഴിയുന്നില്ലെന്നും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നടക്കുന്നില്ലെന്നും ഉല്പാദനം വർദ്ധിക്കുന്നില്ലെന്നുമുള്ള ഡോ. ടി. എം. തോമസ് ഐസക്കിന്റെ പരാമർശംകേട്ട് ഞാൻ അത്ഭുതപ്പെട്ടിരിക്കുകയാണ്. പത്ത് വർഷം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം ഒന്നും ചെയ്യാതെ ഇപ്പോൾ നിങ്ങളെ വിമർശിക്കുകയാണ്. 'ചിന്ത' വാരികയിൽ ഡോ. ടി. എം. തോമസ് ഐസക്ക് എഴുതിയ ലേഖനം സർക്കാരിനെതിരെയുള്ള കുറ്റപത്രമാണെന്ന് ഞാൻ പറയേണ്ട ആവശ്യമില്ല. സംസ്ഥാനത്തെ ഏറ്റവും പ്രധാന ജനവിഭാഗമായ സർക്കാർ ജീവനക്കാർക്ക് 4.2 ലക്ഷം രൂപ വരെയാണ് നഷ്ടമുണ്ടായിരിക്കുന്നത്. അവർക്ക് 18 ശതമാനം ക്ഷാമബത്ത കൊടുക്കാനുണ്ട്. അതിനെതിരെ നിങ്ങളുടെ എൻ.ജി.ഒ. യൂണിയൻ സമരം

ചെയ്യാത്തത് എന്തുകൊണ്ടാണ്? അവരിപ്പോൾ സർക്കാരിന് അനുകൂലമായി മംഗളപത്രമെഴുതിക്കൊണ്ടിരിക്കുകയാണ്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തായിരുന്നുവെങ്കിൽ ഇവിടെ എന്ത് സംഭവിക്കുമായിരുന്നു? ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ 4.2 ലക്ഷം രൂപവരെ കൊടുക്കാനുണ്ടായിട്ട് ഒരക്ഷരംപോലും നിങ്ങൾ മിണ്ടുന്നില്ലല്ലോ; സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് കൊടുക്കാൻ തുകയില്ല. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഹെലികോപ്റ്റർ വാങ്ങാൻ 80 ലക്ഷം രൂപ ചെലവഴിക്കുന്നു. എന്ത് നാടാണിത്; എന്ത് ഭരണമാണിത്? സംസ്ഥാനത്തെ ജനങ്ങളുടെ തലയിൽ നികുതിഭാരം അടിച്ചേൽപ്പിച്ചു, വെള്ളക്കരവും വൈദ്യുതി ചാർജ്ജും വർദ്ധിപ്പിച്ചു. വൈദ്യുതി ചാർജ്ജ് ഇനിയും വർദ്ധിപ്പിക്കാൻ പോകുന്നുവെന്നാണ് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി സൂചിപ്പിക്കുന്നത്. ബസ് ചാർജ്ജ് എത്ര തവണ വർദ്ധിപ്പിച്ചു, ഭൂമിയുടെ കരവും രജിസ്ട്രേഷൻ ഫീസും ക്രമാതീതമായി വർദ്ധിപ്പിച്ചു. പെട്രോളിനും ഡീസലിനും വീണ്ടും രണ്ട് രൂപ വർദ്ധിപ്പിച്ചു. പെട്രോളിന്റെയും ഡീസലിന്റെയും വില കേന്ദ്രസർക്കാർ വർദ്ധിപ്പിച്ചപ്പോൾ നിങ്ങൾ എന്തിനാണ് വർദ്ധിപ്പിച്ചത്?

ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോൾ മൂന്ന് തവണയാണ് ഇന്ധനവില വർദ്ധനവിലൂടെയുള്ള അധിക വരുമാനം വേണ്ടെന്ന് വച്ചത്. ഇവിടെ ശ്രീ. കെ. എൻ. ബാലഗോപാലും ഡോ. ടി. എം. തോമസ് ഐസക്കും ഈയിനത്തിൽ ഒരു രൂപപോലും കുറയ്ക്കില്ലെന്ന് സൂചിപ്പിച്ചു. ഇന്നാട്ടിലെ ജനങ്ങളുടെ മേൽ അധിക നികുതിഭാരം അടിച്ചേൽപ്പിച്ചതിലൂടെ ലഭിച്ച തുക നിങ്ങൾ ധൂർത്തിനും അഴിമതിക്കും ചെലവഴിക്കുകയാണ്. ഇവിടെ നടക്കുന്ന അഴിമതി കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ പ്രസംഗം കേട്ട് ഞാൻ അത്ഭുതപരതന്ത്രനായിപ്പോയി. അദ്ദേഹം പുതുപ്പള്ളി തെരഞ്ഞെടുപ്പുഫലം കഴിഞ്ഞിട്ടും ഇങ്ങനെ പ്രസംഗിച്ചല്ലോ എന്നോർത്ത് സ്തബ്ധനായി ഞാനിവിടെ ഇരിക്കുകയായിരുന്നു. ഒരു തെറ്റും തിരുത്താൻ അദ്ദേഹം തയ്യാറാകുന്നില്ല. കേരളത്തിൽനിന്നുപോയ എം.പി.-മാരെക്കുറിച്ചാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പരാമർശിക്കുന്നത്. ഞാൻ എം.പി. ആയിരുന്ന സമയത്ത് മുൻ മുഖ്യമന്ത്രിമാരായ ഇ. കെ. നയനാരും ശ്രീ. വി. എസ്. അച്ചുതാനന്ദനും കേന്ദ്ര അവഗണനയ്ക്കെതിരെ ഡൽഹിയിൽ സത്യാഗ്രഹം

നടത്തിയിരുന്നു. ശ്രീ. പിണറായി വിജയൻ അത്തരത്തിലൊരു സത്യാഗ്രഹം നടത്താത്തത് എന്തുകൊണ്ടാണ്? അദ്ദേഹം സത്യാഗ്രഹം നടത്താത്തതിന്റെ കാരണമെന്താണെന്ന് ഇന്ന് ഞങ്ങൾക്ക് മനസ്സിലായി; 34-ാമത്തെ തവണയും ലാവ്ലിൻ കേസ് മാറ്റിവച്ചു. ആരാണ് ബി.ജെ.പി.-യോടൊപ്പം നിൽക്കുന്നത്; ആർക്കാണ് അവരുമായി കൂട്ടുകെട്ട്, ആർക്കാണ് അന്തർധാര, ആര് തമ്മിലാണ് യോജിപ്പ്? ഈ നിയമസഭയിൽ എന്നെങ്കിലും ശ്രീ. പിണറായി വിജയൻ എന്ന മുഖ്യമന്ത്രി ശ്രീ. അമിത്ഷായുടെയോ ശ്രീ. നരേന്ദ്ര മോദിയുടെയോ പേര് പരാമർശിച്ചിട്ടുണ്ടോ? നിങ്ങൾ തമ്മിലാണ് അന്തർധാര, നിങ്ങൾ തമ്മിലാണ് കൂട്ടുകെട്ട്. നിങ്ങൾ കേന്ദ്ര സർക്കാരിനെതിരെ വെറുതെ വാചകമടിക്കുകയാണ്. നിങ്ങൾ കേന്ദ്ര സർക്കാരിനെതിരെ സമരം ചെയ്യാൻ തയ്യാറാണോ? ജി.എസ്.ടി. കോമ്പൻസേഷൻ വർദ്ധിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടതാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ചുരുക്കണം. ദയവായി നിർത്തണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് നൽകുന്ന സഹായവിഹിതം വർദ്ധിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. നിങ്ങൾ പറഞ്ഞതുകൊണ്ടല്ല അപ്രകാരം ആവശ്യപ്പെട്ടത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. നിങ്ങൾ കേരളത്തെ തകർച്ചയിലേയ്ക്കെത്തിച്ചിരിക്കുകയാണ്. ഭാവിതലമുറ നിങ്ങൾക്ക് മാപ്പ് തരില്ലെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, അടിയന്തരപ്രമേയാവതരണത്തിലൂടെ യു.ഡി.എഫ്. നിരന്തരമായി സെൽഫ് ഗോൾ അടിച്ചുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ബി.ജെ.പി.-യും തമ്മിലുള്ള അന്തർധാരയെക്കുറിച്ച് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ സൂചിപ്പിച്ചു. കോട്ടയം ജില്ലയിലെ കിടങ്ങൂർ പഞ്ചായത്തിൽ ബി.ജെ.പി.-യുടെ സഹായത്തോടുകൂടി നിങ്ങൾക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം ലഭിച്ചു. ആരൊക്കെ തമ്മിലാണ് ചങ്ങാത്തമെന്നത് പ്രത്യേകിച്ച് പറയേണ്ട കാര്യമില്ലല്ലോ? ശ്രീ. റോജി എം. ജോൺ മുതൽ ശ്രീ. രമേശ് ചെന്നിത്തലവരെ സംസാരിച്ചപ്പോൾ ഒരു കാര്യം ഞങ്ങൾക്ക് വ്യക്തമായി,

ഇവർ ബി.ജെ.പി.-യുടെ രണ്ടാം ടീമാണ്. ബി.ജെ.പി.-യെ വിമർശിക്കുന്ന ഒരു പരാമർശവും ഇവർ നടത്തിയിട്ടില്ല. ബി.ജെ.പി.-യുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റാണ് ശ്രീ. റോജി എം. ജോൺ ഇവിടെ അവതരിപ്പിച്ചത്. കേന്ദ്രത്തിനെതിരെ ഒരു വാക്ക് പറയാൻ അവർ തയ്യാറായില്ല. ട്രഷറി പൂട്ടി, ട്രഷറി ഇപ്പോൾ പൂട്ടും, നാളെ പൂട്ടും എന്നൊക്കെയുള്ള വാദങ്ങളാണ് പ്രതിപക്ഷം ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. ട്രഷറി എവിടെയാണ് പൂട്ടിയത്? എന്നാൽ ട്രഷറി പൂട്ടിയിട്ടുണ്ട്. അത് ആരുടെ ഭരണകാലത്താണ്? യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കേരളത്തിൽ ട്രഷറി പൂട്ടിയിട്ടുണ്ടെന്ന് മാത്രമല്ല, അത് പലപ്പോഴും തുറന്നിട്ടുമില്ല. അത്രയ്ക്ക് സാമ്പത്തിക പ്രതിസന്ധിയായിരുന്നു. ഇവിടെ കടമെടുപ്പിനെ സംബന്ധിച്ച് പരാമർശിച്ചു. കടമെടുക്കാതെ എന്തെങ്കിലുമൊരു സർക്കാരിന് പ്രവർത്തിക്കാൻ കഴിയുമോ? നിങ്ങളുടെ ഭരണകാലത്ത് കടമെടുത്തിട്ടില്ലേ; കേന്ദ്ര ഗവൺമെന്റ് കടമെടുക്കുന്നില്ലേ; ഏത് സംസ്ഥാന സർക്കാരിനാണ് കടമെടുക്കാതെ പ്രവർത്തിക്കാൻ കഴിയുന്നത്? ഇന്നത്തെ 'ടൈംസ് ഓഫ് ഇന്ത്യ' നിങ്ങൾ വായിച്ചുകാണുമെന്നാണ് ഞാൻ കരുതുന്നത്. 'വീക്ഷണം'

പത്രംമാത്രം വായിച്ചാൽ പോരാ. 'കേരളത്തിന്റെ നികുതി നിരക്കെന്ന് പറയുന്നത് ആഫ്രിക്കൻ രാജ്യത്തിന് തുല്യം. പക്ഷെ, കേരളത്തിന്റെ ക്ഷേമപ്രവർത്തനമെന്ന് പറയുന്നത് സ്കാൻഡിനേവിയൻ രാജ്യത്തിന് തുല്യം', എന്നാണ് ടൈംസ് ഓഫ് ഇന്ത്യയിൽ പരാമർശിക്കുന്നത് (ടൈംസ് ഓഫ് ഇന്ത്യ പത്രം ഉയർത്തിക്കാട്ടി). ഇന്ത്യയിൽ ഏറ്റവും കൂടുതൽ വികസനം നടക്കുന്ന സംസ്ഥാനം കേരളമാണെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയില്ലേ? ശ്രീ. രമേശ് ചെന്നിത്തല പ്രസംഗിച്ചപ്പോൾ സ്കൂൾ കെട്ടിടങ്ങൾ എല്ലാ കാലത്തുമുണ്ടായിട്ടുണ്ടെന്ന് സൂചിപ്പിച്ചു. ഒരു കാര്യം നിങ്ങൾ മറക്കരുത്; നിങ്ങളുടെ ഭരണകാലത്ത് ലാഭകരമല്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂട്ടുകയാണ് ചെയ്തത്. ഈ ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയ്ക്ക് കോടിക്കണക്കിന് രൂപ നൽകുകയും കെട്ടിടങ്ങൾ നവീകരിക്കുകയും, ക്ലാസ് മുറികൾ ഹൈടെക്കാക്കി മാറ്റുകയും ചെയ്തു. യു.ഡി.എഫ്. ഗവൺമെന്റ് പൂട്ടാൻ ആലോചിച്ച പൊതുവിദ്യാഭ്യാസ സ്ഥാപനത്തിൽ കഴിഞ്ഞ ഏഴ് വർഷക്കാലംകൊണ്ട് പത്ത് ലക്ഷത്തിലധികം വിദ്യാർത്ഥികളാണ് പ്രവേശനം നേടിയത്. ഇതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി

സർക്കാരിന്റെ നിലപാട്. സംസ്ഥാനത്തെ ആരോഗ്യമേഖലയിലും ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് ആവശ്യത്തിന് ഡോക്ടർമാരില്ല, നഴ്സുമാരില്ല, ജീവനക്കാരില്ല, മരുന്നില്ല. ഇപ്പോഴത്തെ സ്ഥിതി അങ്ങനെയാണോ? കണക്കുകൾ പരിശോധിക്കുമ്പോൾ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ സർക്കാർ ആശുപത്രിയെ സമീപിക്കുന്ന സംസ്ഥാനം കേരളമാണ്. നിങ്ങളുടെ ഭരണകാലത്ത് ലൈഫ് പദ്ധതിയിലൂടെ എത്ര വീടുകൾ നൽകിയെന്ന് അറിയാമല്ലോ; ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 3,50,000 വീടുകൾ പൂർത്തീകരിച്ച് നൽകുകയുണ്ടായി. 1,16,000 വീടുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതുകൂടി കണക്കാക്കുമ്പോൾ പാവപ്പെട്ടവർക്ക് അന്തിയുറങ്ങാൻ ലൈഫ് പദ്ധതിയിലൂടെ 4,66,000 വീടുകൾ നിർമ്മിച്ച് നൽകിയ സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഇതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ വികസനം. ക്ഷേമപെൻഷനുകളെക്കുറിച്ച് നിങ്ങൾ ഇന്നലെ എന്തൊക്കെയോ പരാമർശിച്ചു. പെൻഷന്റെ കാര്യത്തിൽ നിങ്ങളുടെ സർക്കാർ എന്ത്

സമീപനമാണ് സ്വീകരിച്ചത്. 600 രൂപ വീതം നൽകിയിരുന്ന ക്ഷേമ പെൻഷനുകൾ 18 മാസക്കാലം കുടിശ്ശിക വരുത്തി. അത് 1600 രൂപയായി വർദ്ധിപ്പിക്കുകയും കേരളത്തിലെ 60 ലക്ഷം ആളുകൾക്ക് മുടങ്ങാതെ പെൻഷൻ നൽകുകയും അതിലൂടെ അവർക്കാശ്വാസമേകുകയും ചെയ്യുന്ന ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഇതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ. കെ.എസ്.ആർ.ടി.സി. ലാഭകരമല്ല, തകരുന്നുവെന്നൊക്കെ നിങ്ങൾ പരാമർശിച്ചു. നിങ്ങളുടെ കാലത്ത് കെ.എസ്.ആർ.ടി.സി.ക്ക് എത്ര രൂപ കൊടുത്തു? ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-ക്ക് കൊടുത്തത് 1543 കോടി രൂപയാണ്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 5000 കോടി രൂപയും ഇപ്പോൾ ഈ രണ്ട് വർഷക്കാലത്തിനിടയിൽ 4100 കോടി രൂപയും നൽകിയെന്ന് പറയുമ്പോൾ ഏഴ് വർഷക്കാലംകൊണ്ട് 9100 കോടി രൂപ കെ.എസ്.ആർ.ടി.സി.ക്ക് നൽകിയ ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. കേരളത്തിൽ എന്ത്

വികസനം നടക്കുന്നുവെന്നാണ് ശ്രീ. രമേശ് ചെന്നിത്തല ചോദിച്ചത്. നിങ്ങളുടെ ഭരണകാലത്ത് പരണത്ത് വച്ച വികസനമായിരുന്നു ദേശീയപാതാ വികസനം. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ദേശീയപാതാ വികസനം, ആറുവരിപ്പാത, നടപ്പാക്കുന്നത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഇച്ഛാശക്തിയുടെ പ്രതിഫലനമാണ്. ഇതാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന വികസനപ്രവർത്തനം. കേരളത്തിലെ ജനങ്ങൾക്ക് ഓണം ഉണ്ണാൻ സാധിക്കുമോ എന്നൊരു ചോദ്യം നിയമസഭാ സമ്മേളനത്തിന്റെ ആദ്യഘട്ടത്തിൽ നിങ്ങൾ ഉന്നയിക്കുകയുണ്ടായി. കേരളത്തിലെ ജനങ്ങൾ സുഭിക്ഷമായി ഓണമുണ്ണുമെന്ന് ഞങ്ങൾ പറഞ്ഞു. ഈ സർക്കാർ വിലനിലവാരം പിടിച്ചുനിർത്താനുള്ള വിവിധ നടപടികൾ സ്വീകരിച്ചു. 375 കോടി രൂപയുടെ വിൽപനയാണ് സപ്ലൈകോയിലൂടെ നടന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇന്ത്യയിൽ നിങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ദേശീയ ശരാശരിയെക്കാൾ കുറഞ്ഞ വിലക്കയറ്റ നിരക്കാണ് കേരളത്തിലുള്ളതെന്ന് മറന്നുപോകരുത്.

കേന്ദ്രം നമ്മളെ ശ്വാസംമുട്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 18,000 കോടി രൂപയാണ് ജി.എസ്.ടി. വിഹിതത്തിലും ഡെഫിസിറ്റ് ഗ്രാന്റിലുമടക്കം വെട്ടിക്കുറച്ചത്. അതുപോലെതന്നെ കടമെടുപ്പിന്റെ പരിധി അഞ്ച് ശതമാനം എന്നത് മൂന്ന് ശതമാനമാക്കി കുറച്ചെങ്കിലും കേന്ദ്ര സർക്കാരിന് അത് ബാധകമല്ല. കേന്ദ്ര സർക്കാരിന്റെ കമ്മി 6.4 ശതമാനമാണ്. അവർക്ക് വിദേശത്തുനിന്നും നാട്ടിൽനിന്നുമൊക്കെ കടമെടുക്കുന്നതിന് യാതൊരുവിധ തടസ്സവുമില്ല. എന്നാൽ, കേരളം കടമെടുത്താൽ അവർക്ക് പ്രശ്നമാണ്. ചെലവുകൾ ചുരുക്കിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇവിടെ യാതൊരു തരത്തിലുള്ള ധനകാര്യ കെടുകാര്യസ്ഥതയുമില്ല. 2021-22-ൽ 47,000 കോടി രൂപയായിരുന്ന ജി.എസ്.ടി വരുമാനം 2022-23 കാലയളവിൽ 70,000 കോടി രൂപയായി വർദ്ധിച്ചു, 23,000 കോടി രൂപയുടെ വർദ്ധനവാണുണ്ടായത്. ഇതല്ലേ മികച്ച ധനകാര്യ മാനേജ്മെന്റ്; എന്നിട്ടാണോ നിങ്ങൾ ധനകാര്യ കെടുകാര്യസ്ഥത എന്ന തരത്തിൽ പരാമർശിക്കുന്നത്? കേന്ദ്ര ഗവൺമെന്റ് കേരളത്തെ ശ്വാസംമുട്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പ്രളയകാലത്ത് സംസ്ഥാനത്തിന് നൽകിയ

അരിയുടെ വിഹിതംപോലും കേന്ദ്ര സർക്കാർ ചോദിച്ചുവാങ്ങുകയുണ്ടായി. പെൻഷൻ ഇനത്തിൽ അറുന്നൂറ് കോടിയിലധികം രൂപ കേന്ദ്ര ഗവൺമെന്റ് നൽകാനുണ്ട്. സ്കൂൾകുട്ടികളുടെ ഉച്ചഭക്ഷണ വിതരണത്തിന്റെ കാര്യത്തിൽപോലും കേന്ദ്രം നൽകാനുള്ള തുക നൽകാതെ സംസ്ഥാനത്തെ ബുദ്ധിമുട്ടിക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നെൽകർഷകരെ സംബന്ധിച്ച കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നെൽകർഷകർക്ക് ഏറ്റവും കൂടുതൽ സംഭരണവില നൽകുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. 7.80 രൂപയാണ് കേരളം നൽകുന്നത്. ഇന്ത്യയിൽ കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിലുൾപ്പെടെ ഏതെങ്കിലും സംസ്ഥാനങ്ങളിലെ നെൽകർഷകർക്ക് ഈ തുക നൽകുന്നുണ്ടോ? 2017 മുതൽ 2023 വരെ 644 കോടി രൂപയാണ് കേന്ദ്രം നൽകാനുള്ളത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഏതാണ്ട് 250,373 നെൽകർഷകരിൽനിന്നും 731,184 ടൺ നെല്ല് സംഭരിച്ചു. നെൽക്കർഷകർക്ക് 2,070 കോടി രൂപനൽകേണ്ടതിൽ 1,975.71 കോടി രൂപ ഈ ഗവൺമെന്റ് കൊടുത്തുതീർത്തു. ഇനി നൽകാനുള്ള 95 കോടി രൂപ

കൊടുത്തുകൊണ്ടിരിക്കുകയാണ്. നെൽകർഷകരുടെ കാര്യത്തിൽ ഇതുപോലെ മാതൃകാപരമായ നിലപാട് ഏത് ഗവൺമെന്റാണ് സ്വീകരിച്ചിട്ടുള്ളത്?

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. പി. എസ്. സുപാൽ: സർ, ഒന്നുരണ്ട് മിനിട്ടുകൂടി അനുവദിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് 600 കോടി രൂപയാണ് കേന്ദ്ര സർക്കാർ നൽകാനുള്ളത്. അതുപോലെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപ കേന്ദ്രം നൽകാനുണ്ട്. കേരളത്തിന് അർഹതപ്പെട്ടത് പിടിച്ചുവാങ്ങാൻ കേരളത്തിൽ നിന്നുള്ള യു.ഡി.എഫ്.-ന്റെ എം.പി.-മാർ എന്ത് നിലപാടാണ് സ്വീകരിക്കുന്നത്; നിങ്ങൾ അവിടെ എന്ത് ചെയ്യുന്നു? മുഖ്യമന്ത്രി വിളിച്ചുചേർത്ത എം.പി.-മാരുടെ യോഗത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാടുകൾക്കെതിരെ ജോയിന്റ് സ്റ്റേറ്റ്മെന്റ് ഒപ്പുവയ്ക്കാനും അത് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാനും തീരുമാനിച്ചു. ഇക്കാര്യങ്ങളെല്ലാം സമ്മതിച്ച കോൺഗ്രസിന്റെ എം.പി.-മാരെ പിന്നെ

കാണാതായത് എന്തുകൊണ്ടാണ്? അതാണ് ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ച ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം തമ്മിലുള്ള അണ്ടർസ്റ്റാൻഡിംഗ്.

മി. ചെയർമാൻ: അങ്ങ് ദയവായി നിർത്തുക. അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. എനിക്ക് അധികസമയം ആവശ്യമില്ല. ഒറ്റവാചകത്തിൽ ഞാൻ അവസാനിപ്പിക്കാം. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20 സീറ്റും കോൺഗ്രസ് നേടുമെന്ന് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ സൂചിപ്പിച്ചു. അദ്ദേഹം സ്വപ്നലോകത്തെ ബാലഭാസ്കർ ആണ്. പുതുപ്പള്ളി നിയോജകമണ്ഡലത്തിന്റെ കാര്യം ഇവിടെ പരാമർശിച്ചു. ആ തെരഞ്ഞെടുപ്പ് നടത്താനുണ്ടായ സാഹചര്യം നമുക്കറിയാം. പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ നിങ്ങൾ 19 സീറ്റിൽ വിജയിച്ചു. അതുകഴിഞ്ഞ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നപ്പോൾ 14 ജില്ലകളിലും നിങ്ങൾ പരാജയപ്പെട്ടു. തുടർന്ന് നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ

എൽ.ഡി.എഫ്. 99 സീറ്റുകൾ നേടി തുടർഭരണം ഉറപ്പാക്കി. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശക്തിയോടെ മുന്നോട്ടുപോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ടെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തെരഞ്ഞെടുപ്പിൽ ആരെങ്കിലും ജയിക്കട്ടെ, ഇനിയും സമയമുണ്ടല്ലോ; അത് നമുക്ക് നോക്കാം. പക്ഷേ, ഇപ്പോഴത്തെ പ്രശ്നം സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ട് എന്നുള്ളതാണ്. നിലവിൽ സാമ്പത്തിക പ്രതിസന്ധി ഇല്ലെന്നാണോ ഗവൺമെന്റ് സൂചിപ്പിക്കുന്നത്? സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് പ്രതിപക്ഷം സൂചിപ്പിച്ചപ്പോൾ ഭരണപക്ഷത്തുള്ള മന്ത്രിമാർ അത് ശരിയാണല്ലോ എന്ന ഭാവത്തിൽ അന്തംവിട്ട് ഇരിക്കുന്നത് ഞങ്ങൾ കാണുന്നുണ്ട്. കാര്യങ്ങൾ നടത്താൻ കാശില്ല എന്നുള്ളത് അറിയാത്തവരായി ആരാണുള്ളത്? 2016-ൽ നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ ഒരു ധവളപത്രം ഇറക്കിയിരുന്നു. ഇങ്ങനെ പോകുകയാണെങ്കിൽ 2021 ആകുമ്പോഴേയ്ക്കും സ്ഥിതി ഭയാനകമാകുമെന്നാണ് ആ ധവളപത്രത്തിൽ പരാമർശിച്ചിരുന്നത്. യഥാർത്ഥത്തിൽ ഇപ്പോൾ ഏതാണ്ട് ഭയാനകമായ

ഒരു സ്ഥിതി ആയില്ലേ? നിങ്ങൾ സൂചിപ്പിക്കുന്നതുപോലെയുള്ള സാമ്പത്തികസ്ഥിതിയുണ്ടെങ്കിൽ പിന്നെ എന്തുകൊണ്ടാണ് കാര്യങ്ങളൊന്നും നടക്കാത്തത്? കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ മികച്ച നിലവാരമുള്ള, മെച്ചപ്പെട്ട വിദ്യാഭ്യാസമുള്ള, സാമ്പത്തിക സ്ഥിതിയുള്ള ഒരു സംസ്ഥാനമാണെന്നാണ് നിങ്ങൾ ഇപ്പോഴും സൂചിപ്പിക്കുന്നത്. ഇത് ഒരു ദിവസം കൊണ്ടുണ്ടായതാണോ?

2.00 PM]

1990-ലെ കരുണാകരൻ ഗവൺമെന്റിന്റെ ഭരണകാലത്ത് ഞാൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്നു. ഈ കാലഘട്ടത്തിൽ ഞാൻ വിദേശ രാജ്യങ്ങളിൽ കേരളത്തെക്കുറിച്ചുള്ള നിരവധി പ്രസന്റേഷനുകൾ അവതരിപ്പിച്ചിട്ടുണ്ട്. കേരളം ഒരു ടൂറിസം ഡെസ്റ്റിനേഷനാണെന്നും ഏറ്റവും കൂടുതൽ ആയുർദൈർഘ്യവും മികച്ച ജീവിതനിലവാരവും ഉയർന്ന സാക്ഷരതയുമുള്ള സംസ്ഥാനമാണെന്നുമാണ് ഞാൻ പരാമർശിച്ചത്. ഇപ്പോൾ ഈ നിലവാരം താഴേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. അത് ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിമാരും മനസ്സിലാക്കുന്നില്ലേ? ആരോഗ്യമേഖല

പരിശോധിക്കുകയാണെങ്കിൽ, മുമ്പ് നൽകിയിരുന്ന അതേ സേവനം ഇപ്പോൾ ഗവൺമെന്റിന് സൗജന്യമായി നൽകാൻ സാധിക്കുന്നുണ്ടോ? ആശുപത്രികൾക്ക് കൃത്യമായി തുക നൽകാത്തതുകൊണ്ട് ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയിരുന്ന കാരുണ്യ സ്കീമും മറ്റുള്ള സ്കീമുകളും നിർത്തുകയല്ലേ ചെയ്തത്? അതിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ആശുപത്രികൾക്ക് തുക നൽകാത്തതുകൊണ്ട് മെച്ചപ്പെട്ട ചികിത്സാ സംവിധാനങ്ങൾ നിലച്ചുപോകുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം പരിശോധിക്കണം. കേന്ദ്രത്തിൽനിന്ന് ലഭിക്കുന്നത് വാങ്ങുകയും അത് ചെലവഴിക്കുകയും അതിനുശേഷം കേന്ദ്രത്തിനെപ്പറ്റി പരാതി പറയുകയും ചെയ്യുന്നു. ഇങ്ങനെയിരുന്നിട്ട് കാര്യമുണ്ടോ; ഇതിന് എന്തെങ്കിലുമൊരു വഴികാണണ്ടേ? ഇന്നലെയും ജീവനക്കാരുടെ സമരം ഇവിടെയുണ്ടായിരുന്നു. ഞങ്ങളെല്ലാവരും പോയിരുന്നു. ജീവനക്കാർ പറയുന്നത് പെൻഷൻ കുടിശ്ശിക ലഭിക്കാതെ കുറച്ച് ആളുകൾ മരണപ്പെട്ടുവെന്നാണ്. അതുപോലെ ജീവനക്കാർക്ക് ഡി.എ.-യും മറ്റുള്ള ആനുകൂല്യങ്ങളും നൽകുന്നില്ല. സാമ്പത്തിക

പ്രതിസന്ധിയായിരിക്കാം കാരണം. ഇങ്ങനെ പോയാൽ കേരളത്തിന്റെ സ്റ്റാൻഡേർഡ് പോകില്ലേ, തകരില്ലേ? ഓരോ കാര്യവും താഴോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. നെൽകർഷകർക്ക് ആനുകൂല്യങ്ങൾ നൽകാൻ സാധിക്കുന്നുണ്ടോ; ഇവിടെ മാർക്കറ്റ് ഇന്റർവെൻഷൻ നടത്താൻ കോടിക്കണക്കിന് രൂപ നൽകിയെന്ന് ശ്രീ. പി. എസ്. സുപാൽ സൂചിപ്പിച്ചു. ഇത്തവണ ശരിയായ രീതിയിൽ മാർക്കറ്റ് ഇന്റർവെൻഷൻ നടത്താൻ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർക്ക് സാധിച്ചോ? പഴയതുപോലെ മാർക്കറ്റ് ഇന്റർവെൻഷൻ നടത്താനും ആനുകൂല്യങ്ങൾ കൊടുക്കാനും സാധിക്കുന്നില്ല. ഡെവലപ്മെന്റ് വർക്കിനുവേണ്ടി സാമാജികർ ഗവൺമെന്റിനെ സമീപിക്കുമ്പോൾ ഓരോ തവണയും ഫണ്ടില്ലെന്ന കാരണം ചൂണ്ടിക്കാട്ടി ഒഴിവാക്കപ്പെടുകയാണ്. സത്യം പറഞ്ഞാൽ, ഗവൺമെന്റ് എന്ന ഈ ഷോ നടത്താൻ ധനകാര്യ വകുപ്പുമന്ത്രി തീർത്തും ബുദ്ധിമുട്ടുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വരുമാനമാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കേണ്ട അവസ്ഥയിലാണ്. എല്ലാ മേഖലയിലും നിരവധി പ്രശ്നങ്ങളുണ്ടെന്നാണ് ഡോ. ടി. എം. തോമസ് ഐസക്കും സൂചിപ്പിക്കുന്നത്. വ്യവസായ

വകുപ്പുമന്ത്രിയുടെ പരിധിയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പഴയതുപോലെ ഫണ്ട് നൽകാൻ സാധിക്കുന്നുണ്ടോ; സർക്കാർ പൊതുമേഖലയ്ക്ക് ഫണ്ട് നൽകുന്നില്ല. എല്ലാ മേഖലയും ഗുരുതര പ്രതിസന്ധി നേരിടുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നിവേദനങ്ങൾ സമർപ്പിക്കുമ്പോൾ കഴിയുന്നതുപോലെ സഹായം ലഭ്യമാക്കുന്നുണ്ടെങ്കിലും പൂർണ്ണമായും ലഭ്യമാക്കാൻ അദ്ദേഹത്തിനും സാധിക്കുന്നില്ല. പൊതുമരാമത്ത് വകുപ്പുമന്ത്രിയും കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. പക്ഷെ, നിങ്ങളെക്കൊണ്ട് സാധിക്കണ്ടേ; കൈയിൽ പണമില്ല; അതാണ് വിഷയം. മലബാറിൽ പ്ലസ് ടുവിന് അറുപത്തിയഞ്ചോളം കുട്ടികളാണ് ഒരു ക്ലാസിലിരുന്ന് പഠിക്കുന്നത്. ഈ സ്ഥിതിക്ക് മാറ്റംവരുത്താൻ എന്തുകൊണ്ട് സാധിക്കുന്നില്ല; എന്തുകൊണ്ട് പുതിയ പ്ലസ് ടു ബാച്ചുകൾ അനുവദിക്കാൻ സാധിക്കുന്നില്ല, വിദ്യാഭ്യാസത്തിന്റെ സ്റ്റാൻഡേർഡ് എവിടേയ്ക്കാണ് പോകുന്നത്? മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നോട്ടുപോകുന്നുവെന്ന് പറയുമ്പോഴും അത് കാലങ്ങളായി കൈവരിച്ച മുന്നേറ്റമാണ്. ഇപ്പോൾ ആ സ്റ്റാൻഡേർഡ് താഴേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. മലബാർ പോലുള്ള

പിന്നോക്ക ജില്ലകളിൽ 65 വിദ്യാർത്ഥികൾ ഒരു ക്ലാസ്സിലിരുന്ന് പഠിച്ചാൽ വിദ്യാഭ്യാസത്തിന്റെ സ്റ്റാൻഡേർഡ് താഴേയ്ക്ക് പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇങ്ങനെ പോയാൽ ഇതും പുലിവാലാകും. കേരളം ഇക്കാലമത്രയും അവകാശപ്പെട്ട നേട്ടങ്ങളെല്ലാം നഷ്ടമാകും. ഓരോ കാര്യത്തെക്കുറിച്ചും ഞാൻ പരാമർശിക്കുന്നില്ല. സമസ്തമേഖലയും ശോച്യാവസ്ഥയിലേയ്ക്ക് പോകുകയാണ്. ഇതിനുകാരണം ഫണ്ടിന്റെ ലഭ്യതക്കുറവാണ്. ഫണ്ട് എങ്ങനെയാണ് ഇല്ലാതായത്? ഇത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചിന്തിക്കേണ്ട വിഷയമാണ്. ഞങ്ങൾ അധികാരത്തിലുണ്ടായിരുന്ന കാലത്തെ സംവിധാനം വ്യത്യസ്തമായിരുന്നു. ഫണ്ടില്ലാത്ത അവസ്ഥയുണ്ടായാൽ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരും ചേർന്ന് എങ്ങനെ വരുമാനമുണ്ടാക്കാമെന്നും ടാക്സ് എങ്ങനെ ലഭ്യമാക്കാമെന്നും ആലോചിച്ച് തീരുമാനമെടുക്കും. എന്നാൽ, ഇപ്പോൾ സിസ്റ്റം മാറിയിരിക്കുന്നു. ഇപ്പോൾ ടാക്സിലൂടെ വരുമാനമുണ്ടാക്കാൻ സാധിക്കില്ല. ജി.എസ്.ടി. സംവിധാനങ്ങൾക്കനുസരിച്ച് കാര്യങ്ങൾ ചെയ്യുണ്ടേ? ഡോ. ടി. എം. തോമസ് ഐസക്ക് ധനകാര്യ വകുപ്പുമന്ത്രി

ആയിരുന്ന കാലത്ത് ഏതാണ്ട് വീണുകിട്ടിയതുപോലെയാണ് ഈ ടാക്സ് സിസ്റ്റത്തെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചത്. പക്ഷെ, ഫലത്തിൽ എന്താണ് സംഭവിച്ചത്? പഴയ സിസ്റ്റം ഉപയോഗിച്ചുതന്നെ ജി.എസ്.ടി.-യെ അഭിമുഖീകരിച്ചു. സംസ്ഥാനം ഒരു കൺസ്യൂമർ സ്റ്റേറ്റായതുകൊണ്ട് ജി.എസ്.ടി.-യിൽ കൂടുതൽ വരുമാനം ഉണ്ടാക്കാനും നികുതി പിരിച്ചെടുക്കാനുമുള്ള മാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. പക്ഷെ, ഇതിനനുസരിച്ച് ഒന്നും ചെയ്തില്ല. പഴയ സംവിധാനങ്ങൾ അങ്ങനെ തുടർന്നപ്പോൾ ജി.എസ്.ടി. അതിന്റെ വഴിക്കുപോയി. കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട നഷ്ടപരിഹാരം ലഭിക്കാൻ കേരളം ഒരു കമ്മി സ്റ്റേറ്റാണെന്ന വാദം ഉന്നയിച്ചില്ല. അവസാനം കൈയിൽ ഉണ്ടായിരുന്ന മറ്റ് അധികാരങ്ങൾ നഷ്ടമാകുകയും ചെയ്തു. എന്നാൽ ചെലവ് ചുരുക്കാൻ സാധിക്കുന്നുണ്ടോ? നിരവധി വകുപ്പുകൾ നമുക്കുണ്ട്. ചില വകുപ്പുകൾക്ക് ബഡ്ജറ്റില്ല, ചെയ്യാൻ യാതൊരു പണിയുമില്ല, പക്ഷെ, അവരെല്ലാം അവിടെ ഇരിപ്പുണ്ട്. ശമ്പളവും പെൻഷനുമുണ്ട്. മാനുഷിക പരിഗണനവച്ച് ചില വകുപ്പുകൾ ഇങ്ങനെ തുടർന്നോട്ടെ എന്നുവയ്ക്കാം. കെ.എസ്.ആർ.ടി.സി.-യുടെ സേവനം

അവസാനിപ്പിക്കാൻ സാധിക്കില്ല. ലാഭമാണെങ്കിലും നഷ്ടമാണെങ്കിലും തുടരട്ടെയെന്ന് തീരുമാനിക്കാം. പക്ഷെ, പുതിയ പണിയെടുക്കാൻവേണ്ടി ഈ സർക്കാർ കരാർ വ്യവസ്ഥയിൽ വ്യക്തികളെ നിയമിക്കുകയാണ്. ഒന്നുംരണ്ടും വ്യക്തികളെ എവിടെയെങ്കിലും എപ്പോഴെങ്കിലുമാണ് നിയമിക്കുന്നതെങ്കിൽ നമുക്ക് മനസ്സിലാക്കാം. ഇപ്പോഴുള്ള ജീവനക്കാരിൽ പകുതിയോളം പേർ കരാർ ജീവനക്കാരാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അതുസംബന്ധിച്ച് ശരിയായ കണക്കില്ല. ആധുനിക കാലത്തെ ജോലി അറിയാത്തതുകൊണ്ട് പണി ചെയ്യണമെന്നുണ്ടെങ്കിൽ പുതിയ വ്യക്തികളെ നിയമിക്കണം. അങ്ങനെ അധികച്ചെലവ് സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് ആകെ ആശയക്കുഴപ്പത്തിലാണ്. ഞാൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി.-മാർ എന്നെ കാണാൻ വരുമായിരുന്നു. ഗവൺമെന്റ് ഫണ്ട് നൽകിയാൽ പല പൊതുമേഖലാ സ്ഥാപനങ്ങളെയും ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും. എന്നാൽ, ഗവൺമെന്റ്തന്നെ മൈനസ് ബഡ്ജറ്റിലേയ്ക്ക് പോകുന്ന സ്ഥിതിയാണുള്ളത്.

ഗൗരവമുള്ള അവസ്ഥയിലേയ്ക്ക് ഈ ഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കേരളം നിലവിൽ മറ്റ് സംസ്ഥാനങ്ങളെക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലാണെന്ന് നിങ്ങൾ വാദിച്ചിട്ട് കാര്യമില്ല. ഈ സ്ഥിതി അധികകാലം തുടരില്ല. ഇങ്ങനെ പോയാൽ നമ്മൾ മറ്റ് സംസ്ഥാനങ്ങളുടെയെല്ലാം പിറകിലാകുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതുകൊണ്ട് ഗവൺമെന്റിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ ഈ സർക്കാർ ഉത്തരവാദിത്വം കാണിക്കണം. അല്ലാതെ തിരഞ്ഞെടുപ്പിൽ വിജയിക്കുന്നതിനെക്കുറിച്ച് മാത്രം പറഞ്ഞുകൊണ്ടിരുന്നിട്ട് കാര്യമില്ല. പുതുപ്പള്ളിയിൽ കണ്ടതുപോലെ ജയം അതിന്റെ വഴിക്ക് വരും. ശോച്യാവസ്ഥ തുടർന്നാൽ ജനങ്ങൾ ബുദ്ധിമുട്ടിലാകും. ആശുപത്രികൾ, സ്കൂളുകൾ, റോഡുകൾ എന്നിവയുടെ അവസ്ഥ ഇപ്പോൾ കഷ്ടത്തിലാണ്. കേന്ദ്രസഹായത്തോടെ ഒരു റോഡിന്റെ പണി നടക്കുന്നുണ്ടെന്ന് ശ്രീ. പി. എസ്. സുപാൽ ഇവിടെ പരാമർശിക്കുകയുണ്ടായി. ഒരു റോഡിന്റെ പണി മാത്രം നടന്നാൽ മതിയോ; സംസ്ഥാനത്തിന്റെ ദയനീയാവസ്ഥയാണ്

പ്രതിപക്ഷം ഈ അടിയന്തരപ്രമേയത്തിലൂടെ പ്രൂവ് ചെയ്തത്. ഇത്രയും സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, അടിയന്തരപ്രമേയാവതാരകനുശേഷം സംസാരിച്ചത് പ്രതിപക്ഷനിരയിലെ പ്രധാന നേതാക്കളിലൊരാളായ മുൻപ്രതിപക്ഷനേതാവും മറ്റൊരാൾ നിലവിലുള്ള ഉപനേതാവുമാണ്. തികച്ചും അന്യഗ്രഹ ജീവികളെപ്പോലെയാണ് അവർ സംസാരിച്ചത്. കേരളത്തെ ഇത്രയും സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കെത്തിച്ച കേന്ദ്രസർക്കാരിന്റെ ധനനയത്തെക്കുറിച്ച് ഉരിയാടാനോ അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് പ്രതികരിക്കാനോ അവർ തയ്യാറാകുന്നില്ല. ഈ നിയമസഭയിൽ ബി.ജെ.പി.-യുടെ അംഗമില്ലാത്തതിന്റെ കുറവ് പ്രമേയാവതാരകൻ പരിഹരിച്ചതുപോലെയായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. അതിനുശേഷം മുൻപ്രതിപക്ഷനേതാവായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയുടെ പ്രസംഗമായിരുന്നു. നമ്മൾ കേന്ദ്ര അവഗണനയ്ക്കെതിരായി ശബ്ദമുയർത്തുകയും അതിന്റെ കയ്പുനീർ കുടിച്ചുകൊണ്ടിരിക്കുകയുമാണ്. അദ്ദേഹമാണെങ്കിൽ എ.ഐ.സി.സി.-യുടെ അവഗണനയ്ക്കെതിരെ കയ്പുനീർ

കുടിക്കുകയാണ്. ഇത് രണ്ടും കയ്പുനീരാണ്. സമനില തെറ്റിയതുപോലെയായിരുന്നു ഇവരുടെയെല്ലാം പ്രതികരണം. കുറച്ചുകാലം കേരളത്തിലെ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്ത മുൻമന്ത്രിമാരാണ് ഇവിടെ സംസാരിച്ചത്. സർക്കാർ ജീവനക്കാരെക്കുറിച്ചും കേരളത്തിലെ ജനക്ഷേമപദ്ധതികളെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 2001-2006-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിലുണ്ടായിരുന്നപ്പോൾ കേരളത്തിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വൻതോതിൽ വെട്ടിക്കുറച്ചു. സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് അടിസ്ഥാനശമ്പളം മാത്രമെന്ന സമീപനം ആരാണ് സ്വീകരിച്ചത്; അക്കാര്യം മറന്നുപോയോ? ലീവ് സറണ്ടർ നിർത്തലാക്കിയത് ഓർമ്മയുണ്ടോ? യു.ഡി.എഫ്. സർക്കാർ പതിനെട്ട് മാസത്തെ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക നൽകാനുണ്ടായിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് ഈ കുടിശ്ശിക നൽകിയത്. സാമൂഹ്യക്ഷേമ പെൻഷൻ ക്രമാനുഗതമായി വർദ്ധിപ്പിച്ച് 1,600 രൂപയാക്കിയത് 2016 മുതൽ നിലവിലുള്ള എൽ.ഡി.എഫ്. സർക്കാരാണ്. പ്രസ്തുത തുക വീണ്ടും വർദ്ധിപ്പിക്കണമെന്ന

ആഗ്രഹമില്ലാത്തതുകൊണ്ടല്ല. പക്ഷെ, കേന്ദ്ര അവഗണനയ്ക്കെതിരെ നിങ്ങൾ ശബ്ദമുയർത്താൻ തയ്യാറാകാതെ തടസ്സം നിൽക്കുകയാണ്. ഇതിൽ ധൂർത്ത് ഏതാണ്? ധൂർത്തും കെടുകാര്യസ്ഥതയുമാണല്ലോ ഈ പ്രമേയത്തിലൂടെ നിങ്ങൾ ഉന്നയിച്ചത്. ഇവിടെ ഓണക്കാലം വന്നു. എന്തായിരുന്നു യു.ഡി.എഫ്.-ന്റെ ഓണപ്പാട്ട്? ചിലയാളുകളെ നിങ്ങൾ കൂട്ടുപിടിച്ചു, വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും എന്ന് പറഞ്ഞതുപോലെയാണ്. ഖജനാവ് കാലിയായിരിക്കുന്നു, ട്രഷറി പൂട്ടും, സമ്പദ്‌വ്യവസ്ഥ തകരും, ഓണം ആനുകൂല്യങ്ങളില്ല, ഇത്തവണ മലയാളിക്ക് ഓണമില്ല എന്നെല്ലാമായിരുന്നു നിങ്ങൾ പ്രസ്താവനകളിലൂടെ നിരത്തിയ ചില വാർത്തകൾ. അതിന് ബി.ജെ.പി.-യും കൂടെ കുറെ മാധ്യമങ്ങളും കൂട്ടുനിന്നു. എന്നാൽ യാഥാർത്ഥ്യം എന്തായിരുന്നു? ഈ കഷ്ടപ്പാടുകളെയും സാമ്പത്തിക പ്രതിസന്ധികളെയും പ്രതിരോധിച്ച് ദേശീയോത്സവമായ ഓണത്തെ വരവേൽക്കാൻ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയും ഇടതുപക്ഷ ഗവൺമെന്റും 18,000 കോടി രൂപയാണ് ചെലവഴിച്ചത്. 3100-ലധികം ഓണച്ചന്തകൾ ആരംഭിച്ചതാരാണ്? രണ്ടായിരത്തിലധികം കർഷക ചന്തകൾ ആരംഭിച്ചത്

ഏത് ഗവൺമെന്റാണ്? പിണറായി സർക്കാർ 400 കോടിയോളം രൂപ വിപണിയിൽ ഇടപെടുന്നതിനുമാത്രം ചെലവഴിച്ചു. അറുപത് ലക്ഷത്തോളം ആളുകൾക്ക് ക്ഷേമപെൻഷൻ നൽകാനായി 1,900 കോടി രൂപ അനുവദിച്ചില്ലേ; പ്രതികരിക്കാത്തതെന്താണ്? ഇതൊന്നും കാണാതെ പോകാൻ കഴിയില്ല. 4.6 ലക്ഷം തൊഴിലുറപ്പ് തൊഴിലാളികൾക്ക് 1,000 രൂപ വീതം ഉത്സവബത്തയായി നൽകിയ സർക്കാരാണിത്. ഈയിനത്തിൽ 46 കോടി രൂപയാണ് സർക്കാർ ചെലവഴിച്ചത്. ലോട്ടറി ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസ് ഇനത്തിൽ 24 കോടി രൂപ ഉൾപ്പെടെ വിവിധ മേഖലകളിൽ പണിയെടുക്കുന്ന മറ്റ് തൊഴിലാളികൾ, സർക്കാർ ജീവനക്കാർ തുടങ്ങി എല്ലാവരിലേയ്ക്കും സർക്കാരിന്റെ ഓണം ആനുകൂല്യങ്ങൾ എത്തിക്കാൻ സാധിച്ചില്ലേ; ഇതാണോ ധൂർത്ത്? സർക്കാർ ജീവനക്കാർക്ക് ബോണസായി 4,000 രൂപയും ഓണം അലവൻസായി 2,750 രൂപയും അനുവദിച്ചില്ലേ; ഇതാണോ ധൂർത്ത്? ഓണം അഡ്വാൻസായി 20,000 രൂപയും പെൻഷൻകാർക്ക് ഉത്സവബത്തയായി 1,000 രൂപയും നൽകാൻ ഈ സർക്കാർ തയ്യാറായി. കെ.എസ്.ആർ.ടി.സി.-ക്ക് 140 കോടി രൂപ, കാഷ്യൂ

ബോർഡിന് 43 കോടി രൂപ, റബ്ബർ സബ്സിഡിക്കായി 25 കോടി രൂപ, കൈത്തറി മേഖലയ്ക്ക് 50 കോടി രൂപ, വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ടായി 34 കോടി രൂപ എന്നിങ്ങനെ തുക ചെലവഴിച്ചു. ഇത് ആരാണ് അനുവദിച്ചത്? സാമ്പത്തിക പ്രതിസന്ധിക്കിടയിൽ വീർപ്പുമുട്ടുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റല്ലേ ഇതെല്ലാം അനുവദിച്ചത്? കാരണം, ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്നത് അദ്ധ്വാനിക്കുന്നവരുടെയും പാവപ്പെട്ടവന്റെയും രാഷ്ട്രീയ സംവിധാനമാണ്. ഈ വിഭാഗത്തിലെ ജനങ്ങൾക്കുവേണ്ടി ക്ഷേമ പദ്ധതികളും ആനുകൂല്യങ്ങളും നടപ്പിലാക്കി മുന്നോട്ടുപോകുന്ന ഒരു സംവിധാനമാണ് നിലവിലുള്ളത്. സാമൂഹ്യപ്രതിബദ്ധതയും മനുഷ്യസ്നേഹ പ്രചോദിതവുമായ പ്രവർത്തനങ്ങളിൽ ഇടപെട്ടുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മികച്ച ഭരണം കാഴ്ചവയ്ക്കുകയാണ്. ആറുലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഓണക്കിറ്റുകൾ നൽകിയ സർക്കാർ ഏതാണ്; അതും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അല്ലേ? എന്തെല്ലാമായിരുന്നു ആരോപണം? രാജ്യത്താകെ കടുത്ത

വിലക്കയറ്റം നിലനിൽക്കുമ്പോഴും ഓണക്കാലത്ത് കേരളത്തിലെ വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്താൻ കേരളത്തിന് കഴിഞ്ഞില്ലേ? പതിമൂന്നോളം നിത്യോപയോഗ സാധനങ്ങൾക്ക് കഴിഞ്ഞ ഏഴര വർഷക്കാലമായി ഒരു നയാപൈസപോലും വിലവർദ്ധിപ്പിച്ച സാഹചര്യം കേരളത്തിലുണ്ടായോ? എന്താണ് നിങ്ങൾ മിണ്ടാത്തത്; എന്താണ് നിങ്ങൾ പ്രതികരിക്കാത്തത്? ഇവിടെ വിവരമുള്ളവർ പറയുന്നത് നമുക്ക് ശ്രദ്ധിക്കാം, അന്താരാഷ്ട്ര റേറ്റിംഗ് ഏജൻസിയായ Fitch-ന്റെ റിപ്പോർട്ടുപ്രകാരം കേരളത്തിന്റെ സാമ്പത്തികരംഗം കൂടുതൽ സ്ഥിരത കൈവരിച്ചിരിക്കുകയാണ്. ആർ.ബി.ഐ.-യുടെ കണക്കുപ്രകാരം രാജ്യത്ത് ഏറ്റവും കുറവ് വിലക്കയറ്റമുള്ള സംസ്ഥാനം കേരളമാണ്. ഏതാണ്ട് നാൽപ്പതിനായിരം കോടി രൂപ കേന്ദ്ര വിഹിതത്തിൽ കുറവുവന്നിട്ടും സംസ്ഥാനത്തിന്റെ തനതുവരുമാനം വർദ്ധിപ്പിച്ചും ശരിയായ സാമ്പത്തിക നിലപാട് സ്വീകരിച്ചും എൽ.ഡി.എഫ്. സർക്കാർ പ്രതിസന്ധികളെ തരണം ചെയ്തു. രണ്ടാം പിണറായി സർക്കാർ ആദ്യത്തെ രണ്ട് വർഷംകൊണ്ട് തനതുനികുതി വരുമാനത്തിൽ 24,000 കോടി രൂപയുടെ

വർദ്ധനവാണുണ്ടായത്. 2021-ൽ 47,000 കോടി രൂപയായിരുന്ന തനതുവരുമാനം 2023 മാർച്ച് 31-ന് 71,000 കോടി രൂപയിലേയ്ക്ക് ഉയർത്താൻ സാധിച്ചു. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും മികച്ച വരുമാന വർദ്ധവനവാണിത്. രാജ്യത്തിന്റെ പൊതുവരുമാനം വിഹിതം വയ്ക്കുന്നതിൽ കേന്ദ്രസർക്കാർ നീതികേടാണ് കാണിക്കുന്നത്. കേരളമുൾപ്പെടെയുള്ള ബി.ജെ.പി. ഇതര സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ ശ്വാസം മുട്ടിക്കുകയാണ്. അതിൽ കോൺഗ്രസിന് ഒരു പരാതിയുമില്ല. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയും ഡിവിസിബിൾ പൂളിൽനിന്നുള്ള നികുതി വിഹിതം വെട്ടിക്കുറച്ചും കേന്ദ്ര ഗവൺമെന്റ് കേരളത്തെ പ്രതിസന്ധിയിലാക്കുകയാണ്. 2020-21-ൽ കേരളത്തിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ 56 ശതമാനം സംസ്ഥാന വിഹിതവും 44 ശതമാനം കേന്ദ്ര വിഹിതവുമായിരുന്നു. എന്നാൽ, സംസ്ഥാനത്തിന് അർഹമായ വിഹിതത്തിൽ കേന്ദ്രം വരുത്തിയ വെട്ടിക്കുറവിനെ തുടർന്ന് കേന്ദ്ര വിഹിതം 44 ശതമാനത്തിൽനിന്നും 30 ശതമാനമായി കുറഞ്ഞു. മറ്റ് പല സംസ്ഥാനങ്ങളിൽ റവന്യൂ ചെലവിന്റെ 50 ശതമാനമെങ്കിലും കേന്ദ്ര

വിഹിതം ലഭിക്കുമ്പോഴാണ് കേരളത്തോട് ഈ കടുത്ത അവഗണന കേന്ദ്രം കാണിക്കുന്നത്. മറ്റ് ധനസ്രോതസ്സുകൾ ഏതാണ്; ഇക്കാര്യം പ്രതിപക്ഷത്തിന് അറിയാത്തതാണോ? പദ്ധതി ധനസഹായമാണ് മറ്റൊരു വിഭവ സ്രോതസ്സ്. പദ്ധതി സമ്പ്രദായം ബി.ജെ.പി. സർക്കാർ പൂർണ്ണമായും അവസാനിപ്പിച്ചു. അങ്ങനെ വന്നപ്പോൾ, പഞ്ചവത്സര പദ്ധതികൾക്ക് ചെലവാക്കിയിരുന്ന ഭീമൻ തുക യാതൊരു മാനദണ്ഡവുമില്ലാതെ തന്നിഷ്ടപ്രകാരം കേന്ദ്ര സർക്കാർ ബഡ്ജറ്റിലൂടെ ചെലവഴിക്കുന്നു. ഈ തുക മുഴുവൻ കൃത്യമായ അജണ്ടവച്ചുകൊണ്ട് പല പാക്കേജുകളുടെ പേരിൽ ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുകയാണ്. അപ്പോഴും കേരളത്തിന് ഒന്നും ലഭിക്കുന്നില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾ ചില ഭേദഗതികളോടെയാണ് തുടരുന്നത്. പണ്ട് ഈ സ്കീമുകളുടെ 25-30 ശതമാനം മാത്രമേ സംസ്ഥാനം നൽകേണ്ടിയിരുന്നുള്ളൂ. എന്നാൽ നിലവിൽ ഏതാണ്ട് എല്ലാ സ്കീമുകളുടെയും നാൽപ്പത് ശതമാനം ചെലവ് സംസ്ഥാനങ്ങളുടെ ചുമലിലാണ്. പല സ്കീമുകളും ഏകപക്ഷീയമായി കേന്ദ്ര സർക്കാർ നിർത്തലാക്കിയപ്പോൾ അവയുടെ ഭാരംകൂടി സംസ്ഥാനങ്ങൾ വഹിക്കേണ്ടി

വരുന്നു. റവന്യൂ വരുമാനത്തിനുപുറമെ സംസ്ഥാനങ്ങൾക്ക് അവരുടെ ദേശീയ വരുമാനത്തിന്റെ മൂന്ന് ശതമാനം വായ്പയെടുക്കാനുള്ള അവകാശമുണ്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഭരണഘടനയിലെ ഈ വകുപ്പ് ഉപയോഗപ്പെടുത്തിക്കൊണ്ട് മൂന്ന് ശതമാനം വായ്പ എന്നത് നടപ്പുവർഷത്തിൽ ഏതാണ്ട് രണ്ട് ശതമാനമായി വെട്ടിക്കുറച്ചിരിക്കുകയാണ്. ഇതിന്റെ ഫലമായി സംസ്ഥാന ബഡ്ജറ്റിൽ ഏകദേശം പന്ത്രണ്ടായിരം കോടി രൂപയുടെ കുറവാണ് അനുഭവപ്പെടുന്നത്. കിഫ്ബി വായ്പ സർക്കാർ നേരിട്ടെടുക്കുന്ന വായ്പയ്ക്ക് തുല്യമാണെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വാദം. ഉമ്മൻ ചാണ്ടി കിഫ്ബിയെക്കുറിച്ചൊന്നും പരാമർശിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ഭരണത്തിന്റെ അവസാനഘട്ടത്തിലാണ് കിഫ്ബിയെക്കുറിച്ച് ആലോചിച്ചത്. പക്ഷെ, ഇത് കേരളത്തിൽ നടപ്പാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി നിങ്ങൾക്കുണ്ടായിരുന്നില്ല. കിഫ്ബി വായ്പ സർക്കാർ എടുക്കുന്ന വായ്പയ്ക്ക് തുല്യമാണെന്നത് കേന്ദ്ര ഗവൺമെന്റിന്റെ വാദമാണ്. എന്നാൽ നിങ്ങളുടെ അഭിപ്രായമെന്താണ്? പണ്ടേ ഞങ്ങൾ ഇക്കാര്യം സൂചിപ്പിച്ചിരുന്നു എന്നാണ് ഇപ്പോൾ നിങ്ങൾ

അഭിപ്രായപ്പെടുന്നത്. ഈ ഗവൺമെന്റ് കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ ഇടപെടൽ നടത്തുകയുണ്ടായി. എന്നാൽ, സ്വന്തം കാര്യം വരുമ്പോൾ കേന്ദ്രസർക്കാരാണെങ്കിലും ഈ മാനദണ്ഡം സ്വീകരിക്കുന്നില്ല. വർഷംതോറും 34 ലക്ഷം കോടി രൂപയുടെ ഇത്തരം വായ്പകൾ ബഡ്ജറ്റിനുപുറമെ കേന്ദ്രസർക്കാർ സമാഹരിക്കുന്നുണ്ട്. അതിനെ നിങ്ങൾ വിമർശിക്കുന്നുണ്ടോ? കേന്ദ്രഗവൺമെന്റ് നീതികേടാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തെ സാമ്പത്തികമായി വീർപ്പുമുട്ടിക്കുന്ന ഘട്ടത്തിൽ അതിനൊത്താശ ചെയ്യുന്നവരാണ് കേരളത്തിലെ കോൺഗ്രസ്സുകാർ. കേരളത്തിനെതിരെ സാമ്പത്തിക ഉപരോധം ഏർപ്പെടുത്താൻ ആർ.എസ്.എസ്. അജണ്ടയ്ക്ക് കൂട്ടുനിന്ന വ്യക്തിയാണ് ഡോ. മാത്യു കുഴൽനാടൻ. അദ്ദേഹം കോൺഗ്രസ് പാർട്ടിയിൽ പ്രവർത്തിക്കുമ്പോഴും ബി.ജെ.പി./ആർ.എസ്.എസ്. നേതൃത്വവുമായി അടുത്ത ബന്ധം പുലർത്തുന്ന വ്യക്തിയാണ്. അത് എങ്ങനെയാണെന്ന് സൂചിപ്പിക്കാം, സംഘ്പരിവാർ സംഘടനയായ സ്വദേശി ജാഗരൺ മഞ്ചിന്റെ സംസ്ഥാന കൺവീനറായ രഞ്ജിത് കാർത്തികേയൻ എന്ന ചാർട്ടേഡ് അക്കൗണ്ടന്റാണ് കേരള

സർക്കാരിന്റെ കിഫ്ബിക്കെതിരെ കോടതിയിൽ പോയത്. കേന്ദ്ര ആണവോർജ്ജ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ സ്വതന്ത്ര ഡയറക്ടറായി മോദി സർക്കാർ നിയമിച്ച വ്യക്തികൂടിയാണദ്ദേഹം.

**(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)**

മി. സ്പീക്കർ: യെസ്...യെസ്... പ്ലീസ് കൺക്ലൂഡ്..

ശ്രീ. എം. രാജഗോപാലൻ: സർ, സ്വദേശി ജാഗരൺ മഞ്ചിനുവേണ്ടി കിഫ്ബിക്കെതിരെ വക്കാലത്ത് നിന്നത് മറ്റാരുമല്ല, ഡോ. മാത്യു കുഴൽനാടനാണ്.

മി. സ്പീക്കർ: യെസ്...യെസ്... പ്ലീസ് കൺക്ലൂഡ്..യെസ്...യെസ്..

ശ്രീ. എം. രാജഗോപാലൻ: സർ, (.....മൈക്ക് ഓഫ്.....)

ശ്രീ. മോൻസ് ജോസഫ്: സർ, അടിയന്തരപ്രമേയത്തിലൂടെ കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ചൂണ്ടിക്കാണിച്ചപ്പോൾ ട്രഷറി പൂട്ടിയിട്ടില്ലെന്നാണ് ഭരണമുന്നണിയിലെ അംഗങ്ങൾ സൂചിപ്പിക്കുന്നത്. ട്രഷറി തുറന്നിരുന്നാലും അവിടെനിന്നും തുക ലഭിക്കണ്ടേ?

ട്രഷറിയിൽ അഞ്ച് ലക്ഷം രൂപയിൽത്താഴെയുള്ള ബില്ലുകൾക്ക് മാത്രമേ തുക അനുവദിക്കാൻ പാടുള്ളൂവെന്ന തരത്തിൽ ആദ്യം നിയന്ത്രണം ഏർപ്പെടുത്തി. ഇപ്പോൾ ഒരു ലക്ഷം രൂപയിൽ താഴെയുള്ള ബില്ലുകൾക്ക് തുക മാറിനൽകിയാൽ മതിയെന്ന് അഭിപ്രായപ്പെടുന്നു. ഒരു ട്രഷറിയിലും ഒരു കാര്യവും നടക്കുന്നില്ല. എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള ഏറ്റവും ചെറിയ വർക്ക് ചെയ്താൽപോലും തുക നൽകാതെ നിയന്ത്രണം ഏർപ്പെടുത്തിയ സാഹര്യമുണ്ടായിട്ടും ട്രഷറിയിൽ യാതൊരു പ്രശ്നവുമില്ലെന്ന് പറഞ്ഞാൽ അത് എന്ത് നിലപാടാണെന്ന് ഗവൺമെന്റ് പരിശോധിക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകണം. ഇവിടെ എല്ലാ രംഗത്തുമുള്ള പ്രതിസന്ധികൾ ചൂണ്ടിക്കാണിച്ചു. കാർഷിക മേഖല പരിപൂർണ്ണമായി തകർന്നിരിക്കുകയാണ്. കൃഷിക്കാർക്ക് രക്ഷയില്ലാത്ത സ്ഥിതിയാണ്. നെല്ലിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ടിൽ യു.ഡി.എഫ്. ഗവൺമെന്റ് ഏർപ്പെടുത്തിയ 150 രൂപയുടെ പദ്ധതി പിന്നീട് 170 രൂപയായി ഉയർത്തി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 600 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും

ഇതുവരെ വിലസ്ഥിരതാ ഫണ്ടിന്റെ ഒരു രൂപപോലും നൽകിയിട്ടില്ല. വിലസ്ഥിരതാ ഫണ്ട് ഗവൺമെന്റ് തുടർന്നുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കണം. സംസ്ഥാനത്ത് റോഡ് നിർമ്മാണം പരിപൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. ഇവിടെ സാമ്പത്തിക പ്രതിസന്ധിയില്ലെന്ന് സൂചിപ്പിക്കുമ്പോഴും കരാറുകാർക്ക് തുക നൽകാൻ ഗവൺമെന്റ് തയ്യാറാകുന്നില്ലെന്നതാണ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രധാനമായും എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കരാറുകാർക്ക് തുക ലഭിക്കാത്തതുമൂലം വർക്ക് മുഴുവൻ നിർത്തിവയ്ക്കുകയാണ്. ഇങ്ങനെയാണെങ്കിൽ സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. അതിനാൽ കരാറുകാരുടെ കുടിശ്ശിക നൽകാനുള്ള സാഹചര്യമുണ്ടാക്കണം. വിലക്കയറ്റംമൂലം സാധനസാമഗ്രികളുടെ വില കൂടി. ഗവൺമെന്റ് റേറ്റ് റിവിഷൻ നടപ്പാക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്. ഇത് 2021-ൽ പുതുക്കിയെങ്കിലും 2018-ലെ ഡി.എസ്.ആർ. പ്രകാരമാണ് ഇപ്പോഴും വർക്കുകൾ നടക്കുന്നത്. 2023 ആയിട്ടും റേറ്റ് റിവിഷൻ നടപ്പാക്കാൻ സാധിച്ചിട്ടില്ല.

നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ ഇക്കാര്യങ്ങളിൽ മാറ്റംവരുത്തണം. റേറ്റ് റിവിഷൻ അടിയന്തരമായി നടപ്പാക്കണം.

മി. സ്പീക്കർ: യെസ്...യെസ്... (മൈക്ക് ഓഫ്)

ശ്രീ. ജോബ് മൈക്കിൾ: സർ, അടിയന്തരപ്രമേയത്തിലെ വസ്തുതാവിരുദ്ധമായ കാര്യങ്ങളെ ഞാൻ എതിർക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ ഇത്രയധികം ഞെരുക്കുമ്പോഴും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കേരളത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്നു. 2022 ജൂൺ മാസം മുതൽ ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയ വിവരം നമുക്കെല്ലാം അറിയാവുന്നതാണ്. ഇതിലൂടെ കേരളത്തിന് 12,000 കോടി രൂപ നഷ്ടമുണ്ടായി. ജി.എസ്.ടി. കോമ്പൻസേഷൻ അഞ്ച് വർഷംകൂടി ദീർഘിപ്പിക്കണമെന്ന് കേരളം ആവശ്യപ്പെട്ടപ്പോൾ അതിനെ സപ്പോർട്ട് ചെയ്യാൻ കേരളത്തിലെ ഒരു എം.പി.-യും മുന്നോട്ടുവന്നില്ല. കേരളത്തിലെ 18 എം.പി.-മാർ ഒരു ദിവസംപോലും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കാണാൻ

തയ്യാറായില്ല. അത്തരമൊരു അവസ്ഥ നിലനിൽക്കുമ്പോഴാണ് പ്രതിപക്ഷം ഗവൺമെന്റിനെ വിമർശിച്ചുകൊണ്ടിരിക്കുന്നത്. സഭയിൽ സീനിയറായ അംഗങ്ങൾ ഇരിക്കുന്നുണ്ട്. മിച്ച ബഡ്ജറ്റ് എന്ന പ്രഖ്യാപനത്തോടെയായിരുന്നു 1986-87-ൽ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണി നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചത്. അന്ന് കേരളത്തിന്റെ മുഖ്യമന്ത്രിയായ കെ. കരുണാകരൻ പറഞ്ഞത് ബഡ്ജറ്റ് കമ്മിയുമാകാം മിച്ചവുമാകാം എന്നാണ്. എന്നാൽ, പാർലമെന്റിൽ അന്ന് ധനകാര്യ സഹമന്ത്രിയായ ബി. ജനാർദ്ദൻ പൂജാരി കേരളത്തിന്റെ വർഷാവനസാന കണക്ക് കമ്മിയാണെന്ന് വെളിപ്പെടുത്തി. കേരളത്തോടുള്ള ചിറ്റമ്മനയം അന്നും കേന്ദ്ര ഗവൺമെന്റ് പുലർത്തുന്നുണ്ടായിരുന്നു. കേരളത്തെ ഇടിച്ചുതാഴ്ത്തുന്ന നിലപാടായിരുന്നു അന്നും കേന്ദ്രം സ്വീകരിച്ചത്. അന്ന് ബി. ജനാർദ്ദൻ പൂജാരി നൽകിയ Letter of Intent കെ. എം. മാണി സഭയുടെ മേശപ്പുറത്തുവച്ചു. ശ്രീ. രമേശ് ചെന്നിത്തല അപ്പോൾ മന്ത്രിയായിരുന്നു. അദ്ദേഹം ഹെലികോപ്റ്ററിന്റെ കാര്യം ഇവിടെ പരാമർശിച്ചു. അന്ന് കെ. കരുണാകരനോടൊപ്പം

ഹെലികോപ്റ്ററിൽ സഞ്ചരിച്ച വ്യക്തിയാണ് ശ്രീ. രമേശ് ചെന്നിത്തല. അദ്ദേഹത്തിന് അക്കാര്യം നിഷേധിക്കാൻ സാധിക്കുമെങ്കിൽ നിഷേധിക്കട്ടെ. കേരളത്തിന്റെ മുഖ്യമന്ത്രി കെ. കരുണാകരനും ഹെലികോപ്റ്റർ ഉപയോഗിച്ചിട്ടുണ്ട്. 1986-87-ലെ ബഡ്ജറ്റിനെ മിച്ച ബഡ്ജറ്റെന്ന് കെ. എം. മാണി സൂചിപ്പിച്ചപ്പോൾ അതിനെ കമ്മിയെന്ന് പറഞ്ഞുകൊണ്ട് ആക്ഷേപിച്ച ആളുകളാണിന്ന് ഇവിടെ ഒരു യോജിപ്പിനും തയ്യാറാകാതെ ഗവൺമെന്റിനെ ഏത് രീതിയിലും അപമാനിക്കണമെന്ന ലക്ഷ്യത്തോടെ വിമർശിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽനിന്നുള്ള 18 എം.പി.-മാർ എവിടെയാണ്, അവരെ കാണാനില്ല, അവർ കേരളത്തിന്റെ കാര്യങ്ങൾ അവതരിപ്പിക്കാനില്ല, പാർലമെന്റിൽ പ്രസംഗിക്കാൻപോലും അവരില്ല. ഇപ്പോൾ ശ്രീ. മോൻസ് ജോസഫ് കേരളത്തിലെ കർഷകരെപ്പറ്റി പറഞ്ഞല്ലോ. പക്ഷെ, കേരളത്തിലെ കർഷകർക്കുവേണ്ടി പാർലമെന്റിൽ സംസാരിക്കുവാൻ കേരള കോൺഗ്രസ് എം.പി.-മാരായ ശ്രീ. ജോസ് കെ. മാണിയും ശ്രീ. തോമസ് ചാഴികാടനുമുണ്ട്. അവർ കേരളത്തിലെ കർഷകർക്കുവേണ്ടി സംസാരിക്കുന്നുണ്ട്. ഇവിടെ കർഷകർക്കുവേണ്ടി

സംസാരിക്കുവാനോ അവരുടെ കാര്യം പരിഹരിക്കുന്ന ഗവൺമെന്റിനെ അഭിനന്ദിക്കാനോ തയ്യാറാകുന്നില്ല. പകരം കേരളത്തെ എങ്ങനെ ഇടിച്ചുകാണിക്കാമെന്നാണ് ചിന്തിക്കുന്നത്. കേരളത്തിൽ മികച്ച ഭരണം കാഴ്ചവയ്ക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭരണത്തെ ഇകഴ്ത്തിക്കാണിക്കാൻവേണ്ടിയുള്ള ശ്രമങ്ങൾ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ വിലപ്പോകില്ല. ഈ ഗവൺമെന്റ് കൂടുതൽ ശക്തമായി മുന്നോട്ടുപോകുമെന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. അനൂപ് ജേക്കബ്: സർ, വിഭവസമാഹരണം നടത്താതെ കടമെടുപ്പിനെ മാത്രം ആശ്രയിച്ചാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ധനപ്രതിസന്ധിയുടെ പേരിൽ എല്ലാ നികുതികളും വർദ്ധിപ്പിച്ച ഈ ഗവൺമെന്റ് റിവേഴ്സ് ഇഫക്ടിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം നേരത്തെ സൂചിപ്പിച്ചതാണ്. നിർമ്മാണ മേഖല സമ്പൂർണ്ണമായി നിലയ്ക്കുകയും ചെറുകിട വ്യാപാര മേഖല സ്തംഭനത്തിലേയ്ക്ക് പോകുകയുമാണ്. ഗവൺമെന്റ് ഫെയർ വാല്യൂവിലെ അപാകതകൾ പരിഹരിക്കാതെ സ്റ്റാമ്പ് ഡ്യൂട്ടി വീണ്ടും വർദ്ധിപ്പിച്ചിരിക്കുന്നു. ഇതിലൂടെ ഭൂമി രജിസ്ട്രേഷൻ എത്രമാത്രം

കുറഞ്ഞിരിക്കുന്നുവെന്ന് പരിശോധിക്കണം. മികച്ച വരുമാനം ലഭിച്ചിരുന്ന രജിസ്ട്രേഷൻ വകുപ്പിൽ ഇപ്പോൾ വരുമാനം വളരെയേറെ കുറഞ്ഞിരിക്കുകയാണ്. ഇക്കാര്യവും ഗവൺമെന്റ് പരിശോധിക്കണം. അവധാനതയില്ലാതെ വിവിധ തരത്തിൽ നികുതി വർദ്ധിപ്പിച്ച് ജനങ്ങളുടെമേൽ അധികഭാരം ചുമത്തുകയാണ്. വൻകിടക്കാരിൽനിന്ന് നികുതി കുടിശ്ശിക പിരിക്കുന്നതിൽ പരാജയപ്പെട്ട ഗവൺമെന്റാണ് സാധാരണക്കാരുടെ ചുമലിൽ വലിയ ഭാരം കെട്ടിവച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾക്ക് ട്രഷറിയിൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. ഒരു ബില്ലും മാറുന്നില്ല. എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും സ്തംഭിച്ചിരിക്കുകയാണ്. എം.എൽ.എ. ഫണ്ടുപയോഗിച്ച് നടത്തുന്ന വർക്കുകൾ ആരും ക്വാട്ട് ചെയ്യാനില്ലാത്ത സാഹചര്യമാണുള്ളത്. കർഷകരെ സംബന്ധിച്ച പ്രശ്നമാണ് രൂക്ഷമായിരിക്കുന്നത്. നെൽകർഷകർക്ക് കുടിശ്ശിക തുക നൽകാൻ സാധിക്കുന്നില്ല. റബ്ബർ കർഷകർക്ക് ഫെബ്രുവരി മാസത്തിനുശേഷം ഇൻസെന്റീവ് നൽകിയിട്ടില്ല. അവരുടെ അപേക്ഷകൾപോലും റബ്ബർ

ബോർഡ് സ്വീകരിക്കുന്നില്ല. റബ്ബറിന്റെ താങ്ങുവില കിലോഗ്രാമിന് 170 രൂപയെന്നുള്ളത് 250 രൂപയാക്കി വർദ്ധിപ്പിക്കണമെന്നത് കർഷകർ ആവർത്തിച്ച് ആവശ്യപ്പെടുന്ന കാര്യമാണ്. ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചെങ്കിലും അവിടെനിന്ന് മറുപടി ലഭിച്ചില്ല എന്നാണ് അഭിപ്രായപ്പെടുന്നത്. സംസ്ഥാനത്തെ റബ്ബർ കർഷകർ ഉൾപ്പെടെയുള്ളവരോട് ഈ ഗവൺമെന്റിന് പ്രതിബദ്ധത ഉണ്ടാകേണ്ടതല്ലേ? ഇത്തരത്തിലുള്ള വിഷയങ്ങളിൽ ഗവൺമെന്റ് കണ്ണടയ്ക്കുകയാണ്. എല്ലാ രീതിയിലുമുള്ള സാമൂഹ്യസുരക്ഷാ പദ്ധതികളും അവതാളത്തിലായിരിക്കുകയാണ്. സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിന്റെ തുകയിലുള്ള കുടിശ്ശിക, കാരുണ്യ പദ്ധതിയുടെ ഭാഗമായി ചികിത്സ നൽകിയ ആശുപത്രികൾക്കുള്ള കുടിശ്ശിക തുടങ്ങിയവ ലഭിക്കാനുണ്ട്. കഴിഞ്ഞ വർഷംവരെ 86 ലക്ഷം പേർക്കാണ് ഓണക്കിറ്റ് നൽകിയത്. നിലവിലത് ആറ് ലക്ഷമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഇത് സാമ്പത്തിക പ്രതിസന്ധിയല്ലേ?

എല്ലാ തലത്തിലും ജനജീവിതം ദുസ്സഹമാകുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മുന്നോട്ടുപോകുന്നുവെന്നതാണ് യാഥാർത്ഥ്യം.

ശ്രീ. വി. ജോയി: സർ, ഈ അടിയന്തരപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. അടിയന്തരപ്രമേയം അവതരിപ്പിച്ച ശ്രീ. റോജി എം. ജോൺ കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രി ശ്രീ. വി. മുരളീധരൻ പറയുന്നതിനേക്കാൾ കടുത്ത ഭാഷയിലാണ് ഇവിടെ വിമർശനങ്ങൾ ഉന്നയിച്ചത്. കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന വഞ്ചനയ്ക്കും അവഗണനയ്ക്കുമെതിരെ കേരളീയസമൂഹം ഒരുമിച്ചുനിന്ന് എതിർക്കേണ്ടതിനുപകരം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ ഏകപക്ഷീയമായി എതിർക്കുകയെന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുസംബന്ധിച്ച കണക്കുകൾ എനിക്കുമുമ്പ് സംസാരിച്ചവർ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇപ്പോൾ ധനകാര്യ കമ്മീഷന്റെ വിഹിതം വെട്ടിക്കുറച്ചു, അത് ചോദിക്കാൻ പാടില്ലേ? ശ്രീ. റോജി എം. ജോൺ അതിനെക്കുറിച്ച് ഒരക്ഷരംപോലും സൂചിപ്പിക്കുന്നില്ല. ഈ പ്രത്യേക സാഹചര്യത്തിൽ ഒരു

ശതമാനമെങ്കിലും കടമെടുക്കാൻ അനുവദിച്ചാൽ 10,800 കോടി രൂപ നമുക്ക് ലഭിക്കുമായിരുന്നു. അതിന് അനുവാദം നൽകുന്നില്ല. ശ്രീ. റോജി എം. ജോൺ അതിന് അനുകൂലമാണോ? കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച ഗ്രാന്റുകളിലെ കുടിശ്ശിക മാത്രം ഏതാണ്ട് 3,591 കോടി രൂപയുണ്ട്. അത് ചോദിക്കണമെന്ന ആവശ്യം അല്ലെങ്കിൽ അത് വാങ്ങിച്ചെടുക്കണമെന്ന ആവശ്യം ശ്രീ. റോജി എം. ജോൺ ഉന്നയിക്കുന്നില്ല. കേന്ദ്ര സർക്കാരിന്റെ ധനകാര്യ രംഗത്തെ  നയംമാറ്റത്തിന്റെ ഭാഗമായി 28,400 കോടി രൂപയും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തിയതോടുകൂടി 10,000 കോടി രൂപയും പൊതുകടമെടുപ്പിൽ നിയമപ്രകാരം അവകാശപ്പെട്ട തുകയിൽ 8,000 കോടി രൂപയും  നഷ്ടപ്പെട്ട കാര്യം ശ്രീ. റോജി എം. ജോൺ  പരാമർശിക്കുന്നില്ല. ഈ തുകയെല്ലാം ലഭിച്ചാൽ കേരളത്തിലെ മൂന്നരക്കോടി ആളുകൾക്ക് പ്രയോജനപ്പെടും. പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ.-മാർ അടക്കമുള്ളവർക്ക് വികസന പ്രവർത്തനം നടത്താൻ സ്വാഭാവികമായും ഈ തുക ഉപകരിക്കും. ഇത് ലഭ്യമാകാതിരിക്കുന്നതിനുവേണ്ടിയാണ് കോൺഗ്രസ് ശ്രമിക്കുന്നത്. പ്രതിപക്ഷത്തിന്റെ 18 എം.പി.-മാർ

പാർലമെന്റിൽ യാതൊന്നും പറയുന്നില്ലെന്ന നിലപാടായിരിക്കും ഭരണപക്ഷം സ്വീകരിക്കുന്നതെന്ന മുൻകൂർ ജാമ്യം ശ്രീ. റോജി എം. ജോൺ എടുത്തു. അത് ശരിയല്ലേ? കേരളത്തിന്റെ പൊതുവായ വികസന പ്രക്രിയയിലോ അർഹമായ സാഹചര്യം ഒരുക്കുന്നതിലോ കേരളത്തിൽനിന്നുള്ള 18 എം.പി.-മാർ ഏതവസരത്തിലാണ് ശബ്ദമുയർത്തിയത്? 'വിളിക്കേണ്ട വിധം വിളിക്കണം' എന്നാണ് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ പരാമർശിച്ചത്. ഇലയിട്ട്, വിഭവസമൃദ്ധമായ സദ്യ വിളമ്പി വേണമെങ്കിൽ വെറ്റിലയും പാക്കും കൂടിവച്ച് ഇവരെ ക്ഷണിച്ചുവരുത്തണമെന്നാണോ അദ്ദേഹം ഉദ്ദേശിക്കുന്നത്? കേരളത്തിലെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് അവർ. കേരളത്തിന്റെ പൊതുവായ ആവശ്യങ്ങൾക്കുവേണ്ടി അഭിപ്രായം പറയാൻ അവർ ബാധ്യസ്ഥരാണ്. അതിൽനിന്ന് എം.പി.-മാർ മാറിനിൽക്കുകയാണ്. കേരളത്തിലെ എം.പി.-മാർ നിരവധി വിഷയങ്ങളിൽ ഇടപെടുന്നുവെന്ന് പിന്നീട് സൂചിപ്പിക്കുകയുണ്ടായി. മുസ്ലീംലീഗിലെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവിടെ ഇരിപ്പുണ്ടല്ലോ, ഏത് വിഷയത്തിലാണ് അവർ ഇടപെട്ടതെന്ന്

അദ്ദേഹം പറയട്ടെ. പൗരത്വ ഭേദഗതി ബിൽ കൊണ്ടുവന്നപ്പോൾ നിങ്ങൾ എവിടെയായിരുന്നു; ഈയടുത്ത സമയത്ത് വന്ന ചില പ്രശ്നങ്ങളിൽ ശ്രീ. പി. വി. അബ്ദുൽ വഹാബ്, എം.പി. നിങ്ങളുടെ നിലപാടുകൾക്കെതിരായി വ്യത്യസ്ത അഭിപ്രായം പറഞ്ഞില്ലേ? കേരളത്തിൽ നിന്നുള്ള എം.പി.-മാർ കേരളത്തിന്റെ പൊതുതാൽപര്യം സംരക്ഷിക്കുന്ന കാര്യത്തിൽ പരാജയമാണെന്നതിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ ആവശ്യങ്ങൾക്കുവേണ്ടി പാർലമെന്റിൽ മിണ്ടുന്നില്ലെന്ന് എൽ.ഡി.എഫ്. പറയുന്നുണ്ടല്ലോയെന്ന് പത്രക്കാർ കെ.പി.സി.സി. പ്രസിഡന്റിനോട് ചോദിച്ചപ്പോൾ, ഞങ്ങൾ പോകാം, ഞങ്ങൾ പോയി കിടക്കാം എന്നൊക്കെയാണ് അദ്ദേഹം പറഞ്ഞത്. നിങ്ങൾ അവിടെപ്പോയി കിളയ്ക്കാനും കിടക്കാനുമല്ല പറയുന്നത്. നിങ്ങൾ നിന്നുകൊണ്ടോ ഇരുന്നുകൊണ്ടോ പറയാനുള്ള കാര്യങ്ങൾ പറയണം എന്നുമാത്രമാണ് ഞങ്ങൾക്ക് ഈയവസരത്തിൽ സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ വിഭവ സമാഹരണത്തെ അടിസ്ഥാനപ്പെടുത്തി പിടിച്ചുനിൽക്കാൻ കഴിയുന്ന വിധത്തിലുള്ള എല്ലാ പ്രവർത്തനങ്ങളും ഗവൺമെന്റ് നടത്തുകയാണ്. 2022-

23 സാമ്പത്തിക വർഷം തനതുവരുമാനമായി 70,000 കോടി രൂപ ലഭിച്ചെന്ന് പറഞ്ഞത് എൽ.ഡി.എഫ്. അല്ല, അത് അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തിയിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ ധനകമ്മി 2.2 ശതമാനമാണ്. അത് 0.67 ശതമാനമായി താഴ്ത്താൻ സാധിച്ചത് പ്രധാന കാര്യമാണ്. ഇതൊന്നും പ്രതിപക്ഷത്തിന്റെ ബധിരകർണ്ണങ്ങളിൽ എത്തുന്നില്ലെന്നത് ഖേദകരമാണ്. അടിയന്തരപ്രമേയം വരുമ്പോൾ അത് ചർച്ചയ്ക്കെടുക്കാൻ ഇപ്പോൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. എന്താണ് കാരണം? അടിയന്തരപ്രമേയത്തിന്മേലുള്ള ചർച്ച പുറംലോകത്ത് എത്തിക്കുന്നത് മാധ്യമങ്ങളാണ്. മാധ്യമങ്ങൾ ഇപ്പോൾ വിരുദ്ധസമീപനമാണ് സ്വീകരിക്കുന്നത്. ഞങ്ങൾ മാധ്യമങ്ങളുടെ തലോടലേറ്റ് വളർന്നവരല്ല. കഴിഞ്ഞദിവസം സോളാർ വിഷയവുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വിവിധ ഹെഡ്ലൈനുകൾ പ്രസിദ്ധീകരിച്ചിരുന്നു. ഒരു പത്രം ചുവപ്പുനിറത്തിൽ ഹെഡ്ലൈൻ എഴുതുകയുണ്ടായി. ഞാൻ അതിനെക്കുറിച്ച് കൂടുതൽ പരാമർശിക്കുന്നില്ല. നിങ്ങൾ ഉയർത്തുന്ന പ്രശ്നങ്ങൾക്ക് അതേ നാണയത്തിൽ തിരിച്ചടിക്കാൻ ഇതല്ലാതെ വേറെ പോംവഴിയില്ല.

അതുകൊണ്ടുതന്നെയാണ് ഇതൊക്കെ സൂചിപ്പിക്കുന്നത്. ഇവിടെ എന്തുപറഞ്ഞാലും മുഖ്യമന്ത്രിയെയാണ് പരമർശിക്കുന്നത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇപ്പോൾ സഭയിലുണ്ട്. അദ്ദേഹം തന്ത്രശാലിയാണ്. മുമ്പും ഞാനത് സൂചിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ രണ്ട് എതിരാളികളെ ഒതുക്കുന്നതിന്റെ ഭാഗമായാണ് ഈ മാസം 11-ാം തീയതി സഭയിൽ സോളാർ വിഷയം കൊണ്ടുവന്നത്. ഉമ്മൻ ചാണ്ടിയെ തഴെയിറക്കാൻ യു.ഡി.എഫ്.-ലെ രണ്ട് മുൻ ആഭ്യന്തര മന്ത്രിമാർ തന്നെ സമീപിച്ച എന്നാണ് ശ്രീ. ടി. ജി. നന്ദകുമാർ പത്രസമ്മേളനത്തിലൂടെ വ്യക്തമാക്കിയത്. ഞങ്ങൾ ഇന്നലെ ഇക്കാര്യം ഇവിടെ സൂചിപ്പിച്ചതാണ്. ശ്രീ. ചാണ്ടി ഉമ്മൻ ഇതെല്ലാം മനസ്സിലാക്കണം. രണ്ടുപേരെ ഒതുക്കാൻ കിട്ടുന്ന സന്ദർഭം ചെറുതല്ലെന്ന് ഞങ്ങൾക്കറിയാം. ഇന്നലെ പ്രതിപക്ഷനേതാവ് പറഞ്ഞതെന്താണ്? 'ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമായി സംസാരിച്ചിരുന്നു. മുഖ്യമന്ത്രി അറിയാതെ ഒരു ആഭ്യന്തര വകുപ്പുമന്ത്രിക്ക് ടെനി ജോപ്പനെ അറസ്റ്റ് ചെയ്യാൻ സാധിക്കുമോ; സാധിക്കില്ല. അത് അവർ തമ്മിൽ പരസ്പരം ആലോചിച്ചാണ് ചെയ്തത്. എന്നാൽ മുൻമന്ത്രിയും കോൺഗ്രസ്സിന്റെ പ്രധാനനേതാവുമായ ശ്രീ.

കെ. സി. ജോസഫ് ഇന്നലെ പറഞ്ഞത് ഇപ്രകാരമാണ്, 'ഭരണത്തലവനായ മുഖ്യമന്ത്രിയുടെ ഓഫീസിലെ ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയെ ആഭ്യന്തര വകുപ്പ് അറിയിക്കേണ്ടതാണ്. സമ്മതം വാങ്ങിയില്ലെങ്കിലും അറിയിക്കുകയെന്ന നടപടിക്രമമുണ്ട്. അതൊന്നും പാലിക്കപ്പെട്ടില്ല. ആഭ്യന്തരവകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അറിയാതെ ഒരുദ്യോഗസ്ഥൻ അത് ചെയ്യുമെന്ന് കരുതുന്നില്ല. യു.എൻ. അവാർഡ് വാങ്ങാൻ ബഹ്റൈനിൽ ആയിരുന്ന ഉമ്മൻ ചാണ്ടി മുറിയിലെത്തുമ്പോൾ ദൃശ്യമാധ്യമങ്ങളിലൂടെയാണ് ടെനി ജോപ്പന്റെ അറസ്റ്റ് അറിയുന്നത്. അത് അദ്ദേഹത്തെ അത്ഭുതപ്പെടുത്തി'. ഇന്നലെ സഭയിൽ ഞങ്ങളുടെ ഇടയിൽ നിന്ന് സംസാരിച്ചവർ ഇക്കാര്യം സൂചിപ്പിച്ചപ്പോൾ അദ്ദേഹമത് നിഷേധിച്ചു. ഇപ്പോൾ എന്താണ് പറഞ്ഞത്? പരിണതപ്രജ്ഞരായിട്ടുള്ള കോൺഗ്രസ്സിന്റെ തലമുതിർന്ന നേതാക്കളെയെല്ലാം ചവിട്ടിത്താഴ്ത്തി ഇവിടെവന്ന് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വർത്തമാനത്തിന്റെ ശീലുംചേലും അദ്ദേഹത്തിനുമാത്രമുള്ളതാണെന്ന് നാം മനസ്സിലാക്കണം. കേരളത്തിന്റെ

മുഖ്യമന്ത്രിയുടെ വീട്, കാറ്, വാഹനവ്യൂഹം എന്നിവയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഹെലികോപ്റ്റർ വാടകയ്ക്ക് എടുത്തെന്ന് പറയുന്നുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഒരുകോടി എഴുപത് ലക്ഷം രൂപ ചെലവഴിച്ച് ഹെലികോപ്റ്റർ വാങ്ങിയിരുന്നു. അത് നിങ്ങൾ മറന്നോ? യഥാർത്ഥത്തിൽ നിങ്ങളത് ബോധപൂർവ്വം മറച്ചുവയ്ക്കുകയല്ലേ ചെയ്തത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കാർ വാങ്ങി. കറുത്ത കാറാണ് വാങ്ങിയത്. ശ്രീ. റോജി എം. ജോൺ പറഞ്ഞത് ശരിയാണ്. ഇവിടെ കറുത്ത കാർ വാങ്ങി. അതേസമയം അപ്പുറത്ത് പ്രതിപക്ഷനേതാവിന് വെളുത്ത കാറും വാങ്ങി. അതിലെന്തെങ്കിലും വ്യത്യാസമുണ്ടോ? ഉണ്ട്, നിറത്തിൽ വ്യത്യാസമുണ്ട്. ക്ലിഫ് ഹൗസിലെ തൊഴുത്തിനും മതിലിനുംകൂടി തുക ചെലവഴിച്ചാൽ തൊഴുത്ത് മാത്രമായി പരാമർശിക്കും. ഇവിടെ നിങ്ങൾ ചെലവഴിച്ചതുപോലെ വേറെ ആരെങ്കിലും ചെലവഴിച്ചിട്ടുണ്ടോ?

<u>മി. സ്പീക്കർ</u>: യെസ്...യെസ്... പ്ലീസ് കൺക്ലൂഡ്..യെസ്...യെസ്..ശ്രീ. തോമസ് കെ. തോമസ്.. താങ്കൾക്ക് സംസാരിക്കാം.

<u>ശ്രീ. വി. ജോയി:</u> സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത്... (മൈക്ക് ഓഫ്).....

<u>മി. സ്പീക്കർ:</u> ശ്രീ. തോമസ് കെ. തോമസ്.. അങ്ങയുടെ സമയമാണ് നഷ്ടമാകുന്നത്. താങ്കൾക്ക് സംസാരിക്കാം.

<u>ശ്രീ. തോമസ് കെ. തോമസ്:</u> സർ, ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു. ഞാനൊരു വോളിബോൾ കളിക്കാരനാണ്. 1975-ലെ സ്കൂൾ വോളിബോൾ ടീമിൽ ഞാനുണ്ടായിരുന്നു. ജി.വി. രാജ സ്പോർട്സ് സ്കൂളിൽ തിരക്കിയാൽ അക്കാര്യം അറിയാൻ സാധിക്കും. ഞങ്ങൾ എതിർടീമിന്റെ കളി കാണാൻ പോകാറുണ്ട്. കാരണം, അതവരോടുള്ള സ്നേഹം കൊണ്ടല്ല, അവരുടെ കളിയുടെ ടെക്നിക് മനസ്സിലാക്കി എതിർത്ത് കളിക്കാനാണ്. ഗവൺമെന്റിന്റെ ടെക്നിക് മനസ്സിലാക്കി മുന്നോട്ടുപോകാനുള്ള തന്ത്രത്തിന്റെ ഭാഗമായാണ് ഇവിടെ അടിയന്തപ്രമേയം കൊണ്ടുവന്നത്. അതിൽ നമ്മൾ വീഴരുത്, ടെക്നിക് മനസ്സിലാക്കിക്കൊടുത്താൽ ഇവർ നല്ല രീതിയിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകും. അതാണിവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

കേരളം നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോകുകയുണ്ടായി. 2018-19-ലെ പ്രളയത്തിൽ കുട്ടനാട് നിവാസികളായ ഞങ്ങൾ അനുഭവിച്ച ദുരിതങ്ങൾ നിരവധിയാണ്. എല്ലാ വീട്ടിലും വെള്ളം കയറി വല്ലാത്ത അവസ്ഥയിലായിരുന്നു. അവിടെനിന്നൊക്കെ ഒരു വിധത്തിലാണ് രക്ഷപ്പെട്ടുവന്നത്. അന്ന് ഈ സർക്കാർ എടുത്ത തീരുമാനങ്ങൾ, സഹായിച്ച രീതികൾ, അതെല്ലാം എല്ലാവരും മറന്നുപോയി. സർക്കാരിനെ എങ്ങനെ കുറ്റം പറയാം; ഇവിടത്തെ രീതികളിൽ എന്തെല്ലാം പഴുതുകളുണ്ട്; എന്തെല്ലാം കുഴപ്പങ്ങളുണ്ട്; ഇതൊക്കെ കണ്ടെത്തി എങ്ങനെ തകർക്കാമെന്നുള്ള ചിന്തയല്ലാതെ നല്ല ചിന്തകൾ ആരുടേയും മനസ്സിൽ ഉദിച്ചിട്ടില്ല. ആരാധ്യനായ മുൻ പ്രതിപക്ഷനേതാവ് പറഞ്ഞത് ധനകാര്യ വകുപ്പുമന്ത്രി വിളിക്കേണ്ട രീതിയിൽ വിളിച്ചിരുന്നെങ്കിൽ എം.പി.മാരെല്ലാം വരുമായിരുന്നുവെന്നാണ്. എന്തുകൊണ്ടാണ് ഞങ്ങളെ വിളിക്കാത്തതെന്നും കേരളത്തിന്റെ അവസ്ഥ മോശമാണല്ലോയെന്നും ഞങ്ങളുടെ ഭാഗത്തുനിന്ന് എന്തെങ്കിലും സഹായം ആവശ്യമുണ്ടോയെന്നും ചോദിക്കാനുള്ള നല്ല മനസ്സ് നിങ്ങൾക്ക് ഇല്ലാതെ പോയതെന്തുകൊണ്ടാണ്? എങ്ങനെയെങ്കിലും കുറ്റം

പറയുകയെന്നതല്ലാതെ നല്ല രീതിയിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ നിങ്ങൾക്കാർക്കും ആഗ്രഹമില്ല. കോവിഡ് സമയത്ത് ആരാധ്യനായ മുഖ്യമന്ത്രി എല്ലാ ദിവസവും വൈകുന്നേരം പത്രസമ്മേളനം നടത്താറുണ്ടായിരുന്നു. നിങ്ങൾ അതിനെയും കളിയാക്കിയവരാണ്. കേരളത്തിന്റെ അവസ്ഥയെന്താണെന്നും എന്തൊക്കെയാണ് നടക്കുന്നതെന്നും അറിയാൻ ഞങ്ങളെല്ലാം കാതോർത്തിരുന്നിട്ടുണ്ട്. കാരണം, ആർക്കും ഒന്നും അറിയില്ല. ആരും പുറത്തിറങ്ങുന്നില്ലല്ലോ; അപ്പോഴും നിങ്ങൾ കുറ്റം പറയുക മാത്രമാണ് ചെയ്തിട്ടുള്ളത്. നിങ്ങൾ നന്നായി ഭരിച്ചെന്നാണ് അവകാശപ്പെടുന്നത്. പതിനെട്ട് മാസത്തെ ക്ഷേമപെൻഷൻ കൊടുക്കാതിരുന്ന നിങ്ങളുടെ ഭരണം എങ്ങനെയാണ് മികച്ചതാകുന്നത്? പ്രസ്തുത കുടിശ്ശിക നല്കിയത് 2016-ൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ്. അന്ന് ഞങ്ങളുടെ മുദ്രാവാക്യവും പെൻഷൻ നൽകാം എന്നുള്ളതായിരുന്നു. അതുകൊണ്ടാണ് തൊണ്ണൂറിൽപ്പരം സീറ്റുകളിൽ അന്ന് ഞങ്ങൾ ജയിച്ചത്. അതുകഴിഞ്ഞ് ഏതെല്ലാം രീതിയിൽ നിങ്ങൾ സർക്കാരിനെ തകർക്കാൻ ശ്രമിച്ചു; ഏതൊക്കെ രീതിയിൽ കുറ്റം

പറയാൻ ശ്രമിച്ചു; എന്തു കോൺട്രിബ്യൂഷനാണ് നിങ്ങളുടെ ഭാഗത്തുനിന്ന് ഗവൺമെന്റിന് ലഭിച്ചത്; ഒരു നല്ല വാക്കെങ്കിലും പറയാനുള്ള മനസ്സുണ്ടോ? ശ്രീ. റോജി എം. ജോൺ നല്ല രീതിയിൽ ഇവിടെ സംസാരിച്ചു. ഒരു സിനിമാ സംവിധായകൻ ആകാനുള്ള എല്ലാ യോഗ്യതകളും അദ്ദേഹത്തിനുണ്ട്. ആ രീതിയിലുള്ള ഒരു അവതരണമാണ് അദ്ദേഹം ഇവിടെ നടത്തിയത്. എന്തെങ്കിലും കുഴപ്പങ്ങളില്ലാത്ത ഗവൺമെന്റില്ലല്ലോ; എല്ലാ ഗവൺമെന്റുകൾക്കും അതിന്റേതായ കുഴപ്പങ്ങളും പ്രയാസങ്ങളും പ്രതിസന്ധികളുമുണ്ട്. അതൊക്കെ സാധാരണ സംഭവങ്ങളാണ്. അതിനെയെല്ലാം അതിജീവിക്കുകയെന്നത് വലിയ സംഭവമാണ്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ കേന്ദ്ര വിഹിതം തടഞ്ഞുവയ്ക്കുന്നതും അനാവശ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കേരളത്തെ തകർക്കാൻ ശ്രമിക്കുന്നതും നിങ്ങൾ ആരെങ്കിലും സൂചിപ്പിച്ചിട്ടുണ്ടോ? നിങ്ങൾ ഒരിക്കലും ബി.ജെ.പി.-ക്കെതിരായി പറയില്ല. അങ്ങനെ പറഞ്ഞുകഴിഞ്ഞാൽ നിങ്ങൾക്ക് ഈ ഗവൺമെന്റിനെ താറടിക്കാൻ സാധിക്കാതെ വരും. ഇത്തരത്തിൽ താറടിക്കാൻ സാധിക്കാതെ വരുമ്പോൾ ഈ ഗവൺമെന്റ്

ഹൈലൈറ്റ് ചെയ്ത് നിൽക്കും. ഗവൺമെന്റിന്റെ കുറ്റങ്ങൾ മാത്രമെ നിങ്ങൾ പരാമർശിക്കുകയുള്ളൂ. കേന്ദ്ര സർക്കാരിന്റെ പ്രതികാരബുദ്ധിയോടെയുള്ള ഏതെങ്കിലുമൊരു നടപടി ഇവിടെ പരാമർശിക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ? നിങ്ങൾ അത് പറയില്ല. ഈ ഗവൺമെന്റ് വീടില്ലാത്ത നാലരലക്ഷം ആളുകൾക്ക് കഴിഞ്ഞ ഏഴുവർഷംകൊണ്ട് വീട് നിർമ്മിച്ചു നൽകി. നിങ്ങൾ അപ്പോഴും പറയുന്നത്, നിങ്ങളുടെ ഭരണകാലത്ത് ആറ് ലക്ഷം വീടുകൾ കൊടുത്തുവെന്നാണ്. കൊടുക്കാത്തത് കൊടുത്തുവെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ? ഞങ്ങൾ ക്ഷേമപെൻഷൻ തുക വർദ്ധിപ്പിച്ചു. മാസം 600 രൂപപോലും ക്ഷേമപെൻഷൻ കൊടുക്കാൻ നിർവ്വാഹമില്ലാത്ത നിങ്ങൾക്ക് ഇന്ന് ഈ സഭയിൽ വന്ന് മാസം 1,600 രൂപ പെൻഷൻ കൊടുക്കുന്ന ഗവൺമെന്റിനെക്കുറിച്ച് കുറ്റം പറയാൻ എന്ത് യോഗ്യതയാണുള്ളത്? അത് നിങ്ങൾ മനസ്സിലാക്കണം. ഈ ഗവൺമെന്റ് എല്ലാ മേഖലയിലും മികച്ച പ്രവർത്തനം കാഴ്ചവച്ച് മുന്നോട്ടുപോകുകയാണ്. ഇവിടെ ഏത് മേഖലയാണ് പുറകോട്ട് പോയിട്ടുള്ളത്? (....ബഹളം...) വനം വകുപ്പ് നല്ലരീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. മുഖ്യമന്ത്രി, റവന്യൂ-ധനകാര്യ-ആരോഗ്യ

വകുപ്പുമന്ത്രിമാർ, മറ്റ് മന്ത്രിമാർ എന്നിവരെല്ലാം മികച്ച നിലയിൽ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് ദൈവത്തെയോർത്ത് ഒരുപകാരം ചെയ്യണം, ഈ ഗവൺമെന്റിനെ വെറുതെവിട്ടാൽ നന്നായി ഭരിക്കാൻ സാധിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അങ്ങനെയാണെങ്കിൽ അടുത്ത പതിനഞ്ചുവർഷംകൂടി ഞങ്ങൾ സുഖമായി ഭരണത്തിൽ ഇരിക്കും. കാരണമെന്തെന്നു ചോദിച്ചാൽ ഭരണം ആ രീതിയിലാണ് മുന്നോട്ടുപോകുന്നത്. ഞെക്കിക്കൊല്ലാൻ ശ്രമിക്കുന്ന ബി.ജെ.പി. ഗവൺമെന്റിനെ എതിർത്തുനിന്നുകൊണ്ടാണ് ഞങ്ങൾ ഭരിക്കുന്നതെന്നകാര്യം നിങ്ങൾ മറന്നുപോകരുത്. എനിക്ക് ഒരു അപേക്ഷ കൂടിയുണ്ട്, ആവശ്യമില്ലാത്ത അടവുകൾ പ്രതിപക്ഷത്തിന് പറഞ്ഞുകൊടുക്കരുത്. അങ്ങനെ കൊടുത്താൽ പ്രശ്നമാണെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ഞാൻ ഈ അടിയന്തരപ്രമേയത്തെ അതിശക്തമായി എതിർക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് സൃഷ്ടിച്ച ബോധപൂർവ്വമായ പ്രതിസന്ധി രാഷ്ട്രീയദുരുദ്ദേശ്യത്തോടെ കേരളത്തിലെ

ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ തലയിൽ കെട്ടിവയ്ക്കാനുള്ള കൗശലമാണ് പ്രതിപക്ഷം ഇവിടെ പ്രകടമാക്കിയത്. എന്നാൽ യഥാർത്ഥ വസ്തുതയെന്താണ്? കേരളമെന്ന ഈ കൊച്ചുനാട് ലോകത്തിനുതന്നെ അഭിമാനമാണ്. ഇത്തരമൊരു നേട്ടം കൈവരിക്കാൻ മുഖ്യപങ്ക് വഹിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. ഇക്കാര്യം ഞങ്ങൾക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും. കേന്ദ്ര ഗവൺമെന്റിന് ഞങ്ങളോട് യാതൊരു താൽപ്പര്യവുമില്ലെന്നുള്ള കാര്യം നിങ്ങൾക്ക് അറിയാവുന്നതാണ്. കഴിഞ്ഞ ഏഴുവർഷത്തെ സംസ്ഥാനങ്ങളുടെ ഭരണമികവ് കേന്ദ്ര ഗവൺമെന്റ് വിലയിരുത്തുകയും പ്രഖ്യാപിക്കുകയും ചെയ്തു. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലും ആഭ്യന്തര കാര്യത്തിലും ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി കേന്ദ്ര ഗവൺമെന്റ് തിരഞ്ഞെടുത്തത് കേരളത്തെയല്ലേ? ആ കേരളത്തോട് രാഷ്ട്രീയ വൈരനിര്യാതനബുദ്ധിയും ശത്രുതാമനോഭാവവും രണ്ടാനമ്മ സമീപനവുമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ഇതൊരു ഫെഡറൽ സ്റ്റേറ്റാണ്. ഞങ്ങൾ ഔദാര്യമോ ആനുകൂല്യങ്ങളോ ചോദിച്ചില്ല. ജനസംഖ്യാനുപാതികമായി

നമുക്ക് ലഭിക്കേണ്ട 18,000 കോടി രൂപ നൽകിയിട്ടില്ല. യു.ഡി.എഫ്.-ന്റെ നിലപാടെന്താണ്? കേരളത്തിൽ എൽ.ഡി.എഫ്-ഉം യു.ഡി.എഫ്-ഉം ഉൾപ്പെടെ വിവിധ രാഷ്ട്രീയ പാർട്ടികളുണ്ട്. ബഹുമാന്യരായ മുൻ പ്രതിപക്ഷനേതാവും മുൻ മന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ഇവിടെ സംസാരിച്ചപ്പോൾ ബോധപൂർവ്വം തമസ്കരിച്ച ഒരു വിഷയമുണ്ട്. ജനസംഖ്യാനുപാതത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി തുക എന്തുകൊണ്ട് നൽകിയില്ലെന്ന് ചോദിക്കേണ്ട ഉത്തരവാദിത്വം നിങ്ങൾക്കില്ലേ? അത് എൽ.ഡി.എഫ്.-ന്റെ പ്രശ്നമാണോ; അതോ ഞങ്ങളുടെ ഏതെങ്കിലും എം.എൽ.എ.-മാരുടെ പ്രശ്നമാണോ? എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ചേരുന്ന മലയാളികളുടെ ആകെ പ്രശ്നമായിട്ടല്ലേ ഇതിനെ കാണേണ്ടത്; ഇവിടെ കേരളവികാരം ശക്തമായി ഉയർന്നുവരേണ്ടതല്ലേ? എന്നാൽ, ജനങ്ങൾ തെരഞ്ഞെടുത്ത പതിനെട്ട് എം.പി.മാരും കേരളവിരുദ്ധ നിലപാടാണ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ധനമന്ത്രി ഉൾപ്പെടെ റിക്വസ്റ്റ് ചെയ്തിട്ടും സംയുക്തമായി നിവേദനം കൊടുക്കാൻ നിങ്ങൾ തയ്യാറായോ? ആങ്ങള ചത്താലും വേണ്ടില്ല

നാട്ടുകാരുടെ കണ്ണീരുകണ്ടാൽ മതിയെന്ന നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. രാഷ്ട്രീയരംഗത്ത് അന്തസ്സില്ലാത്ത നിലപാട് സ്വീകരിച്ചത് യു.ഡി.എഫ്.-ന്റെ എം.പി.മാരല്ലേ. മാത്രമല്ല, പാർലമെന്റിൽ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, എം.പി.-യെപോലുള്ളവർ ഉന്നയിച്ച ചോദ്യമെന്താണ്? ഇവിടെ ഐ.ജി.എസ്.ടി.യുടെ കാര്യം സൂചിപ്പിച്ചു, കേന്ദ്രം പറയുന്ന കള്ളം അതുപോലെ വിശ്വസിച്ച് നിങ്ങളിവിടെ പറയുകയാണ്. ഈ സംസ്ഥാനത്തിന് ജനസംഖ്യാനുപാതത്തിൽ നൽകേണ്ട തുക നൽകുന്നില്ല. നിങ്ങൾ വിചിത്രമായി സംസാരിക്കുന്നത് എന്തുകൊണ്ടാണ്; ഇവിടെ ജി.എസ്.ടി. നടപ്പിലാക്കിയില്ലേ; 'ഒരു രാജ്യം ഒരു നികുതി' എന്ന ഘടന വന്നപ്പോൾ കേരളം ആശ്രയിക്കുന്നത് ആരെയാണ്? കേരളം ആശ്രയിക്കുന്നത് നികുതി വരുമാനത്തെയല്ലേ? നമുക്ക് മറ്റ് വിഭവങ്ങളില്ല. നാം പരിമിതമായ സാമ്പത്തികവരുമാനമുള്ള സംസ്ഥാനമാണ്. സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ സ്വാഭാവികമായും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ലഭ്യമായി. ഇതാണ് ശ്രീ. റോജി എം. ജോണിന്റെ വാദം. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് കിട്ടിയിട്ടില്ലായെന്ന ഞങ്ങൾ പറഞ്ഞോ;

ഇത്തരത്തിൽ ലഭിച്ചതുകൊണ്ടുമാത്രം ഇവിടെയുണ്ടായ ഡെഫിസിറ്റ് പരിഹരിക്കാൻ കഴിയുമോ? കേന്ദ്രം സ്വീകരിക്കുന്ന വഞ്ചനാപരമായ നിലപാട് എന്തുകൊണ്ടാണ് നിങ്ങൾ പരാമർശിക്കാത്തത്? കേന്ദ്രത്തിന് കടമില്ലേ? കേന്ദ്രത്തിന് മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ അമ്പത്തിയാറ് ശതമാനവും കടമാണ്. നമ്മുടെ കടം മുപ്പത്തിനാല് ശതമാനമാണ്. കോവിഡ്കാലത്ത് മുപ്പത്തിയെട്ട് ശതമാനമുണ്ടായിരുന്ന കടം മുപ്പത്തിനാല് ശതമാനമാക്കി നമ്മൾ ചുരുക്കി. ഇത് ഭരണമികവിന്റെ നേട്ടമാണ്. ഒരു കാര്യത്തിൽ കേരളത്തിലെ ജനങ്ങൾ സന്തോഷവാന്മാരാണ്. കാരണം, ഈ ഘട്ടത്തിലെങ്ങാനും യു.ഡി.എഫ്. കേരളം ഭരിച്ചിരുന്നുവെങ്കിൽ മലയാളികളുടെ നാറാണക്കല്ല് കണ്ടേനെ. ഏത് ആനുകൂല്യമാണ് ഈ ഗവൺമെന്റ് നിർത്തലാക്കിയത്? നിങ്ങളിവിടെ വസ്തുതാപരമായി കാര്യങ്ങൾ അവതരിപ്പിക്കണം. സംസ്ഥാനത്ത് ചില ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നു എന്നത് വാസ്തവമാണ്. കേന്ദ്രത്തിന്റെ ആസൂത്രിതവും ശത്രുതാപരവുമായ നിലപാടിന്റെ ഭാഗമായാണ് ഈ ബുദ്ധിമുട്ട് സംജാതമായത്. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടപ്പിലാക്കിയ

കിഫ്ബി ഇന്ന് ലോകത്തിലെ എല്ലാ ഗവൺമെന്റുകൾക്കും മാതൃകയാണ്. ഇരുപത്തിയഞ്ചോ മുപ്പതോ വർഷങ്ങൾക്കുശേഷം നടക്കുമായിരുന്ന വിവിധ വികസനപദ്ധതികളെ കഴിഞ്ഞ ഏഴുവർഷക്കാലംകൊണ്ട് കേരളത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞുവെന്ന അഭിമാനകരമായ നേട്ടമാണ് സ്വന്തമാക്കിയിട്ടുള്ളത്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, റോഡുകൾ എന്നിവയിലുണ്ടായ മാറ്റങ്ങൾ ശ്രദ്ധേയമാണ്. ഞാൻ ആദ്യമായി എം.എൽ.എ. ആകുന്ന വ്യക്തിയാണ്. ഇവിടെ അമ്പതോ അതിൽ കൂടുതലോ വർഷത്തെ പാരമ്പര്യമുള്ള പ്രതിഭാസമ്പന്നരായ വ്യക്തികളുണ്ട്. ഈ ഗവൺമെന്റ് എം.എൽ.എ. ഫണ്ട് നൽകുന്നതിൽ എൽ.ഡി.എഫ്./യു.ഡി.എഫ്. വ്യത്യാസം എപ്പോഴെങ്കിലും പ്രകടമാക്കിയിട്ടുണ്ടോ? ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയത്തിന്റെ ഭാഗമായി കേരളത്തിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിൽ മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു. കേരളത്തിൽ രണ്ടോ മൂന്നോ വാഹനങ്ങളില്ലാത്ത ഏത് വീടാണുള്ളത്; അത് നല്ലതാണ്, നാം നേടിയെടുത്ത നേട്ടമാണ്. ഞങ്ങളെ കുറ്റം പറയുന്ന കേന്ദ്രം അതേരീതിയിൽ

വേറൊരു പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്. കേന്ദ്രം കടമെടുപ്പ് പരിധി 3.4 ൽനിന്നും 2.2 ആക്കി കുറച്ചു. കേന്ദ്രം കടം എടുക്കുന്നില്ലേ; കേന്ദ്രം എത്ര ആയിരം കോടി രൂപയാണ് കടമെടുക്കുന്നത്; ലോകത്ത് കടമെടുക്കാത്ത ആരാണുള്ളത്? ഹെലികോപ്റ്റർ വാങ്ങിയതിനെ ഇവിടെ പരിഹസിക്കുകയാണ്. ഏത് ജാമ്പവാന്റെ കാലത്താണ് നിങ്ങൾ ജീവിക്കുന്നത്? ലോകത്ത് കാലാവസ്ഥാവ്യതിയാനംമൂലം നിരവധി ദുരന്തങ്ങളും പ്രതിസന്ധികളുമുണ്ടാകുന്നു. ആധുനിക ടെക്നോളജിയുടെ ഭാഗമായി ഭരണം ശക്തമായി മുന്നോട്ടുപോകണം. ശ്രീ. പിണറായി വിജയന് ഹെലികോപ്റ്ററിന്റെ ആവശ്യമില്ല. നിങ്ങൾക്ക് അദ്ദേഹത്തെ മനസ്സിലാകാത്തതുകൊണ്ടാണ്. ഹെലികോപ്റ്ററുമായി അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കുന്നയാളല്ല കേരളത്തിലെ മുഖ്യമന്ത്രിയെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ ഭരണകാലത്തും വൻ തുക ചെലവഴിച്ച് ഹെലികോപ്റ്റർ വാങ്ങി. ഞാൻ അതിനെ കുറ്റപ്പെടുത്തുന്നില്ല, നല്ല കാര്യമാണ്. മുഖ്യമന്ത്രിയുടെ വാഹനത്തിന്റെ കാര്യം ഇവിടെ പരാമർശിച്ചു. കർണ്ണാടക മുഖ്യമന്ത്രി ശ്രീ. സിദ്ധരാമയ്യ 1.46 കോടി രൂപയുടെ vellfire MPV

വാഹനമാണ് വാങ്ങിയത്. ശ്രീ. സിദ്ധരാമയ്യയ്ക്ക് അത് വാങ്ങാൻ സാധിക്കും, ശ്രീ. പിണറായി വിജയന് പറ്റില്ലെന്ന് ഭരണങ്ങാനത്ത് പോയി പറഞ്ഞാൽ മതി. ആർഭാടത്തിന്റെ ഭാഗമാണോ അത്? ഇത് ആധുനിക കാലമാണ്, ആധുനിക സംവിധാനങ്ങളുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോട്ടയിൽ ഇരിക്കുന്നുവെന്നാണ് പരദൂഷണഭാവത്തിൽ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏത് കോട്ടയിലാണ് ഇരിക്കുന്നത്; ഈ നാട്ടിലെ ജനങ്ങളുടെ കോട്ടയിലാണ് ശ്രീ. പിണറായി വിജയൻ ഇരിക്കുന്നതെന്ന് നിങ്ങൾ കൃത്യമായി മനസ്സിലാക്കണം. അടിയന്തരാവസ്ഥക്കാലത്ത് കൂത്തുപറമ്പിലെ ലോക്കപ്പിനുള്ളിൽ ഭീകരമർദ്ദനമേറ്റ് കാൽ മുഴുവൻ അടിച്ചുതകർക്കപ്പെട്ടു. അന്നും ശ്രീ. പിണറായി വിജയൻ നേരെ നിന്നിട്ടുണ്ട്, ഇന്നും അദ്ദേഹം നേരെ നിൽക്കും. നിങ്ങൾ വ്യക്തിപരമായി പരിഹസിക്കുകയാണ്. സാമ്പത്തിക ധനപ്രതിസന്ധിയുടെ അടിസ്ഥാനം എന്താണെന്ന് നിങ്ങൾ മനസ്സിലാക്കണം. സെപ്റ്റംബർ 18 മുതൽ 22 വരെ നടക്കാൻ പോകുന്ന പാർലമെന്റ് സമ്മേളനത്തിൽ എന്താകുമെന്നാണ് നിങ്ങൾ കരുതുന്നത്; ഇന്ത്യയെയാകെ ഓട്ടോക്രസിയിലേയ്ക്ക് കൊണ്ടുപോകാനുള്ള ലക്ഷ്യമാണ്

നടത്തുന്നത്. ഈ നാടിനുവേണ്ടി യോജിച്ച് നിൽക്കേണ്ട ഘട്ടത്തിൽ യോജിച്ചുനിൽക്കണം. ഞങ്ങളും നിങ്ങളും എല്ലാ കാര്യത്തിലും ഒരേ അഭിപ്രായമുള്ളവരല്ലല്ലോ; കേരളം ശ്രദ്ധയോടെ സൂക്ഷിച്ച ഒരു ചിത്രത്തെക്കുറിച്ച് ഞാൻ പ്രതിപക്ഷനേതാവിന് പറഞ്ഞുതരാം. കേരളത്തിൽ പ്രളയം വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അന്നത്തെ പ്രതിപക്ഷനേതാവും ഒരേ ഹെലികോപ്റ്ററിൽ പോയത് ഈ നാട് മുഴുവൻ എത്ര സന്തോഷത്തോടെയാണ് കണ്ടത്; അത് ഒരുമിച്ച് നിന്നതിന്റെ സന്തോഷമാണ്. നിങ്ങളെ ആരെല്ലാമോ കുറ്റം പറഞ്ഞു, അതുകൊണ്ട് സ്വാഭാവികമായും നിങ്ങൾ പിൻവാങ്ങി. അതിന്റെ നഷ്ടം നിങ്ങൾക്കാണുണ്ടായത്. കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾ തടയുന്നതിനുള്ള വർഗ്ഗീയ അജണ്ട കേന്ദ്രം ആസൂത്രിതമായി നടപ്പിലാക്കുകയാണ്. കേന്ദ്രത്തിന്റെ വൈരനിര്യാതന ബുദ്ധിയോടെയുള്ള പ്രവർത്തനങ്ങൾക്കും തെറ്റായ നിലപാടുകൾക്കുമെതിരെ മലയാളികളെ അണിനിരത്തിക്കൊണ്ട് അഭിമാനകരമായ പോരാട്ടം ഞങ്ങൾ നടത്തും. അതുകൊണ്ട് ഈ ധനപ്രതിസന്ധിയുടെ ഉത്തരവാദിത്വം ഞങ്ങളുടെ

തലയിൽ കെട്ടിവയ്ക്കരുത്. അത് ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി കേന്ദ്രം ഉണ്ടാക്കിയതാണ്. അതിനെതിരെ നിലപാട് സ്വീകരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി ഞാൻ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, കേരളത്തിൽ നിലനിൽക്കുന്ന ധനപ്രതിസന്ധിയെക്കുറിച്ച് ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നുവെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ, ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ആദ്യമൊന്നും ഇക്കാര്യം സമ്മതിച്ചില്ല. സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്തവിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണെന്നും ചരിത്രത്തിലെ ഏറ്റവും വലിയ ധനപ്രതിസന്ധിയിലൂടെയാണ് സംസ്ഥാനം കടന്നുപോകുന്നതെന്നും നിയമസഭയിൽ നൽകിയ ഒരു ഉത്തരത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രമേയം ചർച്ചയ്ക്കെടുത്തതിനെ ഞാൻ

സ്വാഗതം ചെയ്യുകയാണ്. കാരണം, ഇത് ചർച്ച ചെയ്യപ്പെടേണ്ടൊരു വിഷയമാണ്. ക്ഷേമപ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടി വരിക, ഖജനാവ് കമ്മിയാകുക, 5 ലക്ഷം രൂപയിൽ കൂടുതലുള്ള ചെക്ക് മാറാൻ സാധിക്കാതിരിക്കുക എന്നിവയാണ് ധനപ്രതിസന്ധിയുടെ after effect. 5 ലക്ഷം രൂപയ്ക്ക് ഒരു ഓടപോലും പണിയാൻ സാധിക്കുകയില്ല. യഥാർത്ഥത്തിൽ ഒരു ഓടപോലും പണിയാൻ സാധിക്കാത്ത സ്ഥിതിയിലേയ്ക്ക് സർക്കാർ മാറുകയാണ്. തുകയില്ലാത്തതിനാൽ 5 ലക്ഷം രൂപയ്ക്ക് താഴെയുള്ള ചെക്കുകൾ ട്രഷറികളിൽ മാറുന്നില്ല, ചെക്കുകൾ കെട്ടിവയ്ക്കുകയാണ് ചെയ്യുന്നത്. സംസ്ഥാനത്ത് ധനപ്രതിസന്ധി നിലനിൽക്കുന്നു എന്നത് വാസ്തവമാണ്. ഒരു ഗവൺമെന്റിന്റെ പ്രധാന ജോലി എന്താണ്? കൃത്യമായി നികുതി പിരിച്ച് ആ വരുമാനത്തിനനുസരിച്ച് ചെലവ് ചെയ്ത് ജനക്ഷേമകരമായ വികസന പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോകുകയെന്നതാണ് ഒരു ഗവൺമെന്റിന്റെ പ്രധാന ജോലി. കേരളം ഒരു ഫെഡറൽ സ്റ്റേറ്റാണ്. യൂണിയൻ ഗവൺമെന്റിന്റെ ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട തുക ലഭിക്കണം. നമുക്ക്

എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. ഉൾപ്പെടെ നികുതി കളക്ഷൻ കൃത്യമായി ലഭിക്കണം. ഇതുസംബന്ധിച്ച കാര്യങ്ങളൊന്നും ഞാൻ വിശദീകരിക്കുന്നില്ല. എല്ലാവരും ഇവിടെ പരാമർശിച്ച കാര്യങ്ങളാണത്. ഇതുകൊണ്ട് വലിയ ദുരന്തം കേരളത്തിലുണ്ടായിട്ടുണ്ട്. പണമില്ലാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ഞങ്ങൾ ചില വിഷയങ്ങൾ അവതരിപ്പിക്കുമ്പോൾ ബഹുമാന്യരായ മന്ത്രിമാരുടെ മുഖം ശ്രദ്ധിച്ചാൽ അവർക്കത് സന്തോഷമാണെന്ന് മനസ്സിലാകും. കാരണം, അവർക്ക് പറയാൻ സാധിക്കാത്ത പല കാര്യങ്ങളും ഞങ്ങളാണിവിടെ പരാമർശിക്കുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും കെ.എസ്.ആർ.ടി.സി.-യുടെയും ഉൾപ്പെടെ നിരവധി കാര്യങ്ങൾ ഇവിടെ പരാമർശിക്കാനുണ്ട്. ഞാൻ അതിലേയ്ക്കല്ല പോകുന്നത്. നമ്മൾ സത്യസന്ധമായ ഒരു സ്ക്രൂട്ടിനി നടത്തണം. ഇതിന് ഏറ്റവും പ്രധാനപ്പെട്ടത് എന്താണ്; devolution of tax ആണ്. അതല്ലേ ഇവിടെ ചർച്ച ചെയ്യുന്നത്. ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട തുക പതിനഞ്ചാം ധനകാര്യ കമ്മീഷനായപ്പോൾ 1.92 ശതമാനമായി കുറഞ്ഞുവെന്നത് യാഥാർത്ഥ്യമാണ്.

അത് വർദ്ധിപ്പിക്കണമെന്നതാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും യു.ഡി.എഫ്-ന്റെയും കടുത്ത നിലപാട്. അത് പാർലമെന്റിലും ദേശീയതലത്തിലും പരാമർശിച്ചിട്ടുണ്ട്. അതിനായി ഒരുമിച്ചുനിന്ന് പോരാടാൻ ഞങ്ങൾ തയ്യാറാണ്. അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട തുക 1.92 ശതമാനമായി കുറഞ്ഞപ്പോൾ 2021 മുതൽ 2026 വരെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി 53,000 കോടി രൂപ ലഭിച്ചു. ഇന്ത്യയിൽ 16 സംസ്ഥാനങ്ങൾക്കാണ് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ലഭിച്ചത്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഏറ്റവും കൂടുതൽ ലഭിച്ച സംസ്ഥാനങ്ങൾ കേരളവും വെസ്റ്റ് ബംഗാളുമാണ്. കേരളത്തിന് അനുവദിച്ച 53,000 കോടി രൂപ ഓരോ വർഷവും ഡിവൈഡ് ചെയ്ത് കൊടുത്തു. കഴിഞ്ഞ വർഷത്തെക്കാൾ കുറവ് തുകയാണ് ഈ വർഷം ലഭ്യമായത് എന്ന് പറയുന്നത് ശരിയല്ല. കാരണം, അത് ഈ വർഷംകൂടി മാത്രമേ ലഭിക്കുകയുള്ളൂ. പ്രസ്തുത തുക മുൻ വർഷങ്ങളിൽ ഡിവൈഡ് ചെയ്ത് നൽകിക്കഴിഞ്ഞു. ഇവിടത്തെ പ്രശ്നം എന്താണ്; നമ്മുടെ നികുതി പിരിവാണ് ഏറ്റവും പ്രധാനം. അത് നമ്മൾ ഫലപ്രദമായി ചെയ്തിട്ടുണ്ടോയെന്നാണ്

പരിശോധിക്കേണ്ടത്. VAT-ൽ നിന്ന് GST-യിലേക്ക് മാറി. VAT-ഉം GST-യും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം സംസ്ഥാന നികുതി വകുപ്പിന് ഇതുവരെ മനസ്സിലായിട്ടില്ല; മാനുഫാക്ചറിംഗ് പോയിന്റിലാണ് ടാക്സ് വരുന്നത്. ഇവിടെ ജി.എസ്.ടി.-യിൽ ഡെസ്റ്റിനേഷൻ പ്രിൻസിപ്പിളാണ്. കേരളം അന്തർസംസ്ഥാന വ്യാപാരത്തിലൂടെ, ഇറക്കുമതിയിലൂടെ മുന്നോട്ടുപോകുന്ന ഒരു സംസ്ഥാനമാണ്. ഇന്ത്യാ ഗവൺമെന്റ് ജി.എസ്.ടി. കൊണ്ടുവന്നപ്പോൾ ഏറ്റവും കൂടുതൽ നികുതി വരുമാനം വർദ്ധിക്കേണ്ട സംസ്ഥാനമായിരുന്നു കേരളം. ഇത് നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ കണ്ടെത്തലാണ്. കേരളത്തിന് നികുതി കിട്ടിയോ; കിട്ടിയില്ല. എന്തുകൊണ്ട് കിട്ടിയില്ല? VAT-ൽ ഉണ്ടായിരുന്ന ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം ജി.എസ്.ടി.ക്ക് അനുരോധമായി പുനഃസംഘടിപ്പിക്കണം. പ്രസ്തുത വിഷയത്തെക്കുറിച്ച് നിയമസഭയിൽ ഏറ്റവും കൂടുതൽ സംസാരിച്ച വ്യക്തിയാണ് ഞാൻ. ഇന്ത്യയിൽ ഒന്നോ രണ്ടോ ചെറിയ സംസ്ഥാനങ്ങളൊഴികെ ബാക്കിയുള്ള എല്ലാ സംസ്ഥാനങ്ങളും അത് റീസ്ട്രക്ച്ചർ ചെയ്തു. നമുക്ക് കോമ്പൻസേഷൻ ലഭിക്കുന്നതിനാൽ അതിപ്പോൾ

ചെയ്യേണ്ടതില്ലെന്നാണ് ഇക്കാര്യത്തെക്കുറിച്ച് ഞാൻ സൂചിപ്പിച്ചപ്പോൾ മുൻ ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കിയത്. ഞാൻ രണ്ട് പ്രശ്നങ്ങളുയർത്തി. ഒന്ന്, വരുമാനം ഗണ്യമായി കുറയും. കാരണം, ചെക്ക്പോസ്റ്റുകളിൽ ക്യാമറയോ മറ്റ് സംവിധാനങ്ങളോ ഇല്ല. അതിന്റെ ദുരന്തം എന്താണെന്ന് അറിയാമോ? നമ്മുടെ സംസ്ഥാനത്തേയ്ക്ക് സാധനങ്ങൾ രണ്ട് രീതിയിലാണ് വരുന്നത്. ഒന്നാമത്തേത് Business-to-Business-ഉം രണ്ടാമത്തേത് Business-to-Consumer-ഉമാണ്. ഈ രണ്ട് രീതിയിലും വലിയ നികുതി വെട്ടിപ്പാണ് സംസ്ഥാനത്ത് നടക്കുന്നത്. കേരളം ഇപ്പോൾ നികുതി വെട്ടിപ്പുകാരുടെ പറുദീസയായി മാറിയിരിക്കുന്നു. ഒരേ ബിൽ ഉപയോഗിച്ച് പലതവണ ചരക്ക് കടത്തുകയും ബില്ലിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ അളവിൽ സാധനങ്ങൾ കൊണ്ടുവരികയും ബില്ലിൽ വില കുറച്ച് രേഖപ്പെടുത്തുകയും ചെയ്യുന്നു.

3.00 PM]

2020 ഡിസംബറിൽ പ്രതിപക്ഷം ഈ സഭയിൽ ഒരു വൈറ്റ് പേപ്പർ അവതരിപ്പിച്ചു. ആ ഡോക്യുമെന്റിൽ ഞങ്ങൾ പരമാർശിച്ചിരുന്ന സൂചനകളും

മുന്നറിയിപ്പുകളും ഉത്കണ്ഠകളുമാണ് കേരളത്തിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അന്ന് ഡോ. ടി. എം. തോമസ് ഐസക് സൂചിപ്പിച്ചത് കോമ്പൻസേഷൻ ലഭിക്കുമെന്നാണ്. അഞ്ചുകൊല്ലം കഴിയുമ്പോൾ കോമ്പൻസേഷൻ ലഭിക്കുന്നത് അവസാനിക്കുമെന്നും കോമ്പൻസേഷൻ പീരിയഡ് തീരുന്നതിനുമുമ്പ് ഇത് സിസ്റ്റമൈസ് ചെയ്തില്ലെങ്കിൽ പരിതാപകരമായ അവസ്ഥയിലേയ്ക്ക് പോകുമെന്നും സിസ്റ്റം പരാജയപ്പെടുമെന്നും ഞാൻ സൂചിപ്പിച്ചിരുന്നു. ഇതെല്ലാം സഭാ രേഖകളിലുണ്ട്. അക്ഷരാർത്ഥത്തിൽ സംഭവിച്ചതെന്താണ്? സിസ്റ്റം ദയനീയമായി പരാജയപ്പെട്ടു. ആളുകൾ സാധനങ്ങൾ ഇവിടെക്കൊണ്ടുവന്ന് വിൽക്കുകയാണ്. ഒരാൾ 28 ശതമാനം ടാക്സുള്ള ടൈൽസ് കേരളത്തിൽ കൊണ്ടുവന്ന് വിൽക്കുകയാണ്. അതേസമയം വാടകയും ഇലക്ട്രിസിറ്റി ചാർജ്ജും വെള്ളക്കരവും കൊടുത്ത് ജീവനക്കാരെവച്ച് കച്ചവടം ചെയ്യുന്നവന്റെ കട പൂട്ടിപ്പോകുകയാണ്. അവൻ നമ്മുടെ ശത്രുവല്ല. He is the genuine taxpayer. കള്ളക്കച്ചവടം നടക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്; ആരാണ് കട പൂട്ടിപ്പോകുന്നത്; ആരുടെ കടയാണ് ഷട്ടർ ഇടുന്നത്? Genuine taxpayer-

ടെ കടയാണ് പൂട്ടിപ്പോകുന്നത്. അവർ തകർന്നാൽ സംസ്ഥാനത്തിന്റെ വരുമാനമാണ് തകരുന്നത്. അന്ന് അതൊന്നും ശ്രദ്ധിച്ചില്ല. ഊടുവഴികളിലും ചെക്ക്പോസ്റ്റുകളിലും ക്യാമറ വയ്ക്കുമെന്ന് പ്രസ്താവിച്ചെങ്കിലും അതെല്ലാം പരാജയപ്പെട്ടു. ക്യാമറകളൊന്നും പ്രവർത്തിക്കുന്നില്ല. ആർക്കുവേണമെങ്കിലും സാധനങ്ങൾ കൊണ്ടുവരാം. അതുകൊണ്ടാണ് നികുതി വെട്ടിപ്പുകാരുടെ പറുദീസയാണ് കേരളമെന്ന് ഞാൻ സൂചിപ്പിച്ചത്. ഇവിടെ ഒരു ഇന്റലിജൻസ് സംവിധാനവുമില്ല. ഇന്റലിജൻസ് സംവിധാനം മന്ത്രിയുടെ കൈകളിലല്ല. ചില സംഘടനകളാണ് ഇന്റലിജൻസിലേയ്ക്ക് വ്യക്തികളെ റിക്രൂട്ട് ചെയ്യുന്നത്. അവരത് സംഘടനാപരമായി വേറെ രീതിയിൽ ഉപയോഗിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഇക്കാര്യം അറിയണം. ഇന്റലിജൻസ് സംവിധാനം സ്റ്റേറ്റിന് നഷ്ടം വരുത്തുകയാണ്. അവർ ഒരു പണിയും ചെയ്യുന്നില്ല. സ്റ്റേറ്റിന് ലഭിക്കേണ്ട വരുമാനമായ എസ്.ജി.എസ്.ടി. ഗണ്യമായി കുറഞ്ഞു. 80 ശതമാനം സാധനങ്ങളും പുറത്തുനിന്ന് വരുന്ന ഈ സംസ്ഥാനത്ത് ഇപ്പോൾ ലഭിക്കുന്ന എസ്.ജി.എസ്.ടി.-യുടെ ഒന്നര ശതമാനം ഇരട്ടി ഐ.ജി.എസ്.ടി. ലഭിക്കും. എസ്.ജി.എസ്.ടി.-യും ഐ.ജി.എസ്.ടി.-

യും തമ്മിലുള്ള അനുപാതം 2:3 ആണ്. ഐ.ജി.എസ്.ടി. എങ്ങനെയാണ് ലഭിക്കുന്നത്? വേറൊരു സംസ്ഥാനത്തുനിന്ന് കേരളത്തിലെത്തുന്ന 100 കോടി രൂപ മൂല്യമുള്ള ഒരു സാധനത്തിന്റെ ടാക്സ് എത്രയാണോ അതിന്റെ 25 ശതമാനമാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. ബാക്കി ടാക്സ് എവിടെയാണ് പോകുന്നത്? അതായത് 20 കോടി രൂപയുടെ ടാക്സാണുള്ളതെങ്കിൽ, സംസ്ഥാനത്തിന് 5 കോടി രൂപ മാത്രമേ ലഭിക്കുകയുള്ളൂ, ബാക്കി 15 കോടി രൂപ അതുവരുന്ന സ്ഥലത്തെ റെക്കോർഡിലായിരിക്കും. അതാണ് ഐ.ജി.എസ്.ടി.; എസ്.ജി.എസ്.ടി.-യായി 25 ശതമാനം മാത്രമേ ലഭിക്കുകയുള്ളൂ. 75 ശതമാനം സെൻട്രൽ പൂളിലേയ്ക്കാണ് പോകുന്നത്. അത് എങ്ങനെയാണ് നമ്മൾ തിരിച്ചുപിടിക്കേണ്ടത്; അത് നമുക്ക് അവകാശപ്പെട്ടതാണ്. അതിന് ശരിയായ ഡോക്യുമെന്റ്സ് ഹാജരാക്കണം. അതിനുവേണ്ടി ഡീലർമാരെയും ഉദ്യോഗസ്ഥരെയും പ്രോപ്പറായി പരിശീലിപ്പിച്ച് ഇൻപുട്ട് ക്രെഡിറ്റ് മെക്കാനിസം നന്നായി ചെയ്ത് സെറ്റിൽമെന്റ് പ്രൊവിഷൻസ് ശരിയാക്കി സംസ്ഥാനം ഇതിന്റെ ഇ-റിട്ടേൺസ് കൊടുത്താൽ സെൻട്രൽ പൂളിൽനിന്ന് അതത് സംസ്ഥാനത്തിന്

അർഹമായ ഐ.ജി.എസ്.ടി. വിഹിതം ലഭിക്കും. എന്നാൽ, ശരിയായിട്ടുള്ള ഡോക്യുമെന്റ്സ് ഹാജരാക്കുന്നതിൽ നികുതി വകുപ്പ് പരിതാപകരമായി പരാജയപ്പെട്ടു. ഇപ്പോഴത്തെ എസ്.ജി.എസ്.ടി. കണക്കാക്കിയാൽ മാത്രം 25,000 കോടി രൂപയുടെ നഷ്ടമാണുള്ളത്. കള്ളക്കച്ചവടം നടക്കുന്നതുകൊണ്ടാണ് എസ്.ജി.എസ്.ടി.-യിൽ 25,000 കോടി രൂപയുടെ കുറവുണ്ടായത്. അപ്പോൾ അതിന്റെ ഐ.ജി.എസ്.ടി. കൂടി കൂട്ടുമ്പോൾ എത്ര രൂപയുടെ നഷ്ടമുണ്ടാകും? ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം കൃത്യമായി ഫംഗ്ഷൻ ചെയ്യാത്തതുകൊണ്ട് കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് 50,000 -നും 75,000 കോടി രൂപയ്ക്കിടയിൽ നഷ്ടമുണ്ടായിട്ടുണ്ട്. നിങ്ങളുടെ മാത്രമല്ല, മുൻ ധനകാര്യ വകുപ്പുമന്ത്രി ചെയ്തുവച്ചതിന്റെ തുടർച്ചയാണിത്, അപകടമാണിത്. ഇതുസംബന്ധിച്ച് ഞാൻ സൂചന നൽകിയപ്പോൾ നിങ്ങൾ ശ്രദ്ധിച്ചില്ല. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്റെ റിപ്പോർട്ടിലും ഇതുതന്നെ പരാമർശിച്ചു. എന്നിട്ടും നിങ്ങൾ കണ്ടില്ല. ഞങ്ങൾ സൂചിപ്പിച്ച കാര്യം എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയും അടിവരയിട്ട് പറഞ്ഞതിൽ സന്തോഷമുണ്ട്. ഞങ്ങൾ ഗവൺമെന്റിനെ തിരുത്താനാണ്

ശ്രമിച്ചത്. ഞങ്ങൾ തുടർച്ചയായി പറഞ്ഞിരുന്ന കാര്യമാണത്. ഐ.ജി.എസ്.ടി. കളക്ഷനിൽ പരാജയം സംഭവിച്ചത് എന്തുകൊണ്ടാണെന്ന് പരിശോധിക്കണം. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്റെയും എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെയും റിപ്പോർട്ടുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിക്കണം. എവിടെയാണ് നികുതി ഭരണ സംവിധാനം പരിതാപകരമായി പരാജയപ്പെട്ടതെന്ന് പരിശോധിക്കണം. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഈ ധനപ്രതിസന്ധിയുണ്ടാകില്ലായിരുന്നു. കേന്ദ്രം നൽകിയില്ലെങ്കിൽ ഫൈറ്റ് ചെയ്ത് വാങ്ങണം. പക്ഷെ, അതിന് നമ്മൾ ചെയ്യേണ്ടത് ചെയ്തോ? നമ്മുടെ നികുതി പിരിവ് പൂർണ്ണമായും പാളിപ്പോയി. ജി.എസ്.ടി. കോമ്പൻസേഷൻ ലഭിക്കുന്നത് അവസാനിച്ചു. ജി.എസ്.ടി. നിലവിൽവന്ന് അഞ്ചുവർഷംകൊണ്ട് വിലക്കയറ്റമുണ്ടായി. ഇത് എന്റെ കണക്കല്ല, ഔദ്യോഗിക കണക്കാണ്. വിലക്കയറ്റം 80 ശതമാനം മുതൽ 100 ശതമാനം വരെയെത്തി എന്നുപറഞ്ഞാൽ 100 ശതമാനം ടേൺ ഓവർ കൂടിയെന്നാണ്. ടേൺ ഓവർ കൂടുമ്പോൾ ടാക്സ് കളക്ഷൻ ഇരട്ടിയാകേണ്ടതാണ്. വിലക്കയറ്റം വരുമ്പോൾ സാധാരണ ധനകാര്യ

വകുപ്പുമന്ത്രിമാർ സന്തോഷിക്കും. കാരണമെന്താണ്? വിലക്കയറ്റമുണ്ടാകുമ്പോൾ ടേൺ ഓവർ വർദ്ധിച്ചതിന്റെ ഫലമായി ടാക്സ് കളക്ഷൻ വർദ്ധിക്കും. 100 രൂപയുടെ സാധനത്തിന് 200 രൂപയാകുമ്പോൾ 28 രൂപ ടാക്സ് കിട്ടിയിരുന്നത് 56 രൂപയായി മാറും. വിലവർദ്ധനവ് സ്വാഭാവികമായും ഉയരും. ഞാനിവിടെ സൂചിപ്പിച്ചത് ടാക്സ് കളക്ഷന്റെ കണക്കാണ്. ഇവിടെ ടാക്സ് കളക്ഷൻ വർദ്ധിച്ചതായി കാണുന്നില്ല. ആ കണക്ക് എവിടെപ്പോയി? എന്റെ കൈയിൽ ബഡ്ജറ്റ്-ഇൻ-ബ്രീഫ് ഡോക്യുമെന്റുണ്ട്. അതിൽ ടാക്സ് കളക്ഷൻ വർദ്ധിച്ചതായി കാണുന്നില്ല. ടാക്സസ് ഡിപ്പാർട്ടുമെന്റിൽ നിരവധിപേർ ഒരു പണിയുമില്ലാതെ ഓഡിറ്റിംഗ് എന്ന് പറഞ്ഞ് വെറുതെയിരിക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ കാലത്ത് VAT-ൽനിന്നുള്ള കുടിശ്ശിക കളക്ട് ചെയ്യുന്നതിൽ പരാജയപ്പെട്ടു. പ്രോപ്പറായ സോഫ്റ്റ്‌വെയറോ മോഡ്യൂളോ തയ്യാറാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. മോഡ്യൂളുണ്ടാക്കിയപ്പോൾ പെട്ടിക്കടക്കാരന് 500 കോടി രൂപയുടെ അസസ്മെന്റ് റിട്ടേൺ അയച്ചു. ചെറിയ കടകൾക്ക് 250 കോടി രൂപ, 300 കോടി രൂപ, 400 കോടി രൂപ എന്നിങ്ങനെ അസസ്മെന്റ്

റിട്ടേൺ തെറ്റായി അയച്ചു. ഇതിൽ കോടതിക്കുവരെ ഇടപെടേണ്ടി വന്നു. അവസാനം VAT-ൽ നിന്നുള്ള കുടിശ്ശിക പിരിക്കുന്നതിൽ പരാജയപ്പെട്ടു. കാരണം, അതിന്റെ പീരിയഡ് പൂർത്തിയാവുകയാണ്. പത്തുവർഷം കഴിഞ്ഞതിനുശേഷം അരിയേഴ്സ് പിരിക്കാൻ സാധിക്കില്ലെന്നുള്ളത് ഉദ്യോഗസ്ഥർക്കറിയാം. അതായത് ആ കാശ് ലഭിക്കുകയില്ല. പതിമൂന്നായിരം കോടി രൂപയുടെ അരിയേഴ്സാണ് ലഭിക്കാനുണ്ടായിരുന്നത്. അത് പിരിക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടുവെന്നത് യാഥാർത്ഥ്യമാണ്. നികുതിപിരിവ് മുഴുവൻ പാളിപ്പോയി. കൂടാതെ സ്വർണ്ണം, മദ്യം, സർവ്വീസ് സെക്ടർ, സിമെന്റ്, കമ്പി ഉൾപ്പെടെയുള്ള കെട്ടിടനിർമ്മാണ സാമഗ്രികൾ, ടെക്സ്റ്റൈൽസ് എന്നിവയിൽനിന്നും സ്വാഭാവികമായി ലഭിക്കേണ്ട ടാക്സ് ലഭിച്ചില്ല. സ്വർണ്ണത്തിൽനിന്നുള്ള ടാക്സ് കളക്ഷൻ നേരെ താഴേയ്ക്ക് പോകുകയാണുണ്ടായത്. കേരളമാണ് എറ്റവും വലിയ ഗോൾഡ് മാർക്കറ്റ് എന്നാണ് വേൾഡ് ഗോൾഡ് കൗൺസിൽ സൂചിപ്പിച്ചത്. സ്വർണ്ണത്തിൽനിന്ന് പത്തുകൊല്ലം മുമ്പ് ലഭിച്ചിരുന്ന ടാക്സ് കളക്ഷൻ ഇന്ന് ലഭിക്കുന്നില്ല, അത് എവിടെപ്പോയി? സ്വർണ്ണം പുറത്താണ്

വിൽക്കപ്പെടുന്നത്. അതുസംബന്ധിച്ചുള്ള ഡോ. മേരി ജോർജ്ജിന്റെ റിപ്പോർട്ടാണ് ശ്രീ. റോജി എം. ജോൺ വായിച്ചത്. സ്വർണ്ണത്തിൽനിന്നും 18,000 കോടി രൂപ വരെ ടാക്സ് ലഭിക്കാം. പ്രസ്തുത തുക മുഴവൻ ലഭിച്ചില്ലെങ്കിലും 5000 കോടി രൂപയെങ്കിലും ലഭിക്കില്ലേ? സ്വർണ്ണത്തിന്റെ വില ഇപ്പോൾ എത്രയാണ്? ഒരു ഗ്രാം സ്വർണ്ണത്തിന് ഇപ്പോഴുള്ളതിന്റെ പത്തിലൊന്ന് വിലയുണ്ടായിരുന്നപ്പോൾ ലഭിച്ച ടാക്സുപോലും ഇപ്പോൾ ലഭിക്കുന്നില്ല. ഇപ്പോൾ ഗ്രാമിന് 5000 രൂപ വിലയുണ്ട്. ഗ്രാമിന് 500 രൂപയുണ്ടായിരുന്നപ്പോൾ ലഭിച്ച ടാക്സുപോലും 5000 രൂപയായി വർദ്ധിച്ചപ്പോൾ ലഭിക്കുന്നില്ലായെന്നു പറഞ്ഞാൽ എന്തിനാണ് നിങ്ങൾ അധികാരത്തിലിരിക്കുന്നത്; ആ പൈസ എവിടെപ്പോയി; ആളുകൾ സ്വർണ്ണം വാങ്ങുന്നില്ലേ? കേരളത്തിൽ സ്വർണ്ണത്തിന്റെ കൺസംപ്ഷൻ നല്ല നിലയിൽ വർദ്ധിച്ചു. ഗ്രാമിന്റെ വില വർദ്ധിച്ചതുകൊണ്ട് സ്വർണ്ണത്തിന്റെ ടേൺ ഓവർ പത്തിരട്ടിയായി വർദ്ധിച്ചു. എന്നിട്ടും പത്തുവർഷം മുമ്പുണ്ടായിരുന്ന ടാക്സ് തുകപോലും ഇപ്പോൾ കളക്ട് ചെയ്യാൻ സാധിക്കുന്നില്ല. അതുപോലെ, ബാറുകൾ പ്രോപ്പറായി ഓഡിറ്റ് ചെയ്യാത്തതിനാൽ

അവിടെനിന്നും ഒന്നും ലഭിക്കുന്നില്ല. കേരളത്തിന്റെ ഗ്രോത്തിനെക്കുറിച്ച് ഇവിടെ ആരോ സൂചിപ്പിച്ചു. ജി.ഡി.പി.യുടെ വളർച്ച നിർമ്മാണമേഖലയിൽനിന്നാണ്. അവിടെനിന്നാണ് കൂടുതൽ ടാക്സ് കളക്ഷനുള്ളത്. ഇവിടെ കെട്ടിടനിർമ്മാണ സാമഗ്രികളാണ് ബ്ലാക്ക്മാർക്കറ്റിൽ ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്നത്. ഇതിലൂടെ യഥാർത്ഥ നികുതിദായകനും സംസ്ഥാനത്തിന്റെ വരുമാനവും തകർന്നുപോകും. സംസ്ഥാനം ഗുരുതരമായ ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് പോകുകയാണ്. ഇന്ധന സെസ് രണ്ട് രൂപ കൂട്ടിയപ്പോൾ അത് അപകടമാണെന്ന് ഞങ്ങൾ സൂചിപ്പിച്ചു. കൂട്ടുന്നത് രണ്ടുരൂപയുടെ സെസ്സല്ലേ എന്നാണ് മറുപടി നൽകിയത്. പൂവിൽനിന്നും പൂമ്പാറ്റ തേൻ നുകരുന്നതുപോലെയാവണം ടാക്സ് ഇംപോസ് ചെയ്യേണ്ടതെന്നാണ് കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ പരാമർശിച്ചിട്ടുള്ളത്. തേൻ നുകരുന്നത് പൂവുപോലും അറിയരുതെന്നാണ്. അതായത് ജനങ്ങളെ വേദനിപ്പിക്കാതെ ടാക്സ് പിരിക്കണം. ഇന്ധന സെസ് രണ്ടുരൂപയല്ലേയുള്ളൂ, അത് ഒരു കാരണവശാലും പിൻവലിക്കില്ലെന്ന ശക്തമായ നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെടുത്തു. അതിന്റെ ഫലമായി എന്തുസംഭവിച്ചു?

ഡീസലിന്റെ ഉപഭോഗം കേരളത്തിൽ ഗണ്യമായി കുറഞ്ഞു. 2022 ഏപ്രിൽ മാസം ഡീസൽ വിറ്റുപോയതിനെക്കാൾ കുറവാണ് 2023 ഏപ്രിൽ മാസത്തിൽ വിറ്റത്. വെക്കേഷൻ സമയമായതുകൊണ്ട് മേയ് മാസത്തിൽ ചെറിയ വർദ്ധനവുണ്ടായി, എന്നാൽ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഡീസലിന്റെ ഉപഭോഗം വീണ്ടും ഗണ്യമായി കുറഞ്ഞു. ഫ്യൂവൽ സെസ് രണ്ടു രൂപ വർദ്ധിപ്പിച്ചതിന്റെ ഗുണം എക്സ്ചെക്കറിൽ ലഭിച്ചോ? അത് ലഭിച്ചില്ലെന്നുമാത്രമല്ല, ഇത് കൂട്ടിയില്ലായിരുന്നെങ്കിൽ കിട്ടുമായിരുന്ന വരുമാനംപോലും ലഭിച്ചില്ല. അതുസംബന്ധിച്ച കൃത്യമായ കണക്ക് എന്റെ കൈവശമുണ്ട്. സമയമില്ലാത്തതിനാൽ ഞാൻ വായിക്കുന്നില്ല. ഇവിടെ എത്ര ലിറ്റർ ഡീസൽ വിറ്റു? ഇപ്പോൾ മംഗലാപുരത്തുനിന്നും തമിഴ്നാട്ടിൽനിന്നും ഡീസൽ വാങ്ങിക്കൊണ്ടുവന്ന് ഇവിടെ ബ്ലാക്കിൽ വിൽക്കുകയാണ്. വലിയ ട്രക്കുകൾ വരുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേന്ദ്ര ഭരണപ്രദേശമായ മാഹിയിൽനിന്നും ഡീസൽ ഫുൾടാങ്ക് അടിക്കുകയാണ്. ഡീസലിന്റെ വിലയിലുള്ള വ്യത്യാസംതന്നെയാണ് ഇതിന് പ്രധാന കാരണം. നികുതി വെട്ടിച്ചുള്ള ഡീസൽ വിൽപ്പനയാണ് നടക്കുന്നത്, ഡീസലിന്റെ

കൺസംപ്ഷൻ കുറയുന്നില്ല. മറ്റെവിടെനിന്നെങ്കിലും ഡീസൽ അടിക്കുന്നുണ്ട്. ബുദ്ധിയില്ലാത്ത തീരുമാനമെടുത്തതിനാൽ കേരളത്തിന്റെ എക്സ്ചെക്കറിലേയ്ക്കുള്ള വരുമാനം നിലച്ചു. ഡീസലിന്റെ വിലകൂട്ടുന്നത് നല്ലതല്ല, ആർട്ടിഫിഷ്യലായ വിലക്കയറ്റം സമൂഹത്തിലുണ്ടാകുമെന്ന് ഞങ്ങൾ ഗൗരവമായി സൂചിപ്പിച്ചു. പക്ഷെ, നിങ്ങൾ വാശിപിടിച്ചു. പ്രഖ്യാപിച്ചത് പിൻവലിച്ച ചരിത്രമില്ലെന്നാണ് നിങ്ങൾ പ്രസ്താവിച്ചത്. നിങ്ങളുടെ പ്രഖ്യാപനത്തിന്റെ ചരിത്രമാണ് ഞാനിവിടെ സൂചിപ്പിച്ചത്. എത്ര ലിറ്റർ ഡീസലിന്റെ ഉപഭോഗമാണ് കേരളത്തിൽ കുറഞ്ഞത്? ഒരു കോടി ലിറ്റർ ഡീസലിന്റെ കുറവാണ് വന്നിരിക്കുന്നത്. രണ്ടുരൂപയുടെ ടാക്സ് മാത്രമല്ല നഷ്ടമാകുന്നത്. സെൻട്രൽ ഷെയറായി പോകുന്നതിന്റെ സ്റ്റേറ്റ് ഷെയർ നമുക്ക് ലഭിക്കണ്ടേ? അത് കർണ്ണാടകത്തിലും തമിഴ്നാട്ടിലും പോകുകയാണ്. ഈ രണ്ട് രൂപ കൂടാതെ ഒരു ഫിക്സഡ് ടാക്സുണ്ടല്ലോ, ഒരു ലിറ്റർ ഡീസലടിച്ചാൽ സെൻട്രൽ ഗവൺമെന്റിനാണ് കൂടുതൽ ടാക്സ് ലഭിക്കുന്നത്. അതിന്റെ ഒരു ഷെയർ സ്റ്റേറ്റിന് ലഭിക്കും. അതും ലഭിച്ചില്ല. ഫ്യൂവൽ സെസ് രണ്ട് രൂപ വർദ്ധിച്ചപ്പോൾ നഷ്ടം വീണ്ടും വർദ്ധിച്ചു. ഈ ഗവൺമെന്റിന്റെ

ധൂർത്തിനെക്കുറിച്ചോ വർദ്ധിച്ച ചെലവിനെക്കുറിച്ചോ ഞാൻ പരാമർശിച്ചില്ല. ഈ ഗവൺമെന്റ് നികുതി പിരിക്കുന്നതിൽ വൻപരാജയം നേരിട്ടിരിക്കുകയാണ്. ചെറിയ വരുമാനമുള്ള സാധാരണക്കാരായ പലരും അവരുടെ വരുമാനത്തിനപ്പുറമായി ഇൻസ്റ്റാൾമെന്റിൽ സാധനങ്ങൾ വാങ്ങുന്നതിന്റെ ഫലമായി ചെലവ് ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്. ഇപ്പോൾ 99 രൂപയ്ക്ക് കാർ ലഭിക്കും. 100 രൂപകൊടുക്കുമ്പോൾ 1 രൂപ തിരിച്ചുതരും, ഒപ്പം ഒരു കാറും ലഭിക്കും. പക്ഷെ, കുറേ പേപ്പറുകളിൽ ഒപ്പിട്ടുകൊടുക്കേണ്ടിവരും. ഓരോ മാസം കഴിയുമ്പോഴും അടയ്ക്കേണ്ട തുകയുടെ ബിൽ വന്നുകൊണ്ടിരിക്കും. ഇങ്ങനെ ആളുകൾ വരുമാനമറിയാതെ ജീവിക്കുന്നതിന്റെ ഫലമായി കടക്കാർ വീട്ടിൽ വന്ന് ബഹളമുണ്ടാക്കുകയും ദ്വയാർത്ഥത്തിൽ സംസാരിക്കുകയും ചെയ്യും. അപ്പോൾ വീട്ടുകാർ എന്തുചെയ്യും? അവർ ഐസ്ക്രീം വാങ്ങി വിഷം കലർത്തി കുട്ടികൾക്ക് കൊടുത്തശേഷം തൂങ്ങിമരിക്കും. ഇല്ലെങ്കിൽ കുട്ടികളെ കിണറ്റിലിട്ടശേഷം അവരും ചാടും. ഇത്തരം കൂട്ടആത്മഹത്യകൾ കൂടുതൽ നടക്കുന്ന സംസ്ഥാനമാണ് കേരളം. കൂട്ടആത്മഹത്യയുടെ സങ്കടകരമായ

ഒരവസ്ഥയിലേയ്ക്കാണ് ഇപ്പോൾ കേരളം നീങ്ങിക്കൊണ്ടിരിക്കുന്നതെന്നുമാത്രം ഓർമ്മപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഈ വിഷയം അടിയന്തരപ്രമേയമായി ഇവിടെ അവതരിപ്പിക്കാനും ചർച്ച ചെയ്യാനും അവസരമുണ്ടായത് കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ നല്ലൊരു കാര്യമാണ്. കേരളീയർ അനുഭവിക്കുന്ന പ്രശ്നങ്ങളോടുള്ള പ്രതിപക്ഷത്തിന്റെ സമീപനം ജനങ്ങളെ അറിയിക്കാൻ ഈ ചർച്ച കുറച്ചുകൂടി സഹായകരമാകുമെന്നാണ് ഞാൻ കരുതുന്നത്. സർക്കാരിന്റെ കെടുകാര്യസ്ഥതയും ധൂർത്തുംകാരണം സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഗുരുതര സാഹചര്യംമൂലം വികസന പ്രവർത്തനങ്ങളും നിരവധി സാമൂഹ്യസുരക്ഷാ പദ്ധതികളും മുടങ്ങിയ ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ഇന്നത്തെ അടിയന്തരപ്രമേയ നോട്ടീസിലുള്ളത്. കേരളത്തിന്റെ സാമ്പത്തിക ഞെരുക്കത്തിന്റെ പ്രധാനകാരണം കെടുകാര്യസ്ഥതയും ധൂർത്തുമാണെന്നാണ്

പരാമർശിക്കുന്നത്. കേരളത്തിന്റെ സാമ്പത്തികമേഖലയിൽ വലിയതോതിലുള്ള ശ്വാസംമുട്ടലുണ്ടെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പക്ഷെ, അതിന്റെ യഥാർത്ഥ കാരണങ്ങൾ യു.ഡി.എഫ്.-ലെയും എൽ.ഡി.എഫ്.-ലെയും നേതാക്കൾ പക്വതയോടെ ചൂണ്ടിക്കാണിക്കേണ്ടതായിരുന്നു. എന്നാൽ, അങ്ങനെയൊരു കാര്യമല്ല ഇവിടെ സംഭവിച്ചത്. വെറുതെ ചില വാദങ്ങൾ മാത്രമാണ് ഇവിടെ ഉന്നയിച്ചത്. കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ ഇക്കാര്യങ്ങളെത്തിക്കാനുള്ള ഒരു അവസരമായി ചർച്ച മാറിയിട്ടുണ്ട്. അത് ജനങ്ങൾ വിലയിരുത്തുമെന്നാണ് ഞാൻ കരുതുന്നത്. കേരളത്തിലെ സാമ്പത്തികരംഗത്തെക്കുറിച്ച് ഇന്നലെയും മിനിഞ്ഞാന്നും ഈ ഫ്ലോറിൽ ചർച്ച ചെയ്തിരുന്നു. ഇതുസംബന്ധിച്ച് പ്രതിപക്ഷം നിരന്തരമായി ആരോപണങ്ങൾ ഉന്നയിക്കുന്നുണ്ട്. ദൃശ്യ-ശ്രവ്യ-പത്രമാധ്യമങ്ങൾ ഈ ആരോപണങ്ങൾ വലിയതോതിൽ ഉന്നയിച്ചു. കഴിഞ്ഞ മാർച്ചിൽ പ്രസ്തുത വിഷയം സംബന്ധിച്ച് വലിയ ചർച്ച നടക്കുകയുണ്ടായി. സർക്കാരിന് മാർച്ച് 31 മറികടക്കാൻ കഴിയില്ലെന്നും ട്രഷറി പൂട്ടുമെന്നും സമ്പദ്‌വ്യവസ്ഥ

തകരുമെന്നുമായിരുന്നു ആരോപണം. എന്നാൽ യാതൊരു പ്രശ്നവുമില്ലാതെ മാർച്ച് 31 മറികടക്കാൻ സാധിച്ചു എന്നതാണ് യാഥാർത്ഥ്യം. ഓണച്ചന്ത ഉണ്ടാകില്ല, ഓണം വല്ലാതെ ബുദ്ധിമുട്ടാകുമെന്നാണ് പിന്നീടുള്ള ആരോപണം. എന്നാൽ, ഈ ആരോപണങ്ങളെയും നല്ല രീതിയിൽ മറികടക്കാൻ സാധിച്ചു. ഇന്ത്യയിൽ ഏറ്റവും നല്ല മാർക്കറ്റ് ഇടപെടൽ നടത്തിയ സംസ്ഥാനം കേരളമാണെന്ന് ഇന്ത്യയിലെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കേരളത്തിലെ മാധ്യമങ്ങളല്ല ഇപ്രകാരം റിപ്പോർട്ട് ചെയ്തത്. കഴിഞ്ഞ വർഷം ഒരു കാര്യവും നടന്നില്ലെന്നാണ് പ്രതിപക്ഷം സൂചിപ്പിച്ചത്. എന്നാൽ, കഴിഞ്ഞ സാമ്പത്തികവർഷം കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവ് നൂറ് ശതമാനത്തിന് മുകളിലായിരുന്നു. 2022 മാർച്ച് മാസത്തിൽ 22,000 കോടി രൂപയിലധികവും ഈ ഓണക്കാലത്ത് 18,000 കോടി രൂപയിലധികവും രൂപ ചെലവഴിച്ചു. വിപണി ഇടപെടലിന് 400 കോടി, 62 ലക്ഷം പേർക്ക് ക്ഷേമപെൻഷൻ, തൊഴിലുറപ്പ് തൊഴിലാളികൾ ഉൾപ്പെടെ എല്ലാ മേഖലകളിലെയും തൊഴിലാളികൾക്ക് അലവൻസ്, ഇൻകം സപ്പോർട്ട് സ്കീം തുടങ്ങിയ കാര്യങ്ങൾ ചെയ്ത് എല്ലാവരിലേയ്ക്കും തുക എത്തിക്കാൻ

കഴിഞ്ഞു. സപ്ലൈകോയെക്കുറിച്ച് കേരളത്തിലെ മാധ്യമങ്ങൾ ആദ്യദിവസങ്ങളിൽ നിരവധി വിമർശനങ്ങൾ ഉന്നയിച്ചുവെങ്കിലും ഓണക്കാലത്ത് വൻതിരക്ക് അനുഭവപ്പെടുകയും മികച്ച കച്ചവടം നടക്കുകയും ചെയ്തു. കച്ചവടക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രമുഖ മാധ്യമത്തിന്റെ വനിതാ പ്രസിദ്ധീകരണത്തിന്റെ ഇന്റർവ്യൂ എറണാകുളത്തെ സപ്ലൈകോ ഷോറൂമിൽ വച്ച് നടന്നു. സമസ്തമേഖലകളിലും വില കുറഞ്ഞെന്നുമാത്രമല്ല, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിലക്കയറ്റത്തിന്റെ തോത് ഏറ്റവും കുറവ് കേരളത്തിലാണ്. കേരളത്തെക്കാളും രണ്ട് ശതമാനം അധികമാണ് അഖിലേന്ത്യാ ശരാശരി. രാജസ്ഥാനിൽ മൂന്ന് ശതമാനത്തിലധികമായിരുന്നുവെന്ന വാർത്തയും വന്നതാണ്. ഇക്കാര്യങ്ങൾ മലയാള മനോരമ, മാതൃഭൂമി ദിനപ്പത്രങ്ങളുടെ വാണിജ്യപേജുകൾ പരിശോധിച്ചാൽ മനസ്സിലാകും. ഈ ദിനപ്പത്രങ്ങളുടെ പ്രഥമ പേജിൽ ഇത്തരം വാർത്തകൾ ഉൾപ്പെടുത്തുകയില്ല, അവിടെയെല്ലാം രാഷ്ട്രീയ കാര്യങ്ങളാണ് ഉൾപ്പെടുത്താറുള്ളത്. കേരളത്തിൽ വിലക്കയറ്റത്തോത് കുറഞ്ഞതായുള്ള വാർത്ത ഇന്നത്തെ മാതൃഭൂമി ദിനപ്പത്രത്തിന്റെ

വാണിജ്യപ്പേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓണം കേരളത്തിലെ കാർ വിപണിക്ക് നേടിക്കൊടുത്തത് മുപ്പത് ശതമാനത്തിലധികം വിൽപ്പനയാണെന്ന വാർത്ത ഇന്നത്തെ മലയാള മനോരമ ദിനപ്പത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ സാമ്പത്തികസ്ഥിതിയും ജനങ്ങളുടെ വാങ്ങൽശേഷിയും വർദ്ധിച്ചതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്. പ്രതിപക്ഷം ചൂണ്ടിക്കാണിക്കുന്ന വിമർശനങ്ങൾ മാത്രമല്ല ജനങ്ങൾ വിലയിരുത്തുന്നത്, അവർക്ക് അനുഭവപ്പെടുന്ന കാര്യങ്ങൾകൂടി വിലയിരുത്തി മുന്നോട്ട് പോകും. വരുമാനം വർദ്ധിപ്പിച്ചിട്ടില്ല, ടാക്സ് വർദ്ധിപ്പിച്ചിട്ടില്ല, ആകെ തകർച്ചയിലാണ് എന്നൊക്കെയാണ് ബഹുമാന്യരായയ പ്രതിപക്ഷാംഗങ്ങൾ ചൂണ്ടിക്കാട്ടിയത്. ഒരു കാര്യത്തിലും ഒരു ചലനവുമുണ്ടായില്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ് അവസാനിപ്പിച്ചത്. കേരളം തനതുവരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ചരിത്രനേട്ടം കൈവരിച്ച സമയമാണിത്. മുൻവർഷങ്ങളെ അപേക്ഷിച്ച് കടബാധ്യതയും കമ്മിയും കുറയ്ക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. മലയാള ദിനപ്പത്രങ്ങളിൽ ഇതുസംബന്ധിച്ച കണക്കുകൾ പ്രസിദ്ധീകരിച്ചിരുന്നു. ടൈംസ് ഓഫ് ഇന്ത്യ,

ഇന്ത്യൻ എക്സ്പ്രസ് തുടങ്ങിയ ഇംഗ്ലീഷ് ദിനപ്പത്രങ്ങളിൽ ഈയടുത്ത ദിവസങ്ങളിൽ വന്ന ലേഖനങ്ങൾ ബഹുമാന്യരായ ചില അംഗങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. ഞാൻ അത് എടുത്തുപറയുന്നില്ല. Indian Express-ൽ ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസങ്ങളിൽ വന്ന വാർത്ത, 'Kerala's own tax revenue exhibited a remarkable growth rate of 22.11% in 2022-23 compared to 2021-22. This growth rate in the State's own tax revenue ranks as the third-highest among all States' എന്നാണ്. ഇതൊരു റിപ്പോർട്ടാണ്. റവന്യൂ എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ അനാവശ്യചെലവുകൾ ചുരുക്കണമെന്നതിനോട് ഞാൻ യോജിക്കുന്നു. പക്ഷെ, അത്യാവശ്യ ചെലവുകൾ ചുരുക്കാൻ സാധിക്കില്ല എന്നതാണ് സർക്കാരിന്റെ സമീപനം. സാധാരണക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തിക്കൊണ്ട് തുക സേവ് ചെയ്യണമെന്ന് പറയുന്നതിനോട് ഞങ്ങൾ യോജിക്കില്ല. അതുപോലെ, 'Kerala was also the only state to report a decline in revenue expenditure' എന്നാണ് Indian Express-ൽ പരാമർശിച്ചിരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ അനാവശ്യ റവന്യൂ

എക്സ്പെൻഡിച്ചറുകളുടെ കാര്യവും ഈ റിപ്പോർട്ടിൽ പ്രത്യേകം പരാമർശിക്കുന്നുണ്ട്. റിസർവ് ബാങ്കിന്റെ കണക്കിലും ഇത് സൂചിപ്പിക്കുന്നുണ്ട്. ഇതുപോലെ മറ്റ് പല കണക്കുകളുണ്ട്. 100 ശതമാനവും ചെലവഴിച്ച സമയത്തെ കണക്കാണ് ഞാൻ പരാമർശിക്കുന്നത്. അല്ലാതെ ഈ സമയത്തെ കണക്കുകളല്ല, അത് വരുന്നതേയുള്ളൂ. 100 ശതമാനം ചെലവഴിച്ച സമയത്തും അനാവശ്യ ചെലവുകൾ നിയന്ത്രിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇതിനകത്ത് കുറേയെറെ കാര്യങ്ങളുണ്ട്. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. മലയാളം, ഇംഗ്ലീഷ് ദിനപ്പത്രങ്ങളിൽ ഇക്കാര്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പക്ഷെ, മലയാളം പത്രങ്ങൾക്കൊരു പ്രത്യേകതയുണ്ട്. ഇതുസംബന്ധിച്ച വാർത്ത വാണിജ്യപ്പേജിൽ മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. മിക്ക പത്രങ്ങളിലേയും മുൻപേജിൽ രാഷ്ട്രീയ കാര്യങ്ങൾ എഴുതുന്ന ശൈലിയാണുള്ളത്. നമ്മളിവിടെ എന്തെല്ലാം കാര്യങ്ങൾ പരാമർശിച്ചാലും നാളത്തെ പത്രത്തിൽ പ്രതിപക്ഷവും പ്രതിപക്ഷനേതാവും പരാമർശിച്ച കാര്യങ്ങൾ മാത്രമേ വരികയുള്ളൂ. എനിക്ക് പത്രറിപ്പോർട്ടുകളെക്കുറിച്ച് പരാതിയില്ല. ഇപ്പോൾ സോഷ്യൽ മീഡിയവഴി ജനങ്ങൾക്ക് പല

കാര്യങ്ങളും മനസ്സിലാക്കാൻ സാധിക്കും. ഇതുകേട്ടപ്പോൾ നിങ്ങൾക്കുതന്നെ ലജ്ജകൊണ്ട് ചിരിവരുന്നുണ്ട്. ഈ വസ്തുതകൾ പത്രങ്ങളിൽ പ്രസിദ്ധീകരിക്കാത്തതിൽ എനിക്ക് വിഷമമില്ല. കഴിഞ്ഞ ദിവസം സോളാർ കേസുമായി ബന്ധപ്പെട്ട് പ്രതിപക്ഷം അവതരിപ്പിച്ച അടിയന്തരപ്രമേയം സർക്കാർ വിശദമായി ചർച്ചനടത്തി നിരാകരിച്ചുവെങ്കിലും ഭരണപക്ഷത്തെ അടിച്ചുനിരത്തി എന്ന രീതിയിലാണ് പത്രങ്ങളിൽ വാർത്ത വന്നത്. ഞാൻ അതിലേയ്ക്ക് ഇപ്പോൾ പോകുന്നില്ല. ഞാൻ യഥാർത്ഥ വസ്തുതകൾ പരാമർശിക്കാം. ഇതുമാത്രമല്ല, പ്രധാനപ്പെട്ട മറ്റ് ചില കാര്യങ്ങളുമുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ സ്റ്റഡി റിപ്പോർട്ട്, പാർലമെന്റിൽ കൊടുത്ത റിപ്പോർട്ടുകൾ, Fitch പോലുള്ള ഏജൻസികളുടെ റിപ്പോർട്ട് തുടങ്ങിയവയെല്ലാം കേരളത്തിലെ ഫിനാൻഷ്യൽ കൺട്രോളിന്റെയും കൺസോളിഡേഷന്റെയും കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്. നല്ല കാര്യങ്ങൾ അംഗീകരിച്ചുകൊണ്ട് നിങ്ങൾ വിമർശിക്കുകയാണെങ്കിൽ ജനങ്ങൾ കുറച്ചുകൂടി വിശ്വസിക്കും. 2013-14 മുതലുള്ള കണക്കുകൾ പരിശോധിച്ചാൽ കേരളത്തിന് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിൽ മികച്ച നേട്ടം

കൈവരിക്കാൻ സാധിച്ചു. അതായത് തനതുവരുമാന വർദ്ധനവ് 6.4 ശതമാനമായിരുന്നു. 2014-15-ൽ 10.1 ശതമാനവും 2015-16-ൽ 10.7 ശതമാനവും 2016-17-ൽ 8.2 ശതമാനവും 2017-18-ൽ 10.2 ശതമാനവും 2018-19-ൽ 9 ശതമാനവും വർദ്ധിച്ചു. കോവിഡും പ്രളയവുമുണ്ടായ 2019-20-ൽ 0.6-ഉം 2020-21-ൽ 5.3-ഉം കുറവ് വന്നിട്ടുണ്ട്. കോവിഡ് കാരണം എല്ലാ കടകളും അടച്ചിരുന്നു. രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാംവർഷത്തിൽ, 22.4 ശതമാനവും 2022-23-ൽ 23.4 ശതമാനവും വരുമാനവർദ്ധനവാണുണ്ടായത്. ഈ വർദ്ധനവ് സംബന്ധിച്ച ഡാറ്റ നിങ്ങൾക്കും ലഭിക്കുന്നതാണ്. യു.ഡി.എഫ്-ന്റെ 5 വർഷക്കാലത്തേയും കോവിഡ് വന്നപ്പോഴുള്ള ആദ്യ പിണറായി സർക്കാരിന്റെ സമയത്തുള്ള വരുമാനവും നിങ്ങൾക്ക് പരിശോധിക്കാം. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 40 ശതമാനം ഗ്രോത്ത് മാത്രമേ ഉണ്ടാക്കാൻ സാധിച്ചുള്ളൂ. രണ്ടുവർഷം വലിയ സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിരുന്നു, സാമ്പത്തികരംഗം മുഴുവൻ തകർന്നു. യു.ഡി.എഫ് ഗവൺമെന്റ് 5 വർഷംകൊണ്ട് 55 ശതമാനം സാമ്പത്തിക വളർച്ചയാണുണ്ടാക്കിയത്. ഇതുസംബന്ധിച്ച കണക്കുകൾ

ഞാൻ പരാമർശിക്കുന്നില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന് രണ്ടുവർഷംകൊണ്ട് 51 ശതമാനത്തിലധികം വർദ്ധനവുണ്ടാക്കാൻ സാധിച്ചു. 24,000 കോടി രൂപയാണ് രണ്ടുവർഷംകൊണ്ട് വർദ്ധിച്ചത്. ഈ ഗ്രോത്ത് തുടരുകയാണെങ്കിൽ സാധാരണഗതിയിൽ 5 വർഷംകൊണ്ട് 100 ശതമാനത്തിലധികം ഗ്രോത്ത് നേടാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇപ്പോഴത്തെ ഗ്രോത്തിന്റെ പെർസെന്റേജാണ് ഞാൻ സൂചിപ്പിച്ചത്. എ.ജി.-യുടെ ഫൈനൽ ഓഡിറ്റ് വരുന്നുണ്ട്. എസ്റ്റിമേറ്റ് കൊടുത്തതിനേക്കാളും വർദ്ധനവ് വന്നിട്ടുണ്ട് എന്നുള്ളതാണ് ഇത് കാണിക്കുന്നത്. 71,900 കോടിയോളം രൂപയാണ് നമ്മുടെ തനതു നികുതി വരുമാനം. യഥാർത്ഥത്തിൽ കേരളം നേരിടുന്ന പ്രശ്നം എന്താണ്? അത് കേന്ദ്രഗവൺമെന്റ് നൽകുന്ന തുകയിലുള്ള വലിയ കുറവാണ്. ആ പ്രശ്നം നമ്മൾ കാണാതെ മുന്നോട്ടുപോകുന്നത് ശരിയാണോ; നമ്മൾ എല്ലാ ദിവസവും ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നതുകൊണ്ട് ആവർത്തനത്തിന്റെ ആവശ്യമില്ല. ജി.എസ്.ടി. കോമ്പൻസേഷൻ വെട്ടിക്കുറച്ചതും കോമ്പൻസേഷൻ ഗ്രാന്റിന്റെയും ഡിവിസിബിൾ പൂളിൽനിന്നുള്ള

വിഹിതത്തിന്റെയും കുറവും വലിയ പ്രശ്നമാണ്. അതുപോലെ ബോറോയിംഗിൽ രണ്ടുതരത്തിൽ കുറവുണ്ടായിട്ടുണ്ട്. ട്രഷറിയിലെ നിക്ഷേപം കേരളത്തിന്റെ ബാധ്യതയായി കണക്കാക്കിയതിനോടൊപ്പം കിഫ്ബിയും പെൻഷൻ കമ്പനികളും എടുക്കുന്ന വായ്പ സംസ്ഥാനത്തിന്റെ ബാധ്യതയായി പരിഗണിച്ച് കടമെടുക്കാനുള്ളശേഷി കുറയ്ക്കുകയാണ് ചെയ്തത്. ഇക്കാര്യങ്ങളെല്ലാം നമുക്കറിയാവുന്നതാണ്. അതോടൊപ്പം ഒരു കാര്യം കൂടിയുണ്ട്. ദി ഹിന്ദു, ടൈംസ് ഓഫ് ഇന്ത്യ എന്നീ പത്രങ്ങൾ പ്രസിദ്ധീകരിച്ച ചില വാർത്തകൾ അവലംബിച്ചുള്ള കണക്ക് ഞാൻ വിശദീകരിക്കാം. കേന്ദ്രത്തിന് നികുതിയിലൂടെയും മറ്റും കേരളം കൊടുക്കുന്ന ഓരോ രൂപയ്ക്കും നികുതി വിഹിതമെന്ന നിലയിൽ തിരികെനൽകുന്ന തുകയെ പ്രതിപക്ഷവും കേരളത്തിലെ ജനങ്ങളും ഗൗരവമായി കാണണം. കേരളം ഒരു രൂപ നികുതി കൊടുക്കുമ്പോൾ തിരികെ ലഭിക്കുന്നത് ഇരുപത്തിയഞ്ച് പൈസ മാത്രമാണ്. എന്നാൽ, തമിഴ്നാടിന് നാൽപ്പത് പൈസയും കർണ്ണാടകയ്ക്ക് നാൽപ്പത്തിയേഴ് പൈസയും ഉത്തർപ്രദേശിന് രണ്ട് രൂപ എഴുപത്തിമൂന്ന് പൈസയും ബീഹാറിന് ഏഴ് രൂപ ആറ് പൈസയുമാണ് ലഭിക്കുന്നത്.

എന്താണിത്; ഇതിനെക്കുറിച്ച് നമ്മൾ സംസാരിക്കണ്ടേ? കേരളത്തിൽനിന്ന് പിരിച്ചുകൊണ്ടുപോകുന്ന നികുതിയിൽനിന്ന് അർഹമായ പെർസെന്റേജ് നൽകാത്തതിന്റെ ഭാഗമായി കേരളത്തിന്റെ റവന്യൂ വരുമാനത്തിൽ കുറവുണ്ടായി. സംസ്ഥാനത്തിന് നേരത്തേ ലഭിച്ചിരുന്ന കേന്ദ്രവിഹിതം 45 ശതമാനമായിരുന്നു. എന്നാൽ, ഈ വർഷം അത് 29-30 ശതമാനമായി കുറയാൻ പോകുകയാണ്. ഇന്നലെ ഇതേ കണക്ക് പരാമർശിച്ചതാണ്. ഇങ്ങനെയൊരു അടിയന്തരപ്രമേയം കൊണ്ടുവരുമ്പോൾ ഇക്കാര്യങ്ങൾ വീണ്ടും ഓർമ്മിപ്പിക്കുകയാണ്. ഏതൊരു സ്ഥലത്തായാലും ഇങ്ങനെ കുറയ്ക്കുമ്പോൾ മാനേജ് ചെയ്യാൻ സാധിക്കുമോ? ഈ പ്രശ്നം കേരളത്തിലെ പാർലമെന്റംഗങ്ങൾ ഉന്നയിക്കേണ്ടത് എങ്ങനെയാണ് എന്നുള്ള വിഷയമൊന്നും ഇവിടെ വിശദീകരിക്കേണ്ടതില്ല; ഇതാണല്ലോ ഇന്ത്യയിലെ ആകെ കണക്കിന്റെ സ്ഥിതി. ഈ കണക്കിന്റെ താരതമ്യം നോക്കുമ്പോൾ കടത്തിന്റെ കാര്യത്തിൽ കോവിഡ് സമയത്ത് 4.5 ശതമാനം വരെ കടമെടുക്കാൻ സാധിക്കുമായിരുന്നു. അതിപ്പോൾ 3 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. എന്നാൽ, ഇപ്പോൾ അതിലും വെട്ടിക്കുറയ്ക്കുന്നുണ്ട്.

നമുക്ക് റവന്യൂ കമ്മി 2 ശതമാനത്തിലും അധികമായി കുറയ്ക്കാൻ സാധിച്ചു. 2022-23-ൽ 0.9 ആയി. അതായത് ഒരു ശതമാനത്തിൽ താഴെയായി റവന്യൂ കമ്മി കുറഞ്ഞു. റവന്യൂ കമ്മി ഒരു ശതമാനത്തിലും താഴെയാകുന്നത് സമീപകാല ചരിത്രത്തിലാദ്യമാണ്. അതുപോലെ ധനകമ്മി മൂന്നിലൊന്ന് ഭാഗമായി ചുരുങ്ങിയിട്ടുണ്ട്. ഫിസ്കൽ ഡെഫിസിറ്റ് 2020-21-ൽ 4.6 ശതമാനമായിരുന്നു. 2021-22-ൽ 4.1 ശതമാനവും 2022-23-ൽ 2.5 ശതമാനവും മാത്രമേയുള്ളൂ. കാരണം, കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും ബാധ്യത കുറച്ചശേഷം വായ്പയെടുക്കാൻ സാധിക്കുന്ന പരിധിയിൽപോലും ഫൈനൽ അക്കൗണ്ട് വരുമ്പോൾ വർദ്ധനവ് അനുവദിച്ചില്ല. എന്നാൽ, കേന്ദ്രത്തിന്റെ കടം 6.4 ശതമാനമാണെന്നാണ് പാർലമെന്റിൽ ബഹുമാന്യയായ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചത്. അവർ സൂചിപ്പിച്ച കണക്കനുസരിച്ച് 40 percent of the total expenditure is met from borrowing, അത് 40 ശതമാനമാണെന്ന് അവർതന്നെ രാജ്യസഭയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെ കടം വർദ്ധിച്ചുവെന്നും യു.ഡി.എഫ്.-ന്റെ ഭരണം അവസാനിപ്പിക്കുമ്പോൾ ഒന്നേമുക്കാൽ ലക്ഷം കോടി രൂപയായിരുന്ന കടം

ഇപ്പോൾ നാല് ലക്ഷം കോടി രൂപയിലേയ്ക്കെത്തുന്നുവെന്നും ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിക്കുകയുണ്ടായി. ഏത് കണക്കെടുത്താലും എൺപതിനായിരം കോടിയാണ് ഒന്നേമുക്കാൽ ലക്ഷം കോടി രൂപയായത്. എപ്പോഴും 5 വർഷം കഴിയുമ്പോൾ ഇരട്ടിക്കുന്നതാണ്. പക്ഷെ, ഇപ്പോൾ അത്ര ഇരട്ടിപ്പ് വന്നിട്ടില്ല. 7 വർഷംകൊണ്ട് ആ പെർസെന്റേജ് വളർന്നിട്ടില്ല. 2020-21-ൽ കേരളത്തിന്റെ ജി.എസ്.ഡി.പി.-യുടെ 38.5 ശതമാനമായിരുന്നു ആകെ കടം. നിലവിൽ അത് 35.54 ശതമാനമായി കുറഞ്ഞു. ഈ സ്ഥിതി തുടരുകയാണെങ്കിൽ 34 ശതമാനമായി ചുരുങ്ങുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത്തരത്തിൽ കമ്മിയും കടവും കുറയ്ക്കാനുള്ള കാര്യങ്ങൾ നമ്മൾ ചെയ്യുന്നുണ്ട്. ഇക്കാര്യങ്ങൾ ചെയ്യുമ്പോൾ കേന്ദ്രനയം കാരണമുണ്ടായ കടത്തെപ്പറ്റിയാണ് സൂചിപ്പിച്ചത്. അത് ഒന്നുകൂടി മനസ്സിലാക്കണം. സഭയെ ഇത്തരം കാര്യങ്ങൾ അറിയിക്കുന്നത് വളരെ പ്രധാനമാണ്. യഥാർത്ഥത്തിൽ വലിയതോതിൽ കടമെടുക്കാൻ അനുവദിക്കുന്നില്ല എന്നതാണ് വസ്തുത. കണക്കുകളൊക്കെ അവിടെ നിൽക്കട്ടെ, യു.ഡി.എഫ്. സർക്കാരും എൽ.ഡി.എഫ്. സർക്കാരും തമ്മിലുള്ള വ്യത്യാസം എന്താണ്? 2017

മുതലാണ് പബ്ലിക് അക്കൗണ്ട്സ് സംസ്ഥാനത്തിന്റെ കടത്തിൽപ്പെടുന്നത്. എന്താണ് പബ്ലിക് അക്കൗണ്ട്സ്? ട്രഷറിയിലുള്ള പണമാണ് പബ്ലിക് അക്കൗണ്ട്സ്. മുമ്പ് ട്രഷറിയിലുള്ള പണം സംസ്ഥാനത്തിന്റെ കടമായി കണക്കാക്കിയിരുന്നില്ല; ആ പണം എത്രയായാലും എടുക്കാൻ സാധിക്കുമായിരുന്നു. കേന്ദ്രസർക്കാർ ചെയ്യുന്നത് ശരിയാണോയെന്ന് നിങ്ങൾ ആലോചിച്ചുനോക്കണം. ഇനിയൊരിക്കലും ഭരണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവരില്ലെന്ന് നിങ്ങൾക്ക് തോന്നുകയാണെങ്കിൽ അത് ശരിയാണെന്ന് വാദിക്കാം. പബ്ലിക് അക്കൗണ്ട്സ് 2017-18 മുതൽ സർക്കാരിന്റെ കടത്തിൽ ഉൾപ്പെടുത്തി. Off-budget borrowing എന്ന സമ്പ്രദായം ആദ്യമായി കൊണ്ടുവന്നത് 2022-23-ലാണ്. അത് കേരളത്തിന്റെ ഭാവിയെ വലിയ തോതിൽ ബാധിക്കുമെന്ന തരത്തിലുള്ള വാദം യു.ഡി.എഫ്. ഉയർത്തി. നിങ്ങൾക്കതിലിടപെടാൻ സാധിച്ചുവെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. കാരണം, Off-budget borrowing കൊണ്ടുവന്നുകഴിഞ്ഞാൽ നമ്മുടെ വരുമാനം കുറയും. കഴിഞ്ഞ വർഷത്തെ കണക്കിൽ, നമ്മൾ പ്രതീക്ഷിക്കാതെ 3,140 കോടി രൂപ

വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. ആകെ എടുത്ത തുക 4 വർഷത്തേയ്ക്കാക്കി ഓരോ വർഷവും 3140 കോടി രൂപ വീതം borrowing-ൽ കുറയ്ക്കുകയാണ് ചെയ്തത്. അതിന്റെകൂടെ കഴിഞ്ഞ പ്രാവശ്യം കിഫ്ബിയും പെൻഷൻ കമ്പനിയുമെടുത്ത 7,114 കോടി രൂപയും ചേർത്ത് ഏകദേശം 10,000 കോടി രൂപ borrowing-ൽ കുറച്ചു. നമുക്ക് 32,439 കോടി രൂപ ആകെ കടം ലഭിക്കുന്നതിൽനിന്ന് പബ്ലിക് അക്കൗണ്ട് എന്നപേരിൽ 19,000 കോടി രൂപ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളൊക്കെ ജനങ്ങൾ അറിയണമെന്നുള്ളതുകൊണ്ടാണ് ഇവിടെ വിശദമായി പരാമർശിക്കുന്നത്. Repayment-നായി നൽകുന്നത് പൊതുകടത്തിന്റെ പരിധിയിൽ വരില്ല. ഫലത്തിൽ, 2,536 കോടി രൂപ മാത്രമേ എടുക്കാൻ അനുവദിച്ചുള്ളൂ. കിഫ്ബിയും പെൻഷൻ കമ്പനിയും എടുത്ത തുക ഈ വർഷവും 3,141 കോടി രൂപ വീതം നാലുവർഷത്തേയ്ക്കുള്ളതിൽ കുറയ്ക്കുകയും പബ്ലിക് അക്കൗണ്ടിനുവേണ്ടി വലിയതുക മാറ്റിവയ്ക്കുകയും ചെയ്യുന്നു. നിലവിലെ സ്ഥിതിയനുസരിച്ച് 2,500 കോടി രൂപവരെയാണ് കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇനിയും കിഫ്ബിയോ പെൻഷൻ കമ്പനിയോ

കടമെടുത്താൽ അതുംകൂടി കുറയ്ക്കും. നമുക്ക് ഈ വർഷവും കടമെടുക്കാനുള്ള പരിധി വളരെ കുറവാണ്. ഈയൊരു സ്ഥിതി യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്നില്ല. 2017-18 മുതൽ ആരംഭിച്ച പുതിയ രീതികളുടെ ഭാഗമായി ഏതുകടമെടുത്താലും ഇങ്ങനെ വെട്ടിക്കുറയ്ക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. ഓഫ് ബഡ്ജറ്റ് ബോറോയിംഗിലും പൊതു കടത്തിൽ ഉൾപ്പെടുത്തിയതിലും വലിയ കാര്യമില്ലെന്ന തരത്തിലാണ് പ്രമേയാവതാരകനും കേരളത്തിന്റെ പൊതുതാല്പര്യം സംരക്ഷിക്കേണ്ട പ്രതിപക്ഷനേതാവുമുൾപ്പെടെയുള്ളവരും സൂചിപ്പിച്ചത്. നമുക്ക് നാല്പതിനായിരം കോടി രൂപയിലധികമാണ് ഈ രീതിയിൽ കുറവ് വന്നത്. ഇതുകൂടാതെ അടുത്ത കാലത്ത് യു.ജി.സി. ഗ്രാന്റിന്റെ പെൻഡിംഗ് ഉൾപ്പെടെ കൊടുത്തതിന് കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ളത് 5,506 കോടി രൂപയാണ്. ഞാൻ ഓരോ ഇനവും എടുത്ത് പരാമർശിക്കുന്നില്ല. 62 ലക്ഷം ആളുകൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കേണ്ടതുണ്ട്. അതിൽ അഞ്ചോ ആറോ ലക്ഷം ആളുകളാണ് കേന്ദ്ര ലിസ്റ്റിലുള്ളത്. അവർക്ക് ഇരുനൂറോ മുന്നൂറോ രൂപ മാത്രമേ ലഭിക്കുകയുള്ളൂ. അവർക്ക് Single Nodal

Agency അക്കൗണ്ടിനുള്ള എല്ലാ കാര്യങ്ങളും തൊഴിൽ വകുപ്പും നോഡൽ ഏജൻസിയായ പഞ്ചായത്ത് വകുപ്പും ചെയ്തുകൊടുത്തു. ഇതുമായി ബന്ധപ്പെട്ട് 580 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കാനുണ്ട്. ഇതുപോലെ റേഷന്റെ കാര്യത്തിലും ആയിരത്തിലധികം കോടി രൂപയാണ് നൽകാനുള്ളത്. യു.ജി.സി.ഗ്രാന്റ് 750 കോടി രൂപ, ഹെൽത്ത് ഗ്രാന്റ് 174 കോടി രൂപ, ULB (Urban Local Body), RLB (Rural Local Body) ഗ്രാന്റുകളെല്ലാംകൂടി ഏകദേശം 1,400 കോടി രൂപ, National Food Security Act അനുസരിച്ച് 417 കോടി രൂപ, Disaster Management-ന്റെ ഭാഗമായി 138 കോടി രൂപ. Capital Investment Special Assistance-ന്റെ ഭാഗമായി ലഭിക്കാനുള്ള തുക എല്ലാംകൂടി 5,506 കോടി രൂപയാണുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ ലഭിക്കാനുള്ള തുക ലഭിച്ചിട്ടില്ല. ഈ വർഷം ലഭിക്കാനുള്ള തുക സംബന്ധിച്ച് ഇന്നലെ വിശദമായി സംസാരിച്ചതാണ്. എഴുപത്തിയഞ്ച് ശതമാനം മുതൽ നൂറ് ശതമാനംവരെ തുക നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുണ്ടായിരുന്നു. ഇങ്ങനെ ഒരോ പദ്ധതികൾക്കായി നൽകിക്കൊണ്ടിരുന്ന തുകകൾ വെട്ടിക്കുറച്ചു. കൂടാതെ, പല പദ്ധതികളും

കേന്ദ്രം നിർത്തലാക്കി. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. രാധാകൃഷ്ണൻ ഇന്നലെ സൂചിപ്പിച്ചതുപോലെ എസ്.സി/എസ്.ടി. മേഖലയിൽ നൽകിക്കൊണ്ടിരുന്ന തുകപോലും കേന്ദ്രഗവൺമെന്റ് വെട്ടിക്കുറച്ചു. ഇപ്രകാരം വെട്ടിക്കുറച്ചുവെങ്കിലും ഈ സർക്കാർ എല്ലാ കുടിശ്ശികയും കൊടുത്തുതീർത്തു. ഇതുസംബന്ധിച്ച കണക്കുകൾ ഇന്നലെ വിശദീകരിച്ചിരുന്നു. പക്ഷെ, ഈ തുകപോലും കേന്ദ്രത്തിൽനിന്നും നൽകാത്ത സ്ഥിതിയാണുള്ളത്. സാക്ഷരതാ പ്രേരക്മാർക്കും സ്പെഷ്യൽ സ്കിൽഡ് അദ്ധ്യാപകർക്കും നൽകേണ്ട ശമ്പളം കേന്ദ്രസർക്കാരിൽനിന്നും ലഭിക്കാത്തതിനാൽ സംസ്ഥാന ഗവൺമെന്റ് അത് നൽകുന്നുണ്ട്. 'വാത്സല്യ' പോലെയുള്ള പദ്ധതികൾക്കും സംസ്ഥാന സർക്കാർ തുക നൽകുന്നത് തുടരുകയാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സൂചിപ്പിച്ചതുപോലെ മനുഷ്യത്വപരമായ കാര്യമാണെങ്കിലും അദ്ധ്യാപകരെ നിർത്തലാക്കാൻ സാധിക്കില്ല; അവർക്കൊരു മിനിമം ശമ്പളമെങ്കിലും നൽകണ്ടേ? അരി വാങ്ങുന്നതിനും ഉച്ചഭക്ഷണം നൽകുന്നതിനും കേന്ദ്രത്തിൽനിന്നും വിഹിതം നൽകാതിരുന്നാൽ സംസ്ഥാനത്ത് അത് കൊടുക്കാതിരിക്കാൻ സാധിക്കുമോ? ഇതിനെക്കുറിച്ച് ഇന്നലെ

ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചിരുന്നു. ഇത്തരത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. അരി വാങ്ങുന്നതിനും ഉച്ചഭക്ഷണം നൽകുന്നതിനുമുള്ള വിഹിതം മാത്രമല്ല NHM-ന്റെ (National Health Mission) കാര്യത്തിലും തുക വെട്ടിക്കുറച്ചിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും നൽകിക്കഴിഞ്ഞു. ബഡ്ജറ്റിൽ വകയിരുത്തിയത് 500 കോടി രൂപയിൽ താഴെയായിരുന്നു. കേന്ദ്രസർക്കാരിൽനിന്നും ആകെ 80 കോടി രൂപയാണ് ലഭിക്കുന്നത്. എന്നാൽ ഓരോ വർഷവും 800 കോടി രൂപയുടെ തുകകളിലാണ് ഇതിനായി ചെലവഴിക്കുന്നത്. എന്നിട്ടും ഇവിടെ ഒന്നും കൊടുക്കുന്നില്ലായെന്നുള്ള വാർത്തകളാണ് പുറത്തുവരുന്നത്. ഈ സിസ്റ്റം നടപ്പിലാക്കിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. യു.ഡി.എഫ്.-ന്റെ സമയത്ത് ഇങ്ങനെയൊരു സ്കീമല്ല ഉണ്ടായിരുന്നത്. കെ. എം. മാണി മുൻകൈയെടുത്ത് 'കാരുണ്യ' എന്ന പദ്ധതി ലോട്ടറി വകുപ്പുമായി ബന്ധപ്പെട്ടുണ്ടായിരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ആദ്യം റിലയൻസിനെയാണ് ഏല്പിച്ചിരുന്നത്. റിലയൻസിന്റെ ഇൻഷ്വറൻസ്

അനുസരിച്ച് മുഴുവൻ തുകയും ഉപഭോക്താക്കൾക്ക് ലഭിക്കാതെ വന്നപ്പോഴാണ് ഇങ്ങനെയൊരു പദ്ധതിയിലേയ്ക്ക് എത്തിയത്. വലിയ ചെലവ് വരുന്നുണ്ടെങ്കിലും ഈ വർഷം സെപ്റ്റംബർ മാസം പകുതിയാകുന്നതിനുമുമ്പ് പ്രസ്തുത ഹെഡിലേയ്ക്കുള്ള മുഴുവൻ തുകയും കൊടുത്തുകഴിഞ്ഞു; ഇനിയും കൊടുക്കേണ്ടി വരും. ബഡ്ജറ്റ് എന്നുപറയുന്നത് കേരളത്തിന്റെ ആകെ റിസോഴ്സ് പരിശോധിച്ച് നമ്മളെല്ലാംകൂടി ചേർന്നുണ്ടാക്കുന്ന രേഖയാണ്. കേന്ദ്രസർക്കാരിൽനിന്നും തുക ലഭിക്കാത്ത അവസരത്തിലും പദ്ധതികൾ നമ്മൾ നടപ്പിലാക്കുന്നുണ്ട്. ക്ഷേമപെൻഷന്റെ കാര്യവും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം കാര്യങ്ങളോരോന്നും ചെയ്തുകൊണ്ടുതന്നെയാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്. ന്യായമായി കടമെടുക്കുന്ന കാര്യത്തിലും വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിലും സർക്കാർ നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം കേന്ദ്രസർക്കാർ നൽകുന്നില്ലെന്നത് പ്രധാന പ്രശ്നമാണ്. ശ്രീ. റോജി എം. ജോണും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ടാക്സ് കളക്ഷനെക്കുറിച്ച് കുറെയേറെ കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. എല്ലാ

കാര്യങ്ങളും ഞാൻ എടുത്തുപറയുന്നില്ല; സ്വർണ്ണത്തിന്റെയും ബാർ ഹോട്ടലുകളുടെയും നികുതിപിരിവ് സംബന്ധിച്ച കാര്യങ്ങൾ വിശദമായി പരാമർശിക്കുകയുണ്ടായി. കഴിഞ്ഞ സമ്മേളനത്തിലും ബാർ ഹോട്ടലുകളുടെ കാര്യം സൂചിപ്പിച്ചിരുന്നു. ബാർ ഹോട്ടലുകളുടെ ടാക്സ് 2018-19-ൽ 227 കോടി രൂപയും 2019-20-ൽ 239 കോടി രൂപയും കോവിഡ് കാലഘട്ടത്തിൽ (2020-21) 200.47 കോടി രൂപയും 2021-22-ൽ 539.96 കോടി രൂപയും 2022-23-ൽ 617 കോടി രൂപയുമാണ്. ഇത് ടേൺ ഓവർ ടാക്സ് ആണെന്ന് നിങ്ങൾക്ക് അറിയാവുന്നതാണ്. ടാക്സ് റിട്ടേൺ ഫയൽ ചെയ്യാത്ത ബാർ ഹോട്ടലുകൾക്കെതിരെ സ്വീകരിച്ച നടപടികളെക്കുറിച്ച് പ്രതിപക്ഷം ചോദിച്ചിരുന്നു. ഒരു വർഷത്തിലധികമായി ടാക്സ് റിട്ടേൺ ഫയൽ ചെയ്യാത്ത 71 ബാർ ഹോട്ടലുകളുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിന് ബിവറേജസ് കോർപ്പറേഷനും എക്സൈസ് വകുപ്പുമായി ആലോചിച്ച് നോട്ടീസ് നൽകിക്കഴിഞ്ഞു. ഇതുകൂടാതെ ഇത്തരത്തിൽ ടാക്സ് റിട്ടേൺ ഫയൽ ചെയ്യാത്ത ബാർ ഹോട്ടലുകൾ IMFL (Indian Made Foreign Liquor) വിതരണം നിർത്തിവയ്ക്കണമെന്ന് BEVCO-യോട് ആവശ്യപ്പെട്ടതിന്റെ ഫലമായി 6

വ്യാപാരികൾ ടാക്സ് റിട്ടേൺ മുഴുവൻ ഫയൽ ചെയ്തിട്ടുണ്ട്. ഈ നടപടി സംസ്ഥാനവ്യാപകമായി നടത്തുകയാണ്. ഇതനുസരിച്ച് അബ്കാരി ആക്ടിന്റെ കാര്യത്തിലും ചർച്ച വേണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. നികുതി കുടിശ്ശികപ്പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടി ഊർജ്ജിതമാക്കിയിട്ടുണ്ട്. സ്വർണ്ണത്തിന്റെ നികുതി പിരിക്കുന്ന കാര്യത്തിലും വിപുലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി നിയമം നിലവിൽ വന്നതിനുശേഷം ഇന്ത്യയിൽ ആദ്യമായി കേരളമാണ് നികുതി വകുപ്പിനെ സമഗ്രമായി പുനഃസംഘടിപ്പിക്കുന്നത്. ടാക്സ് പേയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് എന്നിങ്ങനെ മൂന്ന് ശ്രേണികളിലായാണ് വകുപ്പിനെ പുനഃസംഘടിപ്പിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി ഇന്റലിജൻസ് സംഘത്തിന്റെ എണ്ണം 18-നിന്നും 41-ആയി ഉയർത്തി. ഡെഡിക്കേറ്റഡ് ആയിട്ടുള്ള 140 ഓഡിറ്റ് ടീമിനെയും നിയോഗിച്ചിട്ടുണ്ട്. ഓഡിറ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതേയുള്ളൂ. ഈ വരുന്ന ഒക്ടോബർ മാസം മുതൽ അവരുടെ പരിശീലനം കഴിഞ്ഞ് ഫീൽഡിലേയ്ക്ക് പോകാൻ സാധിക്കും. കാരണം,

പരിശീലനം ഇല്ലാതെ ചെയ്യാൻ കഴിയുന്ന ഒരു കാര്യമല്ല ഓഡിറ്റിംഗ്. നിലവിൽ സംസ്ഥാന നികുതിവകുപ്പിന്റെ പരിശോധനാ രീതികളിൽ ഓഡിറ്റ് ഉൾപ്പെട്ടിരുന്നില്ല. ഓഡിറ്റ് പരിശോധന നികുതി സംവിധാനത്തിന്റെ ഭാഗമാകുന്നതോടെ ശാസ്ത്രീയമായും കാര്യക്ഷമമായും നികുതി നിർണയിക്കാൻ കഴിയും. അഞ്ച് വർഷത്തിന്റെ പ്രശ്നം സൂചിപ്പിച്ചത് കറക്ട് ചെയ്ത് പോകാൻ സാധിക്കും. ഓഡിറ്റുംകൂടി വരുമ്പോൾ കുറച്ചുകൂടി ഗുണമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വലിയ പുകമറ സൃഷ്ടിക്കുന്ന തരത്തിലുള്ള ചർച്ചകളാണ് ഐ.ജി.എസ്.ടി.-യുടെ കാര്യത്തിൽ ഇവിടെ നടന്നത്. അതിനുവേണ്ടി പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ആരംഭ ഘട്ടത്തിൽ ഇതുസംബന്ധിച്ച് ഒരു നിയമവും ഉണ്ടായിരുന്നില്ല. പിന്നീട് ഇതുസംബന്ധിച്ച നിയമങ്ങളും സോഫ്റ്റ്‌വെയറുകളും ആദ്യം വന്നത് കേരളത്തിലായിരുന്നു. അതിനുശേഷമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം ഏജൻസികൾ ശക്തിപ്പെടുത്തുന്നത്. ഇപ്പോൾ അതുമായി സംയോജിച്ചാണ് കാര്യങ്ങൾ ചെയ്യുന്നത്. പല വിഷയങ്ങളിലും നമ്മൾ ആദ്യം ചെയ്യുന്ന കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റ് ഫോളോ ചെയ്യുന്നുണ്ട്. ഐ.ജി.എസ്.ടി. സംബന്ധിച്ച്

ലീക്കേജുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അത് എത്രയാണെന്ന് കൃത്യമായി കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. എഴുപത് ശതമാനത്തോളം തുക ഏത് അക്കൗണ്ടിലേയ്ക്കാണ് പോകുന്നതെന്നത് സംബന്ധിച്ചുള്ള കാര്യങ്ങൾ നിലനിൽക്കുന്നുണ്ട്. കോയമ്പത്തൂരിൽ നിന്നും 10,000 രൂപയുടെ സാധനം കേരളത്തിലെ അഡ്രസ്സിൽ വാങ്ങിയാൽ ആ അഡ്രസ്സിൽ ടാക്സ് വരണമെന്നുള്ള ഒരു നിയമം ഉണ്ടാക്കിയിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ ഏറ്റവും കൂടുതൽ ഇടപെടുന്നത് കേരളംതന്നെയാണ്; ഓരോ കമ്മിറ്റിയിലും നിരന്തരമായി ഇടപെടുകയാണ്. സ്വർണ്ണവ്യാപാരത്തിന്റെ കാര്യത്തിൽ ഇടപെട്ടതിന്റെ ഭാഗമായി മുൻ ധനകാര്യ വകുപ്പുമന്ത്രിയുടെ കാലംമുതൽ ഇ-വേ ബില്ലിനുവേണ്ടി ഒരു കമ്മിറ്റിയുണ്ടായിരുന്നു. സ്വർണ്ണത്തിന്റെ ഇൻട്രാ-സ്റ്റേറ്റ് ഇ-വേ ബിൽ അംഗീകരിച്ചിട്ടുണ്ട്; ഈ മാസം ഉത്തരവിറങ്ങും. അന്തർ സംസ്ഥാന സ്വർണ്ണ വ്യാപാരത്തിന് ഇ-വേ ബിൽ വേണമെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും തുക സംബന്ധിച്ച് തീരുമാനമായില്ല. ഇന്റലിജൻസ് വിഭാഗം 2023 ആഗസ്റ്റ് വരെ 1090 കോടി രൂപയുടെ വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. അടയ്ക്ക, പ്ലൈവുഡ് വ്യാപാരവുമായി ബന്ധപ്പെട്ട്

പെരുമ്പാവൂരിൽ 7 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 6 ജ്വവലറികളിൽ സർപ്രൈസ് വിസിറ്റ് നടത്തിയതിന്റെ ഫലമായി 1200 കോടി രൂപയുടെ വെട്ടിപ്പ് വിറ്റുവരവിൽ കണ്ടെത്തിയിട്ടുണ്ട്. ഈ മേഖലയിലെ വെട്ടിപ്പ് കണ്ടുപിടിക്കുക എന്നത് ബുദ്ധിമുട്ടാണ്. പല രേഖകളും പഴയതുപോലെ കണക്കുബുക്കുകളൊന്നുമല്ല. ഇതുസംബന്ധിച്ച രേഖകൾ പരിശോധിക്കുകയെന്നത് ബുദ്ധിമുട്ടാണ്. പരിശോധന സംബന്ധിച്ച എല്ലാ കാര്യങ്ങളും പബ്ലിക്കായി വെളിപ്പെടുത്താനും സാധിക്കില്ല. ഡീസൽ വ്യാപാരത്തിലെ വെട്ടിപ്പിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. അനധികൃത ഡീസൽ വിൽപ്പനയിലൂടെ കോടികളുടെ നികുതി വെട്ടിപ്പ് സംസ്ഥാനത്ത് നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. വെട്ടിപ്പിനെ പ്രോത്സാഹിപ്പിക്കുന്ന നയം ആരും സ്വീകരിക്കരുത്. ഇന്നലെ മൂന്ന് ജില്ലകളിൽ വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. പെരുമ്പാവൂരും കോഴിക്കോട്ടുമാണ് ആദ്യം വെട്ടിപ്പ് കണ്ടെത്തിയത്. അവിടെയുള്ള എം.എൽ.എ.-മാർ ഇക്കാര്യം അറിഞ്ഞുകാണും. സ്വന്തം ആവശ്യത്തിനെന്ന വ്യാജേന പമ്പുടമകൾ മറ്റ് സംസ്ഥാനങ്ങളിലെ ഡീസൽ കമ്പനികളിൽ നിന്നും ഡീസൽ

വാങ്ങിക്കൊണ്ടുവന്ന് മറിച്ച് വിൽക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള പല വെട്ടിപ്പുകളും കണ്ടെത്തിയിട്ടുണ്ട്. ഡീസൽ വിൽപ്പനയുമായി ബന്ധപ്പെട്ട് രണ്ട് തരത്തിലുള്ള വെട്ടിപ്പുകൾ നടത്തുന്നുണ്ട്. ഡീസൽ അല്ലാത്തത് ഡീസൽ ആണെന്ന വ്യാജേന വിൽക്കുന്നവരുണ്ട്. ശ്രീ. രമേശ് ചെന്നിത്തലയുടെ മണ്ഡലത്തിലെ തൃക്കുന്നപ്പുഴയിൽ വ്യാജ ഡീസൽ ഉപയോഗിച്ചതിന്റെ ഫലമായി ബോട്ടിന്റെ എഞ്ചിൻ തകർന്നതായി പരാതി ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ വ്യാജ ഡീസൽ വിൽപ്പന ധാരാളമായി നടക്കുന്നുണ്ട്. മറ്റൊന്ന്, സ്വന്തം ബോട്ടിന് ഉപയോഗിക്കാനാണെന്ന വ്യാജേന ഡീസൽ കൊണ്ടുവന്ന് മറിച്ചുവിൽക്കുന്നവരുണ്ട്; അതും പിടിക്കുന്നുണ്ട്. ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമ്പോൾ ആരും പരാതിയുമായി വരരുത്. കേരളത്തിന്റെ സ്വത്തിനും വസ്തുവിനും കള്ളത്തരം കാണിക്കുന്നവരെ വെറുതെ വിടാൻ സാധിക്കില്ല. അതിനാവശ്യമായ നടപടി ആരംഭിച്ചിട്ടുണ്ട്. നികുതി വകുപ്പ് പുനഃസംഘടിപ്പിച്ചത് സംബന്ധിച്ച് ഇവിടെ പരാമർശിച്ചു. ജി.എസ്.ടി നിയമം നിലവിൽ വന്നതിനുശേഷം ഇന്ത്യയിൽ ആദ്യമായി കേരളമാണ് നികുതി വകുപ്പിനെ സമഗ്രമായി പുനഃസംഘടിപ്പിക്കുന്നത്. അതുസംബന്ധിച്ച്

പഠിക്കാനായി മറ്റ് സ്റ്റേറ്റുകളിൽനിന്നും ആളുകൾ വരുന്നുണ്ട്. പൊതുവിൽ ഇതൊക്കെയാണ് വസ്തുത. സംസ്ഥാനത്തെ വികസനത്തെക്കുറിച്ച് എപ്പോഴും ആവർത്തിക്കേണ്ട കാര്യമില്ല. ഈ സർക്കാർ ഏഴ് വർഷംകൊണ്ട് 16,000 കോടി രൂപയാണ് ലൈഫ് ഭവന പദ്ധതിക്കായി മാത്രം ചെലവഴിച്ചത്. പ്രസ്തുത തുക ഇക്കാര്യത്തിന് ചെലവഴിക്കാതെ മറ്റ് കാര്യങ്ങൾക്ക് ചെലഴിച്ചാൽ ഇത്രയും ബുദ്ധിമുട്ട് വരുമോയെന്ന സംശയമുണ്ടാകാം. ഞങ്ങൾ ഇക്കാര്യത്തിനായി ഇനിയും തുക ചെലവഴിക്കുമെന്ന് മാത്രമല്ല ബാക്കിയുള്ളവർക്കും വീടുവച്ച് നൽകണമെന്നാണ് ആഗ്രഹിക്കുന്നത്. സാധാരണക്കാർക്ക് പെൻഷൻ കൊടുക്കുന്നതിന്റെ കണക്കുകൾ ഇവിടെ സൂചിപ്പിച്ചല്ലോ; യു.ഡി.എഫ്./എൽ.ഡി.എഫ്. കാലഘട്ടങ്ങളിലെ വ്യത്യാസം മനസ്സിലാക്കാൻ കൃത്യമായ കണക്കുകളുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊടുത്തതിന്റെ  എത്രയോ ഇരട്ടി തുകയാണ് ഈ സർക്കാർ പെൻഷനായി കൊടുത്തത്. 36,000 കോടി രൂപയിലധികമാണ് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കൊടുത്തത്.  ഇന്നലത്തെ ചർച്ചയിൽ ബഹുമാന്യരായ അംഗങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ കാര്യം

പരാമർശിച്ചിരുന്നു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് (2011-16) 1543 കോടി രൂപയാണ് പെൻഷൻ വിതരണത്തിന് കൊടുത്തത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് (2016-2021) 4924 കോടി രൂപയും രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് 2021 മുതൽ ഇതുവരെ 4503 കോടി രൂപയും കൊടുത്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഒരു വർഷം പെൻഷൻ കൊടുക്കാതിരുന്നതും ജീവനക്കാരിൽ ചിലർ ആത്മഹത്യ ചെയ്തതും ഓർമ്മയുണ്ടല്ലോ; ആ സമയത്ത് യു.ഡി.എഫ്. ആണ് സംസ്ഥാനം ഭരിച്ചിരുന്നതെന്ന് അറിയാമല്ലോ? അന്ന് സഹകരണ ബാങ്കിൽനിന്നും കൺസോർഷ്യം എടുത്ത് പെൻഷൻ കൊടുത്തതും ബാക്കി കാര്യങ്ങൾ ചെയ്തതും നമുക്കറിയാം. യു.ഡി.എഫ്. കൊടുത്തതിനെക്കാൾ കൂടുതൽ തുകയാണ് ഇപ്പോൾ ക്ഷേമപെൻഷനായി എൽ.ഡി.എഫ്. കൊടുക്കുന്നത്. 18 മാസക്കാലം ക്ഷേമപെൻഷൻ കൊടുക്കാതിരുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ഉച്ചഭക്ഷണത്തിന്റെ കാര്യം ഇവിടെ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി എന്നെ ഓർമ്മിപ്പിക്കുകയായിരുന്നു. പൊതുവിദ്യാഭ്യാസ

ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടില്ലെന്ന തടസ്സവാദമാണ് കേന്ദ്രസർക്കാർ ഉന്നയിച്ചത്. ഈ അക്കൗണ്ടിലേയ്ക്ക് 200 കോടിയിലധികം രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഇന്ന് അതിന്റെ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ തുക അക്കൗണ്ടിൽ നിക്ഷേപിച്ചുവെങ്കിലും കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭിക്കുന്നത് പ്രതീക്ഷിച്ചിരിക്കുന്നതിൽ കാര്യമില്ല; ഉച്ചഭക്ഷണത്തിനുള്ള തുക അഡ്വാൻസായി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇങ്ങനെയെല്ലാം ഓരോ മേഖലയിലും ചെയ്യുകയാണ്; ഇത്തരത്തിൽ ചെയ്യുമ്പോഴും പ്രശ്നങ്ങൾ ഒന്നുമില്ലെന്നല്ല സൂചിപ്പിക്കുന്നത്. മലപ്പുറത്ത് ഒരു എൻ.എച്ച്. വരുന്നത് സംബന്ധിച്ച് പരാമർശമുണ്ടായല്ലോ. പ്രസ്തുത റോഡ് മാത്രമല്ല, തീരദേശ ഹൈവേ, നാഷണൽ ഹൈവേ, മലയോര ഹൈവേ, എം.സി. റോഡ്, ഇന്റേണൽ റോഡുകൾ എന്നിവയെല്ലാം വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എൻ.എച്ച്. 30 മീറ്ററിൽ വികസിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തിട്ടും നടപ്പിലാകാത്ത ഒരു സാഹചര്യമായിരുന്നു മുമ്പുണ്ടായിരുന്നത്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഇക്കാര്യങ്ങളെല്ലാം നന്നായി

ചെയ്യാൻ സാധിച്ചത്. മലപ്പുറം ജില്ലയിൽ മാത്രം രണ്ടായിരത്തോളം കോടി രൂപയാണ് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി നൽകിയത്. ഏറ്റവും കൂടുതൽ നാഷണൽ ഹൈവേ കടന്നുപോകുന്ന ജില്ലയാണത്. അവിടെ മാത്രമല്ല, എല്ലാ ജില്ലകളിലും തുക നൽകുകയുണ്ടായി. സ്കൂളുകൾ വരുന്നത് വലിയ കാര്യമാണോയെന്നാണ് ഇവിടെ പരാമർശിച്ചത്. സ്കൂളുകൾ വളരെ നന്നായി വന്നുവെന്നത് നമ്മളെല്ലാം അംഗീകരിക്കുന്നതാണ്. സ്കൂളുകളെക്കുറിച്ച് എല്ലാവർക്കും അഭിമാനത്തോടെ സംസാരിക്കാം. സ്കൂളുകളുടെ കാര്യത്തിൽ മാത്രമല്ല; നമ്മുടെ ഏറ്റവും വലിയ സ്വപ്നമാണ് വാട്ടർ മെട്രോ. വാട്ടർ മെട്രോയ്ക്കുവേണ്ടി വലിയ തുകയാണ് ചെലവഴിച്ചത്. വാട്ടർ മെട്രോയെന്ന് പറയുന്നത് ഇന്ത്യയിൽ ആദ്യത്തേതാണ്; ഏഷ്യൻ രാജ്യങ്ങളിൽ എവിടെയെങ്കിലും ഉണ്ടോയെന്നറിയില്ല. അതുപോലെ ഡിജിറ്റൽ സയൻസ് പാർക്ക് ഏഷ്യയിലെ ആദ്യത്തേതാണ്. ഓരോ സ്ഥലത്തും പദ്ധതികൾ വന്നതിന്റെ കാര്യങ്ങൾ ഞാൻ എടുത്തുപറയുന്നില്ല. ഈ പദ്ധതികളും വികസനവുമെല്ലാം പുരോഗമിക്കുകയാണ്. ജനങ്ങൾക്കുവേണ്ടി ഓരോ മേഖലയിലും നൽകുന്ന തുക യാതൊരു കാരണവശാലും കുറയ്ക്കാൻ

തീരുമാനിച്ചിട്ടില്ല. സമയക്കുറവുകാരണം കൂടുതലൊന്നും വിശദീകരിക്കുന്നില്ല, പല കാര്യങ്ങളും ഞാൻ ചുരുക്കുകയാണ്. ഇവിടെ ചർച്ചയുടെ സ്വഭാവം പരിശോധിക്കുമ്പോൾ, കേന്ദ്രസർക്കാരിനെതിരെ ശക്തമായി അഭിപ്രായം പറയുമെന്നാണ് അടിയന്തരപ്രമേയാവതാരകൻ സൂചിപ്പിച്ചത്. മഹാഭാരതത്തിൽ ഒരു പ്രധാന രംഗമുണ്ട്; അതിൽ 'അശ്വാത്ഥാമാ ഹതഃ കുഞ്ജരഃ' എന്നുപറയുന്നുണ്ട്. കാരണം, അശ്വത്ഥാമാവ് മരിച്ചുവെന്ന് അറിഞ്ഞാലേ അദ്ദേഹത്തിന്റെ പിതാവായ ദ്രോണാചാര്യൻ ആയുധം താഴെ വയ്ക്കുകയുള്ളൂ. യഥാർത്ഥത്തിൽ അശ്വത്ഥാമാവ് മരിച്ചില്ല. അശ്വത്ഥാമാവ് എന്നൊരു ആനയുണ്ട്. ആ ആനയെ കൊന്നതിനുശേഷമാണ് അശ്വാത്ഥാമാ ഹതഃ കുഞ്ജരഃ എന്ന് പറയുന്നത്. സത്യമാണോ പറഞ്ഞത്? ധർമ്മപുത്രർ കള്ളം പറയില്ലല്ലോ; പാവം ദ്രോണാചാര്യർ ആയുധം താഴെ വച്ചു. ഇത്തരം കഥകൾ പ്രതിപക്ഷത്തിന് മനസ്സിലാകില്ല. ആരാണ് ധർമ്മപുത്രർ എന്ന് ശ്രീ. കെ. സി. ജോസഫ് പറഞ്ഞിട്ടും മനസ്സിലായില്ലേ? ഉമ്മൻ ചാണ്ടിയുടെ പേരിൽ കേസ്സെടുത്തതിനുപിന്നിൽ ആരെല്ലാമുണ്ടെന്ന് ശ്രീ. കെ. സി. ജോസഫ് ഇന്ന് രാവിലെ സൂചിപ്പിച്ചതുകൊണ്ട് അക്കാര്യങ്ങൾ

ആവർത്തിക്കേണ്ട ആവശ്യമില്ല. കേന്ദ്രമന്ത്രി ശ്രീ. വി. മുരളീധരൻപോലും ഇത്രയും ശക്തമായി കേന്ദ്ര ഗവൺമെന്റിനുവേണ്ടി വാദിക്കുന്നില്ലല്ലോ? ഞങ്ങൾ കേരളത്തിലാകെ കുഴപ്പമുണ്ടാക്കിക്കൊണ്ടിരിക്കുന്നുവെന്ന അർത്ഥത്തിലാണ് എല്ലാം വാദിച്ച് അവസാനിപ്പിച്ചത്. അങ്ങനെ വാദിച്ച് അവസാനിപ്പിക്കേണ്ട അവസ്ഥയാണോ വേണ്ടത്? എം.പി.-മാരുടെ കാര്യത്തിൽ ശ്രീ. റോജി എം. ജോണും മുൻ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയും പറഞ്ഞു.

ശ്രീ. റോജി എം. ജോൺ: സർ, ......

Mr. Speaker: Shri. Roji M John, he is not yielding. .....please....please....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പ്രതിപക്ഷം ഉന്നയിച്ച എല്ലാ കാര്യങ്ങൾക്കും ഞാൻ മറുപടി നൽകിയതിനുശേഷം നിങ്ങൾക്ക് സംസാരിക്കാം. പ്രതിപക്ഷത്തിനെ വിളിക്കേണ്ട രീതിയിൽ വിളിച്ചില്ലെന്നാണ് മുൻ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചത്. എം.പി.മാരുടെ കോൺഫറൻസ് നടന്നതിന്റെ മിനിട്ട്സ് എന്റെ കൈയിലുണ്ട്. അതിൽ

ആദ്യം മുഖ്യമന്ത്രി സംസാരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിനുശേഷം ധനകാര്യത്തെപ്പറ്റിയും സംസാരിച്ചു. ഓൺലൈൻ മീറ്റിംഗാണ് ആ ദിവസം വിളിച്ചത്. ഓൺലൈൻ മീറ്റിംഗായതുകൊണ്ട് ആരെങ്കിലും സംസാരിക്കാതിരുന്നോ? ശ്രീ. രമേശ് ചെന്നിത്തല എം.പി.-യായിരുന്ന അംഗംകൂടിയാണ്. അദ്ദേഹം പാർലമെന്റിലേയ്ക്ക് പോകാനുള്ള സാധ്യത ഇപ്പോഴുമുണ്ട്; അത്തരത്തിലുള്ള ചർച്ചകൾ നടക്കുന്നുണ്ട്. ദീർഘകാലം പാർലമെന്റംഗമായിരുന്ന അദ്ദേഹം പറഞ്ഞത് ബാലഗോപാൽ വിളിക്കേണ്ടതുപോലെ വിളിക്കണമെന്നാണ്. നമ്മൾ ഏതെങ്കിലും കല്ല്യാണത്തിനോ സദ്യയിലോ പങ്കെടുക്കുന്നതിനായി വിളിക്കുകയല്ലല്ലോ? കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ ഉന്നയിക്കാൻവേണ്ടിയാണ് അവിടെ പോകാൻ തീരുമാനിച്ചത്. നമ്മൾ എത്രയോ തവണ ഒരുമിച്ച് പോയിട്ടുണ്ട്, ഇവിടെയിരിക്കുന്ന പല അംഗങ്ങളും അന്ന് എം.പി.-മാരായിട്ടുണ്ടായിരുന്നു. കൊച്ചി മെട്രോയുടെ കാര്യത്തിലും പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട പരിസ്ഥിതിയുടെ കാര്യത്തിലും നമ്മളെല്ലാം ഒരുമിച്ച് സമരം നടത്തിയിട്ടില്ലേ; നമ്മൾ സഭയ്ക്കകത്ത് അങ്ങോട്ടുമിങ്ങോട്ടും ഫൈറ്റ് ചെയ്യുമ്പോൾതന്നെ

കേരളത്തിന്റെ പ്രശ്നങ്ങൾക്കുവേണ്ടി പ്ലക്കാർഡുകളുമായി പാർലമെന്റിൽ ഒരുമിച്ച് നിന്നിട്ടില്ലേ; അതിൽ സംശയമുണ്ടോ? പക്ഷെ, നിങ്ങൾ ഇക്കാര്യം പറഞ്ഞില്ലായെന്ന് മാത്രമല്ല, നിങ്ങൾ എന്താണവിടെ ചെയ്തത്? മണിപ്പൂർ കത്തി നിൽക്കുമ്പോൾ കേരളത്തിൽനിന്നുള്ള എം.പി.യായ ശ്രീ. ബെന്നി ബഹനാൻ കേരളത്തിലെ പോലീസ് സംവിധാനത്തെക്കുറിച്ചുള്ള കുറ്റമാണ് പറഞ്ഞത്. കൊല്ലം ജില്ലയിൽ നിന്നുള്ള പാർലമെന്റംഗം സംസാരിച്ചത് ഐ.ജി.എസ്.ടി. വാങ്ങിയതിനുശേഷം കേരളത്തിൽ എന്തൊക്കെയോ കുഴപ്പമുണ്ടെന്നാണ്; അല്ലാതെ കേരളത്തിന് അർഹതപ്പെട്ട തുകയെപ്പറ്റിയല്ല സംസാരിച്ചത്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിപോലും ഇങ്ങനെ പറയുമെന്ന് എനിക്ക് തോന്നുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേരളത്തിൽനിന്നും ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ട

എം.പി.മാരെ തുടർച്ചയായി അവഹേളിക്കുകയാണ്. മാത്രമല്ല, അവർ പാർലമെന്റിൽ നടത്തിയ പ്രസംഗങ്ങളെപ്പറ്റി ഈ സഭയ്ക്കകത്ത് അധിക്ഷേപകരമായി സംസാരിക്കുന്നത് ഓർഡറിലാണോ? രണ്ട്, ലോക്സഭാ സ്പീക്കറും കേന്ദ്ര മന്ത്രിസഭാംഗങ്ങളും പ്രമേയം അവതരിപ്പിച്ചതിനെത്തുടർന്ന് എത്രയോ തവണ കേരളത്തിലെ പാർലമെന്റ് അംഗങ്ങൾ സസ്പെൻഡ് ചെയ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി നിരന്തരം പോരാടുന്ന കേരളത്തിലെ എം.പി.മാരെയല്ലേ സസ്പെൻഡ് ചെയ്യുന്നത്? ഒരു പോയിന്റുകൂടി ഞാൻ സൂചിപ്പിക്കാം; നിവേദനം കൊടുക്കാൻ ഗവൺമെന്റ് ക്ഷണിച്ചുവെന്ന് പറയുന്നതുമായി ബന്ധപ്പെട്ടതാണത്. ഒരു യോഗം വിളിച്ചുചേർത്ത് നമുക്ക് കേന്ദ്ര ഗവൺമെന്റിൽ നിവേദനം കൊടുക്കാമെന്ന് താങ്കൾ പറഞ്ഞോ? താങ്കൾക്ക് നിവേദനം കൊടുക്കാൻ സാധിച്ചോ? രാജ്യസഭാംഗമായ ശ്രീ. എളമരം കരീം കേരളത്തിലെ ലോക്സഭാംഗങ്ങളുടെയും രാജ്യസഭാംഗങ്ങളുടെയും അടുത്തുചെന്ന് ഇതിൽ ഒപ്പിട്ടുതരണമെന്ന് സൂചിപ്പിച്ചപ്പോൾ, അത് സംസ്ഥാനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ

മുഖ്യമന്ത്രിയോ ധനകാര്യ വകുപ്പുമന്ത്രിയോ സംസാരിച്ചാൽ ഞങ്ങൾ ഒപ്പിടാമെന്ന് പറഞ്ഞു. മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും ഡൽഹിയിൽ പോകുമ്പോൾ ഒരു എം.പി.യെ മാത്രമെ കൂടെ കൊണ്ടുപോകുകയുള്ളൂ...

(ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുന്നുണ്ട്. എല്ലാവരും പ്രതിപക്ഷനേതാവല്ല, മറ്റംഗങ്ങൾ സംയമനം പാലിക്കണം പ്ലീസ്.

ശ്രീ. വി. ഡി. സതീശൻ: സർ, അതുകൊണ്ട് ഈ ഹൗസിലിരുന്ന് കേരളത്തിൽനിന്നും ജനപ്രതിനിധികളായി പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട എം.പി.മാരെ അധിക്ഷേപിക്കുന്നത് ശരിയല്ല. പാർലമെന്റ് തെരഞ്ഞെടുപ്പാണ് വരാൻ പോകുന്നത്, ഇക്കാര്യങ്ങൾ നിങ്ങളിവിടെ പറയുന്നതുകൊണ്ട് അവർക്ക് ഒരു കുഴപ്പവും സംഭവിക്കാൻ പോകുന്നില്ല. ലക്ഷക്കണക്കിന് വോട്ടുകളുടെ ഭൂരിപക്ഷത്തോടെ അവർ തിരിച്ചുവരും. ഇത്തരത്തിൽ ഈ എം.പി.മാരെ അധിക്ഷേപിക്കരുത്, ഇത് കേരളചരിത്രത്തിൽ ആദ്യമായിട്ടാണ്. നിയമസഭയിൽ തുടർച്ചയായി

എം.പി.മാരെ അധിക്ഷേപിക്കുന്നത് ഓർഡറിലാണോയെന്നതാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, റൂളിംഗ് നൽകുന്നതിന് മുമ്പ് ഒരു കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. സംസ്ഥാന സർക്കാർ വിളിച്ചുചേർത്ത എം.പി.മാരുടെ യോഗത്തിൽവച്ചാണ് ഏറ്റവും ഒടുവിൽ നടന്ന പാർലമെന്റ് സമ്മേളനത്തിൽ കേരളത്തിൽനിന്നുള്ള പാർലമെന്റ് അംഗങ്ങൾ സംയുക്തമായി നിവേദനം കൊടുക്കാൻ തീരുമാനിച്ചത്. അതിൽ ഒരു നിർദ്ദേശം മുന്നോട്ടുവച്ചിരുന്നു. ആ നിർദ്ദേശത്തിൽ കക്ഷി-രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ അംഗങ്ങളും യോജിപ്പ് പ്രകടിപ്പിച്ചു. എന്റെ ഓർമ്മ ശരിയാണെങ്കിൽ, ശ്രീ. ബെന്നി ബഹനാൻ എം.പി.യാണ് നമുക്കെല്ലാവർക്കുംകൂടി ഒരുമിച്ച് നിവേദനം കൊടുക്കാമെന്ന് പറഞ്ഞ് ആദ്യം മുന്നോട്ടുവന്നത്. അങ്ങനെ ആ നിർദ്ദേശം പൊതുവെ എല്ലാവരും അംഗീകരിച്ചു. പക്ഷെ, ആരും നിവേദനം ഒപ്പുവയ്ക്കാൻ തയ്യാറായില്ല എന്നുമാത്രമല്ല ഒന്നിച്ച് പോകാനും തയ്യാറായില്ല; ഇതാണ് വസ്തുത. (ബഹളം.....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ....

ശ്രീ. പിണറായി വിജയൻ: സർ, നിവേദനത്തിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ ഒപ്പിടുന്ന സന്ദർഭത്തിൽ സൂചിപ്പിക്കാമല്ലോ; പക്ഷെ, ഒപ്പിട്ടില്ലല്ലോ. നിവേദനം തയ്യാറാക്കിയതിലെ അപാകതയല്ല സൂചിപ്പിച്ചത്. ഈ നിവേദനത്തിൽ അപാകതയുണ്ടെന്നും ഇതിലെ ഇന്നഭാഗം ശരിയല്ലെന്നുമുള്ള വാദത്തിലേയ്ക്കും പോയില്ല. യഥാർത്ഥത്തിൽ സംഭവിച്ചത് ഒപ്പിടാൻ സന്നദ്ധമല്ലെന്ന നിലപാടാണ്. അങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ പാടുണ്ടോ? അങ്ങനെയൊരു നിലപാട് സ്വീകരിച്ചതാണ് പ്രശ്നം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇപ്പോൾ പോയിന്റ് ഓഫ് ഓർഡർ എന്ന നിലയിൽ പ്രശ്നം ഉന്നയിച്ചുവല്ലോ. ഞങ്ങളെല്ലാം പാർലമെന്റ് അംഗങ്ങളായിരുന്നു. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ ഏതെങ്കിലും പൊതുനിവേദനങ്ങളുണ്ടെങ്കിൽ അത് തയ്യാറാക്കി ഒപ്പിടുന്നതിനായി

കൊണ്ടുവന്നിരുന്നത് ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. ആയിരുന്നു. അതോടൊപ്പംതന്നെ അന്ന് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി അവിടെ വരുമ്പോൾ, കോൺഗ്രസ് പാർട്ടിയുടെ ഏതെങ്കിലും എം.പി.ആയിരുന്നു അദ്ദേഹത്തെ അനുഗമിച്ചിരുന്നത്. അല്ലാതെ ഞങ്ങളെ ആരെയും ഒരു സന്ദർഭത്തിലും വിളിച്ചിട്ടുമില്ല, ഞങ്ങളാരും പോയിട്ടുമില്ല. നിങ്ങൾക്ക് അവിടത്തെ രീതിയെപ്പറ്റി അറിയാത്തതുകൊണ്ടാണ്. ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് ചിലപ്പോൾ അറിയാമായിരിക്കും. എല്ലാ എം.പി.മാരെയും കൊണ്ടുപോകുന്നത് പൊളിറ്റിക്കൽ ഡെലിഗേഷനാണ്. യഥാർത്ഥത്തിൽ വസ്തുതകൾക്ക് നിരക്കാത്ത കാര്യങ്ങളാണ് ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, സാധാരണ എല്ലാ പാർലമെന്റ് സെഷനുമുമ്പും കേരള സർക്കാർ വിശദമായ ചർച്ച നടത്താറുണ്ട്. എന്താണ് കേരളത്തിന്റെ വിഷയമെന്നും പാർലമെന്റിൽ നമ്മുടെ പ്രയോരിറ്റി എന്താണെന്നുമുള്ള ചർച്ചയിൽ എല്ലാ എം.പി.മാരും ഹാജരാകാറുണ്ട്. കഴിഞ്ഞ കുറേ നാളുകളായി ഗൂഗിൾ മീറ്റിംഗാണ് നടക്കുന്നത്. പ്രധാന വിഷയങ്ങളുമായി ബന്ധപ്പെട്ട് ഒരു കമ്മ്യൂണിക്കേഷനും സംസ്ഥാന സർക്കാർ

നടത്താറില്ല. കേരളത്തിൽനിന്നുള്ള എല്ലാ എം.പി.മാരും ഈ സംസ്ഥാനത്തെ ബാധിക്കുന്ന എന്തെല്ലാം വിഷയങ്ങൾ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്താൻ ഞങ്ങൾ തയ്യാറാണ്. ഈ ചർച്ചയെ രാഷ്ട്രീയമാക്കി മാറ്റുന്നതുകൊണ്ടാണ് ഇക്കാര്യം പരാമർശിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, മുമ്പ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ കാലത്ത് ജി.എസ്.ടി.-യുമായും ലോട്ടറിയുമായും ബന്ധപ്പെട്ട ചില കാര്യങ്ങൾ സംബന്ധിച്ച് പ്രതിപക്ഷനേതാവുമായി ആദ്യം ആലോചന നടത്തുകയാണ് ചെയ്തിരുന്നത്. അക്കാര്യത്തെക്കുറിച്ച് ധനകാര്യ മന്ത്രിക്ക് റെക്കോർഡുകൾ പരിശോധിക്കാവുന്നതാണ്. അങ്ങനെ പ്രതിപക്ഷനേതാവ് എം.പി.മാരെ കോ-ഓർഡിനേറ്റ് ചെയ്ത് മുന്നോട്ട് കൊണ്ടുപോയിട്ടുള്ള എത്രയോ സന്ദർഭങ്ങളുണ്ട്. അത്രയ്ക്ക് ഗുരുതരമായ വിഷയമാണെങ്കിൽ അങ്ങേയ്ക്ക് എന്തുകൊണ്ട് പ്രതിപക്ഷനേതാവുമായി സംസാരിച്ചുകൂടാ? അല്ലെങ്കിൽ പ്രതിപക്ഷനേതാവ് വേണമെന്നില്ല, എം.പി.മാരുമായി സംസാരിക്കാനുള്ള

സംവിധാനം എന്തുകൊണ്ട് ഏർപ്പെടുത്തിക്കൂടാ? അങ്ങനെയാണ് ഡോ. ടി. എം. തോമസ് ഐസക് ചെയ്തിരുന്നത്. അദ്ദേഹം എത്രയോ സന്ദർഭങ്ങളിൽ അത്തരം കാര്യങ്ങളിൽ ഞങ്ങളുടെ സഹായം തേടിയിട്ടുണ്ട്. ഞങ്ങൾ സഹകരിച്ചിട്ടുമുണ്ട്. കേരളത്തിന്റെ പൊതുതാൽപര്യത്തിന്റെ കാര്യത്തിൽ പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമില്ലാതെ ഞങ്ങൾ ഒരുമിച്ചുതന്നെ പോയിട്ടുണ്ട്. നാളെയും അങ്ങനെതന്നെ പോകണമെന്നാണ് എന്റെ അഭിപ്രായം.

4.00PM]

ശ്രീ. പിണറായി വിജയൻ: സർ, പറയേണ്ടി വന്നതിൽ ദുഃഖവും വേദനയുമുണ്ട്. അദ്ദേഹം പറഞ്ഞതിന്റെ പൊരുളെന്താണ്; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രതിപക്ഷനേതാവുമായി സംസാരിക്കാത്തതുകൊണ്ടാണ് പാർലമെന്റ് അംഗങ്ങൾ ഇങ്ങനെയൊരു നിലപാടിലേയ്ക്ക് വരാതിരുന്നത് എന്നാണ്. അങ്ങനെയൊരു നിലപാട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എടുത്തിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗമധ്യേ സൂചിപ്പിച്ച കാര്യം ആക്ഷേപകരമായിട്ടല്ല, പ്രസംഗമധ്യേ പരാമർശിച്ചു എന്നുമാത്രമെയുള്ളൂ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാന്യരായ എം.പി.-മാരുടെ യോഗത്തിലെ തീരുമാനങ്ങൾ ഞാനിവിടെ വായിക്കാം. ഒന്ന്, സംസ്ഥാനത്തിന്റെ വായ്പാ പരിധി വെട്ടിച്ചുരുക്കാനുള്ള നീക്കത്തിൽനിന്നും പിന്തിരിയുന്നതിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുക. രണ്ട്, ജി.എസ്.റ്റി. നഷ്ടപരിഹാര കാലാവധി നീട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക. മൂന്ന്, സംസ്ഥാന വിഷയങ്ങളിൽ കേന്ദ്രം നടത്തുന്ന നിയമനിർമ്മാണ നടപടികൾക്കെതിരെ പാർലമെന്റിൽ ശക്തമായി എതിർക്കുക. വിമാനയാത്ര, റെയിൽവേ തുടങ്ങി ഇതുപോലെ ഇനിയും നിരവധി കാര്യങ്ങളുണ്ട്, ഇക്കാര്യങ്ങളിലെല്ലാം തീരുമാനമെടുത്തതാണ്. ശ്രീ. ജയറാം രമേശ് വാശിയേറിയ ചർച്ച നടത്തുന്നൊരു മന്ത്രിയാണ്. അദ്ദേഹം കേന്ദ്രമന്ത്രിയായിരിക്കുമ്പോൾ പരിസ്ഥിതി വിഷയങ്ങളിൽ ഡെലിഗേഷൻ വിളിക്കുമ്പോൾ ഞങ്ങൾ ഒരുമിച്ച് പോകാറുണ്ട്, ഒരുമിച്ച്

സമരവും നടത്തിയിട്ടുണ്ട്. എനിക്ക് ഇന്നത്തെ അടിയന്തരപ്രമേയത്തിന്റെ നോട്ടീസ് കണ്ടപ്പോൾ ഒരുകാര്യം മനസ്സിലായി. കേരളത്തിലെ ജനങ്ങളുടെ മുന്നിൽ യു.ഡി.എഫ്.-ന്റെ 18 എം.പി.-മാരും എക്സ്പോസ്ഡ് ആയിട്ടുണ്ട്. ഒരു ഒപ്പിടാൻപോലും അവർ തയ്യാറായില്ല എന്നത് ജനങ്ങൾക്ക് മനസ്സിലായിട്ടുണ്ട്. ഇവിടെ ഞങ്ങളിപ്പോൾ ബി.ജെ.പി.-യെ സംബന്ധിച്ചോ കേന്ദ്ര മന്ത്രിമാരെ സംബന്ധിച്ചോ വിമർശിക്കുമ്പോൾ അതൊരു പാർലമെന്റ് അംഗത്തിന്റെ പ്രിവിലേജിന്റെ പ്രശ്നമല്ലല്ലോ; ഇത് നയത്തെ സംബന്ധിച്ചുള്ളതാണ്. നമുക്കിവിടെ പരാമർശിക്കേണ്ട ധാരാളം കാര്യങ്ങളുണ്ട്. ഇങ്ങനെയൊരു ചർച്ചയുടെ സമയത്ത് നമുക്കെല്ലാ കാര്യങ്ങളും ചർച്ച ചെയ്ത് അവസാനിപ്പിക്കാൻ കഴിയില്ല. പൊതുവിൽ നാം മനസ്സിലാക്കേണ്ടതാണ് എന്നുള്ളതുകൊണ്ട് ഒരുകാര്യം സൂചിപ്പിക്കാം. കേരളത്തിൽ നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ വ്യത്യസ്തമായി ബി.ജെ.പി. ഗവൺമെന്റ് വന്നതിനുശേഷം, ഏത് സംസ്ഥാന ഗവൺമെന്റായാലും ഏത് സംസ്ഥാനമായാലും ജി.എസ്.റ്റി. വരുന്നതിനുമുമ്പ് നമ്മുടെ ടാക്സ് റവന്യൂ ന്യൂട്രൽ റേറ്റ് 16 ശതമാനം ആയിരുന്നു. 100 രൂപയുടെ

സാധനം വിറ്റാൽ 15, 16 രൂപ ടാക്സ് ഉണ്ടായിരുന്നു. ഇവർ വന്നതിനുശേഷം അത് 11 ശതമാനമാക്കി. ആകെ ടാക്സിന്റെ കാര്യത്തിൽ മൂന്നിലൊന്ന് വ്യത്യാസം വന്നു. സംസ്ഥാനങ്ങളുടെ വരുമാനത്തിനകത്ത് ഏറ്റവും വലിയ തെറ്റെന്താണ്? റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നൽകിയത് എന്തുകൊണ്ടാണ്? റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നൽകുന്നതിനുമുമ്പ് വേറൊരുകാര്യംകൂടി ചെയ്തു. നമ്മൾ അടിസ്ഥാനപരമായി കണക്കാക്കിയിരുന്നത് 1971-ലെ ജനസംഖ്യ ആയിരുന്നു. 1971-ൽ എല്ലാ സംസ്ഥാനങ്ങളും ഒരു കരാർ വച്ചു. ഞങ്ങൾ കുടുംബാസൂത്രണംവഴി ജനസംഖ്യ കുറയ്ക്കാം, പക്ഷെ, ആ ജനസംഖ്യ കുറഞ്ഞു എന്നുപറഞ്ഞ് പിന്നീട് മാറ്റാൻ പാടില്ല. ഇത് കോൺഗ്രസ് ഗവൺമെന്റ് ഒരിക്കലും മാറ്റിയിട്ടില്ല. ഇതൊരു സീരിയസ് പൊളിറ്റിക്കൽ പ്രശ്നമാണ്, ഭാവിയിൽ ഇന്ത്യ നേരിടാൻ പോകുന്ന പ്രശ്നമാണ്. ഇവിടെ ആദ്യമായി 2011-ലെ ജനസംഖ്യവച്ച് ഡിവൈഡ് ചെയ്യാൻ തീരുമാനിച്ചു. വലിയ തോതിൽ കുറവ് വന്നു. ഈ പ്രതിഷേധം ശക്തമായി വന്നപ്പോഴാണ് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് വന്നത്. അങ്ങനെ കുറച്ചപ്പോഴുണ്ടായ പ്രശ്നമെന്താണെന്നുവച്ചാൽ, നമുക്ക് ലഭിച്ചുകൊണ്ടിരുന്ന 3.95

ശതമാനത്തിൽനിന്നും കുറച്ചുകുറച്ച് ഏറ്റവും ഒടുവിൽ 2.5 ശതമാനമായി. ഇതൊരു ചെറിയ പ്രശ്നമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, പ്ലീസ് കൺക്ലൂഡ്. ഇനി മൂന്ന് ബില്ലുകൾ പരിഗണിക്കാനുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് ഇനിയുണ്ടാകാൻ പോകുന്നൊരു പ്രശ്നമാണ്. ഇതുപോലൊരു പവിത്രമായ വേദിയിലാണല്ലോ ഇക്കാര്യങ്ങൾ പരാമർശിക്കേണ്ടത്. ഇത് കേരളത്തിന്റെ ഫിനാൻസിന്റെ പ്രശ്നമാണ്, കേരളത്തിലെ ജനങ്ങളുടെ പ്രശ്നമാണ്. എന്താണ് പ്രശ്നമെന്നുപറഞ്ഞാൽ, കോൺസ്റ്റിറ്റ്യൂഷണലായി പാർലമെന്റംഗങ്ങളുടെ പുനഃസംഘടനയുടെ സമയം ആകുന്നുണ്ട്. 2026-ൽ പുനഃസംഘടന വരും. പുനഃസംഘടന വരുമ്പോൾ 2011-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പാർലമെന്റ് അംഗങ്ങളെ തീരുമാനിച്ചാൽ 80 സീറ്റുള്ള സംസ്ഥാനത്തിന് 120 സീറ്റ് ലഭിക്കും. 20 സീറ്റുള്ള കേരളത്തിന്റേത് ചിലപ്പോൾ പന്ത്രണ്ടോ പതിനാലോ ആയി കുറയും. എന്നുപറഞ്ഞാൽ equilibrium in finances മാത്രമല്ല, equilibrium in national politics, representation of the state and

states in the country will be affecting. അതൊരു ചെറിയ പ്രശ്നമല്ല. Political equilibrium മാത്രമല്ല, ഒരു സംസ്ഥാനം എന്ന നിലയിൽ ഫെഡറലിസത്തിനകത്ത് നിന്നുകൊണ്ട് സംസാരിക്കുന്ന ഒരു സംസ്ഥാനത്തിന്റെ പ്രശ്നമാണ്. അവിടെ അവരത് കുറച്ചപ്പോൾ 'കുറച്ചോട്ടെ, കുറച്ചോട്ടെ' എന്ന സമീപനമാണ് സ്വീകരിച്ചത്. 'മകൻ ചത്താലും വേണ്ടില്ല മരുമകളുടെ കണ്ണീർ കണ്ടാൽമതി' എന്നുപറയുന്നൊരു സമീപനമല്ല വേണ്ടത്, യഥാർത്ഥത്തിൽ ആ സമീപനമാണ് സ്വീകരിക്കുന്നത്. ക്ലിഫ് ഹൗസിലെ പശുവരെ മാർക്സിസ്റ്റാണെന്നാണ് ഇവിടെ പരാമർശിക്കുന്നത്. കാരണം, ക്ലിഫ് ഹൗസിലെ എരുത്തിലിന് മേൽമൂടിയിട്ടു. അതുപോലെ നീന്തൽക്കുളം കെ. കരുണാകരന്റെ കാലത്ത് നിർമ്മിച്ചതാണ്. പ്രസ്തുത നീന്തൽക്കുളത്തിന്റെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസിനുവേണ്ടി രണ്ടോ മൂന്നോ നാലോ ലക്ഷം രൂപ വേണം. രാജസ്ഥാനിലും ആസ്സാമിലും എത്ര ഹെലികോപ്റ്ററും വിമാനവുമുണ്ട്; കേരളത്തിൽ അങ്ങനെ ഹെലികോപ്റ്ററൊന്നും വാങ്ങാൻ തീരുമാനിച്ചിട്ടില്ല. ഹെലികോപ്റ്ററിൽ എല്ലാ ദിവസവും പോയിക്കൊണ്ടിരിക്കുകയാണോ; രോഗികൾക്ക് ഹൃദയം

മാറ്റി വയ്ക്കപ്പെടുന്ന അവസരത്തിൽ ഹൃദയം കൊണ്ടുവരാനും മറ്റുമുള്ള കാര്യങ്ങൾക്കും ഹെലികോപ്റ്റർ ഉപയോഗിക്കുന്നുണ്ട്. ശ്രീ. എ. കെ. ആന്റണി സത്യപ്രതിജ്ഞ ചെയ്യാൻ വന്നതിനെക്കുറിച്ച് ഓർമ്മിപ്പിക്കേണ്ടതില്ലല്ലോ; അന്നത്തെക്കാലത്ത് ഒരു കോടി രൂപയോ എൺപത് ലക്ഷം രൂപയോ ആയില്ലേ; എല്ലാവരും ബഹുമാന്യൻ എന്നുപറയുന്ന കെ. കരുണാകരനെ താഴെയിറക്കാൻവേണ്ടി വന്നത് ഓർമ്മയുണ്ടല്ലോ; ഞാൻ അത്തരം രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഇത് ഇങ്ങനെയുള്ള ചർച്ചയല്ല. കേരളത്തിന്റെ പൊതുവായ പ്രശ്നം വരുമ്പോൾ ഇവിടെ ധൂർത്താണ്, അഴിമതിയാണ് എന്നൊക്കെ പറയുകയാണ്. എന്ത് അഴിമതിയും ധൂർത്തുമാണ് നടക്കുന്നത്? അങ്ങനെ അഴിമതിയും ധൂർത്തുമൊന്നും നടക്കുന്നില്ല. ഇപ്പോൾ നമുക്ക് ലഭിക്കാനുള്ള, ഈ വർഷവും നമുക്ക് നേരത്തെ എടുക്കാൻ പറ്റുന്ന ഏതെങ്കിലുമൊരു ലോണെടുത്താൽ, 10,000 കോടി രൂപ പെൻഷൻ കമ്പനിക്കും കിഫ്ബിക്കുംവേണ്ടി എടുത്താൽ വെട്ടിക്കുറയ്ക്കുകയാണ്. നമുക്കെല്ലാം വെട്ടിക്കുറയ്ക്കുകയാണ്. ശമ്പളം കൊടുക്കുന്നത് വെട്ടിക്കുറയ്ക്കണമെന്ന് പറഞ്ഞ ആളുകളാണ്

അപ്പുറത്തിരിക്കുന്നത്. ഈ ഗവൺമെന്റ് ശമ്പളപരിഷ്കരണം നടപ്പിലാക്കുകയും കെ.എസ്.ആർ.ടി.സി.-ക്ക് നൽകേണ്ട തുക നൽകുകയും ചെയ്തു. നമുക്ക് ന്യായമായി ലഭിക്കേണ്ട, കഴിഞ്ഞ തവണയുണ്ടായിരുന്ന 2.5 ശതമാനം കിട്ടിയാൽ 9,000 കോടി രൂപ അധികം ലഭിക്കും. ഇതുവരെ ഇങ്ങനെയൊക്കെ കഴിഞ്ഞു, ഇനിയെങ്കിലും സംയുക്തമായി നീങ്ങിയാൽ മതി. പാർലമെന്റിന്റെ മുറ്റത്തിറങ്ങി ധൈര്യത്തോടുകൂടി സംയുക്ത ധർണ്ണ നടത്താൻ സാധിക്കുമോ; ബാക്കി കാര്യങ്ങൾ നമുക്ക് ചെയ്യാം. നിങ്ങൾ മെമ്മോറാണ്ടം ഒപ്പിടാമോ; നിങ്ങൾ ധർണ്ണയും നടത്തില്ല, ഒന്നും നടത്തില്ല. കേരളത്തിന്റെ താൽപര്യത്തിനുവേണ്ടി നിങ്ങൾ നിൽക്കണം. 18 എം.പി.-മാർ കേരളത്തിനുവേണ്ടി ഒന്നും ചെയ്യുന്നില്ലായെന്ന് അറിഞ്ഞു. അതിന്റെ പ്രശ്നമാണ് നിലനിൽക്കുന്നത്. നമുക്ക് നൽകാനുള്ള തുക മുഴുവൻ വെട്ടിക്കുറച്ച കേന്ദ്രസർക്കാരാണ് കേരളത്തിലെ സാമ്പത്തിക രംഗത്തെക്കുറിച്ചുള്ള ചർച്ചയിലെ പ്രധാന പ്രതി. സംസ്ഥാനത്തിന്റെ വരുമാനം രണ്ട് വർഷംകൊണ്ട് 50 ശതമാനത്തിലധികം വർദ്ധിച്ചിട്ടും ശ്വാസം വലിപ്പിച്ചിട്ടേ ഈ സർക്കാരിനെ വിടൂ എന്നുപറയുന്ന കേന്ദ്രസർക്കാരിന്

തേനും പാലും കൊടുക്കാൻ യു.ഡി.എഫ്. നിൽക്കുകയാണെങ്കിൽ കേരളത്തിലെ ജനങ്ങൾ അത് മനസ്സിലാക്കിക്കൊള്ളും. അതാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ വിശദമായ ചർച്ച നടക്കുകയുണ്ടായി. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് ഗൗരവമായ ആരോപണങ്ങൾ ഞങ്ങൾ ഉന്നയിച്ചു. 44 മിനിറ്റ് സംസാരിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഞങ്ങൾ ഉന്നയിച്ച ഗുരുതര ആരോപണങ്ങൾക്ക് മറുപടിയൊന്നും പറഞ്ഞില്ല. കേരളത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഞങ്ങളുടെ 18 എം.പി.-മാരുടെ തലയിൽ ഇതെല്ലാം പ്രതിഷ്ഠിച്ചുകൊണ്ട് സ്വന്തം കഴിവുകേട് മറച്ചുവയ്ക്കാനാണ് അദ്ദേഹം ശ്രമിച്ചത്. നികുതിഭരണ വകുപ്പ് തികഞ്ഞ പരാജയമാണ്. കേരളത്തെ മുഴുവൻ പ്രതിസന്ധിയിലാക്കിയ നികുതിഭരണ വകുപ്പിനെക്കുറിച്ച് അദ്ദേഹം അഭിമാനംകൊള്ളുകയാണ്. എല്ലാം ശരിയായിട്ടാണ് പോകുന്നതെന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. ഇന്ത്യൻ എക്സ്പ്രസ്സും ടൈംസ് ഓഫ് ഇന്ത്യയും അടക്കമുള്ള ഇംഗ്ലീഷ് പത്രങ്ങൾ നോക്കി കേരളം വലിയ ലെവലിലേയ്ക്ക്

പോകുകയാണെന്നാണ് പറയുന്നത്. അഞ്ച് നയാ പൈസ കൈയിലില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ചും അദ്ദേഹത്തിന്റെ നിലപാടിൽ പ്രതിഷേധിച്ചും കേരളത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 18 എം.പി.-മാരെ അധിക്ഷേപിച്ചതിൽ പ്രതിഷേധിച്ചും ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുകൊണ്ട് ചില കാര്യങ്ങൾ വ്യക്തമാക്കാനുണ്ട്. ഇവിടെ എല്ലാ കാര്യങ്ങളും വിശദമായി ചർച്ച ചെയ്തുകഴിഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമായ മറുപടിയും നൽകുകയുണ്ടായി. പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രധാന കാര്യങ്ങളെല്ലാം പരാമർശിച്ചുകൊണ്ടുതന്നെയാണ് മറുപടി നൽകിയത്. അവസാനം അദ്ദേഹം പറഞ്ഞത്, നമ്മുടെ പാർലമെന്റ് അംഗങ്ങൾ യോജിച്ച് നിവേദനം കൊടുക്കാൻ തയ്യാറായത് പിന്നെ മാറിയതാണെന്നാണ്. ആ പ്രശ്നമാണ് ഉന്നയിച്ചത്. ഇത് കോൺഗ്രസ്സിന്റെ

നിലപാടാണ്. അതിപ്പോൾ മാത്രം സംഭവിക്കുന്നതല്ല. ഇപ്പോൾ സഭയിലില്ലാത്ത ശ്രീ. രമേശ് ചെന്നിത്തലയെ സാക്ഷിയാക്കി ഞാൻ പറയുകയാണ്. ഞാൻ അദ്ദേഹവുമായി നേരത്തെ സംസാരിച്ചതും കേരളം മൊത്തത്തിൽ ആഗ്രഹിച്ചതുമായൊരു കാര്യമുണ്ട്. അദ്ദേഹം പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ സഹകരണ മേഖലയ്ക്കുനേരെ കേന്ദ്ര ഗവൺമെന്റ് പ്രത്യേക ഉദ്ദേശ്യത്തോടെയുള്ള നടപടി സ്വീകരിച്ചപ്പോൾ അക്കാര്യത്തിൽ നമുക്ക് ഒന്നിച്ചുനിന്ന് എതിർക്കാമെന്ന് ഞാൻ അദ്ദേഹത്തോട് സൂചിപ്പിച്ചിരുന്നു. അദ്ദേഹം തത്വത്തിൽ അതിനോട് യോജിച്ചെങ്കിലും പിന്നീട് കോൺഗ്രസ് പാർട്ടിയുമായി ആലോചിച്ചതിനുശേഷം അത്തരമൊരു സംയുക്ത നീക്കം വേണ്ടെന്ന് തീരുമാനിക്കുകയാണ് ചെയ്തത്. അവസാനം ഞങ്ങൾ മാത്രമായി, അന്നത്തെ മന്ത്രിമാരടക്കം അവിടെ ഇരുന്നുകൊണ്ട് സമരം നടത്തിയത് നിങ്ങൾ എല്ലാവരും ഓർക്കുന്നുണ്ടായിരിക്കും. കേരളത്തിന് യോജിച്ച് പ്രതിഷേധിക്കാൻ കഴിയാതിരുന്ന ഒരവസ്ഥ വന്നത് കോൺഗ്രസിന്റെ നിലപാട് കാരണമാണ്. കേന്ദ്ര ഗവൺമെന്റിനെതിരെ ഇത്തരമൊരു പ്രക്ഷോഭം നടത്താൻ അവർ ഭയക്കുകയാണ്. അതാണ്

സംഭവിച്ചത്. ബി.ജെ.പി.-യെ പിണക്കാതിരിക്കാൻ അത്തരം നിലപാട് സ്വീകരിക്കുന്നുവെന്നത് കേരളത്തിന്റെ അനുഭവത്തിൽപ്പെട്ടതാണ്. അത് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(നിയമനിർമ്മാണകാര്യം....തുടർച്ച)

(ii) 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ

സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി വീണാ ജോർജ്: സർ, വളരെ ചെറിയ ഭേദഗതിയാണിത്. 2017-ലാണ് കേരളത്തിലെ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം നിയന്ത്രിക്കുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട സീറ്റ് സംവരണം ചെയ്യുന്നതിനുമായി കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റ് നിലവിൽ വന്നത്. 2019-ൽ മേൽനോട്ടസമിതിയെ രണ്ടാക്കിക്കൊണ്ടുള്ള ഭേദഗതി വരികയുണ്ടായി. മെഡിക്കൽ പ്രവേശനം ഒരു സമിതിയെയും ഫീസ് നിയന്ത്രണം മറ്റൊരു സമിതിയെയും ഏൽപ്പിക്കുന്നതായിരുന്നു ആ ഭേദഗതി.

'മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ'യ്ക്കുപകരം 'നാഷണൽ മെഡിക്കൽ കമ്മീഷൻ' നിലവിൽവന്ന സാഹചര്യത്തിൽ പ്രസ്തുത ആക്ടിൽ 'മെഡിക്കൽ കൗൺസിൽ' എന്നത് 'മെഡിക്കൽ കമ്മീഷൻ' എന്ന് മാറ്റിക്കൊണ്ടുള്ള ഭേദഗതിയാണ് വരുത്തേണ്ടത്. അതുകൊണ്ടുതന്നെ ഈ ഭേദഗതി അംഗീകരിച്ചുകൊണ്ട് ബിൽ പാസ്സാക്കിത്തരണമെന്ന് ബഹുമാന്യരായ അംഗങ്ങളോട് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിന്മേലുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു.

<u>മി. സ്പീക്കർ</u>: മൂന്ന് ബില്ലുകളിലായി 14 പേർ സംസാരിക്കാനുണ്ട്. അതിനാൽ അംഗങ്ങൾ സമയക്രമം പാലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, തീർച്ചയായും പത്തുമിനിട്ടുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മന്ത്രി

സൂചിപ്പിച്ചതുപോലെ 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ സംബന്ധിച്ച് 'മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ' എന്നീ വാക്കുകൾക്ക് പകരം 'നാഷണൽ മെഡിക്കൽ കമ്മീഷൻ' എന്നും തുടർന്ന് പേരുമാറ്റവുമായി ബന്ധപ്പെട്ട ചെറിയ ഭേദഗതികളുമാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. അതോടൊപ്പം, മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇതിൽ ചർച്ച ചെയ്യുന്നത്. സീറ്റ് നിർണ്ണയം ഉൾപ്പെടെയുള്ള കാര്യങ്ങൾ അടിസ്ഥാനപരമായി ഈ ബില്ലിലുണ്ട്. മെഡിക്കൽ കോളേജുകളുടെ കാര്യത്തിൽ വ്യക്തമായ നിലപാടും കാഴ്ചപ്പാടും ഉണ്ടാകേണ്ടത് പ്രധാന കാര്യമാണ്. അവിടെയാണ് രണ്ട് സർക്കാരുകളുടെ വ്യത്യാസം നമുക്ക് മനസ്സിലാകുന്നത്. കേരളത്തിലെ യു.ഡി.എഫ്. സർക്കാരിനെ സംബന്ധിച്ചിടത്തോളം അക്കാലത്ത് ആരോഗ്യമേഖലയിൽ ഒട്ടനവധി പ്രവർത്തനങ്ങൾ കൊണ്ടുവന്നു. അതോടൊപ്പം, എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും അല്ലെങ്കിൽ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് കൊണ്ടുവരിക എന്നുള്ള വലിയൊരു

കാഴ്ചപ്പാട് യു.ഡി.എഫ്. സർക്കാരിനുണ്ടായിരുന്നു. ഈ ആശയത്തെ പൂർണ്ണമായി മാറ്റിനിർത്തിക്കൊണ്ടുള്ള സമീപനമാണ് 2016-ലെ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചത്. നിലവിൽ ഉദ്ഘാടനം ചെയ്തതും പ്രവർത്തനങ്ങൾ തുടങ്ങിവച്ചതുമായ മെഡിക്കൽ കോളേജുകൾ മുന്നോട്ട് കൊണ്ടുപോകാതിരിക്കാൻ എന്തെല്ലാം ചെയ്യാം എന്നതിനെക്കുറിച്ചാണ് ഈ സർക്കാർ ആലോചിക്കുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ തുടർച്ച തന്നെയാണല്ലോ ഈ സർക്കാർ. കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ മെഡിക്കൽ കോളേജുകളോട് വിരുദ്ധസമീപനമാണ് സ്വീകരിക്കുന്നത്. അത് എല്ലാ കാര്യങ്ങളിലും നമുക്ക് ബോധ്യമാകും. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം അതിനുദാഹരണമാണ്. കോവിഡ് രോഗികൾക്ക് ചികിത്സയ്ക്കായി മംഗലാപുരത്തേയ്ക്ക് പോകാൻ കഴിയാതെ വഴിയരികിൽ ആംബുലൻസിൽവച്ച് മരണപ്പെട്ട സാഹചര്യമുണ്ടായപ്പോഴാണ് ഇടതുപക്ഷ സർക്കാരിന് കാസർഗോഡ് മെഡിക്കൽ കോളേജ് അനിവാര്യമാണെന്ന തിരിച്ചറിവുണ്ടായത്. അതിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് ഫണ്ട്

നീക്കിവച്ചത്. പൊതുവേ മെഡിക്കൽ കോളേജുകളോട് മുഖംതിരിച്ചുനിൽക്കുന്ന സമീപനമാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നത്. പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നു എന്ന് പറയുന്നതിനോട് ഞാൻ യോജിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിൽ ഞങ്ങൾക്കാർക്കും എതിർപ്പില്ല. പക്ഷെ, അത്തരം കാര്യങ്ങൾ ചെയ്യുന്നതോടൊപ്പം പ്രധാന മെഡിക്കൽ കോളേജുകളും ശക്തിപ്പെടുത്തണ്ടേ? മാരകമായ അസുഖങ്ങൾ വരുമ്പോൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട അവസ്ഥയാണ് ഓരോ ജില്ലയിലുമുള്ളത്. ചുരുക്കം മെഡിക്കൽ കോളേജുകൾ മാത്രമാണ് നമുക്കുള്ളത്. സാധാരണക്കാരന് മെഡിക്കൽ കോളേജുകളിൽനിന്ന് മെച്ചപ്പെട്ട ചികിത്സ ലഭ്യമാകണം എന്നുള്ളതുകൊണ്ടാണ് എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് ഉണ്ടാകണമെന്ന് യു.ഡി.എഫ്. സർക്കാർ ആഗ്രഹിച്ചത്. എന്നാൽ, ഈ സർക്കാർ മറ്റൊരു നിലപാടാണ് സ്വീകരിച്ചത്. ഇടുക്കി, റാന്നി, ഹരിപ്പാട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളോടുള്ള സമീപനം അതിനുദാഹരണമാണ്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായിട്ടാണ് പാലക്കാട്

എസ്.സി./എസ്.ടി. വകുപ്പിൻകീഴിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിച്ചത്. ഒരു വർഷം എഴുപതോളം എസ്.സി. വിദ്യാർത്ഥികളാണ് ആ മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസ്. പാസ്സായി ഇറങ്ങുന്നത്. അവിടെ നല്ലരീതിയിൽ ഒ.പി. ആരംഭിച്ചു. എന്നാൽ, ഐ.പി. ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഏഴ് വർഷം പിന്നിട്ടിട്ടും ഈ സർക്കാർ മെഡിക്കൽ കോളേജുകളുടെ കാര്യത്തിൽ ഒരു താൽപര്യവുമെടുക്കുന്നില്ല എന്നത് അവയോടുള്ള സമീപനം പരിശോധിച്ചാൽ ബോധ്യമാകും. വയനാട് മെഡിക്കൽ കോളേജിന് 50 ഏക്കർ സ്ഥലം ഞങ്ങൾ ഏറ്റെടുത്തെങ്കിലും അതിനോട് പുറംതിരിഞ്ഞുനിൽക്കുന്ന സമീപനമാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. മെഡിക്കൽ കോളേജുകളോട് ഈ സർക്കാരിന് ഇത്രമാത്രം വെറുപ്പ് എന്തുകൊണ്ടാണെന്ന് അറിയില്ല. ഇന്ന് എല്ലാ ജില്ലകളിലും സ്വകാര്യ ആശുപത്രികളുണ്ട്. മെഡിക്കൽ കോളേജുകളെ ശക്തിപ്പെടുത്താതിരുന്നാൽ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടതായി വരും. സാധാരണക്കാരായ രോഗികൾക്ക് ഏറ്റവും നല്ല ചികിത്സ ലഭ്യമാക്കാൻ കഴിയുന്നത് മെഡിക്കൽ കോളേജുകളിൽനിന്നാണ്.

മെഡിക്കൽ കോളേജുകളെ ശക്തിപ്പെടുത്തി സാധാരണക്കാരന് മികച്ച ചികിത്സ ലഭ്യമാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. അതുപോലെ, യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ കൊണ്ടുവന്ന പദ്ധതികളെല്ലാം ഈ സർക്കാർ കൈവിട്ടുകൊണ്ടിരിക്കുകയാണ്. ലോട്ടറിയിലൂടെ പണം കണ്ടെത്തുന്നതിനാണ് യു.ഡി.എഫ്. സർക്കാർ 'കാരുണ്യ' പദ്ധതി കൊണ്ടുവന്നത്. ഇന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ എനിക്ക് വളരെ പ്രയാസം തോന്നി, ബഡ്ജറ്റിൽ നീക്കിവച്ച ഈ വർഷത്തെ തുക ഇതിനകംതന്നെ കൊടുത്തു എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. 800 കോടി രൂപ കൊടുക്കാനുണ്ട്, ഈ സാമ്പത്തിക വർഷത്തിൽ ഇനിയും ബാധ്യതകൾ വരും. ഇപ്പോൾത്തന്നെ 350 കോടി രൂപ കൊടുത്തു, ഇനി ഞങ്ങൾക്ക് കൊടുക്കാനില്ല എന്നല്ലേ ആ പറഞ്ഞതിന്റെ അർത്ഥം. 'കാരുണ്യ' പദ്ധതിയുമായി ബന്ധപ്പെട്ട് 550 കോടി രൂപയുടെ ബാധ്യതയുണ്ട്. ഈ വർഷത്തെ അധിക ചികിത്സാച്ചെലവുകൂടി വന്നുകഴിഞ്ഞാൽ അത് എണ്ണൂറ് കോടി രൂപയാകും. ആരാണ് ഈ പണം കൊടുക്കുക? പണം കൊടുത്തില്ലെങ്കിൽ പാവപ്പെട്ടവർക്ക് ഈ

പദ്ധതിയിലൂടെ ചികിത്സ നൽകാൻ ഏത് സ്ഥാപനം തയ്യാറാകും? കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നതാണ് 'സുകൃതം' പദ്ധതി. ഈ സർക്കാർ അതും കൈവിട്ടു. ആരോഗ്യമേഖലയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ സർക്കാരും ഈ സർക്കാരും പി.ആർ. വർക്കിനുള്ള സാധ്യതകളെക്കുറിച്ചാണ് ആലോചിക്കുന്നത്. കേരളത്തിൽ ആരോഗ്യവകുപ്പാണ് കഴിഞ്ഞ വർഷം ഏറ്റവും നല്ല പി.ആർ. വർക്ക് നടത്തിയത്. പി.ആർ. വർക്കിന് ഒന്നാം സ്ഥാനം ആരോഗ്യവകുപ്പിനാണെന്നതിൽ സംശയമില്ല. ഏറ്റവും പ്രയാസപ്പെട്ട രോഗമായിട്ടും കോവിഡിനെ സർക്കാർ പി.ആർ. വർക്കിനുള്ള ആയുധമാക്കി ഉപയോഗിച്ചു. മുഖ്യമന്ത്രി പി.ആർ. വർക്ക് നടത്തിയത് കോവിഡുമായി ബന്ധപ്പെട്ടാണെങ്കിൽ ആരോഗ്യ വകുപ്പുമന്ത്രി പി.ആർ. വർക്ക് നടത്തിയത് 'നിപ'-യുമായി ബന്ധപ്പെട്ടാണ്. ആരോഗ്യമേഖലയിലും വിദ്യാഭ്യാസമേഖലയിലും കേരളം ലോകത്തിന് മാതൃകയാണെന്നാണ് നമ്മൾ അഭിമാനത്തോടെ പറയുന്നത്. കാരണം, ശിശുമരണനിരക്കും മാതൃമരണനിരക്കും ഇവിടെ കുറവാണ്. അത് എൽ.ഡി.എഫ്. സർക്കാർ

വന്നതിനുശേഷമല്ല, ആദ്യം മുതൽതന്നെ അങ്ങനെയാണ്. അമേരിക്കയുമായിട്ടാണ് നമ്മൾ താരതമ്യം ചെയ്യുന്നത്. നേരത്തേ ശ്രീ. കെ. വി. സുമേഷ് സംസാരിച്ചപ്പോൾ ഇവിടത്തെ വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലെ മുന്നേറ്റം എൽ.ഡി.എഫ്. സർക്കാരിന്റെ നേട്ടമാണെന്ന് ആവർത്തിച്ച് വ്യക്തമാക്കി. എന്നാൽ, ഞങ്ങൾ ആവർത്തിച്ച് പറയുന്നു, 1957-ൽ ഐക്യകേരള രൂപീകരണത്തിനുശേഷം മാറിമാറി വന്ന സർക്കാരുകളുടെ നേട്ടം മാത്രമല്ല, ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് മുൻപുതന്നെ ആരോഗ്യമേഖലയിലും വിദ്യാഭ്യാസമേഖലയിലും മിഷനറിമാർ മികച്ച പ്രവർത്തനം കാഴ്ചവച്ചിരുന്നു. ഇത്തരത്തിലൊരു മികച്ച അടിത്തറ നമുക്കുണ്ടായിരുന്നു. അത് മാറിമാറി വന്ന സർക്കാരുകൾ നന്നായി ചെയ്തു. പക്ഷെ, ഇവിടെപ്പറയുന്നത് ഈ ഗവൺമെന്റാണ് എല്ലാം കാര്യങ്ങളും ചെയ്തതെന്നാണ്. ആരോഗ്യമേഖലയിൽ നാം എവിടെയാണ് എത്തിനിൽക്കുന്നത്? വലിയ അഭിമാനത്തോടെ ആരോഗ്യമേഖലയെക്കുറിച്ച് സംസാരിക്കുമ്പോഴും സാംക്രമിക രോഗങ്ങളുടെ കേന്ദ്രമായി കേരളം മാറുന്നുവെന്നത് ഗൗരവത്തോടെ കാണേണ്ടതാണ്. കോവിഡ് വരുന്നു,

പക്ഷിപ്പനി വരുന്നു, ഏറ്റവും ഒടുവിലായി 'നിപ' വരുന്നു. ഇതൊക്കെ എത്രമാത്രം നമുക്ക് നിയന്ത്രിക്കാൻ സാധിക്കുന്നുണ്ട്? ഞാൻ 'നിപ'-യുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്. നാലാമത്തെ വർഷമാണ് കേരളത്തിൽ 'നിപ' വരുന്നത്. ഇടയ്ക്ക് ഒരു വർഷം മാത്രമാണ് വരാതിരുന്നത്. രണ്ട് തവണ കോഴിക്കോട് വന്നു, ഒരു തവണ എറണാകുളത്ത് വന്നു, ഇപ്പോൾ വീണ്ടും കോഴിക്കോട് വന്നു. 'നിപ'-യുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നാം എവിടെയാണ് നിൽക്കുന്നത്? 'നിപ' വരാതിരിക്കാൻ നമ്മൾ എന്തുചെയ്തു? 'നിപ' വരുന്നുവെന്ന് കേൾക്കുമ്പോൾ മന്ത്രിമാർ കോഴിക്കോട് പോകുകയും മീറ്റിംഗ് വിളിച്ചുകൂട്ടുകയും ചെയ്യുന്നു. സമ്പർക്കപ്പട്ടികയുണ്ടാക്കി, അവരെയൊക്കെ ഐസൊലേറ്റ് ചെയ്ത് മുന്നോട്ടുപോയാൽ മാത്രം മതിയോ? ഇത് വരാതിരിക്കാൻ എന്തൊക്കെ ചെയ്യണമെന്ന് ആലോചിക്കണ്ടേ? ഇന്ന് മലയാള മനോരമ ദിനപ്പത്രത്തിൽ ഡോ. എ. എസ്. അനൂപ്കുമാറിന്റെ ഒരു ലേഖനമുണ്ട്. ഡോ. എ. എസ്. അനൂപ്കുമാറിനെ ഞാൻ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. ആദ്യമായി 'നിപ' രോഗം സ്ഥിരീകരിച്ചതും അതിന്റെ ട്രീറ്റ്മെന്റ് ആരംഭിച്ചതും

അദ്ദേഹമാണ്. "നാലാം തവണ എന്നതിൽ കാര്യങ്ങൾ നിൽക്കണമെന്നില്ല. കേരളത്തിൽ ഇനിയും രോഗം പൊട്ടിപ്പുറപ്പെടാൻ സാധ്യതയുണ്ടെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. 2018-ൽ രോഗബാധയുണ്ടായപ്പോൾത്തന്നെ പ്രത്യേക ഐസൊലേഷൻ സൗകര്യമൊരുക്കണമെന്നും പരിശോധനാ സൗകര്യം വേണമെന്നും ആവശ്യപ്പെട്ടിരുന്നു. അതിന്റെ പ്രവർത്തനങ്ങൾ എവിടെയുമെത്തിയിട്ടില്ല. 'നിപ' എപ്പോൾ വേണമെങ്കിലും വരാനിടയുണ്ടെന്ന ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ നമുക്ക് വേണം." എന്ന് ഡോ. എ. എസ്. അനൂപ്കുമാർ പറയുന്നു. 2018-ൽ 'നിപ' വന്നപ്പോൾ ഗൗരവത്തോടുകൂടി അതിനെ കൈകാര്യം ചെയ്തു. പക്ഷെ, 4 വർഷം കഴിഞ്ഞ് കേരളത്തിൽ വീണ്ടും 'നിപ' വന്നപ്പോൾ അതിനെക്കുറിച്ച് സർവ്വെ നടത്താനോ അത് ആവർത്തിച്ച് വരുന്നത് സംബന്ധിച്ച് പഠനം നടത്താനോ ആരോഗ്യ വകുപ്പിന് കഴിഞ്ഞോ? ഇത്തരം കാര്യങ്ങളിൽ നമുക്ക് വലിയ വീഴ്ച ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

**(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. എച്ച്. കുഞ്ഞമ്പു)**

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, മദ്ധ്യകേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും ആളുകൾക്ക് ഉപകാരപ്രദവുമായ തൃശ്ശൂർ മെഡിക്കൽ കോളേജിൽ കഴിഞ്ഞ 14 മാസമായി ഇൻ-ചാർജ്ജ് ഭരണമാണ് നടക്കുന്നത്. അവിടെ സ്വന്തമായൊരു സൂപ്രണ്ടില്ല, നിരവധി അഴിമതികൾ നടക്കുന്നുവെന്ന് ജില്ലാ കളക്ടർതന്നെ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. കഴിഞ്ഞ ദിവസം അണുബാധയേറ്റ് പത്ത് ആളുകളാണ് ഗുരുതരമായ അവസ്ഥയിലെത്തി നിൽക്കുന്നത്. മദ്ധ്യകേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട മെഡിക്കൽ കോളേജിൽ ഒരു സൂപ്രണ്ടുപോലുമില്ലാത്ത അവസ്ഥ അവിടത്തെ മെഡിക്കൽ വിദ്യാർത്ഥികളുടെ റെക്കഗ്നിഷനെ ബാധിക്കുന്ന കാര്യമാണ്. ഇത്തരം കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. തൃശ്ശൂർ മെഡിക്കൽ കോളേജിനോട് മാത്രമല്ല കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളോടും ഈ ഗവൺമെന്റ് പൂർണ്ണമായ അവഗണനയാണ് കാണിക്കുന്നത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, അങ്ങ് ആരോഗ്യമേഖലയുടെ മെച്ചത്തെക്കുറിച്ച് സൂചിപ്പിച്ചല്ലോ; അത് ശരിയാണ്. ഈ മേഖലയിലെ മാറ്റം തുടർച്ചയാണ്. അത് സമൂഹം അംഗീകരിക്കുന്ന കാര്യമാണ്. ഈ ഗവൺമെന്റ് ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി സമൂഹത്തിൽ ഏതാണ്ട് 15 ശതമാനം ആളുകൾ ആശ്രയിച്ചിരുന്ന പൊതുജനാരോഗ്യ മേഖല ഇന്ന് 60 ശതമാനം പേർ ആശ്രയിക്കുന്നുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, നമ്മളെല്ലാവരും പൊതുജനാരോഗ്യമേഖല ശക്തിപ്പെടണമെന്ന് ആഗ്രഹിക്കുന്നവരാണ്. അതുകൊണ്ടാണല്ലോ ഞങ്ങൾ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് കൊണ്ടുവന്നത്. പാലക്കാട് ഉൾപ്പെടെ എസ്.സി./എസ്.റ്റി. ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഞങ്ങൾ മെഡിക്കൽ കോളേജുകൾ കൊണ്ടുവന്നു. അങ്ങനെ മെഡിക്കൽ കോളേജ് കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവികമായും മുൻകാലങ്ങളിൽ അവിടെ പോകാൻ കഴിയാത്തവർക്ക് പോകാനുള്ള അവസരമാണുണ്ടാകുന്നത്. അതിനെ

ശക്തിപ്പെടുത്തണമെന്നാണ് ഞങ്ങൾ പറയുന്നത്. കൂടുതൽപേർ പൊതുജനാരോഗ്യമേഖലയിൽ വരണമെന്നുതന്നെയാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അത് സാധ്യമാകണമെങ്കിൽ മെഡിക്കൽ കോളേജുകൾ ഉണ്ടാകണം. കഴിഞ്ഞ മാസം 30-ാം തീയതിയാണ് 'നിപ' ബാധിച്ച് ആദ്യത്തെ രോഗി മരിക്കുന്നത്. എത്ര ദിവസം കഴിഞ്ഞാണ് നമ്മളത് സ്ഥിരീകരിക്കുന്നത്? കേരളത്തിൽ 'നിപ' സ്ഥിരീകരിച്ചുവെന്ന് ഇന്നലെ ടി.വി.-ചാനലുകളിലൂടെ കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രി വ്യക്തമാക്കി. മരണപ്പെട്ട രണ്ട് കേസുകളും 'നിപ' കാരണമാണെന്ന് ആ വാർത്തയിൽ സൂചിപ്പിക്കുകയുണ്ടായി. സാധാരണക്കാരനായ ഒരാൾ ആ വാർത്ത കേൾക്കുകയും അതുകഴിഞ്ഞ് വാർത്ത മാറിവരുമ്പോൾ ഇതുവരെ മരണപ്പെട്ടതിന് കാരണം 'നിപ'-യാണെന്ന് സ്ഥിരീകരിച്ചിട്ടില്ലെന്ന് നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി പറയുന്നതുമാണ് കാണുന്നത്. രാത്രി 9 മണിക്കാണ് ആരോഗ്യവകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെട്ട് സ്ഥിരീകരണം നൽകുന്നത്. ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ ആരോഗ്യ വകുപ്പുമന്ത്രി സാങ്കേതിക കാര്യങ്ങളാണ് വിശദീകരിച്ചത്. ഇത്രയും വലിയൊരു കാര്യത്തെക്കുറിച്ച്

കേന്ദ്രമന്ത്രി സൂചിപ്പിക്കുമ്പോൾ സ്വാഭാവികമായും നമുക്ക് കമ്മ്യൂണിക്കേറ്റ് ചെയ്യാൻ നിരവധി സംവിധാനങ്ങളുണ്ട്. ആ വാർത്ത കഴിഞ്ഞയുടനെതന്നെ കേരളത്തിന്റെ ആരോഗ്യ വകുപ്പുമന്ത്രി ഇതുപറയുമ്പോൾ ആരുപറയുന്നതാണ് നാം വിശ്വസിക്കേണ്ടത്? അങ്ങനെ വാർത്ത കേട്ടിട്ടുണ്ടെങ്കിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരെക്കൊണ്ട് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുണ്ടേ? ചെയ്യുന്നില്ല; പിന്നീട് രാത്രി 9 മണിക്കാണ് ഇതുസംബന്ധിച്ചുള്ള കാര്യങ്ങൾ വ്യക്തമാക്കുന്നത്. എന്തിനാണ് ഇങ്ങനെയൊരു വ്യക്തതക്കുറവ് സൃഷ്ടിക്കുന്നത്? അതൊഴിവാക്കാനായി നമുക്ക് എന്തെല്ലാം മാർഗ്ഗങ്ങളുണ്ട്. ഡൽഹിവരെ യാത്ര ചെയ്യേണ്ട കാര്യമില്ലല്ലോ; കമ്മ്യൂണിക്കേഷനായി എന്തെല്ലാം മാർഗ്ഗമുണ്ട്. ജനങ്ങൾ ആശങ്കയോടെ നിൽക്കുമ്പോൾ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ഒരുകാര്യം പറയുകയും കേരളത്തിലെ ആരോഗ്യ വകുപ്പുമന്ത്രി മറ്റൊരു കാര്യം പറയുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതാണ് നല്ലത്. കേരളത്തിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ എല്ലാ സംവിധാനങ്ങളുമുണ്ടെന്നാണ് ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിച്ചത്. പക്ഷെ, ഇപ്രാവശ്യം പരിശോധിക്കാനായി

പുറത്തുകൊടുത്തു എന്നാണ് ഇന്ന് രാവിലെ മന്ത്രി മറുപടി പറഞ്ഞത്. ഇത്തരം സംവിധാനങ്ങളുണ്ടായിട്ടും പുറത്തുകൊടുത്തത് എന്തുകൊണ്ടാണ് എന്നതിനെക്കുറിച്ച് ഇന്ന് രാവിലെ ചെറിയ തോതിലാണെങ്കിലും സൂചിപ്പിച്ചു. BSL-4 വിഭാഗത്തിലെ ലാബിൽ മാത്രമെ 'നിപ' വൈറസ് സ്ഥിരീകരിക്കാൻ സാധിക്കൂ എന്നാണ് പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധർ പറയുന്നത്. രാജ്യത്ത് പൂനെയിൽ മാത്രമാണ് BSL-4 ലാബുള്ളത്. നമ്മുടെ ഇൻസ്റ്റിറ്റ്യൂട്ടിലും ഇത്തരം കാര്യങ്ങൾ പരിശോധിക്കാൻ കഴിയുമെന്നാണ് ആരോഗ്യ വകുപ്പുമന്ത്രി പറയുന്നത്. ഏതാണ് നാം വിശ്വസിക്കേണ്ടത്? പൂനെയിൽനിന്ന് പറയുന്നതാണോ നാം വിശ്വസിക്കേണ്ടത്?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, അങ്ങ് എന്റെകൂടെ കോഴിക്കോട് വരെ വരണം. കോഴിക്കോട് മെഡിക്കൽ കോളേജിൽ BSL-2 ലാബുണ്ട്. ഇന്ന് വൈകുന്നേരം പൂനെ എൻ.ഐ.വി.-യിലെ ഒരു സംഘം എത്തുന്നുണ്ട്. ആ സംഘത്തെ നമുക്ക് മാറ്റി നിർത്താം. എന്നിട്ട് ആ സംഘത്തിലെ ഒരു ടെക്നിക്കൽ എക്സ്പെർട്ടിന്റെ സഹായത്താൽ ഇത് പരിശോധിക്കാൻ ഇവിടെ

സൗകര്യമുണ്ടോയെന്ന് അങ്ങ് അവരോട് ചോദിക്കണം. താങ്കൾ ഞാൻ പറയുന്നത് വിശ്വസിക്കണ്ട; രണ്ടാമത്, ബഹുമാന്യനായ മുഖ്യമന്ത്രി 2021 ഫെബ്രുവരി മാസത്തിൽ തോന്നയ്ക്കൽ ഉദ്ഘാടനം ചെയ്ത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ 'നിപ' വൈറസ് ഉൾപ്പെടെ 80-ലധികം വൈറസുകൾ ടെസ്റ്റ് ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. അങ്ങ് സൂചിപ്പിച്ച വിഷയം ഞാൻ രാവിലെ ക്ലാരിഫൈ ചെയ്തതാണ്. 11-ാം തീയതി രാത്രിതന്നെ നമ്മൾ ഇതിന്റെ പരിശോധന നടത്തി പോസിറ്റീവാണെന്ന് കണ്ടെത്തി. ആ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഡിക്ലയർ ചെയ്യാൻ നമുക്ക് അനുമതിയില്ല. National Centre for Disease Control (NCDC) ചുമതലപ്പെടുത്തിയിട്ടുള്ളത് National Institute of Virology (NIV), Pune-യെയാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ 'നിപ' വൈറസ് സ്ഥിരീകരിക്കാനുള്ള അധികാരം NIV, Pune-യ്ക്കുമാത്രമാണ്. അങ്ങ് പറഞ്ഞ ബാക്കി വിഷയങ്ങൾക്ക് ഞാൻ പ്രസംഗത്തിൽ മറുപടി നൽകാം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇക്കാര്യം വൈകാരികമായി മന്ത്രി എടുക്കേണ്ട. (...ബഹളം...) എനിക്ക് വേണമെങ്കിൽ കോഴിക്കോട് വന്ന്

ചോദിക്കാൻ ബുദ്ധിമുട്ടില്ല, ഞാൻ മലപ്പുറത്തുകാരനാണ്. (...ബഹളം...) എനിക്കോ തിരുവനന്തപുരത്തുകാരായ മറ്റ് എം.എൽ.എ.-മാർക്കോ കോഴിക്കോട് പോകാൻ ബുദ്ധിമുട്ടില്ല. പക്ഷെ, പത്രം വായിക്കുന്നവർ എന്തുചെയ്യും എന്നാണ് ഞാൻ ചോദിച്ചത്. അതിന് 'അങ്ങ് ചെന്ന് ചോദിച്ച് നോക്കു' എന്നാണോ മറുപടി നൽകേണ്ടത്. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതിൽ പറയുന്നത് ശരിയല്ലെന്ന് മറുപടി പറയാം. (...ബഹളം...) അങ്ങനെ മന്ത്രി മറുപടി പറയേണ്ട കാര്യമില്ല. ഞാനൊരു കാര്യം ഉന്നയിക്കുമ്പോൾ അത് എനിക്കുമാത്രം ബോധ്യപ്പെട്ടാൽ പോരാ, ഞാൻ ജനങ്ങൾക്കുവേണ്ടിയാണ് സംസാരിക്കുന്നത്. പത്രം വായിക്കുന്ന ആൾക്കാർ എന്ത് വിചാരിക്കും?

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കോഴിക്കോടും തോന്നയ്ക്കലിലും ലാബുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. പിന്നെ എന്തിനാണ് ഇത് പരിശോധിക്കാനായി പൂനെയിലേയ്ക്ക് അയച്ചത്? ഇവിടെ ചെയ്യാമായിരുന്നല്ലോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, സമയപരിമിതി കാരണം മറ്റ് വിഷയങ്ങൾക്ക് ഞാൻ പ്രസംഗത്തിൽ മറുപടി നൽകാം. ഒരു മീറ്റിംഗ് ഉള്ളതിനാൽ ഇത് പെട്ടെന്ന് അവസാനിപ്പിക്കേണ്ടതുണ്ട്. എന്തിനാണ് ഇങ്ങനെ മറുപടി പറഞ്ഞതെന്ന് അങ്ങ് ചോദിച്ചല്ലോ; പ്രതിപക്ഷനേതാവ് ഇന്ന് സബ്മിഷൻ ഉന്നയിച്ചതിലും ഞാൻ മറുപടി പറഞ്ഞു. ഇന്നത്തെ ചോദ്യോത്തരവേളയിലെ വിഷയം അതല്ലാതിരുന്നിട്ടുപോലും ബഹുമാന്യനായ അംഗം ഉന്നയിച്ചപ്പോൾ വ്യക്തമായി മറുപടി നൽകിയതാണ്. അങ്ങ് ആ സമയം സഭയിലുണ്ടായിരുന്നുവെന്ന് ധരിച്ചുകൊണ്ടാണ്, അത് അങ്ങ് വിശ്വസിക്കുന്നില്ല എന്നുള്ളതുകൊണ്ടാണ്, കാണാതെ വിശ്വസിക്കുന്നതിനേക്കാൾ കണ്ട് വിശ്വസിക്കാമെന്നതിനാലാണ് അങ്ങ് ലാബിലേയ്ക്ക് വരാനായി ഞാൻ ആവശ്യപ്പെട്ടത്.

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, ഏതായാലും ഇത് സ്ഥിരീകരിക്കാൻ പൂനെയിൽ നിന്നുള്ള വിവരം വേണമെന്ന് അങ്ങ് സൂചിപ്പിച്ചു. അപ്പോൾ അതനുസരിച്ചുള്ള മറുപടി മാത്രമേ നൽകാവൂ. അതായത് നമുക്ക് വേണ്ട വിവരം ലഭിച്ചിട്ടില്ലെന്നാണ് സൂചിപ്പിക്കേണ്ടത്. ആശങ്കപ്പെട്ട് നിൽക്കുന്ന

ജനങ്ങൾക്കുമുന്നിൽ കൺഫ്യൂഷൻ ഒഴിവാക്കുന്ന തരത്തിലുള്ള മറുപടിയാണ് ഔദ്യോഗിക സ്ഥാനത്തിരിക്കുന്നവർ നൽകേണ്ടത്. കേന്ദ്രമന്ത്രി പറയുന്നതിന് കടകവിരുദ്ധമായി പറയേണ്ടതില്ല. വിവരം മന്ത്രിക്ക് ലഭിച്ചിട്ടുണ്ട്, പക്ഷെ, അത് പുറത്തുവിടണമെങ്കിൽ സ്വാഭാവികമായും പൂനെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫലം വരണം അല്ലെങ്കിൽ അംഗീകാരം വേണം. അപ്പോൾ അതനുസരിച്ച് അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചുവരുന്നുവെന്ന് സൂചിപ്പിക്കാമല്ലോ. കേരളത്തിൽ നിപപോലുള്ള സാംക്രമിക രോഗങ്ങൾ അടിക്കടി വന്നിട്ടും പ്രതിരോധപ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നില്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 2019 അവസാനത്തിലാണ് ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്നതിനായി എം.എൽ.എ.-മാർക്ക് തുക നൽകിയത്. എന്നാൽ, അപൂർവ്വമായി മാത്രമാണ് ഐസൊലേഷൻ വാർഡുകൾ പൂർത്തീകരിച്ചത്. എന്റെ മണ്ഡലത്തിൽ രണ്ട് ഐസൊലേഷൻ വാർഡുകൾക്ക് അനുമതി കൊടുത്തെങ്കിലും ഒന്നാണ് പൂർത്തീകരണഘട്ടത്തിലെത്തിയത്. അത് പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ കേടുപാടുകൾ സംഭവിച്ചതിനാൽ ഇപ്പോഴും പ്രവർത്തനക്ഷമമായിട്ടില്ല.

കേരളത്തിന്റെ കാലാവസ്ഥാവ്യതിയാനം നമ്മൾ മുൻകൂട്ടി കാണണം. കേരളത്തിൽ ഒരുകാലത്ത് നല്ല കാലാവസ്ഥയായിരുന്നു. ഇപ്പോൾ പ്രളയമുണ്ടാകുന്നു, അതിരൂക്ഷമായ വരൾച്ചയുണ്ടാകുന്നു. ഇത്തരം സാഹചര്യങ്ങളിൽ നമ്മൾ അതിനെ നേരിടാൻ തയ്യാറാകണം. കൂടാതെ, അപ്രതീക്ഷിതമായി പൊട്ടിപ്പുറപ്പെടുന്ന സാംക്രമികരോഗങ്ങളെ പ്രതിരോധിക്കാനുള്ള തയ്യാറെടുപ്പുമുണ്ടാകണം. എന്നാൽ, ഈ ഗവൺമെന്റ് പ്രതിസന്ധികൾ വന്നതിനുശേഷമാണ് ഇത്തരം തയ്യാറെടുപ്പുകൾ നടത്തുന്നത്. ഇത്തരം കാര്യങ്ങൾ നേരിടുന്നതിൽ 4 വർഷമായിട്ടും ഒരു തയ്യാറെടുപ്പും നടത്താത്തതിന്റെ ബുദ്ധിമുട്ടുകൾ അനുഭവിക്കാൻ പോകുകയാണ്. അതുകൊണ്ട് ആരോഗ്യ വകുപ്പ് വിദഗ്ദ്ധർ ഉൾപ്പെടെയുള്ളവർ ഈ തയ്യാറെടുപ്പ് വൈകാതെ നടത്തണം. മാരകമായ സാംക്രമിക രോഗങ്ങളെ നേരിടാനുള്ള കരുത്ത് നമ്മുടെ ആരോഗ്യ മേഖലയ്ക്കുണ്ടാകണം. അതുണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് നടത്തണമെന്ന് സദുദ്ദേശ്യത്തോടുകൂടി പറയുകയാണ്. ഇത് എല്ലാവർക്കും വേണ്ടിയാണ്

പറയുന്നത്. ഇക്കാര്യങ്ങളിൽ ശക്തമായ ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

മി. ചെയർമാൻ: ബഹുമാന്യരായ 13 അംഗങ്ങൾ ഇനി സംസാരിക്കാനുണ്ട്. 3 ബില്ലുകൾ കൂടിയുണ്ട്. അതുകൊണ്ട് അംഗങ്ങൾ പരമാവധി 10 മിനിറ്റിൽ പ്രസംഗം ചുരുക്കുന്നതായിരിക്കും സഭ നടത്തിക്കൊണ്ടുപോകാൻ നല്ലത്.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഈ ബില്ലിന്മേലുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2019-ലെ നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്റ്റിന്റെ (2019-ലെ 30-ാം നമ്പർ കേന്ദ്ര ആക്റ്റ്) 60-ാം വകുപ്പുപ്രകാരമുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ "മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ"-യ്ക്കുപകരം "നാഷണൽ മെഡിക്കൽ കമ്മീഷൻ" നിലവിൽ വന്നു. പ്രസ്തുത സാഹചര്യത്തിൽ 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റിൽ തദനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള ഭേദഗതിയാണ് ഈ ബില്ലിലുള്ളത്. സംസ്ഥാനത്ത്

ധാരാളം മെഡിക്കൽ കോളേജുകളുണ്ട്. മെഡിക്കൽ കോളേജുകളിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്. നേട്ടങ്ങളെക്കുറിച്ച് നമുക്ക് ധാരാളം പറയാനുണ്ടാകും. കോട്ടങ്ങൾ ചൂണ്ടിക്കാണിക്കേണ്ടത് പ്രതിപക്ഷധർമ്മമാണ്. ഗവൺമെന്റ് അതുൾക്കൊണ്ട് മുന്നോട്ട് പോകണമെന്നാണ് എനിക്ക് ആമുഖമായി സൂചിപ്പിക്കാനുള്ളത്. സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കേണ്ടത് അനിവാര്യമാണ്. നമ്മുടെ നാട്ടിൽനിന്നും നിരവധി കുട്ടികൾ മെഡിക്കൽ വിദ്യാഭ്യാസത്തിനുവേണ്ടി യൂറോപ്പിലേയ്ക്കും മറ്റ് രാജ്യങ്ങളിലേയ്ക്കും പോകുന്നുണ്ട്. സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിച്ചാൽ മാത്രമേ നമ്മുടെ കുട്ടികൾക്ക് നാട്ടിൽത്തന്നെ പഠിക്കാനുള്ള അവസരമുണ്ടാകുകയുള്ളൂ. അതുകൊണ്ട് അതിനുള്ള ശ്രമംകൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആരംഭിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ശ്രീ. എ. പി. അനിൽ കുമാർ ധാരാളം കാര്യങ്ങൾ ഇവിടെ പറഞ്ഞു. നിപയുടെ റിസൾട്ടുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രിക്ക്

മെസേജ് അയച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഞങ്ങൾ അത് നൂറ് ശതമാനവും വിശ്വസിക്കുന്നു. ഒരു പാളിച്ച സംഭവിച്ചത് എവിടെയാണെന്ന് പരിശോധിച്ചാൽ, കേരളത്തിൽ നിപ ടെസ്റ്റ് ചെയ്യാനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്, നമ്മുടെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് അത് നിപയാണെന്ന് ബോധ്യവുമുണ്ട്. പക്ഷെ, അത് ഔദ്യോഗികമായി സ്ഥിരീകരിക്കണമെങ്കിൽ പൂനെയിൽ നിന്നുള്ള വിവരം ലഭിക്കണം, അങ്ങനെയാണ് ആക്റ്റ് അനുശാസിക്കുന്നതെന്ന് പറഞ്ഞാൽ പ്രശ്നം തീരുമായിരുന്നു. ഒരുകാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്, നമ്മുടെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധിച്ചാൽ ഫലം നെഗറ്റീവായാലും പോസിറ്റീവായാലും ഔദ്യോഗികമായി പ്രഖ്യാപിക്കാൻ കഴിയണം. അവർക്ക് പറയാമെങ്കിൽ നമുക്ക് പറഞ്ഞുകൂടെ? ബഹുമാനപ്പെട്ട മന്ത്രിക്ക് എന്ത് മെസ്സേജാണ് വന്നത്? 'The samples are under process'എന്നല്ലേ? അങ്ങനെയല്ലെങ്കിൽ പറയൂ. ശ്രീ. ടി. പി. രാമകൃഷ്ണന്റെ പേരാമ്പ്ര ഉൾപ്പെടെ 8 പഞ്ചായത്തുകളിൽ മൂന്ന് പ്രാവശ്യം നിപ വന്നതിനാൽ അവിടെയുള്ളവർ വളരെയധികം പ്രയാസവും വിഷമവും അനുഭവിക്കുകയാണ്.

ഇനി അവിടെ കല്യാണം നടത്താൻ കഴിയുമോ; മരണാനന്തര ചടങ്ങിൽ പങ്കെടുക്കാൻ സാധിക്കുമോ; ഹോട്ടലിൽ കയറാൻ കഴിയുമോ? ഇതെല്ലാം നമ്മൾ അനുഭവിച്ചതല്ലേ, എന്താണ് അതിന്റെ അടിസ്ഥാന കാരണം, എന്തുകൊണ്ടാണ് ആ ഭാഗത്തെ 8 പഞ്ചായത്തുകളിൽ ഇത് സ്ഥിരമായി വരുന്നത് എന്നതുസംബന്ധിച്ച് പഠനം നടത്തണം. ഒരു വിഷയം വരുമ്പോൾ മാത്രമല്ല അതിനെക്കുറിച്ച് അന്വേഷിക്കേണ്ടത്. ഒരു പ്രാവശ്യമല്ല, മൂന്ന് പ്രാവശ്യം നമ്മൾ അനുഭവിച്ചു. അതിന്റെ കാരണമെന്താണെന്ന് കണ്ടുപിടിക്കണമെങ്കിൽ ആ വിഷയം സംബന്ധിച്ച് പഠിക്കണം. ഞങ്ങൾ ഗവൺമെന്റിനെ വിമർശിക്കുകയല്ല, ഭരിക്കുന്ന നിങ്ങൾക്ക് മാത്രമേ അത് ചെയ്യാൻ സാധിക്കുകയുള്ളൂ, ഞങ്ങൾക്ക് നിങ്ങളോട് പറയാൻ മാത്രമേ കഴിയുകയുള്ളൂ. ആ രീതിയിൽ നിങ്ങൾ ഇതിനെ കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കെ. എം. മാണിയുടെ കാലത്ത് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന കാരുണ്യ ഫാർമസി സംവിധാനം തകരുകയല്ലേ? അതിനൊരു പരിഹാരം കാണേണ്ടതല്ലേ? ഗവൺമെന്റ് ആശുപത്രികളിൽ സൗകര്യങ്ങളില്ലെങ്കിൽ ജനങ്ങൾക്ക് പ്രൈവറ്റ് ആശുപത്രികളെ

ആശ്രയിക്കേണ്ടിവരും. 60 ശതമാനം ആളുകളും സർക്കാർ ആശുപത്രികളെയാണ് ആശ്രയിക്കുന്നതെന്ന് ശ്രീ. ജി. എസ്. ജയലാൽ സൂചിപ്പിച്ചു. 60 ശതമാനം ആളുകളും പ്രാഥമിക ചികിത്സയ്ക്കാണ് സർക്കാർ ആശുപത്രികളിൽ പോകുന്നത്, എന്നാൽ പിന്നീട് അവർ പോകുന്നത് പ്രൈവറ്റ് ആശുപത്രികളിലേയ്ക്കാണ്. നമ്മുടെ മെഡിക്കൽ കോളേജുകളിലെ സ്ഥിതി ആലോചിച്ചുനോക്കുക. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒരു ഡോക്ടറല്ലേ വിലകൂടിയ ഉപകരണങ്ങൾ നശിപ്പിച്ചത്? ബഹുമാനപ്പെട്ട മന്ത്രി, അദ്ദേഹത്തിന്റെ പേരിൽ എന്തെങ്കിലും നടപടിയെടുത്തോ? ആരോഗ്യപ്രവർത്തകർക്ക് സംരക്ഷണം നൽകാനുള്ള ബിൽ നമ്മൾ പാസ്സാക്കി. ഇതുപോലെയുള്ള ചില ഡോക്ടർമാരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കേണ്ടതല്ലേ? ഇന്നലെ ഞങ്ങൾ സഭ ബഹിഷ്കരിച്ചതുകൊണ്ട് ഈ വിഷയത്തെക്കുറിച്ച് സംസാരിക്കാൻ സാധിച്ചില്ല, അതാണ് സങ്കടം. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ലക്ഷങ്ങൾ വിലവരുന്ന എക്സ്റേ മെഷീൻ വർക്ക് ചെയ്യുന്നില്ല. അതുപോലെ സി.ടി. സ്കാൻ മെഷീൻ, അൾട്രാ സൗണ്ട് മെഷീൻ എന്നിവ നിരവധി

വർഷങ്ങളായി കേടായിക്കിടക്കുന്നു. ആശുപത്രിയിലെ ഡയാലിസിസ് മെഷീനും തകരാറിലാണ്. കൺവെൻഷണൽ റേഡിയോഗ്രാഫി എക്സ്റേ മെഷീൻ രണ്ടു വർഷമായി കേടായി കിടക്കുകയാണ്. അതിന്റെ അറ്റകുറ്റപ്പണിയും നടക്കുന്നില്ല. ഇതൊക്കെ നന്നാക്കാൻ ആശുപത്രി ഡെവലപ്മെന്റ് കമ്മിറ്റിയിൽ പണമില്ലേ; ഇതൊക്കെ മോണിറ്റർ ചെയ്യേണ്ടതല്ലേ? ഇക്കാര്യങ്ങൾ സംബന്ധിച്ച് നിങ്ങൾ ആലോചിച്ചു നോക്കണം. തിരുവനന്തപുരം മെഡിക്കൽ കോളജിലെ റേഡിയോ-ഡയഗ്നോസിസ് വിഭാഗത്തിലെ 4 സി.ടി. സ്കാൻ മെഷീനുകളിൽ രണ്ടെണ്ണം വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുകയാണ്. ഞാൻ സൂചിപ്പിച്ചതിനെക്കുറിച്ച് മന്ത്രി അന്വേഷിക്കണം. മെഡിക്കൽ കോളേജിലെ പ്രിൻസിപ്പാളിനും സൂപ്രണ്ടിനും യാതൊരു ഉത്തരവാദിത്വവുമില്ലേ? നമ്മുടെ നാട്ടിൽ ഇങ്ങനെയാണോ നടക്കേണ്ടത്? അതിനെതിരെ നടപടിയെടുക്കേണ്ടതല്ലേ? ഒരു സംഘടന സമരം ചെയ്യുമെന്ന് പറയുമ്പോഴേയ്ക്കും നമ്മൾ അവർക്കുവേണ്ടി ബിൽ ഉണ്ടാക്കുകയാണ്, സംഘടനയുടെ ആൾക്കാർ ഇതുപോലെ എന്തെങ്കിലും ചെയ്യുമ്പോൾ

നടപടിയെടുക്കേണ്ടതല്ലേ? സമ്മർദ്ദത്തിന് വഴങ്ങിക്കൊണ്ട് നമുക്ക് നിയമമുണ്ടാക്കാൻ സാധിക്കുകയില്ല. അതുപോലെ പ്രധാനപ്പെട്ട ഒന്നാണ് ഒ.പി. ടിക്കറ്റിന്റെ കാര്യം. പ്രൈമറി ഹെൽത്ത് സെന്ററിലായാലും ജില്ലാ ആശുപത്രിയിലായാലും എല്ലായിടത്തും ഒ.പി. ടിക്കറ്റെടുക്കണം. ഇന്ന് ഏത് ചായക്കടയിൽ പോയാലും, ഏത് സാധാരണ ഷോപ്പിൽ പോയാലും ഗൂഗിൾ പേ ഉണ്ട്. എന്നാൽ ഏതെങ്കിലും ആശുപത്രിയിൽ ഇതുണ്ടോ? ഓട്ടോറിക്ഷയ്ക്ക് പൈസ കൊടുക്കണമെങ്കിൽപോലും ഗൂഗിൾ പേ ഉണ്ട്. അതുകൊണ്ട് നമ്മുടെ ആശുപത്രികളിൽ അത്തരം സംവിധാനങ്ങൾ വരേണ്ടതല്ലേ? ഇത്തരം കാര്യങ്ങളിൽ മാറ്റം കൊണ്ടുവരുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണം. ചെറിയ കാര്യങ്ങളാണെങ്കിലും എല്ലാത്തിനും കേരളം ലോകത്തിന് മാതൃകയാണല്ലോ; അതിനാൽ അത്തരം കാര്യങ്ങളിൽക്കൂടി നമ്മുടെ ശ്രദ്ധയുണ്ടാകണം. ഞാൻ മറ്റു കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല, ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കാൻ ആഗ്രഹിക്കുന്നു. കാരുണ്യ ഫാർമസി, ഇൻഷ്വറൻസ് എന്നിവ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. അതുപോലെ പ്രാധാന്യമുള്ള വിഷയമാണ് ആശുപത്രിയിലെ

ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ്. അതിനും നിയന്ത്രണം ആവശ്യമാണ്. രാവിലെ 8 മണിക്ക് ഗവൺമെന്റ് ആശുപത്രിയിൽ ഹാജരാകുന്ന ഡോക്ടർ അപ്പോൾത്തന്നെ അവിടെനിന്ന് പ്രൈവറ്റ് ആശുപത്രിയിൽ സർജറി നടത്താൻ പോകുകയാണ്. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ ഒരു ഓർത്തോപീഡിക് ഡോക്ടറുടെ കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ, പണം കിട്ടിയില്ലെങ്കിൽ അദ്ദേഹം രോഗികളെ പരിശോധിക്കുകയില്ല. കൈക്കൂലി വാങ്ങുന്നതിനിടെ അദ്ദേഹത്തെ വിജിലൻസ് പിടികൂടി. 5,000 രൂപ കൊടുത്തില്ലെങ്കിൽ അദ്ദേഹം ഓപ്പറേഷന് തയ്യാറാകുകയില്ല. അദ്ദേഹത്തിന്റെ അടുത്ത ഒ.പി. വെള്ളിയാഴ്ചയേയുള്ളൂ, അപ്പോഴും ഓപ്പറേഷൻ ഇല്ല, പിന്നെ പൈസ കൊടുത്താൽ ഓപ്പറേഷൻ നടക്കും. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഇതൊക്കെ ഉണ്ടാകുമെന്ന് എനിക്കറിയാം. ഡോക്ടറുടെ പേര് സഭാരേഖകളിൽ ഉൾപ്പെടുത്താൻ താല്പര്യമില്ലാത്തതിനാൽ ഞാൻ പറയുന്നില്ല. ഈ വക കാര്യങ്ങളിൽ നമുക്ക് ശക്തമായ നടപടിയെടുക്കാൻ കഴിയണം. ആരോഗ്യപ്രവർത്തകർ സംരക്ഷിക്കപ്പെടുമ്പോൾത്തന്നെ ആ മേഖലയിൽ എഥിക്സിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഡോക്ടർമാരായാലും

ആരോഗ്യപ്രവർത്തകരായാലും അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മെഡിക്കൽ രംഗത്ത് കാലാകാലങ്ങളായി കേരളം നേടിയിട്ടുള്ള നേട്ടങ്ങളുണ്ടായിട്ടും എല്ലാ പകർച്ചവ്യാധികളും വരുന്ന ഒരു നാടായി സംസ്ഥാനം മാറുന്നുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പ്രവർത്തിക്കാത്തതുകൊണ്ടല്ല. നിപ വന്നപ്പോൾ മിനിഞ്ഞാന്ന് ഇവിടെനിന്ന് കോഴിക്കോട് പോയി മീറ്റിംഗ്കൂടി ഇന്ന് രാവിലെ തിരികെവന്നു. ഒരു ഇൻസിഡന്റ് വരുമ്പോഴാണ് ഇപ്രകാരം പോകുന്നത്. അതിനുപരിയായി ഭാവിയിൽ ഇത് വരാതിരിക്കാൻ, അല്ലെങ്കിൽ നിപയുടെ പ്രത്യേക കാരണങ്ങൾ കണ്ടുപിടിക്കാനുള്ള നടപടികൂടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഈ ബില്ലിനോടുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. സാങ്കേതികമായ ഒരു പേരുമാറ്റത്തിനായി കൊണ്ടുവന്ന ചെറിയ ബില്ലാണിത്. അതിനാൽ ബില്ലിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പരാമർശിക്കേണ്ടതില്ല. പക്ഷേ, ആരോഗ്യ മേഖലയെക്കുറിച്ച്

കുറച്ചുകാര്യങ്ങൾ സൂചിപ്പിക്കണമെന്ന് വിചാരിക്കുന്നു. ഡോക്ടർമാർക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിനുള്ള ബിൽ 11-ാം തീയതി ഇവിടെ പാസ്സാക്കി. ആ സന്ദർഭത്തിൽ സംസാരിക്കാൻ സാധിച്ചില്ല. മെഡിക്കൽ രംഗത്തെ അടിസ്ഥാനപ്രശ്നങ്ങളെ നമ്മൾ അഭിസംബോധന ചെയ്യുന്നുണ്ടോയെന്ന പരിശോധന നടത്തേണ്ടതാണ്. ഡോക്ടർമാർക്കെതിരെ നിരന്തരമായി ആക്രമണങ്ങളുണ്ടാകുകയും അതിക്രമങ്ങൾ നടക്കുകയും ചെയ്യുന്നത് അപലപനീയമാണ്, അവയൊന്നും ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. എന്നാൽ, എന്തുകൊണ്ട് ഇത്തരം അക്രമ സംഭവങ്ങളിലേയ്ക്ക് മാറുന്നു എന്നത് സംബന്ധിച്ചുള്ള പരിശോധനയാണ് പ്രധാനമായും നടത്തേണ്ടത്. പത്തിരുപത് വർഷങ്ങൾക്കുമുമ്പുള്ള ഡോക്ടർ-രോഗി ബന്ധമാണോ ഇപ്പോഴുള്ളത്? മുൻകാലങ്ങളിൽ ഇത്തരം സംഘർഷങ്ങളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നില്ല. അന്ന് ആരോഗ്യപ്രവർത്തകർക്ക് നേരെയോ ആരോഗ്യസ്ഥാപനങ്ങൾക്ക് നേരെയോ അതിക്രമങ്ങൾ ഇല്ലായിരുന്നു. എന്നാൽ, ഇന്ന് അത് വർദ്ധിച്ചുവരികയാണ്. ലോകത്ത് ഏത് ആശുപത്രിയിൽ പോയാലും അവിടെ

മികച്ച ആരോഗ്യപ്രവർത്തകരെ കാണാൻ സാധിക്കും, അതിൽ ഒരു മലയാളിയെങ്കിലുമുണ്ടാകും. അപ്പോൾ മികച്ച ആരോഗ്യപ്രവർത്തകരെത്തന്നെയാണ് നമ്മുടെ സംസ്ഥാനം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ മറ്റേതൊരു സംസ്ഥാനത്തെക്കാളും മികച്ച ആരോഗ്യപ്രവർത്തകരുള്ള സംസ്ഥാനമാണ് കേരളം. ആരോഗ്യ പ്രവർത്തകരുടെ മികവ് തന്നെയാണ് ഇതിൽ പ്രധാനം. അപ്പോൾ ആരോഗ്യപ്രവർത്തകരുടെ മികവിന്റെ കുറവുകൊണ്ടല്ല ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടാകുന്നതെന്ന് മനസ്സിലാകും. നാളെയുടെ വാഗ്ദാനമായിരുന്ന പ്രിയ സഹോദരി വന്ദനാ ദാസിന്റെ രക്തസാക്ഷിത്വത്തിന് മുമ്പിൽ വേദനയോടെ തലകുനിക്കുമ്പോഴും മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ അവിടേയ്ക്ക് ഒരു ക്രിമിനലിനെ കൊണ്ടുവന്ന പോലീസിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച പരിശോധിക്കപ്പെടേണ്ടതും ചർച്ചചെയ്യപ്പെടേണ്ടതുമാണ്. ദിവസേന നൂറുകണക്കിന് രോഗികളെ പരിശോധിക്കേണ്ടിവരുന്നതിലെ ജോലിഭാരം, അസൗകര്യങ്ങൾ നിറഞ്ഞ ആശുപത്രികളിൽനിന്നുണ്ടാകുന്ന പിരിമുറുക്കങ്ങൾ തുടങ്ങിയവ ഡോക്ടർമാരുടെ പെരുമാറ്റത്തിലും സമീപനത്തിലും

പ്രതിഫലിക്കും. ആരോഗ്യരക്ഷാപ്രവർത്തകരുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നിലവിലെ ഡോക്ടർ-രോഗി അനുപാതം കാലഹരണപ്പെട്ടതാണ്. സ്റ്റെതസ്കോപ്പ് വച്ച് പരിശോധിച്ച് ഗുളിക മാത്രം കൊടുത്ത് പറഞ്ഞയച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. മെച്ചപ്പെട്ട സംവിധാനങ്ങളുള്ള ആശുപത്രികളിൽപ്പോലും ഒരു കർട്ടൻ മറച്ചുകെട്ടി ഇഞ്ചക്ഷൻ റൂമുകളാക്കി മാറ്റുന്ന രീതി ഇപ്പോഴും നമ്മുടെ സംസ്ഥാനത്തുണ്ട്, നമ്മുടെ തൊട്ടടുത്തുപോലും അത്തരം സ്ഥാപനങ്ങളുണ്ട്. നിപയെ സംബന്ധിച്ച് ഇവിടെ സംസാരിച്ചുകഴിഞ്ഞു, കേരളത്തിൽ കോഴിക്കോട് ജില്ലയിൽ നിപ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുകയാണ്, എന്റെ തൊട്ടടുത്ത പ്രദേശത്താണ് നിപ സ്ഥിരീകരിച്ചിരിക്കുന്നത്. 2018-ൽ 17 ആളുകൾ മരിച്ച കോഴിക്കോട് ജില്ലയുടെ കിഴക്കൻ മേഖലയിൽത്തന്നെയാണ് നിപ വീണ്ടും സ്ഥിരീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇന്നലെത്തന്നെ സ്ഥലത്തെത്തുകയും ആവശ്യമായ കാര്യങ്ങൾ കൃത്യമായി ഏകോപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തിയ ആരോഗ്യ

വകുപ്പുമന്ത്രിയെ ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുന്നു. എന്തുകൊണ്ടാണ് നിപ ആ പ്രദേശത്ത് തുടർച്ചയായി കാണപ്പെടുന്നുവെന്നതിനെ സംബന്ധിച്ച് ഗൗരവമായ പഠനം നടത്തണം, പ്രത്യേകിച്ചും മലയോരമേഖലയായ പ്രസ്തുത പ്രദേശങ്ങളിലാണ് തുടർച്ചയായി ഇത് കണ്ടുകൊണ്ടിരിക്കുന്നത്. ഈ വിഷയത്തിൽ അടിയന്തരമായി പഠനം നടത്താൻ ആരോഗ്യ വകുപ്പ് തയ്യാറാകണം. മറ്റ് കാര്യങ്ങളൊക്കെ വളരെ ജാഗ്രതയോടെ നീങ്ങുന്നുണ്ടെന്നുതന്നെയാണ് മനസ്സിലാക്കുന്നത്. ഇത്തരത്തിൽ ജാഗ്രത പുലർത്തുന്നുണ്ടെങ്കിലും പ്രദേശവാസികൾ ഇപ്പോഴും വളരെയധികം ഭയത്തിലാണ് കഴിയുന്നത്. നമ്മുടെ ആശുപത്രികൾക്കായി വലിയ കെട്ടിടങ്ങളുണ്ടാക്കുന്നുണ്ടെങ്കിലും അതിനനുസരിച്ച് അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാകുന്നില്ല. എന്റെ മണ്ഡലത്തിലെ ഒരു ആശുപത്രിയുടെ കാര്യംകൂടി ഈ സമയത്ത് ശ്രദ്ധയിൽപ്പെടുത്തണമെന്ന് ആഗ്രഹിക്കുകയാണ്. പ്രസ്തുത വിഷയം നിരവധി തവണ ഈ സഭാതലത്തിൽ സൂചിപ്പിച്ചതും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതുമാണ്. വടകര ഗവൺമെന്റ് ആശുപത്രി ഒരു ജില്ലാ

ആശുപത്രിയാണ്, പ്രസ്തുത ആശുപത്രി ജില്ലാ ആശുപത്രിയായി മാറ്റിയിട്ട് കുറേയേറെ വർഷങ്ങളായി. ആശുപത്രിയുടെ ബോർഡിൽ പ്രദർശിപ്പിച്ചിരിക്കുന്ന പേര് 'ജില്ലാ ആശുപത്രി' എന്നാണ്. കഴിഞ്ഞ ദിവസത്തെ എന്റെ ഒരു ചോദ്യത്തിനുള്ള മറുപടിയിൽ പ്രസ്തുത ആശുപത്രി പ്രവർത്തിക്കുന്നത് താലൂക്കാശുപത്രിയുടെ നിലവാരത്തിലാണെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സൂചിപ്പിച്ചിരുന്നു, ഇക്കാര്യത്തിൽ വകുപ്പുമന്ത്രി വ്യക്തത വരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ആശുപത്രിയുടെ പേര് സംബന്ധിച്ച് തദ്ദേശവാസികൾ വലിയ പ്രശ്നത്തിലാണ്. പേര് ജില്ലാ ആശുപത്രി എന്നാണെങ്കിലും ജില്ലാ ആശുപത്രിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒന്നുംതന്നെ അവിടെ ഏർപ്പെടുത്തിയിട്ടില്ല, സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തിയിട്ടില്ല, നിലവിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമല്ല, വലിയ രീതിയിലുള്ള ഡയാലിസിസ് കേന്ദ്രം അവിടെയുണ്ടെങ്കിലും അതിനനുസരിച്ചുള്ള ഡോക്ടർമാരില്ല, കാർഡിയോളജി ഡോക്ടർ ഇല്ല, ഒരു കാത്ത്ലാബ് പോലുമില്ല. ജില്ലാ ആശുപത്രി എന്ന് പറയുന്നുണ്ടെങ്കിലും ഇത്തരം

സൗകര്യങ്ങളൊന്നും അവിടെ ഏർപ്പെടുത്തിയിട്ടില്ല. ഇനി അഥവാ ജില്ലാ ആശുപത്രി അല്ലെങ്കിൽ അതിന്റെ പേര് 'താലൂക്ക് ആശുപത്രി' എന്ന് മാറ്റുകയും 'ജില്ലാ ആശുപത്രി' എന്ന ബോർഡ് എടുത്തുമാറ്റുകയും ചെയ്യണമെന്ന് ഞാൻ ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ആളുകളിൽ ഇത് വലിയതോതിലുള്ള ആശയക്കുഴപ്പം സൃഷ്ടിക്കുകയാണ്, ജില്ലാ ആശുപത്രിയായിട്ടും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ അവിടെയുള്ള ഡോക്ടർമാരും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയും വലിയ പ്രയാസം നേരിടുകയാണ്. ദിവസേന ആയിരക്കണക്കിന് രോഗികൾ അവിടെ ചികിത്സതേടി എത്തുന്നുണ്ടെങ്കിലും ഭൗതിക സൗകര്യമില്ലാത്തതിനാൽ ചികിത്സ നൽകാൻ സാധിക്കുന്നില്ല, ആശുപത്രിയിൽ രോഗികളുടെ വലിയ ക്യൂ അനുഭവപ്പെടുന്നുണ്ട്. ഇതിന്റെ ഭാഗമായി പല ദിവസങ്ങളിലും നിരവധി സംഘർഷങ്ങൾ അവിടെ ഉണ്ടാകാറുണ്ട്. ജില്ലാ ആശുപത്രിയായി ഉയർത്തിയെങ്കിൽ അടിയന്തരമായി ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങളിൽ മാറ്റം വരുത്തണം, ഇനി അതല്ല താലൂക്ക് ആശുപത്രി ആണെങ്കിൽ, അങ്ങനെയാണെന്ന് പറയാൻ

തയ്യാറാകണം. കോഴിക്കോടിന്റെ കിഴക്കൻ മലയോരമേഖലയിലുള്ളവർ ആശ്രയിക്കുന്ന ഒരു പ്രധാന ആശുപത്രിയാണ് വടകര ജില്ലാ ആശുപത്രി. ആശുപത്രി സ്ഥിതിചെയ്യുന്നതിന് തൊട്ടടുത്തുള്ള മണ്ഡലങ്ങളിലെ ബഹുമാന്യരായ രണ്ട് എം.എൽ.എ.-മാർ ഇവിടെയുണ്ട്. ഇവരെല്ലാം ആശ്രയിക്കുന്നത് ഈ ആശുപത്രിയെയാണ്. നിരവധി സൗകര്യങ്ങളുണ്ടായിട്ടും ഈ ആശുപത്രിയിൽ ആദ്യപ്രസവം എടുക്കുന്നില്ല, ആദ്യപ്രസവം എടുക്കാത്ത ഒരേയൊരു ആശുപത്രിയാണിത്. ജില്ലാ മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിട്ടുപോലും അക്കാര്യത്തിൽ ഇതുവരെ ഒരു തീരുമാനവുമുണ്ടായില്ല. അത്തരം സൗകര്യങ്ങൾക്കായി പിന്നീട് പോകേണ്ടത് കോഴിക്കോടാണ്, അവിടെയെത്താൻ പത്തുപത് കിലോമീറ്റർ താണ്ടണം. ഇതൊന്നുമല്ലെങ്കിൽ പ്രസവത്തിനായി സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരും. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. തീർച്ചയായും ഇക്കാര്യത്തിൽക്കൂടി തീരുമാനമെടുക്കണമെന്നാണ് ബഹുമാനപ്പെട്ട

ആരോഗ്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. താഴെത്തട്ടിലുള്ള ആശുപത്രികളിലെ ഡോക്ടർമാർക്ക് രോഗികളെ ചികിത്സിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളുണ്ടാക്കണം. ഇത്തരം പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകാൻ സർക്കാർ തയ്യാറാകണം. വൃക്ക, കരൾ, പാൻക്രിയാസ്, ശ്വാസകോശം തുടങ്ങിയ ആന്തരികാവയവങ്ങളെ ബാധിക്കുന്ന രോഗങ്ങളെയും ആവർത്തിക്കുന്ന വൈറസ് ബാധകളെയും ക്യാൻസർ രോഗത്തെയും നമ്മുടെ ആരോഗ്യ സംവിധാനം അഭിസംബോധന ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കണം. സംസ്ഥാനത്തെ ഓരോ പഞ്ചായത്ത് വാർഡിലും സ്ഥിരമായി ഡയാലിസിസ് ആവശ്യമായി വരുന്ന നിരവധി രോഗികൾ ഉണ്ടാകുന്നതിന് കാരണമെന്താണെന്ന് ആരെങ്കിലും പരിശോധിക്കുന്നുണ്ടോ; ഇത്രയേറെ ക്യാൻസർ രോഗികളുണ്ടാകുന്നത് സ്വാഭാവികമാണോ; ഇക്കാര്യങ്ങൾ സംബന്ധിച്ച് സമഗ്ര പഠനം നടത്തിയിട്ടുണ്ടോ; ഇപ്പോൾ പഠനം നടക്കുന്നുണ്ടോ? ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് വിശദപരിശോധന നടത്താൻ സർക്കാർ

തയ്യാറാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. പ്രസവം ഒരു സാധാരണ ജൈവപ്രക്രിയയാണെങ്കിലും ഇന്ന് സാധാരണക്കാരന്റെ കുടുംബത്തെ വലിയ കടക്കെട്ടുതിയിലേയ്ക്ക് എത്തിക്കുന്ന ചെലവേറിയ ഒരു ചികിത്സാ രീതിയായി മാറുകയാണ്. മിക്കയാളുകൾക്കും ദൂരെയുള്ള ആശുപത്രികളിൽ എത്തിച്ചേർന്ന് പ്രസവചികിത്സ നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതിനാൽ ഗവൺമെന്റ് ആശുപത്രികളിൽ ഇതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകണം. മിക്ക ഗവൺമെന്റ് ആശുപത്രികളിലെയും സ്ഥിതി ഇതൊക്കെത്തന്നെയാണ്. വടകരയിലെ ഓർക്കാട്ടേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വലിയ സൗകര്യങ്ങളുള്ളതും നേരത്തേ കിടത്തിചികിത്സ നടത്തുകയും ചെയ്ത ആശുപത്രിയാണെങ്കിലും അതിന്റെ പേര് മാറ്റിയശേഷം വൈകുന്നേരം 6 മണി ആകുമ്പോഴേയ്ക്കും അടയ്ക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. പേരുമാറ്റംകൊണ്ടുമാത്രം കാര്യമില്ല, അതിനോടനുബന്ധിച്ചുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കണം. പലപ്പോഴും സബ്സെന്ററുകളിൽ ഉണ്ടാകുന്ന സാഹചര്യവും ഇതുതന്നെയാണ്. താഴേത്തട്ടിലെ

കുടുംബാരോഗ്യകേന്ദ്രങ്ങളിലും പലപ്പോഴും ഡോക്ടർമാരില്ലാത്ത അവസ്ഥയുണ്ടാകുന്നുണ്ട്. അതുപോലെ ഡോക്ടർമാർക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ രോഗികളുടെ അവകാശങ്ങളെക്കുറിച്ചുകൂടി സൂചിപ്പിക്കേണ്ടത് അനിവാര്യമാണ്. ഐ.സി.യു.-വിലെ രോഗികളെ സന്ദർശിക്കുന്നതിന് നിയന്ത്രണമുണ്ട്. പക്ഷെ, ബന്ധുക്കൾക്ക് ഏതുസമയവും കാണാൻ കഴിയുന്ന സി.സി.ടി.വി. സംവിധാനങ്ങൾ ഇത്തരം ഐ.സി.യു.-കളിൽ ഏർപ്പെടുത്തിയാൽ കുറേ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും. ഹോസ്പിറ്റലുകളിലെ ഇത്തരം കാര്യങ്ങൾ ഐ.സി.യു.-ന് പുറത്തുള്ള ബന്ധുക്കളെ അറിയിക്കാൻ യാതൊരു സംവിധാനവുമില്ല. അതിനാൽ പ്രൈവസി ഒഴിവാക്കിക്കൊണ്ട് ഇത്തരം കാര്യങ്ങൾ  കാണാനുള്ള സംവിധാനമുണ്ടാക്കുന്നത് ഫലപ്രദമാകും. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐ.സി.യു.-വിൽ ഒരു സ്ത്രീയെ പീഡിപ്പിച്ച സംഭവമുണ്ടായിട്ടുണ്ട്. ആ സ്ത്രീ ഇപ്പോഴും നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിലാണ്. പ്രസ്തുത വിഷയത്തിൽ മന്ത്രി അടിയന്തരമായി ഇടപെടണമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. പ്രിയപ്പെട്ട

ഹർഷിനയുടെ കാര്യം സംബന്ധിച്ച് നേരത്തെ വളരെ ചുരുക്കി മാത്രമേ പരാമർശിക്കാൻ കഴിഞ്ഞുള്ളൂ. നാലേമുക്കാൽ ഇഞ്ച് നീളത്തിലുള്ള ഒരു കത്രികയാണ് അവരുടെ വയറ്റിലുണ്ടായിരുന്നത്. 5 വർഷം അവർ അതും കൊണ്ടുനടന്നിരുന്നു. ഇപ്പോഴും അവർ അതിദാരുണമായ വേദന അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ശരീരത്തിലെ മുഴുവൻ ഹോർമോണുകളും മാറ്റിയിട്ടാണ് ശസ്ത്രക്രിയ ചെയ്ത് കത്രിക പുറത്തെടുത്തത്. 104 ദിവസമാണ് അവർ മെഡിക്കൽ കോളേജിന് മുമ്പിൽ സമരം ചെയ്തത്. ആ ദിവസങ്ങൾക്കിടയിൽ 6 പ്രാവശ്യം അവർ ബോധരഹിതയാകുകയും വിവിധ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യേണ്ട സാഹചര്യമുണ്ടാകുകയും ചെയ്തു. ആ സ്ത്രീ ഗുരുതര ആരോഗ്യപ്രശ്നങ്ങൾ നേരിടുകയാണ്. നമ്മുടെ ആശുപത്രി സംവിധാനത്തിലെ പിഴവുമൂലമാണ് അവർക്കിത് അനുഭവിക്കേണ്ടി വന്നത്. ഹർഷിനയെ ആരോഗ്യ വകുപ്പുമന്ത്രി സന്ദർശിച്ചിരുന്നു. ആരോഗ്യ വകുപ്പുമന്ത്രി അവരുടെ കൂടെയുണ്ടാകുമെന്ന് പറയുന്നത് ആത്മാർത്ഥമായിട്ടാണെന്ന് വളരെ കൃത്യമായിട്ടറിയാം. വാക്കുകൾ മാത്രം പോരാ പ്രായോഗികതലത്തിൽ അവർക്ക് അർഹമായ നഷ്ടപരിഹാരം

വാങ്ങിക്കൊടുക്കാനുള്ള ഇടപെടൽ മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. അത്രയേറെ സാമ്പത്തികമായി അവർ പ്രയാസപ്പെടുന്നു. അവർക്ക് മൂന്ന് കുഞ്ഞുങ്ങളാണുള്ളത്. അവർ കുട്ടികളെ പോറ്റാൻപോലും കഴിയാത്ത ഗുരുതരാവസ്ഥയിലാണ്. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. റഫറൽ ആശുപത്രികളായതിനാൽ മെഡിക്കൽ കോളേജുകളിൽ എപ്പോഴും വലിയ ക്യൂവാണ്. പ്രാഥമികാരോഗ്യ കേന്ദ്രത്തിലും താലൂക്ക് ആശുപത്രികളിലും ചെറിയ അസുഖമുള്ളവർ വന്നാൽപ്പോലും ആവശ്യമായ സംവിധാനമില്ലാത്തതിനാൽ മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്യേണ്ടിവരുന്ന സാഹചര്യമുണ്ട്. ഇത് മെഡിക്കൽ കോളജുകളുടെ ഭാരം വർദ്ധിപ്പിക്കുകയാണ്. അവിടെ ആവശ്യത്തിന് ഡോക്ടർമാരോ മറ്റ് ജീവനക്കാരോ ഇല്ല. കോഴിക്കോട് മെഡിക്കൽ കോളേജ് സന്ദർശിച്ചാൽ രോഗികൾ നിലത്തുകിടക്കുന്നത് കാണാൻ സാധിക്കും. അവിടെ ഡോക്ടർമാർ വലിയ പ്രയാസം അനുഭവിക്കുന്നുണ്ട്. അതുപോലെ വൈകുന്നേരം ആറ്

മണിക്കൂശേഷം ഒരു ഹോസ്പിറ്റലിൽ പോയാൽ അവിടെ സീനിയർ ഡോക്ടർമാരുണ്ടാകില്ല. പി.ജി. ഡോക്ടർമാരോ അല്ലെങ്കിൽ ഏതെങ്കിലും ആശുപത്രികളിൽനിന്നുവന്ന മറ്റ് ഡോക്ടർമാരോ ആയിരിക്കും അവിടെയുണ്ടായിരിക്കുന്നത്. പോലീസുകാർ കൊണ്ടുവരുന്ന കേസ്സുകൾ ഇവരാണ് സർട്ടിഫൈ ചെയ്യേണ്ടത്. ഇത്തരം കേസുകൾ ഇവർക്കെങ്ങനെയാണ് സർട്ടിഫൈ ചെയ്യാൻ സാധിക്കുന്നത്? ഇതിനെല്ലാം വലിയ രീതിയിലുള്ള മാറ്റമുണ്ടായാൽ മാത്രമേ ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുകയുള്ളൂ. ആശുപത്രികളിൽ സംഘർഷങ്ങൾ കുറയ്ക്കേണ്ടത് അനിവാര്യമാണ്. സത്യത്തിൽ ഇത്തരം കുറ്റകരമായ പ്രവർത്തനം നടത്തുന്നതിനെതിരെ നമ്മുടെ നാട്ടിൽ നിയമമുണ്ട്. വില്ലേജ് ഓഫീസിലോ പഞ്ചായത്ത് ഓഫീസിലോ പോയാൽ അവിടെയും പല തരത്തിലുള്ള സംഘർഷങ്ങളുണ്ടാകുന്നുണ്ട്. ഓരോ സ്ഥാപനത്തിനും ഓരോ നിയമമല്ല വേണ്ടത്. നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കപ്പെടുകയാണ് ചെയ്യേണ്ടത്. ഇത്തരം മാറ്റങ്ങൾ വരുത്തുന്നതിനുള്ള

അടിയന്തര ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. ലിന്റോ ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ചെറിയ ഭേദഗതിയാണ് ഇതിലുള്ളത്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ 2017-ലാണ് ഈ നിയമം നടപ്പാക്കിയത്. നിയമത്തിന് ആധാരമായിട്ടുള്ള വിഷയം എല്ലാവർക്കും ബോധ്യമുള്ളതാണ്. യു.ഡി.എഫ്.-ന്റെ തലതിരിഞ്ഞ സമീപനങ്ങളുടെ ഭാഗമായി മെഡിക്കൽ പ്രവേശനരംഗത്ത് സ്വാശ്രയകോളേജുകളുടെ കടന്നുകയറ്റം സംജാതമായി. ഫീസ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സ്വാശ്രയ മാനേജ്മെന്റുകളുടെ

കൈകളിലേയ്ക്ക് പോയപ്പോൾ സാമൂഹ്യനീതി അട്ടിമറിച്ചുകൊണ്ടുള്ള, പണം കൊണ്ടുമാത്രം പഠിക്കാൻ കഴിയുന്ന സ്ഥിതിവിശേഷം കേരളത്തിൽ നിലവിൽവന്ന സാഹചര്യത്തിലാണ് 2016-ൽ അധികാരത്തിൽ വന്ന ഒന്നാം പിണറായി സർക്കാരിന്റെ നേതൃത്വത്തിൽ 2017-ൽ ആവശ്യമായ ഒരു നിയമം കേരളത്തിൽ കൊണ്ടുവരാൻ കഴിഞ്ഞത്. അതിന്റെ ഭാഗമായി കേരളത്തിൽ വലിയ രൂപത്തിലുള്ള മാറ്റം സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമായ കാര്യമാണ്. എല്ലാവരും സൂചിപ്പിക്കുന്നതുപോലെ കേരളത്തിലെ ആരോഗ്യമേഖല ലോകത്തിനുമുമ്പിൽ ശ്രദ്ധേയമായ നിലയിലേയ്ക്ക് മാറിയിട്ടുണ്ട്. കഴിഞ്ഞ പ്രതിസന്ധിയുടെ കാലഘട്ടങ്ങളിൽ കേരളത്തിലെ ആരോഗ്യമേഖല സ്വീകരിച്ച സമീപനങ്ങൾ അതിനുദാഹരണമായി ഈ അവസരത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. സ്വാഭാവികമായും മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് കൂടുതൽ കുട്ടികൾക്ക് പ്രവേശനം നൽകാൻ കഴിയുന്ന നിലയിലുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സ്വാശ്രയമേഖലയെ ഞങ്ങൾ എതിർത്തുവെന്നത്

വസ്തുതതന്നെയാണ്. എന്നാൽ, സ്വാശ്രയമേഖല ഏറ്റവും കൂടുതൽ കൊണ്ടുവരണമെന്ന ആഗ്രഹമുണ്ടായിരുന്നത് യു.ഡി.എഫ്.-നാണ്. യു.ഡി.എഫ്.-ന്റെ സമീപനത്തിന്റെ ഭാഗമായാണ് പണമുള്ളവർ മാത്രം പഠിച്ചാൽ മതിയെന്ന കൺസെപ്റ്റ് കേരളത്തിൽ രൂപപ്പെട്ടത്. 2004-ൽ രജനി എസ്. ആനന്ദ് എന്ന പെൺകുട്ടി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസ് പ്രവർത്തിച്ചിരുന്ന ഹൗസിംഗ് ബോർഡ് കെട്ടിടത്തിനുമുകളിൽനിന്ന് ചാടി ആത്മഹത്യ ചെയ്തത് നമ്മൾ കണ്ടതാണ്. ആ കുട്ടിക്ക് നന്നായി പഠിക്കാനുള്ള കഴിവും മിടുക്കുമുണ്ടായിരുന്നു. പക്ഷെ, സ്വാശ്രയ മാനേജ്മെന്റുകൾ ആവശ്യപ്പെട്ട തുക നൽകാൻ ആ കുട്ടിയുടെ കൈയിലില്ലാത്തതുകൊണ്ടാണ് ആത്മഹത്യ ചെയ്യേണ്ട സാഹചര്യമുണ്ടായത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഇത്തരമൊരു തെറ്റായ കീഴ്വഴക്കം സൃഷ്ടിച്ച സമയത്താണ് 2017-ൽ നിയമനിർമ്മാണം നടത്തി ഫീസ് റെഗുലേറ്ററി കമ്മീഷനും മറ്റ് നിബന്ധനകളും കൊണ്ടുവന്ന് മെഡിക്കൽ പ്രവേശനം ആഗ്രഹിക്കുന്ന കുട്ടികൾക്കെല്ലാം പഠിക്കാനുള്ള സൗകര്യം ഏർപ്പെടുത്താനുള്ള ആശയം കേരളത്തിൽ നടപ്പാക്കിയത്.

അതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒന്നാം പിണറായി സർക്കാരിന്റെ കാലത്തും രണ്ടാം പിണറായി സർക്കാരിന്റെ കാലത്തും മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ സമുചിതമായ മാറ്റങ്ങൾ വരുത്തി ആ മേഖലയെ കൂടുതൽ കരുത്തുറ്റതാക്കി മാറ്റുന്നതിനുള്ള ശ്രമകരമായ പ്രവർത്തനങ്ങൾ നടത്തിയത്. 1655 എം.ബി.ബി.എസ്. സീറ്റുകൾ ഇപ്പോൾ കേരളത്തിൽ ലഭ്യമാണ്. നഴ്സിംഗ് മേഖലയിലെ സീറ്റുകളുടെ എണ്ണത്തിലും സമാന നിലയിൽ വർദ്ധനവുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. ഏറ്റവും അവസാനം 2023-ൽ കൊല്ലം, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ നഴ്സിംഗ് പ്രവേശനം നടത്തുന്നതിനുവേണ്ട അംഗീകാരം ഗവൺമെന്റ് കൊടുത്തിരിക്കുകയാണ്. സമസ്തമേഖലകളിലും വികസനകാഴ്ചപ്പാടുകൾ മുന്നോട്ടുവച്ചുകൊണ്ട് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുന്നതിനുവേണ്ട ശ്രദ്ധേയമായ ഇടപെടൽ നടത്തുകയാണ്. കേരളത്തിൽനിന്നും കുട്ടികൾ പുറത്തേയ്ക്ക് പോകുന്നതിനെക്കുറിച്ചാണ് ചില അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചത്. എന്നാൽ, നമ്മുടെ കുട്ടികളെത്തേടി വിദേശരാജ്യങ്ങളിൽനിന്ന് ആളുകൾ ഇങ്ങോട്ടുവരുന്നുവെന്നത് ശ്രദ്ധേയമായ

കാര്യമാണ്. കേരളത്തിന്റെ വിദ്യാഭ്യാസ ഗുണനിലവാരമാണ് അത് പ്രകടമാക്കുന്നത്. എം.ബി.ബി.എസ്./നഴ്സിംഗ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളെ മാത്രമല്ല, ഐ.ടി. പ്രൊഫഷണലുകൾ ഉൾപ്പെടെയുള്ളവരെ നാഷണൽ കമ്പനികൾ തേടിവരുന്ന സാഹചര്യം കേരളത്തിലുണ്ടാകുകയാണ്. സംസ്ഥാനത്തെ ആരോഗ്യമേഖലയാകെ മെച്ചപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ, കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനം പൂർണ്ണമായി തകർന്നുവെന്നാണ് മുൻമന്ത്രിയായിരുന്ന ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ സൂചിപ്പിച്ചത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനങ്ങളെ ആശ്രയിച്ചിരുന്ന ആളുകളുടെ എണ്ണം 15 ശതമാനമായിരുന്നു എന്നുള്ള കാര്യം അദ്ദേഹം മനസ്സിലാക്കണം. അതിപ്പോൾ 60 ശതമാനത്തിലേയ്ക്ക് ഉയർത്താൻ കഴിഞ്ഞുവെന്നത് ശ്രദ്ധേയമായ നേട്ടമാണ്. ആരോഗ്യമേഖലയിലെ സംവിധാനങ്ങളൊരുക്കുന്നതിനുവേണ്ടി നേരത്തെ 660 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിരുന്നു. അതിപ്പോൾ 2800 കോടി രൂപയാക്കി

ഉയർത്തിയ മനോഹരമായ കാഴ്ച നമ്മൾ കാണുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് എല്ലായിടത്തും മെഡിക്കൽ കോളേജുകൾ ആരംഭിച്ചുവെന്നാണ് ശ്രീ. എ. പി. അനിൽ കുമാർ സൂചിപ്പിച്ചത്. മെഡിക്കൽ കോളേജുകൾക്കുവേണ്ടി എല്ലായിടത്തും തറക്കല്ലുണ്ടെന്ന കാര്യം സത്യമാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അനുവദിക്കപ്പെട്ട മെഡിക്കൽ കോളേജാണ് മഞ്ചേരി മെഡിക്കൽ കോളേജ്. മഞ്ചേരി മെഡിക്കൽ കോളേജ് അനുവദിച്ചുവെന്നുപറയുമ്പോൾ അവിടെ പുതിയ കെട്ടിടവും സംവിധാനങ്ങളും വരുമെന്നാണ് നമ്മൾ കരുതിയത്. അവിടെ ജില്ലാ ആശുപത്രിയെന്നുള്ള ബോർഡുണ്ടായിരുന്നു. മെഡിക്കൽ കോളേജിന്റെ പ്രഖ്യാപനം നടത്തിയപ്പോൾ ആ ബോർഡ് മാറ്റി അവിടെ മഞ്ചേരി മെഡിക്കൽ കോളേജ് എന്നുള്ള പേര് ചേർക്കുകയാണ് ചെയ്തത്. വയനാട് മെഡിക്കൽ കോളേജിനെക്കുറിച്ചും കോന്നി മെഡിക്കൽ കോളേജിനെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. ആ മെഡിക്കൽ കോളേജുകൾക്കൊക്കെ പേരും തറക്കല്ലും മാത്രമിടുന്ന സാഹചര്യമാണുണ്ടായിരുന്നത്. നേരത്തെ ഇടുക്കി മെഡിക്കൽ കോളേജിൽ പ്രവേശനം നേടിയതിനെക്കുറിച്ച് സൂചിപ്പിച്ചു.

5.00 PM]

2014-ൽ ഇടുക്കി മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്.-ന് പ്രവേശനം നൽകിയത് വസ്തുതയാണ്. എന്നാൽ, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം നേടിയെടുക്കുന്നതിനുവേണ്ടിയുള്ള ഒരു തയ്യാറെടുപ്പും നടത്താത്തതിനാൽ 2016-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുതന്നെ ആ അംഗീകാരം എടുത്തുകളഞ്ഞു. പിന്നീട് ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് പുതിയ അപേക്ഷ സമർപ്പിച്ച് ഈ കുട്ടികളെ മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റാൻ സാധിച്ചത്. ഇത്തവണ ഇടുക്കി മെഡിക്കൽ കോളേജിനും കോന്നി മെഡിക്കൽ കോളേജിനും 100 എം.ബി.ബി.എസ്. സീറ്റ് വീതം അനുവദിച്ചുനൽകാൻ കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. അതിനുവേണ്ട എല്ലാ അടിസ്ഥാനസൗകര്യങ്ങളും കേരളത്തിനകത്ത് ഒരുക്കിയെന്നുള്ളതാണ് ശ്രദ്ധേയമായ കാര്യം. സാംക്രമിക രോഗങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ സൂചിപ്പിച്ചു. യേശുക്രിസ്തു പുനരുദ്ധാനം

ചെയ്തതിനുശേഷം അദ്ദേഹത്തിന്റെ അരുമശിഷ്യനായ തോമസിനെ വിളിച്ചിട്ട് നീ എന്റെ തിരുമുറിവിൽ തൊട്ട് വിശ്വസിക്കൂ എന്ന് ബൈബിളിൽ പരാമർശിക്കുന്നുണ്ട്. അതുപോലെയാണ് ബഹുമാനപ്പെട്ട മന്ത്രി രാവിലെ മറുപടി പറഞ്ഞ പല വിഷയങ്ങൾക്കും ഏതോ പത്രമെടുത്ത് കാണിച്ചുകൊണ്ട് വീണ്ടും സംശയം ഉന്നയിക്കുന്നത്. അത് ഏത് പത്രമാണെന്ന് ഞാൻ പരാമർശിക്കുന്നില്ല. ആ പത്രത്തിൽ എഴുതിപ്പിടിപ്പിച്ചിരിക്കുന്നത് എന്തായിരിക്കുമെന്നറിയാമല്ലോ; സത്യത്തെ മറച്ചുപിടിക്കുകയാണ്. കേരളത്തിലെ സ്ഥിതിയെന്താണ്? നിപ പോലുള്ള മാരക സാംക്രമിക രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. തിരുവനന്തപുരത്തെയും ആലപ്പുഴയിലെയും വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും കോഴിക്കോട് മെഡിക്കൽ കോളേജിലും ഇതിനുള്ള സംവിധാനമുണ്ട്. ഇക്കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി വ്യക്തമായി പരാമർശിച്ചതാണ്. എന്നാൽ ശ്രീ. എ. പി. അനിൽ കുമാർ അതൊന്നും വിശ്വസിക്കുന്നില്ല. വരൂ നമുക്ക് ഒരുമിച്ചുപോയി കാര്യങ്ങൾ മനസ്സിലാക്കാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി

അദ്ദേഹത്തോട് പറഞ്ഞത്. പക്ഷെ, അത് തന്നെ കളിയാക്കിയതായാണ് അദ്ദേഹത്തിന് തോന്നിയത്, യഥാർത്ഥത്തിൽ അദ്ദേഹത്തെ കളിയാക്കിയതല്ല. സത്യം വിളിച്ചുപറയുമ്പോഴും ഏതെങ്കിലും മാധ്യമങ്ങൾ എഴുതിവയ്ക്കുന്ന നുണയുടെ പുറത്തിരുന്ന് സഞ്ചരിക്കാനാണ് ആഗ്രഹിക്കുന്നതെങ്കിൽ നിങ്ങളെ കൂട്ടിക്കൊണ്ടുപോയി തൊട്ട് വിശ്വസിപ്പിക്കുകയെന്നുള്ളതല്ലാതെ മറ്റെന്താണ് ചെയ്യാൻ കഴിയുക? ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ മികച്ച നിലയിലാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യം സൂചിപ്പിക്കുമ്പോൾ, പുതുപ്പള്ളിയിൽ പുതിയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് വന്നിട്ടുണ്ടെന്നത് പുതിയ അറിവാണ്. അവിടെ അത്തരത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് വന്നിട്ടുണ്ടെങ്കിൽ അവർ പരിശോധിക്കട്ടെ; വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആലപ്പുഴയിലും തിരുവനന്തപുരത്തുമാണുള്ളത്. നിപ പോലുള്ള രോഗങ്ങൾ പരിശോധിക്കാൻ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് അല്ലെങ്കിലും അതിനാവശ്യമായ സംവിധാനം കോഴിക്കോട് മെഡിക്കൽ കോളേജിലുമുണ്ടെന്നുള്ളത് വസ്തുതയാണ്. കേരളത്തിലെ ആരോഗ്യമേഖലയിൽ ചിന്തിക്കാൻ കഴിയാത്ത

വിധത്തിലുള്ള കുതിച്ചുചാട്ടമുണ്ടാകുകയാണ്. കേന്ദ്രസർക്കാർ പലതരത്തിലും നമ്മളെ ദ്രോഹിക്കുന്നുണ്ടെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിലുള്ള ശ്രദ്ധേയമായ ഇടപെടലിന്റെ ഭാഗമായി ഏത് മേഖല എടുത്തുപരിശോധിച്ചാലും കേരളത്തിനാവശ്യമായ അവാർഡുകൾ നൽകേണ്ട സ്ഥിതിയിലേയ്ക്ക് കേന്ദ്രസർക്കാർ മാറുകയാണ്. നമ്മൾ എത്രമാത്രം അവാർഡുകളാണ് നേടിയത്? സംസ്ഥാനം എല്ലാ മേഖലയിലും മുന്നിട്ടുനിൽക്കുന്ന സാഹചര്യമുണ്ടായി. നീതി ആയോഗിന്റെ സൂചികയിൽ കേരളം ഒന്നാമതാണ്. മാതൃ-ശിശു മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. ദേശീയ ഭക്ഷ്യസുരക്ഷാ സൂചികയിലും കേരളം ഒന്നാമതാണ്. കാസ്പ് വഴി രണ്ടുവർഷംകൊണ്ട് 3,200 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണ്. ഇങ്ങനെ ഏത് മേഖലയെടുത്ത് പരിശോധിച്ചാലും കേരളം മുന്നിലാണ്. ഇതെല്ലാം പറയാൻ കഴിയില്ല, അത്രമാത്രം അവാർഡുകളും അംഗീകാരങ്ങളുമാണ് കേന്ദ്രഗവൺമെന്റുപോലും നമുക്ക് നൽകുന്നത്. സ്വാഭാവികമായും നിരവധി

മുന്നേറ്റങ്ങളുമായി മുന്നോട്ടുപോകുന്ന സാഹചര്യമാണുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ ആരോഗ്യമേഖലയിൽ നിരവധി പ്രതിസന്ധികളുണ്ടെങ്കിലും അവയെല്ലാം മറികടക്കാൻ ഗവൺമെന്റ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. പ്രസ്തുത മേഖലയ്ക്ക് ബഡ്ജറ്റ് വിഹിതമായി 660 കോടി രൂപയുണ്ടായിരുന്നത് 2,800 കോടി രൂപയായി വർദ്ധിപ്പിച്ചു. അതായത്, 4 മടങ്ങ് അധികം തുക നൽകുന്ന നിലയിലേയ്ക്ക് ഗവൺമെന്റ് ശ്രദ്ധ കൊടുക്കുകയാണ്. സാംക്രമികരോഗങ്ങൾ തടയാൻ നിതാന്ത പരിശ്രമവും ജാഗ്രതയും ഉണ്ടാകുകയാണ്. പൊതുജനാരോഗ്യ ബിൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അവതരിപ്പിച്ചതാണ്. ഇപ്പോൾ നിർഭാഗ്യകരമായ ഒരു സംഭവമുണ്ടായപ്പോൾ ആരോഗ്യപ്രവർത്തകരെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ബിൽ കൊണ്ടുവന്നു. നിയമംവഴി സാധ്യമാകേണ്ടത് നിയമംവഴിയും അല്ലാതെയുള്ളത് അല്ലാതെയും നൽകി ആരോഗ്യമേഖലയെ ഏറ്റവും മികവുള്ള കേന്ദ്രമാക്കി മുന്നോട്ടുകൊണ്ടുപോകാനുള്ള നിതാന്ത പരിശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. മാധ്യമങ്ങൾ ഉയർത്തിക്കൊണ്ടുവരുന്ന ചില വാർത്തകളാണ് ഇവർ സ്വീകരിക്കുന്നത്.

ഇവർ മാധ്യമങ്ങൾ പറയുന്ന നുണയുടെ പുറത്തുകയറി ഇരിക്കുകയാണ്. കഴിഞ്ഞ ദിവസം സോളാർ കേസുമായി ബന്ധപ്പെട്ട് ഈ സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിച്ചു. ഈ സഭയിൽ നടന്നത് എന്തെല്ലാമാണെന്ന് നമ്മളെല്ലാവരും കണ്ടതാണ്, അനുഭവിച്ചതാണ്. പക്ഷെ, നമ്മളെയൊക്കെ അത്ഭുതപ്പെടുത്തുന്ന രീതിയിലാണ് അടുത്ത ദിവസം മാധ്യമങ്ങളിൽ വാർത്ത വന്നത്. ഇവിടെ സംഭവിച്ചതിന്റെ വിപരീതമായിട്ടാണ് വാർത്തകൾ വന്നത്. ഇത്തരം വാർത്തകൾ എങ്ങനെയാണ് വിശ്വസിക്കാൻ കഴിയുന്നത്? നമ്മൾ അനുഭവിച്ച കാര്യങ്ങൾപോലും തകിടം മറിക്കുന്നനിലയിലാണ് കൊണ്ടുവരുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നത് സംബന്ധിച്ചുള്ള അടിയന്തരപ്രമേയമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ ഇവിടെ അവതരിപ്പിച്ചത്. അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന ഘട്ടത്തിൽ യൂത്ത് കോൺഗ്രസിന്റെ തുവ്വൂർ മണ്ഡലം സെക്രട്ടറി ജയിലിൽ കിടക്കുകയാണ്. അദ്ദേഹം ജയിലിൽ കിടക്കുന്നത് എന്തിനുവേണ്ടിയാണ്? അയൽവാസിയായ ഒരു സ്ത്രീയെ കൊന്നുകുഴിച്ചുമൂടി അതിനുമുകളിൽ സ്ലാബിട്ട്

കോഴിക്കുട് സ്ഥാപിച്ച വിദ്വാനാണ് അദ്ദേഹം. സേതുരാമയ്യർ സി.ബി.ഐ. എന്നൊരു സിനിമ ഇറങ്ങിയിട്ടുണ്ട്. ആ സിനിമയിൽ ടെയ്‌ലർ മണി എന്നൊരു കഥാപാത്രമുണ്ട്. ടെയിലർ മണി ഒരാളെ കൊന്നശേഷം അത് മറച്ചുവയ്ക്കാനായി പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് സംഘടിപ്പിക്കുകയും നിരവധി പ്രതിഷേധ പരിപാടികൾ നടത്തുകയും ചെയ്തു. അതുപോലെ ടെയ്‌ലർ മണിയായി യൂത്ത് കോൺഗ്രസിന്റെ മണ്ഡലം സെക്രട്ടറിയും മാറുകയാണ്. അതേസമയം നിയമസഭയിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കുവേണ്ടി വാദിക്കുന്ന ഇരട്ടത്താപ്പ് നയമാണ് ഇവർ സ്വീകരിക്കുന്നത്. കേരളത്തോട് കേന്ദ്രസർക്കാർ കാണിക്കുന്ന അവഗണനയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കണമെന്നും അതിനുവേണ്ടി കൂട്ടായ ആലോചന നടത്തി മുന്നോട്ടുപോകണമെന്നുമായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.പി.-മാരോട് ആവശ്യപ്പെട്ടത്. അവർ അതിന് തയ്യാറായോ? അതിനുശേഷം പ്രസ്തുത വിഷയം ഇവിടെ അടിയന്തരപ്രമേയമായി അവതരിപ്പിക്കുകയും തൊട്ടടുത്ത ദിവസം മാധ്യമങ്ങളിൽ വലിയ വാർത്തയാക്കി ഇവർ മുന്നോട്ടുപോകുകയുമാണ്. അതാണിവിടെ സംഭവിക്കുന്നത്. പ്രതിപക്ഷം

ഉണ്ടാക്കിയെടുക്കുന്ന നുണകളുടെയും മാധ്യമനുണകളുടെയും മുകളിൽ ജനം സത്യത്തെ തിരിച്ചറിയുന്നുവെന്നുള്ള തിരിച്ചറിവ് നിങ്ങൾക്കുണ്ടാകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2019-ലെ നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്ടിന്റെ (2019-ലെ 30-ാം നമ്പർ കേന്ദ്ര ആക്റ്റ്) 60-ാം വകുപ്പ് പ്രകാരം കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 'മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ'യ്ക്കുപകരം 'നാഷണൽ മെഡിക്കൽ കമ്മീഷൻ' നിലവിൽവന്ന സാഹചര്യത്തിൽ 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) നിയമത്തിൽ തദനുസൃതമായ മാറ്റം

വരുത്തുന്നതിനുവേണ്ടിയാണ് ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഗുണനിലവാരമുള്ള ചികിത്സ ഏതൊരു പൗരന്റെയും അടിസ്ഥാനപരമായ ആവശ്യമാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളം ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ മികച്ച പുരോഗതി കൈവരിച്ച സംസ്ഥാനമാണ്. മാറിമാറി വന്ന ഗവൺമെന്റുകളുടെ പ്രവർത്തനങ്ങളും സഹായങ്ങളും ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ സഹായകരമായിട്ടുണ്ട് എന്നത് സത്യമാണ്. അതുപോലെ, നമ്മുടെ രാജ്യത്ത് പ്രത്യേകിച്ച് കേരളത്തിൽ സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുൻപുതന്നെ മിഷനറിമാർ, സ്വകാര്യ വ്യക്തികൾ എന്നിവരടക്കമുള്ളവരുടെ സേവനങ്ങൾ വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തുമുണ്ടായിട്ടുണ്ട് എന്നുള്ളതും ഒരു സത്യമാണ്. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ കേരളം കൈവരിച്ച പുരോഗതി നിലനിർത്തിക്കൊണ്ടുപോകാൻ നമുക്ക് സാധിക്കണം. ആരോഗ്യ രംഗത്തുണ്ടാകുന്ന പുതിയ പ്രവണതകളെ അവഗണിക്കാൻ കഴിയില്ല. ശ്രീ. ലിന്റോ ജോസഫ് ഇവിടെ നിരവധി അവാർഡുകളുടെ കാര്യം സൂചിപ്പിച്ചു. ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ് തുടങ്ങിയ

സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളം ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ എല്ലാക്കാലത്തും മുന്നിലാണ്. പക്ഷെ, സംസ്ഥാനത്ത് മാരകരോഗങ്ങൾ തിരിച്ചുവരുന്നുവെന്നുള്ള ആശങ്ക നിലനിൽക്കുന്നു എന്നതാണ് ഇപ്പോഴത്തെ പ്രശ്നം. ഞാൻ ഗവൺമെന്റിനെയോ വകുപ്പുമന്ത്രിയെയോ കുറ്റപ്പെടുത്താൻ പറയുന്നതല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് നിപ കണ്ടെത്തിയത് സ്വകാര്യ ആശുപത്രിയിലെ ഒരു ഡോക്ടറായിരുന്നു. ആ ഡോക്ടറുടെ ലേഖനം പത്രങ്ങളിൽ വന്നിട്ടുണ്ട്. ഞാൻ രാവിലെ സൂചിപ്പിച്ചതുപോലെ, ലോകത്തുതന്നെ 700 പേർ നിപ രോഗബാധിതരാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിൽത്തന്നെ മരണനിരക്ക് 70 ശതമാനമാകുമ്പോൾ കേരളത്തിലത് 90 ശതമാനമാണ്. ഇത്തരം മാരകരോഗങ്ങൾ കേരളത്തിലുണ്ടാകുന്നു എന്നത് ഗവൺമെന്റ് ഗൗരവത്തോടെ കാണണം. ഞാൻ ഗവൺമെന്റിനെ വിമർശിക്കുകയല്ല, സ്വാഭാവികമായും ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ട്. എലിപ്പനി, മലമ്പനി, ഡെങ്കിപ്പനി തുടങ്ങി നിർമ്മാർജ്ജനം ചെയ്ത പല രോഗങ്ങളും

തിരിച്ചുവരുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം, പാരിസ്ഥിതിക പ്രശ്നങ്ങൾ, ജീവിതരീതിയിൽ വരുന്ന മാറ്റങ്ങൾ എന്നിവയാകാം ഇതിനുള്ള കാരണങ്ങൾ. ആയതിനാൽ ആരോഗ്യ രംഗത്തെ ഇത്തരം പ്രശ്നങ്ങൾ ഗൗരവത്തോടെ വീക്ഷിക്കേണ്ടത് അനിവാര്യമാണ്. വാസ്തവത്തിൽ ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ വരില്ലെന്നാണ് ഞാൻ കരുതിയത്, വരാൻ പാടില്ലായിരുന്നു. ബഹുമാന്യരായ ആരോഗ്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കോഴിക്കോട് നിൽക്കണമായിരുന്നു. നിങ്ങളുടെ സാന്നിധ്യം അവിടെ ഗുണം ചെയ്യും. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നാളെയെങ്കിലും അവിടെ ക്യാമ്പ് ചെയ്യണം. കാരണം, ആളുകളിൽ സ്വാഭാവികമായും ഭീതിയുണ്ട്. നിങ്ങളുടെ സാന്നിധ്യം അവിടെ അനിവാര്യമാണ്. ഇതൊരു ചെറിയ ബില്ലാണ്, അത് അവതരിപ്പിക്കാൻ മറ്റാരെയെങ്കിലും ചുമതലപ്പെടുത്തിയാൽ മതിയായിരുന്നു. അവിടെ നിന്നുള്ള ധാരാളം ആളുകൾ ഞങ്ങളെ വിളിക്കുന്നുണ്ട്. അവർക്ക് വലിയ ആശങ്കയുണ്ട്, കാരണം, രണ്ടാം തവണയാണ് ഈ രോഗം വരുന്നത്. അവർക്ക് കൂടുതൽ ആത്മവിശ്വാസം നൽകാൻ നമുക്ക് കഴിയണം. അത്രയും

മാരകമായ അസുഖമായതുകൊണ്ട് നമ്മളെല്ലാവരും ഒരുമിച്ച് നിൽക്കണം, അതിലൊന്നും ഒരു രാഷ്ട്രീയവുമില്ല. ആദ്യതവണ നിപ ഉണ്ടായപ്പോൾ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയുമായി എറണാകുളത്തുവച്ച് ഞാൻ ചർച്ച നടത്തിയത് ഇപ്പോൾ ഓർക്കുകയാണ്. അതുപോലെ മാരകരോഗങ്ങൾ വീണ്ടുമുണ്ടാകുന്നു. ശ്രീ. ലിന്റോ ജോസഫ് പറഞ്ഞ കാര്യത്തിൽ ഒരു തെറ്റുണ്ട്. അദ്ദേഹം സൂചിപ്പിച്ചത്, കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ആശുപത്രികളിൽ വരുന്ന രോഗികളുടെ എണ്ണം കുറവാണെന്നും ഇപ്പോൾ കൂടുതലാണെന്നുമാണ്. അത് ശരിയാണോ എന്നത് പരിശോധിക്കേണ്ട കാര്യമാണ്. നമ്മുടെ ലക്ഷ്യമെന്താണ്, രോഗം വരാതെ നോക്കുക, വന്നുകഴിഞ്ഞാൽ ആളുകൾക്ക് മെച്ചപ്പെട്ട ചികിത്സാസംവിധാനം ഉറപ്പുവരുത്തുക. അതാണ് നിലവിൽ അനിവാര്യമായിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പൊതുജനാരോഗ്യരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ നമുക്ക് അഭിമാനത്തോടെ ഇപ്പോഴും ഓർക്കാൻ സാധിക്കും. സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ നിലവാരം അളക്കുന്നത് സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന

മികവിനെയും പ്രകടനത്തെയും കണക്കിലെടുത്തുകൊണ്ടാണ്. പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിൽ പരിമിതമായ സൗകര്യങ്ങളാണെങ്കിൽപ്പോലും ചികിത്സ നൽകാൻ സാധിക്കുന്നുവെന്നതാണ് കേരളത്തിന്റെ പ്രത്യേകത. സാധാരണക്കാരെ റഫർ ചെയ്തുവിടുന്നത് മെഡിക്കൽ കോളേജുകളിലേയ്ക്കാണ്. പക്ഷെ, പല മെഡിക്കൽ കോളേജുകളിലും വേണ്ടത്ര ചികിത്സാസൗകര്യങ്ങൾ ഇല്ലെന്നത് പ്രയാസകരമായ കാര്യമാണ്. മെഡിക്കൽ കോളേജുകൾ ആരംഭിക്കുമ്പോൾ ഒരുപക്ഷെ ബാലാരിഷ്ടതകളും പരിമിതികളുമുണ്ടാകാം. ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞാൽപ്പോലും അവിടെവരുന്ന രോഗികൾക്ക് വേണ്ടത്ര സൗകര്യം കൊടുക്കാൻ കഴിയുന്നില്ലെന്നുള്ളത് ഗൗരവമുള്ള കാര്യമാണ്. ആലപ്പുഴ മെഡിക്കൽ കോളേജ് പണ്ട് കൊട്ടാരം ആശുപത്രിയായിരുന്നു. അത് സ്വകാര്യ വ്യക്തിയുടെ കൈയിലായിരുന്നു. തിരുമല ദേവസ്വം ഗവൺമെന്റിന് വിട്ടുതന്നതാണത്. ആ ആശുപത്രി ഇപ്പോൾ വണ്ടാനത്തേയ്ക്ക് മാറ്റിയെങ്കിലും അവിടെ എത്തുന്ന രോഗികൾക്ക് വേണ്ടത്ര സൗകര്യങ്ങൾ ലഭിക്കുന്നില്ല. അതേസമയം കോട്ടയം മെഡിക്കൽ കോളേജിൽ അത്യാവശ്യ

സൗകര്യങ്ങൾ ലഭിക്കുന്നുണ്ട്. കളമശ്ശേരിയിൽ എത്തുന്ന രോഗികളെ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയാണെന്നാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) എന്നോട് സൂചിപ്പിച്ചത്. കാരണം, കളമശ്ശേരിയിൽ വെന്റിലേറ്റർ ഉൾപ്പെടെ യാതൊരു പ്രാഥമിക സൗകര്യങ്ങളുമില്ല. എന്നാൽ, അവിടെ വരുന്നവർ വളരെ കൂടുതലുമാണ്. പാവപ്പെട്ടവരും സാധാരണക്കാരുമാണ് സർക്കാർ മെഡിക്കൽ കോളേജുകളെ ആശ്രയിക്കുന്നത്. സാമ്പത്തികശേഷിയുള്ളവർക്ക് സ്വകാര്യ ആശുപത്രികളിലും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും പോകാൻ സാധിക്കും. ആലപ്പുഴ മെഡിക്കൽ കോളേജിന് അംഗീകാരം നഷ്ടപ്പെട്ടുവെന്ന വാർത്ത അടുത്തകാലത്ത് വരികയുണ്ടായി. വേണ്ടത്ര ഡോക്ടർമാരോ സൗകര്യങ്ങളോ ഇല്ലെന്ന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ പരിശോധനയിൽ കണ്ടെത്തിയതുകൊണ്ടാണ് അംഗീകാരം നഷ്ടപ്പെട്ടത്. പിറ്റേദിവസം അത് rectify ചെയ്തുവെന്നാണ് അറിയാൻ കഴിഞ്ഞത്. മെഡിക്കൽ കോളേജുകളുടെ അടിസ്ഥാനസൗകര്യ വികസനം ഗവൺമെന്റിന്റെ പ്രാഥമിക ഉത്തരവാദിത്വമാണ്. ഈ

ദൗത്യനിർവ്വഹണത്തിൽ ഗവൺമെന്റ് എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്. മെഡിക്കൽ വിദ്യാഭ്യാസ മേഖല കുത്തഴിഞ്ഞ് നിൽക്കുന്നുവെന്ന പരാതി വ്യാപകമാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മാനിഫെസ്റ്റോ പ്രകാരം എന്തെല്ലാം വാഗ്ദാനങ്ങളാണ് മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ നൽകിയത്? സർക്കാർ മെഡിക്കൽ കോളേജുകൾ എയിംസ് (ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്) നിലവാരത്തിലാക്കുമെന്നായിരുന്നു എൽ.ഡി.എഫ്. പ്രകടനപത്രികയിലെ ഒരു വാഗ്ദാനം. ഞാൻ പാർലമെന്റ് അംഗമായിരുന്ന കാലഘട്ടത്തിൽ എയിംസിന്റെ ഗവേർണിംഗ് ബോഡി മെമ്പറായിരുന്നു. എയിംസിന്റെ സൗകര്യങ്ങൾ നമുക്ക് ലഭിക്കണമെങ്കിൽ നിരവധി വർഷങ്ങൾ വേണ്ടിവരും. എയിംസ് സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങളുള്ള ആശുപത്രിയാണ്. ഈ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുമെന്നുവരെ സൂചിപ്പിച്ചു. കഴിഞ്ഞ ഏഴ് വർഷക്കാലമായി കേരളത്തിലെ ഏതെങ്കിലുമൊരു മെഡിക്കൽ കോളേജിന് സ്വയംഭരണാവകാശം നൽകാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ?

എയിംസിന്റെ നിലവാരം പോയിട്ട് മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളെങ്കിലും ഒരുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടോ എന്നുള്ളത് ഗൗരവമായി പരിശോധിക്കേണ്ട വിഷയമാണ്. ഇത്തരം അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ മാത്രമേ രോഗികൾക്ക്, പ്രത്യേകിച്ച് പാവപ്പെട്ടയാളുകൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുകയുള്ളൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയ ഒരു മെഡിക്കൽ കോളേജും ആരംഭിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പല മെഡിക്കൽ കോളേജുകളും മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. കാസർഗോഡ് മെഡിക്കൽ കോളേജിനെ സംബന്ധിച്ച് എത്രയോ ഉറപ്പുകൾ ഈ സഭയ്ക്കകത്തും പുറത്തും നൽകിയിട്ടുണ്ട്. വേണ്ടരീതിയിൽ കാസർഗോഡ് മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നുണ്ടോ; കോവിഡ് വന്ന സമയത്ത് ടാറ്റാ ഗ്രൂപ്പ് കാസർഗോഡ് ജില്ലയിൽ ഒരു ആശുപത്രി സ്പോൺസർ ചെയ്തിരുന്നു. അതിന്റെ പ്രവർത്തനം ആരെങ്കിലും വിലയിരുത്തിയിട്ടുണ്ടോ? ബഹുമാനപ്പെട്ട ചെയർ കാസർഗോഡ് ജില്ലയിൽനിന്നുള്ള അംഗമാണ്.

കാസർഗോഡ് ജില്ലയിലെ ഒട്ടുമിക്ക രോഗികളും മംഗലാപുരത്തെ സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. കാസർഗോഡ് ഒരു മെഡിക്കൽ കോളേജ് വേണമെന്നുള്ള അവിടത്തെ ജനങ്ങളുടെ ആഗ്രഹത്തിന് വിലങ്ങുതടിയായി നിൽക്കുന്നത് മംഗലാപുരത്തുള്ള സ്വകാര്യ മെഡിക്കൽ കോളേജ് ലോബിയാണെന്നുവരെ അവിടെയുള്ളവർ സൂചിപ്പിക്കുന്നു. എനിക്ക് അതിന്റെ വാസ്തവമറിയില്ല. എൻഡോസൾഫാൻ ബാധിതരുള്ള ജില്ലയാണ് കാസർഗോഡ്. ഇപ്പോഴും പൂർണ്ണരൂപത്തിലുള്ള ഒരു മെഡിക്കൽ കോളേജായി കാസർഗോഡ് മെഡിക്കൽ കോളേജ് മാറിയില്ലെന്നത് വേദനിപ്പിക്കുന്ന കാര്യമാണ്. വ്യാവസായികമായി പിന്നാക്കം നിൽക്കുന്നതും ഭാഷാ ന്യൂനപക്ഷങ്ങളും എൻഡോസൾഫാൻ ബാധിതരുമുള്ള ജില്ല എന്ന നിലയിൽ കാസർഗോഡിന് വലിയ പ്രാധാന്യം നൽകണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പക്ഷെ, ഇപ്പോഴും കാസർഗോഡിന്റെ ചിരകാലസ്വപ്നമായ മെഡിക്കൽ കോളേജ് പൂർണ്ണനിലയിൽ പ്രവർത്തിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല. കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, മഞ്ചേശ്വരം എം.എൽ.എ. ശ്രീ. എ. കെ. എം. അഷ്റഫ് എന്നിവർ

പലപ്പോഴും ഈ വിഷയം സഭയിൽ ഉന്നയിച്ചത് ഞാൻ ഓർക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ആരംഭിച്ച ആ മെഡിക്കൽ കോളേജിന് എല്ലാ സൗകര്യത്തോടുകൂടിയും പ്രവർത്തിക്കാൻ ഇതുവരെയും കഴിഞ്ഞില്ലെന്നുള്ളത് ഗൗരവത്തോടുകൂടി നാം കാണേണ്ട കാര്യമാണ്. വയനാട് മെഡിക്കൽ കോളേജിന്റെ കാര്യവും അതുപോലെയാണ്. കഴിഞ്ഞദിവസം പുലിയുടെ കടിയേറ്റ് മരിച്ച വ്യക്തിയുടെ വീട് ഞാൻ സന്ദർശിച്ചിരുന്നു. പുലിയുടെ ആക്രമണത്തിനിരയായ ആ വ്യക്തിയെ മെഡിക്കൽ കോളേജിൽ എത്തിച്ചപ്പോൾ അദ്ദേഹത്തെ അവിടെനിന്ന് കൽപ്പറ്റ ജില്ലാ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുകയാണുണ്ടായത്. ഇതൊക്കെ നമ്മൾ ആദ്യമായി കേൾക്കുന്ന കാര്യങ്ങളാണ്. കൽപ്പറ്റ ജില്ലാ ആശുപത്രിയിൽനിന്നും കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകുന്നതിനിടെ ആ വ്യക്തി മരിക്കുകയും ചെയ്തു. ഇതാണ് വയനാട് മെഡിക്കൽ കോളേജിന്റെ സ്ഥിതി. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 25 ഏക്കർ സ്ഥലം ഏറ്റെടുത്ത് മെഡിക്കൽ കോളേജ് ആരംഭിക്കാൻ തീരുമാനിച്ചെങ്കിലും പിന്നീട് ആ സ്ഥലം വേണ്ടെന്ന്

വയ്ക്കുകയാണ് ചെയ്തത്. അതിനുശേഷം ആ സ്ഥലം ഒരു സ്വകാര്യ മെഡിക്കൽ കോളേജ് ഏറ്റെടുക്കാൻ പോകുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ അതും വേണ്ടെന്ന് വച്ചു. ഇപ്പോൾ വയനാട് മെഡിക്കൽ കോളേജിന്റെ സ്ഥിതി എന്താണെന്ന് ആർക്കും അറിയാൻ സാധിക്കുന്നില്ല. വയനാട് ജില്ലയിൽ ഒരാൾക്ക് അസുഖമുണ്ടായാൽ ആ രോഗിയെയുംകൊണ്ട് ചുരമിറങ്ങി കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് പോകുമ്പോൾ വഴിക്കുവച്ചുതന്നെ ആ രോഗി മരണപ്പെടുന്ന അവസ്ഥ പലപ്പോഴും കാണാൻ സാധിക്കുന്നുണ്ട്. അതിനാൽ പിന്നാക്കാവസ്ഥ നേരിടുന്നതും കാർഷിക പ്രാധാന്യം അർഹിക്കുന്നതുമായ വയനാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. ആരംഭിച്ച മെഡിക്കൽ കോളേജുകളുടെ സ്ഥിതിയെ സംബന്ധിച്ച് ഇവിടെ പലരും ചൂണ്ടിക്കാണിച്ചു. ശ്രീ. അടൂർ പ്രകാശ് മന്ത്രിയായിരുന്ന കാലത്താണ് കോന്നി മെഡിക്കൽ കോളേജ് അനുവദിച്ചത്. എല്ലാ സൗകര്യങ്ങളോടുംകൂടി ആ മെഡിക്കൽ കോളേജ് ആരംഭിക്കാൻ കഴിഞ്ഞില്ലെന്ന കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണ്. പിന്നീട് ഈ ഗവൺമെന്റ് അധികാരത്തിൽ

വന്നതിനുശേഷമാണ് അത് ആരംഭിച്ചത്. ആ മെഡിക്കൽ കോളേജ് ആശുപത്രിയെ സംബന്ധിച്ചും പരാതി പറയുന്നുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജും യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ആരംഭിച്ചതാണ്. ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജായി മാറ്റിയതാണ്. മഞ്ചേരി മെഡിക്കൽ കോളേജിലും ഇടുക്കി മെഡിക്കൽ കോളേജിലും കൂടുതൽ സൗകര്യം ഏർപ്പെടുത്തണം. ഓരോ ജില്ലയിലും ഓരോ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കണമെന്നാണ് യു.ഡി.എഫ്. ഗവൺമെന്റ് മുമ്പ് തീരുമാനിച്ചത്. മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുമ്പോൾത്തന്നെ എല്ലാ സൗകര്യങ്ങളോടുംകൂടി ആരംഭിക്കാൻ ഒരുപക്ഷെ നമുക്ക് സാധിക്കില്ല. ഏഴ് വർഷം കഴിയുമ്പോഴും അതേ സ്ഥിതിയാണ് തുടരുന്നതെങ്കിൽ ജനങ്ങൾക്കത് ഗുണകരമാണോയെന്ന് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇവിടെ AIIMS-നെ സംബന്ധിച്ച് സൂചിപ്പിച്ചു. കേരളത്തിൽ ഒരു AIIMS ആരംഭിക്കണമെന്നത് നമ്മുടെ ദീർഘകാലമായുള്ള ആവശ്യമാണ്. അത് കോഴിക്കോടാണെങ്കിലും തിരുവനന്തപുരത്താണെങ്കിലും പ്രശ്നമില്ല. ഇവിടെ പ്രാദേശിക വാദത്തിനൊന്നും പ്രസക്തിയില്ല. എവിടെയാണോ

സ്ഥലം ലഭിക്കുന്നത് അവിടെ AIIMS അനുവദിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം. അതിന് സംസ്ഥാന ഗവൺമെന്റ് ശക്തമായി മുൻകൈയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലമായ ഹരിപ്പാട് ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി തറക്കല്ലിട്ടതാണ്. സർക്കാർ-സ്വകാര്യ സംയുക്ത സംരംഭത്തിന് നേതൃത്വം നൽകാനാണ് തീരുമാനിച്ചത്. 25 ഏക്കർ സ്ഥലമെടുത്ത് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള ലക്ഷ്യമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ, ആ ഗവൺമെന്റ് അധികാരത്തിൽനിന്നും ഒഴിഞ്ഞതോടുകൂടി അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ആ സംരംഭം വേണ്ടെന്ന് തീരുമാനിച്ചു. ആ സ്ഥലം ഇപ്പോഴും അവിടെ കിടക്കുകയാണ്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് നിരവധി പ്രാവശ്യം പറയുകയും മന്ത്രി അവിടെ വരാമെന്ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ഹരിപ്പാട് മെഡിക്കൽ കോളേജിനായി ഏറ്റെടുത്ത 25 ഏക്കർ സ്ഥലം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കൈയിലാണുള്ളത്. അവിടെ ഒന്നുകിൽ മെഡിക്കൽ കോളേജ്

അല്ലെങ്കിൽ തത്തുല്യ സ്ഥാപനം ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പല സ്വകാര്യ മെഡിക്കൽ കോളേജുകളിലും വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ ഗൗരവമായി കാണണം. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ പ്രതിനിധികൾ പരിശോധനയ്ക്ക് വരുമ്പോൾ അവിടെ ഫാക്കൽറ്റിയും മറ്റെല്ലാ സൗകര്യങ്ങളുമുണ്ടാകും. എന്നാൽ അതുകഴിഞ്ഞാൽ ഒന്നുമുണ്ടാകില്ല. പല സ്വകാര്യ മെഡിക്കൽ കോളേജുകളിലും രോഗികൾ കുറവാണ്. അവിടെ സൗകര്യങ്ങൾ ഇല്ലാത്തതിനാലാണ് ആളുകൾ അവിടേയ്ക്ക് പോകാത്തത്. സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് അനുമതി നൽകുമ്പോഴും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ പരിശോധന നടക്കുമ്പോഴും ഇത്തരം കാര്യങ്ങൾ ഗൗരവമായി പരിശോധിക്കേണ്ടതാണ്. ആവശ്യത്തിന് അദ്ധ്യാപകരും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടത് പ്രധാന കാര്യമാണ്. മെഡിക്കൽ കൗൺസിലിന്റെ പ്രതിനിധികൾ പരിശോധനയ്ക്ക് എത്തുമ്പോൾ കാണിക്കുന്ന തട്ടിക്കൂട്ട് വിദ്യകൾകൊണ്ടാണ് പല മെഡിക്കൽ കോളേജുകളുടെയും, പ്രത്യേകിച്ച് സ്വകാര്യ മെഡിക്കൽ കോളേജുകളുടെ

അഫിലിയേഷൻ നിലനിൽക്കുന്നത്. സർക്കാർ മെഡിക്കൽ കോളേജുകളിലും സമാനസ്ഥിതിയാണുള്ളത്. പതിനായിരക്കണക്കിന് വിദ്യാർത്ഥികളാണ് ഇന്ന് നാടുവിട്ട് ജോർജിയയിലും മറ്റുയൂറോപ്യൻ രാജ്യങ്ങളിലും പോകുന്നത്. ഉക്രൈൻ യുദ്ധമുണ്ടായപ്പോഴാണ് ഇത്രയുമധികം വിദ്യാർത്ഥികൾ നാട്ടിൽനിന്നും അവിടെ പോയി പഠിക്കുന്ന കാര്യം നമ്മൾ അറിയുന്നത്. ഇപ്പോൾ അവിടെ പോകാനോ പരീക്ഷ എഴുതാനോ സാധിക്കാത്ത സങ്കടകരമായ അവസ്ഥയാണുള്ളത്. ആയതിനാൽ മെഡിക്കൽ വിദ്യാഭ്യാസത്തിനായി കൂടുതൽ സൗകര്യം ഒരുക്കണമെന്ന കാര്യംകൂടി ചൂണ്ടിക്കാണിക്കുകയാണ്. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ തിരുവനന്തപുരത്ത് രണ്ടാമതൊരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. ശിവകുമാർ മുൻകൈയെടുത്തെങ്കിലും പിന്നീടത് വേണ്ടെന്ന് തീരുമാനിച്ചു. തിരുവനന്തപുരത്ത് രണ്ടാമതൊരു മെഡിക്കൽ കോളേജുകൂടി വന്നാൽ നിലവിലുള്ള മെഡിക്കൽ കോളേജിൽ പോകുന്നവരുടെ ബാഹുല്യം കുറയ്ക്കാൻ സാധിക്കും. മരുന്ന്, ശസ്ത്രക്രിയാ ഉപകരണങ്ങൾ എന്നിവ പാവപ്പെട്ട

രോഗികൾക്ക് പുറത്തുനിന്നും വാങ്ങേണ്ട സ്ഥിതിയാണ് പല മെഡിക്കൽ കോളേജുകളിലുമുള്ളത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, മെഡിസെപ്, ആരോഗ്യ കിരണം, ആവാസ്, അമ്മയും കുഞ്ഞും, ആർ.എസ്.ബി.വൈ. എന്നീ പദ്ധതികളിന്മേൽ എത്രമാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന നിയമസഭാ ചോദ്യത്തിനുപോലും സർക്കാർ മറുപടി നൽകുന്നില്ല. കുടിശ്ശികയുടെ യഥാർത്ഥ കണക്കും പ്രതിസന്ധിയുടെ ആഴവും ജനങ്ങളിൽ നിന്നും മറയ്ക്കുന്നു. പാവപ്പെട്ട രോഗികൾക്ക് പ്രയോജനപ്രദമായ 'മൃതസഞ്ജീവനി' ഉൾപ്പെടെയുള്ള പല പദ്ധതികളും ഏറെക്കുറെ നിലച്ച സ്ഥിതിയിലാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ ഓപ്പറേഷനുമായി ബന്ധപ്പെട്ട് സ്റ്റെന്റും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്ന സ്ഥാപനത്തിന് 59 കോടി രൂപ കുടിശ്ശിക നൽകാനുണ്ട്. അതിനാൽ ഇപ്പോൾ സ്റ്റെന്റ് വിതരണം ചെയ്യുന്നില്ലെന്നാണ് ആളുകൾ പറയുന്നത്. അതുകൊണ്ട് സ്കാനിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടി രോഗികൾക്ക് സ്വകാര്യ ആശുപത്രികളെ വ്യാപകമായി സമീപിക്കേണ്ടിവരുന്നു. ഡയാലിസിസ്

സൗകര്യങ്ങളില്ല, ശസ്ത്രക്രിയയ്ക്ക് ആവശ്യമുള്ള സാധനങ്ങൾപോലും രോഗികൾ പുറത്തുനിന്നും വാങ്ങികൊടുക്കേണ്ട അവസ്ഥയാണ് പലപ്പോഴുമുള്ളത്. കൂടാതെ വാർഡുകളുടെ അവസ്ഥ ശോചനീയമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് ആരംഭിച്ചു. അതിനുവേണ്ടി സർക്കാർ ധാരാളം തുക ചെലവഴിച്ചെങ്കിലും ഇപ്പോൾ ട്രാൻസ്പ്ലാന്റും നടക്കുന്നില്ല, യൂണിറ്റും പ്രവർത്തിക്കുന്നില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 250 വിദ്യാർത്ഥികളുണ്ട്. എന്നാൽ അവർക്ക് ഇരിക്കാവുന്ന ഒരു ഹാൾപോലും അവിടെയില്ല. 300 പേർക്ക് ഇരിക്കാൻ സാധിക്കുന്ന ക്ലാസ് മുറികൾ വേണമെന്നാണ് മെഡിക്കൽ കമ്മീഷൻ നിർദ്ദേശിക്കുന്നത്. മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങളും മെഡിക്കൽ/പാരാമെഡിക്കൽ സ്റ്റാഫുകളുടെ എണ്ണവും വർദ്ധിപ്പിച്ച് സീറ്റുകൾ കൂട്ടുന്ന കാര്യത്തിൽ സർക്കാർ ഉദാസീനത കാണിക്കുകയാണ്. മെഡിക്കൽ ഗവേഷണത്തിനാവശ്യമായ ഫണ്ടോ സൗകര്യങ്ങളോ ഇല്ലാത്തതിനാൽ മെഡിക്കൽ രംഗത്ത് ഫലപ്രദമായ ഒരു ഗവേഷണവും നടക്കുന്നില്ല. ഈ വർഷം സംസ്ഥാന മെഡിക്കൽ ഗവേഷണ

ബോർഡിന് ആകെ 15 ലക്ഷം രൂപയാണ് നൽകിയത്. കുറെ ജീവനക്കാരെ പിൻവാതിലിലൂടെ നിയമിച്ച് അവർക്ക് ശമ്പളവും അലവൻസും നൽകുകയാണ്. സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് ലിമിറ്റഡായിട്ടുള്ള ഒരു കാര്യത്തിനുവേണ്ടി കൊണ്ടുവന്ന ബില്ലാണെങ്കിൽപ്പോലും കേരളത്തിലെ മൊത്തം ആരോഗ്യ മേഖലയുടെ കാര്യവും മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ പ്രവർത്തനങ്ങളും വിലയിരുത്താനുള്ള ഒരു അവസരമായി ഞാൻ ഇതിനെ കാണുന്നുവെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>) : സർ, വളരെ ചെറിയൊരു ഭേദഗതിയാണെങ്കിലും ബില്ലുമായി ബന്ധപ്പെട്ട് ഇവിടെ സംസാരിച്ച അംഗങ്ങളോടും സബ്ജക്ട് കമ്മിറ്റി അംഗങ്ങളോടും പ്രത്യേകം നന്ദി അറിയിക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ കൂടുതൽ മികവിലേയ്ക്ക് കൊണ്ടുപോകുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് എല്ലാ അംഗങ്ങളും സംസാരിച്ചത്. കോഴിക്കോട് നിപ ഔട്ട്ബ്രേക്ക്

നിലനിൽക്കുന്നതിനാലാണ് ശ്രീ. എ. പി. അനിൽ കുമാർ സംസാരിച്ചപ്പോൾ ഞാൻ ഇടപെട്ടത്. നിപ പരിശോധിക്കുന്നതിനുള്ള സംവിധാനം കോഴിക്കോട് മെഡിക്കൽ കോളേജിലും തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും ആലപ്പുഴ NIV-യിലും ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫലമായി രോഗം സ്ഥിരീകരിക്കാൻ കഴിയും. എൻ.സി.ഡി.സി.-യുടെ ഗൈഡ്‌ലൈൻ അനുസരിച്ച് പൂനെ എൻ.ഐ.വി.-ക്കാണ് അത് പ്രഖ്യാപിക്കുന്നതിനുള്ള അനുമതിയുള്ളത്. അതുസംബന്ധിച്ച കാര്യങ്ങൾ ഞാനിവിടെ വിശദീകരിച്ചതിനാൽ അവ്യക്തതയില്ലെന്ന് കരുതുകയാണ്. കോഴിക്കോട് ജില്ലയിൽ നിലവിൽ 789 പേരാണ് സമ്പർക്ക പട്ടികയിലുള്ളത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ ബി.എസ്.എൽ. ലെവൽ 2 ലാബിൽ ഇത് പരിശോധിച്ച് പോസിറ്റീവാണെന്ന് കണ്ടെത്തിയപ്പോൾത്തന്നെ തിരുവനന്തപുരത്ത് ഉന്നത തലസമിതി യോഗം ചേരുകയും ഞങ്ങളെല്ലാവരും കോഴിക്കോടേയ്ക്ക് പോകുകയും ചെയ്തു. അതുമാത്രമല്ല, നിപ പ്രതിരോധപ്രവർത്തനങ്ങൾക്കായി 16 കോർ ടീമുകൾ രൂപീകരിക്കുകയും നിരീക്ഷണം, സാംപിൾ പരിശോധന, സമ്പർക്കം

കണ്ടെത്തൽ തുടങ്ങി വിവിധ ചുമതലകൾ ഓരോ ടീമിനും നിശ്ചയിച്ചു നൽകുകയും ചെയ്തു. കൂടാതെ വലിയ മാനസികാഘാതത്തിൽ കഴിയുന്നവർക്ക് സൈക്കോളജിക്കൽ സപ്പോർട്ടും നൽകുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ രണ്ടുപേർക്ക് നിപ പോസിറ്റീവാണ്. അതിൽ 9 വയസ്സുള്ള ഒരു കുഞ്ഞുമുണ്ട്. കുഞ്ഞിനുൾപ്പെടെ നൽകാനായി Monoclonal antibody ഇപ്പോൾ വിമാനമാർഗ്ഗം കേരളത്തിൽ എത്തിച്ചിട്ടുണ്ട്. നിപയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ ആദ്യമായി രൂപീകരിക്കുന്നത് 2018-ലാണ്. അന്നാണ് ഈ സാഹചര്യം നാം ആദ്യമായി അഭിമുഖീകരിക്കുന്നത്. പ്രോട്ടോകോളിൽ ഐസൊലേഷൻ, ചികിത്സ എന്നിവ സംബന്ധിച്ചുള്ള വിശദമായ കാര്യങ്ങളുണ്ട്. 2021-ൽ ഗൈഡ്‌ലൈൻ സർക്കാർ പരിഷ്കരിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് കോർ കമ്മിറ്റികളുൾപ്പെടെ രൂപീകരിച്ച് മുഴുവൻ സംവിധാനങ്ങളും സജ്ജമാക്കിയത്. 12-ാം തീയതി പുലർച്ചെ മുതൽ നിപയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രി പരാമർശിച്ച കാര്യങ്ങൾ ശ്രീ. എ. പി. അനിൽ കുമാറും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഇവിടെ

സൂചിപ്പിക്കുകയുണ്ടായി. ഇതിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഡി.എച്ച്.എസ്.-ഉം എൻ.ഐ.വി. പൂനെയും എനിക്ക് നേരിട്ട് നൽകിയ രേഖകൾ നൽകാൻ തയ്യാറാണെന്ന് ഞാൻ രാവിലെ സൂചിപ്പിച്ചിരുന്നു. നമ്മളൊരു പകർച്ചവ്യാധിയുടെ മുന്നിലാണ് നിൽക്കുന്നത്. ഇപ്പോൾ നിരീക്ഷണത്തിൽ കഴിയുന്ന കുഞ്ഞുൾപ്പെടെ ജീവിതത്തിലേയ്ക്ക് തിരിച്ച് വരണമെന്നാണ് നമ്മളാഗ്രഹിക്കുന്നത്. നമുക്കൊരുമിച്ച് ഇതിനെ നേരിടുന്നതോടൊപ്പം അവരെയും ചേർത്തുപിടിക്കാം. നിപയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു യോഗം അടിയന്തരമായി കൂടേണ്ടതിനാൽ ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. നിരവധി കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചെങ്കിലും ഞാൻ എല്ലാ കാര്യങ്ങളിലേയ്ക്കും കടക്കുന്നില്ല. നിപയുമായി ബന്ധപ്പെട്ട് പ്രോട്ടോകോൾ രൂപീകരിച്ചതും അത് പരിഷ്കരിച്ചതും സംബന്ധിച്ച് ഞാനിവിടെ സൂചിപ്പിച്ചു. അതുകൂടാതെ 2022-ൽ ഇതുസംബന്ധിച്ച് വലിയൊരു വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. കേരളത്തിൽ ഇത് വരാനുള്ള കാരണമെന്താണ്? ലോകാരോഗ്യ സംഘടന ഇതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ട്.

അതോടൊപ്പം Indian Council of Medical Research-ന്റെ പഠന റിപ്പോർട്ടുമുണ്ട്. കേരളത്തിൽ ഇതിന് വലിയ രീതിയിലുള്ള സാധ്യതകളുണ്ടെന്നാണ് അവരുടെ കണ്ടെത്തൽ. എങ്ങനെയാണ് നിപ ബാധയുണ്ടാകുന്നത്? വവ്വാലുകളുടെ സ്രവം/വിസർജ്ജ്യത്തിൽ നിന്നാണ് നിപ രോഗബാധയുണ്ടാകുന്നത്. ഒരു പ്രത്യേക കാലഘട്ടത്തിലാണ് പ്രസ്തുത വൈറസിന്റെ സാന്നിദ്ധ്യമുണ്ടാകുന്നത്. അതായത് വവ്വാലുകളുടെ പ്രജനനവുമായി ബന്ധപ്പെട്ട സെപ്റ്റംബർ-ഒക്ടോബർ മാസത്തിലാണ് വൈറസുകളുടെ സാന്നിദ്ധ്യമുണ്ടാകുന്നത്. കേരളത്തിൽ നിപ വൈറസിന്റെ ചരിത്രം പരിശോധിച്ചാൽ രോഗബാധയുണ്ടായിട്ടുള്ള മാസങ്ങൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. നിപ വൈറസ്ബാധ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് പഠനത്തിന്റെ അടിസ്ഥാനത്തിൽ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. അതോടൊപ്പം എങ്ങനെ ഈ രോഗം വരാതിരിക്കാം എന്നുകൂടി നാം ചിന്തിക്കേണ്ടതാണ്. വവ്വാലുകൾ കടിച്ചുപേക്ഷിച്ചതാവാൻ സാധ്യതയുള്ള പഴങ്ങൾ കഴിക്കാതിരിക്കുക, വവ്വാലുകളുടെ ആവാസകേന്ദ്രങ്ങളുള്ള സ്ഥലങ്ങളിൽ പോകുമ്പോൾ പ്രത്യേക

ശ്രദ്ധപുലർത്തുക എന്നിവയാണ് ഏറ്റവും പ്രധാനം. ഇങ്ങനെയുള്ള സ്ഥലത്ത് കളിക്കാൻ പോയൊരു കുട്ടിക്ക് രോഗബാധയുണ്ടായ കാര്യം ഞാൻ നിയമസഭയിൽ സൂചിപ്പിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് സ്ഥിരമായ ബോധവത്കരണപ്രവർത്തനങ്ങൾ നമ്മൾ നടത്തുന്നുണ്ട്. അത്തരം ഏരിയകൾ കേന്ദ്രീകരിച്ചും ജില്ലകൾ കേന്ദ്രീകരിച്ചും ഓരോ ഘട്ടത്തിലുമുള്ള ബോധവത്കരണപ്രവർത്തനങ്ങൾ പ്രത്യേകം നടത്തുകയും ആളുകൾക്കാവശ്യമായ ട്രെയ്നിംഗ് നൽകുകയും ചെയ്യുന്നുണ്ട്. ഇങ്ങനെയൊരു സാഹചര്യമുണ്ടായാൽ അടിയന്തരമായി എന്തുചെയ്യും? അതിനുവേണ്ടിയുള്ള ഇൻഫെക്ഷൻ കൺട്രോൾ പ്രോട്ടോകോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രോട്ടോകോൾ മാത്രമല്ല, വർക്ക്ഷോപ്പുകളുടെയും ആശയവിനിമയത്തിന്റെയും അടിസ്ഥാനത്തിൽ നിപ രോഗപ്രതിരോധത്തിനായി 2022-ൽ കലണ്ടർ പ്രസിദ്ധീകരിക്കുകയും അതുപ്രകാരം കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. ലോകത്ത് ഒരു പ്രദേശമോ അല്ലെങ്കിൽ രാജ്യമോ ഇത്തരത്തിലൊരു കലണ്ടർ പ്രസിദ്ധീകരിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മൾ ഒറ്റക്കെട്ടായി

നിന്നാൽ ഈ ഘട്ടത്തെ അതിജീവിക്കാൻ കഴിയും. അക്കാര്യങ്ങളിലേയ്ക്ക് ഞാൻ വിശദമായി കടക്കുന്നില്ല. മെഡിക്കൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അഭിമാനത്തോടുകൂടിയാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. ഞാൻ ചുരുക്കം ചില കാര്യങ്ങൾ പരാമർശിക്കാം. ദേശീയ മെഡിക്കൽ വിദ്യാഭ്യാസ റാങ്കിംഗിൽ തിരുവനന്തപുരം മെഡിക്കൽ കോളജിന് നാൽപ്പത്തിനാലാം റാങ്കാണ് ലഭിച്ചിരിക്കുന്നത്. ആദ്യമായാണ് കേരളത്തിൽ നിന്നുള്ള ഒരു സർക്കാർ മെഡിക്കൽ കോളജ് ദേശീയ റാങ്കിംഗിൽ ഉൾപ്പെടുന്നത്. അതോടൊപ്പം ദന്തൽ കോളേജുകളിൽ തിരുവനന്തപുരം ദന്തൽ കോളേജ് 25-ാം റാങ്ക് നേടി. AIIMS-ഉം സ്വകാര്യ ഓട്ടോണമസ് മെഡിക്കൽ കോളേജുമൊക്കെയാണ് മുൻ വർഷങ്ങളിൽ ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ പട്ടിക പരിശോധിച്ചാൽ ഒന്നാംസ്ഥാനത്തോ രണ്ടാംസ്ഥാനത്തോ തിരുവനന്തപുരം മെഡിക്കൽ കോളേജുണ്ടെന്ന് കാണാൻ സാധിക്കും. എല്ലാ മെഡിക്കൽ കോളേജുകളെയും ആ നിലയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനാണ് സംസ്ഥാന സർക്കാരും ആരോഗ്യ വകുപ്പും

ശ്രമിക്കുന്നത്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് തുടർന്നുപോരുന്നതും. അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിന് 717 കോടി രൂപയും എറണാകുളം മെഡിക്കൽ കോളേജിന് 285 കോടി രൂപയും കോട്ടയം മെഡിക്കൽ കോളേജിന് 564 കോടി രൂപയും നൽകി. ഇതെല്ലാം വാക്കാൽ പറയുന്നതല്ല, പ്രസ്തുത ആശുപത്രികൾ സന്ദർശിച്ചാൽ അതനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളുള്ളതായി കാണാൻ സാധിക്കും. സമയപരിധിയുള്ളതുകൊണ്ട് മെഡിക്കൽ കോളേജുകളുടെ ലിസ്റ്റ് ഇവിടെ വായിക്കുന്നില്ല. അപൂർവ്വരോഗങ്ങൾ ചികിത്സിക്കുന്നതിനുവേണ്ടിയുള്ള മികവിന്റെ കേന്ദ്രമായി (Center of excellence) തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയെ കേന്ദ്ര സർക്കാർ തെരഞ്ഞെടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള രാജ്യത്തെ പത്ത് ആശുപത്രികളിൽ ഒന്നാണ് എസ്.എ.ടി. ആശുപത്രി. അത് നമ്മുടെ ലക്ഷ്യമായിരുന്നു. മൂന്നരക്കോടി ജനങ്ങളുള്ള കേരളത്തിൽ സൗജന്യ

ചികിത്സയ്ക്ക് ഏറ്റവും കൂടുതൽ തുക അനുവദിച്ചതും ചെലവഴിക്കുന്നതും കേരളമാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് വിവിധ ഇൻഷ്വറൻസ് സ്കീമുകൾ സംയോജിപ്പിച്ചു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്നത് കേരളത്തിന്റെ മാത്രം പദ്ധതിയാണ്. അപ്പോഴും കാരുണ്യ ബെനവലന്റ് ഫണ്ട് നമ്മൾ നിലനിർത്തി. കഴിഞ്ഞ സാമ്പത്തികവർഷം 1,800 കോടി രൂപയാണ് സൗജന്യ ചികിത്സയ്ക്കായി കേരളം ചെലവഴിച്ചത്. കേന്ദ്രം നൽകിയത് 138 കോടി രൂപയാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് (2015) 1,140 കോടി രൂപയാണ് ചെലവഴിച്ചത്. കാസ്പ് പദ്ധതിയിൽ ഒരു കുടുംബത്തിന് സ്വകാര്യ ആശുപത്രികളിൽനിന്ന് അഞ്ച് ലക്ഷം രൂപവരെയുള്ള സൗജന്യ ചികിത്സ ജീവിതകാലം മുഴുവൻ ലഭിക്കും. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും കാരുണ്യ ബെനവലന്റ് ഫണ്ടും കാസ്പും മുന്നോട്ടുകൊണ്ടുപോകുന്നതിനും അത് ജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിനും സാധിച്ചു. Universal Health Coverage എന്ന സർക്കാരിന്റെ ലക്ഷ്യം കൈവരിക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ഈ

ഘട്ടത്തിൽ സംസ്ഥാനത്തെ മെഡിക്കൽ മേഖലയിൽ രണ്ട് പുതിയ മെഡിക്കൽ കോളേജുകൾ കോന്നിയിലും ഇടുക്കിയിലും അനുവദിക്കപ്പെട്ടു. 2015-ന്റെ അവസാനകാലഘട്ടത്തിലോ 2016 തുടക്കകാലഘട്ടത്തിലോ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഇടുക്കി മെഡിക്കൽ കോളേജിന് 50 എം.ബി.ബി.എസ്. സീറ്റുകൾ അനുവദിച്ചിരുന്നെങ്കിലും N.M.C. -യുടെ അനുമതി നഷ്ടപ്പെടുകയാണുണ്ടായത്. എന്നാൽ, ആ സ്ഥിതിക്ക് മാറ്റം വരികയും കഴിഞ്ഞവർഷം ഇടുക്കി മെഡിക്കൽ കോളേജിൽ 100 എം.ബി.ബി.എസ്. സീറ്റുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭിക്കുകയും ചെയ്തു. രണ്ടാം വർഷ എം.ബി.ബി.എസ്. പ്രോഗ്രാമിലേക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനും അനുമതി ലഭിച്ചു. അതുപോലെ കോന്നി മെഡിക്കൽ കോളേജിനും അനുമതി ലഭിച്ചു. അതുകൂടാതെ മഞ്ചേരിയിലും പാരിപ്പള്ളിയിലും രണ്ട് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് സാധിച്ചു. വിദ്യാർത്ഥികൾ വിദേശത്ത് പോയി പഠിക്കുന്നതിനുപകരം അവർക്ക് ഇവിടെത്തന്നെ അവസരങ്ങൾ നൽകാനായി എന്ത് ചെയ്യാമെന്ന് ആലോചിക്കുകയും അതിനായി 2022-23-

ൽ 832 ബി.എസ്‌സി. നഴ്സിംഗ് സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്തു. സംസ്ഥാനത്ത് സ്വകാര്യ-സർക്കാർ മേഖലകളിൽ 2021-ൽ 7422 സീറ്റുകളുണ്ടായിരുന്നത് 2022-ൽ 8254 സീറ്റുകളായും 2023-ൽ 9821 സീറ്റുകളായും വർദ്ധിപ്പിച്ചു. കഴിഞ്ഞവർഷം കൊല്ലം, മഞ്ചേരി നഴ്സിംഗ് കോളേജുകളിൽ 120 സീറ്റുകളും നിലവിലുള്ള കോളേജുകളിൽ അധികമായി 92 സീറ്റുകളും വർദ്ധിപ്പിച്ചു. തനതുവർഷം ചരിത്രപരമായ വലിയൊരു മുന്നേറ്റം ഈ രംഗത്ത് സൃഷ്ടിക്കുകയാണ്. ഈ വർഷം സർക്കാർ മേഖലയിൽ പുതുതായി ആറ് നഴ്സിംഗ് കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ 400 സീറ്റുകളിൽ പുതുതായി പ്രവേശനം നടത്താൻ സാധിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 612 ബി.എസ്‌സി. നഴ്സിംഗ് സീറ്റുകൾ സർക്കാർ മേഖലയിലും 2399 സീറ്റുകൾ സ്വകാര്യ മേഖലയിലും വർദ്ധിപ്പിച്ചിട്ടുണ്ട്. 2023-24-ൽ 1567 ബി.എസ്‌സി. നഴ്സിംഗ് സീറ്റുകൾ വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സർക്കാർ മേഖലയിൽ 6 പുതിയ നഴ്സിംഗ് കോളേജുകളും SiMET-ന്റെ കീഴിൽ 7 നഴ്സിംഗ് കോളേജുകളും CAPE (Co-operative Academy

of Professional Education)-ന്റെ കീഴിൽ ഒരു കോളേജും CPAS (Centre for Professional and Advanced Studies)-ന്റെ കീഴിൽ 120 സീറ്റുകളും സ്വകാര്യ മേഖലയിൽ 567 സീറ്റുകളും ആരംഭിക്കാൻ സാധിക്കുമെന്ന പ്രതീക്ഷയാണ് സർക്കാരിനുള്ളത്. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നഴ്സിംഗ് മേഖലയിൽ സംവരണം ഏർപ്പെടുത്തി. തിരുവനന്തപുരത്തും ആലപ്പുഴയിലും M.Sc. മെന്റൽ ഹെൽത്ത് നഴ്സിംഗ് കോഴ്സിന് അനുമതി നൽകുകയും ചെയ്തു. മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ എം.ബി.ബി.എസ്.-ന് രണ്ട് പുതിയ സർക്കാർ കോളേജുകൾ തുടങ്ങിയത് കൂടാതെ 28 സ്പെഷ്യാലിറ്റി സീറ്റുകൾക്കും 9 സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകൾക്കും വിവിധ മെഡിക്കൽ കോളേജുകൾക്ക് അനുമതി ലഭിച്ചു. ആദ്യമായി ഇൻഫെക്ഷ്യസ് ഡിസീസസ് മേഖലയിലുൾപ്പെടെ പി.ജി.-ക്ക് അനുമതി ലഭിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിൽ 13, എറണാകുളം മെഡിക്കൽ കോളേജിൽ 15, കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ 15 ഉൾപ്പെടെ 43 മെഡിക്കൽ പി.ജി. സീറ്റുകൾക്ക് കഴിഞ്ഞ ആഴ്ച അനുമതി ലഭിക്കുകയുണ്ടായി. ഒരു ജില്ലാ ആശുപത്രിയുടെ ബോർഡ് മാറ്റി വയ്ക്കുക എന്നതല്ല ഇടതുപക്ഷ സർക്കാരിന്റെ നയം. മെഡിക്കൽ

കോളേജുകൾ എല്ലാ അർത്ഥത്തിലും മെഡിക്കൽ കോളേജുകളായിരിക്കണം, അത് tertiary care centre-കളായിരിക്കണം, അവിടെ ആവശ്യമായിട്ടുള്ള കിടക്കകളും ഡോക്ടേഴ്സും ഐ.സി.യു. ഉൾപ്പെടെ മറ്റെല്ലാ സൗകര്യങ്ങളുമുണ്ടാകണം. വയനാട് ജില്ലയിൽ മെഡിക്കൽ കോളേജിനായി ഒരു സ്ഥലം കണ്ടെത്തിയെന്നതും അതിനായി സർക്കാർ ഉത്തരവിറക്കിയെന്നതും ശരിയാണ്. എന്നാൽ, പിന്നീടുണ്ടായ വെള്ളപ്പൊക്കത്തെത്തുടർന്ന് ആ സ്ഥലം കെട്ടിടനിർമ്മാണത്തിനനുയോജ്യമല്ലെന്ന് കണ്ടെത്തി. അതിനായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ എന്താണ് ചെയ്തത്; വയനാട് ജില്ലയിൽ എവിടെ പുതുതായി മെഡിക്കൽ കോളേജ് ആരംഭിക്കാൻ കഴിയുമെന്നാണ് സർക്കാർ ചിന്തിച്ചത്. അതിന്റെ ഭാഗമായി മാനന്തവാടി ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്താനുള്ള നടപടി സ്വീകരിച്ചു. വെറുതെ ബോർഡ് മാറ്റിവച്ചുകൊണ്ടുമാത്രമല്ല, അതിനായി തുക അനുവദിക്കുകയും ചെയ്തു. രണ്ട് മാസം മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടത്തെ കാത്ത് ലാബ് ഉദ്ഘാടനം ചെയ്തു. പ്രസ്തുത ആശുപത്രിയിൽ

കാർഡിയോളജിസ്റ്റുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് പോലുള്ള ജില്ലയിൽ ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ളവ ആരംഭിക്കാൻ പോകുകയാണ്. വയനാട് ജില്ലാ ആശുപത്രിയുടെ വികസനത്തിന് കേന്ദ്രസഹായമായി യാതൊരു തുകയും ലഭിച്ചില്ല എന്നതുകൂടി നാം മനസ്സിലാക്കണം. വയനാട് മെഡിക്കൽ കോളേജിന് ഈ സർക്കാർ കിഫ്ബിയിലൂടെ തുക അനുവദിക്കാൻ പോവുകയാണ്. 2012-ൽ യു.ഡി.എഫ്. സർക്കാർ കാസർഗോഡ് ജില്ലയ്ക്കായി മെഡിക്കൽ കോളേജ് പ്രഖ്യാപിച്ചെങ്കിലും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ് (2016) നിർമ്മാണം ആരംഭിച്ചത്. കാസർഗോഡ് ജില്ലയുടെ നിലവിലെ സാഹചര്യത്തിൽ അവിടെ ഒരു ആശുപത്രിയുണ്ടാകുക എന്നത് പ്രധാനപ്പെട്ടതാണ്. കിഫ്ബിയിലൂടെ 168 കോടി രൂപ അനുവദിച്ച് ഇലക്ട്രിഫിക്കേഷൻ വർക്കുകളുൾപ്പെടെ നടക്കുകയാണ്. അവിടെയൊരു ആശുപത്രിയുണ്ടെങ്കിലും കാസർഗോഡുനിന്നും 30 കിലോമീറ്ററോളം ദൂരെയാണ് കാസർഗോഡ് മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്നത്. എൻ.എം.സി.-യുടെ നോംസ് അനുസരിച്ച് മൂന്ന് വർഷം പ്രവർത്തിച്ച

ആശുപത്രിയായിരിക്കണമെന്നതുകൂടാതെ നിശ്ചിത എണ്ണം ബെഡ്ഡുമുണ്ടായിരിക്കണം. ആയതിനാൽ പ്രായോഗികമായി മറ്റൊരു ആശുപത്രിയുമായി അറ്റാച്ച് ചെയ്യുന്നതിന് നമുക്ക് സാധിക്കുകയില്ല. കാസർഗോഡ് പാക്കേജിൽനിന്ന് ഹോസ്റ്റലിന്റെ നിർമ്മാണമുൾപ്പെടെയുള്ളവ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതോടൊപ്പം, കാസർഗോഡ് ജില്ലയുമായി ബന്ധപ്പെട്ട് ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ച കാര്യങ്ങൾ പ്രധാനപ്പെട്ടതാണ്. കാസർഗോഡ് ജില്ലയിൽ ആരോഗ്യമേഖലയുടെ മുന്നേറ്റത്തിനുവേണ്ടി നിരവധി കാര്യങ്ങൾ ചെയ്തു. അതിന്റെ ഭാഗമായി കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കാത്ത്ലാബ് ആരംഭിക്കുകയും പ്രൈമറി ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെ നടത്താനും സാധിച്ചു. ഇതുകൂടാതെ, കഴിഞ്ഞ ദിവസം 75 വയസ്സുള്ള ഒരു അമ്മയ്ക്ക് സർക്കാർ സ്കീമിൽ ഉൾപ്പെടുത്തി സൗജന്യമായി പേസ്മേക്കർ വച്ചുകൊടുക്കുന്നതിന് സാധിച്ചു. കാസർഗോഡ് പോലുള്ള ജില്ലകളിൽ ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് ചിന്തിക്കാൻപോലും സാധ്യമായിരുന്നില്ല. അതോടൊപ്പം, ന്യൂറോളജിയുമായി ബന്ധപ്പെട്ട്

ആവശ്യമായ മെഷീനുകൾ സ്ഥാപിക്കുകയും ന്യൂറോളജിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുകയും ചെയ്തതുൾപ്പെടെ നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ടാറ്റാ ആശുപത്രിയെ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി ഉയർത്തുന്നതിന് ഏകദേശം 23 കോടിയോളം രൂപ അനുവദിക്കുകയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അണുബാധയുണ്ടെന്ന് ബഹുമാന്യനായ ഒരംഗം പറഞ്ഞത് തെറ്റായ വിവരമാണ്. വാസ്തവത്തിൽ അവിടെ അണുബാധ കുറയുകയാണ് ചെയ്തിട്ടുള്ളത്. ഇതുസംബന്ധിച്ച വിവരങ്ങൾ രേഖകൾ സഹിതം പുറത്തുവിടാൻ മെഡിക്കൽ കോളേജിലെ ബന്ധപ്പെട്ട അധികൃതരോട് ആവശ്യപ്പെട്ടിരുന്നു. ഇത്തരമൊരു ആരോപണമുന്നയിച്ച ബഹുമാനപ്പെട്ട അംഗം തൃശ്ശൂർ മെഡിക്കൽ കോളേജിൽ വന്നിട്ടുള്ള മാറ്റങ്ങളും അവിടത്തെ പ്രവർത്തനങ്ങളും നേരിട്ട് മനസ്സിലാക്കണമെന്നും അവിടത്തെ രോഗികളോട് വിവരങ്ങൾ അന്വേഷിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. അവിടെ വർഷങ്ങളായി പ്രവർത്തനരഹിതമായി കിടന്ന ട്രോമാകെയർ സെന്റർ പ്രവർത്തനസജ്ജമാക്കി. പി. ആർ. വർക്കിനാണ് ആരോഗ്യ വകുപ്പിനെ

ഉപയോഗിക്കുന്നതെന്ന് ഇവിടെ പരാമർശിക്കുകയുണ്ടായി. അത്തരം പ്രസ്താവനകൾ നടത്തുന്നത് ഉത്തരവാദപ്പെട്ട ജനപ്രതിനിധികൾക്ക് യോജിച്ചതല്ല. ഈ ഗവൺമെന്റ് ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ലിവർ ട്രാൻസ്പ്ലാന്റേഷന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ നടക്കുന്നുണ്ടായിരുന്നില്ല. 2022 ഫെബ്രുവരിയിൽ കോട്ടയം മെഡിക്കൽ കോളേജിലാണ് ആദ്യമായി ലിവർ ട്രാൻസ്പ്ലാന്റേഷൻ ആരംഭിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാര്യം ശ്രീ. രമേശ് ചെന്നിത്തല ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അവിടെ ലിവർ ട്രാൻസ്പ്ലാന്റേഷൻ നടന്നുവെങ്കിലും നിർഭാഗ്യവശാൽ ആ രോഗി മരിക്കുകയുണ്ടായി. കഴിഞ്ഞ വർഷം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സൗജന്യ ലിവർ ട്രാൻസ്പ്ലാന്റേഷൻ വിജയകരമായി നടത്തുന്നതിന് സാധിച്ചു. കോട്ടയം മെഡിക്കൽ കോളേജിലും ലിവർ ട്രാൻസ്പ്ലാന്റേഷൻ സൗജന്യമായി ചെയ്യുന്നുണ്ട്. മെഡിക്കൽ കോളേജിലെ സി.ടി. സ്കാൻ മെഷീനുകളുമായി

ബന്ധപ്പെട്ട കാര്യം ശ്രീ. പി. കെ. ബഷീർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ അതിന്റെയൊരു കണക്കെടുത്തപ്പോൾ മൂന്ന് സി.ടി. സ്കാൻ മെഷീനുകൾ അവിടെ പ്രവർത്തനക്ഷമമാണ്. അതുകൂടാതെ എച്ച്.എൽ.എൽ.-ന്റെ ഒരു സി.ടി. സ്കാൻ മെഷീനും പ്രവർത്തിക്കുന്നുണ്ട്. പുതിയതായി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. (കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫയൽ സൊസൈറ്റി) വഴി ഒരെണ്ണംകൂടി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം പുതിയ എം.ആർ.ഐ., സി.ടി. മുതലായ ഉപകരണങ്ങൾ  കിഫ്ബി ഫണ്ട് വഴി വാങ്ങുന്നതിന് ഭരണാനുമതി നൽകി നടപടി സ്വീകരിക്കുന്നുണ്ട്.  കൂടാതെ, നാല് ഡിജിറ്റൽ എക്സ്റേ മിഷീനുകളും 10 പോർട്ടബിൽ എക്സ്റേ മെഷീനുകളും അവിടെ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന്റെ പരാമർശം തെറ്റാണെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. അദ്ദേഹം സൂചിപ്പിച്ച പ്രധാനപ്പെട്ട മറ്റൊരു കാര്യം ഗ്രഗിൾ പേയ്മെന്റിനെ സംബന്ധിച്ചാണ്. അക്കാര്യം ഞാൻ രാവിലെ മറുപടിയിൽ പരാർശിച്ചിരുന്നു. ഓൺലൈൻ പേമെന്റ് സൗകര്യം മെഡിക്കൽ കോളേജുകളിൽ ഏർപ്പെടുത്തുന്ന കാര്യം തീരുമാനിച്ചിട്ടുണ്ട്.

അത് നടപ്പിലാക്കും. ഡോക്ടർമാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കാര്യം ഞാൻ പരാമർശിച്ചിരുന്നു. ഡോക്ടർ-രോഗി അനുപാതം ഏറ്റവും മികച്ച നിലയിലുള്ള സംസ്ഥാനം കേരളമാണ്. അത് കേന്ദ്രം അക്നോളജ് ചെയ്തിട്ടുള്ളതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഐ.സി.യു.-വിൽ 100 ബെഡ്ഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. അതിലെല്ലാം ഇപ്പോഴും രോഗികളുണ്ട്. ഇനിയും ഐ.സി.യു.-വിൽ കൂടുതൽ സൗകര്യങ്ങൾ വേണമെന്നുള്ള ആവശ്യം ഫോൺ കോളുകളായും ആളുകൾ നേരിട്ടെത്തിയും അറിയിക്കാറുണ്ട്. കൂടുതലാളുകൾ സർക്കാർ ആശുപത്രികളിലെത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. വടകര ആശുപത്രിയെ സംബന്ധിച്ച കാര്യം ശ്രീമതി കെ. കെ. രമ ഇവിടെ സൂചിപ്പിച്ചു. 2018-ലെ ആർദ്രം സ്റ്റാൻഡേർഡൈസേഷനനുസരിച്ച് ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രിയെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്, അവിടെ കാത്ത് ലാബ് ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളുമുണ്ടാകും. ആ സ്റ്റാൻഡേർഡൈസേഷൻ പ്രകാരം വടകര ആശുപത്രി താലൂക്ക് ആശുപത്രിയുടെ പട്ടികയിലാണുള്ളത്. താലൂക്ക് ആശുപത്രിയെന്ന് പറയുമ്പോൾ, സ്പെഷ്യാലിറ്റി സർവ്വീസ്

തുടങ്ങുന്നത് താലൂക്ക് ആശുപത്രി മുതലാണ്, അവിടെ ഡയാലിസിസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ബഹുമാന്യയായ എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലെ വടകര ആശുപത്രിയിൽ ഒരു പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. വടകര ആശുപത്രിയിൽ ഫസ്റ്റ് ഡെലിവറി നടക്കുന്നില്ലെന്ന വിഷയം പരിശോധിക്കുകയും അതിന് പരിഹാരം കണ്ടെത്തുകയും ചെയ്യാം. വൃക്ക രോഗം, കാൻസർ തുടങ്ങിയവ അഡ്രസ് ചെയ്യുന്നതിനുവേണ്ടി ട്രീറ്റ്മെന്റ് മാത്രമല്ല, ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുകയെന്നതാണ് പ്രധാനം. മുപ്പത് വയസ്സിന് മുകളിലുള്ളവർക്ക് ആനുവൽ ഹെൽത്ത് ചെക്കപ്പ് ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം, നവകേരളം കർമ്മപദ്ധതിയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണത്തിന്റെയും ഹരിതകേരളം മിഷന്റെയും സഹകരണത്തോടെ വിദ്യാർത്ഥികൾക്കായി ഹെൽത്തി ലൈഫ് ക്യാമ്പയിൻ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കാൻസർ ഡാറ്റാ രജിസ്ട്രിയെക്കുറിച്ച് ഒരംഗം ഇവിടെ സൂചിപ്പിച്ചു. പ്രസ്തുത വിഷയം വിശദമായി സംസാരിക്കേണ്ടതാണ്. സമയപരിമിതിമൂലം ഞാൻ വാക്കുകൾ

ചുരുക്കുകയാണ്. കേരളത്തിൽ ഏതൊക്കെ ടൈപ്പ് കാൻസറാണുണ്ടാകുന്നതെന്നും ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ കാൻസർ ഉണ്ടാകുന്നതെന്നും കാൻസർ ഡാറ്റാ രജിസ്ട്രിയിലൂടെ അറിയുന്നതിനും അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനും സഹായിക്കും. കേരളത്തിൽ കാൻസർ ഡാറ്റാ രജിസ്ട്രിയുടെ പ്രവർത്തനം കഴിഞ്ഞ വർഷം ആരംഭിക്കുന്നതിന് സാധിച്ചു. കേരളത്തിലെ 14 ജില്ലകളിലും ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ കാൻസർ കെയർ പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐ.സി.യു-വിൽ ആക്രമിക്കപ്പെട്ട അതിജീവിതയുമായി ബന്ധപ്പെട്ട വിഷയത്തിൽ ജീവനക്കാർ ആ യുവതിയെ സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന പരാതിയിന്മേലും ജീവനക്കാരെ വീണ്ടും തിരിച്ചെടുത്തതുമായി ബന്ധപ്പെട്ട വിഷയത്തിലും ഡി.എം.ഒ.-യോട് അന്വേഷണ റിപ്പോർട്ട് തേടിയിരുന്നു. അത് ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ ജീവനക്കാർക്കെതിരെ നടപടികളുണ്ടാകുമെന്നും അക്രമിക്കപ്പെട്ട യുവതിക്ക് നീതി ഉറപ്പാക്കുമെന്നുമാണ് സൂചിപ്പിക്കാനുള്ളത്. ഞാൻ രാവിലെ ഹർഷീനയുടെ

കാര്യവും പരാമർശിച്ചിരുന്നു. മെഡിക്കൽ കോളേജിൽ സീനിയർ ഡോക്ടർമാർ രാത്രിയിൽ ഡ്യൂട്ടിക്കില്ലെന്ന വിഷയമാണ് ഈ ഗവൺമെന്റ് ആദ്യം നേരിട്ട പ്രധാന വിഷയം. അതിൽ വലിയ റസിസ്റ്റൻസുണ്ടായെങ്കിലും ഭൂരിപക്ഷം ഡോക്ടർമാരും അതിനോട് സഹകരിച്ചു. അതിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക മുതലുള്ള ഡോക്ടർമാർ രാത്രിയിൽ കാഷ്വാലിറ്റിയിലും വാർഡ് ഡ്യൂട്ടിയിലും ഉണ്ടാകണമെന്ന ഉത്തരവിറക്കിയിട്ടുണ്ട്. അതിന്റെ ഗുണം കാഷ്വാലിറ്റിയിലെ എമർജൻസി ഡിപ്പാർട്ടുമെന്റുകളിൽ കാണാൻ സാധിക്കും. ഹരിപ്പാട് മെഡിക്കൽ കോളേജിനായി സ്ഥലം ഏറ്റെടുത്തതിനെക്കുറിച്ച് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ സൂചിപ്പിച്ചു. ആ സ്ഥലത്ത് നല്ലൊരു ആരോഗ്യ സ്ഥാപനം കൊണ്ടുവരുന്നതിന്റെ സാധ്യതകളെക്കുറിച്ച് മനസ്സിലാക്കാൻ ഞാനും ബഹുമാനപ്പെട്ട എം.എൽ.എ.-യും സ്ഥലം സന്ദർശിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും പല കാരണങ്ങളാൽ അത് മാറ്റുകയുണ്ടായി. നിശ്ചയമായും അതിനുവേണ്ടിയുള്ള ശ്രമങ്ങൾ സർക്കാർ നടത്തും. ഗവേഷണം സംബന്ധിച്ച കാര്യം പ്രധാനപ്പെട്ടതാണ്. ഒരു ഗവേഷണനയം

മെഡിക്കൽ രംഗത്തുണ്ടാകണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. ഗവേഷണനയത്തിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. മെഡിക്കൽ ബോർഡിന് മൂന്ന് കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമാണ്. റിസർച്ച് ഫണ്ട് വർദ്ധിപ്പിക്കുകയെന്നത് പ്രധാന കാര്യമാണ്. അതിനുവേണ്ടി ശ്രമിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഈ ബില്ലിലെ ഭേദഗതിയുമായി നേരിട്ട് ബന്ധമുള്ളതല്ലെങ്കിൽപ്പോലും ബഹുമാന്യരായ എം.എൽ.എ.-മാർ പരാമർശിച്ച കാര്യങ്ങൾക്ക് മറുപടി നൽകാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ലിന്റോ ജോസഫ് അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

152. ഖണ്ഡം 2-ൽ "ആക്റ്റിലെ" എന്നതിന് പകരം
"നിയമത്തിലെ" എന്ന് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2-ൽ "ഇനത്തിൽ" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

162. ഖണ്ഡം 2-ൽ "കമ്മീഷന്റെ" എന്നതിന് പകരം "കമ്മീഷൻ ഓഫ് ഇന്ത്യയുടെ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം 2-ൽ "ചേർക്കേണ്ടതാണ്" എന്നതിന് പകരം
"കൂട്ടിയോജിപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 153, 154 എന്നീ ഭേദഗതികൾ 152-ാം നമ്പർ ഭേദഗതിക്ക് തുല്യവും 163-ാം നമ്പർ ഭേദഗതി 162-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. പ്രധാന ആക്റ്റിലെ വകുപ്പ് 3 എ-ൽ "നിയന്ത്രണ" എന്ന വാക്കിന് പകരം "നിശ്ചയിക്കൽ" എന്ന വാക്ക് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 166 മുതൽ 168 വരെയുള്ള ഭേദഗതികൾ 165-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആക്റ്റിലെ ഒരു ചെറിയ ഭാഗം മാത്രമാണ് ഓപ്പൺ ചെയ്തത്. അതുകൊണ്ട് ഭേദഗതി അംഗീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

170. ഖണ്ഡം 4-ൽ "കമ്മീഷനിൽ" എന്നതിന് പകരം "കമ്മീഷൻ ഓഫ് ഇന്ത്യയിൽ" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 171-ാം നമ്പർ ഭേദഗതി 170-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ "വീണ്ടും" എന്നത് ഒഴിവാക്കുക.

140. വകുപ്പ് 1(2) താഴെപ്പറയും പ്രകാരം മാറ്റുക.
"(2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്".

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. പീഠികയിൽ "ആവശ്യങ്ങൾക്കായി" എന്നതിന് പകരം "ആവശ്യത്തിനായി" എന്ന് ചേർക്കുക.

127. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "അനുയോജ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

138. ഖണ്ഡം 1(1)-ൽ “പേര് പറയാം” എന്നതിന് പകരം “നാമകരണം ചെയ്യാം” എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. പീഠികയിൽ "വീണ്ടും" എന്നത് ഒഴിവാക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131. തത്വപ്രഖ്യാപനവാക്യത്തിൽ "താഴെപ്പറയും" എന്നതിന് പകരം "ചുവടെപ്പറയും" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 115 മുതൽ 117 വരെയുള്ള ഭേദഗതികൾ 114 -ാം നമ്പർ ഭേദഗതിക്ക് തുല്യവും 124 മുതൽ 126 വരെയുള്ള ഭേദഗതികൾ 123-ാം നമ്പർ ഭേദഗതിക്ക് തുല്യവും 139 മുതൽ 142 വരെയുള്ള ഭേദഗതികൾ 140-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ,ഭേദഗതികൾ അംഗീകരിക്കുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. എൻ.എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 114, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 122, 127, 138 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

6.00 PM]

ശ്രീ. ഷാഫി പറമ്പിൽ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ്

ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിൽ ഇ.എം.എസ്. മുതൽ ഉമ്മൻ ചാണ്ടിവരെയുള്ള മുഖ്യമന്ത്രിമാരുടെ കാലത്ത് മിനിമം വിശ്വാസ്യതയുണ്ടായിരുന്ന സ്ഥാപനമായിരുന്നു കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ. ഭരണം മാറിമാറി വന്നപ്പോഴും ഒട്ടേറെ തർക്കങ്ങളും സമരങ്ങളും നടന്നിരുന്നെങ്കിലും വിശ്വാസ്യതയുടെ മിനിമം അളവുകോലിനപ്പുറത്തേയ്ക്ക് ആ പ്രസ്ഥാനം പോയിട്ടില്ലെന്നത് വസ്തുതയാണ്. ആ വിശ്വാസ്യതയ്ക്ക് കോട്ടംതട്ടുന്ന പലതരത്തിലുള്ള ഇടപെടലുകൾ പി.എസ്.സി.-യിൽ നടന്നുകൊണ്ടിരിക്കുന്നുവെന്ന ഖേദകരമായ സാഹചര്യം നിഷേധിക്കാൻ സാധിക്കുന്നതല്ല. ഒറ്റപ്പെട്ടതെന്ന് സർക്കാർ വിളിക്കുന്നതും നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ പല കാര്യങ്ങളും ഇതിന്റെ വിശ്വാസ്യതയെ തകർക്കുകയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച്, പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയെക്കുറിച്ച് കഴിഞ്ഞ ദിവസങ്ങളിൽ വന്ന വാർത്തകളെല്ലാം ഈ വിശ്വാസ്യത തകർക്കുന്നതാണ്. കോളേജ് പ്രിൻസിപ്പൽമാരെ 43 അംഗ അന്തിമ പട്ടികയിൽനിന്നുതന്നെ നിയമിക്കണമെന്ന് കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രിബ്യൂണലിന്റെ ഉത്തരവ് വരാൻ കാരണംതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടൽ അതിനകത്തുണ്ടായെന്ന ആക്ഷേപം ഉയർന്നതിനെത്തുടർന്നാണ്. വ്യാജരേഖയുണ്ടാക്കിയും രാഷ്ട്രീയസ്വാധീനം ഉപയോഗിച്ചും അട്ടപ്പാടി ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ പല സ്ഥാപനങ്ങളിലും ജോലിക്ക് കയറിയവർ ഏത് പ്രസ്ഥാനത്തിൽപ്പെട്ടവരാണെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. മഹാരാജാസ് കോളേജിൽ ഗസ്റ്റ് ലക്ച്ചററായി വർക്ക് ചെയ്തുവെന്ന വ്യാജരേഖയുണ്ടാക്കി അത് സ്വതന്ത്രമായി പല സ്ഥാപനങ്ങളിലും സമർപ്പിക്കുന്ന അവസ്ഥയുണ്ട്. ഇത്തരം കാര്യങ്ങൾ പരാമർശിക്കുന്നത് എന്തുകൊണ്ടാണെന്ന് ഞാൻ വ്യക്തമാക്കാം. ഇത്തരം തട്ടിപ്പുകൾ പി.എസ്.സി. വഴി നിയമനം ലഭിക്കേണ്ട ഉദ്യോഗാർത്ഥികളെ എങ്ങനെ ബാധിക്കും എന്നതിനെക്കുറിച്ചാണ് ഞാൻ പരാമർശിക്കാൻ ശ്രമിക്കുന്നത്. പലതരത്തിലുള്ള സംവരണഅട്ടിമറി നടത്തിയാണ് ഇതെല്ലാം അരങ്ങേറുന്നത്. നിഖിൽ തോമസ് എന്ന വിദ്യാർത്ഥി ബി.കോം. പാസ്സാകാതെ എം.കോം പഠിക്കുന്നതിനെ സംബന്ധിച്ച വാർത്തയും മത്സരിക്കാത്ത ഒരാൾ ആൾമാറാട്ടം നടത്തി കൗൺസിലറായതിനെ

സംബന്ധിച്ച വാർത്തയും നാം കേട്ടതാണ്. എം.ജി. സർവ്വകലാശാലയിലെ നൂറോളം ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റുകളും 54 പി.ജി. സർട്ടിഫിക്കറ്റുകളും ഉൾപ്പെടെ 154 സർട്ടിഫിക്കറ്റുകൾ കാണുന്നില്ല, നാളെ ഇതൊക്കെ വാങ്ങി വരുന്നത് ആരാണ്?

ശ്രീ. എം. നൗഷാദ്: ......(മൈക്ക് ഓഫ്) ......

ശ്രീ. ഷാഫി പറമ്പിൽ: സർ, പി.എസ്.സി. തട്ടിപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേൾക്കണമെന്നാണ് ശ്രീ. എം. നൗഷാദിന്റെ നിർബന്ധം. അതുമായി ബന്ധപ്പെട്ട രണ്ടുവാർത്തകൾ ഞാൻ സൂചിപ്പിക്കാം. പി.എസ്.സി. പ്ലംബർ പരീക്ഷ നടത്തിയപ്പോൾ 100 ചോദ്യങ്ങളിലെ 96 ചോദ്യങ്ങളും ഒരു ഗൈഡിൽ നിന്ന് കോപ്പി ചെയ്തിരിക്കുകയാണ്. അതായത്, പല ചോദ്യങ്ങളുടെയും ക്രമനമ്പർപോലും തെറ്റാതെ അതുപോലെ വന്നിരിക്കുകയാണ്. ഇത് സ്വാഭാവികമായും വന്നതാണോയെന്ന് ചിലർക്കെങ്കിലും സംശയം തോന്നാം. പക്ഷെ, ഇങ്ങനെ കോപ്പി പേസ്റ്റ് ചെയ്ത് പി.എസ്.സി. ചോദ്യപേപ്പർ തയ്യാറാക്കിയപ്പോൾ ഗൈഡിലെ ചോദ്യത്തിലെ തെറ്റുകളും ഉത്തരത്തിലെ ഓപ്ഷൻസിലെ തെറ്റുകളും ചോദ്യപേപ്പറിലും

തെറ്റായി പ്രിന്റ് ചെയ്തുവന്നു. പി.എസ്.സി.യുടെ ഉത്തര സൂചികയിലും ഗൈഡിലെ അതേ തെറ്റുകൾ ആവർത്തിച്ചു. ഇത്തരത്തിൽ ഗൈഡിലുണ്ടായിരുന്ന അതേ തെറ്റുകൾ പി.എസ്.സി. ചോദ്യപേപ്പറിലും അച്ചടിച്ചുവരുന്ന സാഹചര്യമുണ്ടായി. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഇവിടെ സമരവും ബഹളവുമുണ്ടായതിനെത്തുടർന്ന് 22000 ഉദ്യോഗാർത്ഥികൾ എഴുതിയ ഈ പരീക്ഷ ക്യാൻസൽ ചെയ്തു. ഇപ്രകാരം ക്യാൻസൽ ചെയ്തുകഴിഞ്ഞപ്പോൾ അടുത്ത പ്രശ്നം സംജാതമായി. ഒരു ഓൺലൈൻ ആപ്പിൽനിന്ന് 36 ചോദ്യങ്ങൾ ഇതേ രീതിയിൽ കോപ്പി പേസ്റ്റ് ചെയ്ത് പി.എസ്.സി. പരീക്ഷയിൽ ഉൾപ്പെടുത്തി. ബി.കോം. പാസ്സാകാത്ത വിദ്യാർത്ഥി വ്യാജസർട്ടിഫിക്കറ്റ് ഉപയോഗിച്ച് എം.കോം.-ന് അഡ്മിഷൻ എടുക്കുന്നതും മത്സരിക്കാത്ത വ്യക്തി കൗൺസിലർ ആകുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ പരാമർശിക്കുന്നത് ഇവിടത്തെ ചെറുപ്പക്കാരെ വിദേശത്തേയ്ക്ക് അയയ്ക്കാനുള്ള ഒരു ഏജൻസിയായി കേരളത്തിലെ ഗവൺമെന്റ് മാറരുതെന്നുള്ളതുകൊണ്ടാണ്. ഇതിന്റെ പിന്നിലെ രാഷ്ട്രീയമല്ല നിങ്ങൾ കാണേണ്ടത്. എൽ.കെ.ജി. പരീക്ഷയ്ക്കുപോലും

വിശ്വാസ്യതയുണ്ടായിരുന്ന കേരളത്തിൽ ഇപ്പോൾ ഏത് പരീക്ഷ പഠിച്ച് പാസ്സായി വന്നാലും സർട്ടിഫിക്കറ്റ് ഒറിജിനലാണോ എന്ന ചോദ്യം തിരിച്ച് ചോദിക്കേണ്ട അവസ്ഥയിലേയ്ക്ക് ഈ നാടിന്റെ പരീക്ഷാസമ്പ്രദായത്തെ മാറ്റരുതായിരുന്നു. അത് തുടർച്ചയായി നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഈ പ്രശ്നങ്ങളുണ്ടാകുന്നത്. നീറ്റ് പരീക്ഷാ ഫലത്തിൽ കൃത്രിമം കാട്ടിയ കേസിൽ കൊല്ലത്ത് ഡി.വൈ.എഫ്.ഐ. പ്രവർത്തകനെ അറസ്റ്റ് ചെയ്തു. 2021–22-ലെ നീറ്റ് പരീക്ഷയിൽ ഉയർന്ന റാങ്കും മാർക്കും നേടിയതായി കൃത്രിമ രേഖയുണ്ടാക്കിയെന്നാണ് കേസ്. പ്രവേശനം ലഭിക്കാതെ വന്നതോടെ പ്രതി ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സൈബർ സെൽ നടത്തിയ പരിശോധനയിൽ രേഖ കൃത്രിമമാണെന്ന് തെളിഞ്ഞതോടെയാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. നീറ്റ് പരീക്ഷയിൽ പ്രതിക്ക് വെറും 16 മാർക്കാണ് ലഭിച്ചത്. ഇത് 468 ആക്കി വ്യാജമാർക്ക് ലിസ്റ്റുണ്ടാക്കിയായിരുന്നു തട്ടിപ്പ്. ഇത് നീറ്റ് പരീക്ഷയാണെന്നും തുടർന്ന് പഠിക്കാൻ പോകുന്നത് എം.ബി.ബി.എസ്.-നാണെന്നും ഓർമ്മ വേണം. കേരളത്തിലെ ചെറുപ്പക്കാരുടെ എക്കാലത്തെയും വലിയ

ആശ്രയകേന്ദ്രങ്ങളിൽ ഒന്നായി പി.എസ്.സി.-യെ നിലനിർത്താനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പി.എസ്.സി.-യിലെ പരീക്ഷാസമ്പ്രദായത്തെ സംബന്ധിച്ച് പലതവണ ഗവൺമെന്റിനുമുന്നിൽ പരാതി നൽകിയതാണ്. പല കാറ്റഗറിയിലേയ്ക്കുള്ള പരീക്ഷകൾക്കെല്ലാംകൂടി ഏക പ്രിലിമിനറി പരീക്ഷയാണ് നടത്തുന്നത്. അത് വിദ്യാർത്ഥികളെ നെർവസ്സാക്കുന്നതായി നിരന്തരം പരാതി ഉയർന്നുവരുന്നുണ്ട്. ഒരാൾക്ക് എഴുതപ്പെടേണ്ട വിഷയം ആണെങ്കിലും അല്ലെങ്കിലും പൊതുപരീക്ഷയെന്ന രീതിയിൽ അത് നടത്തുകയാണ്. പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ച് 20 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ട തീയതിയിൽ പരീക്ഷയെഴുതണമെന്നത് ഓൺലൈനായി അറിയിക്കണം. ഇങ്ങനെ കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കുന്ന സമയത്ത് അതറിയിക്കാൻ വൈകിയാൽ, സ്ഥലത്തില്ലാതെ പോയാൽ, ആ ദിവസം ഏതെങ്കിലും കാരണത്താൽ പരീക്ഷയെഴുതാൻ കഴിയാതെ പോയാൽ അങ്ങനെ ഏതെങ്കിലുംവിധത്തിലുള്ള പ്രയാസം ഒരു കുട്ടിക്ക് വന്നാൽപ്പിന്നെ പത്തുനൂറ് പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാകാര്യത്തിനും ആ കുട്ടിയുടെ

മുമ്പിൽ അടുത്ത മൂന്നുവർഷത്തേയ്ക്ക് എല്ലാ വാതിലുകളും അടയുകയാണ്. ആവശ്യമായ യാതൊരു പഠനവും നടത്തിയിട്ടല്ല ഇത്തരമൊരു തീരുമാനമെടുത്തത്. അങ്ങനെയാണെങ്കിൽ അത്തരമൊരു പഠനത്തിന്റെ റിപ്പോർട്ട് വേണ്ടേ? പി.എസ്.സി.-യുടെ കൺവീനിയൻസിനുവേണ്ടി മാത്രമെടുത്ത തീരുമാനമാണിത്. 100 റാങ്ക് പട്ടികകളിലും ഒരേ ഉദ്യോഗാർത്ഥികൾ വരുന്നൊരു സാഹചര്യമാണുള്ളത്. കാരണം, പ്രാഥമിക പൊതുപരീക്ഷ പാസ്സായി വരുന്നവരാണ് മറ്റ് പരീക്ഷകൾ എഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നത്. ആ റാങ്ക് ലിസ്റ്റുകളിൽ വരുന്ന വ്യക്തികൾ നല്ല പൊസിഷനുകളിലേയ്ക്ക് കയറിപ്പോകുമ്പോൾ മറ്റ് പല പൊസിഷനുകളിലേയ്ക്കും വരുന്ന അഡ്വൈസിൽ അവർ ജോയിൻ ചെയ്യുന്നില്ല. അഡ്വൈസ് അയച്ചതിന്റെ കണക്കെടുത്തശേഷം എത്ര നിയമനത്തിന് അംഗീകാരം കൊടുത്തുവെന്ന് ചോദിക്കുമ്പോൾ എൻ.ജെ.ഡി.-യുടെ കണക്കുകൂടി എടുക്കേണ്ടിവരുന്നു. Non Joining Duty (NJD)-യുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ NJD ഒഴിവിലേയ്ക്ക് മറ്റ് ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ നിരവധിയാണ്. ഈ

കുട്ടികൾ പിന്നെ വിവരാവകാശപ്രവർത്തനം തുടങ്ങണം, റാങ്ക് ഹോൾഡേഴ്സിന്റെ അസോസിയേഷൻ രൂപീകരിക്കണം, ഓഫീസായ ഓഫീസുകൾ മുഴുവൻ കയറിയിറങ്ങി അപേക്ഷകളും കൊടുക്കണം. ഖേദകരമെന്നുപറയട്ടെ, അവരോട് നല്ലൊരു സമീപനംപോലും പല രംഗങ്ങളിലുമുള്ളവർ വച്ചുപുലർത്തുന്നില്ല. പി.എസ്.സി. വഴി നിയമിതരാകുന്ന വ്യക്തികൾ തങ്ങൾക്കുശേഷം കടന്നുവരാനിരിക്കുന്ന ഉദ്യോഗാർത്ഥികളോട് പുലർത്തേണ്ട സാമാന്യമര്യാദപോലും പലപ്പോഴും പുലർത്തുന്നില്ലെന്നുള്ള പരാതി ഭരണപക്ഷാംഗങ്ങൾ ഉൾപ്പെടെയുള്ളവർ ഏറ്റുവാങ്ങാറുണ്ട്. വേക്കൻസി റിപ്പോർട്ടിംഗാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ട ഒരു കാര്യം. അഡ്വാൻസ്ഡ് ടെക്നോളജി നിലനിൽക്കുന്ന സാഹചര്യത്തിൽ വേക്കൻസി റിപ്പോർട്ടിംഗ് എന്നത് തൊഴിലിനുവേണ്ടി നടക്കുന്നവന്റെ ഉത്തരവാദിത്വമാണെന്ന കൺസെപ്റ്റിനെയാണ് ആദ്യം തകർക്കേണ്ടത്. റാങ്ക് ഹോൾഡേഴ്സ് ആർ.റ്റി.ഐ. കൊടുത്താൽ ഒരുമാസക്കാലം അല്ലെങ്കിൽ രണ്ടുമാസക്കാലം കാത്തിരുന്ന് അതിന്റെ മറുപടി വാങ്ങണം. ബഹുമാനപ്പെട്ട മന്ത്രി വ്യവസായവും ഐ.ടി.യും ഉൾപ്പെടെയുള്ള വകുപ്പുകൾ കൈകാര്യം

ചെയ്യുന്ന വ്യക്തികൂടിയാണ്. വേക്കൻസി റിപ്പോർട്ടിംഗ് സംബന്ധിച്ച സംവിധാനം കുറ്റമറ്റരീതിയിൽ നടപ്പിലാക്കാൻ ഓട്ടോമാറ്റിക് ഇന്റഗ്രേറ്റഡ് സോഫ്റ്റ്വെയർ സിസ്റ്റം വേണമെന്നത് നമ്മൾ കാലങ്ങളായി പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. വേക്കൻസികൾ ഓട്ടോമാറ്റിക്കായി അപ്ഡേറ്റ് ചെയ്യപ്പെടുന്നൊരു സാഹചര്യമുണ്ടാക്കാൻ ഗവൺമെന്റ് വിചാരിച്ചാൽ നിഷ്പ്രയാസം സാധിക്കും. ഒരു വേക്കൻസിയും പൂഴ്ത്തിവയ്ക്കാനുള്ള സാഹചര്യമുണ്ടാകരുത്, ഉദ്യോഗാർത്ഥികൾക്ക് ലഭിക്കേണ്ട ഒരവസരവും ഇല്ലാതായിപ്പോകുന്നൊരു സാഹചര്യമുണ്ടാകരുത്. പ്രൊമോഷന്റെയും ബൈട്രാൻസ്ഫറിന്റെയും ഇന്റർ-ഡിസ്ട്രിക്ട് ട്രാൻസ്ഫറിന്റെയുമൊക്കെ കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്ന തരത്തിൽ ഓട്ടോമാറ്റിക്കായ സംവിധാനം ഉദ്യോഗാർത്ഥികൾക്ക് ചെയ്തുകൊടുക്കുകയാണെങ്കിൽ അവർക്ക് ലഭിക്കുന്ന തൊഴിൽ ഔദാര്യമല്ലെന്നും അതവർ പഠിച്ചുനേടുന്ന അവകാശമാണെന്നുമുള്ള ബോധത്തോടുകൂടി അതിനുവേണ്ടി ശ്രമിക്കാനുള്ള കരുത്ത് അവർക്കുണ്ടാകുമെന്ന കാര്യത്തിൽ സംശയം വേണ്ട. ഉദ്യോഗാർത്ഥികൾ ഔദാര്യത്തിന് നടക്കുന്നതുപോലെ പലരുടെയും പുറകെ നടക്കുകയാണ്.

അതുകൊണ്ട് ആ സംവിധാനം നിർബന്ധമായും ഏർപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒഴിവുകളിലെ കള്ളക്കളി കണ്ടെത്തുന്നതിനുവേണ്ടി സെക്രട്ടേറിയറ്റിൽ വിജിലൻസ് സെൽ രൂപീകരിച്ചിട്ടുണ്ടായിരുന്നു. അനധികൃത പ്രൊമോഷൻ, നിയമനങ്ങൾ എന്നിവ മിന്നൽപരിശോധനയിലൂടെ കണ്ടെത്തി ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുക, ഒഴിവുകൾ പൂഴ്ത്തിവയ്ക്കുന്നുവെന്ന പരാതി ലഭിച്ചാൽ അന്വേഷിച്ച് നടപടിയെടുക്കുക, റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിക്കുന്നതിന് ആറ് മാസം മുമ്പ് സ്പെഷ്യൽ ഡ്രൈവ് നടത്താൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകുക, പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി മുൻകൂട്ടി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുക എന്നിവയാണ് ആ സെല്ലിന്റെ പ്രധാന പ്രവർത്തനങ്ങൾ. സെക്രട്ടേറിയറ്റിലെ പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഈ സെൽ ഒഴിവാക്കാൻ പോകുന്നതായി കേൾക്കുന്നു. ഓരോ വകുപ്പിനും ആഭ്യന്തര വിജിലൻസ് സംവിധാനമുള്ളപ്പോൾ എന്തിനാണ് സെക്രട്ടേറിയറ്റിൽ പ്രത്യേകമായി ഇങ്ങനെയൊരു വിജിലൻസ് സെൽ

എന്നുള്ളചോദ്യം ഉയർന്നുവന്നതിനാൽ അത് ഒഴിവാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതുകൂടി ഒഴിവാക്കുന്നതോടെ, ഈ ചെറുപ്പക്കാർ അവർക്ക് അവകാശപ്പെട്ട തൊഴിലിനുവേണ്ടി അലഞ്ഞുനടക്കുന്നത് ഇരട്ടിയാകുമെന്ന കാര്യത്തിൽ സംശയം വേണ്ട. ഇത് അടിയന്തരമായി പരിശോധിച്ച് ആ നീക്കം നിർത്തിവയ്ക്കാൻ സർക്കാർ തയ്യാറാകണം. അങ്ങനെയൊരു നീക്കത്തിന് അനുമതി കൊടുക്കരുത്. ഇതിനൊരു ഓട്ടോമാറ്റിക് സംവിധാനം വരുന്നതുവരെയെങ്കിലും സെൽ നിലനിർത്തണമെന്നുള്ള റിക്വസ്റ്റാണ് ഗവൺമെന്റിന്റെ മുന്നിൽ വയ്ക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്....യെസ്....

ശ്രീ. ഷാഫി പറമ്പിൽ: സർ, ഒരു കാര്യംകൂടി പറഞ്ഞശേഷം ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഇവിടെയുണ്ട്. ഇപ്പോൾ എൽ.ഡി.സി. തസ്തികകൾ പലതും വെട്ടിക്കുറയ്ക്കുന്നു. ഇതിന്റെ ഫലമായി റാങ്ക് ഹോൾഡേഴ്സ് വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. ഉദ്യോഗാർത്ഥികൾ പരീക്ഷയെഴുതുമ്പോഴുണ്ടായിരുന്ന തസ്തികകൾപോലും പിന്നീട് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഒരുദാഹരണം ഞാൻ

സൂചിപ്പിക്കാം, ബെവ്കോ ഹെഡ് ഓഫീസുമായി ബന്ധപ്പെട്ട് സീനിയർ അസിസ്റ്റന്റ് തസ്തികയുണ്ടാക്കുന്നതിന്റെ ഭാഗമായി 375 എൽ.ഡി.സി. തസ്തിക 282 എണ്ണമായി വെട്ടിക്കുറച്ചു. ഇങ്ങനെ വെട്ടിക്കുറയ്ക്കുമ്പോൾ യു.ഡി.സി. തസ്തിക ഡൗൺഗ്രേഡ് ചെയ്ത് എൽ.ഡി.സി.-ക്ക് നൽകുകയാണ് സാധാരണ ചെയ്യുന്നത്. ആരുടെയും പ്രൊമോഷൻ സാധ്യതയെ അത് കാര്യമായി ബാധിക്കില്ല. നേരത്തെ ഒരു ആർ.ടി.ഐ. കൊടുത്തപ്പോൾ അൻപത് ഒഴിവുകൾ വന്നിട്ടും തുച്ഛമായ ആളുകൾ മാത്രമേ അതിൽ പ്രൊമോട്ടഡായി വന്നിട്ടുള്ളൂവെന്നാണ് അറിഞ്ഞത്. ബാക്കി തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയാണ്. അതാർക്കും ലഭിക്കാതെപോകുന്ന സാഹചര്യമാണുള്ളത്. ഇത്തരം കാര്യങ്ങൾക്ക് പരിഹാരമുണ്ടാകണം. പുതിയ സംവിധാനങ്ങളെ നമ്മൾ യൂസർ ഫ്രണ്ട്‌ലി എന്നാണ് വിളിക്കുന്നത്. ആപ്പിളിന്റെ പതിനഞ്ചാമത് പതിപ്പ് ഇറങ്ങി. അവർ യു.എസ്.ബി. പോർട്ട് മാറ്റി. എല്ലാവരുടെയും കൺവീനിയൻസ് അനുസരിച്ച് യു.എസ്.ബി. പോർട്ട് ലൈറ്റനിംഗ് മാറ്റി സി-ടൈപ്പ് ആക്കാൻ തീരുമാനിച്ചു. അത് യൂസർ ഫ്രണ്ട്‌ലി ആകുമെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. ഒരു 'ഉദ്യോഗാർത്ഥി

ഫ്രണ്ട്ലി സംവിധാനം' പി.എസ്.സി.-യിൽ ഒരുക്കണം. യൂണിവേഴ്സിറ്റിയിൽ സ്റ്റുഡൻസ് ഡീൻ ഉണ്ടാകുന്നതുപോലെ ഉദ്യോഗാർത്ഥികളുടെ ആശങ്കകൾ അഡ്രസ് ചെയ്യാനും അവരുടെ ഭരണപരമായ കാര്യങ്ങൾ ചെയ്യുന്നതിന് മാത്രമല്ല, അവർക്ക് ഇത്തരം ചോദ്യങ്ങൾ ചോദിക്കാനും അവരുടെ ആശങ്കകൾക്ക് മറുപടി പറയാനും കാര്യങ്ങൾ പ്രസന്റ് ചെയ്യാനുമുള്ളൊരു സംവിധാനം പി.എസ്.സി. ഓഫീസുമായി ബന്ധപ്പെട്ട് 14 ജില്ലകളിലും തുടങ്ങാൻ ഈ ഗവൺമെന്റിനോട് കേരളത്തിലെ ചെറുപ്പക്കാർക്കുവേണ്ടി അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ ചെറുപ്പക്കാർ വിദേശ രാജ്യങ്ങളിലേയ്ക്ക് പോകാൻ കാത്തിരിക്കുകയാണ്. ഇവിടെ നിൽക്കാൻ ആഗ്രഹിക്കുന്നവരുടെ മുമ്പിൽ ട്രാൻസ്പരന്റായ, വിശ്വാസ്യതയുള്ള, അർഹതയും യോഗ്യതയും ഉണ്ടായിട്ടും ജോലി നിഷേധിക്കപ്പെടാത്തൊരു സാഹചര്യം ഉറപ്പുവരുത്താൻ പി.എസ്.സി. പ്രധാന സങ്കേതമാണെന്ന കാര്യത്തിൽ സംശയം വേണ്ട. അതിന്റെ ട്രാൻസ്പരൻസി ഉറപ്പുവരുത്തണം. അത് കുറച്ചുകൂടി ഉദ്യോഗാർത്ഥി സൗഹൃദമാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എച്ച്. സലാം: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പി.എസ്.സി. കേരളത്തിലെ യുവജനങ്ങളുടെ സ്വപ്നസഫലീകരണത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമാണ്. അതുകൊണ്ടുതന്നെ അതിന്റെ സുതാര്യതയും മികവും മെച്ചപ്പെടുത്തുകയെന്നത് നാടിന്റെ ആവശ്യമാണ്. കേരളത്തിലെ ഗവൺമെന്റ് ആ സംവിധാനത്തെ കാലത്തിനനുസൃതമായി മെച്ചപ്പെടുത്താൻ പരിശ്രമിക്കുന്നുണ്ട്. കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനം നടത്തി റെക്കോർഡ് സൃഷ്ടിച്ചത് പിണറായി ഗവൺമെന്റാണ്. കേരളത്തിലെ പി.എസ്.സി. എന്ന സംവിധാനത്തിന്റെ വിശ്വാസ്യത പൂർണ്ണമായും നഷ്ടപ്പെട്ടു, കേരളത്തിലെ ഉദ്യോഗാർത്ഥികൾ ഈ നാടുവിട്ട് മറ്റ് രാജ്യങ്ങളിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നു എന്നൊക്കെയുള്ള വികലമായ ചിന്തയും അഭിപ്രായങ്ങളുമാണ് ശ്രീ. ഷാഫി

പറമ്പിൽ പ്രകടിപ്പിച്ചത്. അതിന് ഉപോൽബലകമായി പി.എസ്.സി.-യുമായി ബന്ധമുള്ള ഉദാഹരണമൊന്നും അദ്ദേഹം പരാമർശിച്ചില്ല. പി.എസ്.സി.-ക്ക് പുറത്തുള്ള ചില ഒറ്റപ്പെട്ട സംഭവങ്ങളെ മുൻനിർത്തിയാണ് അദ്ദേഹം ഇപ്രകാരം സംസാരിച്ചത്. പി.എസ്.സി.-യെ മെച്ചപ്പെടുത്താൻ ഈ ഗവൺമെന്റ് മികച്ച നിലപാടാണ് സ്വീകരിക്കുന്നത്. പി.എസ്.സി. നിയമനത്തിന്റെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ഇതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായം ലഭ്യമാക്കാൻ കേരള പി.എസ്.സി. തീരുമാനിക്കുകയും ചെയ്ത സന്ദർഭത്തിലാണ് ശ്രീ. ഷാഫി പറമ്പിലിനെപ്പോലുള്ള വ്യക്തികൾ ഈ നിലയിൽ സംസാരിക്കുന്നത്. കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനം നടന്നത് പിണറായി സർക്കാരിന്റെ കാലത്താണ്. 2016 മുതൽ 2023 ജൂലൈ വരെയുള്ള കണക്കെടുത്താൽ 227,063 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകി. ഇത് കേരളത്തിലെ റിക്കോർഡാണ്. യു.ഡി.എഫ്.-ന്റെ കാലത്തെ കണക്കെടുത്ത് പരിശോധിച്ചാൽ വ്യത്യാസം മനസ്സിലാകും. അദ്ദേഹം ആ

കണക്കുകൾമാത്രം സൂചിപ്പിച്ചില്ല. യു.ഡി.എഫ്.-ന്റെ കാലത്ത് 144,386 പേർക്കാണ് പി.എസ്.സി. വഴി നിയമനം നൽകിയത്. തസ്തികയില്ലാത്തതുകൊണ്ടല്ല ഈ കുറവ് സംഭവിച്ചത്. തസ്തികയുണ്ടായിട്ടും അപ്രഖ്യാപിത നിയമനനിരോധനം നടത്തി മുന്നോട്ടുപോയതിന്റെ ഭാഗമായിട്ടാണ് ഈ കുറവ് യു.ഡി.എഫ്.-ന്റെ കാലത്ത് സംജാതമായത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം യു.ഡി.എഫ്. ഗവൺമെന്റ് നിരോധിച്ച പല തസ്തികകളിലും നിയമനം നടത്തിയെന്നുമാത്രമല്ല, പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. അടിയന്തരപ്രമേയ ചർച്ചയുടെ ഭാഗമായി കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പരാമർശിച്ചു. ഇത്തരത്തിൽ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന കാലഘട്ടത്തിലും അത്യാവശ്യ തസ്തികകൾ സൃഷ്ടിക്കാൻ ഈ ഗവൺമെന്റ് നിലപാട് സ്വീകരിച്ചു. മുപ്പതിനായിരത്തിലധികം തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും സംവരണം കൃത്യമായി പാലിച്ചുകൊണ്ടുമാണ് കേരള ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. 2016 മുതൽ നാളിതുവരെ 7170 പട്ടികവർഗ്ഗ നിയമനം നൽകി. കൂടാതെ 1924 പേർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റും നടത്തി. ഇങ്ങനെ

വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ആദിവാസി സമൂഹത്തിൽനിന്നുള്ള റിക്രൂട്ട്മെന്റിലൂടെ രാജ്യത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. പ്രത്യേക പരിശീലനം കൊടുത്ത് വനമേഖലകളിൽ അവരെ നിയമിക്കാനാവശ്യമായ നിലപാട് ഗവൺമെന്റ് സ്വീകരിച്ചു. കേരളത്തിലെ ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം അവരുടെ നിയമനമെന്ന സ്വപ്നം സാക്ഷാത്കരിക്കാനും പ്രത്യേക പരിരക്ഷ നൽകേണ്ട ജനവിഭാഗത്തെ പ്രത്യേകമായി പരിഗണിക്കാനും കഴിയുന്ന നടപടി സർക്കാർ സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് കേരള ഗവൺമെന്റിനും പി.എസ്.സി.-ക്കും ഇത്തരമൊരു നിലപാട് സ്വീകരിക്കാൻ കഴിയുന്നത്. നിരവധി പരിഷ്കാരങ്ങൾ ഈ സന്ദർഭത്തിൽ പി.എസ്.സി. മുന്നോട്ടുവച്ചിട്ടുണ്ട്. അതിനെക്കുറിച്ച് ശ്രീ. ഷാഫി പറമ്പിൽ ആശങ്കയോടെ പരാമർശിക്കുകയുണ്ടായി. ഞാനും ഈ വിഷയം നേരത്തെ സഭയിൽ സബ്മിഷനായി ഉന്നയിച്ചിട്ടുണ്ട്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നതാണ് ഉദ്യോഗാർത്ഥികൾക്കുള്ള ഏറ്റവും വലിയ പ്രശ്നം. മാത്രമല്ല, ഒഴിവുകൾ എത്രയുണ്ടെന്ന് അറിയാൻ ഓരോ ഓഫീസും

കയറിയിറങ്ങി നടക്കേണ്ട സാഹചര്യവുമുണ്ട്. ഓൺലൈൻ സംവിധാനത്തിലേയ്ക്ക് പോകണമെന്നാണ് ഈ സഭയിലുൾപ്പെടെ ചർച്ച നടത്തി തീരുമാനമെടുത്തത്. ഉദ്യോഗാർത്ഥികൾക്ക് ഒഴിവുകൾ നേരിട്ട് ബോധ്യമാകുന്ന നിലയിൽ ഒരു സിസ്റ്റം ക്രിയേറ്റ് ചെയ്യപ്പെടണമെന്ന് തീരുമാനിക്കപ്പെട്ടു. ഏറെക്കുറെ ആ സ്ഥിതിയിലേയ്ക്ക് ഇപ്പോൾ പി.എസ്.സി. മുന്നോട്ടുപോകുകയാണ്. വിരമിക്കൽ തീയതി ഉൾപ്പെടെ രേഖപ്പെടുത്തി ഓരോ ജീവനക്കാരും എന്ന് വിരമിക്കുമെന്ന് സ്ഥാപനമേധാവിക്കുമാത്രമല്ല, ഉദ്യോഗാർത്ഥികൾക്കും പൊതുജനത്തിനും ബോധ്യമാകുന്ന നിലയിലുള്ള സിസ്റ്റം ക്രിയേറ്റ് ചെയ്താൽ സ്വാഭാവികമായും ആർക്കും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലുള്ള സിസ്റ്റമാക്കി നമുക്കത് മാറ്റാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കർശനനിലപാട് സ്വീകരിച്ച ഒരു മേഖലയാണിത്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടാത്ത സ്ഥാപനമേധാവികൾക്കെതിരെ ശക്തമായ ശിക്ഷാനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു. ഒഴിവുണ്ടായതിനുശേഷം അതിന്റെ നിയമനനടപടികളിലേയ്ക്ക് പോകുകയെന്ന നിലയ്ക്കല്ല,

വരുംവർഷങ്ങളിലുണ്ടാകുന്ന ഒഴിവുകൾ മുൻകൂട്ടി കണക്കാക്കാനും അതിന്റെ നിയമനനടപടികൾ ആരംഭിക്കാനുമാവശ്യമായ നിലപാട് ഗവൺമെന്റ് സ്വീകരിച്ചു. ഇ-വേക്കൻസി സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഒഴിവ് റിപ്പോർട്ട് ചെയ്യാൻ കഴിയുന്ന സിസ്റ്റത്തിലേയ്ക്ക് നമ്മളിപ്പോൾ എത്തിച്ചേർന്നു. അത് റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ വകുപ്പുസെക്രട്ടറിമാരെ ചുമതലപ്പെടുത്തി. അത് പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെയും ചുമതലപ്പെടുത്തി. ചീഫ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ ഇത്തരം കാര്യങ്ങൾ നടത്താൻ നിശ്ചയിക്കപ്പെട്ടിരിക്കുകയാണ്. കേരളത്തിലെ ഉദ്യോഗാർത്ഥികളുടെ പ്രശ്നങ്ങൾ ഗവൺമെന്റ് അതീവപ്രാധാന്യത്തോടുകൂടി പരിഗണിക്കുന്നുവെന്നാണ് ഇതിലൂടെ മനസ്സിലാകുന്നത്. ഓഫീസുകളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സംവിധാനം ഏർപ്പെടുത്താൻ നിശ്ചയിച്ചു. ഇത്തരത്തിൽ മികച്ച നിലയിലേയ്ക്ക് പി.എസ്.സി.-യെ മാറ്റാൻ ഈ ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്. ഈ ഭേദഗതിയുമായി ബന്ധപ്പെട്ട് പുതിയ ചില മേഖലകളിലെ നിയമനങ്ങൾകൂടി പി.എസ്.സി.-ക്ക് വിടാൻ

തീരുമാനിക്കുകയാണ്. കഴിയുന്നത്ര നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് സുതാര്യമായി കാര്യങ്ങൾ എങ്ങനെ നടപ്പാക്കാൻ കഴിയുമെന്ന് ചിന്തിക്കുന്ന ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. ഇതുമാത്രമല്ല, പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ ഭാഗമായി മാറ്റുന്ന നിലയല്ലെങ്കിൽക്കൂടിയും 24 സ്ഥാപനത്തിലെ 618 തസ്തികകളിലെ നിയമനങ്ങൾ പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡിന് വിട്ടുനൽകിയത് വ്യവസായ വകുപ്പിന്റെ തീരുമാനത്തിന്റെ ഭാഗമായിട്ടാണ്. ഇന്നലെവരെ പി.എസ്.സി.-യുടെ ഭാഗമായിട്ടോ അല്ലെങ്കിൽ പൊതുവായ നിയമനസംവിധാനത്തിന്റെ ഭാഗമായിട്ടോ വരാത്ത തസ്തികകളിലേയ്ക്ക് സുതാര്യമായി, നീതിപൂർവ്വമായി നിയമനം നൽകാൻ കഴിയുന്ന സംവിധാനം എങ്ങനെ ഏർപ്പെടുത്താൻ കഴിയുമെന്നാണ് ഗവൺമെന്റ് ചിന്തിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സൗകര്യം ഉപയോഗപ്പെടുത്തി പി.എസ്.സി.യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിലപാട് സ്വീകരിച്ചു. ശാസ്ത്രത്തിന്റെ വളർച്ചയ്ക്കനുസരിച്ച്, ടെക്നോളജി വികസിക്കുന്നതിനനുസരിച്ച് അവ നിയമനമേഖലയിലേയ്ക്ക് എങ്ങനെ

കൊണ്ടുവരാൻ കഴിയുമെന്ന് ചിന്തിച്ചുകൊണ്ടാണ് ഗവൺമെന്റും പി.എസ്.സി.-യും മുന്നോട്ടുപോകുന്നത്. കേന്ദ്ര നിയമനത്തെക്കുറിച്ച് ശ്രീ. ഷാഫി പറമ്പിൽ ഒരു വാക്കുപോലും പരാമർശിച്ചില്ല. കേന്ദ്രസർക്കാർ സർവ്വീസിലെ നിയമനത്തിന്റെ നിലയെന്താണ്? കേന്ദ്രസർക്കാരിൽ 12 ലക്ഷം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. ഏതാണ്ട് സമ്പൂർണ്ണമായ നിയമന നിരോധനത്തിലേയ്ക്ക് പോയിരിക്കുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് കുറച്ച് നിയമനം നടത്താൻ എങ്ങനെ സാധിക്കുമെന്ന ചിന്ത ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. യു.പി.എസ്.സി.-യും എസ്.എസ്.സി.-യും റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡും കഴിഞ്ഞ കുറേ വർഷങ്ങളായി നിയമനം പൂർണ്ണമായും നിർത്തലാക്കിയിരിക്കുകയാണ്. 10 ലക്ഷത്തോളം വരുന്ന തസ്തികകൾ റദ്ദാക്കാൻ തീരുമാനിച്ചുവെന്നതാണ് അവസാനം പുറത്തുവന്ന കണക്ക്. നിശ്ചിതവർഷം നിയമനം നടക്കുന്നില്ലായെങ്കിൽ അത് റദ്ദാക്കപ്പെടുന്ന നയപരമായ തീരുമാനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. പാർലമെന്റ് എം.പി.-മാരുടെ എണ്ണവും അവർ പൊരുതിക്കൊണ്ടിരിക്കുകയാണെന്ന കാര്യവും ഇവിടെ

പ്രതിപക്ഷാംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഇവിടെ പരാമർശിച്ച ഏതെങ്കിലുമൊരു വിഷയം അവിടെ ഉന്നയിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ? ചില കാറ്റഗറിയിലെ കണക്ക് പരിശോധിച്ചാൽ 24 ശതമാനം വരെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. റെയിൽവേയിൽ മൂന്ന് ലക്ഷം, പ്രതിരോധ മേഖലയിൽ 2.32 ലക്ഷം, തപാൽ മേഖലയിൽ ഒരു ലക്ഷം, റവന്യൂ മേഖലയിൽ 80,000 ഇങ്ങനെ പ്രധാന മേഖലകൾ പരിശോധിച്ചാൽ ലക്ഷക്കണക്കിന് തസ്തികകൾ കേന്ദ്രത്തിൽ ഒഴിഞ്ഞുകിടക്കുകയാണ്. രാജ്യത്തെ കോൺഗ്രസിനും ഇവിടുന്ന് പോകുന്ന എം.പി.-മാർക്കും ഒരു മിണ്ടാട്ടവുമില്ല. കേരളത്തിൽ വിശ്വാസ്യതയോടുകൂടി, മികവോടുകൂടി പ്രവർത്തിക്കുന്ന പി.എസ്.സി.-യെ അധിക്ഷേപിക്കാൻ വല്ല വഴിയുമുണ്ടോയെന്ന് നോക്കുകയാണ്. കേന്ദ്രസർക്കാർ നിയമനം നോക്കിയാൽ സംവരണം പൂർണ്ണമായി അട്ടിമറിക്കപ്പെടുകയാണ്. സംവരണം അട്ടിമറിക്കപ്പെടുന്നത് സംബന്ധിച്ച് പാർലമെന്ററി സമിതിതന്നെ ആക്ഷേപിച്ചിരിക്കുന്നു. 22.5 ശതമാനം സംവരണം വേണ്ട സ്ഥാനത്ത് 13 ശതമാനം മാത്രമാണ് നൽകുന്നത്. സംവരണത്തെപ്പോലും അട്ടിമറിച്ച്

രാജ്യത്തെ നിയമനങ്ങൾ പരിപൂർണ്ണമായി ഇല്ലാതാക്കുന്ന നിലയാണ് കാണാൻ സാധിക്കുന്നത്. ഏതാണ്ട് 79 ശതമാനം വകുപ്പുകളിലും എസ്.സി./എസ്.ടി. നിയമനത്തിലെ ഈ കുറവ് കാര്യമായി കാണുന്നുവെന്നത് ഒരു ചെറിയ കാര്യമല്ല. കേന്ദ്രസർക്കാർ ഇത്തരമൊരു നിലപാട് സ്വീകരിക്കുമ്പോൾ കെ.പി.എസ്.സി.-യെ മെച്ചപ്പെടുത്തി മുന്നോട്ടുപോകുന്നതും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമെല്ലാം കേരള സർക്കാരിന്റെ താൽപ്പര്യത്തിന്റെ ഭാഗമാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് നിയമനം കുറഞ്ഞുപോയത് എന്തുകൊണ്ടാണ്; കുറെ വകുപ്പുകളിൽ നിയമനം ഇല്ലാതെപോയത് എന്തുകൊണ്ടാണ്? യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഉദ്യോഗാർത്ഥികളുടെ കാര്യങ്ങളോ പ്രശ്നങ്ങളോ പരിഗണിക്കാൻ സമയമുണ്ടായിരുന്നില്ല. കഴിഞ്ഞ ദിവസത്തെ ചർച്ചയിൽ സോളാർ കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരാമർശിക്കുകയുണ്ടായി. പ്രതിപക്ഷാംഗങ്ങൾ ഈ സഭയിൽവന്ന് അസത്യം പറയുകയാണ്. മുൻമന്ത്രി ശ്രീ. കെ. സി. ജോസഫിന്റെ സ്റ്റേറ്റ്മെന്റ് ഇന്ന് വന്നിരിക്കുകയാണ്. അതിനെക്കുറിച്ച് ഈ സഭയിൽ ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്

പറഞ്ഞത് എങ്ങനെയാണ്; മരണപ്പെട്ട സാക്ഷാൽ ഉമ്മൻ ചാണ്ടിയെപ്പോലും അദ്ദേഹം കുട്ടുപിടിച്ചു. യു.ഡി.എഫ്. തീരുമാനിച്ചിട്ടാണോ ജോപ്പനെ അറസ്റ്റ് ചെയ്തത്? അങ്ങനെയാണോ? ഇന്നിപ്പോൾ പറഞ്ഞല്ലോ; ഉമ്മൻ ചാണ്ടി അറിഞ്ഞ്, യു.ഡി.എഫ്. അറിഞ്ഞ് ഞങ്ങളെല്ലാരുംകൂടി ചേർന്ന് തീരുമാനിച്ചാണ് മുഖ്യമന്ത്രിയുടെ ഓഫീസിലെ സ്റ്റാഫായ ജോപ്പനെ അറസ്റ്റ് ചെയ്തതെന്ന്. ബഹ്റൈനിൽ ഒരുമിച്ചിരിക്കുമ്പോൾ ടി.വി.-യിൽ കണ്ടാണ് ഈ അറസ്റ്റിനെക്കുറിച്ച് ഞങ്ങൾ മനസ്സിലാക്കിയതെന്നാണ് ശ്രീ. കെ. സി. ജോസഫ് പരസ്യമായി പ്രഖ്യാപിച്ചത്. എന്നുപറഞ്ഞാൽ ഈ സഭയുടെ പ്രാധാന്യം തള്ളിക്കളഞ്ഞ്, ഇതിന്റെ പവിത്രത തള്ളിക്കളഞ്ഞ് xxxxxxx+, ഈ സഭാതലത്തിൽ ഉൾപ്പെടെ നമ്മളിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ യു.ഡി.എഫ്. ആ കാലത്തുണ്ടാക്കിയ സംസ്കാരമല്ല കഴിഞ്ഞ ഏഴുകൊല്ലമായി കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ച സംസ്കാരമെന്നത് ഏത് മേഖല പരിശോധിച്ചാലും കാണാൻ കഴിയും. ഈ ഭേദഗതിയെ പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.15472/ഇ.ബി./2023/നി.സെ. തീയതി 14-09-2023) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. ഷാഫി പറമ്പിൽ: സർ, പോയിന്റ് ഓഫ് ഓർഡർ...

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, എന്താണ്  പോയിന്റ് ഓഫ് ഓർഡർ ?

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിന്റെ പ്രതിപക്ഷ നേതാവിനെ അദ്ദേഹം വിമർശിച്ചോട്ടെ. xxxxx+  അത് സഭാരേഖയിൽനിന്ന് നീക്കം ചെയ്യാൻ അങ്ങയുടെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ:  പരിശോധിക്കാം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):സർ, വളരെ ചെറിയൊരു ഭേദഗതിയാണെങ്കിൽപ്പോലും ഇപ്പോൾ ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഇതുപോലൊരു ബിൽ നിയമസഭ ചർച്ച ചെയ്ത് പാസ്സാക്കിയിട്ടില്ല. കാരണം, നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുള്ള ഒരു ബില്ലാണ് നമ്മളിപ്പോൾ അംഗീകരിക്കാൻ പോകുന്നത്. ശ്രീ. ഷാഫി. പറമ്പിൽ അതിനെ അഭിനന്ദിച്ചുകൊണ്ട് മറ്റ് വിമർശനങ്ങളിലേയ്ക്ക് പോയിരുന്നെങ്കിൽ കുറച്ചുകൂടി നന്നാകുമായിരുന്നു. ഇന്ത്യയുടെയും സംസ്ഥാനങ്ങളുടെയും ഇപ്പോഴത്തെ സ്ഥിതി പൊതുവെ less

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.15472/ഇ.ബി./2023/നി.സെ. തീയതി 14-09-2023) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

govern the best Government എന്നതാണ്. അതായത്, ഏറ്റവും കുറച്ച് സർക്കാർ സംവിധാനങ്ങൾ മതിയാകും. ഉദ്യോഗസ്ഥരെ പരമാവധി കുറയ്ക്കുക എന്ന രൂപത്തിലേയ്ക്കാണ് ഇപ്പോൾ പോയിക്കൊണ്ടിരിക്കുന്നത്. ശ്രീ. എച്ച്. സലാം ഇന്ത്യയിലെ നിയമനങ്ങളുടെ അവസ്ഥ ചൂണ്ടിക്കാണിക്കുകയുണ്ടായി. പക്ഷേ, കേരളത്തിലെ ഗവൺമെന്റിന്റെ നിലപാട് സുതാര്യമായി നിയമനങ്ങൾ നടത്തണമെന്നതാണ്. അതുകൊണ്ടാണ് പി.എസ്.സി.-ക്ക് വിടാത്ത മേഖലയിലും പുതുതായി നിയമം കൊണ്ടുവന്ന് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത്. പി.എസ്.സി നിയമനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് ഇപ്പോൾ ഒരു ബോർഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് മുൻ ചെയർമാൻ ഉൾപ്പെടെയുള്ളവർ അംഗങ്ങളുമായുള്ള പ്രൊഫഷണൽ ബോർഡാണിത്. നമ്മളിവിടെ പാസ്സാക്കിയ നിയമത്തെ അടിസ്ഥാനപ്പെടുത്തി എല്ലാ നിയമനങ്ങളും നടക്കുകയാണ്, ഒരു കാര്യംകൂടി ഞാൻ ഉറപ്പായി പറയാം, ബോർഡ് നിലവിൽവന്നതിനുശേഷം Public Sector Undertaking (PSU)-ൽ നിയമനം

നടത്താമെന്ന നിലപാട് ഈ സർക്കാർ സ്വീകരിച്ചിട്ടില്ല. ബോർഡ് വന്നുകഴിഞ്ഞാൽ പിന്നെ അതിന് പരിമിതികളുണ്ടാകും. എന്നാൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ മേഖലയിൽ സ്ഥിരനിയമനങ്ങളൊന്നും നടത്തിയിട്ടില്ല. ഇപ്പോൾ ഒറ്റയടിക്ക് നിയമനങ്ങൾ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. 28 എം.ഡി.-മാരുടെ നിയമനവുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. പക്ഷെ, ഏതുസർക്കാർ അധികാരത്തിലിരുന്നാലും പി.എസ്.സി.-ക്ക് വിട്ടത് സംബന്ധിച്ച ചില നിയമങ്ങൾ നമ്മൾ പാസ്സാക്കും. ഇതിന്റെ റൂൾസ് രൂപീകരിക്കില്ല. ഇത് പി.എസ്.സി.-ക്ക് വിട്ടുവെന്ന് നമ്മൾ പറയുന്നതല്ലാതെ യഥാർത്ഥത്തിൽ പി.എസ്.സി. വഴി നിയമനങ്ങൾ നടക്കാതെ വരുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇക്കാര്യം പരിശോധിക്കണം. എത്ര നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടു, എത്ര നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചു; എത്ര നിയമങ്ങൾ പാസ്സാക്കി; എത്രയെണ്ണത്തിന് റൂൾസ്

ഉണ്ടാക്കിയില്ല; റൂൾസുണ്ടാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാം ഇതെല്ലാം വളരെ ഗൗരവവിഷയങ്ങളാണ്. അതുകൂടി ശ്രദ്ധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് ഉന്നയിച്ചത് പ്രസക്തമായ കാര്യമാണ്. ഏതുകാലത്തും, ഏതുസർക്കാർ ഭരിക്കുമ്പോഴും ഇത്തരം കാര്യങ്ങളിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നത് സങ്കീർണ്ണമായി കൊണ്ടുപോകുന്ന ഒരവസ്ഥയുണ്ട്. അതിൽ മാറ്റം വരുത്തുന്നതിനുവേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്. ഇതുവരെ പി.എസ്.സി.-ക്ക് വിട്ടതിൽ ഏതിലൊക്കെ സ്പെഷ്യൽ റൂൾസ് വന്നിട്ടില്ലെന്ന് പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ നിയമനം പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേനതന്നെ നിയമനങ്ങൾ നടത്തുന്നതിനായി നിയമന ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കാൻ എല്ലാ ഭരണവകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണവകുപ്പാണ് അത് തയ്യാറാക്കേണ്ടത്. ഏതുയോഗ്യതയാണ് ഓരോ തസ്തികയ്ക്കും വേണ്ടതെന്ന് തയ്യാറാക്കി, അവർ അംഗീകരിക്കുന്ന സ്പെഷ്യൽ റൂൾസ് നിയമവകുപ്പിന്റെ

പരിശോധനയ്ക്കുശേഷം സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിക്കുകയാണ് ചെയ്യുന്നത്. അത് പരമാവധി വേഗത്തിലാക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്. ചില കാര്യങ്ങളിലെ വിശ്വാസ്യതയെ സംബന്ധിച്ച് ശ്രീ. ഷാഫി പറമ്പിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. പ്രിൻസിപ്പൽ നിയമനത്തെ സംബന്ധിച്ചെല്ലാം ഇവിടെ പരാമർശിച്ചു. ആ വിഷയം കോടതിയിൽ വരികയും അക്കാര്യങ്ങളിൽ വ്യക്തത വരുത്തിക്കഴിഞ്ഞുവെന്ന് കോടതി പറയുകയും ചെയ്തിട്ടുണ്ട്. (....ബഹളം....) ഞങ്ങളെക്കുറിച്ച് പറയുമ്പോൾ ഒരു ആത്മസംതൃപ്തി ലഭിക്കുമെന്നല്ലാതെ.....

ശ്രീ. ഷാഫി പറമ്പിൽ: സർ, (മൈക്ക് ഓഫ്)....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ... പ്ലീസ്....

ശ്രീ. പി. രാജീവ്: സർ, ഞാൻ പറഞ്ഞുകൊണ്ടിരുന്ന പോയിന്റ് പൂർത്തിയാക്കട്ടെ. താൽക്കാലിക നിയമനവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ചു. പക്ഷെ, നിങ്ങൾക്ക് പറയാവുന്ന ഒരു കേസുണ്ടായിരുന്നു. ശ്രീ. ഷാഫി പറമ്പിൽ തിരക്കിനിടയിൽ വിട്ടുപോയതായിരിക്കും. കൊല്ലത്ത് വ്യാജരേഖകളുമായി സർക്കാർ

ജോലിയിൽ പ്രവേശിക്കാനെത്തിയ യുവതിയെ അറസ്റ്റ് ചെയ്യുകയുണ്ടായി. റവന്യൂ വകുപ്പിൽ ജോലി ലഭിച്ചെന്ന് കാണിക്കുന്ന പി.എസ്.സി.-യുടെ അഡ്വൈസ് മെമ്മോ, എൽ.ഡി ക്ലാർക്കായി ജോലിയിൽ പ്രവേശിക്കാനുള്ള അപ്പോയ്മെന്റ് ലെറ്റർ എന്നിവ സഹിതമാണ് യുവതി എത്തിയത്. ഈ യുവതിയെക്കാൾ റാങ്ക് കുറവുള്ളയാൾ പ്രസ്തുത ഓഫീസിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ ഓഫീസ് അധികൃതർക്ക് സംശയം തോന്നി. തുടർന്ന് വിശദമായ പരിശോധനയ്ക്കുശേഷം അവരെ അറസ്റ്റ് ചെയ്തു. ഇത്തരത്തിലുള്ള ചില ശ്രമങ്ങളും നടക്കുന്നുണ്ട്. അക്കാര്യം എന്തുകൊണ്ടാണ് അങ്ങിവിടെ ഉന്നയിക്കാതിരുന്നത്. എല്ലാം ഗവേഷണം നടത്തി കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ നല്ല പ്രാഗത്ഭ്യമുള്ള നിയമസഭാ സാമാജികനാണ് ശ്രീ. ഷാഫി പറമ്പിൽ.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കേരളത്തിലെ ചെറുപ്പക്കാർക്ക് പി.എസ്.സി. പോലുള്ള സംവിധാനത്തിൽ വിശ്വാസം നഷ്ടപ്പെട്ടാൽ ഇവിടെനിന്നും ആളുകൾ വിദേശരാജ്യങ്ങളിലേയ്ക്ക് പോകാൻ വെമ്പൽകൊള്ളും. പുതുപ്പള്ളി മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പുമായി

ബന്ധപ്പെട്ട് പ്രചാരണം നടത്തിയപ്പോൾ മനസ്സിലാക്കിയ കാര്യമാണത്. ഓരോ ബൂത്തിൽനിന്നും പുറംരാജ്യങ്ങളിലേയ്ക്ക് പോകുന്ന ചെറുപ്പക്കാരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം സംഭവങ്ങൾ ആ പ്രവണത വർദ്ധിപ്പിക്കാൻ സഹായിക്കും. അതുകൊണ്ടാണ് ഞാൻ അത്തരം സംഭവങ്ങൾ ക്വാട്ട് ചെയ്തത്.

<u>ശ്രീ. പി. രാജീവ്</u>: സർ, ഇത് കേരളത്തിൽ മാത്രമാണെന്ന രീതിയിൽ കാണരുത്. നമുക്കെല്ലാം ഓരോ നിലപാടുണ്ടാകും. ആ നിലപാടുവച്ച് നമ്മളൊരു നിഗമനത്തിലെത്തുമ്പോൾ നാടിന്റെ പൊതുവായ സ്ഥിതിക്ക് എതിരായി വരാൻ പാടില്ല. അങ്ങ് നടത്തിയ പരാമർശത്തിന്റെ പൊതുപൊരുൾ എന്താണ്? കേരളത്തിൽ ഈ വിശ്വാസം നഷ്ടപ്പെടുന്നു, അതിന്റെ ഭാഗമായാണ് ആളുകൾ പുറത്തേയ്ക്ക് പോകുന്നത്. എന്നാൽ അതാണോ യാഥാർത്ഥ്യം? ഒരു വ്യക്തി വിദേശത്തേയ്ക്ക് പോകുന്നതിന് പല ഘടകങ്ങളുണ്ട്. ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. നാഷണൽ മീഡിയയിൽ ഉൾപ്പെടെ പ്രസിദ്ധീകരിച്ച പ്രധാന വാർത്ത എന്തായിരുന്നു, ചാന്ദ്രയാനും ആദിത്യയും വിക്ഷേപിക്കാൻ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള

ISRO/VSSC-യുടെ പരീക്ഷയിൽ അതിനേക്കാളും വലിയ ടെക്നോളജി ഉപയോഗിച്ചാണ് കോപ്പിയടിക്കാൻ ശ്രമിച്ചത്. അത് ISRO, VSSC എന്നീ സ്ഥാപനങ്ങളുടെ വിശ്വാസ്യത തകർക്കുമോ? ടി സ്ഥാപനങ്ങളിലേയ്ക്കുള്ള പരീക്ഷ അഖിലേന്ത്യാടിസ്ഥാനത്തിലാണ് നടക്കുന്നത്. ഈ പരീക്ഷാതട്ടിപ്പ് പിടികൂടിയത് നിങ്ങളെല്ലാം അധിക്ഷേപിക്കുന്ന കേരളാ പോലീസിന്റെ മികവാണെന്നുകൂടി മനസ്സിലാക്കണം. അതിനുശേഷം ബാക്കി പരീക്ഷകളെല്ലാം റദ്ദാക്കി. NEET പരീക്ഷയിൽ യോഗ്യത നേടാതിരുന്ന ഒരു വ്യക്തി സ്കോർ ഷീറ്റിൽ കൃത്രിമം കാട്ടി കൂടുതൽ മാർക്കും ഉയർന്ന റാങ്കും നേടിയതുമായി ബന്ധപ്പെട്ട വിഷയം അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. അതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ എനിക്കറിയില്ല. എന്നാൽ NEET പരീക്ഷയിൽ ആൾമാറാട്ടം നടത്തുന്നതിന് സൗകര്യപ്രദമായ രീതിയിൽ വിദ്യാർത്ഥികളുടെ ഫോട്ടോയിലൂൾപ്പെടെ മാറ്റം വരുത്തുകയുണ്ടായി. ഇത്തരത്തിൽ കൃത്രിമം നടത്തിയതുമായി ബന്ധപ്പെട്ട് സി.ബി.ഐ. അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്തിരിക്കുകയാണ്. പി.എസ്.സി.-യുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒറ്റപ്പെട്ടതാണെന്നാണ് അങ്ങ്

സൂചിപ്പിക്കുന്നത്. പി.എസ്.സി.-യിൽ ഒന്നോ രണ്ടോ പ്രശ്നങ്ങളുണ്ടായിട്ടുണ്ടെങ്കിൽ, ആ പ്രശ്നങ്ങളെ പ്രശ്നങ്ങളായിത്തന്നെ കണ്ട് പരിഹരിക്കണം. അതിൽ യാതൊരു തർക്കവുമില്ല. ഇന്ത്യയിൽ ഏറ്റവും അധികം നിയമനം നടത്തിയത് കെ.പി.എസ്.സി.-യാണ്. 8.36 കോടി ജനസംഖ്യയുള്ള രാജസ്ഥാനിൽ 4095 പേരെയാണ് നിയമിച്ചത്. ഓരോ സ്റ്റേറ്റിലും എങ്ങനെയായിരുന്നു എന്നതിനെക്കുറിച്ചുള്ള പഴയ കണക്കുകൾ വേണമെങ്കിൽ ഞാൻ അവതരിപ്പിക്കാം. വെസ്റ്റ് ബംഗാളിൽ 934 പേർക്ക് മാത്രമേ നിയമനം നൽകിയുള്ളൂ. ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി അവിടത്തെ സ്ഥിതിയെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. യു.ഡി.എഫ്. ഭരണകാലത്തും കേരളത്തിൽ പി.എസ്.സി. വഴി നിയമനം നടന്നിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്തെക്കാൾ കൂടുതൽ നിയമനം ഞങ്ങളുടെ ഭരണകാലത്ത് നടത്തുകയുണ്ടായി. പ്രസ്തുത നിയമനങ്ങളെല്ലാം പി.എസ്.സി. വഴി തന്നെയാണ് നടത്തിയിട്ടുള്ളത്. പി.എസ്.സി. പോലുള്ള ഒരു ഭരണഘടനാ സ്ഥാപനത്തിന് എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നല്കാം. പകരം ടി

സ്ഥാപനത്തിന്റെ വിശ്വാസ്യത നഷ്ടപ്പെട്ടു എന്ന് സ്ഥാപിക്കുന്നത് അങ്ങേയറ്റം തെറ്റാണ്. ചോദ്യപേപ്പർ പ്രശ്നത്തെക്കുറിച്ച് അങ്ങ് സൂചിപ്പിച്ചു. രഹസ്യാത്മക പ്രക്രിയയിലൂടെ അതിനായി നിയോഗിച്ച പാനലാണ് പി.എസ്.സി. ചോദ്യപേപ്പർ തയ്യാറാക്കുന്നത്. പാനലിൽ ആരൊക്കെയായിരിക്കുമെന്നോ, അവർ ഏത് ക്വസ്റ്റ്യൻ എടുക്കുമെന്നോ ആർക്കും അറിയില്ല. പാനലിനകത്തുള്ള ആരെങ്കിലും ക്രമക്കേടുകൾ കാണിക്കുകയാണെങ്കിൽ അവരെ ബ്ലാക്ക് ലിസ്റ്റ് ചെയ്ത് ഒഴിവാക്കുകയും ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത സ്വീകരിക്കുകയും ചെയ്യും. പി.എസ്.സി.-യിൽ ഇത്തരത്തിലുള്ള നിലപാടാണ് സ്വീകരിച്ചുവരുന്നത്. പി.എസ്.സി.-യുടെ വിശ്വാസ്യത നഷ്ടപ്പെട്ടു എന്ന നിഗമനം തെറ്റാണെന്നാണ് എനിക്ക് തോന്നുന്നത്. ചെറുപ്പക്കാർ വിദേശത്തേയ്ക്ക് പോകുന്നതിനുള്ള കാരണം ഇതാണെന്ന് കണ്ടെത്തേണ്ടതില്ല. കെ.പി.എസ്.സി.-യെക്കുറിച്ച് നല്ല വിശ്വാസം കേരളത്തിലെ യുവാക്കൾക്കുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ലക്ഷകണക്കിനാളുകൾ എം.എൽ.എ.-മാരെയും മന്ത്രിമാരെയും കാണാൻ വരുന്നത്. അങ്ങ് പറയുന്നതനുസരിച്ച് വിശ്വാസ്യതയില്ലാത്ത,

തട്ടിപ്പുനടത്തുന്ന, പരീക്ഷകൾ കൃത്രിമമായി നടത്തുന്ന ഒരു സ്ഥാപനമാണെങ്കിൽ നമ്മളെ കാണുവാൻ ജനങ്ങൾ വരുമോ? കഷ്ടപ്പെട്ട് പരീക്ഷ എഴുതി പാസ്സായിവന്ന ആളുകളെയെല്ലാം നമ്മൾ തെറ്റായ രൂപത്തിൽ ചിത്രീകരിക്കേണ്ടിവരില്ലേ? ടെക്നോളജി മാറിയതോടുകൂടി തട്ടിപ്പുകളും വർദ്ധിച്ചിട്ടുണ്ടെന്നാണ് വി.എസ്.എസ്.സി./ഐ.എസ്.ആർ.ഒ. പരീക്ഷാതട്ടിപ്പിലൂടെ വ്യക്തമാകുന്നത്. അപ്പോൾ ഇത്തരം തട്ടിപ്പുകൾ വന്നാൽ നമ്മൾ തീർച്ചയായും ഒഴിവാക്കാൻ ശ്രമിക്കും. പ്രാഥമിക പരീക്ഷയെന്നത് മികച്ച പരിശോധനയ്ക്കുശേഷം സ്വീകരിച്ച ഒരു സമീപനമാണ്. ഒരേ യോഗ്യതയുള്ള പരീക്ഷയ്ക്ക് വ്യത്യസ്ത ടെസ്റ്റുകൾ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ സമയമെടുക്കും. ഇതാണ് പൊതുവായി സ്വീകരിച്ചിരിക്കുന്ന സമീപനം. പിന്നെ നിയമനങ്ങൾ ത്വരിതപ്പെടുത്താനാവശ്യമായ സത്വരനടപടി സ്വീകരിക്കാവുന്നതാണ്. ശ്രീ. ഷാഫി പറമ്പിൽ സൂചിപ്പിച്ചതുപോലെ ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യാൻ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ ഏർപ്പെടുത്തിക്കഴിഞ്ഞു. പരീക്ഷകൾക്ക് ഓൺലൈൻ സംവിധാനമാണ്

പ്രയോജനപ്പെടുത്തിയിരിക്കുന്നത്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഒഴിവുകൾ എന്ന് പറയുമ്പോൾ അങ്ങ് സൂചിപ്പിച്ചതുപോലെ ചിലത് പ്രമോഷൻ ആയിരിക്കും, ചിലത് inter district transfer ആയിരിക്കും. പക്ഷെ, ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തിയെ സംബന്ധിച്ച് ഇത് ഒഴിവുകൾ മാത്രമാണ്, ഇങ്ങനെയുള്ള ചില സാങ്കേതികപ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. റാങ്ക് ലിസ്റ്റിൽനിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഒരു കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ എല്ലാ ഒഴിവുകളും മുൻകൂട്ടി റിപ്പോർട്ട് ചെയ്യാൻ നിയമനാധികാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, കഴിഞ്ഞ ദിവസം പോലീസ് വകുപ്പിലെ സ്റ്റാഫ് സ്ട്രെംഗ്തിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ജീവനക്കാരുടെ അഭാവംമൂലം പോലീസിന് യഥാസമയം ഡ്യൂട്ടി നിർവ്വഹിക്കാൻ സാധിക്കുന്നില്ല. നിലവിൽ മെഡിക്കൽ ടെസ്റ്റ് കഴിഞ്ഞ് നിൽക്കുന്ന സി.പി.ഒ./എസ്.ഐ. റാങ്ക് പട്ടികയിലുള്ള നിരവധി

ഉദ്യോഗാർത്ഥികളുണ്ട്. അവരെ നിയമിക്കാനുള്ള സാഹചര്യം നിലവിലുണ്ടോ? ഇത്തരത്തിൽ പി.എസ്.സി. വഴി നിയമനം നൽകുന്നതിലൂടെ ചെറുപ്പക്കാർക്ക് തൊഴിൽ നൽകുന്നതിനും ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിനും അതിലൂടെ നാടിന്റെ സുരക്ഷിതത്വം ഭദ്രമാക്കുന്നതിനും സാധിക്കും. പ്രത്യേകിച്ച് ആലുവയിലുണ്ടായ സംഭവം ഓർമ്മിപ്പിച്ചുകൊണ്ട് ടി വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. പി. രാജീവ്: സർ, തസ്തികകൾ നമുക്ക് ക്രിയേറ്റ് ചെയ്യാൻ കഴിയില്ല. അതിന് പല പ്രോസസ്സുകളുണ്ട്. ധനകാര്യമേഖലയിൽ പ്രതിസന്ധികൾ സൃഷ്ടിച്ച കേന്ദ്ര നയങ്ങളെക്കുറിച്ച് നേരത്തെ പരാമർശിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേരത്തെ സഭയിൽ വ്യക്തമാക്കിയതുപോലെ ആ പ്രതിസന്ധി ഘട്ടത്തിലും 40,000 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും താൽക്കാലിക നിയമനങ്ങൾ നടത്തുകയും ചെയ്തു. റവന്യു വകുപ്പിൽ ഒഴിവുകൾ വരുമ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. താൽക്കാലികമായ എന്തെങ്കിലും സംവിധാനം അനിവാര്യമാണോയെന്നത്

സംബന്ധിച്ച് പി.എസ്.സി.-യുമായി ആലോചിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷമാണെന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണ്. നിലവിലുള്ള എല്ലാ ഘടകങ്ങളും പരിശോധിച്ചതിനുശേഷം മാത്രമേ ഗവൺമെന്റിന് വേക്കൻസികൾ ക്രിയേറ്റ് ചെയ്യാൻ കഴിയുകയുള്ളൂ. എല്ലാ ഒഴിവുകളിലും യഥാസമയം നിയമനം നടത്താനാവശ്യമായ നടപടി ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, റാങ്ക് ലിസ്റ്റുകളുടെ കാലാവധിയെക്കുറിച്ച് പ്രധാനപ്പെട്ടൊരു പ്രശ്നം ചൂണ്ടികാണിക്കാൻ ആഗ്രഹിക്കുകയാണ്. കോട്ടയം ഉൾപ്പെടെ നാലു ജില്ലകളിൽ പോലീസ് കോൺസ്റ്റബിൾമാരുടെ റാങ്ക് ലിസ്റ്റ് നിലനിൽക്കുകയാണ്. ആ ലിസ്റ്റ് നിലനിൽക്കുമ്പോൾത്തന്നെ അതിൽനിന്നും നിയമനം നടത്താതെ വീണ്ടും പി.എസ്.സി. ടെസ്റ്റ് നടത്തി പുതിയ ലിസ്റ്റ് കൊണ്ടുവരാനുള്ള ശ്രമം നടക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിലവിലുള്ള ലിസ്റ്റിൽനിന്നും

ഉദ്യോഗാർത്ഥികളെ എടുത്തശേഷം അടുത്ത റാങ്ക് ലിസ്റ്റിലേക്ക് പോകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഈ വിഷയത്തിൽ അപ്രകാരം ചെയ്യാൻ കഴിയില്ല. കാരണം, നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷമാണ്. ആ വർഷം വരുന്ന ഒഴിവുകളിലേയ്ക്ക് പരമാവധി വേഗത്തിൽ നിയമനം നടത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഒരുദാഹരണം പറഞ്ഞ് അവസാനിപ്പിക്കാം. 2022 ഡിസംബർ 31-നാണ് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ വിജ്ഞാപനം വന്നത്. 2023 മേയ് 29-ന് ഓൺലൈൻ പരീക്ഷ നടത്തുകയും ജൂലൈ മാസത്തിൽത്തന്നെ ചുരുക്കപട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. ഓഗസ്റ്റിൽ അഭിമുഖം നടത്തി. അതേമാസം തന്നെ റാങ്ക് ലിസ്റ്റും നിലവിൽവന്നു. അതായത് പി.എസ്.സി. പരീക്ഷ നടത്തി എൺപത്തിമൂന്നാം ദിവസം റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഇരുപത്തിമൂന്ന് ദിവസംകൊണ്ട് എൺപത്തിയേഴ് പേർക്ക് അഡ്വൈസ് മെമ്മോ അയയ്ക്കാൻ സാധിച്ചു. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് നിയമനങ്ങൾ പരമാവധി

വേഗത്തിൽ നടത്താനാണ് ശ്രമിക്കുന്നത്. ബില്ലിൽ വേറെ പ്രശ്നങ്ങളൊന്നും വന്നിട്ടില്ല. സബ്ജക്ട് കമ്മിറ്റിയിലും വ്യത്യസ്തതകളില്ല. എന്തായാലും പി.എസ്.സി.-യെ പരമാവധി ശക്തിപ്പെടുത്തികൊണ്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എച്ച്. സലാം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ .....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

<u>Shri Mons Joseph</u>: Sir, I move the following amendment:

113. In clause 2, after the word “corporations” the words “, Welfare Fund Boards” shall be inserted.

<u>Smt. K. K. Rema</u>: Sir, I move the following amendment:

115. In clause 2 after the words “words, figures” the word “, symbol” shall be inserted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഡോ. എൻ. ജയരാജിന്റെ 114-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

114. In clause 2, for the words and symbol "the words, figures and brackets", the words and symbols "the words, figures, brackets and symbols" shall be substituted.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാംവകുപ്പും പീഠികയും പേരും

Shri Mons Joseph: Sir, I move the following amendments:

111. In the Preamble, after the word "corporations" the words ", Welfare Fund Boards" shall be inserted.

112. In clause 1(1), after the word "corporations" the words ", Welfare Fund Boards" shall be inserted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 111, 112 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .......................

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ ....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സഭ പാസ്സാക്കിയിരിക്കുന്നു.

## (2) സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും

നിയന്ത്രിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ബില്ലിലെ അപാകത

ശ്രീ. രമേശ് ചെന്നിത്തല: സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ 2022 ആഗസ്റ്റ് 17-ന് ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചതാണ്. അത് ആഗസ്റ്റ് 22-ന് സഭയിൽ അവതരിപ്പിക്കുകയും സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അന്നുതന്നെ അയയ്ക്കുകയും ചെയ്തു. എന്നാൽ, സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം സഭയിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ പ്രാരംഭ വ്യവസ്ഥകൾ ഒഴിവാക്കിയിരിക്കുന്നുവെന്നതാണ് എന്റെ തടസ്സവാദം. സെലക്ട് കമ്മിറ്റി റിപ്പോർട്ടിലെ 9-ാം നമ്പർ ശിപാർശയുടെ അടിസ്ഥാനത്തിലാണ്

ഇപ്രകാരമൊരു മാറ്റം ബില്ലിൽ വരുത്തിയിരിക്കുന്നത്. എന്നാൽ, ബില്ലിന്റെ ഖണ്ഡം 40-ൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം 2021 ഫെബ്രുവരി 18 മുതൽ ചെയ്ത നടപടികൾക്ക് സാധൂകരണം നൽകിയിട്ടുണ്ട്. കൂടാതെ ഓർഡിനൻസ് പ്രാബല്യത്തിലില്ലാതിരുന്ന 2022 ആഗസ്റ്റ് 8 മുതൽ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതുവരെയുള്ള കാലയളവിൽ ഈ ആക്റ്റിൻകീഴിൽ കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുകയാണ്. സാധാരണഗതിയിൽ ബില്ലിന്റെ ഒന്നാം വകുപ്പിൽ ചുരുക്കപേരും പ്രാരംഭ വ്യവസ്ഥയും ഉൾപ്പെടുത്തേണ്ടതാണ്. ഒരു നിശ്ചിത തീയതി മുതൽ പ്രാബല്യത്തോടെ നിയമനിർമ്മാണം നടത്തുന്ന ബില്ലുകളിൽ പ്രസ്തുത തീയതിയും ഇപ്രകാരമല്ലാത്ത ബില്ലുകളിൽ ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ് എന്ന വ്യവസ്ഥയുമാണ് ഉൾപ്പെടുത്തുന്നത്. ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകളിൽ ഓർഡിനൻസ് നിലവിൽവന്ന തീയതി മുതലാണ് പ്രാബല്യം നൽകുന്നത്. എന്നാൽ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ഈ ബില്ലിൽ മേൽപ്പറഞ്ഞ രണ്ട് രീതിയിലും വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. ജനറൽ ക്ലോസസ് ആക്റ്റിലെ

ജനറൽ റൂൾസ് ഓഫ് കൺസ്ട്രക്ഷൻ ക്ലോസ് 5-ൽ നിയമങ്ങളിലെ പ്രാരംഭ വ്യവസ്ഥകളെക്കുറിച്ച് ഇപ്രകാരം പരാമർശിക്കുന്നു. Coming into operation of enactments.- Where any Act is not expressed to come into operation on a particular day it shall come into operation on the day on which the assent thereto of the Governor is published in the Government gazette. അതായത് പ്രാബല്യത്തിൽ വരുന്ന തീയതി സംബന്ധിച്ച് നിയമങ്ങളിൽ പരാമർശിക്കാത്തപക്ഷം പ്രസ്തുത നിയമത്തിന് ഗവർണറുടെ അസെന്റ് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ മാത്രമാണ് പ്രാബല്യത്തിൽ വരുന്നത്. ഇപ്രകാരം പരിഗണിച്ചാൽ ഓർഡിനൻസ് നിലവിൽവന്ന തീയതി മുതൽ ഈ നിയമത്തിന്റെ കീഴിൽ ചെയ്തിട്ടുള്ള കുറ്റകൃത്യങ്ങൾക്കോ കാര്യങ്ങൾക്കോ സാധുത ഇല്ലാതെ വരികയാണ്. പീനൽ പ്രൊവിഷൻസ്‌വരെ ഉൾപ്പെടുത്തിക്കൊണ്ട് കന്നുകാലിത്തീറ്റ ഉൽപാദനവും വിൽപനയും നിയന്ത്രിക്കുന്നതിനുള്ള സമഗ്ര നിയമനിർമ്മാണത്തിനുള്ള ബില്ലാണ് ഇന്ന് സഭ പരിഗണിക്കുന്നത്. പ്രാരംഭ തീയതികളിൽ വ്യക്തതയില്ലാതെ വിവിധ വകുപ്പുകൾ സംബന്ധിച്ച് സഭയിൽ ആധികാരികമായ ചർച്ച നടത്തുന്നതിനോ ഭേദഗതികൾ പരിഗണിച്ച്

തീരുമാനമെടുക്കാനോ സാധ്യമാകുകയില്ല. ഇത് നിയമനിർമ്മാണം നടത്തുന്നതിനുള്ള സഭയുടെ പരമാധികാരത്തെ ബാധിക്കുന്ന കാര്യമാണ്. ശക്തർ ആൻഡ് കൗൾ എന്താണ് പറയുന്നത്? ശക്തർ ആൻഡ് കൗളിന്റെ Practice and Procedure of Parliament-ലെ പേജ് 601-ൽ (VII Edition) The commencement clause forms an important provision of a Bill. The practice is to place the short title, the extent clause and the commencement clause, if any, in a single section divided into three sub-sections എന്നാണ് വ്യക്തമായി പറയുന്നത്. നിയമവ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള ശിക്ഷയ്ക്ക് മുൻകാല പ്രാബല്യം നൽകിയപ്പോൾ ഭരണഘടനയുടെ അനുച്ഛേദം 20-ന് വിരുദ്ധമായി ഓർഡിനൻസ് നിലവിലില്ലാതിരുന്ന കാലയളവുകൂടി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ, സെലക്ട് കമ്മിറ്റി റിപ്പോർട്ടിലെ ഖണ്ഡം 40 (2) പ്രകാരം "ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 2022 ആഗസ്റ്റ് 8 മുതൽ ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതുവരെയുള്ള കാലയളവിൽ ഈ ആക്ടിൻകീഴിൽ ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല" എന്ന വകുപ്പ് ചേർത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ

എന്തിനാണ് commencement clause 1 (2) ബില്ലിൽ നിന്നും ഒഴിവാക്കിയതെന്ന് വ്യക്തമല്ല. സാധാരണഗതിയിൽ Date of commencement ഇല്ലാതെ ഒരു ബില്ലും നിയമസഭയിൽ അവതരിപ്പിക്കാറില്ല. ഈ ബിൽ അവതരിപ്പിച്ചപ്പോൾ ഇത് 2021 ഫെബ്രുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണെന്നും ചേർത്തിരിക്കുന്നു. ആ തീയതി കൊടുക്കുന്നതിന് എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുണ്ടെങ്കിൽ ഉടൻ പ്രാബല്യത്തിൽ വരുന്നതാണെന്ന് ചേർക്കാമായിരുന്നു. അതും സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ ചേർത്തിട്ടില്ല. Commencement clause ഇല്ലാതെയുള്ള ബിൽ പരിഗണിക്കുന്നത് അസാധാരണ നടപടിയാണ്. ഈ സഭാ ചരിത്രത്തിൽ അങ്ങനെ ഉണ്ടായിട്ടില്ല. അതുകൊണ്ട് റൂളിംഗ് ഇക്കാര്യത്തിലുണ്ടാകണമെന്ന് ബഹുമാനപ്പെട്ട ചെയറിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

**(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)**

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിൽ

ആക്റ്റിന്റെ പ്രാരംഭം സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. 2022 ആഗസ്റ്റ് 24-ന് ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്ന വേളയിൽ ഓർഡിനൻസ് കാലഹരണപ്പെട്ടതിനാൽ 8-8-2022 മുതൽ നിയമം നിലവിലില്ലാത്ത സാഹചര്യത്തിൽ പീനൽ പ്രൊവിഷൻ സംബന്ധിച്ച് ഈ ബില്ലിലെ 19 മുതൽ 25 വരെയുള്ള വകുപ്പുകളുടെ പ്രയോഗത്തിൽനിന്നും 8-8-2022 മുതൽ നിയമം നിലവിൽ വരുന്നതുവരെയുള്ള കാലയളവ് ഒഴിവാക്കണമെന്ന നിർദ്ദേശം ശ്രീ. മാത്യു ടി. തോമസ് മുന്നോട്ടുവച്ചിരുന്നു. ബില്ലിൽ സാധൂകരണ ക്ലോസ് ഉൾപ്പെടുത്തിയാണ് അവതരിപ്പിച്ചതെങ്കിലും ശ്രീ. മാത്യു ടി. തോമസ് ചൂണ്ടിക്കാണിച്ചതുപ്രകാരം പ്രസ്തുത വ്യവസ്ഥകൾക്ക് സാധൂകരണം നൽകുന്നത് ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 20 (1)-ന് വിരുദ്ധമാകുമെന്നതിനാൽ പ്രസ്തുത വ്യവസ്ഥകൾ സെലക്ട് കമ്മിറ്റി പരിഗണിക്കുന്ന വേളയിൽ ഒഴിവാക്കുന്നതാണെന്ന് സഭ മുമ്പാകെ ഉറപ്പുനൽകുകയും ആയത് സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകുകയും ചെയ്തിരുന്നു. തുടർന്ന് സെലക്ട് കമ്മിറ്റി ബില്ലിന്മേൽ സമഗ്ര ചർച്ച നടത്തുകയും മേൽ ചൂണ്ടിക്കാണിച്ചിരുന്ന പോരായ്മ പരിഗണിക്കുന്നതിനായി ഖണ്ഡം 40-ൽ പുതുക്കിയ

സാധൂകരണ ക്ലോസ് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് ഫൈനലൈസ് ചെയ്ത വേളയിൽ സാധൂകരണ ഖണ്ഡത്തിൽ 2022 ആഗസ്റ്റ് 8 മുതലുള്ള കാലയളവ് ഉൾപ്പെടുത്തിയെങ്കിലും 1-ാം ഖണ്ഡത്തിൽ 1 (2) ആയി ബില്ലിന്റെ പ്രാരംഭ തീയതി ഉൾപ്പെടുത്തുകയുണ്ടായില്ല. റിപ്പോർട്ട് അച്ചടിച്ച് ലഭ്യമായപ്പോൾത്തന്നെ പ്രസ്തുത പോരായ്മ ശ്രദ്ധയിൽപ്പെടുകയുണ്ടായി. റിപ്പോർട്ട് സഭയിൽ സമർപ്പിക്കപ്പെട്ട സാഹചര്യത്തിൽ ഭേദഗതിയായി മാത്രമേ ബില്ലിലെ ന്യൂനതകൾ പരിഹരിക്കാൻ സാധിക്കുവെന്നതിനാൽ പ്രാരംഭ തീയതി സംബന്ധിച്ച് ലിസ്റ്റ് 3-ൽ 940-ാം നമ്പർ ഔദ്യോഗിക ഭേദഗതിയായി പ്രാബല്യ തീയതി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഖണ്ഡം 1-ന്റെ പരിഗണനാ സമയത്ത് ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ച വിഷയം പരിഹൃതമാകുമെന്ന് അറിയിക്കുകയാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ ബഹുമാനപ്പെട്ട മന്ത്രി വിശദമായ മറുപടി നൽകിയിട്ടുണ്ട്. ബില്ലിന്റെ പ്രാരംഭം സംബന്ധിച്ച വ്യവസ്ഥ സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽനിന്നും ഒഴിവാക്കപ്പെട്ടതിനെ

സംബന്ധിച്ചാണ് ക്രമപ്രശ്നം ഉന്നയിച്ചത്. ഒഴിവായിപ്പോയ വ്യവസ്ഥ ഒരു ഔദ്യോഗിക ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയിട്ടുള്ളതായി ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ച പശ്ചാത്തലത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിലെ ചില വ്യവസ്ഥകൾ പാലിക്കുന്നതിലെ സങ്കീർണ്ണത ചെറുകിട തീറ്റ ഉത്പാദകരെയും കർഷകരെയും ദോഷകരമായി ബാധിക്കാവുന്നതാണ്. മാത്രമല്ല, ബില്ലിലെ വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള സാമ്പത്തികവും ഭൗതികവുമായ ചുറ്റുപാടുകൾ പല ചെറുകിട കർഷകർക്കും ഉണ്ടാകില്ല. ഇത് ഈ മേഖലയെ പിന്നോട്ടടിക്കും. ചെറുകിട തീറ്റ ഉത്പാദകരെ ബാധിക്കാനിടയുള്ള മറ്റൊരു വെല്ലുവിളിയാണ് ഗുണനിലവാരമുള്ള അസംസ്കൃത തീറ്റ വസ്തുക്കളുടെ ലഭ്യതക്കുറവ്. അസംസ്കൃത തീറ്റ വസ്തുക്കൾക്കുവേണ്ടി കൃഷി രീതിയിൽത്തന്നെ മാറ്റം വരുത്തേണ്ട സാഹചര്യത്തിലേയ്ക്ക് കർഷകരെ പലപ്പോഴും എത്തിക്കാനിടയുണ്ട്. പ്രാദേശികമായി പിന്തുടർന്നുപോകുന്ന പല പാരമ്പര്യതീറ്റ രീതികളെയും അറിവുകളെയും അവയുടെ സ്രോതസ്സുകളെയും ഇല്ലാതാക്കുന്നതും പാരമ്പര്യ കർഷകരുടെ കൃഷിരീതി

താളംതെറ്റിക്കുന്നതുമാണ് ബില്ലിലെ വ്യവസ്ഥകൾ. ചില പ്രത്യേക വിള അവശിഷ്ടങ്ങളുടെ ഉപയോഗം നിർദ്ദേശിക്കുന്നതിലൂടെ പ്രത്യേകതരം കൃഷിരീതികൾ അവലംബിക്കുന്നതിന് കർഷകർ നിർബന്ധിതരാകും. അത് മണ്ണിലും വിളകളിലും കീടങ്ങളുടെ വർദ്ധനവിന് ഇടയാക്കും. വ്യവസ്ഥകളുടെ കാർക്കശ്യം ഉൽപ്പാദനച്ചെലവ് വർദ്ധിപ്പിക്കുന്നതിന് ഇടയാക്കും. ഈ വർദ്ധനവിന്റെ ഭാരം ഉപയോക്താക്കളായ കർഷകരിലേയ്ക്ക് ആത്യന്തികമായി എത്തിച്ചേരും. ഇത് കാർഷികോൽപ്പന്നങ്ങളുടെയും ഇറച്ചി ഉൽപ്പന്നങ്ങളുടെയും വിലവർദ്ധനവിന് ഇടയാക്കും. അതുപോലെ അടിസ്ഥാനപരമായി ക്ഷീരകർഷകരെ സഹായിക്കാൻ പുതിയ നിയമങ്ങൾ കൊണ്ടുവരുമ്പോൾ കാലിത്തീറ്റയുടെ വിലവർദ്ധനവ് നിയന്ത്രിക്കാൻ സാധിക്കണം. ക്ഷീരകർഷകരെ സഹായിക്കാൻവേണ്ടി പലപ്പോഴും പാലിന്റെ വില വർദ്ധിപ്പിക്കാറുണ്ട്. പക്ഷെ, പാലിന്റെ വില വർദ്ധിപ്പിക്കുന്നതോടൊപ്പം കാലിത്തീറ്റയുടെ വിലയും വർദ്ധിപ്പിക്കുമ്പോൾ ക്ഷീരകർഷകർക്ക് അതിന്റെ പ്രയോജനം ലഭിക്കുകയില്ല. കാലത്തീറ്റയുടെ ഇത്തരത്തിലുള്ള വിലവർദ്ധനവ് കർഷകരെ പ്രയാസത്തിലാക്കും. രാവിലെ

മൂന്നര മണിക്ക് എഴുന്നേൽക്കുന്ന ഒരു ക്ഷീര കർഷകൻ വിശ്രമമില്ലാതെ പണിയെടുക്കുകയാണ്. എന്തൊക്കെ നിയമം കൊണ്ടുവന്നാലും കാലിത്തീറ്റയുടെ വില നിയന്ത്രിക്കുകയെന്നത് പ്രധാന കാര്യമാണ്. കാലിത്തീറ്റയുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് സർക്കാർ സബ്സിഡി നൽകുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗത്തിൽ അത് വിലകുറച്ച് നൽകുകയോ ചെയ്യണം. ഇപ്പോൾ ഒരോ ദിവസവും 50-ഉം 100-ഉം രൂപ വച്ച് കാലിത്തീറ്റയ്ക്ക് വില വർദ്ധിക്കുകയാണ്. കാലിത്തീറ്റയുടെ വിലവർദ്ധനവ് നിയന്ത്രിച്ചാൽ മാത്രമേ കർഷകർക്ക് ഗുണകരമാവുകയുള്ളൂ. പുതിയ നിയമങ്ങൾ കൊണ്ടുവരുമ്പോൾ അതിന്റെ അപാകതകൾ ഞങ്ങൾ ചൂണ്ടിക്കാണിക്കും. ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ക്രമപ്രശ്നം ഉന്നയിക്കുകയും ചെയ്തു. പക്ഷെ, ഗവൺമെന്റിന് ഈ ബില്ല് പാസ്സാക്കിയെടുക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ഇവിടെ ക്ഷീരകർഷകരുടെ കാര്യം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. കാലിത്തീറ്റയുടെ വിലവർദ്ധനവ് നിയന്ത്രിക്കണം. അത് ഗവൺമെന്റ് നിയന്ത്രിച്ചാൽ മാത്രമേ കർഷകന് പാലിന്റെ വിലവർദ്ധനവിലൂടെ പ്രയോജനം ലഭിക്കുകയുള്ളൂ.

ചെങ്ങമനാട് പഞ്ചായത്തിൽ കാലിത്തീറ്റയുടെ വില വർദ്ധനവുമൂലം മുന്നോട്ടുപോകാൻ സാധിക്കാത്തതുകൊണ്ട് ഏകദേശം അഞ്ച് ഫാമുകൾ പൂട്ടി. എന്റെ നാട്ടിലെ കോട്ടായി എന്ന പ്രദേശത്തെ ബിവറേജസ് ഔട്ട്ലെറ്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട് ഇന്നുരാവിലെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുമുന്നിൽ ഞാനൊരു സബ്മിഷൻ ഉന്നയിച്ചു. ഈ പ്രദേശത്ത് ജനകീയസമരം നടക്കുന്നതായി അദ്ദേഹത്തെ അറിയിച്ചെങ്കിലും സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇതിന് മറുപടി നൽകിയത്. ഇക്കാര്യത്തെക്കുറിച്ച് ഉദ്യോഗസ്ഥർ മന്ത്രിയെ തെറ്റിദ്ധരിപ്പിച്ചതാകാം. അത് ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ല. അവിടെ ബിവറേജസ് ഔട്ട്ലെറ്റ് വന്നത് ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടാണ്. അതുകൊണ്ടുതന്നെ അവിടെ വലിയ ജനകീയസമരങ്ങൾ നടക്കുകയാണ്. ഈ ജനകീയസമരത്തിൽ ഞാനും പങ്കെടുക്കുന്നുണ്ട്. എന്നിട്ടും ഉദ്യോഗസ്ഥർ എന്തിനാണ് മന്ത്രിയെ തെറ്റിദ്ധരിപ്പിച്ചതെന്ന് അറിയില്ല. അവിടെ ജനകീയസമരം നടക്കുന്നുണ്ടെന്ന് അദ്ദേഹത്തോട് ഞാൻ നേരിട്ട്

പറഞ്ഞതാണ്. അവിടെ അങ്ങനെയൊരു ജനകീയ സമരം നടക്കുന്നില്ലായെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽ ഞാൻ പ്രതിഷേധിക്കുന്നു. ബിവറേജസ് ഔട്ട്ലെറ്റിനെതിരായുള്ള ജനകീയ സമരവുമായി ഞങ്ങൾ ശക്തമായി മുന്നോട്ടുപോകും. ഞാനിത് സഭയിൽ പരാമർശിച്ചതുകൊണ്ടാണ് വീണ്ടും ഓർമ്മപ്പെടുത്തുന്നത്. ഇവിടെ പദ്ധതികളൊന്നും മുന്നോട്ടുപോകുന്നില്ലായെന്ന ഡോ. ടി. എം. തോമസ് ഐസകിന്റെ പരാമർശം വസ്തുതാപരമാണ്. എന്റെ മണ്ഡലത്തിലുള്ള എയർപോർട്ട്-സീപോർട്ട് റോഡിന്റെ പണികൾ ആരംഭിച്ചിട്ട് വർഷങ്ങളായെങ്കിലും ഇതുവരെയും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

മി. സ്പീക്കർ: കാലിത്തീറ്റയും സീപോർട്ട് റോഡും തമ്മിൽ എന്താണ് ബന്ധം?

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പെട്ടെന്ന് അവസാനിപ്പിക്കുകയാണ്. അതുപോലെതന്നെ ദേശം-വല്ലംകടവ് റോഡിന് സെൻട്രൽ റോഡ്സ് ഫണ്ടിൽ (സി.ആർ.എഫ്.) നിന്നും തുക അനുവദിച്ചെങ്കിലും ഇതുവരെ പണി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

ചെങ്ങമനാട് പ്രദേശത്ത് ഒരു വളവ് നികത്താൻവേണ്ടി ഗവൺമെന്റ് ഫണ്ട് അനുവദിച്ചുവെങ്കിലും പി.ഡബ്ല്യു.ഡി., റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ കോ-ഓർഡിനേഷൻ ഇല്ലായ്മയും മെല്ലപ്പോക്കും കാരണം അതിന് സാധിക്കുന്നില്ല. അതുപോലെ ആലുവ -പെരുമ്പാവൂർ റോഡ് വികസനത്തിനും ഫണ്ട് അനുവദിച്ചുവെങ്കിലും അതും പൂർത്തീകരിക്കാൻ സാധിച്ചില്ല. ഗവൺമെന്റിന്റെ മെല്ലപ്പോക്ക് സമീപനമാണ് ഇതിലൂടെ വ്യക്തമാകുന്നത്.

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത്, പ്ലീസ്... പ്ലീസ്....ഇത് പൊതുമരാമത്ത് വകുപ്പിന്റെ ചർച്ചയല്ല.

ശ്രീ. അൻവർ സാദത്ത്: സർ, റോഡുകളിൽ പലപ്പോഴും കുണ്ടും കുഴിയുമുണ്ടാകും. ഇത്തരത്തിൽ കുണ്ടും കുഴിയുമുണ്ടാകുമ്പോൾ എം.എൽ.എ.-മാരാണ് കുറ്റക്കാരെന്ന് ഭരണപക്ഷത്തുള്ളവർ അഭിപ്രായപ്പെടും. പക്ഷെ, റോഡ് നന്നായാൽ ഗവൺമെന്റിന്റെ മികവാണെന്നും അഭിപ്രായപ്പെടും. ഇതാണ് യഥാർത്ഥത്തിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

7.00 PM]

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിനോടുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യമെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ ബില്ലിന്റെ താൽപ്പര്യമെന്താണ്; കേരളത്തിലെ ക്ഷീരകർഷകർക്ക് ശക്തിപകരാനും മൃഗസമ്പത്ത് വർദ്ധിപ്പിക്കാനും ഈ ബില്ല് കാരണമാകുമോ? നമ്മുടെ നാട്ടിലെ കാലിസമ്പത്ത് എഴുപതുകളിലേതിനെക്കാൾ ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. കൃഷിഭൂമിയിലുണ്ടായ കുറവിനനുസൃതമായി അല്ലെങ്കിൽ അതിനേക്കാൾ കുറവാണ് നിലവിലെ കാലിസമ്പത്ത് എന്നതാണ് വസ്തുത. ഒരുകാലത്ത് കാലികളെ വളർത്തിയിരുന്നത് അതിന്റെ വിസർജ്യവസ്തുക്കൾ കൃഷിഭൂമിയിലേയ്ക്കുള്ള വളമായി ഉപയോഗിക്കാൻ വേണ്ടിയായിരുന്നു. എല്ലാ വീടുകളിലും എരുമയോ പശുവോ ആടോ ഉണ്ടായിരുന്ന ഒരു കാലഘട്ടം കേരളത്തിലുണ്ടായിരുന്നു. എന്നാലിന്ന് കാലിസമ്പത്ത് ഗണ്യമായി കുറഞ്ഞു,

അതായത് നിലവിൽ കാലിസമ്പത്ത് നാലിലൊന്നായി ചുരുങ്ങി. അത്രമാത്രം ശോഷണം ആ മേഖലയിൽ സംഭവിച്ചു. എന്നാൽ നിലവിലുള്ള കാലിസമ്പത്തിനാവശ്യമായ തീറ്റയുടെ 50 ശതമാനം മാത്രമേ കേരളത്തിൽ ഉൽപാദിപ്പിക്കാൻ കഴിയുന്നുള്ളുവെന്നതും ഒരു വസ്തുതയാണ്. കന്നുകാലികൾക്കാവശ്യമായ തീറ്റ പുറത്തുനിന്ന് വാങ്ങേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഈ തീറ്റ കഴിച്ച് പശുക്കൾ മരണപ്പെടുന്ന സാഹചര്യമുണ്ടായി എന്നുള്ളതാണ് ഒരു ന്യായം. ഭക്ഷണത്തിൽ വിഷാംശമുണ്ടായതിന്റെ പേരിൽ, മായം ചേർത്തതിന്റെ പേരിൽ മനുഷ്യർക്കുതന്നെ വിഷബാധയേറ്റ ധാരാളം സാഹചര്യങ്ങൾ കേരളത്തിലുണ്ട്. കേരളത്തിൽ ഫാസ്റ്റ്ഫുഡ് കഴിച്ച് ഒരു സ്കൂൾ വിദ്യാർത്ഥിനി മരിച്ച സംഭവം ഞെട്ടലോടെയാണ് നമ്മൾ കേട്ടത്. ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്ന, കുതന്ത്രമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വ്യക്തികൾ കേരളത്തിലുണ്ട്. മനുഷ്യന്റെ ഭക്ഷ്യപ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. എന്നാൽ കന്നുകാലികളുടെ കാര്യത്തിൽ അതിനെക്കാൾ താൽപ്പര്യത്തോടുകൂടി മുന്നോട്ടുവന്നിരിക്കുകയാണ്. അക്കാര്യം നല്ലതുതന്നെ.

എന്നാൽ, അക്ഷരാർത്ഥത്തിൽ ഇതിന്റെ താൽപ്പര്യമെന്താണ്; ന്യായം എന്താണെങ്കിലും കേന്ദ്രസർക്കാരിന് ശക്തിപകരുന്ന, പിന്തുണ പ്രഖ്യാപിക്കുന്ന തരത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. കേന്ദ്രം ആവശ്യപ്പെടുമ്പോൾ ബില്ലുകൾ പാസ്സാക്കിക്കൊടുക്കുന്നത് എന്തിനാണ്? കേരളത്തെക്കാൾ മൃഗസമ്പത്തുള്ള ഉത്തർപ്രദേശ്, ബീഹാർ, മദ്ധ്യപ്രദേശ്, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ ഈ ബിൽ നിയമമാക്കിയിട്ടില്ല. പാലുല്പാദനത്തിൽ മുന്നിൽനിൽക്കുന്ന, ധവളവിപ്ലവത്തിന് നേതൃത്വം നൽകിയ വർഗ്ഗീസ് കുര്യന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടന്ന ഗുജറാത്തിലോ പാലുല്പാദനത്തിൽ രണ്ടാം സ്ഥാനത്തുള്ള ഹരിയാനയിലോ ഈ നിയമം പാസ്സാക്കപ്പെട്ടിട്ടില്ല. പഞ്ചാബിൽ ബിൽ അവതരിപ്പിച്ചെങ്കിലും ഇതുവരെയും പാസ്സാക്കിയിട്ടില്ല. ഈ ബിൽ പാസ്സാക്കിയ ഏക സംസ്ഥാനം ആന്ധ്രാ പ്രദേശാണ്. ധാരാളം മൃഗസമ്പത്തും കർഷകരുമുള്ള സംസ്ഥാനങ്ങളിൽപ്പോലും ഇങ്ങനെയൊരു ബിൽ പാസ്സാക്കിയിട്ടില്ല. ആ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറഞ്ഞ മൃഗസമ്പത്തുള്ള കേരളത്തിലാണ് ഈയൊരു ബിൽ

പാസ്സാക്കുന്നതിന് താൽപ്പര്യം പ്രകടിപ്പിക്കുന്നത്. കേന്ദ്രത്തെ പിന്തുണയ്ക്കാനും സ്വദേശ-വിദേശ കുത്തകൾക്ക് ശക്തിപകരാനും മാത്രമേ ഇത് സഹായകമാവുകയുള്ളൂ. നിലവിലുള്ളതിനെക്കാൾ മൂന്നിരട്ടിയോ നാലിരട്ടിയോ മൃഗസമ്പത്തുണ്ടായിരുന്ന കാലത്ത് കാലിത്തീറ്റയ്ക്ക് ഒരു വറുതിയും നമ്മുടെ നാട്ടിലുണ്ടായിട്ടില്ല. നമ്മുടെ നാട്ടിലെ ജനങ്ങൾ പരസ്പരം സഹകരിച്ച് കന്നുകാലികൾക്കാവശ്യമുള്ള തീറ്റ സംഘടിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രി കെ. കൃഷ്ണൻകുട്ടിയുടെ നാട്ടിൽനിന്നും ധാരാളം വൈക്കോൽ ലോറികളിൽ കയറ്റിക്കൊണ്ടുവരുന്നത് എന്റെ കുട്ടിക്കാലത്ത് കണ്ടിട്ടുണ്ട്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഏറ്റവും കൂടുതൽ പാലുൽപ്പാദിപ്പിക്കുന്ന രാജ്യമായ ഇന്ത്യയിലേയ്ക്ക് 30 രാജ്യങ്ങളിൽനിന്നും പാൽ ഇറക്കുമതി ചെയ്യാൻ കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുകയാണ്. നിലവിൽ ആസ്ട്രേലിയയിൽനിന്നും ന്യൂസിലാൻഡിൽനിന്നും പാൽ ഇറക്കുമതി ചെയ്യുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടുത്തെ മാളുകളിൽ വിദേശ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന പാലുല്പന്നങ്ങളാണുള്ളത്. ഇതാണ് യഥാർത്ഥത്തിൽ നഷ്ടം. കൂടാതെ പ്രഭാത്

ഡയറി ഉല്പാദിപ്പിക്കുന്ന ടോൺഡ് മിൽക്കിന്റെ 180 മില്ലിക്ക് 10 രൂപയാണ് വില; അത് നമ്മൾതന്നെ കുട്ടികൾക്ക് വാങ്ങിക്കൊടുക്കുകയും ചെയ്യും. ഈ മേഖല തകരാനുണ്ടായ പ്രധാന കാരണവും അതുതന്നെയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ബഹുമാനപ്പെട്ട മന്ത്രി എന്റെ അഭിപ്രായങ്ങൾക്ക് ശക്തിപകരുന്ന വിധത്തിലാണ് സംസാരിച്ചത്. വിവിധ വിദേശരാജ്യങ്ങളിൽനിന്ന് ഇന്ത്യയിലേയ്ക്ക് വളരെയേറെ പാലുല്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ കേന്ദ്രഗവൺമെന്റ് തീരുമാനമെടുത്ത സാഹചര്യത്തിൽ കേരളത്തിന്റെ നിലവിലുള്ള പാലുല്പാദനംകൂടി തകരാൻ സാധ്യതയുണ്ട്. ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യകതയുണ്ടോയെന്ന ചോദ്യത്തിന് ശക്തിപകരുന്ന, അടിവരയിടുന്ന തരത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി അഭിപ്രായം പറഞ്ഞത്. വിദേശത്തുനിന്ന് പാലും പാലുൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യുന്നത് സംബന്ധിച്ച് ഭരണപക്ഷത്തിനുള്ള അഭിപ്രായംതന്നെയാണ് പ്രതിപക്ഷത്തിനുമുള്ളത്. ഇതിനെതിരെ യോജിച്ച പ്രക്ഷോഭം അനിവാര്യമാണ്. ഇടതുപക്ഷത്തിലെ അംഗങ്ങൾക്ക് കേന്ദ്രത്തിൽ

വാഴാൻ അവസരം ലഭിച്ചപ്പോൾപോലും വിദേശത്തുനിന്നുള്ള ഇത്തരം ഇറക്കുമതി തടയാൻ തയ്യാറായില്ലെന്ന ഖേദകരമായ വസ്തുതകൂടി അങ്ങേയ്ക്ക് അറിയാമല്ലോ? ഇങ്ങനെയുള്ള അവസ്ഥയിലാണ് ഈ ബിൽ വരുന്നത്. പണ്ടുകാലത്ത് ചിലയാളുകൾക്ക് നെൽപ്പാടമുണ്ടാകും, അവിടെ വൈക്കോലുമുണ്ടാകും, മറ്റ് ചില ആളുകൾ കാലികളെ വളർത്തുമ്പോൾ വേറെ ചിലർ പച്ചപ്പുല്ല് ഉൽപാദിപ്പിക്കും. തലേദിവസം രാത്രിയിൽ ബാക്കിയാകുന്ന ഭക്ഷണം, പഴത്തോൽ, പച്ചക്കറി വേസ്റ്റ് എന്നിവ മൃഗങ്ങൾക്ക് ഭക്ഷണത്തിനായി അയൽവീടുകളിൽനിന്ന് കൊണ്ടുപോകുന്ന പതിവുമുണ്ടായിരുന്നു. ഇതുപോലെ പാലക്കാട്, ആലപ്പുഴ, കുട്ടനാട് എന്നീ പ്രദേശങ്ങളിൽനിന്ന് വൈക്കോൽ മറ്റ് പ്രദേശങ്ങളിലേയ്ക്ക് കൊണ്ടുപോകുമായിരുന്നു. ഇപ്പോൾ പഴയതുപോലെ കാര്യങ്ങൾ പോകുന്നില്ല. മൃഗസമ്പത്ത് കുറഞ്ഞതാണ് അതിനൊരു കാരണം. അതുപോലെ ഓരോ കവലകളിലും വൈക്കോൽ കച്ചവടവുമുണ്ടായിരുന്നു. എന്റെ വീട്ടിൽനിന്നും വൈക്കോലും തേങ്ങാപ്പിണ്ണാക്കും അടുത്ത വീട്ടിലേയ്ക്കും അവിടെനിന്ന് ചാണകവും മറ്റും ഇങ്ങോട്ടും വാങ്ങുന്ന സാഹചര്യമുണ്ടായിരുന്നു.

അതിനൊന്നും സാധിക്കാത്ത സാഹചര്യം വരുന്നുവെന്നുള്ളതും ഇതിനുപിന്നിൽവരുന്ന മറ്റൊരു അപകടമാണ്. അമ്പതുശതമാനം കാലിത്തീറ്റ മാത്രമേ കേരളത്തിൽ ഉല്പാദിപ്പിക്കാൻ സാധിക്കുന്നുള്ളൂ. കേരള ഫീഡ്സ്, മിൽമ, കാർഷിക സർവ്വകലാശാല തുടങ്ങിയ സ്ഥാപനങ്ങൾ അവരുടെ ഫാമിലേയ്ക്കാവശ്യമായ തീറ്റ ഉല്പാദിപ്പിക്കാറുണ്ട്. കൂടാതെ ഈ മൂന്ന് സ്ഥാപനങ്ങളിൽനിന്നാണ് നമുക്കുവേണ്ട കാലിത്തീറ്റയുടെ ഉല്പാദനവും നടക്കുന്നത്. ഇക്കാര്യത്തിൽ നാം സ്വയംപര്യാപ്തമാകാൻ ശ്രമിക്കണം. നമുക്കാവശ്യമായ കാലിത്തീറ്റയും കോഴിത്തീറ്റയും ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് നാം സ്വീകരിക്കേണ്ടത്. സ്വദേശ, വിദേശ കുത്തകകളെ വാനോളം പുകഴ്ത്തി, അവർക്ക് സമ്പത്തും ശക്തിയും പകരാനുള്ള ശ്രമം നമ്മൾ നടത്തുന്നതെന്തിനാണ്? മറ്റൊന്ന്, കാലിത്തീറ്റയുടെ വിലവർദ്ധനവാണ്. കർഷക സംഘടനകളുൾപ്പെടെ എല്ലാവരും അതിനെതിരെ സമരം ചെയ്യുകയാണ്. കേരള ഫീഡ്സ് ഇപ്പോൾ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചു. ആന്ധ്രാ പ്രദേശിലെ കർഷകർക്ക് കാലിത്തീറ്റ വിലയുടെ 70 ശതമാനംവരെ

സബ്സിഡി നൽകുന്നുണ്ടെന്നാണ് നിയമസഭാ സമിതിയുടെ സന്ദർശനവേളയിൽ മനസ്സിലാക്കാൻ സാധിച്ചത്. കേരളത്തിൽ അത്തരമൊരു സബ്സിഡി ലഭിക്കുന്നില്ല. നഷ്ടത്തിന്റെ കഥപറയുന്ന നമ്മുടെ ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നവിധത്തിലുള്ള ഇടപെടലുകളും സംവിധാനങ്ങളും ഉണ്ടാകേണ്ടതുണ്ട്. ഈ ബില്ലിൽ അഴിമതിയെ പ്രോത്സാഹിപ്പിക്കാൻ കാരണമാകുന്ന രീതിയിലുള്ള പരാമർശങ്ങളുണ്ട്. ബില്ലിന്റെ 4-ാം ഖണ്ഡത്തിലെ 2-ാം ഉപഖണ്ഡത്തിൽ ധാതുലവണ മിശ്രിതത്തിന്റെ നിർമ്മാണത്തിന് ഉപയോഗിക്കേണ്ടതും ഉപയോഗിക്കാൻ പാടില്ലാത്തതുമായ ചേരുവകളെ സംബന്ധിച്ച് പരാമർശിക്കുന്നു. "കന്നുകാലികൾക്കുള്ള ധാതുലവണമിശ്രിതത്തിൽ നിരോധിക്കപ്പെട്ട ജന്തുജന്യഘടകങ്ങളും മാർബിൾപ്പൊടി, ഡോളോമൈറ്റ്പൊടി, ഫെറിക് ഓക്സൈഡ്, കുപ്രിക് ഓക്സൈഡ്, മാംഗനീസ് ഡൈ ഓക്സൈഡ്, സംസ്കരിച്ചിട്ടില്ലാത്ത റോക്ക് ഫോസ്ഫേറ്റ് പോലുള്ള മറ്റ് ചേരുവകളും അടങ്ങിയിരിക്കാൻ പാടില്ലാത്തതാകുന്നു" എന്നുപറയുന്നുണ്ട്. കൊലചെയ്യുന്നത് തെറ്റാണ്, അതിന് നിയമനടപടികളുണ്ട്. കത്തികൊണ്ടോ

കുന്തംകൊണ്ടോ കൊള്ളികൊണ്ടോ പാറകൊണ്ടോ കൊല്ലാൻപാടില്ലെന്ന് പറയേണ്ടതുണ്ടോ? ഇതിന് എന്തൊക്കെ ചേരുവകകൾ ഉപയോഗിക്കണമോ അതല്ലാത്തതൊക്കെ നിയമവിരുദ്ധമാണെന്ന പരാമർശമാണ് ബില്ലിൽ ഉൾപ്പെടുത്തേണ്ടത്.

മി. സ്പീക്കർ: പ്ലീസ്... നേരത്തെ സംസാരിച്ചവരെടുത്ത സമയത്തിനെക്കാൾ കൂടുതൽ സമയം താങ്കളെടുത്തു. പ്ലീസ്.....കൺക്ലൂഡ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, എന്റെ പ്രസംഗം ചുരുക്കാം. ബില്ലിന്റെ 6-ാം ഖണ്ഡത്തിൽ ലൈസൻസ് പുതുക്കുന്നതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ലൈസൻസ് പുതുക്കുന്നതിൽ ഉദ്യോഗസ്ഥരുടെ അനാസ്ഥകൊണ്ടോ മറ്റോ കാലതാമസമുണ്ടായാൽ അത് കർഷകർക്ക് ദുരനുഭവമായി മാറാതിരിക്കാനുള്ള ഒരു ഭേദഗതിയുണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ സംബന്ധിച്ച് സെലക്റ്റ് കമ്മിറ്റി മുന്നോട്ടുവച്ചിരിക്കുന്ന

ചില വ്യവസ്ഥകളോട് കർഷകർക്കിടയിലുണ്ടായിരിക്കുന്ന ചില ആശങ്കകളുടെ അടിസ്ഥാനത്തിലാണ് ഞങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിലൊരു പൊതുധാരണയുണ്ട്. തീർച്ചയായും ഈ ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ സ്വാഗതം ചെയ്യുന്നു. ബഹുമാനപ്പെട്ട ക്ഷീരവികസന വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സെലക്ട് കമ്മിറ്റിയിലെ എല്ലാ അംഗങ്ങളും പരസ്പരം സഹകരിച്ചുകൊണ്ടും അഭിപ്രായങ്ങൾ രേഖപ്പെടുത്തിക്കൊണ്ടും ഇക്കാര്യത്തിൽ വിശദമായ ചർച്ച നടത്തുകയുണ്ടായി. സംസ്ഥാനത്തെ കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ ഉൽപാദനം, സംഭരണം, വിതരണം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമുള്ള വ്യവസ്ഥകളാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഉൾപ്പെടുത്തിയ വ്യവസ്ഥകളിൽ പലതും കർഷകരെ ദോഷകരമായി ബാധിക്കുന്നതാണ്. കൂടാതെ, നിയമവ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള ശിക്ഷയ്ക്ക് മുൻകാലപ്രാബല്യം നൽകിയപ്പോൾ ഭരണഘടനയുടെ അനുച്ഛേദം

20-ന് വിരുദ്ധമായി ഓർഡിനൻസ് നിലവിലില്ലാതിരുന്ന കാലയളവും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ മേൽപ്പറഞ്ഞ വ്യവസ്ഥകൾ സംബന്ധിച്ച് സെലക്ട് കമ്മിറ്റിയിൽ നടന്ന വിശദമായ ചർച്ചയുടെ ഭാഗമായി ഈ പോരായ്മകളിൽ ഭൂരിഭാഗവും പരിഹരിക്കുവാൻ സാധിച്ചുവെന്നത് സ്വാഗതാർഹമാണ്. അക്കാര്യം വിസ്മരിച്ചുകൊണ്ട് സംസാരിക്കാൻ കഴിയില്ല. എന്നാലും, ഈ നന്മ ഒരു ഭാഗത്ത് അംഗീകരിക്കുമ്പോൾത്തന്നെ വിയോജനക്കുറിപ്പിലൂടെ ബഹുമാന്യരായ അംഗങ്ങൾ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ ഗൗരവമായി ഗവൺമെന്റ് പരിശോധിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഈ ബില്ലിലെ വ്യവസ്ഥകൾ ചെറുകിട കർഷകരെയും കന്നുകാലി വളർത്തി ജീവിക്കുന്ന സാധാരണക്കാരായ മനുഷ്യരെയും ദോഷകരമായി ബാധിക്കാതെ സംരക്ഷിക്കുകയെന്നത് പ്രധാന കാര്യമാണ്. നാടൻ കൃഷിക്കാർ അനുഭവസമ്പത്തിലൂടെ ആർജ്ജിച്ച അറിവുകൾ കാർഷികമേഖലയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് ഇതുവരെ കഴിഞ്ഞിട്ടുണ്ട്. ഈ ബില്ലിനെത്തുടർന്ന് ഇതിന് തടസ്സം സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ ഭാവിയിൽ

ഉണ്ടാകരുത് എന്നുള്ളതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഇക്കാര്യം പ്രത്യേകമായി സർക്കാർ പരിശോധിക്കണം. മറ്റൊരു വിഷയം, പലവ്യഞ്ജന കടകളിൽ കാലിത്തീറ്റ സൂക്ഷിക്കുന്നതിന് നേരത്തേ അനുവാദമുണ്ടായിരുന്നു. ടി ബില്ലിനെത്തുടർന്ന് പുതിയ ലൈസൻസ് ഇക്കാര്യത്തിൽ എടുക്കണമെന്നുള്ള സാഹചര്യം സംജാതമാകുകയാണ്. ഇത് ക്ഷീരകർഷകർക്ക് ഇരട്ട ഉപദ്രവമായി മാറുമോ എന്നുള്ള ആശങ്ക അവർ ഉന്നയിച്ചിട്ടുണ്ട്. നാടൻ തീറ്റകളുണ്ടാക്കി ഉപയോഗിക്കുന്നവർക്ക് ഈ നിയമംകൊണ്ട് ഉപദ്രവമുണ്ടാകരുത് എന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള മറ്റൊരു പ്രധാന കാര്യം. ഈ ബില്ലുമായി ബന്ധപ്പെട്ട് ക്ഷീരകർഷകർക്ക് വലിയ പ്രതീക്ഷകളുണ്ടായിരുന്നു. കാലിത്തീറ്റയുടെ വില കുറയുമെന്നും സാധാരണക്കാരായ കർഷകർക്ക് സംരക്ഷണവും സഹായവും ഉണ്ടാകുമെന്നുമാണ് കർഷകർ പ്രതീക്ഷിച്ചത്. പക്ഷെ, അതിലേയ്ക്ക് പോകാൻ നമുക്ക് സാധിക്കുന്നില്ല. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ലോകത്ത് ഏറ്റവും കൂടുതൽ പാലുൽപ്പാദിപ്പിക്കുന്ന രാജ്യം ഇന്ത്യയാണ്. എന്നാൽ ഇന്ത്യയിൽ കേരളം

14-ാം സ്ഥാനത്താണ് നിൽക്കുന്നത്. കേരളത്തിന് മുന്നോട്ടുവരാൻ കഴിയണമെങ്കിൽ ക്ഷീരകർഷകർക്ക് സംരക്ഷണം കൊടുക്കണം. നമ്മുടെ കാർഷികമേഖല വിവിധ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ ക്ഷീരമേഖലയെ ആശ്രയിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് കുടുംബങ്ങൾ ഈ ബില്ലിനെയും സെലക്ട് കമ്മിറ്റിയെയും പ്രതീക്ഷയോടെ ഉറ്റുനോക്കുകയുണ്ടായി. ഇതൊരു നല്ല തുടക്കമായി മാറട്ടെയെന്ന് ഞാൻ പ്രത്യേകം സൂചിപ്പിക്കുകയാണ്. എന്നാൽ, ഇതിന് അനുബന്ധമായി ബഹുമാനപ്പെട്ട മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പുമന്ത്രി മുൻകൈയെടുത്ത് പ്രതിസന്ധി നേരിടുന്നതും നഷ്ടത്തിലൂടെ കടന്നുപോകുന്നതുമായ ക്ഷീരമേഖലയെ രക്ഷിക്കാനും കർഷകർക്ക് സംരക്ഷണവും സഹായവും കൊടുക്കാനും കഴിയുന്ന വിധത്തിലുള്ള ആശ്വാസനടപടി സ്വീകരിച്ചാൽ അത് സ്വാഗതാർഹമായ കാര്യമാണ്. ക്ഷീരമേഖലയിലെ നിരവധി പ്രശ്നങ്ങൾ പരാമർശിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും സമയം അതിക്രമിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ക്ഷീരകർഷകരുടെ ആശങ്ക സർക്കാരിന്റെ

ശ്രദ്ധയിൽപ്പെടുത്തുന്നു. വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്. ഗവൺമെന്റിന്റെ ഉദ്ദേശ്യശുദ്ധിയെയും ക്ഷീരകർഷകർക്കുവേണ്ടി ഈ ബിൽ കുറ്റമറ്റരീതിയിൽ കൊണ്ടുവരാൻ ശ്രമിച്ചതിനെയും പ്രത്യേകം അഭിനന്ദിക്കുന്നു. എന്നാൽ ഇത്തരം ആശങ്കകൾകൂടി പരിഹരിക്കുന്നതിന് ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഞാൻ എം.എൽ.എ. ആയി വന്നതിനുശേഷം ആദ്യമായി ഒരു സെലക്ട് കമ്മിറ്റിയിൽ അംഗമായത് ഈ ബില്ലുമായി ബന്ധപ്പെട്ടാണ്. ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്തിയിട്ടുള്ള പഞ്ചാബ്, ആന്ധ്രാ പ്രദേശ് എന്നീ സംസ്ഥാനങ്ങൾ കമ്മിറ്റി സന്ദർശിച്ച് അവിടങ്ങളിലെ സാമാജികരും വിദഗ്ദ്ധരുമായി ചർച്ച നടത്തിയതിന്റെ ഫലമായി ഈ മേഖലയിലെ വിഷയങ്ങൾ മനസ്സിലാക്കാനും അടുത്തറിയാനും സാധിച്ചു. സെലക്ട് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ആത്മാർത്ഥതയും താൽപ്പര്യവും ഈ സമയത്ത് പരാമർശിക്കാൻ

ഞാൻ ആഗ്രഹിക്കുകയാണ്. കാരണം, ആ വിഷയങ്ങളെക്കുറിച്ച് എല്ലാ അംഗങ്ങളും വളരെ ആഴത്തിൽ നിരീക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട്, ക്ഷീരമേഖല നേരിടുന്ന നിലവിലെ പ്രതിസന്ധി അല്ലെങ്കിൽ പ്രയാസങ്ങൾ പൊതുവായി ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഉപജീവനമാർഗ്ഗം, സംരംഭകത്വം, അധികവരുമാനം, ഉപതൊഴിൽ, ഭക്ഷ്യപോഷക സുരക്ഷയുടെ ഭാഗമായി സമ്പൂർണ്ണ ആഹാരമായ പാലിന്റെ ഗുണമേന്മയോടെയുള്ള ഉല്പാദനം, സ്ത്രീശാക്തീകരണം, കർഷക സഹകരണം, ജൈവകൃഷി എന്നിങ്ങനെ വിവിധതല സ്പർശിയായതിനാൽ ക്ഷീരമേഖല വളരെ പ്രധാനപ്പെട്ടതാണ്. കേവലം പാലുൽപ്പാദിപ്പിച്ച് വിപണനം നടത്തുക എന്നതിനപ്പുറം വിഭിന്നമായ കാഴ്ചപ്പാടും വ്യാപ്തിയും ക്ഷീരമേഖലയ്ക്കുണ്ട്. കേരളത്തിൽ 8 ലക്ഷം കുടുംബങ്ങൾ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മറ്റ് കാർഷികവൃത്തികളിൽനിന്നും വ്യത്യസ്തമായി നിരന്തര ശ്രദ്ധയും അദ്ധ്വാനവും അനിവാര്യമായ മേഖലയാണിത്. അതിനാൽ ക്ഷീരകർഷകർക്ക് നൽകുന്ന ഒരു സഹായവും അധികമാവുകയില്ലെന്നും നിലവിൽ കൊടുക്കുന്നത്

മതിയാകില്ലെന്നും നമ്മൾ മനസ്സിലാക്കണം. സംസ്ഥാനത്ത് ഒരു വർഷം 31.4 ലക്ഷം മെട്രിക് ടൺ പാൽ ആവശ്യമായ സ്ഥാനത്ത് 25.32 ലക്ഷം മെട്രിക് ടൺ പാൽ മാത്രമാണ് ഉൽപ്പാദിപ്പിക്കുന്നത്. കുറവ് 19 ശതമാനമാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് മാത്രമല്ല, ന്യൂസിലാൻഡ്, ആസ്ട്രേലിയ തുടങ്ങിയ വിദേശ രാജ്യങ്ങളിൽനിന്നുപോലും ഭാവിയിൽ പാലെത്താം. ഇത്തരമൊരു സാഹചര്യം സംജാതമായാൽ കർഷകരുടെ ഭാവി എവിടെയായിരിക്കും? അതിനാൽ ക്ഷീരകർഷകരെ എങ്ങനെ നിലനിർത്താൻ കഴിയുമെന്നുള്ള കാര്യം ഗൗരവത്തോടുകൂടി ഈ സഭ ചർച്ച ചെയ്യണം. ഉൽപ്പാദനച്ചെലവ് കൂടുതലായതിനാലും ലാഭം കാര്യമായി ഇല്ലാത്തതിനാലും കർഷകർ ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ ബുദ്ധിമുട്ടുന്ന ഒരു സ്ഥിതിയാണ് കണ്ടുവരുന്നത്. ഒരു ക്ഷീരകർഷകന് സ്വന്തം മുതൽമുടക്കിനാനുപാതികമായിപ്പോലും വരുമാനം ലഭിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. കേരളത്തിലെ 12 ലക്ഷം പശുക്കൾക്കാവശ്യമായ പച്ചപ്പുല്ലിന്റെ 47 ശതമാനം മാത്രമാണ് സംസ്ഥാനത്തെ ലഭ്യത. നിലവിലുള്ള പശുക്കൾക്കാവശ്യമുള്ള തീറ്റപ്പുൽ

ലഭിക്കണമെങ്കിൽ 26,000 ഹെക്ടറിൽ പുതുതായി പുൽകൃഷി ചെയ്യേണ്ടിവരും. വിപണിയിൽ ലഭിക്കുന്ന കാലിത്തീറ്റയെ മാത്രം ആശ്രയിക്കുന്നത് ചെലവ് വർദ്ധിക്കാനിടയാകും. നിലവിൽ ഒരു ചാക്ക് കാലിത്തീറ്റ വാങ്ങുന്നതിന് 1600 രൂപ നൽകണം. അത് ഒരാഴ്ചത്തേയ്ക്കുപോലും തികയില്ല. കാലിത്തീറ്റയുടെ ഗുണനിലവാരം അനുസരിച്ചാണ് പാൽ ലഭിക്കുന്നത്. നല്ല രീതിയിൽ പാൽ ലഭിച്ചില്ലെങ്കിൽ അതോടുകൂടി ആ കർഷകന്റെ അദ്ധ്വാനം മുഴുവൻ നഷ്ടത്തിലാകുന്ന സ്ഥിതിയുണ്ടാകും. പശുവിന്റെ ആരോഗ്യം, പ്രത്യുൽപ്പാദനം എന്നിവയെക്കൂടി കാലിത്തീറ്റയുടെ ഗുണനിലവാരം ബാധിക്കും. ചോളംപോലുള്ള ഘടകങ്ങൾ ജൈവഇന്ധനം ഉൽപ്പാദിപ്പിക്കാൻ മാറ്റിവയ്ക്കപ്പെടുന്നതിനാൽ കാലിത്തീറ്റയുടെ ലഭ്യതയും വിലയും കർഷകരെ ബുദ്ധിമുട്ടിലാക്കുകയാണ്. ക്ഷീരകർഷകർക്കുവേണ്ടി ഗവൺമെന്റ് ഒരു ഫോഡർ പോളിസി രൂപീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. കാലിത്തീറ്റയുടെ വിലവർദ്ധനയും ഗുണനിലവാരക്കുറവുമാണ് ക്ഷീരകർഷകർ നേരിടുന്ന രണ്ട് പ്രധാന വിഷയങ്ങൾ. ഈ ബിൽ വിഭാവന ചെയ്യുന്നത് അതാണെന്ന് എനിക്കറിയാം. എന്നിരുന്നാലും അത് സമഗ്രമായി അഡ്രസ്

ചെയ്യാൻ സാധിക്കുമോയെന്നുള്ള സംശയം ഞാൻ രേഖപ്പെടുത്തുകയാണ്. ഈ മേഖലയിലെ കാലാനുസൃതമായ മാറ്റത്തെ ഉൾക്കൊള്ളാൻ നമ്മൾ തയ്യാറാകണം. കാരണം, ഒന്നോ രണ്ടോ പശുക്കളെ വളർത്തി നിത്യവൃത്തി കഴിച്ചിരുന്ന സാധാരണക്കാരായ ക്ഷീരകർഷകർ കുറയുകയും ഈ മേഖലയിലേയ്ക്ക് സംരംഭകരായി കടന്നുവരുന്നവരുടെ എണ്ണം കൂടിവരികയും ചെയ്യുന്നതിനാൽ അത്തരക്കാരെ ആകർഷിക്കുന്ന സംരംഭക സൗഹൃദ നയങ്ങൾ ഈ മേഖലയ്ക്കാവശ്യമാണ്. എനിക്ക് നേരിട്ട് അനുഭവമുള്ള ഒരു സംഭവമുള്ളതിനാലാണ് ഇക്കാര്യം ഞാനിവിടെ സൂചിപ്പിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി അനുവദിച്ചപ്പോൾ സർക്കാർ അനുവദിച്ച തുക ക്ഷീരകർഷകർക്ക് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് വളരെയധികം ബുദ്ധിമുട്ടനുഭവിച്ച ഒരു സാമാജികനാണ് ഞാൻ. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്? ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് അക്കാര്യം അറിയാവുന്നതാണ്. ക്ഷീരഗ്രാമം പദ്ധതിയിൽ അനാവശ്യമായ നിരവധി നിബന്ധനകളുണ്ട്. ഈ നിബന്ധനകൾ ഏത് കാലത്തുള്ളതാണെന്നും ആരാണ് എഴുതിയുണ്ടാക്കിയതെന്നും അറിയില്ല.

അനുവദിക്കപ്പെടുന്ന തുക ഗുണകരമായി വിനിയോഗിക്കാൻ സാധിക്കാത്ത നിലയിലുള്ള നിരവധി നിയന്ത്രണസ്വഭാവങ്ങൾ ക്ഷീരഗ്രാമം പദ്ധതിക്കുണ്ട്. നമ്മൾ ഒരു കോടി രൂപ നൽകിയാലും അതുകൊണ്ട് കർഷകർക്ക് പ്രയോജനം ലഭിച്ചാൽ മാത്രമേ കാര്യമുള്ളൂ. അവർക്ക് ഇഷ്ടമുള്ള പശുവിനെയോ കിടാവിനെയോ പുറത്തുനിന്നും വാങ്ങാൻ സാധിക്കില്ല. എന്നാൽ, ഇവിടത്തെ കിടാരി പാർക്കുകളിൽ കിടാക്കളുണ്ടോ; ഇല്ല. കർഷകർ എന്തുചെയ്യും? വെള്ളമില്ലാത്തിടത്ത് മുങ്ങിച്ചാകാൻ പറഞ്ഞാൽ കർഷകർ എങ്ങനെ മുങ്ങിച്ചാകും; നമ്മൾ പോളിസിയുണ്ടാക്കുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ നേരിട്ട് പരിശ്രമിച്ചിട്ടുപോലും ആ തുക ചെലവഴിക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് ഇത്രയധികം ഉറപ്പോടെ ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത്. അതനുസരിച്ചുള്ള മാറ്റങ്ങൾ സർക്കാരിന്റെ പോളിസിയിൽ വരണം. നിങ്ങളാരെങ്കിലും ഇതിനുവേണ്ടി മനസ്സുവയ്ക്കണം. ഡിപ്പാർട്ടുമെന്റിൽ ഉന്നത ഉദ്യോഗസ്ഥരുണ്ടല്ലോ; കാലാനുസൃതമായ മാറ്റം ഈ പോളിസിയിൽ വരുത്താൻ ഇത്ര വലിയ പ്രയാസമെന്തിനാണ്; ഇക്കാര്യങ്ങൾ ആരാണ് അംഗീകരിക്കാത്തത്? എത്ര ക്ഷീരഗ്രാമം

പദ്ധതിയാണ് നമ്മൾ നടപ്പിലാക്കിയത്; അതിന്റെ എഫിഷ്യൻസി റേറ്റ് എത്രയാണ്; എത്ര കോടി രൂപ കൊടുത്തു? ഇവിടുത്തെ കർഷകർക്ക് തുക കൊടുക്കേണ്ട ആവശ്യമില്ലെന്ന് ആരും പറയുകയില്ല. തുക നൽകാൻ ഗവൺമെന്റിന് താൽപ്പര്യമില്ലാത്തതുകൊണ്ടുമല്ല. എന്നിട്ടും നമുക്ക് കൊടുക്കാൻ കഴിയുന്നില്ല. എന്തുകൊണ്ടാണത്; It's because of the lack of clarity in the policy. അല്ലെങ്കിൽ ഔട്ട്ഡേറ്റഡ് പോളിസി വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടാണ്. You should revive it or reform it. അതാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടത്. അല്ലാതെ ആരും തുക വാങ്ങിയില്ല എന്നുപറഞ്ഞിട്ട് കാര്യമില്ല. ഇപ്പോൾ അത്യുൽപ്പാദനശേഷിയുള്ള മികച്ച പശുക്കൾ ലഭിക്കുന്നത് കേരളത്തിന് പുറത്തുനിന്നാണ്. പക്ഷേ, ഈ പദ്ധതി പ്രകാരം കേരളത്തിന് പുറത്തുനിന്ന് പശുക്കളെ വാങ്ങാൻ സാധിക്കില്ല. എന്നാൽ, കേരളത്തിൽ മികച്ച പശുക്കളുണ്ടോ? കേരളത്തിൽ അത് ലഭ്യമല്ല എന്നതാണ് അവസ്ഥ. ഇത്തരം കാര്യങ്ങളിൽക്കൂടി ശ്രദ്ധ വേണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യകൾ, യന്ത്രവൽക്കരണം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, പ്രസിഷൻ ഫാമിംഗ്,

ഓട്ടോമേഷൻ തുടങ്ങിയവ ഉൾപ്പെടുത്തി പുതുമുഖ ക്ഷീരമേഖലയ്ക്കുവേണ്ടിയാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. സാങ്കേതിക പുരോഗതിക്കനനുസൃതമായ നേട്ടങ്ങൾ കർഷകരിലേയ്ക്ക് കൈമാറുന്ന ഒരു പോളിസി നമുക്കുണ്ടെന്ന് മന്ത്രിയെന്ന നിലയിൽ ആത്മാർത്ഥമായി അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? ഇത് നമ്മളാണ് ചെയ്യേണ്ടത്. ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ മുൻകൈയെടുക്കണമെന്നില്ല. ഇന്ന് നിരവധി സാധ്യതകൾ നമ്മുടെ മുന്നിലുണ്ട്. അതുമാത്രമല്ല, ഓരോ ദിവസവും വലിയ വെല്ലുവിളികൾ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇതിനാവശ്യമായ ഗവേഷണ-വിദ്യാഭ്യാസ-വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് വെറ്ററിനറി സർവ്വകലാശാലയെയും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളെയും സജ്ജമാക്കണം. നമ്മുടെ വെറ്ററിനറി സർവ്വകലാശാലകളും കാർഷിക സർവ്വകലാശാലകളും വളരെ നന്നായി പ്രവർത്തിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് വേണമെങ്കിൽ പറയാം. See, whether we are up to to the mark.

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, മൾട്ടി നാഷണൽ കമ്പനികളുടെ വരവുകാരണം നമുക്ക് ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ

വളരെ പ്രയാസമാണ്. ഇപ്പോൾ സെല്ലുലാർ മാംസം വന്നുകഴിഞ്ഞു; അതുപോലെ, വിദേശത്തുനിന്നും നേരിട്ട് പാൽ ഇറക്കുമതി ചെയ്യുകയാണ്. പ്രഭാത് ഡെയറി, ന്യൂസിലൻഡിന്റെ Fonterra, Lactalis International എന്നീ കമ്പനികളുടെ A2 Milk ഇവിടെ വന്നുകഴിഞ്ഞു. A2 Milk-ന്റെ ഗുണം അറിഞ്ഞാൽ ഇവിടെയുള്ളവർ അതുമാത്രമേ വാങ്ങി ഉപയോഗിക്കുകയുള്ളൂ. 7000 മുതൽ 8000 വരെ പശുക്കളാണ് ഒരു ഡെയറി ഫാമിലുള്ളത്. അവിടെയെല്ലാം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് വളരെ ചുരുങ്ങിയ ചെലവിലാണ് പാലുൽപ്പാദിപ്പിക്കുന്നത്. ഇതിനുപുറമെയാണ് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ടോൺഡ് മിൽക്ക് ഇറക്കുമതി ചെയ്തിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ ഈ നയം ക്ഷീരമേഖലയെ തകർക്കും എന്നുള്ളതിൽ സംശയമില്ല. പ്രസ്തുത നയത്തിനെതിരെ സംയുക്ത നീക്കം അനിവാര്യമാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഇത്തരം കാര്യങ്ങൾക്കിടയിലാണ് പാലുൽപ്പന്നങ്ങൾക്ക് അഞ്ച് ശതമാനം ജി.എസ്.ടി. ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നത്. മാത്രമല്ല, ഈ മേഖലയിൽ നിൽക്കുന്നവരെ ആദായ

നികുതിയുടെ പരിധിയിൽ കൊണ്ടുവരാനും തീരുമാനിച്ചിരിക്കുകയാണ്. ഈ മേഖലയിൽ മുമ്പോട്ട് പോകുന്നവർക്ക് കൂടുതൽ പ്രയാസങ്ങളുണ്ടാക്കുന്ന തരത്തിലാണ് ഇത്തരം തീരുമാനങ്ങൾ കടന്നുവരുന്നതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, നമ്മൾ അതിങ്ങനെ കാഷ്വലായി ഡിബേറ്റ് ചെയ്തതുകൊണ്ട് കാര്യമില്ല. You need to understand and accept the reality. For the sake of saying, we can say all these things. ഞാൻ വിശ്വസിക്കുന്നത്, down the line 10 years or 15 years, നമുക്ക് പാൽ വാങ്ങണമെന്നുണ്ടെങ്കിൽ ടോൺഡ് മിൽക്ക് മാത്രമേ മാർക്കറ്റിൽ ലഭിക്കുകയുള്ളൂ. അത്തരമൊരു കാലഘട്ടത്തിലേയ്ക്കാണ് നമ്മൾ പോകുന്നത്. ഇന്നത്തെ ക്ഷീരകർഷകർക്ക് മറ്റ് മാർഗ്ഗങ്ങളില്ലാത്തതുകൊണ്ടാണ് പശുവളർത്തി പാൽ കറന്ന് നൽകുന്നത്. അടുത്ത ജനറേഷൻ അങ്ങനെ സഫർ ചെയ്യാൻ തയ്യാറാകുകയില്ല. സ്വാഭാവികമായും ഇതൊരു ഇൻഡസ്ട്രിയൽ മോഡിലേയ്ക്ക് മാറും. ടോൺഡ് മിൽക്ക് മാത്രം ലഭ്യമാകുന്ന, ക്വാളിറ്റി മാത്രം പരിശോധിക്കുന്ന ഒരു കാലഘട്ടത്തിലേയ്ക്ക് നമ്മൾ

പോയിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ അതിനെ എതിർക്കണമെന്നുപറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? നമ്മൾ ആ ചലഞ്ചിനെ നേരിടാനും മത്സരിക്കാനും കഴിയുന്ന വിധത്തിൽ ഉയരണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വിദേശ രാജ്യങ്ങളിൽനിന്നും പാൽ ഇറക്കുമതി ചെയ്യാൻ കേന്ദ്രസർക്കാർ അനുവാദം നൽകിക്കഴിഞ്ഞു. ചൈനയിലെ ഒരു ഡെയറി ഫാമിൽ ഒരു ലക്ഷം പശുക്കളാണുള്ളത്. അവർ ഇന്ത്യയെ തോൽപ്പിക്കും. പശുവളർത്തൽ ഇവിടത്തെ സാധാരണക്കാരായ സ്ത്രീകളുടെ ഏറ്റവും വലിയ ഉപജീവനമാർഗ്ഗമാണ്. യഥാർത്ഥത്തിൽ അവരാണ് നശിക്കാൻ പോകുന്നത്. ഇതിനെതിരെ എങ്ങനെ പിടിച്ചുനിൽക്കാൻ സാധിക്കും? കുത്തക നിയന്ത്രണം നേരത്തെ കോൺഗ്രസ്സ് കൊണ്ടുവന്നതാണ്, അത് എടുത്തുകളഞ്ഞതിന്റെ ഫലമാണ് നമ്മളിപ്പോൾ അനുഭവിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, നമ്മൾ ഇതിനിടയ്ക്ക് കോൺഗ്രസ്സുകാരെക്കുറിച്ചും കമ്മ്യൂണിസ്റ്റുകാരെക്കുറിച്ചും പറയുന്നതാണ് പ്രശ്നം. ഈ മേഖല നിലനിൽക്കണമെങ്കിൽ കർഷകർ ആഗ്രഹിക്കുംവിധം

അത്യുല്പാദനശേഷിയുള്ള പശുക്കളുണ്ടാകണം. അത്തരം പശുക്കളുടെ സ്റ്റോക്കില്ലാത്ത ഒരു സംസ്ഥാനമാണ് കേരളം. എന്നിട്ടും സംരംഭകത്വം നടത്തണമെന്നാണ് പറയുന്നത്. അത്യുല്പാദനശേഷിയുള്ള പശുക്കളെ ആരുണ്ടാക്കും; കർഷകന് ഉണ്ടാക്കാൻ സാധിക്കുമോ? ന്യൂസിലാൻഡിലും ആസ്ട്രേലിയയിലും അത്യുല്പാദനശേഷിയുള്ള പശുക്കളെ അവർ ഉണ്ടാക്കിയിട്ടുണ്ട്. They will take the advantage. You are not working on it. ഈ ഗവേഷണം കർഷകന് നടത്താൻ സാധിക്കുമോ? ഇവിടെ ഗവേഷണം നടത്തുന്നതിന് R&D (Research and Development) Centres ഉണ്ട്. Who will do this; Who will fund it; Who will take care of it? You are creating, you are paying crores and crores of rupees. പക്ഷെ, ആർക്കാണ് പ്രയോജനമുള്ളത്? എവിടെയാണ് അഡ്വാൻസ്മെന്റ് വന്നിട്ടുള്ളത്. മാട്ടുപ്പെട്ടിയിലെ സൗകര്യങ്ങൾ നിങ്ങൾ പോയി കാണണം.

<u>മി. സ്പീക്കർ</u>: പ്ലീസ് ...... പ്ലീസ്.....

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, വേറെയൊന്നും കൊണ്ടല്ല, ഞാൻ well prepared ആണ്, എന്നെ സംസാരിക്കാൻ അനുവദിക്കണം. മാട്ടുപ്പെട്ടിയിലെ

സൗകര്യങ്ങൾ നിങ്ങൾ കാണണം, അത് ഏതുകാലത്ത് ഉണ്ടാക്കിയതാണ്, അതിന്റെ updation, upgradation, updating എന്തെങ്കിലും ഉണ്ടായോ? ഉണ്ടായില്ല. ഏറ്റവും പ്രധാനപ്പെട്ട ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

ശ്രീ. ഡി. കെ. മുരളി: സർ, ഭാവിയിൽ ഈ രംഗമാകെ കോർപ്പറേറ്റുകളുടെ പിടിയിലകപ്പെടും. അതുകൊണ്ട് കോർപ്പറേറ്റുകൾക്കെതിരായുള്ള ചെറുത്തുനിൽപ്പ് വേണ്ടെന്നാണോ അങ്ങയുടെ പ്രസംഗത്തിലൂടെ അർത്ഥമാക്കുന്നത്?

ഡോ. മാത്യു കുഴൽനാടൻ: സർ, ആ ചെറുത്തുനിൽപ്പിനുവേണ്ടിയാണ് അത്യുല്പാദനശേഷിയുള്ള പശുക്കളെയുണ്ടാക്കണമെന്ന് ഞാൻ സൂചിപ്പിച്ചത്. അല്ലാതെ കർഷകനോടുപറഞ്ഞിട്ട് കാര്യമില്ല. ഇന്നിവിടെ ഏത് ക്ഷീരകർഷകനാണ് മന:സമാധാനത്തോടെ വീട്ടിൽ കിടന്നുറങ്ങുന്നത്; ആർക്കാണ് നല്ല നിലയിൽ കുട്ടികളെ പഠിപ്പിക്കാൻ സാധിക്കുന്നത്; ആർക്കാണ് ജീവിത സൗകര്യങ്ങളുള്ളത്? നിങ്ങൾക്ക് കോർപ്പറേറ്റുകളോട് ഫൈറ്റ് ചെയ്യാനായി അവർ ദാരിദ്ര്യത്തിൽ കഴിയണമെന്നാണോ

സൂചിപ്പിക്കുന്നത്? No, that's not going to happen. That's an outdated ideology. അതുകൊണ്ടാണ് ഞാൻ ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത്, അല്ലാതെ ഞാൻ കോർപ്പറേറ്റുകൾക്കുവേണ്ടി വാദിക്കുന്നതല്ല. കർഷകരെ സ്ട്രെംഗ്തൺ ചെയ്യാൻ നിങ്ങൾക്ക് സാധിക്കുന്നില്ല. That is to be done by the Government. ഇതുവരെ ഗവൺമെന്റ് എന്ത് ഇനിഷ്യേറ്റീവാണ് സ്വീകരിച്ചിട്ടുള്ളത്? മാട്ടുപ്പെട്ടിയിലെ ആ സ്ഥാപനം നിങ്ങൾ സന്ദർശിക്കണം. വർഷങ്ങൾക്കുമുമ്പ് രൂപീകരിച്ച ഉയർന്ന നിലവാരമുള്ള ഒരു സ്ഥാപനമായിരുന്നു അത്. ഇന്ന് അതിന്റെ അവസ്ഥയെന്താണ്? നമുക്ക് ആ സ്ഥാപനത്തെ ഉയർത്തിക്കൊണ്ട് പോകാമായിരുന്നില്ലേ? പക്ഷേ, അവിടെ യൂണിയൻ ഉണ്ടാക്കിയും സമരം നടത്തിയും ആ സ്ഥാപനത്തെ തകർത്തു. ഇവിടെ കർഷകരെ സ്ട്രെംഗ്തൺ ചെയ്യുന്നതിനുള്ള നടപടികൾക്കുപകരം കമ്മ്യൂണിസ്റ്റുകാരെക്കുറിച്ചും കോൺഗ്രസ്സുകാരെക്കുറിച്ചും പരാമർശിക്കാനാണ് നമുക്ക് താല്പര്യം. ദയവുചെയ്ത് നിങ്ങൾ ഇതിൽ രാഷ്ട്രീയം കൊണ്ടുവരരുത്. ഇനി ഞാൻ വഴങ്ങുന്നില്ല, കുറച്ചുകാര്യങ്ങൾകൂടി എനിക്ക് പരാമർശിക്കാനുണ്ട്.

മി. സ്പീക്കർ: സമയക്രമം പാലിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ എന്റെ പ്രസംഗം ചുരുക്കാം. പൊതുമേഖലാ ഫാമിൽനിന്നോ സർവ്വകലാശാലകളിൽനിന്നോ നല്ലയിനം പശുക്കളെ ലഭിക്കുന്നില്ല, അവിടെ അതിനുള്ള പദ്ധതിയുമില്ല. ഗുണമേന്മയുള്ളതും പെൺകിടാവുമാത്രം ജനിക്കുന്നതുമായ സെക്സ് സോർട്ടഡ് ബീജം ലഭിക്കുമോയെന്ന് അന്വേഷിക്കണം. വിവരസാങ്കേതികവിദ്യയിലെയും ജൈവസാങ്കേതികവിദ്യയിലെയും കുതിച്ചുചാട്ടം ഉപയോഗപ്പെടുത്തി മികച്ച പശുസമ്പത്ത് വികസിപ്പിക്കാനുള്ള പ്രജനനനയം രൂപീകരിക്കണം. ഇക്കാര്യത്തിൽ ഇസ്രായേലിന്റെ മാതൃക സ്വീകരിക്കുന്നതിൽ യാതൊരു തെറ്റുമില്ല. കാലാവസ്ഥാവ്യതിയാനവും ഉയർന്ന താപനിലയും ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളാണ്. That will directly affect the industry or the production of milk. അതുകൊണ്ട് കാലാവസ്ഥാ വ്യതിയാനം ക്ഷീരവ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നത് പരിഹരിക്കാനുതകുംവിധത്തിലുള്ള പോളിസിയും പദ്ധതിയും നമുക്കുണ്ടാകണം. കേരളത്തിൽ സങ്കരയിനം

പശുക്കളെ ഉൽപ്പാദിപ്പിക്കാനും ലഭ്യമായ വിഭവങ്ങൾക്കും മാറുന്ന കാലാവസ്ഥയ്ക്കും ചേരുംവിധം പ്രത്യേക പരിപാലനമുറകൾ രൂപപ്പെടുത്താനും സാധിക്കണം. നമുക്കാവശ്യമായ പശുക്കളും കിടാക്കളും ഇവിടെത്തന്നെ ഉല്പാദിപ്പിക്കണം. സർക്കാരിന്റെ ആസൂത്രിതമായ സഹായമില്ലാതെ ലോകത്തൊരിടത്തും ക്ഷീരമേഖലയ്ക്കോ കർഷകർക്കോ നിലനിൽക്കാനായിട്ടില്ല. ആസ്ട്രേലിയയിലെയും ന്യൂസിലാൻഡിലെയും കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചല്ലോ. മികച്ച ഗവേഷണവും വികസനവും ഉള്ളതിനാലാണ് അവിടത്തെ കർഷകർ ഈ മേഖലയിൽ അതിജീവിക്കുന്നത്. അല്ലാതെ ആസ്ട്രേലിയ, ന്യൂസിലാൻഡ് എന്നുപറയുമ്പോൾത്തന്നെ അത് കോർപ്പറേറ്റുകളാണെന്ന് പറയേണ്ട കാര്യമില്ല. കാരണം, അവരും അദ്ധ്വാനിക്കുന്ന കർഷകരാണ്. നമ്മുടെ കർഷകരായ പാവങ്ങൾ എത്ര അദ്ധ്വാനിച്ചാലും പാൽ ലഭിക്കുന്നില്ലെങ്കിൽ എന്ത് ചെയ്യാൻ സാധിക്കും? വൈക്കോൽ, സൈലേജ് എന്നിവ ഉണ്ടാക്കാനും bale ചെയ്യാനും നമുക്ക് പദ്ധതികളുണ്ടോ? ഇന്നുവരെ നമുക്ക് ഈ മേഖലയിൽ മുന്നേറാൻ സാധിച്ചിട്ടില്ല. എന്നാൽ, സ്വകാര്യവ്യക്തികൾ ചെയ്യുന്നുണ്ടെന്നാണ്

ഞാൻ മനസ്സിലാക്കുന്നത്. കൂടുതൽ കർഷകരെ സഹകരണമേഖലയിൽ എത്തിക്കുംവിധം മിൽമയെ ശക്തമാക്കണം. മിൽമ രാഷ്ട്രീയക്കളികൾക്കുള്ള വേദിയല്ല, കർഷക ഉപഭോക്തൃക്ഷേമത്തിനാണ് നിലകൊള്ളേണ്ടത്. 3643 പ്രാഥമിക സഹകരണസംഘങ്ങളിലായി 1.8 ലക്ഷം കർഷകരാണ് സഹകരണസംഘങ്ങളിൽ പാൽ നൽകുന്നത്. സംസ്ഥാനത്തെ പാലുൽപ്പാദനത്തിന്റെ 23 ശതമാനം മാത്രമാണ് സഹകരണസംഘങ്ങളിലെത്തുന്നത്. ഒരു അംഗീകൃത സംവിധാനമുണ്ടായിട്ട് 23% മാത്രമാണ് ലഭ്യമാകുന്നത്. അത് എന്തുകൊണ്ടാണെന്ന് നമ്മൾ അന്വേഷിക്കണ്ടേ? പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സഹകരണസംഘങ്ങളുടെ cold chain സംവിധാനവും ക്ഷീരവികസന വകുപ്പിന്റെ പാൽ പരിശോധനാ സംവിധാനവും വികസിപ്പിക്കണം. അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാൽ പരിശോധിക്കാനുള്ള സംവിധാനം പ്രധാനപ്പെട്ടതാണ്. ഇന്ന് കേരളത്തിലെ പാലിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് നമ്മൾ concerned ആണെന്ന് പറയുന്നുവെന്നല്ലാതെ What mechanism we have? ഫലപ്രദമായി അതിനെ

നേരിടാൻ കഴിയുന്ന എന്ത് മെക്കാനിസമാണ് നമുക്കുള്ളത്. അന്യ സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പാൽ പരിശോധിക്കാനുള്ള സംവിധാനം ക്ഷീരവികസന വകുപ്പ് വർഷങ്ങളായി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഈ വർഷം ഓണക്കാലത്ത് പാൽ ലോഡുകൾക്ക് റാൻഡം പരിശോധന മാത്രമാക്കി സർക്കുലർ ഇറക്കിയത് ഈ സംവിധാനത്തെ ദുർബലപ്പെടുത്തി. ഇവിടത്തെ അവസ്ഥയെന്താണ്; പശു എന്റെ തൊഴുത്തിലും കയർ അയൽക്കാരന്റെ വീട്ടിലുമാണെന്ന അവസ്ഥയാണ്. പാലിന്റെ ഗുണനിലവാരത്തെക്കുറിച്ച് അന്വേഷിക്കാനും പഠിക്കാനും പരിശോധിക്കാനും നടപടി സ്വീകരിക്കാനുമുള്ള അവകാശം ക്ഷീരവികസന വകുപ്പിനല്ലേ നൽകേണ്ടത്? പക്ഷെ, ക്ഷീരവികസന വകുപ്പ് ഒരു സ്ഥലത്തും ഭക്ഷ്യ വകുപ്പ് വേറൊരു സ്ഥലത്തും എന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. രണ്ട് വകുപ്പുകളിലെയും മന്ത്രിമാർ വിചാരിച്ചാൽ ഒരു ദിവസംകൊണ്ട് പരിഹരിക്കാവുന്ന വിഷയമാണിത്. ഗുണനിലവാരമില്ലാത്ത പാൽ കേരളത്തിലെത്തുന്നത് ഫലപ്രദമായി തടയാൻ കഴിയുന്നില്ല. പാൽ പരിശോധന നടത്താനുള്ള നിയമപരമായ കർത്തവ്യം ക്ഷീരവികസന

വകുപ്പിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നത് ഗുണകരമാകും. ഇക്കാര്യത്തിൽ നിങ്ങൾ യോജിക്കുമോ ഇല്ലയോയെന്ന് എനിക്കറിയില്ല. ഞാനൊരു നിർദ്ദേശം മുന്നോട്ടുവച്ചെന്നുമാത്രം. ഇപ്പോൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധന പലപ്പോഴും കാലതാമസമെടുക്കുന്ന രീതിയിലാണ്. ഭക്ഷ്യ സുരക്ഷാ വകുപ്പുമായി ബന്ധപ്പെട്ട് ലൈസൻസിംഗ്, മാലിന്യ നിയന്ത്രണ നിയമങ്ങൾ എന്നിവ കർഷക സൗഹൃദമാക്കണം. ക്ഷീര കർഷകനെ വിള കർഷകന് തുല്യമായി കണക്കാക്കി ആനുകൂല്യങ്ങൾ നൽകാറില്ല. അവരും കർഷകരല്ലേ; അവരെ എന്തുകൊണ്ടാണ് അതിൽ ഉൾപ്പെടുത്താത്തത്; അവർക്ക് ഒരു സപ്പോർട്ട് നൽകണ്ടേ? അതുപോലെ കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കാനാകണം. അതിവിടെ സൂചിപ്പിച്ചുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. ശ്രീ. ഷാഫി പറമ്പിൽ പരാമർശിച്ചതുപോലെ 5 ശതമാനം ജി.എസ്.ടി. പാൽ ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയത് ഗുണകരമാണോ? ക്ഷീര സഹകരണ സംഘങ്ങളെ ആദായ നികുതി പരിധിയിൽ ഉൾപ്പെടുത്തി. ക്ഷീര മേഖലയിൽ സെൻട്രൽ സെക്ടർ സ്കീമുകൾ വളരെ കുറവാണ്. ക്ഷീര കർഷകർക്ക് സൗജന്യമായി 24 മണിക്കൂറും

വെറ്ററിനറി സേവനം, ഇൻഷ്വർ ചെയ്യാത്ത പശുക്കൾക്കാവശ്യമായ ഘട്ടങ്ങളിൽ സഹായം എന്നിവ ലഭ്യമാക്കണം. എന്റെ നിയോജകമണ്ഡലത്തിലുണ്ടായ ഒരു സംഭവം പരാമർശിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഞാൻ നേരിട്ടുകണ്ട് ബോദ്ധ്യപ്പെട്ട സംഭവമാണ്. ഒരു വീട്ടിൽ ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീക്ക് ആകെ ഉണ്ടായിരുന്നത് മൂന്ന് പശുക്കളാണ്. അവർ ഈ മൂന്ന് പശുക്കളെയും മക്കളെപ്പോലെ കണ്ടിരുന്നതാണ്. ഒരു ഇടിവെട്ടിൽ മൂന്ന് പശുക്കളും ഒറ്റയടിക്ക് ചത്തുപോയി. പശു ചത്തതിന്റെ സാമ്പത്തിക നഷ്ടത്തേക്കാൾ ഉപരി മക്കൾപോയ വിഷമത്തിലാണ് ആ സ്ത്രീ നിൽക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഇക്കാര്യം സൂചിപ്പിച്ചു. യാതൊരു നിവൃത്തിയുമില്ലാത്ത വളരെ പാവപ്പെട്ട ഒരു സ്ത്രീയാണവർ. അവർ ഒരു കൂരയിലാണ് കിടക്കുന്നത്. പശുവിന് ഇൻഷ്വറൻസ് എടുക്കാൻ പോകാൻ അവർക്ക് അറിയാമോ; മറ്റ് സാങ്കേതികവിദ്യകൾ അവർക്ക് അറിയാമോ; ഒരു സഹായവും നൽകാൻ സാധിച്ചില്ല. മിൽമ 25,000 രൂപയും ക്ഷീര വികസന വകുപ്പ് 40,000 രൂപയും നൽകി. അതൊന്നും നൽകിയില്ലായെന്ന് ഞാൻ പറയുന്നില്ല. ഞാൻ

ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുകയല്ല, വ്യക്തിപരമായി ഞാൻ അപേക്ഷിക്കുന്നു, she deserves the support. ആ അവസ്ഥയിൽ നിൽക്കുന്ന ഒരു കർഷകയെ സപ്പോർട്ട് ചെയ്യാവുന്ന ഒരു സിസ്റ്റം നമ്മുടെ ഡിപ്പാർട്ടുമെന്റിൽ ഇല്ലെന്ന് പറയുമ്പോൾ, ഒരു ജീവിതം മുഴുവൻ മൂന്ന് പശുക്കൾക്കുവേണ്ടി മാറ്റിവച്ച് തന്റെ കൺമുമ്പിൽ മക്കൾ മരിക്കുന്നതുപോലെ മൂന്ന് പശുക്കളും ഇടിവെട്ടേറ്റ് മരിച്ചുവീണ ഒരു കേസ് പറയുമ്പോൾ, അവരെ സപ്പോർട്ട് ചെയ്യാൻ സാധിക്കാത്ത "red tapism" പോലുള്ള സിസ്റ്റമാണ് ഇവിടെ നിലനിൽക്കുന്നത്. അവർക്ക് വീട് നിർമ്മിച്ച് നൽകാൻ ഞാൻ പരിശ്രമിക്കുന്നുണ്ട്. എന്നെക്കൊണ്ട് കഴിയുന്ന സഹായം അവർക്ക് ചെയ്യും. ക്ഷീരകർഷകരുടെ എണ്ണം കോളങ്ങളിൽ അടയാളപ്പെടുത്തിയതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. We should have a substantial approach, അതല്ലെങ്കിൽ നമ്മുടെ അപ്രോച്ച് മാറ്റണം. കർഷകരെ ആത്മാർത്ഥമായി സഹായിക്കുന്ന, അവരെ കൈപിടിച്ചുയർത്തുന്ന ഒരു സമീപനം ഉണ്ടാകണം. Minister, you are desirous to do many things, പക്ഷെ, ഇതൊരു അവസരമാക്കി മാറ്റണം. ക്ഷീരമേഖല നിലനിൽക്കണമെന്ന്

ആഗ്രഹിക്കുന്നുണ്ടെങ്കിൽ you should come out with policies, you should be able to support them. അല്ലാതെ ദാരിദ്ര്യത്തിൽ കഴിയുന്ന അവരെ, കോർപ്പറേറ്റുകൾക്കെതിരെ സമരം ചെയ്യാൻ കൊണ്ടുവരുമെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ? ഇവിടെ ഒരു കോർപ്പറേറ്റ് വേണ്ടേ? മൂവാറ്റുപുഴയിൽനിന്നും കുപ്പിയിൽ അയയ്ക്കുന്ന പാൽ എറണാകുളത്ത് 70-75 രൂപയ്ക്ക് വാങ്ങാൻ ആളുണ്ട്. ഒറ്റ കാര്യമേയുള്ളൂ, they know that this is quality milk. ക്വാളിറ്റി മിൽക്കിന് വില കൂടും. പാലിന്റെ വില കൂടിയേ പറ്റൂ, കൂടും, അത് കൂടാതിരുന്നിട്ട് കാര്യമില്ല; പാലിന്റെ വില കൂട്ടിയത് വലിയ പ്രശ്നമായി നമ്മളെല്ലാവരും പരാമർശിക്കും. കർഷകരെ നിലനിർത്തണമെങ്കിൽ അവർക്ക് പണം ലഭിക്കണം, അല്ലെങ്കിൽ സബ്സിഡി നൽകണം. ആ നിലയ്ക്കുള്ള ഒരു അപ്രോച്ച് അല്ലാതെ ക്ഷീര മേഖലയെ നമുക്ക് രക്ഷിച്ചെടുക്കാൻ കഴിയില്ല. Substantial intervention of the Government is required at the State. എനിക്ക് സംസാരിക്കാൻ സമയം അനുവദിച്ചതിന് നന്ദി പറഞ്ഞുകൊണ്ടും ഇതിന്റെ പ്രോസസ്സിൽ പാർട്ടാകാൻ കഴിഞ്ഞതിലുള്ള സന്തോഷം പങ്കുവച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഈ ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയുടെ ഉത്പാദനവും വിതരണവും ഗുണനിലവാരവും ഉറപ്പുവരുത്താനുള്ള ഒരു നിയമനിർമ്മാണമാണ്. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയുടെ നേതൃത്വത്തിൽ സെലക്ട് കമ്മിറ്റി രൂപീകരിച്ച് വിവിധ സ്ഥലങ്ങളിൽ സിറ്റിംഗ് നടത്തുകയും കർഷകരുമായി നേരിട്ട് സംവദിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മന്ത്രിയുടെ ആത്മാർത്ഥമായ പ്രവർത്തനത്തെയും താല്പര്യത്തെയും ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. സെലക്ട് കമ്മിറ്റിയുടെ ഭാഗമായി നല്ല അനുഭവമാണ് ഉണ്ടായത്. അതോടൊപ്പം ഒന്നുരണ്ട് കാര്യങ്ങൾകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാലിത്തീറ്റയുടെ ഗുണനിലവാരം മാത്രമല്ല, തീറ്റ വസ്തുക്കളുടെ ലഭ്യതക്കുറവ്, തീറ്റ വസ്തുക്കളുടെ ക്രമാതീതമായ വിലവർദ്ധനവ്, ഉത്പന്നങ്ങൾക്ക് ഫാമിൽ ലഭിക്കുന്ന വിലയുടെ കുറവ്, പച്ചപ്പുൽപോലുള്ള പ്രാദേശിക തീറ്റ വിഭവങ്ങളുടെ ലഭ്യതക്കുറവ് തുടങ്ങിയവയാണ് ഇന്ന് കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന

പ്രധാന വെല്ലുവിളികൾ. കേരളത്തിൽ തീറ്റവസ്തുക്കളുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ കർശനമായി നടപ്പാക്കാൻ ശ്രമിക്കുമ്പോൾ നാം നേരിടാൻ പോകുന്ന രണ്ട് പ്രധാന വെല്ലുവിളികളുണ്ട്. ഒന്ന്, ചെറുകിട തീറ്റനിർമ്മാതാക്കൾക്ക് നിയമപ്രകാരമുള്ള ലൈസൻസ് നേടാനുള്ള നൂലാമാലകൾ നീക്കുന്നതിനും പ്രാദേശികമായി അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനും അധികമായി തുക ചെലവഴിക്കേണ്ടി വരികയാണ്. ഇത് ചെറുകിട നിർമ്മാതാക്കളെ വലിയ പ്രതിസന്ധിയിലാക്കുകയും ഈ രംഗം വിട്ടുപോകാൻ ഇടയാക്കുകയും ചെയ്യും. രണ്ട്, നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാനായി ഉണ്ടായേക്കാവുന്ന അധിക ചെലവുകളുടെ ഭാരം ആത്യന്തികമായി ഉപഭോക്താക്കളിലേയ്ക്ക് തന്നെയാണ് എത്തിച്ചേരുക. നിലവിൽ വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടിയ കർഷകർ വീണ്ടും വലിയ വിലവർദ്ധനവിന്റെ ദുരിതക്കയത്തിലേയ്ക്കാണ് പോകുന്നത്. ഒരു ലിറ്റർ പാലിന് മിൽമ കൊടുക്കുന്നത് 58 രൂപയാണ്. ഇതിൽ കർഷകന് ശരാശരി 40 രൂപയാണ് ലഭിക്കുന്നത്. ഇതിന് കർഷകൻ ചെലവാക്കേണ്ടിവരുന്ന തുക

വളരെ വലുതാണ്. വൈക്കോലിനും പുല്ലിനും കാലിത്തീറ്റയ്ക്കും ഉൾപ്പെടെ മറ്റ് ചെലവുകളുമൊക്കെ കഴിഞ്ഞ് ഒരു കർഷകന് ഒരു ദിവസം ശരാശരി 320 രൂപയോളമാണ് ലഭിക്കുന്നത്. കർഷകന്റെ അദ്ധ്വാനത്തിന്റെ മൂല്യംകൂടി കണക്കിലെടുത്താൽ നഷ്ടങ്ങളുടെ കണക്ക് മാത്രമാണ് സൂചിപ്പിക്കാനുള്ളത്. തീറ്റ വസ്തുക്കളുടെ ലഭ്യതക്കുറവാണ് കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം. വൈക്കോലും പച്ചപ്പുല്ലുമൊന്നും ലഭിക്കാനില്ല. ഇവപോലും ഇപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. സംസ്ഥാനത്ത് ഒരു വർഷം 6.11 കോടി ടൺ പച്ചപ്പുല്ലാണ് ആവശ്യമുള്ളത്. എന്നാൽ ഇവിടെ ലഭ്യമാകുന്നത് 2.24 കോടി ടൺ മാത്രമാണ്. വേനൽക്കാലത്ത് തീറ്റവസ്തുക്കളുടെ ലഭ്യത കുറയുന്നത് പാലിന്റെ അളവ് കുറയുന്നതിനും കാരണമാകുന്നുണ്ട്. അതുപോലെ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചപ്പുല്ലിന്റെയും വൈക്കോലിന്റെയും മറ്റ് തീറ്റവസ്തുക്കളുടെയുമൊക്കെ വിലവർദ്ധനവിനുള്ള പ്രധാന കാരണം ഇന്ധന വിലവർദ്ധനവാണ്. കേരള ഫീഡ്സും മിൽമയും വില കൂട്ടുമ്പോൾ അത്രതന്നെ ഗുണനിലവാരമില്ലാത്ത സ്വകാര്യ കമ്പനികളും

ഇതിന്റെ ഭാഗമായി വിലകൂട്ടുകയാണ്. തീറ്റനിർമ്മാണത്തിലെ അസംസ്കൃത വസ്തുക്കളായ ചോളം, തവിട് തുടങ്ങിയവ വിലകുറയുന്ന സീസണിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് വലിയ അളവിൽ സംഭരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ഗോഡൗണുകളുടെ അഭാവമുണ്ട്. ഇത് തീറ്റയുടെ വിലവർദ്ധനവിന് ഇടയാക്കുന്നുണ്ട്. ഒരു വലിയകെട്ട് വൈക്കോലിന് 450 രൂപ മുതൽ 500 രൂപ വരെ കൊടുക്കേണ്ടിവരുന്നു. വിലക്കയറ്റംമൂലം കർഷകർ വൈക്കോൽ എടുക്കുന്നത് കുറച്ചത് സംസ്ഥാനത്തെ പാലുൽപ്പാദനത്തിലും വലിയ തോതിൽ പ്രതിഫലിക്കുകയാണ്. പല കർഷകരും കാർഷികരംഗം വിട്ടുപോകുന്നതിനും ഇത് കാരണമാകുന്നുണ്ട്. സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് കർഷക സംഘങ്ങൾ വഴി നൽകുന്ന കാലിത്തീറ്റ മാസങ്ങളായി മുടങ്ങിക്കിടക്കുകയാണ്. പാലിന് നൽകുന്ന സബ്സിഡിയും വേനൽക്കാല ഇൻസെന്റീവും ഇപ്രകാരം മുടങ്ങിക്കിടക്കുകയാണ്. സംസ്ഥാനത്ത് തുടർന്നുവരുന്ന ചെലവേറിയ കാലിത്തീറ്റാധിഷ്ഠിത തീറ്റരീതിയിൽനിന്നും ചെലവ് കുറഞ്ഞ നാരധിഷ്ഠിത തീറ്റരീതിയിലേയ്ക്ക് മാറിയാൽ മാത്രമേ ക്ഷീരമേഖലയെ ലാഭകരമായി മാറ്റാൻ

സാധിക്കുകയുള്ളൂവെന്നാണ് ഈ രംഗത്തെ വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്. ഈ മേഖലയിൽ പണിയെടുക്കുന്ന ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കണമെന്നാണ് ഇതോടൊപ്പം സൂചിപ്പിക്കാനുള്ളത്. അങ്ങനെയൊരു നിർദ്ദേശം പല ഭാഗങ്ങളിൽനിന്നും ഉണ്ടാകുന്നുണ്ട്. കഴിഞ്ഞ ദിവസം വില്ല്യാപ്പള്ളിയിലെ തിരുമന ക്ഷീരവികസന സഹകരണ സംഘത്തിൽ പോയപ്പോൾ സ്ത്രീകളാണ് അവിടെ ക്ഷീരകർഷകരായിട്ടുള്ളത്. അവരുടെ പ്രധാന ആവശ്യമായിരുന്നു ഇത്. മുനിസിപ്പാലിറ്റിയിലൊക്കെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ക്ഷീരകർഷകർ മാറുന്നുണ്ട്. സൊസൈറ്റിയിൽ പാൽ അളന്നുകൊടുക്കുന്ന ക്ഷീര കർഷകരെയാണ് അവർ ഉൾപ്പെടുത്തിയിരുന്നത്. ഈ പദ്ധതി പഞ്ചായത്തുകളിൽക്കൂടി വ്യാപിപ്പിച്ചാൽ ക്ഷീരകർഷകർക്ക് വലിയ ആശ്വാസം ലഭിക്കും. അതിനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തര ഇടപെടൽ ഇക്കാര്യത്തിൽ അനിവാര്യമാണ്. അങ്ങനെയാണെങ്കിൽ ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ നമുക്ക് സാധിക്കും. ഈ മേഖലയുമായി ബന്ധപ്പെട്ട്

ധാരാളം കാര്യങ്ങൾ മനസ്സിലാക്കാനും കർഷകരുടെ അഭിപ്രായങ്ങൾ ഒരു പരിധി വരെ ഈ ബില്ലിൽ ഉൾപ്പെടുത്താനും സാധിച്ചിട്ടുണ്ട്. ഈ മേഖലയെ ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്. കർഷകർ വലിയ തോതിലുള്ള പ്രയാസങ്ങൾ എല്ലായിടത്തും അനുഭവിക്കുന്നുണ്ട്. ഒരു പശുവിനെ വളർത്തുകയെന്നത് വളരെ പ്രയാസമാണ്. സ്ത്രീ തൊഴിലാളികളാണ് ഈ മേഖലയിൽ കൂടുതലായിട്ടുള്ളത്. അതിനാൽ ഇക്കാര്യങ്ങളിൽക്കൂടി സർക്കാരിന്റെ ശ്രദ്ധ ഉണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപ്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. 2022 നവംബർ 3-ാം തീയതി ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി നടത്തിയ ഒരു പ്രഖ്യാപനമുണ്ട്. 2022-ലെ കേരള

കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപ്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ, സംസ്ഥാനത്തെ ക്ഷീര-കോഴി കർഷകരുടെ താൽപര്യം സംരക്ഷിച്ചതിനുശേഷം മാത്രമെ നടപ്പാക്കുകയുള്ളൂ എന്നാണ് മന്ത്രി പ്രഖ്യാപിച്ചത്. മിൽമയും കേരള ഫീഡ്സും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കേരളത്തിലെ ക്ഷീരകർഷകരുടെ കന്നുകാലിത്തീറ്റ ആവശ്യകതയുടെ അമ്പത് ശതമാനത്തിൽത്താഴെ മാത്രമേ നിറവേറ്റാൻ പര്യാപ്തമാകു എന്നതിനാൽ സംസ്ഥാനത്തെ ഭൂരിഭാഗം കർഷകരും മറ്റ് സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന തീറ്റയെയാണ് ആശ്രയിക്കുന്നത്. കൂടാതെ, ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന തീറ്റകളുടെ ഗുണനിലവാരത്തെക്കുറിച്ചും അത്തരം തീറ്റകളിൽ മായം ചേർക്കുന്നത് കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചും കർഷകർ നിരവധി പരാതികൾ ഉന്നയിച്ചിരുന്നു. അതിനാൽ ബിൽ നിയമമാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. ഞാൻ ഒരു സംശയം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രതിദിനം മൃഗാശുപത്രികളിൽ എത്തുന്ന പശുക്കൾ ഉൾപ്പെടെയുള്ളവയിൽ

പകുതിയോളം മൃഗങ്ങൾക്കും ഉദരസംബന്ധമായ അസുഖങ്ങൾ കണ്ടെത്തിയതോടെയാണ് മൃഗങ്ങൾക്ക് നൽകുന്ന ഭക്ഷണത്തെക്കുറിച്ച് ക്ഷീരവകുപ്പും മൃഗസംരക്ഷണ വകുപ്പും സംശയം പ്രകടിപ്പിച്ചത്. രാജ്യം കന്നുകാലിത്തീറ്റക്ഷാമം അനുഭവിക്കുകയാണെന്ന് കേന്ദ്ര മത്സ്യ-മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീ. പർഷോത്തം രൂപാല വ്യക്തമാക്കുകയുണ്ടായി. രാജ്യത്ത് ഒരു വർഷം 12.15 ശതമാനം ഗ്രീൻ ഫോഡറിന്റെയും 25 ശതമാനം ഡ്രൈ ഫോഡറിന്റെയും 36 ശതമാനം കോൺസൺട്രേറ്റഡ് ഫോഡറിന്റെയും കുറവുണ്ടെന്നാണ് കേന്ദ്രമന്ത്രി വ്യക്തമാക്കിയത്. കഴിഞ്ഞ കുറെ വർഷങ്ങളായി രാജ്യത്ത് പാൽ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കന്നുകാലിത്തീറ്റയുടെ അപര്യാപ്തതയാണ് ഇതിന് കാരണം. കന്നുകാലിത്തീറ്റയുടെ ക്ഷാമത്തിനുള്ള കാരണങ്ങളെക്കുറിച്ച് നാം ചിന്തിക്കുകയും പരിശോധിക്കുകയും ചെയ്യണം. നഗരവൽക്കരണത്തിനും വാണിജ്യവിളകൾക്കും മറ്റുമായി നാം ഭൂമിയെ ഇഷ്ടാനുസരണം മാറ്റിമറിച്ചതിലൂടെ കന്നുകാലിത്തീറ്റയ്ക്ക് ക്ഷാമം അനുഭവപ്പെട്ടു. “It is ironic that on one hand farmers are burning stubble, while on the

other they are facing the fodder problem," ഇപ്രകാരം പരാമർശിച്ചത് കേന്ദ്ര മന്ത്രി ശ്രീ. പർഷോത്തം രൂപാലയാണ്. കാലിത്തീറ്റയുടെ വിലവർദ്ധനവ് പാലുൽപ്പാദനത്തെ ഗണ്യമായി ബാധിക്കും. കേരളീയനെ സംബന്ധിച്ചിടത്തോളം പാലിന്റെ ഉൽപ്പാദനക്കുറവ് ഒരിക്കലും സഹിക്കാൻ കഴിയില്ല. 1970 കാലഘട്ടത്തിൽ ഒന്നാം ക്ലാസ്സിൽ പഠിക്കാനുള്ള 'പശു' എന്ന പാഠം ഞാൻ ഓർക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ചിലപ്പോൾ ഈ പാഠം പഠിച്ചിട്ടുണ്ടാകാം. 'അമ്മ എനിക്ക് കാച്ചിയ പാൽ തരും. അത് കുടിക്കാഞ്ഞാൽ അമ്മ കരയും. എന്തിനാണ് അമ്മ കരയുന്നത്. ഞാൻ അച്ഛനോളം വലുതാകണം.' നമ്മുടെ സമൂഹത്തിൽ പാലിന് അത്രമാത്രം ബന്ധമുണ്ട്. ഈ ആക്ടിൽ നിയമം ലംഘിക്കുന്നവർക്കെതിരെയുള്ള ശിക്ഷകളെപ്പറ്റി പരാമർശിക്കുന്നുണ്ട്.

ശിക്ഷ-(1) ഈ ആക്ടിലെ 19-ാം വകുപ്പിൻകീഴിലുള്ള ഒരു അന്വേഷണത്തിൽ, ഒരാൾ ഈ ആക്ടിലെയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റഗുലേഷനുകളിലേയോ

ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതായി ലൈസൻസിംഗ് അതോറിറ്റി കണ്ടെത്തിയാൽ,

(എ) ആദ്യത്തെ ലംഘനമാണെങ്കിൽ, അറുപത് ദിവസത്തിൽ കുറയാത്തതും ആറ് മാസംവരെയാകാവുന്നതുമായ കാലയളവുവരെ അയാളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തുകൊണ്ടും അല്ലെങ്കിൽ അൻപതിനായിരം രൂപവരെയാകാവുന്നതും എന്നാൽ ഇരുപത്തിഅയ്യായിരം രൂപയിൽ കുറയാത്തതുമായ പിഴയും അല്ലെങ്കിൽ രണ്ടിനും കൂടിയും, കൂടാതെ

(ബി) രണ്ടാമത്തെ ലംഘനമാണെങ്കിൽ, ആറ് മാസത്തിൽ കുറയാത്തതും ഒരു വർഷം വരെയാകാവുന്നതുമായ കാലയളവുവരെ അയാളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തുകൊണ്ടും അല്ലെങ്കിൽ രണ്ട് ലക്ഷം രൂപവരെയാകാവുന്നതും എന്നാൽ അൻപതിനായിരം രൂപയിൽ കുറയാത്തതുമായ പിഴയും അല്ലെങ്കിൽ രണ്ടിനും കൂടിയും അയാൾ ശിക്ഷിക്കപ്പെടുന്നതാണ്.

ഇതിപ്പോൾ 'കുളിപ്പിച്ച് കുളിപ്പിച്ച് കുട്ടിയില്ലാതായി' എന്നുപറയുന്നതുപോലെയാണ്. ഇങ്ങനെയായാൽ കന്നുകാലിത്തീറ്റ

വിൽക്കുന്ന ഒരു സ്ഥാപനവും നമ്മുടെ നാട്ടിൽ നിലനിൽക്കുകയില്ല. ഗ്രാമപ്രദേശങ്ങളിൽ കന്നുകാലിത്തീറ്റയും പിണ്ണാക്കുപോലുള്ള സാധനങ്ങളും ചെറിയ കടകൾവഴിയാണ് വിൽക്കുന്നത്. ക്ഷീരകർഷകരെ സംബന്ധിച്ച് ഇത്തരം സാധനങ്ങൾ പെട്ടെന്ന് ലഭ്യമാകാൻ അതുമാത്രമെ വഴിയുള്ളൂ. അങ്ങനെയുള്ളവരിൽനിന്ന് പിഴ ഈടാക്കുകയോ അല്ലെങ്കിൽ അവരോടെല്ലാം ലൈസൻസ് എടുക്കണമെന്ന് നിർബന്ധം പിടിക്കുകയോ ചെയ്താൽ ക്ഷീരകർഷകർക്ക് വലിയ പ്രയാസമുണ്ടാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. നാട്ടിൻപുറങ്ങളിലെ കർഷകരിൽ ചിലർക്ക് ഒരു പശുവും മറ്റുചിലർക്ക് ഒന്നിൽ കൂടുതലും ഉണ്ടാകാം. നമുക്ക് നമ്മുടേതായ പാരമ്പര്യരീതികളുണ്ട്. തൊട്ടടുത്ത വീട്ടിൽ കൃഷിക്കാരനുണ്ടെങ്കിൽ അവരിൽനിന്ന് വയ്ക്കോൽ വാങ്ങിയാണ് നമ്മുടെ വീട്ടിലെ പശുക്കൾക്ക് നൽകിയിരുന്നത്. അതുപോലെ പിണ്ണാക്ക് നല്ലൊരു കാലിത്തീറ്റയാണ്. ഇതിനുപുറമെ ബദൽതീറ്റകളായ ചോളപ്പൊടി, വിവിധതരം പിണ്ണാക്കുകൾ, ഗോതമ്പ്, തവിട് തുടങ്ങിയവ വിപണിയിൽ സുലഭമാണ്. കന്നുകാലികൾ ഇഷ്ടപ്പെടുന്നതും സമ്പുഷ്ടവുമായ ഒരു തീറ്റയാണ് പച്ചപ്പുല്ല്. ഈ ബിൽ

നിയമമായാൽ പച്ചപ്പുല്ലിനെ ആശ്രയിച്ച് കഴിയുന്ന ക്ഷീരകർഷകരുടെ സ്ഥിതി എന്താകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: നാൽപ്പതോളം വകുപ്പുകളാണ് ഈ ബില്ലിലുള്ളത്. ബഹുമാനപ്പെട്ട അംഗം സമയക്രമം പാലിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പെട്ടെന്നുതന്നെ അവസാനിപ്പിക്കാം. ക്ഷീരകർഷകർ നാടിന്റെ അഭിമാനമാണ്. ഒരു വീട്ടിൽ ഒരു പശുവുണ്ടാകുകയെന്നത് ആ വീടിന്റെ മാത്രമല്ല നാടിന്റെ മുഴുവൻ ഐശ്വര്യമാണ്. പഴയകാലത്ത് നാട്ടിൻപുറത്തെ പ്രമാണി ആരാണെന്ന് ചോദിച്ചാൽ, അന്ന് നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുന്നത് ആ നാട്ടിലെ പശു വളർത്തുന്ന ഒരാളെയായിരിക്കും. വിവിധ സർക്കാർ സബ്സിഡികൾ നിർത്തലാക്കിയതോടെ ചെറുകിട കർഷകരിൽ പലരും ക്ഷീരമേഖലയിൽനിന്നും പിൻവാങ്ങുന്ന അവസ്ഥയാണ് നിലവിലുള്ളത്. ക്ഷീരകർഷകർ നാട്ടിൻപുറങ്ങളിൽനിന്നും അപ്രത്യക്ഷരാകുകയാണ്. കാലത്തീറ്റ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളിൽ സിംഹഭാഗവും

എത്തുന്നത് തമിഴ്നാട്, ആന്ധ്രാ പ്രദേശ്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽനിന്നാണ്. ഏതെങ്കിലും അസംസ്കൃതവസ്തുക്കൾ ലഭിക്കാത്ത സന്ദർഭത്തിൽ ഗുണമേന്മ കുറഞ്ഞ വസ്തുക്കളോ മണ്ണോ, ചിലയിനം ഇലകളോ ചേർക്കുകയാണ് പതിവ്. ഇതുസംബന്ധിച്ചുള്ള അന്വേഷണം നടത്താനുള്ള വകുപ്പ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുപോലെ പൊതുമേഖലയിൽ നാല് കാലിത്തീറ്റ ഫാക്ടറികളാണുള്ളത്. ഇവിടെ ശരാശരി പ്രതിദിന ഉൽപ്പാദനം രണ്ടായിരം ടണ്ണാണ്. കേരളത്തിൽ പതിനാല് ലക്ഷം കാലികളുണ്ടെന്നാണ് കണക്ക്. ഒരു കന്നുകാലിക്ക് നൂറ് ഗ്രാം തീറ്റപോലും ലഭിക്കുകയില്ല. ഒരു ലിറ്റർ പാൽപോലും ഉൽപ്പാദിപ്പിക്കാത്ത പശുവിന് പ്രതിദിനം രണ്ട് കിലോ തീറ്റ അനിവാര്യമാണ്. പ്രധാനപ്പെട്ട ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: പ്ലീസ്....നാൽപ്പതോളം വകുപ്പുകളുള്ളതിനാൽ ഇനി വഴങ്ങേണ്ടതില്ല.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, അങ്ങയുടെ സമ്മതത്തോടെ കേവലം ഒരു മിനിട്ട് അനുവദിച്ചാൽ മതി.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞാൻ പ്രധാനപ്പെട്ടൊരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഇത് ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ചർച്ച ചെയ്യുന്ന ഒരു ബില്ലാണ്. മിൽമയെ തകർക്കാൻ കേരളത്തിന്റെ അതിർത്തിയിൽ 'നന്ദിനി' പോലെയുള്ള കമ്പനികളുടെ പാലൊഴുകുന്നുണ്ട്. അത്തരം ഉൽപ്പന്നങ്ങൾ തടയേണ്ടതായിട്ടുണ്ട്. മിൽമയുടെയും ക്ഷീരകർഷകരുടെയും ക്ഷേമത്തിനായി മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പളയിൽ കോടിക്കണക്കിന് രൂപ ചെലവിട്ട് എല്ലാ സൗകര്യങ്ങളോടുംകൂടി ഒരു ബഹുനില കെട്ടിടം ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. പ്രസ്തുത ചടങ്ങിൽ ഞാനും പങ്കെടുത്തിരുന്നു. ആ സ്ഥാപനം കഴിഞ്ഞ ഏതാനും മാസങ്ങളായി പതുക്കെപ്പതുക്കെ പൂട്ടിക്കൊണ്ടിരിക്കുകയാണ്. ആവശ്യത്തിന് ജീവനക്കാരില്ലെന്ന കാരണം ചൂണ്ടിക്കാട്ടിയാണ് പൂട്ടുന്നത്. മഞ്ചേശ്വരം ക്ഷീര വികസനരംഗത്ത് മികച്ച

മുന്നേറ്റം നടത്തിയ പ്രദേശമാണ്. അവിടെയുള്ള ഈ സ്ഥാപനം നശിക്കുകയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എന്റെ തൊട്ടടുത്ത മണ്ഡലമാണ് മഞ്ചേശ്വരം. മഞ്ചേശ്വരം മണ്ഡലത്തിലെ പ്രസ്തുത സ്ഥാപനം പ്രവർത്തനക്ഷമമാക്കാൻ ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി കാര്യമായ ഇടപെടൽ നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നിലവിൽ തദ്ദേശ സ്ഥാപന പദ്ധതിയിലൂടെ കർഷകന് ഒരു വർഷം നൽകാവുന്നത് പരമാവധി 10,000 രൂപയുടെ കാലിത്തീറ്റയാണ്. ഇതുകൊണ്ട് 12 ചാക്ക് തീറ്റ വാങ്ങാൻ മാത്രമേ സാധിക്കുകയുള്ളൂ. നാല് പശുക്കളെ വളർത്തുന്ന ഒരു കർഷകന് 12 ചാക്ക് തീറ്റ എന്നത് വളരെ കുറവാണ്. ഒരു പശുവിന് മാസംതോറും ഒരു ചാക്ക് തീറ്റയെങ്കിലും സബ്സിഡിയായി നൽകണം. നിലവിൽ കർഷകനാണ് സബ്സിഡി നൽകുന്നത്. ആ സബ്സിഡി പശുവിന് നൽകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പശുക്കളുടെ എണ്ണം നോക്കി സബ്സിഡി നൽകിയാൽ പാലുല്പാദനം വർദ്ധിക്കുകയും കൂടുതൽ കർഷകരെ ഈ

മേഖലയിലേയ്ക്ക് ആകർഷിക്കാൻ സാധിക്കുകയും ചെയ്യും. കന്നുകുട്ടികൾക്കുള്ള കാലിത്തീറ്റ പദ്ധതി നിലവിലില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. കുള്ളൻ പശുക്കൾ കാസർഗോഡ് മാത്രമുള്ളതാണ്. അവ വെച്ചൂർ പശുക്കൾ എന്നും അറിയപ്പെടുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ബദിയടുക്ക പഞ്ചായത്തിൽ അതിന്റെ ഒരു ഉല്പാദന കേന്ദ്രമുണ്ട്. കേരളത്തിലെ മറ്റ് ജില്ലകളിൽ കുള്ളൻ പശുക്കളില്ലാത്തതിനാൽ ഈ കേന്ദ്രത്തെ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. മാത്രമല്ല, ഈ പശുവിന്റെ മൂത്രം ഔഷധമാണെന്നാണ് പറയുന്നത്. അതുസംബന്ധിച്ച് പരിശോധന/ഗവേഷണങ്ങൾ നടത്തണം. ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ബദിയടുക്ക സന്ദർശിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉല്പാദനവും

വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാന്യയായ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി, സെലക്ട് കമ്മിറ്റി റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഇവിടെ അവതരിപ്പിച്ച ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ ഉൽപ്പാദിപ്പിക്കലും വിൽപ്പന നടത്തലും നിയന്ത്രിക്കലുമാണ് ഈ ബില്ലിന്റെ പ്രധാന കണ്ടന്റ്. ഈ ബില്ലുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങളിൽ എനിക്ക് വലിയ വ്യക്തതയില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നിരവധി സാമാജികർ സംസാരിക്കുകയുണ്ടായി. ചിലർ വിയോജനക്കുറിപ്പ് അവതരിപ്പിച്ചുകൊണ്ടും മറ്റുചിലർ ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ടും സംസാരിച്ചു. ഈ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചവരിൽ മൂന്നോ നാലോ പേർ സെലക്ട് കമ്മിറ്റിയിലെ അംഗങ്ങളാണ്. അവരാണ് സെലക്ട് കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ടുമായി ബന്ധപ്പെട്ട് വിയോജനക്കുറിപ്പും ഭേദഗതിയും അവതരിപ്പിച്ചത്. 2019-ലെ കന്നുകാലി സെൻസസ് പ്രകാരം കേരളത്തിലെ

കന്നുകാലികളുടെ എണ്ണം 29.9 ലക്ഷമാണ്. അതുപോലെ കോഴി, താറാവ് മുതലായ വളർത്തുപക്ഷികളുടെ എണ്ണം 297.71 ലക്ഷമായിരുന്നു. പക്ഷിപ്പനിയും മറ്റ് കാരണങ്ങളുമായി ബന്ധപ്പെട്ട് നാശനഷ്ടങ്ങൾ വന്നിട്ടുണ്ടാകാം. എങ്കിലും ഉരുക്കളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്നു എന്ന് പറയുന്നതിൽ യാതൊരു യുക്തിയുമില്ല. ഇവിടെ 8 ലക്ഷത്തോളംപേർ പശുക്കളെ വളർത്തുന്നുണ്ട്. ഇവിടെ ക്ഷീരകർഷകരുടെ മാത്രം താല്പര്യമല്ല സംരക്ഷിക്കുന്നത്. പശുവിനെയും കോഴിയെയും താറാവിനെയും വളർത്തുന്നവർ ഗ്രാമീണ സമ്പദ്ഘടനയുടെ ശക്തി വർദ്ധിപ്പിക്കാനും സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താനും സഹായകരമായ നിലയിലുള്ള കാർഷികവൃത്തിയാണ് ചെയ്യുന്നത്. പ്രസ്തുത കാർഷിക വൃത്തിയിൽ ഏർപ്പെടുന്ന ഇവർ പശുവിന് കൊടുക്കുന്ന തീറ്റ അതിന്റെ ആരോഗ്യത്തിന് ഹാനികരമാണെങ്കിലും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കാൻ ആ തീറ്റ കൊടുത്താൽ സാധിക്കുമെങ്കിൽ അത് ഉപയോഗപ്പെടുത്തുകയാണ്. ഈ പാലും മാംസവുമെല്ലാം നമ്മൾ വാങ്ങി ഉപയോഗിക്കുകയാണ്. ഇത്തരം തെറ്റായ പ്രവണതകളും നടപടികളും മനുഷ്യസമൂഹത്തിന്റെ ജീവനും

ആരോഗ്യത്തിനും ഹാനികരമാണ്. പാലുൽപ്പാദനവുമായി ബന്ധപ്പെട്ട് ലാഭനഷ്ടം മാത്രം നോക്കുന്നത് ഗുണകരമല്ല. അത് ലാഭകരമാക്കണമെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷെ, ഇതുമായി ബന്ധപ്പെട്ട് കേരളീയ സമൂഹത്തിന് വന്നുചേരാൻ സാധ്യതയുള്ള ആപത്തും അപകടവും മുൻകൂട്ടി കണ്ടുകൊണ്ടാണ് ഇത്തരമൊരു അന്വേഷണവും പരിശോധനയും നടത്തിയത്. ശ്രീ. കുറുക്കോളി മൊയ്തീൻ ഇവിടെ സംസാരിച്ചത് ഞാൻ ശ്രദ്ധിച്ചു. ഗുജറാത്തിലും ആന്ധ്രാ പ്രദേശിലും ഉത്തർ പ്രദേശിലുമൊന്നുമില്ലാത്ത നിയമം ഇവിടെ എന്തിനാണെന്നും ഇതൊക്കെ കോർപ്പറേറ്റുകളെ സഹായിക്കാൻ വേണ്ടിയല്ലേയെന്നുമാണ് അദ്ദേഹം ചോദിച്ചത്. ഗുജറാത്തിലും മദ്ധ്യപ്രദേശിലും രാജസ്ഥാനിലും ഉത്തർ പ്രദേശിലുമൊന്നുമില്ലാത്ത ഒട്ടേറെ നിയമങ്ങൾ നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ലോകത്തുതന്നെ ആദ്യമായി നടപ്പാക്കിയൊരു സംസ്ഥാനമാണ് കേരളം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. നമ്മൾ അതിൽ അഭിമാനിക്കുന്നവരാണ്. ഗുജറാത്തിലും പഞ്ചാബിലും ആന്ധ്രാ പ്രദേശിലും നിയമമുണ്ടോയെന്ന് പരിശോധിച്ചശേഷം

നമുക്ക് നിയമം പാസ്സാക്കാൻ സാധിക്കില്ല. അതുകൊണ്ട് നിങ്ങൾ ഉയർത്തിപ്പിടിച്ച സംസ്ഥാനങ്ങളുടെ മാതൃക കേരളത്തിൽ നടപ്പാക്കണമെന്ന് പറയുന്നത് നിരർത്ഥകമാണ്. ഡോ. മാത്യു കുഴൽനാടൻ അക്കാദമിക്കായ നിരവധി കാര്യങ്ങൾ സംസാരിച്ചു. അത് അദ്ദേഹത്തിന്റെ അനുഭവമാണ്. പക്ഷെ, അക്കാദമിക് തലത്തിലുള്ള അനുഭവങ്ങൾ മാത്രം പോരാ, പ്രാക്ടിക്കലായ കാര്യങ്ങളും വേണം. ഇവിടെയിരിക്കുന്ന ശ്രീ. എ. പ്രഭാകരൻ നിരവധി പശുക്കളെ വളർത്തുന്ന വ്യക്തിയാണ്. ഡോ. മാത്യു കുഴൽനാടന്റെ വീട്ടിൽ പശു ഉണ്ടോയെന്ന് എനിക്കറിയില്ല. നമ്മുടെ രാജ്യവുമായി ബന്ധപ്പെട്ട അവസ്ഥയ്ക്ക് പരിഹാരം കാണാനാവശ്യമായ ബദൽ നയങ്ങളാണ് നമ്മൾ ഉയർത്തിപ്പിടിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഇത്തരത്തിൽ ബദൽ നയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു കൊച്ചുസംസ്ഥാനമാണ് കേരളം. ആയതിനാൽ ഈ മേഖലയെ നമുക്ക് എഴുതിത്തള്ളാൻ സാധിക്കില്ല. ഇതിന്റെ പരിതസ്ഥിതിയും സാധ്യതയും കണക്കിലെടുത്തുകൊണ്ട്

കാര്യങ്ങൾ കൈകാര്യം ചെയ്തുപോകാനുള്ള തയ്യാറെടുപ്പാണ് അനിവാര്യം. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ സൂചിപ്പിക്കാനുണ്ടെങ്കിലും ബഹുമാന്യനായ സ്പീക്കർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അതൊന്നും ഞാൻ വിശദീകരിക്കുന്നില്ല. ഈ നിയമം കൊണ്ടുവരാൻ ഇടയായ സാഹചര്യം, പാലിക്കേണ്ട ജാഗ്രതകൾ, നിയമം ലംഘിച്ചാൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന നിയമനടപടികൾ എന്നിവ സംബന്ധിച്ച് സവിസ്തരം ഈ ബില്ലിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പാക്കുന്ന ജനക്ഷേമകരമായ പദ്ധതികളുടെ ഭാഗമായിത്തന്നെ ഈ ബില്ലിനെയും കാണണം. ഈ ബില്ലുമായി ബന്ധപ്പെട്ട പ്രായോഗികാനുഭവങ്ങൾ ചർച്ച ചെയ്ത് പ്രശ്നങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഈ ബിൽ പാസ്സാക്കണമെന്ന അഭിപ്രായം ഞാൻ രേഖപ്പെടുത്തുന്നു.

8.00 PM]

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഈ ചർച്ചയിൽ പങ്കെടുത്ത ബഹുമാന്യരായ എം.എൽ.എ.-മാർക്കും സെലക്ട് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെയുള്ളവർക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ ആണ് ഇന്ന് ചർച്ചയ്ക്കെടുത്തത്. സുരക്ഷിതവും ഗുണനിലവാരവുമുള്ള തീറ്റ ഉറപ്പുവരുത്തുന്നതിനുള്ള ബില്ലാണ് ഇവിടെ ചർച്ചയ്ക്കെടുത്തത്. കേരളത്തിൽ ഏകദേശം 8,50,000 ക്ഷീരകർഷകരും 3600 ക്ഷീരസഹകരണ സംഘങ്ങളുമുണ്ട്. കേരളത്തിൽ നിന്നുള്ള 2.5 ലക്ഷം പേർ ക്ഷീരസഹകരണ സംഘങ്ങളിലെ അംഗങ്ങളാണ്. നിലവിൽ കറവപ്പശുക്കളുടെ എണ്ണം 6.4 ലക്ഷമാണ്. കേരളത്തിൽ ഒരു പശുവിൽനിന്ന് ലഭിക്കുന്ന ശരാശരി പാലിന്റെ അളവ് 10.2 ലിറ്ററാണ്. ഇന്ത്യയിൽ പാലുൽപ്പാദനത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം പഞ്ചാബും രണ്ടാം സ്ഥാനത്ത് കേരളവുമാണ്. പഞ്ചാബിനെപ്പോലെ ഉല്പാദനക്ഷമത കൈവരിക്കാൻ

കേരളത്തിന് എന്തുകൊണ്ട് സാധിച്ചില്ല; കാലിത്തീറ്റയുടെ വില വർദ്ധനവ് എന്നിവയെക്കുറിച്ച് നിരവധി അംഗങ്ങൾ ഇവിടെ പരാമർശിക്കുകയുണ്ടായി. കാലിത്തീറ്റയ്ക്ക് വില വർദ്ധനവുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. പഞ്ചാബും രാജസ്ഥാനും ഹരിയാനയും ആന്ധ്രാ പ്രദേശുംപോലുള്ള ഒരു സംസ്ഥാനമല്ല കേരളം. ജനങ്ങൾ തിങ്ങിനിറഞ്ഞു താമസിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ആയതിനാൽ ഇവിടെ വിപുലമായി തീറ്റപ്പുൽകൃഷി ഉൾപ്പെടെയുള്ളവ കൃഷി ചെയ്യാനുള്ള സൗകര്യം ലഭിക്കുന്നില്ല എന്നത് വാസ്തവമാണ്. കേരള ഫീഡ്സ് ലിമിറ്റഡ് ഉല്പാദിപ്പിക്കുന്ന ഫീഡുകളാണ് കേരളത്തിൽ ഇന്ന് കൂടുതൽ കർഷകരും വാങ്ങുന്നത്. എന്നാൽ, കേരളത്തിൽ സർക്കാർ മേഖലയിൽ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നത് കേരള ഫീഡ്സ് ലിമിറ്റഡും മിൽമയുമാണ്. കൂടാതെ യൂണിവേഴ്സിറ്റി അവരുടെതന്നെ മൃഗങ്ങൾക്കും മറ്റ് കോഴിവർഗ്ഗങ്ങൾക്കും കൊടുക്കാൻ വേണ്ടിയാണ് കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ ഉല്പാദിപ്പിക്കുന്നത്. എന്നാൽ, കേരളത്തിൽ ക്ഷീരകർഷകർക്കാവശ്യമായ ഫീഡിന്റെ 50 ശതമാനം മാത്രമാണ് ഉല്പാദിപ്പിക്കുന്നത്. കാരണം, ഇന്നും അസംസ്കൃത വസ്തുക്കൾ മുഴവൻ

വാങ്ങുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നാണ്. അന്യസംസ്ഥാനങ്ങളിൽ നിന്ന് കൂടുതൽ വില കൊടുത്ത് ഫീഡുകൾ വാങ്ങുകയോ അല്ലെങ്കിൽ അസംസ്കൃത വസ്തുക്കൾ കേരളത്തിൽ കൊണ്ടുവന്ന് ഫീഡാക്കി മാറ്റുകയോ ചെയ്യുമ്പോഴുള്ള അതിന്റെ വില വർദ്ധനവിനെക്കുറിച്ച് നമുക്ക് നന്നായിട്ടറിയാം. അതിനാൽ കേരളത്തിൽ കുറഞ്ഞ വിലയ്ക്ക് ഫീഡ്സ് വിൽക്കാൻ സാധിക്കില്ല. ഇന്ന് കേരള ഫീഡ്സിന്റെ 50 കിലോയുടെ ഒരു ചാക്കിന് 1,520 രൂപയാണ്. അടിക്കടി ഫീഡിന്റെ വില വർദ്ധിപ്പിക്കുന്നുവെന്ന് ചില അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ സർക്കാർ ഫീഡിന്റെ വില അടിക്കടി വർദ്ധിപ്പിച്ചിട്ടില്ല. കേരളത്തിൽ കഴിഞ്ഞ വർഷം പാലിന്റെ വില വർദ്ധിപ്പിച്ചു. ഒരു ലിറ്റർ പാലിന് 6 രൂപയാണ് വർദ്ധിപ്പിച്ചത്. അതിൽ 5.02 രൂപ ക്ഷീരകർഷകർക്ക് ലഭിക്കുന്ന നിലയിലാണ് പാൽവില വർദ്ധിപ്പിച്ചത്. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകി. ഇപ്രകാരം സബ്സിഡി നൽകിയപ്പോൾ നല്ലതുപോലെ പാൽ അളക്കുന്ന കേരളത്തിലെ ചില ക്ഷീരകർഷകരെ

കാണാൻ സാധിച്ചു. ഒരു മാസം രണ്ട് ലക്ഷംരൂപ സബ്സിഡി വാങ്ങിയ ഇടുക്കിയിലെ ഒരു ക്ഷീരകർഷകനെ ഞാൻ കണ്ടിരുന്നു. ഒന്നര ലക്ഷവും ഒരു ലക്ഷവും അൻപതിനായിരവും ഇരുപത്തയ്യായിരവും പതിനായിരവും രൂപ വാങ്ങിയ ക്ഷീരകർഷകരുമുണ്ട്. പതിനായിരം രൂപ വാങ്ങിയ ഒരു ലക്ഷം ക്ഷീരകർഷകർ കേരളത്തിലുണ്ട്. ഇതെല്ലാം നൽകുമ്പോഴാണ് കേരള ഫീഡ്സ് ചെറിയൊരു തുക വർദ്ധിപ്പിച്ചത്. എന്നാൽ ഇന്ന് കേരള ഫീഡ്സിന്റെ 50 കിലോയുടെ ഒരു ചാക്കിന് 1,520 രൂപയാകുമ്പോൾ മറ്റൊരു സ്വകാര്യ കമ്പനിയുടെ ഫീഡ്സിന്റെ വില 1,630 രൂപയാണ്. ഇപ്രകാരം വിലയിൽ 110 രൂപയുടെ വ്യത്യാസം കേരളത്തിൽ നിലനിൽക്കുന്നു. കേരള ഫീഡ്സിന്റെ 'മിടുക്കി' എന്ന പേരിലുള്ള കാലിത്തീറ്റയ്ക്ക് വില കുറവാണ്. കേരളത്തിൽ ചോളം ഫലപ്രദമായി കൃഷി ചെയ്യാനുള്ള സാധ്യതകൾ ആലോചിക്കുന്നുണ്ട്. കന്നുകാലിത്തീറ്റയിലേയും കോഴിത്തീറ്റിയിലേയും ഒരു പ്രധാന ചേരുവയാണ് ചോളം. കേരളത്തിൽ ചെറിയ രീതിയിൽ ചോളം കൃഷി ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. അങ്ങനെ അസംസ്കൃത വസ്തുക്കളുടെ ഉല്പാദനത്തിൽ വർദ്ധനവുണ്ടാക്കാൻ നമുക്ക് സാധിച്ചു. ആകെ 15 ഏക്കർ

സ്ഥലത്താണ് ചോളം കൃഷി ചെയ്യാൻ സാധിച്ചത്. ആ 15 ഏക്കറിൽ കൃഷി ചെയ്യാൻ പുതിയ സംരംഭകർ വരികയും അവർക്ക് കൃഷിക്കുള്ള സംവിധാനം ഒരുക്കുകയും ചെയ്തതിലൂടെ 10500 കിലോ ചോളം ലഭിച്ചു. അതെല്ലാം കേരള ഫീഡ്സ് നിലവിലുള്ള വില കൊടുത്ത് എടുത്തു. സ്ഥലം ലഭ്യമായാൽ ഫീഡ്സിനാവശ്യമായ ഇത്തരം ingredients കൃഷി ചെയ്യാൻ സാധിക്കും. നിലവിൽ കേരള ഫീഡ്സ് ലിമിറ്റഡിന്റെ നഷ്ടം 42 കോടി രൂപയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന കേരള ഫീഡ്സ് ലിമിറ്റഡിനെ ഉയർത്തിക്കൊണ്ട് വരണമെങ്കിൽ ഫീഡ്സിന്റെ വില വർദ്ധിപ്പിക്കണം. അത്രത്തോളം വില വർദ്ധിപ്പിക്കാൻ സാധിക്കാത്ത ഒരു സാഹചര്യമാണ് കേരളത്തിൽ നിലനിൽക്കുന്നത്. കേരളത്തിലെ പതിനാല് ജില്ലകളിലേയും ക്ഷീരകർഷകർ ഉൾപ്പെടെയുള്ളവരുടെ യോഗം വിളിച്ചുചേർത്തുകൊണ്ട് ഈ ബില്ലിന്മേൽ വിപുലമായ ചർച്ച നടത്തുകയുണ്ടായി. ക്ഷീരകർഷകർ ഉന്നയിച്ച വിഷയങ്ങൾ ഏറ്റെടുത്തുകൊണ്ടാണ് ഈ ബില്ലിൽ വലിയ മാറ്റം കൊണ്ടുവന്നത്. ആ നിലയ്ക്കാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. മാത്രമല്ല, ഇന്ത്യയിൽ ഈ നിയമം നടപ്പാക്കിയ പഞ്ചാബ്, ആന്ധ്രാ പ്രദേശ് എന്നീ

സംസ്ഥാനങ്ങളിലെ ഫീഡ് ഫാക്ടറികളും ഫാമുകളും സമിതി സന്ദർശിക്കുകയുണ്ടായി. ഈ ബിൽ എന്തിനാണെന്ന് ശ്രീ. കുറുക്കോളി മൊയ്തീൻ ഇവിടെ ചോദിക്കുകയുണ്ടായി. സെലക്ട് കമ്മിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇടപെടുകയും ചർച്ചയിൽ പങ്കെടുക്കുകയും ചെയ്ത ഒരു വ്യക്തി ഈ ബിൽ എന്തിനാണെന്ന് ചോദിച്ചതിൽ എനിക്ക് അതിശയം തോന്നുന്നു. ശ്രീ. കുറുക്കോളി മൊയ്തീൻ, ഞങ്ങളോട് ഇങ്ങനെ പെരുമാറേണ്ട ആവശ്യകതയുണ്ടോ? ആർക്കെങ്കിലും എതിരഭിപ്രായമുണ്ടെങ്കിൽ ബില്ലിൽ മാറ്റം വരുത്താമെന്ന് സമിതിയുടെ അവസാന യോഗത്തിലും ഞാൻ വ്യക്തമാക്കിയിരുന്നു. തദവസരത്തിൽ ഒരക്ഷരംപോലും ഉരിയാടാതെ ഇവിടെവന്ന് ഈ ബിൽ എന്തിനാണെന്ന് ചോദിക്കുന്നത് ഉചിതമല്ല. ഡോ. മാത്യു കുഴൽനാടൻ നിരവധി വിഷയങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി, അതിൽ ചില കാര്യങ്ങൾ ഞാൻ അംഗീകരിക്കുകയാണ്. ക്ഷീരരംഗം സംരംഭക സൗഹൃദമാക്കാൻ ചട്ടങ്ങൾ പരിഷ്കരിക്കണമെന്ന് അദ്ദേഹം പരാമർശിച്ചിരുന്നു. അതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. 6 മാസത്തിനുള്ളിൽ ഫാം ലൈസൻസിന്റെ ചട്ടങ്ങളുൾപ്പെടെ പരിഷ്കരിക്കും.

തീറ്റപ്പുൽ നയം സർക്കാർ ഉടൻ പ്രഖ്യാപിക്കുന്നതാണ്. അത് തയ്യാറാക്കിവരുന്നുണ്ട്. ഈ രംഗത്ത് ഉറപ്പായും പുതിയ സാങ്കേതികവിദ്യ കൊണ്ടുവരും. കേരളത്തിനൊരു കന്നുകാലി പ്രജനനനയമുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സങ്കരവർഗ്ഗം പശുക്കളുള്ള സംസ്ഥാനം കേരളമാണ്. KLDB (Kerala Livestock Development Board)-യിലും മാട്ടുപ്പെട്ടിയിലും എന്താണ് നടക്കുന്നതെന്ന് ഡോ. മാത്യു കുഴൽനാടൻ ഇവിടെ ചോദിക്കുകയുണ്ടായി. കേരളത്തിനാവശ്യമായ മുഴുവൻ കന്നുകാലി ബീജവും ഉല്പാദിപ്പിക്കപ്പെടുന്നൊരു കേന്ദ്രമാണത്. ഇപ്പോൾ കന്നുകാലി ബീജം കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങൾക്കുകൂടി കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയാണ്. ഞങ്ങൾ കേന്ദ്രമന്ത്രിയെ സന്ദർശിച്ചപ്പോൾ ഇത്രയധികം സങ്കരയിനം പശുക്കൾ കേരളത്തിൽ എങ്ങനെയുണ്ടായി എന്ന സംശയം അദ്ദേഹം പ്രകടിപ്പിച്ചു. ഇന്ന് കേരളത്തിലെ പശുക്കളിൽ ഏകദേശം 90 ശതമാനവും സങ്കരയിനമാണ്. ഈയൊരു കാരണത്താലാണ് പാലിന്റെ ഉല്പാദനക്ഷമതയിൽ വർദ്ധനവുണ്ടായത്. ഇന്ത്യ പാലുല്പാദന രംഗത്ത് മെച്ചപ്പെട്ടാണ് നിൽക്കുന്നത്.

പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ഗുണമേന്മേയുള്ളതും പെൺകിടാവുമാത്രം ജനിക്കുന്നതുമായ സെക്സ് സോർട്ടഡ് ബീജം ലഭ്യമാക്കുന്നതിനെക്കുറിച്ച് ഡോ. മാത്യു കുഴൽനാടൻ സൂചിപ്പിക്കുകയുണ്ടായി. ഒരു പശു പ്രസവിച്ചാൽ പെൺകിടാവുതന്നെ ജനിക്കുവാനുള്ള സംവിധാനം കേരളത്തിൽ പ്രാവർത്തികമായിക്കഴിഞ്ഞു. മാത്രമല്ല, ഭ്രൂണമാറ്റ സാങ്കേതികവിദ്യ കെ.എൽ.ഡി.ബി-ൽ പരീക്ഷിച്ചു. സാധാരണയായി മനുഷ്യരിൽ മാത്രമാണ് ടെസ്റ്റ്ട്യൂബ് ശിശു പിറക്കുന്നത്. പക്ഷേ, കേരളത്തിൽ പശുവിനും അത്തരത്തിലൊരു ടെസ്റ്റ്ട്യൂബ് ശിശു പിറന്നു. ഇതെല്ലാം ആധുനിക സാങ്കേതികവിദ്യയിൽ ഉൾപ്പെടുന്നതാണ്. കേരള ഫീഡ്സ് ലിമിറ്റഡിന് ഗവൺമെന്റ് കൂടുതൽ സഹായം നൽകിയാൽ ആ സ്ഥാപനത്തെ ഉയർത്തിക്കൊണ്ടു വരാൻ സാധിക്കും. തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടെങ്കിലും കേന്ദ്രസർക്കാർ അതിന് തയ്യാറാകാത്ത സ്ഥിതിയാണുള്ളത്. ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയാൽ കേരളത്തിൽ ഒരു വലിയ മാറ്റം സൃഷ്ടിക്കാൻ

സാധിക്കും. പക്ഷെ, ആ മാറ്റം കേരള ഗവൺമെന്റ് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനിലും നടപ്പാക്കുന്നുണ്ട്. അവിടെ താമസിക്കുന്നവർക്ക് തൊഴിലുറപ്പ് പദ്ധതിയുടെ പണംകൂടി ലഭിക്കുന്നു. ഇത് സംസ്ഥാന ഗവൺമെന്റിന്റെ മികച്ച നേട്ടമാണെന്ന് ഈയവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. ഗവൺമെന്റ് മറ്റ് ധാരാളം സ്കീമുകൾ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ വിശദമായ പഠനത്തിന് വിധേയമാക്കുകയുണ്ടായി. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പിലേയും വെറ്ററിനറി സർവ്വകലാശാലയിലേയും മിൽമയിലേയും കേരള ഫീഡ്സ് ലിമിറ്റഡിലേയും ഉന്നത ഉദ്യോഗസ്ഥരുടെ സംഭാവനകൾ ഈ ബില്ലിനെ സമ്പുഷ്ടമാക്കാൻ സഹായിച്ചു. കർഷകരുടെ ഉല്പന്നങ്ങളും ഉപോല്പന്നങ്ങളും കാലിത്തീറ്റയുടെ ഗണത്തിലുൾപ്പെടുത്തി ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ പാടില്ലെന്ന വിഷയം കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ഇക്കാര്യം കർഷകർ ഉന്നയിച്ച പ്രധാന വിഷയമാണ്. ആയതുപ്രകാരം കർഷകരുടെ ഉല്പന്നങ്ങൾ, ഉപോല്പന്നങ്ങളായ വൈക്കോൽ, പച്ചപ്പുല്ല്, പിണ്ണാക്ക് എന്നിവ

ഇനി ഈ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. കന്നുകാലികളെയോ കോഴിവർഗ്ഗത്തെയോ വളർത്തുന്ന കർഷകർ അല്ലെങ്കിൽ കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്നവർ സ്വന്തമായി വളർത്തുന്ന കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ നൽകുന്നതിനുവേണ്ടി ഉല്പാദിപ്പിക്കുന്ന തീറ്റ ഈ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയം സെലക്ട് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയുണ്ടായി. കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഈ മേഖലയിലെ ഉല്പാദകർ, വിതരണക്കാർ, വില്പനക്കാർ എന്നിവർക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിനും ലൈസൻസിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് ശിക്ഷ നടപ്പാക്കുന്നതിനുമുള്ള വ്യവസ്ഥയും കൊണ്ടുവന്നിട്ടുണ്ട്. നിലവിൽ കേരളത്തിന് പുറത്തുനിന്ന് ധാരാളം തീറ്റ വരുന്നുണ്ട്. ചില പശുക്കൾക്ക് വയറിന് പ്രശ്നമുണ്ടെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പുറത്തുനിന്ന് വാങ്ങുന്ന ഒരു ചാക്ക് കാലിത്തീറ്റയിൽ അരഭാഗത്തോളം മണ്ണാണ്. ഇത്തരം കാലിത്തീറ്റ കഴിക്കുന്ന പശുക്കൾ പെട്ടെന്ന് മരണപ്പെടുന്നതിനും അവയുടെ പാലുല്പാദനം കുറയുന്നതിനും

കാരണമാകുന്നു. മായംകലർന്ന തീറ്റ കൊടുത്തതിന്റെ ഫലമായി നിരവധി പശുക്കൾ മരണപ്പെട്ടിരുന്നു. അവസാനം ആ കമ്പനിക്കാർ ഓരോ വീടുകളിലും ചെന്ന് പശുവിനെ വാങ്ങുന്നതിനുള്ള പണം നൽകാമെന്ന് പറഞ്ഞാണ് കർഷകരെ സമാധാനിപ്പിച്ചത്. എന്നിട്ട് അവർ പണം നൽകിയോ? സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന കാലിത്തീറ്റ മായം കലർന്നതാണോയെന്ന് പരിശോധിക്കുന്നതിനാവശ്യമായ നടപടിയാണ് സ്വീകരിക്കേണ്ടത്.

മി. സ്പീക്കർ: യെസ്.. യെസ്.. മിനിസ്റ്റർ, പ്ലീസ്... പ്ലീസ്... ചെയറുമായി സഹകരിക്കണം.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കേരളത്തിലെ ക്ഷീരകർഷകർക്ക് ഒട്ടേറെ സഹായങ്ങൾ ചെയ്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ക്ഷീരകർഷകർക്ക് രാത്രിയിലും വീട്ടുമുറ്റത്ത് സേവനം ലഭ്യമാക്കുന്നതിനായി മൊബൈൽ വെറ്ററിനറി യൂണിറ്റ് ആരംഭിച്ചു. നിലവിൽ കേരളത്തിൽ 30 മൊബൈൽ വെറ്ററിനറി യൂണിറ്റുകളുണ്ട്. അത് കേരളത്തിലെ 30 ബ്ലോക്കുകളിൽ കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ള

യൂണിറ്റുകൾ കേരളത്തിൽ ഉടൻ ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഒരു ക്ഷീരകർഷകൻ '1962' എന്ന ടോൾഫ്രീ നമ്പരിൽ വിളിച്ചാൽ പെട്ടെന്നുതന്നെ ആ കർഷകന്റെ വീട്ടുമുറ്റത്ത് ഡോക്ടറുടെ സേവനവും വാഹന സേവനവും എത്തിക്കാനുള്ള സംവിധാനം തിരുവനന്തപുരത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി മറ്റൊരു ഡോക്ടറെയും വിളിക്കേണ്ട ആവശ്യമില്ല. പ്രസ്തുത നമ്പറിൽ വിളിക്കുമ്പോൾ ഇവിടെനിന്നുതന്നെ നേരിട്ട് ഏത് സ്ഥലത്താണെങ്കിലും സേവനം ലഭ്യമാക്കാനുള്ള സംവിധാനമാണ് ഏർപ്പെടുത്താൻ പോകുന്നത്. 30 ബ്ലോക്കുകളിൽ അത് ഏർപ്പെടുത്തിക്കഴിഞ്ഞു. കുളമ്പുരോഗം, ചർമ്മരോഗം, പക്ഷിപ്പനി, ആഫ്രിക്കൻ പന്നിപ്പനി ഇതെല്ലാം പടർന്നുപിടിക്കുകയാണ്. ഇവിടെ രാവിലെ നിപയുടെ കാര്യം സൂചിപ്പിച്ചതാണ്. നിരവധി ദേശാടനപ്പക്ഷികൾ കേരളത്തിലേയ്ക്ക് വരുന്നുണ്ട്. ആലപ്പുഴ, കുട്ടനാട് പ്രദേശങ്ങളിൽ ദേശാടനപക്ഷികൾ വരുന്ന സമയത്താണ് പക്ഷിപ്പനി വ്യാപകമായി പടരുന്നത്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് 11.13 കോടി രൂപ ഇതിനകം നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ്

അധികാരത്തിൽ വന്നതിനുശേഷമാണ് ഏറ്റവും കൂടുതൽ നഷ്ടപരിഹാരം കൊടുത്തത്. ഇതിൽ 4.449 കോടിരൂപ കേന്ദ്രസർക്കാരിൽനിന്ന് അനുവദിച്ച് കിട്ടേണ്ടതാണ്. പ്രസ്തുത ഫണ്ട് ലഭിക്കാതെതന്നെ കേരള ഗവൺമെന്റിന് അത് നേരിട്ട് കൊടുക്കാൻ സാധിച്ചു. ആഫ്രിക്കൻ പന്നിപ്പനി പടർന്നുപിടിച്ച സാഹചര്യത്തിൽ മൃഗങ്ങളെ കൊന്നൊടുക്കിയതിനും അതിന്റെ പ്രതിരോധ പ്രവർത്തനങ്ങൾക്കും നഷ്ടപരിഹാരത്തിനുമായി 5.18 കോടിരൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ഇതിനും 2.65 കോടി രൂപ കേന്ദ്രവിഹിതമായി ലഭിക്കുവാനുണ്ട്. ചർമ്മമുഴയ്ക്കുള്ള പ്രതിരോധ കുത്തിവയ്പ്പ് 868,540 കന്നുകാലികൾക്ക് നൽകിയിട്ടുണ്ട്. ചർമ്മമുഴ ബാധിച്ച് മരണമടഞ്ഞ ഉരുക്കൾക്ക് നഷ്ടപരിഹാരമായി പശുവിന് 30,000 രൂപ, കിടാരിക്ക് 16,000 രൂപ, കന്നുകുട്ടിക്ക് 5,000 രൂപ എന്ന നിരക്കിൽ അനുവദിക്കാൻ നിലവിൽ ഉത്തരവായിട്ടുണ്ട്. 242 പശുക്കൾക്കും 105 കിടാരികൾക്കും 39 കന്നുകുട്ടികൾക്കും 89.69 ലക്ഷംരൂപ നഷ്ടപരിഹാരമായി ഇപ്പോൾ അനുവദിച്ചുവന്നിട്ടുണ്ട്. ബാക്കിയുള്ളവർ അപേക്ഷ നൽകുന്ന മുറയ്ക്ക് അവർക്കും നഷ്ടപരിഹാരം നൽകുന്നതാണ്. ഇതെല്ലാം കേരളത്തിൽ

നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കേരളം പാലുല്പാദന രംഗത്ത് വളരെയേറെ പുരോഗമിച്ചിട്ടുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് മിൽമ റെക്കോർഡ് കളക്ഷൻ കൈവരിച്ചു. കേരളത്തിലെ ഏറ്റവും നല്ല പാൽ ആയി കേന്ദ്ര ഗവൺമെന്റ് സെലക്ട് ചെയ്തിരിക്കുന്നത് മിൽമയുടെ പാലാണ്. അത് മലബാർ മേഖലയിലെ മിൽമയാണ് എന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഈ ബിൽ കർഷകർക്ക് വേണ്ടിയുള്ളതാണ്. പ്രതിപക്ഷാംഗങ്ങൾ ഉൾപ്പെടെയുള്ള എം.എൽ.എ.-മാർക്ക് അക്കാര്യം കൃത്യമായി അറിയാം. അവർ സംസാരിച്ചത് കർഷകർക്കുവേണ്ടിയായതിനാൽ യാതൊരു എതിർപ്പുമില്ലാതെ അതെല്ലാം ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ഷീരകർഷകരെ ഒരിക്കലും ദ്രോഹിക്കില്ല. അതുകൊണ്ട് ഈ ബിൽ പാസ്സാക്കി തരണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: വിയോജയക്കുറിപ്പ് രേഖപ്പെടുത്തിയവർ ചുരുങ്ങിയപക്ഷം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗം കേൾക്കാനെങ്കിലും ഇരിക്കണം. ഡോ. മാത്യു കുഴൽനാടൻ ഏറ്റവും കൂടുതൽ സമയം സംസാരിച്ചു. പക്ഷെ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേൾക്കാൻ അദ്ദേഹം ഇവിടെയില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 941-ാം നമ്പർ ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നില്ല. ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 2 (ബി) യിലെ (i) ഇനത്തിൽ 'എന്നിവ' എന്ന വാക്കിന് ശേഷം 'ലേബലിംഗ്' എന്ന വാക്ക് ചേർക്കണം

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

197. ഖണ്ഡം 2(എ)-ൽ "ക്ഷമത" എന്നതിനുപകരം "ആരോഗ്യക്ഷമത" എന്ന് ചേർക്കുക.

200. ഖണ്ഡം 2(എ)-ൽ "പോഷക" എന്നതിന് ശേഷം "ഇനമോ" എന്ന് ചേർക്കുക.

201. ഖണ്ഡം 2(എ)-ൽ "ഇനമോ അല്ലെങ്കിൽ" എന്നതിന് ശേഷം "ഇനമോ അപ്രകാരമുള്ള"എന്ന് ചേർക്കുക.

205. ഖണ്ഡം 2(ബി)-ൽ "ഏതെങ്കിലും കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ" എന്നത് ഒഴിവാക്കുക.

208. ഖണ്ഡം 2(ബി)(i)-ൽ "പദാർത്ഥം"എന്നതിന് മുമ്പായി "അതിൽ അടങ്ങുന്ന" എന്ന് ചേർക്കുക.

230. ഖണ്ഡം 2(ബി)(iii)-ൽ "കേടുവരുത്തപ്പെടുകയോ" എന്നതിനു ശേഷം "വിഷമയമാക്കപ്പെടുകയോ" എന്ന് ചേർക്കുക.

239. ഖണ്ഡം 2(സി)-ൽ "നടത്തുന്ന" എന്നതിന് പകരം "നടത്തുന്നതിന്" എന്ന് ചേർക്കുക.

248. ഖണ്ഡം 2(ഇ)-ൽ "ഉൽപാദനം" എന്നതിന് പകരം "ഉൽപാദനക്ഷമത" എന്ന് ചേർക്കുക.

266. ഖണ്ഡം 2(എഫ്)-ൽ "തീറ്റവസ്തു" എന്നതിന് പകരം "തീറ്റ" എന്ന് ചേർക്കുക.

293. ഖണ്ഡം 2(ജെ)-ൽ "ആയ" എന്നതിന് പകരം "ആയി" എന്ന് ചേർക്കുക.

302. ഖണ്ഡം 2(കെ)-ൽ "പ്ലാന്റ്" എന്നതിന് പകരം "മിൽ" എന്ന് ചേർക്കുക.

335. ഖണ്ഡം 2(വി)-ൽ "പദാർത്ഥം" എന്ന വാക്കിന് പകരം "ഖരപദാർത്ഥം" എന്ന് ചേർക്കുക.

336. ഖണ്ഡം 2(ഡബ്ല്യൂ)-ൽ "പദാർത്ഥം" എന്ന വാക്കിന് പകരം "ദ്രവപദാർത്ഥം" എന്ന് ചേർക്കുക.

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

198. ഖണ്ഡം 2(എ)-ൽ "ഒരു" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

199. ഖണ്ഡം 2(എ)-ൽ "ഒരു പോഷക അല്ലെങ്കിൽ പോഷകേതര ഇനമോ അല്ലെങ്കിൽ" എന്നതിന് പകരം "ഒരു പോഷക-പോഷകേതര ഇനമോ" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 2(ബി)-ൽ "കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, കോമ്പൗണ്ട് ഫീഡ്, ധാതുലവണമിശ്രിതം എന്നിവയുമായി ബന്ധപ്പെട്ട്"എന്നത് ഒഴിവാക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

209. ഖണ്ഡം 2(ബി)(i)-ൽ "റഗുലേഷൻ"എന്നതിനു പകരം " ഈ ആക്റ്റിലെയും ആക്റ്റിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ" എന്ന് ചേർക്കുക.

217. ഖണ്ഡം 2(ബി)(ii)-ൽ "ഗുണനിലവാരമില്ലാത്തതോ" എന്നതിനു ശേഷം "ഉദ്പാദനക്ഷമതയെ ദോഷകരമായി ബാധിക്കുന്നതോ"എന്ന് ചേർക്കുക.

223. ഖണ്ഡം 2(ബി)(iii)-ൽ "കോഴിവർഗ്ഗത്തിനോ" എന്നതിനു ശേഷം "അവയുടെ ഉൽപാദനക്ഷമതയ്ക്കോ" എന്ന് ചേർക്കുക.

247. ഖണ്ഡം 2(ഡി)-ൽ "സർക്കാരിനാൽ അധികാരപ്പെടുത്തപ്പെട്ട" എന്നതിന് പകരം "സർക്കാർ അധികാരപ്പെടുത്തുന്ന" എന്ന് ചേർക്കുക.

253. ഖണ്ഡം 2(ഇ)-ൽ "നൽകുന്നതിനുവേണ്ടി" എന്നതിന് പകരം "നൽകുന്നതിനു വേണ്ടി" എന്ന് ചേർക്കുക.

290. ഖണ്ഡം 2(ഐ)-യിൽ "നൽകുന്നതും" എന്നതിനു ശേഷം "ഉദ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതും" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

210. ഖണ്ഡം 2(ബി)(i)-ൽ "ഗുണനിലവാരമാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച പ്രഖ്യാപനവുമായി" എന്നതിനു പകരം "ഗുണനിലവാരം എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങളുമായി" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

211. ഖണ്ഡം 2(ബി)(i)-ൽ "എന്നിവ സംബന്ധിച്ച പ്രഖ്യാപനവുമായി" എന്നതിന് പകരം "പ്രകാരം"എന്ന് ചേർക്കുക.

238. ഖണ്ഡം 2(സി)-ൽ "സമ്മതപത്രത്തിന്റെയോ " എന്നതിന് പകരം "ഉടമ്പടികളുടെയോ" എന്ന് ചേർക്കുക.

268. ഖണ്ഡം 2(ജി)-ൽ "എന്നാൽ തീറ്റയിൽ" എന്നതിന് ശേഷം "ബോധപൂർവ്വം" എന്ന് ചേർക്കുക.

296. ഖണ്ഡം 2(ജെ)-ൽ "സമൃദ്ധമായ" എന്നതിന് പകരം "സമ്പുഷ്ടമായ" എന്ന് ചേർക്കുക.

318. ഖണ്ഡം 2(എസ്)-ൽ "ഇൻസ്റ്റിറ്റ്യൂഷനുകൾ" എന്നത് ഒഴിവാക്കുക.

343. ഖണ്ഡം 2(എഡി)-ൽ "പ്രകാരം നിശ്ചയിച്ച" എന്നതിന് പകരം "പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

215. ഖണ്ഡം 2(ബി)(i)-ൽ "പ്രഖ്യാപനവുമായി" എന്നതിന് പകരം "ഏകകവുമായി"എന്ന് ചേർക്കുക.

218. ഖണ്ഡം 2(ബി)(ii)-ൽ "ആക്കുന്ന" എന്നതിന് പകരം "ആകുന്ന" എന്ന് ചേർക്കുക.

240. ഖണ്ഡം 2(സി)-ൽ "നിയമാനുസൃത " എന്ന വാക്ക് ഒഴിവാക്കുക.

245. ഖണ്ഡം 2(ഡി)-ൽ "സർക്കാരിനാൽ" എന്ന വാക്ക് ഒഴിവാക്കുക.

265. ഖണ്ഡം 2 (എഫ്)-ൽ “സാന്ദ്രതയുള്ള" എന്നതിന് പകരം "ഗുണമുള്ള" എന്ന് ചേർക്കുക.

272. ഖണ്ഡം 2(ജി)-ൽ “നിർമ്മാണം" എന്ന വാക്ക് ഒഴിവാക്കുക.

273. ഖണ്ഡം 2(ജി)-ൽ “കാണപ്പെടുന്നതുമായ" എന്നതിന് ശേഷം "ഹാനികരമായ"എന്ന് ചേർക്കുക.

277. ഖണ്ഡം 2(എച്ച്)-ൽ “ഏറ്റവും കുറഞ്ഞ" എന്നീ വാക്കുകൾ ഒഴിവാക്കുക.

291. ഖണ്ഡം 2(ഐ)-ൽ “പദാർത്ഥം” എന്നതിന് പകരം “പദാർത്ഥങ്ങൾ” എന്ന് ചേർക്കുക.

300. ഖണ്ഡം 2(ജെ)-ൽ “സമൃദ്ധമായ” എന്നതിന് പകരം “സമൃദ്ധമായതും ഗുണമേന്മയുള്ളതുമായ” എന്ന് ചേർക്കുക.

301. ഖണ്ഡം 2(കെ)-ൽ "നിർമ്മിക്കുന്നതിനുള്ള" എന്നതിന് പകരം "ഉല്പ്പാദിപ്പിക്കുന്നതിനുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

224. ഖണ്ഡം 2(ബി)(iii)-ൽ, "എന്നിവയാൽ" എന്നതിന് പകരം "തുടങ്ങിയവയാൽ" എന്ന് ചേർക്കുക.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

233. ഖണ്ഡം 2(സി)-ൽ "ധാതുലവണ മിശ്രിതം" എന്നതിന് പകരം "ധാതുലവണമിശ്രിതം, സപ്ലിമെന്റുകൾ " എന്ന് ചേർക്കുക.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

234. ഖണ്ഡം 2(സി)-ൽ "ധാതുലവണ മിശ്രിതം" എന്നതിന് പകരം "സപ്ലിമെന്റുകൾ " എന്ന് ചേർക്കുക.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

244. ഖണ്ഡം 2(ഡി)-ൽ "ആക്റ്റിന്റെ" എന്നതിന് പകരം "ആക്റ്റിൽ പറയുന്ന" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

246. ഖണ്ഡം 2(ഡി)-ൽ "സർക്കാരിനാൽ" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെടുന്ന പ്രകാരം" എന്ന് ചേർക്കുക.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 2(എഫ്)-ൽ "സാന്ദ്രീകൃതാഹാരം" എന്നതിന് പകരം "സമീകൃതാഹാരം" എന്ന് ചേർക്കുക.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

274. ഖണ്ഡം 2(ജി) ചുവടെപ്പറയും പ്രകാരം മാറ്റുക.

"(ജി)" "മലിനീകരണവസ്തു" എന്നാൽ അസംസ്കൃത വസ്തുക്കളുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രക്രിയയുടെ ഫലമായി തീറ്റയിൽ ചേർന്നതോ അല്ലാത്തതോ ആയതും, എന്നാൽ നിർമ്മാണം, സംസ്കരണം, പാക്കിംഗ്, ഗതാഗതം, സംഭരണം എന്നിവയുടെ ഫലമായി ബാഹ്യപരിസ്ഥിതിയുടെ സ്വാധീനത്താൽ തീറ്റയിൽ കാണപ്പെടുന്ന ഏതൊരു വസ്തുവും എന്നർത്ഥമാകുന്നു;"

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

276. ഖണ്ഡം 2(എച്ച്)-ൽ "ധാതുലവണമിശ്രിതം" എന്നതിന് പകരം " സപ്ലിമെന്റ്"എന്ന് ചേർക്കുക.

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

310. ഖണ്ഡം 2(ഒ)-ൽ "പോഷകമൂല്യത്തിന്റെ വിശകലനം വഴി ഗുണനിലവാരം പരിശോധിക്കുന്നതു" എന്നതിന് പകരം "പോഷകമൂല്യത്തിന്റെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കുന്നതു" എന്ന് ചേർക്കുക.

<u>ശ്രീ. കെ. എം. സച്ചിൻദേവ്:</u>സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

315. ഖണ്ഡം 2(ആർ)-ൽ "ഉത്പാദിപ്പിക്കുന്നതിന് വേണ്ടിയോ" എന്നതിന് ശേഷം "സന്താനോത്പാദനത്തിന് വേണ്ടിയോ" എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

338. ഖണ്ഡം 2(എക്സ്)-ൽ "ഉൾപ്പെടെയുള്ളവ" എന്നതിനു പകരം "ഉൾപ്പെടെ മുട്ട, മാംസം എന്നിവയ്ക്കായി വളർത്തുന്ന എല്ലാപക്ഷികളും" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 266-ാംനമ്പർ ഭേദഗതി സ്വീകരിക്കുന്നു. ആ ഭേദഗതി 267-ാം നമ്പർ ഭേദഗതിക്ക് സമാനമാണ്. ഞാൻ അവതരിപ്പിച്ച വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും മന്ത്രി സ്വീകരിച്ച 266-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 197, 200, 201, 205, 208, 230, 239, 248, 293, 302, 335, 336 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 209, 217, 223, 247, 253, 290 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 211, 238, 268, 296, 318, 343 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 215, 218, 240, 245, 265, 272, 273, 277, 291, 300, 301 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി. ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

942. ഖണ്ഡം 3-ന്റെ മാർജിനൽ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.
"കന്നുകാലിത്തീറ്റ/കോഴിവർഗ്ഗത്തീറ്റയിൽ ഉപയോഗിക്കേണ്ട/ നിരോധിക്കപ്പെടേണ്ട തീറ്റവസ്തുക്കൾ അല്ലെങ്കിൽ തീറ്റയുടെ ചേരുവകൾ"

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

379. ഖണ്ഡം 3(3)-ൽ "ഉൽപാദിപ്പിക്കുന്നതിൽ" എന്നതിനു ശേഷം "രാസപദാർത്ഥങ്ങളായ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

386. ഖണ്ഡം 3(3)-ൽ "നൽകുന്ന" എന്നതിന് പകരം "തയ്യാറാക്കുന്ന " എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

387. ഖണ്ഡം 3(3)-ൽ "അധികരിക്കാത്തവിധം" എന്നതിന് പകരം "കൂടാത്തവിധം " എന്ന് ചേർക്കുക.

<u>ശ്രീ. പി. നന്ദകുമാർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

388. ഖണ്ഡം 3(3) ചുവടെപ്പറയും പ്രകാരം മാറ്റുക

"(3) പ്രായം കുറഞ്ഞ അയവെട്ടുന്ന മൃഗങ്ങൾക്ക് വേണ്ടിയുള്ള തീറ്റ ഉൽപാദിപ്പിക്കുന്നതിൽ യൂറിയ അല്ലെങ്കിൽ അമോണിയം ലവണങ്ങൾ വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്ന എസ്സൻഷ്യൽ അമിനോ ആസിഡുകൾ ഒഴികെയുള്ള നോൺ-പ്രോട്ടീൻ നൈട്രജൻ കോമ്പൗണ്ടുകൾ നിരോധിച്ചിരിക്കുന്നു. എന്നാൽ മുതിർന്ന അയവെട്ടുന്ന മൃഗങ്ങൾക്ക് നൽകുന്ന തീറ്റയിൽ ഒരു ശതമാനത്തിൽ അധികരിക്കാത്തവിധം യൂറിയ ചേർക്കാവുന്നതാണ്".

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

389. ഖണ്ഡം 3(4)-ൽ (1)-ഉം (2)-ഉം (3)-ഉം എന്ന അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും അക്ഷരങ്ങൾക്കും പകരം "മേൽപ്പറഞ്ഞിരിക്കുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 352-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിലായതിനാൽ ക്രമപ്രകാരമല്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഭേദഗതി അവതരിപ്പിക്കാത്തതുകൊണ്ട് അദ്ദേഹത്തിന്റെ 378-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

378. ഖണ്ഡം 3(3)-ൽ "ഉൽപാദിപ്പിക്കുന്നതിൽ" എന്നതിന് പകരം "നിർമ്മിക്കുന്നതിൽ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 942, 378 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 379-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 386-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 388-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 389-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

395. ഖണ്ഡം 4(1)-ൽ "റഗുലേഷൻ" എന്നതിന് പകരം "ആക്ടിന്റെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥകളും റഗുലേഷനുകളും" എന്ന് ചേർക്കുക.

403. ഖണ്ഡം 4(2)-ൽ "പോലെയുള്ള" എന്നതിനു ശേഷം "കന്നുകാലികൾക്ക് ഹാനികരമായ" എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

411. ഖണ്ഡം 4 (3)-ൽ "ചേരുവകൾ" എന്നതിന് പകരം "ചേരുവകളുടെ വിശദാംശങ്ങൾ" എന്ന് ചേർക്കുക.

<u>ശ്രീ. എം. എം. മണി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

416. ഖണ്ഡം 4 (3)-ൽ "സർക്കാരിന് " എന്നതിന് ശേഷം "അതതു സംഗതി പോലെ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 395, 403 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 411-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 416-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അഞ്ചാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

943. (i) ഖണ്ഡം 5(4) താഴെപ്പറയും പ്രകാരം മാറ്റുക.

"(4) ലൈസൻസിനായുള്ള അപേക്ഷ നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് ലഭിച്ചാൽ പതിനഞ്ച് ദിവസത്തിനകം അപേക്ഷകന് സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി മുൻപാകെ അപ്പീൽ നൽകാവുന്നതും ആയത് മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്"

(ii) ഖണ്ഡം 5(6)-ൽ "നിശ്ചയിച്ചിരിക്കുന്നതുമാണ്" എന്ന വാക്കിന് പകരം "നിശ്ചയിച്ചിരിക്കേണ്ടതുമാണ്""എന്ന വാക്ക് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

420. ഖണ്ഡം 5 (1)-ൽ "ധാതുലവണ മിശ്രിതം എന്നിവ" എന്നതിന് ശേഷം "വാണിജ്യാടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

421. ഖണ്ഡം 5 (1) ൽ “വിൽപന നടത്തുവാനോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

473. ഖണ്ഡം 5(7)-ൽ “തിരിച്ചു വിളിക്കുന്ന" എന്നതിന് പകരം “പിൻവലിക്കുന്നതിനുള്ള " എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

423. ഖണ്ഡം 5 (2) ൽ “നൽകിയ ശേഷം" എന്നതിന് ശേഷം "മതിയായ”എന്ന് ചേർക്കുക.

453. ഖണ്ഡം 5(4)-ൽ "മുപ്പത് " എന്നതിനു പകരം "നാൽപ്പത്തിയഞ്ച്" എന്ന് ചേർക്കുക.

478. ഖണ്ഡം 5(7)-ൽ “നിർണ്ണയിക്കപ്പെട്ട" എന്നതിന് പകരം “നിശ്ചയിക്കപ്പെട്ട " എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

427. ഖണ്ഡം 5 (2) ൽ “നിരസിക്കുന്ന സംഗതിയിൽ" എന്നതിന് പകരം "നിരസിക്കുന്നപക്ഷം”എന്ന് ചേർക്കുക.

459. ഖണ്ഡം 5(5)-ൽ "നിർണ്ണയിക്കപ്പെട്ട" എന്നതിനു പകരം "നിശ്ചയിക്കപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

437. ഖണ്ഡം 5(2)-ൽ "ദിവസത്തിനകം അപേക്ഷകന് " എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

438. ഖണ്ഡം 5(2)-ൽ "ലഭ്യമാക്കേണ്ടതുമാണ് " എന്നതിന് പകരം "ലഭ്യമാക്കേണ്ടതാണ് " എന്ന് ചേർക്കുക.

448. ഖണ്ഡം 5(4)-ൽ "നൽകേണ്ടതും" എന്നതിന് ശേഷം "കമ്മിറ്റി" എന്ന് ചേർക്കുക.

464. ഖണ്ഡം 5(6)-ൽ "നിശ്ചയിച്ചിരിക്കുന്നതുമാണ്" എന്നതിന് പകരം "നിശ്ചയിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

474. ഖണ്ഡം 5(7)-ൽ "തിരിച്ചു വിളിക്കുന്ന" എന്നതിന് പകരം "ഒഴിവാക്കുന്നതിനുമുള്ള " എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

447. ഖണ്ഡം 5(4)-ൽ "അപ്പീൽ സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിക്ക് നൽകേണ്ടതും" എന്നതിന് പകരം"അപേക്ഷകന് സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ്

കമ്മിറ്റി മുമ്പാകെ അപ്പീൽ നൽകാവുന്നതും കമ്മിറ്റി" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 432-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

432. ഖണ്ഡം 5(2)-ൽ "പകർപ്പ് " എന്നതിന് ശേഷം "അപേക്ഷ നിരസിച്ച തീയതി മുതൽ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 943, 432 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 420-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 421, 473 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 423, 453, 478 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 427, 459 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 438, 448, 464, 474 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 447-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

483. ഖണ്ഡം 6-ൽ "ലൈസൻസിംഗ് അതോറിറ്റി" എന്നതിന് ശേഷം "ഈ ആക്റ്റിലെ 11-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

484. ഖണ്ഡം 6-ൽ "അറുപത്" എന്നതിന് പകരം "തൊണ്ണൂറ്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

488. ഖണ്ഡം 6-ൽ "പുതുക്കുന്നതിനായുള്ള അപേക്ഷ നൽകേണ്ടതും" എന്നതിനു ശേഷം "ലൈസൻസിംഗ് അതോറിറ്റി" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

493. ഖണ്ഡം 6-ൽ "നിരസിച്ചുകൊണ്ടോ" എന്നതിനു ശേഷം "ലൈസൻസിംഗ് അതോറിറ്റി" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 483-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 484-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 488-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 493-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

496. ഖണ്ഡം 7-ൽ "ഉണക്കപ്പുല്ലും" എന്നതിനു ശേഷം "സൈലേജും" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റു ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 497-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

497. ഖണ്ഡം 7-ൽ "വിൽക്കുവാൻ" എന്നതിന് പകരം
"വിൽക്കുവാനോ വിതരണം ചെയ്യാനോ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു, മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 496-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏട്ടാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

501. ഖണ്ഡം 8(1)-ൽ "റഗുലേഷൻ"എന്നതിന് പകരം "ഈ ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകളും റഗുലേഷനുകളും"എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

503. ഖണ്ഡം 8(1)-ൽ "നിലവാരങ്ങൾക്കും"എന്നതിന് പകരം "ഗുണനിലവാരങ്ങൾക്കും"എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

516. ഖണ്ഡം 8(2)-ൽ "നിർമ്മാതാവ്" എന്നതിന് പകരം "ഉല്പാദകൻ" എന്ന് ചേർക്കുക

520. ഖണ്ഡം 8(2)-ൽ "വായിക്കാവുന്ന" എന്നതിന് പകരം "കാണാവുന്ന" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

517. ഖണ്ഡം 8(2)-ൽ "ബാഗ്" എന്നതിന് പകരം "ബാഗിന്റെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 501-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 503-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 516, 520 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 517-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഏട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

528. ഖണ്ഡം 9-ൽ "യാതൊരാളും" എന്നതിന് പകരം "കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ നിർമ്മാതാക്കളും വിൽപ്പനക്കാരും, " എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

531. ഖണ്ഡം 9-ൽ "മിസ്ബ്രാന്റഡോ" എന്നതിന് പകരം "വ്യാജവാണിജ്യ മുദ്രണത്തോടു കൂടിയതോ" എന്ന് ചേർക്കുക.

537. ഖണ്ഡം 9-ൽ "ഉപയോഗത്തിനോ " എന്നത് ഒഴിവാക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

532. ഖണ്ഡം 9-ൽ "തയ്യാറാക്കുവാനോ നിർമ്മിക്കുവാനോ" എന്നതിന് പകരം "ഉൽപ്പാദിപ്പിക്കുവാനോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 526-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

526. ഖണ്ഡം 9-ന്റെ മാർജിനൽ ശീർഷകത്തിൽ "നിർമ്മിക്കുന്നതിനുള്ള" എന്നതിന് പകരം "നിർമ്മിക്കുന്നതിനും സംഭരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള " എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 528-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 531, 537 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 532-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

<u>ശ്രീ. എം. എം. മണി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

541. ഖണ്ഡം 10(i)(എ)-ൽ "അഡീഷണൽ ഡയറക്ടറുടെ" എന്നതിന് പകരം "ജോയിന്റ് ഡയറക്ടറുടെ" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

554. ഖണ്ഡം 10(ii)(എ)-ൽ "നിയോഗിക്കേണ്ടതാണ്" എന്നതിന് പകരം "നിയമിക്കേണ്ടതാണ്" എന്ന് ചേർക്കുക.

573. ഖണ്ഡം 10(iii)(ബി)-ൽ "നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്" എന്നതിന് പകരം "നിർവ്വഹിക്കേണ്ടതാണ്" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

561. ഖണ്ഡം 10 (ii)(ബി)-ൽ “ഓഫീസറോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ" എന്നതിന് പകരം “ഓഫീസറോ അല്ലെങ്കിൽ അയാൾ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ" എന്ന് ചേർക്കുക.

572. ഖണ്ഡം 10(iii)(ബി)-ൽ "ഓഫീസർക്കുള്ള" എന്നതിന് പകരം "ഓഫീസർക്ക് " എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

562. ഖണ്ഡം 10(ii)(ബി)-ൽ "ഉദ്യോഗസ്ഥനോ" എന്നതിന് ശേഷം "സർക്കാർ ഔദ്യോഗിക വിജ്ഞാപനം മുഖേന നിശ്ചയിച്ചിട്ടുള്ള" എന്ന് ചേർക്കുക.

583. ഖണ്ഡം 10(iii)(ഡി)-ൽ "കഴിയാതെവന്നാൽ" എന്നതിന് പകരം "കഴിയാതെ വരികയോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യുന്നില്ല എന്ന് ബോധ്യപ്പെടുകയോ ചെയ്താൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. എം. മണി അവതരിപ്പിച്ച 541-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 554, 573 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 561, 572 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 562, 583 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

പതിനൊന്നാം ഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡത്തിൽ " പിഴ ചുമത്തുന്നതിനും" എന്നീ വാക്കുകൾക്ക് പകരം "ശിക്ഷ നൽകുന്നതിനും"എന്നീ വാക്കുകൾ ചേർക്കണം.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

587. ഖണ്ഡം 11(1)-ൽ "ഫാറത്തിലും" എന്നതിന് ശേഷം
"ലൈസൻസ് ലഭിക്കുന്നതിനോ പുതുക്കുന്നതിനോ
വേണ്ടിയുള്ള" എന്നത് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

588. ഖണ്ഡം 11(1)-ൽ "മുറയ്ക്ക്" എന്നതിന് പകരം "പക്ഷം" എന്ന്
ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

592. ഖണ്ഡം 11(1)-ൽ "അതോറിറ്റിക്ക് " എന്നതിനു ശേഷം
"അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും വിശദമായ
പരിശോധന നടത്തി," എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

605. ഖണ്ഡം 11(2)-ൽ "നടത്തിയതിന്" എന്നതിന് പകരം
"നടത്തി രേഖാമൂലമുള്ള അറിയിപ്പ് നൽകിയതിനു ശേഷം" എന്ന്
ചേർക്കുക.

620. ഖണ്ഡം 11(5)-ൽ "യാതൊരുത്തരവും" എന്നതിനു ശേഷം
"ലൈസൻസിംഗ് അതോറിറ്റി" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

612. ഖണ്ഡം 11(3)-ൽ "ന്യായമായ" എന്നതിന് പകരം "മതിയായ" എന്ന് ചേർക്കുക.

618. ഖണ്ഡം 11(5)-ൽ "യാതൊരുത്തരവും" എന്നതിന് പകരം "ഉത്തരവ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 587-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അതരിപ്പിച്ച 588-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 592, 605, 620 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 612, 618 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

627. ഖണ്ഡം 12(1)-ൽ "എഴുപത്തിരണ്ട്" എന്ന വാക്കിന് പകരം "തൊണ്ണൂറ്റിയാറ്" എന്ന വാക്ക് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

628. ഖണ്ഡം 12(1)-ൽ "മുദ്രവയ്ക്കുന്നതിനോ" എന്നതിന് ശേഷം "കൂടുതൽ പരിശോധനയ്ക്കായി" എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

629. ഖണ്ഡം 12(1)-ൽ "പിടിച്ചെടുക്കുന്നതിനോ," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം " സാമ്പിൾ ശേഖരിക്കുന്നതിനോ" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

630. ഖണ്ഡം 12(1)-ൽ "നൽകേണ്ടതാണ്" എന്നതിനു പകരം "നൽകാവുന്നതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

635. ഖണ്ഡം 12(3)-ൽ "ഉത്തരവാദിത്വം" എന്നതിനു പകരം "ഉത്തരവാദിത്തം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 627-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 628-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 629-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 630-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 635-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

13-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡത്തിൽ "അല്ലെങ്കിൽ അംഗീകൃത ഏജന്റിൽ നിന്നും" എന്നീ വാക്കുകൾക്ക് പകരം"കൂടാതെ അംഗീകൃത ഏജന്റ്/ ഡീലർ/ നിർമ്മാതാവിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കണം.

13-ാം ഖണ്ഡത്തിന്റെ (6)-ാം ഉപഖണ്ഡത്തിൽ "എന്നിരുന്നാലും"എന്ന വാക്കും ചിഹ്നവും "നിർണ്ണയിക്കപ്പെട്ട പ്രകാരത്തിൽ"എന്ന വാക്കുകളും ചിഹ്നവും ഒഴിവാക്കേണ്ടതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

641. ഖണ്ഡം 13(2)-ൽ "തെളിവ് സംരക്ഷിക്കുന്നതിനോ"എന്നതിന് പകരം "തെളിവ് ശേഖരിക്കുന്നതിനോ"എന്ന് ചേർക്കുക.

688. ഖണ്ഡം 13(9)-ൽ "നൽകിക്കൊണ്ട്" എന്നതിന് പകരം "നൽകി" എന്ന് ചേർക്കുക.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

650. ഖണ്ഡം 13(2)-ൽ "എഴുപത്തിരണ്ട്" എന്നതിന് പകരം "തൊണ്ണൂറ്റിയാറ്" എന്ന് ചേർക്കുക.

692. ഖണ്ഡം 13 (10)-ൽ "തെരയൽ" എന്നതിന് പകരം "പരിശോധന" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

655. ഖണ്ഡം 13(3)-ൽ "അംഗീകൃത ഏജന്റിൽ നിന്നും" എന്നതിനു ശേഷം "നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ" എന്ന് ചേർക്കുക.

665. ഖണ്ഡം 13(4)-ൽ "ഓഫീസർക്ക്" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ " എന്ന് ചേർക്കുക.

674. ഖണ്ഡം 13(5)-ൽ "പരിശോധനക്കൂലി" എന്നതിന് പകരം "പരിശോധനക്കൂലിയോ മറ്റുതരത്തിലുള്ള ഫീസുകളോ പാരിതോഷികങ്ങളോ" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

656. ഖണ്ഡം 13(3)-ന് ശേഷം 3(എ) ആയി താഴെപ്പറയുന്നത് ചേർക്കുക.

"3(എ) ഗുണനിലവാരത്തെക്കുറിച്ച് പരാതി ലഭിച്ചു കഴിഞ്ഞാൽ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ കൂട്ടത്തിൽ നിന്നും പരാതിക്കാരോ, കർഷകരോ നൽകുന്ന സാമ്പിളുകൾ ബന്ധപ്പെട്ട അംഗീകൃത ഏജൻസിയുടേത് തന്നെയാണെന്നും ബന്ധപ്പെട്ട ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്."

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

657. ഖണ്ഡം 13(4)-ൽ "അപ്രകാരമുള്ള" എന്നതിന് പകരം "അപ്രകാരം ശേഖരിച്ച" എന്ന് ചേർക്കുക.

667. ഖണ്ഡം 13(5)-ൽ "അധികാരപരിധിയിലുള്ള" എന്നതിന് ശേഷം "സ്ഥലത്തെ തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതത്തിന്റെ" എന്ന് ചേർക്കുക.

684. ഖണ്ഡം 13(9)-ൽ "പ്രാഥമിക" എന്നതിന് മുമ്പായി "(6)-ാം ഉപവകുപ്പ് പ്രകാരമുള്ള" എന്ന ചിഹ്നങ്ങളും അക്കവും വാക്കുകളും ചേർക്കുക.

685. ഖണ്ഡം 13(9)-ൽ "പരിശോധനറിപ്പോർട്ട്" എന്നതിന് പകരം "പരിശോധനാറിപ്പോർട്ട്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

661. ഖണ്ഡം 13(4)-ൽ "നിർമ്മാതാവിനോ" എന്നതിന് പകരം "ഉല്പാദകനോ" എന്ന് ചേർക്കുക.

666. ഖണ്ഡം 13(5)-ൽ "ആറ് " എന്നതിന് പകരം "മൂന്ന് " എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

670. ഖണ്ഡം 13(5)-ൽ "ഇതിലേക്കായി " എന്നത് ഒഴിവാക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

683. ഖണ്ഡം 13(8)-ൽ "ഉടൻ" എന്നതിന് പകരം "ഒരു മാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 638-ാം നമ്പർ ഭേദഗതിയും 677-ാം നമ്പർ ഭേദഗതിയും ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

638. ഖണ്ഡം 13(2)ൽ "ഓഫീസറെ" എന്നതിനുശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

677. ഖണ്ഡം 13(6)-ൽ "കോഴിത്തീറ്റ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 638, 677 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 641, 688 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 650, 692 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 655, 665, 674 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 656-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 657, 667, 684, 685 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 661, 666 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 670-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 683-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

694. ഖണ്ഡം 14-ൽ “മറ്റേതെങ്കിലും" എന്നതിന് ശേഷം "അംഗീകൃത" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

696. ഖണ്ഡം 14-ൽ "ലബോറട്ടറീസ് അംഗീകരിച്ചതും സർക്കാർ" എന്നതിന് പകരം "ലാബോറട്ടറീസും സർക്കാരും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 694-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 696-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

15-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ 3-ാം വാചകത്തിൽ "നോട്ടീസിൽ"എന്ന വാക്കിന് പകരം "പിടിച്ചെടുക്കൽ മഹസറിൽ"എന്നീ വാക്കുകൾ ചേർക്കണമെന്നും തുടർന്നുള്ള വാചകങ്ങളിൽ യഥാക്രമം "നോട്ടീസിൽ", "നോട്ടീസിന്റെ"എന്നീ വാക്കുകൾ എവിടെയെല്ലാം ഉപയോഗിച്ചിട്ടുണ്ടോ അവയ്ക്ക് പകരം യഥാക്രമം "മഹസറിൽ", "മഹസറിന്റെ" എന്നീ വാക്കുകൾ ചേർക്കണം.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

699. ഖണ്ഡം 15(1)-ൽ "വാഗ്ദത്തം എന്നതിന് പകരം "വാഗ്ദാനം ചെയ്തതോ" എന്ന് ചേർക്കുക.

708. ഖണ്ഡം 15 (4)-ൽ "മറ്റ്" എന്ന വാക്ക് വരുന്നിടത്തെല്ലാം
അതിന് പകരം "ഏതെങ്കിലും" എന്ന് ചേർക്കുക.

715. ഖണ്ഡം 15(5)-ൽ "ചെയ്യുന്നയാൾ" എന്ന് എവിടെയെല്ലാം
വരുന്നുവോ അവിടെ " ചെയ്യുന്നതിന് നിയോഗിക്കപ്പെട്ടയാൾ"
എന്ന് ചേർക്കുക.

716. ഖണ്ഡം 15(6)-ൽ "അയാളുടെ" എന്നതിനു ശേഷം "പക്കലുള്ള"
എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

700. ഖണ്ഡം 15(2)-ൽ "കണ്ടയ്നറിൽ" എന്നതിന് ശേഷം
"ശേഖരിച്ച്" എന്ന് ചേർക്കുക.

703. ഖണ്ഡം 15 (3)-ൽ "യാതൊരാളും " എന്നതിന് പകരം
"ഏതൊരാളും"എന്ന് ചേർക്കുക.

709. ഖണ്ഡം 15 (4)-ൽ "അത്തരം" എന്നതിന് പകരം
"ഏതെങ്കിലും" എന്ന് ചേർക്കുക.

710. ഖണ്ഡം 15 (4)-ൽ "ഇത്തരം ആളിന്" എന്നതിന് പകരം
"അയാൾക്ക്" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിജിൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

702. ഖണ്ഡം 15 (2)-ൽ "സാക്ഷികളുടെയും ഒപ്പ് അല്ലെങ്കിൽ വിരലടയാളം അല്ലെങ്കിൽ രണ്ടുംകൂടിയോ പതിപ്പിക്കേണ്ടതുമാണ്"എന്നതിന് പകരം "സാക്ഷികളുടെയും കൈയ്യൊപ്പും വിരലടയാളവും പതിപ്പിക്കേണ്ടതാണ്"എന്ന് ചേർക്കുക.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

706. ഖണ്ഡം 15 (3)-ൽ "സാക്ഷികളെ" എന്നതിന് പകരം "ദൃക്സാക്ഷികളെ"എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

707. ഖണ്ഡം 15 (3)-ൽ "എടുക്കേണ്ടതുമാണ്" എന്നതിന് പകരം "ഏറ്റെടുക്കേണ്ടതും നടപടിക്രമങ്ങളുടെ വീഡിയോ ദൃശ്യങ്ങൾ പകർത്തി രേഖകൾക്കൊപ്പം സൂക്ഷിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

713. ഖണ്ഡം 15(4)-ൽ "സാക്ഷികളെ" എന്നതിന് പകരം "ദൃക്സാക്ഷികളെ" എന്ന് ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

714. ഖണ്ഡം 15(4)-ൽ "അവരുടെ" എന്നതിന് ശേഷം "കയ്യൊപ്പും വിരലടയാളവും പതിപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുകയും ശേഷിക്കുന്നവ ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

718. ഖണ്ഡം 15(6)-ൽ "അപേക്ഷൻ" എന്നതിന് ശേഷം "അപേക്ഷകൻ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 699, 708, 715, 716 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 700, 703, 709,710 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 702-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 706-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 707-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 713-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 714-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സനീഷ്‌കുമാർ ജോസഫ് അവതരിപ്പിച്ച 718-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

720. ഖണ്ഡം 16 (എ)-ൽ "ഒരു സാമ്പിൾ" എന്നതിന് പകരം "സാമ്പിളുകളുടെ ഒരു ഭാഗം" എന്ന് ചേർക്കുക.

723. ഖണ്ഡം 16(ബി)-ൽ "രണ്ട് തീറ്റ സാമ്പിളുകൾ" എന്നതിന് പകരം "തീറ്റ സാമ്പിളുകളുടെ രണ്ട് ഭാഗം" എന്ന് ചേർക്കുക.

724. ഖണ്ഡം 16(സി)-ൽ "രണ്ട് സാമ്പിളുകൾ" എന്നതിന് പകരം "സാമ്പിളുകളുടെ രണ്ട് ഭാഗം" എന്ന് ചേർക്കുക.

725. ഖണ്ഡം 16(ഡി)-ൽ "ഗുണനിലവാരം ഇല്ലെന്ന്" എന്നതിന് പകരം "അടങ്ങുന്ന തീറ്റവസ്തു ഗുണനിലവാരം പുലർത്തുന്നതല്ലെന്ന്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

728. ഖണ്ഡം 16(ഡി)-ൽ "വ്യക്തികളിൽനിന്നും" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 720, 723, 724, 725 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 728-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനേഴാം വകുപ്പ്</u>

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

729.ഖണ്ഡം 17(1)-ൽ “ലഭിക്കുമ്പോൾ,” എന്ന വാക്കിനും ചിഹ്നത്തിനും ശേഷം “അത്, ഈ ആക്റ്റിലെ 14-ാം വകുപ്പ് പ്രകാരമുള്ള ഒരു” എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

730. ഖണ്ഡം 17(1)-ൽ “കാണിക്കുന്ന” എന്നതിനു പകരം “രേഖപ്പെടുത്തിയ” എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

731. ഖണ്ഡം 17(1)-ൽ “ഇരുപത്തിയൊന്ന്” എന്നതിന് പകരം “മുപ്പത്” എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

733. ഖണ്ഡം 17(2)-ൽ "പ്രദർശിപ്പിക്കുവാനോ" എന്നതിന് ശേഷം "സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിപ്പിക്കുവാനോ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 729-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 730-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 731-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 733-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനെട്ടാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

"പിടിച്ചെടുക്കുകയും", " പിടിച്ചെടുക്കൽ " എന്നീ വാക്കുകൾക്ക് പകരം യഥാക്രമം "കണ്ടുകെട്ടുകയും" "കണ്ടുകെട്ടൽ" എന്നീ വാക്കുകൾ ചേർക്കണം.

വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊമ്പതാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

19-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡത്തിൽ "പിഴശിക്ഷ" എന്ന വാക്കിന് പകരം " ശിക്ഷ" എന്ന വാക്ക് ചേർക്കണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

751. ഖണ്ഡം 19(1)-ൽ "ചെയ്തിരിക്കുന്നതുമായ അത്തരം" എന്നതിന് പകരം "ചെയ്തിരിക്കുന്ന"എന്ന് ചേർക്കുക.

755. ഖണ്ഡം 19(2)-ൽ "ലൈസൻസിംഗ് അതോറിറ്റി അന്വേഷണം നടത്തുമ്പോൾ അയാൾക്ക്" എന്നതിന് പകരം "അന്വേഷണം നടത്തുമ്പോൾ ലൈസൻസിംഗ് അതോറിറ്റിക്ക്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

754. ഖണ്ഡം 19(1)-ൽ "ഉത്തരവ്മൂലം" എന്നതിന് പകരം "ഉത്തരവ് മൂലം"എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

756. ഖണ്ഡം 19(2)(എ)-ൽ "ഏതൊരാളെയും വിളിച്ച്" എന്നതിന് പകരം "കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതങ്ങൾ എന്നിവയുടെ നിർമ്മാണം-വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നയാളെയും അല്ലെങ്കിൽ ഏജൻസിയെയും, വിളിച്ച്"എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 751, 755 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 754-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 756-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

944. ഖണ്ഡം 20(1)(സി)-ൽ "ലൈസൻസ് അതോറിറ്റിക്ക്" എന്ന വാക്കുകൾക്ക് പകരം " ലൈസൻസിംഗ് അതോറിറ്റിക്ക്" എന്ന വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

759.ഖണ്ഡം 20(1)(എ)-ൽ "ദിവസത്തിൽ കുറയാത്തതും" എന്നതിനുശേഷം "എന്നാൽ"എന്ന് ചേർക്കുക.

760. ഖണ്ഡം 20(1)(ബി)-ൽ "മാസത്തിൽ കുറയാത്തതും" എന്നതിനുശേഷം "എന്നാൽ"എന്ന് ചേർക്കുക.

763. ഖണ്ഡം 20(1)(ബി)-ൽ "രൂപയിൽ കുറയാത്തതും" എന്നതിന് ശേഷം "എന്നാൽ " എന്ന് ചേർക്കുക.

776. ഖണ്ഡം 20(1)(സി)-ൽ "കന്നുകാലികൾക്ക്" എന്നതിന് പകരം "കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ" എന്ന് ചേർക്കുക.

781. ഖണ്ഡം 20(1)(സി)-ൽ "ലൈസൻസ് അതോറിറ്റിക്ക് " എന്നതിന് പകരം "ലൈസൻസിംഗ് അതോറിറ്റിക്ക്" എന്ന് ചേർക്കുക.

786. ഖണ്ഡം 20(2)-ൽ "ഏതൊരു തീറ്റവസ്തു," എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

770. ഖണ്ഡം 20(1)(ബി)-ൽ “രണ്ട് ലക്ഷം" എന്നതിന് പകരം “നാല് ലക്ഷം" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

778. ഖണ്ഡം 20(1)(സി)-ൽ "പരിക്ക്" എന്നതിന് പകരം "അനാരോഗ്യം" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

789. ഖണ്ഡം 20(2)-ൽ "നിർദ്ദേശം നൽകാവുന്നതാണ് " എന്നതിന് പകരം "നിർദ്ദേശിക്കാവുന്നതാണ് " എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 776-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. പ്രസ്തുത ഭേദഗതി 777-ാം നമ്പർ ഭേദഗതിക്ക് സമാനമാണ്. 774-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതികളോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

774. ഖണ്ഡം 20(1)(സി)-യിൽ "ഉൽപ്പാദനക്ഷമതയ്ക്ക് കോട്ടം വരുത്തൽ" എന്നീ വാക്കുകൾക്ക് മുമ്പായി ","ചിഹ്നം കൂടി ചേർക്കണം.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 944, 774 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും മന്ത്രി സ്വീകരിച്ച 776-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 759, 760, 763, 781, 786 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 770-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി. കെ. കെ. രമ അവതരിപ്പിച്ച 778-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 789-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയൊന്നാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

796. ഖണ്ഡം 21(2)-ൽ "പറയുവാൻ" എന്നതിന് പകരം "പറയുവാനും രേഖകൾ ഹാജരാക്കുന്നതിനും"എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 796-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിരണ്ടാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

22-ാം വകുപ്പിന്റെ (1) ഉപവകുപ്പിൽ "അതിനുശേഷം തുടരുന്നതോ ആയ" എന്നീ വാക്കുകൾക്കുശേഷം "കുറ്റങ്ങൾക്കും," എന്ന വാക്കും ചിഹ്നവും ചേർക്കണമെന്നും "കോഴിവർഗ്ഗത്തിന്റെയോ മരണം," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം " ഗുരുതരമായ" എന്ന വാക്കും ചേർക്കണം.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

801. ഖണ്ഡം 22(1)-ൽ "സ്റ്റേറ്റ്" എന്നതിന് മുൻപായി "ഈ ആക്റ്റിലെ 26-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള"എന്ന വാക്കുകളും അക്കങ്ങളും ചിഹ്നവും ചേർക്കുക.

810. ഖണ്ഡം 22(4)-ൽ "വ്യക്തിയിൽ" എന്നതിന് പകരം "ഏജന്റ് അല്ലെങ്കിൽ ഡീലറിൽ"എന്ന് ചേർക്കുക.

812. ഖണ്ഡം 22(4)-ന്റെ നിലവിലുള്ള ക്ലിപ്ത നിബന്ധനയെ ഖണ്ഡം 22-ന്റെ പുതിയ ഉപവകുപ്പ് (5) ആയി പുനരക്കം ചെയ്യുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

802. ഖണ്ഡം 22(1)-ൽ "പരിശോധനാറിപ്പോർട്ട്" എന്നതിന് പകരം "പരിശോധന റിപ്പോർട്ട്" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

804. ഖണ്ഡം 22(1)-ൽ "പത്ത്" എന്നതിന് പകരം "അഞ്ച്"എന്ന് ചേർക്കുക.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

811. ഖണ്ഡം 22(4)-ൽ "വിലയെ" എന്നതിന് പകരം "വിലയും ഇതുമൂലം ഇവർക്കുണ്ടായ വരുമാന നഷ്ടവും" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. 813-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

813. ഖണ്ഡം 22(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "(1)-ാം" എന്നതിനു പകരം "(4)-ാം" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 801, 810, 812 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 802-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 804-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 811-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയുടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിമൂന്നാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

816. ഖണ്ഡം 23(1)-ൽ "കോടതിയും" എന്ന വാക്കിനു ശേഷം "ഈ ആക്റ്റിലെ 26-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നവും ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 816-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിനാലാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

823. ഖണ്ഡം 24(1)-ൽ "ബിസിനസിന്റെ" എന്നതിന് പകരം "ഇടപാടുകളുടെ " എന്ന് ചേർക്കുക.

824. ഖണ്ഡം 24(1)-ൽ "ചാർജ്ജിലും" എന്നതിന് പകരം "ചുമതലയിലും " എന്ന് ചേർക്കുക.

831. ഖണ്ഡം 24(2)-ൽ "അല്ലെങ്കിൽ സംഘം" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

832. ഖണ്ഡം 24(2)-ൽ "മറ്റുദ്യോഗസ്ഥർ" എന്നതിന് പകരം "മറ്റ് ഉദ്യോഗസ്ഥർ" എന്ന് ചേർക്കുക.

834. ഖണ്ഡം 24-ന്റെ വിശദീകരണത്തിന്റെ ഇനം ബിൽ ബി(i)-ൽ "ഫേമിലെ" എന്ന വാക്കിന് ശേഷം "മാനേജ്മെന്റിലുള്ള" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

825. ഖണ്ഡം 24(1)-ൽ "ഉണ്ടായിരുന്ന" എന്നതിന് പകരം "രേഖാമൂലം നിയോഗിക്കപ്പെട്ടിരുന്ന " എന്ന് ചേർക്കുക.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

827. ഖണ്ഡം 24(1)-ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 823, 824, 831, 832, 834 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 825-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 827-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയഞ്ചാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

945. ഖണ്ഡം 25-ൽ "ഒരു വർഷം വരെയാകാവുന്ന തടവിനോ പത്തു ലക്ഷം രൂപവരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ" എന്ന വാക്കുകൾക്ക് പകരം "ആറുമാസത്തിൽ കുറയാത്തതും ഒരു വർഷം വരെയാകാവുന്നതുമായ തടവും പത്തു ലക്ഷം രൂപവരെയാകാവുന്ന പിഴയും നൽകി" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

839. ഖണ്ഡം 25-ൽ "സഹായിക്കുന്ന ഏതൊരാളും അപ്രകാരം സഹായിക്കപ്പെട്ട കൃത്യം ആ സഹായത്തിന്റെ ഫലമായി ചെയ്യപ്പെട്ടാൽ" എന്നതിന് പകരം "സഹായിച്ച ഏതൊരാളും" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 945-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 839-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയാറാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

946 (i) ഖണ്ഡം 26(2)-ൽ " അംഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "അംഗങ്ങളെ ഉൾപ്പെടുത്തേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

(ii) ഖണ്ഡം 26(2)-ന്റെ (i)-ഉം (ii)-ഉം ഇനങ്ങളിൽ "ആന്റ്" എന്ന വാക്ക് ഒഴിവാക്കേണ്ടതും "എക്സ്-ഒഫീഷ്യോ" എന്ന വാക്കുകൾക്ക് "()"ചിഹ്നം ചേർക്കുകയും ചെയ്യുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

851. ഖണ്ഡം 26 (1)-ൽ "വിജ്ഞാപനം വഴി;" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "അങ്ങനെയുള്ള വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന തീയതി മുതലുള്ള പ്രാബല്യത്തോടുകൂടി" എന്ന് ചേർക്കുക.

856. ഖണ്ഡം 26(2)(i)-ൽ "മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് സെക്രട്ടറി" എന്നതിന് പകരം "സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീര വികസനവും വകുപ്പ് " എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

853. ഖണ്ഡം 26 (2)-ൽ "ഉപഭോക്താക്കൾ," എന്നത് ഒഴിവാക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

855. ഖണ്ഡം 26 (2)-ൽ "താൽപര്യത്തെ" എന്നതിന് പകരം "താൽപര്യങ്ങളെ" എന്ന് ചേർക്കുക.

865. ഖണ്ഡം 26 (2) (vii)ന ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക. "(viii) ക്ഷീരകർഷക മേഖലയിലും കോഴിവർഗ്ഗ കൃഷി മേഖലയിലും പ്രാഗൽഭ്യം തെളിയിച്ച ഓരോ ആൾ വീതം"

ശ്രീ. സി. എച്ച് കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

867. ഖണ്ഡം 26 (2) (vii)ന ശേഷം താഴെപ്പറയുന്നവ ചേർക്കുക. "(viii) സംസ്ഥാനത്തെ ക്ഷീരകർഷക മേഖലയെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും

സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉണ്ടായിരിക്കേണ്ടതാണ് ;

(ix) സംസ്ഥാനത്തെ ക്ഷീരകർഷക മേഖലയെ പ്രതിനിധീകരിക്കുന്നതും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതുമായ രണ്ട് നിയമസഭാ സാമാജികർ ഉണ്ടായിരിക്കേണ്ടതാണ് ".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 946-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 851, 856 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 853-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 855, 865 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 867-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

**അനുകൂലിക്കുന്നവർ..........**

**പ്രതികൂലിക്കുന്നവർ.........**

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയേഴാം വകുപ്പ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

875. ഖണ്ഡം 27(ബി)-ൽ "തീറ്റനിർമ്മാണ" എന്നതിനു പകരം "കന്നുകാലി- കോഴിവർഗ്ഗ തീറ്റനിർമ്മാണ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

880. ഖണ്ഡം 27(സി)-ൽ "തീറ്റവസ്തുകൾ" എന്നതിന് പകരം "പദാർത്ഥങ്ങൾ" എന്ന് ചേർക്കുക.

881. ഖണ്ഡം 27(സി)-ൽ "ശിപാർശകൾ" എന്നതിന് ശേഷം "സർക്കാരിന്" എന്ന് ചേർക്കുക.

886. ഖണ്ഡം 27(എഫ്)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 877-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

877. ഖണ്ഡം 27(ബി)-ൽ "നിർദ്ദേശങ്ങൾ" എന്നതിന് പകരം "ശിപാർശകൾ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 877-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 875-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 880, 881, 886 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയെട്ടാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

889. ഖണ്ഡം 28(എ)-ൽ "കന്നുകാലികളെയോ കോഴിവർഗ്ഗത്തെയോ" എന്നതിനുപകരം "വളർത്തുമൃഗങ്ങളെയോ വളർത്തുപക്ഷികളെയോ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

890. ഖണ്ഡം 28(എ)-ൽ "കാർഷികവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കോ അവർ" എന്നതിനുപകരം "ഏതെങ്കിലും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ" എന്ന് ചേർക്കുക.

891. ഖണ്ഡം 28(ബി)-ൽ "നിർമ്മിക്കുന്ന" എന്നതിനുമുൻപായി "സ്വന്തമായി" എന്ന് ചേർക്കുക.

892. ഖണ്ഡം 28(ബി)-ൽ "കന്നുകാലിത്തീറ്റ" എന്നതിനുശേഷം " , " എന്ന ചിഹ്നം ചേർക്കുക.

894.ഖണ്ഡം 28(ബി)-ൽ "കോഴിവർഗ്ഗത്തീറ്റ" എന്നതിനുശേഷം ", ധാതുലവണമിശ്രിതം " എന്ന ചിഹ്നവും വാക്കും ചേർക്കുക.

898. ഖണ്ഡം 28(സി)-ൽ "നിർമ്മിക്കുന്നതോ" എന്നതിനുമുൻപായി "സ്വന്തമായി" എന്ന് ചേർക്കുക.

899. ഖണ്ഡം 28(സി) യ്ക്കുശേഷം "ബാധകമല്ല" എന്നതിനുപകരം "ബാധകമായിരിക്കുന്നതല്ല" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

895. ഖണ്ഡം 28 (c) ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 894-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 894-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 889-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 890, 891, 892, 898, 899 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 895-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊൻപതാം വകുപ്പ്</u>

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

902. ഖണ്ഡം 29-ൽ "ചെയ്ത വസ്തുക്കൾ" എന്നതിനുപകരം "ചെയ്തിട്ടുള്ള തീറ്റവസ്തുക്കൾ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 902-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പതാം വകുപ്പ്

(ഭേദഗതികൾ ഇല്ല)

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയൊന്നാം വകുപ്പ്

ശ്രീ. എ. കെ. എം. അഷ്റഫ്: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

908. ഖണ്ഡം 31(1)-ൽ "നിർണ്ണയിക്കപ്പെട്ട" എന്നതിനുപകരം "നിശ്ചയിക്കപ്പെട്ട" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 908-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിരണ്ടാം വകുപ്പ്</u>

(ഭേദഗതികൾ ഇല്ല)

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിമൂന്നാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

947. ഖണ്ഡം 33-ൽ "സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയിലെ അംഗങ്ങളും" എന്നീ വാക്കുകൾക്ക് ശേഷം "ലൈസൻസിംഗ് അതോറിറ്റിയും ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർമാരും" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതി അവതരിപ്പിച്ചില്ല.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 947-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

**അനുകൂലിക്കുന്നവർ...........**

**പ്രതികൂലിക്കുന്നവർ...........**

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിനാലാം വകുപ്പ്</u>

(ഭേദഗതികൾ ഇല്ല)

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

**അനുകൂലിക്കുന്നവർ...........**

**പ്രതികൂലിക്കുന്നവർ...........**

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയഞ്ചാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയാറാം വകുപ്പ്</u>

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

925. ഖണ്ഡം 36(2)-ൽ "കഴിയുന്നത്ര വേഗം" എന്നതിനുപകരം "തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 925-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയേഴാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

927. ഖണ്ഡം 37-ൽ "ആക്റ്റുപ്രകാരമുള്ള" എന്നതിനുപകരം "ആക്റ്റ് പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

928. ഖണ്ഡം 37-ൽ "അതിന്റെ" എന്നതിനുപകരം "അവരുടെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 927-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 928-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയെട്ടാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊൻപതാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പതാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

948. ഖണ്ഡം 40(1)-ൽ "2023"എന്ന അക്കങ്ങൾക്ക് പകരം "2022" എന്ന അക്കങ്ങൾ ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 948-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

939. “അത്യാവശ്യമാണെന്ന് സർക്കാരിന് അഭിപ്രായമുള്ളതിനാൽ" എന്നീ വാക്കുകൾക്ക് പകരം "അത്യാവശ്യമായതിനാലും” എന്നവാക്കും"വരുത്തുന്നതിനും”എന്ന വാക്കിന് പകരം "വരുത്തേണ്ടതിനാലും” എന്ന വാക്കും "തടയുന്നതിനും” എന്ന വാക്കിന് പകരം "തടയേണ്ടതിനാലും” എന്ന വാക്കും ചേർക്കുക.

940. ഖണ്ഡം 1(1)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.
“(2) ഇത് 2021 ഫെബ്രുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

കൂടാതെ പീഠികയിൽ "ഉൽപ്പാദന നിലവാരം പരിപാലിക്കുന്നതിനായി അവയുടെ" എന്നീ വാക്കുകൾ വിട്ടുകളയണം.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. ദീർഘശീർഷകത്തിൽ "കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ" എന്നതിന് പകരം "വളർത്തുമൃഗത്തീറ്റ, വളർത്തുപക്ഷിത്തീറ്റ" എന്ന് ചേർക്കുക.

119. ദീർഘശീർഷകത്തിൽ "നിയന്ത്രിക്കുന്നതിനും" എന്നതിന് പകരം "ക്രമപ്പെടുത്തുന്നതിനും" എന്ന് ചേർക്കുക.

128. പീഠികയിൽ "കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ" എന്നതിനു പകരം "വളർത്തുമൃഗത്തീറ്റ, വളർത്തുപക്ഷിത്തീറ്റ" എന്ന് ചേർക്കുക.

143. പീഠികയിൽ "എന്നിവ നിയന്ത്രിക്കേണ്ടത് " എന്നതിന് പകരം "എന്നിവ ക്രമപ്പെടുത്തേണ്ടതും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതും" എന്ന് ചേർക്കുക.

160. പീഠികയിൽ "മിസ്ബ്രാൻഡിംഗും" എന്നതിന് പകരം "വ്യാജ വാണിജ്യ മുദ്രണങ്ങൾ"എന്ന് ചേർക്കുക.

171. ഖണ്ഡം 1-ൽ "കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ" എന്നതിന് പകരം "വളർത്തുമൃഗത്തീറ്റ, വളർത്തുപക്ഷിത്തീറ്റ" എന്ന് ചേർക്കുക.

174. ഖണ്ഡം 1-ൽ “നിയന്ത്രിക്കലും" എന്നതിന് പകരം
“ക്രമപ്പെടുത്തലും" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ “ധാതുലവണമിശ്രിതം" എന്നതിന്
പകരം "സപ്ലിമെന്റുകൾ” എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

127. പീഠികയിൽ “കേരള സംസ്ഥാനത്ത്" എന്നതിന് ശേഷം
"ലഭ്യമാകുന്ന" എന്ന് ചേർക്കുക.

132. പീഠികയിൽ "ഉൽപാദനനിലവാരം" എന്നതിന് പകരം
"ഗുണനിലവാരം”എന്ന് ചേർക്കുക.

159. പീഠികയിൽ “തീറ്റ" എന്നതിന് പകരം " തീറ്റയുടെ”എന്ന്
ചേർക്കുക.

161. പീഠികയിൽ “മിസ്ബ്രാൻഡിംഗും" എന്നതിന് ശേഷം
"പൂർണ്ണമായും”എന്ന് ചേർക്കുക.

189. ഖണ്ഡം 1(1)-ന് ശേഷം താഴെപ്പറയുന്നത് ഉപഖണ്ഡം ചേർക്കുക.
“(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന
തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.”

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

144. പീഠികയിൽ “അത്യാവശ്യമാണെന്ന്" എന്നതിന് പകരം "അനിവാര്യമാണെന്ന് " എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

149. പീഠികയിൽ അത്യാവശ്യമാണെന്ന് സർക്കാരിന് അഭിപ്രായമുള്ളതിനാൽ" എന്നതിന് പകരം "അനിവാര്യമായതിനാൽ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. ഖണ്ഡം 1(1)-നശേഷം താഴെപ്പറയുന്നത് ചേർക്കുക.
“(2) ഇത് 2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.
(3)ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

<u>മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി)</u>: സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 113, 119, 128, 143, 160, 171, 174 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 127, 132, 159, 161, 189 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>) 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ,

ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

VIII. <u>അറിയിപ്പ്</u>

<u>മെഡിക്കൽ ക്യാമ്പ്</u>

<u>മി. സ്പീക്കർ</u>: ജീവിതശൈലീ രോഗനിർണ്ണയത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട സമാജികർക്ക് സെപ്റ്റംബർ 14-ാം തീയതി (നാളെ)

രാവിലെ 7 മണി മുതൽ 9.30 വരെ നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻതമ്പി മെമ്പേഴ്സ് ലോഞ്ചിൽ ആരോഗ്യ വകുപ്പ് ഒരു മെഡിക്കൽ ക്യാമ്പ് ക്രമീകരിച്ചിട്ടുണ്ട്. ഭക്ഷണം കഴിക്കുന്നതിനുമുമ്പ് പരിശോധനകൾ നടത്തുന്നത് കൂടുതൽ ഫലപ്രദമായിരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഈ സൗകര്യം ബഹുമാനപ്പെട്ട അംഗങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം സഭാ സമ്മേളനം വൈകിയതിനാൽ Artificial Intelligence-മായി ബന്ധപ്പെട്ട് ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന ക്ലാസ് മാറ്റിയിട്ടുണ്ട്. പ്രസ്തുത ക്ലാസ് നിയമസഭാ സമാജികരുടെ പരിശീലന സമയത്ത് വയ്ക്കാമെന്ന് അറിയിക്കുകയാണ്.

ഓർഡർ....... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 സെപ്റ്റംബർ മാസം 14-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 9.00 മണിക്ക് പിരിഞ്ഞു.)

* * * *

അനുബന്ധം

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ-സ്റ്റോർ പദ്ധതിയുടെ പുരോഗതി

5 (*155) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) കെ-സ്റ്റോർ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതിവഴി ഗ്രാമീണ മേഖലയിലെ റേഷൻകടകൾ നവീകരിക്കുന്നതിലൂടെ ഭക്ഷ്യവകുപ്പ് ലക്ഷ്യമിടുന്ന നേട്ടങ്ങളെന്തെല്ലാം; വ്യക്തമാക്കാമോ?

അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവായ മലയോര/വിദൂര/ ഒറ്റപ്പെട്ട/ആദിവാസി മേഖലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് നിലവിൽ കെ-സ്റ്റോർ പദ്ധതിയിലേയ്ക്കുള്ള റേഷൻ കടകൾ തെരഞ്ഞെടുക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 108 കടകൾ

തെരഞ്ഞെടുക്കുകയും അവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 200 കടകൾകൂടി കെ-സ്റ്റോറുകളാക്കുന്ന നടപടി തുടർന്നുവരുന്നു. കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന റേഷൻ കടകൾവഴി സിറ്റിസൺ സർവ്വീസ് സെന്റർ, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉൽപ്പന്നങ്ങൾ, ഐ.ഒ.സി.-യുടെ ചോട്ടു ഗ്യാസ് എന്നിവയുടെ വിപണനമാണ് നിലവിൽ നടന്നുവരുന്നത്. ടി സേവനങ്ങൾക്കുപുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ MSME ഉൽപ്പന്നങ്ങൾ (96 ഉൽപ്പന്നങ്ങൾ) കൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ ഉൽപ്പന്നങ്ങൾ, Meat Products of India-യുടെ ഉൽപ്പന്നങ്ങൾ, കൂടുതൽ മിൽമ ഉൽപ്പന്നങ്ങൾ എന്നിവകൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു. ആയതിന്റെ പ്രാഥമിക ചർച്ചകൾ നടന്നുവരുന്നു. പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും നിലവിൽ റേഷൻ കടകൾവഴി നൽകിവരുന്ന സേവനങ്ങൾക്കുപുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉൽപ്പന്നങ്ങളുടെ

വിപണനവും നടപ്പാക്കുന്നതുവഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാനമാർഗ്ഗമാണ് കെ-സ്റ്റോർ എന്ന പദ്ധതികൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) ഉദ്ഘാടനം ചെയ്ത് ഒരുവർഷം പിന്നിട്ടിട്ടും സബ്സിഡി സാധനങ്ങളും സേവനങ്ങളും പ്രസ്തുത പദ്ധതിവഴി ലഭ്യമാക്കി പൊതുവിതരണം ശക്തിപ്പെടുത്തുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ സാധിക്കാതെപോയ സാഹചര്യം വിശദമാക്കാമോ?

കെ-സ്റ്റോർ വഴി സബ്സിഡി സാധനങ്ങൾ വിപണനം ചെയ്യുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ബാങ്കിംഗ്, അക്ഷയ സേവനങ്ങൾ എന്നിവ കെ-സ്റ്റോർ വഴി ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇവ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അക്ഷയ കേന്ദ്രങ്ങൾക്കുപകരമുള്ള പൊതുജനസേവന കേന്ദ്രത്തിന്റെ പ്രവർത്തനം കെ-സ്റ്റോർ വഴി നിലവിൽ നൽകിവരുന്നുണ്ട്. ബാങ്കിംഗ് സംവിധാനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

**മാലിന്യമുക്ത കേരളം**

6 (*156) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന മാലിന്യമുക്ത കേരളം കർമ്മപരിപാടിയുടെ ആദ്യഘട്ടത്തിൽ മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്.

വാതിൽപ്പടി ശേഖരണം

422 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 90 ശതമാനത്തിൽക്കൂടുതൽ വാതിൽപ്പടി ശേഖരണം സാദ്ധ്യമായി. 298 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 75 ശതമാനത്തിനും 90 ശതമാനത്തിനുമിടയിൽ വാതിൽപ്പടി ശേഖരണം സാധ്യമായി. മറ്റ് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളെയും ഈ നിലയിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

ഹരിത കർമ്മസേന

മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ആദ്യഘട്ടത്തിൽ 2959 ഹരിതകർമ്മ സേനാംഗങ്ങളെ പുതിയതായി നിയമിച്ചിട്ടുണ്ട്. നിലവിൽ ആകെ 33,378 ഹരിതകർമ്മ സേനാംഗങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF), റിസോർസ് റിക്കവറി ഫെസിലിറ്റി (RRF) സംവിധാനങ്ങൾ

അജൈവമാലിന്യ പരിപാലനത്തിനായി സംസ്ഥാനമൊട്ടാകെ 1167 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ, 172 റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ 2023-24 സാമ്പത്തിക വർഷത്തിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ നവീകരിക്കുന്നതിനായി

380-ഓളം പ്രോജക്ടുകളും റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ നവീകരിക്കുന്നതിനായി 30 പ്രോജക്ടുകളും ഏറ്റെടുത്തിട്ടുണ്ട്.

ഉറവിട ജൈവ മാലിന്യ സംസ്കരണം

ആകെ 3,64,259 ഉറവിട ജൈവമാലിന്യ സംസ്കരണ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സംസ്ഥാനമൊട്ടാകെ വിതരണം ചെയ്തു. പുതിയതായി ആകെ 318.58 ടൺ ശേഷിയുള്ള ജൈവ കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്യുന്നതിനായുള്ള പ്രോജക്ടുകളും ഇതിനകം സമർപ്പിച്ചുകഴിഞ്ഞു. MGNREGS വഴി ഇതുവരെ 59,718 സോക്ക് പിറ്റുകൾ, 65,535 കമ്പോസ്റ്റ് പിറ്റുകൾ എന്നിവ നിർമ്മിച്ചുനൽകി.

കമ്മ്യൂണിറ്റി കമ്പോസ്റ്റ്, ബയോ മെഥനേഷൻ/ബയോഗ്യാസ് യൂണിറ്റുകൾ

സംസ്ഥാനത്ത് ഇതുവരെ 600-ഓളം കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ, 488 വികേന്ദ്രീകൃത മണ്ണിര കമ്പോസ്റ്റ് പ്ലാന്റുകൾ, മുപ്പതോളം വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റുകൾ, 1412 തുമ്പൂർമുഴി പ്ലാന്റുകൾ ഈ പ്ലാന്റുകളിലായി ആകെ 3949 തുമ്പൂർമുഴി ബിന്നുകൾ എന്നിവ ഇതിനോടകം നിർമ്മിച്ച് പ്രവർത്തനക്ഷമമാണ്.

100 ശതമാനം ഉറവിടത്തിൽ തരംതിരിക്കൽ

ക്യാമ്പയിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നായ ജൈവ-അജൈവ മാലിന്യങ്ങളുടെ 100 ശതമാനം ഉറവിടത്തിലുള്ള തരംതിരിക്കൽ സാധ്യമാക്കുന്നതിനായി വിവിധ ബോധവൽക്കരണ ക്ലാസുകൾ, ഭവന സന്ദർശനങ്ങൾ, ലഘുലേഖ വിതരണം, കലാജാഥകൾ എന്നിവ ആവിഷ്കരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കി. ഇതിന്റെ ഫലമായി വീടുകളിൽ 74.5 ശതമാനവും സ്ഥാപനങ്ങളിൽ 63.1 ശതമാനവും മാലിന്യം ഉറവിടത്തിൽ തരംതിരിക്കൽ സാദ്ധ്യമായി.

പൊതുയിടങ്ങളിലെയും ജലാശയങ്ങളിലെയും മാലിന്യക്കൂനകൾ നീക്കം ചെയ്യൽ

പൊതുയിടങ്ങളിലെ മാലിന്യക്കൂനകൾ നീക്കം ചെയ്യൽ, ജലാശയങ്ങളിലെ മാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കൽ എന്നിവ ക്യാമ്പയിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലുൾപ്പെടുന്നവയാണ്. ഇതിന്റെ ആദ്യപടിയായി തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലെ മാലിന്യക്കൂനകൾ (GVP–Garbage Vulnerable Point) കണ്ടെത്തി ജിയോ ടാഗ്

ചെയ്തു. ഹരിതമിത്രം ആപ്ലിക്കേഷൻ, വാർ റൂം പോർട്ടൽ എന്നിവ വഴി GVP-കൾ കണ്ടെത്തുന്നതിനും അവ റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള സൗകര്യമൊരുക്കി. കൂടാതെ ഇവ നീക്കം ചെയ്യുന്നത് ഉറപ്പിക്കാനായി വാർ റൂം പോർട്ടൽ വഴിയുള്ള നിരീക്ഷണവും സാദ്ധ്യമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ മാലിന്യകൂനകൾ കണ്ടെത്തുന്ന പ്രയത്നം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും പൊതുജനങ്ങളുടെ പങ്കാളിത്തം വഴിയും സാധ്യമായി. ഇങ്ങനെ കണ്ടെത്തിയ മാലിന്യക്കൂനകൾ വൃത്തിയാക്കി, മോടിപിടിപ്പിച്ചു. കൂടാതെ അവിടെ വീണ്ടും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി സി.സി.ടി.വി. ക്യാമറ, ബോർഡ് എന്നിവ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്താകെ, കഴിഞ്ഞ ജൂൺ 9 വരെ 2808 മാലിന്യക്കൂനകൾ കരയിലും 480 മാലിന്യക്കൂനകൾ ജലാശയങ്ങളിലും 2624 മാലിന്യക്കൂനകൾ റോഡ് സൈഡിലുമായി കണ്ടെത്തി. അവയിൽ ഇതുവരെ 2478 മാലിന്യകൂനകൾ കരയിലും 403 മാലിന്യകൂനകൾ ജലാശയങ്ങളിലും 2442 മാലിന്യക്കൂനകൾ റോഡ്

സൈഡിലുമായി വൃത്തിയാക്കി. അവശേഷിക്കുന്നവ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) മാലിന്യ സംസ്കരണത്തിലെ നേട്ടങ്ങൾ നിലനിർത്തുന്നതോടൊപ്പം വസ്തുതാപരമായ വിലയിരുത്തലുകൾ നടത്തി തുടർനടപടികൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ജൂൺ 5-ഓടെ അവസാനിച്ച ക്യാമ്പയിന്റെ അടിയന്തരഘട്ടം വിശകലനം ചെയ്യുന്നതിനും ആദ്യഘട്ടത്തിലെ പ്രവർത്തന മികവുകൾ, നേട്ടങ്ങൾ, അതോടൊപ്പം പോരായ്മകൾ, നേരിട്ട വെല്ലുവിളികൾ, പ്രവർത്തനത്തിലെയും സംഘാടനത്തിലെയും വിടവുകൾ എന്നിവ ചർച്ച ചെയ്യുന്നതിനായി ജൂൺ 5 പരിസ്ഥിതി ദിനത്തിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതസഭ വിളിച്ചുചേർത്ത് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി പ്രവർത്തനങ്ങളും നേട്ടങ്ങളും ധാരാളം നടന്നിട്ടുണ്ടെങ്കിലും ആദ്യഘട്ട ലക്ഷ്യത്തിൽ പരാമർശിച്ചിട്ടുള്ള വീടുകളിൽ

തരംതിരിക്കലും കൈമാറലും ഉറവിട മാലിന്യസംസ്കരണവും 100 ശതമാനത്തിലേയ്ക്കെത്തിക്കാൻ സാധിച്ചിട്ടില്ല. രണ്ടാംഘട്ടത്തിൽ അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

1. ജനകീയ വിദ്യാഭ്യാസ പരിപാടിയിൽ ഊന്നൽ നൽകി വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തി ബൃഹത്തായ ഐ.ഇ.സി. പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നതവിദ്യാഭ്യാസ വകുപ്പ്, യുവജനക്ഷേമ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്.

2. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഫലപ്രദമാകുന്നതിനും നിലവിലെ മാലിന്യസംസ്കരണ സംവിധാനങ്ങളുടെ അവസ്ഥ വിലയിരുത്തി പരിഹാരം കാണുന്നതിനും എല്ലാ എൽ.എസ്.ജി.-കളിലെയും പൊതുയിടങ്ങളിൽ ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സിനുള്ള സംവിധാനങ്ങളൊരുക്കുന്നതിനും ഒരു പ്രത്യേക ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെക്നിക്കൽ

സപ്പോർട്ടിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ടെക്നിക്കൽ ടീം രൂപീകരിച്ചിട്ടുണ്ട്.

3. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടന്ന ഓഡിറ്റിംഗിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണത്തിലെ ഗ്യാപ് മനസ്സിലാക്കുകയും അവ വിലയിരുത്തി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാലിന്യസംസ്കരണത്തിനുള്ള സമഗ്രപദ്ധതികൾ തയ്യാറാക്കുന്നതിനും 2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിനുമുള്ള ഉത്തരവ് (സ.ഉ. (സാധാ) നം. 1503/2023/LSGD) പുറപ്പെടുവിച്ചു.

4. മാലിന്യസംസ്കരണത്തിന്റെ ഭാഗമായി വിവിധ വിഭവ സ്രോതസുകൾ ഫലപ്രദമായി സംയോജിപ്പിച്ചുകൊണ്ട് മാലിന്യസംസ്കരണത്തിനുള്ള സമഗ്രപദ്ധതികൾ തയ്യാറാക്കുന്നതിനും അവ 2023-24 വാർഷിക പദ്ധതിയുടെ~~യിലൂടെ~~ ഭാഗമാക്കുന്നതിനും സർക്കാർ ഉത്തരവ് (സാധാ) നം. 1401/2023/ LSGD) പുറപ്പെടുവിച്ചു.

എം.എൽ.എ.-മാരുടെ കമ്മിറ്റി ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ അസംബ്ലി നിയോജകമണ്ഡല തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഒന്നാംഘട്ടത്തിലെ ഗ്യാപ് അസസ്മെന്റ് റിപ്പോർട്ടിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണത്തിനായി സൃഷ്ടിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാനാവശ്യമായ സാങ്കേതികസഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക, പ്രോജക്ടുകളുടെ സമയബന്ധിത നിർവ്വഹണം ഉറപ്പാക്കുക, മനോഭാവത്തിലും ശീലത്തിലും മാറ്റം കൊണ്ടുവരാൻ സഹായിക്കുന്ന ബഹുജന വിദ്യാഭ്യാസ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ഹരിത കർമ്മസേനയെ ബ്രാൻഡിംഗ് നടത്തി ദേശീയശ്രദ്ധ ലഭിക്കുന്ന സംരംഭമാക്കി മാറ്റുക, പൊതുയിടങ്ങളിലേയ്ക്ക് മാലിന്യം വരുന്നില്ലെന്ന് ഉറപ്പാക്കുക, നിയമനടപടികൾ കർശനമാക്കുക തുടങ്ങിയവയാണ് ജൂൺ 6 മുതൽ ആരംഭിച്ച രണ്ടാംഘട്ട പ്രവർത്തനങ്ങളിലെ പ്രധാന ഊന്നൽ.

(സി) ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിലൂടെ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിലെത്തുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ റോഡ് ടാറിംഗിനായി പുനരുപയോഗിക്കുന്നതുവഴി പരിസ്ഥിതി മലിനീകരണം കുറയ്ക്കാൻ സാധിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആകെ 1010 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും 176 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും നിർമ്മിച്ചിട്ടുണ്ട്. വീടുകൾ, വാണിജ്യ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലെത്തിച്ച് ഇനം തിരിച്ച് തരംതിരിക്കുന്നു. ഈ പ്രക്രിയയിലൂടെ ഉപയോഗിച്ച് ഉപേക്ഷിക്കുന്ന വസ്തുക്കൾക്ക് മൂല്യവർദ്ധനവുണ്ടാക്കി പുന:ചംക്രമണ ഏജൻസികൾക്ക് കയ്യൊഴിയുന്നു. ഇനം തിരിച്ച് തരംതിരിക്കുമ്പോൾ 50 മൈക്രോണിന് താഴെ കനമുള്ള പ്ലാസ്റ്റിക്കും മൾട്ടി ലെയർ പ്ലാസ്റ്റിക്കും റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിലേയ്ക്ക് നീക്കം ചെയ്യും. റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ

യന്ത്രവൽകൃതമാണ്. ഇവിടെ ലഭ്യമായ ഷ്രെഡ്ഡിംഗ് മെഷീൻ ഉപയോഗിച്ച് 1 മി.മി. സൈസിൽ പൊടിച്ച് റോഡ് ടാറിംഗ് പ്രവൃത്തിയിലുപയോഗിക്കുന്നു. ഇതിലൂടെ പുനഃചംക്രമണ യോഗ്യമല്ലാത്ത പ്ലാസ്റ്റിക് ശാശ്വതമായി സംസ്കരിക്കാൻ സാധിക്കുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 3163.335 ടൺ ഷ്രെഡഡ് പ്ലാസ്റ്റിക്കുകളാണ് റോഡ് നിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുള്ളത്. ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് ടാറിംഗ് കൂടുതൽ ലൈഫുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) പാഴ്വസ്തുക്കളിൽനിന്നും മികച്ച ഉല്പന്നങ്ങളുണ്ടാക്കുന്ന ഹരിതസംരംഭങ്ങൾ തുടങ്ങിയും മറ്റ് നൂതന സംരംഭ മാതൃകകൾ നടപ്പാക്കിയും ഹരിതകർമ്മസേനയെ സ്വയംപര്യാപ്തമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഹരിതകർമ്മസേനയുടെ വരുമാനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പാഴ്വസ്തുക്കളിൽനിന്നും ഉൽപ്പന്നങ്ങളുണ്ടാക്കുന്ന ചെറുകിട സംരംഭങ്ങൾ ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ ആരംഭിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഏതാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ഹരിതകർമ്മസേനയ്ക്ക് വാതിൽപ്പടി ശേഖരണത്തിൽ വീടുകളുടെ എണ്ണം വർദ്ധിപ്പിച്ച് വരുമാനം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹരിതകർമ്മ സേനയ്ക്ക് യൂസർഫീ നൽകാത്ത വീടുകളിൽനിന്നും കെട്ടിട നികുതിയോടൊപ്പം തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യത്തിൽനിന്ന് പരമാവധി റീസൈക്കിൾ മൂല്യമുള്ള ഉൽപ്പന്നങ്ങൾ പ്രത്യേകമായി തിരഞ്ഞ് ശേഖരിക്കുന്നതിന് പരിശീലനം നൽകുകയും ആയത് ക്ലീൻകേരള കമ്പനിവഴി വിൽക്കുകയും അതിലൂടെ വരുമാന വർദ്ധനവ് ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനോടൊപ്പം വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വീടുകളിൽ ഉപകരണം എത്തിക്കുന്നതിലൂടെ അധികവരുമാനം ടീമിന് ലഭിക്കാൻ സാധിക്കുന്നുണ്ട്.

**കാരുണ്യ സുരക്ഷാ പദ്ധതി**

7(*157) <u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. നജീബ് കാന്തപുരം:</u>
<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) കാരുണ്യ സുരക്ഷാ പദ്ധതിയിലെ തുക നൽകുന്നതിൽ കുടിശ്ശിക വരുത്തിയത് സൗജന്യ ചികിത്സ ലഭിക്കേണ്ട സാധാരണക്കാരെ പ്രതികൂലമായി ബാധിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട സർക്കാർ-സ്വകാര്യ ആശുപത്രികളിലൂടെ അർഹരായ രോഗികൾക്ക് സൗജന്യ ചികിത്സ നൽകിവരുന്നു. ചികിത്സാ സംബന്ധിയായ തുക നിശ്ചിത പാക്കേജ് പ്രകാരം ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ആശുപത്രികൾക്ക് വിതരണം ചെയ്യുന്നു.

(ബി) സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും ആശുപത്രികൾക്ക് നൽകേണ്ട കുടിശ്ശിക കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും ആശുപത്രികൾക്ക് നൽകേണ്ട കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്വകാര്യം | 2,08,73,03,779 |
| സർക്കാർ | 8,22,42,44,153 |

(സി) കുടിശ്ശിക വരുത്തിയതിനാൽ വിലപിടിപ്പുള്ള മരുന്നുകൾ വിതരണം ചെയ്യുന്ന ഏജൻസികൾ അവയുടെ വിതരണം നിർത്തിവെച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി നേരിടുന്ന പ്രതിസന്ധി എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി&ഡി) സംസ്ഥാന ആരോഗ്യ വകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ ജനറിക് മരുന്നുകൾ, പ്രസ്തുത ആശുപത്രി മേലധികാരികൾ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ മുഖേന ലഭ്യമാക്കുന്ന വാർഷിക ഇൻഡന്റ് അനുസരിച്ച് ദേശീയ തലത്തിൽ ക്ഷണിക്കുന്ന ദർഘാസ് നടപടിക്രമങ്ങളിലൂടെ സംഭരിച്ച് ഇൻഡന്റിന് ആനുപാതികമായി ആവശ്യാനുസരണം ലഭ്യമാക്കുന്നത് കേരള

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ്. ഇപ്രകാരം പരമാവധി മരുന്നുകൾ സർക്കാർ ആശുപത്രികൾ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ സർക്കാർ ആശുപത്രികളിൽ നിന്നും കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ (KASP) ഉൾപ്പെട്ടവർക്ക് മരുന്ന് ലഭ്യമാകാതെ വരുന്നപക്ഷം പ്രസ്തുത മരുന്ന് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും ലഭ്യമാക്കിവരുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേനയുള്ള മരുന്ന് വിതരണം കെ.എം.എസ്.സി.എൽ നിർത്തിവെച്ചിട്ടില്ല. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേനയുള്ള മരുന്ന് വിതരണം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്ന 70 ഔട്ട് ലെറ്റുകൾ വഴി നടത്തിവരുന്നു.

**ദേശീയപാത വികസനം**

8(*158) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തീകരിച്ച ദേശീയപാത വികസന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് അനുമതി നൽകി സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം മുഖേന പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.+ ദേശീയപാത അതോറിറ്റി നേരിട്ട് നടപ്പാക്കുന്നതിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

2016 വരെ സംസ്ഥാനത്ത് ദേശീയപാത വികസനത്തിൽ നാമമാത്രമായ പുരോഗതി മാത്രമാണുണ്ടായിരുന്നത്. മറ്റു സംസ്ഥാനങ്ങളിലുണ്ടായ പുരോഗതിയുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്ത് 2016-ൽ മുൻ സർക്കാർ അധികാരമേൽക്കുമ്പോൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേശീയപാത വികസനം നിർജ്ജീവാവസ്ഥയിലായിരുന്നു. ആകെ 645 കിലോമീറ്റർ പാതയിൽ തിരുവനന്തപുരം ബൈപ്പാസിനുള്ള 27 കിലോമീറ്റർ മാത്രമാണ് പൂർത്തീകരിച്ചിരുന്നത്. ഇതാകട്ടെ ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്തതായിരുന്നു. ദേശീയപാത വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ വളരെ മന്ദഗതിയിൽ ആയിരുന്നതിനാൽ 2013-ൽ നമ്മുടെ സംസ്ഥാനത്തെ NHAI ദേശീയപാത വികസന പ്രോജക്ടിൽ നിന്നും ഡീ നോട്ടിഫൈ ചെയ്യുന്ന അവസ്ഥവരെയുണ്ടായി. അതിനുശേഷം 2014-ൽ കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രി സംസ്ഥാന മുഖ്യമന്ത്രിക്ക് ദേശീയപാത വികസനത്തിനായുള്ള 80 ശതമാനം ഭൂമി ഏറ്റെടുത്ത് കൈമാറണമെന്ന് ആവശ്യപ്പെട്ട് കത്തെഴുതുകയുണ്ടായി. ഇതിനായുള്ള തുടർനടപടികളിലും കാര്യമായ ഒരു പുരോഗതിയും ഉണ്ടായില്ല. 2016-ൽ പുതിയ സർക്കാർ ചുമതലയേറ്റശേഷം ജൂൺ 15-ന് ഇതു സംബന്ധിച്ച യോഗം മുഖ്യമന്ത്രിതലത്തിൽ നടത്തുകയും പുരോഗതി വിലയിരുത്തുകയുമുണ്ടായി. സർവ്വേ വേഗത്തിലാക്കാനും ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചു. കേന്ദ്രസർക്കാരിന്റെ

ഉപരിതല ഗതാഗത മന്ത്രാലയവുമായി നിരന്തരം ബന്ധപ്പെട്ടുകയും ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം ചെലവ് സംസ്ഥാനം വഹിക്കുവാനും തീരുമാനമെടുത്തു. ഇത് ഒരു നിർണ്ണായക തീരുമാനമാണ്. അതിനുശേഷം കഴിഞ്ഞ ഏഴ് വർഷക്കാലയളവിൽ ആവശ്യമായ ഭൂമിയുടെ 99.51 ശതമാനവും ഏറ്റെടുത്തുകഴിഞ്ഞു. 1082 ഹെക്ടറിൽ 1077 ഹെക്ടർ ഏറ്റെടുത്തുകഴിഞ്ഞു. ആകെ നഷ്ടപരിഹാര തുകയായി 22,688 കോടി രൂപ ഭൂവുടമകൾക്ക് വിതരണം ചെയ്തു. ഇതിൽ 5546 കോടി രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതമാണ്. NH-66 വികസിപ്പിക്കാനുള്ള ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തിയത് കേരളത്തിന്റെ വികസനത്തെപ്പറ്റിയുള്ള പരിപ്രേക്ഷ്യത്തിനുതന്നെ മാറ്റം വരുത്തിയിരിക്കുകയാണ്. ദേശീയപാത 66-ന്റെ ഭൂമി ഏറ്റെടുക്കൽ സ്റ്റാറ്റസ് അവലോകനം ചെയ്യാൻ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുമായി പ്രതിവാര യോഗം നടത്തുന്നുണ്ട്. ദേശീയപാത വികസനത്തിന്റെ ഏകോപനം ഉറപ്പുവരുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ

നിശ്ചിത ഇടവേളകളിൽ യോഗം നടത്തുന്നുണ്ട്. മാത്രമല്ല പൊതുമരാമത്ത് വകുപ്പ് മന്ത്രി ദേശീയപാത പ്രവൃത്തി നടക്കുന്ന ഇടങ്ങളിൽ നേരിട്ടെത്തി പ്രവൃത്തി വിലയിരുത്തുകയും ജില്ലകളിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. വിവിധ വകുപ്പുകളിൽ കെട്ടികിടക്കുന്ന പലതരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ യോഗങ്ങൾ നടത്തുന്നുണ്ട്.

(സി) ദേശീയപാത 66 വികസനം എപ്പോൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; അറിയിക്കുമോ?

ദേശീയപാത-66 പത്തൊമ്പത് സ്ട്രെച്ചുകളായാണ് വികസിപ്പിക്കുന്നത്. പ്രസ്തുത സ്ട്രെച്ചുകൾ പൂർത്തിയാക്കാനുദ്ദേശിക്കുന്ന തീയതി, നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു.*

(ഡി) ദേശീയപാത-66-ലെ അരൂർ-തുറവൂർ സ്ട്രെച്ചിൽ ഫ്ലൈഓവർ പാതയുടെ പണി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അരൂർ-തുറവൂർ എലിവേറ്റഡ് ഹൈവേയുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. നിർമ്മാണത്തിൽ നാളിതുവരെ 3.54% പുരോഗതി കൈവരിച്ചതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ഇ) ഇടപ്പള്ളി-അരൂർ സ്ട്രെച്ചിൽ ഫ്ലൈഓവർ പാത പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഇടപ്പള്ളി-അരൂർ സ്ട്രെച്ചിൽ ഫ്ലൈ ഓവർ പാത നിർമ്മിക്കുന്നതിന്റെ സാങ്കേതികവും സാമ്പത്തികവുമായ സാദ്ധ്യതകൾ ദേശീയപാത അതോറിറ്റി പരിശോധിച്ചുവരുന്നു.

**മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ**

9(*159) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് മാലിന്യ സംസ്കരണത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ

ഏർപ്പെടുത്തുന്നതിലും ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിലുമുള്ള പുരോഗതി അറിയിക്കാമോ?

ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഹോട്ടലുകൾ, കച്ചവട സ്ഥാപനങ്ങൾ, കമ്മ്യൂണിറ്റി സെന്ററുകൾ തുടങ്ങി പ്രതിദിനം 100 കിലോയിൽ കൂടുതൽ മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്ന (ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ്) എല്ലായിടങ്ങളിലും സ്വന്തം നിലയിലോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പ്രകാരമോ അവരുടെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ഉത്തരവാകുകയും ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. അജൈവ മാലിന്യ ശേഖരണ, സംഭരണ സംവിധാനത്തിനായി 1167 എം. സി. എഫുകളും 172 ആർ. ആർ. എഫുകളും സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

**നിലവിലെ ഖരമാലിന്യ സംസ്കരണ സൗകര്യങ്ങൾ**

വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റ് (വലുത്) - 2

വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റ് (ചെറുത്) - 21

വെർമി കമ്പോസ്റ്റിംഗ് പ്ലാന്റ് (ചെറുത് ) - 10

കമ്മ്യൂണിറ്റിതല എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് - 773

സ്ഥാപനതല കമ്പോസ്റ്റിംഗ് ഉപകരണങ്ങൾ (ചെറുത്) - 28,406

സ്ഥാപനതല ഓർഗാനിക് വേസ്റ്റ് കമ്പോസ്റ്റിംഗ് - 5

ഗാർഹികതല കമ്പോസ്റ്റിംഗ് ഉപകരണങ്ങൾ - 349,815

ഗാർഹികതല കമ്പോസ്റ്റിംഗ് പിറ്റ് - 476,530

ബയോമെതനേഷൻ ഫെസിലിറ്റികൾ - 77,191

ചിക്കൻറെന്ററിംഗ് പ്ലാന്റുകളുടെ എണ്ണം - 48

കമ്പോസ്റ്റ് പിറ്റ് (നഗരംപദ്ധതി 2022-23) – 3538

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ച കമ്പോസ്റ്റ് പിറ്റുകൾ- 5956

MGNREGS-ന് കീഴിൽ നിർമ്മിച്ച ആകെ കമ്പോസ്റ്റ് പിറ്റുകൾ- 476530

നഗര ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ലോക ബാങ്ക് സഹായത്തോടെയുള്ള കേരളാ സ്റ്റേറ്റ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ്

പ്രോജക്ട് മുഖേനയും 2400 കോടി രൂപയുടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**ദ്രവമാലിന്യസംസ്കരണം**

Sewage Treatment Plant (STP) – 2

Feacal Sludge Treatment Plant (FSTP) – 4

Co-treatment Plants –2

8 STP / FSTP കളുടെ നിർമ്മാണം പുരോഗമിക്കുന്നു.

40 പുതിയ പ്രോജക്ടുകൾക്ക് ഡി.പി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൊച്ചി ബ്രഹ്മപുരത്ത് ജൈവമാലിന്യത്തിൽനിന്നും കംപ്രെസ്ഡ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ബിപിസിഎൽ-ന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സമാന രീതിയിൽ മാലിന്യസംസ്കരണത്തിന് നൂതനമായ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നത് പരിശോധിച്ചുവരുന്നു. 2024 മാർച്ച് 31-നു മുൻപ് സംസ്ഥാനത്തെ മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി "മാലിന്യമുക്തം നവകേരളം" എന്ന പേരിൽ വിപുലമായ ഒരു കാമ്പയിൻ

ആരംഭിച്ചു. ജൂൺ 5-ന് ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ഈ ഘട്ടത്തിലെ ഗ്യാപ് അസസ്മെന്റിന്റെ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണത്തിനായി സൃഷ്ടിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച പ്രോജക്ടുകൾക്ക് ഡി.പി.സി. അംഗീകാരം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുനിരത്തുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യം സമ്പൂർണ്ണമായി നീക്കം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തന മാർഗ്ഗരേഖ 21-03-2023-ലെ സ.ഉ(സാധാ)നം.673/2023/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസിരച്ച് ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പാതയോരങ്ങൾ, പൊതുസ്ഥലങ്ങൾ, പിന്നാമ്പുറങ്ങൾ, കാനകൾ, തോടുകൾ, ജലാശയങ്ങൾ, വനപ്രദേശങ്ങൾ മുതലായവയിലുള്ള ഖരമാലിന്യ

നിക്ഷേപങ്ങൾ, അനധികൃത ദ്രവമാലിന്യ നിർഗ്ഗമന മാർഗ്ഗങ്ങൾ/ നിക്ഷേപങ്ങൾ മുതലായവ കണ്ടെത്തി അവ നിർമ്മാർജ്ജനം ചെയ്യുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/വകുപ്പുകൾക്ക് നൽകിവരുന്നു.

(സി) ഇ-മാലിന്യം, കുപ്പിച്ചില്ലുകൾ, പ്ലാസ്റ്റിക് എന്നീ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിലും സംസ്കരിക്കുന്നതിലും നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള കേന്ദ്രീകൃത സംവിധാനം സംസ്ഥാനത്ത് എവിടെയെങ്കിലും പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

നിലവിൽ ഉറവിടത്തിൽനിന്നും ഹരിതകർമ്മ സേന ശേഖരിക്കുന്ന ഇ-മാലിന്യം, കുപ്പിച്ചില്ലുകൾ പ്ലാസ്റ്റിക് എന്നീ അജൈവ മാലിന്യങ്ങൾ CKCL-നാണ് കൈമാറ്റം ചെയ്യുന്നത്. ഇ-മാലിന്യം, കുപ്പിച്ചില്ലുകൾ, പ്ലാസ്റ്റിക് എന്നിവ പരിപാലനം നടത്തുന്നതിനുള്ള ക്രേന്ദ്രീകൃത സംവിധാനങ്ങൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ക്ലീൻ കേരള കമ്പനി നടപ്പിലാക്കുന്നുണ്ട്. ഇതര പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ പാഴ്വസ്തുക്കൾ

പരിപാലനം ചെയ്യുന്നതിന് എല്ലാ ജില്ലകളിലും യന്ത്രവൽകൃത സോർട്ടിംഗ് ആൻഡ് സെഗ്രിഗേഷൻ ആരംഭിക്കുന്നുണ്ട്. ഇതിൽ തൃശ്ശൂർ ജില്ലയിലെ യൂണിറ്റ് ഉദ്ഘാടനം നടത്തി പ്രവർത്തനസജ്ജമായിട്ടുണ്ട്. സ്ഥലം ലഭ്യമായ ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മറ്റ് ജില്ലകളിൽ നിലവിലെ കമ്പനിയുടെ ഗോഡൗണുകൾ ടി പ്രവർത്തികൾക്കായി സജ്ജമാക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു. സംസ്ഥാനത്ത് സംയോജിത അജൈവമാലിന്യ പരിപാലന കേന്ദ്രങ്ങൾ പത്തനംതിട്ട ജില്ലയിലും മലപ്പുറം ജില്ലയിലും ആരംഭിക്കുന്നതാണ്. പത്തനംതിട്ട ജില്ലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. സംസ്ഥാനത്ത് ചില്ലുമാലിന്യ ശേഖരണ പരിപാലനത്തിനായി രണ്ട് ക്രേന്ദങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ തൃശ്ശൂർ ജില്ലയിൽ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇ-മാലിന്യങ്ങളുടെ ശാസ്ത്രീയ പരിപാലനത്തിനായി മലപ്പുറം ജില്ലയിൽ കുറ്റിപ്പുറത്ത് പബ്ലിക് - പ്രൈവറ്റ് പാർട്ടിസിപ്പേഷൻ മാതൃകയിൽ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികളും പൂർത്തിയായിട്ടുണ്ട്.

(ഡി) ഖരമാലിന്യ സംസ്കരണ മേഖലയിൽ നിലവിലുള്ള വിൻഡ്രോ കമ്പോസ്റ്റിംഗ്, ബയോമെത്തനേഷൻ, ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ മുതലായ സാങ്കേതികവിദ്യകൾ സമന്വയിപ്പിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള സോഷ്യോ - ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ വികസിപ്പിച്ചെടുത്ത ഡീവാട്ടേർഡ് കമ്പോസ്റ്റിംഗ് സിസ്റ്റത്തിന്റെ വിശദാംശം അറിയിക്കാമോ?

ജൈവമാലിന്യ സംസ്കരണത്തിനുവേണ്ടിയുള്ള പ്ലാന്റാണിത്. ഏറ്റവും കുറഞ്ഞ സ്ഥലത്ത് പ്രവർത്തിക്കുന്ന പ്ലാന്റിൽനിന്നും ലിച്ചേറ്റ് ഉണ്ടാകുന്നില്ല. ഗുണനിലവാരമേറെയുള്ള വളം നിർമ്മിക്കുവാൻ സാധിക്കുന്ന രീതിയിലുള്ള കമ്പോസ്റ്റാണ് പ്ലാന്റിൽനിന്നും നിർമ്മിക്കപ്പെടുന്നത്. നിലവിൽ വടക്കാഞ്ചേരിയിൽ പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പച്ച ഇലകൾ, ഫുഡ് വേസ്റ്റ് അറവുശാലാ മാലിന്യങ്ങൾ എന്നിവ ഈ പ്ലാന്റിൽ സംസ്കരിക്കാവുന്നതാണ്. ശേഖരിച്ച ജൈവ ഖരമാലിന്യത്തെ പ്ലാന്റിലെത്തിച്ചശേഷം Segregation Conveyor ഉപയോഗിച്ച് വേർതിരിക്കുന്നു. കുഴികളിൽ ശേഖരിക്കപ്പെടുന്ന വേർതിരിച്ച മാലിന്യം പിന്നീട് Screw conveyor വഴി heavy duty duel shaft

shredder-ൽ എത്തിക്കുന്നു. shredder-ൽ വച്ച് മാലിന്യത്തെ മുറിച്ച് 10-20mm വലുപ്പത്തിലുള്ള ചെറിയ കഷ്ണങ്ങളാക്കി മാറ്റുന്നു. ചെറിയ കഷ്ണങ്ങളാക്കിയ മാലിന്യത്തെ Dewatering machine-ലൂടെ കടത്തിവിടുന്നു. Dewatering machine-ൽ വച്ച് മാലിന്യത്തിൽ നിന്നും 70% ജലാംശം ആഗിരണം ചെയ്യുകയും അതിനുശേഷം മാലിന്യം blender-ലൂടെ കടത്തി വിടുകയും ചെയ്യുന്നു. Blender-നുള്ളിൽ വച്ച് ഈ മാലിന്യത്തെ fermentation bacteria-യുമായി യോജിപ്പിക്കുകയും പുറത്തുവരുന്ന മാലിന്യത്തെ curing tray-കളിൽ ശേഖരിച്ച് 12 മുതൽ 15 ദിവസം വരെ curing നടത്തുന്നതിനായി സൂക്ഷിക്കുകയും ചെയ്യുന്നു. അതിനുശേഷം ഈ കമ്പോസ്റ്റിനെ പൾവറൈസിൽ പൊടിക്കുകയും (2-6 mm) പൊടിച്ച കമ്പോസ്റ്റിനെ അരിച്ചെടുക്കുകയും ചെയ്യുന്നു. ഡീവാട്ടറിംഗ് ഘട്ടത്തിൽ ശേഖരിക്കപ്പെടുന്ന ജലത്തെ ബയോഗ്യാസ് പ്ലാന്റിൽ ബയോഗ്യാസ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു. ഈ ഘട്ടത്തിൽ slurry ദ്രവരൂപത്തിലുള്ള വളമായി ഉപയോഗിക്കാവുന്നതാണ്. 1-3MT കപ്പാസിറ്റി വരുന്ന പ്ലാന്റിൽ പ്രോസസ്സിംഗിനുവേണ്ടി 40m$^2$ അളവിൽ സ്ഥലം ആവശ്യമാണ്. Curing

നടത്തുന്നതിന് 100m²-300m² സ്ഥലം, 3 തൊഴിലാളികൾ, 18HP ഊർജ്ജം എന്നിവ ആവശ്യമാണ്. ഇതിന് 39-60 ലക്ഷം രൂപവരെ ചെലവ് വരുന്നു.

(ഇ) സംസ്ഥാനത്ത് എവിടെയെങ്കിലും ഡീവാട്ടേർഡ് കമ്പോസ്റ്റിംഗ് സിസ്റ്റം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുണ്ടോ; ഇത് വിജയകരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്ത് മുഴുവൻ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ ഡീവാട്ടേർഡ് കമ്പോസ്റ്റിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. ടെസ്റ്റ് റിസൾട്ട് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായതിനുശേഷം തീരുമാനം കൈക്കൊള്ളാവുന്നതാണ്.

(എഫ്) തദ്ദേശസ്വയംഭരണ വകുപ്പ് ഫണ്ടിനുപുറമേ എം.എൽ.എ., എം.പി. എന്നീ ഫണ്ടുകൾ ഇതിനായി വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്താൻ ധനകാര്യ വകുപ്പിന് നിർദ്ദേശം നൽകുമോ?

പരിഗണനയിലില്ല.

**ആന്റിബയോട്ടിക്കുകളുടെ ഉപയോഗം നിയന്ത്രിക്കാൻ നടപടി**

10(*160) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>
<u>ശ്രീ. വി. ശശി</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>
<u>ശ്രീ. സി. സി. മുകുന്ദൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന മരുന്നുകളിൽ ഇരുപത് ശതമാനവും ആന്റിബയോട്ടിക്കാണ് എന്നത് സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് വിപണനം ചെയ്യുന്ന മരുന്നുകളുടെ ഏകദേശം 20% ആന്റിബയോട്ടിക്കുകളാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിപണിയിൽ നിന്നും ശേഖരിച്ച കണക്കുകൾ പ്രകാരം ഏകദേശം 20% മരുന്നുകൾ ആന്റിബയോട്ടിക്കുകളും 80% ആന്റിബയോട്ടിക്കിതര മരുന്നുകളുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആന്റിബയോട്ടിക്ക് മരുന്നുകളിൽ 12% Injections ഉൾപ്പെടുന്ന Parenteral വിഭാഗത്തിൽപ്പെടുന്നവയും 8% Oral ആന്റിബയോട്ടിക്കുകളുമാണ്. ഈ Oral ആന്റിബയോട്ടിക്കുകളിൽ 60%

മുതിർന്നവർക്കുള്ള ചികിത്സയ്ക്കും 40% ശിശുരോഗ ചികിത്സയ്ക്കും ഉപയോഗിക്കുന്നവയാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

(ബി) പ്രതിരോധം, വീര്യം എന്നിവ അടിസ്ഥാനപ്പെടുത്തി ആന്റിബയോട്ടിക്കിന്റെ ഉപയോഗം ലോകാരോഗ്യ സംഘടന നിജപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പ്രതിരോധം, വീര്യം എന്നിവ അടിസ്ഥാനപ്പെടുത്തി ആന്റിബയോട്ടിക്കിന്റെ ഉപയോഗം ലോകാരോഗ്യ സംഘടന നിജപ്പെടുത്തിയിട്ടുണ്ട്. പ്രാദേശിക, ദേശീയ, ആഗോള തലങ്ങളിൽ ആന്റിബയോട്ടിക്ക് പരിപാലനത്തിനുള്ള ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനും ആന്റി മൈക്രോബിയൽ റസിസ്റ്റന്റ്സ് കുറയ്ക്കുന്നതിനും ആന്റിബയോട്ടിക്കുകളെ ആക്സസ്, വാച്ച്, റിസർവ് (AWaRe Classification) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്. ആന്റിബയോട്ടിക്ക് നിരീക്ഷണത്തെയും സ്റ്റുവാർഡ്ഷിപ്പ് പ്രവർത്തനങ്ങളെയും മികച്ച രീതിയിൽ പിന്തുണയ്ക്കുന്നതിന് രാജ്യങ്ങൾക്ക് ഒരു ഉപകരണമായി ഈ വർഗ്ഗീകരണം ഉപയോഗിക്കുന്നു.

**ആക്സസ്** - ഈ ഗ്രൂപ്പിൽ, സാധാരണയായി അഭിമുഖീകരിക്കാൻ സാധ്യതയുള്ള രോഗകാരികൾക്കെതിരായി പ്രവർത്തിക്കുന്ന ആന്റിബയോട്ടിക്കുകൾ ഉൾപ്പെടുന്നു. അതേ സമയം മറ്റ് ഗ്രൂപ്പുകളിലെ ആന്റിബയോട്ടിക്കുകളെക്കാൾ കുറഞ്ഞ പ്രതിരോധശേഷി ഇവ കാണിക്കുന്നു. തെരഞ്ഞെടുത്ത ആക്സസ് ഗ്രൂപ്പ് ആന്റിബയോട്ടിക്കുകൾ ഇ.എം.എൽ വിദഗ്ധ സമിതി അവലോകനം ചെയ്ത പകർച്ചവ്യാധി സിൻഡ്രോമുകൾക്കുള്ള ആദ്യത്തെ അല്ലെങ്കിൽ രണ്ടാമത്തെ ചോയ്സ് ചികിത്സാ ഓപ്ഷനുകളായി ശിപാർശ ചെയ്യുന്നു. AMOXYCILLIN, AMPICILLIN, CEPHALEXIN തുടങ്ങിയവ ഈ ഗണത്തിൽപ്പെടുന്നു.

**വാച്ച്**- ഈ ഗ്രൂപ്പിൽ ഉയർന്ന പ്രതിരോധശേഷിയുള്ള ആന്റിബയോട്ടിക് ക്ലാസുകൾ ഉൾപ്പെടുന്നു. കൂടാതെ ഹ്യൂമൻ മെഡിസിനിനായുള്ള നിർണ്ണായക പ്രാധാന്യമുള്ള ആന്റി മൈക്രോബിയലുകൾ, ബാക്ടീരിയ പ്രതിരോധം തെരഞ്ഞെടുക്കുന്നതിനുള്ള താരതമ്യേന ഉയർന്ന അപകടസാധ്യതയുള്ള ആന്റിബയോട്ടിക്കുകൾ എന്നിവയിൽ ഏറ്റവും ഉയർന്ന മുൻഗണന ഏജന്റുകൾ ഉൾപ്പെടുന്നു. സ്റ്റുവാർഡ്ഷിപ്പ് പ്രോഗ്രാമുകളുടെയും നിരീക്ഷണത്തിന്റെയും പ്രധാന ലക്ഷ്യങ്ങളായി ഈ മരുന്നുകൾക്ക് മുൻഗണന നൽകുന്നു.

തെരഞ്ഞെടുത്ത വാച്ച് ഗ്രൂപ്പ് ആന്റിബയോട്ടിക്കുകൾ പരിമിതമായ എണ്ണം നിർദ്ദിഷ്ട പകർച്ചവ്യാധി സിൻഡ്രോമുകൾക്ക് ആവശ്യമായ ഒന്നാമത്തെ അല്ലെങ്കിൽ രണ്ടാമത്തെ ചോയ്സ് ചികിത്സാ ഓപ്ഷനുകളായി ശിപാർശ ചെയ്യുകയും ലോകാരോഗ്യ സംഘടനയുടെ അവശ്യ മരുന്നുകളുടെ മോഡൽ ലിസ്റ്റുകളിൽ വ്യക്തിഗത മരുന്നുകളായി പട്ടികപ്പെടുത്തുകയും ചെയ്യുന്നു. Azithromycin, Cefotaximine, Cetriaxone തുടങ്ങിയവ ഈ ഗണത്തിൽപ്പെടുന്നു.

**റിസർവ്-** മൾട്ടി ഡ്രഗ് റെസിസ്റ്റന്റ് സ്ഥിരീകരിച്ചതോ സംശയിക്കപ്പെടുന്നതോ ആയ അണുബാധകളുടെ ചികിത്സയ്ക്കായി നീക്കിവയ്ക്കേണ്ട ആന്റിബയോട്ടിക്ക് ക്ലാസുകളും ഈ ഗ്രൂപ്പിൽ ഉൾപ്പെടുന്നു. റിസർവ് ഗ്രൂപ്പ് ആന്റിബയോട്ടിക്കുകൾ "അവസാന ആശ്രയം" ഓപ്ഷനുകളായി കണക്കാക്കണം. തെരഞ്ഞെടുത്ത റിസർവ് ഗ്രൂപ്പ് ആന്റിബയോട്ടിക്കുകൾ ലോകാരോഗ്യ സംഘടനയുടെ മുൻഗണനാ രോഗകാരികളുടെ “ക്രിറ്റിക്കൽ മുൻഗണന” അല്ലെങ്കിൽ "ഉയർന്ന മുൻഗണന" രോഗകാരികൾക്കെതിരെ അനുകൂലമായ റിസ്ക് ബെനിഫിറ്റ് പ്രൊഫൈലും തെളിയിക്കപ്പെട്ട പ്രവർത്തനവുമുള്ളപ്പോൾ

അവശ്യമരുന്നുകളുടെ ലോകാരോഗ്യസംഘടനയുടെ മോഡൽ ലിസ്റ്റുകളിൽ വ്യക്തിഗത മരുന്നുകളായി പട്ടികപ്പെടുത്തിയിട്ടുണ്ട്. ഈ ആന്റിബയോട്ടിക്കുകൾ ആക്സസ് ചെയ്യാവുന്നതായിരിക്കണം. പക്ഷെ, എല്ലാ ബദലുകളും പരാജയപ്പെടുകയോ അനുയോജ്യമല്ലാത്തതോ ആകുമ്പോൾ അവയുടെ ഉപയോഗം നിർദ്ദിഷ്ട രോഗികൾക്കും ക്രമീകരണങ്ങൾക്കും അനുസൃതമായിരിക്കണം. ഈ മരുന്നുകൾ അവയുടെ ഫലപ്രാപ്തി സംരക്ഷിക്കുന്നതിനായി നിരീക്ഷണവും ഉപയോഗ റിപ്പോർട്ടിംഗും ഉൾപ്പെടുന്ന ദേശീയ/അന്തർദേശീയ സ്റ്റുവാർഡ്ഷിപ്പ് പ്രോഗ്രാമുകളുടെ പ്രധാന ലക്ഷ്യങ്ങളായി പരിരക്ഷിക്കുകയും മുൻഗണന നൽകുകയും ചെയ്യുന്നു. LINEZOLID, COLISTIN തുടങ്ങിയവ ഈ ഗണത്തിൽപ്പെടുന്നു.

(സി) കേരള ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ കണക്കനുസരിച്ച് 2022-ൽ സ്വകാര്യ ഫാർമസികൾ വഴി വിറ്റഴിച്ച നാൽപ്പത് ആന്റിബയോട്ടിക്കുകളിൽ ഇരുപത്തിയേഴും നിയന്ത്രിച്ചുമാത്രം ഉപയോഗിക്കേണ്ട വാച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്നവയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

2022-ൽ സംസ്ഥാനത്ത് വിപണനം ചെയ്ത 44 ആന്റിബയോട്ടിക്കുകളുടെ വിൽപ്പന വിശദാംശങ്ങൾ പരിശോധിച്ചതിൽ 27 ആന്റിബയോട്ടിക്കുകളും ലോകാരോഗ്യ സംഘടനയുടെ AWaRe classification list-ലെ, നിയന്ത്രിച്ച് മാത്രം ഉപയോഗിക്കേണ്ടുന്ന Watch വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ആയത് വകുപ്പ് കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (KARSAP) പ്രവർത്തന സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഡി) സ്വയം ചികിത്സയും അമിത ആന്റിബയോട്ടിക് ഉപയോഗവും പാരമ്യത്തിലെത്തിയതിനാൽ ആന്റിബയോട്ടിക്കുകളെ പ്രതിരോധിക്കാൻ അണുക്കൾക്ക് ശേഷി നൽകുന്ന ഇ. എസ്. ബി. എൽ. എൻസൈം (എക്സ്റ്റൻഡഡ് സ്പെക്ട്രം ബീറ്റ ലാക്റ്റമേസ്) ഉല്പാദനം കോവിഡ് കാലയളവിൽ കൂടിയിട്ടുണ്ട് എന്നത് സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് കാലത്തിനുമുമ്പും (2019) കോവിഡ് കാലത്തും (2021-2022) ESBL ഉണ്ടാക്കുന്ന ബാക്ടീരിയകളുടെ മരുന്നുകളോടുള്ള

പ്രതിരോധം പഠിച്ചപ്പോൾ കോവിഡിന് മുമ്പുള്ളതിനെക്കാൾ പ്രതിരോധം ആർജ്ജിച്ചതായി പഠനങ്ങൾ വ്യക്തമാക്കുന്നു. KARSAP (കേരള ആന്റി മൈക്രോബിയൽ റസിസ്റ്റന്റ്സ് സ്ട്രാറ്റജിക്ക് ആക്ഷൻ പ്ലാൻ) പുറത്തുവിട്ട ആന്റി ബയോഗ്രം 2023 പ്രകാരം, ESBL Acinectobacter, ECOLI, Klebslella, Psedomonas മുതലായവയുടെ മരുന്നുകളോടുള്ള പ്രതിരോധം 2019-ൽ 33.4%, 53.1%, 27.4%, 26.54% എന്നതിൽനിന്നും യഥാക്രമം 67%, 62%, 63%, 28% എന്നിങ്ങനെ വർദ്ധിച്ചതായിട്ടാണ് കാണുന്നത്. ESBL ഉണ്ടാക്കുന്ന ബാക്ടീരിയകളുടെ പ്രതിരോധം കൂടിയതായിട്ടാണ് ഈ കണക്കുകൾ കാണിക്കുന്നത്.

(ഇ) രാജ്യത്ത് ആദ്യമായി എ.എം.ആർ. (ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്)-നെതിരെ കർമ്മപദ്ധതി ആവിഷ്കരിച്ച് കേരളം മാതൃകയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

രാജ്യത്ത് ആദ്യമായി ആന്റി മൈക്രോബിയൽ റസിസ്റ്റൻസിനെതിരെ കർമ്മ പദ്ധതി (KARSAP) ആവിഷ്കരിച്ച സംസ്ഥാനം കേരളമാണ്. കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (KARSAP)

ഇന്ത്യയിലെ ആദ്യത്തെ ഉപ -ദേശീയ ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് (AMR) ആക്ഷൻ പ്ലാൻ ആണ്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി 2018 ഒക്ടോബർ 25-നാണ് ഈ കർമ്മപദ്ധതി ഉദ്ഘാടനം ചെയ്തത്. എ.എം.ആർ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തന പദ്ധതിക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് രാജ്യത്ത് എ.എം.ആർ.-ന്റെ തെളിവുകൾ സൃഷ്ടിക്കുന്നതിനായി ഗുണനിലവാരമുള്ള എ.എം.ആർ നിരീക്ഷണ ഡാറ്റാ സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്ന്. കേരളത്തിലെ എ.എം.ആർ.-ന്റെ വ്യാപ്തി, നിരീക്ഷണം എന്നിവ കണക്കാക്കുന്നതിനായി 2018-ലാണ് കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സർവ്വൈലൻസ് നെറ്റ്‌വർക്ക് (KARS-NET) സ്ഥാപിതമായത്. ലോകാരോഗ്യ സംഘടനയുടെ (WHO) സാങ്കേതിക പിന്തുണയോടെ 2019 മുതൽ പൊതു, സ്വകാര്യ മേഖലകളിൽ നിന്നുള്ള 31 ലബോറട്ടറികളിലേയ്ക്ക് ഈ ശൃംഖല വിപുലീകരിച്ചു. KARS-NET -ൽ നിന്നുള്ള വിവരങ്ങൾ 2021 മുതൽ ഗ്ലോബൽ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സർവൈലൻസ് സിസ്റ്റത്തിന് (GLASS) സമർപ്പിക്കുന്നുണ്ട്. ദേശീയവും ആഗോളവുമായ എ.എം.ആർ ആക്ഷൻ പ്ലാനുകൾക്കനുസൃതമായി

എ.എം.ആർ നിരീക്ഷണം (surveillance) ഒരു തന്ത്രപരമായ മുൻഗണനയായി കർസാപ് മുഖേന സംസ്ഥാന ആരോഗ്യ വകുപ്പ് തിരിച്ചറിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെയും നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ (NCDC) -ന്റെയും മേൽനോട്ടത്തിൽ ലോകാരോഗ്യ സംഘടനയുടെ കൺട്രി ഓഫീസ് ഫോർ ഇന്ത്യ, കാർസ്-നെറ്റ്(KARS-NET)-മായി സഹകരിച്ച് പ്രവർത്തിക്കുന്നു. കേരളത്തിലെ 31 KARS-NET സെന്ററുകളിൽനിന്ന് ലഭിക്കുന്ന ഡേറ്റകൾ WHONET സോഫ്റ്റ് വെയറിൽ വിശകലനം ചെയ്യുകയും ഇവ വാർഷിക റിപ്പോർട്ടായി സംസ്ഥാന ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്യുന്നു. 2022-ലെ KARS-NET Annual Report 01-08-2023-ൽ പ്രകാശനം ചെയ്തു. സാധാരണയായി മനുഷ്യരിൽ അണുബാധയ്ക്ക് കാരണമാകുന്ന ബാക്ടീരിയകൾക്കിടയിൽ ഏറ്റവും ഉയർന്ന ആന്റിബയോട്ടിക് പ്രതിരോധ നിരക്കിന് ഉത്തരവാദികളായ 8 പ്രധാന മുൻഗണനാ രോഗകാരികളിൽ എ.എം.ആറിന്റെ നിരീക്ഷണം നിലവിൽ കാർസ്-നെറ്റ് (കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സർവൈലൻസ് നെറ്റ്‌വർക്ക്) വഴി നടക്കുന്നു. 16 സർക്കാർ മെഡിക്കൽ

കോളേജ് ആശുപത്രികളും ലബോറട്ടറികളും 3 അർദ്ധ സ്വയംഭരണ സ്ഥാപനങ്ങൾ, 12 സ്വകാര്യ മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ, ലബോറട്ടറികൾ എന്നിവ കാർസ്-നെറ്റിൽ ഉൾപ്പെടുന്നു. പങ്കെടുക്കുന്ന എല്ലാ നെറ്റ് വർക്ക് സൈറ്റുകളും (KARS-NET) എട്ട് മുൻഗണനാ രോഗകാരികളുടെ പ്രതിമാസ എ.എം.ആർ ഡാറ്റ തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വകുപ്പിന് റിപ്പോർട്ട് ചെയ്യുന്നു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് മൈക്രോബയോളജി വിഭാഗമാണ് ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കർമ്മ പദ്ധതിയുടെ നോഡൽ സെന്ററായി പ്രവർത്തിച്ചുവരുന്നത്. AMR ഡാറ്റയുമായി ബന്ധപ്പെട്ട ഫീഡ്ബാക്ക്, നെറ്റ്‌വർക്ക് സൈറ്റുകൾക്ക് അവിടെനിന്നും നൽകിവരുന്നു. ആന്റിമൈക്രോബിയൽ സസെപ്റ്റബിലിറ്റി ടെസ്റ്റിംഗിനു (AST) ആവശ്യമായ ഗുണനിലവാരം നേടുന്നതിന് അവശ്യഘടകമായി ആന്തരിക ഗുണനിലവാര നിയന്ത്രണം നടപ്പിലാക്കാനും ബാഹ്യഗുണനിലവാര വിലയിരുത്തൽ സ്കീമിൽ (EQAS- external quality assurance scheme) പങ്കെടുക്കാനും നെറ്റ്‌വർക്കിലുള്ള സൈറ്റുകൾക്ക് നിർദേശം നല്കിയിട്ടുണ്ട്. പരിശോധന

സാമ്പിൾ ശേഖരണം, ബാക്ടീരിയ കൾച്ചർ, രോഗകാരികളെ തിരിച്ചറിയൽ, അവയുടെ ആന്റിമൈക്രോബിയൽ സസെപ്റ്റബിലിറ്റി ടെസ്റ്റിംഗ് എന്നിവ മെച്ചപ്പെടുത്തുന്നതിന് പ്രോഗ്രാം സൈറ്റുകൾക്ക് തുടർച്ചയായ പിന്തുണ KARSAP മുഖാന്തരം നല്കിവരുന്നുണ്ട്. ലബോറട്ടറി ബാക്ടീരിയൽ കൾച്ചർ സംവിധാനത്തിന്റെയും എ.എസ്.റ്റി സമ്പ്രദായങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലൂടെ ബാക്ടീരിയോളജി ലബോറട്ടറിശേഷി ശക്തിപ്പെടുത്തുന്നതിന് ഓൺസൈറ്റ് പിന്തുണ സന്ദർശനങ്ങളും ഓൺസൈറ്റ് പരിശീലനങ്ങളും നടത്തുന്നു. കൂടാതെ, നെറ്റ് വർക്ക് സൈറ്റുകളിൽ നിന്നുള്ള എ.എം.ആർ നിരീക്ഷണ ഡാറ്റ നല്കുന്നത് കാര്യക്ഷമമാക്കുന്നതിന് WHONET സോഫ്റ്റ്‌വെയറിനെക്കുറിച്ചുള്ള പരിശീലനങ്ങളും വർക്ക് ഷോപ്പുകളും പതിവായി സംഘടിപ്പിക്കുന്നു. കാർസ്നെറ്റിന് കീഴിലുള്ള ലബോറട്ടറികൾക്ക് WHONET ഉപയോഗിച്ച് AMR ഡാറ്റ ശേഖരണം, വിശകലനം, റിപ്പോർട്ടിംഗ് എന്നിവയ്ക്കായി പരിശീലനം നൽകുന്നു. ക്ലിനിക്കൽ സ്പെസിമൻ ശേഖരണം, ബാക്ടീരിയ കൾച്ചർ, രോഗകാരികളെ തിരിച്ചറിയൽ, അവയുടെ എ.എസ്.റ്റി എന്നിവയ്ക്കുള്ള സാങ്കേതികവിദ്യകളുടെ

സ്റ്റാൻഡേർഡൈസേഷനായി 2019-ൽ ഓൺലൈൻശേഷി വികസന സെഷനുകളും നടത്തിയിരുന്നു. എ.എം.ആർ നിരീക്ഷണ ഡാറ്റാ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും പരിശീലന ആവശ്യങ്ങൾ വിലയിരുത്തുന്നതിനുമായി 2021-ലും 2022-ലും ഓൺസൈറ്റ് സപ്പോർട്ട് സന്ദർശനങ്ങളും KARSAP-ന്റെ ഭാഗമായി നടത്തിയിരുന്നു. AMR ഡാറ്റയുടെ പൂർണ്ണതയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് ഒരു സ്റ്റാൻഡേർഡ് ഫീഡ് ബാക്ക് ടൂൾ ഉപയോഗിച്ച് എല്ലാ മാസവും സമർപ്പിക്കുന്ന ഡാറ്റയ്ക്കുള്ള ഫീഡ് ബാക്ക് നൽകിവരുന്നു. പതിവ് AST ടെക്നിക്കുകളിൽ നെറ്റ്‌വർക്ക് സൈറ്റുകൾ ശക്തിപ്പെടുത്തുന്നതിനും ലബോറട്ടറികളിലെ AST പരിശോധനയ്ക്കായി ആന്തരിക ഗുണനിലവാര നിയന്ത്രണം മെച്ചപ്പെടുത്തുന്നതിനുമായി കാർസ്‌നെറ്റിന് കീഴിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങളും (SOP) മാർഗ്ഗനിർദ്ദേശ രേഖകളും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ SOP കൾ പതിവായി അവലോകനം ചെയ്തുവരുന്നു. ആരോഗ്യ വകുപ്പിനുകീഴിൽ 11 ജില്ലകളിൽ functional Hub and Spoke Lab Surveillance Network പ്രവർത്തിക്കുന്നു. ഒരേസമയം

രോഗികൾക്ക്, നൂതന കൾച്ചർ ടെസ്റ്റുകൾ ലഭ്യമാക്കുന്നതോടൊപ്പം HUB & Spoke Model പ്രാവർത്തികമാക്കുന്നതുവഴി പെരിഫറിയിൽ നിന്നുള്ള റസിസ്റ്റന്റ് പാറ്റേൺ അറിയുന്നതിനും ആന്റിബയോട്ടിക്കുകളോടുള്ള പ്രതിരോധം മനസിലാക്കുന്നതിനും ജില്ലാ എ.എം.ആർ ലാബുകൾ സഹായകമാകുന്നു. കേരളത്തിൽ 4 ജില്ലകളിലൊഴികെ (കോഴിക്കോട്, കാസർഗോഡ്, ഇടുക്കി, വയനാട്) ബാക്കി എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് AMR കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. AMR-നെതിരായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി, ആരോഗ്യം, മെഡിക്കൽ വിദ്യാഭ്യാസം, മൃഗസംരക്ഷണം തുടങ്ങി വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് 14 അംഗ AMR പ്രവർത്തന സമിതി രൂപീകരിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ഈ സമിതിയുടെ പ്രവർത്തനങ്ങൾ അവലോകന യോഗങ്ങൾ നടത്തി വിലയിരുത്തുന്നു. സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് രാജ്യത്ത് ആദ്യ ബ്ലോക്കുതല ആന്റി മൈക്രോബിയൽ റസിസ്റ്റന്റ്സ് കമ്മറ്റികൾക്കുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസിഡ്യൂർ (SOP) സർക്കാർ

പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബ്ലോക്കുതല എ.എം.ആർ കമ്മറ്റികളുടെ രൂപീകരണം, ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, നിരീക്ഷണം എന്നിവ സംബന്ധിച്ച സമഗ്ര മാർഗ്ഗരേഖയാണ് അതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആന്റിബയോട്ടിക് സാക്ഷരത കൈവരിക്കാൻ ബ്ലോക്കുതല എ.എം.ആർ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വളരെ പ്രധാനമാണ്. ബ്ലോക്ക് മെഡിക്കൽ ഓഫീസർ ചെയർമാനായുള്ള ബ്ലോക്കുതല എ.എം.ആർ കമ്മിറ്റിയിൽ ആരോഗ്യവകുപ്പ്, കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, അക്വാകൾച്ചർ, ഭക്ഷ്യസുരക്ഷ, മലിനീകരണ നിയന്ത്രണം തുടങ്ങിയ വകുപ്പുകളിലെയും IMA, IAP, API, AFPI തുടങ്ങിയ സംഘടനകളിലെയും പ്രതിനിധികളുണ്ട്. ജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും സ്ഥാപനങ്ങൾക്കും ആന്റിബയോട്ടിക്കുകളുടെ ശരിയായ ഉപയോഗത്തെക്കുറിച്ചും അണുബാധനിയന്ത്രണ രീതികളെക്കുറിച്ചും സാർവ്വത്രിക അവബോധം നൽകുക എന്നതാണ് ബ്ലോക്കുതല എ.എം.ആർ കമ്മിറ്റിയുടെ പ്രധാന ലക്ഷ്യം. ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയുന്നതിനായി Beta Lactum antibiotics, Fluoroquinolones വിഭാഗത്തിൽ ഉൾപ്പെടുന്ന ആന്റിബയോട്ടിക്കുകളെ ഷെഡ്യൂൾ എച്ച്1 പട്ടികയിൽ

ഉൾപ്പെടുത്തുകയും ഇവയുടെ വിൽപ്പന വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേക രജിസ്റ്റർ ഔഷധവ്യാപാരികൾ സൂക്ഷിക്കേണ്ടതാണെന്ന ഡ്രഗ്സ് & കോസ്മെറ്റിക്സ് ചട്ടത്തിലെ നിർദ്ദേശം ഔഷധവ്യാപാരികൾ പാലിക്കുന്നുണ്ടോയെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയുന്നതിന്റെ ഭാഗമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ്, 2023-ൽ സംസ്ഥാന വ്യാപകമായി ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങളിൽ റെയ്ഡുകൾ നടത്തുകയും ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ വിൽപ്പന നടത്തിയ 204 സ്ഥാപനങ്ങൾക്കെതിരെ കാരണംകാണിക്കൽ നോട്ടീസ് നൽകുകയും 47 സ്ഥാപനങ്ങളുടെ ചില്ലറ ഔഷധ വ്യാപാര ലൈസൻസുകൾ സസ്പെൻഡ് ചെയ്യുകയുമുണ്ടായി. കൂടാതെ ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള ഷെഡ്യൂൾ എച്ച്, ഷെഡ്യൂൾ എച്ച്1 മരുന്നുകൾ, ഡോക്ടറുടെ കുറിപ്പടിയില്ലാതെ വിൽപ്പന നടത്തുന്നതല്ലായെന്ന

മുന്നറിയിപ്പ് എല്ലാ ഔഷധവ്യാപാര സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിന് വ്യാപാരികൾക്ക് ഡ്രഗ്സ് കൺട്രോളർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് ഉളവാക്കുന്ന മഹാവിപത്തിനെക്കുറിച്ചും ആയത് തടയുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ഔഷധ വ്യാപാരികൾക്കും രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾക്കും അവബോധം നൽകുന്നതിനായി തുടർച്ചയായി ക്ലാസുകളും നടത്തിവരുന്നു. ഉപയോഗശൂന്യമായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകളുടെ അശാസ്ത്രീയ നിർമ്മാർജനം പരിസ്ഥിതി മലിനീകരണത്തിനും അതുവഴി Anti-microbial Resistance-എന്ന മഹാവിപത്തിനും കാരണമാകുന്നു എന്നുള്ള പഠന റിപ്പോർട്ടുകൾ വകുപ്പ് വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് കർമ്മ പദ്ധതിയിലൂടെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് Bio-medical Waste Management Act & Rules-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഇവ ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യുന്നതിനായി (Programme for

Removal of Unused Drugs) PROUD എന്ന പദ്ധതി 15-04-2019-ൽ ആരംഭിച്ചിട്ടുണ്ട്. Antimicrobial Resistance (AMR) എന്ന ഗുരുതരാവസ്ഥയുടെ വ്യാപ്തിയെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ഉപയോഗിച്ച് ബാക്കിയായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ പൊതുജനങ്ങളിൽനിന്ന് ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുവേണ്ടി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഔഷധവ്യാപാരികളുടെ സംഘടനയായ All Kerala Chemists and Druggists Association (AKCDA)-യുടെ സഹകരണത്തോടെ രൂപീകരിച്ച PROUD പദ്ധതി ഇന്ത്യയിൽത്തന്നെ ആദ്യത്തെ സംരംഭമാണ്. സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലാണ് പരീക്ഷണാടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ജില്ലയിലെ വിവിധ മെഡിക്കൽ സ്റ്റോറുകളിൽ ഇതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത് സ്ഥാപിച്ചിട്ടുള്ള മെഡിസിൻ ഡ്രോപ്പ് ബോക്സ്/കളക്റ്റിംഗ് ബിന്നുകൾ മുഖാന്തരം ശേഖരിച്ച് ഉപയോഗശൂന്യമായ മരുന്നുകൾ മംഗലാപുരത്ത് സ്ഥിതിചെയ്യുന്ന കേന്ദ്ര സർക്കാർ പരിസ്ഥിതി വകുപ്പിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന

മാലിന്യസംസ്കരണ പ്ലാന്റുവഴി ശാസ്ത്രീയമായി സംസ്കരിക്കുന്നു. ഇവ പൂർണ്ണമായും സംസ്കരിച്ചതായി ഉറപ്പുവരുത്തുന്നതിലേക്കായി സർട്ടിഫിക്കേഷനും ലഭ്യമാക്കി സൂക്ഷിക്കുന്നുണ്ട്. ഈ പ്രാരംഭ പദ്ധതിക്ക് പൊതുജനങ്ങളിൽനിന്ന് നല്ല സഹകരണം ലഭിച്ചതിനെത്തുടർന്ന് സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള പദ്ധതി വ്യാപിപ്പിക്കുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

**സ്കൂൾ തലത്തിൽ പ്രത്യേക ആരോഗ്യ പദ്ധതി**

11(*161) **ശ്രീ. എം. മുകേഷ്:**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:**
**ശ്രീ. പി. ടി. എ. റഹീം:**
**ശ്രീ. സി. കെ. ഹരീന്ദ്രൻ:** താഴെക്കാണുന്നചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ സമഗ്രമായ ശാരീരിക, മാനസിക ആരോഗ്യവികാസത്തിനായി സ്കൂൾതലത്തിൽ പ്രത്യേക ആരോഗ്യ

പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകളെയും സംവിധാനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമാണെന്നും ഇതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശം നൽകുമോ?

സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിൽ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ വഴി ആരോഗ്യപരിശോധന, പ്രതിരോധകുത്തിവയ്പുകൾ മുതലായവ ഉൾപ്പെടുത്തിയുള്ള ആരോഗ്യപ്രവർത്തനങ്ങളാണ് നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. നിലവിലുള്ള പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുവാൻ ലക്ഷ്യമിട്ടുകൊണ്ട് സ്കൂൾ ഹെൽത്ത് ആൻഡ് വെൽനസ് പ്രോഗ്രാം (വിദ്യാലയ ആരോഗ്യ പദ്ധതി) നടപ്പിലാക്കാനുള്ള ആസൂത്രണവും രൂപരേഖയും അന്തിമഘട്ടത്തിലാണ്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ആരോഗ്യവകുപ്പിനൊപ്പം വിദ്യാഭ്യാസം, വനിതാ ശിശുവികസനം ഉൾപ്പെടെയുള്ള പ്രധാനവകുപ്പുകളുടെ സഹകരണവും പങ്കാളിത്തവും ആസൂത്രണം ചെയ്യുന്നുണ്ട്. പുറമേ പട്ടികവർഗ വികസനം, യുവജനകാര്യം

~~കായിക~~, സാമൂഹ്യ നീതി, തദ്ദേശസ്വയംഭരണം, മുതലായ പ്രസക്തവകുപ്പുകളും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

പദ്ധതിയുടെ പ്രധാന സേവനങ്ങൾ

1) ആരോഗ്യ അവബോധനം

2) ആരോഗ്യ സ്ക്രീനിംഗ് പരിശോധനകൾ

3) പ്രതിവാര ഇരുമ്പുസത്ത് ഗുളികകൾ, വിര നിർമ്മാർജ്ജന ഗുളികകൾ മുതലായവ

4) ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്

5) പ്രഥമ ശുശ്രൂഷാ പരിശീലനവും അടിയന്തര പരിചരണ നൈപുണ്യവും (basic life support skills )

സ്കൂളുകളിൽ ആരോഗ്യ അസംബ്ലി, വാർഷിക ആരോഗ്യമേള, ഹെൽത്ത് ക്ലബുകൾ, പ്രത്യേക രക്ഷാകർതൃ അധ്യാപക യോഗങ്ങൾ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുണ്ട്. എട്ടാം ക്ലാസ് മുതലുള്ള വിദ്യാർത്ഥികൾക്ക് പാലിയേറ്റീവ് കെയർ അടിസ്ഥാന പരിശീലനം, വർഷത്തിലൊരിക്കൽ പാലിയേറ്റീവ് കെയർ ഹോം സന്ദർശനത്തിനുള്ള

അവസരം, താൽപ്പര്യമുണ്ടെങ്കിൽ പഞ്ചായത്തുതല വോളണ്ടിയർ പരിശീലനം എന്നിവയും പരിഗണിക്കുന്നു. എല്ലാ പ്രവർത്തനങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പിന്തുണ ഉറപ്പാക്കും.

(ബി) കുട്ടികൾക്ക് ആരോഗ്യവിദ്യാഭ്യാസം നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിൽ പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാണ്; വിശദാംശം നൽകാമോ?

ഉണ്ട്. വിദ്യാർത്ഥികളിൽ പോഷകാഹാരക്കുറവ്, ലഹരി വസ്തുക്കളുടെ ഉപയോഗം, മാനസികാരോഗ്യം, ജീവിതനൈപുണ്യങ്ങൾ, അക്രമം, പരിക്കുകൾ, പ്രത്യുൽപാദന-ലൈംഗിക ആരോഗ്യം, പകർച്ചേതര രോഗങ്ങളുടെ പ്രതിരോധം, സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗം, മാതൃകാപരമായ മൂല്യങ്ങളും പൗര ബോധവും, നല്ല വ്യക്തിബന്ധങ്ങൾ, ലിംഗ സമത്വം എന്നിവയെക്കുറിച്ചുള്ള അറിവും അവബോധവും പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതിന് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നു.

(സി) കുട്ടികളുടെ ശാരീരിക, മാനസിക വളർച്ച ഉറപ്പാക്കുന്നതോടൊപ്പം പഠന പരിമിതികൾ, കാഴ്ച പരിമിതികൾ, ശുചിത്വ പ്രോത്സാഹനം തുടങ്ങിയ മേഖലകളിലും പദ്ധതി ആവിഷ്കരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ?

ഉണ്ട്. നവീകരിച്ച വിദ്യാലയ ആരോഗ്യ പരിപാടിയിലെ ആരോഗ്യ അവബോധ വികസന സെഷനുകളിലൂടെ ശുചിത്വ പെരുമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടും. സാർവത്രികമായ ആരോഗ്യ സ്ക്രീനിംഗിലൂടെ കാഴ്ച പരിമിതികൾ മുതലായ ആരോഗ്യ വെല്ലുവിളികളെ നേരത്തെ കണ്ടെത്താനും പരിഹരിക്കുവാനും വിദ്യാലയ ആരോഗ്യ പദ്ധതിയിലൂടെ സാധിക്കും.

**ലഹരി സംബന്ധിച്ച നിയമങ്ങളുടെ ദുരുപയോഗം**

12(*162) ശ്രീ. എം. വിൻസെന്റ് :
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. ജെ. വിനോദ് :
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്നചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി സംബന്ധിച്ച നിയമവ്യവസ്ഥകൾ ദുരുപയോഗം ചെയ്ത് നിരപരാധികളെ അറസ്റ്റ് ചെയ്ത് ജയിലിലാക്കുന്ന സംഭവങ്ങൾ ഗൗരവമായി കാണുന്നുണ്ടോ?

ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങളെ സർക്കാർ ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ചാലക്കുടിയിലുള്ള ബ്യൂട്ടീഷ്യനായ സ്ത്രീയെ ചെയ്യാത്ത കുറ്റത്തിന്റെ പേരിൽ എഴുപത്തിയൊന്ന് ദിവസം ജയിലിലിട്ട സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത സംഭവത്തിൽ വ്യാജ പരാതി നൽകിയ വ്യക്തിയെ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത സംഭവത്തിൽ പരാതി നൽകിയ വ്യക്തിയെ കണ്ടെത്തിയിട്ടില്ല. കേസിന്റെ അന്വേഷണം എക്സൈസ് ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്.

(സി) എൽ.എസ്.ഡി. സ്റ്റാമ്പെന്നുപറഞ്ഞ് ടിയാളിൽനിന്ന് എക്സൈസ് പിടിച്ചെടുത്തത് കടലാസ് കഷണങ്ങളാണെന്ന് ലാബ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല. എക്സൈസ് പിടിച്ചെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കിയ എൽ.എസ്.ഡി. സ്റ്റാമ്പിൽ മയക്കുമരുന്നിന്റെ അംശം നെഗറ്റീവ് ആണെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ഡി) മയക്കുമരുന്ന് കേസുകളിൽ അറസ്റ്റ് ചെയ്യുമ്പോൾ പ്രാഥമികമായ അന്വേഷണം നടത്താൻ സംവിധാനങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ?

മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിലേർപ്പെടുന്ന കുറ്റവാളികളെ കണ്ടെത്തുന്നതിന് ഉദ്യോഗസ്ഥർക്ക് അബോൺ കിറ്റുകൾ ലഭ്യമാക്കിവരുന്നു. പിടിച്ചെടുക്കുന്ന വസ്തു മയക്കുമരുന്നാണെന്ന് പ്രാഥമികമായി ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് ഡിറ്റക്ഷൻ കിറ്റുകൾ ഫീൽഡ് യൂണിറ്റുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പരിശോധനയിലൂടെ മാത്രമേ പിടിച്ചെടുത്ത തൊണ്ടി മയക്കുമരുന്നാണെന്ന് ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. മയക്കുമരുന്ന് കേസിൽ അറസ്റ്റ് ചെയ്യപ്പെടുന്ന പ്രതികളുടെ ഫോൺ കോൾ ഡീറ്റെയിൽസ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിന് പോലീസ് സൈബർസെല്ലിന്റെ സഹായത്തോടുകൂടി എക്സൈസ് ആസ്ഥാനത്ത് ഒരു

സൈബർ യൂണിറ്റും ജില്ലകളിലെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും സൈബർസെൽ സംവിധാനവും പ്രവർത്തിക്കുന്നുണ്ട്.

(ഇ) സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. എക്സൈസ് ഉദ്യോഗസ്ഥർക്ക് മയക്കുമരുന്ന് പരിശോധനകളുമായി ബന്ധപ്പെട്ട് എക്സൈസ് അക്കാദമിയിൽ എക്സൈസ് ഇൻസ്പെക്ടർ മുതൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ വരെയുള്ള ഉദ്യോഗസ്ഥരിൽ ആദ്യ രണ്ട് ബാച്ചുകളിലായി 67 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. സെപ്റ്റംബർ മാസം 3 ബാച്ചുകളിലായി 120 പേർക്കുകൂടി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെമിക്കൽ ലാബിൽ നിന്നും രാസപരിശോധനാ ഫലം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുവേണ്ട നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**ടേക്ക് എ ബ്രേക്ക് പദ്ധതി**

13(*163) <u>ശ്രീ. എ. പ്രഭാകരൻ</u>
<u>ഡോ. കെ. ടി. ജലീൽ</u>
<u>ശ്രീ. എം. രാജഗോപാലൻ</u>

ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്നചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ പാതയോരങ്ങളിലും പ്രധാന പാതയോരങ്ങളിലും ബസ്സ്റ്റാന്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങിയ സ്ഥലങ്ങളിലും ഉന്നത നിലവാരം പുലർത്തുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ പൊതുശുചിമുറി സമുച്ചയങ്ങൾ ഒരുക്കുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ഏറ്റെടുത്ത 1722 ടേക്ക് എ ബ്രേക്ക് പദ്ധതികളിൽ 1032 എണ്ണം പൂർത്തീകരിക്കുകയും 971 എണ്ണം പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇതിൽ ബേസിക്ക് വിഭാഗത്തിൽ 598 എണ്ണവും സ്റ്റാന്റേർഡ് വിഭാഗത്തിൽ 347 എണ്ണവും പ്രീമിയം വിഭാഗത്തിൽ 87 എണ്ണവും ഉൾപ്പെടുന്നു. പ്രവർത്തനം തുടങ്ങിയവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചുമതലകൾ ഏതെല്ലാം ഏജൻസികൾ വഴിയാണ് നടത്താനുദ്ദേശിക്കുന്നത്; ഓരോ പ്രദേശങ്ങളിലെയും സാഹചര്യങ്ങൾക്കനുസരിച്ച് പ്രസ്തുത പദ്ധതി ഏതെല്ലാം തരത്തിലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്?

ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ നിർമ്മാണ ചുമതല അതത് തദ്ദേശ സ്ഥാപനങ്ങൾ മുഖേന നിർവ്വഹിക്കണമെന്നാണ് 27-07-2020-ലെ സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ത.സ്വ.ഭ.വ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. ഓരോ പ്രദേശങ്ങളിലെയും സാഹചര്യങ്ങൾക്കനുസരിച്ച് അടിസ്ഥാനതലം, സ്റ്റാന്റേർഡ് തലം, പ്രീമിയം തലം എന്നീ മൂന്ന് വിധത്തിലുള്ള ടോയലറ്റ് കോംപ്ലക്സുകളാണ് നിർമ്മിക്കുന്നത്.

(സി) ടേക്ക് എ ബ്രേക്ക് സെന്ററുകളിൽ എത്തുന്നവർക്ക് ഏതു സമയത്തും സുരക്ഷിതവും ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിന് സെന്ററുകളുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടോ; നടത്തിപ്പ് ചുമതല ആർക്കെല്ലാം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ടേക്ക് എ ബ്രേക്ക് സെന്ററുകളിൽ എത്തുന്നവർക്ക് ഏതു സമയത്തും സുരക്ഷിതവും ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിന് പ്രസ്തുത കോംപ്ലക്സുകളുടെ നടത്തിപ്പും പരിപാലനവും കുടുംബശ്രീ/അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രവർത്തകരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് 18-04-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.960/2022/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ ചില സ്വകാര്യ ഏജൻസികളും ടോയ്‌ലെറ്റുകളുടെ നടത്തിപ്പ് ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ 03-07-2023-ൽ ചേർന്ന കുടുംബശ്രീ, ശുചിത്വ മിഷൻ എന്നീ സ്ഥാപനങ്ങളുടെ സംയുക്ത യോഗത്തിൽ 'ടേക് എ ബ്രേക്ക്' പദ്ധതി പ്രകാരമുള്ള എല്ലാ ടോയ്‌ലെറ്റുകളുടെയും നടത്തിപ്പ് ചുമതല കുടുംബശ്രീയെ ഏല്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച ടോയ്‌ലെറ്റുകളിൽ വൈദ്യുതി, ജലം എന്നിവ ഉറപ്പ് വരുത്തിയശേഷം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം കുടുംബശ്രീക്ക് കൈമാറുന്നതാണ്.

**കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേ വാർഡുകൾ**

14(*164) ശ്രീ. പ്രമോദ് നാരായൺ
ശ്രീ. ജോബ് മൈക്കിൾ
ഡോ. എൻ. ജയരാജ്
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിയുടെ (കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.) കീഴിലുള്ള പേ വാർഡുകൾ കോവിഡ് കാലത്ത് അതത് ആശുപത്രികൾക്ക് വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്ന് അറിയിക്കാമോ?

കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള പേവാർഡുകൾ കോവിഡ് കാലത്ത് അതത് ആശുപത്രികളുടെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി വിട്ടുനൽകിയിരുന്നു.

വിശദ വിവരം അനുബന്ധം 1 -ൽ ചേർക്കുന്നു.*

(ബി) ഇപ്രകാരം വിട്ടുനൽകിയ പേ വാർഡുകൾ ആശുപത്രി അധികൃതർ യഥാസമയം അറ്റകുറ്റപ്പണി നടത്താതെയും ഉപയോഗിക്കാതെയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന് തിരികെ നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിട്ടുനൽകിയ പേവാർഡുകളെല്ലാംതന്നെ ആശുപത്രി അധികൃതർ കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന് തിരികെ നൽകിയിട്ടുണ്ട്. ഇപ്രകാരം തിരികെ നൽകിയ പേവാർഡുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കെ.എച്ച്.ആർ. ഡബ്ല്യു.എസ്. നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പേവാർഡുകൾ വിട്ടുനൽകിയതിലൂടെ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-നുണ്ടായ വരുമാന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പേവാർഡുകൾ വിട്ടുനൽകിയതിലൂടെ കെ.എച്ച്. ആർ.ഡബ്ല്യു.എസ്-ന് 17-03-2020 മുതൽ 28-02-2022 വരെയുള്ള കാലയളവിൽ 46,87,89,810 രൂപ വരുമാന നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ആയത് നഷ്ടപരിഹാരമായി അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദ വിവരം അനുബന്ധം 2-ൽ ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സ്ഥലപരിമിതിമൂലം രോഗികൾക്കുണ്ടാകുന്ന അസൗകര്യങ്ങൾ പരിഹരിക്കാൻ പേ വാർഡുകൾ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന് തിരികെ നൽകാൻ നടപടി സ്വീകരിക്കാമോ?

നിലവിൽ എല്ലാ പേവാർഡുകളും കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന് തിരികെ നൽകിയിട്ടുണ്ട്.

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

15(*165) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളുടെയും മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങളുടെയും ഫലമായുണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ വിശദമാക്കുമോ?

ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾക്കും NABL അംഗീകാരമുണ്ട്. പ്രസ്തുത ലാബുകളിൽ ഇന്റഗ്രേറ്റഡ് അസ്സസ്മെന്റ് നടത്തിയിട്ടുള്ളതും ഫുഡ് അനലിസ്റ്റുമാരുടെ തസ്തികകളിൽ യോഗ്യരായ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതുമാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറിയുടെ പ്രവർത്തനം ഉറപ്പാക്കിയിട്ടുണ്ട്. അവയിൽ പരിശോധന, ട്രെയിനിംഗ്, ബോധവൽക്കരണം എന്നിവ നടത്തിവരുന്നു. ആയതിന് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ പ്രത്യേക പരാമർശം ലഭിച്ചിട്ടുണ്ട്. രാജ്യത്തുതന്നെ എല്ലാ ജില്ലകളിലും പൊതുജന സേവനത്തിനായി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ സേവനം ഉറപ്പാക്കുന്ന ഏക സംസ്ഥാനമാണ് കേരളം. പ്രസ്തുത മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് FSSAI-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 2021 ഏപ്രിൽ മുതൽ 2023 ജൂലൈ വരെ 130484 പരിശോധനകൾ നടത്തുകയും 18677 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 49967 സർവ്വൈലൻസ് സാമ്പിളുകളും ശേഖരിക്കുകയുണ്ടായി. പരിശോധനകളുടെ

ഭാഗമായി ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ 1246 എണ്ണം Unsafe ആയും 536 എണ്ണം Substandard ആയും 832 എണ്ണം Misbranded ആയും പരിശോധനാഫലം ലഭിക്കുകയുണ്ടായി. ആയതിൽ ആവശ്യമായ തുടർ നിയമനടപടികൾ ഉറപ്പാക്കിയിട്ടുള്ളതാണ്. ടി കാലയളവിൽ 17355 നോട്ടീസുകളും 9893 കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകുകയുണ്ടായി. പിഴയിനത്തിൽ ടി കാലയളവിൽ 4,10,54,850 രൂപ ഈടാക്കുകയും ചെയ്തു. പ്രസ്തുത കാലയളവിൽ 1413 അഡ്ജ്യൂഡിക്കേഷൻ കേസുകളും 939 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്യുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ ഭക്ഷ്യ സംരംഭകർക്കും ഭക്ഷ്യ സുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ ഉറപ്പാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സംസ്ഥാനമൊട്ടാകെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചുള്ള പരിശോധനകളും കൂടാതെ തട്ടുകട മുതൽതന്നെ വിതരണം ചെയ്യുന്ന എല്ലാത്തരം ഭക്ഷണ പദാർത്ഥങ്ങളും ഭക്ഷ്യ യോഗ്യമായും വൃത്തിയായും കൈകാര്യം ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി വകുപ്പിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി രാത്രികാല പ്രത്യേക സ്ക്വാഡുകളും സംസ്ഥാനമൊട്ടാകെ പരിശോധന നടത്തിയിട്ടുള്ളതും

കർശനമായ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഭക്ഷ്യ സുരക്ഷാ വകുപ്പ് കഴിഞ്ഞ വർഷം ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്, ക്ലീൻ ഫ്രൂട്സ് ആൻഡ് വെജിറ്റബിൾ മാർക്കറ്റ്, ഹൈജീൻ റേറ്റിംഗ്, ഈറ്റ് റൈറ്റ് കാമ്പസ്, ഹൈജീനിക് Place of worship, Eat Right School തുടങ്ങിയവ നടപ്പിലാക്കുകയുണ്ടായി. 2021 ഏപ്രിൽ മുതൽ നാളിതുവരെ 862 ട്രെയിനിംഗുകളിലായി 30262 ഭക്ഷ്യ സംരംഭകർക്ക് FoSTaC പരിശീലനം നൽകി. ഭക്ഷണ ഉല്പാദന, വിതരണമേഖലയിലെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Food Safety and Standards Authority of India നിഷ്കർഷിച്ച മാനദണ്ഡങ്ങളിലെ മികവാർന്ന പ്രവർത്തനം നിരന്തര അവലോകനംവഴി ഉറപ്പാക്കിയതും ജീവനക്കാരുടെ ആത്മാർത്ഥമായ പ്രവർത്തനവും ദേശീയ അംഗീകാരം നേടുന്നതിന് സഹായകമായി.

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി എന്തെല്ലാം അംഗീകാരങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

2022-23 കാലയളവിലെ പ്രവർത്തനങ്ങൾക്ക് ദേശീയ ഭക്ഷ്യസുരക്ഷാ സൂചികയിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനങ്ങൾ നടത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഫുഡ് സ്റ്റേറ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI) നിശ്ചയിച്ചിട്ടുള്ള 6 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഭക്ഷ്യസുരക്ഷാ സൂചികയിൽ സംസ്ഥാനങ്ങളുടെ സ്ഥാനം നിർണ്ണയിക്കപ്പെടുന്നത്. അതിൽ വലിയ സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം ഉൾപ്പെട്ടിട്ടുള്ളത്. ചുവടെ ചേർത്തിരിക്കുന്ന 6 മേഖലകളിലെ പ്രവർത്തന മികവാണ് ഇതിനായി പരിഗണിച്ചിട്ടുള്ളത്.

1. Human Resources and Institutional Data
2. Compliances
3. Food Testing Infrastructure
4. Training and Capacity Building
5. Consumer Empowerment

6. Improvement in SFSI Rank

സംസ്ഥാനത്തിന് കഴിഞ്ഞ ഒരു വർഷക്കാലയളവിലെ പ്രവർത്തനങ്ങൾക്ക് വിവിധ മേഖലകളിൽ ചുവടെ ചേർക്കുംപ്രകാരം FSSAI സ്കോർ നൽകിയിട്ടുണ്ട്.

| Large State | Kerala |
|---|---|
| Human Resources & Institutional Data | 8.5 |
| Compliance | 15 |
| Food Testing Infrastructure | 13.5 |
| Training and Capacity Building | 8 |
| Consumer Empowerment | 16 |
| Improvement in SFSI Rank | 2 |
| **Total** | **63** |

2022-23 കാലയളവിൽ സംസ്ഥാനത്തൊട്ടാകെ 155 ഈറ്റ് റൈറ്റ് മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ഈറ്റ് റൈറ്റ് മേളകൾ സംഘടിപ്പിച്ചതിന് FSSAI-യുടെ പ്രത്യേക അംഗീകാരം കേരളത്തിന് ലഭിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കെ-ഫോൺ പദ്ധതിയിലൂടെ ലഭ്യമാക്കുന്ന ഓൺലൈൻ സേവനങ്ങൾ**

16(*166) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ഇന്റർനെറ്റ് എന്ന ലക്ഷ്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സമസ്ത മേഖലയിലും ഇന്റർനെറ്റ് സേവനങ്ങൾക്കൊപ്പം ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുംകൂടി കെ-ഫോൺ പദ്ധതി ഉപകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കെ-ഫോൺ നെറ്റ്‌വർക്ക് മുഖേന ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിൽ കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് ഇന്റർനെറ്റ് ലഭ്യത സാർവത്രികമാക്കുന്നതിനും മുപ്പതിനായിരത്തോളം വരുന്ന സർക്കാർ ഓഫീസുകൾ/വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തടസ്സരഹിതവും വേഗതയുള്ളതുമായ ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനാണ് കെ-ഫോൺ പദ്ധതി വിഭാവനം ചെയ്തത്. നിലവിൽ, 27,995 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 18,442 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ വിവിധ നിയമസഭാമണ്ഡലങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 4051 കുടുംബങ്ങൾക്ക് ഇതുവരെ കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകിയിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളുകളിലേയ്ക്കും മറ്റ് പൊതുജനങ്ങളിലേയ്ക്കും പദ്ധതിയുടെ ഗുണഫലം എത്തിക്കാനുള്ള

പ്രവൃത്തികൾ നടന്നുവരികയാണ്. കൂടുതൽ ആളുകളിലേയ്ക്ക് ഈ പദ്ധതി വ്യാപിക്കുന്നതിലൂടെ ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട സേവനങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ എന്നിവ അനായാസം ലഭ്യമാക്കാൻ സാധിക്കും. സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിന് കെ-ഫോൺ പദ്ധതി മുതൽക്കൂട്ടാകുമെന്നാണ് വിലയിരുത്തുന്നത്.

(സി) മൊബൈൽ ആപ്പ്, വെബ്സൈറ്റ് എന്നിവ മുഖേന എന്തെല്ലാം സേവനങ്ങളാണ് ഓൺലൈനായി പൊതുജനങ്ങൾക്ക് നൽകാൻ സാധിച്ചിട്ടുള്ളത്; വിശദമാക്കുമോ?

പൊതുവായി, ഇ-സേവനം (e-sevanam) എന്ന പോർട്ടലിലൂടെയും എം-സേവനം (m-sevanam) എന്ന മൊബൈൽ ആപ്പിലൂടെയും സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാണ്. 81 വകുപ്പുകളിൽനിന്നുള്ള 911 വ്യത്യസ്ത ഓൺലൈൻ സേവനങ്ങൾ ഇ-സേവനം പോർട്ടലിൽ ലഭ്യമാണ്. എം-സേവനം മൊബൈൽ ആപ്പിൽ 80 വകുപ്പുകളിൽനിന്നുള്ള 703 സേവനങ്ങൾ ലഭ്യമാണ്. കെ-ഫോണിന്റെ വെബ്സൈറ്റും മൊബൈൽ

ആപ്പും കെ-ഫോണിന്റെ വാണിജ്യ കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യാനായി പ്രാവർത്തികമാക്കിയിട്ടുണ്ട്.

(ഡി) പൊതുജനങ്ങൾക്ക് സൗജന്യ വൈഫൈ, വീടുകൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി, ഹൈസ്പീഡ് ഇന്റർനെറ്റ് എന്നിവ നൽകുന്നതോടൊപ്പം കെ-ഫോൺ പദ്ധതിയിലൂടെ ഐ.ടി. മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം സംഭാവനകൾ നൽകാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

സ്വകാര്യ ടെലികോം കമ്പനികളെയപേക്ഷിച്ച് സംരംഭകർക്ക് കുറഞ്ഞ ചെലവിൽ കേരളത്തിലെവിടെയും കെ-ഫോണിന്റെ സേവനം ലഭ്യമാക്കാനാണുദ്ദേശിക്കുന്നത്. തത്ഫലമായി ഐ.ടി. മേഖലയിലെ സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെയുള്ള സംരംഭങ്ങൾക്ക് കൂടുതലവസരങ്ങൾ ലഭ്യമാക്കാൻ കെ-ഫോണിന് സാധിക്കും. ഐ.ടി. പാർക്കുകളിലും മറ്റും 5 ജി (5G) സേവനം അനായാസം ലഭ്യമാക്കാൻ കെ-ഫോൺ ശൃംഖലയ്ക്ക് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ്-ഓഫ്-തിംഗ്സ് എന്നിവയുടെ വളർച്ചയ്ക്കും

വ്യാപനത്തിനും കെ-ഫോൺ പ്രയോജനപ്പെടുത്താനാകും. കൂടാതെ, ഇന്നൊവേഷൻ, റിസർച്ച് തുടങ്ങിയവയ്ക്കും കെ-ഫോൺ മുതൽക്കൂട്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സിക്കിൾസെൽ അനീമിയ പദ്ധതി**

17(*167) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. മുരളി പെരുനെല്ലി:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പ് സിക്കിൾസെൽ അനീമിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത രോഗബാധിതരെ തിരിച്ചറിയുന്നതിനും രോഗതീവ്രത കുറച്ച് വേദന നിയന്ത്രിക്കുന്നതിനും പദ്ധതി സഹായകരമാണോ; എന്തൊക്കെ കാര്യങ്ങളാണ് പദ്ധതി ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

ഉണ്ട്. ഭാരതീയ ചികിത്സാ വകുപ്പിൽ പ്ലാൻ പ്രോജക്ടിലുൾപ്പെടുത്തി വയനാട് ജില്ലയിൽ സിക്കിൾസെൽ അനീമിയ പദ്ധതി നടപ്പിലാക്കിവരുന്നു.

വയനാട് ജില്ലയിലെ കൽപ്പറ്റ ജില്ലാ ആയുർവേദ ആശുപത്രിയിൽ സിക്കിൾസെൽ അനീമിയ രോഗത്തിനുവേണ്ടിമാത്രം ഒരു യൂണിറ്റും സുൽത്താൻബത്തേരി താലൂക്ക് ആയുർവേദ ആശുപത്രിയിൽ ഒരു സബ് യൂണിറ്റും നിലവിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തുകളും സിക്കിൾസെൽ അനീമിയ രോഗികൾ താമസിക്കുന്ന ആദിവാസി മേഖലകളും കേന്ദ്രീകരിച്ച് സ്ക്രീനിംഗ് ക്യാമ്പുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. രോഗബാധിതരെ തിരിച്ചറിയുന്നതിന് പദ്ധതി സഹായകരമാണ്. ആയുർവേദ ഔഷധങ്ങൾ സിക്കിൾസെൽ അനീമിയ രോഗത്തിന്റെ തീവ്രത കുറയ്ക്കുന്നതിന് സഹായകരമാണ്. രോഗികൾക്കുണ്ടാകുന്ന വേദന, ക്ഷീണം തുടങ്ങിയ ലക്ഷണങ്ങൾ കുറയ്ക്കുന്നതിന് ആയുർവേദ ചികിത്സ സഹായിക്കുന്നു. സിക്കിൾസെൽ അനീമിയ രോഗത്തിന്റെ തീവ്രത കുറയ്ക്കുന്നതിനും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള ഔഷധങ്ങൾ നൽകുക, സ്ക്രീനിംഗ് ടെസ്റ്റിലൂടെ പുതിയ രോഗികളെ കണ്ടെത്തുക, സിക്കിൾസെൽ അനീമിയ രോഗത്തെപ്പറ്റി രോഗികൾക്കും കുടുംബാംഗങ്ങൾക്കും ആവശ്യമായ ബോധവൽക്കരണം നൽകുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ബി) സിക്കിൾസെൽ അനീമിയ രോഗികളെ കണ്ടെത്തുന്നതിന് മെഡിക്കൽ ക്യാമ്പുകളുൾപ്പെടെ പ്രത്യേക പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഏതൊക്കെ ആശുപത്രികളിലാണ് ഇതിന് ചികിത്സ ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

സിക്കിൾസെൽ അനീമിയ രോഗികളെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള രക്തപരിശോധന സംവിധാനം കൽപ്പറ്റ ജില്ലാ ആയുർവേദ ആശുപത്രിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സോലുബിലിറ്റി ടെസ്റ്റ്, ഹീമോഗ്ലോബിൻ, ഇലക്ട്രോഫോറസിസ് എന്നീ രക്തപരിശോധനകൾ വഴിയാണ് പുതിയ രോഗികളെ കണ്ടെത്തുന്നത്. കൽപ്പറ്റ ജില്ലാ ആയുർവേദ ആശുപത്രിയിൽ സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ചികിത്സ ലഭ്യമാണ്. സുൽത്താൻബത്തേരി താലൂക്ക് ആയുർവേദ ആശുപത്രിയിൽ എല്ലാ ബുധനാഴ്ചകളിലും പാതിരിച്ചാൽ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ മാസത്തിലെ ആദ്യത്തെ വ്യാഴാഴ്ചയും സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ഒ.പി. പ്രവർത്തിക്കുന്നു. സിക്കിൾസെൽ അനീമിയ രോഗികളെ കണ്ടെത്തുന്നതിന് ആരോഗ്യ വകുപ്പിന്റെ കീഴിൽ മെഡിക്കൽ

ക്യാമ്പുകളുൾപ്പെടെ പ്രത്യേക പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വയനാട് ജില്ലയിലെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും solubility test മുഖാന്തരമുള്ള സ്ക്രീനിംഗ് സൗകര്യവും നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. മരുന്നുകളും ആവശ്യമായ തുടർചികിത്സാ സൗകര്യങ്ങളും മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പാലക്കാട്, മലപ്പുറം ജില്ലകളിലും പ്രത്യേക സിക്കിൾസെൽ അനീമിയ സ്ക്രീനിംഗ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ജില്ലകളിൽ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ഡെപ്യൂട്ടി ഡി.എം.ഒ.-മാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി സ്ക്രീനിംഗ് ഏകോപനത്തിനായി ഒരു കോ-ഓർഡിനേറ്ററേയും നിയമിച്ചിട്ടുണ്ട്.

(സി) സിക്കിൾസെൽ അനീമിയ, ഹീമോഫീലിയ, തലാസിമിയ തുടങ്ങിയ രോഗം ബാധിച്ചവർക്ക് സൗജന്യ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെ

കാര്യങ്ങളാണ് പദ്ധതി ലക്ഷ്യമിടുന്നതെന്നും ആയത് രോഗികൾക്ക് എത്രത്തോളം ഗുണകരമായിട്ടുണ്ടെന്നും വിശദമാക്കാമോ?

സിക്കിൾസെൽ അനീമിയ രോഗികൾക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതിയാണ് ഭാരതീയ ചികിത്സാ വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്. ഹീമോഫീലിയ, തലാസിമിയ തുടങ്ങിയ രോഗം ബാധിച്ചവർക്കുള്ള ചികിത്സാ പദ്ധതികൾ ഭാരതീയ ചികിത്സാ വകുപ്പ് നടപ്പിലാക്കുന്നില്ല. ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ, തലസീമിയ തുടങ്ങിയ രോഗങ്ങളുടെ സമഗ്രമായ ചികിത്സ സർക്കാർ ആശുപത്രികൾവഴി ഉറപ്പാക്കുക എന്നതാണ് ആശാധാര പദ്ധതിയിലൂടെ സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി ജില്ല തിരിച്ചുള്ള രോഗികളുടെ പട്ടിക ആരോഗ്യവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ രക്തസ്രാവം ഉണ്ടാവുകയോ സംശയിക്കുകയോ ചെയ്യുന്ന രോഗിയെ തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് /ജില്ലാതല ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിലെത്തിക്കുന്നമുറയ്ക്ക് അടിയന്തര ചികിത്സ ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ

മെഡിക്കൽ കോളേജ് ആശുപത്രികളിലും ഒരു മൾട്ടി ഡിസിപ്ലിനറി ടീം രൂപീകരിച്ച് സങ്കീർണ്ണമായ രോഗപ്രശ്നങ്ങളുള്ളവരെ ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. കോട്ടയം, തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ രക്തജന്യ രോഗങ്ങൾക്കുമാത്രമായി പ്രത്യേക വാർഡോ നീക്കിവച്ചിരിക്കുന്ന ബെഡ്ഡുകളോ ലഭ്യമാണ്. രോഗികൾക്കുള്ള കൃത്യമായ ചികിത്സ ഉറപ്പാക്കുന്നതിനായി അന്താരാഷ്ട്ര തലത്തിൽ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളുൾക്കൊള്ളിച്ചുകൊണ്ടുള്ള ചികിത്സാ പ്രോട്ടോകോൾ തയ്യാറാക്കി ഡോക്ടർമാർക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്. ജില്ലാ ഡേകെയർ സെന്ററുകളിൽ മുഴുവൻ സമയം പേഷ്യന്റ് കോ-ഓർഡിനേറ്റർനോടൊപ്പം പരിശീലനം നൽകിയ ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. 14 ജില്ലാ ഡേകെയർ സെന്ററുകൾക്കുപുറമേ സംസ്ഥാനത്ത് 24x7 കാഷ്വാലിറ്റി സൗകര്യം ലഭ്യമായിട്ടുള്ള 90 ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിൽ മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. സിക്കിൾസെൽ അനീമിയ, തലസീമിയ

ബാധിതരായ രോഗികൾക്കായി പ്രത്യേക സ്ക്രീനിംഗ് സൗകര്യവും അവർക്കാവശ്യമായ ചികിത്സാ സൗകര്യങ്ങളും മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

18(*168) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>:
<u>ശ്രീ. പ്രമോദ് നാരായൺ</u>:
<u>ഡോ. എൻ. ജയരാജ്</u>:
<u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻ വ്യാപാരികളുണ്ടെന്നും അവരുടെ വേതനം അഥവാ കമ്മീഷൻ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്നും പ്രസ്തുത മാനദണ്ഡം എന്നാണ് പ്രാബല്യത്തിൽ വന്നതെന്നും അറിയിക്കാമോ; കേരള ടാർഗറ്റെഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കെ.റ്റി.പി.ഡി.എസ്. ) നിയമത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 14,154 റേഷൻ വ്യാപാരികളാണുള്ളത്. 30-11-2018-ലെ 46/2018/ഭ.പൊ.വി.വ. സർക്കാർ ഉത്തരവിലെ

മാനദണ്ഡങ്ങൾ പ്രകാരം ഓരോ മാസവും വില്പന നടത്തുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് കണക്കിലെടുത്താണ് റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ വിതരണം ചെയ്തുവരുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* കേരള ടാർഗറ്റെഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കെ.ടി.പി.ഡി.എസ്.) കൺട്രോൾ ഓർഡർ, 2021-ന്റെയും ഭേദഗതിയുടെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിലുള്ള വരുമാനത്തിനുപുറമേ ലഭിക്കുന്ന ആനുകൂല്യങ്ങളെന്തൊക്കെയെന്ന് അറിയിക്കാമോ; റേഷൻ കടകൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക, വൈദ്യുതി ചാർജ്ജ്, സെയിൽസ്മാന്റെ വേതനം എന്നിവ നൽകുന്നതിന് പ്രത്യേക തുക അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ?

റേഷൻ വ്യാപാരികൾക്ക് കമ്മീഷനുപുറമേ, മുൻവർഷങ്ങളിൽ കിറ്റ് വിതരണം നടത്തിയ വേളയിൽ, വിതരണം നടത്തിയ കിറ്റ് ഒന്നിന് 5 രൂപ, 7 രൂപ എന്നീ നിരക്കിൽ ചില മാസങ്ങളിൽ തുക നൽകിയിരുന്നു. കൂടാതെ ഓണക്കാലത്ത് ഒരു വ്യാപാരിക്ക് 1000 രൂപ നിരക്കിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഓണറേറിയം അനുവദിച്ച് നൽകിയിട്ടുണ്ട്. കമ്മീഷനുപുറമെ ലഭിക്കുന്ന ക്ഷേമനിധി ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

റേഷൻ ചില്ലറ വ്യാപാരികളുടെ ക്ഷേമം ലക്ഷ്യമാക്കി വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി കേരള സർക്കാർ രൂപം നൽകി 01-01-2000 മുതൽ പ്രവർത്തനമാരംഭിച്ചതാണ് കേരളാ റേഷൻ വ്യാപാരി ക്ഷേമനിധി. പെൻഷൻ, അംശദായം തിരികെ നൽകൽ, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ചികിത്സാ ധനസഹായം തുടങ്ങിയ ക്ഷേമപദ്ധതികളാണ് നിലവിൽ റേഷൻ വ്യാപാരി ക്ഷേമനിധിയിൽനിന്നും നൽകിവരുന്നത്.

ക്ഷേമനിധിയിലെ ഒരംഗത്തിന് സ്ഥിരമായോ താല്കാലികമായോ അവശതയോ അംഗവൈകല്യമോ അപകടത്തെത്തുടർന്ന് വൈകല്യമോ മറ്റ് ഗുരുതരമായ അവസ്ഥയുണ്ടാകുന്നപക്ഷം പരമാവധി 5,000 രൂപ വരെയും ക്ഷേമനിധിയിലെ അംഗത്തിനോ കുടുംബാംഗങ്ങൾക്കോ ഹൃദയം, വൃക്ക, കൃത്രിമ കൈ/കാൽ മാറ്റിവയ്ക്കൽ, കാൻസർ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 25,000 രൂപ വരെയും ചികിത്സാ ധനസഹായം

നൽകിവരുന്നു. കൂടാതെ വാതരോഗം, അപ്പന്റിസൈറ്റിസ്, തിമിര ശസ്ത്രക്രിയ, ഹിസ്റ്ററക്ടമി (ഗർഭാശയം നീക്കൽ), ഹെർണിയ, ബ്രെയിൻ ട്യൂമർ, സിറോസിസ് (കരൾവീക്കം), പക്ഷാഘാതം, കിഡ്നി സ്റ്റോൺ, മൂത്രാശയ സംബന്ധമായ രോഗം, പിത്താശയകല്ല്, ന്യൂമോണിയ, ഡയബറ്റിസ് മെലിറ്റിസ്, ഹൈപ്പർ ടെൻഷൻ, വെരിക്കോസ്, പ്രോസ്റ്റേറ്റ് സംബന്ധമായ അസുഖം, ഡെങ്കിപ്പനി, സൈനസൈറ്റിസ്, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, ആസ്മ, ഡിമെൻഷ്യ (മറവിരോഗം), ഡീപ് വെയിൻ ത്രോംബോസിസ് എന്നീ രോഗങ്ങളുടെ ചികിത്സയ്ക്കായി 50,000 (അൻപതിനായിരം) രൂപവരെ ചെലവാകുകയാണെങ്കിൽ 3,000 (മൂവായിരം) രൂപയോ അല്ലെങ്കിൽ ആകെ ചെലവായ തുകയുടെ 25 (ഇരുപത്തിയഞ്ച്) ശതമാനമോ ഇതിൽ ഏതാണോ കുറവ് അതും, 50,000 (അൻപതിനായിരം) രൂപയ്ക്കുമുകളിൽ ചെലവായ ചികിത്സയ്ക്ക് 5,000 (അയ്യായിരം) രൂപയും ചികിത്സാ ധനസഹായമായി നൽകിവരുന്നു.

എസ്.എസ്.എൽ.സി., പ്ലസ് ടു (സ്റ്റേറ്റ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ.) വിഭാഗങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന

ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഓരോ സാമ്പത്തിക വർഷവും വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിവരുന്നു.

നിലവിൽ റേഷൻ വ്യാപാരി ക്ഷേമനിധിയിൽ അംഗമായിട്ടുള്ള 62 വയസ് പൂർത്തിയാക്കിയ 10 വർഷത്തെ സർവ്വീസുള്ള ചില്ലറ റേഷൻ വ്യാപാരികൾക്ക് അവർ സർവ്വീസിൽനിന്നും വിരമിച്ചതിനുശേഷം ക്ഷേമനിധി ഹാൻഡ് ബുക്കിലെ നിയമങ്ങൾക്കുവിധേയമായി പ്രതിമാസ പെൻഷന് അർഹതയുണ്ട്. നിലവിൽ 1700-ഓളം പെൻഷണേഴ്സിന് ക്ഷേമനിധിയിൽനിന്നും പെൻഷൻ അനുവദിക്കുന്നുണ്ട്.

കൂടാതെ 70 വയസിന് മുമ്പും ശേഷവും മരണപ്പെടുന്ന റേഷൻ വ്യാപാരികളുടെ ആശ്രിതർക്ക് ആശ്വാസമായി 40,000 രൂപവരെ ധനസഹായം ക്ഷേമനിധിയിൽനിന്നും നൽകിവരുന്നു. റേഷൻകട പ്രവർത്തിക്കുന്ന കടയുടെ വാടക, വൈദ്യുതി ചാർജ്ജ്, സെയിൽസ്മാന്റെ വേതനം എന്നിവ നൽകുന്നതിന് പ്രത്യേകം തുക അനുവദിക്കുന്നില്ല.

(സി) റേഷൻ വ്യാപാരികൾക്ക് സമാന്തരമായി വരുമാനം ലഭിക്കുന്ന മറ്റ് തൊഴിൽ മാർഗ്ഗങ്ങൾ ചെയ്യുന്നതിന് അനുവാദമുണ്ടോ; റേഷൻ വ്യാപാരിൾക്ക്

സംസ്ഥാനത്ത് നിലവിലുള്ള മിനിമം വേതനമെങ്കിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

KTPDS കൺട്രോൾ ഓർഡർ, 2021 പ്രകാരം റേഷൻ വ്യാപാരികൾക്ക് സമാന്തര വേതനം ലഭിക്കുന്ന മറ്റ് തൊഴിലുകളിലേർപ്പെടാൻ പാടില്ല. റേഷൻ വ്യാപാരികളുടെ വേതനവും മറ്റ് വിഷയങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റേഷനിംഗ് കൺട്രോളറുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) റേഷൻ ലൈസൻസികൾ മരണപ്പെടുകയും അതത് കടകളിലെ സെയിൽസ്മാൻമാർ 10 വർഷം മുതൽ 30 വർഷം വരെ പ്രസ്തുത കടകൾ നടത്തുകയും ചെയ്തുവരുന്ന സാഹചര്യങ്ങളിൽ അവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ; ആയത് നടപ്പാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; ഇതിനെന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

സെയിൽസ്മാൻമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി രണ്ട് ആഴ്ചയ്ക്കകം സെയിൽസ്മാൻമാർ ആവശ്യമായ രേഖകൾ സഹിതം റേഷൻകട ലൈസൻസിന് അപേക്ഷ സമർപ്പിച്ചാൽ ആയത് പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കാൻ ജില്ലാ സപ്ലൈ ഓഫീസർമാരെ ചുമതലപ്പെടുത്തി ബഹുമാനപ്പെട്ട കോടതി ഉത്തരവനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ബന്ധുക്കളായവർക്ക് വെവ്വേറെ റേഷൻ കടകൾക്ക് ലൈസൻസ് നിഷേധിക്കുന്ന തരത്തിലുള്ള കെ.റ്റി.പി.ഡി.എസ്. നിയമത്തിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുമോ?

റേഷൻ വ്യാപാരികളുടെ നിയമപരവും സാമ്പത്തികപരവും വസ്തുതാപരവുമായ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റേഷനിംഗ് കൺട്രോളറുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കെ-ഫോൺ പദ്ധതിയുടെ ആദ്യഘട്ടം**

19(*169) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വിജ്ഞാന സമ്പദ്ഘടന കേന്ദ്രമായും നൂതന സമൂഹമായും പരിവർത്തിപ്പിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിൽ കെ-ഫോൺ പദ്ധതി എത്രമാത്രം ഉപകരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

വിവരസാങ്കേതികവിദ്യ, ആശയവിനിമയ സാങ്കേതികവിദ്യ എന്നിവയുടെ വ്യാപനം ഡിജിറ്റൽ സാക്ഷരതയ്ക്കും വിജ്ഞാന സമ്പദ്വ്യവസ്ഥയ്ക്കും അത്യന്താപേക്ഷിതമാണ്. പ്രസ്തുത സാങ്കേതികവിദ്യകളുടെ വ്യാപനത്തിന് കെ-ഫോൺ പദ്ധതിവഴിയൊരുക്കുന്ന അടിസ്ഥാനസൗകര്യങ്ങൾ സഹായകരമാകും. കെ-ഫോൺ പദ്ധതിയിലൂടെ കേരളത്തിലെ ഗ്രാമങ്ങളെയും നഗരങ്ങളെയും ബന്ധിപ്പിക്കുന്നതുവഴി സാർവത്രിക ഇന്റർനെറ്റ് ലഭ്യതവഴിയും ഇ-കോമേഴ്സ്, ഡിജിറ്റൽ ബാങ്കിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ

മേഖലകളിൽ പുരോഗതിയും ഡിജിറ്റൽ സാക്ഷരതയും കൈവരിക്കാനാകും. വിജ്ഞാന സമ്പദ്വ്യവസ്ഥയ്ക്കാവശ്യമായ തൊഴിൽ നൈപുണ്യം പ്രദാനം ചെയ്യാൻ കെ-ഫോൺ മുഖേന സാധിക്കുമെന്നാണ് കരുതുന്നത്. ഇന്റർനെറ്റിന്റെ വ്യാപനംവഴി കാർഷിക-വ്യാവസായിക മേഖലകളിൽ നൂതന സാങ്കേതികവിദ്യയിലൂടെയുള്ള വളർച്ച സാധ്യമാകും. ഐ.ടി./അനുബന്ധ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാൻ കെ-ഫോണിന് സാധിക്കും. മറ്റുള്ള സ്വകാര്യ ടെലികോം കമ്പനികളെയപേക്ഷിച്ച് സംരംഭകർക്ക് കുറഞ്ഞ ചെലവിൽ കേരളത്തിലെവിടെയും കെ-ഫോണിന്റെ സേവനം ലഭ്യമാക്കാനാണുദ്ദേശിക്കുന്നത്. ഐ.ടി. പാർക്കുകളിലും മറ്റും 5 ജി സേവനം അനായാസം ലഭ്യമാക്കാൻ കെ-ഫോൺ ശൃംഖലയ്ക്ക് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ്-ഓഫ്-തിംഗ്സ് എന്നിവയുടെ വളർച്ചയ്ക്കും കെ-ഫോൺ പ്രയോജനപ്പെടുത്താനാവും. വിജ്ഞാന സമ്പദ്വ്യവസ്ഥയിൽ

ഒഴിച്ചുകൂടാനാകാത്ത ഇന്നോവേഷൻ, റിസർച്ച് തുടങ്ങിയവയും കെ-ഫോൺ മുതൽക്കൂട്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കെ-ഫോൺ പദ്ധതിയുടെ ആദ്യഘട്ടം വിജയകരമായിരുന്നുവെന്ന് കരുതുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

കെ-ഫോൺ പദ്ധതിയുടെ ആദ്യഘട്ടം വിജയകരമാണ്. കെ-ഫോൺ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി 6909 കിലോമീറ്റർ ബാക്ക്ബോൺ, 19970 കി.മീ. എ.ഡി.എസ്.എസ്. (All-Dielectric Self Supporting Cable), ഒ.എഫ്.സി., ആക്സസ് കേബിൾ, 372 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.ടി./നോൺ ഐ.ടി. സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിക്കുവാൻ സാധിച്ചു. 27,995 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 18,442 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 4051 കുടുംബങ്ങൾക്ക് ഇതുവരെ കെ-ഫോൺ

കണക്ഷൻ സൗജന്യമായി നൽകുവാൻ സാധിച്ചു. ഗ്രാമീണ വിദൂരപ്രദേശങ്ങളിൽ വൈ-ഫൈ ഹോട്ട്സ്പോട്ട് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പന്തലാടിക്കുന്ന് കോളനിയിൽ വൈ-ഫൈ ഹോട്ട്സ്പോട്ട് സ്ഥാപിക്കാൻ സാധിച്ചു.

**ലഹരി വ്യാപനംമൂലമുള്ള കുറ്റകൃത്യങ്ങൾ തടയാൻ നടപടി**

20(*170) ശ്രീമതി കെ. കെ. രമ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി വ്യാപനംമൂലം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

2018 മുതൽ 2023 ആഗസ്റ്റ് 23 വരെ ആകെ 48 കേസുകളാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടിട്ടില്ല.

(ബി) ലഹരി ഉപയോഗം നടക്കുന്നതും കുറ്റകൃത്യങ്ങൾ നടക്കാൻ സാദ്ധ്യതയുള്ളതുമായ വിജനമായ സ്ഥലങ്ങൾ ഹോട്ട് സ്പോട്ടുകളാക്കി പ്രസ്തുത പ്രദേശങ്ങളിൽ പോലീസ് നിരീക്ഷണം ശക്തമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 463 പോലീസ് സ്റ്റേഷൻ പരിധികളിലായി 1360 ബ്ലാക്ക് സ്പോട്ടുകൾ/NDPS ചെക്കിംഗ് പോയിന്റുകളായി കണ്ടെത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ പ്രത്യേക നിരീക്ഷണവും പട്രോളിംഗും പോലീസ് നടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രിൻസിപ്പൽ സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അതതു സ്റ്റേഷനുകളിലെ 2 പോലീസുകാരെയുൾപ്പെടുത്തി ഒരു സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് രൂപീകരിക്കാൻ 01-07-2023-ൽ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. ബന്ധപ്പെട്ട എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിന്റെയടിസ്ഥാനത്തിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് (SOG) രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറയുന്ന

ബ്ലാക്ക്സ്പോട്ടുകൾ അതത് പോലീസ് സ്റ്റേഷനുകളിലെ SOG-യിലെ ടീം അംഗങ്ങൾ നിരീക്ഷണം നടത്തി ലഹരിവിരുദ്ധ നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവിടങ്ങളിലെ ലഹരി വില്പനക്കാരായ സ്ഥിരം കുറ്റവാളികളെ കണ്ടെത്തി അവർക്കെതിരെ Prevention of Illicit Traffic in Narcotics Drugs and Psychotropic Substances Act (PIT NDPS) പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് ടി SOG ആവശ്യമായ സഹായങ്ങൾ നൽകിവരുന്നുണ്ട്. ലഹരിമാഫിയയുടെ പ്രവർത്തനങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂമുകൾ രൂപീകരിച്ചിട്ടുണ്ട്. കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികളിലെല്ലാം യഥാസമയം നടപടി സ്വീകരിച്ചുവരുന്നുണ്ട്. എക്സൈസ് ഇന്റലിജൻസ് വിഭാഗം വിവിധ ഓഫീസുകളുമായി ചേർന്ന് രഹസ്യവിവരങ്ങൾ ശേഖരിച്ച് മയക്കുമരുന്ന് കേസുകൾ കണ്ടെത്തുന്നുണ്ട്. ജില്ലയിലെ അതിർത്തി പ്രദേശങ്ങളിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ആർ.പി.എഫ്.-മായി ചേർന്ന് റെയിൽവേ

സ്റ്റേഷനുകളിലും പരിശോധന നടത്തിവരുന്നു. തീരദേശ പോലീസുമായി ചേർന്ന് തീരദേശ മേഖലകളിൽ ശക്തമായ പരിശോധനകൾ നടത്തിവരുന്നു. അന്യസംസ്ഥാന ബന്ധമുള്ള ലഹരി മാഫിയകളുടെ ബന്ധങ്ങൾ പരിശോധിക്കുന്നതിന് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയും ഡയറക്ടർ ജനറൽ ഓഫ് റവന്യൂ ഇന്റലിജൻസുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

(സി) ലഹരിക്കടിമയായവർ നടത്തുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് പൊതുജനങ്ങളിൽ കടുത്ത ആശങ്ക ഉളവാക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പരാതികൾ ലഭിച്ചാൽ ലഹരിക്കടിമയായവരെ അതിൽനിന്നും മോചിപ്പിക്കാൻ 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരോഗ്യ വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. 2023 ജൂലൈ മാസം വരെ 101411 പേർക്ക് ഒ.പി. ചികിത്സയും 8588 പേർക്ക് ഐ.പി. ചികിത്സയും നൽകിയിട്ടുണ്ട്. വിമുക്തി മിഷനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മേഖല കൗൺസിൽ സെന്ററുകൾ

പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകൾ മുഖേന 2023 ജൂലൈ മാസം വരെ ആകെ 16063 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ട്. സമൂഹത്തിന് വിപത്ത് സൃഷ്ടിക്കുന്ന ആപത്കരമായ ലഹരി ഉപയോഗം തടയാനും നിരന്തര ബോധവത്കരണത്തിനുമായി വിപുലമായ ക്യാമ്പയിനുകളാണ് സംസ്ഥാനത്ത് സംഘടിപ്പിച്ചുവരുന്നത്. അതോടൊപ്പം രാജ്യത്ത് ലഹരി വിൽപ്പന സംഘങ്ങളുടെ ശൃംഖല ഏറിവരുന്ന സാഹചര്യത്തിൽ അത്തരം സംഘങ്ങൾക്കെതിരെ കർശനമായ നടപടികളും സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

'No to Drugs' ക്യാമ്പൈൻ

പൊതുജന പങ്കാളിത്തത്തോടെ 2022-ലെ ഗാന്ധി ജയന്തി ദിനത്തിൽ ആരംഭിച്ച് 2023-ലെ റിപ്പബ്ലിക് ദിനത്തിൽ അവസാനിച്ച കാലയളവിൽ രണ്ടുഘട്ടങ്ങളിലായി ഒരു കോടിയോളം പേർ പങ്കെടുത്ത 'No to Drugs' ക്യാമ്പയിൻ സംഘടിപ്പിച്ചു. നാനാവിഭാഗത്തിലുള്ള ആളുകളുടെ പങ്കാളിത്തംകൊണ്ട് സജീവമായൊരു പ്രവർത്തനമായിരുന്നു ഇത്. മയക്കുമരുന്നിന്റെ വിപത്തുകളുമായി ബന്ധപ്പെട്ട സന്ദേശം

ജനങ്ങളിലെത്തിക്കുന്നതിനായി കുടുംബശ്രീ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, വിമുക്തി ക്ലബ്ബുകൾ എന്നിവയുടെ സജീവ പങ്കാളിത്തം ഈ ക്യാമ്പയിനിലുടനീളമുണ്ടായി. ക്യാമ്പയിനിന്റെ മൂന്നാംഘട്ടം വിദ്യാഭ്യാസ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കിവരുന്നത്. ഈ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കുക മാത്രമല്ല, ഒരു തുടർപ്രക്രിയയായി നിലനിർത്തുന്നതിനുള്ള തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്.

സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് (SOG)

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാ പോലീസ് സ്റ്റേഷനുകളിലും സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ 2 പോലീസുകാരുൾപ്പെടുന്ന ഒരു സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ വാട്ട്സാപ്പ് മുഖേനയോ ഫോൺ മുഖാന്തരമോ പൊതുജനങ്ങളെ അറിയിക്കുന്നതിനായി 9497927797 എന്ന ഹെൽപ്പ് ലൈൻ നമ്പർ നിലവിലുണ്ട്. വിവരം നൽകുന്ന സ്രോതസ് തികച്ചും

രഹസ്യമായി സൂക്ഷിക്കുമെന്നതിനാൽ നിരവധിപേർ ഈ സംവിധാനം ഉപയോഗിച്ചുവരുന്നു.

സംയുക്ത പ്രവർത്തനങ്ങൾ

ലഹരിപദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങളിൽ എക്സൈസ്, പോലീസ്, വനം വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ നിരന്തര രഹസ്യ നിരീക്ഷണം നടത്തിവരുന്നു. ഒപ്പം, പോലീസും എക്സൈസും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തുന്നത്. ദൈനംദിന പരിശോധനകൾക്കുപുറമെ പ്രത്യേക കോമ്പിംഗ് ഓപ്പറേഷനുകൾ, രാത്രികാല സ്പെഷ്യൽ പരിശോധനകൾ എന്നിവ പോലീസ്, എക്സൈസ് വകുപ്പുകൾ നടത്തിവരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും DANSAF (District Anti-Narcotic Special Action Force) ടീം രൂപീകരിച്ചിട്ടുണ്ട്. മയക്കുമരുന്ന് വിതരണക്കാരെയും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെയും പ്രത്യേകം നിരീക്ഷിച്ച് NDPS ആക്ട് പ്രകാരം കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിന് DANSAF ടീമിന് സാധിക്കുന്നുണ്ട്.

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Narcotics Control Bureau (NCB)-യുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായം നല്കുന്നതിനും മയക്കുമരുന്ന് ഉൽപ്പാദനവും വിതരണവും തടയുന്നതിന് ഇതര സംസ്ഥാനങ്ങളുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതിനും Anti Narcotic Task Force (ANTF) നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.-യാണ് ANTF -ന്റെ തലവൻ.

യോദ്ധാവ്

സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരിവ്യാപനം തടയുന്നതിനായി കാര്യക്ഷമമായ ഇടപെടലുകളാണ് പോലീസ് നടത്തിവരുന്നത്. പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കുമരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി ആരംഭിച്ച പുതിയ ക്യാമ്പയിനാണ് യോദ്ധാവ്. ഈ പരിപാടിയുടെ ഭാഗമായി യോദ്ധാവായി തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് മയക്കുമരുന്ന് ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അവർക്കാവശ്യമുള്ള കൗൺസലിംഗ് നൽകുന്നതിനുമുള്ള

പരിശീലനം നൽകിവരുന്നു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്ക് ലഹരിവിരുദ്ധ പ്രവർത്തനത്തിനാവശ്യമായ പരിശീലനം നൽകിവരുന്നു. ജനമൈത്രി സുരക്ഷാ സമിതികളുടെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ അവബോധന പ്രവർത്തനങ്ങൾ വ്യാപകമായി സംഘടിപ്പിക്കാൻ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും. ലഹരിവിൽപ്പന സംശയിക്കുന്ന കച്ചവട സ്ഥാപനങ്ങളിൽ പോലീസിന്റെയും എക്സൈസിന്റെയും നിരീക്ഷണം ശക്തമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

നിരീക്ഷണ സംവിധാനങ്ങൾ

സ്കൂൾ പരിസരത്തുള്ള വ്യാപാരസ്ഥാപനങ്ങൾ ഇത്തരം പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നതായി കണ്ടെത്തിയാൽ അവ പൂട്ടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ വിവരങ്ങൾ കൈമാറിവരുന്നു. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ രൂപീകരിക്കുകയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് നിരന്തര ബോധവത്ക്കരണം നൽകിവരുകയും ചെയ്യുന്നുണ്ട്. സ്കൂൾ-കോളേജ്

പരിസരങ്ങൾ, ബസ് സ്റ്റോപ്പുകൾ, സ്കൂളിന് സമീപത്തെ കടകൾ എന്നിവിടങ്ങളിൽ മഫ്തി പോലീസിന്റെ നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, വിദ്യാർത്ഥികൾക്കിടയിലെ ലഹരി, മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി പോലീസ്, വനിതാ-ശിശുവികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, എക്സൈസ്, തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളും എക്സൈസ് വകുപ്പിനുകീഴിൽ പുരോഗമിക്കുന്നു. ലഹരിക്കടത്തിലുൾപ്പെടുന്നവരുടെയും ശിക്ഷിക്കപ്പെടുന്നവരുടെയും വിവരങ്ങൾ ശേഖരിച്ച് തയ്യാറാക്കുന്ന ഹിസ്റ്ററി ഷീറ്റ് എല്ലാ പോലീസ് സ്റ്റേഷനുകളിലും എക്സൈസ് റെയ്ഞ്ച് ഓഫീസുകളിലും ലഭ്യമാകുന്ന സംവിധാനം ഏർപ്പെടുത്തിവരുന്നു.

PIT NDPS Act

ലഹരിയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നവർക്കെതിരെ The Prevention of Illicit Traffic in Narcotic

Drugs Psychotropic Substances Act 3(1) കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനും അവരുടെ സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ആലുവയിൽ പെൺകുട്ടിയെ കൊലപ്പെടുത്തിയ സംഭവം**

21(*171) ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോയി ക്രൂരമായി കൊലപ്പെടുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ഗൗരവമായി കാണുന്നുണ്ടോ?

വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആലുവയിൽ കൊച്ചുപെൺകുട്ടിയെ ക്രൂരമായി ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് 28-07-2023-ന് ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 720/23 U/s 364, 367, 376AB, 376A, 377, 302 IPC & Sec. 4(2), 3(a), 6 r/w 5(m), 5(j), 5(iv) of POCSO Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. ഇതര സംസ്ഥാനക്കാരനായ പ്രതിയെ 29-07-2023-ന് പോലീസ് അറസ്റ്റ് ചെയ്തു. ബഹുമാനപ്പെട്ട കോടതി പ്രതിയെ റിമാൻഡ് ചെയ്ത് 01-08-2023 മുതൽ പത്ത് ദിവസത്തേയ്ക്ക് പോലീസ് കസ്റ്റഡിയിൽ വിട്ടു. കസ്റ്റഡി കാലയളവിൽ കുറ്റകൃത്യം ചെയ്ത സ്ഥലങ്ങളിലും താമസസ്ഥലത്തും മറ്റിടങ്ങളിലും എത്തിച്ച് തെളിവുകൾ ശേഖരിക്കുകയും ശാസ്ത്രീയ തെളിവുകൾ ബഹുമാനപ്പെട്ട കോടതിവഴി ഫോറൻസിക് സയൻസ് ലാബിലേയ്ക്കയച്ച് റിപ്പോർട്ടുകൾ ലഭ്യമാക്കുകയുമുണ്ടായി. കേസിൽ 130 സാക്ഷികളുടെ മൊഴി Cr. PC 161 പ്രകാരവും 6 സാക്ഷികളുടെ മൊഴി Cr. PC 164 പ്രകാരവും രേഖപ്പെടുത്തി. അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി 01-09-2023-ൽ ബഹുമാനപ്പെട്ട എറണാകുളം അഡീഷണൽ ജില്ലാ സെഷൻസ് (POCSO) കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) കുട്ടിയെ കാണാനില്ലെന്ന പരാതി ലഭിച്ചശേഷം കുട്ടിയെ കണ്ടെത്താൻ പോലീസ് നടത്തിയ അന്വേഷണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കുട്ടിയെ കാണാനില്ലെന്ന പരാതി സ്റ്റേഷനിൽ ലഭിച്ചയുടൻതന്നെ പോലീസ് ഊർജ്ജിതാന്വേഷണം നടത്തിയിരുന്നു.

(ഡി) സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് വിശദമാക്കുമോ?

പോക്സോ കേസുകൾ റിപ്പോർട്ടാകുന്ന ഏത് സാഹചര്യവും അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. അതോടൊപ്പം, സമൂഹത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

<u>കുറ്റകൃത്യങ്ങൾക്കെതിരെ കർശന നടപടി</u>

കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താലുടൻ കേസ് രജിസ്റ്റർ ചെയ്ത് വളരെ വേഗം പ്രതിയെ കണ്ടെത്തുന്നതിനും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതിനുമുള്ള നടപടികളാണ് പോലീസ്

സ്വീകരിച്ചുവരുന്നത്. ഇത്തരം കേസുകളിൽ ശാസ്ത്രീയ തെളിവുകളും മറ്റും അതിവേഗം ശേഖരിച്ച് പരമാവധി ശിക്ഷ ലഭിക്കത്തക്കവിധം കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തി നിലവിലെ നിയമപ്രകാരം 60 ദിവസത്തിനുള്ളിൽ പഴുതടച്ച് കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തി അവരെ കർശനമായി നിരീക്ഷിക്കുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നു.

<u>രജിസ്ട്രേഷനുള്ള നടപടികൾ</u>

ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി കേന്ദ്ര നിയമം 1979-ലെ Interstate Migrant Workers (Regulations of Employment and Conditions of Service) Act പ്രകാരം അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികൾ

ജോലി ചെയ്യുന്ന എല്ലാ സ്ഥാപനവും രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. അതോടൊപ്പം കരാറുകാരനും ലൈസൻസ് നേടേണ്ടതുണ്ട്.

വിവര ശേഖരണം

ഇത്തരം തൊഴിലാളികളുടെ വിവര ശേഖരണം പോലീസ് സ്റ്റേഷനുകൾവഴി നടത്തിവരുന്നു. സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിന് സോണൽ ഐ.ജി.-മാർ, റെയ്ഞ്ച് ഡി.ഐ.ജി.-മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (Law & Order) നിർദ്ദേശം നൽകിയിട്ടുണ്ട്. ജനമൈത്രി പോലീസുദ്യോഗസ്ഥർ റസിഡൻസ് അസോസിയേഷനുമായി സഹകരിച്ച് അപരിചിതരായ ആൾക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും സംശയാസ്പദമായി കാണുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പോലീസിനെ അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. Students Police Cadet, Special Protection Group എന്നിവരുടെ സഹകരണത്തോടെ സ്കൂളുകളിലും പരിസരപ്രദേശങ്ങളിലും

കുട്ടികൾക്കാവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളും റസിഡൻഷ്യൽ ഏരിയകളിൽ കുട്ടികൾ അപരിചിതരുമായി സഹകരിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവത്കരണവും നടത്തിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും അവയ്ക്കെതിരെ യഥാസമയം പ്രതികരിക്കുന്നതിന് സ്ത്രീകളെയും കുട്ടികളെയും സജ്ജമാക്കുക എന്നത് പ്രമേയമാക്കി ജനമൈത്രി പോലീസ് സംവിധാനം ഉപയോഗിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

<u>വിചാരണയ്ക്കായി പ്രത്യേക പോക്സോ കോടതികളും കേസ് നടത്തുന്നതിന് പ്രത്യേക പ്രോസിക്യൂട്ടർമാരും</u>

സംസ്ഥാനത്ത് പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിന് 56 അതിവേഗ പോക്സോ കോടതികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 54 കോടതികൾ പ്രവർത്തനം ആരംഭിച്ചു. കേസുകൾ അതിവേഗം കൈകാര്യം ചെയ്യുന്നതിന് ഈ കോടതികളിൽ പ്രത്യേക പ്രോസിക്യൂട്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. പോക്സോ കേസുകളുടെ വിചാരണ, അന്തിമതീർപ്പാക്കൽ, പുരോഗതി എന്നിവ നിരീക്ഷിക്കുന്നതിനും

വിലയിരുത്തുന്നതിനുമായി പ്രത്യേക കമ്മിറ്റി (Committee to monitor the progress of trials under the POCSO Act) നിലവിലുണ്ട്. കമ്മിറ്റി മാസത്തിലൊരിക്കൽ കേസുകളുടെ പുരോഗതി വിലയിരുത്തിവരുന്നു. ഇരകളായ കുട്ടികൾ ചിൽഡ്രൻസ് ഹോമുകളിലും സമാനമായ മറ്റ് സ്ഥാപനങ്ങളിലും താമസിക്കുന്ന സാഹചര്യങ്ങളിൽ, കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കേസുകളുടെ സുഗമമായ നടത്തിപ്പിനും അന്വേഷണ ഉദ്യോഗസ്ഥരുടെയും സാക്ഷികളുടെയും സാന്നിദ്ധ്യം കോടതികളിൽ ഉറപ്പുവരുത്തുന്നതിനും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുമായി ആവശ്യമായ മീറ്റിംഗുകൾ ജില്ലാ ജഡ്ജിമാരുടെ ചുമതലയിൽ നടത്തുക, കേസുകൾ കൈകാര്യം ചെയ്യുന്നതിനുതകുംവിധം പരിശീലനം നൽകുക, ഫോറൻസിക് അന്വേഷണ റിപ്പോർട്ടുകൾ വേഗത്തിലാക്കുക മുതലായ കാര്യങ്ങളിൽ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിവരുന്നു.

**സൈബർ കുറ്റകൃത്യങ്ങളും ഫോറൻസിക് ലാബുകളുടെ സേവനവും**

22(*172) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u>
<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u>

ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങളിലെ ഇരകളുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തുന്നതിനും സൈബർ തട്ടിപ്പുകാരെ കണ്ടെത്തുന്നതിനും ഡാറ്റ വീണ്ടെടുക്കുന്നതിനും ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ച് പ്രോസിക്യൂഷന് മുന്നിൽ സമർപ്പിച്ച് നീതി ഉറപ്പാക്കുന്നതിനും സർക്കാർ ഫോറൻസിക് ലാബുകൾ വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങളുൾപ്പെടെ ഗുരുതരമായ കുറ്റകൃത്യങ്ങളിലേർപ്പെടുന്ന കുറ്റവാളികൾക്ക് ഉചിതശിക്ഷ ലഭിക്കുംവിധം മികച്ച Justice Delivery System ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കേസന്വേഷണം മികവുറ്റതാക്കുന്നതിനാവശ്യമായ ശാസ്ത്രീയ തെളിവുകൾ പ്രധാനമായും ലഭ്യമാക്കുന്നത് സംസ്ഥാനത്തെ ഫോറൻസിക് സയൻസ് ലബോറട്ടറികളാണ്. നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ

സംവിധാനങ്ങൾ സംസ്ഥാനത്തെ എല്ലാ സൈബർ ഡിവിഷനുകളിലും സജ്ജമാക്കിയിട്ടുണ്ട്. ഇതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷം സർക്കാർ 80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങളും അതിക്രമങ്ങളും തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള കേരള സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്റർ (K4C), ഇന്ത്യൻ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്റർ (I4C)-മായി സഹകരിച്ചാണ് പ്രവർത്തിക്കുന്നത്. സാമ്പത്തിക തട്ടിപ്പുകളുമായി ബന്ധപ്പെട്ട് ദ്രുതഗതിയിലുള്ള നടപടികൾ സ്വീകരിക്കുന്നതിനായി രാജ്യത്തെ വിവിധ ഏജൻസികളുടെ സംയോജിത പ്ലാറ്റ്ഫോമായ നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിന്റെ സേവനവും ഉപയോഗപ്പെടുത്തിവരുന്നു. പ്രസ്തുത പോർട്ടൽ മുഖേനയും 1930 എന്ന നമ്പരിലേയ്ക്ക് ഫോൺ മുഖാന്തരവും പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കാവുന്നതാണ്.

## സൈബർ ഓപ്പറേഷൻ വിഭാഗം

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനാവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾക്കും പ്രവർത്തനങ്ങളുടെ കേന്ദ്ര-സംസ്ഥാന

ഏകോപനത്തിനുമായി സൈബർ ഓപ്പറേഷൻ വിഭാഗം രൂപീകരിച്ച് ഐ.ജി. (സൈബർ ഓപ്പറേഷൻസ്) SP ICT ആൻഡ് സൈബർ ഓപ്പറേഷൻസ് എന്നീ തസ്തികകൾ സൃഷ്ടിച്ച് ചുമതല നൽകിയിട്ടുണ്ട്. സൈബർ മേഖലയിലുള്ള ചലനങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ നയരൂപീകരണത്തിനുമായി ടെക്നിക്കൽ ഇന്റലിജൻസ് വിഭാഗത്തിൽ പുതിയതായി ഒരു എസ്.പി.-യെക്കൂടി ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സൈബർ ഡോം

സൈബർ മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ ഗവേഷണം നടത്തുന്നതിനും സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട വെല്ലുവിളികൾ നേരിടുന്നതിനും സമയബന്ധിതമായി പരിഹാരം കാണുന്നതിനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് സൈബർ ഡോമുകളും സ്ഥാപിച്ചിട്ടുണ്ട്. സൈബർ ഇടങ്ങൾ ഉപയോഗപ്പെടുത്തിയുള്ള സാമ്പത്തിക തട്ടിപ്പുകൾ, മയക്കുമരുന്ന്, ആയുധ വ്യാപാരം, ലൈംഗിക വ്യാപാരം, ഡാറ്റാ മോഷണം, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധമായ ക്രയവിക്രയങ്ങൾ നടത്തുന്ന

കുറ്റകൃത്യങ്ങൾ സൈബർ ഡോം വികസിപ്പിച്ച Grapnel സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കണ്ടെത്തുവാൻ സാധിക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 2978 കേസുകളിൽ ഫോറൻസിക് പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന ഫോറൻസിക് സയൻസ് ലാബ് നൽകിയ ഇത്തരം തെളിവുകളുടെ പ്രാധാന്യം ആറ്റിങ്ങൽ ഇരട്ടക്കൊലപാതക കേസിലെ വിധിന്യായത്തിലടക്കം ബഹുമാനപ്പെട്ട കോടതിയുടെ പ്രത്യേക പരാമർശത്തിന് വിധേയമായിട്ടുണ്ട്.

(ബി) സർക്കാർ ഫോറൻസിക് ലാബുകളിൽ വേണ്ടത്ര സൗകര്യമില്ലാത്തതും സ്വകാര്യ ഫോറൻസിക് ലാബുകൾ വിരളമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഫോറൻസിക് സയൻസ് ലാബുകളുടെ സേവനം എല്ലാവരിലും എത്തിക്കുന്നതിനും ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

(ബി&സി) സംസ്ഥാനത്തെ സർക്കാർ ഫോറൻസിക് ലാബുകൾ ഐ.ടി. ആക്ട് സെക്ഷൻ 79 A പ്രകാരം Examiner of Electronic Evidence (EEE) അംഗീകാരമുള്ളവയാണ്. സംസ്ഥാനത്തെ എല്ലാ ഫോറൻസിക് ലാബുകളിലും മികച്ച പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരാണ് പരിശോധന നടത്തിവരുന്നത്. ഇവിടെ അന്തർദേശീയ നിലവാരത്തിലുള്ള ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ മികച്ച പരിശോധനാ ഉപകരണങ്ങൾ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ പദ്ധതികളിലുൾപ്പെടുത്തി ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് ലഭ്യമാക്കിയ ഉപകരണങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.* കേസന്വേഷണത്തിലെ ശാസ്ത്രീയമായ തെളിവുകളുടെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സയൻസ് ലാബുകൾ ആരംഭിക്കാൻ സർക്കാർ നയപരമായ തീരുമാനമെടുക്കുകയുണ്ടായി. അതിന്റെ ഭാഗമായി സംസ്ഥാനത്തെ 13 ജില്ലകളിൽ ജില്ലാ ഫോറൻസിക് ലാബുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ഫോറൻസിക് ലബോറട്ടറി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ ജില്ലകളിലും ഫോറൻസിക് ലാബ് സ്ഥാപിക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. നിലവിൽ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറി, കണ്ണൂർ, കൊച്ചി, തൃശ്ശൂർ ജില്ലകളിൽ സ്ഥിതിചെയ്യുന്ന റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി എന്നിവിടങ്ങളിൽ സൈബർ ഫോറൻസിക് പരിശോധനാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പം എല്ലാ ജില്ലാ ഫോറൻസിക് സയൻസ് ലാബുകളിലും മൊബൈൽ ഫോൺ പരിശോധനാ സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

**പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള കരാർ**

23(*173) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള കരാർ ഏത് കമ്പനിക്കാണ് നൽകിയതെന്ന് അറിയിക്കുമോ?

ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ള റിസോഴ്സ് റിക്കവറി ഫസിലിറ്റി (RRF) യിൽനിന്നും പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള കരാർ 2023 മാർച്ച് 2-ാം തീയതിവരെ M/s ഭാരത് ട്രേഡേഴ്സ് എന്ന ഏജൻസിക്കാണ് നൽകിയിട്ടുള്ളത്.

(ബി) കരാർ നടപ്പാക്കുന്നതിൽ വീഴ്ചവരുത്തിയ കമ്പനിക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിലുണ്ടായ തീപിടിത്തത്തെത്തുടർന്ന് 2023 മാർച്ച് 2-ാം തീയതിക്കുശേഷം ബ്രഹ്മപുരം റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)-യുടെ പ്രവർത്തനം നിർത്തിയതിനാൽ ടി കമ്പനിയുമായുള്ള കരാർ അവസാനിപ്പിച്ചിട്ടുള്ളതാണ്. മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**കെ-ഫോൺ പദ്ധതി**

24(*174) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന കെ-ഫോൺ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:

6909 കിലോമീറ്റർ ബാക്ക്ബോൺ, 19970 കി.മീ. എ.ഡി.എസ്.എസ്. (All-Dielectric Self Supporting Cable), ഒ.എഫ്.സി., ആക്സസ് കേബിൾ, 372 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.ടി./നോൺ ഐ.ടി. സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 27995 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 18442 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 4051 കുടുംബങ്ങൾക്ക് ഇതുവരെ കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകിയിട്ടുണ്ട്.

ഗ്രാമീണ വിദൂരപ്രദേശങ്ങളിൽ വൈ-ഫൈ ഹോട്ട്സ്പോട്ട് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പന്തലാടിക്കുന്ന് കോളനിയിൽ വൈ-ഫൈ ഹോട്ട്സ്പോട്ട് സ്ഥാപിച്ചു.

(ബി) ഏതെല്ലാം മേഖലയിലെ വിഭവ സമാഹരണത്തോടെയാണ് കെ-ഫോൺ പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുക, കിഫ്ബിയിൽനിന്നും ലഭിക്കുന്ന വായ്പ തുടങ്ങിയ വിഭവസമാഹരണ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തിയാണ് കെ-ഫോൺ പദ്ധതി നടപ്പാക്കുന്നത്. കെ-ഫോൺ പദ്ധതിയിൽനിന്നും ഭാവിയിൽ ലഭിക്കുന്ന വരുമാനവും സഹായകരമാകും.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുകവഴി ഗ്ലോബൽ ഇൻഫർമേഷൻ ഹൈവേയുമായി സംസ്ഥാനത്തെ ബന്ധിപ്പിക്കുന്നതിനും അതിലൂടെ നവകേരള നിർമ്മിതിക്ക് അടിത്തറയൊരുക്കുന്നതിന് സഹായകരമാകുമെന്നും പ്രതീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

വിവരസാങ്കേതികവിദ്യ, ആശയവിനിമയ സാങ്കേതികവിദ്യ എന്നിവയുടെ വ്യാപനം നവകേരള നിർമ്മിതിക്ക് അടിത്തറയൊരുക്കുന്നതിന് സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത സാങ്കേതികവിദ്യകളുടെ വ്യാപനത്തിന് കെ-ഫോൺ പദ്ധതിവഴി ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ സഹായകരമാകും. കെ-ഫോൺ പദ്ധതിയിലൂടെ കേരളത്തിലെ ഗ്രാമങ്ങളും നഗരങ്ങളും ബന്ധിപ്പിക്കുന്നതുവഴിയും സാർവത്രിക ഇന്റർനെറ്റ് ലഭ്യതവഴിയും ഇ-കോമേഴ്സ്, ഡിജിറ്റൽ ബാങ്കിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ പുരോഗതിയും ഡിജിറ്റൽ സാക്ഷരതയും കൈവരിക്കാനാകും. വിജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്കാവശ്യമായ തൊഴിൽ നൈപുണ്യം പ്രദാനം ചെയ്യാൻ കെ-ഫോൺ മുഖേന സാധിക്കുമെന്നാണ് കരുതുന്നത്. ഇന്റർനെറ്റിന്റെ വ്യാപനംവഴി കാർഷിക-വ്യാവസായിക മേഖലകളിൽ നൂതന സാങ്കേതികവിദ്യയിലൂടെയുള്ള വളർച്ച സാധ്യമാകും. കൂടാതെ, ഐ.ടി. മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാൻ കെ-ഫോണിന് സാധിക്കും. മറ്റുള്ള സ്വകാര്യ ടെലികോം കമ്പനികളെ അപേക്ഷിച്ച് സംരംഭകർക്ക് കുറഞ്ഞ ചെലവിൽ

കേരളത്തിലെവിടെയും കെ-ഫോണിന്റെ സേവനം ലഭ്യമാക്കാനാണുദ്ദേശിക്കുന്നത്. ഐ.ടി. പാർക്കുകളിലും മറ്റും 5 ജി സേവനം അനായാസം ലഭ്യമാക്കാൻ കെ-ഫോൺ ശൃംഖലയ്ക്ക് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ്-ഓഫ്-തിംഗ്സ് എന്നിവയുടെ വളർച്ചയ്ക്കും കെ-ഫോൺ പ്രയോജനപ്പെടുത്താനാവും. വിജ്ഞാന സമ്പദ്‌വ്യവസ്ഥയിൽ ഒഴിച്ചുകൂടാനാകാത്ത ഇന്നോവേഷൻ, റിസർച്ച് തുടങ്ങിയവയ്ക്കും കെ-ഫോൺ മുതൽക്കൂട്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

കെ-ഫോൺ പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കൂടുതൽ കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകുന്നതിനുള്ള പ്രാരംഭ പ്രവൃത്തികളാരംഭിച്ചിട്ടുണ്ട്. ഇതിനായി ലോക്കൽ നെറ്റ്‌വർക്ക് പ്രൊവൈഡർമാരുടെ താത്പര്യം ക്ഷണിക്കുകയും 2813 ഓപ്പറേറ്റർമാർ

(22-08-2023 വരെ) താല്പര്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 686 ഓപ്പറേറ്റർമാരുമായി കെ-ഫോൺ ലിമിറ്റഡ് കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ, ഒരു നിയമസഭാ മണ്ഡലത്തിൽനിന്നും 500 കുടുംബങ്ങൾ എന്ന കണക്കിൽ അർഹരായ 70000 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകുന്നതിന് 2 കോടി രൂപ 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**നെല്ല് സംഭരണത്തിലെ പ്രതിസന്ധി**

25(*175) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) നെൽ കർഷകർക്കായി ബാങ്ക് കൺസോർഷ്യത്തിൽനിന്നും സപ്ലൈകോ കഴിഞ്ഞ സാമ്പത്തിക വർഷം കടമെടുത്തിരുന്നോ?

നെല്ല് സംഭരണത്തിനായി ബാങ്ക് കൺസോർഷ്യത്തിൽ നിന്നും (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, കാനറാ ബാങ്ക് എന്നീ ബാങ്കുകൾ

ചേർന്ന് രൂപീകരിച്ച കൺസോർഷ്യം) സപ്ലൈകോ 28-09-2022-ന് 2,500 കോടി രൂപയുടെ വായ്പയെടുത്തിട്ടുണ്ട്.

(ബി) കടമെടുത്ത 2,500 കോടി രൂപയിൽനിന്നും കർഷകർക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

വർക്കിംഗ് ക്യാപ്പിറ്റൽ ലോണായി എടുത്ത 2,500 കോടി രൂപയിൽ 1,800 കോടി രൂപയും കർഷകരുടെ പേരിൽ വിവിധ ബാങ്കുകളിൽ നിലവിലുണ്ടായിരുന്ന PRS വായ്പകൾ അടച്ചുതീർക്കുന്നതിനാണ് ഉപയോഗപ്പെടുത്തിയത്. 2022-23 സാമ്പത്തിക വർഷത്തിൽ 2,500 കോടി രൂപ വായ്പ ലഭ്യമാക്കിയ കാലയളവിൽ PRS ലോണും Working Capital ലോണുമടക്കം സപ്ലൈകോയുടെ ആകെ ബാധ്യത 3,601 കോടി രൂപയായിരുന്നു. 2,500 കോടി രൂപയുടെ കൺസോർഷ്യം വായ്പ കിട്ടുമ്പോൾ, കരാറനുസരിച്ച് ഒരേ പദ്ധതിക്കായി ഒരേ ഈടിന്മേൽ രണ്ടുതരം വായ്പകൾ നിലനിർത്തുന്നത് അനുവദനീയമല്ലാത്തതിനാൽ, കൺസോർഷ്യം ബാങ്കുകളിലെ PRS വായ്പകളുൾപ്പെടെയുള്ള മറ്റെല്ലാ വായ്പകളും മുൻഗണന

കൊടുത്ത് അടവാക്കുകയുണ്ടായി. അപ്രകാരം 2,500 കോടി രൂപയുടെ ലോൺ വിനിയോഗിച്ച് കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകളിൽനിന്നും നേരത്തെ ലഭ്യമാക്കിയിരുന്ന 600 കോടി രൂപയുടെ വർക്കിംഗ് ക്യാപ്പിറ്റൽ ഡിമാന്റ് ലോണുകളും 1,800 കോടി രൂപയുടെ PRS വായ്പകളും അടവാക്കുകയുണ്ടായി. ഇതിൽ ഒരു വർഷത്തെ കാലാവധി കഴിഞ്ഞ 2020-21 സീസണിലെ 1,050 കോടി രൂപയുടെ (പലിശ & പിഴപ്പലിശ ഉൾപ്പടെ) PRS വായ്പകൾ അടവാക്കിയതും ഉൾപ്പെടുന്നുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം നെല്ല് സംഭരണത്തിനായി ബാങ്ക് കൺസോർഷ്യത്തിൽനിന്നും കടമെടുത്ത തുക വകമാറ്റിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. ബാങ്ക് കൺസോർഷ്യം മുഖേന ലഭ്യമായ 2,500 കോടി രൂപയുടെ വായ്പ ഉപയോഗിച്ച് 1,800 കോടി രൂപയുടെ മുൻ PRS വായ്പകളും കാനറാ, ഫെഡറൽ എന്നീ ബാങ്കുകളിൽനിന്നും നേരത്തെ ലഭ്യമാക്കിയിരുന്ന 600 കോടി രൂപയുടെ വർക്കിംഗ് ക്യാപ്പിറ്റൽ ഡിമാന്റ് ലോണുകളും അടവാക്കുകയാണ് ചെയ്തത്.

(ഡി) ബാങ്ക് കൺസോർഷ്യത്തിൽനിന്നും കഴിഞ്ഞ സാമ്പത്തികവർഷം കടമെടുത്ത തുക വകമാറ്റിയത് നെല്ല് സംഭരണത്തിലെ പ്രതിസന്ധിക്ക് കാരണമായെന്നത് വസ്തുതയാണോ; വിശദമാക്കാമോ?

അല്ല. പ്രസ്തുത തുക വക മാറ്റിയിട്ടില്ല. ഇപ്രകാരം മുൻകാല PRS വായ്പകൾ അടവാക്കിയതുകൊണ്ടാണ് തുടർന്നും PRS വായ്പ പദ്ധതി മുഖേന നെല്ല് സംഭരണ വില കർഷകർക്ക് ലഭ്യമാക്കാൻ കഴിയുന്നത്.

**മെഡിക്കൽ വിദ്യാഭ്യാസരംഗത്തെ പുരോഗതി**

26(*176) ശ്രീ. എച്ച്. സലാം:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് മുൻസർക്കാരിന്റെ കാലത്തുണ്ടായ പുരോഗതി വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാർ രണ്ട് വർഷക്കാലംകൊണ്ട് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ട ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനവും സേവന നിലവാരവും മെച്ചപ്പെടുത്തുന്നതിനും മെഡിക്കൽ കോളേജിന്റെ സമസ്തമേഖലയിലുമുണ്ടാവേണ്ട മാറ്റങ്ങൾ അവലോകനം ചെയ്യുന്നതിനും അക്കാഡമിക്-ഗവേഷണ നിലവാരം ഉയർത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ക്വാളിറ്റി-ഇപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതി ആവിഷ്കരിച്ചു. ഇതിനായി രണ്ട് പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. മേൽനോട്ട സമിതിയും നടപ്പാക്കൽ സമിതിയുമാണ് കമ്മിറ്റികൾ. ഈ പദ്ധതി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിജയകരമായി നടപ്പാക്കിയതിനെത്തുടർന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോളേജുകളിൽക്കൂടി ഈ പദ്ധതി ആരംഭിച്ചു. ഇതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) മെഡിക്കൽ കോളേജുകളിൽ ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നുണ്ടോ; എങ്കിൽ ഈ രംഗത്തെ പുരോഗതി വിശദമാക്കാമോ?

ആരോഗ്യ മേഖലയിലെ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും വളരെ വലിയ പ്രാമുഖ്യം സംസ്ഥാന സർക്കാർ നൽകിവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പഠന, ഗവേഷണത്തിനും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കുമായി നടപ്പുസാമ്പത്തിക വർഷം 2,43,94,521 (രണ്ട് കോടി നാൽപ്പത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അഞ്ഞൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് വിപുലീകരിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഇതിന്റെ

ഭാഗമായി സംസ്ഥാനതല ഓഫീസ് സജ്ജമാക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരളത്തിൽ മികവുറ്റ രീതിയിൽ പ്രവത്തിച്ചുവരുന്ന ഗവേഷണ സ്ഥാപനങ്ങളിലെ ഗവേഷകരെക്കൂടി ഉൾപ്പെടുത്തി സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് എക്സ്പേർട്ട് കമ്മിറ്റി വിപുലീകരിച്ച് ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ (ഐ.സി.എം.ആർ.) മാതൃകയിൽ മത്സരാധിഷ്ഠിത ഗവേഷണ പ്രൊപ്പോസലുകൾ ക്ഷണിച്ച് അവയിൽനിന്ന് മികച്ച പ്രൊപ്പോസലുകൾ കണ്ടെത്തി, ഗവേഷണം ചെയ്യുന്നതിനുള്ള അനുമതിയും ഫണ്ടും നൽകുന്നതിനും സമകാലീന പ്രസക്തമായ ആരോഗ്യ വിഷയങ്ങൾ കൂടുതൽ പഠന വിധേയമാക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു. ആരോഗ്യ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും സർക്കാർ ഊർജ്ജിതമായ ഇടപെടൽ നടത്തിവരുന്നു.

(ഇ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കിയ വികസന പ്രവർത്തനങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ്) ദേശീയ റാങ്കിംഗിൽ സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജുൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

2023- ലേയ്ക്കുള്ള ദേശീയ റാങ്കിംഗ് ഫ്രെയിം വർക്കിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് 44 -ാം റാങ്ക് ലഭിച്ചിട്ടുണ്ട്.

**വനിതകൾക്കായി ഡിജിറ്റൽ പാഠശാല പദ്ധതി**

27(*177) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വനിതകളെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഡിജിറ്റൽ പാഠശാല പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്നും എന്തൊക്കെ കാര്യങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നും വിശദമാക്കാമോ?

വനിതകളെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ദി ജെൻഡർ പാർക്ക് ഡിജിറ്റൽ പാഠശാല പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അന്താരാഷ്ട്ര വനിതാ ദിനത്തിൽ (2023, മാർച്ച് 8) ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ജെൻഡർ പാർക്കും വനിതാ ശിശുവികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഡിജിറ്റൽ പാഠശാല പദ്ധതിയുടെ പ്രധാനലക്ഷ്യം, സ്ത്രീകളെ ഡിജിറ്റൽ സാങ്കേതികവിദ്യ സുരക്ഷിതമായും ഫലപ്രദമായും ആത്മവിശ്വാസത്തോടെ ഉപയോഗിക്കുന്നതിന് പ്രാപ്തരാക്കുക, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ മനസ്സിലാക്കുന്നതിനും ജീവിതം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുക, സ്ത്രീകൾക്കിടയിലുള്ള ഡിജിറ്റൽ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനും ഡിജിറ്റൽ വിഭജനം

കുറയ്ക്കുന്നതിനും സഹായിക്കുക എന്നിവയാണ്. അതോടൊപ്പം ശരിയായ തീരുമാനങ്ങളെടുക്കുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സ്ത്രീകൾക്ക് ഡിജിറ്റൽ സാങ്കേതികവിദ്യയിൽ വൈദഗ്ദ്ധ്യം നൽകുക, ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിലുള്ള ധാർമ്മികവും നിയമപരവുമായ പ്രത്യാഘാതങ്ങൾ മനസ്സിലാക്കാൻ സ്ത്രീകളെ സഹായിക്കുക, സ്ത്രീകൾക്ക് ഓൺലൈനായി വിവരങ്ങൾ ലഭ്യമാക്കുന്നതിനും പങ്കിടുന്നതിനും സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കുക, സ്ത്രീകൾക്ക് അവരുടെ കുടുംബാംഗങ്ങളുമായും സുഹൃത്തുക്കളുമായും ഓൺലൈൻ ബന്ധം നിലനിർത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ആത്മവിശ്വാസം വർദ്ധിപ്പിക്കുക തുടങ്ങിയവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(ബി) വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം പ്രയോജനകരമാണെന്നും ഇതിനായി പ്രത്യേക പരിശീലനം ലഭ്യമാക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് പ്രസ്തുത പദ്ധതി വളരെയധികം പ്രയോജനകരമാണ്. ആഗോളതലത്തിൽ ഡിജിറ്റൽ സാങ്കേതികവിദ്യയിൽ അനുനിമിഷം വരുന്ന മാറ്റം സമയബന്ധിതമായി വനിതകളിലെത്തിപ്പെടാത്തതിനാൽ സാമൂഹികമായും സാമ്പത്തികമായും വനിതകൾ കൂടുതൽ പിന്നാക്കാവസ്ഥയിലേയ്ക്ക് നയിക്കപ്പെടുന്നു. ഇത്തരത്തിലുള്ള സാഹചര്യം ഒഴിവാക്കി സാമൂഹികവും സാമ്പത്തികവുമായ സുസ്ഥിര വികസനം കൈവരിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി 2023, മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനത്തിൽ ഐക്യരാഷ്ട്ര സഭയുടെ തീം ആയിരുന്നു DIGITALL: Innovation and Technology for gender equality. 2030-ഓടുകൂടി സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ അഞ്ചാമത്തെ ലക്ഷ്യമായ ലിംഗസമത്വം കൈവരിക്കുന്നതിനായി പ്രസ്തുത പദ്ധതി അനിവാര്യമാണ്. സ്ത്രീകൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും സാമൂഹിക കാര്യങ്ങളിലിടപെടുന്നതിനും സ്വയം പര്യാപ്തമാകുന്നതിനും ഡിജിറ്റൽ സാക്ഷരത അത്യന്താപേക്ഷിതമാണ്. ലിംഗ അസമത്വം, ആരോഗ്യം, സാമ്പത്തിക ശാക്തീകരണം തുടങ്ങിയ

വിഷയങ്ങളിൽ ഡിജിറ്റൽ പാഠശാല പദ്ധതി മുഖേന സ്ത്രീകൾക്ക് കൂടുതൽ അവബോധം നൽകുന്നു. പൊതുസംവാദങ്ങളിൽ പങ്കെടുക്കാനും സ്വന്തം അവകാശങ്ങളെക്കുറിച്ച് സംസാരിക്കാനും സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യാനും ഡിജിറ്റൽ സാക്ഷരത അവരെ പ്രാപ്തരാക്കുന്നു. ഇതിനായി ഏഴ് മൊഡ്യൂളുകൾ ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ, ഓൺലൈൻ പേമെന്റ് സംവിധാനങ്ങൾ, ഓൺലൈൻ ബാങ്കിംഗ് സംവിധാനങ്ങൾ, പേമെന്റ് സേവനങ്ങൾ, എ.ടി.എം.-കളുടെ ഉപയോഗം, ഡിജിറ്റൽ മാർക്കറ്റിംഗ്/ഇ-മാർക്കറ്റിംഗ് തുടങ്ങിയ വിഷയങ്ങൾ മൊഡ്യൂളുകളിലുൾക്കൊള്ളിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് പ്രത്യേക പരിശീലനം ലഭ്യമാക്കേണ്ടതുള്ളതിനാൽ ജെൻഡർ പാർക്ക് ശിൽപ്പശാല നടത്തിയതിനുശേഷം മോഡ്യൂൾ തയ്യാറാക്കി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് ഓഫ് ട്രെയിനേഴ്സ് പരിശീലനം (TOT) നൽകുന്നതിനും അത്തരം ട്രെയിനേഴ്സിനെ ഉപയോഗപ്പെടുത്തി അങ്കണവാടി വർക്കേഴ്സിനും കുടുംബശ്രീ

പ്രവർത്തകർക്കും പൊതുസമൂഹത്തിലെ സ്ത്രീകൾക്കും പരിശീലനം നൽകുന്നതിനും ഉദ്ദേശിക്കുന്നു.

**ഭക്ഷ്യസുരക്ഷാ ലൈസൻസ്**

28(*178) ശ്രീ. കെ. യു. ജനീഷ് കുമാർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യ സംരംഭകരെ മുഴുവൻ ഭക്ഷ്യസുരക്ഷാ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി ലൈസൻസ് ഡ്രൈവ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഈ പദ്ധതിപ്രകാരം എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ഭക്ഷ്യ സംരംഭകരെ മുഴുവൻ ഭക്ഷ്യസുരക്ഷാ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി 01-08-2023 മുതൽ 03-08-2023 വരെ ലൈസൻസ് ഡ്രൈവ്

നടത്തുകയുണ്ടായി. ഇത്തരം ഡ്രൈവുകൾ തുടർന്നും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ സെക്ഷൻ 31 പ്രകാരം ഭക്ഷ്യസുരക്ഷാ ലൈസൻസ് കരസ്ഥമാക്കാതെ ഭക്ഷ്യ വ്യാപാരത്തിലേർപ്പെടാൻ അനുവാദമില്ല. ടി നിയമലംഘനം സെക്ഷൻ 63 പ്രകാരം 6 മാസംവരെ തടവോ 5 ലക്ഷം രൂപവരെ പിഴയോ ഈടാക്കാവുന്ന കുറ്റമാണ്. ഭക്ഷണം വിൽപ്പന നടത്തുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിലേയ്ക്ക് കൊണ്ടുവരേണ്ടത് അത്യാവശ്യമായതിനാൽ ഇത്തരം ഡ്രൈവ് തുടരുന്നതാണ്. ഇപ്രകാരം സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ച് നിരന്തര പരിശോധനകൾ നടത്തുകവഴി നൂറ് ശതമാനം ഭക്ഷ്യ സംരംഭകരെയും ലൈസൻസ്/രജിസ്ട്രേഷനിലേയ്ക്ക് കൊണ്ടുവരുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതോ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ ലഭ്യമായതിനാൽമാത്രം പ്രവർത്തിക്കുന്നതോ ആയ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; രജിസ്ട്രേഷൻ മാത്രം ലഭ്യമായാൽ പ്രവർത്തിക്കാവുന്ന സംരംഭങ്ങളുണ്ടോയെന്ന്

വ്യക്തമാക്കാമോ; ലൈസൻസ് ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

01-08-2023 മുതൽ 03-08-2023 വരെയുള്ള മൂന്ന് ദിവസങ്ങളിൽ സംസ്ഥാന വ്യാപകമായി 10545 സ്ഥാപനങ്ങൾ പരിശോധിച്ചപ്പോൾ ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന 2305 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയുണ്ടായി. ടി പരിശോധനകളുടെ ഭാഗമായി ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന 1640 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. നിയമപരമായി ലൈസൻസെടുത്ത് പ്രവർത്തിക്കേണ്ടിയിരുന്ന 1085 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ മാത്രം കരസ്ഥമാക്കി പ്രവർത്തിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ സ്ഥാപനങ്ങൾക്ക് ലൈസൻസിലേയ്ക്ക് മാറുന്നതിനുള്ള നോട്ടീസ് നൽകുകയും ചെയ്തു. ഭക്ഷണവുമായി ബന്ധപ്പെട്ട ബിസിനസ് നടത്തുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് ബോധവൽക്കരണ പരിപാടികൾ, ലൈസൻസ് മേളകൾ, ഭക്ഷ്യസുരക്ഷാ പഞ്ചായത്ത് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇത്തരം നടപടികളിലൂടെ പരമാവധി പേരെ

ലൈസൻസ്/രജിസ്ട്രേഷനിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെങ്കിലും ഇനിയും ലൈസൻസ്/രജിസ്ട്രേഷൻ നേടുന്നതിന് സ്ഥാപനങ്ങൾ ബാക്കിയുണ്ടെന്നുള്ളത് പരിശോധനയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ്/രജിസ്ട്രേഷനില്ലാത്ത സ്ഥാപനങ്ങൾ താൽക്കാലികമായി അടപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽനിന്നും നൽകിയിട്ടുണ്ട്. 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം/സംഭരണം/വിതരണം/വിൽപ്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യസുരക്ഷാ ലൈസൻസ് നേടിയിരിക്കേണ്ടതാണ്. വഴിവാണിഭക്കാർ, വിളിച്ചുപറഞ്ഞ് കച്ചവടം നടത്തുന്നവർ, സ്വന്തമായി കച്ചവടം നടത്തുന്ന ചെറുകിടക്കാർ, കുറച്ചുകാലത്തേയ്ക്കുമാത്രം കച്ചവടം നടത്തുന്നവർ, പ്രതിവർഷം 12 ലക്ഷം രൂപയിൽത്താഴെ വിറ്റുവരവുള്ള ചെറുകിടക്കാർ എന്നിവർക്ക് ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ മാത്രമെടുത്ത് കച്ചവടം നടത്തുന്നതിനും അനുമതിയുണ്ട്. 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം സെക്ഷൻ 31(2) അനുസരിച്ച് Petty

Retailers, Hawkers, Itinerant Vendor, Temporary Stall Holder or Small Scale or Cottage, Tiny Food Business തുടങ്ങിയവരാണ് രജിസ്ട്രേഷൻ പരിധിയിൽവരുന്ന, കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ (FSSAI) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നത്. പരിശോധനകളിൽ ടി ആനുകൂല്യം വ്യാപകമായി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരികയാണ്. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റ് ആയ foscos.fssai.gov.in മുഖാന്തരം അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽനിന്നും ലൈസൻസ്/രജിസ്ട്രേഷൻ നൽകിവരികയും ചെയ്യുന്നു. സംരംഭകന് സ്വന്തമായോ അല്ലെങ്കിൽ ഏറ്റവും അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ വഴിയോ അപേക്ഷ നൽകാവുന്നതും ലൈസൻസ്/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അവിടെനിന്നുതന്നെ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതുമാണ്. രജിസ്ട്രേഷൻ ഓൺലൈനായി അപേക്ഷിച്ച് 7 ദിവസത്തിനുള്ളിലും ലൈസൻസിനുള്ള അപേക്ഷ ലഭിച്ച് 30

ദിവസത്തിനുള്ളിലും അപാകതകൾ സംബന്ധിച്ച വിവരം ഉടനടി ലഭ്യമാകുന്നതിന് വെബ്സൈറ്റിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷന് 100 രൂപയും ലൈസൻസിന് 2,000 രൂപയുമാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്. നിലവിലെ കണക്കുപ്രകാരം കേരളത്തിൽ 109,073 ഭക്ഷ്യ സ്ഥാപനങ്ങളെ ഭക്ഷ്യസുരക്ഷാ ലൈസൻസ് പരിധിയിലും 750,252 ഭക്ഷ്യ സ്ഥാപനങ്ങളെ രജിസ്ട്രേഷൻ പരിധിയിലും കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യ മേഖലയിലെ മുഴുവൻ സംരംഭങ്ങളും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

**സംസ്ഥാന അബ്കാരി നയം 2023**

29(*179) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അബ്കാരി നയം 2023-ന് അംഗീകാരം നൽകിയിട്ടുണ്ടോ; അബ്കാരി നയത്തിന്റെ ഭാഗമായി കള്ളിനെ പ്രകൃതിജന്യവും പരമ്പരാഗതവുമായ തനത് ലഹരി പാനീയമായി അവതരിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാന സർക്കാരിന്റെ 2023-24 വർഷത്തെ മദ്യനയം 27-07-2023-ലെ സ.ഉ. (കൈ) നം. 79/2023/നികുതി നമ്പർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. കള്ളിനെ കേരളത്തിന്റെ പ്രകൃതിജന്യവും പരമ്പരാഗതവുമായ തനത് ലഹരി പാനീയമായി അവതരിപ്പിച്ചാൽ അത് വിനോദസഞ്ചാരികൾക്കിടയിൽ വലിയ സ്വീകാര്യത ലഭിക്കുന്നതിനിടയാക്കുമെന്നും അതിലൂടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ തൊഴിലവസരങ്ങൾ സംരക്ഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകരമാകുമെന്നും കരുതുന്നു.

(ബി) കേരളത്തിന്റെ തനത് ഭക്ഷണവും ശുദ്ധമായ കള്ളും കള്ളുഷാപ്പുകളിൽ ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശുദ്ധമായ കള്ള് കള്ളുഷാപ്പുകളിൽക്കൂടി വിതരണം ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ആവശ്യമായ ലൈസൻസുകൾ ബന്ധപ്പെട്ട അധികാരികളിൽനിന്നും സമ്പാദിച്ച് കള്ളുഷാപ്പുകളിൽ ഭക്ഷണം വിതരണം ചെയ്യാനായി, കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(സി) അബ്കാരി നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ലഭ്യമാകുന്ന പഴവർഗ്ഗങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യം, വൈൻ എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനാവശ്യമായ നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ലഭ്യമാകുന്ന പഴവർഗ്ഗങ്ങളിൽനിന്നും വൈൻ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകളുൾപ്പെടുത്തി ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവാകുകയും അത് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ധാന്യങ്ങളൊഴികെയുള്ള കാർഷികോല്പന്നങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്നതിന്

അനുമതി നൽകുന്നതിനുള്ള ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് സ്പിരിറ്റ് ഉല്പാദിപ്പിക്കാനുള്ള പുതിയ മദ്യനയത്തിലെ തീരുമാനം കാർഷിക-ആരോഗ്യ- വ്യവസായ മേഖലകളിൽ വൻ നിക്ഷേപത്തിനും കുതിപ്പിനും അവസരമൊരുക്കുമോ; വിശദമാക്കാമോ?

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 2023-24 വർഷത്തെ മദ്യനയത്തിൽ, സംസ്ഥാനത്ത് മദ്യ ഉൽപ്പാദനത്തിനാവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ (ENA) കേരളത്തിൽത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ആയത് കാർഷിക-വ്യവസായ മേഖലകളുടെ വളർച്ചയ്ക്കും ടി മേഖലകളിലെ നിക്ഷേപം വർദ്ധിക്കുന്നതിനും ഇടയാക്കുന്നതാണ്. ENA കേരളത്തിൽ കൂടുതലായി ഉൽപ്പാദിപ്പിക്കുന്നത് കർഷകരുടെ ഉന്നമനത്തിനും ENA-യുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് വ്യവസായം തുടങ്ങുന്നപക്ഷം ആയത് നിക്ഷേപം ആകർഷിക്കുന്നതിനും ഇടയാക്കും.

(ഇ) സംസ്ഥാനത്ത് എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ ഉല്പാദിപ്പിക്കുന്നതോടെ ഗുണനിലവാരം ഉറപ്പാക്കിയുള്ള മദ്യകയറ്റുമതി സാദ്ധ്യമാകുമോയെന്നും നേരിട്ടും പരോക്ഷമായും ഒരു ലക്ഷത്തോളം പേർക്ക് തൊഴിൽ ലഭിക്കാൻ ഇത് സഹായകമാകുമോയെന്നും വിശദമാക്കുമോ?

സംസ്ഥാനത്ത് എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ ഉല്പാദിപ്പിക്കുന്നതോടെ ഗുണനിലവാരം ഉറപ്പാക്കി മദ്യം മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നതിന് സാദ്ധ്യമാകുന്നതാണ്. കൂടാതെ അത് ഈ മേഖലയിൽ കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുവാൻ സഹായകരവുമാണ്.

**പോക്സോ കേസുകൾ തടയാൻ നടപടി**

30(*180) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോക്സോ കേസുകൾ ക്രമാതീതമായി വർദ്ധിക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ?

സംസ്ഥാനത്ത് പോക്സോ കേസുകൾ ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആലുവ, തിരുവനന്തപുരം-പൂവാർ, മലപ്പുറം-ചേളാരി എന്നീ സ്ഥലങ്ങളിൽ പിഞ്ചുകുഞ്ഞുങ്ങളെ ക്രൂരമായ പീഡനങ്ങൾക്കിരയാക്കിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആലുവയിൽ റിപ്പോർട്ട് ചെയ്ത കേസ്:

28-07-2023-ലെ ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 720/23 U/s 364, 367, 376AB, 376A, 377, 302 IPC & Sec.4(2), 3(a), 6 r/w 5(m), 5(j), 5(iv) of POCSO Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാനക്കാരനായ പ്രതിയെ 29-07-2023 പകൽ 11.30 മണിക്ക് പോലീസ് അറസ്റ്റ് ചെയ്തു. ബഹുമാനപ്പെട്ട കോടതി പ്രതിയെ റിമാൻഡ് ചെയ്ത് 01-08-2023 മുതൽ പത്ത് ദിവസത്തേയ്ക്ക് പോലീസ് കസ്റ്റഡിയിൽ വിട്ടു. കസ്റ്റഡി കാലയളവിൽ കുറ്റകൃത്യം ചെയ്ത സ്ഥലങ്ങളിലും താമസസ്ഥലത്തും

മറ്റിടങ്ങളിലുമെത്തിച്ച് തെളിവുകൾ ശേഖരിക്കുകയും ശേഖരിച്ച ശാസ്ത്രീയ തെളിവുകൾ ബഹുമാനപ്പെട്ട കോടതിവഴി ഫോറൻസിക് സയൻസ് ലാബിലേയ്ക്കയച്ച് റിപ്പോർട്ടുകൾ ലഭ്യമാക്കുകയുമുണ്ടായി. കേസിൽ 130 സാക്ഷികളുടെ മൊഴി 161 Cr. PC പ്രകാരവും 6 സാക്ഷികളുടെ മൊഴി 164 Cr. PC പ്രകാരവും രേഖപ്പെടുത്തി. തുടർന്ന് അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി 01-09-2023-ൽ ബഹുമാനപ്പെട്ട എറണാകുളം അഡീഷണൽ ജില്ലാ സെഷൻസ് (POCSO) കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

<u>മലപ്പുറം-ചേളാരിയിൽ റിപ്പോർട്ട് ചെയ്ത കേസ്:</u>

തിരൂരങ്ങാടി പോലീസ് സ്റ്റേഷനിൽ ക്രൈം നം.763/23 ആയി U/s 376 AB IPC & Sec. 6(1) r/w 5(m), 12 r/w ll(iv) of POCSO Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതിയെ 04-08-2023-ന് പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട പരപ്പനങ്ങാടി JFCM കോടതി പ്രതിയെ റിമാൻഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിന്റെ അന്വേഷണം നിലവിൽ തിരൂരങ്ങാടി പോലീസ് ഇൻസ്പെക്ടറുടെ കീഴിൽ ദ്രുതഗതിയിൽ നടന്നുവരുന്നു.

<u>തിരുവനന്തപുരം പൂവാർ സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്ത കേസ്:</u>

പൂവാർ പോലീസ് സ്റ്റേഷൻ പരിധിയിൽ 03-08-2023-ന് റിപ്പോർട്ട് ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് ക്രൈം നമ്പർ 946/2023 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്നേദിവസംതന്നെ അറസ്റ്റുചെയ്ത പ്രതിയെ കോടതി റിമാൻഡ് ചെയ്തിട്ടുണ്ട്. കേസന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സമാനമായ സംഭവങ്ങൾ തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

പോക്സോ കേസുകൾ റിപ്പോർട്ടാകുന്ന ഏത് സാഹചര്യവും അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. അതോടൊപ്പം, സമൂഹത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി വിവിധ പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

<u>കുറ്റകൃത്യങ്ങൾക്കെതിരെ കർശന നടപടി:</u>

കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താലുടൻ കേസ് രജിസ്റ്റർ ചെയ്ത് വളരെവേഗം പ്രതിയെ കണ്ടെത്തുന്നതിനും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതിനുമുള്ള

നടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്. ഇത്തരം കേസുകളിൽ ശാസ്ത്രീയ തെളിവുകളും മറ്റും അതിവേഗം ശേഖരിച്ച് പരമാവധി ശിക്ഷ ലഭിക്കത്തക്കവിധം കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തി നിലവിലെ നിയമപ്രകാരം 60 ദിവസത്തിനുള്ളിൽ പഴുതടച്ച് കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തി അവരെ കർശനമായി നിരീക്ഷിക്കുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നു.

<u>രജിസ്ട്രേഷനുള്ള നടപടികൾ:</u>

ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി കേന്ദ്ര നിയമം 1979-ലെ Interstate Migrant Workers (Regulations of Employment and Conditions of Service) Act പ്രകാരം അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികൾ

ജോലി ചെയ്യുന്ന എല്ലാ സ്ഥാപനവും രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. അതോടൊപ്പം കരാറുകാരനും ലൈസൻസ് നേടേണ്ടതുണ്ട്.

വിവര ശേഖരണം:

ഇത്തരം തൊഴിലാളികളുടെ വിവരശേഖരണം പോലീസ് സ്റ്റേഷനുകൾവഴി നടത്തിവരുന്നു. സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിന് സോണൽ ഐ.ജി.-മാർ, റെയ്ഞ്ച് ഡി.ഐ.ജി.-മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് Law & Order നിർദ്ദേശം നൽകിയിട്ടുണ്ട്.

ജനമൈത്രി പോലീസുദ്യോഗസ്ഥർ റസിഡൻസ് അസോസിയേഷനുമായി സഹകരിച്ച് അപരിചിതരായ ആൾക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും സംശയാസ്പദമായി കാണുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പോലീസിനെ അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. Student Police Cadet, Special Protection Group എന്നിവരുടെ സഹകരണത്തോടെ സ്കൂളുകളിലും പരിസരപ്രദേശങ്ങളിലും

കുട്ടികൾക്കാവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളും റസിഡൻഷ്യൽ ഏര്യകളിൽ കുട്ടികൾ അപരിചിതരുമായി സഹകരിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവത്കരണവും നടത്തിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും അവയ്ക്കെതിരെ യഥാസമയം പ്രതികരിക്കുന്നതിന് സ്ത്രീകളെയും കുട്ടികളെയും സജ്ജമാക്കുക എന്നത് പ്രമേയമാക്കി ജനമൈത്രി പോലീസ് സംവിധാനം ഉപയോഗിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

<u>വിചാരണയ്ക്കായി പ്രത്യേക പോക്സോ കോടതികളും കേസ് നടത്തുന്നതിന് പ്രത്യേക പ്രോസിക്യൂട്ടർമാരും:</u>

സംസ്ഥാനത്ത് പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിന് 56 അതിവേഗ പോക്സോ കോടതികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 54 കോടതികൾ പ്രവർത്തനം ആരംഭിച്ചു. കേസുകൾ അതിവേഗം കൈകാര്യം ചെയ്യുന്നതിന് ഈ കോടതികളിൽ പ്രത്യേക പ്രോസിക്യൂട്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. പോക്സോ കേസുകളുടെ വിചാരണ, അന്തിമതീർപ്പാക്കൽ, പുരോഗതി എന്നിവ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പ്രത്യേക കമ്മിറ്റി (Committee to monitor the

progress of trials under the POCSO Act) നിലവിലുണ്ട്. കമ്മിറ്റി മാസത്തിലൊരിക്കൽ കേസുകളുടെ പുരോഗതി വിലയിരുത്തിവരുന്നു. ഇരകളായ കുട്ടികൾ ചിൽഡ്രൻസ് ഹോമുകളിലും സമാനമായ മറ്റ് സ്ഥാപനങ്ങളിലും താമസിക്കുന്ന സാഹചര്യങ്ങളിൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കേസുകളുടെ സുഗമമായ നടത്തിപ്പിനും അന്വേഷണ ഉദ്യോഗസ്ഥരുടെയും സാക്ഷികളുടെയും സാന്നിധ്യം കോടതികളിൽ ഉറപ്പുവരുത്തുന്നതിനും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുമായി ആവശ്യമായ മീറ്റിംഗുകൾ ജില്ലാ ജഡ്ജിമാരുടെ ചുമതലയിൽ നടത്തുക, കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഉതകുംവിധം പരിശീലനം നൽകുക, ഫോറൻസിക് അന്വേഷണ റിപ്പോർട്ടുകൾ വേഗത്തിലാക്കുക മുതലായ കാര്യങ്ങളിൽ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിവരുന്നു.

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരങ്ങൾ**

1(2134) ശ്രീ. എം. എം. മണി:

ശ്രീ. എം. എസ്. അരുൺ കുമാർ:

ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ നടത്തിയ വികസന-ക്ഷേമ പ്രവർത്തനങ്ങളുടെ ഫലമായി എന്തെല്ലാം അംഗീകാരങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതവും വായ്പാ പരിധിയും വെട്ടിക്കുറച്ച സാഹചര്യത്തിലും ഈ സർക്കാരിന് ഇതുവരെ എന്തെല്ലാം അംഗീകാരങ്ങൾ നേടാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) മുൻസർക്കാർ നടത്തിയ വികസന ക്ഷേമപ്രവർത്തനങ്ങളുടെ ഫലമായും സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതവും വായ്പാ പരിധിയും വെട്ടിക്കുറച്ച സാഹചര്യത്തിലും ഈ സർക്കാരിന് ഇതുവരെ ലഭ്യമായ അംഗീകാരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ജാതി സെൻസസ്**

2(2135) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജാതി സെൻസസ് നടത്തേണ്ടത് സംബന്ധിച്ച നിലപാടെന്താണെന്ന് വിശദവിവരം ലഭ്യമാക്കുമോ?

ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ബി) 2011-ൽ നടത്തിയ സാമൂഹിക-സാമ്പത്തിക-ജാതി സെൻസസിന്റെ വിശദാംശങ്ങൾ സംസ്ഥാനത്തിന് നൽകാനാവില്ലെന്നും കമ്മീഷൻ നിയമമനുസരിച്ച് ഇതര പിന്നാക്കവിഭാഗ പട്ടിക പരിഷ്കരിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തമാണെന്നും കേന്ദ്രസർക്കാർ സംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷനെ അറിയിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

2011-ൽ കേന്ദ്ര സർക്കാർ നടത്തിയ സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് സംബന്ധിച്ച ' raw caste data' സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഡാറ്റ വിശദാംശങ്ങൾ

(സോഷ്യോ - ഇക്കണോമിക് കാസ്റ്റ് സെൻസസ് 2011) ഒരു ഏജൻസിക്കും കൈമാറാനാകില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

**ദേശീയപാത 66-ന്റെ നിർമ്മാണ പുരോഗതി**

3(2136) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വികസനത്തിനായി 2016 മുതൽ 2023 വരെ ഏറ്റെടുത്ത ഭൂമിയുടെ വിശദാംശം ലഭ്യമാക്കാമോ?

1057.2581 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കലിനായി ഇതുവരെ നൽകിയ നഷ്ടപരിഹാര തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരമായി ഇതുവരെ 22371.769 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ 5747.942174 കോടി രൂപ സംസ്ഥാന വിഹിതമായി ദേശീയപാത അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

(സി) ദേശീയപാതയുടെ നിർമ്മാണപ്രവൃത്തി ഏതെല്ലാം റീച്ചുകളിലായി ഏതെല്ലാം ഘട്ടങ്ങളിലാണെന്ന് വിശദമാക്കാമോ?

ദേശീയപാതയുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) അരൂർ-തുറവൂർ എലിവേറ്റഡ് ഹൈവേയുടെ നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

അരൂർ-തുറവൂർ എലിവേറ്റഡ് ഹൈവേയുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. നിർമ്മാണത്തിൽ നാളിതുവരെ 3.54 ശതമാനം പുരോഗതി കൈവരിച്ചതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**വിരമിച്ച ജീവനക്കാരുടെ പുനർനിയമനം**

4(2137) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സർവ്വീസിൽനിന്നും വിരമിച്ച എത്ര ജീവനക്കാരാണ് സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, അതോറിറ്റികൾ, മിഷനുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരാറടിസ്ഥാനത്തിലോ ദിവസ വേതനാടിസ്ഥാനത്തിലോ പുനർനിയമന പ്രകാരമോ ജോലി ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം ജോലി നോക്കുന്നവരുടെ പേര്, വിരമിച്ച വകുപ്പ്, തസ്തിക ഇപ്പോൾ ജോലി ചെയ്യുന്ന തസ്തിക, ജോലി ചെയ്തുവരുന്ന കാലയളവ്, ശമ്പളം എന്നിവ പട്ടിക തിരിച്ച് ലഭ്യമാക്കുമോ?

(എ&ബി) 2016 മുതൽ നാളിതുവരെ സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാരിൽ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാസ്ഥാപനങ്ങൾ/ അതോറിറ്റികൾ/മിഷനുകൾ/മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ കരാർ/ദിവസവേതനം/ പുനർനിയമന പ്രകാരം ജോലി ചെയ്യുന്നവരെ സംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**ആശ്രിത നിയമനരീതി മെച്ചപ്പെടുത്താൻ നടപടി**

5(2138) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി വിധികളുടെ അടിസ്ഥാനത്തിൽ ആശ്രിത നിയമനത്തിന് വർഷങ്ങൾ കാത്തിരിക്കേണ്ടിവരുന്ന അവസ്ഥയും ആശ്രിതരുടെ പ്രായം

കണക്കിലെടുക്കുമ്പോൾ ചില വകുപ്പുകളിൽ നിയമനം ലഭിക്കാത്ത അവസ്ഥയും സംജാതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തത്വത്തിൽ ആശ്രിത നിയമനം കൊണ്ടുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ നിറവേറ്റപ്പെടാനും ഇപ്പോഴത്തെ നിയമനരീതി മാറിയിരിക്കുന്നതിനെ മറികടക്കാനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിവിധ ഹർജികളിലെ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 10-04-2019-ൽ ശരിവച്ചതിന്റെ അടിസ്ഥാനത്തിൽ, മാതൃവകുപ്പുകളിൽ നടത്തുന്ന നിയമനങ്ങളുൾപ്പെടെ ആശ്രിതനിയമനത്തിന് ഓരോ വർഷവും ഓരോ വകുപ്പിലുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനം മാത്രമാണ് നീക്കിവയ്ക്കുന്നത്. ഇതുമൂലം ആശ്രിതനിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ആശ്രിത നിയമനത്തിലെ കാലതാമസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

(സി) ആശ്രിതനിയമനം 5 ശതമാനമായി നിജപ്പെടുത്തിയ കോടതി വിധിയിന്മേൽ അപ്പീൽ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

വിധിന്യായം പുനഃപരിശോധിക്കുവാൻ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി 09-11-2021-ൽ തള്ളിയിരുന്നു.

**വൈപ്പിൻ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി**

6(2139) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിപ്രകാരം അനുമതി ലഭിച്ച പ്രവൃത്തികളേതൊക്കെയാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്ലാനിംഗ് ആൻഡ് എക്കണോമിക് അഫയേഴ്സ് വകുപ്പ് 23-10-2020-ന് 86 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും 04-01-2021-ന് സാങ്കേതികാനുമതിയും നൽകിയിരുന്ന കടമക്കുടി ഗ്രാമപഞ്ചായത്തിലെ കോതാട് സ്കൂൾ റോഡിന്റെ പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

(സി&ഡി) പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾ പഞ്ചായത്തിന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തിയിട്ടുള്ള സാഹചര്യത്തിൽ ഈ പ്രവൃത്തി ആർ.കെ.ഐ.-ക്കുകീഴിൽ നടപ്പാക്കിയിട്ടില്ല.

**മുഖ്യമന്ത്രിക്കുവേണ്ടി ചെലവാക്കിയ തുക**

7(2140) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2006 മുതൽ 2011 വരെയും 2011 മുതൽ 2016 വരെയും 2016 മുതൽ 2021 വരെയും മുഖ്യമന്ത്രിക്കുവേണ്ടി ഖജനാവിൽനിന്ന് ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർക്ക് ശമ്പളം, യാത്രാബത്ത, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുടങ്ങിയ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്. അർഹതയുടെ അടിസ്ഥാനത്തിൽ മാത്രമാണ് എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും അനുവദിക്കുന്നത്. ഏതെങ്കിലും പ്രത്യേക കാലയളവ് കണക്കാക്കി ഇപ്രകാരം നൽകുന്ന ആനുകൂല്യങ്ങളുടെ കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിയുടെ വേതനം**

8(2141) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിക്ക് നൽകുന്ന ശമ്പളം, ഓണറേറിയം, മറ്റാനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; നാളിതുവരെ എത്ര തുക പ്രസ്തുത ഇനത്തിൽ നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

പ്രതിമാസം 1,00,000/- രൂപ (ഒരു ലക്ഷം രൂപമാത്രം) ഓണറേറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ടെലിഫോൺ ചാർജ്ജ്, വാഹനം,

യാത്രാബത്ത എന്നീ ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട്. ഓണറേറിയം ഇനത്തിൽ 2023 ജൂൺ മാസം വരെ 5,38,710/- രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇദ്ദേഹത്തെ സഹായിക്കാനായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; ഇവർക്ക് നൽകുന്ന ശമ്പളവും മറ്റാനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

നാല് ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

| **തസ്തിക** | **പ്രതിമാസ കരാർ വേതനം** |
|---|---|
| അസിസ്റ്റന്റ് (ഡൽഹി ഓഫീസ്) | 34,095 രൂപ |
| അസിസ്റ്റന്റ് (കൊച്ചി ഓഫീസ് & ഡൽഹി ഓഫീസ് ) | 30,995 രൂപ |
| ഓഫീസ് അറ്റൻഡന്റ് (കൊച്ചി ഓഫീസ് & ഡൽഹി ഓഫീസ് ) | 18,930 രൂപ |
| ഡ്രൈവർ (ഡൽഹി ഓഫീസ്) | 22,072 രൂപ |

**പി.എസ്.സി. നിയമനം സുതാര്യമാക്കലും പുതിയ തസ്തിക സൃഷ്ടിക്കലും**

9(2142) <u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u>
<u>ശ്രീ. കെ. വി. സുമേഷ്:</u>
<u>ശ്രീ. പി. പി. സുമോദ്:</u>

<u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകാൻ യോഗ്യതാ നിർണ്ണയം മുതൽ നിയമനം വരെയുള്ള നടപടികൾ സുതാര്യവും അഴിമതിരഹിതവുമാണെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുന്നുണ്ടെന്ന് വിശദമാക്കാമോ?

പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി തെരഞ്ഞെടുപ്പ് നടപടികൾക്ക് ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റൊട്ടേഷൻ തയ്യാറാക്കുന്നതുവരെ മുഴുവൻ സംവിധാനങ്ങളും കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെയാണ് ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തുന്നത്. കാലതാമസം ഒഴിവാക്കാനായി ഓൺലൈനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. 2022 വർഷംവരെ വിജ്ഞാപനം ചെയ്ത എല്ലാ തസ്തികകളുടെയും പരീക്ഷകൾ 2023-ൽ

പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഒ.എം.ആർ. പരീക്ഷകൾ കൂടാതെ ഓൺലൈൻ പരീക്ഷകളും നടത്തിവരുന്നു. ആയതിനാൽ സമയബന്ധിതമായി ചുരുക്കപ്പട്ടികകൾ/സാധ്യതാ പട്ടികകൾ പ്രസിദ്ധീകരിക്കാൻ കഴിയുന്നുണ്ട്. റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി എന്നിവ അടിസ്ഥാന യോഗ്യതകളായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് എസ്.എസ്.എൽ.സി. ലെവൽ, പ്ലസ് ടു ലെവൽ, ഡിഗ്രി ലെവൽ എന്നിങ്ങനെ പൊതു പ്രാഥമിക പരീക്ഷകൾ നടത്തിയതിനുശേഷം ഫൈനൽ പരീക്ഷ നടത്തുന്നരീതി അനുവർത്തിച്ചുവരുന്നു. ഉദ്യോഗാർത്ഥികൾക്ക് ഒറ്റത്തവണ സർട്ടിഫിക്കറ്റ് പരിശോധന നടപ്പിലാക്കിയതിലൂടെ സമയബന്ധിതമായി റാങ്ക് പട്ടികകൾ പ്രസിദ്ധീകരിക്കാനും സാധിക്കുന്നു. കുറ്റമറ്റ രീതിയിൽ സാദ്ധ്യതാപട്ടിക, ചുരുക്കപ്പട്ടിക, റാങ്ക് പട്ടിക എന്നിവ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് തയ്യാറാക്കിവരുന്നത്. റൊട്ടേഷൻ സോഫ്റ്റ്‌വെയർ മുഖേന നിയമന ശിപാർശ നടപടികൾ വേഗത്തിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Uniformed Forces-

ലെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനായി വാർഷിക സെലക്ഷൻ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2011 മുതൽ 2016 മേയ് മാസംവരെ പി.എസ്.സി. മുഖാന്തരം നിയമനം നടത്താൻ കഴിയുന്ന എത്രവീതം തസ്തികകൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്; എത്രപേർക്ക് നിയമന ഉത്തരവ് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നറിയിക്കാമോ?

2011 മേയ് മുതൽ 2016 മേയ് മാസം വരെ ആകെ 1,54,386 (ഒരു ലക്ഷത്തി അമ്പത്തിനാലായിരത്തി മുന്നൂറ്റി എൺപത്തിയാറ്) ഉദ്യോഗാർഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിരുന്നു. ഇക്കാലയളവിൽ 27,000-ത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചു.

(സി) 2016 മേയ് മുതൽ നാളിവരെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര നിയമനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2016 മേയ് മുതൽ 2023 ജൂൺ വരെ ആകെ 2,15,687 (രണ്ട് ലക്ഷത്തി പതിനയ്യായിരത്തി അറുന്നൂറ്റി എൺപത്തിയേഴ്) ഉദ്യോഗാർത്ഥികൾക്ക്

പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. 30,000-ത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിലെ ഒഴിവുകളും നിയമനവും**

10(2143) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലായി ആകെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ വിവിധ വകുപ്പുകളിലായി ജില്ലയിൽ നികത്തപ്പെടാതെയുണ്ടെന്ന് ഡിപ്പാർട്ട്മെന്റ് തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ എന്ന് ഉത്ഭവിച്ചെന്നും ഇത് നികത്താതിരിക്കാനുണ്ടായ കാരണമെന്തെന്നും അറിയിക്കാമോ?

(എ-സി) വിവിധ വകുപ്പുകളിലെ ആകെ തസ്തികകളുടെ എണ്ണം ക്രോഡീകരിച്ച് ലഭ്യമല്ല. എന്നാൽ ഓരോ വകുപ്പിലും ഓരോ തസ്തികകളിലുമുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം

നൽകിവരുന്നുണ്ട്. ഏതെങ്കിലും തസ്തികകൾ നികത്താതിരിക്കേണ്ട സാഹചര്യം നിലവിലില്ല. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തുന്നുണ്ട്.

(ഡി) ഒഴിവുകൾ നികത്താൻ നിർദ്ദേശമുണ്ടായിട്ടും ഒരു വർഷത്തിലധികമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി. വഴി നികത്തേണ്ടതുണ്ടെന്ന് അറിയിക്കുമോ?

വിവിധ വകുപ്പുകളിൽനിന്നും റിപ്പോർട്ട് ചെയ്ത 129 ഒഴിവുകളിൽ നിയമന ശിപാർശ നൽകാനുണ്ട്.

**അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ അഴിമതി തടയാൻ നടപടി**

11(2144) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകൾ, ആർ.ടി.ഒ., കെ.എസ്.ഇ.ബി., കെ.ഡബ്ല്യൂ.എ. തുടങ്ങിയ ബോർഡുകൾ/അതോറിറ്റികൾ എന്നീ സ്ഥാപനങ്ങളിലെ കൈക്കൂലിയും അഴിമതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയാനും കുറ്റക്കാർക്കെതിരെ ടെർമിനേഷൻ ഉൾപ്പെടെയുള്ള കർശന ശിക്ഷാനടപടികൾ സ്വീകരിക്കാനും കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകൾ, ആർ.ടി.ഒ., കെ.എസ്.ഇ.ബി., കെ.ഡബ്ല്യൂ.എ. തുടങ്ങിയ ബോർഡുകൾ/അതോറിറ്റികൾ എന്നിവിടങ്ങളിൽ നിശ്ചിത ഇടവേളകളിൽ മിന്നൽപരിശോധനകൾ നടത്തി കണ്ടെത്തുന്ന ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഉചിതമായ വകുപ്പുതല നടപടികൾക്ക് ശിപാർശ നൽകുകയും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും

ചെയ്തുവരുന്നുണ്ട്. ടെർമിനേഷൻ ഉൾപ്പെടെയുള്ള കർശന ശിക്ഷാനടപടികൾ ബന്ധപ്പെട്ട വകുപ്പുമുഖേന സ്വീകരിച്ചുവരുന്നു.

(ബി) അഴിമതി കേസുകളിലുൾപ്പെട്ട സർക്കാർ, അർദ്ധസർക്കാർ ഉദ്യോഗസ്ഥർ അന്വേഷണ ഉദ്യോഗസ്ഥരെ സ്വാധീനിച്ചും കോടതി വ്യവഹാരങ്ങളിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും വീണ്ടും സർവ്വീസിൽ കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കഴിഞ്ഞ 5 വർഷത്തിലെടുത്ത കേസുകൾ, കുറ്റക്കാരായി കണ്ടെത്തിയവർ, ശിക്ഷാ നടപടികൾക്ക് വിധേയരായവർ, സർവ്വീസിൽനിന്നും പുറത്താക്കപ്പെട്ടവർ, തീരുമാനമാകാതെ കിടക്കുന്ന കേസുകൾ എന്നീ വിവരങ്ങൾ വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ക്രോഡീകരിച്ച വിവരം ലഭ്യമല്ല.

**തൃശ്ശൂർ ജില്ലയിലെ ആശ്രിത നിയമനം**

12(2145) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് തൃശ്ശൂർ ജില്ലയിൽ ആശ്രിത നിയമനംവഴി ജോലി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആശ്രിത നിയമനത്തിനായി നിലവിൽ എത്ര അപേക്ഷകളാണ് തൃശ്ശൂർ ജില്ലയിൽനിന്നും സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) 24-05-1999-ലെ G.O. (P) No. 12/99/P&ARD ഉത്തരവിലെയും അനുബന്ധ ഉത്തരവുകളിലെയും വ്യവസ്ഥകൾ പ്രകാരമാണ് ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം നിയമനം നൽകിവരുന്നത്. അതത് ഭരണ വകുപ്പുകളാണ് ആശ്രിത നിയമനത്തിനുള്ള അപേക്ഷ പരിശോധിച്ച് നിയമനത്തിന് അനുമതി നൽകുന്നത്. ആശ്രിതനിയമനം നൽകുന്നതുസംബന്ധിച്ച ജില്ല തിരിച്ചുള്ള അപേക്ഷ/ നിയമന വിവരം ക്രോഡീകരിച്ചിട്ടില്ല.

**അന്യസംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ**

13(2146) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെത്തുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങൾ, താമസസ്ഥലം എന്നിവ സംബന്ധിച്ച വിവരങ്ങൾ തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ അറിയിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്തെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ പോലീസ് സ്റ്റേഷൻ പരിധിയിൽ അതിഥി തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്ന തൊഴിൽ ദാതാക്കളോട് അവരുടെകൂടെയുള്ള അതിഥി തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ സംസ്ഥാന പോലീസ് മേധാവി എക്സിക്യൂട്ടീവ് ഡയറക്ടീവ് നം. 13/2009 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ഇതര സംസ്ഥാന തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനും സോണൽ ഐ.ജി.-മാർ, റേഞ്ച് ഡി.ഐ.ജി.-മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (Law & Order) നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ

പുരോഗമിച്ചുവരികയാണ്. മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തി അവരെ കർശനമായി നിരീക്ഷിക്കുന്നതിനുള്ള നടപടികളും പോലീസ് സ്വീകരിച്ചുവരുന്നുണ്ട്.

രജിസ്ട്രേഷനുള്ള നടപടികൾ

ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി കേന്ദ്രനിയമം 1979-ലെ Interstate Migrant Workers (Regulations of Employment and Conditions of Service) Act പ്രകാരം അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനവും രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. അതോടൊപ്പം കരാറുകാരനും ലൈസൻസ് നേടേണ്ടതുണ്ട്.

(ബി) ഇത് കൃത്യമായി പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പോലീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥർ പരിശോധിക്കാറുണ്ട്.

**ഒളവണ്ണയിൽ ഷാർജ കൾച്ചറൽ സെന്റർ**

14(2147) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച ഷാർജ കൾച്ചറൽ സെന്ററിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ;

(ബി) ഇതിനായി ഷാർജ ഭരണാധികാരി നൽകിയിരുന്ന സഹായ വാഗ്ദാനം നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) ഇന്തോ-ഷാർജ കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാനിച്ചിട്ടുണ്ട്. സെന്റർ സ്ഥാപിക്കുന്ന കാര്യത്തിൽ UAE സർക്കാരിൽനിന്ന് ഔദ്യോഗിക അറിയിപ്പ് ലഭിച്ചശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

**സമാശ്വാസ തൊഴിൽദാന പദ്ധതി**

15(2148) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനുള്ള നടപടി കൈക്കൊള്ളുന്നത്. ഇപ്രകാരം നിയമനം നൽകുന്നവരുടെ വിവരങ്ങൾ വകുപ്പ്/ തസ്തിക തിരിച്ച് ശേഖരിക്കാറില്ല.

(സി) പ്രസ്തുത പദ്ധതിപ്രകാരം ജോലി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

വിവിധ കേസുകളിന്മേൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെയും ട്രിബ്യൂണലിന്റെ വിധി ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 10-04-2019-ൽ ശരിവയ്ക്കുകയും ചെയ്തതിന്റെയും അടിസ്ഥാനത്തിൽ മാതൃവകുപ്പുകളിൽ നടത്തുന്ന നിയമനങ്ങളുൾപ്പെടെ ആശ്രിത നിയമനത്തിന് ഓരോ വർഷവും ഓരോ

വകുപ്പിലുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനം മാത്രമേ നീക്കിവയ്ക്കാവൂ എന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി, സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

**ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കുള്ള വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്**

16(2149) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിൻകീഴിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഓൾ ഇന്ത്യ സർവ്വീസ് (എ.ഐ.എസ്.) ഉദ്യോഗസ്ഥർക്കും സെൻട്രൽ സിവിൽ സർവീസസ് (സി.സി.എസ്.) ഉദ്യോഗസ്ഥർക്കും കേന്ദ്രസർക്കാരിൽ സമർപ്പിക്കാനും മറ്റും വിജിലൻസ് ക്ലിയറൻസ്

സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കോംപീറ്റന്റ് അതോറിറ്റി ആരാണെന്ന് വ്യക്തമാക്കുമോ?

വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കോംപീറ്റന്റ് അതോറിറ്റി അതത് കേഡർ കൺട്രോളിംഗ് അതോറിറ്റിയാണ്.

(ബി) ഈ വർഷം ഇതുവരെ എത്ര ഉദ്യോഗസ്ഥർക്ക് ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്; എങ്കിൽ അവരുടെ വിശദാംശം ലഭ്യമാക്കുമോ?

ഡെപ്യൂട്ടേഷനിൽ സംസ്ഥാനത്തുള്ള ഉദ്യോഗസ്ഥർക്ക്, ടിയാളുകൾ ഇവിടെ ജോലി ചെയ്തിരുന്ന കാലയളവിലെ വിജിലൻസ് സ്റ്റാറ്റസ് മാത്രമാണ് സംസ്ഥാനത്തുനിന്നും നൽകിവരുന്നത്. അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ ശ്രീ. പി. എസ്. പ്രമോജ് ശങ്കർ ഐ.ഒ.എഫ്.എസ്., അഡീഷണൽ എക്സൈസ് കമ്മീഷണർ ശ്രീ. ഡി. രാജീവ്, ഐ.ഒ.എഫ്.എസ്. എന്നീ ഉദ്യോഗസ്ഥരുടെ വിജിലൻസ് സ്റ്റാറ്റസ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഓൾ ഇന്ത്യ സർവ്വീസുകാരുടെ വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്**

17(2150) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഓൾ ഇന്ത്യ സർവ്വീസ് (എ.ഐ.എസ്.) ഉദ്യോഗസ്ഥർക്കും സെൻട്രൽ സിവിൽ സർവ്വീസസ് (സി.സി.എസ്.) ഉദ്യോഗസ്ഥർക്കും കേന്ദ്രസർക്കാരിൽ സമർപ്പിക്കാനും മറ്റുമുള്ള ആവശ്യങ്ങൾക്കായി വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ കോംപീറ്റന്റ് അതോറിറ്റി ആരാണെന്ന് അറിയിക്കുമോ;

(ബി) ഈ സർട്ടിഫിക്കറ്റ് നൽകുന്നതിന് സർക്കാർ അവലംബിക്കുന്ന നടപടിക്രമം വിശദമാക്കുമോ;

(സി) ഇതുസംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുള്ള നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ്; അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ-സി) വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കോംപീറ്റന്റ് അതോറിറ്റി അതത് കേഡർ കൺട്രോളിംഗ് അതോറിറ്റിയാണ്.

കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 28-09-2022-ലെ F No. 104/76/2022-AVD. IA നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിലും 23-07-2018-ലെ സ.ഉ. (കൈ) 159/2018/പൊ.ഭ.വ. നമ്പർ ഉത്തരവിലുമാണ് ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ളത്. പ്രസ്തുത ഓഫീസ് മെമ്മോറാണ്ടത്തിന്റെയും ഉത്തരവിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ ഇത്തരത്തിൽ ഡെപ്യൂട്ടേഷനിൽ സംസ്ഥാനത്തുള്ള ഉദ്യോഗസ്ഥർക്ക്, ടിയാളുകൾ ഇവിടെ ജോലി ചെയ്തിരുന്ന കാലയളവിലെ വിജിലൻസ് സ്റ്റാറ്റസ് മാത്രമാണ് നൽകിവരുന്നത്.

## എ.ഐ.എസ്., സി.സി.എസ്. ഉദ്യോഗസ്ഥരുടെ വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

18(2151) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ആൾ ഇന്ത്യ സർവ്വീസസ് ഉദ്യോഗസ്ഥർക്കും സെൻട്രൽ സിവിൽ സർവ്വീസസ് ഉദ്യോഗസ്ഥർക്കും കേന്ദ്രസർക്കാരിൽ സമർപ്പിക്കാനും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മറ്റുമുള്ള ആവശ്യങ്ങൾക്കായി വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കോംപീറ്റന്റ് അതോറിറ്റി ആരാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് അവലംബിക്കുന്ന നടപടിക്രമം എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(സി) ഇതുസംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ്; പകർപ്പുകൾ ലഭ്യമാക്കാമോ?

(എ-സി) വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കോംപീറ്റന്റ് അതോറിറ്റി അതത് കേഡർ കൺട്രോളിംഗ് അതോറിറ്റിയാണ്. കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 28-09-2022-ലെ F No.104/76/2022-AVD.IA നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിലും 23-07-2018-ലെ സ.ഉ. (കൈ) 159/2018/പൊ.ഭ.വ. നമ്പർ ഉത്തരവിലുമാണ് ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ളത്. പ്രസ്തുത ഓഫീസ് മെമ്മോറാണ്ടത്തിന്റെയും ഉത്തരവിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ ഇത്തരത്തിൽ ഡെപ്യൂട്ടേഷനിൽ സംസ്ഥാനത്തുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉദ്യോഗസ്ഥർക്ക്, ടിയാളുകൾ ഇവിടെ ജോലി ചെയ്തിരുന്ന കാലയളവിലെ വിജിലൻസ് സ്റ്റാറ്റസ് മാത്രമാണ് സംസ്ഥാനത്തുനിന്നും നൽകിവരുന്നത്. വിജിലൻസ് ഡയറക്ടറുടെകൂടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് സ്റ്റാറ്റസ് നൽകുന്നത്.

(ഡി) ഈ വർഷം ഇതുവരെ എത്ര ഉദ്യോഗസ്ഥർക്ക് പ്രസ്തുത സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്; അവരുടെ വിശദാംശം ലഭ്യമാക്കാമോ?

അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ ശ്രീ. പി. എസ്. പ്രമോജ് ശങ്കർ ഐ.ഒ.എഫ്.എസ്., അഡീഷണൽ എക്സൈസ് കമ്മീഷണർ ശ്രീ. ഡി. രാജീവ്, ഐ.ഒ.എഫ്.എസ്. എന്നീ ഉദ്യോഗസ്ഥരുടെ വിജിലൻസ് സ്റ്റാറ്റസ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**കോങ്ങാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

19(2152) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിപ്രകാരം കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി അറിയിക്കാമോ?

(എ&ബി) കോങ്ങാട് മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

20(2153) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ റീബിൽഡ് കേരളയിലുൾപ്പെടുത്തിയ പദ്ധതികളേതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, ചെലവഴിക്കുന്ന തുക, നിർവ്വഹണ ഏജൻസി എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

(എ&ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ശാസ്ത്രസാങ്കേതിക മ്യൂസിയം പ്രവർത്തിപ്പിക്കുന്നത്

21(2154) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട് പഞ്ചായത്തിൽ മേനോൻ ബസാറിൽ സ്ഥിതിചെയ്യുന്ന ജി.യു.പി.എസ്. അഴീക്കോട് എന്ന വിദ്യാലയത്തിൽ പ്രവർത്തിച്ചിരുന്ന ശാസ്ത്രസാങ്കേതിക സ്ഥാപനത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശാദമാക്കാമോ; പ്രസ്തുത സ്ഥാപനം പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ജി.യു.പി.എസ്. അഴീക്കോട് എന്ന വിദ്യാലയത്തിൽ പ്രവർത്തിച്ചിരുന്ന ശാസ്ത്രസാങ്കേതിക സ്ഥാപനം നിലവിൽ പ്രവർത്തനരഹിതമാണ്. പുതിയ കെട്ടിടസൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വലിയഴീക്കൽ ഹയർ സെക്കൻഡറി സ്കൂളിന്റെ പുതിയ കെട്ടിടത്തിനുള്ള കോസ്റ്റൽ സോൺ ക്ലിയറൻസ്**

22(2155) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ വലിയഴീക്കൽ ഹയർ സെക്കൻഡറി സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ ക്ലിയറൻസ് എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ തൽസ്ഥിതി അറിയിക്കാമോ?

(എ&ബി) വലിയഴീക്കൽ ഹയർ സെക്കൻഡറി സ്കൂളിന്റെ പുതിയ കെട്ടിടത്തിനുള്ള CRZ ക്ലിയറൻസ് അപേക്ഷ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ സമർപ്പിച്ചിട്ടില്ല.

**തീരദേശ പരിപാലന മേഖലയിലെ ഗ്രാമപഞ്ചായത്തുകൾ**

23(2156) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ സി.ആർ.ഇസഡ്. (തീരദേശ പരിപാലന മേഖല) വിജ്ഞാപനപ്രകാരം 2011-ലെ സെൻസസ് അടിസ്ഥാനത്തിൽ ചതുരശ്ര കിലോമീറ്ററിൽ 2161-ൽ താഴെയുള്ളതും സി.ആർ.ഇസഡ്. 3 ബി-യിലുൾപ്പെടുന്നതുമായ ഗ്രാമപ്രദേശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവ് ലഭ്യമാക്കാമോ?

2019-ലെ സി.ആർ.ഇസഡ്. വിജ്ഞാപനപ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ അന്തിമഘട്ടത്തിലാണ്. 2011-ലെ സെൻസസ് അടിസ്ഥാനത്തിൽ ചതുരശ്ര കിലോമീറ്ററിൽ 2161-ൽ താഴെയുള്ളതും സി.ആർ.ഇസഡ്. 3 ബി-യിലുൾപ്പെടുന്നതുമായ ഗ്രാമപ്രദേശങ്ങളുടെ ലിസ്റ്റ് അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) സി.ആർ.ഇസഡ്. 2 കാറ്റഗറിയായി മാറ്റണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ള 175 തീരദേശ ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

175 തീരദേശ ഗ്രാമപഞ്ചായത്തുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) മേൽസൂചിപ്പിച്ച കാറ്റഗറിയിലുൾപ്പെടുത്താമെന്ന് കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അറിയിച്ചിട്ടുള്ള 66 ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

66 ഗ്രാമപഞ്ചായത്തുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) എറണാകുളം ജില്ലയിലെ തീരദേശ പരിപാലന പ്ലാനിലുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നടത്തിയ പബ്ലിക് ഹിയറിംഗിൽ അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ആയതിന്റെ കണക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(ഡി&ഇ) തീരദേശ പരിപാലന പ്ലാൻ 2019 തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തിയ പബ്ലിക് ഹിയറിംഗിൽ എറണാകുളം ജില്ലയിൽനിന്നും 14746 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ കണക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(എഫ്) പബ്ലിക് ഹിയറിംഗിലെ നിർദ്ദേശങ്ങളിലും പരാതികളിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പബ്ലിക് ഹിയറിംഗിൽ ലഭ്യമായ പരാതികളും/നിർദ്ദേശങ്ങളും പരിശോധിച്ച് വിലയിരുത്തി ആവശ്യമായ കേസുകളിൽ തിരുത്തലുകൾ നിർദ്ദേശിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അപ്രകാരം കണ്ടെത്തുന്ന തിരുത്തലുകൾ കരട് മാപ്പിൽ വരുത്തുന്നതിനായി മാപ്പ് തയ്യാറാക്കിയ ഏജൻസിയായ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന് (NCESS) കൈമാറുകയും തിരുത്തലുകൾ വരുത്തിയശേഷം വീണ്ടും പരിശോധിച്ച് വിലയിരുത്തി സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടുകൂടി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുമാണ് ചെയ്യുന്നത്.

**കൊല്ലം ജില്ലയിലെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം**

24(2157) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും പദ്ധതിയേതര പ്രവർത്തനങ്ങളും ഏതെല്ലാമാണെന്ന വിശദവിവരം ലഭ്യമാക്കുമോ?

i) മലിനീകരണ നിയന്ത്രണ നിയമങ്ങൾ നടപ്പിലാക്കുന്നതിനായി കൊല്ലത്ത് ബോർഡിന്റെ ജില്ലാ ഓഫീസ്, ലാബ്, ഉൾപ്പെടെ പ്രവർത്തിച്ചുവരുന്നുണ്ട്. ബോർഡ് കഴിഞ്ഞ സാമ്പത്തികവർഷം 1228 യൂണിറ്റുകൾക്ക് പ്രവർത്താനുമതി/സ്ഥാപനാനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം നിരവധി പരാതികൾ അന്വേഷിച്ച് തീർപ്പാക്കിയിട്ടുമുണ്ട്. പ്രധാനപ്പെട്ട വ്യവസായ ശാലകൾ, ആശുപത്രികൾ, സ്ഥാപനങ്ങൾ എന്നിവ അനുമതി പത്രത്തിലെ നിബന്ധനകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പരിശോധനകൾ നടത്തിവരുന്നുണ്ട്.

ii) കൊല്ലം കോർപ്പറേഷന് ബോർഡ് നൽകിയ നിർദ്ദേശത്തെത്തുടർന്ന് കരീപ്പുഴയിൽ ബയോമൈനിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ഹരിതകർമ്മസേന, Material Collection Facility (MCF), Resource Recovery Facility (RRF) ഏർപ്പെടുത്തിവരുന്നു. മലിനീകരണ നിയന്ത്രണ നിർദ്ദേശങ്ങൾ അതത് സ്ഥാപനങ്ങൾക്ക് നിരന്തരമായി ബോർഡ് നൽകിവരുന്നുണ്ട്. Single Use Plastic Ban നടപ്പിലാക്കുന്നതിൽ Enforcement Squad-ലും ബോർഡിന് പ്രാതിനിത്യമുണ്ട്. Extended Producer Responsibility (EPR) നടപ്പിലാക്കുന്നതിനുള്ള നടപടിയും ബോർഡ് സ്വീകരിച്ചുവരുന്നു.

iii) അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം തുടർച്ചയായി മോണിറ്റർ ചെയ്ത് പ്രദർശിപ്പിക്കാൻ കഴിയുന്ന കണ്ടിന്യുവസ് ആമ്പിയന്റ് എയർക്വാളിറ്റി മോണിട്ടറിംഗ് സ്റ്റേഷൻ (CAQMS) പോളയത്തോട് എന്ന സ്ഥലത്ത് പ്രവർത്തിച്ചുവരുന്നു.

iv) നാഷണൽ ആമ്പിയന്റ് എയർക്വാളിറ്റി മോണിട്ടറിംഗ് പ്രോഗ്രാമിന് (NAMP) കീഴിൽ ചവറ, കടപ്പാക്കട എന്നീ സ്ഥലങ്ങളിൽ അന്തരീക്ഷ

വായുവിന്റെ ഗുണനിലവാരം അളക്കുന്നതിനായി രണ്ട് മാനുവൽ മോണിട്ടറിംഗ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

v) നാഷണൽ വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് പ്രോഗ്രാമിന് (NWMP) കീഴിൽ 18 NWMP സ്റ്റേഷനുകളിലും സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് പ്രോഗ്രാമിന് (SWMP) കീഴിൽ 26 സ്റ്റേഷനുകളിലും ജലസ്രോതസുകളുടെ ഗുണനിലവാരം മാസന്തോറും പരിശോധിച്ചുവരുന്നു. ആറുമാസ ഇടവേളയിൽ ഹെവി മെറ്റൽസ്, പെസ്റ്റിസൈഡ് എന്നിവയും അളക്കുന്നുണ്ട്.

vi) ക്രഷറിന്റെ പ്രവർത്തനകാലങ്ങളിലെ പ്രകമ്പനം, ശബ്ദം, പൊടി എന്നിവ സംബന്ധിച്ച് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശമനുസരിച്ച് സംസ്ഥാന വ്യാപകമായി നടത്തിയ പഠനത്തിൽ കൊല്ലം ജില്ലയിലെ രണ്ട് ക്രഷറുകൾ ഉൾപ്പെട്ടിട്ടുണ്ട്.

vii) അഷ്ടമുടിക്കായലിന്റെ മലിനീകരണ സ്രോതസ്സുകൾ കണ്ടെത്തുന്നതിനായി കായലിന്റെ കരയിൽ 50 മീറ്റർ ചുറ്റളവിൽ A-SAN എന്ന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി സോഷ്യോ എക്കണോമിക്

യൂണിറ്റ് ഫൗണ്ടേഷൻ (SEUF) മുഖേന സാനിട്ടേഷൻ സർവ്വേ നടത്തി, കണ്ടെത്തലുകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

viii) അഷ്ടമുടികായലിലെ മലിനീകരണം സംബന്ധിച്ച ഒ.എ. 147/2022-ൽ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 22-03-2023-ലെ ഉത്തരവ് പ്രകാരം കൊല്ലം കോർപ്പറേഷനിലെ തോപ്പിൽക്കടവ്, കെ.എസ്.ആർ.ടി.സി. എന്നീ ഭാഗങ്ങളിൽ ജൈവ മാലിന്യത്തിന്റെ തോത് കൂടുതലാണെന്ന് കണ്ടെത്തുകയും കുറവൻപാലം, മണിച്ചിത്തോട്, വികാസ് നഗർ സ്ട്രീറ്റ്, അഷ്ടമുടി കായലിന് സമാന്തരമായ ലിങ്ക് റോഡ്, KSRTC, മണിച്ചിത്തോട്, തോപ്പിൽ കടവ് ഭാഗങ്ങളിൽനിന്നും വീടുകളിൽനിന്നും സമീപ പ്രദേശങ്ങളിൽനിന്നും ദ്രവമാലിന്യങ്ങളും ശാന്തിനഗർ ഭാഗത്ത് സെപ്റ്റേജ് മാലിന്യവും കോഴി മാലിന്യവും മറ്റും ഒഴുക്കിവിടുന്നതായും കണ്ടെത്തുകയുണ്ടായി. ആയത് തടയുന്നതിനുവേണ്ട നിർദ്ദേശം കൊല്ലം ജില്ലാ കളക്ടർക്കും മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്കും നൽകിയിട്ടുണ്ട്.

ix) ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഒ.എ. 141/2021-ലെ ഉത്തരവ് പ്രകാരം 12-05-2023-ൽ NEERI വിദഗ്ധരടങ്ങിയ സംഘം പള്ളിക്കലാറിൽ പരിശോധന നടത്തുകയും ഗാർഹിക മലിനജലം പരിപാലന പാക്കേജ് വികസിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനത്തിന്റെ രൂപരേഖ സമർപ്പിക്കുകയും ആയത് പരിശോധിച്ച് പാക്കേജിന് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

x) കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (KMML) മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫോറൻസിക് സയൻസ് ബിരുദാനന്തര ബിരുദ കോഴ്സുകളുടെ പി.എസ്.സി. അംഗീകാരം**

25(2158) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറൻസിക് ലാബുകളിൽ വിവിധ തസ്തികകളിലെ നിയമനത്തിനുള്ള യോഗ്യതയായി എം.എസ്.സി. ഫോറൻസിക് സയൻസ് ബിരുദാനന്തര ബിരുദം ഇപ്പോഴും

ഉൾപ്പെടുത്തിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്ന നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ശാസ്ത്രീയ രീതികൾക്ക് മുൻതൂക്കം നൽകുന്ന ഫോറൻസിക് കോഴ്സുകൾ ആരംഭിക്കണമെന്ന പോലീസ് സേനയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ യൂണിവേഴ്സിറ്റികൾ ആരംഭിച്ച എം.എസ്.സി. കോഴ്സുകൾ പി.എസ്.സി. അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എം.എസ്.സി. ഫോറൻസിക് സയൻസ് ഉൾപ്പെടെയുള്ള അധിക യോഗ്യതകളുൾപ്പെടുത്തി നിലവിലുള്ള വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**പി.എസ്.സി.-യുടെ പ്രവർത്തനം യു.പി.എസ്.സി. മാതൃകയിൽ ക്രമീകരിക്കണമെന്ന ആവശ്യം**

26(2159) <u>ശ്രീ. നജീബ് കാന്തപുരം:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി.-യുടെ പ്രവർത്തനം യു.പി.എസ്.സി. മാതൃകയിൽ ക്രമീകരിക്കണമെന്ന നിർദ്ദേശമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

പരിഗണനയിലില്ല.

(ബി) പി.എസ്.സി. പരീക്ഷകൾക്ക് വാർഷിക കലണ്ടർ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

യു.പി.എസ്.സി.-യുമായി താരതമ്യം ചെയ്യുമ്പോൾ കേരള പി.എസ്.സി.-ക്ക് കൂടുതൽ തസ്തികകളിലേയ്ക്കുള്ള പരീക്ഷാനടത്തിപ്പ് കൈകാര്യം ചെയ്യേണ്ടിവരുന്നതിനാലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ പരീക്ഷാ കേന്ദ്രങ്ങൾക്കായി ആശ്രയിക്കേണ്ടിവരുന്നതിനാലും വാർഷിക പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

(സി) റാങ്ക് ലിസ്റ്റിലുൾപ്പെട്ടിട്ടുള്ളവരിൽ നിയമനം ആവശ്യമില്ലാത്തവർക്ക് റാങ്ക് ലിസ്റ്റിൽനിന്നും പിന്മാറുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിക്കണമെന്ന ആവശ്യത്തിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

നിയമനം പരിത്യാഗം ചെയ്യുന്നതിന് കുറ്റമറ്റവിധം വ്യവസ്ഥകൾ പി.എസ്.സി. നടപ്പാക്കിവരുന്നുണ്ട്.

**പി.എസ്.എസി. വഴി നിയമനം ലഭിച്ചവരുടെ യോഗ്യത പരിശോധിക്കുന്നതിന് സംവിധാനം**

27(2160) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ൽ പി.എസ്.സി. മുഖാന്തരം സർക്കാർ, പൊതുമേഖല സർവ്വീസുകളിൽ നിയമനത്തിന് അഡ്വൈസ് ചെയ്യപ്പെട്ട ആകെ ഉദ്യോഗാർത്ഥികളുടെ എണ്ണം, ഉദ്യോഗത്തിൽ പ്രവേശിച്ചവരുടെ എണ്ണം, ഉദ്യോഗത്തിൽ പ്രവേശിച്ചതിനുശേഷം മറ്റൊരു ഉദ്യോഗത്തിൽ ചേരുന്നതിനായി വിടുതൽ ചെയ്യപ്പെട്ടിട്ടുള്ളവരുടെ എണ്ണം എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

2022-ൽ 22,393 (ഇരുപത്തിരണ്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിമൂന്ന്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ ചെയ്തിട്ടുണ്ട്. ജോലിയിൽ പ്രവേശിച്ചവരുടെ എണ്ണവും വിടുതൽ ചെയ്തവരുടെ എണ്ണവും തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) 2022-ൽ പി.എസ്.സി.-യിൽ രജിസ്റ്റർ ചെയ്ത ആകെ ഉദ്യോഗാർത്ഥികളുടെ എണ്ണമെത്ര; കൂടാതെ ജനറൽ, ഇ.ഡബ്ല്യൂ.എസ്., എസ്.സി., ഒ.ബി.സി. തുടങ്ങിയ എല്ലാ വിഭാഗവും തിരിച്ചുള്ള കണക്ക് എത്ര വീതമെന്നും വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പി.എസ്.സി. വഴി സർക്കാർ, പൊതുമേഖല, ഇതര സർവ്വീസുകളിൽ നിയമിതാരായിട്ടുള്ളവരുടെ യോഗ്യതാരേഖകളും സർട്ടിഫിക്കറ്റുകളും യഥാർത്ഥമാണോയെന്ന് തിരിച്ചറിയുന്നതിനും കോഴ്സുകൾ നടത്തുന്ന ബോർഡുകൾ, സർവ്വകലാശാലകൾ, മറ്റ് ഏജൻസികൾ എന്നിവിടങ്ങളിലേയ്ക്ക് നേരിട്ടയച്ച് പരിശോധിക്കുന്നതിനുമുള്ള സംവിധാനം നിലവിലുണ്ടോയെന്നും ഇല്ലെങ്കിൽ അത്തരം സംവിധാനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏർപ്പെടുത്തുന്നതിന് പി.എസ്.സി.-ക്ക് നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കാമോ?

നിയമന നടപടിയുടെ ഭാഗമായി പി.എസ്.സി. യോഗ്യതാരേഖകൾ പരിശോധിക്കുന്നുണ്ട്. നിയമനം ലഭിച്ചുകഴിഞ്ഞാൽ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസൽ നിയമനാധികാരി പരിശോധിച്ച് ആധികാരികത ഉറപ്പുവരുത്തുന്നുണ്ട്.

**ഇഗ്നോ- ബി.എഡ്. കോഴ്സ്**

28(2161) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ഷോർട്ട് ലിസ്റ്റിലുൾപ്പെട്ട കാറ്റഗറി നം. 730/2021, 728/21 എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് ജൂനിയർ, സീനിയർ തസ്തികകളിലേയ്ക്കുള്ള യോഗ്യതയ്ക്കായി ഇഗ്നോ നൽകുന്ന ബി.എഡ്. സർട്ടിഫിക്കറ്റ് പരിഗണിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) വിവിധ സർവ്വകലാശാലകൾ തുല്യത (ഇക്യൂവലൻസി) നൽകിയതും മുൻകാലങ്ങളിൽ പി.എസ്.സി.തന്നെ അംഗീകരിച്ചതുമായ പ്രസ്തുത യോഗ്യത പരിഗണിക്കുന്നില്ലെന്ന തീരുമാനം മാറ്റുന്നതിനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇഗ്നോയിൽനിന്നും ബി.എഡ്. യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർഥികളെ പി.എസ്.സി. ഇന്റർവ്യൂവിന് പങ്കെടുപ്പിച്ചിട്ടുണ്ട്.

**അസിസ്റ്റന്റ് ഡയറക്ടർ ഓഫ് നാഷണൽ സേവിംഗ്സ് തസ്തികയിലേയ്ക്കുള്ള നിയമനം**

29(2162) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് നാഷണൽ സേവിംഗ്സ് (എ.ഡി.എൻ.എസ്.) തസ്തികയുടെ എത്ര ഒഴിവുകളാണ് മൂന്ന് കാറ്റഗറികളിലായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

15 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കാറ്റഗറി നം. 133/20 | 7 |
| കാറ്റഗറി നം. 134/20 | 6 |
| കാറ്റഗറി നം. 135/20 | 2 |

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് മൂന്ന് കാറ്റഗറികളിലായി കേരള പി.എസ്.സി. നടത്തിയ പരീക്ഷയുടെ നിലവിലെ സ്ഥിതിയും തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ ഏതുഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിന് 30-10-2020-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന്റെ ഭാഗമായുള്ള പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) ചുരുക്കപ്പട്ടികകൾ 27-05-2023-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്റർവ്യൂ പൂർത്തിയാകുന്നമുറയ്ക്ക് പി.എസ്.സി. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

**പി.എസ്.സി. വഴിയുള്ള നിയമനം**

30(2163) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. വഴി സംസ്ഥാന, ജില്ലാതലത്തിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

2023 ജൂൺ വരെ 54,419 (അമ്പത്തിനാലായിരത്തി നാന്നൂറ്റി പത്തൊൻപത്) ഉദ്യോഗാർഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**കോളേജ് അദ്ധ്യാപക നിയമനം**

31(2164) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് ഏതൊക്കെ വിഷയങ്ങളിലെ പി.എസ്.സി. റാങ്ക് ലിസ്റ്റാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി എന്ന് അവസാനിക്കുമെന്നും അവ ഓരോന്നിൽനിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ, അവയുടെ കാലാവധി, നിയമന വിവരങ്ങൾ എന്നിവ അനുബന്ധമായി ഉൾപ്പെടുത്തുന്നു.+ റാങ്ക് പട്ടിക നിലവിൽവന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നുവർഷവും പൂർത്തിയാകുന്നമുറയ്ക്ക് റാങ്ക് പട്ടിക റദ്ദാവുന്നതാണ്.

### എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം

32(2165) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നില്ലെന്നത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച് പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് റീഫോംസ് വകുപ്പിനുകീഴിലെ വിജിലൻസ് സെല്ലിന് എത്ര പരാതികളാണ് ഈ വർഷം ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത പരാതികളിൽ നാളിതുവരെ എന്തെല്ലാം നടപടികൾ വിജിലൻസ് വിഭാഗം സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

ഈ വർഷം 16 പരാതികളാണ് ഇതുസംബന്ധിച്ച് ലഭിച്ചിട്ടുള്ളത്. എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിയമപ്രകാരം ലഭ്യമായ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ ഓഫീസുകളിൽ/വകുപ്പുകളിൽ നേരിട്ട് പരിശോധന നടത്തി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) മുൻ വർഷങ്ങളെയപേക്ഷിച്ച് നിലവിൽ വിവിധ ജില്ലകളിലുള്ള എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റുകളിൽനിന്ന് മതിയായ നിയമനങ്ങൾ നടന്നിട്ടില്ലെന്ന വിഷയം വിജിലൻസ് സെൽ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 2023 നവംബർ മാസത്തിൽ

അവസാനിക്കുന്നതിനാൽ ഈ വിഷയം ഗൗരവമായി പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

ലഭ്യമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സമയബന്ധിതമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത് സംബന്ധിച്ച പരാതികളിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വിവിധ വകുപ്പുകളിൽ എത്ര പരിശോധനകൾ വിജിലൻസ് സെൽ നടത്തിയെന്ന് വ്യക്തമാക്കാമോ; പരിശോധനാ കണ്ടെത്തലുകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ വിഷയം സംബന്ധിച്ച് 16 വകുപ്പുകളിലായി 7 തവണ നേരിട്ടുള്ള പരിശോധന നടത്തിയിട്ടുണ്ട്. തസ്തികമാറ്റം, വകുപ്പുതല പ്രൊമോഷൻ എന്നിവയ്ക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ അടിയന്തര നടപടി സ്വീകരിച്ച് നിയമപ്രകാരം ബാക്കിയുള്ള ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും

ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത വിജിലൻസ് സെൽ നിർത്തലാക്കുന്നതിന് ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിജിലൻസ് സെൽ നിർത്തലാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

**നിയമന അഡ്വൈസ് നൽകുന്നതിന് നടപടി**

33(2166) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

26-06-2023-നുശേഷം കാറ്റഗറി നമ്പർ 247/2018-മായി ബന്ധപ്പെട്ട തസ്തികയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ എണ്ണം എത്രയെന്നും പ്രസ്തുത തസ്തികയിലേയ്ക്ക് നിയമന അഡ്വൈസ് നൽകുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും അറിയിക്കാമോ?

100 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയിൽ 32 ഒഴിവുകളിൽ നിയമന ശിപാർശ നൽകിയിട്ടുണ്ട്. 18-08-2023-ൽ റിപ്പോർട്ട്

ചെയ്ത 68 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

**ഹെഡ് ക്വാർട്ടേഴ്സ് ജീവനക്കാരുടെ അന്തർ വകുപ്പ് സ്ഥലംമാറ്റം**

34(2167) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലേയ്ക്കുള്ള ജില്ലാതല പി.എസ്.സി. ലിസ്റ്റിൽനിന്നും ജില്ലാ ഓഫീസില്ലാത്ത വകുപ്പുകളിലേയ്ക്ക് ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിപ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സേവന കാലയളവിൽ സ്വന്തം ജില്ലയിൽ ജോലി ചെയ്യാൻ സാധിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് സ്വന്തം ജില്ലയിൽ ജോലി ചെയ്യാൻ അന്തർ വകുപ്പ് സ്ഥലംമാറ്റത്തിൽ ഏതെങ്കിലും തരത്തിലുള്ള മുൻഗണന നൽകുന്നുണ്ടോ; ഇവർക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുന്നതിന് നിലവിൽ ഏതെല്ലാം മാനദണ്ഡങ്ങളാണുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) ജില്ലാതല പി.എസ്.സി. റാങ്ക് പട്ടികയിൽനിന്നും ജില്ലാ ഓഫീസില്ലാത്ത വകുപ്പിലേയ്ക്ക് ഹെഡ് ക്വാർട്ടർ ഒഴിവിൽ നിയമിതരാകുന്ന ലാസ്റ്റ് ഗ്രേഡ് വിഭാഗമൊഴികെയുള്ള ജീവനക്കാർക്ക് 06-02-2013-ലെ സ.ഉ. (പി) നം. 5/2013/ഉ.ഭ.പ.വ. നമ്പർ ഉത്തരവിലെ ഖണ്ഡിക 3 (viii)-ലെ വ്യവസ്ഥകൾ പ്രകാരവും ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം 17(ഡി)-യിലെ വ്യവസ്ഥകൾ പ്രകാരവും അഞ്ചുവർഷ നിബന്ധന ബാധകമാക്കാതെ നിയമനാധികാരികളുടെ പരസ്പരമുള്ള സമ്മതത്തോടെ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നതിന് വ്യവസ്ഥ നിലവിലുണ്ട്.

(സി) പ്രസ്തുത ജീവനക്കാർക്ക് വകുപ്പ് തലവന്മാരുടെ സമ്മതപ്രകാരം ഇതേ തസ്തികയിൽ മറ്റൊരു വകുപ്പിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ചാലും സീനിയോറിറ്റി നഷ്ടമാകുകയും ഏറ്റവും ജൂനിയറായി പ്രൊബേഷൻ ആദ്യം മുതൽ തുടങ്ങണമെന്ന പ്രശ്നം ഏതെങ്കിലും രീതിയിൽ പരിഹരിക്കാൻ സാധിക്കുമോ; എങ്കിൽ ആയതിന്മേൽ സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വിശദമാക്കുമോ?

പ്രസ്തുത ജീവനക്കാരിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർ ഒഴികെയുള്ളവരുടെ സീനിയോറിറ്റി കെ.എസ്.&എസ്.എസ്.ആർ. ചട്ടം 27 (സി) പ്രകാരം നിലനിർത്തിക്കൊണ്ട് പുതിയ വകുപ്പിൽ തുടരാവുന്നതാണെന്ന് 10-07-2014-ലെ സ.ഉ. (പി) നം. 20/2014/ഉ.ഭ.പ.വ. നമ്പർ ഉത്തരവുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ജീവനക്കാർ പുതിയ വകുപ്പിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രൊബേഷൻ ആരംഭിക്കേണ്ടതുണ്ടെന്ന് കെ.എസ്.&എസ്.എസ്.ആർ. ചട്ടം 18 (ഐ) പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം 14 പ്രകാരം സീനിയോറിറ്റിയും ചട്ടം 17(ഡി), ചട്ടം 10 എന്നിവപ്രകാരം പ്രൊബേഷനും സംബന്ധിച്ച വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടുണ്ട്.

(ഡി) അന്തർ വകുപ്പ് സ്ഥലംമാറ്റത്തിന് ഒരു വർഷത്തിലുണ്ടാകുന്ന ഒഴിവുകളുടെ 10:1 എന്ന അനുപാതമുള്ളപ്പോൾത്തന്നെ ജില്ലയിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ എണ്ണം 10-ൽ കുറവായ സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാർക്ക് സ്വന്തം ജില്ലയിലേയ്ക്കുപോകാൻ കഴിയുന്ന തരത്തിൽ

അനുപാതത്തിൽ ഇളവ് നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസസിലെ തസ്തികകളുടെ വിശദാംശങ്ങൾ**

35(2168) ഡോ. മാത്യൂ കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങൾ പ്രത്യേകമായി പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയതിൽ ഏതൊക്കെ തസ്തികകളാണുൾപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത തസ്തികകളുടെ നിയമനരീതിയും യോഗ്യതകളും എന്തൊക്കെയാണെന്നും വ്യക്തമാക്കിക്കൊണ്ടുള്ള ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

പൊതുവിൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. പൊതുവിലും വകുപ്പുതലത്തിലും സബോർഡിനേറ്റ് സർവ്വീസ് തസ്തികകളിലേയ്ക്ക് ചട്ടങ്ങളും സർക്കാർ ഉത്തരവുകളും നിലവിലുണ്ട്.

**കെ.എസ്.&എസ്.എസ്.ആർ. ഭേദഗതി**

36(2169) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പതിനഞ്ചാം നിയമസഭയുടെ നാലാം സമ്മേളനത്തിലെ ചോദ്യനമ്പർ 1992-ന് സർക്കാർ നൽകിയിരുന്ന മറുപടിയിൽ പരാമർശിച്ചിട്ടുള്ള കെ.എസ്.&എസ്.എസ്.ആർ.-ലെ ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കരട് ചട്ടം 10-08-2023-ലെ സബ്ജക്റ്റ് കമ്മിറ്റി മീറ്റിംഗിൽ പരിഗണിച്ചിരുന്നു. സമിതിയുടെ തീരുമാനം ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**സർക്കാർ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

37(2170) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ചീഫ് സെക്രട്ടറിതല സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ബി) ചില സർക്കാർ ഓഫീസുകളിൽ ജീവനക്കാർക്ക് അർഹതപ്പെട്ട പല ആനുകൂല്യങ്ങളും അന്യായമായി നിഷേധിക്കുന്നതുമൂലം സർക്കാരിനെതിരെ നിരവധി കേസുകൾ വരുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ജീവനക്കാർ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം തേടി കോടതികളിലും മറ്റും പോകുന്നത് പരമാവധി ഒഴിവാക്കുന്നതിനായി, ജീവനക്കാർ തങ്ങളുടെ പരാതി ഡിജിറ്റലായി ഇലക്ട്രോണിക് പോർട്ടൽ മുഖേന സർക്കാരിന് സമർപ്പിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്ന വിധത്തിൽ ഒരു എംപ്ലോയീസ് ഗ്രിവൻസ് പോർട്ടൽ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഓൺലൈൻ പോർട്ടൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഏകോപനം ഇലക്ട്രോണിക്സ് &

വിവരസാങ്കേതികവിദ്യാ വകുപ്പുമായി കൂടിയാലോചിച്ച് ഉദ്യോഗസ്ഥ-ഭരണ പരിഷ്കാരവകുപ്പ് നടത്തിവരുന്നു.

(സി) ഇത്തരം കേസുകളിൽ സർക്കാർ അന്തിമ ഉത്തരവുകളും സ്പഷ്ടീകരണ ഉത്തരവുകളും നൽകിയാലും അവ പാലിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇത്തരം വിഷയങ്ങളിൽ സർക്കാർ ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ബാധകമല്ല.

**പി.എസ്.സി. വഴി നിയമിതരായവരുടെ വിവരം, പുതിയ തസ്തിക, താത്ക്കാലികക്കാരെ സ്ഥിരപ്പെടുത്തൽ തുടങ്ങിയവ**

38(2171) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഓരോ വർഷവും പി.എസ്.സി. വഴി നിയമിതരായവരുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ?

2016 മുതൽ നാളിതുവരെയുള്ള നിയമന ശിപാർശ എണ്ണം, വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം |
|---|---|
| 2016 | 37,530 |
| 2017 | 35,911 |
| 2018 | 28,025 |
| 2019 | 35,422 |
| 2020 | 25,914 |
| 2021 | 26,724 |
| 2022 | 22,393 |
| 2023 | 15,144 |

(ബി) 2016 മുതൽ പുതുതായി എത്ര തസ്തികകളാണ് വിവിധ വകുപ്പുകളിൽ അനുവദിച്ചിട്ടുള്ളതെന്ന് തസ്തിക, വകുപ്പ്, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലുമായി 30,000-ത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എൽ.ജി.എസ്. കേഡറിൽ പത്തുവർഷം സർവ്വീസിൽ തുടർച്ചയായി ജോലി ചെയ്ത എത്ര താല്കാലിക

ജോലിക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; വകുപ്പുതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സ്ഥിരപ്പെടുത്തിയിട്ടില്ല.

**ബയോമെട്രിക് പഞ്ചിംഗ് സംവിധാനം**

39(2172) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം പൂർണ്ണതോതിൽ നടപ്പിൽവരുത്തിയിട്ടുണ്ട്; പ്രസ്തുത സംവിധാനം എല്ലാ വകുപ്പുകളിലും നടപ്പിലാക്കാൻ സർക്കാർ നൽകിയ നിർദ്ദേശങ്ങളും സമയപരിമിതികളും ചില വകുപ്പുകൾ ഇനിയും പാലിച്ചിട്ടില്ലെന്നത് ഗൗരവമായി കാണുമോ?

എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും കീഴിലുള്ള വിവിധ ഓഫീസുകളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സമയബന്ധിതമായി ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; സർക്കാർ നിർദ്ദേശങ്ങൾ അവഗണിച്ച് പഞ്ചിംഗ് സംവിധാനം നടപ്പാക്കാത്ത വിവിധ വകുപ്പ് മേധാവികൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

2023 ആഗസ്റ്റ് 1 മുതൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിച്ച് സ്പാർക്കുമായി ബന്ധിപ്പിക്കാനാണ് അവസാനമായി നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ എല്ലാ ഓഫീസുകളിലും ഒരുമിച്ച് മെഷീനുകൾ സ്ഥാപിക്കേണ്ടിവരുന്നതുമൂലം കാലതാമസം നേരിടുന്നുണ്ട്. ഇത് നടപ്പാക്കുന്നതിൽ വകുപ്പ് മേധാവികളുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ടൈപ്പിസ്റ്റ് തസ്തിക നിലനിർത്തുന്നതിന് നടപടി**

40(2173) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചത് മുതൽതന്നെ കമ്പ്യൂട്ടർ യോഗ്യതയുള്ള ടൈപ്പിസ്റ്റുമാർ കമ്പ്യൂട്ടർ ഉപയോഗിച്ച് ജോലി ചെയ്തുവരുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സർക്കാർ സർവ്വീസിൽ ടൈപ്പിസ്റ്റ് തസ്തിക നിർത്തലാക്കുന്നതിനോ പുനർവിന്യസിക്കുന്നതിനോ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയിലെ പ്രൊമോഷൻ സാധ്യതയില്ലാതാകുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ടൈപ്പിസ്റ്റുമാരുടെ ഇത്തരം ആശങ്കകൾ പരിഹരിക്കുന്നകാര്യം പരിഗണിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

(ബി&സി) ടൈപ്പിസ്റ്റ് തസ്തിക നിർത്തലാക്കുന്നതിനോ പുനർവിന്യസിക്കുന്നതിനോ തീരുമാനമെടുത്തിട്ടില്ല.

**സർക്കാർ സർവ്വീസിലെ ജീവനക്കാർ**

41(2174) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് രേഖകൾ പ്രകാരം സംസ്ഥാനത്ത് സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള ഓരോ വകുപ്പിലും സ്ഥിരം തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

സ്പാർക്ക് ആപ്ലിക്കേഷനിൽ ഡി.ഡി.ഒ.-മാർ എംപ്ലോയ്മെന്റ് ടൈപ്പ് എന്നത് പെർമനന്റ് എന്ന് രേഖപ്പെടുത്തിയിട്ടുള്ള, 2023 ജൂൺ മാസം ശമ്പളം മാറിയ ജീവനക്കാരുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ പട്ടിക 1-ൽ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.+

(ബി) സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

സ്പാർക്ക് ആപ്ലിക്കേഷനിൽ ഡി.ഡി.ഒ.-മാർ എംപ്ലോയ്മെന്റ് ടൈപ്പ് എന്നത് എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് എന്ന് രേഖപ്പെടുത്തിയിട്ടുള്ള, 2023

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൂൺ മാസം ശമ്പളം മാറിയ ജീവനക്കാരുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ പട്ടിക 2 -ൽ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.+

(സി) സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളിലും കോൺട്രാക്ട് അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയാണ്; വിശദമാക്കുമോ?

സ്പാർക്ക് ആപ്ലിക്കേഷനിൽ ഡി.ഡി.ഒ.-മാർ എംപ്ലോയ്മെന്റ് ടൈപ്പ് എന്നത് കോൺട്രാക്റ്റ്, ഡെയ്‌ലി വേജസ് എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള, 2023 ജൂൺ മാസം ശമ്പളം മാറിയ ജീവനക്കാരുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ പട്ടിക 3-ൽ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.+

(ഡി) സ്പാർക്കിലെ രേഖകൾപ്രകാരം സ്ഥിരം ജീവനക്കാർക്കും താൽക്കാലിക, കോൺട്രാക്ട്, ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കുമായി ഓരോ വിഭാഗത്തിലും ഒരു മാസം ശമ്പളയിനത്തിലും മറ്റുമായി എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്പാർക്ക് ആപ്ലിക്കേഷനിൽ ഡി.ഡി.ഒ.-മാർ ചേർത്ത ജീവനക്കാരുടെ വിവരങ്ങൾ പ്രകാരം ഓരോ എംപ്ലോയ്മെന്റ് ടൈപ്പ് ജീവനക്കാർക്കും 2023 ജൂൺ മാസത്തിൽ ചെലവഴിച്ച തുക (ലക്ഷത്തിൽ) താഴെ ലഭ്യമാക്കുന്നു.

| എംപ്ലോയ്മെന്റ് ടൈപ്പ് | തുക |
|---|---|
| പെർമനന്റ് | 289480.87 ലക്ഷം രൂപ |
| എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 474.12 ലക്ഷം രൂപ |
| കോൺട്രാക്റ്റ് | 2531.37 ലക്ഷം രൂപ |
| ഡെയ്‌ലി വേജസ് | 3401.19 ലക്ഷം രൂപ |

**സ്ഥിരം/താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ**

42(2175) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര സ്ഥിരം സർക്കാർ ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ?

2023 ജൂൺ മാസത്തിൽ ആകെ 4,87,988 സ്ഥിരം ജീവനക്കാരുണ്ട്.

(ബി) എത്ര താൽക്കാലിക ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2016 മേയ് മാസത്തിനുശേഷം എത്രപേരെ താൽക്കാലികമായി നിയമിച്ചുവെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(ബി&സി) താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

**ഇലക്ഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ**

43(2176) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കളക്ടറുടെ കാര്യാലയങ്ങളിൽ ഇലക്ഷൻ വിഭാഗത്തിലുള്ള സാംഗ്ഷൻഡ് സ്ട്രെംഗ്ത് എത്രയാണെന്നും അനുവദിച്ചിട്ടുള്ള പോസ്റ്റുകളുടെ തസ്തിക തിരിച്ചുള്ള വിവരവും ഈ തസ്തികൾക്ക് ശമ്പളം നൽകുന്ന ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്നും വിശദമാക്കാമോ?

സംസ്ഥാനത്തെ ഓരോ ജില്ലാ കളക്ടറേറ്റുകളിലും നിലവിലുള്ള ഇലക്ഷൻ വിഭാഗത്തിന് ഇലക്ഷൻ വകുപ്പിൽനിന്നും ഡെപ്യൂട്ടി കളക്ടർ, എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ ഓരോ പോസ്റ്റാണ് താൽക്കാലികമായി അനുവദിച്ചിട്ടുള്ളത് (ആകെ 56).

കൂടാതെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഓരോ അസിസ്റ്റന്റുമാരെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും നിയമിച്ചിട്ടുണ്ട്. ഇലക്ഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി നിയമിച്ച ജീവനക്കാരുടെ ശമ്പളം "2015-00-102-99-00-01-01-ശമ്പളം", "2015-00-103-99-00-01-01-ശമ്പളം" എന്നീ ശീർഷകത്തിൽനിന്നും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രവർത്തനങ്ങൾക്കായി നിയമിച്ച ജീവനക്കാരുടെ ശമ്പളം "2015-00-101-99-00-01-01-ശമ്പളം" എന്ന ശീർഷകത്തിൽ നിന്നുമാണ് നൽകുന്നത്.

(ബി) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശപ്രകാരം ഓരോ മണ്ഡലത്തിനും ഓരോ എ.ഇ.ആർ.ഒ. (അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ) മാരെയും ജില്ലാ കളക്ടറുടെ കാര്യാലയത്തിലെ തെരഞ്ഞെടുപ്പ് വിഭാഗങ്ങൾ, താലൂക്ക് ഇലക്ട്റൽ രജിസ്ട്രേഷൻ ഓഫീസറുടെ കാര്യാലയങ്ങൾ എന്നിവിടങ്ങളിൽ ക്ലാർക്കുമാരുൾപ്പെടെയുള്ള സ്റ്റാഫിനെയും നിയമിക്കണമെന്നുള്ള നിർദ്ദേശം വന്നിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ജില്ലാ ഇലക്ഷൻ ഓഫീസർ, റിട്ടേണിംഗ് ഓഫീസർ/ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ എന്നിവരുടെ കാര്യാലയങ്ങളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് 10-01-2014, 04-03-2014 എന്നീ തീയതികളിലെ 154/State Structure/2013 എന്ന നമ്പർ കത്തുകൾപ്രകാരം ഇലക്ഷൻ കമ്മീഷന്റെ ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ടി കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ ടി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുസംബന്ധിച്ച പ്രവൃത്തി പഠനം നടന്നുവരുന്നു.

(സി) താലൂക്ക് ഇലക്ട്റൽ രജിസ്ട്രേഷൻ ഓഫീസറുടെ തെരഞ്ഞെടുപ്പ് വിഭാഗങ്ങളിലുള്ള സാംഗ്ഷൻഡ് സ്ട്രെംഗ്ത് എത്രയാണെന്നും അവരുടെ സാലറി നല്കുന്ന ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്താകെയുള്ള 78 താലൂക്കുകളിൽ 5 താലൂക്കുകളിൽ ഇലക്ഷൻ വിഭാഗം പ്രവർത്തിക്കുന്നില്ല. ബാക്കിയുള്ള 62 താലൂക്കുകളിൽ ഓഫീസ് ഒന്നിന് ഡെപ്യൂട്ടി തഹസിൽദാർ, എൽ.ഡി. ക്ലാർക്ക് എന്നീ തസ്തികകളുടെ ഓരോ പോസ്റ്റുവീതം ഇലക്ഷൻ വിഭാഗത്തിൽനിന്നും താൽക്കാലികമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 11 താലൂക്കുകളിൽ ഡെപ്യൂട്ടി തഹസിൽദാർ, എൽ.ഡി. ക്ലാർക്ക് എന്നീ തസ്തികകളിൽ റവന്യൂ വിഭാഗത്തിലെ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥരുടെ ശമ്പളം "2015-00-102-99-00-01-01-ശമ്പളം", "2015-00-103-99-00-01-01-ശമ്പളം" എന്നീ ശീർഷകങ്ങളിൽനിന്നാണ് നൽകുന്നത്.

**കെ-ഫോൺ ശൃംഖല**

44(2177) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോണിന്റെ ഒന്നാംഘട്ട പ്രവർത്തനത്തോടെ സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 4051 കുടുംബങ്ങൾക്ക് ഇതുവരെ കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകിയിട്ടുണ്ട്. മറ്റുള്ളവർക്ക് കണക്ഷൻ നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) വിവിധ ജില്ലകളിലായി എത്ര സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ കെ-ഫോൺ ശൃംഖലയുടെ ഭാഗമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

27,995 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 18,442 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

**ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ**

45(2178) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പിന്റെ കീഴിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

ഭാവിയിൽ മെറ്റീരിയൽ സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് ഒരു ഗ്രാഫീൻ ഇക്കോസിസ്റ്റം സ്ഥാപിക്കുന്നതാണെന്ന് 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. നിർദ്ദിഷ്ട ഗ്രാഫീൻ ഇക്കോസിസ്റ്റത്തിലെ പ്രധാന ഘടകങ്ങളിലൊന്നാണ് ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (ഐ.ഐ.സി.ജി). ഭാവിയുടെ പദാർത്ഥമായി മാറുന്ന ഗ്രാഫീന്റെ ഉൽപ്പാദനത്തിനും വികസനത്തിനുമായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെയും കേന്ദ്ര സർക്കാർ സ്ഥാപനമായ C-MET-ന്റെയും നേതൃത്വത്തിൽ എറണാകുളത്ത് സ്ഥാപിക്കുന്ന IICG-യുടെ പ്രധാന വ്യവസായ പങ്കാളി M/s TATA STEEL ആണ്. 86.41 കോടി രൂപ ചെലവുവരുന്ന പ്രസ്തുത കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതിയുടെ സംസ്ഥാന വിഹിതമായ 25.75 കോടി രൂപയിൽ, നടപ്പുസാമ്പത്തിക വർഷം 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കളമശ്ശേരിയിൽ ഇന്നൊവേഷൻ സോണിലെ ഡിജിറ്റൽ ഹബ്ബിൽ IICG ഓഫീസ്, ലാബ്, ക്ലീൻ

റൂമുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അടുത്ത സാമ്പത്തികവർഷം പദ്ധതി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കേരള സ്റ്റാർട്ടപ്പ് മിഷൻ**

46(2179) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മിത ബുദ്ധി ഹബ്ബായി മാറ്റുന്നതിന് എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

തിരുവനന്തപുരം ടെക്നോസിറ്റിയിൽ എമർജിംഗ് ടെക്നോളജി ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ഭാവി സാങ്കേതികവിദ്യകളിൽ ഊന്നൽ നൽകുന്ന പ്രസ്തുത ഹബ്ബിൽ നിർമ്മിത ബുദ്ധിയും ഒരു പ്രമുഖ മേഖലയായിരിക്കും. കേരള സ്റ്റാർട്ടപ്പ് മിഷന്റെ തിരുവനന്തപുരം, എറണാകുളം കേന്ദ്രങ്ങളിൽ ഫ്യൂച്ചർ ടെക്നോളജി ലാബുകൾ നിലവിലുണ്ട്.

(ബി) അപ്പ് സ്കില്ലിംഗ്, റീസ്കില്ലിംഗ് എന്നിവയ്ക്കുവേണ്ടി ടെക് സ്കൂൾ എന്ന ആശയം കേരള സ്റ്റാർട്ടപ്പ് മിഷൻ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ടെക് സ്കൂൾ സ്ഥാപിക്കുന്നകാര്യം നിലവിൽ പരിഗണനയിലില്ല.

(സി) കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനം എല്ലാ ജില്ലകളിലും വ്യാപിക്കുന്നതിനും ആപ്പിന്റെ സ്കിൽ പാർക്കുകൾ കേന്ദ്രീകരിച്ച് ആക്സിലറേറ്റർ പ്രോഗ്രാമുകൾ വിപുലീകരിക്കുന്നതിനുമായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനം സംസ്ഥാനമൊട്ടാകെ ഉൾക്കൊള്ളുന്നതാണ്. എന്നാൽ എല്ലാ ജില്ലകളിലും നിലവിൽ കേന്ദ്രങ്ങൾ ലഭ്യമല്ല. കേന്ദ്രങ്ങൾ ലഭ്യമല്ലാത്ത ജില്ലകളിൽ അത് സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തുവരുന്നു. ASAP-ന്റെ കാസർഗോഡ്, കുളക്കട എന്നീ സ്കിൽ പാർക്കുകളിൽ ഭാഗികമായി ലഭ്യമാക്കിയ സ്ഥലം സജ്ജീകരിച്ച് ഇൻക്യുബേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പഠനകേന്ദ്രങ്ങൾ ആലപ്പുഴയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പഠനകേന്ദ്രങ്ങൾ ആലപ്പുഴയിൽ സ്ഥാപിക്കുന്നതുസംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

**കെ-ഫോൺ പദ്ധതി**

47(2180) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിവഴി സംസ്ഥാനത്ത് ഇതിനോടകം എത്ര സർക്കാർ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

27,995 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 18,442 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയ സ്ഥാപനങ്ങളുടെ വിശദാംശം നൽകാമോ?

കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയ 205 സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) പൊതുജനങ്ങൾക്ക് പൂർണ്ണതോതിൽ കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കെ-ഫോൺ കണക്ഷൻ കൈകാര്യം ചെയ്യുന്നതിന് സൗകര്യമൊരുക്കുന്നതിനായി എന്റെ KFON (enteKFON) എന്ന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേ സ്റ്റോറിലും iOS ആപ്പ് സ്റ്റോറിലും ലഭ്യമാണ്. ആപ്ലിക്കേഷൻ മുഖേന രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കളെ ബന്ധപ്പെട്ട് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനാണുദ്ദേശിക്കുന്നത്. ഫൈബർ-ടു-ഹോം കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ലാസ്റ്റ് മൈൽ നെറ്റ് വർക്ക് ദാതാവിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടികൾ പൂർത്തീകരിച്ചശേഷമേ വീടുകളിലേയ്ക്കുള്ള വാണിജ്യ കണക്ഷൻ നൽകിത്തുടങ്ങാൻ സാധിക്കുകയുള്ളൂ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കണ്ണൂർ ജില്ലയിലെ കെ-ഫോൺ പദ്ധതി**

48(2181) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയിലുൾപ്പെടുത്തി ആദ്യഘട്ടത്തിൽ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട്?

കല്ല്യാശ്ശേരി മണ്ഡലത്തിൽ 187 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 116 ഓഫീസുകളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 54 കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) കെ-ഫോൺ സൗജന്യനിരക്കിൽ വീടുകളിൽ ലഭ്യമാക്കാൻ അപേക്ഷ സ്വീകരിച്ചുതുടങ്ങിയോ; വിശദമാക്കാമോ?

ആദ്യഘട്ടത്തിൽ ഓരോ നിയോജകമണ്ഡലങ്ങളിൽനിന്നും 100 വീതം ആകെ 14,000 കുടുംബങ്ങൾക്ക് (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന)

സൗജന്യ കണക്ഷൻ നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമായ ലിസ്റ്റിൽപ്പെട്ട 4051 കുടുംബങ്ങൾക്ക് കണക്ഷനുകൾ നൽകിക്കഴിഞ്ഞു. മിതമായ നിരക്കിൽ ഫൈബർ-ടു-ഹോം കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് ദാതാവിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടികൾ പൂർത്തീകരിച്ചശേഷമേ വീടുകളിലേയ്ക്കുള്ള കണക്ഷൻ നൽകിത്തുടങ്ങാൻ സാധിക്കുകയുള്ളൂ. കെ-ഫോൺ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താക്കൾക്ക് "എന്റെ കെഫോൺ" (enteKFON) മൊബൈൽ ആപ്പ് മുഖേന പുതിയ കണക്ഷനുവേണ്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്നും iOS ആപ്പ് സ്റ്റോറിൽനിന്നും ആപ്പ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**കോതമംഗലം മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി**

49(2182) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

കോതമംഗലം മണ്ഡലത്തിൽ കെ-ഫോണിന്റെ ഒന്നാംഘട്ടത്തിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിലേയ്ക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 100 ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമായിട്ടുണ്ട്. അവയിൽ നാളിതുവരെ 19 ഗുണഭോക്താക്കൾക്ക് കെ-ഫോൺ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. പ്രസ്തുത മണ്ഡലത്തിൽ നിലവിൽ 186 സർക്കാർ ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) കുട്ടംപുഴ പഞ്ചായത്തിലെ ആദിവാസി ഊരുകളിലും കെ-ഫോൺ കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പരിഗണിച്ചുവരുന്നു.

**കെ-ഫോൺ പദ്ധതി**

50(2183)<u>ശ്രീ. പി. നന്ദകുമാർ:</u>
<u>ശ്രീ. പി. മമ്മിക്കുട്ടി:</u>
<u>ശ്രീ. ഡി. കെ. മുരളി:</u>

ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ടെലികോം കമ്പനികൾ മത്സരിക്കുന്ന ഇന്റർനെറ്റ് മേഖലയിൽ ഒരു ജനകീയ ബദൽ പദ്ധതിയായ കെ-ഫോൺ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങളെന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഡിജിറ്റൽ വിഭജനം ഒഴിവാക്കുക, ഐ.ടി. മേഖലയുടെ വളർച്ച, സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തടസ്സരഹിതവും വേഗതയുള്ളതുമായ ഇന്റർനെറ്റ് സംവിധാനമൊരുക്കുക, ശക്തമായ കോർ, മിഡിൽ-മൈൽ ഇൻഫ്രാസ്ട്രക്ച്ചർ സൃഷ്ടിക്കുക, കമ്മ്യൂണിറ്റി തലത്തിൽ നിലവിലെ ഓപ്പറേറ്റർമാർ സൃഷ്ടിച്ച നെറ്റ്‌വർക്കുകൾക്ക് പിന്നീട് കെ-ഫോണിലേയ്ക്ക് മാറാനും മുഖ്യധാരാ സേവനദാതാക്കൾക്ക് സാമ്പത്തികമായി ആകർഷകമല്ലാത്ത, വലിയ നിർമ്മാണ ചെലവുള്ള പ്രദേശങ്ങളിലേയ്ക്ക് കെ-ഫോണിലൂടെ സേവനങ്ങളെത്തിക്കാനും സാധിക്കുക, സാധാരണ ജനങ്ങൾക്ക് മികച്ച കണക്റ്റിവിറ്റി നൽകുകയും വിപണിയിൽ ഗുണപരമായി

ആരോഗ്യകരമായ മത്സരം വർദ്ധിപ്പിക്കുകയും ചെയ്യുക, ഇ-ഗവേണൻസ് സേവനങ്ങൾ എല്ലാവരിലേയ്ക്കും എത്തിക്കുക തുടങ്ങിയ ഘടകങ്ങളാണ് ജനകീയ ബദൽ പദ്ധതിയായ കെ-ഫോൺ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിനെ പ്രേരിപ്പിച്ചത്.

(ബി) പ്രസ്തുത പദ്ധതിയുടെ സുഗമവും കാര്യക്ഷമതയോടുകൂടിയതുമായ നടത്തിപ്പിനായി എന്തെല്ലാം പ്രാഥമിക നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ?

(ബി&സി) കെ-ഫോൺ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)-ന്റെയും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി.)-ന്റെയും സംസ്ഥാന സർക്കാരിന്റെയും യഥാക്രമം 49:49:2 എന്ന അനുപാതത്തിലുള്ള ഓഹരി പങ്കാളിത്തത്തോടെ 'കേരള ഫൈബർ

ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ്" എന്നപേരിൽ ഒരു ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. തുടർന്ന്, ടെണ്ടർ നടപടികൾ പൂർത്തിയാക്കി പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്റർ ആയി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തെരഞ്ഞെടുക്കുകയും ചെയ്തു. ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, റെയിൽടെൽ, എൽ.എസ്. കേബിൾ, എസ്.ആർ.ഐ.റ്റി. (Sobha Renaissance Information Technology Private Limited) എന്നീ കമ്പനികളാണ് പ്രസ്തുത കൺസോർഷ്യത്തിലുൾപ്പെട്ടിട്ടുള്ളത്. കെ-ഫോൺ പദ്ധതിയുടെ സുഗമവും കാര്യക്ഷമതയോടുകൂടിയതുമായ നടത്തിപ്പിനായി ഏർപ്പെടുത്തിയ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച നിലവിലെ വിവരം ചുവടെ ചേർക്കുന്നു:-

i) 6909 കിലോമീറ്റർ ബാക്ക്ബോൺ, 19970 കി.മീ. എ.ഡി.എസ്.എസ്. (All-Dielectric Self Supporting Cable), ഒ.എഫ്.സി., ആക്സസ് കേബിൾ, 372 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.ടി./നോൺ ഐ.ടി. സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

ii) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ച്ചർ പ്രൊവൈഡർ (ഐ.പി.-1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്.

**സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രങ്ങൾ**

51(2184) <u>ശ്രീ. എ. സി. മൊയ്തീൻ:</u>
<u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. കെ. പ്രേംകുമാർ:</u>
<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡുമൂലമുണ്ടായിട്ടുള്ള പ്രതിസന്ധികൾ മറികടന്ന് ഐ.ടി. മേഖലയുടെ വികസനത്തിന് വഴിയൊരുക്കുന്നതിനായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ?

കോവിഡ് മഹാമാരിയുടെ ഒന്നാംഘട്ടത്തിൽ കേരള സ്റ്റാർട്ടപ് മിഷന്റെ ഇൻക്യൂബേറ്ററുകളിൽ പ്രവർത്തിച്ചിരുന്ന എല്ലാ സ്റ്റാർട്ടപ്പുകൾക്കും 4 മാസത്തെ വാടക പൂർണ്ണമായും ഇളവ് ചെയ്യുകയും തുടർന്നുള്ള 3 മാസകാലയളവിൽ വ്യവസ്ഥകളോടെ വാടക ഇളവ് നൽകുകയും ചെയ്തു. മഹാമാരിയുടെ 3-ാം ഘട്ടത്തിൽ മൂന്നുമാസത്തെ വാടക വ്യവസ്ഥകളോടെ ഒഴിവാക്കി

നൽകിയിട്ടുണ്ട്. സ്റ്റാർട്ടപ്പുകളുടെ ബിസിനസും നിക്ഷേപവും വർദ്ധിപ്പിക്കുന്നതിനായി വെർച്വൽ ഡെമോ ഡേകൾ സംഘടിപ്പിച്ച് സഹായം നൽകി. കോവിഡ് കാലഘട്ടത്തിൽ സർക്കാർ ഐ.ടി. പാർക്കുകളായ ടെക്നോപാർക്ക് തിരുവനന്തപുരം, ഇൻഫോപാർക്ക് കൊച്ചി, സൈബർപാർക്ക് കോഴിക്കോട് എന്നിവിടങ്ങളിൽ സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ടി./ഐ.ടി. ഇതര കമ്പനികൾ, ഹോട്ടലുകൾ, മറ്റ് വ്യാപാര സ്ഥാപനങ്ങൾ എന്നിവയിന്മേലുള്ള വാടക, വാടകയിലുള്ള വാർഷിക വർദ്ധനവ് (5%), സർചാർജ് തുടങ്ങിയവ ഒഴിവാക്കി 42.19 കോടി രൂപയുടെ ഇളവുകൾ സർക്കാർ അനുവദിക്കുകയുണ്ടായി. ഇതിനുപുറമെ കോവിഡ് കാലഘട്ടത്തിൽ ജീവനക്കാർക്ക് വീടുകളിലിരുന്നുതന്നെ ജോലി ചെയ്യാനുള്ള സൗകര്യവും അനുവദിക്കുകയുണ്ടായി. ഈ കാലയളവിലും മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദ്ദേശീയ ഐ.ടി. കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിച്ച് ഐ.ടി. സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനുവേണ്ടി അവർക്ക് ആവശ്യാനുസരണം SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ് ഓഫീസുകൾ,

കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റനുബന്ധ സൗകര്യങ്ങളും ഐ.ടി. പാർക്കുകളിലൊരുക്കുന്നതിനുവേണ്ടിയും സർക്കാർ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

(ബി) ഐ.ടി. മേഖലയിൽ താങ്ങാവുന്ന വേതനത്തിൽ ഏറ്റവും മികച്ച പ്രതിഭകളെ ലഭിക്കുന്ന നാടെന്ന ഖ്യാതിയിലും സംസ്ഥാനത്തെ ഐ.ടി. മേഖലയെ ഏഷ്യയിൽ ഒന്നാം സ്ഥാനത്തും ആഗോളതലത്തിൽ നാലാം സ്ഥാനത്തും എത്തിക്കുന്നതിലും സർക്കാരിന്റെ ഇടപെടൽ ഗുണകരമായിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദേശീയ ഐ.ടി. കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിച്ച് ഐ.ടി. സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനും അവർക്കാവശ്യാനുസരണം SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി

സൗകര്യങ്ങൾ അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റനുബന്ധ സൗകര്യങ്ങളും ഐ.ടി. പാർക്കുകളിലൊരുക്കുന്നതിനുവേണ്ടുന്ന ഇടപെടലുകൾ നടത്തുന്നതോടൊപ്പം സാങ്കേതിക വൈദഗ്ദ്ധ്യത്തിൽ ഏറ്റവും മികച്ച പ്രതിഭകളെ സംസ്ഥാനത്തിനകത്തും പുറത്തുംനിന്ന് കണ്ടെത്തി അവർക്ക് കേരളത്തിലെ സർക്കാർ ഐ.ടി. പാർക്കുകളിൽ തൊഴിൽ ചെയ്യുന്നതിനുള്ള സൗകര്യങ്ങളും സർക്കാർ ഒരുക്കിവരുന്നു. "വർക്ക് നിയർ ഹോം" പദ്ധതിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലൂടെ കേരളത്തിൽ പ്രവർത്തിക്കുന്ന ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയിലെ ജീവനക്കാരുടെ പ്രവർത്തനസൗകര്യം മെച്ചപ്പെടുന്നതിനോടൊപ്പം കേരളത്തിനുപുറത്തുള്ള കമ്പനികളെയും ജീവനക്കാരെയും കേരളത്തിലേയ്ക്ക് ആകർഷിക്കാനും സാധിക്കും. സർക്കാർ പങ്കാളിത്തത്തോടെ സ്വകാര്യ സംരംഭകരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജൈറ്റെക്സ്, സിബിറ്റ് എന്നിവയുൾപ്പെടെയുള്ള ദേശീയ, അന്തർദേശീയ തലങ്ങളിൽ നടക്കുന്ന ഐ.ടി. മേളകൾ, സെമിനാറുകൾ, കോൺഫറൻസുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയിൽ പങ്കെടുത്ത്,

കേരളത്തിലെ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, മാനവശേഷി ലഭ്യത, നിക്ഷേപ സാധ്യതകൾ തുടങ്ങിയവ മനസ്സിലാക്കികൊടുക്കുകവഴി കൂടുതൽ നിക്ഷേപങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഐ.ടി. മേഖലയിൽ പരമാവധി മാനവശേഷി ലഭ്യമാക്കുന്നതിനും അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് ഐ.ടി. പാർക്കുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുംവേണ്ടി സർക്കാർ ധനസഹായത്തോടെ ഐ.ടി. കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി 'ഇഗ്നൈറ്റ് 'എന്നപേരിൽ നടന്നുവരുന്നുണ്ട്. സംരംഭകത്വം, നൂതനത, സാങ്കേതികത എന്നിവ വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ 425 കോളേജുകളിൽ കേരള സ്റ്റാർട്ടപ് മിഷൻ ഇന്നൊവേഷൻ & എന്റർപ്രണർഷിപ് ഡെവലപ്മെന്റ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ മികച്ച സാങ്കേതിക പ്രതിഭകളെ വാർത്തെടുക്കാൻ സംസ്ഥാനത്തിന് കഴിയുന്നുണ്ട്.

(സി) കേരള സ്റ്റാർട്ടപ് മിഷൻ വിദേശ രാജ്യങ്ങളിൽ തുടങ്ങുന്ന സ്റ്റാർട്ടപ് ഇൻഫിനിറ്റി കേന്ദ്രങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഏതെല്ലാം രാജ്യങ്ങളിലാണ് ഇൻഫിനിറ്റി കേന്ദ്രങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തുന്നതിനും പ്രവാസികളെ പ്രോത്സാഹിപ്പിക്കുക, കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വിദേശ വിപണി വികസനം സാധ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സ്റ്റാർട്ടപ് ഇൻഫിനിറ്റി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെടുന്ന രാജ്യങ്ങളിൽ ലോഞ്ച് പാഡുകൾ സ്ഥാപിച്ച് കേരളത്തിൽനിന്നുള്ള സ്റ്റാർട്ടപ്പുകൾ വിപണി വികസനത്തിന് പ്രസ്തുത രാജ്യത്തിൽ പ്രവർത്തിക്കേണ്ടിവരുമ്പോൾ പ്രവർത്തന സൗകര്യവും പ്രവാസികൾ സാങ്കേതിക സ്റ്റാർട്ടപ്പുകൾ ആരംഭിക്കുമ്പോൾ അവർക്ക് സ്ഥലസൗകര്യവും ഈ ലോഞ്ച് പാഡുകളിലൂടെ ലഭ്യമാകും. ഉയർന്ന സാമ്പത്തികശേഷിയുള്ള പ്രവാസികളിൽനിന്നും നിക്ഷേപം ലഭ്യമാക്കുന്നതിനായി കേരളത്തിലെ സ്റ്റാർട്ടപ്പുകളുമായി

ബന്ധപ്പെടുത്തുന്നതിനും ഈ ലോഞ്ച് പാഡുകൾ സഹായകരമാകും. ഇതിന്റെ ഭാഗമായുള്ള ആദ്യ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രം ദുബായിൽ ഉദ്ഘാടനം ചെയ്തു. ഈ പദ്ധതി മറ്റ് ചില രാജ്യങ്ങളിലേയ്ക്കും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ദുബായിൽ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**കെ-ഫോൺ കണക്ഷൻ**

52(2185) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ആകെ എത്ര വീടുകളിലും ഏതെല്ലാം ഓഫീസുകളിലും കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ഈ വർഷം ഇനിയും എത്ര വീടുകളിലും ഏതെല്ലാം ഓഫീസുകളിലും കണക്ഷൻ നൽകാനുദ്ദേശിക്കുന്നുണ്ടെന്ന് പഞ്ചായത്ത്, നഗരസഭ എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിൽ 175 സർക്കാർ സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ

സ്ഥാപിക്കുകയും ഇതിൽ നിലവിൽ 61 ഓഫീസുകളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഓഫീസുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 99 ഗുണഭോക്താക്കളുടെ പട്ടികയിൽനിന്നും 6 കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ട്. കൂടാതെ, 36 വീടുകളിൽ സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ബാക്കിയുള്ള 57 ഗുണഭോക്താക്കളെ കണ്ടെത്താൻ കൂടുതൽ വിവരം ആവശ്യമായതിനാൽ പ്രസ്തുത പട്ടിക തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിരിക്കുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും അടിയന്തരമായി വിവരങ്ങൾ ലഭ്യമാക്കി കെ-ഫോൺ സേവനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒരു നിയമസഭാ മണ്ഡലത്തിൽനിന്നും 500 കുടുംബങ്ങൾ എന്ന കണക്കിൽ അർഹരായ 70,000 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകുന്നതിന് 2 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, കൂടുതൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫീസുകളിൽ കണക്ഷൻ നല്കുന്നതിനാവശ്യമായ സർവ്വേ പുരോഗമിക്കുന്നു. വീടുകളിലും ഓഫീസുകളിലും ഈ വർഷം നൽകാൻ സാധിക്കുന്ന കണക്ഷനുകളുടെ പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിലുള്ള വിവരം അന്തിമമായി നിശ്ചയിച്ചിട്ടില്ല.

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള സാങ്കേതികവിദ്യ**

53(2186) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) അടിസ്ഥാനമാക്കിയുള്ള സാങ്കേതികവിദ്യ സമസ്തമേഖലയിലും വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) അടിസ്ഥാനമാക്കിയുള്ള സാങ്കേതികവിദ്യ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഉതകുന്നതാണ്. ജനറേറ്റീവ് എ.ഐ. പോലെയുള്ള സാങ്കേതികവിദ്യകൾ അതിന് നൽകുന്ന വിവരങ്ങൾക്കനുസരിച്ച് സ്വയം പാറ്റേണുകൾ മനസ്സിലാക്കി ഉത്തരങ്ങൾ

നൽകിവരുന്നു. ആവർത്തിച്ച് നിർവ്വഹിക്കുന്ന പല ചുമതലകളും എ.ഐ. സാങ്കേതികവിദ്യയിലൂടെ വളരെവേഗം പൂർത്തീകരിക്കുന്നതിനും ജോലിഭാരം ലഘൂകരിക്കുന്നതിനും സഹായിക്കും. സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ ഭാഷാ കമ്പ്യൂട്ടിംഗിലും/മറ്റിതര മേഖലകളിലും എ.ഐ. അടിസ്ഥാനമാക്കിയിട്ടുള്ള സാങ്കേതികവിദ്യയുടെ ഉപയോഗംമൂലം വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ പറ്റുന്നതാണ്.

(ബി) പുതിയകാല തൊഴിൽ, സംരംഭകത്വ വിപണിയിൽ മത്സരക്ഷമതയോടെ നിലനിൽക്കണമെങ്കിൽ എ.ഐ., എം.എൽ. (മെഷീൻ ലേണിംഗ്) സാങ്കേതികവിദ്യകളിൽ ശക്തമായ അടിത്തറയും നൈപുണ്യവും അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

സാങ്കേതികവിദ്യകളിൽ വരുന്ന മാറ്റത്തിനനുസരിച്ച് അറിവ് വർദ്ധിപ്പിച്ച് അതിന്റെ പൂർണ്ണമായ പ്രയോജനം സാധ്യമാക്കുകയാണ് വേണ്ടത്. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ് അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വിവിധതരം പഠനഗവേഷണ സംരംഭങ്ങൾ നടന്നുവരുന്നു. ഡിജിറ്റൽ സയൻസ്

പാർക്കിൽ സ്ഥാപിതമായ എ.ഐ. സെന്റർ ഓഫ് എക്സലൻസ് ഈ രംഗങ്ങളിലെ ലോകോത്തര കമ്പനികളും യൂണിവേഴ്സിറ്റികളുമായുള്ള സഹകരണവും വാണിജ്യവല്ക്കരണവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(സി) വ്യവസായ നയത്തിൽ മുൻഗണനാ മേഖലയിലുൾപ്പെടുത്തപ്പെട്ടതോടെ നിർമ്മിതബുദ്ധി, റോബോട്ടിക്സ് സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട പുതിയ സംരംഭകത്വ അവസരങ്ങൾ സംസ്ഥാനത്ത് രൂപപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

നിർമ്മിതബുദ്ധി, റോബോട്ടിക് സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം 1500-ഓളമായി വർദ്ധിച്ചിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന് കൂടുതൽ സ്റ്റാർട്ടപ്പുകൾ മുന്നോട്ട് വന്നുകൊണ്ടിരിക്കുകയാണ്. ഡിജിറ്റൽ സയൻസ് പാർക്കിൽ സഹകരിച്ച് പ്രവർത്തനം തുടങ്ങുന്ന മൂന്ന് കമ്പനികൾ ഈ മേഖലയിലാണ് ശ്രദ്ധ പതിപ്പിക്കുന്നത്. കൂടാതെ ഈ രംഗത്തെ ഗവേഷക

വ്യവസായ കൂട്ടായ്മ സംസ്ഥാനത്ത് വലിയൊരു സ്റ്റാർട്ടപ്പ് അവസരമാണ് തുറന്നിടുന്നത്.

(ഡി) സംസ്ഥാന തലസ്ഥാനത്തെ നിർമ്മിതബുദ്ധിയുടെ ഹബ്ബാക്കി മാറ്റുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി സ്റ്റാർട്ടപ് മിഷന്റെ മേൽനോട്ടത്തിൽ ടെക്നോസിറ്റിയിൽ എമർജിംഗ് ടെക്നോളജീസ് സ്റ്റാർട്ടപ് ഹബ്ബ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

തിരുവനന്തപുരം ടെക്നോസിറ്റിയിൽ 3 ഏക്കർ സ്ഥലം എമർജിംഗ് ടെക്നോളജീസ് സ്റ്റാർട്ടപ് ഹബ്ബ് സ്ഥാപിക്കുന്നതിനായി കേരള സ്റ്റാർട്ടപ് മിഷന് കൈമാറിയിട്ടുണ്ട്. പ്രസ്തുത ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. ഭാവി സാങ്കേതികവിദ്യക്ക് ഊന്നൽ നൽകുന്ന സ്റ്റാർട്ടപ് ഹബ്ബിൽ നിർമ്മിതബുദ്ധിയും ഒരു പ്രധാന മേഖലയാണ്.

**ഒ.പി.ജി.ഡബ്ല്യു. കേബിളുകളുടെ വില**

54(2187) <u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>

<u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിക്കുവേണ്ടി എൽ.എസ്. കേബിൾ എന്ന സ്ഥാപനം നൽകിയ ഒ.പി.ജി.ഡബ്ല്യു. കേബിളുകൾക്ക് കെ.എസ്.ഇ.ബി. വാങ്ങുന്ന കേബിളുകളെക്കാൾ ആറ് ഇരട്ടിയിലധികം വിലയുണ്ടെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉപയോഗിക്കുന്ന ഒ.പി.ജി.ഡബ്ല്യു. കേബിളുകളുടെ വിലയും കെ-ഫോൺ പദ്ധതിക്കായി ഉപയോഗിക്കുന്ന ഒ.പി.ജി.ഡബ്ല്യു. കേബിളുകളുടെ വിലയും താരതമ്യം ചെയ്യുമ്പോൾ വലിയ വ്യത്യാസമില്ല. കെ-ഫോൺ പദ്ധതിക്കുവേണ്ടി ഉപയോഗിക്കുന്ന ഒ.പി.ജി.ഡബ്ല്യു. 48 കോർ ഫൈബറിന്റെ വില ഒരു കിലോമീറ്ററിന് 1,55,325.88 (ജി.എസ്.ടി. ഉൾപ്പെടാതെ ഒരു ലക്ഷത്തി അൻപത്തി അയ്യായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ എൺപത്തിയെട്ട് പൈസയാണ്) രൂപയാണ്. കെ.എസ്.ഇ.ബി.എൽ.-ന്റെ ട്രാൻസ് ഗ്രിഡ് പദ്ധതിയിലുൾപ്പെട്ട വിവിധ പ്രസരണ ലൈൻ പദ്ധതികൾക്കായി

2020-2022 കാലഘട്ടത്തിൽ നൽകിയ രണ്ട് കരാറുകളിൽ ഒ.പി.ജി.ഡബ്ല്യു. കേബിളിന്റെ വില ഒരു കിലോമീറ്ററിന് 1,56,315 രൂപ മുതൽ 1,66,980 രൂപ വരെയാണ് (ജി.എസ്.ടി. ഉൾപ്പെടാതെ).

(ബി) ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല.

**ചാത്തന്നൂർ മണ്ഡലത്തിലെ കെ-ഫോൺ സേവനം**

55(2188) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ നിലവിൽ കെ-ഫോൺ സേവനം ലഭിക്കുന്ന കുടുംബങ്ങളുടെ പേരുവിവരം ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽ നിലവിൽ കെ-ഫോൺ സേവനം ലഭിക്കുന്ന കുടുംബങ്ങളുടെ പേരുവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് കെ-ഫോൺ സേവനം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കെ-ഫോൺ സേവനം ലഭ്യമാക്കിയ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

**കോഴിക്കോട് സൈബർ പാർക്ക്**

56(2189) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൈബർ പാർക്കിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെന്തെല്ലാമാണ്?

കോഴിക്കോട് സൈബർ പാർക്കിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി 4 ലക്ഷം ചതുരശ്രയടി വരുന്ന രണ്ടാമത്തെ ഐ.ടി. കെട്ടിടം നിർമ്മിക്കുന്നതിനായി 184 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിനായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽനിന്നും എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 3.30 കോടി രൂപ സംസ്ഥാനത്തിന്റെ ഐ.ടി. പാർക്കുകൾക്കായുള്ള ഗ്രാന്റായി വകയിരുത്തിയിട്ടുണ്ട്.

**പാറശ്ശാല മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം**

57(2190) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ നിലവിൽ 24 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | എണ്ണം |
|---|---|---|
| 1 | പാറശ്ശാല | 3 |
| 2 | അമ്പൂരി | 3 |

| | | |
|---|---|---|
| 3 | ആര്യൻകോട് | 1 |
| 4 | കള്ളിക്കാട് | 2 |
| 5 | കൊല്ലയിൽ | 3 |
| 6 | കുന്നത്തുകാൽ | 3 |
| 7 | ഒറ്റശേഖരമംഗലം | 3 |
| 8 | പെരുങ്കടവിള | 3 |
| 9 | വെള്ളറട | 3 |

(ബി) പ്രസ്തുത മണ്ഡലത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അക്ഷയ കേന്ദ്രങ്ങളിലേതെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് എത്രയെണ്ണമാണെന്നും ഏതെല്ലാമെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ഉണ്ട്. 2 എണ്ണം. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | ലൊക്കേഷൻ |
|---|---|---|
| 1 | ആര്യൻകോട് | ആര്യൻകോട് |
| 2 | ആര്യൻകോട് | കുറ്റിയായണിക്കാട് |

(സി) പാറശ്ശാല മണ്ഡലത്തിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നുള്ള വിവരം അറിയിക്കാമോ?

നിലവിൽ പാറശ്ശാല മണ്ഡലത്തിൽ പുതിയതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചിട്ടില്ല.

**അക്ഷയ കേന്ദ്രങ്ങൾ അധിക ഫീസ് ഈടാക്കുന്നത് തടയാൻ നടപടി**

58(2191) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഗ്രാന്റും മറ്റ് കാര്യങ്ങൾക്കും അക്ഷയ കേന്ദ്രങ്ങൾവഴി അപേക്ഷകൾ സമർപ്പിക്കുമ്പോൾ പ്രസ്തുത കേന്ദ്രങ്ങൾ വിദ്യാർത്ഥികളിൽനിന്നും അധിക ഫീസ് ഈടാക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം**

59(2192) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾ വഴിയുള്ള സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നതും ഫീസ് ഒഴിവാക്കിയ സേവനങ്ങൾക്ക് പണം ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം പ്രവണതകൾ തടയുന്നതിന് എന്തെല്ലാം കർശന നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

(എ&ബി) അക്ഷയ കേന്ദ്രങ്ങൾ വഴിയുള്ള സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നതായി പരാതികൾ ലഭിച്ചാൽ ആയത് പരിശോധിച്ച് ബോദ്ധ്യപ്പെടുന്ന പക്ഷം 5,000 രൂപ പിഴ ഈടാക്കുന്നതാണ്.

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ പ്രതിമാസ പരിശോധന ഏർപ്പെടുത്തുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

എല്ലാ അക്ഷയ കേന്ദ്രങ്ങളിലും കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നതിനായി എല്ലാ അക്ഷയ ജില്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അക്ഷയ കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട ബ്ലോക്ക് കോ-ഓർഡിനേറ്റർ പരിശോധന നടത്തിവരുന്നുണ്ട്.

(ഡി) പ്രസ്തുത കേന്ദ്രങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള പരാതി സ്വീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ?

അക്ഷയ കേന്ദ്രങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള പരാതികൾ (സേവനങ്ങൾക്ക് അമിത നിരക്ക് ഈടാക്കുക, രസീത് നൽകാതിരിക്കുക, മോശം പെരുമാറ്റമുണ്ടാവുക തുടങ്ങിയ സന്ദർഭങ്ങളിൽ) ടി വിവരം 155300 ടോൾ ഫ്രീ നമ്പറിലോ, 0471-2525444 എന്ന നമ്പറിൽ

വിളിച്ചറിയിക്കുകകയോ aspo.akshaya@kerala.gov.in എന്ന വിലാസത്തിൽ ഇ-മെയിൽ അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

**കൊല്ലം താലൂക്കിലെ അക്ഷയ കേന്ദ്രങ്ങൾ**

60(2193) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് പരിധിയിൽ പ്രവർത്തിച്ചുവരുന്ന അക്ഷയ കേന്ദ്രങ്ങളേതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം താലൂക്ക് പരിധിയിൽ പ്രവർത്തിച്ചുവരുന്ന അക്ഷയ കേന്ദ്രങ്ങളുടെ വിശദാംശം ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) കൊല്ലം താലൂക്ക് പരിധിയിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചുവരുന്ന നടപടികളുൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഗണനയിലുണ്ട്. നിലവിൽ 4 ലൊക്കേഷനുകൾക്ക് ഡിസ്ട്രിക്ട് ഇ-ഗവർണൻസ് സൊസൈറ്റി (DeGS) അംഗീകാരം ലഭിച്ചിട്ടുണ്ട്. ടൗൺ പ്ലാനിംഗ് സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള 5 ലൊക്കേഷനുകൾ DeGS അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. കൂടാതെ ജില്ലാ ഓഫീസിൽ ലഭിച്ച അപേക്ഷകളിന്മേൽ ദൂരപരിശോധന നടന്നുവരുന്നു.

**പുതുതായി അനുവദിച്ച അക്ഷയ കേന്ദ്രങ്ങൾ**

61(2194) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച അക്ഷയ കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4 |
| 2 | തൃശ്ശൂർ | 13 |
| 3 | മലപ്പുറം | 15 |

| | | |
|---|---|---|
| 4 | പാലക്കാട് | 12 |
| 5 | കണ്ണൂർ | 36 |
| 6 | കാസർഗോഡ് | 6 |

(ബി) ഏതെല്ലാം കേന്ദ്രങ്ങളിൽ പുതുതായി അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്; നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മലപ്പുറം, കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സംരംഭകരെ തെരഞ്ഞെടുക്കുന്നതിനായി ഓൺലൈൻ പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ അക്ഷയ കേന്ദ്രങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) അക്ഷയ കേന്ദ്രങ്ങളുടെ നടത്തിപ്പവകാശം ഏതെല്ലാം സാഹചര്യങ്ങളിലാണ് റദ്ദാക്കപ്പെടുന്നത്; ആയതുസംബന്ധിച്ച വ്യവസ്ഥകൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയാൽ നിലവിലെ സർക്കാർ ഉത്തരവനുസരിച്ച് അക്ഷയ ചീഫ്

കോ-ഓർഡിനേറ്ററുടെ അംഗീകാരത്തോടെ അക്ഷയ ഡയറക്ടർ കേന്ദ്രം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

**കെ-ഫോൺ പദ്ധതി**

62(2195) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഓരോ മണ്ഡലത്തിലും നൂറ് വീടുകൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി പാറശ്ശാല മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിൽനിന്നും ലഭിച്ച അപേക്ഷകളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 93 കുടുംബങ്ങളുടെ പട്ടികയിൽനിന്നും 10 ഗുണഭോക്താക്കൾക്ക് സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 83 ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകാൻ കൂടുതൽ വിവരം ആവശ്യമായതിനാൽ അവ ലഭ്യമാക്കാനായി പ്രസ്തുത പട്ടിക തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്.

## കാട്ടാക്കടയിൽ റൂറൽ ഐ.ടി. ബിസിനസ് ഇൻകുബേറ്റർ, നോളജ് വില്ലേജ് സെന്റർ

63(2196) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കടയിൽ റൂറൽ ഐ.ടി. ബിസിനസ് ഇൻകുബേറ്റർ, നോളജ് വില്ലേജ് സെന്റർ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇതുസംബന്ധിച്ച് 03-06-2023-ലെ ഐ.ടി. സെൽ 2/120/2023-ഐ.ടി.ഡി. നമ്പർ പ്രകാരം സി.ഇ.ഒ. സ്റ്റാർട്ടപ്പ് മിഷനോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ തുടർനടപടി വിശദമാക്കാമോ?

(എ&ബി) 2 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നതും സ്വകാര്യ പങ്കാളിത്തവുമുള്ള പദ്ധതിയാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഇതിനുള്ള സാധ്യതകൾ പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് കേരള സ്റ്റാർട്ടപ്പ് മിഷൻ അറിയിച്ചിട്ടുണ്ട്.

**കെ-ഫോൺ പദ്ധതി**

64(2197) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തിലാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി, അരൂർ, ചേന്നംപള്ളിപ്പുറം, എഴുപുന്ന, കുത്തിയതോട്, പനവള്ളി, തുറവൂർ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഓരോ പഞ്ചായത്തിലും നൽകിയ കണക്ഷൻ എത്രയെന്ന് വിശദമാക്കാമോ?

കണക്ഷനുകളുടെ എണ്ണം അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**ഐ.ടി. മേഖലയിലെ കയറ്റുമതിയും നിക്ഷേപവും**

65(2198) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2016 മുതൽ 2023 വരെയുള്ള കാലയളവിൽ ഐ.ടി., ഐ.ടി. അനുബന്ധ വ്യവസായങ്ങൾ വഴി എത്ര രൂപയുടെ കയറ്റുമതി നടന്നിട്ടുണ്ടെന്ന വിവരം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഐ.ടി. മേഖലയിൽ എത്ര രൂപയുടെ നിക്ഷേപം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2016 മുതൽ 2023 വരെയുള്ള കാലയളവിൽ കേരളത്തിലെ സർക്കാർ ഐ.ടി. പാർക്കുകളിൽ ഐ.ടി., ഐ.ടി. അനുബന്ധ വ്യവസായങ്ങൾവഴി നടന്ന കയറ്റുമതിയുടെയും പ്രസ്തുത മേഖലയിൽ നടന്നിട്ടുള്ള നിക്ഷേപത്തിന്റെയും വിവരം വാർഷികാടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.+

### വിവിധ കമ്പനികളുമായി സി-ഡിറ്റിന് ധാരണാപത്രം

66(2199) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂൺ ഐ.ടി. സൊല്യൂഷൻസ് എന്ന സ്ഥാപനവുമായി സി-ഡിറ്റ് ഏതെങ്കിലും ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. ജാവ സാങ്കേതികവിദ്യയിൽ പ്രാവീണ്യമുള്ള സോഫ്റ്റ്‌വെയർ ഡെവലപ്പർമാരുടെ സേവനം സി-ഡിറ്റിന് ലഭ്യമാക്കാൻ തയ്യാറുള്ള സ്ഥാപനങ്ങളിൽനിന്നും താൽപര്യപത്രം വിളിക്കുകയും അതിൻപ്രകാരം ജ്രൂൺ ഐ.ടി. സൊല്യൂഷൻസ് എന്ന സ്ഥാപനവുമായി ജാവ ഡവലപ്പർമാരുടെ സേവനം സി-ഡിറ്റിന് ആവശ്യമുള്ള മുറയ്ക്ക് ലഭ്യമാക്കാനുള്ള കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ വൈസ് പ്രസിഡന്റായ ശ്രീ. ഗിരീഷ് ബാബു എന്ന വ്യക്തിയുമായി ബന്ധപ്പെട്ട നിബോധാ ടെക്നോളജീസ്, എക്സ്പെർട്ട് ലാബ് ടെക്നോളജീസ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് സി-ഡിറ്റ് എത്ര തുകയ്ക്കുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; ഈ പ്രവൃത്തികൾ പ്രസ്തുത സ്ഥാപനങ്ങൾ പൂർത്തിയാക്കി നൽകിയിട്ടുണ്ടോ?

നിബോധ ടെക്നോളജീസ്, എക്സ്പെർട്ട് ലാബ് ടെക്നോളജീസ് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള വർക്ക് ഓർഡറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. Nibodha - W.O No. 105/2017-18 dated 18.12.2017 (S/w testing & audit of Enterprise Financial System [KSFE]) - Rs. 16,75,000/-

2. Nibodha- W.O No. 129 A/2017-18 dated 23.03.2018 (API gateway, Data bridge, iHub License, Mentoring) - Rs. 18,75,000/-

3. Nibodha - W.O No. 155/2017-18 dated 28.03.2018 (expert network platform for K-DISC) - Rs. 17,70,000/-

4. Expertzlab - W.O No.143 A/18-19 dated 05.01.2019 - (Analytical Engine) - Rs.33,27,600/-

5. Expertzlab –W.O. No. TG/INFD/2013/02/02 .dated 11.04.2019 (MIS Application for ASAP) – Rs.2,41,900

ഇതിൽ രണ്ട് പ്രവൃത്തികൾ പൂർണ്ണമായും രണ്ടെണ്ണം ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. ഒരെണ്ണം പൂർണ്ണമായി ഉപേക്ഷിച്ചു.

(സി) പ്രസ്തുത വർക്ക് ഓർഡറുകളുമായി ബന്ധപ്പെട്ട് എത്ര തുക ഇതുവരെ സി-ഡിറ്റ് നൽകിയിട്ടുണ്ട്; മുഴുവൻ തുക നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

സി-ഡിറ്റ് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. Rs.6,98,901/- രൂപ നൽകി. (KSFE-യിൽ നിന്ന് ബാക്കി തുക ലഭിക്കുവാനുള്ളതിനാൽ പകുതി തുക നൽകാനുണ്ട്).
2. Rs.4,85,100 രൂപ നൽകി. (സി-ഡിറ്റ് ഏറ്റെടുത്ത പ്രോജക്ടിന്റെ ഭാഗമായി പ്രവൃത്തി തുടങ്ങിവെച്ചെങ്കിലും അതിന് ഭരണാനുമതി ലഭിക്കാത്തതിനാൽ പിന്നീട് ഈ പ്രവൃത്തി നിർത്തിവെച്ചിരുന്നു. പൂർത്തിയായ പ്രവൃത്തിക്ക് (mentoring) മാത്രം തുക നൽകി).
3. Rs.8,50,000 രൂപ നൽകി. രണ്ടു പ്രവൃത്തികളിൽ ഒരെണ്ണം പൂർത്തിയാക്കി പണം നൽകി. രണ്ടാമത്തെ പ്രവൃത്തി ചെയ്യേണ്ടതില്ലാത്തതിനാൽ പണം നൽകിയിട്ടില്ല.)
4. തുക ഒന്നും നൽകിയിട്ടില്ല. (Kerala Communication System എന്ന പ്രോജക്റ്റ് സർക്കാർ നിർദ്ദേശപ്രകാരം തുടങ്ങിവെച്ചെങ്കിലും അതിന് ഭരണാനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തി നിർത്തിവെച്ചിരുന്നു).
5. Rs.241900 രൂപ നൽകി ( 2,37,800 വരുമാന നികുതി കുറച്ച്)

(ഡി) ശ്രീ. ഗിരീഷ് ബാബു എന്ന വ്യക്തി 2016-21 കാലയളവിലെ സർക്കാരിന്റെ കാലത്ത് സി-ഡിറ്റ്, കെ.എസ്.എഫ്.ഇ. തുടങ്ങിയ സ്ഥാപനങ്ങളിൽ ഐ.ടി. ഉപദേശകനായി പ്രവർത്തിച്ചിട്ടുണ്ടോ; ആയതിന് ഇദ്ദേഹത്തിന് പ്രതിഫലമായി എത്ര തുക നൽകിയിട്ടുണ്ട്?

ഗിരീഷ് ബാബു എന്ന വ്യക്തി സി-ഡിറ്റിൽ ഐ.ടി. ഉപദേശകനായി പ്രവർത്തിച്ചിട്ടില്ല. അദ്ദേഹം പ്രവർത്തിക്കുന്ന നിബോധ ടെക്നോളജീസ്, എക്സ്പേർട്ട് ലാബ് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ വർക്ക് ഓർഡറുകളുടെ ഭാഗമായി അദ്ദേഹത്തിന്റെ വിദഗ്ധ സാങ്കേതിക സേവനങ്ങൾ സി-ഡിറ്റിന്റെ പ്രോജക്ടുകൾക്ക് ലഭിച്ചിട്ടുണ്ട്.

(ഇ) ടെണ്ടർ പ്രക്രിയയിലൂടെയാണോ മേൽപ്പറഞ്ഞ മൂന്ന് കമ്പനികളെ സി-ഡിറ്റ് തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ; അപ്രകാരമല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദമാക്കുമോ?

മൂന്ന് കമ്പനികളെയും ടെണ്ടർ പ്രകിയയിലൂടെയാണ് തെരഞ്ഞെടുത്തത്. എന്നാൽ Expertzlab-ന് 11-04-2019-ലെ W.O.No. TG/INFD/2013/02/02 പ്രകാരം നൽകിയ പ്രവൃത്തിക്ക് തുക കുറവായതുകൊണ്ട് ചർച്ച നടത്തി

കോസ്റ്റ് എസ്റ്റിമേറ്റ് നിർണ്ണയിച്ച് നേരിട്ട് വർക്ക് ഓർഡർ നൽകുകയാണ് ചെയ്തത്.

(എഫ്) പ്രസ്തുത കമ്പനികൾ വഴി ബിനാമി ഇടപാടുകൾ നടക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഇല്ല.

**പട്ടാമ്പി മണ്ഡലത്തിലെ കേ-ഫോൺ പദ്ധതി**

67(2200) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:-

6909 കിലോമീറ്റർ ബാക്ക്ബോൺ, 19970 കി.മീ. എ.ഡി.എസ്.എസ്. (All-Dielectric Self Supporting Cable), ഒ.എഫ്.സി., ആക്സസ് കേബിൾ, 372 പോയിന്റ് ഓഫ് പ്രെസൻസുകൾ, നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.റ്റി./നോൺ ഐ.റ്റി. സംബന്ധമായ പണികൾ എന്നിവ

പൂർത്തീകരിച്ചിട്ടുണ്ട്. 27,995 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 18,442 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 4051 കുടുംബങ്ങൾക്ക് ഇതുവരെ കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകിയിട്ടുണ്ട്. കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി.1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്.

(ബി) പട്ടാമ്പി മണ്ഡലത്തിലെ ഒരോ പഞ്ചായത്തിലും നൂറ് വീടുകൾക്ക് സൗജന്യമായി കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി ഓരോ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച അപേക്ഷകളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

കെ-ഫോൺ പദ്ധതിയുടെ ആദ്യഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്ക് വീതം ആകെ 14,000 കുടുംബങ്ങൾക്ക്

സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാനാണ് തീരുമാനിച്ചിരുന്നത്. പട്ടാമ്പി മണ്ഡലത്തിലെ 100 ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും 34 കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ട്. ബാക്കി കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) അപേക്ഷിക്കുന്ന എല്ലാവർക്കും കണക്ഷൻ നൽകാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

കെ-ഫോൺ പദ്ധതിയുടെ ആദ്യഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്ക് വീതം ആകെ 14,000 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാനാണ് തീരുമാനിച്ചിരുന്നത്. പട്ടാമ്പി മണ്ഡലത്തിലെ 100 ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും 34 കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ട്. ബാക്കി കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെ-ഫോൺ കണക്ഷൻ കൈകാര്യം ചെയ്യുന്നതിന് സൗകര്യമൊരുക്കുന്നതിനായി 'എന്റെ KFON' (enteKFON) എന്ന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത

ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിലും iOS ആപ്പ് സ്റ്റോറിലും ലഭ്യമാണ്. ആപ്ലിക്കേഷൻ മുഖേന രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കളെ ബന്ധപ്പെട്ട് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്. ഫൈബർ-ടു-ഹോം കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് ദാതാവിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടികൾ പൂർത്തീകരിച്ച ശേഷമേ വീടുകളിലേയ്ക്കുള്ള വാണിജ്യ കണക്ഷൻ നൽകിത്തുടങ്ങാൻ സാധിക്കുകയുള്ളൂ.

**സി-ഡിറ്റ് രജിസ്ട്രാർ ആയിരുന്ന ഡോ. പി. വി. ഉണ്ണികൃഷ്ണന്**

**അനുവദിച്ച സ്റ്റഡി ലീവ്**

68(2201) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ് രജിസ്ട്രാറായിരുന്ന ഡോ. പി. വി. ഉണ്ണികൃഷ്ണന് 08-02-1992 മുതൽ 07-02-1994 വരെ രണ്ടുവർഷത്തേയ്ക്ക് സാലറിയോടുള്ള സ്റ്റഡി ലീവ് അനുവദിച്ചിട്ടുണ്ടോ; 09-05-2001-ൽ

സി-ഡിറ്റ്/01/പി.ആർ.ഒ./2001/37 നമ്പർ പ്രൊസീഡിംഗ് സി-ഡിറ്റ് ഇറക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലീവ് സാലറി നൽകികൊണ്ട് പഠനാവധി ചട്ടങ്ങളിൽ ഡോ. പി. വി. ഉണ്ണികൃഷ്ണന് നൽകിയിട്ടുള്ള ഇളവ് സർക്കാർ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കുമെന്ന് പ്രസ്തുത പ്രൊസീഡിംഗ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടോ?

(എ & ബി) ഉണ്ട്.

(സി) ഡോ. പി. വി. ഉണ്ണികൃഷ്ണന് പഠനാവധി ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 28-03-2001-ലെ സ.ഉ.(എം.എസ്)നം.20/2001/സിഎഡി പ്രകാരം ഡോ. പി. വി. ഉണ്ണികൃഷ്ണന് സി-ഡിറ്റ് സ്പെഷ്യൽ റൂൾസ് അംഗീകരിക്കുന്ന മുറയ്ക്ക് ചട്ടങ്ങൾ പ്രകാരം സ്റ്റഡി ലീവ് അനുവദിക്കാമെന്ന് ഉത്തരവായിരുന്നു.

(ഡി) പഠനാവധി ചട്ടങ്ങളിൽ നൽകിയ ഇളവ് സർക്കാർ അംഗീകരിച്ചിട്ടില്ലായെങ്കിൽ ഡോ. പി. വി ഉണ്ണികൃഷ്ണന് അനധികൃതമായി

നൽകിയ ലീവും ലീവ് സാലറിയും സർവ്വീസും പ്രൊമോഷനുകളും പരിശോധിക്കുമോ?

സ്റ്റഡി ലീവ് നൽകുന്നതിന് യോഗ്യമായ സർവ്വീസ് സംബന്ധിച്ച നിബന്ധനയിൽ ഇളവുതേടിക്കൊണ്ട് സർക്കാരിന് സമർപ്പിച്ച നിർദ്ദേശത്തിന്മേൽ സർക്കാരിന്റെ അന്തിമതീരുമാനം അനുസരിച്ച് ലീവും ലീവ് സാലറിയും സോപാധികമായി അനുവദിച്ചത് സി-ഡിറ്റ് പരിശോധിച്ചുവരുന്നു.

(ഇ) സർവ്വീസ് കാലാവധിയായി കണക്കുകൂട്ടാൻ പറ്റാത്ത നാല് വർഷത്തെ ലീവ് ഫോർ സ്റ്റഡി പർപ്പസ് എങ്ങനെ സർവ്വീസിനായി പരിഗണിക്കുന്ന സ്റ്റഡി ലീവായി മാറിയെന്നും പ്രസ്തുത ലീവ് കാലയളവിൽ ഡോ. പി. വി. ഉണ്ണികൃഷ്ണൻ പഠനം പൂർത്തിയാക്കാതിരുന്നിട്ടും ഇക്കാലയളവ് ഏതു ചട്ടപ്രകാരമാണ് സർവ്വീസായി പരിഗണിച്ചതെന്നും വ്യക്തമാക്കുമോ?

04-06-1990 മുതൽ 1996 ആഗസ്റ്റ് വരെ ശ്രീ. പി. വി. ഉണ്ണികൃഷ്ണന് 24-12-1998-ലെ സ.ഉ.(ആർ.റ്റി.)നം.454/98/സിഎഡി പ്രകാരം സി-ഡിറ്റ്

രജിസ്ട്രാർ തസ്തികയിൽ തുടർന്നതായി പരിഗണിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സി.സി.ടി.വി. സ്ഥാപിച്ചതിൽ നടന്ന അഴിമതിക്കെതിരെ നടപടി**

69(2202) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീണ്ടകര, പാറശ്ശാല താലൂക്കാശുപത്രികളിൽ റെസണൻസ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനം മുഖേന സി.സി.ടി.വി. സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് അഴിമതി നടത്തിയവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം സി-ഡിറ്റിന് നൽകിയിരുന്നോ; വിശദമാക്കാമോ?

നൽകിയിരുന്നു.

(ബി) നീണ്ടകര, പാറശ്ശാല താലൂക്കാശുപത്രികളിൽ സി.സി.ടി.വി. സ്ഥാപിച്ചതിന് പ്രസ്തുത ആശുപത്രികൾക്ക് എത്ര സാമ്പത്തികനഷ്ടം ഉണ്ടായിട്ടുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടം എങ്ങനെയാണ് തിട്ടപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ?

അന്വേഷിച്ചതിൽ സി-ഡിറ്റിനോ സർക്കാരിനോ സാമ്പത്തിക നഷ്ടമുണ്ടായതായി വെളിവായിട്ടില്ല.

(സി) പ്രസ്തുത പരാതിയിന്മേലുള്ള അന്വേഷണത്തിന്റെ പുരോഗതി അറിയിക്കുമോ;

(ഡി) സർക്കാരിന് കിട്ടിയ പരാതിയിൽ താലൂക്കാശുപത്രികൾ കൂടാതെ മ്യൂസിയം, കാപെക്സ് തുടങ്ങിയ സ്ഥാപനങ്ങളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ ഉൾപ്പടെയുള്ള പരാതിയിൽ പോലീസ് അന്വേഷണത്തിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ഈ വിഷയത്തിൽ സി-ഡിറ്റിനോ സർക്കാരിനോ സാമ്പത്തിക നഷ്ടമുണ്ടായിട്ടുള്ളതായി വെളിവായിട്ടില്ലാത്തതിനാൽ പരാതിയിന്മേൽ പോലീസിന് നേരിട്ട് കേസ്സ് രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതല്ലെന്ന് 16-02-2023-ലെ കത്ത് മുഖേന തിരുവല്ലം Station House Officer സി-ഡിറ്റിനെ അറിയിച്ചിരുന്നു. ടെണ്ടർ നടപടിക്രമത്തിൽ അഴിമതി നടന്നതായി സി-ഡിറ്റ് നടത്തിയ പരിശോധനയിലും

അന്വേഷണത്തിലും കണ്ടെത്തിയിരുന്നില്ല. ടെണ്ടർ നിരക്കുകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയ താൽക്കാലിക ഉദ്യോഗസ്ഥൻ നടപടിക്രമത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയതിനാൽ അയാളുടെ ശമ്പളത്തിൽനിന്നും 6,000 രൂപ ഈടാക്കുന്നതിനുള്ള ശിക്ഷ നൽകാനും ബന്ധപ്പെട്ട സ്ഥാപനത്തെ (റെസണൻസ്) സി-ഡിറ്റിന്റെ തുടർ ടെണ്ടറുകളിൽ നിന്നും വിലക്കുന്നതിനും തീരുമാനിക്കുകയും വിഷയം സർക്കാരിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്തു. തുടർന്ന് താൽക്കാലിക കരാർ ജീവനക്കാരൻ 04-07-201-ന് സി-ഡിറ്റിൽനിന്നും രാജിവെച്ച് വിടുതൽ നേടിയിരുന്നു. ബന്ധപ്പെട്ട സ്ഥാപനമായ റസണൻസിന്റെ നീണ്ടകര, പാറശ്ശാല ആശുപത്രികളിലെ ജോലി ചെയ്തതിന് നൽകിയ രണ്ട് ബില്ലുകളിലായി 4,34,489 രൂപ പിടിച്ചുവച്ചിട്ടുണ്ട് .

**കൂത്തുപറമ്പ് മണ്ഡലത്തിലെ കെ-ഫോൺ സേവനം**

70(2203) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ കെ-ഫോൺ സേവനം ലഭ്യമായ സ്ഥലങ്ങളും സ്ഥാപനങ്ങളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

കണക്ഷൻ ലഭ്യമാക്കിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 14 കുടുംബങ്ങളുടെയും 228 സർക്കാർ ഓഫീസ്/സ്ഥാപനങ്ങളുടെയും പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) മണ്ഡലത്തിൽ എവിടെയൊക്കെയാണ് പുതുതായി കെ-ഫോൺ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

247 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും 228 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ കണക്ഷൻ നൽകാൻ ബാക്കിയുള്ള, അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള 19 സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കുന്നതാണ്. മറ്റ് പഞ്ചായത്തുകളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സ്ഥാപനങ്ങൾക്ക് കെ-ഫോൺ സേവനം ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കുമോ?

സർക്കാർ ഓഫീസുകൾക്ക്/സ്ഥാപനങ്ങൾക്ക് കെ-ഫോൺ സേവനം ലഭിക്കുന്നതിനായി https://selfcare.kfon.co.in/ എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കേരള നോളജ് എക്കണോമി മിഷന്റെ പ്രവർത്തനങ്ങൾ**

71(2204) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-23 കാലയളവിൽ ഐ.റ്റി, ഐ.റ്റി. അനുബന്ധ വ്യവസായങ്ങൾ വഴി എത്ര രൂപയുടെ കയറ്റുമതി നടത്തി എന്നത് വർഷം തിരിച്ച് ലഭ്യമാക്കാമോ?

2016 മുതൽ 2023 വരെയുള്ള കാലയളവിൽ കേരളത്തിലെ സർക്കാർ ഐ.ടി. പാർക്കുകളിൽ ഐ.ടി., ഐ.ടി. അനുബന്ധ വ്യവസായങ്ങൾ വഴി

നടന്ന കയറ്റുമതിയുടെ വിവരം വാർഷികാടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടുള്ള കേരള നോളജ് എക്കണോമി മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് 5 വർഷത്തിനുള്ളിൽ പ്രാദേശിക-ആഗോളതലങ്ങളിൽ സർക്കാരേതര മേഖലകളിൽ ജോലി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കേരള നോളജ് ഇക്കണോമി മിഷൻ (KKEM). സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി അഭ്യസ്തവിദ്യരായ യുവാക്കളുടെ താല്പര്യാനുസരണം തൊഴിൽ കമ്പോളത്തിലെ സാധ്യത ഉപയോഗപ്പെടുത്തുന്നതിന് പര്യാപ്തമായ നൈപുണ്യവികസനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരുക്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രാദേശികമായും ആഗോളതലത്തിലും ലഭ്യമായിട്ടുള്ള തൊഴിലുകളെ ഈ സംവിധാനത്തിലൂടെ ക്രോഡീകരിച്ചു നൽകുന്നു. ഉദ്യോഗാർത്ഥിയുടെ കഴിവ് ഏതൊക്കെ മേഖലകളിലാണോ അവയെല്ലാം പരിഗണിച്ചുകൊണ്ട് സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളെ സംബന്ധിച്ചും ആവശ്യമായ നൈപുണ്യങ്ങളെപ്പറ്റിയും അവരെ ബോധ്യപ്പെടുത്തി അതുവഴി അവരവരുടെ പ്രൊഫൈൽ സമ്പുഷ്ടമാക്കുന്നതിനും കരിയർ കൗൺസലിംഗിനും വേണ്ടിയുള്ള സംവിധാനം DWMS-ൽ ഏകോപിപ്പിച്ചിട്ടുണ്ട്. തൊഴിൽദാതാക്കൾക്ക് ഉദ്യോഗാർത്ഥികളെക്കുറിച്ച് മുൻകൂർ അറിവ് ലഭിക്കുന്നതിന്, റോബോട്ടിക് ഇന്റർവ്യൂവിന്റെ ഒരു പ്രക്രിയയും DWMS പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചിരിക്കുന്നു. DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലന്വേഷകർക്കും ഇന്റർവ്യൂ ഗ്രൂമിംഗ് നല്കുന്നതിലേയ്ക്കായി സൗജന്യ Work Readiness പ്രോഗ്രാം തയ്യാറാക്കിയിട്ടുണ്ട്. നൈപുണ്യവികസനത്തിനും ഗ്രൂമിംഗിനുംവേണ്ടി കുടുംബശ്രീ, സർവകലാശാലകളും ഉന്നതവിദ്യാഭാസ സ്ഥാപനങ്ങളും, അസാപ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ്

ഇൻഫർമേഷൻ ടെക്നോളജി (NIELIT), വനിതാ വികസന കോർപ്പറേഷൻ എന്നിവ ഉൾപ്പെടെയുള്ള ഏജൻസികളെ DWMS പ്ലാറ്റ്ഫോമിലേയ്ക്ക് ബന്ധിപ്പിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ ഇംഗ്ലീഷ് പ്രാവീണ്യ നിലവാരം അറിയാനും കഴിവുകൾ വേഗത്തിൽ വിലയിരുത്തുന്നതിനുവേണ്ടിയും കോമൺ യൂറോപ്യൻ ഫ്രെയിംവർക്ക് ഓഫ് റഫറൻസ് (സി.ഇ.എഫ്.ആർ) സ്കെയിൽ ആസ്പദമാക്കിയുള്ള ബ്രിട്ടീഷ് കൗൺസിൽ രൂപകൽപ്പന ചെയ്ത 'ഇംഗ്ലീഷ് സ്കോർ' പരീക്ഷ സംവിധാനവും DWMS-ൽ ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ അന്വേഷകരുടെയും തൊഴിൽദായകരുടെയും വിവരങ്ങൾ ഏകോപിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും അനുയോജ്യമായ വിധത്തിൽ DWMS പ്ലാറ്റ്ഫോമിന്റെ ഒന്നാംഘട്ടം ഡിജിറ്റൽ സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്. രണ്ടാംഘട്ടത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിനെ മൊബൈൽ ആപ്ലിക്കേഷനായി മാറ്റുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. തൊഴിലന്വേഷകരെ കണ്ടെത്തുന്നതിനും DWMS-ൽ രജിസ്റ്റർ ചെയ്യുന്നതിന് അവരെ പിന്തുണയ്ക്കുന്നതിനുമുള്ള

കമ്മ്യൂണിറ്റി കേന്ദ്രീകൃത പ്രചാരണമായ 'എന്റെ തൊഴിൽ എന്റെ അഭിമാനം' എന്ന പദ്ധതിക്കുശേഷം, കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ തൊഴിൽ ക്ലബ് അംഗങ്ങളായിട്ടുള്ളവർക്കും പുതുതായി DWMS-ൽ രജിസ്റ്റർ ചെയ്യുന്നവർക്കും തദ്ദേശഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന പ്രത്യേക തൊഴിൽ പദ്ധതിയാണ് 'എന്റെ തൊഴിൽ എന്റെ അഭിമാനം 2.0'. തൊഴിൽദാതാക്കളായ മോൺസ്റ്റർ (പുതിയ പേര് ഫൗണ്ട് ഇറ്റ്), സി.ഐ.ഐ. എന്നിവയേയും ഫ്രീലാൻസ് പ്രോജക്ട് ജോലികൾ ലഭ്യമാക്കുന്ന ഫ്രീലാൻസർ, അവൈൻ തുടങ്ങിയ പ്ലാറ്റ്ഫോമുകളേയും ബന്ധിപ്പിച്ച് പ്ലാറ്റ്ഫോം ഓഫ് പ്ലാറ്റ്ഫോംസ് എന്ന സംവിധാനം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. തൊഴിൽ സാഹചര്യങ്ങളിൽവന്ന മാറ്റത്തിനനുസരിച്ച് നമ്മുടെ തൊഴിൽസംസ്കാരത്തെ മാറ്റിയെടുക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് പുറത്തുവരുന്ന വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്ന ക്യാമ്പയിനാണ് കണക്ട് കരിയർ ടു ക്യാംപസ് (CCC). 'കണക്ട് കരിയർ ടു ക്യാമ്പസ് –

2022'പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 914 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 1,49,000-ത്തിലധികം വിദ്യാർത്ഥികൾ DWMS-ൽ രജിസ്റ്റർ ചെയ്യുകയും വിവിധ തരത്തിലുള്ള പരിശീലനങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്തു. കേരളത്തിലുള്ള എല്ലാ ഗവൺമെന്റ്, എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ് കോളേജുകളെയും CCC-യുടെ ഭാഗമാക്കികൊണ്ട് കണക്ട് കരിയർ ടു ക്യാമ്പസ് – 2023 പദ്ധതിയുടെ ഉദ്ഘാടനം നടത്തിയിട്ടുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിന് നൈപുണ്യവികസന പരിശീലനം നൽകി വൈജ്ഞാനിക തൊഴിൽ മേഖലയിലേയ്ക്ക് എത്തിക്കുവാനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം, ട്രാൻസ്ജൻഡർ, മത്സ്യബന്ധന സമൂഹം, ഭിന്നശേഷി വിഭാഗം എന്നിവർക്കായി അഞ്ച് ഡൈവേഴ്സിറ്റി ഇൻക്ലൂഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തവും കരിയർ വിടവ് വന്ന സ്ത്രീകൾക്ക് പ്രത്യേക പിന്തുണാ സംവിധാനവും ലക്ഷ്യമാക്കി KKEM നടപ്പിലാക്കിയ പദ്ധതിയാണ് 'തൊഴിലരങ്ങത്തേക്ക്'. ഇതിന്റെ ആദ്യഘട്ടത്തിൽ 60 ദിവസങ്ങൾകൊണ്ട് 1500 പേർക്ക് ഓഫർ ലെറ്റർ കൈമാറിയിരുന്നു.

തൊഴിലരങ്ങത്തേക്ക് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ നോളേജ് മിഷൻ ആരംഭിച്ചിട്ടുണ്ട്.

**സി-ഡിറ്റിനെ വിഭജിച്ച് കമ്പനി രൂപീകരിക്കാൻ നടപടി**

72(2205) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിനെ വിഭജിച്ച് കമ്പനി രൂപീകരിക്കാനുള്ള ശ്രമങ്ങളിൽ ആശങ്ക രേഖപ്പെടുത്തികൊണ്ട് സി-ഡിറ്റ് എംപ്ലോയീസ് ഓർഗനൈസേഷൻ 18-10-2022-ലെ സി.ഇ.ഒ./2022/6 നമ്പർ കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കത്തിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

(എ&ബി) 18-10-2022-ൽ സി-ഡിറ്റ് എംപ്ലോയീസ് ഓർഗനൈസേഷൻ സമർപ്പിച്ച കത്തിന് സി-ഡിറ്റ് രജിസ്ട്രാർ, ഓർഗനൈസേഷൻ പ്രസിഡന്റിന് 28-03-2023-ന് മറുപടി നൽകിയിട്ടുണ്ട്.

(സി) കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയ വ്യക്തികൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. സി-ഡിറ്റാണ് ഡി.പി.ആർ. തയ്യാറാക്കിയത്.

(ഡി) ഡി.പി.ആർ. തയ്യാറാക്കാൻ ഏതെങ്കിലും സ്ഥാപനത്തിന്റെയോ വിദഗ്ദ്ധരുടെയോ സഹായം തേടിയിരുന്നോ; ഉണ്ടെങ്കിൽ അതിന്റെ ഉത്തരവ് ലഭ്യമാക്കുമോ?

ഉണ്ട്. ഡോ. ബൈജു രാമചന്ദ്രൻ, FCS-നെ കമ്പനിയുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ തയ്യാറാക്കാനും രജിസ്ട്രേഷനിൽ സഹായിക്കാനും ഡി.പി.ആർ. പരിശോധിച്ച് നൽകാനും 02-09-2022, 17-10-2022 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം ചുമതലപ്പെടുത്തിയിരുന്നു (കത്തുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)+.

(ഇ) ഡി.പി.ആർ. തയ്യാറാക്കാൻ സി-ഡിറ്റിലെ ഉന്നത ഉദ്യോഗസ്ഥരുടെ കമ്മിറ്റി രൂപീകരിച്ചിരുന്നോ; എങ്കിൽ ഉത്തരവ് ലഭ്യമാക്കുമോ?

ഇല്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കെ-ഫോൺ പ്രവർത്തന പുരോഗതി**

73(2206) **ശ്രീ. കെ. വി. സുമേഷ്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോണിന്റെ രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കാമോ?

കെ-ഫോൺ പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കൂടുതൽ കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ലോക്കൽ നെറ്റ്‌വർക്ക് പ്രൊവൈഡർമാരുടെ താൽപ്പര്യം ക്ഷണിക്കുകയും 2813 ഓപ്പറേറ്റർമാർ (22-08-2023 വരെ) താൽപ്പര്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 686 ഓപ്പറേറ്റർമാരുമായി കെ-ഫോൺ ലിമിറ്റഡ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ, ഒരു നിയമസഭാ മണ്ഡലത്തിൽനിന്നും 500 കടുംബങ്ങൾ എന്ന കണക്കിൽ അർഹരായ 70000 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി

കെ-ഫോൺ കണക്ഷൻ നൽകുന്നതിന് 2 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 4051 കുടുംബങ്ങൾക്ക് നിലവിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) ബി.പി.എൽ. അല്ലാത്ത കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഫൈബർ ടു ഹോം കണക്ഷൻ നൽകുന്നതിനായുള്ള താരിഫ് പ്ലാനുകൾ അവതരിപ്പിച്ചിട്ടുണ്ട്. കെ-ഫോൺ കണക്ഷൻ കൈകാര്യം ചെയ്യുന്നതിന് സൗകര്യമൊരുക്കുന്നതിനായി എന്റെ KFON (enteKFON) എന്ന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിലും iOS ആപ്പ് സ്റ്റോറിലും ലഭ്യമാണ്. ആപ്ലിക്കേഷനിലൂടെ വരിക്കാർക്ക് അവരുടെ കെ-ഫോൺ അക്കൗണ്ട് വീക്ഷിക്കാനും താരിഫ്

പ്ലാൻ തെരഞ്ഞെടുക്കാനും സാധിക്കും. ആപ്ലിക്കേഷൻ മുഖേന രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കളെ ബന്ധപ്പെട്ട് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്.

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

74(2207) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ചികിത്സാ ധനസഹായമായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ലകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എൻഡോസൾഫാൻ ബാധിതരെ കണ്ടെത്താൻ മെഡിക്കൽ ക്യാമ്പ്

75(2208) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട്ടെ എൻഡോസൾഫാൻ ബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ എൻഡോസൾഫാൻ പീഡിതമുന്നണി പ്രതിനിധികളുമായി മുഖ്യമന്ത്രി അവസാനമായി ചർച്ച നടത്തിയത് എപ്പോൾ എവിടെവെച്ചായിരുന്നുവെന്ന് അറിയിക്കുമോ?

പീഡിതമുന്നണി പ്രതിനിധികളുമായി മുഖ്യമന്ത്രി തലത്തിൽ അവസാനമായി ചർച്ച നടത്തിയത് 03-02-2016-ലാണ്. ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ വച്ചാണ് ചർച്ച നടത്തിയത്.

(ബി) പ്രസ്തുത ചർച്ചയിൽ ആരെല്ലാം പങ്കെടുത്തുവെന്നും തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

(ബി & സി) കാസർഗോട്ടെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രതിനിധികളുമായി മുൻ മുഖ്യമന്ത്രി 03-02-2016-ൽ നടത്തിയ ചർച്ചയുടെ മിനിട്ട്സ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.+

(ഡി) പ്രസ്തുത തീരുമാനങ്ങളിൽ നടപ്പിലാക്കിയവയും നടപ്പാക്കാത്തവയുമായ തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്തതിനുള്ള കാരണം വിശദമാക്കാമോ?

(ഡി & ഇ) വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.+

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

76(2209) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി 2011 മേയ് മുതൽ 2016 ജൂൺ വരെയുള്ള കാലയളവിൽ എത്ര പേർക്ക് ചികിത്സാ സഹായം നൽകിയെന്നും എത്ര തുക പ്രസ്തുത ഇനത്തിൽ ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മേൽ സൂചിപ്പിച്ച പദ്ധതിയിൽനിന്നും ചികിത്സാ സഹായമല്ലാതെ എത്ര തുക ചെലവായിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും തരംതിരിച്ച് വിശദമാക്കാമോ?

(എ&ബി) 18-5-2011 മുതൽ 24-5-2016 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സ ധനസഹായമായി 808,78,08,191 രൂപ (എണ്ണൂറ്റി എട്ട് കോടി എഴുപത്തിയെട്ട് ലക്ഷത്തി എണ്ണായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ചികിത്സ സഹായമല്ലാതെ അനുവദിച്ച തുക എല്ലാ ജില്ലകളുടെയും തരം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2016 മെയ് മുതൽ ഇതുവരെയുള്ള കാലയളവിൽ എത്ര പേർക്ക് ചികിത്സാ സഹായം നൽകിയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2016 മെയ് മുതൽ ഇതുവരെയുള്ള കാലയളവിൽ 7,07,787 പേർക്ക് ചികിത്സാ സഹായം നൽകിയിട്ടുണ്ട്.

**സിൽവർ ലൈൻ പദ്ധതി**

77(2210) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സിൽവർ ലൈൻ പദ്ധതിക്ക് പകരമായി അതിവേഗ റെയിൽപാത സംബന്ധിച്ച് ഇ. ശ്രീധരൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കെ-റെയിലിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നത്. ഇ. ശ്രീധരൻ സമർപ്പിച്ച ശിപാർശ പരിശോധിക്കുന്നതാണ്.

**സുൽത്താൻ കനാലിന്റെ തകർന്ന പാർശ്വഭിത്തി നിർമ്മാണം**

78(2211) <u>ശ്രീ. എം.വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ സുൽത്താൻ കനാലിന്റെ തകർന്ന പാർശ്വഭിത്തി പുനർനിർമ്മിക്കുന്നതിന് ഇൻലാൻഡ് ആൻഡ് നാവിഗേഷൻ വകുപ്പ് മുഖേന 5.8 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

സുൽത്താൻ കനാലിന്റെ പാർശ്വഭിത്തി നിർമ്മാണത്തിനായുള്ള രൂപരേഖ (ഡിസൈൻ) തയ്യാറാക്കുന്നതിനായി മണ്ണ് പര്യവേഷണ റിപ്പോർട്ട് ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് (IDRB)-ന് നൽകിയിട്ടുണ്ട്. കൂടാതെ LBS Centre for Science and Technology -യുമായും ബന്ധപ്പെട്ട് എത്രയുംവേഗം ഡിസൈൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾകൂടി പൂർത്തീകരിച്ചാൽ മാത്രമെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**തീരദേശ പരിപാലന പ്ലാനിന്റെ അംഗീകാരം**

79(2212) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ കേന്ദ്ര പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. നടപടികൾ ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിരുന്നു. അതനുസരിച്ച് തയ്യാറാക്കിയ കരട് മാപ്പ് പ്രസിദ്ധീകരിക്കുകയും കരട് മാപ്പിന്മേൽ അഭിപ്രായങ്ങളും പരാതികളും അറിയിക്കുന്നതിനായി 10 തീരദേശ ജില്ലകളിൽ പബ്ലിക് ഹിയറിംഗ് നടത്തുകയും ചെയ്തു. പബ്ലിക് ഹിയറിംഗിൽ ലഭ്യമായ പരാതികളും/നിർദ്ദേശങ്ങളും പരിശോധിച്ച്

വിലയിരുത്തി ആവശ്യമായ കേസുകളിൽ തിരുത്തലുകൾ നിർദ്ദേശിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അപ്രകാരം കണ്ടെത്തുന്ന തിരുത്തലുകൾ കരട് മാപ്പിൽ വരുത്തുന്നതിനായി ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന് (NCESS) കൈമാറുകയും തിരുത്തലുകൾ വരുത്തിയശേഷം വീണ്ടും പരിശോധിച്ച് വിലയിരുത്തി സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടുകൂടി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുമാണ് ഇനി ചെയ്യാനുള്ളത്.

**വർക്കല മണ്ഡലത്തിലെ ഇൻലാൻഡ് നാവിഗേഷൻ പ്രവൃത്തികൾ**

80(2213) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ ഇൻലാന്റ് നാവിഗേഷൻ മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ വിശദമാക്കാമോ?

വർക്കല മണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | വെട്ടൂർ പഞ്ചായത്തിൽ ചെ. 43.78 കി.മീ. മുതൽ ചെ. 46.00 കി.മീ. വരെ ടി.എസ്. കനാൽ വികസനം | 10 കോടി | പൂർത്തീകരിച്ചു |
| 2. | ടി.എസ്. കനാലിന് കുറുകെ ചെ. 46.22 കി.മീ. ൽ സൂപ്പർ പാസ്സേജിന് പകരമായി കനാൽ ഡ്രോപ്പ് നിർമ്മാണം | 47 ലക്ഷം | താഴെ വെട്ടൂരുള്ള താൽക്കാലിക നടപ്പാത നിർമ്മാണം പൂർത്തീകരിച്ചാൽ മാത്രമേ പ്രവൃത്തി തുടങ്ങാൻ സാധിക്കുകയുള്ളൂ. |
| 3. | ശിവഗിരി ടണലിന്റെ ക്ലീനിംഗ് പ്രവൃത്തികൾ | 99.96 ലക്ഷം | 48 % പൂർത്തീകരിച്ചു. |
| 4. | ടി.എസ്. കനാലിനു കുറുകെ ചെ. 46.30-ൽ താത്ക്കാലിക നടപ്പാലം നിർമ്മാണം | 15 ലക്ഷം | 15% പൂർത്തീകരിച്ചു. |
| 5. | വെട്ടൂർ പഞ്ചായത്തിൽ ടി.എസ്. കനാലിന്റെ വലതു ഭാഗത്തുള്ള റാത്തിക്കൽ ജുമാ മസ്ജിദിന് മുൻഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മാണം | 149.70 ലക്ഷം | പൂർത്തീകരിച്ചു. |
| 6. | വെട്ടൂർ പഞ്ചായത്തിൽ അരിവാളത്ത് ബോട്ടുജെട്ടി നിർമ്മാണം | 27 ലക്ഷം | 68 % പൂർത്തീകരിച്ചു. |
| 7. | വള്ളക്കടവിൽ ബോട്ടുജെട്ടി നിർമ്മാണം | 39 ലക്ഷം | പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്. |
| 8. | റാത്തിക്കൽ ജുമാമസ്ജിദിന് മുൻഭാഗത്ത് ഓട നിർമ്മാണം | 95 ലക്ഷം | 17 % പൂർത്തീകരിച്ചു. |
| 9. | റാത്തിക്കൽ ജുമാ മസ്ജിദിന് മുൻവശം കനാലിന്റെ വലതുഭാഗത്ത് | 1.60 കോടി | പ്രവൃത്തി ആരംഭിച്ചു. |

| | | | |
|---|---|---|---|
| | കൗണ്ടർ ഫോർട്ട് പാർശ്വഭിത്തി നിർമ്മാണം | | |
| 10. | ടി.എസ്. കനാലിന്റെ വലതുഭാഗത്ത് താഴെ വെട്ടൂർ മസ്ജിദിന് സമീപം ആർ.സി.സി. ക്യാന്റി ലിവർ പാർശ്വഭിത്തി നിർമ്മാണം | 1.93 കോടി | പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറി. |

## നീലേശ്വരം-ബേക്കൽ ജലപാത

81(2214) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ ഭാഗമായുള്ള നീലേശ്വരം-ബേക്കൽ ജലപാത നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ജലപാതാ വികസനത്തിനായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ)-ന്റെ നേതൃത്വത്തിൽ ഡ്രോൺ സർവ്വേ നടത്തി നീലേശ്വരം പുഴയേയും ചിത്താരി പുഴയേയും ബന്ധിപ്പിച്ചുകൊണ്ട് കനാൽ നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ട്. കനാലിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിന് വാട്ടർ ബാലൻസ് & മോഡൽ സ്റ്റഡി

പൂർത്തിയാക്കി. നമ്പ്യാർക്കലിൽ ഡൈവേർഷൻ കനാലിനായി 3.23 ഏക്കർ ഭൂമിയും നീലേശ്വരം ചിത്താരി പുഴകളെ ബന്ധിപ്പിക്കുന്ന കൃത്രിമ കനാലിനായി 105.88 ഏക്കർ ഭൂമിയും ഏറ്റെടുക്കുന്നതിനായി കിഫ്ബി-യിൽ നിന്നും 178.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായി എൽ.എ. തഹസീൽദാരെ നിയമിക്കുകയും ബല്ല ഒഴികെയുള്ള വില്ലേജുകളിൽ LARR Act, 2013-ന്റെ 6(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇരുപുഴകളിലുമായി നിലവിലുള്ള ഉയരം കുറഞ്ഞ പാലങ്ങൾ പുതുക്കിപണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തികരിച്ച് രൂപരേഖ (ഡിസൈൻ) തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഡിസൈൻ ലഭ്യമായ അരയി-കോട്ടക്കടവ് ഉക്കുപാലം പൊളിച്ചു പണിയാൻ തുടങ്ങിയിട്ടുണ്ട്.

(ബി) പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട ഭൂമി സംബന്ധിച്ചും ആയതിന് നൽകുന്ന നഷ്ടപരിഹാര തുക സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നമ്പ്യാർക്കൽ ഡൈവേർഷൻ കനാൽ നിർമ്മിക്കുന്നതിനായി കാഞ്ഞങ്ങാട് വില്ലേജിൽ 3.23 ഏക്കർ ഭൂമിയും നീലേശ്വരം-ചിത്താരി പുഴകളെ ബന്ധിപ്പിക്കുന്ന കൃത്രിമ കനാലിനായി ഹോസ്ദുർഗ്ഗ്, ബല്ല, അജാനൂർ വില്ലേജുകളിലായി 105.88 ഏക്കർ ഭൂമിയുമാണ് ഏറ്റെടുക്കേണ്ടത്. സ്ഥലം ഏറ്റെടുക്കുന്നതിനായി കിഫ്ബിയിൽ നിന്നും 178.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിനായി LARR Act, 2013-ന്റെ 6(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത് പൂർത്തിയായതിനുശേഷം മാത്രമേ നഷ്ടപരിഹാര തുക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) പ്രസ്തുത പാത വരുന്നതോടെ എന്തൊക്കെ നേട്ടങ്ങളാണ് പ്രദേശത്ത് ഉണ്ടാകുന്നതെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെയുള്ള ജലപാത പദ്ധതിയുടെ ഭാഗമായാണ് കാസർഗോഡ് ജില്ലയിൽ നീലേശ്വരം - ബേക്കൽ ജലപാത വികസിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി ക്വിൽ നടത്തിയ പഠന

റിപ്പോർട്ട് പ്രകാരം റോഡ് വഴിയുള്ള ചരക്കുഗതാഗതം ഗണ്യമായി കുറച്ച് ജലപാത വഴിയാക്കുന്നതുമൂലം റോഡിലെ തിരക്ക് ഒഴിവാക്കുന്നതിനും, ഇന്ധനം ലാഭിക്കുന്നതിനും, കാർബൺ മലിനീകരണം കുറയ്ക്കുന്നതിനും സാധിക്കും. ഇതുമൂലം ഏറ്റവും കൂടുതൽ ഉണർവുണ്ടാകുന്നത് ടൂറിസം മേഖലയിലായിരിക്കും. ഹൗസ് ബോട്ടുകൾക്ക് പുതിയ പാത ലഭ്യമാവുകയും പ്രദേശത്തിന്റെ മൊത്തം സാമ്പത്തികാവസ്ഥ മെച്ചപ്പെടുകയും ചെയ്യും. കൂടാതെ കൃത്രിമ കനാലിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതുമൂലം കനാൽ പ്രദേശങ്ങളിൽ ഭാവിയിൽ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനും സാധിക്കും.

### പ്രവാസി പെൻഷൻ

82(2215) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

- സാന്ത്വന (പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയ സാമ്പത്തികവും, ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങൾക്കായുള്ള ധനസഹായ പദ്ധതി)
- നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് - NDPREM (തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി)
- പ്രവാസി ഭദ്രത (തിരിച്ചെത്തുന്ന പ്രവാസികളുടെ ഏകോപന പുന-സംയോജന പദ്ധതി)
- പ്രവാസി മലയാളികൾക്കുള്ള നൈപുണ്യ വികസന – തുടർ സംയോജിത പരിശീലന പരിപാടി
- തൊഴിൽ പോർട്ടൽ
- നോർക്ക വാണിജ്യ സൗകര്യ കേന്ദ്രം

- വിപണി ഗവേഷണം, സ്കില്ലിംഗ്, പ്രീ റിക്രൂട്ട്മെന്റ്, റിക്രൂട്ട്മെന്റ്, പോസ്റ്റ് റിക്രൂട്ട്മെന്റ് സേവനങ്ങൾ എന്നിവയ്ക്കുള്ള പുതിയ സംരംഭം
- നോർക്ക റൂട്ട്സ് ആസ്ഥാനവും മറ്റ് അനുബന്ധ ഓഫീസുകളും ശക്തിപ്പെടുത്തുക
- 24 മണിക്കൂർ ഹെൽപ് ലൈൻ/കാൾ സെന്റർ, എൻ.ആർ.കെ. പ്രശ്ന പരിഹാര സെൽ
- പ്രവാസി നിയമ സഹായ സമിതി (PLAC)
- നിയമപരമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് തുടങ്ങിയവയെക്കുറിച്ചുള്ള ബോധവത്ക്കരണ പരിപാടികൾ
- എയർപോർട്ടിൽ അടിയന്തര ആംബുലൻസ് സഹായം.
- എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്
- ലോക കേരള സഭ
- ലോക കേരള കേന്ദ്രം
- നോർക്ക റൂട്ട്സ് സ്കോളർഷിപ്പ് പദ്ധതി
- പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം

**<u>നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ</u>**

- നോർക്ക ശുഭയാത്ര
- നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME)

**<u>കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

- പെൻഷൻ/കുടുംബപെൻഷൻ/ അവശതാ പെൻഷൻ
- മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം
- ഗുരുതര രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം
- അംഗങ്ങളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം
- വനിതാ അംഗങ്ങൾക്കുള്ള പ്രസവാനുകൂല്യം
- അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം
- പ്രവാസി ഡിവിഡന്റ് സ്കീം
- പ്രവാസി ഭവന പദ്ധതി

(ബി) പ്രസ്തുത കാലയളവിൽ എത്ര പേർക്ക് പുതുതായി പ്രവാസി പെൻഷൻ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 22970 പേർക്ക് പുതുതായി പ്രവാസി ക്ഷേമ പെൻഷൻ അനുവദിച്ചിട്ടുണ്ട്.

**നോർക്ക റൂട്ട്സ് മുഖേന പ്രവാസികൾക്ക് നൽകുന്ന സേവനങ്ങൾ**

83(2216) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോർക്ക റൂട്ട്സ് മുഖേന പ്രവാസികൾക്ക് നൽകി വരുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രവാസികൾക്ക് പുതിയതായി സേവനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) നോർക്ക റൂട്ട്സ് മുഖേന പ്രവാസികൾക്ക് നൽകി വരുന്ന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ലോക കേരളസഭയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടികൾ**

84(2217) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് വലിയ അവസരങ്ങൾ പ്രദാനം ചെയ്ത ലോക കേരളസഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ലോക കേരളസഭ, പ്രവാസികളുടെ പങ്കാളിത്തം വർദ്ധിപ്പിച്ച് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ലോക കേരളസഭാ സമ്മേളനങ്ങൾക്ക് പുറമേ മേഖലാ സമ്മേളനങ്ങളും സംഘടിപ്പിച്ചുവരുന്നു. നിലവിൽ 3 മേഖലാ സമ്മേളനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ലോക കേരളസഭ സമ്മേളനങ്ങളിൽ പ്രവാസി പ്രതിനിധികൾ സമർപ്പിക്കുന്ന ശിപാർശകളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ പ്രായോഗികത വിലയിരുത്തുന്നു. അതിനുശേഷം നടപ്പാക്കാൻ സാധ്യമായ ശിപാർശകൾ തെരഞ്ഞെടുക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും അതത് വകുപ്പുകളിൽ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ലോക കേരളസഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ലോക കേരളസഭ സെക്രട്ടേറിയറ്റിൽ ഡയറക്ടറെ നിയമിച്ചിട്ടുണ്ട്.

(ബി) പ്രവാസികളുടെ കാതലായ പ്രശ്നങ്ങൾ പരിഹരിക്കാൻ ലോക കേരളസഭയിലൂടെ എന്തൊക്കെ പുതിയ പരിപാടികൾ ആവിഷ്ക്കരിക്കുമെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ലോകകേരളസഭയുടെ ആഭിമുഖ്യത്തിൽ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ കേരള ഹൗസുകളും സാംസ്കാരിക കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള വേദിയായിട്ടല്ല ലോക കേരളസഭ വിഭാവനം ചെയ്തിട്ടുള്ളത്. ലോക കേരളസഭയുടെ രൂപീകരണത്തിലൂടെ പ്രവാസികളുടെയും കേരളത്തിന്റെയും സർവതോമുഖമായ ഉന്നതിയാണ് ലക്ഷ്യമിടുന്നത്. പ്രവാസികളെ സംബന്ധിക്കുന്നതും കേരള വികസനവുമായി ബന്ധപ്പെട്ടതുമായ വിഷയങ്ങൾ ചർച്ച ചെയ്ത് അംഗങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുക എന്നതാണ് ലോക കേരളസഭയുടെ പ്രാഥമികമായ കർത്തവ്യം. കൂടാതെ സർക്കാരിൽ സമർപ്പിച്ച

നിർദ്ദേശങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു. ഇന്ത്യയിൽ മലയാളികളുടെ സാന്നിധ്യം കൂടുതലുള്ള സംസ്ഥാനങ്ങളിൽ കേരള ഹൗസുകൾ ഇതിനകംതന്നെ ടൂറിസം വകുപ്പുവഴി സ്ഥാപിച്ചിട്ടുണ്ട്. ലോക കേരളസഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഇത്തരം പരിപാടികൾ ഉൾക്കൊള്ളുന്നില്ല എന്നതിനാൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

## പത്രം ഓഫീസ് റെയ്ഡ്

85(2218) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപ കാലത്ത് പത്രപ്രവർത്തകർക്കെതിരെ രജിസ്റ്റർ ചെയ്ത പോലീസ് കേസിനെ തുടർന്ന് പത്ര ഓഫീസുകൾ റെയ്ഡ് ചെയ്തിരുന്നോ;

(ബി) പ്രസ്തുത റെയ്ഡുകളിൽ ജീവനക്കാരുടെയും ഓഫീസിലെയും മൊബൈൽ ഫോണുകൾ, കമ്പ്യൂട്ടറുകൾ എന്നിവ പിടിച്ചെടുത്തിട്ടുണ്ടോ;

(സി) മാധ്യമപ്രവർത്തകരുടെ ഫോൺ പിടിച്ചെടുത്തത് നടപടിക്രമങ്ങൾ പാലിച്ചായിരുന്നോ; ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ

പരാമർശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ-സി) പത്ര ഓഫീസുകൾ റെയ്ഡ് ചെയ്യുകയോ ജീവനക്കാരുടെ മൊബൈൽ ഫോൺ പിടിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

**മൈക്ക് സെറ്റ് തകരാറിന് കേസ്സെടുത്ത നടപടി**

86(2219) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി സംസാരിക്കുന്നതിനിടയിൽ മൈക്കിൽ നിന്നും ഹൗളിംഗ് വന്നതിനെത്തുടർന്ന് തിരുവനന്തപുരത്ത് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആരുടെ പരാതി/നിർദ്ദേശ പ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തെത്തുടർന്ന് മൈക്ക് ഉടമയോട് മൈക്ക് സെറ്റും അനുബന്ധ ഉപകരണങ്ങളും പോലീസ് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) മൈക്ക് ഉടമ ഹാജരാക്കിയ മൈക്ക് സെറ്റും അനുബന്ധ ഉപകരണങ്ങളും പോലീസ് പരിശോധിച്ചിരുന്നോ; പരിശോധനയിൽ എന്തൊക്കെയാണ് കണ്ടെത്തിയതെന്ന് വിശദമാക്കാമോ;

(ഡി) കേസ് വിവാദമായതിനെത്തുടർന്ന് എഫ്.ഐ.ആർ. റദ്ദാക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

(എ-ഡി) സംരക്ഷിത വ്യക്തികൾ പങ്കെടുക്കുന്ന പൊതുചടങ്ങുകളിൽ ഉപയോഗിക്കുന്ന മൈക്ക് ചടങ്ങിന് മുമ്പ് മതിയായ സുരക്ഷാ പരിശോധനകൾക്ക് വിധേയമാക്കാറുണ്ട്. പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ ഉദ്യോഗസ്ഥർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഉദ്യോഗസ്ഥർ, പോലീസിലെ ബി.ഡി.ഡി.എസ്. യൂണിറ്റിലെ ഉദ്യോഗസ്ഥർ എന്നീ വിഭാഗങ്ങളാണ് ഇത്തരം സുരക്ഷാ പരിശോധനകൾ നടത്തുന്നത്. അത്തരം പരിശോധനകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. 24-07-2023-ന് നടന്ന ഉമ്മൻ ചാണ്ടി അനുസ്മരണ യോഗത്തിലും ഇത്തരം പരിശോധനകൾ നടത്തിയിട്ടുള്ളതാണ്. കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം.762/2023 പ്രകാരം പോലീസ് സ്വമേധയാ ഒരു

കേസ് രജിസ്റ്റർ ചെയ്തിരുന്നു. കേസിൽ ആരെയും പ്രതി ചേർത്തിരുന്നില്ല. സംഭവത്തിൽ പരിശോധന നടത്തി പ്രസ്തുത കേസ് Further Action Dropped ആയി അന്തിമ റിപ്പോർട്ട് ബഹു. കോടതിയിൽ പോലീസ് സമർപ്പിച്ചിട്ടുണ്ട്.

**ക്രിമിനൽ കേസുകളിൽ പ്രതികളായ അന്യസംസ്ഥാന തൊഴിലാളികൾ**

87(2220) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസുകളിൽ പ്രതികളായ അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് എത്തിച്ചേർന്ന് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നു എന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇതുതടയാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉണ്ട്. കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവരുടെ ക്രിമിനൽ പശ്ചാത്തലം മനസ്സിലാക്കുന്നതിന് ജില്ലാതലത്തിൽ സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായത്തോടെ ഇതരസംസ്ഥാന തൊഴിലാളികളെ നിരീക്ഷിച്ചുവരുന്നു. ICJS (Inter Operable Criminal Justice System) ഉപയോഗിച്ച് ഇതര സംസ്ഥാന

തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ചുവരുന്നു. ജനമൈത്രി ബീറ്റ് പോലീസ് ഉദ്യോഗസ്ഥർ ഇതരസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുകയും ക്രിമിനൽ സ്വഭാവമുള്ളവരെ പ്രത്യേകം നിരീക്ഷിച്ചുവരുകയും ചെയ്യുന്നു.

(ബി) ആലുവയിൽ പിഞ്ചുകുഞ്ഞിനെ ക്രൂരമായി ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിലും മലപ്പുറം ചേളാരിയിൽ നാല് വയസ്സുകാരിയെ പീഡിപ്പിച്ച കേസിന്റെ പശ്ചാത്തലത്തിലും അന്യസംസ്ഥാനങ്ങളിൽ നിന്നും ക്രിമിനൽ പശ്ചാത്തലമുള്ളവർ സംസ്ഥാനത്ത് എത്തി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് തടയാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഇതരസംസ്ഥാനങ്ങളിൽ നിന്നും മതിയായ രേഖകളില്ലാതെ കേരളത്തിലെത്തി ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ കർശനമായി നിരീക്ഷിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തുള്ള ഇതരസംസ്ഥാന തൊഴിലാളികളുടെ ഏറ്റവും പുതിയ കണക്കുകൾ

ശേഖരിക്കുന്നതിലേയ്ക്കും അവ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനുംവേണ്ടി 08-08-2023-ലെ 374/Camp/ADGP LO/2023 നമ്പർ പ്രകാരമുള്ള നിർദ്ദേശങ്ങൾ ADGP Law & Order ഓഫീസിൽ നിന്നും സോൺ ഐ.ജി.-മാർ, റേഞ്ച് ഡി.ഐ.ജി.-മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരികയാണ്. ടി നടപടികൾ പൂർത്തീകരിക്കുന്നതോടുകൂടി എത്ര ഇതരസംസ്ഥാന തൊഴിലാളികൾ നിലവിലുണ്ടെന്ന കണക്കുകൾ ലഭ്യമാകുന്നതാണ്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന അതിഥി തൊഴിലാളികളുടെ വിവരശേഖരണം പോലീസ് സ്റ്റേഷനുകൾ വഴി യഥാവിധം നടത്തി വരുന്നുണ്ടെങ്കിലും ക്രിമിനൽ പശ്ചാത്തലമുള്ളവരുടെയോ മറ്റ് സംസ്ഥാനങ്ങളിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് കേരളത്തിലെത്തുന്നവരുടെയോ വിവരങ്ങൾ ശേഖരിക്കുന്നതിന് പോലീസിന് പരിമിതികളുണ്ട്. ഓരോ പോലീസ് സ്റ്റേഷൻ അതിർത്തിയിലും തൊഴിൽദാതാക്കളോ, കോൺട്രാക്ടർമാരോ, വീട് വാടകയ്ക്ക് നൽകുന്നവരോ ഇപ്രകാരം താമസിക്കുന്ന തൊഴിലാളികളുടെ വിവരങ്ങൾ

പലപ്പോഴും കൃത്യമായി ശേഖരിച്ച് വയ്ക്കാത്തതിനാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണമോ വിവരശേഖരണമോ കൃത്യമായി തിട്ടപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. അതിനാൽ ഓരോ വർഷവും ലക്ഷക്കണക്കിന് തൊഴിലാളികൾ കേരളത്തിൽ വന്നുപോകുന്ന സാഹചര്യമുള്ളതിനാൽ ടിയാളുകളുടെ കൃത്യമായ വിവരശേഖരത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**പൗരത്വ സമരവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ**

88(2221) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൗരത്വ സമരവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത എത്ര കേസുകളിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട് ?

573 കേസുകളിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്.

(ബി) ചാർജ് ഷീറ്റ് സമർപ്പിച്ച എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്നും എത്ര കേസുകളാണ് റഫർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ചാർജ്ജ് ഷീറ്റ് സമർപ്പിച്ചതിൽ 69 കേസുകൾ പിൻവലിച്ചിട്ടുള്ളതും 249 കേസുകൾ റഫർ ചെയ്തിട്ടുള്ളതുമാണ്.

(സി) എത്ര കേസുകൾ കാലഹരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

രജിസ്റ്റർ ചെയ്ത് ചാർജ്ജ്ഷീറ്റ് സമർപ്പിച്ചിട്ടുള്ള കേസ്സുകളിലൊന്നും ~~തന്നെ~~ കാലഹരണപ്പെട്ടിട്ടില്ല.

**കാലടി പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.-യുടെ സർവ്വീസ് വിവരങ്ങൾ**

89(2222) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി പോലീസ് സ്റ്റേഷനിൽ എസ്.എച്ച്.ഒ. ആയി ജോലി നോക്കുന്ന ശ്രീ. എൻ. എ. ആനൂപ് ഏത് തസ്തികയിലാണ് പോലീസ് സർവ്വീസിൽ ചേർന്നതെന്നും ഏതെല്ലാം സ്റ്റേഷനുകളിലാണ് നാളിതുവരെയായി ജോലി നോക്കിയിട്ടുള്ളതെന്നും വിശദാംശം ലഭ്യമാക്കുമോ?

2007-ൽ സർവ്വീസിൽ പ്രവേശിച്ചു. നാളിതുവരെ സേവനമനുഷ്ഠിച്ച പോലീസ് സ്റ്റേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഗുരുവായൂർ ട്രാഫിക് - തൃശ്ശൂർ സിറ്റി

കുന്നത്തുനാട് - എറണാകുളം റൂറൽ

ആലുവ ട്രാഫിക് - എറണാകുളം റൂറൽ

അങ്കമാലി - എറണാകുളം റൂറൽ

നെടുമ്പാശ്ശേരി - എറണാകുളം റൂറൽ

കാലടി - എറണാകുളം റൂറൽ

വരാപ്പുഴ - എറണാകുളം റൂറൽ

ദേവികുളം - ഇടുക്കി

പമ്പ - പത്തനംതിട്ട

തോപ്പുംപടി - കൊച്ചി സിറ്റി

കുന്നംകുളം - കൊച്ചി സിറ്റി

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എത്ര പരാതികളാണ് നാളിതുവരെ വകുപ്പിൽ ലഭ്യമായിട്ടുള്ളത്; അതിൽ എത്രയെണ്ണമാണ് അന്വേഷണം പൂർത്തീകരിച്ചത്; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഓഫീസർക്കെതിരെ വകുപ്പുതല ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാകുമോ?

(ബി & സി) ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല.

(ഡി) പ്രസ്തുത ഓഫീസറുടെയും ആശ്രിതരുടെയും പേരിൽ സ്വത്ത് വിവര പട്ടികയിൽ സമർപ്പിച്ചിരിക്കുന്നതിലും കൂടുതൽ സ്വത്തുള്ളത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) യഥാർത്ഥ വിവരങ്ങൾ മറച്ച് പ്രസ്തുത ഓഫീസർ സ്വത്ത് വിവര സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അന്വേഷണം നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത ഉദ്യോഗസ്ഥൻ ഏത് കാലയളവ് വരെയുള്ള സ്വത്ത് വിവരമാണ് നൽകിയതെന്നും സ്വത്ത് വിവര കണക്ക് നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും വിശദമാക്കാമോ?

(ഡി - എഫ്) സർക്കാർ ജീവനക്കാരുടെ സ്വത്ത് വിവര പട്ടിക 2021 വരെ സീൽഡ് കവറിലാണ് സമർപ്പിച്ചുവന്നത്. അതുവരെയുള്ള വാർഷിക സ്വത്ത് വിവര പട്ടിക ഫിസിക്കലായി സമർപ്പിച്ചിട്ടുള്ളതായി അറിവായിട്ടുണ്ട്.

18-08-2021-ലെ സ.ഉ.(സാധാ)നം.3114/2021/പൊ.ഭ.വ. പ്രകാരം സർക്കാർ ജീവനക്കാരുടെ പ്രതിവർഷ സ്വത്ത് വിവര പട്ടിക സ്പാർക്ക് സോഫ്റ്റ്‌വെയർ മുഖേന ഡിജിറ്റലായാണ് സമർപ്പിച്ചുവരുന്നത്. എല്ലാ ജീവനക്കാരുടെയും പ്രസ്തുത പട്ടികകൾ പരിശോധിക്കേണ്ട സാഹചര്യമുണ്ടായിട്ടില്ല.

**ഗുരുവായൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ പിടികൂടി സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ**

90(2223) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ പോലീസ് പിടികൂടിയ എത്ര വാഹനങ്ങളുണ്ടെന്നും ആയത് എത്ര കാലമായെന്നും ഏതെല്ലാം തരത്തിലുള്ള വാഹനങ്ങളാണ് ഇത്തരത്തിൽ ഉപയോഗരഹിതമായി സൂക്ഷിച്ചിട്ടുള്ളതെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി കേസ്സുകളിലുൾപ്പെട്ട് 178 വാഹനങ്ങൾ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. അവ എത്ര കാലമായെന്നും ഏതെല്ലാം

തരത്തിലുള്ളവയാണെന്നും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) മേൽപ്പറഞ്ഞ വാഹനങ്ങളിൽ ലേലനടപടി പൂർത്തിയാകാത്തവയുടെ വിശദവിവരം ലഭ്യമാക്കാമോ?

പോലീസ് പിടികൂടിയ മേൽപ്പറഞ്ഞ 178 വാഹനങ്ങൾ വിവിധ കേസ്സുകളിൽ ഉൾപ്പെട്ടവയും ബഹു. കോടതി ഉത്തരവോടെ സൂക്ഷിക്കുന്നതിനായി പോലീസിനെ ചുമതലപ്പെടുത്തിയിട്ടുള്ളവയുമാണ്. ഇത്തരത്തിൽ കേസിലുൾപ്പെട്ട വാഹനങ്ങളിന്മേലുള്ള കോടതി നടപടികൾ പൂർത്തിയായാൽ മാത്രമേ ലേലം പോലുള്ള മറ്റ് തുടർ നിയമനടപടികൾ കൈകൊള്ളുവാൻ സാധിക്കുകയുള്ളു.

**യുവതീയുവാക്കളുടെ വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണത**

91(2224) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2018 വർഷം മുതൽ സംസ്ഥാനത്ത് 30 വയസ്സിൽ താഴെ പ്രായമുള്ള എത്ര യുവതീയുവാക്കൾ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ?

2018 വർഷം മുതൽ സംസ്ഥാനത്ത് 30 വയസ്സിൽ താഴെ പ്രായമുള്ള 6244 യുവാക്കളും 2471 യുവതികളും ആത്മഹത്യ ചെയ്തിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | 18-നും 30 വയസ്സിനും ഇടയിൽ ആത്മഹത്യ ചെയ്തവർ | |
|---|---|---|
| വർഷം | പുരുഷന്മാർ | സ്ത്രീകൾ |
| 2018 | 984 | 448 |
| 2019 | 983 | 423 |
| 2020 | 1020 | 436 |
| 2021 | 1238 | 462 |
| 2022 | 1244 | 431 |
| 2023 (23.08.2023 വരെ) | 775 | 271 |
| ആകെ | 6244 | 2471 |

(ബി) നിസാര കാരണങ്ങൾ കണ്ടെത്തി ആത്മഹത്യ ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത വിഷയത്തിൽ കൗൺസലിംഗ് പോലെയുള്ള നടപടികൾ കൂടുതൽ വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ആത്മഹത്യാ പ്രവണത നിയന്ത്രിക്കുന്നതിനായി ജില്ലകളിൽ വനിതാ സെല്ലിനോട് ചേർന്ന് Integrated Child Development Services (ICDS) സെന്ററുകളിൽ കൗൺസിലിംഗ് നൽകിവരുന്നുണ്ട്. കുട്ടികൾക്കായി ചിൽഡ്രൻസ് & പോലീസ് പ്രോജക്ട് പ്രകാരം മന:ശാസ്ത്രജ്ഞരുടെ പാനൽ രൂപീകരിച്ച് മാനസിക സമ്മർദ്ദം അനുഭവപ്പെടുന്ന കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് നൽകി വരുന്നുണ്ട്.

(ഡി) വാർഷിക ആത്മഹത്യാനിരക്കിൽ കേരളം എത്രാമതാണെന്ന് അറിയിക്കാമോ; ഇക്കാര്യത്തിലുള്ള ദേശീയ ശരാശരി കണക്കുകൾ വ്യക്തമാക്കാമോ?

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ വാർഷിക പ്രസിദ്ധീകരണമായ ആക്സിഡന്റൽ ഡെത്ത് & സൂയിസൈഡ് ഇൻ ഇന്ത്യയുടെ

കണക്കുകൾ പ്രകാരം വാർഷിക ആത്മഹത്യാ നിരക്കിൽ 2018, 2019, 2020, 2021 വർഷങ്ങളിൽ കേരളം അഞ്ചാം സ്ഥാനത്താണ്. ഇതേ കാലയളവിലെ ദേശീയ ശരാശരി യഥാക്രമം 10.2%, 10.4%, 11.3%, 12% ആണ്.

**മുതലപ്പൊഴി പ്രതിഷേധത്തിൽ രജിസ്റ്റർ ചെയ്ത കേസിന്റെ വിവരങ്ങൾ**

92(2225) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴിയിൽ അപകടമുണ്ടായ സ്ഥലത്ത് സന്ദർശനം നടത്തിയ മന്ത്രിമാർക്കെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ട്; ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തിട്ടുള്ളത്; പ്രതി ചേർക്കപ്പെട്ടിട്ടുള്ളവരുടെ പേരും വിശദാംശങ്ങളും പ്രസ്തുത കേസിന്റെ എഫ്.ഐ.ആർ.-ന്റെ പകർപ്പും ലഭ്യമാക്കുമോ;

(ബി) ലത്തീൻ അതിരൂപത വികാരി ജനറൽ യൂജിൻ എച്ച്. പെരേരയ്ക്കെതിരെ ഈ സംഭവത്തിൽ കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ എന്തു കുറ്റമാണ് അദ്ദേഹത്തിന്റെ പേരിൽ ചുമത്തിയിട്ടുള്ളതെന്നും ഇപ്രകാരം കേസ് രജിസ്റ്റർ ചെയ്യാനുള്ള കാരണവും വ്യക്തമാക്കുമോ;

(സി) ജനങ്ങളുടെ പ്രതിഷേധത്തിന്റെ പേരിൽ വൈദികൻ ഉൾപ്പടെയുള്ളവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത നടപടിയിൽ നിന്നും പിന്മാറുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ-സി) 2 കേസുകളിലായി ആകെ 24 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. കേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ F.I.R. അനുബന്ധമായി ചേർക്കുന്നു.+

**കേരള പോലീസിന്റെ അന്വേഷണ മികവിനുള്ള റേറ്റിംഗും കേസുകളുടെ എണ്ണവും**

93(2226) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ അന്വേഷണ മികവിന് റേറ്റിംഗ് നൽകാറുണ്ടോ; എങ്കിൽ 2011 മേയ് മുതൽ 2016 മെയ് വരെയുള്ള കാലയളവിലെ റേറ്റിംഗും 2016 മേയ് മുതൽ ഇതുവരെയുള്ള റേറ്റിംഗും പ്രത്യേകമായി നൽകാമോ;

(ബി) 2011 മേയ് മുതൽ 2016 മേയ് വരെയും 2016 മേയ് മുതൽ ഇതുവരെയുള്ള കാലയളവിലെയും രജിസ്റ്റർ ചെയ്യപ്പെട്ട കൊലപാതകം,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കവർച്ച, സ്ത്രീപീഡനം, ബലാൽസംഗം, പോക്സോ, ഗാർഹിക പീഡനം, ജാതീയ അതിക്രമം, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് എതിരെയുള്ള അക്രമണങ്ങൾ എന്നിവ തരംതിരിച്ച് നൽകാമോ?

(എ&ബി) കുറ്റകൃത്യങ്ങളിന്മേലുള്ള അന്വേഷണ മികവിന് കേരള പോലീസിലെ ഉദ്യോഗസ്ഥർക്ക് കേന്ദ്ര സംസ്ഥാന സർക്കാർ നൽകുന്ന മെഡലുകൾക്കുപുറമേ പോലീസ് വകുപ്പും വിവിധ തരത്തിലുള്ള അംഗീകാരങ്ങളും റിവാർഡുകളും നൽകിവരുന്നുണ്ട്. കേരള പോലീസിന്റെ അന്വേഷണ മികവിന് റേറ്റിംഗ് നൽകി വരുന്നില്ല. പോലീസിന്റെ പ്രവർത്തനങ്ങൾക്ക് 2011 മേയ് മുതൽ 2016 വരെ ലഭിച്ച അംഗീകാരങ്ങളുടെ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

*ചീഫ് മിനിസ്റ്റേഴ്സ് അവാർഡ് ഫോർ ഇന്നവേഷൻ ഇൻ പബ്ലിക്ക് പോളിസി

– 2012

* ഫിക്കി സ്മാർട്ട് പോലീസിംഗ് അവാർഡ് - 2016 ഫോർ ദി ഇന്നവേഷൻ ഓഫ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്.

2016 മേയ് മുതൽ നാളിതുവരെ സംസ്ഥാന പോലീസ് സേനയ്ക്ക് ലഭിച്ചിട്ടുള്ള അവാർഡുകളും അംഗീകാരങ്ങളും ചുവടെ ചേർക്കുന്നു.

· സംസ്ഥാനത്ത് ഐ.എസ്.ഒ. അംഗീകാരം ലഭിക്കുന്ന ആദ്യ എസ്.പി. ഓഫീസായി കൊല്ലം ജില്ലാ പോലീസ് ഓഫീസ് തെരഞ്ഞെടുക്കപ്പെട്ടു. ഓഫീസ് നിർവ്വഹണത്തിലെ മികവിനും ദൈനംദിന പ്രവർത്തനങ്ങളിൽ ഉയർന്ന നിലവാരം കാത്തുസൂക്ഷിക്കുന്നതിനുമാണ് ISO 9001-2017 സർട്ടിഫിക്കേഷൻ നൽകി വരുന്നത്.

· ഒരു സ്വതന്ത്ര സംഘടന നൽകുന്ന രാജ്യത്തെ ഏറ്റവും ഉയർന്ന അംഗീകാരമാണ് സ്കോച്ച് അവാർഡ്. 2019-ൽ കേരള പോലീസിലെ വിർച്വൽ ക്യൂ, ഇ-വി.ഐ.പി., വാട്ട്സ്ആപ്പ് സിസ്റ്റം എന്നീ പദ്ധതികൾക്കാണ് അവാർഡ് ലഭിച്ചത്. കേരളത്തിലെ മഹാപ്രളയത്തിൽ കാര്യക്ഷമമായി രക്ഷാപ്രവർത്തനങ്ങൾ നടത്തിയതിനാണ് (ജലരക്ഷ-2018) SKOCH GOLD അവാർഡ് കേരള പോലീസ് കരസ്ഥമാക്കിയത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ഹോപ്പ് പദ്ധതി, പിങ്ക് പോലീസ് പട്രോൾ എന്നിവയ്ക്ക് 2018-ലെ SKOCH ഓർഡർ ഓഫ് മെരിറ്റ് അവാർഡ് കരസ്ഥമാക്കി.

• 2016-ലെ Elets Digital India Knowledge Summit-ൽ ഏറ്റവും മികച്ച പദ്ധതികളിലൊന്നായി കേരള പോലീസ് സൈബർഡോം തെരഞ്ഞെടുക്കപ്പെട്ടു. കൂടാതെ 2018-ലെ SKOCH സിൽവർ അവാർഡ്, 2019-ൽ SKOCH ഓർഡർ ഓഫ് മെരിറ്റ് അവാർഡ്, ഐ.എസ്.എൽ.എ. (ഇൻഫർമേഷൻ സെക്യൂരിറ്റി ലീഡർഷിപ്പ് അവാർഡ്), 2018-ൽ കെ7-സെക്യൂരിറ്റി മെഡൽ ഓഫ് ഹോണർ അവാർഡ്, 2019-ലെ സിസോമാഗ് അവാർഡിലെ ഏറ്റവും മികച്ച ഡിജിറ്റൽ ഇനിഷ്യേറ്റീവ് അവാർഡ്, 2019-ലെ ബിസിനസ്സ് വേൾഡ് ഡിജിറ്റൽ ഇന്ത്യ അവാർഡ് എന്നിങ്ങനെ നിരവധി അംഗീകാരങ്ങൾ സൈബർഡോമിന് ലഭിച്ചിട്ടുണ്ട്.

• 2018-ൽ യു.എ.ഇ.-യിലെ ദുബായിൽ വച്ച് നടന്ന World Government Summit-ൽ യു.എൻ., യു.എസ്.എ. എന്നിവയുടെ ഗെയിമിംഗ് ആപ്പുകളെ പിന്നിലാക്കി ഏറ്റവും മികച്ച ഗതാഗത ബോധവൽക്കരണ ഗെയിം ആയി 'ട്രാഫിക് ഗുരു' എന്ന ഗെയിമിംഗ് ആപ്പ് തെരഞ്ഞെടുക്കപ്പെട്ടു.

• കേരള പോലീസ് നടപ്പിലാക്കിയ 'SOFT'പദ്ധതിക്ക് (Save Our Fellow Traveller), 2017-ലെ നഗരകാര്യമന്ത്രാലയം, ഭാരത സർക്കാർ ഏർപ്പെടുത്തിയ അവാർഡ് ലഭിച്ചു.

• ഇലെറ്റ്സ് ടെക്നോ മീഡിയ പ്രൈവറ്റ് ലിമിറ്റഡ് നൽകുന്ന ഇലെറ്റ്സ് അവാർഡ് ഓഫ് എക്സലൻസ് 2020 കേരള പോലീസ് സൈബർഡോം കരസ്ഥമാക്കി. ഇന്ത്യയിലെ ഏറ്റവും മികച്ച സൈബർ സുരക്ഷാ ഏജൻസി ആയി സൈബർഡോം തെരഞ്ഞെടുക്കപ്പെട്ടു.

• 2019-20-ൽ പാസ്സ്പോർട്ട് വെരിഫിക്കേഷൻ കൃത്യതയിലെ മികവിന് കേരള പോലീസിന് ദേശീയ അംഗീകാരം ലഭിക്കുകയുണ്ടായി. പാസ്സ്പോർട്ട് സേവാ ദിവസ് ആഘോഷത്തിന്റെ ഭാഗമായി പാസ്സ്പോർട്ട് വെരിഫിക്കേഷൻ നടത്തുന്നതിലെ പ്രവർത്തന മികവ് അടിസ്ഥാനമാക്കി കഴിഞ്ഞ വർഷവും കേരള പോലീസ് ഈ അവാർഡ് കരസ്ഥമാക്കി.

• സമൂഹ മാധ്യമവേദികളിൽ, സാമ്പ്രദായിക ബോധവൽക്കരണ പരിപാടികളിൽനിന്നും വിഭിന്നമായി കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെൽ നടത്തിവരുന്ന വേറിട്ട ബോധവൽക്കരണ പരിപാടികളും

സമ്പർക്ക പരിപാടികളും അടിസ്ഥാനമാക്കി സംസ്ഥാന ഗവൺമെന്റിന്റെ ഇ-ഗവേണൻസ് അവാർഡ് വിഭാഗത്തിൽ കേരള പോലീസിന്റെ സോഷ്യൽ മീഡിയാ സെല്ലിന് ഒന്നാം സമ്മാനം ലഭിക്കുകയുണ്ടായി.

• ഡിജിറ്റൽ പ്ലാറ്റ്ഫോം മുഖേന നടത്തുന്ന പോലീസ് സംരംഭങ്ങൾക്ക് കേരള പോലീസ് സൈബർഡോംമിന് സംസ്ഥാന സർക്കാരിന്റെ ഇ-ഗവേണൻസ് അവാർഡിന് അർഹമായി.

• കോവിഡ്-19 മഹാമാരി കാലത്ത് പ്രചോദനാത്മകവും പരിവർത്തനാത്മകവുമായ പ്രകടനം കാഴ്ചവച്ചതിന് കേരള പോലീസിന് സ്കോച്ച് അവാർഡ് ലഭിക്കുകയുണ്ടായി.

• നിയമനിർവ്വഹണ ഏജൻസികൾക്ക് കാര്യക്ഷമതാ പരിപോഷണത്തിനായി മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് കേരള പോലീസ് സൈബർഡോംമിന് 2020-ലെ ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എക്സലൻസ് അവാർഡ് ലഭിച്ചു.

• ജനകീയ പോലീസ് പദ്ധതികളോടൊപ്പം, ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ പദ്ധതിയും വിജയകരമായി നടപ്പിലാക്കിയതിന് കോഴിക്കോട്

സിറ്റിയിലെ കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷന് ISO 9001:2005 അംഗീകാരം ലഭിക്കുകയുണ്ടായി.

• പത്തനംതിട്ട ജില്ലയിൽ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ISO അംഗീകാരം ലഭിക്കുന്ന ആദ്യ സ്റ്റേഷനായി എരുമേലി പോലീസ് സ്റ്റേഷൻ മാറി.

• 2016-17-ൽ നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന ദക്ഷിണ മേഖലയിലെ ഏറ്റവും മികച്ച പരിശീലന കേന്ദ്രമായി തൃശ്ശൂരിലെ കേരള പോലീസ് അക്കാദമി തെരഞ്ഞെടുക്കപ്പെട്ടു. കേന്ദ്ര ആഭ്യന്തര മന്ത്രാലയമാണ് ഈ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്.

• കോപ്സ് ടുഡേ ഇന്റർനാഷണൽ എന്ന ജേണൽ ഏർപ്പെടുത്തിയ 2017-ലെ പോലീസ് എക്സലൻസ് അവാർഡ് ജനമൈത്രി പോലീസിന് ലഭിച്ചു.

• കേന്ദ്ര ആഭ്യന്തരമന്ത്രാലയം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2018-ലെ രാജ്യത്തെ ഏറ്റവും മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒന്നായി വളപട്ടണം പോലീസ് സ്റ്റേഷൻ തെരഞ്ഞെടുക്കപ്പെട്ടു.

· കേന്ദ്ര ആഭ്യന്തരമന്ത്രാലയം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2019-ലെ രാജ്യത്തെ ഏറ്റവും മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒന്നായി ഒല്ലൂർ പോലീസ് സ്റ്റേഷൻ തെരഞ്ഞെടുക്കപ്പെട്ടു.

· കേരള പോലീസിലെ 'കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ സെന്റർ', 'എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം' എന്നിവയ്ക്ക് സ്മാർട്ട് പോലീസിംഗിനുള്ള അംഗീകാരമായ FICCI അവാർഡ് ലഭിച്ചു.

· കേരള വനം, വന്യജീവി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വനമിത്ര അവാർഡ് കൊല്ലം കോസ്റ്റൽ പോലീസിന് ലഭിച്ചു.

· ക്രമസമാധാന പാലനം, കുറ്റകൃത്യനിയന്ത്രണം, വി.ഐ.പി. സുരക്ഷ എന്നീ മേഖലകളിലെ പ്രവർത്തന മികവിന് കണ്ണൂർ സിറ്റിയിലെ ചക്കരക്കൽ പോലീസ് സ്റ്റേഷന് ISO സർട്ടിഫിക്കറ്റ് ലഭിച്ചു.

· 2019-ലെ സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനുള്ള മുഖ്യമന്ത്രിയുടെ ട്രോഫി പത്തനംതിട്ട, മണ്ണുത്തി എന്നീ പോലീസ് സ്റ്റേഷനുകൾ പങ്കിട്ടു. രണ്ടാം സ്ഥാനം പാമ്പാടി പോലീസ് സ്റ്റേഷനും മൂന്നാം സ്ഥാനം തമ്പാനൂർ പോലീസ് സ്റ്റേഷനും ലഭിച്ചു.

• ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ നടത്തിയ സർവ്വേ പ്രകാരം അഴിമതിയില്ലാത്ത പോലീസ് സേനയെന്ന ബഹുമതി കേരള പോലീസിന് ലഭിച്ചു.

• 2020-21-ലെ നാഷണൽ ഇ-ഗവേണൻസ് അവാർഡ് കേരള പോലീസിലെ സോഷ്യൽ മീഡിയാ സെല്ലിനും സൈബർഡോമിനും ലഭിച്ചു.

• സൈബർ കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് സൈബർ ഡോമിന് ISO അംഗീകാരം ലഭിച്ചു.

• കൊല്ലം നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ ഹരിത സംരംഭങ്ങൾക്കുള്ള അംഗീകാരമായി കേരള വനം, വന്യജീവി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ജൈവ വൈവിധ്യ അവാർഡ് **എന്നിവ** ലഭിക്കുകയുണ്ടായി.

• കുറ്റകൃത്യങ്ങളുടെ കണ്ടെത്തലും പ്രതിരോധവും ക്രമസമാധാനപാലനം, പൊതുസമൂഹത്തിൽ ശാന്തിയും സമാധാനവും സ്ഥാപിക്കൽ, മറ്റ് പോലീസിംഗ് പ്രവർത്തനങ്ങൾ എന്നിവ കണക്കിലെടുത്ത് ഇടുക്കി

ജില്ലയിലെ മുട്ടം പോലീസ് സ്റ്റേഷന് ISO 9001:2015 സർട്ടിഫിക്കേഷൻ ലഭിച്ചു.

• 2020-21-ലെ ദേശീയ ഇ-ഗവേണൻസ് അവാർഡിൽ 6-mw വിഭാഗമായ, കോവിഡ്-19 നിയന്ത്രിക്കുന്നതിൽ വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം എന്നതിൽ കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെല്ലിൽ നടത്തുന്ന കോവിഡ് പദ്ധതികൾക്ക് 'ഗോൾഡ്' അംഗീകാരം ലഭിച്ചു.

• കോവിഡ്-19 മഹാമാരിക്കാലത്ത് ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തിയ പ്രവർത്തന മികവിന് ആലപ്പുഴ ജില്ലയിൽ ISO അംഗീകാരം ലഭിക്കുന്ന ആദ്യ സ്റ്റേഷനായി മാരാരിക്കുളം പോലീസ് സ്റ്റേഷൻ മാറി.

• കുറ്റകൃത്യങ്ങളുടെ കണ്ടെത്തലും പ്രതിരോധവും ക്രമസമാധാനപാലനം, പൊതുജനങ്ങൾക്കായി ആധുനിക സൗകര്യങ്ങൾ ഒരുക്കുക, ഹരിത പ്രോട്ടോക്കോൾ, കൃഷി, വിദ്യാഭ്യാസം മറ്റ് സേവനങ്ങൾ എന്നിവയിലെ മികവിന് തൃശ്ശൂർ റൂറൽ ജില്ലയിലെ കൊരട്ടി പോലീസ് സ്റ്റേഷന് ISO 9001 : 2018 സർട്ടിഫിക്കറ്റ് ലഭിച്ചു.

· ശാസ്താംകോട്ട, ചവറ, കോഴിക്കോട് ടൗൺ, എരുമേലി, ചക്കരയ്ക്കൽ, മുട്ടം, മാരാരിക്കുളം, കൊരട്ടി എന്നീ പോലീസ് സ്റ്റേഷനുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചു.

· 2021-ലെ സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തെരഞ്ഞെടുത്തു.

· 2011-ൽ പോലീസിന്റെ ഔദ്യോഗിക ഇൻസ്റ്റാഗ്രാം അക്കൗണ്ട് ഒരു മില്ല്യൻ ഫോളോവേഴ്സ് എന്ന അസാധാരണ നേട്ടത്തിന് അർഹമായി. ഈ മേഖലയിലെ ന്യൂയോർക്ക് പോലീസിന്റെയും ഇന്റർപോളിന്റെയും റിക്കോർഡുകൾ ഭേദിച്ചുകൊണ്ടാണ് കേരള പോലീസ് ഈ നേട്ടം കൈവരിച്ചത്.

· തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിലെ മണ്ണുത്തി പോലീസ് സ്റ്റേഷൻ ഐ.എസ്.ഒ. 9001:2015 പുരസ്കാരം. ഐ.എസ്.ഒ. 9001:2015 സർട്ടിഫിക്കേഷൻ ലഭിക്കുന്ന തൃശ്ശൂർ ~~സിറ്റി~~ ജില്ലയിലെ ആദ്യ പോലീസ് സ്റ്റേഷനാണ് മണ്ണുത്തി. കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലുമുള്ള

മികവ്, കൃത്യമായ ക്രമസമാധാനപാലനം, മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും കണ്ടെത്തി തടയുന്നതിലുള്ള മികവ്, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള പൊതുജനസേവനം എന്നിവ അവാർഡിന് പരിഗണിച്ചു.

· തിരുവനന്തപുരത്ത് പിരപ്പൻകോട് ഡോ. ബി. ആർ. അംബേദ്കർ അന്താരാഷ്ട്ര സ്വിമ്മിംഗ് കോംപ്ലക്സിൽ സമാപിച്ച ആൾ ഇന്ത്യ പോലീസ് അക്വാട്ടിക് ചാമ്പ്യൻഷിപ്പിൽ സംസ്ഥാന പോലീസ് വിഭാഗത്തിൽ കേരള പോലീസ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

· കേരള പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്ററിന് 2022-ലെ ടെക്നോളജി സഭ അവാർഡ് ലഭിച്ചു.

· കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ഫിംഗർ പ്രിന്റ് ബ്യൂറോ നടത്തിയ സ്മാർട്ട് യൂസ് ഓഫ് ഫിംഗർപ്രിന്റ് സയൻസ് ഇൻ ഇൻവെസ്റ്റിഗേഷൻ മത്സരത്തിൽ കേരള പോലീസിന് മൂന്നാം സ്ഥാനം. ആലപ്പുഴ വെൺമണി ഇരട്ടക്കൊലപാതക കേസ് തെളിയിച്ചതിൽ

വിരലടയാള വിദഗ്ധരുടെ വൈദഗ്ധ്യം വിലയിരുത്തിയാണ് പുരസ്കാരം നൽകിയത്.

2022-ലെ രാജപ്രമുഖൻ ചമ്പക്കുളംമൂലം വള്ളം കളിയിൽ കേരള പോലീസ് ടീം ജേതാക്കളായി.

**സബ് ഇൻസ്പെക്ടർ ഡെപ്യൂട്ടേഷൻ വേക്കൻസികളും ഐ.പി.എസ്. കൺഫർമേഷൻ ലിസ്റ്റും**

94(2227) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ സബ് ഇൻസ്പെക്ടർമാരുടെ (നേരിട്ടുള്ള നിയമനം) അനുവദനീയ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യാത്ത എത്ര ഒഴിവുകളുണ്ട്; എങ്കിൽ ഇവയിൽ ഓരോന്നും റിപ്പോർട്ട് ചെയ്യാത്തതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

2 എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്. അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നേരിട്ടുള്ള നിയമനപ്രകാരം സബ് ഇൻസ്പെക്ടർമാരായി നിയമനം ലഭിച്ചവരിൽ നിന്നും അന്യത്ര സേവനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്ര എന്ന് അറിയിക്കാമോ?

നേരിട്ടുള്ള നിയമന പ്രകാരം സബ് ഇൻസ്പെക്ടർമാരായി നിയമനം ലഭിച്ചവരിൽ 40 പേർ നിലവിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നു.

(സി) നിലവിലുള്ള സർക്കാർ ഉത്തരവുകളനുസരിച്ച് എത്ര കാലം വരെയുള്ള ഡെപ്യൂട്ടേഷൻ വേക്കൻസികളാണ് ഒഴിവായി പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടത്; ഇത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്താറുണ്ടോ; വ്യക്തമാക്കാമോ?

അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെടുമ്പോൾ ആറ് മാസത്തിലധികമായി സ്ഥിരമായി നിൽക്കുന്ന പി.എസ്.സി. മുഖേന നേരിട്ട് നിയമനം നടത്തേണ്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു. ഇത് പാലിക്കുന്നതിനായി കൃത്യമായ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കേരള പോലീസിൽ നിലവിൽ ഐ.പി.എസ്. ആയി കൺഫർമേഷൻ നൽകുന്നതിനായി ഏത് വർഷം വരെയുള്ള ലിസ്റ്റാണ് പരിഗണിച്ചിട്ടുള്ളതെന്നും ഇനി ഏതൊക്കെ വർഷങ്ങളിലെ സെലക്ഷൻ കമ്മിറ്റി മീറ്റിംഗാണ് കൂടാനുള്ളതെന്നും ആയതിൽ എത്ര ഒഴിവുകളുണ്ടെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കേരള പോലീസ് നിലവിൽ ഐ.പി.എസ്. ആയി കൺഫർമേഷൻ നൽകുന്നതിനായി 2020 വരെയുള്ള ലിസ്റ്റ് പരിഗണിച്ചിട്ടുണ്ട്. ഇനി 2021, 2022 വർഷങ്ങളിലെ സെലക്ഷൻ കമ്മിറ്റി മീറ്റിംഗ് കൂടാനുണ്ട്. 2021, 2022 വർഷങ്ങളിൽ യഥാക്രമം 15, 5 ഒഴിവുകളാണുള്ളത്.

(ഇ) 2024 ജനവരി 1 മുതൽ 2024 മെയ് 31 വരെ വിരമിക്കുന്ന എസ്.പി. നോൺ ഐ.പി.എസ്., ഡി.വൈ.എസ്.പി., വനിതാ ഇൻസ്പെക്ടർ, പുരുഷ ഇൻസ്പെക്ടർ എന്നിവരുടെ എണ്ണം വ്യക്തമാക്കാമോ?

| തസ്തിക | എണ്ണം |
|---|---|
| എസ്.പി. (നോൺഐ.പി.എസ്.) | 12 |
| ഡി.വൈ.എസ്.പി | 26 |
| ഇൻസ്പെക്ടർ (വനിത) | 21 |
| ഇൻസ്പെക്ടർ | 16 |

## വനിത സിവിൽ പോലീസ് ഓഫീസർമാരുടെ നിയമനം

95(2228) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 094/2020 ആയി വിജ്ഞാപനം പുറപ്പെടുവിച്ച വനിത സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി എന്നറിയിക്കാമോ?

കാറ്റഗറി നമ്പർ 094/2020 ആയി വിജ്ഞാപനം പുറപ്പെടുവിച്ച വനിത സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും കേരള സായുധ വനിത പോലീസ് ബറ്റാലിയനിലേയ്ക്ക് 234 പേർക്ക് നിയമന ഉത്തരവ് നൽകുകയും 16-08-2023-ൽ 210 പേർ കേരള പോലീസ് അക്കാദമിയിൽ ട്രെയിനിംഗിൽ പ്രവേശിച്ചിട്ടുമുണ്ട്.

(ബി) വനിത സിവിൽ പോലീസ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നറിയിക്കാമോ?

23-08-2023-ലെ സ.ഉ.(കൈ)നം.190/2023/ആഭ്യന്തരം പ്രകാരം സർക്കാർ അനുവദിച്ച 200 ഒഴിവുകളും 19 NJD ഒഴിവുകളും NCA, NJD

വിഭാഗത്തിൽ വിവിധ ജില്ലകൾക്കായി 31 ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 30-01-2017-ലെ സ.ഉ.(കൈ)നം.15/2017/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ 05-11-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ.175/2019/ആഭ്യന്തരം പ്രകാരം 4 വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിച്ചു. 25-02-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം. 66/2021/ആഭ്യന്തരം പ്രകാരം പുതുതായി രൂപീകരിച്ച KAP ആറാം ബറ്റാലിയന് ആദ്യഘട്ടത്തിൽ അനുവദിച്ച 100

പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 25 എണ്ണം വനിതകൾക്ക് നൽകിയിട്ടുണ്ട്.

**പോലീസ് ക്വാർട്ടേഴ്സിലെ പെൺകുട്ടിയുടെ മരണം**

96(2229) <u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീമതി കെ. കെ. രമ</u>:
<u>ശ്രീ. അൻവർ സാദത്ത്</u>:
<u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പോലീസ് ക്വാർട്ടേഴ്സിൽ അമിത ലഹരി ഉപയോഗംമൂലം പെൺകുട്ടി മരണമടഞ്ഞ സംഭവത്തിൽ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഈ സംഭവത്തിന് തിരുവനന്തപുരം സിറ്റി മ്യൂസിയം പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം സിറ്റി മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 344/2023 U/s 174 CrPc പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ്

പ്രകാരം പ്രസ്തുത കേസ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതുമാണ്. ക്രൈം ബ്രാഞ്ചിൽ ക്രൈം നമ്പർ 1980/CB/CU-IV/TVM/2023 ആയി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഈ കേസിൽ നാളിതുവരെ നടത്തിയ അന്വേഷണത്തിൽ മരണപ്പെട്ട പെൺകുട്ടി ലഹരി ഉപയോഗിച്ചിരുന്നതായി യാതൊരു വിവരവും ലഭിച്ചിട്ടില്ലാത്തതും പെൺകുട്ടിയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് ചികിത്സ നടത്തിയിരുന്ന സമയത്തും പോസ്റ്റ്മോർട്ടം പരിശോധനാവേളയിലും ശേഖരിച്ചിരുന്ന സാമ്പിളുകൾ കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയിൽ പരിശോധന നടത്തിയതിൽ ലഹരി മരുന്നിന്റെ സാന്നിദ്ധ്യം കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതുമാണ്. എന്നാൽ മരണപ്പെടുന്നതിന് കുറച്ചുകാലം മുമ്പ് പ്രസ്തുത പെൺകുട്ടിയെ ലൈംഗികമായി ദുരുപയോഗം ചെയ്തതായി പോസ്റ്റ്മോർട്ടം പരിശോധനയിൽ വെളിവായിട്ടുള്ളതിനാൽ ഇക്കാര്യത്തിന് താഴെപ്പറയുന്ന ഒരു കേസുകൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2. തിരുവനന്തപുരം സിറ്റി മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 377/2023 U/s 376 DA, 376 E IPC & Sec. 3(a) 3(d) 4(2) 5(L) r/w 6 of

POSCO Act 2019 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം സിറ്റി ജില്ലാ ക്രൈംബ്രാഞ്ച് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തി വന്നിരുന്നതും തുടർന്ന് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവുപ്രകാരം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതുമാണ്. ക്രൈംബ്രാഞ്ചിൽ ക്രൈം നമ്പർ 662181/CB/CU-IV/TVM/R/2023 ആയി റീ-നമ്പർ ചെയ്ത് ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്തി വരുന്നു.

(ബി) പ്രസ്തുത അന്വേഷണത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി മാഫിയ പ്രവർത്തിക്കുന്നതായും കുട്ടികളെ ദുരുപയോഗം ചെയ്യുന്നതായും കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മേൽ കേസുകൾ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

**പോലീസ് വകുപ്പിലെ ഡെപ്യൂട്ടേഷൻ**

97(2230) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ആറ് മാസക്കാലയളവിൽ കൂടുതലായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സബ് ഇൻസ്പെക്ടർ (ഡയറക്റ്റ്), സർക്കിൾ ഇൻസ്പെക്ടർ, ഡി.വൈ.എസ്.പി. എന്നിവരുടെ എണ്ണമെത്രയെന്ന് വിശദമാക്കാമോ?

40 സബ് ഇൻസ്പെക്ടർ (ഡയറക്ട്), 12 പോലീസ് ഇൻസ്പെക്ടർ, 8 ഡി.വൈ.എസ്.പി. എന്നിങ്ങനെ നിലവിൽ ആറ് മാസകാലയളവിൽ കൂടുതലായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പോലീസ് ഉദ്യോഗസ്ഥന്മാർ ജോലി ചെയ്യുന്നു.

(ബി) കേരള പോലീസിൽ ഡയറക്ട് സബ് ഇൻസ്പെക്ടർമാർ ഏതെല്ലാം തസ്തികകളിൽ ഏതെല്ലാം വകുപ്പുകളിലാണ് നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നതെന്ന വിശദാംശം നൽകാമോ?

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ വിവരം ഇപ്രകാരമാണ്. ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ മറൈൻ എൻഫോഴ്സ്മെന്റിൽ സബ് ഇൻസ്പെക്ടർ ഓഫ് ഗാർഡ്, ട്രാവൻകൂർ ദേവസ്വം ബോർഡ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജിലൻസ്,

നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി എന്നിവിടങ്ങളിൽ സബ് ഇൻസ്പെക്ടർ, ബ്യൂറോ ഓഫ് എമിഗ്രേഷനിൽ ACIO-II/G

**കെ.എ.പി. നാലാം ബറ്റാലിയൻ നവീകരണം**

98(2231) <u>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. നാലാം ബറ്റാലിയൻ ആസ്ഥാനത്ത് പുതിയ ബാരക്കുകൾ നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പതിനാലാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള സ്റ്റേറ്റ് പ്ലാൻ സ്കീമിലുൾപ്പെടുത്തി കെ.എ.പി. നാലാം ബറ്റാലിയനിലെ 120 സേനാംഗങ്ങൾക്ക് താമസിക്കുന്നതിനായി ബാരക്ക് നിർമ്മിക്കുന്നതിനും കൂടാതെ കെ.എ.പി. നാലാം ബറ്റാലിയനിൽ സ്ഥിതി ചെയ്യുന്ന 40 വർഷത്തോളം പഴക്കമുള്ള 3 ബാരക്കുകൾ നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ എ.ഡി.ജി.പി., ആംഡ് പോലീസ് ബറ്റാലിയൻ സ്വീകരിച്ചുവരുന്നു.

(ബി) കെ.എ.പി. നാലാം ബറ്റാലിയൻ ആസ്ഥാനത്തുള്ള ഹെൽത്ത് സെന്റർ ആധുനികവത്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

കെ.എ.പി. നാലാം ബറ്റാലിയനിലെ ഹോസ്പിറ്റൽ സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ ഉപകരണങ്ങൾക്കും മതിയായ സ്റ്റാഫിനും വേണ്ടിയുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുമുള്ള നടപടികൾ എ.ഡി.ജി.പി., ആംഡ് പോലീസ് ബറ്റാലിയൻ സ്വീകരിച്ചുവരുന്നു.

**പിങ്ക് പോലീസ് സേനയുടെ പ്രവർത്തനം**

99(2232) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് രൂപീകരിച്ച പിങ്ക് പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പിങ്ക് പോലീസ് വിഭാഗത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം, തസ്തിക, വാഹനം മറ്റ് സജ്ജീകരണങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. സ്ത്രീസുരക്ഷ മുൻനിർത്തി ഓരോ ജില്ലയിലും പിങ്ക് പോലീസ് പട്രോൾ സംവിധാനം മുഖേന സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ എന്നിവരുടെ പ്രശ്നങ്ങളിൽ അതിവേഗം ഇടപെട്ട് പരിഹാരം കണ്ടെത്തുവാനും ആവശ്യമെങ്കിൽ നിയമപരമായ സഹായം ലഭ്യമാക്കുവാനും കഴിയുന്നുണ്ട്. കൂടാതെ ബസ്/റെയിൽവെ സ്റ്റേഷൻ പരിസരങ്ങൾ, സ്കൂൾ, കോളേജ് തുടങ്ങിയ സ്ത്രീകളും കുട്ടികളും ഒത്തുചേരുന്ന പൊതുസ്ഥലങ്ങളിൽ പട്രോളിംഗ് നടത്തി പൂവാല ശല്യം തടയുക, ലഹരി ഉപയോഗത്തിൽ നിന്നും സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ പിന്തിരിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ പിങ്ക് പോലീസ് പട്രോൾ മുഖേന നടത്തിവരുന്നു. പിങ്ക് പോലീസ് പട്രോളിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി പിങ്ക് കൺട്രോൾ റൂമുകൾ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. ഓരോ ജില്ലയിലും വിവിധ പോലീസ് സ്റ്റേഷനുകളിൽനിന്നും പിങ്ക് പോലീസ് പട്രോളിംഗിന് വനിതാ പോലീസ് ഉദ്യോഗസ്ഥരെ ആവശ്യാനുസരണം നിയോഗിച്ചുവരുന്നു. ഇതിനായി പ്രത്യേക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. സംസ്ഥാന പോലീസ് മേധാവി

പുറപ്പെടുവിച്ചിട്ടുള്ള Standard Operational Procedure (SOP) പ്രകാരം പിങ്ക് പോലീസ് പട്രോളിംഗിനായി ഒരു വാഹനത്തിൽ ഒരു വനിതാ പോലീസ് ഓഫീസറും ഡ്രൈവർ ഉൾപ്പെടെ 3 വനിതാ സീനിയർ/സിവിൽ പോലീസ് ഓഫീസർമാരെയാണ് വിന്യസിച്ചിട്ടുള്ളത്. പിങ്ക് പോലീസിനായി അനുവദിച്ചിട്ടുള്ള ആധുനിക സംവിധാനങ്ങളോടുകൂടിയ വാഹനങ്ങളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം സിറ്റി | 4 |
| തിരുവനന്തപുരം റൂറൽ | 3 |
| കൊല്ലം സിറ്റി | 2 |
| കൊല്ലം റൂറൽ | 2 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 4 |
| കോട്ടയം | 3 |
| ഇടുക്കി | 1 |
| എറണാകുളം സിറ്റി | 4 |
| എറണാകുളം റൂറൽ | 4 |
| തൃശ്ശൂർ സിറ്റി | 3 |
| തൃശ്ശൂർ റൂറൽ | 2 |
| പാലക്കാട് | 3 |
| മലപ്പുറം | 3 |

| | |
|---|---|
| കോഴിക്കോട് സിറ്റി | 3 |
| കോഴിക്കോട് റൂറൽ | 2 |
| വയനാട് | 1 |
| കണ്ണൂർ സിറ്റി | 2 |
| കണ്ണൂർ റൂറൽ | 1 |
| കാസർഗോഡ് | 3 |
| ആകെ | 53 |

(ബി) പിങ്ക് പോലീസ് വിഭാഗം രൂപീകരിച്ചതിനുശേഷം സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് പ്രസ്തുത വിഭാഗം മുഖേന രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പിങ്ക് പോലീസ് വിഭാഗം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നില്ല. എന്നാൽ സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് പിങ്ക് പോലീസ് ഇടപെട്ട് റിപ്പോർട്ട് ചെയ്ത 367 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം സിറ്റി | 130 |
| കൊല്ലം സിറ്റി | 1 |
| കൊല്ലം റൂറൽ | 16 |
| പത്തനംതിട്ട | 3 |

| | |
|---|---|
| ആലപ്പുഴ | 5 |
| എറണാകുളം സിറ്റി | 52 |
| എറണാകുളം റൂറൽ | 36 |
| തൃശ്ശൂർ റൂറൽ | 8 |
| കണ്ണൂർ സിറ്റി | 116 |
| ആകെ | 367 |

(സി) പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനരീതി സംബന്ധിച്ച് സമീപകാലത്ത് മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സേനയുടെ പ്രവർത്തനരീതിയിൽ മാറ്റം കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പിങ്ക് പോലീസിന്റെ പ്രവർത്തനരീതി സംബന്ധിച്ച് സമീപകാലത്തെ മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ മതിയായ വനിതാ പോലീസിന്റെ കുറവ് നിലനിൽക്കുന്ന സാഹചര്യത്തിൽ പിങ്ക് പോലീസ് സംവിധാനം നിർത്തലാക്കി അവരെ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്ന കാര്യം ആലോചിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ലോക്ഡൗൺ നിയന്ത്രണങ്ങൾ ലംഘിച്ചതിനും മാസ്ക് ധരിക്കാത്തതിനുമായി എടുത്ത കേസ്സുകൾ**

100(2233) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 വ്യാപനത്തെത്തുടർന്നുള്ള ലോക്ഡൗൺ നിയന്ത്രണങ്ങൾ ലംഘിച്ചതിനും മാസ്ക് ധരിക്കാത്തതിനുമായി എടുത്ത കേസ്സുകൾ പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കോവിഡ്-19 മാനദണ്ഡങ്ങൾ ലംഘിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ഗൗരവമല്ലാത്ത കേസുകൾ ക്രിമിനൽ നടപടി സംഹിതയിലെ സെക്ഷൻ 321-ാം വകുപ്പുപ്രകാരം പിൻവലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി 24-11-2022-ലെ സ.ഉ.(സാധാ)നം.3326/2022/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം IPC 188, 269, 290 വകുപ്പുകൾ പ്രകാരവും കേരള പോലീസ് ആക്ടിലെ 118 (e)വകുപ്പ് പ്രകാരവും കേരള എപിഡമിക് ഡിസീസസ് ഓർഡിനൻസ് ആക്ടിലെ 4 (2)(a) to 4 (2)

(j) വരെ വകുപ്പുകളും ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ, ബഹു. സുപ്രീം കോടതിയുടെ 28-07-2021-ലെ The State of Kerala Vs. K. Ajith (SLP(crl) No.4009/2021/Crl Appeal No.697/2021 എന്ന വിധിന്യായത്തിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ക്രിമിനൽ നടപടിയിലെ ചട്ടം 321 പ്രകാരം, ബന്ധപ്പെട്ട കോടതിയുടെ അനുമതിയോടുകൂടി പിൻവലിക്കാൻ സംസ്ഥാനത്തെ എല്ലാ ജില്ലാ പോലീസ് മേധാവിമാരുടെയും പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും മേൽനോട്ടത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ?

നാളിതുവരെ 59146 കേസുകൾ പിൻവലിച്ചിട്ടുണ്ട്. പിൻവലിച്ച കേസുകളുടെ ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാട്ടാക്കട സ്വദേശി ശരത്ചന്ദ്ര ശ്രീകുമാറിന്റെ ദുരൂഹമരണം സംബന്ധിച്ചുള്ള അന്വേഷണം

101(2234) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ സ്വദേശി അണപ്പാട് ജനാർദ്ദനം വീട്ടിൽ ശരത്ചന്ദ്ര ശ്രീകുമാറിന്റെ ദുരൂഹമരണം സംബന്ധിച്ചുള്ള അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ ആരുടെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്; പ്രസ്തുത മരണം ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്ന ആവശ്യം (ജി 3230302018) സംബന്ധിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ശ്രീ. ശരത്ചന്ദ്ര ശ്രീകുമാറിനെ കാണാതായത് സംബന്ധിച്ച് മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 122/2023 U/s 57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് മലയിൻകീഴ് പോലീസ് അന്വേഷണം നടത്തിയിരുന്നു. എന്നാൽ കൊരട്ടി പോലീസ് സ്റ്റേഷൻ പരിധിയിൽവെച്ച് ടിയാൻ മരണപ്പെടുകയും അസ്വാഭാവിക മരണത്തിന് ക്രൈം നമ്പർ 114/2023 U/s 174 CrPC പ്രകാരം

ഒരു കേസ് രജിസ്റ്റർ ചെയ്ത് കൊരട്ടി പോലീസ് അന്വേഷണം നടത്തിയിരുന്നു. നിലവിൽ ടി രണ്ട് കേസുകളും കൂട്ടിച്ചേർത്ത് കാട്ടാക്കട ഡി.വൈ.എസ്.പി.-യുടെ മേൽനോട്ടത്തിൽ മലയിൻകീഴ് പോലീസ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. ശരത്ചന്ദ്ര ശ്രീകുമാറിന്റെ മരണം ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ശ്രീമതി രമ്യ ഒ. നൽകിയ പരാതിയിന്മേൽ (G 3230302018) സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

**പാലക്കാട് ആളുമാറി അറസ്റ്റ് ചെയ്ത സംഭവത്തിൽ അന്വേഷണം**

102(2235) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് എൺപത് വയസുള്ള സ്ത്രീയെ ആളുമാറി അറസ്റ്റ് ചെയ്ത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

ഉണ്ട്. പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം. നമ്പർ 496/1998 U/s 447, 294(b), 427 IPC കേസ്സിലെ യഥാർത്ഥ പ്രതി തന്റെ മേൽവിലാസം മറച്ചുവെച്ച് തെറ്റായി ഭാരതി @ ഭാരതിയമ്മ വയസ്സ് 48/98, D/o (Late) ബാലകൃഷ്ണൻ നായർ, മഠത്തിൽ വീട്, വടക്കേത്തറ, കുനിശ്ശേരി, ആലത്തൂർ എന്നിവരുടെ മേൽവിലാസം നൽകുകയും തുടർന്ന് എൺപതു വയസ്സുള്ള ടി ഭാരതി അമ്മ വിചാരണ നേരിടുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് പാലക്കാട് ജില്ലാ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവത്തിൽ പോലീസിന് ഗുരുതര വീഴ്ച സംഭവിച്ചു എന്നത് വസ്തുതയാണോ?

പ്രസ്തുത സംഭവം കൈകാര്യം ചെയ്തതിൽ പോലീസുദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാർക്കെതിരെ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പാലക്കാട് ജില്ലാ ക്രൈംബ്രാഞ്ച് Dy.S.P. പ്രസ്തുത സംഭവം സംബന്ധിച്ച് നടത്തിയ പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ SCPO രാജേന്ദ്രനെതിരെ വാച്യാന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. എച്ച്.സി. അരുണാചലം കെ., Dy.S.P. വി. വി. മണികണ്ഠകുമാർ എന്നിവർ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള പോലീസ് മേധാവിയുടെ ശിപാർശ പരിശോധനയിലാണ്. പ്രസ്തുത സംഭവത്തിലെ യഥാർത്ഥ പ്രതി പോലീസിന് തെറ്റായ മേൽവിലാസം നൽകിയ സംഭവത്തിന് യഥാർത്ഥ പ്രതിക്കെതിരെ U/s 177 IPC പ്രകാരം നടപടി എടുക്കുന്നതിന് പാലക്കാട് ടൗൺ സൗത്ത് പോലീസ് ഇൻസ്പെക്ടർക്ക് ജില്ലാ പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. 177 IPC പ്രകാരമുള്ള കുറ്റം Non Congnizable Offence ആയിരുന്നതിനാൽ ബഹു. JFCM കോടതി - III മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്ന സമയത്തും വാറണ്ട്/ ഡിറ്റൻഷൻ നടത്തുന്ന സമയത്തും മറ്റും പ്രതികളെ തിരിച്ചറിയുന്നതിനായി അവരുടെ തിരിച്ചറിയൽ രേഖകൾ നിർബന്ധമായും പരിശോധിക്കേണ്ടതും യഥാർത്ഥ വ്യക്തിയെയാണ് അറസ്റ്റ് ചെയ്യുന്നതെന്ന് ഉറപ്പുവരുത്തേണ്ടതിനും ഇക്കാര്യത്തിൽ അറസ്റ്റ് നടപ്പാക്കുന്ന ഉദ്യോഗസ്ഥൻ അതീവ ജാഗ്രതയും ശ്രദ്ധയും ചെലുത്തേണ്ടതാണെന്നും യഥാർത്ഥ പ്രതിക്ക് പകരം അതേ പേരിലുള്ള നിരപരാധിയായ മറ്റൊരാൾ വിചാരണ നേരിടുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ലെന്നും ഇക്കാര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥർ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പ് പ്രത്യേക ജാഗ്രത പുലർത്തണമെന്നും സംസ്ഥാന പോലീസ് മേധാവി D2-152645/2023/PHQ പ്രകാരം ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാലടി സ്റ്റേഷനിലെ പോലീസ് മർദ്ദനവുമായി ബന്ധപ്പെട്ട പരാതിയിൽ നടപടി**

103(2236) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സ്റ്റേഷനിലെ പോലീസ് അറസ്റ്റ് ചെയ്ത് മർദ്ദിച്ചെന്ന് ആരോപിച്ച് അഭിജിത്ത്, എബിൻ ഡേവിസ്, ജോമോൻ എന്നിവർ 23-07-2023-ന് മുഖ്യമന്ത്രി, സംസ്ഥാന പോലീസ് മേധാവി, എറണാകുളം ജില്ലാ പോലീസ് സൂപ്രണ്ട് എന്നിവർക്ക് സമർപ്പിച്ച പരാതികളിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരാതി സംബന്ധിച്ച് നിഷ്പക്ഷവും വസ്തുതാപരവുമായ അന്വേഷണം നടത്തി കുറ്റക്കാരെങ്കിൽ പ്രസ്തുത പോലീസുകാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) കാലടി സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം. നം.521/2023 നമ്പർ കേസിലെ പ്രതികളായ അഭിജിത്ത്, ജോമോൻ, ക്രൈം. നം. 526/2023 കേസിലെ പ്രതിയായ എബിൻ ഡേവിസ് എന്നിവർ നൽകിയ പരാതികളിന്മേൽ നടത്തിയ അന്വേഷണത്തിൽ പോലീസിന്റെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല.

## ധനകോടി ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെതിരെയുള്ള കേസ്

104(2237) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപകരിൽ നിന്ന് പണം സ്വരൂപിക്കുകയും തിരിച്ചുനൽകാതെ വഞ്ചിക്കുകയും ചെയ്തുയെന്ന പേരിൽ ധനകോടി ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിത്തിനെതിരെ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ എന്നാണ് പരാതി ലഭിച്ചതെന്നും എത്ര പരാതികൾ ലഭിച്ചുവെന്നും വിശദമാക്കുമോ?

18-02-2023-ലാണ് ആദ്യ പരാതി ലഭിച്ചത്. ആകെ 112 പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പരാതിയിന്മേൽ എഫ്.ഐ.ആർ. എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 303/2023 u/s 406, 420 r/w 34 IPC, 3 r/w 21 of Banning of Unregulated Deposit

Schemes Act and section 3, 4 of Prize Chits And Money Circulation Schemes (Banning) Act.

(ഡി) പ്രസ്തുത പരാതിയിന്മേൽ എന്തെല്ലാം നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ കേസ്സിലുൾപ്പെട്ട ഒന്നു മുതൽ 6 വരെയുള്ള പ്രതികളിൽ 5 വരെയുള്ള പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. 6-ാം പ്രതി മറ്റൊരു കേസിൽ മാനന്തവാടി ജില്ലാ ജയിലിൽ റിമാന്റിൽ കഴിഞ്ഞുവരുന്നതിനാൽ ഫോർമൽ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ധനകോടി ചിട്ടി കമ്പനിയുടെ ഓഫീസ് ബഹു. കോടതിയുടെ അനുമതിയോടെ പരിശോധന നടത്തി തെളിവിലേയ്ക്ക് ആവശ്യമായ രേഖകൾ ശേഖരിച്ചിട്ടുണ്ട്. കമ്പനിയിലെ ജീവനക്കാരെയും സാക്ഷികളെയും പരാതിക്കാരനെയും ചോദ്യം ചെയ്തും ചിട്ടി കമ്പനിയുടെ രജിസ്ട്രേഷൻ, ലൈസൻസ്, പ്രവർത്തനാനുമതി, ചിട്ടികൾ നടത്താനുള്ള അനുമതി തുടങ്ങിയ രേഖകൾ ശേഖരിച്ച് പരിശോധിച്ച് അന്വേഷണം നടത്തിയും വരുന്നു.

സ്ഥാപനത്തിന്റെ സ്ഥാവര ജംഗമ വസ്തുക്കൾ ബഡ്സ് ആക്ട് പ്രകാരം കണ്ടുകെട്ടുന്നതിന് ജില്ല കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കുട്ടികൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച കണക്കുകൾ**

105(2238) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരായ അതിക്രമങ്ങൾ വർഷംതോറും വർദ്ധിച്ചുവരുന്നുയെന്ന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കുട്ടികൾക്കെതിരായ അതിക്രമങ്ങൾ വർഷംതോറും വർദ്ധിച്ചുവരുന്നുവെന്ന കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില വർഷങ്ങളിൽ വർദ്ധനവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016 മുതൽ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്ത കുട്ടികൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ 2023 ജൂലൈ 31 വരെ എത്രയാണ് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ ?

അനുബന്ധമായി ചേർക്കുന്നു.+

**സർക്കിൾ ഇൻസ്പെക്ടർ സൈജുവിനെതിരെയുള്ള ക്രിമിനൽ കേസുകൾ**

106(2239) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശസ്ത്രക്രിയ കഴിഞ്ഞ് വീട്ടിൽ വിശ്രമത്തിലായിരുന്ന വനിതാ ഡോക്ടറെ പീഡിപ്പിച്ച കേസിലെ പ്രതിയായ സർക്കിൾ ഇൻസ്പെക്ടർ എ. വി. സൈജുവിനെതിരെയുള്ള കേസിന്റെ അന്വേഷണ പുരോഗതി ലഭ്യമാക്കാമോ?

പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് സർക്കിൾ ഇൻസ്പെക്ടർ എ. വി. സൈജുവിനെതിരെ മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 222/2022 പ്രകാരം രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ചിന് കൈമാറുകയുണ്ടായി. ക്രൈം നം. 55/CB/TVM/2022 U/s 376, 376(2)(a), 376(2)(i), 376(2)(l), 376(2)(n), 506(II) 323 IPC ആയി ക്രൈം ബ്രാഞ്ച് റീ-നമ്പർ ചെയ്ത കേസ് നിലവിൽ അന്വേഷണഘട്ടത്തിലാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കേസിലെ പ്രതിയായ സൈജുവിനെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രകാലമായി ഇയാൾ ഒളിവിലാണെന്നും വ്യക്തമാക്കാമോ?

അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരായ എ. വി. സൈജുവിനെ മെഡിക്കൽ പരിശോധന, Potency Test എന്നിവയ്ക്കുശേഷം അറസ്റ്റ് രേഖപ്പെടുത്തുകയുണ്ടായി. തുടർന്ന് മുൻകൂർ ജാമ്യമനുവദിച്ചുകൊണ്ടുള്ള ബഹു. കേരള ഹൈക്കോടതി ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ടിയാനെ വിട്ടയച്ചിട്ടുള്ളതാണ്. കൂടാതെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് വ്യാജരേഖ ചമച്ചതുമായി ബന്ധപ്പെട്ട് ക്രൈം ബ്രാഞ്ചിൽ Cr. No. 618/CB-CU-1/TVM/R/2023 u/s 468, 471 & 34 IPC (Malayinkeezhu PS Crime No. 164/2023) പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ടിയാൻ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തീർപ്പാകുന്നതുവരെ ടി കേസിലെ മറ്റ് നിയമനടപടികൾ ഇടക്കാല ഉത്തരവിലൂടെ ബഹു. ഹൈക്കോടതി തടഞ്ഞിട്ടുണ്ട്.

(സി) സർക്കിൾ ഇൻസ്പെക്ടർ സൈജുവിനെതിരെ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൽ പീഡനക്കേസുകൾ എത്രയെന്ന് വിശദമാക്കാമോ?

ഇൻസ്പെക്ടർ സൈജുവിനെതിരെ 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം പീഡനക്കേസുകളാണ്.

1. Crime Branch, Crime No. 55/CB/TVM/2022 (Malayinkeezhu PS Crime No. 222/2022).

2. Crime Branch Crime No. 618/CB-CU-I/TVM/R/2023 (Malayinkeezhu PS Crime No. 164/2023)

3. Nedumangad PS Crime No. 2067/2022

4. Nedumangad PS Crime No. 2068/2022

ഇതിൽ നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത രണ്ട് കേസുകളും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി.

(ഡി) സർക്കിൾ ഇൻസ്പെക്ടർ സൈജുവിനെതിരെ എത്ര വകുപ്പുതല അന്വേഷണങ്ങളുണ്ടെന്ന വിശദാംശം നൽകാമോ?

സർക്കിൾ ഇൻസ്പെക്ടർ സൈജുവിനെതിരെ 2 വകുപ്പുതല അന്വേഷണം നിലവിലുണ്ട്. സർക്കിൾ ഇൻസ്പെക്ടർ സൈജുവിനെ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 26-11-2022-ലെ സ.ഉ.(സാധാ)നം.3365/2022/ആഭ്യന്തരം പ്രകാരം സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്ത് വാക്കാലന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. എ.ഡി.ജി.പി.(എച്ച്.ക്യൂ.)-നെ അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ ദക്ഷിണ മേഖലാ പോലീസ് ഇൻസ്പെക്ടറിന്റെ 26-03-2022-ലെ D1-2913/2022/SZ പ്രകാരം മറ്റൊരു വാക്കാലന്വേഷണവും നിലവിലുണ്ട്.

**പാലക്കാട് ആളുമാറി അറസ്റ്റ് ചെയ്ത സംഭവത്തിലെ അന്വേഷണം**

107(2240) **ശ്രീ. ഷാഫി പറമ്പിൽ:**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:**
**ശ്രീ. എ. പി. അനിൽ കുമാർ:**
**ശ്രീ. അൻവർ സാദത്ത്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജാമ്യത്തിലിറങ്ങി ഒളിവിൽപോയ സ്ത്രീക്ക് പകരം എൺപത് വയസുള്ള സ്ത്രീയെ പോലീസ് അറസ്റ്റ് ചെയ്ത സംഭവം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവം പോലീസിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി കരുതുന്നുണ്ടോ; വിശദമാക്കുമോ?

പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം. നമ്പർ 496/1998 U/s 447, 294(b), 427 IPC കേസ്സിലെ യഥാർത്ഥ പ്രതി തന്റെ മേൽവിലാസം മറച്ചുവെച്ച് തെറ്റായി ഭാരതി @ ഭാരതിയമ്മ വയസ്സ് 48/98, D/o (Late) ബാലകൃഷ്ണൻ നായർ, മഠത്തിൽ വീട്. വടക്കേത്തറ, കുനിശ്ശേരി, ആലത്തൂർ എന്നിവരുടെ മേൽവിലാസം നൽകുകയും തുടർന്ന് എൺപതു വയസ്സുള്ള ടി ഭാരതി അമ്മ വിചാരണ നേരിടുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് പാലക്കാട് ജില്ലാ ക്രൈംബ്രാഞ്ച് DySP നടത്തിയ പ്രാഥമിക അന്വേഷണത്തിൽ പോലീസുദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വീഴ്ച്ച വരുത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം സംഭവങ്ങൾ പോലീസിന്റെ വിശ്വാസ്യതയെതന്നെ ബാധിക്കുന്നുണ്ട് എന്നത് കണക്കിലെടുത്ത് സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്ന സമയത്തും വാറണ്ട്/ ഡിറ്റൻഷൻ നടത്തുന്ന സമയത്തും മറ്റും പ്രതികളെ തിരിച്ചറിയുന്നതിനായി അവരുടെ തിരിച്ചറിയൽ രേഖകൾ നിർബന്ധമായും പരിശോധിക്കേണ്ടതും യഥാർത്ഥ വ്യക്തിയെയാണ് അറസ്റ്റ് ചെയ്യുന്നതെന്ന് ഉറപ്പുവരുത്തേണ്ടതിനും ഇക്കാര്യത്തിൽ അറസ്റ്റ് നടപ്പാക്കുന്ന ഉദ്യോഗസ്ഥൻ അതീവ ജാഗ്രതയും ശ്രദ്ധയും ചെലുത്തേണ്ടതാണെന്നും യഥാർത്ഥ പ്രതിക്ക് പകരം അതേ പേരിലുള്ള നിരപരാധിയായ മറ്റൊരാൾ വിചാരണ നേരിടുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ലെന്നും ഇക്കാര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥർ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പ് പ്രത്യേക ജാഗ്രത പുലർത്തണമെന്നും സംസ്ഥാന പോലീസ് മേധാവി D2-152645/ 2023/PHQ പ്രകാരം ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**വർക്കല കാപ്പിൽ എച്ച്.എസ്.എസ്.-ൽ എസ്.പി.സി. യൂണിറ്റ്**

108(2241) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശത്തെ കുട്ടികൾ പഠിക്കുന്ന വർക്കല കാപ്പിൽ എച്ച്.എസ്.എസ്.-ൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

2023-24 അദ്ധ്യയന വർഷത്തിലേയ്ക്ക് പുതുതായി സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ല. ആയത് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി) പദ്ധതി അനുവദിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

**തവനൂർ മണ്ഡലത്തിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ**

109(2242) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് നിലവിൽ എസ്.പി.സി. (സ്റ്റുഡൻറ് പോലീസ് കേഡറ്റ്) യൂണിറ്റുകളുള്ളതെന്ന് വിശദമാക്കാമോ?

തവനൂർ മണ്ഡലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ നിലവിലുള്ള സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. കെ.എം.ജി.വി.എച്ച്.എസ്.എസ്., തവനൂർ

2. ഐഡിയൽ ഇ.എച്ച്.എസ്.എസ്., കടകശ്ശേരി

3. ജി.എച്ച്.എസ്.എസ്., എടപ്പാൾ

4. ജി.എച്ച്.എസ്.എസ്., പുറത്തൂർ

(ബി) പുതുതായി എസ്.പി.സി. യൂണിറ്റുകൾ സ്ഥാപിക്കാൻ അപേക്ഷകൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

2023-24 അദ്ധ്യയന വർഷത്തിലേയ്ക്ക് പുതുതായി സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ല. ആയത് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് സ്റ്റുഡന്റ്സ്

പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതി അനുവദിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി**

110(2243) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ളതെന്ന് ജില്ല തിരിച്ചുള്ള വിവരം നൽകാമോ?

സംസ്ഥാനത്ത് നിലവിൽ 998 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | സ്കൂളുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം സിറ്റി | 40 |
| 2 | തിരുവനന്തപുരം റൂറൽ | 84 |
| 3 | കൊല്ലം സിറ്റി | 36 |
| 4 | കൊല്ലം റൂറൽ | 50 |
| 5 | പത്തനംതിട്ട | 36 |
| 6 | ആലപ്പുഴ | 63 |
| 7 | കോട്ടയം | 60 |
| 8 | ഇടുക്കി | 46 |

| | | |
|---|---|---|
| 9 | എറണാകുളം സിറ്റി | 23 |
| 10 | എറണാകുളം റൂറൽ | 52 |
| 11 | തൃശ്ശൂർ സിറ്റി | 38 |
| 12 | തൃശ്ശൂർ റൂറൽ | 41 |
| 13 | പാലക്കാട് | 70 |
| 14 | മലപ്പുറം | 93 |
| 15 | കോഴിക്കോട് സിറ്റി | 36 |
| 16 | കോഴിക്കോട് റൂറൽ | 58 |
| 17 | വയനാട് | 38 |
| 18 | കണ്ണൂർ സിറ്റി | 44 |
| 19 | കണ്ണൂർ റൂറൽ | 47 |
| 20 | കാസർഗോഡ് | 43 |
| | ആകെ | 998 |

(ബി) കോങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

കോങ്ങാട് നിയോജകമണ്ഡലത്തിൽ നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്ന ഏഴ് സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ജി.എച്ച്.എസ്., പൊറ്റശ്ശേരി

2. മൗണ്ട് സീന ഇംഗ്ലീഷ് സ്കൂൾ, പത്തിരിപ്പാല

3. ജി.വി.എച്ച്.എസ്., പത്തിരിപ്പാല

4. എച്ച്.എസ്., കേരളശ്ശേരി

5. ജി.എച്ച്.എസ്., കാരക്കുറിശ്ശി

6. ജി.എച്ച്.എസ്., കരിമ്പ

7. ജി.എച്ച്.എസ്.എസ്., പൊറ്റശ്ശേരി ( ഹയർ സെക്കൻഡറി വിഭാഗം)

**വിദ്വേഷ പ്രസംഗങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്**

111(2244) ശ്രീ. സനീഷ് കുമാർജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.പി.ഐ(എം) സംസ്ഥാന സമിതി അംഗമായ പി. ജയരാജൻ, യുവമോർച്ച സംസ്ഥാന ജനറൽ സെക്രട്ടറി കെ. ഗണേഷ് എന്നിവർ 2023 ജൂലൈ മാസത്തിൽ വിദ്വേഷ പ്രസംഗങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കുമോ;പ്രസ്തുത കേസിൽ നാളിതുവരെ എന്തൊക്കെ തുടർനടപടി സ്വീകരിച്ചുവെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വ്യക്തികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേസ് രജിസ്റ്റർ ചെയ്യേണ്ടതായ പ്രസംഗം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള രാഷ്ട്രീയ പാർട്ടിക്കാരുടെ അതിക്രമങ്ങൾ**

112(2245) ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ രാഷ്ട്രീയ പാർട്ടികളുടെ ഫോറത്തിൽ ഒതുക്കി തീർക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ, തൃശ്ശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഭരണപക്ഷ പാർട്ടിയുടെ നേതാക്കൾ സ്ത്രീകൾക്കെതിരെ നടത്തിയ അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ പോലീസിന് കൈമാറാതെ രാഷ്ട്രീയപാർട്ടി

ഫോറത്തിൽ അന്വേഷണം നടത്തി ഒത്തുതീർപ്പാക്കുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഇല്ല.

(സി) കുറ്റകൃത്യങ്ങൾ ചെയ്യുന്ന രാഷ്ട്രീയപാർട്ടിക്കാരെ മാത്രം നിയമപരമായ ശിക്ഷയിൽ നിന്നും ഒഴിവാക്കുന്നത് ഭരണഘടനാ വിരുദ്ധമല്ലേ എന്ന് വ്യക്തമാക്കാമോ?

കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവർക്കെതിരെ രാഷ്ട്രീയഭേദമെന്യേ നിയമാനുസരണം പോലീസ് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം ബന്ധപ്പെട്ട കോടതികളിൽ സമർപ്പിച്ചുവരുന്നു.

(ഡി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികളിന്മേലുള്ള നടപടികൾ രാഷ്ട്രീയപാർട്ടി ഫോറങ്ങളിൽ മാത്രം ഒതുങ്ങുന്ന പ്രവണത തടയാൻ നടപടി സ്വീകരിക്കുമോ?

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

## സ്ത്രീസുരക്ഷ

113(2246) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീസുരക്ഷ മുൻനിർത്തി എന്തെല്ലാം നടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) സ്ത്രീകൾക്കെതിരെ വീടുകളിൽ നടക്കുന്ന അതിക്രമങ്ങൾ മനസ്സിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും സ്ത്രീസുരക്ഷ ഒരുക്കുന്നതിനുമായി സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഫെയ്സ്ബുക്ക്, വാട്സാപ്പ്, ഇൻസ്റ്റാഗ്രാം തുടങ്ങിയ സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകൾ ഏതെല്ലാം രീതിയിൽ ദുരുപയോഗം ചെയ്യപ്പെടുന്നുവെന്നും ആയത് ശരിയായ രീതിയിൽ എങ്ങനെ ഉപയോഗിക്കണം എന്നതിനെക്കുറിച്ചും പോലീസിന്റെ ഫെയ്സ്ബുക്ക്,

ഇൻസ്റ്റാഗ്രാം, വിഷ്വൽ മീഡിയ എന്നിവയുടെ സഹായത്തോടുകൂടി വീഡിയോകളും മറ്റും പ്രചരിപ്പിച്ച് ബോധവൽക്കരണം നടത്തിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഒരുക്കുന്നതിനും സ്ത്രീധനവുമായി ബന്ധപ്പെട്ട അതിക്രമങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതാ സെല്ലുകളിൽ നിലവിലുള്ള കൗൺസലിംഗ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പുകൽപ്പിക്കുന്നതിന് പ്രത്യേക പരിശീലനം എല്ലാ പോലീസ് ജില്ലകളിൽ നിന്നുമുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക്

ഘട്ടംഘട്ടമായി നൽകിയിട്ടുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ പരാതി നൽകുന്നതിനായി പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. പൊതു, സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ് സംവിധാനം, ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ്ലൈൻ സംവിധാനം, ഹെൽപ്പ് ഡെസ്ക് സംവിധാനം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുള്ളതും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതുമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധം വർദ്ധിപ്പിക്കുന്നതിനുവേണ്ടി Self Defence പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. അടിയന്തര പോലീസ് സഹായം ലഭ്യമാകുന്ന പോലീസിന്റെ 1515, 112, 1090, 1091 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ വിളിച്ച് പോലീസ് സഹായം തേടാവുന്നതാണ്. സ്ത്രീകളുടെ പ്രശ്നപരിഹാരത്തിനായി Domestic Conflict Resolution Centre (DCRC) വനിതാ സെല്ലിന്റെ കീഴിൽ

പ്രവർത്തിച്ചുവരുന്നു. കൂടാതെ ഏതെങ്കിലും സാഹചര്യത്തിൽ അപകടത്തിൽപ്പെടുന്ന സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നിർഭയം ആപ്പ് (NIRBHAYAM APP) സർക്കാർ ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്കായി നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്കുപുറമേ 05-11-2019-ലെ സ.ഉ.(എം.എസ്) നം. 175/2019/ആഭ്യ പ്രകാരം പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഒന്നു വീതം ആകെ നാല് വനിതാ പോലീസ് സ്റ്റേഷൻകൂടി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ റൂറൽ എന്നിവിടങ്ങളിലും വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. പൊതു, സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ നിയമമനുസരിച്ച് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. രാത്രി വൈകിയും

പുലർച്ചയ്ക്കും ഒറ്റയ്ക്ക് സഞ്ചരിക്കേണ്ടി വരുന്ന സ്ത്രീകളുടെ സുരക്ഷിത താമസത്തിനായി കൗൺസിലിംഗ് അടക്കമുള്ള സൗകര്യങ്ങളോടെ വനിതാ ശിശുക്ഷേമ വകുപ്പിന്റെകീഴിൽ സഖി വൺ സ്റ്റോപ്പ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അസ്സമയത്ത് വഴിയിൽ ഒറ്റപ്പെട്ടു പോകുന്ന വനിതാ യാത്രക്കാർക്കും മുതിർന്ന പൗരന്മാർക്കും സുരക്ഷ ഒരുക്കുന്നതിനായി കേരള പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് നിഴൽ. ഏത് അടിയന്തര സാഹചര്യത്തിലും ആവശ്യമായ സഹായം എത്തിക്കാൻ തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് പോലീസ് കമാന്റ് സെന്റർ കേന്ദ്രമായാണ് ഈ പ്രത്യേക സംവിധാനത്തിന്റെ പ്രവർത്തനം. കേരളത്തിലെ എല്ലാ ജില്ലയിൽനിന്നും ഏത് സമയവും 112 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. രാത്രി ഒറ്റയ്ക്ക് സഞ്ചരിക്കുന്ന വനിതകൾക്ക് പോലീസ് സഹായം എത്തിക്കാനും ഈ സംവിധാനം വഴി സാധിക്കും. വിളിക്കുന്ന വ്യക്തി നിൽക്കുന്ന സ്ഥലം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കൃത്യമായി മനസ്സിലാക്കാൻ കമാന്റ് സെന്ററിന് കഴിയും. നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ

ബട്ടൺ മൂന്ന് തവണ അമർത്തിയാൽ കമാന്റ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും ചെയ്യും. 112 ഇന്ത്യ എന്ന മൊബൈൽ ആപ്പിലെ പാനിക് ബട്ടൺ അമർത്തിയാലും കമാന്റ് സെന്ററിൽ സന്ദേശമെത്തും. കൂടാതെ രാത്രികാല പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുള്ളതും ആയത് കാര്യക്ഷമമായി നടന്നുവരികയും ചെയ്യുന്നു. സ്ത്രീകളുൾപ്പെടെയുള്ള പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി സംസ്ഥാന പോലീസ് പുറത്തിറക്കിയിട്ടുള്ള എല്ലാ ആപ്പിക്കേഷനുകളെക്കുറിച്ചും പൊതുജനങ്ങൾക്കിടയിൽ ആവശ്യമായ പ്രചാരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന പോലീസിന്റെ വിവിധ സോഷ്യൽ മീഡിയ അക്കൗണ്ടുകളിലൂടെയും പത്ര-മാധ്യമങ്ങൾ മുഖേനയും ഇവയെ സംബന്ധിച്ച് വിവരങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നു.

**പോക്സോ കേസുകൾ തീർപ്പാക്കാൻ നടപടി**

114(2247) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനും യഥാസമയം പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കാനുമായി എത്ര പോക്സോ കോടതികൾ നിലവിലുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 56 അതിവേഗ പ്രത്യേക കോടതികൾ പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 54 അതിവേഗ പ്രത്യേക കോടതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി അനുവദിച്ചിട്ടുള്ള അതിവേഗ പ്രത്യേക കോടതികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (1) ആയി ചേർക്കുന്നു.+ എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ അഡീഷണൽ സ്പെഷ്യൽ കോടതി പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഓരോ ജില്ലയിലേയും അനുബന്ധം (2) ആയി+ ചേർത്തിരിക്കുന്ന കോടതികളെ പോക്സോ നിയമം സെക്ഷൻ 28(1) പ്രകാരം ചൈൽഡ് റൈറ്റ് ആക്ട് 2005 സംരക്ഷിക്കുന്നതിനായി പ്രത്യേക കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കോടതികളിലാകെ നാളിതുവരെ തീരുമാനമാകാതെ കിടക്കുന്ന കേസുകൾ രജിസ്റ്റർ ചെയ്ത വർഷമുൾപ്പെടെ വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത പോക്സോ കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പോക്സോ കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-

സംസ്ഥാനത്ത് പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ വിചാരണ, തീർപ്പാക്കൽ എന്നിവയുടെ പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മറ്റി അതിവേഗ പ്രത്യേക കോടതികളിലും മറ്റ് പോക്സോ വിചാരണ കോടതികളിലും ഫയൽ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണം, ടി കേസുകളുടെ തീർപ്പാക്കൽ എന്നിവയുടെ പ്രതിമാസ കണക്കുകൾ ശേഖരിക്കുകയും ആയത് നിരന്തരം വിലയിരുത്തുകയും ടി കണക്കുകൾ ഫലപ്രദമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരീഷണത്തിനായി പോർട്ട്ഫോളിയോ ജഡ്ജിമാർക്ക് നൽകുകയും ചെയ്യുന്നു. അതോടൊപ്പം പ്രതിമാസ കണക്കുകളുടെ അടിസ്ഥാനത്തിൽ ആനുകാലിക മീറ്റിംഗുകൾ നടത്തുകയും ജൂഡീഷ്യൽ ഓഫീസർമാരുടെ പ്രകടനം വിലയിരുത്തുകയും കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ചിൽഡ്രൻസ് ഹോമുകളിലും നിർഭയ ഹോമുകളിലും സമാനമായ മറ്റ് സ്ഥാപനങ്ങളിലും താമസിക്കുന്ന ഇരകളുടെ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും കേസുകളുടെ സുഗമമായ നടത്തിപ്പിനും വേഗത്തിൽ തീർപ്പാക്കുന്നതിനും അന്വേഷണ ഉദ്യോഗസ്ഥരുടെയും സാക്ഷികളുടെയും സാന്നിദ്ധ്യം കോടതികളിൽ ഉറപ്പാക്കുന്നതിനുമായി അതതു ജില്ലകളിലെ മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുമായി ആനുകാലിക മീറ്റിംഗുകൾ ജില്ലാ ജഡ്ജിതലത്തിൽ നടത്തുന്നതിനും പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും സ്പെഷ്യൽ പ്രോസിക്യൂട്ടർമാരുടെയും ഒഴിവുകൾ യഥാസമയം നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും;

പോക്സോ കോടതികൾ കൈകാര്യം ചെയ്യുന്ന സ്പെഷ്യൽ പ്രോസിക്യൂട്ടർമാർക്ക് ജില്ലാതല പരിശീലനം നൽകുന്നതിനായി ഒരു പരിശീലകനെ കേരള ജുഡീഷ്യൽ അക്കാദമി നിയോഗിക്കുന്നതിനും; പോക്സോ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി ഫോറൻസിക് സയൻസ് ലബോറട്ടറിയിൽനിന്നും കാലതാമസമില്ലാതെ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും; ചിൽഡ്രൻസ് ഹോമുകളിലും നിർഭയ ഹോമുകളിലും സമാനമായ മറ്റ് സ്ഥാപനങ്ങളിലും താമസിക്കുന്ന ഇരകളായ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ജില്ലാ ജഡ്ജി തലത്തിൽ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമ കേസുകൾ**

115(2248) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ എത്ര അതിക്രമ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

എത്രപേർ ഇത്തരം അതിക്രമങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്; എത്ര കേസുകളിൽ കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്തുണ്ടായ വിവിധ സംഭവങ്ങൾക്കിടെ മുൻസർക്കാരിന്റെ കാലം മുതൽ 23-08-2023 വരെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം കുറ്റം ചുമത്തിയ 8833 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവങ്ങളിൽ 107 പേർ മരണപ്പെടുകയുണ്ടായി. അന്വേഷണം പൂർത്തിയായ 6058 കേസുകളിൽ കുറ്റക്കാരെ കണ്ടെത്തുകയും വിചാരണ പൂർത്തിയായ 220 കേസുകളിലെ പ്രതികൾ ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

**അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള കേസുകളുടെ എണ്ണം**

116(2249) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കൊലപാതക കേസുകളുണ്ട്; സ്ത്രീകൾക്കെതിരെയുള്ള എത്ര അതിക്രമങ്ങൾ രജിസ്റ്റർ

ചെയ്തിട്ടുണ്ട്; എത്ര പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുമുള്ളതിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായ കേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഇതര സംസ്ഥാനങ്ങളിൽ നിന്നും മതിയായ രേഖകളില്ലാതെ കേരളത്തിലെത്തി ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ കർശനമായി നിരീക്ഷിക്കുന്നതിനുമായി പോലീസ് ആസ്ഥാനത്ത് നിന്നും 13/2009 നമ്പർ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ഏറ്റവും പുതിയ കണക്കുകൾ ശേഖരിക്കുന്നതിലേയ്ക്കും അവ ഡിജിറ്റൽ രൂപത്തിലാക്കി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൂക്ഷിക്കുന്നതിനുംവേണ്ടി 08-08-2023-ലെ 374/Camp/ADGP LO/2023 നമ്പർ പ്രകാരമുള്ള നിർദ്ദേശങ്ങൾ ADGP Law & Order ഓഫീസിൽ നിന്നും സോൺ ഐ.ജി.-മാർ, റേഞ്ച് ഡി.ഐ.ജി.-മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരികയുമാണ്. ടി നടപടികൾ പൂർത്തീകരിക്കുന്നതോടുകൂടി എത്ര ഇതരസംസ്ഥാന തൊഴിലാളികൾ നിലവിലുണ്ടെന്ന കണക്കുകൾ ലഭ്യമാകുന്നതാണ്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന അതിഥി തൊഴിലാളികളുടെ വിവരശേഖരണം പോലീസ് സ്റ്റേഷനുകൾവഴി യഥാവിധം നടത്തിവരുന്നുണ്ടെങ്കിലും ക്രിമിനൽ പശ്ചാത്തലമുള്ളവരുടെയോ മറ്റ് സംസ്ഥാനങ്ങളിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് കേരളത്തിലെത്തുന്നവരുടെയോ വിവരങ്ങൾ ശേഖരിക്കുന്നതിന് പോലീസിന് പരിമിതികളുണ്ട്. ഓരോ പോലീസ് സ്റ്റേഷൻ അതിർത്തിയിലും തൊഴിൽദാതാക്കളോ, കോൺട്രാക്ടർമാരോ, വീട് വാടകയ്ക്ക് നൽകുന്നവരോ ഇപ്രകാരം താമസിക്കുന്ന തൊഴിലാളികളുടെ വിവരങ്ങൾ പലപ്പോഴും കൃത്യമായി ശേഖരിച്ച് വയ്ക്കാത്തതിനാൽ ഇതര

സംസ്ഥാന തൊഴിലാളികളുടെ എണ്ണമോ വിവരശേഖരണമോ കൃത്യമായി തിട്ടപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. അതിനാൽ ഓരോ വർഷവും ലക്ഷക്കണക്കിന് തൊഴിലാളികൾ കേരളത്തിൽ വന്നുപോകുന്ന സാഹചര്യമുള്ളതിനാൽ ടി തൊഴിലാളികളുടെ കൃത്യമായ വിവരശേഖരണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**അതിഥി തൊഴിലാളികൾ പ്രതികളായി രജിസ്റ്റർ ചെയ്ത കേസുകൾ**

117(2250) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രിമിനൽ പശ്ചാത്തലമുള്ളവരും മാരകമായ ലഹരി ഉപയോഗിക്കുന്നവരുമായ അതിഥിത്തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിഥി തൊഴിലാളികൾ പ്രതികളായി രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ക്രിമിനൽ പശ്ചാത്തലമുള്ളവരും മാരകമായ ലഹരി ഉപയോഗിക്കുന്നവരുമായ അതിഥിത്തൊഴിലാളികൾ പ്രതികളായ കേസുകളുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

അതിഥിത്തൊഴിലാളികൾ പ്രതികളായി രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) അതിഥി തൊഴിലാളികൾക്കുവേണ്ടിമാത്രം സംസ്ഥാനത്ത് നിയമനിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) അതിഥി തൊഴിലാളികൾക്ക് പോലീസ് ക്ലിയറൻസ് ഉൾപ്പെടെയുള്ള രേഖകൾ, സംസ്ഥാനത്ത് ഒരാളുടെ സ്പോൺസർഷിപ്പ്, തൊഴിൽ കാർഡ് പോലുള്ള രേഖകൾ എന്നിവ ഏർപ്പെടുത്തി ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി നിയമങ്ങൾ നടപ്പിലാക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി കേന്ദ്ര നിയമം 1979-ലെ Interstate Migrant Workers (Regulations of Employment and Conditions of Service) Act പ്രകാരം അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനവും രജിസ്റ്റർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യേണ്ടത് നിർബന്ധമാണ്. അതോടൊപ്പം കരാറുകാരനും ലൈസൻസ് നേടേണ്ടതുണ്ട്. മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥിത്തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ കർശനമായി നിരീക്ഷിക്കുന്നതിനും എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/2009 പ്രകാരം സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിവര ശേഖരണം**

ഇത്തരം തൊഴിലാളികളുടെ വിവരശേഖരണം പോലീസ് സ്റ്റേഷനുകൾവഴി നടത്തിവരുന്നു. സംസ്ഥാനത്തുള്ള ഇതരസംസ്ഥാന തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിന് സോണൽ ഐ.ജി.-മാർ, റേഞ്ച് ഡി.ഐ.ജി.-മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് Law & Order നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരികയാണ്. ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ റസിഡൻസ് അസോസിയേഷനുമായി

സഹകരിച്ച് അപരിചിതരായ ആൾക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും സംശയാസ്പദമായി കാണുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പോലീസിനെ അറിയിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ Student Police Cadet, Special Protection Group എന്നിവരുടെ സഹകരണത്തോടെ സ്കൂളുകളിലും പരിസരപ്രദേശങ്ങളിലും കുട്ടികൾക്കാവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളും അതോടൊപ്പം റസിഡൻഷ്യൽ ഏര്യകളിൽ കുട്ടികൾ അപരിചിതരുമായി സഹകരിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവത്കരണവും നടത്തിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും അവയ്ക്കെതിരെ യഥാസമയം പ്രതികരിക്കുന്നതിന് സ്ത്രീകളെയും കുട്ടികളെയും സജ്ജമാക്കുക എന്നത് പ്രമേയമാക്കി ജനമൈത്രി പോലീസ് സംവിധാനം ഉപയോഗിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. കുറ്റകൃത്യങ്ങൾ റിപ്പോർട്ടായാലുടൻ കേസ് രജിസ്റ്റർ ചെയ്ത് വളരെ വേഗം പ്രതിയെ കണ്ടെത്തുന്നതിനും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതിനുമുള്ള

നടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്. ഇത്തരം കേസുകളിൽ ശാസ്ത്രീയ തെളിവുകളും മറ്റും അതിവേഗം ശേഖരിച്ച് പരമാവധി ശിക്ഷ ലഭിക്കത്തക്കവിധം കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തി നിലവിലെ നിയമപ്രകാരം 60 ദിവസത്തിനുള്ളിൽ പഴുതടച്ച് കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

**അന്യ സംസ്ഥാന തൊഴിലാളികളുടെ നിർബന്ധിത ഒറ്റത്തവണ രജിസ്ട്രേഷൻ**

118(2251) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാൽ കണ്ടുപിടിക്കുന്നതിനായി ഇവർ ജോലിക്കുവരുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ നടത്താറുണ്ടോ;

(ബി) ഇല്ലെങ്കിൽ ഒറ്റത്തവണ നിർബന്ധിത രജിസ്ട്രേഷൻ നടത്താൻ നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്തെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ പോലീസ് സ്റ്റേഷൻ പരിധിയിൽ അതിഥി തൊഴിലാളികളെ

ജോലിക്ക് നിയോഗിക്കുന്ന തൊഴിൽ ദാതാക്കളോട് അവരുടെകൂടെയുള്ള അതിഥി തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാൻ സംസ്ഥാന പോലീസ് മേധാവി എക്സിക്യൂട്ടീവ് ഡയറക്ടീവ് നം. 13/2009 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ഇതര സംസ്ഥാന തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനും സോണൽ ഐ.ജി.-മാർ, റേഞ്ച് ഡി.ഐ.ജി.-മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (Law & Order) നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരികയാണ്. മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തി അവരെ കർശനമായി നിരീക്ഷിക്കുന്നതിനുള്ള നടപടികളും പോലീസ് സ്വീകരിച്ചുവരുന്നുണ്ട്.

**രജിസ്ട്രേഷനുള്ള നടപടികൾ**

ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി കേന്ദ്ര നിയമം 1979-ലെ Interstate Migrant Workers (Regulations of Employment and Conditions of Service) Act പ്രകാരം അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനവും രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. അതോടൊപ്പം കരാറുകാരനും ലൈസൻസ് നേടേണ്ടതുണ്ട്.

**അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ ക്രിമിനൽ കേസുകൾ**

119(2252) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ ക്രിമിനൽ കേസുകളുടെ എണ്ണം എത്രയെന്ന് വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആയതിൽ കൊലക്കേസുകൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളുടെ കേസുകൾ എന്നിവ എത്ര വീതമാണെന്ന് വിശദമാക്കുമോ?

2023 ആഗസ്റ്റ് 8 വരെയുള്ള കൊലക്കേസുകളുടെ എണ്ണം 161-ഉം സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളുടെ കേസുകൾ 834-മാണ്.

(സി) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) അന്യസംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ?

(സി&ഡി) ഇതര സംസ്ഥാനങ്ങളിൽനിന്നും മതിയായ രേഖകളില്ലാതെ കേരളത്തിൽ എത്തി ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ കർശനമായി നിരീക്ഷിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം

കുറ്റകൃത്യങ്ങൾ റിപ്പോർട്ടായാലുടൻ കേസ് രജിസ്റ്റർ ചെയ്ത് വളരെ വേഗം പ്രതിയെ കണ്ടെത്തുന്നതിനും ശാസ്ത്രീയ തെളിവുകളുൾപ്പെടെ അതിവേഗം ശേഖരിച്ച് പരമാവധി ശിക്ഷ ലഭിക്കത്തക്ക വിധം അന്വേഷണം നടത്തി 60 ദിവസത്തിനുള്ളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ കൂടുതൽ POCSO കോടതികൾ സ്ഥാപിച്ചതുവഴി POCSO കേസുകളുടെ വിചാരണ അതിവേഗം പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്. മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തി അവരെ നിരീക്ഷിക്കുന്നതിനുപുറമെ, അത്തരം തൊഴിലാളികളുടെ വിവരശേഖരണം പോലീസ് സ്റ്റേഷനുകൾ വഴി നടത്തിവരുന്നുമുണ്ട്. സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിന് സോണൽ ഐ.ജി.-മാർ, റേഞ്ച് ഡി.ഐ.ജി.-മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരികയുമാണ്.

ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ റസിഡൻസ് അസോസിയേഷനുമായി സഹകരിച്ച് അപരിചിതരായ ആൾക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച്, സംശയാസ്പദമായി കാണുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പോലീസിനെ അറിയിക്കുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്. ഇതിനുപുറമെ Student Police Cadet, Special Protection Group എന്നിവരുടെ സഹകരണത്തോടെ സ്കൂളുകളിലും പരിസരപ്രദേശങ്ങളിലും കുട്ടികൾക്കാവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളും റസിഡൻഷ്യൽ ഏര്യകളിൽ കുട്ടികൾ അപരിചിതരുമായി സഹകരിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവത്കരണവും നടത്തിവരുന്നു.

**ആമിന അബ്ദുൾ ഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി**

120(2253) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന ആമിന അബ്ദുൾ ഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത കേസിന്റെ അന്വേഷണ ഏജൻസിയെ സംബന്ധിച്ച വിശദാംശം നൽകാമോ?

(എ&ബി) ആമിന അബ്ദുൾ ഖാദർ എന്ന സ്ത്രീയുടെ മരണവുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 434/2021 U/s 302, 397 IPC നമ്പർ കേസ് ക്രൈം ബ്രാഞ്ചിന് കൈമാറുകയും ടി കേസ് 257/CB/EKM/R/2021 ആയി റീ നമ്പർ ചെയ്ത് ക്രൈം ബ്രാഞ്ച് എറണാകുളം യൂണിറ്റ് അന്വേഷണം നടത്തിവരുന്നു.

(സി) അന്വേഷണം കൂടുതൽ ഊർജ്ജിതമാക്കി കുറ്റവാളികളെ വേഗത്തിൽ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ചും സാക്ഷികളെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയും അന്വേഷണം നടത്തി പ്രതികളെ എത്രയും വേഗം കണ്ടെത്തുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വികരിച്ചുവരുന്നു.

## പ്രണയപ്പകയെ തുടർന്നുള്ള ആക്രമണം

121(2254) <u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് പ്രണയപ്പകയെ തുടർന്നുള്ള ആക്രമണത്തിൽ കൊല്ലപ്പെട്ടിട്ടുള്ള ആളുകളുടെ എണ്ണവും പരിക്കേറ്റവരുടെ എണ്ണവും വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞവയിൽ ഏതൊക്കെ കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്; ഏതൊക്കെ കേസുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) മേൽ സൂചിപ്പിച്ചിട്ടുള്ള എത്ര കേസുകളിൽ പ്രതികൾ ലഹരി മരുന്ന് ഉപയോഗിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്; ഏതൊക്കെ കേസുകളിലാണെന്നും വിശദീകരിക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മലപ്പുറം ജില്ലയിൽ രജിസ്റ്റർ ചെയ്ത മിസ്സിങ്ങ് കേസുകൾ

122(2255) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2021 മുതൽ നാളിതുവരെ കാണാതായവരെപ്പറ്റി (മിസ്സിംഗ് കേസ്) എത്ര കേസുകൾ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് മാസം, പോലീസ് സ്റ്റേഷൻ എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിൽ 2021 മുതൽ 21-08-2023 വരെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 1436 മിസ്സിംഗ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 1637 പേരെ കാണാതായിട്ടുണ്ട്. കേസ്സുകളുടെ എണ്ണം, മാസം എന്നിവ പോലീസ് സ്റ്റേഷൻ തിരിച്ച് ഇതൊടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത കേസുകളിൽ എത്ര പേരെ കണ്ടെത്തിയിട്ടുണ്ടെന്നും മറ്റുള്ളവരെ കണ്ടെത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത കേസ്സുകളിലുൾപ്പെട്ട് 1637 പേരെ കാണാതായതിൽ 1609 പേരെ കണ്ടെത്തിയിട്ടുണ്ട്. കാണാതായവരിൽ ഇനി കണ്ടെത്താനുള്ളവരുടെ ഫോട്ടോ ഉൾപ്പെടെയുള്ള വ്യക്തിവിവരങ്ങളും മറ്റും പ്രസിദ്ധീകരിക്കുകയും കൂടാതെ ഫോൺ, ബാങ്ക്, പാസ്സ്പോർട്ട് എന്നിവയുടെ രേഖകൾ ശേഖരിച്ച് ശാസ്ത്രീയമായി പരിശോധിച്ചും കാണാതായവരെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത അന്വേഷണം നടത്തിവരുന്നു. ടി കേസുകളുടെ അന്വേഷണ പുരോഗതി സംബന്ധിച്ച് 4 ദിവസം കൂടുമ്പോൾ ബന്ധപ്പെട്ട ഡി.വൈ.എസ്.പി.-യും 15 ദിവസം കഴിഞ്ഞാൽ ജില്ലാ ക്രൈം ബ്രാഞ്ച് DySP-യുടെ നേതൃത്വത്തിലുള്ള ജില്ലാ മിസ്സിംഗ് പേഴ്സൺ ട്രേസിംഗ് യൂണിറ്റും (DMPTU) വിലയിരുത്തി വരുന്നുണ്ട്.

(സി) പ്രസ്തുത കേസുകളിൽ സ്ത്രീകൾ, 18 വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവരെ കാണാതായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇവരിൽ എത്ര പേരെ കണ്ടെത്തിയെന്നും വിശദമാക്കുമോ?

പ്രസ്തുത കേസ്സുകളിൽ സ്ത്രീകൾ, 18 വയസിനുതാഴെയുള്ള കുട്ടികൾ എന്നിവരെ കാണാതായതുമായി ബന്ധപ്പെട്ട് 984 കേസ്സുകൾ മലപ്പുറം

ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലായി 1,134 പേരെ കണ്ടെത്തിയിട്ടുണ്ട്.

**കുറ്റ്യാടി ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ്**

123(2256) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി കേന്ദ്രീകരിച്ച് ഗോൾഡ് പാലസ് ജൂവല്ലറി നിക്ഷേപ തട്ടിപ്പ് നടത്തിയവരെ നിയമത്തിന് മുൻപിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കുറ്റ്യാടി കേന്ദ്രീകരിച്ച് നടന്ന ഗോൾഡ് പാലസ് ജ്വൂവല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച് ആകെ 13 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.624/21, 638/21, 640/21, 641/21, 642/21 കേസുകളിലും, നാദാപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.573/21, 586/21, 588/21, 589/21 കേസുകളിലും അന്വേഷണം പൂർത്തിയാക്കി പ്രാഥമിക കുറ്റപത്രം ബഹു. നാദാപുരം ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-1 മുമ്പാകെ

സമർപ്പിച്ചിട്ടുള്ളതാണ്. പയ്യോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.775/21, 776/21, 787/21, 791/21 കേസുകൾ നിലവിൽ അന്വേഷണാവസ്ഥയിലാണ്.

(ബി) പ്രസ്തുത തട്ടിപ്പിനിരയായവർക്ക് ആശ്വാസകരമാകുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്യുകയും പ്രതികളുടെ വീടും സ്ഥാപനങ്ങളും പരിശോധന നടത്തി സ്വർണ്ണവും പ്രതികളുടെയും കുടുംബാംഗങ്ങളുടെയും ആധാരങ്ങളും ബാങ്ക് അക്കൗണ്ടുകളുടെ രേഖകളും ബന്തവസ്സിലെടുക്കുകയും ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുകയും പ്രതികളുടെ സ്വത്ത് വകകൾ കൈമാറ്റം ചെയ്യാതിരിക്കാൻ ബന്ധപ്പെട്ട സബ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**താമിർ ജിഫ്രിയുടെ കസ്റ്റഡി മരണം**

124(2257) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ പോലീസിന്റെ കസ്റ്റഡിയിലിരിക്കെ താമിർ ജിഫ്രി മരണപ്പെട്ടതുമായി ബന്ധപ്പെട്ട് വകുപ്പ് ഇതുവരെ എടുത്ത നടപടികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

താനൂർ പോലീസിന്റെ കസ്റ്റഡിയിലിരിക്കെ താമിർ ജിഫ്രി മരണപ്പെട്ടതുമായി ബന്ധപ്പെട്ട് താനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 856/2023 U/s 174 CrPC ആയി കേസ് രജിസ്റ്റർ ചെയ്യുകയും തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി.-യുടെ ഉത്തരവുപ്രകാരം 8 പോലീസുദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കേസിന്റെ അന്വേഷണം 01-08-2023-ലെ T8-131941/2023/PHQ പ്രകാരം സംസ്ഥാന പോലീസ് മേധാവി ക്രൈം ബ്രാഞ്ചിന് കൈമാറുകയുണ്ടായി. ക്രൈം നമ്പർ 2723/CB/MLPM/R/2023 U/s 174 CrPC ആയി കേസ് റീ നമ്പർ ചെയ്ത് ക്രൈം ബ്രാഞ്ച് അന്വേഷണം തുടർന്നുവരുന്നു. അന്വേഷണഘട്ടത്തിൽ Sec.342, 346, 348, 330, 323, 324, 302 r/w 34 IPC പ്രകാരമുള്ള കുറ്റകൃത്യങ്ങൾ കൂടി നടന്നതായി വെളിവായതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പുകൾകൂടി ഉൾപ്പെടുത്തി അന്വേഷണം തുടരവെ 10-08-2023-ലെ

G.O(MS)178/2023/HOME പ്രകാരം ഈ കേസിന്റെ അന്വേഷണം സർക്കാർ C.B.I.-ക്ക് കൈമാറി (SRO 864/2023) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 2016 മുതൽ സംസ്ഥാനത്ത് പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ടവർ എത്രയാണെന്നും പ്രസ്തുത കസ്റ്റഡി മരണങ്ങൾ സംബന്ധിച്ച വിശദവിവരങ്ങളും ലഭ്യമാക്കുമോ?

അനുബന്ധമായി ചുവടെ ചേർക്കുന്നു.+

**കസ്റ്റഡിമരണങ്ങളും ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളും**

125(2258) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഏതെല്ലാം ജില്ലകളിലാണ് കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ?

തിരുവനന്തപുരം, കണ്ണൂർ, പാലക്കാട്, എറണാകുളം, തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി 6 മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ എത്ര കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഏതെല്ലാം ജില്ലകളിലാണ് കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ?

മലപ്പുറം, കണ്ണൂർ, ആലപ്പുഴ, പാലക്കാട്, എറണാകുളം, കോഴിക്കോട്, കോട്ടയം, കാസർഗോഡ്, തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി ജില്ലകളിലായി ഒരു ജൂഡീഷ്യൽ കസ്റ്റഡി മരണം ഉൾപ്പെടെ 11 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) മുൻ സർക്കാർ കാലയളവിലും നിലവിലെ സർക്കാർ അധികാരമേറ്റശേഷവും കസ്റ്റഡി മരണങ്ങളുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; എത്ര പേരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്; സസ്പെൻഡ് ചെയ്ത എത്ര പേരെ തിരിച്ചെടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ?

മുൻ സർക്കാർ കാലയളവിലും നിലവിലെ സർക്കാർ അധികാരമേറ്റ ശേഷവും കസ്റ്റഡി മരണങ്ങളുമായി ബന്ധപ്പെട്ട് 40 പോലീസ്

ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 22 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. 13 പേരെ തിരിച്ചെടുത്തിട്ടുണ്ട്.

**സോഷ്യൽ മീഡിയ വഴിയുള്ള അപവാദ പ്രചാരണം**

126(2259) **ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ മീഡിയയിൽ നേരിട്ട അപവാദ പ്രചരണങ്ങൾക്കെതിരെ സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 349/Ptn./CCPS/DR/22 നമ്പർ പെറ്റീഷനിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ തെറ്റിദ്ധാരണ ഉണ്ടാക്കുന്ന സന്ദേശങ്ങൾ പ്രചരിപ്പിച്ചവർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

(എ&ബി) ബഹു. കുറ്റ്യാടി എം.എൽ.എ., കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർക്കെതിരെ സോഷ്യൽ മീഡിയ വഴി വ്യാജവാർത്ത പ്രചരിപ്പിച്ചതിന് CMO Portal മുഖേന കോഴിക്കോട് റൂറൽ പോലീസ് ജില്ലയിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതി 349/ptn./CCPS/DR/22

നമ്പർ പ്രകാരം പെറ്റീഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. പരാതിപ്രകാരമുള്ള കൃത്യം ചെയ്തയാളെ കണ്ടെത്തുന്നതിലേയ്ക്കായി പരാതിയോടൊപ്പം നൽകിയിട്ടുള്ള വിശദാംശങ്ങൾ സഹിതം Facebook legal authority-ക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ MLAT (Mutual Legal Assistance Treaty)/Letter Rogatory പ്രകാരം സമീപിച്ചാൽ മാത്രമേ വിവരങ്ങൾ നൽകാൻ കഴിയുകയുള്ളൂ എന്ന് Facebook legal enforcement authority അറിയിച്ചിരുന്നു, ടി വിവരം പരാതിക്കാരനായ ബഹുമാനപ്പെട്ട കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.-യെ ഇ-മെയിൽ മുഖാന്തരം അറിയിച്ചിട്ടുണ്ട്. ഇത്തരം പരാതികൾ ലഭിച്ചാൽ കൃത്യം ചെയ്തയാളെ കണ്ടെത്തുന്നതിലേയ്ക്കായി പരാതിയോടൊപ്പം നൽകിയിട്ടുള്ള വിശദാംശങ്ങൾ (URL with Screenshot) സഹിതം പ്രസ്തുത I.D.-യും പോസ്റ്റും നീക്കം ചെയ്യാനും കൂടാതെ IP അഡ്രസ്സ് ലഭിക്കുന്നതിനുമായി പരാതിക്കിടയായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിന്റെ legal enforcement authority-ക്ക് അപേക്ഷ നൽകുകയും ആയതിന് മറുപടി ലഭിക്കുന്ന മുറയ്ക്കാണ് തുടർനിയമ നടപടികൾ സ്വീകരിച്ചുവരുന്നത്. നിലവിൽ ഇത്തരം

പരാതികളിൽ അപകീർത്തിപ്പെടുത്തൽ കുറ്റം മാത്രമാണ് നിലനിൽക്കുന്നത്. 2015 മാർച്ചിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി Sec.66A of IT ACT റദ്ദ് ചെയ്തിട്ടുള്ളതാണ്. കൂടാതെ കേരള പോലീസ് ആക്ടിലെ സെക്ഷൻ 120(o), 500 IPC എന്നീ വകുപ്പുകൾ Non-Cognizable Offence ആണ്. അതിനാൽ ഇത്തരം സന്ദർഭങ്ങളിൽ പരാതിക്കാരൻ കൂടുതൽ പരാതികൾ ഉന്നയിച്ചാൽ പരിഹാരം കാണുന്നതിനായി അധികാരപരിധിയിലുള്ള ബഹു. കോടതിയെ സമീപിക്കുവാൻ പരാതിക്കാരെ അറിയിക്കുകയും ചെയ്തുവരുന്നു.

**ഈരാറ്റുപേട്ട മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിനുവേണ്ട ഭൂമി വിട്ടുനൽകാൻ നടപടി**

127(2260) **<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u>** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ടയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ളതും ബി.റ്റി.ആർ. (ബേസിക് ടാക്സ് രജിസ്റ്റർ) പ്രകാരം സർക്കാർ പുറമ്പോക്കായിട്ടുള്ളതും ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനോട് ചേർന്നുള്ളതും മീനച്ചിൽ താലൂക്കിലെ ഈരാറ്റുപേട്ട വില്ലേജിൽ ബ്ലോക്ക് 48-ൽ റീ.സ.49/13-ൽപ്പെട്ട 01.13.20 ഹെക്ടർ

സ്ഥലത്തിൽ നിന്നും 40.47 ആർ സ്ഥലം റവന്യൂ വകുപ്പിന് കൈമാറി നൽകുന്നതിനായി ആഭ്യന്തര വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുള്ള ഫയലിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ ഭൂമി റവന്യൂ വകുപ്പിന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ഈരാറ്റുപേട്ട വില്ലേജിലെ റീസർവ്വെ നമ്പർ 49/13-ൽ ഉൾപ്പെട്ട 2.8 ഏക്കർ പോലീസ് വക ഭൂമിയിൽ നിന്നും 50 സെന്റ് സ്ഥലം ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി റവന്യൂ വകുപ്പിന് കൈമാറി നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**അതിഥി തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ**

128(2261) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിഥി തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുൻ വർഷങ്ങളെ അപേക്ഷിച്ച് അതിഥി തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവും അതോടൊപ്പം അവർ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങളിൽ നേരിയ തോതിലുള്ള വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(ബി) എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ കർശനമായി നിരീക്ഷിക്കുന്നതിനും എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/2009 പ്രകാരം സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിവര ശേഖരണം**

ഇത്തരം തൊഴിലാളികളുടെ വിവര ശേഖരണം പോലീസ് സ്റ്റേഷനുകൾ വഴി നടത്തിവരുന്നു. സംസ്ഥാനത്തുള്ള ഇതരസംസ്ഥാന തൊഴിലാളികളുടെ

അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിന് സോണൽ ഐ.ജി.-മാർ, റേഞ്ച് ഡി.ഐ.ജി.-മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (Law & Order) നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരികയാണ്. ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ റസിഡൻസ് അസോസിയേഷനുമായി സഹകരിച്ച് അപരിചിതരായ ആൾക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും സംശയാസ്പദമായി കാണുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പോലീസിനെ അറിയിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ Student Police Cadet, Special Protection Group എന്നിവരുടെ സഹകരണത്തോടെ സ്കൂളുകളിലും പരിസരപ്രദേശങ്ങളിലും കുട്ടികൾക്കാവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളും അതോടൊപ്പം, റസിഡൻഷ്യൽ ഏര്യകളിൽ കുട്ടികൾ അപരിചിതരുമായി സഹകരിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവത്കരണവും നടത്തിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ

പ്രതിരോധിക്കുന്നതിനും അവയ്ക്കെതിരെ യഥാസമയം പ്രതികരിക്കുന്നതിന് സ്ത്രീകളെയും കുട്ടികളെയും സജ്ജമാക്കുക എന്നത് പ്രമേയമാക്കി ജനമൈത്രി പോലീസ് സംവിധാനം ഉപയോഗിച്ചുള്ള പ്രചാരണപ്രവർത്തനങ്ങളും നടത്തിവരുന്നു. കുറ്റകൃത്യങ്ങൾ റിപ്പോർട്ടായാലുടൻ കേസ് രജിസ്റ്റർ ചെയ്ത് വളരെ വേഗം പ്രതിയെ കണ്ടെത്തുന്നതിനും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതിനുമുള്ള നടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്. ഇത്തരം കേസുകളിൽ ശാസ്ത്രീയ തെളിവുകളും മറ്റും അതിവേഗം ശേഖരിച്ച് പരമാവധി ശിക്ഷ ലഭിക്കത്തക്ക വിധം കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തി നിലവിലെ നിയമപ്രകാരം 60 ദിവസത്തിനുള്ളിൽ പഴുതടച്ച് കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

**രജിസ്ട്രേഷനുള്ള നടപടികൾ**

ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി കേന്ദ്ര നിയമം 1979-ലെ Interstate Migrant Workers (Regulations of Employment and Conditions of Service)

Act പ്രകാരം അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനവും രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. അതോടൊപ്പം കരാറുകാരനും ലൈസൻസ് നേടേണ്ടതുണ്ട്.

(സി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ അതിഥി തൊഴിലാളികൾ പ്രതികളായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയിൽ എന്തു നടപടി സ്വീകരിച്ചുവെന്നും ജില്ല തിരിച്ച് അറിയിക്കാമോ ?

5,507 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകളിൽ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്ത് കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തി ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ച് വേഗത്തിൽ കോടതികളിൽ കുറ്റപത്രം നൽകി വരുന്നു. ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

**പ്രതിമാസം നിശ്ചിത എണ്ണം പെറ്റികേസുകൾ രജിസ്റ്റർ ചെയ്യണമെന്ന നിർദേശം**

129(2262) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ പ്രതിമാസം നിശ്ചിത എണ്ണം പെറ്റി കേസുകൾ രജിസ്റ്റർ ചെയ്യണമെന്ന തരത്തിലുള്ള നിർദ്ദേശം നിലവിലുണ്ടോ; ആയതിന്റെ ഫലമായി പൊതുജനങ്ങളിൽ നിന്നും പിഴ ഈടാക്കാൻ പെറ്റികേസുകൾ രജിസ്റ്റർ ചെയ്യുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതുജനങ്ങളിൽ നിന്നും പിഴ ഈടാക്കാൻ പെറ്റി കേസുകൾ രജിസ്റ്റർ ചെയ്തതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മലപ്പുറം ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷം വിവിധ പോലീസ് സ്റ്റേഷനുകളിലായി എത്ര പെറ്റി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; സ്റ്റേഷൻ തിരിച്ച് ഓരോ മാസത്തെയും കണക്ക് ലഭ്യമാക്കുമോ; രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതിമാസം നിശ്ചിത എണ്ണം പെറ്റി കേസുകൾ രജിസ്റ്റർ ചെയ്യണമെന്ന തരത്തിലുള്ള നിർദ്ദേശമാണോ വർദ്ധനവിന് കാരണമെന്ന് കരുതുന്നുണ്ടോ, വിശദമാക്കുമോ?

അനുബന്ധം - 1 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ വർഷവും രജിസ്റ്റർ ചെയ്യുന്ന വാഹനാപകട കേസുകളുടെ എണ്ണത്തിലും പരിക്കുപറ്റുന്നവരുടെയും മരണപ്പെടുന്നവരുടെയും എണ്ണത്തിലും ക്രമാനുഗതമായ വർദ്ധനവുണ്ടായിട്ടുള്ളതിനാൽ വാഹനാപകടങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിന്റെ ശ്രമഫലമായി ജില്ലയിൽ വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷം വിവിധ സ്റ്റേഷനുകളിലായി പെറ്റി കേസുകൾ രജിസ്റ്റർ ചെയ്തതിന്റെ ഭാഗമായി എത്ര തുക പിഴയിനത്തിൽ സ്വരൂപിച്ചിട്ടുണ്ട്; പ്രതിമാസ കണക്ക് ലഭ്യമാക്കുമോ?

പോലീസ് സ്റ്റേഷൻ തിരിച്ചുള്ള പ്രതിമാസ കണക്ക് അനുബന്ധം - 2 ആയി ചേർക്കുന്നു.+

**തിരൂരങ്ങാടി പോലീസ് ക്വാർട്ടേഴ്സ്**

130(2263) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി പോലീസ് ക്വാർട്ടേഴ്സിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകളിൽ എത്ര എണ്ണത്തിൽ നിലവിൽ താമസക്കാരുണ്ട്, എത്രയെണ്ണം ഉപയോഗിക്കാതെ കിടക്കുന്നുണ്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ പരിധിയിൽ ആകെയുള്ള 32 ക്വാർട്ടേഴ്സുകളിൽ 6 ക്വാർട്ടേഴ്സുകളിൽ നിലവിൽ പോലീസ് ജീവനക്കാരും കുടുംബവും താമസിച്ചുവരുന്നു.

(സി) ഉപയോഗിക്കാതെ കിടക്കുന്ന ഈ സ്ഥലം ഉപയോഗപ്പെടുത്തി തിരൂരങ്ങാടി പോലീസ് ഹബ്ബ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) തിരൂരങ്ങാടി ഡി.വൈ.എസ്.പി ഓഫീസടക്കമുള്ള പോലീസ് ഓഫീസുകളും പോലീസ് ക്വാർട്ടേഴ്സുകളും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് തിരൂരങ്ങാടി പോലീസ് ഹബ്ബ് എന്നേക്ക് പൂർത്തീകരിക്കാനാവുമെന്ന് വിശദമാക്കാമോ?

(സി&ഡി) തിരൂരങ്ങാടി പോലീസ് ഹബ്ബ് നിർമ്മിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനിലെ 1688/2022 നമ്പർ കേസ്**

131(2264) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ. നമ്പർ 1688/2022 കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും കേസിലെ തുടർനടപടികൾ വൈകുന്നതിന്റെ കാരണവും വ്യക്തമാക്കുമോ?

(എ&ബി) തിരുവനന്തപുരം സിറ്റി ഫോർട്ട് പോലീസ് സ്റ്റേഷനിൽ 05-12-2022-ൽ ക്രൈം. No. 1688/2022 U/s 143,147,149,323,324, 326,294 (b) & 307 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഫോർട്ട് പോലീസ് സ്റ്റേഷനിൽ അന്വേഷണം നടത്തി 24-02-2023-ൽ ബഹു. തിരുവനന്തപുരം ജുഡീഷ്യൽ

ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി II മുമ്പാകെ റഫറൽ ചാർജ്ജ് സമർപ്പിച്ചിരുന്നു. തുടർന്ന് മണക്കാട്, വലിയപള്ളി മുസ്ലിം ജമാഅത്ത് ആക്ഷൻ കൗൺസിൽ ജനറൽ കൺവീനർ സമർപ്പിച്ച അപേക്ഷപ്രകാരം പ്രസ്തുത കേസ്സ് തിരുവനന്തപുരം സിറ്റി ജില്ലാ ക്രൈംബ്രാഞ്ച് പോലീസ് അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തി അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതും തുടർന്ന് കേസ് റീ-ഓപ്പൺ ചെയ്ത് അന്വേഷണം നടത്തുന്നതിനായി ബഹു. തിരുവനന്തപുരം ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി - II മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയിൽ നിന്ന് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വൈക്കം കല്ലറ മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ നടപടി**

132(2265) ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിലെ കല്ലറ പഞ്ചായത്തിൽ അനുവദിക്കപ്പെട്ട മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള അടിസ്ഥാനസൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ച ശിപാർശ സർക്കാർ പരിശോധിക്കുകയും അധിക ജോലികൾക്കായി ഇപ്പോൾ സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റിന്റെ ന്യായീകരണമുൾപ്പെടെ ചില അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ സംസ്ഥാന പോലീസ് മേധാവി തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനിലേയ്ക്കാവശ്യമായ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചോ; അറിയിക്കാമോ?

04-02-2021-ലെ സ.ഉ.(കൈ)നം.31/2021/ആഭ്യന്തരം പ്രകാരം IP-1, SI-2, ASI–1, SCPO–5, CPO - 20, WCPO –5, Driver –2 എന്നിങ്ങനെ 36 പോലീസ് ഉദ്യോഗസ്ഥരുടെ അംഗബലം അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പോലീസ് സ്റ്റേഷനാവശ്യമായ കെട്ടിടം കല്ലറ ഗ്രാമ പഞ്ചായത്ത് വിട്ടുകൊടുത്ത് പണി പൂർത്തീകരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിനാവശ്യമായ ഫർണിച്ചറുകൾ വിതരണം ചെയ്യുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് അറിയിക്കാമോ?

(ഇ) പ്രസ്തുത പോലീസ് സ്റ്റേഷൻ ഉടൻ പ്രവർത്തനം ആരംഭിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ?

(സി - ഇ) ഉണ്ട്. വൈക്കം താലൂക്കിലുള്ള കല്ലറ പഞ്ചായത്തിലെ രണ്ടാം വാർഡിൽ 84 A നമ്പർ കെട്ടിടത്തിൽ മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് കെട്ടിടം അനുവദിച്ചിട്ടുള്ളതാണ്. ഈ കെട്ടിടത്തിൽ

പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ നിർമ്മാണം**

133(2266) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാന പദ്ധതി 2021-22-ൽ ഉൾപ്പെടുത്തി 610 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുകയിൽ പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 22-06-2021-ലെ സ.ഉ.(സാധാ)നം. 1733/2021/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണത്തിന് തീരദേശ നിയന്ത്രണ മേഖല (സി.ആർ.ഇസ്ഡ്.) ഇളവ് ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ?

പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി തീരദേശ പരിപാലന നിയമപ്രകാരമുള്ള ക്ലിയറൻസ് ലഭിക്കേണ്ടതുണ്ട്. ആയതിലേയ്ക്കാവശ്യമായ രേഖകൾ സഹിതമുള്ള അപേക്ഷ സംസ്ഥാന പോലീസ് മേധാവി, കേരള തീരദേശ മാനേജ്മെന്റ് അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം**

134(2267) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ പോലീസ് സ്റ്റേഷൻ മുമ്പ് പ്രവർത്തിച്ചിരുന്ന വാടക കെട്ടിടത്തിൽ നിന്നും കെട്ടിട ഉടമ കോടതിയെ സമീപിച്ച് ഒഴിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഗുരുവായൂർ പോലീസ് സ്റ്റേഷൻ മുമ്പ് പ്രവർത്തിച്ചിരുന്ന വാടക കെട്ടിടത്തിന്റെ ഉടമ കെട്ടിടം ഒഴിഞ്ഞുനൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാരിൽ നൽകിയ പരാതി സർക്കാർ പരിശോധിക്കുകയും അതിന്റെ

അടിസ്ഥാനത്തിൽ ടി കെട്ടിടത്തിൽ നിന്നും മാറി ഇരിങ്ങപ്പുറം വില്ലേജിലെ ചൂൽപ്പുറം എന്ന സ്ഥലത്ത് സർവ്വേ നമ്പർ 141/5-1 പ്രകാരമുള്ള മറ്റൊരു വാടക കെട്ടിടത്തിൽ ഗുരുവായൂർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുകയും ചെയ്യുന്നു.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്നത് തീരെ സൗകര്യങ്ങളില്ലാത്ത മറ്റൊരു വാടക കെട്ടിടത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത പോലീസ് സ്റ്റേഷനുവേണ്ടി കണ്ടാണശ്ശേരി പഞ്ചായത്തിലെ മറ്റം എന്ന സ്ഥലത്ത് കണ്ടെത്തിയ ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ചൂൽപ്പുറത്തെ താൽക്കാലിക കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന ഗുരുവായൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്ന ആവശ്യത്തിലേയ്ക്കായി മറ്റം എന്ന സ്ഥലത്തുള്ള ആളൂർ വില്ലേജ് സർവ്വേ നമ്പർ 240/1-ൽ ഉൾപ്പെട്ട 25 സെന്റ് സ്ഥലം പോലീസ് വകുപ്പിന് കൈമാറുന്നതിനായി ജില്ലാ കളക്ടർക്ക്

കത്ത് നൽകിയിരുന്നു. എന്നാൽ ടി സ്ഥലം മറ്റും സെന്റ് തോമസ് ഫെറോന പള്ളിയുടെ കീഴിലുള്ള സ്കൂളിന്റെ കളിസ്ഥലമാണെന്നും ആയതിനാൽ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി പ്രസ്തുത സ്ഥലം വിട്ടുകൊടുക്കരുതെന്നും ആവശ്യപ്പെട്ട് മറ്റും സെന്റ് ഫ്രാൻസിസ് റീഡിംഗ് അസോസിയേഷനും മറ്റും സെന്റ് തോമസ് ഫെറോന ചർച്ചും യഥാക്രമം 42459/2018, 77/2019 ആയി സമർപ്പിച്ച റിട്ട് പെറ്റീഷനുകൾ ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**മോൻസൺ മാവുങ്കൽ പുരാവസ്തു തട്ടിപ്പ് കേസ്**

135(2268) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോൻസൺ മാവുങ്കലിന്റെ പുരാവസ്തു തട്ടിപ്പുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ആരൊക്കെയാണ് പ്രതികളെന്ന് വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) പുരാവസ്തു തട്ടിപ്പുമായി ബന്ധപ്പെട്ട് 4 കേസുകൾ ക്രൈം ബ്രാഞ്ചിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. കേസുകളുടെ വിശദാംശങ്ങൾ ചുവടെ.

1. <u>ക്രൈംബ്രാഞ്ച് ക്രൈം.നം. 272/CB/EKM/D/2021 U/s 465,468,204 & 34 IPC.</u>

കൈവശമുള്ള പുരാവസ്തുക്കളുടെ വിശ്വാസ്യത വർദ്ധിപ്പിച്ച് ആളുകളെ തെറ്റിദ്ധരിപ്പിക്കണമെന്നും വിശ്വാസവഞ്ചന നടത്തി അന്യായ ലാഭമുണ്ടാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി Defence Research Development Organization, Ministry of Defence, Govt. of India-യുടെ പേരിലുള്ള 4 വ്യാജ രേഖകൾ കൃത്രിമമായി നിർമ്മിച്ച് തന്റെ കലൂരിലുള്ള വീട്ടിൽ സൂക്ഷിച്ചിരുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസാണിത്. മോൻസൺ മാവുങ്കൽ, ജിഷ്ണ S/o ശശി എന്നിവരാണ് പ്രതികൾ. കേസ് അന്വേഷണഘട്ടത്തിലാണ്.

2. <u>ക്രൈം ബ്രാഞ്ച് ക്രൈം.നം. 263/CB CU-II/EKM/D/2021 U/s 468, 471, 420 IPC.</u>

100 വർഷത്തോളം പഴക്കമുള്ള പുരാവസ്തുക്കൾ മൂന്ന് കോടി രൂപ നൽകാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് പ്രതിയായ മോൻസൺ മാവുങ്കൽ

പരാതിക്കാരനിൽ നിന്നും വാങ്ങുകയും 30 ലക്ഷം രൂപ പരാതിക്കാരനിൽ നിന്നും തവണകളായി കൈപ്പറ്റുകയും ചെയ്തു. ടി തുകകൾ തിരിച്ചുനൽകാതെ മൂന്നുകോടി മുപ്പതു ലക്ഷം രൂപയുടെ സാമ്പത്തികനഷ്ടം പരാതിക്കാരന് ഉണ്ടാക്കിയതിനും 100 വർഷത്തോളം പഴക്കമുള്ള പുരാവസ്തുക്കൾ അതിപുരാതന കാലത്തുള്ളതാണെന്ന് പ്രദർശിപ്പിച്ച് സന്ദർശകരെയും പരാതിക്കാരനെയും ചതിക്കുകയും വഞ്ചിക്കുകയും ചെയ്തതിന് രജിസ്റ്റർ ചെയ്ത കേസ് ക്രൈം ബ്രാഞ്ച് അന്വേഷിച്ചു വരുന്നു.

3. ക്രൈം ബ്രാഞ്ച് ക്രൈം.നം.262/CB/TVM/D/2021 U/s 406 & 420 IPC

കേസിലെ പരാതിക്കാരനായ സുരേഷ് കുമാറിന്റെ കരകൗശല ഉൽപ്പന്നങ്ങൾ 80 ലക്ഷം രൂപ വില സമ്മതിച്ച് ഈ കേസിലെ പ്രതി മോൻസൺ മാവുങ്കൽ കൈപ്പറ്റിയശേഷം പണം മുഴുവൻ നൽകാതെ ചതിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസാണ്. ഈ കേസിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹുമാനപ്പെട്ട തിരുവനന്തപുരം JFMC -II കോടതിയിൽ സമർപ്പിക്കുകയുണ്ടായി. കേസിന്റെ വിചാരണ നടന്നുവരവെ പരാതിക്കാരനായ ശ്രീ. സുരേഷ് കുമാർ നൽകിയ ഹർജി

പരിഗണിച്ച് 13-09-2022-ൽ ബഹു. കോടതി CrPC 320(8) പ്രകാരം ഈ കേസ് കോമ്പൗണ്ട് ചെയ്തിട്ടുണ്ട്.

4. <u>ക്രൈം ബ്രാഞ്ച് ക്രൈം.നം.300/CB CU-II/EKM/D/2021 U/s 406, 419,468, 420 IPC.</u>

കേസിലെ പരാതിക്കാരനെ പ്രതിയുടെ വസതിയിലേയ്ക്ക് ക്ഷണിച്ച് തന്റെ പുരാവസ്തു ശേഖരം കാണിച്ചുകൊടുക്കുകയും പ്രതിക്ക് RBI, ബാങ്ക് ഓഫ് ഖത്തർ, HSBC Bank-എന്നിവയിൽ നിന്നും വലിയൊരു തുക ലഭിക്കാനുണ്ടെന്ന് i-pad-ലൂടെ ചില രേഖകൾ കാണിച്ച് വിശ്വസിപ്പിച്ച് പുരാവസ്തുക്കളെന്ന വ്യാജേന ചില സാധനങ്ങൾ പരാതിക്കാരന്റെ കൈവശം വില്പന നടത്താനായി കൈമാറുകയും അഡ്വാൻസായി 15,90,000 രൂപ പ്രതി പല തവണകളായി കൈപ്പറ്റുകയും ചെയ്തു. ഇപ്രകാരം വ്യാജവസ്തുക്കൾ പുരാവസ്തു എന്ന വ്യാജേന നൽകിയും ഡോക്ടർ എന്ന വ്യാജേന പരാതിക്കാരനെ ചികിത്സിച്ച് മരുന്ന് നൽകിയും ചതിക്കുകയും വഞ്ചിക്കുകയും ചെയ്തതിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു.

(സി) ഈ കേസ്സിൽ പ്രതികളായവർ രാഷ്ട്രീയ-ഉന്നത തലങ്ങളിൽ ബന്ധപ്പെട്ടവരാണോ; വിശദാംശങ്ങൾ അറിയിക്കാമോ?

മേൽപ്പറഞ്ഞ കേസുകളിൽ രാഷ്ട്രീയ-ഉന്നത തലങ്ങളിൽപ്പെട്ടവരെ പ്രതികളായി ഉൾപ്പെട്ടതായി നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല. എന്നാൽ 2.62 ലക്ഷം കോടി രൂപയുടെ വലിയ തുക ലഭിക്കാനുണ്ടെന്ന HSBC ബാങ്കിന്റെ വ്യാജ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ചമച്ച് കാണിച്ച് കേസിലെ പരാതിക്കാരായ 6 പേരിൽ നിന്നും വാങ്ങിയ 10 കോടി രൂപ മടക്കിനൽകാതെ വഞ്ചിച്ചതിന് CB Cr.260/CB CU-II/EKM/D/2021 നമ്പറായി ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ മോൻസൺ മാവുങ്കൽ, KPCC പ്രസിഡന്റ് കെ. സുധാകരൻ MP, എസ്. സുരേന്ദ്രൻ, ഗുഗലോത്ത് ലക്ഷ്മൺ IPS, എബിൻ എബ്രഹാം, ബിന്ദുലേഖാ സുരേന്ദ്രൻ എന്നിവർ യഥാക്രമം ഒന്ന് മുതൽ ആറ് വരെ പ്രതികളാണ്.

## കാക്കനാട് റീജണൽ കെമിക്കൽ എക്സാമിനർ ലബോറട്ടറിയിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്നതിനുള്ള കാലതാമസം

136(2269) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോസ്റ്റ്മാർട്ടത്തിനുശേഷം കൂടുതൽ പരിശോധനാ റിപ്പോർട്ടുകൾ ലഭിക്കുന്നതിന് കാക്കനാട് റീജണൽ കെമിക്കൽ എക്സാമിനർ ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്ന കേസുകൾക്ക് വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില കേസുകളിൽ കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 03-08-2022-ൽ കനത്ത മഴയെത്തുടർന്ന് കണ്ണമ്പത്തൂർ പാടത്ത് മീൻ പിടിക്കുന്നതിനിടെ വെള്ളത്തിൽ വീണ് മുങ്ങി മരിച്ച തൊറവ് വില്ലേജ് കണ്ണമ്പത്തൂർ ദേശത്ത് പുത്തൻപുരയ്ക്കൽ വീട്ടിൽ വർഗ്ഗീസ് മകൻ ബാബുവിന്റെ പോസ്റ്റ്മോർട്ടത്തിനുശേഷമുള്ള റിപ്പോർട്ട് കാക്കനാട് റീജണൽ കെമിക്കൽ ലബോറട്ടറിയിൽനിന്നും നാളിതുവരെ ലഭിക്കാത്തതിനാൽ പ്രകൃതിക്ഷോഭത്തിൽ മരണപ്പെടുന്നവരുടെ കുടുംബത്തിനുള്ള ധനസഹായം ടിയാന്റെ കുടുംബത്തിന് നല്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ പ്രസ്തുത റിപ്പോർട്ട് ലഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

03-08-2022-ന് മരണപ്പെട്ട ബാബു എന്നയാളുടെ വിസെറ സാമ്പിളുകൾ 24-08-2022-ന് രസീത് നമ്പർ 6556/22 ആയി ലാബിൽ സ്വീകരിച്ചിട്ടുണ്ട്.

പ്രസ്തുത കേസിന് മുൻഗണന നൽകി പരിശോധന റിപ്പോർട്ട് താമസംവിനാ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**വുമൺ സബ് ഇൻസ്പെക്ടർ നിയമനം**

137(2270) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ നിലവിൽ വുമൺ സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം നടത്തുന്നുണ്ടോയെന്നറിയിക്കാമോ?

കേരള പോലീസിൽ വനിത സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് മാത്രമായി നിയമനം നടത്തുന്നില്ല. നിലവിൽ സബ് ഇൻസ്പെക്ടർ തസ്തികയുടെ വനിതാ-പുരുഷ സംയോജിത ലിസ്റ്റിൽ നിന്നുമാണ് നിയമനം നടത്തുന്നത്.

(ബി) എങ്കിൽ പ്രസ്തുത തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി നിലവിൽ എത്ര ഒഴിവുകളുണ്ടെന്നറിയിക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഡി) വുമൺ സബ് ഇൻസ്പെക്ടർ തസ്തിയുടെ എത്ര ശതമാനമാണ് നേരിട്ടുള്ള നിയമനത്തിനായി നീക്കിവച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

(ബി-ഡി) ബാധകമല്ല.

**കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ – തലശ്ശേരി ബെഞ്ച്**

138(2271) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് തലശ്ശേരിയിൽ ബെഞ്ച് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് തലശ്ശേരിയിൽ ബെഞ്ച് സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊല്ലം കോടതി സമുച്ചയ നിർമ്മാണം**

139(2272) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ

ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തി കോടതി സമുച്ചയ നിർമ്മാണം ആരംഭിക്കാൻ സഹായകരമായ തുടർനടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ലഭ്യമായിട്ടുണ്ട്. കൊല്ലം കോടതി സമുച്ചയത്തിന്റെ കെട്ടിട നിർമ്മാണത്തിനായി ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ച 78.201 കോടി (എഴുപത്തിയെട്ട് കോടി ഇരുപത് ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ പരിശോധിച്ച് ഭരണാനുമതി നൽകുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കാൻ നടപടി**

140(2273) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കോടതികൾ ആരംഭിക്കുവാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേരള ഹൈക്കോടതിയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

(എ&ബി) സംസ്ഥാനത്ത് കോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാ പട്ടിക പ്രകാരം കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹു. സുപ്രീംകോടതിയുടെ വിധിയെത്തുടർന്ന് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക കോടതികളും പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക കോടതികളും സ്ഥാപിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകിയത്. അതോടൊപ്പം, സബോർഡിനേറ്റ് കോടതികളിൽ പ്രവൃത്തി പഠനം നടത്തിയതിനെത്തുടർന്ന്, ആവശ്യമാണെന്ന് കണ്ടെത്തിയ അധിക തസ്തികകൾ അനുവദിക്കുന്നതിനും തീരുമാനിച്ചു. 56 അതിവേഗ പോക്സോ കോടതികളും രണ്ട് പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ സംബന്ധിച്ച

കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള കോടതികളും സ്ഥാപിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകി നടപടികൾ സ്വീകരിച്ചത്. ഈ പ്രത്യേക കോടതികൾ സംസ്ഥാനത്ത് അനുവദിച്ചുകഴിഞ്ഞു. പുതിയ കോടതികൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**പയ്യന്നൂർ കോടതി സമുച്ചയ നിർമ്മാണം**

141(2274) **ശ്രീ. ടി. ഐ. മധുസൂദനൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കോടതി സമുച്ചയനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ മൂന്നാം നിലയിലെ സ്ലാബുകളുടെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. ലാറ്ററൈറ്റ് പ്രവൃത്തികൾ പുരോഗമിക്കുകയാണ്, ഇതിന്റെ 55 ശതമാനവും പൂർത്തിയാക്കി.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എപ്പോഴാണ് ആരംഭിച്ചതെന്ന് വിശദമാക്കാമോ?

13-03-2020-ന് നിർമ്മാണപ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ചു.

(സി) നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കെട്ടിടത്തിന്റെ ഡിസൈൻ സമയബന്ധിതമായി ലഭിക്കാത്തത് നിർമ്മാണത്തെ ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഡിസൈൻ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. നിലവിൽ പ്രവൃത്തി പുരോഗമിക്കുന്ന മുറയ്ക്ക് ഓരോ ലെവലിലുള്ള ഡിസൈൻ ലഭ്യമാക്കുന്നുണ്ട്.

**ഫയർ വുമൺ തസ്തിക**

142(2275) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അഗ്നിരക്ഷാ വകുപ്പിൽ നൂറ് ഫയർ വുമൺ തസ്തികകൾ പുതുതായി സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ നിലവിൽ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള അഗ്നിരക്ഷാസേവന വകുപ്പിൽ വനിതാ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ട് നിയമനം നടത്തുന്ന 100 ഫയർ വുമൺ തസ്തികകൾ 10-10-2018-ലെ സ.ഉ.(കൈ)നം.161/2018/ ആഭ്യന്തരം പ്രകാരം സൃഷ്ടിക്കുകയുണ്ടായി. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശിപാർശ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉദ്യോഗാർത്ഥികളുടെ അടിസ്ഥാന പരിശീലനം 04-09-2023-ന് വിയ്യൂർ ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാദമിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു.

**പട്ടിമറ്റം അഗ്നിരക്ഷാ നിലയത്തിന് അനുവദിച്ച പദ്ധതികൾ**

143(2276) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കുന്നത്തുനാട് മണ്ഡലത്തിലെ പട്ടിമറ്റം അഗ്നിരക്ഷാ നിലയത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും നവീകരണത്തിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടിമറ്റം ഫയർ സ്റ്റേഷൻ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ഫയർ സ്റ്റേഷന് അനുവദിച്ച അഗ്നിശമനരക്ഷാ വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | തരം | എണ്ണം |
|---|---|---|
| 1 | റെസ്ക്യൂ നെറ്റ് | 1 |
| 2 | കെർമാന്റൽ റോപ്പ് | 1 |
| 3 | വാട്ടർ ടെണ്ടർ | 1 |
| 4 | ഗ്ലൗസ് | 28 ജോഡി |
| 5 | റെയിൻ കോട്ട് | 30 |
| 6 | ഫയർ ഫൈറ്റിംഗ് സ്യൂട്ട് | ക്രമ നം. |

| | | |
|---|---|---|
| 7 | അക്വാട്ടിക് ജാക്കറ്റ് | 34 |
| 8 | സെർച്ച് ലൈറ്റ് | 2 |
| 9 | റെയിൻ കോട്ട് | 34 |
| 10 | റബ്ബർ ഗ്ലൗസ് | 12 |
| 11 | ഹെഡ് ലൈറ്റ് | 3 |
| 12 | ടൂർനികേറ്റ് | 1 |
| 12 | ചെയിൻ സാ | 1 |
| 14 | സെർവിക്കൽ കോളർ | 1 |
| 15 | മാനിക്വീൻ | 1 |
| 16 | ലൈഫ് ബോയ് | 5 |
| 17 | റിഫ്ലക്ടീവ് ജാക്കറ്റ് | 12 |

(ബി) പ്രസ്തുത നിലയത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമീണ റോഡുകളിൽ ഉപയോഗിക്കാൻ കഴിയുന്ന ഫസ്റ്റ് റെസ്പോൺസ് വെഹിക്കിൾ (എഫ്.ആർ.വി.) അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

പുതിയ വാഹനങ്ങൾ വാങ്ങുന്ന മുറയ്ക്ക് ലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ പട്ടിമറ്റം നിലയത്തിന് ഫസ്റ്റ് റെസ്പോൺസ് വെഹിക്കിൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**കോതമംഗലം ഫയർ സ്റ്റേഷൻ ആധുനികവത്കരണം**

144(2277) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ഫയർ സ്റ്റേഷൻ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം ഫയർ സ്റ്റേഷൻ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ഫയർ സ്റ്റേഷന് അനുവദിച്ച അഗ്നിശമനരക്ഷാ വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഫയർ സ്റ്റേഷനിൽ ആധുനിക വാഹന സംവിധാനമുൾപ്പെടെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പുതുതായി ആധുനിക വാഹന സംവിധാനങ്ങൾ ഉൾപ്പെടെയുള്ളവ ലഭ്യമാകുന്ന മുറയ്ക്ക് ലഭ്യതയുടെയും ആവശ്യകതയുടെയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാനത്തിലാണ് വിവിധ നിലയങ്ങൾക്ക് പുതിയ സംവിധാനങ്ങൾ ഒരുക്കുന്നത്.

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി**

145(2278) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ നെടുങ്കുന്നം, കറുകച്ചാൽ, കങ്ങഴ, വെള്ളാവൂർ മേഖലകളിൽ തീപിടുത്തമോ മറ്റ് അത്യാഹിതങ്ങളോ ഉണ്ടായാൽ ചങ്ങനാശ്ശേരിയിൽ നിന്നോ പാമ്പാടിയിൽ നിന്നോ ഫയർഫോഴ്സ് എത്തേണ്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ ഈ സ്ഥലങ്ങളിൽ ഫയർഫോഴ്സ് എത്തുന്നതിന് വളരെയധികം കാലതാമസം നേരിടുന്ന സാഹചര്യത്തിൽ കറുകച്ചാൽ, നെടുങ്കുന്നം മേഖല കേന്ദ്രീകരിച്ച് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കിയാൽ നടപടികൾ ത്വരിതപ്പെടുത്തി പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കാമോ; വിശദമാക്കുമോ?

(ബി&സി)ഇപ്പോൾ പരിഗണനയിലില്ല.

**തളിപ്പറമ്പ് അഗ്നിരക്ഷാനിലയം**

146(2279) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടങ്ങളില്ലാത്ത അഗ്നിരക്ഷാനിലയങ്ങളുടെ പേര്, സ്ഥാപിതമായ വർഷം, സ്വന്തമായി സ്ഥലം ലഭ്യമാണോ എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അഗ്നിരക്ഷാനിലയങ്ങളുടെ പേര്, സ്ഥാപിതമായ വർഷം, സ്വന്തമായി സ്ഥലം ലഭ്യമായവയുടെ വിവരം എന്നിവ അനുബന്ധമായി ചേർക്കുന്നു.+

(ബി) തളിപ്പറമ്പ് അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തളിപ്പറമ്പ് താലൂക്കിൽ കുറ്റ്യോരി വില്ലേജിലെ റീ-സർവ്വേ 39/9-ൽപ്പെട്ട 50 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് അഗ്നിരക്ഷാ വകുപ്പിന് ഉപയോഗാനുമതി ലഭിച്ചതിനെ തുടർന്ന് കെട്ടിടനിർമ്മാണത്തിനുള്ള 700 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കാൻ എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. എസ്റ്റിമേറ്റ് തുക അധികമായതിനാൽ പുതിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരികയാണ്.

(സി) അഗ്നിരക്ഷാസേന വകുപ്പിന്റെ തളിപ്പറമ്പ് മണ്ഡലത്തിലെ കമ്മ്യൂണിറ്റി വോളണ്ടിയർമാരുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് ലഭ്യമാക്കാമോ?

കമ്മ്യൂണിറ്റി വോളണ്ടിയർമാർ നിലവിൽ വകുപ്പിന് കീഴിലില്ല.

**ആലത്തൂർ ഫയർ സ്റ്റേഷൻ വാടകക്കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി**

147(2280) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർച്ച നേരിടുന്ന നിലവിലെ കെട്ടിടത്തിൽനിന്നും ആലത്തൂർ ഫയർ സ്റ്റേഷൻ വാടകക്കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) വാടകയ്ക്ക് മാറാൻ ഉദ്ദേശിക്കുന്ന കെട്ടിടം, തീരുമാനിച്ച മാസവാടക എന്നിവ വിശദമാക്കാമോ;

(സി) ആലത്തൂർ ഫയർ സ്റ്റേഷൻ എത്രയും പെട്ടെന്ന് വാടകക്കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) 02-06-2020 മുതൽ പ്രവർത്തനം ആരംഭിച്ച ആലത്തൂർ നിലയം അന്ന് മുതൽ പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിച്ചുവരികയാണ്. ടി കെട്ടിടത്തിന്റെ ശോചനീയാവസ്ഥ കാരണം ആലത്തൂർ അഗ്നിരക്ഷാനിലയം താൽക്കാലികമായി സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും എരിമയൂർ-2 വില്ലേജിൽ കുനിശ്ശേരി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നതുമായ പ്രഭാ തീയ്യേറ്റർ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും വാടക നിശ്ചയിച്ച് നൽകുന്നതിന് പാലക്കാട്

പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പാലക്കാട് ജില്ലാ ഫയർ ആഫീസർ കത്ത് നൽകിയിട്ടുള്ളതുമാണ്. പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടം വാടകയ്ക്ക് നൽകാൻ കെട്ടിട ഉടമസ്ഥന്റെ സമ്മതപത്രം ലഭ്യമായാൽ ടി കെട്ടിടത്തിലേയ്ക്ക് ആലത്തൂർ ഫയർ സ്റ്റേഷൻ പ്രവർത്തനം മാറ്റാവുന്നതാണ് .

**ചാരുംമൂട് കേന്ദ്രമാക്കി ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ**

148(2281) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ ചാരുംമ്മൂട് കേന്ദ്രമാക്കി ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നത് പരിഗണയിലുണ്ടോയെന്നും ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**പെരിങ്ങോം ഫയർ സ്റ്റേഷന്റെ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ**

149(2282) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഫയർ സ്റ്റേഷന്റെ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന് (ഫയൽ നമ്പർ എഫ്.1/434/22) ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിലെ പ്രവൃത്തികൾ പൂർത്തീകരിക്കാതെ കെട്ടിടം പ്രവർത്തനസജ്ജമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അടിയന്തരമായി ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) പെരിങ്ങോം ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി വകുപ്പിന് ലഭിച്ച സ്ഥലത്ത് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ 251 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അവശേഷിക്കുന്ന വർക്കുകൾക്ക് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. 25.39 ലക്ഷം

രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**നരിക്കുനി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

**150(2283) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) കൊടുവള്ളി മണ്ഡലത്തിലെ നരിക്കുനി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെ ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് നൽകിയ പ്രൊപ്പോസലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;**

**(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;**

**(സി) ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?**

(എ-സി) നരിക്കുനി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി വകുപ്പിന് ലഭിച്ച നരിക്കുനി വില്ലേജിൽ റീ-സർവ്വേ നം.60/8-ൽപ്പെട്ട 18

സെന്റ് സ്ഥലത്ത് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്നും 485.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. അടുത്ത വർഷത്തെ പ്രവൃത്തികളിൽ നരിക്കുനി നിലയ നിർമ്മാണംകൂടി ഉൾപ്പെടുത്തുന്നത് വകുപ്പ് പരിശോധിച്ചുവരികയാണ്.

**ഹരിപ്പാട് ഫയർ സ്റ്റേഷന് പുതിയ കെട്ടിടം**

151(2284) **ശ്രീ. രമേശ് ചെന്നിത്തല:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ ഇരുപത് ശതമാനം വിഹിതം അനുവദിച്ചിരുന്ന ഹരിപ്പാട് ഫയർ സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എത്രയും വേഗം ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ഹരിപ്പാട് ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 479.3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ

'4059-60-051-85' ശീർഷകത്തിൽ ഫണ്ട് വകയിരുത്തി ഭരണാനുമതി നല്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പട്ടാമ്പി ഫയർ സ്റ്റേഷന്റെ നിർമ്മാണ പുരോഗതി**

152(2285) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ പട്ടാമ്പി ഫയർ സ്റ്റേഷന് സ്വന്തമായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പട്ടാമ്പി ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായി അഗ്നിരക്ഷാസേവന വകുപ്പ് കണ്ടെത്തിയ പട്ടാമ്പി മുനിസിപ്പാലിറ്റി കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ള 23 സെന്റ് സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പട്ടാമ്പി ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന്റെ വാടക നാളിതുവരെ നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നൽകാത്തതിനുള്ള കാരണം വിശദമാക്കുമോ;

(സി) വാടക നിശ്ചയിച്ചതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) ഉണ്ട്. ടി കെട്ടിട ഉടമസ്ഥയുമായി വകുപ്പ് വാടക കരാറിൽ ഏർപ്പെട്ടിട്ടില്ല. പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള വാടകയ്ക്ക് കെട്ടിടം നല്കാൻ സമ്മതമല്ലെന്നും വാടക വർദ്ധിപ്പിക്കണമെന്നും കെട്ടിട ഉടമ അപേക്ഷിച്ചിട്ടുണ്ട്. അഗ്നിരക്ഷാസേവന വകുപ്പ് ആയത് പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഫണ്ട്, സ്ഥലം എന്നിവ അനുവദിച്ചിട്ടും ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിൽ വകുപ്പ് മേധാവികൾ തുടരുന്ന അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ നിന്നും സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി നിർദ്ദേശിക്കപ്പെട്ട സ്ഥലം അഗ്നിരക്ഷാസേവന വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്**

153(2286) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രൈസ്തവ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥയെ കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർക്കാർ നിയമിച്ച ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ശിപാർശകളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(ബി&സി) വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട 284 ശിപാർശകളാണ് പ്രസ്തുത റിപ്പോർട്ടിലുള്ളത്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## എൻ.എച്ച്. 766-ൽ നിലനിൽക്കുന്ന രാത്രി യാത്ര നിരോധനം

154(2287) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എൻ.എച്ച്.-766-ൽ നിലനിൽക്കുന്ന രാത്രിയാത്ര നിരോധനം നീക്കുന്നതിനുവേണ്ടി നിലവിലെ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ബഹു. കർണ്ണാടക മുഖ്യമന്ത്രിയുമായി 18-09-2022-ന് നടത്തിയ കൂടിക്കാഴ്ചയിൽ എൻ.എച്ച്.-766-ൽ നിലനിൽക്കുന്ന രാത്രി യാത്ര നിരോധനം നീക്കുന്ന വിഷയം ചർച്ച ചെയ്തിരുന്നു. ഈ വഴിയുള്ള രാത്രി ഗതാഗതം നിരോധിക്കുകവഴി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചും കേരള ആർ.ടി.സി.യുടെ കൂടുതൽ സർവ്വീസുകൾ ബന്ദിപ്പൂർ വഴി നടത്തുന്നതിനുള്ള അനുമതി അഭ്യർത്ഥിച്ചും മന്ത്രിതല കൂടിക്കാഴ്ചയ്ക്കുള്ള സമയം ചോദിച്ചും ബഹു. കർണ്ണാടക ഗതാഗത വകുപ്പുമന്ത്രിയ്ക്ക് 28-01-2022-ന് ബഹു. ഗതാഗത വകുപ്പുമന്ത്രി നൽകിയ കത്തിന് മറുപടി ലഭ്യമായിട്ടില്ല.

## മികച്ച ഭരണനേട്ടങ്ങൾക്ക് ലഭിച്ച അവാർഡുകളുടെയും അംഗീകാരങ്ങളുടെയും വിശദാംശങ്ങൾ

155(2288) <u>ശ്രീ. എം. എം. മണി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016-ലെ സർക്കാരിന് വിവിധ തലങ്ങളിൽ മികച്ച ഭരണനേട്ടത്തിനായി ലഭിച്ച അവാർഡുകളും അംഗീകാരങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2016-2021-ലെ മുൻ സർക്കാരിനും നിലവിലെ സർക്കാരിനും വിവിധ തലങ്ങളിലെ ഭരണനേട്ടത്തിനായി ലഭിച്ച അവാർഡുകളും അംഗീകാരങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എ&ബി) 2011-2016-ലെ സർക്കാരിന്റെ കാലത്ത് ലഭിച്ച അവാർഡുകൾ സംബന്ധിച്ച വിവരങ്ങൾ സമാഹരിച്ച് സൂക്ഷിച്ചിട്ടില്ല. 2016-2021-ലെ മുൻ സർക്കാരിനും നിലവിലെ സർക്കാരിനും വിവിധ തലങ്ങളിലെ ഭരണനേട്ടത്തിനായി ലഭിച്ച അവാർഡുകളും അംഗീകാരങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഹൃദ്യം പദ്ധതി

156(2289) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദ്യം പദ്ധതിക്കുവേണ്ടി ഏതൊക്കെ ആശുപത്രികൾക്ക് എത്ര രൂപ വീതമാണ് കൊടുത്തതെന്നുള്ളതിന്റെ കണക്കുകൾ ലഭ്യമാക്കാമോ?

1. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജി, തിരുവനന്തപുരം - Rs. 1,48,14,448/-

2. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം - Rs. 25,65,000/-

3. എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം - Rs. 2,14,84,971/-

4. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട് - Rs. 5,95,000/-

5. ബിലീവേഴ്സ് ചർച്ച് ഹോസ്പിറ്റൽ, തിരുവല്ല – Rs. 3,70,46,010/-

6. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, എറണാകുളം - Rs. 25,18,58,946/-

7. ലിസ്സി ഹോസ്പിറ്റൽ, എറണാകുളം - Rs. 11,28,64,680/-

8. ആസ്റ്റർ മെഡിസിറ്റി ആശുപത്രി, കൊച്ചി - Rs. 85,34,000/-

9. മിംസ് ആശുപത്രി, കോഴിക്കോട് - Rs. 13,52,22,190/-

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ചികിത്സ സർക്കാർ ആശുപത്രികളിൽ ഉണ്ടെന്നിരിക്കെ ഭൂരിഭാഗവും സ്വകാര്യ ആശുപത്രികളിലേയ്ക്ക് പോകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഹൃദ്യം പദ്ധതിയിൽ 3 സർക്കാർ ആശുപത്രികളും 5 സ്വകാര്യ ആശുപത്രികളുമാണ് നിലവിൽ എംപാനൽ ചെയ്തിട്ടുള്ളത്. ഇതിൽ സർക്കാർ മേഖലയിൽ പീഡിയാട്രിക് കാർഡിയോളജിയിലും പീഡിയാട്രിക് കാർഡിയാക് സർജറിയിലും പ്രത്യേക സജ്ജീകരണങ്ങളുള്ളത് തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ മാത്രമാണ്. ഒരു വർഷം 1000 (ആയിരം)-ത്തിന് മുകളിൽ സർജ്ജറികളാണ് ഹൃദ്യം പദ്ധതി വഴി ലഭ്യമാക്കേണ്ടതായിട്ടുള്ളത്. കുട്ടിക്ക് ചികിത്സ നൽകുന്നതിനായി മുന്നോട്ട് വന്ന ആശുപത്രികളുടെ വിവരങ്ങൾ മാതാപിതാക്കളുമായി നേരിട്ട് പങ്ക് വെക്കുകയും തുടർന്ന് മാതാപിതാക്കൾ അവരുടെ യാത്ര സൗകര്യവും തുടർചികിത്സ തേടുന്ന സൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ ആശുപത്രി

തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കുന്ന ആശുപത്രിയിൽ തങ്ങളുടെ കുട്ടിയുടെ ചികിത്സ തുടരാമെന്ന് സമ്മതപത്രം നൽകുകയും ചെയ്യുന്നു. മാതാപിതാക്കൾ തെരഞ്ഞെടുക്കുന്ന ആശുപത്രി ഏതാണോ ആ ആശുപത്രിയിലേയ്ക്ക് കേസ് സർജറിക്കോ ഇന്റർവെൻഷനോ ആയിട്ട് അനുവദിക്കുന്നു. ഇപ്രകാരമാണ് ഒരു കുട്ടിയെ ഏത് ആശുപത്രിയിലേയ്ക്ക് അയയ്ക്കേണ്ടതെന്ന് തീരുമാനിക്കുന്ന നടപടി സ്വീകരിക്കുന്നത്. സർക്കാർ മേഖലയിലുള്ള ആശുപത്രിയിൽ മൂന്നിൽ രണ്ട് ആശുപത്രികളും തെക്കൻ കേരളത്തിലാണുള്ളത്. വടക്കൻ ജില്ലകളിൽ നിന്നുള്ള ഗുരുതരമായ കേസുകളിൽ യാത്ര ദൈർഘ്യംകൂടി കണക്കിലെടുത്താണ് ആശുപത്രികളിൽ ചികിത്സ നിശ്ചയിക്കുന്നത്.

(സി) ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസുമായി എത്ര വർഷം ആരോഗ്യ വകുപ്പ് ഹൃദ്യത്തിൽ എം.ഒ.യു. ഒപ്പിട്ടിരുന്നുവെന്നും ഏതൊക്കെ വർഷമായിരുന്നു അതെന്നും ഇത്തവണ എം.ഒ.യു. ഇല്ലാതിരിക്കാൻ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

ഹൃദ്യം പദ്ധതി ആരംഭിച്ചത് മുതൽ (2017 ആഗസ്റ്റ്) 2021-22 സാമ്പത്തിക വർഷം വരെ ശ്രീ ചിത്ര ആശുപത്രി MoU ഒപ്പിട്ടിരുന്നു. 2022

മുതൽ MOU ശ്രീചിത്ര ആശുപത്രി പുതുക്കിയിട്ടില്ല. ഹൃദ്യം പദ്ധതിയുമായി ബന്ധപ്പെട്ട കരാർ മാനദണ്ഡങ്ങൾ ശ്രീചിത്ര ആശുപത്രി പൂർണ്ണമായി അംഗീകരിക്കാത്തതാണ് ഇതിനുകാരണം. ഇക്കാര്യത്തിൽ ശ്രീചിത്ര ആശുപത്രിയുമായിട്ടുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്.

(ഡി) ശ്രീചിത്രയെ പദ്ധതിയിൽ ഉൾപ്പെടുത്താൻ എന്ത് നടപടിയെടുത്തുവെന്നും ശ്രീചിത്ര എന്നുമുതൽ ഹൃദ്യം പദ്ധതിയിലേയ്ക്ക് തിരിച്ചുവരുമെന്നും വ്യക്തമാക്കാമോ?

ശ്രീചിത്ര ആശുപത്രിയുമായുള്ള കരാർ മാനദണ്ഡങ്ങളിലെ അഭിപ്രായ ഭിന്നത ചർച്ച ചെയ്ത് പരിഹരിക്കുന്നതിനായി മന്ത്രിതലത്തിൽ യോഗം ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ അഭിപ്രായ ഭിന്നത നിലനിൽക്കുന്ന വിഷയങ്ങൾ സൂചിപ്പിച്ചുകൊണ്ട് ശ്രീചിത്ര ആശുപത്രിക്ക് കത്ത് നൽകുകയും പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ശ്രീചിത്ര ആശുപത്രി ഡയറക്ടർ ഉൾപ്പടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം 10-08-2023-ൽ ചേരുകയുമുണ്ടായി. ഹൃദ്യം പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ

പൊതുജന താല്പര്യം മുൻനിർത്തി കരാർ വ്യവസ്ഥകളിൽ ആരോഗ്യ വകുപ്പ് ശ്രീചിത്ര ആശുപത്രിക്ക് വ്യക്തത നൽകിയിട്ടുണ്ട്.

(ഇ) ഹൃദ്യം പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് ചികിൽസ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

6267 കുട്ടികൾക്ക് ചികിൽസ ലഭിച്ചിട്ടുണ്ട്.

(എഫ്) ഓരോ സ്വകാര്യ ആശുപത്രികളും എത്ര വീതം ശസ്ത്രക്രിയ ചെയ്തുവെന്ന് ശസ്ത്രക്രിയയുടെ മാത്രം കണക്ക് ലഭ്യമാക്കാമോ?

1. ബിലീവേഴ്സ് ചർച്ച് ഹോസ്പിറ്റൽ, തിരുവല്ല – 307

2. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, എറണാകുളം - 1841

3. ലിസ്സി ഹോസ്പിറ്റൽ, എറണാകുളം - 838

4. ആസ്റ്റർ മെഡിസിറ്റി ആശുപത്രി, കൊച്ചി - 90

5. മിംസ് ആശുപത്രി, കോഴിക്കോട് - 1139

ആകെ - 4215 എണ്ണം

(ജി) ശ്രീചിത്ര നിലിവിൽ പദ്ധതിയിലില്ലെങ്കിലും വെബ്സൈറ്റിലെ ആദ്യത്തെ പേര് ശ്രീചിത്രയുടേതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഹൃദ്യം പദ്ധതിയുടെ വെബ്സൈറ്റിൽ നാളിതുവരെ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള മുഴുവൻ ആശുപത്രികളുടെയും പേരുവിവരങ്ങളും മേൽ സ്ഥാപനങ്ങളിൽ നടന്നിട്ടുള്ള ശസ്ത്രക്രിയകളുടെ വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാണ്. ഈ പട്ടികയിൽ ശ്രീചിത്ര ആശുപത്രിയുടെ പേരുവിവരങ്ങളും ലഭ്യമാണ്.

**ശ്രുതിതരംഗം പദ്ധതി**

157(2290) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ശ്രുതിതരംഗം പദ്ധതിയിലൂടെ എത്ര കുട്ടികൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

| ക്രമ നമ്പർ | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2016-17 | 109 | 373.42 ലക്ഷം |
| 2 | 2017-18 | 543 | 998.16 ലക്ഷം |
| 3 | 2018-19 | 201 | 447.45 ലക്ഷം |
| 4 | 2019-20 | 271 | 847.41 ലക്ഷം |
| 5 | 2020-21 | 558 | 797.45 ലക്ഷം |
| 6 | 2021-22 | 312 | 799. 77 ലക്ഷം |
| 7 | 2022-23 | 350 | 763. 33 ലക്ഷം |

(ബി) പ്രസ്തുത കാലയളവിൽ എത്ര കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങൾ മാറ്റിവയ്ക്കുന്നതിനും നന്നാക്കുന്നതിനും സഹായം നൽകിയിട്ടുണ്ടെന്നും അതിനായി ചെലവഴിച്ച തുക എത്രയാണെന്നും അറിയിക്കാമോ?

| ക്രമ നം. | വർഷം | ഉപകരണം മാറ്റിവയ്ക്കുന്നതിന് | | ഉപകരണം നന്നാക്കുന്നതിന് | |
|---|---|---|---|---|---|
| | | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
| 1 | 2016-17 | 0 | 0 | 0 | 0 |
| 2 | 2017-18 | 55 | 137.44 ലക്ഷം | 0 | 0 |
| 3 | 2018-19 | 20 | 50.49 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ലക്ഷം | | |
| 4 | 2019-20 | 7 | 17.49 ലക്ഷം | 0 | 0 |
| 5 | 2020-21 | 3 | 7.49 ലക്ഷം | 437 | 132.54 ലക്ഷം |
| 6 | 2021-22 | 37 | 31.90 ലക്ഷം | 216 | 122.42 ലക്ഷം |
| 7 | 2022-23 | 29 | 11.42 ലക്ഷം | 212 | 60.91 ലക്ഷം |

(സി) ഇനി എത്ര കുട്ടികൾ ഉപകരണങ്ങൾ മാറ്റിവയ്ക്കാൻ അവശേഷിക്കുന്നുണ്ടെന്നും എത്ര കുട്ടികൾക്ക് ഉപകരണം നന്നാക്കി നൽകാൻ ബാക്കിയുണ്ടെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ?

ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് 504 അപേക്ഷകളും പ്രോസസ്സർ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് 70 അപേക്ഷകളും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും കൈമാറി ലഭിച്ചിട്ടുണ്ട്. കെ.എസ്.എസ്.എം-ന് പദ്ധതി നടത്തിപ്പിന്റെ ചുമതലയുണ്ടായിരുന്ന കാലയളവിൽ ശസ്ത്രക്രിയ നടത്തിയിട്ടുള്ള കേസുകളിൽ ലഭിച്ചിട്ടുള്ള ഫണ്ട് സ്റ്റേറ്റ് ഹെൽത്ത്

ഏജൻസിക്ക് ലഭിക്കുന്നമുറയ്ക്ക് ഈ വിഭാഗത്തിലുള്ള അപേക്ഷകൾ തീർപ്പാക്കുന്നതാണ്.

**റോഡ് അപകടങ്ങളിൽപ്പെടുന്നവർക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

158 (2291) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി.) -യുടെ വിശദാംശം അറിയിക്കാമോ?

കേരളത്തിൽ നടപ്പിലാക്കിവന്നിരുന്ന ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികൾ ഏകീകരിച്ച് രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP). ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (AB PM-JAY) എന്ന പദ്ധതിയുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ കേരളത്തിൽ സംസ്ഥാന സർക്കാർ 100 ശതമാനം ചികിത്സാ ചെലവ് വഹിക്കുന്ന കുടുംബങ്ങളും കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം (ആകെ ചികിത്സ ചെലവിന്റെ 60%, ഒരു കുടുംബത്തിന് പരമാവധി 631.2

രൂപ) പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ രൂപംനൽകിയ സ്ഥാപനമാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA). പദ്ധതി നടത്തിപ്പിന്റെ ആദ്യവർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഇൻഷ്വറൻസ് മാതൃകയിലാണ്. 2020 ജൂലൈ ഒന്നുമുതൽ പദ്ധതി അഷ്വറൻസ് മാതൃകയിലേയ്ക്ക് മാറുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് രൂപം നൽകുകയും ചെയ്തു. അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായവ്യത്യാസമില്ലാതെ അഞ്ചുലക്ഷം രൂപവരെയുള്ള ദ്വിതീയ, തൃതീയ സൗജന്യ ചികിത്സ ഓരോ വർഷവും പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ആശുപത്രിയിൽനിന്ന് ലഭിക്കുന്നതാണ്. പദ്ധതിപ്രകാരം ആശുപത്രിയിലെ കിടത്തി ചികിത്സയ്ക്കാണ് ആനുകൂല്യം ലഭിക്കുക. ചുരുങ്ങിയത് 24 മണിക്കൂറെങ്കിലും കിടത്തി ചികിത്സ ആവശ്യമുള്ള അസുഖങ്ങളായിരിക്കണം. കിടത്തി ചികിത്സ ആരംഭിക്കുന്നതിനുമുമ്പുള്ള മൂന്ന് ദിവസത്തെ പരിശോധനകളും മരുന്നുകളും സൗജന്യമായിരിക്കും.

ആശുപത്രിയിൽ അഡ്മിറ്റാകുന്ന സമയത്ത് ചികിത്സയ്ക്കും മരുന്നുകൾക്കും പരിശോധനകൾക്കും മുഴുവൻ തുകയും പദ്ധതിയിലുൾപ്പെടുന്നതാണ്. ഡിസ്ചാർജ്ജായതിനുശേഷം പരമാവധി 15 ദിവസം വരെയുള്ള മരുന്നുകൾക്കും പരിശോധനകൾക്കും ചെലവാകുന്ന ചികിത്സ സൗജന്യമാണ്. അലോപ്പതി ചികിത്സയ്ക്കുമാത്രമേ ആനുകൂല്യം നിലവിൽ ലഭിക്കുകയുള്ളു. ഏത് പ്രായത്തിലുള്ളവരെയും പദ്ധതിയിൽ അംഗമാക്കാം. നിലവിലുള്ള രോഗങ്ങൾക്കും സൗജന്യ ചികിത്സ ആനുകൂല്യം ലഭിക്കുമെന്ന സവിശേഷതയുമുണ്ട്. കിടത്തി ചികിത്സിക്കുന്ന വേളയിൽ എക്സ്റേ, സ്കാനിംഗ് ഉൾപ്പടെയുള്ള എല്ലാ പരിശോധനകളും സൗജന്യമായിരിക്കും. 2018-19 സാമ്പത്തികവർഷം പ്രാബല്യത്തിലുള്ള ആർ.എസ്.ബി.വൈ. കാർഡുള്ള എല്ലാ കുടുബാംഗങ്ങൾക്കും കേന്ദ്രസർക്കാരിന്റെ സാമൂഹിക സാമ്പത്തിക ജാതി സെൻസെസ് (എസ്.ഇ.സി.സി.) പട്ടികയിലുൾപ്പെട്ടിട്ടുള്ള അർഹരായ കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. കുടുംബനാഥൻ/കുടുംബനാഥ എന്നിവർക്കുപുറമേ റേഷൻ കാർഡിലുള്ള എല്ലാ അംഗങ്ങളെയും പദ്ധതിയിലുൾപ്പെടുത്താവുന്നതാണ്. കുടുംബത്തിലെ മുഴുവൻ

അംഗങ്ങൾക്കും വ്യക്തിഗത AB PM-JAY KASP കാർഡ് ലഭിക്കുന്നതാണ്. വ്യക്തിഗത AB PM-JAY KASP കാർഡ് ലഭിക്കുന്നതിനായി ചികിത്സ ആവശ്യമായ ആശുപത്രികളിലെ KASP കിയോസ്കകളിൽനിന്നും ഈ സേവനം സൗജന്യമായി ഗുണഭോക്താക്കൾക്ക് ഉപയോഗിക്കാവുന്നതാണ്. മുകളിൽ സൂചിപ്പിച്ചപ്രകാരം അർഹതപ്പെട്ട കുടുംബമാണെങ്കിൽ ചികിത്സ ആവശ്യമായിവരുന്ന സാഹചര്യത്തിൽ KASP പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്കുകളിൽനിന്നും അംഗത്വം നേടാവുന്നതാണ്. പദ്ധതിയിൽ അംഗത്വം നേടുന്നതിന് യാതൊരുവിധ ഫീസും ഈടാക്കുന്നതല്ല. സേവനം പൂർണ്ണമായും സൗജന്യമാണ്. നിലവിൽ 197 സർക്കാർ ആശുപത്രികളിലും 5 കേന്ദ്ര സർക്കാർ ആശുപത്രികളിലും 411 സ്വകാര്യ ആശുപത്രികളിലുമായി കേരളത്തിലുടനീളം മൊത്തം 613 ആശുപത്രികളിൽ പദ്ധതിയുടെ സേവനം ലഭ്യമാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ചികിത്സ ലഭ്യമാക്കുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റി വികസിപ്പിച്ചെടുത്ത ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് 2.0 മുഖനയാണ്. ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് രൂപം നൽകുന്നതിനുമുമ്പായി

തെരഞ്ഞെടുക്കപ്പെട്ട എംപാനൽ ചെയ്ത ആശുപത്രികളുമായി കൂടിയാലോചിച്ചാണ് നിരക്കുകൾ നിജപ്പെടുത്തിയിരിക്കുന്നത്. 25 സ്പെഷ്യാലിറ്റികളിലായി 1957 പാക്കേജുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത ഈ പാക്കേജുകളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. പാക്കേജുകളിലുൾപ്പെടുത്താത്ത ചികിത്സകൾക്കായി അൺസ്പെസിഫൈഡ് പാക്കേജുകൾ ഉപയോഗിക്കാവുന്നതാണ്. കിടത്തി ചികിത്സ ആവശ്യമില്ലാത്ത അസുഖങ്ങൾ, വന്ധ്യതാ ചികിത്സ, സൗന്ദര്യ വർദ്ധക ചികിത്സ, വാക്സിനേഷൻ മുതലായ ഏതാനും ചികിത്സ നടപടികൾ മാത്രമാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ക്ലെയിം ചെയ്യാൻ സാധിക്കാത്തത്.

(ബി) റോഡ് അപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യത്തെ 48 മണിക്കൂർ സൗജന്യ ചികിത്സ നൽകുന്നത് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പ്രസ്തുത ചികിത്സ നൽകുന്നതുമായി ബന്ധപ്പെട്ട് ഏതാനും ചില ചികിത്സാ പാക്കേജുകൾ AB PM-JAY/KASP പദ്ധതിപ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ലഭ്യമാണ്. സംസ്ഥാനത്ത് റോഡ് അപകടങ്ങളിൽപ്പെടുന്ന എല്ലാവർക്കും ആദ്യത്തെ 48 മണിക്കൂർ സൗജന്യ ചികിത്സ നൽകുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമർപ്പിച്ച ഒരു രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

159(2292) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതികളിലുൾപ്പെടുത്തി കഴിഞ്ഞ ഒരു വർഷം എത്ര പേർക്ക് ചികിത്സ നൽകിയെന്നും എത്ര രൂപയുടെ ചികിത്സയാണ് നൽകിയതെന്നും വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇംപ്ലാന്റ്, മരുന്നുകൾ എന്നിവ ലഭ്യമാക്കുന്ന രീതി വിശദീകരിക്കാമോ?

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 23017 രോഗികൾക്ക് 31,65,77,673/- രൂപയുടെ സൗജന്യ ചികിത്സയും തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ നെഞ്ച് രോഗാശുപത്രിയിൽ 17451 രോഗികൾക്ക് 22,01,35,946/- രൂപയുടെ സൗജന്യ ചികിത്സയും നല്കിയിട്ടുണ്ട്. കാസ്പ്, ആർ.ബി.എസ്.കെ., ജെ.എസ്.എസ്.കെ., മെഡിസെപ് തുടങ്ങിയ എല്ലാ സർക്കാർ സൗജന്യ ചികിത്സ പദ്ധതിയിലുൾപ്പെടുന്ന രോഗികൾക്കും ഇംപ്ലാന്റ്/മരുന്നുകൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിന് മെച്ചപ്പെട്ട സൗകര്യങ്ങളോടെ ആശുപത്രിയിൽ സിംഗിൾ വിൻഡോ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. ആശുപത്രി ഫാർമസിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ ന്യായവില മെഡിക്കൽ സ്റ്റോർ, കാരുണ്യ ഫാർമസി, എച്ച്.എൽ.എൽ. ഫാർമസി തുടങ്ങി എംപാനൽ ചെയ്തിട്ടുള്ള ഫാർമസികൾ മുഖേന ഇവിടേയ്ക്ക് ലഭ്യമാക്കി രോഗികൾക്ക് സിംഗിൾ വിൻഡോ സിസ്റ്റം പ്രകാരം വിതരണം ചെയ്യുന്നു. ഇംപ്ലാന്റുകൾ എച്ച്.ഡി.എസ്. ഇംപ്ലാന്റ് സ്റ്റോർ മുഖേനയും ലഭ്യമാക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികൾക്കുവേണ്ടി ആരംഭിച്ച പ്രത്യേക ഫാർമസിയുടെ പ്രവർത്തനം വിശദീകരിക്കാമോ?

കാസ്പ്, ആർ.ബി.എസ്.കെ., ജെ.എസ്.എസ്.കെ., മെഡിസെപ് തുടങ്ങിയ എല്ലാ സർക്കാർ സൗജന്യ ചികിത്സ പദ്ധതിയിലുൾപ്പെടുന്ന രോഗികൾക്കും ഇംപ്ലാന്റ്/മരുന്നുകൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിന് മെച്ചപ്പെട്ട സൗകര്യങ്ങളോടെ ആശുപത്രിയിൽ സിംഗിൾ വിൻഡോ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ചാണ് പ്രത്യേക ഫാർമസി (സ്കീം ഫാർമസി) ആരംഭിച്ചിട്ടുള്ളത്. ആശുപത്രി ഫാർമസിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ ന്യായവില മെഡിക്കൽസ്റ്റോർ, കാരുണ്യ ഫാർമസി, എച്ച്.എൽ.എൽ. ഫാർമസി തുടങ്ങി എംപാനൽ ചെയ്തിട്ടുള്ള ഫാർമസികൾ മുഖേന ഇവിടേയ്ക്ക് ലഭ്യമാക്കി രോഗികൾക്ക് സിംഗിൾ വിൻഡോ സിസ്റ്റം പ്രകാരം വിതരണം ചെയ്യുന്നു. ഇതുമൂലം മരുന്നുകൾക്കായി കൂട്ടിരിപ്പുകാർ വിവിധ കൗണ്ടറുകൾ,

ഫാർമസികൾ എന്നിവ തേടിനടക്കേണ്ട സാഹചര്യം ഒഴിവാക്കി നടപടികൾ ലഘൂകരിക്കാൻ സാധിച്ചിട്ടുണ്ട്.

**ശ്രുതിതരംഗം പദ്ധതി**

160(2293) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രുതിതരംഗം പദ്ധതിപ്രകാരം എത്ര കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ശ്രുതിതരംഗം പദ്ധതിയിലൂടെ 205 കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം മുതൽ പ്രസ്തുത പദ്ധതി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കുന്നു.

(ബി) പ്രസ്തുത ശസ്ത്രക്രിയയ്ക്കായി ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്രയെന്ന് വിശദമാക്കാമോ?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി പദ്ധതി നടത്തിപ്പ് ആരംഭിച്ചതിനുശേഷം നാളിതുവരെ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയുമായി ബന്ധപ്പെട്ട് 52 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. അവയിൽ അർഹതപ്പെട്ട 44 അപേക്ഷകളിൽ സാങ്കേതിക സമിതി ചികിത്സാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (കെ.എസ്.എസ്.എം.) പദ്ധതി നടത്തിയിരുന്ന കാലയളവിൽ സർജറി നടത്തിയിട്ടുണ്ടായിരുന്ന 25 കുട്ടികൾക്ക് പ്രോസസ്സർ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് ആവശ്യമായ തുകയായ 59,47,500 രൂപ 23-07-2023-ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കെ.എസ്.എസ്.എം.-ന് കൈമാറിയിട്ടുണ്ട്.

(സി) കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് ലഭിക്കുന്ന അനുബന്ധ സേവനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിപ്പിനുശേഷം എല്ലാ കുട്ടികൾക്കും 140 ഓഡിറ്ററി വെർബൽ ഹാബിലിറ്റേഷൻ സെഷനുകൾ പദ്ധതി മുഖാന്തരം എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾവഴി സൗജന്യമായി നൽകുന്നു. ഇതുകൂടാതെ തദ്ദേശ സ്ഥാപനങ്ങളുടെ

ധനസഹായത്തോടെ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നു. അതോടൊപ്പം പ്രോസസ്സർ അപ്ഗ്രഡേഷൻ വാറന്റി കാലയളവിൽ വരുന്നത് സൗജന്യമായും നൽകുന്നു.

**ബാലുശ്ശേരി മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

161(2294) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

ഒരു വ്യക്തിയുടെ ആരോഗ്യ വിവരങ്ങളെ വിവര സാങ്കേതികവിദ്യയുടെ വിവേകപൂർവ്വമായ വിനിയോഗത്തിലൂടെ ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി, ഉപയോക്താക്കൾക്ക് ആയാസരഹിതവും രോഗീസൗഹൃദവുമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസുരഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത് പ്രോജക്റ്റ് മുഖേന നടപ്പാക്കിവരുന്നത്. കേരളത്തിലെ ജനങ്ങളുടെ ആവാസ

പ്രദേശം അടിസ്ഥാന സൂചികയായി കണക്കിലെടുത്ത് വ്യക്തികളുടെ ആരോഗ്യ രേഖകൾ തയ്യാറാക്കുകയും അതിനെ ഇ-ഹെൽത്ത് പ്രോജക്ടിനുവേണ്ടിമാത്രം സജ്ജമാക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ചും ഏതൊരു വ്യക്തിക്കും ഈ പദ്ധതി നടപ്പാക്കിയിട്ടുള്ള ഏത് സർക്കാർ ആശുപത്രിയിൽ ചികിത്സ തേടേണ്ടിവന്നാലും പ്രസ്തുത വ്യക്തിയുടെ ആരോഗ്യരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രയോജനം. സംസ്ഥാനത്തെവിടെയുമുള്ള ജനങ്ങളുടെ ആരോഗ്യ സൂചികകൾ അടിസ്ഥാനപ്പെടുത്തിയുള്ള വ്യതിരക്ത ആരോഗ്യ തിരിച്ചറിയൽ കാർഡ് (UHID CARD) നൽകാനും ഏതൊരാൾക്കും ചികിത്സ തേടുന്നതിനുള്ള അടിസ്ഥാന രേഖയായി ഈ കാർഡ് പ്രയോജനപ്പെടുത്താവുന്നതുമാണ്. പകർച്ചവ്യാധി തടയുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്. UHID കാർഡുമായി ആശുപത്രികളിലെത്തുന്നവർക്ക് ചികിത്സ തേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ Electronic Health Record (EHR) തയ്യാറാവുകയും ചെയ്യും. ഭാവി

ചികിത്സകൾ ആവശ്യമായിവരുന്നവർക്ക് EHR അടിസ്ഥാനപ്പെടുത്തി രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ഒ.പി. രജിസ്ട്രേഷൻ, ടോക്കൺ ഡിസ്പ്ലേ, അഡ്വാൻസ് ബുക്കിംഗ്, ക്യൂ-മാനേജ്മെന്റ്, കൺസൾട്ടേഷൻ, ലാബ് പരിശോധനാ റിപ്പോർട്ടുകൾക്കൊപ്പം മുൻകാല ചികിത്സാ വിവരങ്ങൾ ഡോക്ടറുടെ കംപ്യൂട്ടറിൽ നേരിട്ട് ലഭ്യമാകുമെന്നതിനാലും ഫാർമസിയിലേയ്ക്ക് നേരിട്ട് ഡോക്ടറുടെ കുറിപ്പ് എത്തുമെന്നതിനാലും കൂടുതൽ കൃത്യമായ രോഗനിർണ്ണയം നടത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിനും സാധ്യമാകുന്നതാണ്. ഒ.പി.-കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സയ്ക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമായിത്തുടങ്ങിയതോടെ ചികിത്സ തേടുന്നവരും ആശുപത്രി ജീവനക്കാരും ഇ-ഹെൽത്ത് പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കേന്ദ്ര വിവരസാങ്കേതിക വകുപ്പിന്റെ [MEITY, GoI] സാമ്പത്തിക സഹായത്തോടെ

തുടക്കമിട്ട ഈ പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ആദ്യഘട്ടമായി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിരുന്നതെങ്കിലും ആർദ്രം പദ്ധതി നിലവിൽ വന്നതോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും ഘട്ടംഘട്ടമായി ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് 2016-ൽ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിൽപ്പെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 696 ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ 594 ആശുപത്രികളിൽ ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ശേഷിക്കുന്ന 102 ആശുപത്രികളിൽ 57 ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതിക്കാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നത് അന്തിമഘട്ടത്തിലാണ്. ബാക്കിവരുന്ന 45 ആശുപത്രികളിൽ വിവിധതരത്തിലുള്ള കെട്ടിടനിർമ്മാണം

നടന്നുവരുന്നതിനാൽ പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു. ഓരോ ആശുപത്രിക്കും പ്രത്യേകമായി ലോക്കൽ ഏരിയ നെറ്റ്‌വർക്ക്, തടസ്സം കൂടാതെ വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള യു.പി.എസ്., സമർപ്പിത ബ്രോഡ്ബാൻഡ് ബന്ധം, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെ സ്ഥാപിക്കേണ്ടിവരുന്നതിനാൽ ഓരോ ആശുപത്രിയുടെയും നിലവാരത്തിനും ഘടനയ്ക്കും അടിസ്ഥാനത്തിൽ ഭാരിച്ച സാമ്പത്തിക ബാധ്യതയാണുള്ളത്. ആയതിനാൽ ഒരിക്കൽ സ്ഥാപിക്കപ്പെട്ട ഇ-ഹെൽത്ത് സംവിധാനങ്ങൾ ചെറിയ ഒരിടവേളയ്ക്കുശേഷം മാറ്റിസ്ഥാപിക്കാനോ പൂർണ്ണമായി ഒഴിവാക്കി പുതിയവ സ്ഥാപിക്കാനോ ശ്രമിച്ചാലുണ്ടാകുന്ന ധനനഷ്ടം കണക്കിലെടുത്ത് കരുതലോടെയുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ഒരു ജില്ലയിലെ മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചുകഴിഞ്ഞാലും വിവിധ വികസന പദ്ധതികളുടെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്ന ആശുപത്രികളിൽ നിർമ്മാണ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ ഇ-ഹെൽത്ത് പദ്ധതി

നടപ്പിലാക്കാൻ കഴിയുകയുള്ളൂ. മതിയായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ സജ്ജമാക്കിയിട്ടുള്ള ആശുപത്രികളിൽക്കൂടി ഉടൻ ഇ-ഹെൽത്ത് പദ്ധതി പ്രാവർത്തികമാകുന്നതാണ്.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ 12 സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ ആറ് സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ശ്രുതി തരംഗം പദ്ധതി**

162(2295) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രുതി തരംഗം പദ്ധതി പൂർണ്ണമായും ആരോഗ്യ വകുപ്പിന്റെ കീഴിലേയ്ക്ക് മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവന്നിരുന്ന ശ്രുതിതരംഗം പദ്ധതി, 2023-24 സാമ്പത്തികവർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കുമെന്ന് സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. 23-07-2023-ലെ സ.ഉ.(സാധാ)നം.1803/2023/H&FWD നമ്പർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിനും മറ്റ് വിശദാംശങ്ങൾ ലഭിക്കുന്നതിനും പുതിയ സംവിധാനങ്ങളൊരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ശ്രുതിതരംഗം പദ്ധതിപ്രകാരം, സംസ്ഥാനത്ത് എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള സർക്കാർ-സ്വകാര്യ ആശുപത്രികൾ മുഖാന്തരമാണ് ഗുണഭോക്താക്കൾ അപേക്ഷകൾ സമർപ്പിക്കേണ്ടത്. തുടർന്ന് പ്രസ്തുത അപേക്ഷകൾ അനുബന്ധരേഖകൾ സഹിതം എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രി നിർദ്ദിഷ്ട ഇ-മെയിൽ മുഖാന്തരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

**പൂഞ്ഞാർ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

163(2296) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ആരോഗ്യ വകുപ്പ് മുഖേന പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഹെൽത്ത് & വെൽനസ് സെന്ററുകളായും ഉയർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ RoP-യിലുൾപ്പെട്ട മേജർ വർക്കുകളും നടന്നുവരുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആരോഗ്യസ്ഥാ | തുക | നിലവിലെ സ്ഥിതി | പദ്ധതി |
|---|---|---|---|

| | | | |
|---|---|---|---|
| പനം | | | |
| ജി.വി.ആർ. പൂഞ്ഞാർ | 55 ലക്ഷം | നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി | ആർദ്രം |
| സി.എച്ച്.സി. എരുമേലി | 37.50 ലക്ഷം | ബ്ലോക്ക് എഫ്.എച്ച്.സി.-യായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു | ആർദ്രം |
| പി.എച്ച്.സി. തീക്കോയി | 123 ലക്ഷം | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. | ആർദ്രം |
| പി.എച്ച്.സി. തിടനാട് | 185.65 ലക്ഷം | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. | NHM RoP |
| പി.എച്ച്.സി. കോരുത്തോട് | 350 ലക്ഷം | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. | NHM RoP |
| സബ് സെന്റർ പേരൂർത്തോട് | 7,58,000 | നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു | NHM Fund |
| സബ് സെന്റർ മുരിക്കുംവയൽ | 7,86,000 | നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു | NHM Fund |
| സബ് സെന്റർ മലയിഞ്ചിപ്പാറ | 7,70,000 | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു | NHM Fund |
| മെയിൻ സബ് സെന്റർ പൂഞ്ഞാർ | 8,60,000 | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി | NHM Fund |

**ശ്രുവണസഹായി ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കാൻ നടപടി**

164 (2297) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷനുള്ള ഉപകരണങ്ങൾ വിതരണം ചെയ്ത കമ്പനി പ്രവർത്തനം നിർത്തിയതുകാരണം പ്രസ്തുത ശ്രുവണസഹായി ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കാൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഉപകരണങ്ങൾ പുതുക്കണമെന്ന് കമ്പനി അധികൃതർ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉപകരണങ്ങൾ അറ്റകുറ്റപ്പണി ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ അവയ്ക്കുപകരം പുതിയവ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

(എ-സി) കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ കാലയളവിൽ നടത്തിയ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയകൾക്ക് തുടർച്ചയായി നൽകേണ്ടതായ പ്രസ്തുത സേവനങ്ങൾ തുടർന്നും നൽകുന്നതിനായി കെ.എം.എസ്.സി.എൽ. മുഖാന്തരം ബന്ധപ്പെട്ട കമ്പനികളുമായുള്ള ചർച്ചകൾ നടത്തിവരുന്നു. കെ.എം.എസ്.സി.എൽ. ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നമുറയ്ക്ക്, വിഷയത്തിൽ ഉടൻ പരിഹാരമുണ്ടാകുന്നതാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കെ.എം.എസ്.സി.എൽ. തയ്യാറാക്കിയിട്ടുള്ള ടെണ്ടർ ഡോക്യുമെന്റിലെ നിർവ്വചനപ്രകാരം അനുബന്ധ ഉപകരണങ്ങൾ, സേവനങ്ങൾ, കേടുപാടുകൾ പരിഹരിക്കൽ മുതലായവ സംഭരണ തീയതി മുതൽ കുറഞ്ഞത് 10 വർഷമെങ്കിലും ഗുണഭോക്താക്കൾക്ക് ലഭ്യമായിരിക്കണം. സംഭരണ തീയതി മുതൽ അഞ്ചുവർഷത്തിനുള്ളിൽ ഉൽപ്പന്നത്തിന്റെ ഭാഗങ്ങളും സേവനങ്ങളും കമ്പനി നിർത്തലാക്കുകയാണെങ്കിൽ, പ്രോസസറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും സൗജന്യ അപ്ഗ്രഡേഷൻ കമ്പനിയുടെ ബാധ്യതയായിരിക്കും.

**ഓഡിയോ വെർബൽ റീഹാബിലിറ്റേഷൻ തെറാപ്പി**

165 (2298) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രുതി തരംഗം പദ്ധതി പ്രകാരം കോക്ലിയർ ഇംപ്ലാന്റ് സർജറി നടന്ന കുട്ടികൾക്ക് തുടർചികിത്സയുടെ ഭാഗമായുള്ള ഓഡിയോ വെർബൽ റീഹാബിലിറ്റേഷൻ തെറാപ്പി നടത്താൻ ഏതെല്ലാം സർക്കാർ മെഡിക്കൽ കോളേജുകളിലാണ് സംവിധാനമുള്ളതെന്ന് വ്യക്തമാക്കുമോ?

ഗവൺമെന്റ് മെഡിക്കൽ കോളേജ് തിരുവനന്തപുരം, ഗവൺമെന്റ് മെഡിക്കൽ കോളേജ് കോട്ടയം, ഗവൺമെന്റ് മെഡിക്കൽ കോളേജ് കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ശ്രുതി തരംഗം പദ്ധതിപ്രകാരം കോക്ലിയർ ഇംപ്ലാന്റ് സർജറി നടന്ന കുട്ടികൾക്ക് തുടർചികിത്സയുടെ ഭാഗമായുള്ള ഓഡിയോ വെർബൽ റീഹാബിലിറ്റേഷൻ തെറാപ്പി സേവനം ലഭ്യമാണ്.

(ബി) പ്രസ്തുത തെറാപ്പി ചെയ്യുന്നതിന് ഓഡിയോളജിസ്റ്റ്-കം-സ്പീച്ച് തെറാപ്പിസ്റ്റ് തസ്തികയിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന എത്ര

ജീവനക്കാരെ നിയമിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ; ഇപ്പോൾ എത്ര ജീവനക്കാർ പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്നുവെന്ന വിവരം ലഭ്യമാക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഓഡിയോളജിസ്റ്റ്-കം-സ്വീച്ച് തെറാപ്പിസ്റ്റ് തസ്തികയിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 12 ജീവനക്കാരെ നിയമിച്ചിരുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മെഡിക്കൽ കോളേജ് തിരുവനന്തപുരം | 1 |
| മെഡിക്കൽ കോളേജ് കോഴിക്കോട് | 10 |
| മെഡിക്കൽ കോളേജ് കോട്ടയം | 1 |

ഇപ്പോൾ പ്രസ്തുത തസ്തികയിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ അഞ്ച് ജീവനക്കാർ ജോലി ചെയ്യുന്നു.

(സി) പ്രസ്തുത ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റുകൾക്ക് കഴിഞ്ഞ ആറുമാസമായി ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

(ഡി) കഴിഞ്ഞ ആറുമാസത്തിനിടയിൽ എത്ര ഓഡിയോളജിസ്റ്റ്-കം-സ്പീച്ച് തെറാപ്പിസ്റ്റുകൾ ജോലിയിൽനിന്ന് വിടുതൽ ചെയ്തിട്ടുണ്ടെന്ന് വിവരം ലഭ്യമാക്കുമോ?

കഴിഞ്ഞ ആറുമാസത്തിനിടയിൽ എട്ട് ഓഡിയോളജിസ്റ്റ്-കം-സ്പീച്ച് തെറാപ്പിസ്റ്റുകൾ ജോലിയിൽനിന്നും വിടുതൽ ചെയ്തിട്ടുണ്ട്.

**ഡയഗ്നോസിസ് റിലേറ്റഡ് ഗ്രൂപ്പ് പ്രോജക്ട്**

166(2299) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്)/പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന (പി.എം.ജെ.എ.വൈ.) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ലോക ബാങ്ക് നടപ്പാക്കുന്ന ഡയഗ്നോസിസ് റിലേറ്റഡ് ഗ്രൂപ്പ് (ഡി.ആർ.ജി.) പ്രോജക്ടിനുവേണ്ടി സർക്കാർ, സ്വകാര്യ ആശുപത്രികളിൽനിന്നും രോഗികളുടെ എന്തൊക്കെ വിവരങ്ങളാണ് ശേഖരിക്കുന്നത്;

(ബി) ലോക ബാങ്ക് നടപ്പാക്കുന്ന പ്രസ്തുത പ്രോജക്ടിന് എത്തിക്സ് കമ്മിറ്റിയുടെ സമ്മതപത്രം [ഐ.ഇ.സി. അപ്രൂവൽ (ഇൻഫർമേഷൻ, എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ)] ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഡി.ആർ.ജി. പ്രോജക്ടിന്റെ വിവരശേഖരണത്തിന് പ്രോജക്ടിന്റെ വിശദവിവരങ്ങൾ നൽകി രോഗികളിൽനിന്നും സമ്മതപത്രം (ഇൻഫോംഡ് കൺസെന്റ്) വാങ്ങുന്നുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽനിന്നും ലഭ്യമായ വിവരം അനുസരിച്ച് ഡയഗ്നോസ്റ്റിക് റിലേറ്റഡ് ഗ്രൂപ്പ് എന്നത് നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ഒരു പൈലറ്റ് പ്രോജക്ടാണ്. ഹെൽത്ത് ബെനിഫിറ്റ് പാക്കേജുകൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് നാഷണൽ ഹെൽത്ത് അതോറിറ്റിയെയും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയെയും സഹായിക്കാനുതകുന്ന പഠനങ്ങൾ നടത്താനാണ് ലോക ബാങ്ക് ഈ പദ്ധതിയിൽ സഹകരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്ന 5 പൈലറ്റ് സംസ്ഥാനങ്ങളിൽ ഒന്നാണ് SHA കേരളം. രോഗിയുടെ പ്രായം, ലിംഗം, ജില്ല, ആശുപത്രി വിവരങ്ങൾ, രോഗിയുടെ പൊതുവായ ചികിത്സാ വിവരങ്ങൾ

(മരുന്നുകൾ മുതലായവ) എന്നിവയാണ് ഈ പ്രോജക്റ്റിനായി ശേഖരിക്കുന്നത്. രോഗിയുടെ പേരോ മേൽവിലാസമോ ഈ പ്രോജക്റ്റിനായി ശേഖരിക്കുന്നില്ല.

(ഡി) മേൽ സൂചിപ്പിച്ച പ്രോജക്റ്റിന് രോഗികളുടെ വിവരങ്ങൾ കൈമാറാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഡയറക്ടർക്ക് ആരോഗ്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) രോഗികളുടെ ആരോഗ്യ വിവരങ്ങളുടെ രഹസ്യസ്വഭാവം സൂക്ഷിക്കാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലോകബാങ്കുമായി ഡാറ്റ കോൺഫിഡൻഷ്യാലിറ്റി എഗ്രിമെന്റ് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(ഡി&ഇ) ആരോഗ്യ വകുപ്പ് അനുമതി നൽകിയിട്ടില്ല. ഡയഗ്നോസ്റ്റിക് റിലേറ്റഡ് ഗ്രൂപ്പ് എന്നത് നാഷണൽ ഹെൽത്ത് അതേറിറ്റിയുടെ ഒരു പൈലറ്റ് പ്രോജക്റ്റാണ്. ഈ പദ്ധതി നടപ്പിലാക്കുന്ന അഞ്ച് പൈലറ്റ് സംസ്ഥാനങ്ങളിൽ ഒന്നാണ് SHA കേരളം. നാഷണൽ ഹെൽത്ത് അതോറിറ്റിയും ലോകബാങ്കും തമ്മിലാണ് കരാർ.

**കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണം അപ്ഗ്രേഡ് ചെയ്യാനുള്ള അപേക്ഷ**

167(2300) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ മഞ്ചേശ്വരം മണ്ഡലത്തിലെ മുഹമ്മദ് മഹ്ഫൂഫ് (S/o. അബ്ദുൽ റഹിമാൻ കമ്പള, റഹ്മത്ത് മൻസിൽ, ബേരിപ്പദവ് പി.ഒ.) എന്ന കുട്ടിയുടെ ഉപകരണം അപ്ഗ്രേഡ് ചെയ്ത് കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷകന് പ്രസ്തുത ഉപകരണം അപ്ഗ്രേഡ് ചെയ്ത് എപ്പോൾ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ?

(എ&ബി) ശ്രീ. മുഹമ്മദ് മഹ്ഫൂഫിന്റെ അപേക്ഷ ശ്രുതിതരംഗം പദ്ധതിയുടെ സാങ്കേതിക സമിതിയുടെ പരിഗണനയിലാണ്. അപേക്ഷയിന്മേലുള്ള തുടർനടപടിക്രമങ്ങൾ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്.

**ദിശ ഓൺലൈൻ സേവനങ്ങൾ**

168 (2301) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദിശ ഓൺലൈൻ ഡോക്ടർ സേവനത്തോടൊപ്പം കൗൺസലിംഗ് സേവനങ്ങൾ ലഭ്യമാണോ; എത്രപേർ കൗൺസലിംഗിനായി ഫോൺ മുഖേന വിളിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ലഭ്യമാണ്. 2020-21 മുതൽ 2023 ജൂലൈ മാസം വരെ 75461 പേർ കൗൺസിലിംഗിനായി ഫോൺ മുഖേന വിളിച്ചിട്ടുണ്ട്.

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

169(2302) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി നടത്തിപ്പിനായി 2019 മുതൽ ഇതുവരെ കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതമായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ നൽകാമോ?

| വർഷം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|
| 2019-20 | 1,22,56,16,694 | 4,98,08,27,723 |
| 2020-21 | 1,38,10,61,182 | 3,56,57,46,000 |
| 2021-22 | 1,38,89,89,685 | 10,02,50,00,000 |
| 2022-23 | 1,51,33,71,432 | 9,00,00,00,000 |
| 2023-24 | 75,66,85,716 | 4,39,39,14,288 |
| ആകെ | 6,26,57,24,709 | 31,96,54,88,011 |

(ബി) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കെ.എ.എസ്.പി.) പ്രകാരം സർക്കാർ, സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള ആകെ കുടിശ്ശിക എത്രയാണ്; കഴിഞ്ഞ മൂന്നുവർഷത്തെ കണക്കുകൾ നൽകാമോ?

കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കെ.എ.എസ്.പി.) പ്രകാരം സർക്കാർ, സ്വകാര്യ ആശുപത്രികൾക്ക് 10,31,15,47,932.00 രൂപ കുടിശ്ശികയായി നൽകാനുണ്ട്.

കഴിഞ്ഞ മൂന്നുവർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ആശുപത്രി തരം | കുടിശ്ശികയായ തുക (രൂപ) |
|---|---|---|
| 2020-2021 (ജൂലൈ 2020 മുതൽ) | സ്വകാര്യം | 3,85,01,944.00 |
| | പൊതു | 2,10,89,710.00 |
| 2021-22 | സ്വകാര്യം | 28,31,32,430.00 |

| | | |
|---|---|---|
| | പൊതു | 34,55,94,917.00 |
| 2022-23 | സ്വകാര്യം | 30,48,85,594.00 |
| | പൊതു | 5,12,55,14,755.00 |
| 2023-24 (2023 ആഗസ്റ്റ് 2 വരെ) | സ്വകാര്യം | 1,46,07,83,811.00 |
| | പൊതു | 2,73,20,44,771.00 |
| ആകെ | | 10,31,15,47,932.00 |

(സി) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിലുൾപ്പെട്ടിട്ടുള്ള എല്ലാ സർക്കാർ ആശുപത്രികൾക്കും കൊടുത്തുതീർക്കാനുള്ള കഴിഞ്ഞ മൂന്നുവർഷത്തെ ക്ലെയിംസ് തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

| സാമ്പത്തിക വർഷം | കുടിശ്ശികയായ തുക (രൂപ) |
|---|---|
| 2020-2021 (ജൂലൈ 2020 മുതൽ) | 2,10,89,710.00 |
| 2021-22 | 34,55,94,917.00 |
| 2022-23 | 5,12,55,14,755.00 |
| 2023-24 (2023 ഓഗസ്റ്റ് 2 വരെ) | 2,73,20,44,771.00 |
| ആകെ | 8,22,42,44,153.00 |

(ഡി) സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ കെ.ബി.എഫ്. പദ്ധതിപ്രകാരം സർക്കാർ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയാണ്; കഴിഞ്ഞ മൂന്നുവർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ?

| സാമ്പത്തിക വർഷം | കുടിശ്ശികയായ തുക |
|---|---|
| 2020-21 (ജൂലൈ 2020 മുതൽ) | 17,66,326.00 |
| 2021-22 | 30,96,56,655.00 |
| 2022-23 | 1,09,78,71,609.00 |
| 2023-24 (2023 ഓഗസ്റ്റ് 2 വരെ) | 37,20,27,402.00 |
| ആകെ | 1,78,13,21,992.00 |

(ഇ) സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി നടത്തിപ്പിനായി വിദേശ ഏജൻസികളുടെയോ വിദേശ ഗവേഷണ സ്ഥാപങ്ങളുടെയോ സാങ്കേതിക സഹായം കിട്ടുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ?

കേന്ദ്ര സർക്കാർ ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിലെ നാഷണൽ ഹെൽത്ത് അതോറിറ്റി (NHA) -യുമായി നോൺ ഡിസ്ക്ലോഷർ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുള്ള വിവിധ അന്തർദേശീയ ഏജൻസികൾ സ്റ്റേറ്റ് ഹെൽത്ത്

ഏജൻസിക്ക് സാങ്കേതിക സഹായം നൽകുന്നുണ്ട്. ലോകാരോഗ്യ സംഘടന, ലോക ബാങ്ക്, ആക്സസ് ഹെൽത്ത് എന്നിവരുടെ സാങ്കേതിക സഹായം ലഭിച്ചിട്ടുണ്ട്.

(എഫ്) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ഗുണഭോക്താക്കളുടെയോ ഇൻഷ്വറൻസ് ക്ലെയിമുകളുടെയോ വിവരങ്ങൾ (ഹെൽത്ത് ഇൻഫർമേഷൻ) മറ്റ് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളുടെ ആരോഗ്യ വിവരങ്ങൾ ഒരു സ്ഥാപനത്തിനും നൽകിയിട്ടില്ല.

**കായംകുളം മണ്ഡലത്തിലെ ആശുപത്രികളിൽ ആർദ്രം പദ്ധതി**

170(2303) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ ആശുപത്രികളിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെന്തെല്ലാമെന്ന്

വിശദമാക്കാമോ; ഇതിൽ ഓരോ ആശുപത്രികൾക്കുംവേണ്ടി ചെലവഴിച്ച തുക എത്രയെന്ന് ആശുപത്രികൾ തിരിച്ച് വ്യക്തമാക്കാമോ?

| സ്ഥാപനം | പ്രവൃത്തിയുടെ പേര് | തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|
| കുടുംബാരോഗ്യ കേന്ദ്രം, കണ്ടല്ലൂർ | പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തൽ | 12 | നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു. ഉദ്ഘാടനം ചെയ്തു. |
| കുടുംബാരോഗ്യ കേന്ദ്രം, ചെട്ടികുളങ്ങര | പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തൽ | 58 | നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു. ഉദ്ഘാടനം ചെയ്തു. |
| കുടുംബാരോഗ്യ കേന്ദ്രം, ഭരണിക്കാവ് | പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തൽ | 64.7 | നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു. ഉദ്ഘാടനം ചെയ്തു. |
| കുടുംബാരോഗ്യ കേന്ദ്രം, ദേവികുളങ്ങര | പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തൽ | 14 | നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു. ഉദ്ഘാടനം ചെയ്തു. |
| കുടുംബാരോഗ്യ കേന്ദ്രം, പത്തിയൂർ | പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തൽ | 73 | നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു |

| | | | |
|---|---|---|---|
| കുടുംബാരോഗ്യ കേന്ദ്രം, കൃഷ്ണപുരം | പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തൽ | 61 | നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു. ഉദ്ഘാടനം ചെയ്തു. |

## ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ എന്നീ തസ്തികകളിലെ ജോലി സ്വഭാവം

171(2304) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ എന്നീ തസ്തികകളിലെ ജോലി സ്വഭാവം മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ സമാന തസ്തികകളിലെ ജോലി സ്വഭാവവുമായി ഏകീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അപ്ഗ്രഡേഷൻ

172(2305) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്; ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയപ്പോൾ എന്തൊക്കെ അടിസ്ഥാന സൗകര്യ വികസനങ്ങളാണ് പ്രസ്തുത ആശുപത്രികളിൽ പുതിയതായി ഏർപ്പെടുത്തിയിട്ടുള്ളത്; ആയതിനായി പുതിയ ഡോക്ടർ, അനുബന്ധ ജീവനക്കാർ എന്നിവരെ നിയമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇത്തരം ആശുപത്രികളിൽ കിടത്തി ചികിത്സ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ-സി) ആർദ്രം മിഷൻ നടപ്പിലാക്കുകവഴി സർക്കാർ ലക്ഷ്യമിടുന്നത് ആശുപത്രികളുടെ പദവി ഉയർത്തുക എന്നതല്ല, മറിച്ച് നിലവിലുള്ള

ആരോഗ്യ സ്ഥാപനങ്ങളുടെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ്. ഈ സർക്കാരിന്റെ കാലയളവിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടില്ല.

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയത്**

173(2306) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ട് വർഷത്തിനുള്ളിൽ 124 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയത്.

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ?

കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ പ്രവർത്തന സമയം രാവിലെ ഒമ്പത് മണി മുതൽ വൈകുന്നേരം ആറ് മണി വരെയാണ്. രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പുമുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടർ, രോഗീസൗഹൃദ ശൂചിമുറികൾ, നഴ്സ് പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗികൾക്ക് സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, അതിനൂതനമായ ലബോറട്ടറി, ഫാർമസി സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിവരുന്നു. കൂടാതെ രോഗികൾക്ക് ഇരിക്കാൻ എയർപോർട്ട് ചെയർ, കുടിവെള്ള വിതരണം, ഇമ്മ്യൂണൈസേഷൻ, ശ്വാസ്/ആശ്വാസ് ക്ലിനിക്, ഇ-ഹെൽത്ത് സംവിധാനം എന്നിവ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളിൽ നൽകിവരുന്നു.

**മലപ്പുറം ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ**

174 (2307) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലോപ്പതി മേഖലയിലെ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് തലംവരെയുള്ള ആരോഗ്യസ്ഥാപനങ്ങളിൽ കിടത്തി ചികിത്സയ്ക്ക് സൗകര്യമുള്ള സ്ഥാപനങ്ങൾ, കിടക്കകളുടെ എണ്ണം എന്നിവ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ എണ്ണവും അവയിലെ കിടക്കകളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം | കിടക്കകൾ |
|---|---|---|
| തിരുവനന്തപുരം | 123 | 8122 |
| കൊല്ലം | 89 | 2903 |
| പത്തനംതിട്ട | 65 | 2257 |
| ആലപ്പുഴ | 93 | 4507 |
| കോട്ടയം | 88 | 5130 |
| ഇടുക്കി | 63 | 1562 |
| എറണാകുളം | 116 | 5077 |
| തൃശ്ശൂർ | 120 | 5263 |
| പാലക്കാട് | 114 | 2773 |
| മലപ്പുറം | 126 | 3148 |
| കോഴിക്കോട് | 96 | 6327 |
| വയനാട് | 46 | 1867 |
| കണ്ണൂർ | 112 | 3797 |

| | | |
|---|---|---|
| കാസർഗോഡ് | 60 | 1639 |

(ബി) ആരോഗ്യസ്ഥാപനങ്ങളുടെ ആകെ എണ്ണം, പ്രസ്തുത സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ, മറ്റ് ജീവനക്കാർ എന്നിവരുടെ എണ്ണം എന്നിവ ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന ആരോഗ്യസ്ഥാപനങ്ങളുടെ എണ്ണവും അവയിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ, മറ്റ് ജീവനക്കാർ എന്നിവരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ജില്ല | ആകെ എണ്ണം | ആകെ ഡോക്ടർമാർ | മറ്റ് ജീവനക്കാർ |
|---|---|---|---|
| തിരുവനന്തപുരം | 123 | 1169 | 7769 |
| കൊല്ലം | 89 | 611 | 3061 |
| പത്തനംതിട്ട | 65 | 424 | 2158 |
| ആലപ്പുഴ | 93 | 737 | 3925 |
| കോട്ടയം | 88 | 733 | 4284 |
| ഇടുക്കി | 63 | 345 | 1855 |
| എറണാകുളം | 116 | 673 | 3274 |
| തൃശ്ശൂർ | 120 | 781 | 4507 |
| പാലക്കാട് | 114 | 439 | 2995 |
| മലപ്പുറം | 126 | 656 | 3093 |
| കോഴിക്കോട് | 96 | 816 | 5009 |

| | | | |
|---|---|---|---|
| വയനാട് | 46 | 272 | 1568 |
| കണ്ണൂർ | 112 | 653 | 3967 |
| കാസർഗോഡ് | 60 | 289 | 1671 |

(സി) മലപ്പുറം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി ആശുപത്രി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ആശുപത്രിയിൽ നൽകിവരുന്ന സേവനങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി മറ്റ് ജില്ലകളിൽ പ്രവർത്തിക്കുന്ന ആശുപത്രിയിൽ ലഭിക്കുന്ന മുഴുവൻ സേവനങ്ങളും ജില്ലയിലെ ആശുപത്രിയിൽ ലഭിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി പൊന്നാനിയിൽ ഒരു ആശുപത്രി നിലവിലുണ്ട്. പ്രസ്തുത ആശുപത്രിയിൽ ലഭ്യമാകുന്ന സേവനങ്ങളും സൗകര്യങ്ങളും ചുവടെ ചേർക്കുന്നു.

- ഒ.പി. വിഭാഗം (ഗൈനക് വിഭാഗം, പീഡിയാട്രിക് വിഭാഗം, മെഡിക്കൽ വിഭാഗം)
- കുടുംബാസൂത്രണ ക്ലിനിക്
- കാഷ്വാലിറ്റി

- ലബോറട്ടറി
- ഫാർമസി
- സ്കാനിംഗ്
- എക്സറേ
- ഐ.സി.ടി.സി.
- ശലഭം
- ഇൻഹൗസ് ഇമ്മ്യൂണൈസേഷൻ
- പ്രസവമുറി
- ബ്ലഡ് സ്റ്റോറേജ്
- ആശുപത്രി മുഴുവൻ സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ്‌ലൈൻ സിസ്റ്റം
- മെഡിക്കൽ റെക്കോർഡ് ലൈബ്രറി
- എല്ലാ രോഗികൾക്കും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിനുവേണ്ടി JSSK, JSY, AK, RBSK, KASP, മാതൃയാനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.
- നവജാതശിശു തീവ്രപരിചരണം വിഭാഗം
- ശിശുരോഗ തീവ്രപരിചരണ വിഭാഗം
- ഗൈനക് തീവ്രപരിചരണ വിഭാഗം
- ഗർഭിണികളുടെ ചികിത്സാ വാർഡ്

- പ്രസവാനന്തര ചികിത്സാ വാർഡ്
- കുട്ടികളുടെ ഐസൊലേഷൻ വാർഡ്
- കുട്ടികളുടെ മെഡിക്കൽ വാർഡ്
- കുട്ടികളുടെ അതിസാര വാർഡ്
- മേജർ ഓപ്പറേഷൻ തീയേറ്റർ (സെൻട്രലൈസ്ഡ് എ.സി.) - 3 എണ്ണം
- മൈനർ ഓപ്പറേഷൻ തീയേറ്റർ - 1
- എമർജൻസി ഓപ്പറേഷൻ തീയേറ്റർ - 1
- നെഗറ്റീവ് പ്രഷർ ഓപ്പറേഷൻ തീയേറ്റർ - 1

(ഡി) മലപ്പുറം ജില്ലയിൽ സർക്കാർ ഡയാലിസിസ് കേന്ദ്രങ്ങൾക്ക് കഴിഞ്ഞ ഏഴുവർഷമായി നൽകിയിട്ടുള്ള ഗ്രാന്റുകളുടെ വിശദാംശം ലഭ്യമാക്കാമോ?

താലൂക്ക് ആസ്ഥാന ആശുപത്രി പൊന്നാനിയിലുള്ള പൊന്നാനി നഗരസഭാ ഡയാലിസിസ് സെന്ററിന് ലഭ്യമാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2016-17 - 10,00,000/- രൂപ (Project-Financial Assistants to Dialysis patients)

2021-22 - 18,36,000/- രൂപ (Project-Financial Assistants to Dialysis patients)

2022-23- 10,00,000/-രൂപ (Project-Financial Assistants to Dialysis patients)

**ജില്ലാശുപത്രികളിൽ ഉപയോഗക്ഷമമല്ലാത്ത വാഹനങ്ങൾ**

175(2308) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാശുപത്രികളുടെ നടത്തിപ്പിൽ ജില്ലാ പഞ്ചായത്തുകളുടെ പിന്തുണ കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) കേന്ദ്രനയംമൂലം 15 വർഷം കഴിഞ്ഞതിന്റെ പേരിൽ ഉപയോഗിക്കാൻ കഴിയാത്ത എത്ര വാഹനങ്ങളാണ് ജില്ലാശുപത്രികളിലുള്ളത്; ഇതിന്മേൽ എന്ത് പരിഹാര നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

കേന്ദ്ര സ്റ്റാപ് പോളിസി നടപ്പാക്കിയതുമൂലം വിവിധ ജില്ലാശുപത്രികളിലായി 30 വാഹനങ്ങൾ ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Districts | No. of Vehicles |
|---|---|---|
| 1 | Thiruvananthapuram | 5 |
| 2 | Pathanamthitta | 2 |
| 3 | Alappuzha | 2 |
| 4 | Kottayam | 5 |
| 5 | Idukki | 1 |
| 6 | Malappuram | 3 |
| 7 | Kozhikode | 2 |
| 8 | Wayanad | 3 |
| 9 | Kannur | 3 |
| 10 | Kasaragod | 4 |
| | Total | 30 |

ടി 30 വാഹനങ്ങളുൾപ്പടെ ആകെ 848 വാഹനങ്ങൾ കേന്ദ്ര സ്റ്റാപ് പോളിസി നടപ്പാക്കിയതിനെത്തുടർന്ന് ആരോഗ്യ വകുപ്പിൽ ഉപയോഗരഹിതമായിട്ടുണ്ട്. നിലവിൽ ലഭ്യമായ വാഹനങ്ങൾ ഫലപ്രദമായ രീതിയിൽ ക്രമീകരിച്ച് ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കുന്നതിന്

ശ്രമിച്ചുവരുന്നു. കൂടാതെ സർക്കാർ ആശുപത്രികൾ, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് MLA ഫണ്ട്, MP ഫണ്ട്, തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ട്, CSR സംഭാവന എന്നിവ വഴി വാഹനങ്ങൾ ലഭ്യമാക്കി നിലവിലുള്ള സ്ഥിതി തരണം ചെയ്യാൻ ശ്രമിച്ചുവരുന്നു.

**സർക്കാർ ആശുപത്രികളിലെ ഒ.പി. സംവിധാനം**

176(2309) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഒ.പി. സംവിധാനം സുതാര്യവും വേഗത്തിലും ആക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഇ-ഹെൽത്ത് സംവിധാനത്തിലൂടെ ഓൺലൈൻ അപ്പോയ്മെന്റ് പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ കൺസൾട്ടേഷൻ, ലബോറട്ടറി റിപ്പോർട്ടുകൾ (SMS അലേർട്ട്), പേഷ്യന്റ് രജിസ്ട്രേഷൻ, ടോക്കൺ അധിഷ്ഠിത ക്യൂ നിയന്ത്രണം, റഫറൽ & അഡ്വാൻസ് ബുക്കിംഗ്, ഫാർമസി,

ബില്ലിംഗ്, ഇൻ-പേഷ്യന്റ് മാനേജ്മെന്റ് (ഡയറ്റ് മാനേജ്മെന്റ്, ബെഡ് മാനേജ്മെന്റ്, വാർഡ്/ബെഡ് ട്രാൻസ്ഫർ), ഡിസ്ചാർജ് സമ്മറി എന്നീ സേവനങ്ങൾ നൽകുന്നതുവഴി കൃത്യമായ രോഗനിർണ്ണയം നടത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിനും സാധ്യമാകുന്നതാണ്. ഒ.പി.-കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സയ്ക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. കുട്ടികൾ, ഗർഭിണികൾ, ടി.ബി. രോഗികൾ, വൃദ്ധജനങ്ങൾ, വികലാംഗർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണനാക്രമത്തിൽ ഒ.പി. സേവനം ലഭ്യമാക്കുന്നതിനായി ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഒ.പി. ടിക്കറ്റ് ഓൺലൈൻവഴി എടുക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ?

ഉണ്ട്. പൊതുജനങ്ങൾക്ക് ഇ-ഹെൽത്ത് വെബ് പോർട്ടൽ (https://ehealth.kerala.gov.in/) മുഖേന ഓൺലൈൻ അപ്പോയ്മെന്റ് ബുക്കിംഗിനുള്ള സൗകര്യം ലഭ്യമാണ്.

(സി) ഇ-ഹെൽത്ത് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്ത് 2016-ൽ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിലും ഉൾപ്പെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 696 ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ 594 ആശുപത്രികളിൽ ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇതിൽ 373 ആരോഗ്യസ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് സംവിധാനം ആരംഭിച്ചത് കഴിഞ്ഞ രണ്ടുവർഷ കാലയളവിലാണ്. 300 എണ്ണം കടലാസുരഹിതമായിട്ടാണ് പ്രവർത്തിക്കുന്നത്. ശേഷിക്കുന്ന 102 ആശുപത്രികളിൽ 57 ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതിക്കാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നത് അന്തിമഘട്ടത്തിലാണ്. ബാക്കിവരുന്ന 45 ആശുപത്രികളിൽ വിവിധതരത്തിലുള്ള കെട്ടിടനിർമ്മാണം നടന്നുവരുന്നതിനാൽ പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു. ഓരോ ആശുപത്രിക്കും പ്രത്യേകമായി ലോക്കൽ ഏരിയ നെറ്റ്‌വർക്ക്,

തടസ്സംകൂടാതെ വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള യു.പി.എസ്., സമർപ്പിത ബ്രോഡ്ബാൻഡ് ബന്ധം, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെ സ്ഥാപിക്കേണ്ടിവരുന്നതിനാൽ ഓരോ ആശുപത്രിയുടെയും നിലവാരത്തിനും ഘടനയ്ക്കുമനുസരിച്ച് ഭാരിച്ച സാമ്പത്തിക ബാധ്യതയാണുള്ളത്. ആയതിനാൽ ഒരിക്കൽ സ്ഥാപിക്കപ്പെട്ട ഇ-ഹെൽത്ത് സംവിധാനങ്ങൾ ചെറിയ ഒരിടവേളയ്ക്കുശേഷം മാറ്റിസ്ഥാപിക്കാനോ പൂർണ്ണമായി ഒഴിവാക്കി പുതിയവ സ്ഥാപിക്കാനോ ശ്രമിച്ചാലുണ്ടാകുന്ന ധനനഷ്ടം കണക്കിലെടുത്ത് കരുതലോടെയുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ഒരു ജില്ലയിലെ മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചുകഴിഞ്ഞാലും വിവിധ വികസനപദ്ധതികളുടെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്ന ആശുപത്രികളിൽ നിർമ്മാണ ജോലികൾ പൂർത്തിയാകുന്നമുറയ്ക്കുമാത്രമേ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. മതിയായ അടിസ്ഥാന ഭൗതികസാഹചര്യങ്ങൾ സജ്ജമാക്കിയിട്ടുള്ള ആശുപത്രികളിൽക്കൂടി

ഇ-ഹെൽത്ത് പദ്ധതി ഉടൻ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**താലൂക്കാശുപത്രികളിലെ ചികിത്സ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാൻ നടപടി**

177(2310) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തരത്തിലുള്ള ചികിത്സാ സംവിധാനങ്ങൾ സംസ്ഥാനത്തെ താലൂക്കാശുപത്രികളിൽ സജ്ജമാക്കിയിട്ടുണ്ടെങ്കിലും ഡയാലിസിസ് ഉപകരണങ്ങൾ നാളിതുവരെ പ്രവർത്തന സജ്ജമായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

നേമം, വിതുര, വണ്ടൂർ എന്നീ താലൂക്കാശുപത്രികളിലാണ് ഡയാലിസിസ് ഉപകരണങ്ങൾ നിലവിൽ പ്രവർത്തനസജ്ജമാകാനുള്ളത്. ഇതിൽ നേമം താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റുമായി ബന്ധപ്പെട്ട ഡ്രെയ്നേജ് സിസ്റ്റത്തിന്റെ തകരാറുകാരണവും വിതുര

താലൂക്കാശുപത്രിയിൽ യു.പി.എസ്. സംവിധാനവുമായി ബന്ധപ്പെട്ട ചില സാങ്കേതിക കാരണങ്ങളാലും വണ്ടൂർ താലൂക്കാശുപത്രിയിൽ ഇലക്ട്രിക്, പ്ലംബിംഗ് വർക്കുകൾ പൂർത്തീകരിക്കേണ്ടതിനാലുമാണ് ഡയാലിസിസ് ഉപകരണങ്ങൾ നിലവിൽ പ്രവർത്തനസജ്ജമാക്കാൻ കഴിയാത്തത്. മേൽപ്പറഞ്ഞ സാങ്കേതിക പ്രശ്നങ്ങൾ തീർക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) സാധാരണക്കാർക്ക് സഹായകരമായ ഏതെല്ലാം ചികിത്സാ സംവിധാനങ്ങളാണ് താലൂക്കാശുപത്രികളിൽ സജ്ജമാക്കുന്നതിനായി പരിഗണനയിലുള്ളത്; വിശദമാക്കാമോ?

താലൂക്കാശുപത്രികളിൽ ആർദ്രം മിഷൻ സ്റ്റാൻഡേർഡൈസേഷൻ പ്രകാരം ചുവടെ ചേർക്കുന്ന സേവനങ്ങളാണ് സജ്ജമാക്കിവരുന്നത്.

- രോഗീസൗഹൃദകരമായ ഒ.പി. സംവിധാനം
- എമർജൻസി കെയർ
- ദുരന്തനിവാരണ പദ്ധതികൾ
- കിടത്തി ചികിത്സാ സംവിധാനം

- സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ
- ഇന്റൻസീവ് കെയർ യൂണിറ്റ്
- എച്ച്.ഡി.യു.
- ഡയാലിസിസ് യൂണിറ്റ്
- ഓപ്പറേഷൻ തീയേറ്റർ
- ലേബർ റൂം
- ഫാർമസി
- ലബോറട്ടറി സർവ്വീസുകൾ
- ഇമേജിംഗ് സർവ്വീസുകൾ
- ബ്ലഡ് ബാങ്ക്
- സ്റ്റെർലൈസേഷൻ ഡിപ്പാർട്ട്മെന്റ്
- ഫാമിലി വെൽഫയർ യൂണിറ്റ്
- ക്രൈസിസിസ് മാനേജ്മെന്റ് സെന്റർ
- പേ വാർഡ്
- എച്ച്.എം.സി.-യും മറ്റ് കമ്മിറ്റികളും
- പരാതി പരിഹാര സംവിധാനം

- ഭക്ഷണക്രമ നിയന്ത്രണം
- ഹൗസ് കീപ്പിംഗ്/വേസ്റ്റ് മാനേജ്മെന്റ്/പവർ ലോൺട്രി
- കൂട്ടിരിപ്പ് സൗകര്യങ്ങൾ
- മെഡിക്കൽ റോക്കോർഡ് ലൈബ്രറി
- ഹോസ്പിറ്റൽ എഞ്ചിനിയറിംഗ് സർവ്വീസ്
- സെൻട്രൽ ഓക്സിജൻ സപ്ലൈ
- ഇൻഷ്വറൻസ് സംവിധാനം
- സെക്യൂരിറ്റി സംവിധാനം
- ആംബുലൻസ്, മോർച്ചറി
- ഫയർ സേഫ്റ്റി
- റഫറൽ കെയർ പ്ലാൻ

**ചെറുതന സി.എച്ച്.സി.-യുടെ കെട്ടിടനിർമ്മാണം**

178 (2311) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ചെറുതന സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ (സി.എച്ച്.സി.) പുതിയ കെട്ടിടനിർമ്മാണത്തിനായി

ബഡ്ജറ്റിൽ ഇരുപത് ശതമാനം പ്രൊവിഷൻ അനുവദിച്ചിരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ?

ഹരിപ്പാട് മണ്ഡലത്തിലെ ചെറുതന സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കെട്ടിടനിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇപ്പോൾ ആരുടെ പരിഗണനയിലാണെന്നും എപ്പോൾ ഭരണാനുമതി ലഭിക്കുമെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആലപ്പുഴ)-ക്ക് റിക്വയർമെന്റ് ലിസ്റ്റ് അടക്കം ചെറുതന സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ കത്ത് നൽകിയിട്ടുണ്ട്.

(സി) ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട മരാമത്ത് വർക്കുകൾക്ക് സമയബന്ധിതമായി ഭരണാനുമതി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും

പ്രവൃത്തി നിർവ്വഹണം കൃത്യമായി നിരീക്ഷിക്കുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുമോ?

ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പ്ലാനിംഗ് വിഭാഗം പ്രവർത്തിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ ആശുപത്രി കെട്ടിട നിർമ്മാണം**

179(2312) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ ആശുപത്രികളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ&ബി) അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എസ്.പി.വി.-യുടെ മെല്ലെപോക്ക് കാരണം പദ്ധതികളെല്ലാം മന്ദഗതിയിലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സമയബന്ധിതമായി കിഫ്ബിയിൽനിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കി പദ്ധതികൾ അടിയന്തരമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(സി&ഡി) മംഗൽപ്പാടി, നീലേശ്വരം, ബേഡഡുക്ക എന്നീ താലൂക്കാശുപത്രികളുടെ കിഫ്ബി പദ്ധതികൾക്ക് കിഫ്ബിയിൽനിന്നും പുതുക്കിയ ധനാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത ധനാനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പയ്യന്നൂർ താലൂക്കാശുപത്രിയിലെ മൾട്ടിലെവൽ പാർക്കിംഗ്**

180(2313) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടന്നുവരുന്ന പയ്യന്നൂർ താലൂക്കാശുപത്രി കെട്ടിടത്തിന്റെ ഡി.പി.ആർ.-ലുണ്ടായിരുന്ന മൾട്ടിലെവൽ പാർക്കിംഗ് സംവിധാനത്തിന്റെ ടെണ്ടർ നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിട നിർമ്മാണ പ്രവൃത്തി ഏകദേശം പൂർത്തിയായ സാഹചര്യത്തിൽ പാർക്കിംഗ് സംവിധാനത്തിന്റെ തുടർനടപടികൾ വേഗത്തിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) പയ്യന്നൂർ താലൂക്കാശുപത്രി കെട്ടിടത്തിന്റെ വികസനത്തിനായി നൽകിയ ഭരണാനുമതിയിൽ മൾട്ടിലെവൽ പാർക്കിംഗ് ഉൾപ്പെടുത്തിയിരുന്നെങ്കിലും കിഫ്ബി സാമ്പത്തികാനുമതി നൽകിയ 50.48 കോടി രൂപയിൽ ടി സംവിധാനം ഉൾപ്പെടാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിനായി സ്ഥലം**

181(2315) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെയും ജില്ലാശുപത്രിയുടെയും വികസനത്തിനായി ഹോസ്പിറ്റൽ മാനേജിംഗ് സബ്കമ്മിറ്റി കണ്ടെത്തിയ അമ്പത് ഏക്കർ സ്ഥലത്തിൽ ഇരുപത്തിയഞ്ച് ഏക്കർ സൗജന്യമായി ലഭിച്ചത് ഏറ്റെടുക്കാനാവില്ലെന്ന വകുപ്പിന്റെ നയം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി കണ്ടെത്തുവാൻ ഹോസ്പിറ്റൽ മാനേജുമെന്റ് കമ്മിറ്റിയെ നിയോഗിച്ചിരുന്നില്ലെങ്കിലും മഞ്ചേരി മെഡിക്കൽ കോളേജിൽനിന്നും രണ്ട് കിലോമീറ്റർ ദൂരത്തായി 50 ഏക്കർ സ്ഥലം ഹോസ്പിറ്റൽ മാനേജുമെന്റ് കമ്മിറ്റിയംഗങ്ങൾ കണ്ടെത്തുകയും അത് ഏറ്റെടുക്കണമെന്ന് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി യോഗങ്ങളിൽ ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ

നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന ടെക്നിക്കൽ കമ്മിറ്റി ഫോർ ഡി.എം.ഇ. വർക്സ് പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ഇതുസംബന്ധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലം വളരെയേറെ ഉയർച്ചതാഴ്ചകൾ നിറഞ്ഞതാണെന്നും അവിടേയ്ക്കെത്തിച്ചേരുവാൻ ആകെ ജീപ്പ് മാത്രം പോകുന്ന ഒരു വഴിയേയുള്ളൂവെന്നും പ്രസ്തുത സ്ഥലത്തേയ്ക്ക് റോഡ് നിർമ്മിക്കണമെങ്കിൽപ്പോലും ഒരുപാട് കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുമെന്നും ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നിലവിൽ മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്നത് നഗരത്തിന്റെ ഹൃദയഭാഗത്തും എല്ലാ സ്ഥലങ്ങളിൽനിന്നും എളുപ്പത്തിൽ എത്തിച്ചേരാവുന്ന സ്ഥലത്തുമാണ്. കോടിക്കണക്കിന് രൂപ നിലവിലെ മെഡിക്കൽ കോളേജിനായി ചെലവഴിച്ചിട്ടുമുണ്ട്. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജും അനുബന്ധ ആശുപത്രിയും 21.82 ഏക്കർ സ്ഥലത്താണ് നിലവിൽ സ്ഥിതിചെയ്യുന്നത്. പുതുതായി നിർമ്മിച്ച കെട്ടിടങ്ങളുടെയും ആശുപത്രിയുടെയും തൊട്ടടുത്തായി സ്ഥിതിചെയ്യുന്ന 2.8107 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 13.80 കോടി രൂപയുള്ള ഭരണാനുമതി

നൽകിയിട്ടുണ്ട്. മേൽ ഭൂമിയേറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുള്ള കണ്ടിജൻസി തുകയായ 50 ലക്ഷം രൂപ മലപ്പുറം എൽ.എ. സ്പെഷ്യൽ തഹസിൽദാർക്ക് ഡെപ്പോസിറ്റ് ചെയ്ത് നൽകിയിട്ടുള്ളതുമാണ്. ഈ ഭൂമികൂടി ഏറ്റെടുത്ത് ആശുപത്രിയിൽ കൂടുതൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ കഴിയുന്നതും വിദഗ്ധ ചികിത്സ സാധാരണക്കാർക്ക് നൽകാൻ കഴിയുന്നതുമാണ്. ഈ സാഹചര്യത്തിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് വികസനത്തിനായി മറ്റൊരു സ്ഥലത്ത് ഭൂമി ഏറ്റെടുക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.

**ആലപ്പുഴ ചെട്ടിക്കാട് താലൂക്കാശുപത്രിയുടെ നിർമ്മാണ പുരോഗതി**

182(2316) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ ചെട്ടിക്കാട് താലൂക്കാശുപത്രിയുടെ നിർമ്മാണ പുരോഗതിയുടെ വിശദവിവരം ലഭ്യമാക്കാമോ?

ചെട്ടിക്കാട് താലൂക്കാശുപത്രിയിൽ ഒ.പി., ഐ.പി., കാഷ്വാലിറ്റി ബ്ലോക്ക് എന്നിവയുൾപ്പെടുന്ന ജി+4 കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. താഴത്തെ നിലയിലെ റൂഫ് സ്ലാബിന്റെ 60 ശതമാനവും ഒന്നാം നിലയിലെ റൂഫ് സ്ലാബിന്റെ 42 ശതമാനവും ഉൾപ്പെടെ ആകെ 21.25 ശതമാനം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ചെട്ടിക്കാട് താലൂക്കാശുപത്രിയുടെ വികസനത്തിനായി 2.9568 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി 8.1967 കോടി രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചിരുന്നു. പ്രസ്തുത ഭൂമിയേറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. എന്നാൽ ആശുപത്രിയിലേയ്ക്കുള്ള റോഡ്, പാർക്കിംഗ് റോഡ്, എസ്.ടി.പി. എന്നിവയ്ക്കായി അധികമായി വേണ്ടിവരുന്ന 22 സെന്റ് ഭൂമി ഏറ്റെടുക്കുന്നതുസംബന്ധിച്ച വിഷയം കിഫ്ബിയുമായി കൂടിയാലോചിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ആര്യാട് പ്രാഥമികാരോഗ്യകേന്ദ്രം, നെഹ്റു ട്രോഫി വാർഡ് പി.എച്ച്.സി., കലവൂർ ഐസൊലേഷൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പുരോഗതിയുടെ വിശദവിവരം ലഭ്യമാക്കാമോ?

ആര്യാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ പി.ഡബ്ല്യു.ഡി. മുഖേന പുതിയ കെട്ടിട നിർമ്മാണം പുരോഗമിച്ചുവരുന്നു. ആയത് പൂർത്തിയാകുന്നമുറയ്ക്ക് എൻ.എച്ച്.എം. മുഖേന അനുവദിച്ച 15.50 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിക്കുന്നതാണ്. നെഹ്റു ട്രോഫി വാർഡ് യു.പി.എച്ച്.സി.-യിൽ നവീകരണ പ്രവർത്തനത്തിന് 43 ലക്ഷം രൂപ എൻ.എച്ച്.എം. മുഖേന അനുവദിച്ചിരുന്നെങ്കിലും ആയത് അപര്യാപ്തമായതിനാൽ പുതിയ പ്രൊപ്പോസൽ പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ നിയോജകമണ്ഡലത്തിലെ കലവൂർ ഫാമിലി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികൾ 100 ശതമാനം പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമാണ്.

(ഡി) നാഷണൽ ഹെൽത്ത് മിഷൻ മുഖേന നടപ്പിലാക്കുന്ന മണ്ണഞ്ചേരി പി.എച്ച്.സി.-യുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ നിർമ്മാണ പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല. ആയതിനാൽ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ പരിഗണനയ്ക്കായി പതിനഞ്ചാം ധനകാര്യ കമ്മീഷന് സമർപ്പിക്കുന്ന 2023-24-ലെ പ്രൊപ്പോസലുകളിൽ ഉൾപ്പെട്ടിട്ടുണ്ട്.

**ആംബുലൻസുകൾ രോഗികളെമാത്രം കൊണ്ടുപോകുന്നതിന് നടപടി**

183(2317) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി, ഇടയിരിക്കപ്പുഴ ആശുപത്രികളിൽ എം.എൽ.എ., എം.പി. ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങിയ ആംബുലൻസുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം പ്രസ്തുത മണ്ഡലത്തിനുപുറത്തുള്ള ആശുപത്രികളുടെ ഉപയോഗത്തിന് കൊണ്ടുപോകുന്നതും രോഗികളെ

കൊണ്ടുപോകുന്നതിനുപുറമെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കാമോ; ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കാമോ?

വി.ഐ.പി. സന്ദർശനം, ശബരിമല മണ്ഡലകാലം തുടങ്ങിയ അവസരങ്ങളിലും കാഞ്ഞിരപ്പള്ളി, ഇടയിരിക്കപ്പുഴ ആശുപത്രികളുടെ പരിധിയിൽനിന്ന് ദേശീയ അന്ധതാനിവാരണ പരിപാടിയുടെ ഭാഗമായി തിമിര ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികളെ കോട്ടയം ജനറൽ ആശുപത്രിയിൽ എത്തിക്കേണ്ടിവരുന്ന സാഹചര്യങ്ങളിലും പ്രസ്തുത ആശുപത്രികളിലെ ആംബുലൻസുകൾ ഉപയോഗിക്കാൻ കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും നിർദ്ദേശം നൽകാറുണ്ട്. ആംബുലൻസ് അനിവാര്യമായ സാഹചര്യമായതിനാലാണ് അപ്രകാരം നിർദ്ദേശം നൽകുന്നത്. രോഗികളെ കൊണ്ടുപോകുന്നതിനുപുറമേ മറ്റുള്ള ആവശ്യങ്ങൾക്ക് ആംബുലൻസ് ഉപയോഗിക്കരുതെന്ന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വാമനപുരം മണ്ഡലത്തിൽ ഇ-ഹെൽത്ത് പദ്ധതി**

184(2318) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ സർക്കാർ ആശുപത്രികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രം ആനാകുടി, കുടുംബാരോഗ്യ കേന്ദ്രം പുല്ലമ്പാറ, കുടുംബാരോഗ്യ കേന്ദ്രം പനവൂർ, കുടുംബാരോഗ്യ കേന്ദ്രം ആനാട്, കുടുംബാരോഗ്യ കേന്ദ്രം വാമനപുരം, കുടുംബാരോഗ്യ കേന്ദ്രം പെരിങ്ങമ്മല, സാമൂഹികാരോഗ്യ കേന്ദ്രം പാലോട്, സാമൂഹികാരോഗ്യ കേന്ദ്രം കല്ലറ, പ്രാഥമികാരോഗ്യ കേന്ദ്രം ഭരതന്നൂർ എന്നീ ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രികളിൽ പദ്ധതി നടപ്പിലാക്കാൻ ചെലവഴിച്ച തുക എത്രയെന്നും എന്തെല്ലാം ഉപകരണങ്ങൾ വാങ്ങിയെന്നും എന്തെല്ലാം സംവിധാനങ്ങളേർപ്പെടുത്തിയെന്നും അറിയിക്കാമോ?

ഇ-ഹെൽത്ത് പദ്ധതിയുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ സംവിധാനങ്ങളും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങളും വാങ്ങിയ ഉപകരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(സി) ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്നതുവഴി എന്തെല്ലാം പ്രയോജനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം**

185(2319) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ മണ്ഡലത്തിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് 2019-20 വർഷത്തിൽ 100 ലക്ഷം രൂപ അടങ്കൽ തുകയായും അടങ്കൽ തുകയുടെ 20 ശതമാനമായ 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്തി ഘട്ടങ്ങളായി ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തി ചെയ്യാവുന്നതാണോ എന്നത് പരിശോധിച്ച് 2023-24 സാമ്പത്തികവർഷം പ്രൈസ് സോഫ്റ്റ്‌വെയറിലുള്ള വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**തിരുവനന്തപുരം ജില്ലയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണ പുരോഗതി**

186(2320) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിവിധ ആശുപത്രികളിൽ നടക്കുന്ന ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ പ്രവർത്തനപുരോഗതി അറിയിക്കാമോ;

(ബി) ആയതിൽ ഐസൊലേഷൻ വാർഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തവിധം തടസ്സങ്ങളുള്ള ഏതെല്ലാം ആശുപത്രികളുണ്ടെന്നും ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്നും വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോട്ടൂർ ഹെൽത്ത് സബ് സെന്റർ നിർമ്മാണം

187 (2321) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതിപ്രകാരം കുന്നത്തുനാട് മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പൂതൃക്ക പഞ്ചായത്തിലെ കോട്ടൂർ ഹെൽത്ത് സബ് സെന്റർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(എ&ബി) പൂതൃക്ക പഞ്ചായത്തിലെ കോട്ടൂർ ഹെൽത്ത് സബ് സെന്റർ കെട്ടിടത്തിന്റെ വാർപ്പ് പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2023 ഡിസംബർ മാസത്തോടുകൂടി നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പേരാമ്പ്ര താലൂക്കാശുപത്രി നിർമ്മാണം

188(2322) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര താലൂക്കാശുപത്രിയുടെ നിർമ്മാണത്തിന് എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്?

പേരാമ്പ്ര താലൂക്കാശുപത്രിയുടെ നിർമ്മാണത്തിന് 77.43 കോടി രൂപയുടെ ഭരണാനുമതിയും 56.06 കോടി രൂപയുടെ ധനാനുമതിയും നൽകിയിട്ടുണ്ട്.

(ബി) സി.കെ.ജി. മെമ്മോറിയൽ ഗവൺമെന്റ് കോളേജിന്റെ സ്ഥലം ആശുപത്രി നിർമ്മാണത്തിന് വിട്ടുകിട്ടുന്നതിനായുള്ള നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

സി.കെ.ജി മെമ്മോറിയൽ ഗവൺമെന്റ് കോളേജിന്റെ സ്ഥലം ആശുപത്രി നിർമ്മാണത്തിന് വിട്ടുകിട്ടുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ എപ്പോൾ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് നൽകുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ?

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ഇൻകെൽ (INKEL)-നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

**നെന്മാറ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളുടെ പ്രവൃത്തികൾ**

189(2323) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പൂർത്തീകരിക്കാത്തവ എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

(എ&ബി) നെന്മാറ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | നിലവിലെ സ്ഥിതി |
|---|---|
| എഫ്.എച്ച്.സി., കൊല്ലംകോട് | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| എഫ്.എച്ച്.സി., മുതലമട | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| എഫ്.എച്ച്.സി., അയിലൂർ | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| എഫ്.എച്ച്.സി., വടവന്നൂർ | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| എഫ്.എച്ച്.സി., പല്ലശ്ശന | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| എഫ്.എച്ച്.സി., എലവഞ്ചേരി | പുതിയ കെട്ടിടത്തിനായി 15-ാം ധനകാര്യ കമ്മീഷനിൽ |

| | |
|---|---|
| | ഉൾപ്പെടുത്തിയിട്ടുണ്ട്. |
| എഫ്എച്ച്.സി., പുതുനഗരം | 50 ശതമാനം നിർമ്മാണം പൂർത്തിയായി |
| എഫ്.എച്ച്.സി., നെല്ലിയാംപതി | പുതിയ കെട്ടിടത്തിനായി 15-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| പി.എച്ച്.സി., പറമ്പിക്കുളം | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

**കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

190(2324) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഭൂമി വിഴിഞ്ഞം-നാവായിക്കുളം റിംഗ് റോഡിന്റെ നിർമ്മാണത്തിനായി അക്വയർ ചെയ്യുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്ന ബദൽ ക്രമീകരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഉണ്ട്. റിംഗ് റോഡിന്റെ ആവശ്യത്തിനായി ഉദ്ദേശിച്ചിട്ടുള്ള സ്ഥലത്തിനുശേഷം ബാക്കിയുള്ള സ്ഥലത്ത് കേശവപുരം സാമൂഹികാരോഗ്യ

കേന്ദ്രത്തിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമാക്കുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി**

191(2325) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ താലൂക്കാശുപത്രിയുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാം; വിശദമാക്കാമോ?

ഞാറയ്ക്കൽ താലൂക്കാശുപത്രിയിൽ 5.92 കോടി രൂപയുടെ GIDA ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിടനിർമ്മാണം പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞു. വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നമുറയ്ക്ക് ടി കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നതാണ്. ഒരു കോടി രൂപയുടെ പ്ലാൻ ഫണ്ടുപയോഗിച്ച് പുതിയ ഫീമെയിൽ വാർഡ് നിർമ്മിച്ചിട്ടുണ്ട്. എം.എൽ.എ. ഫണ്ടും കിഫ്ബി ഫണ്ടും

ഉപയോഗിച്ച് KMSCL മുഖേന നടന്നുവരുന്ന ഐസൊലേഷൻ വർഡിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ 45 ശതമാനം പൂർത്തിയായിട്ടുണ്ട്. ഞാറയ്ക്കൽ താലൂക്കാശുപത്രിയിൽ ലാബ് ടെക്നീഷ്യൻ - 2, അസിസ്റ്റന്റ് ഡെന്റൽ സർജൻ - 1, സ്റ്റാഫ് നഴ്സ് - 2, ക്ലാർക്ക് - 1 എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ രാത്രികാല ചികിത്സ നൽകുന്നതിനുവേണ്ടി എൻ.എച്ച്.എം. മുഖേന ഡോക്ടറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ആരോഗ്യ വകുപ്പ് ഡയറക്ടർക്കുനൽകിയ 06-03-2023- ലെ സി1-(ഇ)163158/2023 നമ്പർ കത്തിലും 23-03-2023-ന് എം.എൽ.എ. ആരോഗ്യ വകുപ്പുമന്ത്രിക്ക് നൽകിയ കത്തിലും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഇതുസംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**കോട്ടക്കൽ മണ്ഡലത്തിലെ ഐസോലേഷൻ വാർഡിന്റെ നിർമ്മാണം**

192(2326) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ ആരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്ന പദ്ധതി നിലവിൽ ഏതുഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച തുടർനടപടികളുടെ വിശദാംശവും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ;

(സി) ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ; ആയതിനായി എന്തെല്ലാം നടപടിക്രമങ്ങൾ അവശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

(എ-സി) 26-07-2021-ലെ സ.ഉ. (ആർ.റ്റി.) 1555/2021/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ

വാർഡ് നിർമ്മിക്കുന്നതിന് കോട്ടക്കൽ മണ്ഡലത്തിൽനിന്നും വളാഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലമോ മറ്റനുബന്ധ സൗകര്യങ്ങളോ ലഭ്യമല്ലാത്തതിനാൽ പ്രാരംഭഘട്ടത്തിൽ ഈ സ്ഥാപനത്തെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി പരിഗണിക്കാൻ കഴിഞ്ഞില്ല. ഇതിനെത്തുടർന്ന് പ്രസ്തുത സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ സംവിധാനത്തിനായി സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

**ആശുപത്രികളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ**

193 (2327) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിലെ ആശുപത്രികൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും പുരോഗതിയും വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കാസർഗോഡ് ചട്ടഞ്ചാൽ ടാറ്റ ആശുപത്രിയിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റ്**

194(2328) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ ടാറ്റ ആശുപത്രിയിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റ് സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; അതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പരിഗണനയിലുണ്ട്, പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് - ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷൻ (PM AB – HIM) പ്രകാരം 23.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി HLL എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**കോങ്ങാട് മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനം**

195(2329) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനത്തിന് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പേര്, ചെലവഴിച്ച തുക എന്നിവയുടെ വിശദവിവരം അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ പുതിയതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിലെ മുച്ചീരി സബ് സെന്ററിന് 55.50 ലക്ഷം രൂപ എൻ.എച്ച്.എം. മുഖേന വകയിരുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ കുട്ടപ്പുര സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 55.50 ലക്ഷം രൂപ എൻ.എച്ച്.എം. മുഖേന വകയിരുത്തിയിട്ടുണ്ട്.

**മാങ്ങാട്ടുപറമ്പ് അമ്മയും കുഞ്ഞും ആശുപത്രി**

196(2330) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ മാങ്ങാട്ടുപറമ്പ് അമ്മയും കുഞ്ഞും ആശുപത്രിയിൽ ഐ.വി.എഫ്. ക്ലിനിക് ആരംഭിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

തളിപ്പറമ്പ് മണ്ഡലത്തിലെ മങ്ങാട്ടുപറമ്പ് ഇ. കെ. നായനാർ മെമ്മോറിയൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 74.85 ലക്ഷം രൂപ വകയിരുത്തി സർക്കാരിന്റെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി നിർമ്മിച്ച കെട്ടിടത്തിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്കിനായി സൗകര്യം ലഭ്യമാണ്. ഈ ആശുപത്രിയിൽ രണ്ട് കൺസൾട്ടന്റ്, രണ്ട് ജൂനിയർ കൺസൾട്ടന്റ് എന്നിവരുടെ സേവനം രാവിലെ 8.00 മണി മുതൽ 1.00 മണി വരെ രണ്ട് ഗൈനക് ഒ.പി.-കളിലായി ലഭ്യമാണ്. വന്ധ്യതയ്ക്കുള്ള ഒ.പി. ആഴ്ചയിൽ ഒരു ദിവസം (ശനി) 11.00 മണി മുതൽ 1.00 മണി വരെ നടത്തിവരുന്നു.

ഇൻഫെർട്ടിലിറ്റി ക്ലിനിക്കിനാവശ്യമായ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ART Level 1 Infertility Treatment Unit ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഐ.വി.എഫ്. ക്ലിനിക്കിനാവശ്യമായി വരുന്ന ജീവനക്കാരെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാമോ?

പ്രസ്തുത ഐ.വി.എഫ്. ക്ലിനിക്കിനാവശ്യമായി വരുന്ന ജീവനക്കാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ആശുപത്രിയിൽ കാൻസർ ക്ലിനിക് ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

തളിപ്പറമ്പ് മണ്ഡലത്തിലെ മങ്ങാട്ടുപറമ്പ് ഇ. കെ. നായനാർ മെമ്മോറിയൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതിയ കാൻസർ ക്ലിനിക് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുകയും ഭരണാനുമതിക്കായി കാൻസർ കെയർ പദ്ധതിയുടെ 2023-24-ലെ പ്ലാൻ

പ്രൊപ്പോസലിലുൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**പെരിങ്ങോം താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ**

197(2331) <u>ശ്രീ. ടി. ഐ.മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ അനുവദിക്കാനാവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**സുൽത്താൻബത്തേരി താലൂക്കാശുപത്രിയെ ജില്ലാശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി**

198(2332) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിലെ സുൽത്താൻബത്തേരി താലൂക്കാശുപത്രിയെ ജില്ലാശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ആർദ്രം മാനദണ്ഡപ്രകാരം വയനാട് ജില്ലയിലെ സുൽത്താൻബത്തേരി താലൂക്കാശുപത്രിയെ താലൂക്കുതല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

**കാഞ്ഞിരപ്പള്ളി ആശുപത്രിയിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

199(2333) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ആശുപത്രിയെ ജനറൽ ആശുപത്രിയാക്കിയെങ്കിലും അവിടത്തെ സ്റ്റാഫ് പാറ്റേൺ ജനറൽ ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആർദ്രം മാനദണ്ഡമനുസരിച്ച് കാഞ്ഞിരപ്പള്ളി ജനറലാശുപത്രി താലൂക്കുതല ആശുപത്രിയുടെ പട്ടികയിലാണുൾപ്പെടുത്തിയിട്ടുള്ളത്. താലൂക്കുതല/ജില്ലാ/ജനറൽ ആശുപത്രികളിൽ അനിവാര്യമായ തസ്തികകൾ

ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാഞ്ഞിരപ്പള്ളി ജനറലാശുപത്രിയിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത ആശുപത്രിയിലെ കാഷ്വാലിറ്റി ഒ.പി.-യിൽ സേവനം ചെയ്യുന്ന ഡോക്ടർമാർ, സർജൻമാർ എന്നിവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ; ഒഴിവുകൾ നികത്തി പ്രസ്തുത ആശുപത്രിയിലെ അടിയന്തര ചികിത്സാവിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

പ്രസ്തുത ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 4, സർജറി വിഭാഗത്തിൽ കൺസൾട്ടന്റ് - 1, ജൂനിയർ കൺസൾട്ടന്റ് - 1 എന്നീ തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ നിലനിൽക്കുന്നില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മഞ്ചേശ്വരം സി.എച്ച്.സി.-യിലെ ഡോക്ടർമാരുടെ ഒഴിവുകൾ**

200(2334) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം സി.എച്ച്.സി.-യിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ ദന്തൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഒരൊഴിവുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് വ്യക്തമാക്കാമോ?

ദന്തൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിലവിലുള്ള ഒഴിവ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉപരിപഠനത്തിന് ഡോക്ടർമാർ ശൂന്യവേതനാവധി എടുത്തതിനാലുണ്ടായതാണ്. ആയതിനാൽ പ്രസ്തുത ഒഴിവിൽ സ്ഥിരനിയമനം നടക്കുന്നതുവരെ താത്ക്കാലികാടിസ്ഥാനത്തിലുള്ള നിയമനം നടത്തുന്നതിന് കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കായംകുളം താലൂക്കാശുപത്രിയിൽ സി.ടി. സ്കാൻ, പവർ ലോൺട്രി ഇവ സ്ഥാപിക്കാൻ നടപടി

201(2335) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിൽ സി.റ്റി. സ്കാൻ, പവർ ലോൺട്രി എന്നിവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കായംകുളം താലൂക്കാശുപത്രിയിൽ അനുവദിച്ച സി.റ്റി. സ്കാൻ, പവർ ലോൺട്രി എന്നിവയുടെ വിതരണ കമ്പനികളെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെണ്ടർ നടപടികളിലൂടെ കണ്ടെത്തി വിതരണ ഉത്തരവ് നല്കിയിട്ടുണ്ട്. പുതുതായി സ്ഥാപിച്ച ഹൈടെൻഷൻ ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്യുന്നതിനുള്ള സാങ്കേതിക പ്രശ്നങ്ങൾ നീക്കം ചെയ്താലുടനെ പവർ ലോൺട്രി സ്ഥാപിക്കുന്നതിനുള്ള നടപടികളാരംഭിക്കും. സ്ഥലസൗകര്യം ലഭ്യമാകുന്നമുറയ്ക്ക് സി.റ്റി. സ്കാൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

**പുതുക്കാട് താലൂക്കാശുപത്രിയിൽ പി. എം. ജെ. വി. കെ. പദ്ധതി**

202(2336) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജെ.വി.കെ. (പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം) പദ്ധതിയിലുൾപ്പെടുത്തിയ പുതുക്കാട് താലൂക്കാശുപത്രിയിലെ "അമ്മയും കുഞ്ഞും കോംപ്ലക്സ്", മറ്റത്തൂർ സി.എച്ച്.സി.-യിലെ ഐ.പി. ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിന് അനുമതി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ&ബി) പുതുക്കാട് താലൂക്കാശുപത്രി, മറ്റത്തൂർ സാമൂഹികാരോഗ്യകേന്ദ്രം എന്നീ സ്ഥാപനങ്ങളെ പി.എം.ജെ.വി.കെ. പദ്ധതിയിലുൾപ്പെടുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിരുന്നില്ല.

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തികളെ അടുത്തഘട്ടത്തിൽ പി.എം.ജെ.വി.കെ. പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നു.

**നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഡയാലിസിസ് യൂണിറ്റ്**

203(2337) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിലെ സ്റ്റാൻഡേർഡൈസേഷൻ മാർഗ്ഗനിർദ്ദേശ പ്രകാരം താലൂക്കാശുപത്രി മുതലുള്ള സ്ഥാപനങ്ങളിലാണ് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് പരിഗണന നൽകുന്നത്.

**മറ്റത്തൂർ സി.എച്ച്.സി.-യിൽ പുതുതായി പണി കഴിപ്പിച്ച ക്വാർട്ടേഴ്സുകൾ**

204(2338) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ മറ്റത്തൂർ സി.എച്ച്.സി.-യിൽ ഡോക്ടർമാർക്കായി പണി കഴിപ്പിച്ച പുതിയ ക്വാർട്ടേഴ്സുകൾ ഉപയോഗിക്കാതെ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള ഡോക്ടർമാർ പ്രസ്തുത ക്വാർട്ടേഴ്സ് ഉപയോഗിക്കാത്ത സാഹചര്യത്തിൽ മറ്റ് സ്റ്റാഫുകൾക്ക് താൽക്കാലികമായെങ്കിലും അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പ്രസ്തുത സ്ഥാപനത്തിൽ ഡോക്ടറുടെ ക്വാർട്ടേഴ്സ് ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഈ ക്വാർട്ടേഴ്സ് ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ അലോട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാത്ത ആരോഗ്യ സ്ഥാപനങ്ങൾ**

205(2339) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജിനുകീഴിൽ പ്രവൃത്തിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാത്തതുമായ ആരോഗ്യ സ്ഥാപനങ്ങൾക്ക് പണം ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകാനുമതി നൽകിയിട്ടുണ്ടോ?

മെഡിക്കൽ കോളേജിനുകീഴിൽ പ്രവർത്തിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാത്തതുമായ ആരോഗ്യ സ്ഥാപനങ്ങൾക്ക് പണം ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകാനുമതി നൽകിയിട്ടില്ല.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിനുകീഴിലുള്ള ചെറൂപ്പ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

കോഴിക്കോട് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിലെ മാവൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ചെറൂപ്പ സാമൂഹികാരോഗ്യകേന്ദ്രം കോഴിക്കോട് മെഡിക്കൽ കോളേജിന്റെ റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്ററാണ്. കൂടാതെ ചെറൂപ്പ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അക്കാഡമിക് നിയന്ത്രണം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ നിലനിർത്തിക്കൊണ്ട് ഭരണനിയന്ത്രണം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കൈമാറുന്നതിനും ചെറൂപ്പ സാമൂഹികാരോഗ്യ കേന്ദ്രത്തിനെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഈ ആശുപത്രിയിൽ ഹൗസ് സർജൻ മുഖേന അത്യാഹിത വിഭാഗത്തിന്റെ സേവനം 24 മണിക്കൂറും നൽകിവന്നിരുന്നു. എന്നാൽ മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യമില്ലാതെ ഹൗസ് സർജൻമാരെ ഡ്യൂട്ടിക്ക് നിയോഗിക്കാൻ സാധിക്കാതെവന്ന സാഹചര്യത്തിൽ പ്രസ്തുത സേവനം ഉച്ചവരെയാക്കി പരിമിതപ്പെടുത്തിയിരുന്നു. തുടർന്ന് ദേശീയ ആരോഗ്യ ദൗത്യത്തിൽ (NHM) നിന്നും ഒരു മെഡിക്കൽ ഓഫീസറെയും മെഡിക്കൽ കോളേജിൽനിന്നും

രണ്ട് ഹൗസ് സർജന്മാരെയും നിയോഗിച്ചുകൊണ്ട് ഒ.പി.-യുടെയും ആശുപത്രിയുടെയും പ്രവർത്തനം വൈകുന്നേരം ആറ് മണി വരെയാക്കി ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ആശുപത്രിയിൽ പി.ജി. വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനായി നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗശൂന്യമായി പോകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഹൗസ് സർജന്മാർക്ക് താമസിച്ച് പഠിക്കുന്നതിനായി ഒരു ക്വാർട്ടേഴ്സ് ചെറൂപ്പ സാമൂഹികാരോഗ്യ കേന്ദ്രത്തിലുണ്ട്. ആശുപത്രിയുടെ പ്രവർത്തനം നിലവിൽ വൈകുന്നേരം ആറ് മണി വരെയായതിനാൽ ഹൗസ് സർജന്മാർ ക്വാർട്ടേഴ്സിൽ താമസിക്കേണ്ട സാഹചര്യം നിലവിലില്ല. എന്നിരുന്നാലും പ്രസ്തുത ക്വാർട്ടേഴ്സ് ക്ലീനിംഗ് സ്റ്റാഫിനെ ഉപയോഗിച്ച് കൃത്യമായി പരിപാലിച്ച് സംരക്ഷിക്കുന്നുണ്ട്.

**കുറ്റിപ്പുറം താലൂക്കാശുപത്രി കെട്ടിട നിർമ്മാണം**

206(2340) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ സമഗ്ര നവീകരണത്തിനുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ നിലവിൽ ഏത് വകുപ്പിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ; പ്രൊപ്പോസൽ നടപ്പ് സാമ്പത്തിക വർഷത്തെ നബാർഡിന്റെ പദ്ധതിയിലുൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ സമഗ്രനവീകരണത്തിന് നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ 17.85 കോടി രൂപയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പ് മുഖേന നബാർഡിന് ലഭ്യമാക്കിയിട്ടുണ്ട്.

## കണ്ണൂർ ജില്ലാശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്

207(2341) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാശുപത്രിയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ പൂർത്തിയാകുമെന്നും നിലവിലെ സ്ഥിതിയെന്താണെന്നും വിശദമാക്കാമോ?

കണ്ണൂർ ജില്ലാശുപത്രിയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 2023 ഡിസംബർ 25 വരെ കരാർ കാലാവധി കരാറുകാരന് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. നിലവിൽ 75 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഓപ്പറേഷൻ തീയേറ്ററിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. എസ്.റ്റി.പി., ഫയർ & സേഫ്റ്റി പ്രവൃത്തികളാരംഭിച്ചു. വൈദ്യുതി കണക്ഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിർമ്മാണ പ്രവർത്തനം പൂർത്തിയായശേഷം കാർഡിയോളജി, നെഫ്രോളജി എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ സ്ഥിരം തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലാശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കൊണ്ടോട്ടി മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ**

208(2342) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ 2021 മേയ് മുതൽ നാളിതുവരെ ബഡ്ജറ്റിലെ പ്ലാൻ, നോൺ പ്ലാൻ, കിഫ്ബി, ദേശീയ ആരോഗ്യ ദൗത്യം എന്നിവ മുഖേന ഏതെല്ലാം പ്രവൃത്തികൾക്കുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്?

ഉത്തരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മേൽ കാലയളവിൽ മണ്ഡലത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് , നഴ്സ്, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവയിൽ പുതുതായി അനുവദിച്ച തസ്തികകൾ ആരോഗ്യ സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ?

2021 മേയ് മുതൽ നാളിതുവരെ 22-09-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം. 168/2021/ആ.കു.വ. പ്രകാരം കൊണ്ടോട്ടി താലൂക്കാസ്ഥാന ആശുപത്രിയിൽ രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ എൻ.എച്ച്.എം. മുഖേന, കൊണ്ടോട്ടി താലൂക്കാശുപത്രിയിൽ ഫാർമസിസ്റ്റ് - 1, എം.എൽ.എസ്.പി. - 5, മുതുവല്ലൂർ- PHC-യിൽ എം.എൽ.എസ്.പി. - 3, ചെറുകാവ് - PHC-യിൽ എം.എൽ.എസ്.പി. - 4, പുളിക്കൽ - PHC-യിൽ എം.എൽ.എസ്.പി. - 5, നെടിയിരിപ്പ്- PHC-യിൽ എം.എൽ.എസ്.പി. - 5, വാഴയൂർ - FHC-യിൽ എം.എൽ.എസ്.പി. - 4, വാഴക്കാട് - FHC-യിൽ എം.എൽ.എസ്.പി. - 5 എന്നീ തസ്തികകളും അനുവദിച്ചിട്ടുണ്ട്.

(സി) മണ്ഡലത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ഒഴിവുള്ള തസ്തികകളേതെല്ലാമെന്നും അവ എന്നത്തേയ്ക്ക് നികത്താനാകുമെന്നും ആരോഗ്യ സ്ഥാപനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

എൻ.എച്ച്.എം. മുഖേന അനുവദിച്ചിട്ടുള്ള എല്ലാ തസ്തികയിലും ജീവനക്കാരുണ്ട്. ഒഴിവുള്ള തസ്തികകൾ അനുബന്ധമായി ചേർക്കുന്നു.+ ഒഴിവുകൾ ജീവനക്കാരുടെ ലഭ്യതയും സ്ഥാപനത്തിലെ ആവശ്യകതയും അനുസൃതമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഹൃദയ സംബന്ധമായ അസുഖത്തിന് ചികിത്സയിലുള്ള രോഗികൾ**

209(2343) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ ആര്യങ്കാവ്, തെന്മല, കുളത്തുപ്പുഴ, ഏരൂർ, അഞ്ചൽ, ഇടമുളയ്ക്കൽ, കരവാളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും പുനലൂർ മുനിസിപ്പാലിറ്റിയിലുമായി പ്രവർത്തിക്കുന്ന വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (പി.എച്ച്.സി.), സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ (സി.എച്ച്.സി.),

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനലൂർ താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ഹൃദയ സംബന്ധമായ അസുഖത്തിന് ചികിത്സയിലുള്ള രോഗികളുടെ എണ്ണം ലഭ്യമാക്കാമോ?

ഇടമുളയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ 448 പേരും ഏരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 189 പേരും തെന്മല കുടുംബാരോഗ്യ കേന്ദ്രത്തിൽ 180 പേരും അച്ചൻകോവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 34 പേരും ആര്യങ്കാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 186 പേരും കരവാളൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 480 പേരും അഞ്ചൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 723 പേരും കുളത്തൂപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 1343 പേരും പുനലൂർ താലൂക്ക് ആശുപത്രിയിൽ 457 പേരും ഹൃദയ സംബന്ധമായ അസുഖത്തിന് ചികിത്സക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2022 വർഷത്തിൽ പുനലൂർ താലൂക്കാശുപത്രി, പുനലൂരിലെ വിവിധ പി.എച്ച്.സി., സി.എച്ച്.സി.-കളിൽനിന്നുമായി റഫർ ചെയ്തിട്ടുള്ള ഹൃദയ സംബന്ധമായ അസുഖമുള്ള രോഗികളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; ലഭ്യമാക്കാമോ?

ഇടമുളയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിൽനിന്നും 60 പേരെയും ഏരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും 11 പേരെയും തെന്മല കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്നും 36 പേരെയും അച്ചൻകോവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും 4 പേരെയും കരവാളൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും 21 പേരെയും അഞ്ചൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും 21 പേരെയും പുനലൂർ താലൂക്ക് ആശുപത്രിയിൽ നിന്നും 84 പേരെയും വിദഗ്ധ ചികിത്സയ്ക്കായി റഫർ ചെയ്തിട്ടുണ്ട്.

(സി) പുനലൂർ താലൂക്കാശുപത്രിയിൽ അനുവദിക്കപ്പെട്ട കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലേയ്ക്കുള്ള നിയമന നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; അതുമായി ബന്ധപ്പെട്ട ഫയലുകളുടെ വിശദാംശം അറിയിക്കുമോ; എന്നത്തേയ്ക്ക് നിയമനം നടത്താനാകുമെന്ന് വിശദമാക്കാമോ?

പുനലൂർ താലൂക്കാശുപത്രിയിൽ അനുവദിക്കപ്പെട്ട കൺസൾട്ടന്റ്, കാർഡിയോളജി തസ്തികയിലേയ്ക്ക് 10-02-2023-ലെ സ.ഉ (സാധാ) നം.

334/2023/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം ഡോ. അരുൺ. എസ്. ആർ. -നെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ടി ഡോക്ടർ ജോലിയിൽ പ്രവേശിച്ചിട്ടില്ല.

**ചിറ്റൂർ താലൂക്കാശുപത്രി കെട്ടിട നിർമ്മാണം**

210 (2344) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കാശുപത്രിയിൽ കെട്ടിട നിർമ്മാണത്തിനും തുടർന്നുള്ള സജ്ജീകരണത്തിനുമായി കിഫ്ബിയിൽ വകയിരുത്തിയ തുക എത്രയാണെന്ന് വിശദമാക്കാമോ?

ചിറ്റൂർ താലൂക്കാശുപത്രിയിൽ കെട്ടിട നിർമ്മാണത്തിനും തുടർന്നുള്ള സജ്ജീകരണത്തിനുമായി 70.51 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 50.47 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥയെന്താണ്; നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ 96 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2023 സെപ്റ്റംബർ 30-ഓടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ആശുപത്രിയിൽ ഏതൊക്കെ സ്പെഷ്യാലിറ്റി വിഭാഗങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; ആയതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത ആശുപത്രിയിൽ കാഷ്വാലിറ്റി, റേഡിയോ ഡയഗ്നോസിസ്, ഒ.പി., ജനറൽ സർജറി, ഫാർമസി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, വാർഡുകൾ, ഐ.സി.യു., ഓപ്പറേഷൻ തീയേറ്റർ, ഡയാലിസിസ് യൂണിറ്റ് എന്നിവയാണ് സജ്ജീകരിക്കുന്നത്.

(ഡി) പ്രസ്തുത ആശുപത്രിയിൽ ഏതെല്ലാം തസ്തികകളാണ് അധികമായി അനുവദിക്കുന്നതെന്നും അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

## മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ സംഭരണശാലകളിലുണ്ടായ തീപിടുത്തം

211 (2345) ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യത്തിന്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ തീപിടിത്തംമൂലമുണ്ടായ നഷ്ടം തിട്ടപ്പെടുത്തി സുരക്ഷയൊരുക്കുന്നതിൽ പരാജയപ്പെട്ടവരിൽനിന്നും പ്രസ്തുത തുക ഈടാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലുണ്ടായ തീപിടിത്തം സംബന്ധിച്ച് 05-06-2023-ലെ സ.ഉ. (സാധാ) 1343/2023/ ആ.കു.വ. പ്രകാരം രൂപീകരിച്ച സ്പെഷ്യൽ ടീം അന്വേഷണം നടത്തി ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ തീപിടിത്തംമൂലമുണ്ടായ നഷ്ടം

തിട്ടപ്പെടുത്തി ഇൻഷ്വറൻസ് മുഖേന തുക ഈടാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മരുന്ന് സംഭരണശാലകൾ**

212(2346) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കൊല്ലം, തിരുവനന്തപുരം എന്നീ മരുന്ന് സംഭരണശാലകളിൽ തീപിടിത്തമുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ?

ഗോഡൗണുകളിൽ ബ്ലീച്ചിംഗ് പൗഡർ സംഭരിച്ചിരുന്ന സ്ഥലങ്ങളിൽനിന്നാണ് തീപിടുത്തമുണ്ടായത്. പ്രസ്തുത തീപിടിത്തങ്ങളുടെ കാരണം ബ്ലീച്ചിംഗ് പൗഡർ തന്നെയാണോയെന്നതിൽ അന്വേഷണം നടന്നുവരുന്നു. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) ഭാവിയിൽ തീപിടിത്തമുണ്ടാകുന്നത് തടയാൻ കെ.എം.എസ്.സി.എൽ. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ബ്ലീച്ചിംഗ് പൗഡർ വലിയ തോതിൽ സംഭരിച്ചിരുന്ന സ്ഥലങ്ങളിൽനിന്നാണ് തീപിടിത്തമുണ്ടായത് എന്നതിനാൽ വെയർ ഹൗസുകളിൽ സൂക്ഷിച്ചിരുന്ന ബ്ലീച്ചിംഗ് പൗഡർ മറ്റ് കെട്ടിടങ്ങളിലേയ്ക്കുമാറ്റി സുരക്ഷിത അകലം പാലിച്ച് സൂക്ഷിച്ചിരിക്കുകയാണ്. എല്ലാ വെയർ ഹൗസുകളിലും സുരക്ഷ ഉറപ്പാക്കുന്നതിന് രാത്രിയിൽ രണ്ട് സെക്യൂരിറ്റി ജീവനക്കാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. വെയർ ഹൗസിലെ ജീവനക്കാർക്ക് അഗ്നി സുരക്ഷാ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ട്രെയിനിംഗ് ഫയർ ഫോഴ്സ് വകുപ്പുമുഖേനെ നല്കിയിട്ടുണ്ട്. കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള എല്ലാ വെയർഹൗസുകളിലും എൻ.ബി.സി. നിഷ്കർഷിക്കുന്ന പ്രകാരമുള്ള അഗ്നിസുരക്ഷാ സംവിധാനം മെസ്സേഴ്സ് എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് മുഖാന്തരം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. ബ്ലീച്ചിംഗ് പൗഡർ സംഭരിച്ചിരുന്ന സ്ഥലങ്ങളിൽനിന്നാണ് തീപിടിത്തമുണ്ടായതെന്ന പ്രാഥമിക നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഗോഡൗണുകളിൽ ബ്ലീച്ചിംഗ് പൗഡർ വലിയ തോതിൽ സംഭരിക്കുന്നത് നിർത്തിവച്ചിട്ടുണ്ട്. ഫയർ ഹസാർഡ്,

കെമിക്കൽ ഹസാർഡ്, വർക്കർ സേഫ്റ്റി, സ്റ്റോറേജ് സേഫ്റ്റി എന്നിവ കണക്കിലെടുത്ത് പ്രാവീണ്യമുള്ള ഒരു സുരക്ഷാ ഉദ്യോഗസ്ഥനെ (Fire & Safety) കോർപ്പറേഷന്റെ വലുതും ചെറുതുമായ കെട്ടിടങ്ങളുടെ സുരക്ഷയുടെ മേൽനോട്ടത്തിന് നിയമിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(സി) കെ.എം.എസ്.സി.എൽ.-ന്റെ ജില്ലാ മരുന്ന് സംഭരണശാലകളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയുടെ എണ്ണമെത്രയാണെന്ന് അറിയിക്കുമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണശാലകളിൽ ഒൻപതെണ്ണം വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(ഡി) കാലപ്പഴക്കം ചെന്നതും മരുന്നുകൾ സൂക്ഷിക്കുവാൻ മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാത്തതുമായ വാടക കെട്ടിടങ്ങൾ ഒഴിവാക്കി സ്വന്തം നിലയിൽ അത്യാധുനിക ശാസ്ത്രീയ മരുന്ന് സംഭരണശാലകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് സ്വന്തമായി മരുന്ന് സംഭരണശാലകളില്ലാത്ത ജില്ലകളിൽ ശാസ്ത്രീയ മരുന്ന് സംഭരണശാലകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ട്.

(ഇ) കരുവണ്ണൂരിലുള്ള കോഴിക്കോട് ജില്ലാ മരുന്ന് സംഭരണശാല നഗരപരിധിയിൽനിന്നും നാൽപ്പത് കിലോമീറ്റർ അകലെ മതിയായ സുരക്ഷ സംവിധാനങ്ങളില്ലാത്ത വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കോഴിക്കോട് ജില്ല മരുന്ന് സംഭരണശാല പ്രവർത്തിക്കുന്നത് കോഴിക്കോട് നഗരത്തിൽ നിന്നും 30 കിലോമീറ്ററോളം ദൂരത്തിലുള്ള കരുവണ്ണൂരിലെ കൊയിലാണ്ടി താലൂക്ക് അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ കെട്ടിടത്തിലാണ്. ടി കെട്ടിടത്തിൽ ഫയർഫോഴ്സ് അധികൃതർ നടത്തിയ പരിശോധനയിൽ എൻ.ബി.സി. നിഷ്കർഷിക്കുന്ന പ്രകാരമുള്ള അഗ്നിസുരക്ഷാ സംവിധാനം ഏർപ്പെടുത്തേണ്ടതും അഗ്നിസുരക്ഷാ വകുപ്പിൽനിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണെന്ന്

അറിയിച്ചിട്ടുണ്ട്. കോഴിക്കോട് നഗരപരിധിയിൽ മരുന്ന് സംഭരണശാല സ്ഥാപിക്കുന്നതിനനുയോജ്യമായ കെട്ടിടമോ സ്ഥലമോ ലഭിക്കാത്തതിനാലാണ് ടി കെട്ടിടത്തിൽ മരുന്ന് സംഭരണശാല പ്രവർത്തിക്കുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ മരുന്ന് സംഭരണശാല സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിന് കെ.എം.എസ്.സി.എൽ. മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശയിന്മേൽ സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) പ്രസ്തുത മരുന്ന് സംഭരണശാലയിൽ മതിയായ സുരക്ഷ സംവിധാനമില്ലെന്ന ഫയർ ഓഡിറ്റ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കോഴിക്കോട് ജില്ല മരുന്ന് സംഭരണശാല പ്രവർത്തിക്കുന്ന കരുവണ്ണൂരിലെ കൊയിലാണ്ടി താലൂക്ക് അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ കെട്ടിടത്തിൽ ഫയർ ഫോഴ്സ് അധികൃതർ നടത്തിയ പരിശോധനയിൽ എൻ.ബി.സി. നിഷ്കർഷിക്കുന്ന പ്രകാരമുള്ള അഗ്നിസുരക്ഷാ സംവിധാനം

ഏർപ്പെടുത്തേണ്ടതും അഗ്നിസുരക്ഷാ വകുപ്പിൽനിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണെന്ന് അറിയിച്ചിട്ടുണ്ട്. കോർപ്പറേഷൻ വാടകയ്ക്കെടുത്തിട്ടുള്ള കെട്ടിടമായതിനാൽ ഫയർ ആൻഡ് സേഫ്റ്റി വകുപ്പിന്റെ നിർദ്ദേശമനുസരിച്ചുള്ള സുരക്ഷാ മാനദണ്ഡങ്ങൾ അടിയന്തരമായി സ്ഥാപിക്കേണ്ടതാണെന്ന നിർദ്ദേശം കെട്ടിട ഉടമസ്ഥന് നൽകിയിട്ടുണ്ട്.

**ആരോഗ്യ വിദ്യാഭ്യാസം നൽകുന്നതിന് നടപടി**

213(2347) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങൾക്കും കൗമാരക്കാർക്കും വിദ്യാർത്ഥികൾക്കും ആരോഗ്യ ബോധവത്ക്കരണം നൽകുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ചിട്ടയായ വ്യായാമം, ആരോഗ്യപരമായ ഭക്ഷണരീതി,

ലഹരിയിൽനിന്നുള്ള വിമുക്തി എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ആരോഗ്യബോധവത്ക്കരണമാണ് പ്രധാനമായും ടെലിവിഷൻ, സിനിമ, പത്രമാധ്യമങ്ങൾ, അച്ചടിമാധ്യമങ്ങൾ എന്നിവയിലൂടെ നൽകുന്നത്. ജീവിതശൈലീ രോഗങ്ങൾക്കെതിരെയുള്ള ആരോഗ്യ ബോധവത്ക്കരണ പരിപാടികൾ, പോസ്റ്ററുകൾ, എക്സിബിഷനുകൾ, സബ് ബ്രാൻഡിംഗ്, സോഷ്യൽ മീഡിയ മെസ്സേജ് എന്നിവയും പൊതുജനങ്ങൾക്കായുള്ള ആരോഗ്യ സന്ദേശം നൽകുന്നതിന് ഉപയോഗിച്ചുവരുന്നു. കൂടാതെ മെഡിക്കൽ കോളേജുകൾക്കുകീഴിലുള്ള റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നിവ വഴി പൊതുജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസം നൽകുന്നതിനായി വാർഡുതല ആരോഗ്യ ശുചിത്വപോഷണ (WH&N) സമിതികളുടെ ആഭിമുഖ്യത്തിൽ എല്ലാ ആരോഗ്യ ദിനങ്ങളോടനുബന്ധിച്ചും സ്കൂളുകൾ, അങ്കണവാടികൾ എന്നിവ കേന്ദ്രീകരിച്ച് സന്ദേശവും ആരോഗ്യ ബോധവൽക്കരണവും നടത്തുന്നു. അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നിവയ്ക്കുകീഴിലെ സബ് സെന്ററുകൾവഴി ജീവിതശൈലീ

രോഗനിർണ്ണയ ക്ലിനിക്, മരുന്നുവിതരണം, ബോധവത്ക്കരണം എന്നിവ നടത്തുന്നു.

(ബി) ജീവിതശൈലീ രോഗങ്ങളെ ചെറുക്കാൻ പൊതുജനങ്ങളെ പ്രാപ്തരാക്കുന്നതിന് ആരോഗ്യ കായികക്ഷമതാ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ആരോഗ്യക്ഷമത കാത്തുസൂക്ഷിക്കുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമാണ് ആരോഗ്യവകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഓപ്പൺ ജിമ്മുകൾ, പൊതുജനങ്ങൾക്കായുള്ള മാരത്തോണുകൾ, സൈക്കിളിംഗ്, മറ്റ് കായിക മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനോടൊപ്പം യോഗപോലെയുള്ള വ്യായാമമുറകൾ പരിശീലിപ്പിക്കുന്നതിനും വാർഡ് ഹെൽത്ത് സാനിട്ടേഷൻ സമിതികൾവഴി നടത്ത കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. ജനങ്ങളിൽ കൂടുതൽ കായികക്ഷമത വളർത്തുന്നതിന് ഹെൽത്തി ലൈഫ്

എന്നപേരിൽ നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി ഒരു ബൃഹത് കാമ്പയിൻ സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ മണ്ഡലത്തിൽ ജീവിതശൈലീ രോഗനിയന്ത്രണത്തിനായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

ജീവിതശൈലീ രോഗനിയന്ത്രണത്തിനായി ആര്യാട് ബ്ലോക്കിന്റെ 'ആർദ്രമീ ആര്യാട്' പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ മാരാരിക്കുളം നോർത്ത് ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിപ്രകാരം ജീവിതശൈലീ പ്രതിരോധ പ്രവർത്തനം തുടർപദ്ധതിയായി നടത്തിവരുന്നു. മെഡിക്കൽ കോളേജിനുകീഴിലുള്ള റൂറൽ-അർബൻ ഹെൽത്ത് സെന്ററുകൾവഴി ബോധവത്ക്കരണവും ക്യാമ്പുകളും നടത്തിവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പ്രസ്തുത പദ്ധതിക്കായി ആലപ്പുഴ മണ്ഡലത്തിൽ എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ?

'ആർദ്രമീ ആര്യാട്' സമഗ്ര ആരോഗ്യ പദ്ധതിക്കായി ആര്യാട് ബ്ലോക്കിന് 2021-22-ൽ 22,07,524/- രൂപയും 2022 -23-ൽ 17,00,000/- രൂപയും മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന് ജീവിതശൈലീ നിയന്ത്രണ പദ്ധതിക്ക് 2021 മുതൽ 2023 വരെ ആകെ ഏഴ് ലക്ഷം രൂപയും ലഭിച്ചു.

**ആരോഗ്യ സംരക്ഷണവും ആരോഗ്യ സുരക്ഷയും**

214(2348) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ സംരക്ഷണവും ആരോഗ്യ സുരക്ഷയും ലോകോത്തര നിലവാരത്തിലെത്തിക്കാൻ മുൻസർക്കാരും ഈ സർക്കാരും നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ മുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾവരെ ഏർപ്പെടുത്തിവരുന്ന അടിസ്ഥാന സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ?

(എ&ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) രോഗികളുടെ എണ്ണം കണക്കാക്കി മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള ആശുപത്രികളിൽ പുതിയ വാർഡുകൾ, സി.റ്റി. സ്കാനറുകൾ, എം.ആർ.ഐ. സ്കാനറുകൾ തുടങ്ങിയ അനുബന്ധ മെഡിക്കൽ ഉപകരണങ്ങൾ ഓരോ ആശുപത്രികളിലും ഉറപ്പാക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ സി.റ്റി. സ്കാനറുകൾ, എം.ആർ.ഐ. സ്കാനറുകൾ തുടങ്ങിയ അനുബന്ധ മെഡിക്കൽ ഉപകരണങ്ങൾ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ സാമ്പത്തിക വർഷവും പ്ലാൻ പ്രൊപ്പോസലുകൾ രൂപീകരിക്കുന്നതിനായി എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരിൽനിന്നും പ്രസ്തുത മെഡിക്കൽ ഉപകരണങ്ങളുടെ ആവശ്യകതയനുസരിച്ച് പ്രൊപ്പോസലുകൾ സ്വീകരിക്കാറുണ്ട്. 2023-24 സാമ്പത്തികവർഷം ലഭിച്ച പ്രൊപ്പോസലുകളനുസരിച്ച് വിവിധ പ്ലാൻ ഫണ്ട്

പദ്ധതികളിലുൾപ്പെടുത്തി ടി അനുബന്ധ മെഡിക്കൽ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികളുടെ എണ്ണം കണക്കാക്കി പുതിയ വാർഡുകൾ, എം.ആർ.ഐ. സ്കാനുകൾ തുടങ്ങിയ അനുബന്ധ മെഡിക്കൽ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുക്കുന്നതിനായി മാസ്റ്റർ പ്ലാനിലുൾപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജ് , കൊല്ലം

ഈ ആശുപത്രിയിൽ ഒരു സി.റ്റി. സ്കാൻ നിലവിലുണ്ട്. എം.ആർ.ഐ. സ്കാനിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

സർക്കാർ മെഡിക്കൽ കോളേജ്, കോന്നി

ഈ സ്ഥാപനത്തിൽ പുതിയ വാർഡുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടെ സി.റ്റി. സ്കാൻ സൗകര്യം ലഭ്യമാണ്.

സർക്കാർ റ്റി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ

പുതുതായി ആരംഭിച്ച സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ പുതിയ വാർഡുകൾ സജ്ജമാക്കിയിട്ടുണ്ട്. രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും ആവശ്യമായ തുക സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും സമയബന്ധിതമായി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്.

ചെട്ടികാട് ആർ.എച്ച്.റ്റി.സി.-യിൽ പഞ്ചായത്ത് ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഹെമറ്റോളജി അനലൈസർ വാങ്ങുകയും പഞ്ചായത്ത് ഫണ്ടുപയോഗിച്ച് ഓട്ടോറിഫ്രാക്ടർ മീറ്റർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

<u>സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി</u>

ഇടുക്കി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. ഇടുക്കി മെഡിക്കൽ കോളേജിൽ നിലവിൽ CT സ്കാൻ, Ultra sound scan എന്നിവ ആരംഭിച്ചിട്ടുണ്ട്.

<u>സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം</u>

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെത്തുന്ന രോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 683 ബെഡ്ഡുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ഈ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ OBG, Paediatrics surgery, Dental/Maxilofacial, Physical Medicine, Urology, Nephrology, Gastro Entrology, Gastro Surgery, Cardiology, Cardio Thorasic Surgery, Neuro, Neuro Surgery, Radiology എന്നീ വിഭാഗങ്ങൾക്കുള്ള OP, IP, ICU വാർഡുകൾ, 14 ഓപ്പറേഷൻ തീയേറ്ററുകൾ എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിൽ പ്രവർത്തിച്ചുവരുന്ന ഇമേജിംഗ് സെന്ററിൽ CT, MRI, സ്തനാർബുദ രോഗപ്രതിരോധത്തിന് മുതൽക്കൂട്ടാവുന്ന ഡിജിറ്റൽ മാമോഗ്രാഫി മെഷീൻ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ ആധുനിക സൗകര്യങ്ങളോടുകൂടിയ സെൻട്രൽ ലാബ്, ഓട്ടോമാറ്റിക് ബയോകെമിസ്ട്രി അനലൈസർ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റ് എന്നിവയും പ്രവർത്തിച്ചുവരുന്നു. എല്ലാ വാർഡുകളിലും ഓക്സിജൻ പൈപ്പ് ലൈനും സ്ഥാപിച്ചു.

<u>സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ</u>

തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിലവിൽ 2 സി. ടി. സ്കാനറുകളും 2 എം.ആർ.ഐ. സ്കാനറുകളും പ്രവർത്തിക്കുന്നുണ്ട്.

<u>സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി</u>

ഈ സർക്കാരിന്റെ കാലത്ത് 1.5 Tesla MRI Scanner വാങ്ങിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്</u>

മെഡിക്കൽ കോളേജ് ആശുപത്രിയിൽ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിനുകീഴിൽ എം.സി.എച്ച്., ഐ.എം.സി.എച്ച്. എന്നിവിടങ്ങളിലായി മൂന്ന് സി.റ്റി. സ്കാൻ ഉപകരണങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നാലാമതായി പി.എം.എസ്.എസ്.വൈ. ബ്ലോക്കിലെ അത്യാഹിത വിഭാഗത്തിലെ പ്രവർത്തനത്തിന് മാത്രമായി ഒരു സി.ടി. സ്കാൻ ഉടൻ പ്രവർത്തനസജ്ജമാകും. നിലവിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, പി.എം.എസ്.എസ്.വൈ. ബ്ലോക്ക് എന്നിവിടങ്ങളിലായി രണ്ട് എം.ആർ.ഐ. മെഷീനുകൾ പ്രവർത്തിക്കുന്നു. വിവിധ യൂണിറ്റുകളിലായി 14

അൾട്രാ സൗണ്ട് കളർ ഡോപ്ലർ മെഷീനുകളും പ്രവർത്തിക്കുന്നു. അത്യാധുനിക വിഭാഗവും അനുബന്ധ സൗകര്യങ്ങളും പുതിയ കെട്ടിടമായ പി.എം.എസ്.എസ്.വൈ. ബ്ലോക്കിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഗ്യാസ്ട്രോ എൻട്രോളജി, ന്യൂറോ സർജറി വാർഡുകൾ പുതിയ സൗകര്യത്തോടെ പി.എം.എസ്.എസ്.വൈ. ബ്ലോക്കിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ അൾട്രാസൗണ്ട് സ്കാനിംഗ്, ലാബ്, ഫാർമസി തുടങ്ങിയവ ആശുപത്രി വികസന സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഐ.എം.സി.എച്ച്. ആശുപത്രി വികസന സമിതിയുടെ ഫണ്ടുപയോഗിച്ച് പെറ്റ് സി.റ്റി. സ്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ട്.

നെഞ്ച് രോഗാശുപത്രിയിലേയ്ക്കാവശ്യമായ സ്കാനിംഗ് ഉപകരണങ്ങളും എക്സ്-റേ, പോർട്ടബിൾ എക്സ്-റേ, ബ്രോങ്കോസ്കോപ്പി തുടങ്ങിയ മെഷിനറികളും വാങ്ങി സ്ഥാപിക്കുകയും പൊതുജനങ്ങൾക്ക് സേവനം നൽകിവരികയും ചെയ്യുന്നുണ്ട്.

<u>സർക്കാർ മെഡിക്കൽ കോളേജ്, വയനാട്</u>

പുതുതായി പീഡിയാട്രിക് ഐ.സി.യു. പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കാത്ത് ലാബ് പ്രവർത്തനം ആരംഭിക്കുന്നതിനായി ലാബ് ഉപകരണങ്ങൾ സ്ഥാപിച്ചുവരുന്നു. സ്പെഷ്യാലിറ്റി വിഭാഗങ്ങൾ തുടങ്ങുന്നതിനായി മൾട്ടി പർപ്പസ് ബിൽഡിംഗ് നിർമ്മിച്ചിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ്

ആശുപത്രി കെട്ടിടത്തിന്റെ 57 ശതമാനം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ലേഡീസ് ഹോസ്റ്റൽ, ടീച്ചിംഗ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം 60 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതോടുകൂടി എൻഡോസൾഫാൻ രോഗബാധിതർക്കായുള്ള പ്രത്യേക വാർഡ്, ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ യൂണിറ്റ്, ഫിസിയോ തെറാപ്പി എന്നിവ സജ്ജമാക്കുന്നതോടൊപ്പം കൂടുതൽ ഡോക്ടർമാരുടെയും ന്യൂറോളജിസ്റ്റിന്റെയും അനുബന്ധ ജീവനക്കാരുടെയും നിയമനം പ്രാവർത്തികമാക്കാൻ കഴിയും. ICU, CT Scan, MRI Dialysis സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് ഡി.പി.ആർ.-ൽ വിഭാവനം ചെയ്തിട്ടുണ്ട്.

(ഡി) ആരോഗ്യ പരിപാലനരംഗത്ത് മറ്റിതര സംസ്ഥാനങ്ങളുമായി തുലനം ചെയ്യുമ്പോൾ സർക്കാർ സ്വീകരിച്ച നടപടികൾമൂലം നിലവിൽ സംസ്ഥാനം ദേശീയതലത്തിൽ എത്രാം സ്ഥാനത്ത് എന്നത് വ്യക്തമാക്കുമോ?

നീതി ആയോഗ് ആണ് രാജ്യാന്തര തലത്തിൽ ആരോഗ്യ പരിപാലന രംഗത്ത് സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ റാങ്ക് ചെയ്യുന്നത്. നിലവിൽ 2019-20 വർഷത്തെ അടിസ്ഥാനപ്പെടുത്തിയുള്ള റാങ്കിംഗിൽ 82.20 പോയിന്റോടുകൂടി കേരളം ഒന്നാമതാണ്. 2023-ലേയ്ക്കുള്ള ദേശീയ റാങ്കിംഗ് ഫ്രെയിം വർക്കിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് പങ്കെടുക്കുകയും ദേശീയതലത്തിൽ മെഡിക്കൽ വിഭാഗത്തിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് 44-ാം റാങ്ക് ലഭിക്കുകയും ചെയ്തു. രാജ്യത്തുടനീളമുള്ള സ്ഥാപനങ്ങളെ റാങ്ക് ചെയ്യുന്നതിനുള്ള ഒരു ശാസ്ത്രീയ രൂപരേഖയാണ് ഈ ചട്ടക്കൂട് നൽകുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിലാണ് ഇത് നടക്കുന്നത്. ഒരുകൂട്ടം മെട്രിക്സ് (പാരാമീറ്ററുകൾ) അടിസ്ഥാന

മാക്കിയിട്ടുള്ളതാണ് ഈ അക്കാദമിക് റാങ്കിംഗ്. ഈ പാരാമീറ്ററുകൾ അഞ്ച് വിശാലമായ തലങ്ങളായി ക്രമീകരിച്ചിരിക്കുന്നു.

1. പഠിപ്പിക്കൽ, പഠനവും & റിസോഴ്സസ്
2. ഗവേഷണവും പ്രൊഫഷണൽ പരിശീലനവും
3. ബിരുദ ഫലങ്ങൾ
4. ഔട്ട് റിച്ചും ഇൻക്ലൂസിവിറ്റിയും
5. പിയർ പെർസെപ്ഷൻ (Peer Perception)

**മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

215(2349) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ലേക്ഷോർ ആശുപത്രിയിലെ ഡോക്ടർമാർ മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിലെ നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയതായുള്ള പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

അന്വേഷണ കമ്മീഷനെ നിയോഗിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ കമ്മീഷന്റെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. മരണപ്പെട്ട ശ്രീ. എബിൻ. വി.ജി.-യുടെ മസ്തിഷ്കമരണം രണ്ട് ഡോക്ടർമാർ സ്ഥിരീകരിച്ചിട്ടുണ്ട് (Dr. Muralee Krishnan Menon, Neurologist, Dr. Sajith Vasudevan) ടിയാൻ മരണപ്പെട്ട കാലയളവിൽ മസ്തിഷ്കമരണം സർട്ടിഫൈ ചെയ്യുന്ന വിദഗ്ദ്ധ സമിതിയിൽ ഉൾപ്പെട്ടവരാണ് മേൽ പറഞ്ഞ ഡോക്ടർമാർ.

2. മരണപ്പെട്ട ശ്രീ. എബിൻ. വി.ജി.-യുടെ മസ്തിഷ്കമരണം സ്ഥിരീകരിച്ചതിൽ 2009-ൽ നിലനിന്നിരുന്ന മസ്തിഷ്കമരണം, അവയവദാനം എന്നിവ സംബന്ധിച്ച പ്രോട്ടോക്കോൾ പാലിക്കപ്പെട്ടിട്ടുണ്ട്.

3. രണ്ട് സാക്ഷികളുടെ സാനിധ്യത്തിൽ മരണപ്പെട്ട ശ്രീ. എബിൻ. വി.ജി.-യുടെ അമ്മയായ ശ്രീമതി. ഓമന തങ്കച്ചൻ സമ്മതപത്രം ഒപ്പിട്ട് നൽകിയിരുന്നു.

(ബി) മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും സർക്കുലറുകളും എന്തൊക്കെയാണ്; അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;?

1994-ൽ നിലവിൽ വന്ന ട്രാൻസ്പ്ലാന്റേഷന് ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടും 1995 ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് റൂൾസും ചേർന്നാണ് മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുള്ള അടിസ്ഥാനതത്വങ്ങൾ നിർവചിച്ചിരിക്കുന്നത്. ഈ നിയമത്തിൽ 1995-ലെയും 2000-ലെയും 2011-ലെയും ഭേദഗതികളും 2014-ൽ നിലവിൽ വന്ന പുതിയ ചട്ടങ്ങളുമാണ് ഇപ്പോൾ നിലവിലുള്ള നിയമപരമായ ചട്ടക്കൂട്. മേൽപ്പറഞ്ഞ കേന്ദ്രനിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിവിധ ഉത്തരവുകളിലൂടെ മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുള്ള പ്രോട്ടോകോൾ സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളും അവയുടെ പ്രാധാന്യവും സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം-1+ ആയി ചേർക്കുന്നു.

(സി) പ്രസ്തുത ചട്ടങ്ങളും ഉത്തരവുകളും പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ സംസ്ഥാനത്തെ ഏതെങ്കിലും ആശുപത്രികളിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മസ്തിഷ്കമരണം സ്ഥിരീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിൽ എത്ര തവണ എന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ആശുപത്രികളിൽ മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിന്റെ വീഡിയോ ചിത്രീകരിച്ച് മൃതസഞ്ജീവനി കാര്യാലയത്തിലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും സൂക്ഷിക്കണമെന്നും സർക്കാർ ഡോക്ടർമാരുടെ സാന്നിധ്യം ഉറപ്പാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ അവ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിന്റെ വീഡിയോ ചിത്രീകരിച്ച് മൃതസഞ്ജീവനി കാര്യാലയത്തിലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ മസ്തിഷ്കമരണം സ്ഥിരീകരിക്കുന്ന സംഘത്തിൽ സർക്കാർ ഡോക്ടറുടെ സാന്നിധ്യം വേണമെന്ന് 01-02-2017-ലെ സ.ഉ (കൈ) നം.16/2017/ആ.കു.വ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്

പാലിക്കപ്പെട്ടിട്ടില്ലെന്നുള്ള പരാതിയിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ തലത്തിൽ അന്വേഷണം നടന്നു വരുന്നു. 01-02-2017-ലെ സ.ഉ (കൈ) നം.16/2017/ആ.കു.വ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-2+ ആയി ചേർക്കുന്നു.

(ഇ) മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനായി സർക്കാർ ഡോക്ടർമാരെ എംപാനൽ ചെയ്തിട്ടുണ്ടോ; എങ്കിൽ ആകെ എത്ര ഡോക്ടർമാരെയാണ് എംപാനൽ ചെയ്തിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉണ്ട്. വിവരം അനുബന്ധം-3+ ആയി ചേർക്കുന്നു.

(എഫ്) 2001 മുതൽ നാളിതുവരെ എത്ര മസ്തിഷ്കമരണങ്ങളാണ് സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളതെന്ന് മെഡിക്കൽ കോളേജുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2012 മുതലാണ് മൃതസഞ്ജീവനി നിലവിൽ വന്നത്. 2012 മുതൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവദാനത്തിനായി മസ്തിഷ്കമരണം സ്ഥിരീകരിച്ച രോഗികളുടെ കണക്ക് ചുവടെ ചേർക്കുന്നു:-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

•സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം - 25

•സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ - 2

•സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം - 8

•സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് - 7

**സിക്കിൾസെൽ അനീമിയ പ്രതിരോധിക്കാൻ നടപടി**

216(2351) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ജൂൺ, ജൂലൈ മാസങ്ങളിൽ പത്തിലധികം സിക്കിൾസെൽ അനീമിയ രോഗികൾ സുൽത്താൻബത്തേരി മണ്ഡലത്തിൽ മരണമടഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2023 ജൂൺ, ജൂലൈ മാസങ്ങളിൽ സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിൽ ആകെ മൂന്ന് രോഗികൾ മരണപ്പെട്ടിട്ടുണ്ട്.

(ബി) സിക്കിൾസെൽ അനീമിയ രോഗത്തെ പ്രതിരോധിക്കാൻ നൂതന ചികിത്സ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

മാനന്തവാടി ജില്ലാശുപത്രിയിൽ 10 bed HDU സിക്കിൾസെൽ രോഗികൾക്കുമാത്രമായി നവീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നിലവിൽ

Exchange Transfusion അടക്കമുള്ള ചികിത്സകൾ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ മേൽനോട്ടത്തിൽ പരിശീലനം ലഭിച്ച നഴ്സുമാർ മുഖാന്തരം നൽകിവരുന്നു. ബോയ്സ് ടൗണിൽ 300 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ DPR തയ്യാറാക്കിവരുന്നുണ്ട്. ഫീൽഡുതല സ്ക്രീനിംഗിനായി (0-40 Age group) രണ്ട് ലക്ഷം പേരെ ഒരു വർഷത്തിനുള്ളിൽ കണ്ടെത്താനുള്ള സമഗ്ര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 12 ലക്ഷം രൂപവരുന്ന HPLC Machine സജ്ജമാക്കിയിട്ടുണ്ട്. ബ്ലഡ് ബാങ്ക് സേവനവും ലഭ്യമാണ്. Hydroxy Urea, Folic Acid എന്നീ മരുന്നുകൾ പി.എച്ച്.സി.-കളിലടക്കം സൗജന്യമായി ലഭ്യമാക്കുന്നത് ഉറപ്പാക്കിയിട്ടുണ്ട്. രോഗികളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി എൻ.എച്ച്.എം. മുഖേന പോഷകാഹാര കിറ്റ് എല്ലാ മാസവും നൽകിവരുന്നുണ്ട്. Comprehensive Hemoglobinopathy Centre ചികിത്സയ്ക്കും റിസർച്ചിനും നടപ്പുവർഷത്തിൽ എൻ.എച്ച്.എം. PIP-യിൽ ഉൾപ്പെടുത്തുന്നതിനായി ശിപാർശ തയ്യാറാക്കിയിട്ടുണ്ട്. നേരത്തെ കണ്ടെത്തുന്ന സിക്കിൾസെൽ രോഗികളെ സംസ്ഥാന ദേശീയ പോർട്ടലുകളിലേയ്ക്ക് വിവരശേഖരണം നടത്തി അവർക്കുള്ള

ചികിത്സാനുകൂല്യങ്ങൾ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ തുടർചികിത്സകളും ഗുരുതര രോഗം ബാധിച്ചവർക്ക് പ്രത്യേക ചികിത്സകളും നൽകിവരുന്നു.

**തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി**

217(2352) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിഞ്ഞ ഒരു വർഷമായി കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിപ്രകാരം എത്ര പേർക്ക് എത്ര രൂപയുടെ ചികിത്സ നൽകിയെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇംപ്ലാന്റ്/മരുന്നുകൾ എന്നിവ ലഭ്യമാക്കുന്നരീതി വിശദമാക്കാമോ?

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 23017 രോഗികൾക്ക് 31,65,77,673/- രൂപയുടെ സൗജന്യ ചികിത്സയും തൃശ്ശൂർ

ഗവൺമെന്റ് മെഡിക്കൽ നെഞ്ചുരോഗാശുപത്രിയിൽ 17451 രോഗികൾക്ക് 22,01,35,946/- രൂപയുടെ സൗജന്യ ചികിത്സയും നൽകിയിട്ടുണ്ട്. കാസ്പ്, ആർ.ബി.എസ്.കെ., ജെ.എസ്.എസ്.കെ., മെഡിസെപ് തുടങ്ങിയ എല്ലാ സർക്കാർ സൗജന്യ ചികിത്സാ പദ്ധതിയിലുൾപ്പെടുന്ന രോഗികൾക്കും ഇംപ്ലാന്റ്/മരുന്നുകൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിന് മെച്ചപ്പെട്ട സൗകര്യങ്ങളോടെ ആശുപത്രിയിൽ സിംഗിൾ വിൻഡോ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. ആശുപത്രി ഫാർമസിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ ന്യായവില മെഡിക്കൽ സ്റ്റോർ, കാരുണ്യ ഫാർമസി, എച്ച്.എൽ.എൽ. ഫാർമസി തുടങ്ങി എംപാനൽ ചെയ്തിട്ടുള്ള ഫാർമസികൾ മുഖേന ഇവിടേയ്ക്ക് ലഭ്യമാക്കി രോഗികൾക്ക് സിംഗിൾ വിൻഡോ സിസ്റ്റം പ്രകാരം വിതരണം ചെയ്യുന്നു. ഇംപ്ലാന്റുകൾ എച്ച്.ഡി.എസ്. ഇംപ്ലാന്റ് സ്റ്റോർ മുഖേനയും ലഭ്യമാക്കുന്നു.

(ബി) പ്രസ്തുത ആശുപത്രിയിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച പ്രത്യേക ഫാർമസിയുടെ പ്രവർത്തനം വിശദമാക്കാമോ?

കാസ്പ്, ആർ.ബി.എസ്.കെ., ജെ.എസ്.എസ്.കെ., മെഡിസെപ് തുടങ്ങിയ എല്ലാ സർക്കാർ സൗജന്യ ചികിത്സാ പദ്ധതിയിലുൾപ്പെടുന്ന രോഗികൾക്കും ഇംപ്ലാന്റ്/മരുന്നുകൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിന് മെച്ചപ്പെട്ട സൗകര്യങ്ങളോടെ ആശുപത്രിയിൽ സിംഗിൾ വിൻഡോ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ചാണ് പ്രത്യേക ഫാർമസി (സ്കീം ഫാർമസി) ആരംഭിച്ചിട്ടുള്ളത്. ആശുപത്രി ഫാർമസിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ ന്യായവില മെഡിക്കൽ സ്റ്റോർ, കാരുണ്യ ഫാർമസി, എച്ച്.എൽ.എൽ. ഫാർമസി തുടങ്ങി എംപാനൽ ചെയ്തിട്ടുള്ള ഫാർമസികൾ മുഖേന ഇവടേയ്ക്ക് ലഭ്യമാക്കി രോഗികൾക്ക് സിംഗിൾ വിൻഡോ സിസ്റ്റം പ്രകാരം വിതരണം ചെയ്യുന്നു. ഇതുമൂലം മരുന്നുകൾക്കായി കൂട്ടിരിപ്പുകാർ വിവിധ കൗണ്ടറുകൾ, ഫാർമസികൾ എന്നിവ തേടി നടക്കേണ്ട സാഹചര്യം ഒഴിവാക്കി നടപടികൾ ലഘൂകരിക്കാൻ സാധിച്ചിട്ടുണ്ട്.

**ഐ.സി.യു.-വിൽ രോഗിയെ പീഡിപ്പിച്ച സംഭവത്തിൽ നടപടി**

218 (2353) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി ഐ.സി.യു.വിൽ രോഗിയെ ജീവനക്കാരൻ പീഡിപ്പിച്ച സംഭവത്തിൽ കുറ്റക്കാർ ആരൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്?

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐ.സി.യു.-വിൽ രോഗിയെ ആശുപത്രി ജീവനക്കാരൻ പീഡിപ്പിച്ചുവെന്ന് ആരോപിക്കപ്പെട്ട വിഷയത്തിൽ കുറ്റാരോപിതൻ ഗ്രേഡ്-1 ആശുപത്രി അറ്റൻഡന്റ് ശ്രീ. ശശീന്ദ്രൻ എം. എം. ആണ്.

(ബി) പ്രസ്തുത ജീവനക്കാരനെ സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയും തുടർന്ന് തിരിച്ച് ജോലിയിൽ പ്രവേശിപ്പിക്കുകയും വീണ്ടും പുറത്താക്കുകയും ചെയ്യാനിടയായ സാഹചര്യം വിശദമാക്കുമോ?

ശ്രീ. ശശീന്ദ്രൻ എം. എം.-നെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 20-03-2023-ൽ സസ്പെൻഡ് ചെയ്യുകയും ആ തീയതി

മുതൽ ഇപ്പോഴും സസ്പെൻഷനിൽ തുടരുകയുമാണ്. ടിയാനെ ഇതുവരെ ജോലിയിൽ തിരികെ പ്രവേശിപ്പിച്ചിട്ടില്ല.

(സി) ഏത് കുറ്റം ചുമത്തിയാണ് പ്രസ്തുത ജീവനക്കാരനെ സസ്പെൻഡ് ചെയ്തതെന്ന് വ്യക്തമാക്കുമോ?

പ്രാഥമികാന്വേഷണത്തിൽ പരാതിക്കാരിയുടെ പരാതിയിൽ കഴമ്പുള്ളതായി അന്വേഷണ സമിതിക്ക് ബോധ്യപ്പെട്ടുവെന്ന റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ ജീവനക്കാരനെ സസ്പെൻഡ് ചെയ്തിട്ടുള്ളത്.

(ഡി) ഈ കേസിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും ഇനി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

18-03-2023-ൽ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഓപ്പറേഷന് വിധേയയായ യുവതി, ആശുപത്രി ജീവനക്കാരൻ FSICU-വിൽവച്ച് പീഡിപ്പിച്ചുവെന്ന് പരാതി നൽകുകയും വകുപ്പുതല അന്വേഷണത്തിന്റെ ഭാഗമായി പ്രാഥമികാന്വേഷണത്തിൽ

പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആരോപണ വിധേയനായ ശ്രീ. ശശീന്ദ്രൻ എം. എം., ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1-നെ 20-03-2023-ന് അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും തുടർന്ന് 27-06-2023-ന് കുറ്റാരോപണ മെമ്മോയും പത്രികയും നൽകിയിട്ടുള്ളതുമാണ്. ആയതിന് ടിയാൻ 11-07-2023-ന് നൽകിയിട്ടുള്ള മറുപടിയിൽ കുറ്റാരോപണ മെമ്മോയ്ക്കടിസ്ഥാനമായ രേഖകളുടെ പകർപ്പുകൾ നൽകണമെന്ന് ആവശ്യപ്പെട്ടതിൻപ്രകാരം രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് അനുമതി നൽകുകയും ടിയാൻ മെമ്മോയ്ക്ക് മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ മറുപടി പരിശോധിച്ച് വിശദമായ അന്വേഷണം നടത്തി അച്ചടക്കനടപടി പൂർത്തിയാക്കുന്നതിനായി സർവ്വീസ് ചട്ടങ്ങൾപ്രകാരം നടപടി സ്വീകരിച്ചുവരികയാണ്. പീഡനത്തിനിരയായ രോഗിയെ സന്ദർശിച്ച് സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന പരാതിയിൽ ഡി.എം.ഇ. തലത്തിൽ അന്വേഷണ കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരികയുമാണ്.

**തൃശ്ശൂർ മെഡിക്കൽ കോളേജിലെ ബേൺ യൂണിറ്റിന്റെ പ്രവർത്തനം**

219(2354) **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആരംഭിച്ച ആധുനിക ബേൺ (Burn) യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

BURNS and TRAUMA (NPPMBI) പദ്ധതിയുടെ ഭാഗമായിട്ടാണ് 01-11-2022-ന് തൃശ്ശൂർ മെഡിക്കൽ കോളേജിൽ BURNS Unit സംവിധാനം ആരംഭിച്ചത്. പൊള്ളലേറ്റ് വരുന്ന രോഗികൾക്ക് അത്യാധുനിക ചികിത്സാ സൗകര്യങ്ങളൊരുക്കുക എന്നതാണ് ഈ യൂണിറ്റിന്റെ ലക്ഷ്യം. ഓപ്പറേഷൻ, തൊലി മാറ്റിവയ്ക്കുക തുടങ്ങിയ ചികിത്സകളാണ് ലഭ്യമാക്കുന്നത്. പ്ലാസ്റ്റിക് സർജറി വിഭാഗത്തിനുകീഴിലാണ് ഇത് പ്രവർത്തിക്കുന്നത്. ഇപ്രകാരം ബേൺസ് യൂണിറ്റിന്റെ പ്രവർത്തനം നല്ലരീതിയിൽ നടന്നുവരുന്നു. 01-11-2022 മുതൽ 24-08-2023 വരെയുള്ള ബേൺസ് യൂണിറ്റിലെ ചികിത്സയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കോഴിക്കോട് മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ**

220(2355)ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് മാസ്റ്റർപ്ലാൻ പ്രകാരം എന്തെല്ലാം പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) കോഴിക്കോട് മെഡിക്കൽ കോളേജ് വികസനത്തിനായി 187.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വിശദമായ പദ്ധതിരേഖയിൽ ആശുപത്രിയുടെ ആവശ്യാനുസരണമുള്ള മാറ്റങ്ങളുൾപ്പെടുത്തിയ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ നിർവ്വഹണ ഏജൻസി സ്വീകരിച്ചുവരുന്നു.

**നേത്ര പരിശോധനയ്ക്കുള്ള അടിസ്ഥാന യോഗ്യത**

221(2356) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കണ്ണാശുപത്രികളിലും കണ്ണട വ്യാപാര സ്ഥാപനങ്ങളിലും നേത്രപരിശോധന നടത്താൻ നിയമപരമായി നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതകളെന്തൊക്കെയാണെന്ന് അറിയിക്കാമോ?

അംഗീകൃത യൂണിവേഴ്സിറ്റിയിൽനിന്നും ബി.എസ്.സി. ഒപ്റ്റോമെട്രി അല്ലെങ്കിൽ ഡിപ്ലോമ ഇൻ ഒഫ്ത്താൽമിക് അസിസ്റ്റന്റ് കോഴ്സ് (DOA) പാസ്സായിരിക്കണം. കേരള പാരാമെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിരിക്കണം.

(ബി) യു.ജി.സി.-യോ, പി.എസ്.സി.-യോ അംഗീകരിക്കാത്തതും പാരാമെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തതുമായ ബി.എസ്.സി. ഒപ്റ്റോമെട്രി, ഡിപ്ലോമ ഇൻ ഒഫ്ത്താൽമിക് അസിസ്റ്റന്റ് (ഡി.ഒ.എ.) എന്നീ കോഴ്സുകൾ അനധികൃതമായി നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ആരോഗ്യ സർവ്വകലാശാല, സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്, പി.എസ്.സി. തുടങ്ങിയവ അംഗീകരിക്കാത്തതും സംസ്ഥാന പാരാമെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തതുമായ പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന വിവിധ സ്ഥാപനങ്ങൾ അനധികൃതമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതായുള്ള നിരവധി പരാതികൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ആരോഗ്യ സർവ്വകലാശാലയുടെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും അംഗീകാരമുള്ള കോഴ്സുകളുടെയും സ്ഥാപനങ്ങളുടെയും വിവരം ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം അംഗീകാരമില്ലാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിനായി ഒരു പത്രക്കുറിപ്പ് 25-08-2023-ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

## നിലമ്പൂർ ജില്ലാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

222 (2357) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാശുപത്രിയിൽ നിലവിൽ ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെ എണ്ണം എത്രയാണ്; ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടത്തി ചികിത്സക്കുള്ള കിടക്കകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

നിലമ്പൂർ ജില്ലാശുപത്രിയിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+ ടി ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 142 ആണ്.

(ബി) പ്രസ്തുത ജില്ലാശുപത്രിയിൽ ഇപ്പോഴുള്ള സ്റ്റാഫ് പാറ്റേൺ ഏത് വർഷം മുതലുള്ളതാണ്; നിലവിലുള്ള സ്റ്റാഫ് പാറ്റേൺ നിലവാരം നിശ്ചയിക്കൽപ്രകാരം താലൂക്കാശുപത്രിയുടേതിന് സമാനമാണോയെന്ന് അറിയിക്കാമോ; സ്റ്റാന്റേർഡൈസേഷനുമായി ബന്ധപ്പെട്ട് പുതിയ ഉത്തരവുകളുണ്ടെങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലമ്പൂർ ജില്ലാശുപത്രിയിലുള്ള സ്റ്റാഫ് പാറ്റേൺ 2015 മുതലുള്ളതാണ്. 22-04-2017-ലെ സ.ഉ. (കൈ) നം. 58/2017/ആ.കു.വ. പ്രകാരം ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നിലമ്പൂർ ജില്ലാശുപത്രിയെ താലൂക്കുതല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സ്റ്റാന്റേർഡൈസേഷനുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(സി) നിലമ്പൂർ ജില്ലാശുപത്രിയിൽ ഓരോ ദിവസവും ശരാശരി എത്ര രോഗികളെ വീതം കിടത്തി ചികിത്സിക്കുന്നുണ്ട്; എത്ര രോഗികൾ വീതം ശരാശരി ഒരു ദിവസം ഒ.പി.-യിലെത്തുന്നുണ്ട്; ഉയർന്ന തോതിൽ രോഗികളുള്ളതിനാൽ രോഗികളെ ശരിയായി പരിചരിക്കാൻ നിലവിലുള്ള ജീവനക്കാരെക്കൊണ്ട് സാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലമ്പൂർ ജില്ലാശുപത്രിയിലെ ദൈനംദിന ശരാശരി ഒ.പി. 2000-വും ഐ.പി. 300-ഉം ആണ്. നിലവിലെ ജീവനക്കാരോടൊപ്പം HMC, NHM, KASP എന്നിവ മുഖേന താൽക്കാലിക ജീവനക്കാരെക്കൂടി നിയമിച്ച് രോഗികൾക്ക് പരിചരണം നൽകിവരുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത ജില്ലാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫയൽ നമ്പരും ഫയൽ ഏത് കാര്യാലയത്തിലാണെന്നും ഇക്കാര്യത്തിൽ സർക്കാർ എന്ത് തീരുമാനമെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

സമഗ്രവികസന പാക്കേജിന്റെ ഭാഗമായി ആരോഗ്യവകുപ്പിൽ തസ്തിക സൃഷ്ടിക്കുന്ന വിഷയം സമാഹൃത പ്രൊപ്പോസലായിട്ടാണ് സർക്കാർ പരിശോധിച്ചുവരുന്നത്. പ്രസ്തുത പ്രൊപ്പോസൽ എം1/104/2021/ആ.കു.വ. എന്ന ഫയലിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

**സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ലാബ് ടെക്നീഷ്യൻമാരുടെ തൊഴിൽ സംരക്ഷണം**

223 (2358) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ ആശുപത്രികൾ, ലാബുകൾ, ക്ലിനിക്കുകൾ എന്നിവയിൽ ജോലി ചെയ്തുവരുന്ന ലാബ് ടെക്നീഷ്യൻമാരുടെ നിശ്ചിത യോഗ്യത സംബന്ധിച്ച് മിനിമം സ്റ്റാൻഡേർഡ് ചട്ടം നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 20-04-2023-ലെ SRO നമ്പർ 503/2023 പ്രകാരം ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതനുസരിച്ച് ലബോറട്ടറികളെ ലെവൽ 1, ലെവൽ 2, ലെവൽ 3 എന്ന് തരംതിരിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിനുംവേണ്ട മിനിമം സ്ഥലസൗകര്യം, മാനവവിഭവശേഷി, ജൈവസുരക്ഷ, ബയോമെഡിക്കൽ മാലിന്യനിർമ്മാർജ്ജനം, ഓരോ വിഭാഗത്തിലും ചെയ്യാവുന്ന ടെസ്റ്റുകൾ എന്നിവ നിശ്ചയിച്ച് വിജ്ഞാപനത്തിലുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ജോലിക്കുള്ള നിശ്ചിത യോഗ്യതയായി വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളത് ഏതൊക്കെ കോഴ്സുകളാണെന്ന് വിശദമാക്കുമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച കോഴ്സുകൾ നിശ്ചിത യോഗ്യതയായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ബന്ധപ്പെട്ട ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുമ്പുള്ള കാലയളവിൽ സ്വകാര്യമേഖലയിൽ പഠനവും പരിശീലനവും പൂർത്തിയാക്കിയിട്ടുള്ളവരും നിലവിൽ ജോലി ചെയ്തുവരുന്നവരുമായ ലാബ് ടെക്നീഷ്യൻമാരുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 31-05-2023-ൽ ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, പബ്ലിക് ഹെൽത്ത് ലാബ് ഡയറക്ടർ എന്നിവരുമായി ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിയമനം**

224 (2359) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്ന് ശമ്പള സ്കെയിൽ സഹിതം ലഭ്യമാക്കാമോ; പ്രസ്തുത ജീവനക്കാരെ എപ്രകാരമാണ് സ്ഥിരപ്പെടുത്തിയതെന്ന് അറിയിക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിലവിൽ ഒമ്പത് സ്ഥിരം ജീവനക്കാരാണുള്ളത്.

| ക്രമ നം. | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ (Pre-revised- 10th PRC) |
|---|---|---|---|
| 1 | അസിസ്റ്റന്റ് | 7 | 26500-56700 |
| 2 | കാഷ്യർ | 1 | 26500-56700 |
| 3 | ക്വാളിറ്റി അസിസ്റ്റന്റ് (നഴ്സിംഗ്) - കെംപ് | 1 | 27800-59400 |

മേൽ പട്ടികയിലെ അസിസ്റ്റന്റ്, കാഷ്യർ സ്ഥിരം തസ്തികകളിലെ നിയമനത്തിനായി കോർപ്പറേഷൻ 11-03-2010-ലെ വിജ്ഞാപനം നം. 2115/2010/Admn/KMSCL പ്രകാരം അപേക്ഷ ക്ഷണിക്കുകയും തുടർന്ന് എഴുത്തുപരീക്ഷയും പ്രായോഗിക പരീക്ഷയും അഭിമുഖവും നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി KS&SSR-ലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങൾ അനുശാസിക്കും

പ്രകാരം സംവരണതത്ത്വങ്ങൾ പാലിച്ചാണ് സ്ഥിരനിയമനം നടത്തിയിട്ടുള്ളത്. 26-10-2019-ലെ സർക്കാർ ഉത്തരവ് (കൈ.) നം. 162/19/H&FWD പ്രകാരം ക്വാളിറ്റി അസിസ്റ്റന്റ് (നഴ്സിംഗ്)- കെംപ് എന്ന തസ്തിക സൃഷ്ടിക്കുകയും 05-09-2018-ൽ ചമ്പക്കുളത്തുവച്ച് 108 ആംബുലൻസിന് തീപിടുത്തമുണ്ടായ അവസരത്തിൽ തന്റെ ജീവൻപോലും പണയംവച്ച് നൽകിയ സേവനം പരിഗണിച്ച് ആലപ്പുഴ ജില്ലയിലെ ശ്രീ. സെയ്ഫുദീൻ എസ്.-ന് ടി തസ്തികയിൽ നിയമനം നൽകുകയും ചെയ്തു.

(ബി) പ്രസ്തുത ജീവനക്കാർക്ക് സർക്കാർ സർവ്വീസിലെ എൽ.ഡി. ക്ലാർക്കിന്റെ ശമ്പള സ്കെയിൽ അനുവദിക്കാനാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന്റെ ശമ്പള സ്കെയിൽ അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; അതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരായ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലുള്ളവർക്ക് നിലവിൽ നൽകിവരുന്നത് 26500-56700 എന്ന പത്താം ശമ്പള കമ്മീഷന്റെ ശിപാർശ

പ്രകാരമുള്ള ശമ്പള സ്കെയിലാണ്. ആയത് സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന്റെ സ്കെയിലല്ല. പത്താം ശമ്പള കമ്മീഷന്റെ ശിപാർശ നടപ്പിലാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവുപ്രകാരം സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന്റെ ശമ്പള സ്കെയിൽ 27800-59400 ആണ്. കോർപ്പറേഷനിലെ ക്വാളിറ്റി അസിസ്റ്റന്റ് (നഴ്സിംഗ്)- കെംപ് തസ്തികയ്ക്ക് മാത്രമാണ് 26-10-2019-ലെ സർക്കാർ ഉത്തരവ് (കൈ.) നം. 162/19/H&FWD പ്രകാരം പ്രസ്തുത സ്കെയിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

(സി) സർക്കാർ ഉത്തരവ് (അച്ചടി) 448/2017 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ സൃഷ്ടിച്ച അസിസ്റ്റന്റ് (7), കാഷ്യർ (1) തസ്തികകളിലേയ്ക്ക് കിറ്റ്കോ വഴി നിയമനം നടത്താൻ 6-3-2010-ൽ സർക്കാർ തലത്തിൽനിന്നും മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും അതിനുവിരുദ്ധമായി കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ എന്ന ഏജൻസിവഴി നിയമനം നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്ഥിരം നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ചെയ്യുന്നതിനായി കിറ്റ്കോയുമായി

ബന്ധപ്പെട്ടുവെങ്കിലും അനുകൂല മറുപടി ലഭിച്ചില്ല. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിനുകീഴിലുള്ള എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും മരുന്നുകളും ഉപകരണങ്ങളും വിതരണം ചെയ്യുന്ന കോർപ്പറേഷന് ആരംഭ കാലഘട്ടത്തിൽ ഡെപ്യൂട്ടേഷൻ/കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ മാത്രമാണ് ജീവനക്കാരുണ്ടായിരുന്നത്. മുഖ്യകാര്യാലയത്തിൽ 46 ജീവനക്കാരും 14 ജില്ലകളിലുമുള്ള മരുന്ന് സംഭരണശാലകളിൽ 84 ജീവനക്കാരും മാത്രമായിരുന്നുണ്ടായിരുന്നത്. മാനവ വിഭവശേഷി തികച്ചും അപര്യാപ്തമായിരുന്നതിനാലും കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഉത്തരവാദിത്തത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥിരം ജീവനക്കാരുടെ സേവനം അനിവാര്യമാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലുമാണ് അസിസ്റ്റന്റ്/കാഷ്യർ തസ്തികകൾക്കായി മറ്റൊരു സർക്കാർ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ മുഖാന്തരം റിക്രൂട്ട്മെന്റ് പ്രക്രിയ നടത്തിയത്.

(ഡി) 15-06-2015-ലെ 60874/ജെ1/2015/ആ.കു.വ. നമ്പർ കത്തിലെ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഇ) പ്രസ്തുത ജീവനക്കാരുടെ നിയമനം ക്രമീകരിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പ് നടത്തിയ സത്വരാന്വേഷണ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ?

(ഡി&ഇ) 15-06-2015-ലെ 60874/ജെ1/2015/ആ.കു.വ. നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിലെ 7 അസിസ്റ്റന്റുമാരുടെയും ഒരു കാഷ്യറുടെയും നിയമനം റെഗുലറൈസ് ചെയ്യുന്നതുസംബന്ധിച്ച വിഷയവും ശ്രീ. പി. രാജ്കുമാർ സമർപ്പിച്ച പരാതിയെ സംബന്ധിച്ച വിഷയവും 24-08-2015-ൽ ചേർന്ന നാല്പത്തിമൂന്നാമത് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് യോഗത്തിൽ അജണ്ടയായി വയ്ക്കുകയും തുടർന്ന് ഡയറക്ടർ ബോർഡ് ചുവടെ ചേർത്തപ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1) കോർപ്പറേഷനിലെ എട്ട് സ്ഥിരം ജീവനക്കാരുടെയും പെർഫോർമൻസ് അപ്രൈസൽ നടത്തുന്നതിനും യോഗ്യരായ ഉദ്യോഗസ്ഥരുടെ പ്രൊബേഷൻ അടിയന്തരമായി ഡിക്ലെയർ ചെയ്യുവാനും മാനേജിംഗ് ഡയറക്ടറെ അധികാരപ്പെടുത്തി.

2) ശ്രീ. പി. രാജ്കുമാർ അദ്ദേഹത്തിന്റെ പരാതിയിൽ ആരോപിക്കുന്നതുപോലെ ടി ഉദ്യോഗസ്ഥരുടെ നിയമന പ്രക്രിയയിൽ നടപടിക്രമങ്ങളുടെ ലംഘനമുണ്ടായിട്ടില്ലെന്ന് സർക്കാരിനെ അറിയിക്കുവാനും നിർദ്ദേശിച്ചു. തുടർന്ന്, അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നിയമിതരായവരുടെ പെർഫോർമൻസ് അപ്രൈസൽ നടത്തുകയും മാനേജിംഗ് ഡയറക്ടർ എല്ലാ ഉദ്യോഗസ്ഥരുടെയും പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. വിജിലൻസ് വകുപ്പിന്റെ ശിപാർശ സർക്കാർ പരിശോധിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി പ്രസ്തുത ജീവനക്കാരുടെ ശമ്പള സ്കെയിൽ നിശ്ചയിച്ച് നൽകുകയും ജീവനക്കാരുടെ സർവ്വീസ് ബുക്ക് ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

## എസ്.എ.ടി. ആശുപത്രിയിലെ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയിലെ ശിക്ഷണനടപടികൾ

225(2360) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എ.ടി. ആശുപത്രിയിലെ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയിൽനിന്ന് 2021 മുതൽ എത്ര ജീവനക്കാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ച് പുറത്താക്കിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ; പ്രസ്തുത ജീവനക്കാരുടെ പേരുവിവരം ലഭ്യമാകുമോ?

ഒരു ജീവനക്കാരിക്കെതിരെ ശിക്ഷണനടപടി സ്വീകരിച്ച് സർവ്വീസിൽനിന്നും നീക്കംചെയ്തു. ശ്രീമതി മീന കെ. എന്ന ജീവനക്കാരിയെയാണ് നീക്കം ചെയ്തിട്ടുള്ളത്.

(ബി) പിരിച്ചുവിടുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചാണോ സൊസൈറ്റിയിൽനിന്ന് ജീവനക്കാരെ പിരിച്ചുവിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നടപടിക്രമങ്ങൾ പാലിച്ചാണ് പിരിച്ചുവിട്ടിട്ടുള്ളത്.

(സി) മുഖ്യമന്ത്രിക്കെതിരെ സാമൂഹിക മാധ്യമങ്ങളിലൂടെ പ്രതികരിച്ച ഏതെങ്കിലും ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സൊസൈറ്റിക്ക് അപകീർത്തിയും അവമതിപ്പുമുണ്ടാകുന്ന തരത്തിൽ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരണം നടത്തിയതിന് ഒരു ജീവനക്കാരിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ശിക്ഷണനടപടിയുടെ ഭാഗമായി കർശനമായി താക്കീത് നൽകിയിട്ടുണ്ട്.

(ഡി) പ്രായപരിധി പിന്നിട്ട എത്രപേർ നിലവിൽ സൊസൈറ്റിയിൽ ജോലി ചെയ്യുന്നുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

പ്രായപരിധി പിന്നിട്ട ആരും സൊസൈറ്റിയിൽ ജോലി ചെയ്യുന്നില്ല.

(ഇ) ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയുടെ ഏറ്റവും ഉയർന്ന പ്രായപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ?

എസ്.എ.ടി. ആശുപത്രിയിലെ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയിൽ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ എന്ന തസ്തിക നിലവിലില്ല.

അഡ്മിനിസ്റ്റേറ്റീവ് ആഫീസർ-കം-അക്കൗണ്ട്സ് ആഫീസർ എന്ന തസ്തികയാണുള്ളത്.

**ഡയാലിസിസ് ടെക്നീഷ്യൻമാരുടെ കുറവ് പരിഹരിക്കാൻ നടപടി**

226(2361) ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിലും ഇതര സർക്കാർ ആശുപത്രികളിലും കൂടുതൽ ഡയാലിസിസ് ടെക്നീഷ്യൻമാരെ താത്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

കൂടുതൽ ഡയാലിസിസ് ടെക്നീഷ്യൻമാരെ ആവശ്യമായി വരുന്ന സാഹചര്യത്തിൽ HDS മുഖാന്തരം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) മുഖേനയുള്ള നിയമനത്തിൽ ഇപ്പോൾ ഡയാലിസ് ടെക്നീഷ്യൻ തസ്തിക ഉൾപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഒരു ഷിഫ്റ്റ് മാത്രം പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റുകളുള്ള സർക്കാർ ആശുപത്രികളിൽ കൂടുതൽ ഡയാലിസിസ് ടെക്നീഷ്യൻമാരെ നിയമിച്ച് ഷിഫ്റ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച് പരമാവധി രോഗികൾക്ക് സേവനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പൂർണ്ണതോതിൽ പ്രവർത്തിക്കുന്ന ആശുപത്രികളിലെല്ലാം ഒന്നിൽക്കൂടുതൽ ഷിഫ്റ്റുകളിലോ 24 മണിക്കൂറോ പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റുകളുണ്ട്. കുടുതൽ ഡയാലിസിസ് യൂണിറ്റുകളുടെ സേവനം ആവശ്യമാകുന്നപക്ഷം പ്രസ്തുത സാഹചര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**നാഷണൽ കമ്മീഷൻ ഫോർ അലയിഡ് ആൻഡ് ഹെൽത്ത്കെയർ പ്രൊഫഷണൽസ് ആക്റ്റ്**

227(2362) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത്കെയർ പ്രൊഫഷണൽസ് ആക്റ്റ് സംസ്ഥാനത്ത്

നടപ്പിലാക്കപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിയമത്തിന്റെ പരിധിയിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ?

2021-ലെ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷണൽ ആക്ടിന്റെ സെക്ഷൻ 22 പ്രകാരം കേരള സ്റ്റേറ്റ് അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ 28-09-2022-ലെ സ.ഉ. (അച്ചടി) നമ്പർ 53/2022/ആ.കു.വ. ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ സെക്ഷൻ 2 (7)-ൽ ആറാമത് ഇനമായി ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ആക്ട് സംസ്ഥാനത്ത് നടപ്പാക്കുന്നതുസംബന്ധിച്ച് ഹെൽത്ത് & ഫാമിലി വെൽഫയർ ഡിപ്പാർട്ട്മെന്റിൽ നിലവിലുള്ള കെ.2/27/2022 എന്ന ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കെ.2/27/2022/ആ.കു.വ. നമ്പർ ഫയലിൽ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ട് 2021

പ്രകാരം സംസ്ഥാനത്ത് കേരള സ്റ്റേറ്റ് അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കുന്നതും തുടർന്നുള്ള നടപടികൾ സംബന്ധിച്ച വിഷയവുമാണ് കൈകാര്യം ചെയ്തുവരുന്നത്. പ്രസ്തുത ഫയലിൽ 07-02-2022-ലെ സ.ഉ. (കൈ) 30/2022/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച വിദഗ്ദ്ധ സമിതി സമർപ്പിച്ച കരട് റൂൾ നിയമ വകുപ്പുമായും ധനകാര്യ വകുപ്പുമായും കൂടിയാലോചിച്ച് 17-03-2023-ലെ സ.ഉ. (അച്ചടി) നമ്പർ 13/2023/ആ.കു.വ. ഉത്തരവുപ്രകാരം പ്രസിദ്ധീകരിക്കുകയും (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)+ കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ച് 17-03-2023-ലെ സ.ഉ. (കൈ) 65/2023/ആ.കു.വ. നമ്പർ ഉത്തരവുപ്രകാരം തസ്തികകകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തിരുവനന്തപുരം ഗവൺമെന്റ് മാനസികാരോഗ്യ കേന്ദ്രത്തിലെ ഒക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തിക പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

തിരുവനന്തപുരം ഗവൺമെന്റ് മാനസികാരോഗ്യ കേന്ദ്രത്തിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ ഒരു തസ്തിക നിലവിലുണ്ട്. ടി തസ്തികയിലെ ഒഴിവ് സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ അഡ്ഹോക്ക് മുഖാന്തരം നിയമനം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ബാച്ച്ലർ ഓഫ് ഒക്യുപേഷണൽ തെറാപ്പി കോഴ്സ് പഠിപ്പിക്കുന്നതിനായി ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യത്തിൽ ഇരിങ്ങാലക്കുട എൻ.ഐ.പി.എം.ആർ. പോലെയുള്ള സ്ഥാപനങ്ങളിൽ ഒക്യുപേഷണൽ തെറാപ്പി കോഴ്സിലെ നിശ്ചിത വിഷയങ്ങൾ പഠിപ്പിക്കാൻ കഴിയാതെവരുന്നതിനാൽ പ്രസ്തുത വിഷയങ്ങൾ പഠിപ്പിക്കാൻ ഡോക്ടർമാരുടെ ഭാഗിക സമയസേവനം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

**നാഷണൽ ഹെൽത്ത് മിഷൻ**

228(2363) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് തസ്തികകളിൽ ഡെപ്യൂട്ടേഷൻ നൽകുന്നത് പരമാവധി എത്ര കാലാവധിക്കാണെന്ന് വ്യക്തമാക്കാമോ?

നാഷണൽ ഹെൽത്ത് മിഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥർക്ക് സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷത്തേയ്ക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതും തുടർന്ന് മാതൃവകുപ്പിൽനിന്നും നിരാക്ഷേപപത്രം ലഭിച്ചശേഷം സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ചുനൽകുന്നതുമാണ്.

(ബി) നാഷണൽ ഹെൽത്ത് മിഷന്റെ സ്റ്റേറ്റ് എച്ച്.ആർ. മാനേജർ തസ്തിക ഡെപ്യൂട്ടേഷൻ തസ്തികയാണോ; ഈ തസ്തികയിൽ നിയമനത്തിനുള്ള മാനദണ്ഡം വിശദമാക്കാമോ?

നാഷണൽ ഹെൽത്ത് മിഷന്റെ സ്റ്റേറ്റ് എച്ച്.ആർ. മാനേജർ തസ്തിക ഡെപ്യൂട്ടേഷൻ തസ്തികയാണ്. "കേന്ദ്ര/സംസ്ഥാന ഗവൺമെന്റ്/യു.ടി. അഡ്മിനിസ്ട്രേഷൻസ് അല്ലെങ്കിൽ സെൻട്രൽ സ്റ്റാറ്റ്യൂട്ടറി/ഓട്ടോണമസ് ബോഡികൾക്കുകീഴിലുള്ള അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ, അംഗീകൃത സർവ്വകലാശാലാ ബിരുദവും അഡ്മിനിസ്ട്രേഷൻ, എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങളിൽ അനുഭവപരിചയവുമുള്ളവർ" എന്നതാണ് ഈ തസ്തികയിൽ നിയമനത്തിനുള്ള മാനദണ്ഡം.

(സി) പ്രസ്തുത തസ്തികയിലെ ഉദ്യോഗസ്ഥൻ എത്ര കാലമായി ഡെപ്യൂട്ടേഷനിൽ തുടരുന്നുവെന്ന് അറിയിക്കാമോ?

02-11-2016 മുതൽ ഡെപ്യൂട്ടേഷനിൽ തുടരുന്നു.

**അരുവിക്കര മണ്ഡലത്തിലെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ**

229(2364) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലുൾപ്പെടുന്ന ആശുപത്രികളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിവരങ്ങൾ ആശുപത്രി തിരിച്ച് ലഭ്യമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിലുൾപ്പെടുന്ന ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ആശുപത്രികളിൽ ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഡോക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി. മുഖേനയും സ്ഥാനക്കയറ്റം മുഖേനയും അഡ്ഹോക്ക് വ്യവസ്ഥയിലും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജെ.പി.എച്ച്.എൻ. ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നികത്തുന്നതാണ്. ജെ.പി.എച്ച്.എൻ. ഗ്രേഡ് 2 തസ്തികയിൽ സൂപ്പർ ന്യൂമററിയായി ജോലിയിൽ പ്രവേശിച്ച ജീവനക്കാർ ഫയൽ ചെയ്ത കേസിന്മേലുള്ള 20-07-2023-ലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ.ഉ. (സാധാ) നം. 1777/2023/ആ.കു.വ. പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പട്ടികയിൽ ഭേദഗതി വരുത്തി അടിയന്തരമായി സ്ഥാനക്കയറ്റം നൽകി ജെ.പി.എച്ച്.എൻ. ഗ്രേഡ്-1 തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി.എച്ച്.എൻ.എസ്. തസ്തികയിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനും പി.എച്ച്.എൻ. തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ 2000-2007 കാലയളവിലെ സീനിയോറിറ്റി പട്ടികയിലുൾപ്പെട്ട ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധിച്ച തർക്കം സർക്കാർ പരിശോധിച്ചുവരുന്നു. ആയതിന്മേൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽനിന്നും സ്ഥാനക്കയറ്റത്തിലൂടെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലെ ഒഴിവ് നികത്തുന്നതാണ്. ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവുകൾ

പി.എസ്.സി. നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1 എന്നീ തസ്തികയിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതാണ്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ സ്ഥാനക്കയറ്റം / എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നികത്തുന്നതാണ്.

**ക്യാൻസർ ബാധിതയുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ**

230 (2366) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗിയായ ഇരിങ്ങാലക്കുട ജനറലാശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റ് ശ്രീമതി സുധ ഇ. പി. അനുതാപാർഹമായ അന്തർജില്ലാ സ്ഥലംമാറ്റത്തിന് നൽകിയ അപേക്ഷയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അന്തർജില്ലാ സ്ഥലംമാറ്റത്തിന് നൽകിയ അപേക്ഷയിൽ രണ്ട് വർഷത്തിനുശേഷവും തീരുമാനമുണ്ടാകാത്തത് അപേക്ഷകയുടെ ചികിത്സയെ ബാധിക്കുന്നതിനാൽ പ്രസ്തുത അപേക്ഷയിന്മേൽ അടിയന്തരമായി തീരുമാനമെടുക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകാമോ;

(സി) പ്രസ്തുത അപേക്ഷയിൽ അടിയന്തര പ്രാധാന്യത്തോടെ തീർപ്പുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) ഇരിങ്ങാലക്കുട ജനറലാശുപത്രിയിൽ അറ്റന്റന്റ് ഗ്രേഡ്- II തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി സുധ ഇ. പി. അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ 17-12-2021-ലെ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ എ 3/24539/2021 നമ്പർ കത്തുപ്രകാരം സമർപ്പിച്ചിരുന്നെങ്കിലും പിന്നീട് ടിയാൾക്ക് ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച സാഹചര്യത്തിൽ 23-08-2022-ലെ ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രിയിലെ മെഡിക്കൽ സൂപ്രണ്ടിന്റെ എ-494/22 നമ്പർ കത്ത് മുഖേന ഉടൻതന്നെ നഴ്സിംഗ് അസിസ്റ്റന്റ്

തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കാൻ സാധ്യതയുള്ളതിനാൽ അശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ ജോലി ചെയ്തിരുന്ന സമയത്ത് സമർപ്പിച്ച അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ റദ്ദ് ചെയ്യണമെന്ന് അപേക്ഷിച്ച സാഹചര്യത്തിൽ 2022-ലെ അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിലെ അന്തർജില്ലാ സ്ഥലംമാറ്റത്തിൽനിന്നും ഒഴിവാക്കുകയുണ്ടായി. എന്നാൽ ടിയാൾക്ക് നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും തുടർന്ന് 13-10-2022-ലെ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ എ 3/24539/2022 നമ്പർ കത്തുപ്രകാരം നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള പുതിയ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. 2023-ലെ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ അന്തർജില്ലാ സ്ഥലംമാറ്റ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ നിലവിലെ ചട്ടപ്രകാരം ശ്രീമതി സുധ ഇ. പി.-യുടെ അപേക്ഷ പരിഗണിക്കുന്നതാണ്.

## മാവേലിക്കര ജില്ലാശുപത്രിയിലെ നിയമനം

231 (2367) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാശുപത്രിയിൽ കാർഡിയോളജി, നെഫ്രോളജി വിഭാഗങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കാമോ?

ആർദ്രം മാനദണ്ഡപ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നിലവിൽ ജില്ലാതല ആശുപത്രികളിലാണ് ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നത്. ആലപ്പുഴ ജനറൽ ആശുപത്രിയെയാണ് ജില്ലയിൽനിന്നും ആർദ്രം പദ്ധതിപ്രകാരം ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി) പ്രസ്തുത ആശുപത്രിയിൽ ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ടി ആശുപത്രിയിലെ ബ്ലഡ് ബാങ്ക് വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആലപ്പുഴ ജനറൽ ആശുപത്രിയിലെ ജൂനിയർ

കൺസൾട്ടന്റിനെ ബ്ലഡ് ബാങ്കിലേയ്ക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ ആഴ്ചയിൽ രണ്ട് ദിവസത്തേയ്ക്ക് നിയോഗിച്ചിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ നിയമനം**

232 (2368) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് വിവിധ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

| സ്ഥാപനം | ഒഴിവുള്ള തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| താലൂക്കാശുപത്രി, ബാലുശ്ശേരി | പി.എച്ച്.എൻ. സൂപ്പർവൈസർ | 1 |
| | എക്സ്റേ അറ്റൻഡർ | 1 |
| | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| എഫ്.എച്ച്.സി., പനങ്ങാട് | ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| | ജെ.പി.എച്ച്.എൻ. ഗ്രേഡ്-1 | 1 |
| | ജെ.പി.എച്ച്.എൻ. | 1 |

| | | |
|---|---|---|
| | ഗ്രേഡ്-1I | |
| സി.എച്ച്.സി., കൂരാച്ചുണ്ട് | ക്ലാർക്ക് | 1 |
| | ജെ.പി.എച്ച്.എൻ. ഗ്രേഡ്-1 | 1 |
| | പി.എച്ച്.എൻ. | 1 |
| | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| എഫ്.എച്ച്.സി., എരമംഗലം | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II | 1 |
| | സ്റ്റാഫ് നഴ്സ് ഗ്രേഡ്-I | 1 |
| എഫ്.എച്ച്.സി., മങ്ങാട് | ഓഫീസ് അറ്റൻഡന്റ് | 1 |
| | ജെ.പി.എച്ച്.എൻ. ഗ്രേഡ്-1 | 2 |
| | ജെ.പി.എച്ച്.എൻ. ഗ്രേഡ്-1I | 2 |
| പി.എച്ച്.സി., കക്കയം | ജെ.പി.എച്ച്.എൻ. ഗ്രേഡ്-1I | 1 |
| എഫ്.എച്ച്.സി., കായണ്ണ | ജെ.പി.എച്ച്.എൻ. ഗ്രേഡ്-1I | 2 |
| എഫ്.എച്ച്.സി., നടുവണ്ണൂർ | പി.എച്ച്.എൻ. | 1 |
| | ജെ.പി.എച്ച്.എൻ. | 2 |

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. പബ്ലിക് ഹെൽത്ത് സൂപ്പർ വൈസർ, എക്സ്റേ അറ്റൻഡർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളുടെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതാണ്. ലേഡീസ് ഹെൽത്ത് ഇൻസ്പെക്ടർ (പബ്ലിക് ഹെൽത്ത് നഴ്സ്) തസ്തികയിലെ ഒഴിവുകളിലേയ്ക്ക് താല്ക്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II, ക്ലാർക്ക്, സ്റ്റാഫ് നഴ്സ് ഗ്രേഡ്-II , ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/പ്രൊമോഷൻ വഴി നികത്തുന്നതാണ്.

**ഡെന്റൽ ഹൈജീനിസ്റ്റ് നിയമനത്തിന് സ്പെഷ്യൽ റൂൾസ്**

233 (2369) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റ് നിയമനത്തിന് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിലില്ല.

(ബി) ഡെന്റൽ ഹൈജീനിസ്റ്റ് സ്പെഷ്യൽ റൂൾസ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഡെന്റൽ ഹൈജീനിസ്റ്റ് നിയമനത്തിനുള്ള യോഗ്യതയായി എയിംസിൽ നടത്തുന്ന ബാച്ചിലർ ഇൻ ഡെന്റൽ ഹൈജീൻ കോഴ്സ് സ്പെഷ്യൽ റൂൾസിലുൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പരപ്പനങ്ങാടി നെടുവ സി.എച്ച്.സി.-യിലെ ജീവനക്കാരുടെ ഒഴിവ്**

234 (2370) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നെടുവ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ (സി.എച്ച്.സി.) ഫാർമസിസ്റ്റിനെ വർക്കിംഗ് അറേഞ്ച്മെന്റിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിലേയ്ക്ക് നിയമിച്ചതുമൂലം പ്രസ്തുത

തസ്തിക ഒഴിഞ്ഞുകിടക്കുന്നതുകൊണ്ടുള്ള പ്രശ്നങ്ങളും ജനങ്ങളുടെ പ്രതിഷേധവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

നെടുവ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റിന്റെ രണ്ട് സ്ഥിരം തസ്തികയുണ്ട് (Sanctioned Post 2). അതിൽ ഒരാൾക്ക് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് എൻ.എച്ച്.എം. മുഖേന ഒരാളും കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പുമുഖേന ഒരാളും സേവനമനുഷ്ഠിക്കുന്നുണ്ട്. നിലവിൽ മൂന്ന് ഫാർമസിസ്റ്റുമാർ ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. അതിനാൽ ആരോഗ്യവകുപ്പ് കാര്യാലയത്തിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നൽകിയ നിയമനം പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയമനം റദ്ദുചെയ്ത് നെടുവ സി.എച്ച്.സി.-യിലെ ഒഴിവ് നികത്തണമെന്നാവശ്യപ്പെട്ട് മണ്ഡലം എം.എൽ.എ.-യും പരപ്പനങ്ങാടി നഗരസഭ ചെയർമാനും വകുപ്പുമന്ത്രി, സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർ

എന്നിവർക്ക് നൽകിയ നിവേദനങ്ങളിൽ ഓരോന്നിലും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

വിവിധ നിവേദനങ്ങൾ പരിഗണിച്ച് 24-08-2023-ലെ ഉത്തരവ് നം. എ 8/10367/2023/ജി.മെ.ആ.(ആ) മലപ്പുറം പ്രകാരം ശ്രീമതി അഖില കെ.-യെ നെടുവ സി.എച്ച്.സി.-യിൽനിന്നും മഞ്ചേരി ജനറലാശുപത്രിയിലേയ്ക്ക് സ്ഥലമാറ്റി ഉത്തരവായിരുന്നു. 04-09-2023-ലെ ഉത്തരവ് നം. എ 8/10367/2023/ജി.മെ.ആ. (ആ) മലപ്പുറം പ്രകാരം പൊൻമല സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റിനെ നെടുവ സി.എച്ച്.സി.-യിലേയ്ക്ക് നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത വ്യക്തിക്ക് തിരുവനന്തപുരത്തേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിന് തടസ്സമുള്ളതിനാലാണോ ടി തസ്തിക നെടുവ സി.എച്ച്.സി.-യിൽത്തന്നെ നിലനിർത്തി വർക്കിംഗ് അറേഞ്ച്മെന്റിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിലേയ്ക്ക് മാറ്റിനിയമിച്ചതെന്നും അപ്രകാരം നിയമിക്കുന്നതിന് ശിപാർശ നൽകിയത് ആരാണെന്നും വിശദമാക്കാമോ?

ആരോഗ്യ വകുപ്പ് കാര്യാലയത്തിന്റെ കീഴിൽവരുന്ന 1200-ൽപ്പരം സർക്കാർ ആശുപത്രികളിൽ കുടുംബാരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ജനസംഖ്യ നിയന്ത്രണം, യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിലൂടെ നടത്തുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ, വാക്സിൻ ലോജിസ്റ്റിക് മാനേജ്മെന്റ്, കോവിഡ് വാക്സിനേഷൻ, ഫാമിലി പ്ലാനിംഗ് കമ്മോഡിറ്റീസ്, ഇൻഡന്റ് എല്ലാ ജില്ലകളിൽനിന്നും ശേഖരിച്ച് അവ ക്രോഡീകരിച്ച് സംഭരിച്ച് വിതരണം നടത്തുക, ആയതിന്റെ പ്രതിമാസ റിപ്പോർട്ടുകളും മറ്റ് റിപ്പോർട്ടുകളും തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുക, 'Evin' സോഫ്റ്റ്‌വെയർ വഴി വാക്സിനുകളുടെയും FPLMIS സോഫ്റ്റ്‌വെയർ വഴി ഫാമിലി വെൽഫെയർ കമ്മോഡിറ്റീസിന്റെയും അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കൽ, കൂടാതെ FPLMIS-മായി ബന്ധപ്പെട്ട എല്ലാ ജില്ലകളിലെയും എഫ്.ഡബ്ല്യു. സ്റ്റോർ കസ്റ്റോഡിയന്മാർക്കും ട്രെയിനിംഗ് നൽകുക എന്നീ സുപ്രധാന ജോലികൾ ഫാമിലി വെൽഫെയർ സ്റ്റോർ ഓഫീസറിന്റെ കീഴിൽ നടന്നുവരുന്നു. ഈ പ്രവർത്തനങ്ങൾ നടത്താൻ സ്റ്റോർ ഓഫീസറുടെ ഒരു തസ്തിക മാത്രമാണുള്ളത്. കാലാകാലങ്ങളിൽ സ്റ്റോർ ഓഫീസർ

(എഫ്.ഡബ്ല്യു.)-ന്റെ സഹായത്തിനായി കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഫാർമസിസ്റ്റുമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചുവരുന്നു. ഇപ്പോൾ നിയമിച്ചിരിക്കുന്ന ഫാർമസിസ്റ്റിന് FPLMIS ട്രെയിനിംഗ് ലഭിച്ചതും 'Evin' സോഫ്റ്റ്‌വെയർ പരിജ്ഞാനമുള്ളതും കോവിഡ് കാലത്ത് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിലെ സ്റ്റോർ വെരിഫിക്കേഷൻ ടീമിൽ പ്രവർത്തനങ്ങൾ നടത്തി പരിചയസമ്പത്തുമുള്ള ആളാണ്. അതിനാലാണ് നെടുവ സി.എച്ച്.സി.-യിൽനിന്നും ഫാർമസിസ്റ്റിനെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് നിയമിച്ചത്.

(ഡി) നെടുവ സി.എച്ച്.സി.-യിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്; അതിന്റെ കാരണമെന്താണ്; പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക**

235 (2371) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എച്ച്.എസ്-നു കീഴിലുള്ള ആശുപത്രികളിൽ ഇ.സി.ജി. ടെക്നീഷ്യൻ തസ്തികയുടെ അഭാവം ചൂണ്ടിക്കാട്ടി പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവകുപ്പിനു കീഴിൽ ഇ.സി.ജി. ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കണമെന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജില്ലാ/താലൂക്കുതല ആശുപത്രികളിലുണ്ടായിരിക്കേണ്ട ഇ.സി.ജി. ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ആരോഗ്യമേഖലയിൽ 1200 പുതിയ തസ്തികകൾ സൃഷ്ടിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നതിൽ ഇ.സി.ജി. ടെക്നീഷ്യന്റെ എത്ര തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആരോഗ്യമേഖലയിൽ സൃഷ്ടിക്കാൻ തത്വത്തിൽ അനുമതി നൽകിയ 1200 തസ്തികകളിൽ ആദ്യഘട്ടത്തിൽ 300 തസ്തികകളാണ് വിവിധ വിഭാഗങ്ങളിലേയ്ക്ക് അനുവദിച്ചത്. ആയതിൽ ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക ഉൾപ്പെട്ടിട്ടില്ല.

(സി) ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി സർക്കാർ ഡി.എച്ച്.എസ്.-നോട് ആവശ്യപ്പെട്ട 632/21 ഹെൽത്ത് എം-1 നമ്പർ ഫയലിലെ അനുബന്ധരേഖകൾ ഡി.എച്ച്.എസ്.-ൽനിന്നും ലഭിച്ചോ; ലഭിച്ചെങ്കിൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ട അനുബന്ധരേഖകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിൽനിന്ന് പുനർവിന്യാസത്തിനുള്ള സാധ്യത പരിശോധിച്ച് അവശ്യംവേണ്ട മിനിമം തസ്തികകളുടെ ശിപാർശ സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

(ഡി) ആർദ്രം മാനദണ്ഡം അനുസരിച്ച് ഓരോ ആശുപത്രിയിലും ഉണ്ടായിരിക്കേണ്ട ഇ.സി.ജി. ടെക്നീഷ്യൻ തസ്തികയുടെ എണ്ണമെത്രയാണ്; അതിൻപ്രകാരമുള്ള തസ്തിക സൃഷ്ടിച്ചിട്ട് പി.എസ്.സി.-യിൽനിന്നും നിയമനം നടത്തിയിട്ടുണ്ടോ?

ആർദ്രം മാനദണ്ഡപ്രകാരം ജില്ലാശുപത്രികളിൽ രണ്ടും താലൂക്കുതല ആശുപത്രികളിൽ ഒന്നും ഇ.സി.ജി. ടെക്നീഷ്യൻ തസ്തികകളുണ്ടായിരിക്കണം. 38 തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ 36 ഇ.സി.ജി. ടെക്നീഷ്യൻ തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടുണ്ട്.

(ഇ) പൊതുജനാരോഗ്യം മുൻനിർത്തി അടിയന്തരമായി എത്ര ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് ഡി.എച്ച്.എസ്.-ൽനിന്നും സർക്കാരിലേയ്ക്ക് ആവശ്യപ്പെട്ടിട്ടുള്ളത്; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഇ.സി.ജി. ടെക്നീഷ്യന്മാരുടെ 56 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമായിട്ടുള്ളത്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിൽനിന്ന് പുനർവിന്യാസത്തിനുള്ള

സാധ്യത പരിശോധിച്ച് അവശ്യംവേണ്ട മിനിമം തസ്തികകളുടെ ശിപാർശ സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

**കാസർഗോഡ് ജില്ലയിൽ ആരോഗ്യവകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

236(2372) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്ത് കാസർഗോഡ് ജില്ലയിൽനിന്നും ആരോഗ്യവകുപ്പിലെ ഡോക്ടർമാരടക്കമുള്ളവരെ സ്ഥലം മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്രപേരെ മാറ്റിയിട്ടുണ്ടെന്ന് അവരുടെ തസ്തികകളും ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളുമടക്കം വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കാസർഗോഡ് ജില്ലയിൽ ആരോഗ്യവകുപ്പിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്ന് സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത തസ്തികകൾ എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നുവെന്നും ആയത് നികത്താനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ നിലവിലുള്ള അസിസ്റ്റന്റ് സർജൻ/ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ/റീജിയണൽ മെഡിക്കൽ ഓഫീസർ (ആർ.എം.ഒ.) തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തിയിട്ടുള്ളതുമാകുന്നു. എന്നാൽ പി.എസ്.സി. നിയമനം നടത്തുന്ന ഭൂരിഭാഗം ഡോക്ടർമാരും ഉപരിപഠനം തുടർന്നുവരുന്നവരായതിനാൽ സർവ്വീസിൽ പ്രവേശിച്ചയുടൻതന്നെ ശൂന്യവേതനാവധിയെടുത്ത് ഉപരിപഠനം നടത്തുകയാണ് ചെയ്തുവരുന്നത്. നിലവിൽ പ്രസ്തുത തസ്തികകളിലേയ്ക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പി.എസ്.സി. നിയമന ശിപാർശ ലഭ്യമായിട്ടുള്ളതും അവയിലേയ്ക്കുള്ള നിയമന നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. ഡോക്ടർമാരുടെ മറ്റ് തസ്തികകളിലെ ഒഴിവുകൾ വകുപ്പുതല ഉദ്യോഗക്കയറ്റ കമ്മിറ്റികൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡോക്ടർമാരുടെ ഒഴിവുകൾ നിലവിൽവന്ന തീയതിയുൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.+ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തിക 2022 നവംബർ മുതലും മലേറിയ ഓഫീസർ തസ്തിക 01-06-2022 മുതലും ഒഴിഞ്ഞുകിടക്കുന്നു. പ്രസ്തുത തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റ ന(ശ്രീ. എം. ബി. രാജേഷ്)ടപടികൾ പുരോഗമിച്ചുവരുന്നു. സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിൽ 01-06-2023-ന് വിരമിക്കൽ മുഖേനയുണ്ടായ 6-ഉം 21-06-2023-ന് സ്ഥലംമാറ്റം നടത്തിയപ്പോഴുണ്ടായ 11-ഉം ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫാർമസിസ്റ്റ് തസ്തികയിലെ രണ്ട് ഒഴിവുകൾ നിലവിൽ വന്നത് 07-08-2023-നാണ്. ആയത് സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചിട്ടുണ്ട്. നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലെ മൂന്ന് ഒഴിവുകൾ 01-01-2023, 01-05-2023, 01-06-2023 എന്നീ തീയതികളിലാണ് നിലവിൽവന്നത്. എല്ലാ ജില്ലകളിലെയും ഒഴിവുകൾ നികത്തുന്നതിനാവശ്യമായ ജീവനക്കാർ സെലക്ട് ലിസ്റ്റിലില്ലാതിരുന്നതിനാൽ പ്രസ്തുത ഒഴിവുകൾ നികത്താൻ കഴിഞ്ഞിട്ടില്ല. പുതിയ സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നഴ്സിംഗ് ട്യൂട്ടർ തസ്തികയിലെ ഒഴിവുകൾ 18-06-2020, 14-10-2020, 05-07-2021, 18-05-2022 എന്നീ തീയതികളിലാണ് നിലവിൽവന്നത്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. ജില്ലാ ലബോറട്ടറി ഓഫീസർ തസ്തികയിലെ ഒഴിവ് നിലവിൽവന്നത് 31-05-2023-ലും ജെ.പി.എച്ച്.എൻ. ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പാൾ ഒഴിവ് നിലവിൽവന്നത് 01-05-2018-ലുമാണ്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ടി തസ്തികകളുടെ ഫീഡർ കാറ്റഗറിയിൽ പ്രൊബേഷൻ പൂർത്തിയാക്കിയ ജീവനക്കാരില്ല. യോഗ്യരായ ജീവനക്കാരെ ലഭിക്കുന്നമുറയ്ക്ക് സ്ഥാനക്കയറ്റത്തിലൂടെ ഒഴിവുകൾ നികത്താൻ സാധിക്കുന്നതാണ്. ഡ്രൈവർ തസ്തികയിൽ 30-10-2020-ൽ രണ്ട് ഒഴിവുകളും

01-03-2020, 01-02-2021, 19-12-2022 എന്നീ തീയതികളിൽ ഓരോ ഒഴിവുകളും നിലവിൽവന്നിട്ടുണ്ട്. ഡി.വി.സി. യൂണിറ്റിൽ നിലവിൽ വാഹനമില്ലാത്തതിനാൽ അവിടെയുള്ള ഒഴിവൊഴികെ മറ്റുള്ളവയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം നടത്തിയിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. റേഡിയോഗ്രാഫർ തസ്തികയിലെ നാല് ഒഴിവുകൾ 15-06-2023-നാണ് നിലവിൽവന്നത്. ടി ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയിൽ 01-04-2014-ൽ വന്നിട്ടുള്ള ഒഴിവ് പി.എസ്.സി.-ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ ഒമ്പത് ഉദ്യോഗാർത്ഥികളാണ് ഉണ്ടായിരുന്നത്. മറ്റ് വിവിധ ജില്ലകളിൽ ഇവർക്ക് നിയമനം നടത്തുകയും ലിസ്റ്റ് തീരുകയും ചെയ്തു. ഇപ്പോൾ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽവന്നിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത ഒഴിവ് നികത്തുന്നതാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കപ്പെട്ട ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയും ടാറ്റാ ട്രസ്റ്റ് ആശുപത്രിയിൽ പുതിയതായി സൃഷ്ടിച്ച ഇ.സി.ജി.

ടെക്നീഷ്യൻ തസ്തികയും പി.എസ്.സി. നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നികത്തുന്നതാണ്. ക്ലാർക്ക്/സീനിയർ ക്ലാർക്ക് ഒഴിവുകൾ 01-09-2022, 04-05-2023, 01-06-2023, 17-05-2023 എന്നീ തീയതികളിൽ നിലവിൽവന്നതാണ്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) കാസർഗോഡ് ജില്ലയിൽനിന്ന് വർക്കിംഗ് അറേഞ്ച്മെന്റിൽ മാറിപ്പോയവരുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്പോഴാണ് മാറിപ്പോയതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽനിന്നും ആരോഗ്യവകുപ്പിൽ ആർക്കും വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിച്ച് നൽകിയിട്ടില്ല.

**ഫോറിൻ മെഡിക്കൽ ഗ്രാജുവേറ്റ് എക്സാം**

237(2373) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫോറിൻ മെഡിക്കൽ ഗ്രാജുവേറ്റ് എക്സാം പാസ്സായ കുട്ടികൾക്ക് ഹൗസ് സർജൻസി ചെയ്യുന്നതിന് മെഡിക്കൽ കോളേജ്, ജില്ലാശുപത്രി

എന്നിവിടങ്ങളിൽ എത്ര വേക്കൻസിയുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ?

ഫോറിൻ മെഡിക്കൽ ഗ്രാജ്ജുവേറ്റ് എക്സാം പാസ്സായ കുട്ടികൾക്ക് ഹൗസ് സർജൻസി ചെയ്യുന്നതിന് മെഡിക്കൽ കോളേജ്, ജില്ലാശുപത്രി എന്നിവിടങ്ങളിലെ വേക്കൻസി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ചാത്തന്നൂർ നെടുങ്ങോലം രാമറാവു മെമ്മോറിയൽ ഗവൺമെന്റ് താലൂക്കാശുപത്രിയിലെ തസ്തികകൾ**

238(2374) **ശ്രീ. ജി. എസ്. ജയലാൽ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നെടുങ്ങോലം രാമറാവു മെമ്മോറിയൽ ഗവൺമെന്റ് താലൂക്കാശുപത്രിയിൽ നിലവിലുള്ള തസ്തികകൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചാത്തന്നൂർ നെടുങ്ങോലം രാമറാവു മെമ്മോറിയൽ ഗവൺമെന്റ് താലൂക്കാശുപത്രിയിൽ നിലവിലുള്ള തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) നിലവിലെ സാഹചര്യത്തിൽ പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടേതുൾപ്പെടെ പുതിയ തസ്തികകൾ ആവശ്യമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ഫയലിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

(ബി&സി) 22-09-2021-ലെ സ.ഉ. (കൈ) നം. 168/2021/ആ.കു.വ. പ്രകാരം നെടുങ്ങോലം താലൂക്കാശുപത്രിയിൽ സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ലോവർ ഡിവിഷൻ ക്ലാർക്ക് വിഭാഗങ്ങളിൽ ഓരോ തസ്തികകൾവീതം പുതിയതായി സൃഷ്ടിച്ചു. താലൂക്കാശുപത്രിയിലേയ്ക്കാവശ്യമായ തസ്തികകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്യാപ് അനാലിസ്സിസ് നടത്തി ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ ആശുപത്രിയിലെ തസ്തികകൾ**

239(2375) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബദിയഡുക്കയിൽ അനുവദിച്ച കാസർഗോഡ് മെഡിക്കൽ കോളേജിലേയ്ക്ക് വിദ്യാർത്ഥികളുടെ അഡ്മിഷൻ എന്നാണ് ആരംഭിക്കാൻ കഴിയുന്നത്; വ്യക്തമാക്കാമോ?

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം ഏകദേശം മുഴുവനും പൂർത്തിയായിട്ടുണ്ട്. ചില ELV ജോലി മാത്രമേ പൂർത്തിയാക്കാനായി അവശേഷിക്കുന്നുള്ളൂ. അക്കാദമിക് ബ്ലോക്കിൽ നിലവിൽ ഒ.പി. പ്രവർത്തിച്ചുവരുന്നു. മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ടി ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായാലുടൻ ഐ.പി. സേവനങ്ങൾ ആരംഭിക്കാൻ

കഴിയുന്നതും തുടർന്ന് NMC അംഗീകാരം ലഭ്യമാക്കി മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. അഡ്മിഷൻ നടപടികൾ ആരംഭിക്കാൻ കഴിയുന്നതുമാണ്.

(ബി) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് അനുവദിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അടിയന്തരമായി ആവശ്യമുള്ള തസ്തികകൾ അനുവദിക്കാൻ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ആശുപത്രിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് എതെല്ലാം തസ്തികകൾ അനുവദിച്ച് ഉത്തരവാകാൻ കഴിയുമെന്ന് അറിയിക്കാമോ?

(ബി&സി) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് അനുവദിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ തസ്തികകൾ അനുവദിക്കുന്നതുസംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പത്തനംതിട്ട ജില്ലയിലെ സ്റ്റാഫ് നഴ്സ് നിയമനം**

240(2376) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ; ഇതിൽ

എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ ആകെ അഞ്ച് ഒഴിവുകളാണ് നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-II) തസ്തികയിൽ നിലവിലുള്ളത്. ഇവയിൽ നാല് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. ശേഷിക്കുന്ന ഒരൊഴിവ് ശമ്പളരഹിത അവധികഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാൻ അപേക്ഷ നൽകിയ ജീവനക്കാരിക്ക് നിയമനം നൽകുന്നതിനായി മാറ്റിവച്ചിട്ടുണ്ട്.

(ബി) 2023 ഡിസംബറിനകം പ്രസ്തുത തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുകളുണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) 2023 ഡിസംബറിനകം പ്രസ്തുത തസ്തികയിൽ വിരമിക്കൽ, പ്രൊമോഷൻ, ലോംഗ് ലീവ് എന്നിവമുഖേന എത്ര ഒഴിവുകളുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) 2023 ഡിസംബറിനകം ആരോഗ്യ വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ഒരൊഴിവ് (വിരമിക്കൽ/സ്ഥാനക്കയറ്റം/ലോംഗ് ലീവ്) പ്രതീക്ഷിക്കുന്നു.

(ഡി) പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 കാറ്റഗറിയിൽ എത്ര അനുവദനീയ തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ?

പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ 181 നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്-II) തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ 176 പേർ ജോലി ചെയ്തുവരുന്നു.

**സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സർക്കാർ ആശുപത്രികൾക്ക് നൽകാനുള്ള തുക**

241(2377) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസ്പ്/പി.എം.ജെ.എ.വൈ. എന്നീ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയെത്രയാണ്; വിശദമാക്കാമോ?

കാസ്പ് പദ്ധതിക്കായി ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ 574.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന വിഹിതത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നാഷണൽ ഹെൽത്ത് അതോറിറ്റി പ്രീമിയം/ക്ലെയിമിന്റെ 60 ശതമാനം അല്ലെങ്കിൽ കേന്ദ്രാവിഷ്കൃത കുടുംബങ്ങളുടെ എണ്ണം x 631.2, ഏതാണ് കുറവ് തുക അത് നൽകിവരുന്നുണ്ട്. കേരളത്തിൽ ക്ലെയിം തുക നാഷണൽ ഹെൽത്ത് അതോറിറ്റി നിശ്ചയിച്ച പരിധിയേക്കാൾ കൂടുതലായ സാഹചര്യത്തിൽ, കേന്ദ്രവിഹിതമായി ലഭിക്കാവുന്ന പരമാവധി തുക 151,33,71,432/- രൂപയാണ്.

(സി) സർക്കാർ ആശുപത്രികൾക്കും സ്വകാര്യ ആശുപത്രികൾക്കും നിലവിൽ ക്ലെയിം ഇനത്തിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽനിന്നും നൽകാനുള്ള കുടിശ്ശിക എത്രയാണ്;

(ഡി) പദ്ധതിയുടെ ഭാഗമായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽനിന്നും ക്ലെയിം ഇനത്തിൽ വിവിധ സർക്കാർ ആശുപത്രികൾക്ക് കിട്ടാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി&ഡി) സർക്കാർ/സ്വകാര്യ ആശുപത്രിക്കൾക്കായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽനിന്നും ക്ലെയിം ഇനത്തിൽ നൽകാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്വകാര്യ ആശുപത്രി - 2,08,73,03,779 രൂപ

സർക്കാർ ആശുപത്രി - 8,22,42,44,153 രൂപ

**അവയവമാറ്റ ശസ്ത്രക്രിയകളുടെ കണക്ക്**

242(2378) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാനം സംബന്ധിച്ച് സംസ്ഥാനത്ത് നിലവിലുള്ള നടപടിക്രമങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; 2001 മുതൽ 2010 വരെയുള്ള കാലയളവിൽ എത്ര അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ടെന്ന് ജില്ല, ആശുപത്രി എന്നിവ തിരിച്ചുള്ള കണക്കുകൾ വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് അവയവദാനവും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടക്കുന്നത് 1994- ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്റ്റും 2014-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആൻഡ് ടിഷ്യൂസ് റൂൾസിന്റെയും അടിസ്ഥാനത്തിലാണ്. ടി ആക്റ്റിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 19-11-2010-ലെ 14931/എസ്2/2009/ആ.കു.വ. പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. മസ്തിഷ്ക മരണാനന്തര അവയവദാതാവിൽനിന്നുള്ള അവയവങ്ങളുടെ വിന്യാസം സംബന്ധിച്ച് 04-02-2012-ലെ സ.ഉ. (എം.എസ്) നം. 37/2012/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണ സ്ഥിതീകരണവുമായി ബന്ധപ്പെട്ട

മാതൃകാപ്രവർത്തന നടപടിക്രമങ്ങൾ 19-01-2020-ലെ സ.ഉ. (എം.എസ്)നം. 07/2020/ആ.കു.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മസ്തിഷ്ക മരണ സ്ഥിതീകരണവുമായി ബന്ധപ്പെട്ട മാതൃകാപ്രവർത്തന നടപടിക്രമങ്ങൾ പുറപ്പെടുവിച്ചത് കേരള സർക്കാരാണ്. 2001 മുതൽ 2010 വരെയുള്ള കാലയളവിൽ നടന്ന അവയവമാറ്റ ശസ്ത്രക്രിയയുടെ കണക്കുകൾ അവയവദാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കെ-സോട്ടോ-യുടെ ഓഫീസിൽ ലഭ്യമല്ല. ആയതിനാൽ അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയ ആശുപത്രികളിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കാലയളവിൽ മസ്തിഷ്ക മരണത്തെത്തുടർന്ന് അവയവമാറ്റ ശസ്ത്രക്രിയ നടത്തിയത് എത്രയെണ്ണമെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; കേരളത്തിന് പുറത്തുള്ളവർ സ്വീകർത്താക്കളായ എത്ര ശസ്ത്രക്രിയകൾ ഇപ്രകാരം നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

2001 മുതൽ 2010 വരെയുള്ള കാലയളവിൽ നടന്ന മരണാനന്തര അവയവമാറ്റ ശസ്ത്രക്രിയയുടെ കണക്കുകളും കേരളത്തിന് പുറത്തുള്ളവർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകർത്താക്കളായതിന്റെ കണക്കുകളും അവയവമാറ്റ ശാസ്ത്രക്രിയകൾ നടത്തിയ ആശുപത്രികളിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് അനുബന്ധമായി ചേർക്കുന്നു.+

(സി) 2011 മുതൽ 2023 വരെയുള്ള കാലയളവിൽ എത്ര അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ടെന്ന് ജില്ല, ആശുപത്രി എന്നിവ തിരിച്ചുള്ള കണക്കുകൾ വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയ ആശുപത്രികളിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഡി) പ്രസ്തുത കാലയളവിൽ മസ്തിഷ്ക മരണത്തെത്തുടർന്ന് അവയവമാറ്റ ശസ്ത്രക്രിയ നടത്തിയത് എത്രയെണ്ണമെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; കേരളത്തിന് പുറത്തുള്ളവർ സ്വീകർത്താക്കളായ എത്ര ശസ്ത്രക്രിയകൾ ഇപ്രകാരം നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ബോണക്കാട് എസ്റ്റേറ്റിലെ ചികിത്സാ സൗകര്യം**

243(2379) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതുര ഗ്രാമപഞ്ചായത്തിൽ ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളി കുടുംബങ്ങൾക്കാവശ്യമായ ചികിത്സാ സൗകര്യം ലഭ്യമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് അറിയിക്കാമോ?

(എ&ബി) എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ചയിൽ വിതുര താലൂക്കാശുപത്രിയിൽനിന്നും ഡോക്ടർ, ഫാർമസിസ്റ്റ്, ഫീൽഡ് വിഭാഗം ജീവനക്കാർ, ആശാപ്രവർത്തകർ എന്നിവരുൾപ്പെടുന്ന ടീം ബോണക്കാട് എസ്റ്റേറ്റ് സന്ദർശനം നടത്തുകയും ക്യാമ്പ് നടത്തുകയും ആവശ്യത്തിനുള്ള മരുന്ന് വിതരണം നടത്തുകയും ചെയ്തുവരുന്നു. മാത്രമല്ല കൂടുതൽ പരിചരണം ആവശ്യമുള്ള രോഗികളെ വിതുര താലൂക്കാശുപത്രിയിലും നെടുമങ്ങാട് ജില്ലാശുപത്രിയിലും തുടർചികിത്സ നടത്തിവരുന്നു. കൂടാതെ, ഫീൽഡ്

വിഭാഗം ജീവനക്കാർ, ആശാവർക്കർ എന്നിവർ മാസത്തിൽ രണ്ടുതവണയിൽ കുറയാതെ ഗൃഹസന്ദർശനം നടത്തുകയും ചികിത്സയ്ക്കാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മാസത്തിലൊരിക്കൽ വിതുര ആശുപത്രിയിലെ പാലിയേറ്റീവ് കെയർ നഴ്സിന്റെ സേവനവും ലഭ്യമാക്കുന്നുണ്ട്. 19-08-2023-ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ വിതുര താലൂക്കാശുപത്രിയും നെടുമങ്ങാട് ജില്ലാശുപത്രിയും ചേർന്നുകൊണ്ട് ഒരു മെഗാ ക്യാമ്പ് ബോണക്കാട് എസ്റ്റേറ്റിൽ വച്ച് നടത്തുകയും ചെയ്തു. ക്യാമ്പിൽ നേത്രരോഗ പരിശോധന, ചർമ്മ പരിശോധന, ദന്ത പരിശോധന, സ്ത്രീരോഗ പരിശോധന, ക്യാൻസർ രോഗപരിശോധന, പകർച്ചവ്യാധി രോഗപരിശോധന (എൻ.സി.ഡി.), വിവ ക്യാമ്പയിൻ എന്നിവ നടത്തുവാൻ കഴിഞ്ഞു. ഇപ്പോൾ നടത്തിയ ക്യാമ്പിനുപുറമെ എൻ.സി.ഡി. ക്യാമ്പ് മാസത്തിലൊരുപ്രാവശ്യം നടത്തുവാൻ തീരുമാനിച്ചു. കൂടാതെ അടുത്ത മാസം മുതൽ രണ്ടാഴ്ചയിലൊരിക്കൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## ബിൽ ആൻഡ് മെലിൻഡാ ഗേറ്റ്സ് ഫൗണ്ടേഷന്റെ സഹായം ലഭിക്കുന്ന സ്ഥാപനങ്ങളുമായി സഹകരണം

244(2380) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിൽ ആൻഡ് മെലിൻഡാ ഗേറ്റ്സ് ഫൗണ്ടേഷന്റെ വിദേശ സാമ്പത്തിക സഹായം ലഭിക്കുന്ന സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിടാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഡയറക്ടർക്ക് ആരോഗ്യ വകുപ്പുമന്ത്രിയുടെയോ വകുപ്പ് സെക്രട്ടറിയുടെയോ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അനുമതി നല്കിയിട്ടില്ല. കേന്ദ്ര സർക്കാർ ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിലെ നാഷണൽ ഹെൽത്ത് അതോറിറ്റി (NHA)-യുമായി നോൺ ഡിസ്ക്ലോഷർ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുള്ള വിവിധ അന്തർദേശീയ ഏജൻസികൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് സാങ്കേതിക സഹായം നൽകുന്നുണ്ട്. ലോകാരോഗ്യ സംഘടന, ലോക ബാങ്ക്, ആക്സസ് ഹെൽത്ത് എന്നിവരുടെ സാങ്കേതിക സഹായം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഫൗണ്ടേഷന്റെ വിദേശ സാമ്പത്തികസഹായം ലഭിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയെ സഹായിക്കാൻ സ്റ്റേറ്റ് പ്രോജക്ട് മാനേജർ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരെ നിയമിക്കാൻ ആരോഗ്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സാങ്കേതിക സഹായം ലഭ്യമാക്കുന്ന സ്ഥാപനങ്ങളിലെ വിദഗ്ദ്ധരുടെ നിയമനം സംബന്ധിച്ച ഒരു നിർദ്ദേശവും നൽകിയിട്ടില്ല.

(സി) ബിൽ ആൻഡ് മെലിൻഡാ ഗേറ്റ്സ് ഫൗണ്ടേഷന്റെ വിദേശ സാമ്പത്തിക സഹായം ലഭിക്കുന്ന സ്ഥാപനങ്ങളിലെ കൺസൾട്ടന്റുകൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഓഫീസിൽ ജോലി ചെയ്യാനും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മീറ്റിംഗുകളിൽ പങ്കെടുക്കാനും അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ഓഫീസിൽ മറ്റ് സ്ഥാപനങ്ങളിലെ കൺസൾട്ടന്റുകൾ ജോലി ചെയ്യുന്നില്ല. എന്നാൽ പ്രസ്തുത സാങ്കേതിക

സഹായ മേഖലയുമായി ബന്ധപ്പെട്ട ചർച്ചകളിൽ പങ്കെടുക്കാൻ എസ്.എച്ച്.എ. അനുമതി നൽകാറുണ്ട്.

**കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന്റെ പ്രവർത്തനം**

245(2381) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽ ഉപകരണങ്ങളുടെ ഉൽപ്പാദനം, മെഡിക്കൽ സാങ്കേതിക വിദ്യകളുമായി ബന്ധപ്പെട്ട ഗവേഷണം എന്നിവയുടെ കേന്ദ്രമായി സംസ്ഥാനത്തെ മാറ്റാൻ കഴിയുന്ന കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന്റെ പ്രവർത്തനം വിശദമാക്കാമോ?

കേരളത്തെ ഒരു മെഡിക്കൽ ടെക്നോളജി ആൻഡ് ഡിവൈസ് ഹബ്ബായി ഉയർത്താൻ ലക്ഷ്യമിട്ടുള്ള കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിലിന്റെ (കെ-ഡിസ്ക്) കീഴിലുള്ള കേരള സർക്കാരിന്റെ ഒരു പ്രധാന ആശയമാണ് കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം (കെ.എം.ടി.സി). അടുത്ത പത്തുവർഷംകൊണ്ട് മെഡിക്കൽ ഗവേഷണം, നവീകരണം, സാങ്കേതിക വികസനം, ഉൽപ്പാദനം എന്നിവ

പ്രോത്സാഹിപ്പിക്കുന്നതിന് സഹായകരമാകുന്നവിധം സംസ്ഥാനത്ത് അനുയോജ്യമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ വിഭാവനം ചെയ്യുന്ന, അത്യധികം നൂതനമായ ആശയമാണ് കെ.എം.ടി.സി. സംരംഭകർ പരസ്പരം ഇടപഴകുകയും പുതിയ അറിവുകൾ ഉൾക്കൊള്ളുകയും അതിലൂടെ വികസനം സ്വായത്തമാക്കാൻ സഹായിക്കുന്ന ഒരു പുതിയ 'ബിയോണ്ട് ക്ലസ്റ്റർ' മാതൃകയിലാണ് കെ.എം.ടി.സി. വിഭാവനം ചെയ്തിരിക്കുന്നത്. ഇത് ഒരു ഇൻകുബേഷൻ സൗകര്യമായി മാത്രമല്ല പ്രവർത്തിക്കുന്നത് മറിച്ച് പരിശീലനവും ഒപ്പം സാമ്പത്തിക വികസന നയങ്ങളും സംരംഭകരിലേയ്ക്കും അവർ ഉൾപ്പെടുന്ന ഗ്രൂപ്പുകളിലേയ്ക്കും വ്യക്തിഗത സ്ഥാപനങ്ങളിലേയ്ക്കും ഇവരിൽനിന്നും അകന്നുനിൽക്കുന്നവരിലേയ്ക്കും ഒരുപോലെ എത്തിച്ച് ഒരു ക്ലസ്റ്റർ ചിന്ത സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. കെ.എം.ടി.സി. കഴിഞ്ഞ ഒരു വർഷമായി കേരളത്തിൽ മെഡ്ടെക് ക്ലസ്റ്റർ ഇക്കോസിസ്റ്റം വളർത്താനും ഇന്ത്യയിലും വിദേശത്തുമുള്ള നിക്ഷേപകർക്ക് മുന്നിൽ അത് പ്രദർശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികൾ, കമ്പനികൾ, ഗവേഷണ സ്ഥാപനങ്ങൾ മുതലായവരുമായി ചർച്ചകൾ, സന്ദർശനങ്ങൾ,

സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്ത അലോപ്പതി ഡോക്ടർമാർ**

246(2382) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലോപ്പതി ചികിത്സ നടത്തുന്ന ഡോക്ടർമാർക്ക് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നിർബന്ധമാക്കിയിട്ടുണ്ടോ; ഈ അംഗീകാരമില്ലാതെ തന്നെ ഡോക്ടർമാർ ചികിത്സ നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) അത്തരത്തിൽ ചികിത്സ നടത്തുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പരാതികളിന്മേൽ ഇതുവരെ സ്വീകരിച്ചതും അത്തരം സംഭവങ്ങൾ തടയുന്നതിന് സ്വീകരിച്ചുവരുന്നതുമായ നടപടികൾ വിശദമാക്കാമോ?

(എ-സി) കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 2021 പ്രകാരം സംസ്ഥാനത്ത് അലോപ്പതി ചികിത്സ നടത്തുന്ന ഡോക്ടർമാർക്ക് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ നിർബന്ധമാണ്. ഇത്തരത്തിൽ രജിസ്ട്രേഷനില്ലാതെ പ്രാക്ടീസ് ചെയ്യുന്നത് സംബന്ധിച്ച് ലഭ്യമായ പരാതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഫാമിലി മെഡിസിൻ യൂണിറ്റ് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച്**

247(2383) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിക്കുന്ന ഫാമിലി മെഡിസിൻ യൂണിറ്റ് കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും മാവൂരിലെ ചെറൂപ്പയിലേയ്ക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാറ്റി പ്രസ്തുത ആരോഗ്യ കേന്ദ്രം ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഫാമിലി മെഡിസിൻ MD കോഴ്സിന്റെ കരിക്കുലം അനുസരിച്ച് മൂന്ന് വർഷത്തെ കോഴ്സിൽ രണ്ടാം വർഷമാണ് പെരിഫെറൽ പോസ്റ്റിംഗ് എന്ന നിലയിൽ റൂറൽ അർബൻ ആശുപത്രികളിൽ പരിശീലനം നടത്താൻ അനുവദിക്കുന്നത്. ഒന്നാം വർഷവും മൂന്നാം വർഷവും ഇവർ മെഡിക്കൽ കോളേജിൽതന്നെയാണ് പഠനം നടത്തേണ്ടത്. രണ്ടാം വർഷത്തിൽ നാലുമാസം താലൂക്ക് ആശുപത്രികളിലും മൂന്നുമാസം മറ്റ് പി.എച്ച്.സി., സി.എച്ച്.സി.-കളിലും ഇവരെ പരിശീലനത്തിന് അയയ്ക്കാവുന്നതാണ്. ഇക്കാരണത്താൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിലുള്ള ഫാമിലി മെഡിസിൻ കോഴ്സ് ചെറൂപ്പ ആശുപത്രിയിലേയ്ക്ക് മാറ്റുന്നതിന് തടസ്സങ്ങളുണ്ട്. എന്നിരുന്നാലും നിലവിലുള്ള രണ്ട് പി.ജി. വിദ്യാർത്ഥികളുടെ രണ്ടാം വർഷത്തെ പരിശീലനത്തിൽ ചെറൂപ്പ ആശുപത്രിയെയും ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പിനായി ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട തദ്ദേശ സ്ഥാപന പ്രതിനിധികൾ, ജനപ്രതിനിധികൾ എന്നിവരും അടങ്ങുന്ന ഒരു സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ചെറൂപ്പ സാമൂഹികാരോഗ്യ കേന്ദ്രത്തിനെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് ഇതുസംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

**കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ വികസന പദ്ധതി**

248(2384) **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാനിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഉണ്ട്. കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ സമഗ്ര വികസനത്തിന് 164.16 കോടി രൂപയുടെ ഭരണാനുമതിയും 86.8 കോടി രൂപയുടെ ധനാനുമതിയും നൽകിയിട്ടുണ്ട്. പിന്നീട് ഡിസൈനിൽ മാറ്റം വന്നതിനെത്തുടർന്ന് 113.77 കോടി രൂപയുടെ ധനാനുമതിക്കായി പദ്ധതിയുടെ ഏജൻസിയായ ഇൻകെൽ (INKEL) പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. എട്ട് നിലകളുള്ള സർജ്ജിക്കൽ ബ്ലോക്ക്, രണ്ട് നിലകളുള്ള സർവ്വീസ് ബ്ലോക്ക്, രണ്ട് നിലകളുള്ള അമിനിറ്റി ബ്ലോക്ക്, മൂന്ന് നിലകളുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

കിഫ്ബിയിൽനിന്നും പുതുക്കിയ ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ**

249(2385) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കാത്തവരുടെ എണ്ണം അറിയിക്കാമോ; അവർക്ക് വാക്സിനേഷൻ നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഇപ്പോൾ കോവിഡ് വാക്സിൻ സംസ്ഥാനങ്ങൾക്ക് നൽകുന്നില്ല. സംസ്ഥാനത്തെ സർക്കാർ കോവിഡ് വാക്സിനേഷൻ സെന്ററുകളിൽ ഇപ്പോൾ കോവിഡ് വാക്സിൻ ലഭ്യമല്ല. കോവിഡ് വാക്സിൻ എല്ലാവരും എടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി മാസ് മീഡിയ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗം വിവിധതലത്തിലും വിവിധ മാധ്യമങ്ങൾ മുഖേനയും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. അതിനാൽ സ്വമേധയാ വാക്സിൻ സ്വീകരിക്കേണ്ട എന്ന തീരുമാനമെടുത്തവർ ഒഴികെയുള്ളവർക്ക് കോവിഡ് വാക്സിൻ ലഭിച്ചിട്ടുണ്ട്.

**കോവിഡാനന്തരകാലത്തെ ജീവിതശൈലീ രോഗങ്ങൾ**

250(2386) ശ്രീ. വി. ജോയി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരകാലത്ത് പ്രമേഹ ബാധിതരുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ?

കോവിഡാനന്തരകാലത്ത് പ്രമേഹരോഗം ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചതായി കണക്കുകൾ

സൂചിപ്പിക്കുന്നു. കോവിഡ് വൈറസ് മനുഷ്യശരീരത്തിലുണ്ടാക്കിയ പ്രതിപ്രവർത്തനങ്ങളുടെ ഫലമായിട്ടാണോ അതോ കൂടുതൽ ആളുകൾ കോവിഡ് രോഗത്തെ തുടർന്ന് ആരോഗ്യ പരിശോധനകൾക്ക് എത്തിയതിന്റെ ഫലമായിട്ടാണോ ഈ വർദ്ധനവെന്ന് ശാസ്ത്രീയമായി വിശദീകരിക്കപ്പെട്ടിട്ടില്ല. പോസ്റ്റ് കോവിഡ് സിൻഡ്രോം എന്ന പേരിൽ തരംതിരിച്ചിട്ടുള്ള ഇത്തരം രോഗലക്ഷണവുമായി നിരവധി ആൾക്കാർ ആരോഗ്യ വകുപ്പിനുകീഴിലുള്ള പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ ചികിത്സയ്ക്കായി എത്തിയിട്ടുണ്ട്.

(ബി) പ്രമേഹത്തോടൊപ്പംതന്നെ കുട്ടികളിലും മുതിർന്നവർക്കിടയിലും കാഴ്ചക്കുറവ്, കിഡ്നി തകരാറുകൾ, ഹൃദയാഘാതം, പക്ഷാഘാതം, കൈകാലുകൾ മുറിച്ചുമാറ്റൽ തുടങ്ങിയവയിൽ വർദ്ധനവുണ്ടായിട്ടുള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുട്ടികളുടെ ഇടയിലും മുതിർന്നവരുടെ ഇടയിലും പ്രമേഹത്തോടൊപ്പം കാഴ്ചക്കുറവ്, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, ശ്വാസകോശരോഗങ്ങൾ, മാനസികരോഗങ്ങൾ, ഉറക്കക്കുറവ് തുടങ്ങി നിരവധി രോഗങ്ങൾ

കോവിഡാനന്തര കാലയളവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം രോഗലക്ഷണങ്ങളുള്ളവരെ പരിശോധിക്കുന്നതിനും രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും 1800-ഓളം പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരോഗ്യ വകുപ്പിനുകീഴിൽ പ്രവർത്തിച്ച് വരുന്നുണ്ട്.

(സി) സംസ്ഥാനത്ത് കോവിഡാനന്തര രോഗസാധ്യതകളെ സംബന്ധിച്ച് പഠനങ്ങൾ നടക്കുന്നുണ്ടോ; ഇതുസംബന്ധിച്ച് വിദഗ്ധ ഡോക്ടർമാരുടെയും മറ്റ് ആരോഗ്യ സ്ഥാപനങ്ങളുടെയും അഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ?

കോവിഡാനന്തര രോഗങ്ങളെ കുറിച്ച് പ്രത്യേക പഠനങ്ങൾ ഒന്നുംതന്നെ ആരോഗ്യ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ ഇതുസംബന്ധിച്ച് ദേശീയവും അന്തർദേശീയവുമായ വിദഗ്ധരുടെ അഭിപ്രായങ്ങൾ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനും പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെയും അന്താരാഷ്ട്ര പ്രമേഹ ഫെഡറേഷന്റെയും കണക്ക് പ്രകാരം രാജ്യത്ത് പ്രമേഹ

രോഗികളിലുണ്ടായിട്ടുള്ള വർദ്ധനവിനനുസരിച്ച് സംസ്ഥാനത്തും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ?

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസും സംയുക്തമായി നടത്തിയ INDIAB സ്റ്റഡി പ്രകാരം സംസ്ഥാനത്ത് 24%-ൽപ്പരം ആളുകൾക്ക് പ്രമേഹമുള്ളതായും 19% പേർക്ക് പ്രി-ഡയബറ്റീസുള്ളതായും കണ്ടെത്തിയിട്ടുണ്ട്. നിലവിലുള്ള പ്രമേഹരോഗത്തിന്റെ പ്രാചുര്യത്തെക്കുറിച്ചുള്ള പഠനത്തെക്കാൾ ഉയർന്ന തോതാണ് INDIAB സ്റ്റഡിയിൽ കണ്ടെത്തിയത്.

(ഇ) ഇതുസംബന്ധിച്ച് പ്രചരിക്കുന്ന വാർത്തകൾമൂലമുണ്ടാകുന്ന ആശങ്ക ഒഴിവാക്കാൻ ആധികാരികമായ വിവരങ്ങൾ പുറത്തുവിടുന്നതിന് നടപടി സ്വീകരിക്കുമോ?

INDIAB സ്റ്റഡി പ്രസിദ്ധീകരിക്കപ്പെട്ട ഒരു പഠന റിപ്പോർട്ടാണ്. ഇത് സംബന്ധിച്ച പ്രചരണങ്ങൾ ആശങ്ക ഉളവാക്കുന്നുവെന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോവിഡിനുശേഷം മരണനിരക്കിലുണ്ടായ മാറ്റം**

251(2387) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാമാരിയായ കോവിഡിനുശേഷം സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യസ്ഥിതി, മരണ നിരക്ക് എന്നിവ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) മരണനിരക്കിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ?

(എ-സി) ശാസ്ത്രീയ പഠനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല.

**വാരപ്പെട്ടി ഫാമിലി വെൽഫെയർ സെന്റർ ഐസൊലേഷൻ ബ്ലോക്കിന്റെ നിർമ്മാണം**

252(2388) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി ഫാമിലി വെൽഫെയർ സെന്ററിനോട് അനുബന്ധിച്ച് നിർമ്മാണത്തിലിരിക്കുന്ന ഐസൊലേഷൻ ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കി ഐസൊലേഷൻ സെന്റർ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കോതമംഗലം നിയോജകമണ്ഡലത്തിലെ വാരപ്പെട്ടി സി.എച്ച്.സി.-ൽ നിർമ്മാണം നടന്നുവരുന്ന ഐസോലേഷൻ വാർഡിന്റെ 50% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. PEB (Pre Engineering Building) Material Erection-ന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 2023 ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പുനലൂർ മണ്ഡലത്തിൽ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ളവർ**

253(2389) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽപ്പെട്ട ആര്യങ്കാവ്, തെന്മല, കുളത്തൂപ്പുഴ, ഏരൂർ, അഞ്ചൽ, ഇടമുളയ്ക്കൽ, കരവാളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും പുനലൂർ മുനിസിപ്പാലിറ്റിയിലുമായി പ്രവർത്തിക്കുന്ന വിവിധ അങ്കണവാടികളുടെ കീഴിൽപ്പെട്ട ഭിന്നശേഷിക്കാരായ വ്യക്തികളിൽ ഇനിയും മെഡിക്കൽ ബോർഡിൽനിന്നും ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള വ്യക്തികളുടെ പേര്, മേൽവിലാസം, വയസ്, ഫോൺ നമ്പർ എന്നിവ ലഭ്യമാക്കാമോ?

ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ളവരുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രദേശങ്ങളിൽ യു.ഡി.ഐ.ഡി. കാർഡ് ലഭിക്കാത്ത ഭിന്നശേഷിക്കാരുണ്ടോ; എങ്കിൽ കാർഡിനായി രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തിയുടെ പേര്, എൻറോൾമെന്റ് നമ്പർ, മേൽവിലാസം, ആധാർ നമ്പർ, ഫോൺ നമ്പർ എന്നിവ ലഭ്യമാക്കാമോ?

ഉണ്ട്. വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പുനലൂർ മണ്ഡലത്തിൽ ഇനിയും യു.ഡി.ഐ.ഡി. കാർഡ് ലഭിക്കാനുള്ളവരുടെ എണ്ണം വ്യക്തമാക്കാമോ; ഇവർക്ക് പ്രസ്തുത കാർഡ് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പുനലൂർ മണ്ഡലത്തിൽ UDID കാർഡ് ലഭ്യമാക്കുന്നതിനായി പ്രത്യേക വെബ്സൈറ്റ് വഴി അപേക്ഷിച്ചവരിൽ കാർഡ് ലഭ്യമാകാത്തവരുടെ എണ്ണം 494 ആണ്. സാമൂഹികനീതി വകുപ്പുമായി സഹകരിച്ച് അപേക്ഷകർക്ക് എല്ലാം മുൻഗണനാക്രമത്തിൽ UDID കാർഡ് ലഭ്യമാക്കുന്നതിനുള്ള ത്വരിതഗതിയിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**രാത്രികാലങ്ങളിൽ പോസ്റ്റ്മോർട്ടം നടത്താൻ നടപടി**

254(2390) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ പോസ്റ്റ്മോർട്ടം നടക്കാത്തതിനാൽ ഒട്ടേറെ പേർ പ്രയാസമനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ രാത്രികാലങ്ങളിൽ പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) കോഴിക്കോട് മെഡിക്കൽ കോളേജിൽ രാത്രികാലങ്ങളിൽ പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിനായി എത്ര അധിക തസ്തികകൾ ആവശ്യമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

(എ-സി) രാത്രികാലങ്ങളിൽ പോസ്റ്റ്മോർട്ടം നടക്കാത്തതിനാൽ ചില അവസരങ്ങളിൽ ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടം പ്രാരംഭഘട്ടമെന്ന നിലയിൽ ആരംഭിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. കൂടാതെ അത്യാഹിതങ്ങൾ നടക്കുന്ന സാഹചര്യങ്ങളിലും അവയവദാനവുമായി ബന്ധപ്പെട്ട കേസ്സുകളിലും മെഡിക്കൽ ലീഗൽ കോഡ് പ്രകാരം ല ആൻഡ് ഓർഡർ സ്ഥിതിഗതികളുമായി ബന്ധപ്പെട്ട കേസ്സുകളിലും സമയക്രമം നോക്കാതെതന്നെ ഇപ്പോഴും പോസ്റ്റ്മോർട്ടം

നടത്തുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇതിനോടകം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടം സജ്ജീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ആലപ്പുഴ മെഡിക്കൽ കോളേജിലെ മുൻ പ്രിൻസിപ്പലും ഫോറൻസിക് മെഡിസിൻ വിഭാഗം മുൻ മേധാവിയുമായ ഡോ. ശശികല കെ.-യെ ഏകാംഗ കമ്മിറ്റിയായി 30-09-2022-ലെ സ.ഉ. (സാധാ) നം.2391/2022/ആ.കു.വ. പ്രകാരം നിയമിക്കുകയുണ്ടായി. ഡോ.ശശികല സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പഠനത്തിനായി മൃതദേഹം വിട്ടുകൊടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

255(2391) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണാനന്തരം ശരീരം മെഡിക്കൽ വിദ്യാഭ്യാസരംഗത്തെ പഠനത്തിനായി വിട്ടുനൽകുന്നതിന് നിലവിൽ തുടർന്നുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

മരണാനന്തരം മൃതദേഹം അനാട്ടമി വിഭാഗത്തിന് പഠനാവശ്യത്തിനായി നൽകുന്നതിന് താല്പര്യമുണ്ടെന്ന് ബന്ധുമിത്രാദികൾ അറിയിക്കുന്നപക്ഷം മൃതശരീരം താഴെപ്പറയുന്ന രേഖകൾ സഹിതം സ്വീകരിച്ചുവരുന്നു.

മരണം സാക്ഷ്യപ്പെടുത്തിയ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ്

അടുത്ത ബന്ധുക്കളുടെ സമ്മതപത്രം

മരിച്ച വ്യക്തിയുടെ തിരിച്ചറിയൽ രേഖയും ഫോട്ടോയും

അടുത്ത ബന്ധുവിന്റെ തിരിച്ചറിയൽ രേഖ

<u>അവകാശികളില്ലാത്ത മൃതശരീരങ്ങൾ സ്വീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

അനാഥ മൃതശരീരങ്ങളും ബന്ധുക്കൾ ഏറ്റെടുക്കാത്ത മൃതശരീരങ്ങളും അനാട്ടമി വിഭാഗം പഠനാവശ്യത്തിനായി ഏറ്റെടുക്കണമെന്ന് ബന്ധപ്പെട്ട

പോലീസ് സ്റ്റേഷനിൽനിന്നും പ്രിൻസിപ്പാളിനേയോ, ഹോസ്പിറ്റൽ സൂപ്രണ്ടിനേയോ രേഖാമൂലം അറിയിക്കാറുണ്ട്. ആ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അനാട്ടമി വിഭാഗത്തിൽ ലഭിക്കുമ്പോൾ ഡോക്ടർ മോർച്ചറിയിൽ ശരീരം പരിശോധിച്ചശേഷം പഠന യോഗ്യമെന്ന് കണ്ടാൽ അനാട്ടമി വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

(ബി) ആയതിനോട് താല്പര്യമുള്ള വ്യക്തികൾക്ക് വിവിധ മെഡിക്കൽ കോളേജുകളിലോ, ആരോഗ്യ വകുപ്പിലോ രജിസ്റ്റർ ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

മരണാനന്തര ശരീരം അനാട്ടമി വിഭാഗത്തിന് പഠനാവശ്യത്തിനായി നൽകുന്നതിന് താൽപ്പര്യമുള്ള വ്യക്തികൾ മുദ്രപത്രത്തിൽ സമ്മതം രേഖപ്പെടുത്തി, തിരിച്ചറിയൽ രേഖയും ഫോട്ടോയും സഹിതം അനാട്ടമി വിഭാഗത്തിന് നൽകേണ്ടതാണ്. അവരുടെ പേരും മേൽവിലാസവും രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനുശേഷം മുദ്രപത്രത്തിന്റെ പകർപ്പിൽ സാക്ഷ്യപ്പെടുത്തി പകർപ്പ് വ്യക്തികൾക്ക് നൽകുന്നു.

(സി) രജിസ്റ്റർ ചെയ്യുന്ന വ്യക്തികളുടെ മൃതദേഹം ആരോഗ്യ വകുപ്പ് എപ്രകാരമാണ് സ്വീകരിക്കുന്നതെന്നും പ്രസ്തുത വ്യക്തികളുടെ കുടുംബത്തെ എങ്ങനെയാണ് ആദരിക്കുന്നതെന്നും വ്യക്തമാക്കുമോ?

രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികളുടെ മൃതശരീരം മെഡിക്കൽ കോളേജുകളിലെ അനാട്ടമി വിഭാഗം ചുവടെ ചേർത്തിരിക്കുന്ന രേഖകൾ സഹിതം ഏറ്റുവാങ്ങുന്നു:-

മരണം സാക്ഷ്യപ്പെടുത്തിയ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ്.

അടുത്ത ബന്ധുക്കളുടെ സമ്മതപത്രം.

മരിച്ച വ്യക്തിയുടെ തിരിച്ചറിയൽ രേഖ, ഫോട്ടോ.

അടുത്ത ബന്ധുവിന്റെ തിരിച്ചറിയൽ രേഖ.

മൃതശരീരം സ്വീകരിക്കുന്ന ചടങ്ങിൽ നന്ദി പ്രകടനത്തിനോടൊപ്പം ബന്ധുക്കൾക്ക് സാക്ഷ്യപത്രം നൽകി ആദരിക്കുന്നു.

(ഡി) കഴിഞ്ഞ 10 വർഷക്കാലയളവിൽ ആരോഗ്യ വകുപ്പിന് ലഭ്യമായ മൃതദേഹങ്ങൾ എത്രയെന്നും അവരുടെ പേര് വിവരം നിയമപരമായി ലഭ്യമാക്കാൻ കഴിയുമെങ്കിൽ വർഷം തിരിച്ചും ലഭ്യമാക്കാമോ?

കഴിഞ്ഞ 10 വർഷക്കാലയളവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ അവകാശികളില്ലാത്തതും ബന്ധുക്കൾ ഏറ്റെടുക്കാത്തതും ദാനം ചെയ്യപ്പെട്ടതുമായ 1465 മൃതദേഹങ്ങളാണ് ലഭ്യമായിട്ടുള്ളത്. ടിയാളുകളുടെ പേരുവിവരങ്ങൾ നിയമപരമായി വ്യക്തമാക്കാവുന്നതല്ല.

**മഞ്ചേരി നേഴ്സിംഗ് കോളേജിന് ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്ന നടപടി**

256(2392) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ പുതുതായി ആരംഭിച്ച സർക്കാർ നഴ്സിംഗ് കോളേജിന് ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മഞ്ചേരിയിൽ 2022-23 അധ്യയന വർഷം ആരംഭിച്ച സർക്കാർ നഴ്സിംഗ് കോളേജിന് താഴെപ്പറയുന്ന ശീർഷകങ്ങൾ അനുവദിച്ചിട്ടുണ്ട്.

<u>നോൺ പ്ലാൻ</u>

1) 2210-05-105-10-01

<u>പ്ലാൻ</u>

1) 2210-05-105-10-34

2) 2210-05-105-10-24

(സി) പ്രസ്തുത കോളേജിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി നഴ്സിംഗ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത കോളേജിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി നഴ്സിംഗ് കോളേജിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ പ്രൊഫസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട്, ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ്, വാച്ച്മാൻ, ഫുൾടൈം സ്വീപ്പർ എന്നീ തസ്തികകളിൽ സ്ഥിരം നിയമനം നടന്നിട്ടുണ്ട്. അഞ്ച് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തിയിട്ടുള്ളത്. ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് തസ്തികകളിൽ നിയമന നടപടികൾ പുരോഗമിക്കുന്നു.

**അരൂക്കുറ്റി പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറി**

257(2393) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ അരൂക്കുറ്റി പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) അരുക്കുറ്റി കുടുംബാരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിലേയ്ക്ക് പ്രസ്തുത ഹോമിയോ ഡിസ്പെൻസറി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

അരുക്കുറ്റി കുടുംബാരോഗ്യ കേന്ദ്രത്തോട് ചേർന്നുള്ള കെട്ടിടത്തിലേയ്ക്ക് ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തനങ്ങൾ മാറ്റുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

**ഹോമിയോ ഡിസ്പെൻസറികളുടെ പ്രവർത്തനം**

258(2394) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പഞ്ചായത്തിലും ഓരോ ഹോമിയോ ഡിസ്പെൻസറി എന്ന മുൻസർക്കാർ തീരുമാനപ്രകാരം മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി, ചൂണ്ടൽ പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറിക്കുവേണ്ടി കെട്ടിടങ്ങൾ തയ്യാറാക്കിയിട്ടും ഡിസ്പെൻസറികളുടെ പ്രവർത്തനം ഇതുവരെ ആരംഭിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പ്രസ്തുത പഞ്ചായത്തുകളിൽ ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(എ&ബി) ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ പരിശോധിച്ചുവരുന്നു.

**മണ്ണാർക്കാട് ഹോമിയോ ആശുപത്രിയിൽ ജീവനക്കാരെ നിയമിക്കാൻ നടപടി**

259(2395) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ എത്ര ഹോമിയോ ഡിസ്പെൻസറികളാണ് നിലവിലുള്ളത്; അവയുടെ വിശദാംശം ലഭ്യമാക്കുമോ?

മണ്ണാർക്കാട് മണ്ഡലത്തിൽ ഏഴ് സ്ഥാപനങ്ങളുണ്ട്.

1. ജി.എച്ച്.ഡി. അഗളി
2. ജി.എച്ച്.ഡി. ചിണ്ടക്കി
3. ജി.എച്ച്.ഡി. കോട്ടോപ്പാടം

4. ജി.എച്ച്.ഡി. പുത്തൂർ

5. ജി.എച്ച്.ഡി. ഷോളയൂർ

6. എ.പി.എച്ച്.സി. അലനല്ലൂർ,

7. എ.പി.എച്ച്.സി. തേങ്ങര

(ബി) പ്രസ്തുത ഹോമിയോ ഡിസ്പെൻസറികളിൽ മതിയായ ജീവനക്കാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാറ്റഗറിയിലുള്ള ജീവനക്കാരുടെ അഭാവമാണ് ഓരോ ഇടങ്ങളിലുമുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ; മതിയായ ജീവനക്കാരെ അടിയന്തരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

അനുവദനീയമായ തസ്തികകളിൽ ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(സി) പ്രസ്തുത ഹോമിയോ ഡിസ്പെൻസറികളിൽ ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത ഹോമിയോ ഡിസ്പെൻസറികളിൽ ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

(ഡി) ആദിവാസി മേഖലയായ അട്ടപ്പാടിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ഒരു ഹോമിയോ ആശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരണം നൽകുമോ?

ആദിവാസി മേഖലയായ അട്ടപ്പാടിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ഹോമിയോപ്പതി ചികിത്സ അടക്കം 50 കിടക്കകളുള്ള Integrated Ayush Hospital NAM പദ്ധതി മുഖേന ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പരിയാരം സർക്കാർ ആയുർവേദ കോളേജിലെ അമ്മയും കുഞ്ഞും ആശുപത്രി**

260(2396) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പരിയാരം സർക്കാർ ആയുർവേദ കോളേജിലെ നിർമ്മാണം പൂർത്തിയാക്കിയ അമ്മയും കുഞ്ഞും ആശുപത്രി പൂർണ്ണ സജ്ജമാക്കാനാവശ്യമായ എന്തൊക്കെ നടപടികളാണ് ആയുഷ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കണ്ണൂർ സർക്കാർ ആയുർവേദ കോളേജിനോട് ചേർന്ന അമ്മയും കുഞ്ഞും ആശുപത്രിയുടെ നിർമ്മാണം പൂർത്തിയാക്കുകയും 22 സ്ഥിരം തസ്തികയും ദിവസവേതന അടിസ്ഥാനത്തിലുള്ള 15 തസ്തികയും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 2021 ഒക്ടോബർ 2-ന് ഒ.പി. സേവനവും 2022 മാർച്ച് 8-ന് ഐ.പി. സേവനവും ആരംഭിച്ചിട്ടുണ്ട്. ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) പീഡിയാട്രീഷ്യൻ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് നിരവധി തവണ വിവിധ മാധ്യമങ്ങൾവഴി വിജ്ഞാപനം ചെയ്തുവെങ്കിലും ഉദ്യോഗാർത്ഥികളെ ലഭിച്ചിട്ടില്ല. പ്രസ്തുത തസ്തികകളിൽ ഡെപ്യൂട്ടേഷൻ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**പാറശ്ശാല മണ്ഡലത്തിലെ ആയുർവേദ, ഹോമിയോ ആശുപത്രികളുടെ വികസനം**

261(2397) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ആയുർവേദം, ഹോമിയോ

എന്നീ വിഭാഗങ്ങളിലെ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

(എ&ബി) പാറശ്ശാല സർക്കാർ ആയുർവേദ ആശുപത്രിയിൽ ഐ.പി. വിഭാഗത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷത്തിൽ എം.എൽ.എ. ഫണ്ടിൽനിന്നും 99,90,000/- രൂപ (തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) അനുവദിക്കുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനം 07-06-2023-ന് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാറശ്ശാല സർക്കാർ ആയുർവേദ ആശുപത്രിയിൽ നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി പദ്ധതി വിഹിതത്തിൽനിന്നും 32,438/- രൂപ അനുവദിക്കുകയും നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അരുവിപ്പുറം ആയുർവേദ ഡിസ്പെൻസറിയിലെ മെയിന്റനൻസ് പ്രവൃത്തികൾക്കായി 2021-22 സാമ്പത്തിക വർഷം എട്ട്

ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് ഇൻസ്പെക്ഷൻ റൂം നിർമ്മാണവും സ്ഥാപനത്തിന്റെ മെയിന്റനൻസും നടത്തി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നാഷണൽ ആയുഷ് മിഷൻ പദ്ധതിയിലൂടെ അരുവിപ്പുറം, കുന്നത്തുകാൽ, ഒറ്റശേഖരമംഗലം, ചെങ്കൽ ഗവ. ആയുർവേദ ഡിസ്പെൻസറികളെ ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററായി ഉയർത്തിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി ലാപ്ടോപ്പ്, ഔഷധ സസ്യത്തോട്ടം, മൾട്ടി പർപ്പസ് വർക്കറുടെ തസ്തിക, ഫുൾടൈം യോഗ ഇൻസ്ട്രക്ടർ തസ്തിക, എല്ലാ വർഷവും ശമ്പളവും മറ്റുംനൽകുന്നതിനായി 4.57 ലക്ഷം രൂപ വീതം റെക്കറിംഗ് ഗ്രാന്റ് എന്നീ സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിലേയ്ക്ക് AHWC Infra work- Minor Infra upgradation & furniture പ്രവർത്തികൾക്കായി അനുവദിച്ചിട്ടുള്ള അഞ്ച് ലക്ഷം രൂപയിൽ അരുവിപ്പുറം ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ പ്രവൃത്തി പൂർത്തിയാക്കി തുക പൂർണ്ണമായും ചെലവഴിക്കുകയും കുന്നത്തുകാൽ, ഒറ്റശേഖരമംഗലം, ചെങ്കൽ ഗവ. ആയുർവേദ ഡിസ്പെൻസറികളിലെ പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്. അരുവിപ്പുറം ഗവ. ആയുർവേദ

ഡിസ്പെൻസറിക്ക് അപ്ഗ്രഡേഷന്റെ ഭാഗമായി പുതിയ ഒ.പി. ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള 30 ലക്ഷം രൂപയുടെ പ്രവൃത്തി നാഷണൽ ആയുഷ് മിഷൻ നടപ്പിലാക്കിവരുന്നതും നിർമ്മാണ പ്രവൃത്തിയുടെ 50% പൂർത്തിയാക്കിയിട്ടുള്ളതുമാണ്. പാറശ്ശാല മണ്ഡലത്തിൽ ഹോമിയോപ്പതി വകുപ്പിനുകീഴിൽ വരുന്ന സ്ഥാപനങ്ങൾക്ക് മരുന്നിനും മറ്റ് വികസന പ്രവർത്തനങ്ങൾക്കുമായി താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| സ്ഥാപനം | മരുന്നുകൾക്കായി അനുവദിച്ച തുക | മറ്റ് വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക |
|---|---|---|
| ഗവ.ഹോമിയോ ഡിസ്പെൻസറി, കൊല്ലയിൽ | 4,50,000/- | 1,50,000/- |
| ഗവ.ഹോമിയോ ഡിസ്പെൻസറി, പെരുങ്കടവിള | 2,50,000/- | 3,25,000/- |
| ഗവ.ഹോമിയോ ഡിസ്പെൻസറി, ആര്യങ്കോട് | 5,00,000/- | 2,00,000/- |
| ഗവ.ഹോമിയോ ഡിസ്പെൻസറി, കുന്നത്തുകാൽ | 5,00,000/- | 1,50,000/- |
| ഗവ.ഹോമിയോ ഡിസ്പെൻസറി, കള്ളിക്കാട് | 4,50,000/- | 95,000/- |

| | | |
|---|---|---|
| ഗവ.ഹോമിയോ ഡിസ്പെൻസറി, അമ്പൂരി | 3,00,000/- | - |
| ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, വെള്ളറട | 1,50,000/- | 2,50,000/- |
| ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, ഒറ്റശേഖരമംഗലം | 5,00,000/- | - |

(സി) പ്രസ്തുത കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ താഴെ പറയുന്ന ആയുഷ് സ്ഥാപനങ്ങളിൽ മെഡിക്കൽ ഓഫീസർമാരുടെ സേവനം നൽകുന്നതിനുള്ള ശമ്പളയിനത്തിൽ ദേശീയ ആരോഗ്യ ദൗത്യത്തിൽനിന്നും ഫണ്ട് ഉപയോഗിച്ചുവരുന്നു.

| സ്ഥാപനം | തസ്തിക |
|---|---|
| ഗവ.ആയുർവേദ ഹോസ്പിറ്റൽ, പാറശ്ശാല | ആയുർവേദ മെഡിക്കൽ ഓഫീസർ |
| നാഷണൽ ഹെൽത്ത് മിഷൻ ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, ആര്യൻകോട് | ആയുർവേദ മെഡിക്കൽ ഓഫീസർ |

| | |
|---|---|
| നാഷണൽ ഹെൽത്ത് മിഷൻ പ്രൈമറി ഹെൽത്ത് സെന്റർ, കൊല്ലയിൽ | ആയുർവേദ മെഡിക്കൽ ഓഫീസർ |
| ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, കുന്നത്തുകാൽ | ഹോമിയോ മെഡിക്കൽ ഓഫീസർ |
| ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, ഒറ്റശേഖരമംഗലം | ഹോമിയോ മെഡിക്കൽ ഓഫീസർ |
| ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, പാറശ്ശാല | ഹോമിയോ മെഡിക്കൽ ഓഫീസർ |
| ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, വെള്ളറട | ഹോമിയോ മെഡിക്കൽ ഓഫീസർ |
| ഗവ. സിദ്ധ ഡിസ്പെൻസറി, പാറശ്ശാല | സിദ്ധ മെഡിക്കൽ ഓഫീസർ |

**കുട്ടനാട്ടിൽ ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് നടപടി**

262(2398) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കായൽ ടൂറിസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട്ടിൽ ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) കുട്ടനാട്ടിൽ നിലവിലുള്ള എല്ലാ ആയുർവേദ ഡിസ്പെൻസറികളും അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഭാരതീയ ചികിത്സാവകുപ്പിലെ സ്ഥാപനങ്ങളുടെ അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ട് പുതിയ പ്രയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നാഷണൽ ആയുഷ് മിഷനുമായി ചേർന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(സി) കുട്ടനാട്ടിലെ ആയുർവേദ ഡിസ്പെൻസറികളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ കുട്ടനാട് നിയോജകമണ്ഡലത്തിലെ ഗവ. ആയുർവേദ ഡിസ്പെൻസറികളായ വിയപുരം, വെളിയനാട്, തകഴി എന്നിവ ആയുഷ് ഹെൽത്ത് & വെൽനസ് സെന്ററായി ഉയർത്തിയിട്ടുണ്ട്. ഗവ. ആയുർവേദ ഡിസ്പെൻസറി തകഴിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നാഷണൽ

ആയുഷ് മിഷൻ 49.40 ലക്ഷം രൂപ അനുവദിക്കുകയും അത് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തലവടി പഞ്ചായത്തിലെ ഗവ. ആയുർവേദ ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യതയും ആവശ്യവും പരിഗണിച്ച് സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയുഷ് ഹെൽത്ത് & വെൽനസ് സെന്ററായി ഉയർത്തിയതിന്റെ ഭാഗമായി എല്ലാ വർഷവും 4.57 ലക്ഷം രൂപ വീതം ഈ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

**പാട്യം ആയുർവേദ ഡിസ്പെൻസറിയിൽ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി**

263(2399) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാട്യം ആയുർവേദ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സാസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള കെട്ടിടം നിർമ്മിച്ചെങ്കിലും ആവശ്യമായ തസ്തികകൾ അനുവദിക്കാത്തത് കാരണം

ഉദ്ഘാടനം ചെയ്യാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

പാട്യം ഗവ. ആയുർവേദ ഡിസ്പെൻസറിക്കായി നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം 27-04-2023-ന് കഴിഞ്ഞിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(സി) തസ്തികകൾ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പ്രസ്തുത കെട്ടിടം ജനോപകാരപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) ഭാരതീയ ചികിത്സാവകുപ്പിലെ സ്ഥാപനങ്ങളുടെ അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ട് പുതിയ പ്രയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് നാഷണൽ ആയുഷ് മിഷനുമായി ചേർന്ന് ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു.

**കുണ്ടറ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള ആയുഷ് പദ്ധതി**

264(2400) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽവരുന്ന ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങളിലാണ് ആയുഷ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തൃക്കോവിൽവട്ടം സർക്കാർ ഹോമിയോ ഡിസ്പെൻസറി, കണ്ണനല്ലൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറി, കൊറ്റങ്കര സർക്കാർ ആയുർവേദ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളെ നാഷണൽ ആയുഷ് മിഷൻ നടപ്പിലാക്കിയ പദ്ധതിയിലൂടെ ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളായി ഉയർത്തിയിട്ടുണ്ട്. കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | പദ്ധതി |
|---|---|

| | |
|---|---|
| സർക്കാർ ആയുർവേദ ആശുപത്രി, നെടുമ്പന | പ്രസൂതി തന്ത്ര (പ്ലാൻ പദ്ധതി) |
| സർക്കാർ ആയുർവേദ ഡിസ്പെൻസറി, കണ്ണനല്ലൂർ | KASH സ്റ്റാൻഡേർഡ് (പ്ലാൻ പദ്ധതി) |
| സർക്കാർ ആയുർവേദ ഡിസ്പെൻസറി, കൊറ്റങ്കര | KASH സ്റ്റാൻഡേർഡ് (പ്ലാൻ പദ്ധതി),<br>റിനൊവേഷൻ (നാഷണൽ ആയുഷ് മിഷൻ) |
| സർക്കാർ ആയുർവേദ ഡിസ്പെൻസറി, പെരിനാട് | പുതിയ ആശുപത്രി കെട്ടിടം (ഫിഷറീസ് & പോർട്ട് വകുപ്പ്) |

(ബി) പ്രസ്തുത പദ്ധതി പ്രകാരം കുണ്ടറ മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽവരുന്ന കണ്ണനല്ലൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറി, കൊറ്റങ്കര സർക്കാർ ആയുർവേദ ഡിസ്പെൻസറി, തൃക്കോവിൽവട്ടം സർക്കാർ ഹോമിയോ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങൾ ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളായി മാറ്റുന്നതിനായി അഞ്ച് ലക്ഷം രൂപ അടിസ്ഥാന സൗകര്യ

വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളായി മാറ്റുന്നതിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനങ്ങളിൽ ലാപ്ടോപ്പ്, ഔഷധ സസ്യതോട്ടം, മൾട്ടി പർപ്പസ് വർക്കറുടെ തസ്തിക, ഫുൾ ടൈം യോഗ ഇൻസ്ട്രക്ടർ തസ്തിക, എല്ലാ വർഷവും ശമ്പളവും മറ്റും നൽകുന്നതിനായി 4.57 ലക്ഷം രൂപ വീതം റെക്കറിംഗ് ഗ്രാന്റ് എന്നിവ അനുവദിച്ചിട്ടുണ്ട്. കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ താഴെ പറയും പ്രകാരം സൗകര്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

**സർക്കാർ ആയുർവേദ ആശുപത്രി, നെടുമ്പന**

2016-17 സാമ്പത്തിക വർഷം മുതൽ KASH സ്റ്റാൻഡേർഡ് കൈവരിക്കുന്നതിനായി വകുപ്പിന്റെ പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി ഫർണിച്ചറുകൾ, ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, ടോക്കൺ മെഷീൻ, വേയിംഗ് മെഷീൻ, ലബോറട്ടറി ഉപകരണങ്ങൾ, വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങുന്നതിനായി തുകകൾ അനുവദിച്ചിട്ടുണ്ട്. 2016-17 മുതൽ പ്രസൂതിതന്ത്ര

പദ്ധതിയുടെ നടത്തിപ്പിനായി ഒരു മെഡിക്കൽ ഓഫീസറേയും അറ്റൻഡറേയും നിയമിക്കുന്നതിനും ഔഷധം വാങ്ങുന്നതിനായും കണ്ടിജൻസി ഇനത്തിലും തുകകൾ അനുവദിച്ചിട്ടുണ്ട്.

**സർക്കാർ ആയുർവേദ ഡിസ്പെൻസറി, കണ്ണനല്ലൂർ**

KASH സ്റ്റാൻഡേർഡ് കൈവരിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 4 ലക്ഷം രൂപയും 2020-21-ൽ 5.02 ലക്ഷം രൂപയും അറ്റകുറ്റപ്പണികൾക്കായി വകുപ്പിന്റെ പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.

**സർക്കാർ ആയുർവേദ ഡിസ്പെൻസറി, കൊറ്റങ്കര**

KASH സ്റ്റാൻഡേർഡ് കൈവരിക്കുന്നതിനായി ഫർണീച്ചറുകൾ, ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനായി 2016-17 സാമ്പത്തിക വർഷം 2,37,259/- രൂപയും 2021-22-ൽ 22,855/- രൂപയും വകുപ്പിന്റെ പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ നവീകരണത്തിന്റെ ഭാഗമായി നാഷണൽ ആയുഷ് മിഷനിൽനിന്നും 2017-18 സാമ്പത്തിക വർഷത്തിൽ ഒ.പി. റൂം, പേഷ്യന്റ് വെയിറ്റിംഗ് റൂം, ടോയ്‌ലറ്റ്,

സ്റ്റെയർകെയ്സ് നിർമ്മാണത്തിനായി 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. KASH സ്റ്റാൻഡേർഡ് കൈവരിക്കുന്നതിനായി വകുപ്പിന്റെ പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി അറ്റകുറ്റപ്പണികൾക്കായി 2020-21 സാമ്പത്തിക വർഷം 4,73,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

**സർക്കാർ ആയുർവേദ ഡിസ്പെൻസറി, പെരിനാട്**

പുതിയ ആശുപത്രി കെട്ടിടം, ഇലക്ട്രിസിറ്റി, ഫർണീച്ചർ, ഉപകരണങ്ങൾ എന്നിവയ്ക്കായി ഫിഷറീസ് & പോർട്ട്സ് വകുപ്പിൽനിന്നും 198 ലക്ഷം രൂപ അനുവദിക്കുകയും ആയതിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ മൊഗ്രാൽ യുനാനി ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി

265(2401) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര യുനാനി ആശുപത്രികളുണ്ടെന്നും അത് എവിടെയൊക്കെ സ്ഥിതി ചെയ്യുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ലഭ്യമായ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ യുനാനി ആശുപത്രി നിലവിലില്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ കുമ്പള ഗ്രാമപഞ്ചായത്തിലെ മൊഗ്രാൽ എന്ന സ്ഥലത്ത് ഒരു യുനാനി ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. മൊഗ്രാൽ ഗവ. യുനാനി ഡിസ്പെൻസറി ആയുഷ് ഹെൽത്ത് & വെൽനസ് സെന്ററായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത ഡിസ്പെൻസറിയിൽ ഒ.പി. ലാബ്, ഫിസിയോതെറാപ്പി, യുനാനി റെജിമെന്റൽ തെറാപ്പി (മസാജ്, കപ്പിംഗ്, ഹിജാമ, വെനിസെക്ഷൻ (ഫസദ്) തുടങ്ങിയവ) യോഗ, ടെലിമെഡിസിൻ, ഓൺലൈൻ രജിസ്ട്രേഷൻ സിസ്റ്റം, ഇ-ഹോസ്പിറ്റൽ എന്നീ സേവനങ്ങൾ ലഭ്യമാണ്. കൂടാതെ നാഷണൽ ഹെൽത്ത് മിഷൻ മുഖേന 15

സ്ഥാപനങ്ങളിലും നാഷണൽ ആയുഷ് മിഷൻ മുഖേന നാല് സ്ഥാപനങ്ങളിലും യുനാനി മെഡിക്കൽ ഓഫീസറുടെ (ഒ.പി. ചികിത്സ) സേവനം ലഭ്യമാണ്.

(സി) കാസർഗോഡ് ജില്ലയിലെ മൊഗ്രാൽ യുനാനി ആശുപത്രി അപ്ഗ്രേഡ് ചെയ്ത് കിടത്തി ചികിത്സ സൗകര്യമുള്ള ആശുപത്രിയാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഭാരതീയ ചികിത്സാവകുപ്പിലെ സ്ഥാപനങ്ങളെ അപ്ഗ്രേഡ് ചെയ്യുന്നതിനായുള്ള പുതിയ പ്രയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നാഷണൽ ആയുഷ് മിഷനുമായി ബന്ധപ്പെട്ട് ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

**യോഗയുടെ പ്രാധാന്യവും പ്രചാരവും**

266(2402) **ശ്രീ. കെ. ബാബു (നെന്മാറ):**
**ശ്രീ. ഐ. ബി. സതീഷ്:**
**ശ്രീ. എം. വിജിൻ:**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യോഗയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും ഓരോ വ്യക്തിയിലേയ്ക്കും കുടുംബത്തിലേയ്ക്കും യോഗയുടെ പ്രാധാന്യം എത്തിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് യോഗയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും ഓരോ വ്യക്തിയിലേയ്ക്കും കുടുംബത്തിലേയ്ക്കും യോഗയുടെ പ്രാധാന്യം എത്തിക്കുന്നതിനും ഭാരതീയ ചികിത്സാവകുപ്പ് 2015-16 മുതൽ വാർഷിക പദ്ധതിയിലുൾപ്പെടുത്തി യോഗ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പതിനാല് ജില്ലകളിലേയും തെരഞ്ഞെടുത്ത ആശുപത്രികളിൽ നടപ്പിലാക്കി വരുന്നുണ്ട്. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കോളേജിലെ സ്വസ്ഥവൃത്ത വകുപ്പിന്റെ നേതൃത്വത്തിൽ യോഗയുടെ പ്രാധാന്യവും പ്രചാരവും മറ്റുള്ളവരിലെത്തിക്കുന്നതിനായി

ദിവസേന ഒ.പി.-ൽ വരുന്ന രോഗികൾക്ക് രോഗാനുസാരേണ യോഗ പരിശീലനം, കിടപ്പ് രോഗികൾക്ക് ദിവസേനയുള്ള യോഗ പരിശീലനം, കുട്ടികൾക്കായി അവധിക്കാല യോഗ പരിശീലന ക്യാമ്പുകൾ, പൊതുജനങ്ങൾക്കായി യോഗ പ്രചാരണ ക്ലാസുകൾ, സ്കൂൾ തലത്തിൽ യോഗ ബോധവൽക്കരണ പരിപാടി, ശ്വാസകോശ രോഗങ്ങളുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് പ്രാണ എന്ന യോഗ പരിശീലന പരിപാടി, യു.ജി. വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. അന്താരാഷ്ട്ര യോഗാദിനത്തിന്റെ ഭാഗമായി ദേശീയ പ്രോട്ടോക്കോൾ അനുസരിച്ച് വിദ്യാർഥികൾക്കും അദ്ധ്യാപകർക്കും യോഗാ പരിശീലനം നൽകുന്നു. കൂടാതെ യോഗാ ക്വിസ് മത്സരം, യോഗാ പ്രാധാന്യത്തെക്കുറിച്ച് ലൈവ് പ്രോഗ്രാം തുടങ്ങിയ പരിപാടികളും അവതരിപ്പിച്ചിട്ടുണ്ട്. അമിതവണ്ണം കുറയ്ക്കുന്നതിനായി ആയുർവേദ യോഗാ, പ്രകൃതി ചികിത്സകൾ എന്നിവ സംയോജിപ്പിച്ച് ഒരു ഗവേഷണ പ്രോജക്ട് നടത്തിവരുന്നു. സർക്കാർ ആയുർവേദ കോളേജ് പഞ്ചകർമ്മ ആശുപത്രി പൂജപ്പുരയിൽ സ്വസ്ഥവൃത്ത വകുപ്പിന്റെ

നേതൃത്വത്തിൽ എല്ലാ ദിവസവും രാവിലെ എട്ട് മണി മുതൽ 12 മണി വരെ യോഗാ പ്രാക്ടീസ് നടത്തുന്നുണ്ട്. എട്ട് മണി മുതൽ ഒമ്പതുമണി വരെ വിദ്യർത്ഥികൾക്കും ശേഷം ഒരു മണിക്കൂർ പൊതുജനങ്ങൾക്കായി wellness yoga-യും നൽകിവരുന്നു. 11 മണി മുതൽ രോഗികൾക്കായി Therapeutic yoga-യും നൽകി വരുന്നു. നാഷണൽ ആയുഷ് മിഷന്റെ കീഴിൽ സംസ്ഥാനത്ത് അനുവദിച്ച 600 ആയുഷ് ഹെൽത്ത് & വെൽനസ് സെന്ററുകളിൽ 520 എണ്ണത്തിൽ പൂർണ്ണസമയ യോഗ ട്രെയിനറെ നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ള 80 എണ്ണത്തിൽ നിയമന നടപടികൾ നടന്നുവരുന്നു. ജീവിതശൈലീരോഗ പ്രതിരോധത്തിനും ആരോഗ്യകരമായ ജീവിതശൈലിക്കും അനുയോജ്യമായ യോഗ പരിശീലനം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും സൗജന്യമായി നൽകിവരുന്നുണ്ട്. ആയുഷ്ഗ്രാം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 16 ബ്ലോക്ക് പഞ്ചായത്തുകളിൽ യോഗ പരിശീലകരെ നിയമിച്ചിട്ടുണ്ട്. സ്കൂളുകളിലും സാമൂഹിക ഇടങ്ങളിലും യോഗയുടെ സന്ദേശമെത്തിക്കാൻ ആയുഷ് ഗ്രാം യോഗ പരിശീലകർ

പരിപാടികൾ നടത്തി വരുന്നുണ്ട്. ഇത് കൂടാതെ 29 യോഗ വെൽനസ് സെന്ററുകളും ആയുഷ് മിഷൻ നടത്തി വരുന്നുണ്ട്.

(ബി) ഇതിനായി പ്രത്യേക ആയുഷ് യോഗ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഇത്തരം പ്രവർത്തനങ്ങളിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്നും ആരോഗ്യ സംരക്ഷണത്തിന് യോഗ എത്രത്തോളം സഹായകമാണെന്നും വിശദീകരിക്കാമോ?

2023-ലെ അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുമായി 1000 ആയുഷ് യോഗ ക്ലബുകളും 590 വനിത ആയുഷ് യോഗ ക്ലബുകളും രൂപീകരിച്ചിട്ടുണ്ട്. ടി യോഗ ക്ലബുകളുടെ പ്രവർത്തനംവഴി ജീവിതശൈലിയിലുള്ള മാറ്റങ്ങൾമൂലമുണ്ടാകുന്ന രോഗങ്ങളെപ്പറ്റിയുള്ള അവബോധം നൽകുക, ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുക, മാനസിക സമ്മർദ്ദം ലഘൂകരിക്കുക, മികച്ച ആരോഗ്യം ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. സൗജന്യമായി യോഗ പരിശീലനം നൽകിക്കൊണ്ട് കേരളത്തെ സമ്പൂർണ്ണ യോഗ സംസ്ഥാനമാക്കി മാറ്റുന്നതിനും ജീവിത

ശൈലീരോഗങ്ങളെ പ്രതിരോധിക്കുന്നതിനും രോഗശമനത്തിന് സഹായകമാകുന്ന യോഗ പരിശീലിപ്പിക്കുന്നതിനും യോഗ ക്ലബ്ബുകളുടെ പ്രവർത്തനം സഹായകമാണ്. നിലവിലുള്ള രോഗങ്ങളുടെ ശമനത്തിലും രോഗങ്ങൾ പ്രതിരോധിക്കുന്നതിനും യോഗ വളരെയേറെ സഹായകമാണ്. കേരളത്തിലെ ജീവിതശൈലീ രോഗങ്ങളുടെ വ്യാപനം നല്ലതോതിൽ കുറയ്ക്കുന്നതിന് യോഗ പരിശീലനത്തിന് കാര്യമായ പങ്ക് വഹിക്കാൻ കഴിയും.

(സി) ആയുഷ് വകുപ്പും യോഗ അസോസിയേഷൻ ഓഫ് കേരളയും ചേർന്ന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്നും അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

നാഷണൽ ആയുഷ് മിഷനുമായി ചേർന്ന് സംസ്ഥാനത്തൊട്ടാകെ യോഗ പ്രചരിപ്പിക്കുന്നതിനായി രൂപീകരിച്ച ആയുഷ് യോഗ ക്ലബ്ബുകൾ യോഗ അസോസിയേഷൻ ഓഫ് കേരളയുടെ പങ്കാളിത്തത്തോടുകൂടിയാണ് നടപ്പിലാക്കുന്നത്. ആയുഷ് യോഗ ക്ലബ്ബുകളുടെ തുടർപ്രവർത്തനങ്ങൾക്ക് യോഗ അസോസിയേഷൻ ഓഫ് കേരളയുടെ സഹകരണം ലഭിച്ചുവരുന്നുണ്ട്.

**പെൺകുട്ടികൾക്ക് തുല്യത ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ**

267(2403) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ പെൺകുട്ടികൾക്ക് തുല്യാവകാശം ലഭ്യമാക്കി അവകാശബോധമുള്ളവരായി മാറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ദേശീയ ബാലികാ ദിനാചരണത്തിന്റെ ഭാഗമായി ലിംഗപദവി സമത്വത്തിലധിഷ്ഠിതമായ പദ്ധതികളുടെ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സമൂഹത്തിൽ പെൺകുട്ടികൾക്ക് തുല്യാവകാശം ലഭ്യമാക്കി അവകാശ ബോധമുള്ളവരായി മാറ്റുന്നതിന് എസ്.സി.പി.എസ്. മുഖേന നടപ്പാക്കുന്ന ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) പദ്ധതിയുടെ ഭാഗമായുള്ള സ്കൂളുകളിൽ സ്മാർട്ട്-40 ക്യാമ്പുകളിലൂടെ വിവിധ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ജീവിത നൈപുണി പരിശീലനം നൽകുന്നു. സ്മാർട്ട്-

40 ജീവിത നൈപുണി പരിശീലനം നൽകുന്നതിനായി തയ്യാറാക്കിയിട്ടുള്ള മോഡ്യൂളിലെ തന്മയീഭാവം എന്ന സെക്ഷനിലൂടെ കുട്ടികൾക്ക് സമത്വം, പരിഗണനന, അവരുടെ വികാരങ്ങൾ പ്രകടിപ്പിക്കാനുള്ള അവകാശം എന്നിവയെക്കുറിച്ച് കൃത്യമായി ബോധ്യപ്പെടുത്തിക്കൊടുക്കുന്നു. കൂടാതെ പാരന്റിംഗ് ക്ലിനിക്കുകളിലൂടെ മാതാപിതാക്കൾക്ക് കുട്ടികളുടെ അവകാശങ്ങൾ, താല്പര്യങ്ങൾ, പ്രശ്നപരിഹാര മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായ ആശയങ്ങളും നിർദ്ദേശങ്ങളും നൽകിവരുന്നു. ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ ഒ.ആർ.സി.-യുടെ ഭാഗമായി നടപ്പാക്കുന്ന സ്മാർട്ട്-I ക്യാമ്പുകളിലൂടെ കുട്ടികൾക്ക് തങ്ങളുടെ സ്വന്തം കഴിവുകളെ തിരിച്ചറിയാനും അത് എവിടെയും പ്രദർശിപ്പിക്കാനും തങ്ങൾക്ക് താല്പര്യമുള്ള ഏതൊരു മേഖലയിലും എത്ര ഉയരത്തിൽ ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള ഒരു ആർജ്ജവം ലഭിക്കുന്നു. ദേശീയ ബാലികാ ദിനാചരണത്തിന്റെ ഭാഗമായി ലിംഗപദവി സമത്വത്തിലധിഷ്ഠിതമായ പദ്ധതികളുടെ പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ ബോധവൽക്കരണ പരിപാടികൾ (കരിയർ ഗൈഡൻസ് ഉൾപ്പെടെ) സംഘടിപ്പിച്ചിട്ടുണ്ട്. ബേട്ടി ബചാവോ ബേട്ടി പഠാവോ എന്ന

നൂറുശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലിംഗപദവി അസമത്വം തടയാനായി ബാലികാദിനം ആചരിക്കുമ്പോൾ ടി വിഷയത്തിന്മേൽ അവബോധം സൃഷ്ടിക്കാനും കൂടുതൽ ജനശ്രദ്ധ കൊണ്ടുവരാൻ സാധിക്കുകയും സമൂഹത്തിൽ നിലനിൽക്കുന്ന ദുരാചാരങ്ങളായ ശൈശവ വിവാഹം, സ്ത്രീധനം, ഗാർഹിക പീഡനം, സ്ത്രീകൾക്കുനേരെയുണ്ടാകുന്ന മറ്റ് അതിക്രമങ്ങൾ തടയുന്നതിനുള്ള പദ്ധതികൾ വകുപ്പ് മുഖേന ജില്ല/ബ്ലോക്ക്/സ്കൂളുകൾ/കോളേജുകൾ/ അങ്കണവാടി തലത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. അങ്കണവാടികളോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന പെൺകുട്ടികൾക്ക് മാത്രമുള്ള കൗമാര ക്ലബ്ബുകളെ "വർണ്ണക്കൂട്ട്" എന്ന പേരിൽ പുനർനാമകരണം ചെയ്തിട്ടുണ്ട്. നിലവിൽ ആൺകുട്ടികളെയും "വർണ്ണക്കൂട്ടിൽ" ഉൾപ്പെടുത്തിയിട്ടുണ്ട്. വർണ്ണക്കൂട്ടിലെ അംഗങ്ങൾക്ക് വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നൽകിവരുന്നുണ്ട്. 1230 സെക്ടറുകളിലെ വർണ്ണക്കൂട്ടുകൾക്ക് WIFI connection നൽകിയിട്ടുണ്ട്. കുട്ടികളുടെ മാനസിക ശാരീരിക ബൗദ്ധിക വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അംഗങ്ങളെ

ഉൾപ്പെടുത്തിക്കൊണ്ട് കൗമാര ക്ലബ്ബുകൾ മുഖേന വിവിധ പരിപാടികൾ സംഘടിപ്പിക്കാനും അത്തരത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന വർണ്ണക്കൂട്ടുകൾക്ക് പ്രോജക്ട് തലത്തിലും ജില്ലാതലത്തിലും ക്യാഷ് അവാർഡ് നൽകിവരുന്നു. സൈക്കോ സോഷ്യൽ പദ്ധതി പ്രകാരം 1012 സ്കൂളുകളിൽ കൗൺസലർമാരെ നിയമിച്ചിട്ടുണ്ട്. കൗമാരക്കാരായ കുട്ടികൾക്കാവശ്യമായ കൗൺസലിംഗ് സേവനങ്ങൾ നൽകിവരുന്നു.

(ബി) പോക്സോ അതിജീവിതരായ കുട്ടികളുടെ മാനസികാഘാതം ലഘൂകരിച്ച് പിന്തുണ നൽകുന്നതിനും ഗാർഹിക പീഡനത്തിനിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും നിയമ-വൈദ്യസഹായം നൽകി സംരക്ഷിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പെൺകുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ പിന്തുണ നൽകി സ്വയംപര്യാപ്തരാക്കി മാറ്റാൻ കൈക്കൊള്ളുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പോക്സോ അതിജീവിതരായ കുട്ടികളുടെ മാനസികാഘാതം ലഘൂകരിച്ച് പിന്തുണ നൽകുന്നതിനും ഗാർഹിക പീഡനത്തിനിരയാകുന്ന സ്ത്രീകൾക്കും

കുട്ടികൾക്കും നിയമ-വൈദ്യസഹായം നൽകി സംരക്ഷിക്കുന്നതിനും വനിത ശിശുവികസന വകുപ്പ് മുഖേന ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

**ഇരവിപുരം മണ്ഡലത്തിലെ അങ്കണവാടികൾ**

268(2404) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ അടിസ്ഥാന സൗകര്യമില്ലാത്ത എത്ര അങ്കണവാടികളുണ്ടെന്നും പ്രസ്തുത അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഇരവിപുരം മണ്ഡലത്തിൽ സ്വന്തമായി ടോയ്‌ലെറ്റ് സൗകര്യമില്ലാത്ത അങ്കണവാടികൾ-2 എണ്ണം, സ്വന്തമായി കുടിവെള്ള സൗകര്യമില്ലാത്ത അങ്കണവാടികൾ-5 എണ്ണം, ചുറ്റുമതിലില്ലാത്ത അങ്കണവാടികൾ -28 എണ്ണം. വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.+ ഇക്കാര്യം ബന്ധപ്പെട്ട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളതും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കൊല്ലം അർബൻ-2 ഐ.സി.ഡി.എസ്. പ്രോജക്ടിൽ അഞ്ച് അങ്കണവാടികൾക്ക് കോർപ്പറേഷനിൽ പ്രോജക്ട് വച്ചിട്ടുണ്ട്. മുഖത്തല ഐ.സി.ഡി.എസ്. പ്രോജക്ടിലെ സ്വന്തമായി ടോയ്‌ലെറ്റില്ലാത്ത രണ്ട് അങ്കണവാടികൾ അടിസ്ഥാന സൗകര്യമുള്ള വാടക കെട്ടിടങ്ങളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നും സ്വന്തമായി ഭൂമിയുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

114 അങ്കണവാടികൾ. ഇവയിൽ സ്വന്തമായി ഭൂമിയുള്ള 11 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം -2 ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പാലക്കാട് ജില്ലയിലെ സ്മാർട്ട് അങ്കണവാടികൾ**

269(2405) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പാലക്കാട് ജില്ലയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട സ്മാർട്ട് അങ്കണവാടികളുടെ പട്ടിക ലഭ്യമാക്കാമോ?

ഈ വർഷത്തെ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പാലക്കാട് ജില്ലയിൽനിന്നും പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. അങ്കണവാടികളെ തെരഞ്ഞെടുത്തിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്മാർട്ട് അങ്കണവാടി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് (10, 7.5, 5, 3, 3 (Slopping Terrain), 1.25 സെന്റ്) അനുസരിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ആറ് വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിന്റെയും കോളേജ് ഓഫ് ആർക്കിടെക്ചറിന്റെയും സാങ്കേതിക സഹായത്തോടെ

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം തയ്യാറാക്കിയിട്ടുണ്ട്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഹാൾ, പൂന്തോട്ടം, പ്രീസ്കൂൾ ആക്റ്റിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി.വി., മ്യൂസിക് സിസ്റ്റം, ന്യൂട്രി ഗാർഡൻ, സ്ലീപ്പിംഗ് ഏരിയ, കുട്ടികൾ വീണാൽ പരിക്ക് പറ്റാതിരിക്കാൻ ക്ലാസ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട് ഡോർ പ്ലേ ഏരിയയിൽ ഗ്രാസ് മാറ്റ്, റീഡിംഗ് കോർണർ, ചുമർ ചിത്രങ്ങൾ, പാരന്റ്സ് വെയിറ്റിംഗ് റൂം, അഡോളസെന്റ് കുട്ടികൾക്ക് ലൈബ്രറി, കുട്ടികളുടെ ശാരീരികമായ വികാസത്തിനായി സ്കിപ്പിംഗ് റോപ്പ്, ചെസ് ബോർഡ്, കാരം ബോർഡ്, ഫിംഗർ പോപ്പറ്റ് തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് പ്രസ്തുത പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിക്കനുസരിച്ച് ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

**ഒറ്റപ്പാലം മണ്ഡലത്തിലെ വനിത-ശിശുവികസന വകുപ്പിന്റെ പദ്ധതി**

270(2406) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിൽ വനിത-ശിശുവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ വനിതാ-ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ലൈംഗികന്യൂനപക്ഷ വിഭാഗക്കാരുടെ ആരോഗ്യസേവനം**

271(2407) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈംഗികന്യൂനപക്ഷ (ട്രാൻസ്ജെൻഡർ, ലെസ്ബിയൻ, ഗേ) വിഭാഗക്കാർക്ക് ആരോഗ്യസേവനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; രാജ്യത്ത് ആദ്യമായിട്ടാണോ ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നത്; എന്തൊക്ക സേവനങ്ങളാണ് ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നത്; എന്തൊക്കെ കാര്യങ്ങളാണ് പദ്ധതി ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെടുന്നവർക്കുവേണ്ടിയുള്ള വിവിധ ക്ഷേമ പദ്ധതികളും സേവനങ്ങളും സംസ്ഥാന സാമൂഹ്യനീതി വകുപ്പ് മുഖാന്തരം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെടുന്നവർക്കായി സംസ്ഥാന സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച വിവിധ പദ്ധതികളുടെയും സേവനങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ, ട്രാൻസ്ജെൻഡർ വ്യക്തികളുടെയും ക്വയർ വ്യക്തികളുടെയും അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് ആരോഗ്യ സ്ഥാപനങ്ങളിൽ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി "ക്വയർ ഫ്രണ്ട്‌ലി ഇനിഷ്യേറ്റീവ്" എന്ന പദ്ധതി രാജ്യത്ത് ആദ്യമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ നാല് ജില്ലകളിലാണ് (തിരുവനന്തപുരം, എറണാകുളം,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൃശ്ശൂർ, കോഴിക്കോട്) ഇത് നടപ്പിലാക്കുന്നത്. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് യതൊരു വിധത്തിലുള്ള വിവേചനവുമില്ലാതെ എല്ലാ സേവനങ്ങളും ലഭ്യമാവുന്ന ഒരു ആരോഗ്യ സംവിധാനമാണ് പ്രസ്തുത പദ്ധതി. മേൽപ്പറഞ്ഞ ജില്ലകളിൽ ജനറൽ ആശുപത്രികളിൽ ക്വയർ ഫ്രണ്ട്‌ലിയാക്കി മാറ്റാനായി ജീവനക്കാർക്ക് പരിശീലനം സംഘടിപ്പിച്ചു. ഘട്ടംഘട്ടമായി കേരളത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും ക്വയർ ഫ്രണ്ട്‌ലിയാക്കി മാറ്റാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനുപുറമെ ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ചികിത്സയുമായി ബന്ധപ്പെട്ട് കോട്ടയം മെഡിക്കൽ കോളേജിൽ സംസ്ഥാനത്തെ ആദ്യത്തെ ട്രാൻസ്ജെൻഡർ ക്ലിനിക്ക് ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റി ലിങ്ക് വർക്കർ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന ജനറൽ ആശുപത്രികളെ ക്വയർ ഫ്രണ്ട്‌ലിയാക്കി മാറ്റുന്നതിന്റെ ഭാഗമായി

ആദ്യഘട്ടമായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റി ലിങ്ക് വർക്കർ (CLW) പദ്ധതി ആരംഭിച്ചിട്ടുണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വരാൻ നിരവധി തടസ്സങ്ങൾ നേരിടുന്ന ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കാവശ്യമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിക്കും ആരോഗ്യ സംവിധാനത്തിനുമിടയിലുള്ള കണ്ണിയായി പ്രവർത്തിക്കുക എന്നതാണ് കമ്മ്യൂണിറ്റി ലിങ്ക് വർക്കർമാരുടെ പ്രധാന ചുമതല. ഇത്തരത്തിൽ കമ്മ്യൂണിറ്റി ലിങ്ക് വർക്കർമാർ ആശുപത്രികളിലെത്തിക്കുന്ന ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്ക് സേവനങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികളും ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

**അങ്കണവാടികളുടെ നിർമ്മാണം**

272(2408) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ സ്വന്തമായി സ്ഥലമുള്ള അങ്കണവാടികളുടെ നിർമ്മാണത്തിനായി 30-11-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നം.

681/2020/സാ.നി.വ. (സാമൂഹിക നീതി (ബി) വകുപ്പ്) പ്രകാരം അനുമതി ലഭിച്ചിരുന്ന കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി നമ്പർ-39 (ഐ.സി.ഡി.എസ്. മുതുകുളം അഡീഷണൽ) സർക്കാരിന്റെ മറ്റൊരു പദ്ധതിയിലുൾപ്പെട്ടതുമൂലം, പ്രസ്തുത പ്രവൃത്തി റദ്ദുചെയ്ത് ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ വാർഡ് 13-ൽ സ്വന്തമായി സ്ഥലമുള്ള 66 നമ്പർ അങ്കണവാടി (ഐ.സി.ഡി.എസ്. മാവേലിക്കര)-ക്ക് പുതിയ കെട്ടിടത്തിന് ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷം 4235-02-102-96 പ്ലാൻ ശീർഷകത്തിൽനിന്നും തുക വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടി കൺസെപ്റ്റിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായിരുന്ന മുതുകുളം അഡീഷണൽ ഐ.സി.ഡി.എസ്.-ലെ കൃഷ്ണപുരം പഞ്ചായത്തിലെ 39-ാം നമ്പർ അങ്കണവാടിക്ക് ഇതരപദ്ധതിയിലുൾപ്പെട്ട് കെട്ടിടനിർമ്മാണം ആരംഭിച്ചതിനാൽ ടി അങ്കണവാടിക്കുപകരം മാവേലിക്കര താലൂക്കിലെ

ചെട്ടിക്കുളങ്ങര പഞ്ചായത്തിലെ 66-ാം നമ്പർ അങ്കണവാടിക്ക് നിർമ്മാണാനുമതി ആവശ്യപ്പെട്ടുകൊണ്ട് 2022-23 സാമ്പത്തിക വർഷം പ്രൊപ്പോസൽ ലഭ്യമായിരുന്നു. എന്നാൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായിരുന്നതിനാൽ നിർമ്മാണാനുമതി നൽകാൻ സാധിച്ചിരുന്നില്ല. കൃഷ്ണപുരം പഞ്ചായത്തിലെ 39-ാം നമ്പർ അങ്കണവാടിക്കുപകരം കെട്ടിടനിർമ്മാണാനുമതി ആവശ്യപ്പെട്ട ചെട്ടിക്കുളങ്ങര പഞ്ചായത്തിലെ 66-ാം നമ്പർ അങ്കണവാടിക്ക് മറ്റൊരു പദ്ധതിയിലുൾപ്പെടുത്തി കെട്ടിടനിർമ്മാണാനുമതി ലഭിച്ചതിനാൽ പകരം ഭരണിക്കാവ് പഞ്ചായത്തിലെ 9-ാം നമ്പർ അങ്കണവാടിക്ക് കെട്ടിട നിർമ്മാണാനുമതിക്കായി നടപ്പ് സാമ്പത്തിക വർഷം അപേക്ഷ ലഭ്യമായിരുന്നു. നടപ്പുസാമ്പത്തിക വർഷം 4235-02-102-96 പ്ലാൻ ശീർഷകത്തിൽ തുക വകയിരുത്തിയത് അങ്കണവാടി കെട്ടിട നിർമ്മാണം/നവീകരണത്തിനായി മുൻവർഷങ്ങളിൽ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാണ്. ആകയാൽ ഭരണിക്കാവ് പഞ്ചായത്തിലെ 9-ാം നമ്പർ അങ്കണവാടിക്ക് ടി

പദ്ധതിയിലുൾപ്പെടുത്തി കെട്ടിടനിർമ്മാണാനുമതി നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ടി അങ്കണവാടിക്ക് വകുപ്പിന്റെ Smart Anganwadi/ MGNREGS പദ്ധതിയിലുൾപ്പെടുത്തി കെട്ടിടനിർമ്മാണാനുമതി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ആലപ്പുഴ പ്രോഗ്രാം ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

**ഇരവിപുരം മണ്ഡലത്തിലെ വൈദ്യുതീകരിക്കാത്ത അങ്കണവാടികൾ**

273(2409) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരവിപുരം മണ്ഡലത്തിൽ വൈദ്യുതീകരിക്കാത്ത എത്ര അങ്കണവാടികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

ഇരവിപുരം മണ്ഡലത്തിൽ വൈദ്യുതീകരിക്കാത്ത അങ്കണവാടികളില്ല.

**അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം**

274(2410) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ തിരുവാണിയൂർ പഞ്ചായത്തിലെ 52-ാം നമ്പർ അങ്കണവാടിയുടെയും മഴുവന്നൂർ പഞ്ചായത്തിലെ 7-ാം നമ്പർ അങ്കണവാടിയുടെയും കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിലെ തിരുവാണിയൂർ പഞ്ചായത്തിലെ 52-ാം നമ്പർ അങ്കണവാടിക്ക് MGNREGS പദ്ധതിയിലുൾപ്പെടുത്തി കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മഴുവന്നൂർ പഞ്ചായത്തിലെ 7-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടനിർമ്മാണത്തിനായി ബഹുമാനപ്പെട്ട കുന്നത്തുനാട് നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുണ്ട്. ടി അങ്കണവാടി സ്ഥിതി ചെയ്തിരുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റിയിട്ടുണ്ട്. ടെണ്ടറെടുത്തിട്ടുള്ള കരാറുകാരൻ ടെണ്ടർ ക്വാട്ട് ചെയ്ത തുകയ്ക്ക് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുകയില്ലെന്ന നിലപാട് സ്വീകരിച്ചതിനാൽ നിർമ്മാണം നിലവിൽ

തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കോക്ലിയർ ഇംപ്ലാന്റേഷൻ ഗുണഭോക്താക്കൾ**

275(2411) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേൾവി ശക്തിയില്ലാത്ത കുട്ടികൾക്ക് സൗജന്യമായി കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുന്ന പദ്ധതി എന്നുമുതലാണ് ആരംഭിച്ചിട്ടുള്ളതെന്നും ഈ പദ്ധതിയുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ?

കേൾവിശക്തിയില്ലാത്ത കുട്ടികൾക്ക് സൗജന്യമായി കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുന്നതിന് 2010-ൽ ഉത്തരവാകുകയും എന്നാൽ നിലവിൽ നടപ്പിലാക്കി വരുന്ന 'ശ്രുതിതരംഗം പദ്ധതി' 2012 മുതൽ സംസ്ഥാനത്ത് നടപ്പാക്കിവരികയും ചെയ്യുന്നു. 2012 മുതൽ കേരള സാമൂഹ്യ സുരക്ഷ മിഷൻ നടപ്പാക്കിവന്ന മേൽ പദ്ധതി 2023-24 സാമ്പത്തിക വർഷം മുതൽ

ആരോഗ്യ വകുപ്പിനുകീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര പേർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രുതിതരംഗം പദ്ധതിക്ക് കീഴിൽ സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്ത് നൽകുന്ന ധ്വനി പദ്ധതിയും ഉപകരണങ്ങളുടെ മെയിന്റനൻസ് ചെയ്ത് നൽകുന്ന പദ്ധതിയും കെ.എസ്.എസ്.എം. നടപ്പാക്കിവന്നിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതികളിലെ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|---|
| | | കോക്ലിയർ ഇംപ്ലാന്റേഷൻ | ധ്വനി പദ്ധതി | മെയിന്റനൻസ് |
| 1 | 2021-22 | 96 | 37 | 216 |
| 2 | 2022-23 | 109 | 29 | 212 |
| 3 | 2023-24 | - | 24 | - |

**ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ നടപടികൾ**

276(2412) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ നടപടികൾ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാവകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല/ മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർപൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കുടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ

രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുൾപ്പെടെ 2021 ഏപ്രിൽ മുതൽ 2023 ജൂലൈ വരെ 130484 പരിശോധനകൾ നടത്തുകയും പരിശോധനകളുടെ ഭാഗമായി 18677 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 49967 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിക്കുകയുണ്ടായി. പരിശോധനകളുടെ ഭാഗമായി ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ 1246 എണ്ണം Unsafe ആയും 536 എണ്ണം Substandard ആയും 832 എണ്ണം Misbranded ആയും പരിശോധനാഫലം ലഭിക്കുകയുണ്ടായി. ആയതിൽ ആവശ്യമായ തുടർനിയമനടപടികൾ ഉറപ്പാക്കിയിട്ടുള്ളതാണ്. ടി കാലയളവിൽ 17355 നോട്ടീസുകളും 9893 കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകുകയുണ്ടായി. പിഴയിനത്തിൽ ടി കാലയളവിൽ 4,10,54,850/- രൂപ ഈടാക്കുകയും ചെയ്തു.

പ്രസ്തുത കാലയളവിൽ 1413 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളും 939 പ്രോസിക്യൂഷൻ കേസ്സുകളും ഫയൽ ചെയ്യുകയുണ്ടായി.

(ബി) ഓപ്പറേഷൻ ഹോളിഡേ എന്ന പേരിൽ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മറ്റ് ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധന നടത്തി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

ക്രിസ്തുമസ് ന്യൂ ഇയർ ഉത്സവ സീസണുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി നടത്തിയ സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തനത്തിന്റെ ഭാഗമായി 28-12-2022 മുതൽ 30-12-2022 വരെയുള്ള മൂന്ന് ദിവസങ്ങളിൽ സംസ്ഥാനത്തെ ടൂറിസ്റ്റിടങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ പ്രത്യേക പരിശോധനയാണ് 'ഓപ്പറേഷൻ ഹോളീഡേ'. ഇതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 1284 പരിശോധനകൾ നടത്തുകയും 147 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും 80 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും നൽകുകയുണ്ടായി. പരിശോധനകളുടെ ഭാഗമായി 36 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 125 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിക്കുകയുണ്ടായി. ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന ശുചിത്വ

മാനദണ്ഡങ്ങൾ പാലിക്കാത്ത 10 സ്ഥാപനങ്ങളുടെ പ്രവർത്തനം താത്കാലികമായി നിർത്തി വയ്പിക്കുകയും ചെയ്തു.

(സി) ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണം നൽകുന്നതും വൃത്തിഹീനമായ ചുറ്റുപാടിൽ ഭക്ഷണം തയാറാക്കുന്നതും സംബന്ധിച്ച പരാതികൾ അറിയിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പോർട്ടലിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ആയതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഭക്ഷണത്തിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണം നൽകുന്നതും വൃത്തിഹീനമായ ചുറ്റുപാടിൽ ഭക്ഷണം തയാറാക്കുന്നതും സംബന്ധിച്ച പരാതികൾ അറിയിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പോർട്ടൽ (https://www.eatright.foodsafety.kerala.gov.in) 2023 മാർച്ച് 22-ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പ്രസ്തുത പോർട്ടൽ പ്രവർത്തനസജ്ജമായതിനുശേഷം 597 പരാതികൾ പോർട്ടൽവഴി ലഭ്യമായിട്ടുണ്ട്. അതിൽ 402 പരാതികൾ തീർപ്പാക്കിയിട്ടുള്ളതും അത് സംബന്ധിച്ചുള്ള വിവരം പരാതിക്കാരനെ നേരിട്ട് അറിയിച്ചിട്ടുള്ളതുമാണ്.

ശേഷിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ഡി) നിയമപ്രകാരമുള്ള ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം/സംഭരണം/വിതരണം/വിൽപ്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. 2021 ഏപ്രിൽ മുതൽ 2023 ജൂലൈ വരെ 130484 പരിശോധനകൾ നടത്തുകയും പരിശോധനകളുടെ ഭാഗമായി 18677 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 49967 സർവ്വയിലൻസ് സാമ്പിളുകളും

ശേഖരിക്കുകയുണ്ടായി. പരിശോധനകളുടെ ഭാഗമായി ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ 1246 എണ്ണം Unsafe ആയും 536 എണ്ണം Substandard ആയും 832 എണ്ണം Misbranded ആയും പരിശോധനാ ഫലം ലഭിക്കുകയുണ്ടായി. ആയതിലാവശ്യമായ തുടർനിയമനടപടികൾ ഉറപ്പാക്കിയിട്ടുണ്ട്. ടി കാലയളവിൽ 17355 നോട്ടീസുകളും 9893 കോമ്പൗണ്ടിംഗ് നോട്ടീസുകളും പിഴയിനത്തിൽ 4,10,54,850/- രൂപ ഈടാക്കുകയും ചെയ്തു. പ്രസ്തുത കാലയളവിൽ 1413 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളും 939 പ്രോസിക്യൂഷൻ കേസ്സുകളും ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കാലയളവിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന പ്രകാരം ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ പ്രവർത്തിക്കുന്നതോ, ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്തതോ ആയ 4617 സ്ഥാപനങ്ങളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തി വയ്പ്പിക്കുകയുണ്ടായി.

(ഇ) ഭക്ഷ്യ സുരക്ഷാ പരിശോധനയുടെ ഭാഗമായി കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ എത്ര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്; എത്ര

സ്ഥാപനങ്ങൾ പൂട്ടിച്ചിട്ടുണ്ട്; എത്ര സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഭക്ഷ്യ സുരക്ഷാ പരിശോധനയുടെ ഭാഗമായി കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ 3058 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും 3194 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ കുറ്റക്കാർക്കെതിരെ 432 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളും 285 പ്രോസിക്യൂഷൻ കേസ്സുകളും ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ടി കാലയളവിൽ 2353 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്പ്പിച്ചിട്ടുണ്ട്.

**എഫ്.എസ്.എസ്.എ.ഐ. നിയമം**

277(2413) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കറികളിൽ ഉൽപ്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ ആറുമാസം കൂടുമ്പോൾ ലാബ്ടെസ്റ്റ് നടത്തണമെന്ന ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്.എസ്.എസ്.എ.ഐ). നിയമം

(ഓരോന്നിനും 3,000/- രൂപ മുതൽ 14,000/- രൂപ വരെ ലാബ് ചാർജ്ജുകൾ വരുന്ന സാഹചര്യത്തിൽ) ചെറുകിട ബേക്കറി വ്യാപാരികളെ സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടിക്കുന്നതാണെന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറുകിട ബേക്കറി വ്യാപാരികളുടെ ഇത്തരത്തിലുള്ള ആവലാതികൾ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഉൽപ്പാദന യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ ആറ് മാസത്തിലൊരിക്കൽ ലാബ് പരിശോധന നടത്തി FoSCoS സൈറ്റിൽ അപ്‌ലോഡ് ചെയ്യണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി (FSSAI) നിഷ്കർഷിച്ചിട്ടുള്ളതാണ്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയാണ് ഈ വിഷയത്തിൽ അന്തിമതീരുമാനം കൈക്കൊള്ളേണ്ടത്. ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ട് പല സംഘടനകളും അറിയിച്ചതിനെത്തുടർന്ന് ആയത് സംസ്ഥാന ഭക്ഷ്യ സുരക്ഷാ കമ്മീഷണർ FSSAI-യുടെ 40-ാമത്

Central Advisory Committee-ൽ ചർച്ച ചെയ്യുകയും തീരുമാനം എടുക്കുന്നതിലേയ്ക്കായി FSSAI-ക്ക് ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

**മായം കലർന്ന ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിനെതിരെ നടപടി**

278(2414) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്നതും വിതരണം നടത്തുന്നതുമായ ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതും വിഷാംശം ഉൾക്കൊള്ളുന്നതും ഭക്ഷ്യ സുരക്ഷയ്ക്ക് ഭംഗം വരുത്തി ജീവഹാനിയിലേയ്ക്ക് നയിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

Food Safety and Standards Act 2006, Food Safety Rules & Regulations 2011 എന്നിവയിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുക എന്നുള്ളതാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലക്ഷ്യം. എന്നാൽ ചട്ടങ്ങൾ പാലിക്കാതെ ഭക്ഷ്യസുരക്ഷയ്ക്ക് ഭംഗം വരുത്തുന്ന പ്രവർത്തനങ്ങൾ പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട്. ആയത് ഇല്ലായ്മ ചെയ്യുന്നതിനായി നിയമപരമായ എൻഫോഴ്സ്മെന്റ്

പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നീ മൂന്ന് മാർഗ്ഗങ്ങളാണ് വകുപ്പ് നടപ്പിലാക്കിവരുന്നത്. എൻഫോഴ്സമെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിക്കൽ അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ കേസ്സുകൾ ഫയൽ ചെയ്യൽ, പഠന സംബന്ധമായ സാമ്പിൾ ശേഖരിക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) എങ്കിൽ ഭക്ഷ്യവസ്തുക്കളിലെ ഗുണനിലവാരം ഉറപ്പാക്കാതെ വിപണനം നടത്തുന്നത് തടയാനും കുറ്റക്കാർക്കെതിരെ കർശന നടപടി ഉറപ്പാക്കാനും നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2021 ഏപ്രിൽ മുതൽ 2023 ജൂലൈ വരെ 130484 പരിശോധനകൾ നടത്തുകയും പരിശോധനകളുടെ ഭാഗമായി 18677 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 49967 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിക്കുകയുണ്ടായി. പരിശോധനകളുടെ ഭാഗമായി

ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ 1246 എണ്ണം Unsafe ആയും 536 എണ്ണം Substandard ആയും 832 എണ്ണം Misbranded ആയും പരിശോധനാ ഫലം ലഭിക്കുകയുണ്ടായി. ആയതിൽ ആവശ്യമായ തുടർ നിയമനടപടികൾ ഉറപ്പാക്കിയിട്ടുള്ളതാണ്. ടി കാലയളവിൽ 17355 rectification നോട്ടീസുകളും 9893 കോമ്പൗണ്ടിംഗ് നോട്ടീസുകളും പിഴയിനത്തിൽ 4,10,54,850/- രൂപ ഈടാക്കുകയും ചെയ്തു. പ്രസ്തുത കാലയളവിൽ 1413 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളും 939 പ്രോസിക്യൂഷൻ കേസ്സുകളും ഫയൽ ചെയ്യുകയുണ്ടായി.

(സി) കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ ഓരോ വർഷവും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്രപേർക്കെതിരെ നടപടികൾ കൈക്കൊണ്ടു; ശേഷിക്കുന്ന കേസ്സുകളുടെ എണ്ണം എത്ര; വിശദാംശം ലഭ്യമാക്കുമോ?

2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ളതും തീർപ്പാക്കിയിട്ടുള്ളതുമായ അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ കേസ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഫയൽ ചെയ്ത | ഫയൽ ചെയ്ത |
|---|---|---|

| | അഡ്ജ്യൂഡിക്കേഷൻ കേസ്സുകൾ | പ്രോസിക്ക്യൂഷൻ കേസ്സുകൾ |
|---|---|---|
| 2021-22 | 563 | 398 |
| 2022-23 | 517 | 345 |
| 2023-24 | 333 | 196 |

തീർപ്പാക്കിയ കേസ്സുകളുടെ എണ്ണം

| വർഷം | തീർപ്പാക്കിയ അഡ്ജ്യൂഡിക്കേഷൻ കേസ്സുകൾ | തീർപ്പാക്കിയ പ്രോസിക്യൂഷൻ കേസ്സുകൾ |
|---|---|---|
| 2021-22 | 292 | 13 |
| 2022-23 | 314 | 13 |
| 2023-24 | 70 | 7 |

ശേഷിക്കുന്ന കേസ്സുകളുടെ എണ്ണം

| വർഷം | ശേഷിക്കുന്ന അഡ്ജ്യൂഡിക്കേഷൻ കേസ്സുകൾ | ശേഷിക്കുന്ന പ്രോസിക്യൂഷൻ കേസ്സുകൾ |
|---|---|---|
| 2021-22 | 304 | 412 |
| 2022-23 | 285 | 374 |
| 2023-24 | 380 | 310 |

## തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഇന്ത്യൻ കോഫി ഹൗസിന്റെ പ്രവർത്തനം

279(2415) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി കോമ്പൗണ്ടിൽ കരാറില്ലാതെ നിയമവിരുദ്ധമായി 2018 ഡിസംബർ മുതൽ പ്രവർത്തിച്ചിരുന്ന ഇന്ത്യൻ കോഫി ഹൗസ് അടച്ചുപൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം ലൈസൻസില്ലാതെ എത്ര നാൾ പ്രവർത്തിച്ചുവെന്ന് അറിയിക്കാമോ;

(സി) വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത ഇന്ത്യൻ കോഫി ഹൗസിനെതിരെ ഭക്ഷ്യ സുരക്ഷ വകുപ്പ്, മെഡിക്കൽ കോളേജ് അധികൃതർ എന്നിവർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഇന്ത്യൻ കോഫി ഹൗസ് നടത്തിപ്പുകാർ അവിടത്തെ താൽക്കാലിക ഷെഡിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ-ഡി) തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി പരിസരത്തുള്ള താൽക്കാലിക ഷെഡിൽ പ്രവർത്തിച്ചിരുന്ന ഇന്ത്യൻ കോഫി ഹൗസ് ക്യാന്റീൻ നടത്തിപ്പിനായി മെഡിക്കൽ കോളേജ് പ്രിൻസിപ്പാളും ഇന്ത്യൻ കോഫി ബോർഡും തമ്മിലുണ്ടാക്കിയ കരാറിന്റെ കാലാവധി 2018 നവംബർ 30-ന് അവസാനിച്ചിരുന്നു. 2018 ഡിസംബർ ഒന്നുമുതൽ 2023 ജനുവരി വരെയുള്ള കാലയളവിലാണ് ഇന്ത്യൻ കോഫി ഹൗസ് ലൈസൻസില്ലാതെ പ്രവർത്തിച്ചുവന്നിരുന്നത്. തുടർന്ന്, ഷെഡ് ഒഴിയുന്നതിനുള്ള നോട്ടീസ് ഇന്ത്യൻ കോഫി ഹൗസിന് നൽകുകയുണ്ടായി. എന്നാൽ, ഇതിന് ഒരു വർഷത്തെ സാവകാശം അനുവദിക്കണമെന്ന് അപേക്ഷിച്ച് ഇന്ത്യൻ കോഫി ഹൗസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 39208/2018 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ടി കേസ്സിലെ 15-02-2019-ലെ വിധി പ്രകാരം ഇന്ത്യൻ കോഫി ഹൗസിന് മൂന്ന് മാസം

സമയം അനുവദിക്കുകയുമുണ്ടായി. മെഡിക്കൽ കോളേജ് അധികൃതർക്ക് നിർമ്മാണ പ്രവൃത്തിയുടെ തുടർനടപടികളുമായി മുന്നോട്ട് പോകാമെന്നും എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുന്ന മുറയ്ക്ക് ചുരുങ്ങിയത് 15 ദിവസത്തിനകം നോട്ടീസ് നൽകി ഇന്ത്യൻ കോഫി ഹൗസിനെ ഒഴിപ്പിക്കാമെന്നും ഹൈക്കോടതി വ്യക്തമാക്കിയിരുന്നു. 2018 നവംബർ 30 മുതൽ മെഡിക്കൽ കോളേജുമായി യാതൊരു കരാറുകളുമില്ലാതെയാണ് ഇന്ത്യൻ കോഫി ഹൗസ് താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിച്ചുവന്നിരുന്നത്. ഇന്ത്യൻ കോഫി ഹൗസിന് അവണൂർ ഗ്രാമപഞ്ചായത്ത് അനുവദിച്ചിരുന്ന ലൈസൻസ് 2019 മാർച്ച് 31-ന് കാലഹരണപ്പെട്ടിരുന്നു. പിന്നീട് നിർമ്മിച്ച ആശുപത്രി വികസന സമിതി ക്യാന്റീനിന്റെ നടത്തിപ്പിനായി നിരവധി തവണ ടെണ്ടർ വിളിച്ചെങ്കിലും അവയിലൊന്നും പങ്കെടുത്ത് ഷെഡ് ഒഴിയാൻ ഇന്ത്യൻ കോഫി ഹൗസ് തയ്യാറായിരുന്നില്ല. തുടർന്ന് മറ്റൊരു കരാറുകാരൻ പ്രതിവർഷം 2 കോടി 21 ലക്ഷം രൂപക്ക് ആശുപത്രി വികസന സമിതി ക്യാന്റീൻ നടത്തിപ്പ് അവകാശം നേടുകയുണ്ടായി. അനധികൃതമായി പ്രവർത്തിച്ചിരുന്ന കാന്റീൻ

വൃത്തിഹീനമായ സ്ഥിതിയിലാണെന്ന പരാതിയിൽ നിരന്തരം പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ, മെഡിക്കൽ കോളേജ് ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ റിപ്പോർട്ട് നൽകിയിരുന്നു. കോവിഡ് കാലയളവിൽ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ പ്രസ്തുത ഇന്ത്യൻ കോഫി ഹൗസ് അടച്ചുപൂട്ടിയിരുന്നു. എന്നാൽ, ജില്ലാ മെഡിക്കൽ ഓഫീസറുടെ ഉത്തരവ് മറികടന്ന് ഇന്ത്യൻ കോഫി ഹൗസ് തുറന്നുപ്രവർത്തിക്കുകയുണ്ടായി. ക്യാന്റീൻ നടത്തിയ കാലയളവിൽ അനുമതിയില്ലാതെ നിരവധി നിർമ്മാണപ്രവർത്തനങ്ങൾ ഇന്ത്യൻ കോഫി ഹൗസ് നടത്തിയതിനെത്തുടർന്ന് ഇത് സംബന്ധിച്ച് പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചിട്ടുള്ളതാണ്. 08-06-2022-ൽ വടക്കാഞ്ചേരി എം.എൽ.എ.-യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രോഗികളുടെ കൂട്ടിരുപ്പുകാർക്കുള്ള അഡീഷണൽ ഫെസിലിറ്റി/ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണം എന്നിവയ്ക്ക് സ്ഥലം കണ്ടെത്താനാകാതെ 2018 മുതൽ ആയത് നടപ്പിലാക്കാൻ സാധിച്ചില്ലെന്ന വിലയിരുത്തൽ നടത്തിയിരുന്നു. താൽക്കാലിക ഷെഡിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കോഫി ഹൗസ് കെട്ടിടം അവിടെനിന്നും ഒഴിപ്പിക്കുന്ന മുറയ്ക്ക് ആ സ്ഥലത്ത് നിർമ്മാണം

നടത്തുന്നതിന് പ്രസ്തുത യോഗം തീരുമാനമെടുത്തിരുന്നു. ആശുപത്രി വളപ്പിൽ മറ്റൊരു ക്യാന്റീൻ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് താൽക്കാലിക ഷെഡ് പൊളിച്ചുനീക്കാനും യോഗം തീരുമാനമെടുത്തിരുന്നു. ഇന്ത്യൻ കോഫി ഹൗസ് ഒഴിയുന്നതിന് 21 ദിവസത്തെ സമയമനുവദിച്ചുകൊണ്ട് 2022 ഡിസംബർ 27-ന് പ്രിൻസിപ്പാൾ നോട്ടീസ് നൽകിയിരുന്നു. 2022 ഡിസംബർ 29-ന് അവണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കരാറോ ലൈസൻസോ ഇല്ലാതെ ചട്ടവിരുദ്ധമായി ഭക്ഷണശാല പ്രവർത്തിപ്പിക്കരുതെന്ന് കാണിച്ച് നോട്ടീസ് നൽകിയതിനെത്തുടർന്ന് ഇക്കാര്യം 39208/2018 നമ്പർ റിട്ട് പെറ്റീഷനിലെ വിധിയുടെ ലംഘനമാണെന്ന് ചൂണ്ടിക്കാട്ടി ഇന്ത്യൻ കോഫി ഹൗസ് സെക്രട്ടറി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 27/2023 നമ്പർ കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ്സിൽ കഴമ്പില്ലെന്ന് കണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി കേസ് തള്ളുകയും ഇന്ത്യൻ കോഫി ഹൗസിന് പ്രസ്തുത സ്ഥലത്ത് തുടരുന്നതിന് അവകാശമില്ലെന്ന് വിധി പുറപ്പെടുവിക്കുകയുമുണ്ടായി. തുടർന്ന്, ഇന്ത്യൻ കോഫി ഹൗസ് അധികൃതർ

നീക്കം ചെയ്യാതെ വച്ചിരുന്ന ബാക്കി വസ്തുവകകൾ പോലീസിന്റെയും ഇന്ത്യൻ കോഫി ഹൗസ് അധികൃതരുടെയും സാന്നിദ്ധ്യത്തിൽ അവിടെനിന്നും നീക്കുകയും മറ്റൊരു കെട്ടിടത്തിൽ സുരക്ഷിതമായി സൂക്ഷിക്കുകയും ചെയ്യുകയുണ്ടായി. തദവസരത്തിൽ അലമാരയിൽ സൂക്ഷിച്ചിരുന്ന 43,360/- രൂപ (നാൽപ്പത്തിമൂവായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) പോലീസിന്റെ സാന്നിദ്ധ്യത്തിൽ ഇന്ത്യൻ കോഫി ഹൗസ് അധികൃതർ കൈപ്പറ്റിയിട്ടുള്ളതാണ്. പിന്നീട് താൽക്കാലിക ഷെഡ് പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലം പി.ഡബ്ല്യു.ഡി. നിർമ്മാണത്തിനായി തയ്യാറാക്കിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായാലുടനെ പ്രസ്തുത സ്ഥലത്ത് മുടങ്ങിക്കിടന്നിരുന്ന നിർമ്മാണം ആരംഭിക്കുമെന്ന് പി.ഡബ്ല്യു.ഡി. അറിയിച്ചിട്ടുണ്ട്.

**കേരളം സുരക്ഷിത ഭക്ഷണ ഇടം പദ്ധതി**

280(2416) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സുരക്ഷിത ഭക്ഷണ ഇടം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാവകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല/ മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കുടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ

ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉൾപ്പെടെ 2021 ഏപ്രിൽ മുതൽ 2023 ജൂലൈ വരെ 130484 പരിശോധനകൾ നടത്തുകയും പരിശോധനകളുടെ ഭാഗമായി 18677 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 49967 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിക്കുകയുണ്ടായി. പരിശോധനകളുടെ ഭാഗമായി ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ 1246 എണ്ണം Unsafe ആയും 536 എണ്ണം Substandard ആയും 832 എണ്ണം Misbranded ആയും പരിശോധനാ ഫലം ലഭിക്കുകയുണ്ടായി. ആയതിൽ ആവശ്യമായ തുടർ നിയമനടപടികൾ ഉറപ്പാക്കിയിട്ടുണ്ട്. ടി കാലയളവിൽ 17355 നോട്ടീസുകളും 9893 കോമ്പൗണ്ടിംഗ് നോട്ടീസുകളും പിഴയിനത്തിൽ 4,10,54,850/- രൂപയും ഈടാക്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 1413 അഡ്ജുഡിക്കേഷൻ കേസുകളും 939 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്യുകയുണ്ടായി. സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ വർഷം നടത്തിയ കാര്യക്ഷമമായതും ചിട്ടയായതുമായ പ്രവർത്തനങ്ങളുടെ ഫലമായി ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ സംസ്ഥാനത്തിന് ആദ്യമായി ഒന്നാം സ്ഥാനം ലഭിച്ചു.

(ബി) ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കിയ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പരിശോധനാ നടപടികൾ വിശദമാക്കാമോ?

(ബി&സി) ഭക്ഷ്യസുരക്ഷാ നിയമം (ലൈസൻസിംഗ് ആൻഡ് രജിസ്ട്രേഷൻ ഓഫ് ഫുഡ് ബിസിനസ്) റെഗുലേഷൻസ് 2012 ഷെഡ്യൂൾ 4 പാർട്ട് II 10.1.2 പ്രകാരം ഹോട്ടൽ, ബേക്കറി തുടങ്ങിയ ഭക്ഷ്യ സ്ഥാപനങ്ങളിൽ ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യമാണ്. ജീവനക്കാരുടെ ശാരീരിക പരിശോധന നടത്തി നിശ്ചിത മാതൃകയിൽ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും പുതുക്കേണ്ടതാണ്. പകർച്ചവ്യാധി, ത്വക്ക് രോഗം എന്നിവ ഇല്ലായെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമേ ജീവനക്കാരെ ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് അനുവദിക്കുകയുള്ളൂ. പരിശോധന സമയത്ത് ഹെൽത്ത്

കാർഡില്ലാത്തതും മറ്റ് ന്യൂനതകൾ കണ്ടെത്തുന്നതുമായ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ആയത് ഉറപ്പുവരുത്തുന്നു.

**ഓപ്പറേഷൻ ഫോസ് കോസ് ലൈസൻസ് ഡ്രൈവ്**

281(2417) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഫോസ് കോസ് ലൈസൻസ് ഡ്രൈവിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിച്ച എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിവരുന്ന സ്റ്റാറ്റ്യൂട്ടറി പരിശോധനകളിൽ ചില ഭക്ഷ്യ സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടുന്നില്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കി വരുന്ന സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി 2023 ആഗസ്റ്റ് 1 മുതൽ 3 വരെയുള്ള

തീയതികളിലായി സംസ്ഥാനത്തൊട്ടാകെ 10545 ഭക്ഷ്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ടി പരിശോധനകളുടെ ഭാഗമായി ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന 1640 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ലൈസൻസ് എടുക്കേണ്ടിയിരുന്ന സ്ഥാനത്ത് രജിസ്ട്രേഷൻ മാത്രം എടുത്ത് പ്രവർത്തിച്ചിരുന്നതായി കണ്ടെത്തിയ 1085 സ്ഥാപനങ്ങൾക്ക് ലൈസൻസിലേയ്ക്ക് മാറുന്നതിനായി നിർദ്ദേശം നൽകിക്കൊണ്ട് നോട്ടീസ് നൽകുകയും ലൈസൻസില്ലാതെയും വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിച്ചിരുന്നതുൾപ്പെടെയുള്ള 2305 സ്ഥാപനങ്ങളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്പ്പിക്കുകയും ചെയ്തു.

(ബി) കൊല്ലം ജില്ലയിൽ ഇരവിപുരം മണ്ഡലത്തിൽ പ്രസ്തുത ഡ്രൈവിന്റെ ഭാഗമായി എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സ്ഥാപനത്തിന്റെ പേര് സഹിതം വിശദമാക്കാമോ?

കൊല്ലം ജില്ലയിൽ ഇരവിപുരം മണ്ഡലത്തിൽ ഓപ്പറേഷൻ ഫോസ് കോസ് ലൈസൻസ് ഡ്രൈവിന്റെ ഭാഗമായി 101 സ്ഥാപനങ്ങളിൽ

പരിശോധന നടത്തുകയും 36 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും ഇതിൽ ഒമ്പത് സ്ഥാപനങ്ങളിൽനിന്നും പിഴ ഈടാക്കിയിട്ടുള്ളതുമാണ്. സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരം | സ്വീകരിച്ച നടപടി |
|---|---|---|
| 1. | Omana Amma Hotel & Catering, Pattathanam | Compounded |
| 2. | Ani Store, Pattathanam | Compounded |
| 3. | Butterfly Snacks, Pattathanam | Compounded |
| 4. | Thanu Store, Pattathanam | Notice issued |
| 5. | Ice & Spicy Bakery, Pattathanam | Notice issued |
| 6. | Milma Shop, Ayathil | Notice issued |
| 7. | Ummente Fruits Kada, Puliyathumukku | Notice issued |
| 8. | S A K Stores, Ayathil | Notice issued |
| 9. | Niya Agencies, Ayathil | Notice issued |
| 10. | Ayathil Stores, Ayathil | Notice issued |
| 11. | Rejeena Store, Ayathil | Compounded |
| 12. | Mubarak Hotel, Ayathil | Notice issued |
| 13. | Fathima Restaurant, Ayathil | Compounded |
| 14. | Juice Shop, Near Pranavam Theatre, Kollam | Compounded |
| 15. | Amma Bakery, Railway Station, Kollam | Notice issued |
| 16. | Coffee Land, Near Railway Station, Kollam | Compounded |

| | | |
|---|---|---|
| 17. | Quilon Agencies, Railway station, Kollam | Notice issued |
| 18. | Ice pop, SNC Junction, Kollam | Compounded |
| 19. | The Offer Cake shop SNC Junction Kollam | Notice issued |
| 20. | B&B juice Centre, SNC Junction Kollam | Notice issued |
| 21. | Café Graffiti, SNC Junction Kollam | Notice issued |
| 22. | Tea Shop, SNCJunction Kollam | Notice issued |
| 23. | Chills Hot & Hot, Karbala junction, Kollam | Notice issued |
| 24. | Triveni Store, Karbala junction, Kollam | Notice issued |
| 25. | Nousheer Tea shop, Karbala junction, Kollam | Notice issued |
| 26. | Corporation Bunk No. 481, Near Railway station, Kollam | Notice issued |
| 27. | Kalamudeen Store, Opp. Railway Station, Kollam | Notice issued |
| 28. | Bunk No. 3, Opp. Railway Station, Kollam | Notice issued |
| 29. | Sea Cool Juice Stall, Pallimukku | Notice issued |
| 30. | Halais Restaurant, Pallimukku | Notice issued |
| 31. | S S Tea Shop, Vendarmukku, Kollam | Notice issued |
| 32. | Pravasi Thattukada, Pallimukku | Compounded |
| 33. | T.K.Traders, Pallimukku, Kollam | Notice issued |
| 34. | Chinoos Restaurant, Pallimukku | Notice issued |
| 35. | MSM Traders, Pallimukku | Notice issued |
| 36. | Milma Booth, S N C Junction, Kollam | Notice issued |

**ഭക്ഷ്യകമ്മീഷന്റെ പ്രവർത്തനം**

282(2418) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യകമ്മീഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പത്രവാർത്തകൾ വന്നതിനെതിരെ പോലീസ് അന്വേഷണത്തിന് തീരുമാനം എടുത്തിട്ടുണ്ടോ?

ഇല്ല.

(ബി) ഭക്ഷ്യകമ്മീഷൻ മെമ്പർ സെക്രട്ടറി ക്രമവിരുദ്ധമായി കമ്മീഷന്റെ അംഗീകാരമില്ലാതെ അന്യത്രസേവനം ദീർഘിപ്പിക്കുന്നതിന് ശ്രമം നടത്തിയതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യത്രസേവന വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ടാണ് 28-01-2023-ലെ സ.ഉ(സാധാ)നം.32/ 2023/ഭ.പൊ.വി.വ. പ്രകാരം കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചിട്ടുള്ളത്.

(സി) പ്രസ്തുത കമ്മീഷന്റെ ഓഫീസ് ഉപയോഗത്തിനായി സർക്കാർ അനുവദിച്ച വാഹനം മെമ്പർ സെക്രട്ടറിയുടെ ഔദ്യോഗിക വാഹനമാക്കി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെമ്പർ സെക്രട്ടറിക്കും കമ്മീഷന്റെ പൊതു ആവശ്യങ്ങൾക്കുമായി ഒരു വാഹനം ഉപയോഗിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

(ഡി) പ്രസ്തുത ആവശ്യത്തിനായി കരാർ വ്യവസ്ഥകൾ പാലിക്കാതെ വാഹനം ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കരാറുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി വാഹനം ഉപയോഗിച്ചിട്ടില്ല. കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**റേഷൻ കരിഞ്ചന്തയുമായി ബന്ധപ്പെട്ട കേസ്സുകൾ**

283(2419) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് റേഷൻ കരിഞ്ചന്തയുമായി ബന്ധപ്പെട്ട് കഴിഞ്ഞ 15 വർഷത്തിനിടെ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തതെന്നും ഓരോ കേസ്സുകളുടെയും നിലവിലെ സ്ഥിതി എന്താണെന്നും എത്ര കേസ്സുകളിൽ പ്രതികളെ ശിക്ഷിച്ചുവെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് റേഷൻ കരിഞ്ചന്തയുമായി ബന്ധപ്പെട്ട് കഴിഞ്ഞ 15 വർഷത്തിനിടെ ആകെ 395 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 308 കേസ്സുകൾ തീർപ്പാക്കുകയും 87 കേസ്സുകളിൽ നടപടി തുടർന്നുവരികയുമാണ്. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല. കേസ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഇരവിപുരം മണ്ഡലത്തിൽ വിശപ്പ് രഹിത കേരളം പദ്ധതി**

284(2420) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ വിശപ്പ് രഹിത കേരളം പദ്ധതി പ്രകാരം എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശപ്പ് രഹിത കേരളം പദ്ധതി പ്രകാരം ഇരവിപുരം മണ്ഡലത്തിൽ ഒരു സുഭിക്ഷ ഹോട്ടൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലം താലൂക്കിലെ സപ്ലൈകോ ഡിപ്പോ കോമ്പൗണ്ടിൽ 2022 ഏപ്രിൽ 21-നാണ് ഹോട്ടലിന്റെ പ്രവർത്തനം ആരംഭിച്ചത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അപേക്ഷകളുടെ അടിസ്ഥാനത്തിലല്ല സുഭിക്ഷ ഹോട്ടലുകൾക്ക് പ്രവർത്തനാനുമതി നൽകുന്നത്. ഒരു നിയോജകമണ്ഡലത്തിൽ ഒരു സുഭിക്ഷ ഹോട്ടൽ എന്ന നിലയ്ക്കാണ് നിലവിൽ സുഭിക്ഷാ ഹോട്ടലുകൾക്ക് പ്രവർത്തനാനുമതി നൽകിവരുന്നത്.

**കെ-സ്റ്റോറുകൾ**

285(2421) <u>ശ്രീ. വി. ആർ. സുനിൽകുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച കെ-സ്റ്റോറുകൾവഴി പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന റേഷൻ കടകൾവഴി സിറ്റിസൺ സർവ്വീസ് സെന്റർ, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന, മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉൽപ്പന്നങ്ങൾ, ഐ.ഒ.-യുടെ ചോട്ടു ഗ്യാസ് എന്നിവയുടെ വിപണനമാണ് നിലവിൽ നടന്നുവരുന്നത്. ടി സേവനങ്ങൾക്ക് പുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ MSME ഉൽപ്പന്നങ്ങൾ (96 ഉൽപ്പന്നങ്ങൾ) കൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനുള്ള ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ ഉൽപ്പന്നങ്ങൾ, Meat Products of India-യുടെ ഉൽപ്പന്നങ്ങൾ, മിൽമയുടെ കൂടുതൽ ഉൽപ്പന്നങ്ങൾ എന്നിവകൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനുള്ള പ്രാഥമിക ചർച്ചകൾ നടന്നുവരുന്നു.

(ബി) ആകെ എത്ര കെ-സ്റ്റോറുകൾ ഇതുവരെ അനുവദിച്ചിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ?

കെ-സ്റ്റോർ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 108 കടകളാണ് തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിച്ചത്. അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെപ്പറയുന്നു.

| ക്രമ നം. | ജില്ല | കെ-സ്റ്റോറിന്റെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 13 |
| 2. | കൊല്ലം | 7 |
| 3. | പത്തനംതിട്ട | 5 |
| 4. | ആലപ്പുഴ | 7 |
| 5. | കോട്ടയം | 5 |
| 6. | ഇടുക്കി | 6 |
| 7. | എറണാകുളം | 6 |
| 8. | തൃശ്ശൂർ | 10 |
| 9. | പാലക്കാട് | 11 |
| 10. | മലപ്പുറം | 8 |
| 11. | കോഴിക്കോട് | 10 |
| 12. | വയനാട് | 5 |
| 13. | കണ്ണൂർ | 10 |
| 14. | കാസർഗോഡ് | 5 |
| | ആകെ | 108 |

(സി) പുതുതായി കെ-സ്റ്റോറുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

രണ്ടാംഘട്ടമായി സംസ്ഥാനത്തെ 200 റേഷൻകടകളിൽക്കൂടി കെ-സ്റ്റോർ പദ്ധതി വ്യാപിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പദ്ധതിക്ക് റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.

1. കടയുടെ വിസ്തീർണ്ണം-കുറഞ്ഞത് 300 ചതുരശ്ര അടി.
2. ടി പദ്ധതിയിൽ പങ്കാളികളാകാൻ സ്വമേധയാ വരുന്നവർ
3. റേഷൻകടകളുടെ 02 KM ചുറ്റളവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ.
4. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവായ മലയോര/വിദൂര/ഒറ്റപ്പെട്ട/ ആദിവാസി മേഖലകൾ എന്നിവിടങ്ങളിലെ റേഷൻകടകൾ.

**ഭക്ഷ്യകമ്മീഷന്റെ ഘടനയും പ്രവർത്തനവും**

286(2422) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യകമ്മീഷൻ നിലവിൽ വന്നത് എന്നാണെന്നും ഇതിന്റെ ഘടനയും അധികാരങ്ങളും എന്തെല്ലാമാണെന്നും കാലാവധി എന്നുവരെയാണെന്നും അംഗങ്ങളുടെ യോഗ്യത എന്താണെന്നും മെമ്പർ സെക്രട്ടറിമാരായി നിയോഗിക്കുന്ന ഉദ്യോഗസ്ഥരെ ഏതുവകുപ്പിൽ നിന്നാണ് നിയമിക്കുന്നതെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ?

25-06-2019-ന് നിലവിൽ വന്ന സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ, ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, അഞ്ച് അംഗങ്ങൾ എന്നിവരാണ് ഉൾപ്പെടുന്നത്. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും കാലാവധി അഞ്ചുവർഷം അല്ലെങ്കിൽ 65 വയസ്സുവരെയാണ്. ആൾ ഇന്ത്യാ സർവ്വീസിലോ മറ്റേതെങ്കിലും കേന്ദ്ര സംസ്ഥാന സിവിൽ സർവ്വീസുകളിലുള്ളവരോ, ഉണ്ടായിരുന്നവരോ ഒരു സിവിൽ പോസ്റ്റിൽ നിയമിതനായിരുന്ന, ഭക്ഷ്യ

ഭദ്രതാ, കൃഷി, പൊതുവിതരണം, പോഷകാഹാരം, ആരോഗ്യം തുടങ്ങിയ അനുബന്ധ മേഖലകളിൽ അറിവും പരിചയവുമുള്ളതോ അല്ലെങ്കിൽ പൊതുരംഗത്ത് പ്രാമുഖ്യമുള്ളതും കൃഷി, നിയമം, മനുഷ്യാവകാശം, സാമൂഹ്യ സേവനം, മാനേജ്മെന്റ്, പോഷകാഹാരം, ആരോഗ്യം, ഭക്ഷ്യ നയവും പൊതുഭരണവും എന്നീ വിഷയങ്ങളിൽ പരിജ്ഞാനവും അറിവും ഉള്ളതോ അല്ലെങ്കിൽ ദാരിദ്ര്യമേഖലയിൽ ഭക്ഷ്യ പോഷകാഹാര മേഖലകളിൽ ജോലി ചെയ്ത് കഴിവ് തെളിയിച്ചവരോ ആയിരിക്കണം ചെയർമാൻ/മെമ്പർ ആയി നിയമിക്കപ്പെടേണ്ടതെന്ന് ഭക്ഷ്യഭദ്രതാ നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

കമ്മീഷനിൽ നിക്ഷിപ്തമായ അധികാരങ്ങൾ ചുവടെ പറയുന്നവയാണ്.

(1) 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ വകുപ്പ് 20(1) പ്രകാരം രണ്ടാം അദ്ധ്യായം വ്യവസ്ഥ ചെയ്തിട്ടുള്ള അവകാശാധികാരങ്ങൾ നിഷേധിക്കപ്പെടുന്നത് സംബന്ധിച്ച പരാതിയിന്മേൽ അന്വേഷണം നടത്തുമ്പോഴും ജില്ലാ പരാതി പരിഹാര ഓഫീസറുടെ ഉത്തരവിനെതിരെ സമർപ്പിക്കപ്പെട്ട അപ്പീൽ പരിഗണിക്കുമ്പോഴും കമ്മീഷന്, 1908-ലെ സിവിൽ നടപടി നിയമ സംഹിത പ്രകാരം സിവിൽ കോടതിക്കുള്ള എല്ലാ

അധികാരങ്ങളും (പ്രത്യേകിച്ചും താഴെ പറയുന്ന സംഗതികളെ സംബന്ധിച്ച്) ഉണ്ടായിരിക്കുന്നതാണ്. അതായത്:-

(i) ഏതൊരു വ്യക്തിയേയും സമൻസ് അയച്ച് വിളിച്ചുവരുത്താനും വിസ്തരിക്കാനുമുള്ള അധികാരം.

(ii) ഏതെങ്കിലും രേഖയുടെ വെളിപ്പെടുത്തലോ ഹാജരാക്കലോ ആവശ്യപ്പെടാനുള്ള അധികാരം.

(iii) സത്യവാങ്മൂലത്തിന്മേൽ തെളിവെടുക്കാനുള്ള അധികാരം.

(iv) ഏതെങ്കിലും കോടതിയിൽനിന്നോ ഓഫീസിൽനിന്നോ ഏതെങ്കിലും പബ്ലിക് രേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടാനുള്ള അധികാരം.

(v) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും കമ്മീഷനെ നിയമിക്കാനുമുള്ള അധികാരം.

(2) സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ അർദ്ധ ജുഡീഷ്യൽ അധികാരങ്ങൾ നിർവ്വഹിക്കുന്നതിന് തടസ്സമുണ്ടാക്കുകയോ ബോധപൂർവ്വമായ അനാദരവ് കാട്ടുകയോ ഉൾപ്പെടെ ഇന്ത്യൻ ശിക്ഷാ നിയമം 175, 178, 1

79, 180, 228 എന്നീ വകുപ്പുകളുടെ പരിധിയിൽ വരുന്ന പ്രവൃത്തികൾ ഏതൊരാളിന്റെ ഭാഗത്തുനിന്നുണ്ടായാലും ടിയാൾക്കെതിരെ നിയമ പ്രകാരം കേസ്സെടുക്കുന്നതിനും അത്തരം കേസ് വിചാരണ ചെയ്യാൻ അധികാരമുള്ള ഒരു മജിസ്ട്രേറ്റിന് കൈമാറാനുള്ള അധികാരം കമ്മീഷനുണ്ടായിരിക്കുന്നതും അപ്രകാരം ലഭിക്കുന്ന കേസ്, 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 346-ാം വകുപ്പ് പ്രകാരം ലഭിച്ചതായി പരിഗണിച്ച് കുറ്റാരോപിതനെതിരെയുള്ള പരാതി മ ജിസ്ട്രേറ്റ് കേൾക്കേണ്ടതും ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

(3) ഏതൊരു പരാതിയും അപ്പീലും തീർപ്പ് കൽപ്പിക്കുന്ന അവസരത്തിൽ, ജില്ലാ പരാതി പരിഹാര ഓഫീസർ ശിപാർശ ചെയ്ത പരിഹാരം മതിയായ കാരണം കൂടാതെ നിഷേധിച്ചുകൊണ്ടോ ബോധപൂർവ്വം അവഗണിച്ചുകൊണ്ടോ കുറ്റം ചെയ്തതായി കമ്മീഷൻ കണ്ടെത്തുന്ന ഏതൊരു പൊതുസേവകനും അതോറിറ്റിക്കും മേൽ അയ്യായിരം രൂപയിൽ കവിയാത്ത പിഴ ശിക്ഷ ചുമത്താൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(4) 33-ാം വകുപ്പ് പ്രകാരം ചുമത്തുന്ന പിഴശിക്ഷ നിശ്ചയിക്കുന്നതിലേയ്ക്കായി കുറ്റാരോപിതനെ കേൾക്കുന്നതിന് മതിയായ അവസരം നൽകേണ്ടതാണ്. കമ്മീഷന് ഏതൊരു അംഗത്തേയും അന്വേഷണച്ചുമതല ഏൽപ്പിക്കാവുന്നതാണ്.

(5) കമ്മീഷനോ കമ്മീഷൻ അന്വേഷണച്ചുമതല ഏൽപ്പിക്കുന്ന അംഗത്തിനോ കേസ്സിന്റെ വസ്തുതകളും സാഹചര്യവുമായി ബന്ധപ്പെട്ട/ പരിചിതനായ ഒരു വ്യക്തിയെ സമൻസ് അയച്ച് വിളിച്ച് വരുത്തുന്നതിനും അയാളുടെ സാന്നിദ്ധ്യം നിയമപരമായി ഉറപ്പ് വരുത്തുന്നതിനും അയാളെ വിസ്തരിക്കുന്നതിനും അന്വേഷണം നടത്തുന്ന സംഗതിക്ക് സഹായകരമോ പ്രസക്തമായതായോ കരുതപ്പെടുന്ന ഏതൊരു രേഖയും ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനും അധികാരമുണ്ട്. അങ്ങനെ നടത്തുന്ന അന്വേഷണത്തിൽ, ജില്ലാ പരാതി പരിഹാര ഓഫീസർ ശിപാർശ ചെയ്ത പരിഹാരം, മതിയായ കാരണം കൂടാതെ നിഷേധിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ശിപാർശ ബോധപൂർവ്വം അവഗണിക്കുകയോ ചെയ്തതായി ബോധ്യപ്പെട്ടാൽ,

33-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായ പിഴശിക്ഷ ചുമത്താൻ കമ്മീഷന് അധികാരമുണ്ട്.

(6) പരാതിക്കാരന് ഏതെങ്കിലും അവകാശമോ ആനുകൂല്യമോ നൽകാതിരുന്നതായി കണ്ടാൽ, അത് ഉറപ്പുവരുത്തുന്ന നിയമത്തിലേയോ, ചട്ടങ്ങളിലേയോ വ്യവസ്ഥകൾ നടപ്പിൽ വരുത്താനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഏതൊരു പൊതുസേവകനോ പൊതു അതോറിറ്റിക്കോ നിർദ്ദേശം നൽകാനുള്ള അധികാരം കമ്മീഷനുണ്ട്.

(7) കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്ത പരാതികൾ യുക്താനുസരണം തുടർ നടപടികൾക്കായി ജില്ലാ പരാതി പരിഹാര ഓഫീസർക്ക് കൈമാറുന്നതിനുള്ള അധികാരമുണ്ട്.

(8) നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യം പൂർണ്ണമായും കൈവരിക്കുന്നതിനായി കമ്മീഷന് ജനങ്ങൾക്കിടയിൽ വ്യാപകമായ പ്രചരണം നടത്താവുന്നതാണ്.

(9) ഭക്ഷണവും പോഷകാഹാര സംരക്ഷണവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ മറ്റ് അധികാരങ്ങളും സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, കമ്മീഷന് വിനിയോഗിക്കാവുന്നതാണ്.

സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം, 2018-ന്റെ ചട്ടം 39(1) പ്രകാരം നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെയാണ് മെമ്പർ സെക്രട്ടറിയായി നിയമിക്കുന്നത്.

(ബി) കമ്മീഷൻ യോഗം ചേരുന്നത് എപ്പോഴാണെന്നും കമ്മീഷൻ ഇതുവരെ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും എത്ര പരിശോധനകൾ നടത്തിയിട്ടുണ്ടെന്നും കമ്മീഷൻ എത്ര ശിപാർശകളാണ് സർക്കാരിന് സമർപ്പിച്ചതെന്നും ഇതിൽ എന്തെല്ലാമാണ് സർക്കാർ നടപ്പാക്കിയതെന്നും വിശദമാക്കാമോ; കമ്മീഷന്റെ ശിപാർശകളും റിപ്പോർട്ടുകളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും മറ്റ് രീതികൾ അവലംബിക്കുകയും ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

ചെയർമാന്റെ നിർദ്ദേശത്തിന് വിധേയമായിട്ടാണ് കമ്മീഷൻ യോഗം ചേരുന്നത്. കമ്മീഷൻ ഇതുവരെ 44 യോഗങ്ങൾ ചേർന്നിട്ടുണ്ട്. സംസ്ഥാന ഭക്ഷ്യ കമ്മീഷൻ വിവിധ ജില്ലകളിലെ റേഷൻ കടകൾ, NFSA/FCI ഗോഡൗണുകൾ, സ്കൂളുകൾ, അങ്കണവാടികൾ, ന്യൂമെടിക്സ് യൂണിറ്റുകൾ എന്നിവിടങ്ങളിലായി നിരവധി പരിശോധനകൾ നടത്തിയിട്ടുണ്ട്. കമ്മീഷന്റെ ശിപാർശകൾ അനുബന്ധം-1 ആയി ചേർക്കുന്നു.+ കമ്മീഷന്റെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുന്നത് പരിശോധിച്ചുവരുന്നു. കമ്മീഷന്റെ വെബ്സൈറ്റ് ലോഞ്ച് ചെയ്തിട്ടുണ്ട്. ആയത് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് കമ്മീഷൻ പ്രവർത്തനങ്ങൾ/റിപ്പോർട്ടുകൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്.

(സി) വയനാട് ജില്ലയിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കമ്മീഷൻ എന്തെല്ലാം ശിപാർശകൾ നൽകിയെന്നും അതിൽ ഏതൊക്കെ നടപ്പാക്കിയെന്നും വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വയനാട് ജില്ലയിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കമ്മീഷന്റെ ശിപാർശകൾ താഴെപ്പറയുന്നവയാണ്.

1. ഒരു കിലോമീറ്റർ ചുറ്റളവിൽ റേഷൻകടയില്ലാത്ത ആദിവാസി കോളനികളിൽ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുക.

2. പുതുതായി റേഷൻ കാർഡ് ലഭിച്ച മുഴുവൻ ആദിവാസി വിഭാഗത്തിൽപ്പെട്ട അർഹരായവർക്കും എ.എ.വൈ. കാർഡ് അടിയന്തരമായി വിതരണം ചെയ്യുക.

3. ഒറ്റപ്പെട്ട ആദിവാസി പ്രദേശങ്ങളിൽ താമസിക്കുന്ന റേഷൻ കാർഡില്ലാത്തവരെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടെ കണ്ടെത്തി അദാലത്ത് സംഘടിപ്പിച്ച് റേഷൻ കാർഡും ആധാർ കാർഡും നൽകുന്നതിന് സംവിധാനമൊരുക്കുക.

4. എ.എ.വൈ., മുൻഗണന വിഭാഗങ്ങൾക്ക് സമാനമായ അളവിൽ ആട്ട വിതരണം നടത്തുന്ന വിഷയം പരിശോധിക്കുക.

5. പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണിയായ സ്ത്രീകൾക്കുള്ള ജനനി ജൻമരക്ഷ പദ്ധതി പ്രകാരമുള്ള ആനുകൂല്യം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പും സാമൂഹ്യനീതി വകുപ്പും ഫലപ്രദമായി ഇടപെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

6. ജനനി സുരക്ഷ യോജന പദ്ധതി പ്രകാരമുള്ള കേന്ദ്ര സർക്കാർ സഹായമായ 6000/- രൂപ അർഹരായവർക്ക് ലഭ്യമാക്കുന്നതിന് വനിതാ ശിശുവികസന വകുപ്പിന്റെ ശ്രദ്ധയിൽകൊണ്ടുവരിക.

7. എല്ലാ ഗോത്രവർഗ്ഗ മേഖലകളിലും മൊബൈൽ റേഷൻ കടകൾ ആരംഭിക്കുന്നതിനും ടി വിഭാഗത്തിന്റെ മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുക.

8. ഗോത്രവർഗ്ഗ മേഖലയിലെ പരമ്പരാഗത ഭക്ഷ്യധാന്യങ്ങളായ നെല്ല്, ചാമ, റാഗി, തിന എന്നിവയും കിഴങ്ങ് വർഗ്ഗങ്ങളും ഇലവർഗ്ഗങ്ങളും പഴങ്ങളും കൃഷി ചെയ്യുന്നതിനായി കൃഷിഭൂമി നൽകുക, തനത് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക.

9. ഗോത്രവർഗ്ഗ സംസ്കൃതിയുടെ ഭാഗമായ തനത് ഭക്ഷ്യ വസ്തുക്കൾ വനങ്ങളിൽ നിന്നും ശേഖരിക്കുന്നതിന് അനുമതി നൽകുക.

10. പരമ്പരാഗത കൃഷി രീതികളിൽ ഗോത്രവർഗ്ഗക്കാർക്ക് പരിശീലനം നൽകുക.

11. ഗോത്രവർഗ്ഗ ജനതയുടെ തനത് നാട്ടറിവുകൾ, കൃഷിരീതികൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

12. പരമ്പരാഗത ഭക്ഷണത്തിന്റെ പ്രാധാന്യം, പോഷകമൂല്യം എന്നിവയെക്കുറിച്ച് ഗോത്രവർഗ്ഗ ജനതയ്ക്ക് ബോധവത്കരണം നൽകി ആയത് കുട്ടികളിൽനിന്നും ആരംഭിക്കുക.

13. അവരുടെ തനത് ഭക്ഷണരീതികളും പാചകരീതികളും അന്യംനിന്ന് പോകുന്നതിനാൽ കമ്മ്യൂണിറ്റി കിച്ചൺ ഒഴിവാക്കി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുത്ത് ഭക്ഷണം സ്വയം പാകം ചെയ്യുന്നതിന് പ്രാപ്തരാക്കുക.

കമ്മീഷന്റെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുന്നത് പരിശോധിച്ചുവരുന്നു.

(ഡി) ഭക്ഷ്യകമ്മീഷന് നേരിട്ട് എത്ര പരാതികളാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്നും ഈ പരാതികളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

123 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭ്യമാകുന്ന പരാതികളിന്മേൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽനിന്നും റിപ്പോർട്ട് വാങ്ങി തുടർനടപടികൾ സ്വീകരിച്ച് പരാതി പരിഹരിച്ചുവരുന്നു. വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കേണ്ടവ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(ഇ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തലത്തിൽ വിജിലൻസ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ഈ കമ്മിറ്റികൾ ഇതുവരെ എത്ര യോഗം ചേർന്നുവെന്നും അതത് വിജിലൻസ് കമ്മിറ്റികൾ പരാതികൾ കമ്മീഷന്

കൈമാറുകയാണോ പതിവെന്നും ഇങ്ങനെ എത്ര പരാതികൾ കമ്മീഷന് കൈമാറിയെന്നും വ്യക്തമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്ന സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ നാളിതുവരെ ചേർന്നിട്ടുള്ള യോഗങ്ങളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

സംസ്ഥാനതലം - 2 എണ്ണം

ജില്ലാതലം - 68 എണ്ണം

താലൂക്കുതലം - 227 എണ്ണം

റേഷൻകടതലം - 15227 എണ്ണം

വിജിലൻസ് കമ്മിറ്റികളിൽ ലഭിക്കുന്ന പരാതികൾ, ജില്ലാ പരാതി പരിഹാര ഓഫീസർക്കാണ് കൈമാറുന്നത്. ടി പരാതികളിന്മേലുള്ള അപ്പീലുകളാണ് കമ്മീഷന്റെ പരിഗണനയ്ക്കായി വരുന്നത്. നാളിതുവരെ

വിജിലൻസ് കമ്മിറ്റികളിൽനിന്നും പരാതികളൊന്നുംതന്നെ കമ്മീഷന് കൈമാറിയിട്ടില്ല.

(എഫ്) ഭക്ഷ്യഭദ്രതാ നിയമപ്രകാരം ജില്ലാതല തർക്കപരിഹാര ഓഫീസർമാരായ ഉദ്യോഗസ്ഥർ ഇതുവരെ എന്തെല്ലാം അന്വേഷണങ്ങൾ നടത്തി സർക്കാരിന് റിപ്പോർട്ട് കൈമാറിയിട്ടുണ്ടെന്നും സംസ്ഥാനത്തെ ഭക്ഷ്യഭദ്രതാ നിയമത്തിലെ ചട്ടങ്ങളിൽ സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ എന്തെല്ലാമാണ് ഭേദഗതികളെന്നും വിശദമാക്കാമോ?

ജില്ലാതല പരാതി പരിഹാര ഓഫീസർമാരിൽനിന്ന് നാളിതുവരെ റിപ്പോർട്ടുകളൊന്നും തന്നെ ലഭ്യമായിട്ടില്ല. 27-08-2022-ലെ എസ്.ആർ.ഒ. നം.846 പ്രകാരം സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018-ന്റെ ചട്ടം 47 പ്രകാരമുള്ള റേഷൻകടതല വിജിലൻസ് കമ്മിറ്റിയുടെ ഘടനയിൽ യോഗം ചേരുന്നതിനുള്ള സൗകര്യാർത്ഥം ഭേദഗതി വരുത്തിയിരുന്നു. ഭേദഗതിയുടെ പകർപ്പ് അനുബന്ധം - 2 ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്മാർട്ട് റേഷൻ കാർഡ് വിതരണം

287(2423) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് റേഷൻ കാർഡ് വിതരണം എത്ര ശതമാനം പൂർത്തിയായി?

ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച സ്മാർട്ട് റേഷൻ കാർഡ് സംവിധാനം സംസ്ഥാനത്ത് നിലവിലില്ല. എന്നാൽ 02-11-2021 മുതൽ പി.വി.സി. രൂപത്തിലുള്ള റേഷൻ കാർഡ് സംവിധാനം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എല്ലാ കാർഡുടമകളും നിർബന്ധമായും പി.വി.സി. രൂപത്തിലുള്ള റേഷൻ കാർഡെടുക്കണമെന്ന് നിബന്ധനയില്ല. ആവശ്യമുള്ള ഉണഭോക്താക്കൾക്ക് അംഗീകൃത അക്ഷയ കേന്ദ്രം വഴിയോ സിറ്റിസൺ ലോഗിൻ പോർട്ടൽ വഴിയോ ടി റേഷൻ കാർഡ് പി.ഡി.എഫ്. ഫോർമാറ്റിൽ ഡൗൺലോഡ് ചെയ്ത് എ.ടി.എം. കാർഡിന്റെ വലുപ്പത്തിൽ പി.വി.സി. മെറ്റീരിയലിൽ പ്രിന്റെടുത്ത് ഉപയോഗിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. നിലവിൽ 2891559 കാർഡുടമകൾ ഈ സംവിധാനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(ബി) 2022-23 വർഷത്തിൽ എത്ര ലക്ഷം പേർക്കാണ് ഓണക്കിറ്റ് നൽകിയത്; എത്ര കോടി രൂപ ഈയിനത്തിൽ ചെലവഴിച്ചു?

2022-ലെ ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും 14 ഇനം സാധനങ്ങളടങ്ങിയ 8,569,583 സൗജന്യ ഓണക്കിറ്റുകൾ സപ്ലൈകോ മുഖേന റേഷൻ കടകൾവഴി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും (നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന കണക്കിൽ) ഒരു റേഷൻ കാർഡിലും ഉൾപ്പെടാത്ത ട്രാൻസ്ജെൻഡേഴ്സിനും ടി ഓണക്കിറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുംകൂടി ആകെ 15,590 ഓണക്കിറ്റുകൾ നൽകിയിട്ടുണ്ട്. ഓണക്കിറ്റ് ഒന്നിന് 447/- രൂപ നിരക്കിൽ ആകെ വിതരണം ചെയ്ത 8585173 ഓണക്കിറ്റുകൾക്ക് 3,83,75,72,331 രൂപ

ചെലവായിട്ടുള്ളതായി കണക്കാക്കുന്നു. കൃത്യമായ കണക്ക് 2022 ആഡിറ്റ് പൂർത്തിയാക്കിശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ.

**റേഷൻ കാർഡുകളുടെ ആധാർ സീഡിംഗ്**

288(2424) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വിഭാഗങ്ങളുടെയും റേഷൻ കാർഡുകളുടെ ആധാർ സീഡിംഗ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ഉണ്ട്.

(ബി) ആധാർ സീഡിംഗിലൂടെ റേഷൻ വിതരണത്തിൽ എന്ത് മാറ്റമാണുണ്ടാക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിലെ ആധാർ അധിഷ്ഠിത റേഷൻ വിതരണ സംവിധാനത്തിൽ, ആധാർ സീഡിംഗ് ചെയ്യുന്നതുമൂലം യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം കാര്യക്ഷമവും സുഗമവും സുതാര്യവുമായി നടത്തുന്നതിനും പൊതുവിതരണ രംഗത്തെ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനും സഹായിക്കുന്നു.

## സ്മാർട്ട് പി.ഡി.എസ്. പദ്ധതി

289(2425) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഒരു രാജ്യം ഒരു റേഷൻ കാർഡ് പദ്ധതിയുടെ ഭാഗമായ സ്മാർട്ട് പി.ഡി.എസ്. എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്മാർട്ട് പി.ഡി.എസ്. പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് സംസ്ഥാനത്ത് പൊതുവിതരണ മേഖലയിലുണ്ടാകാൻ പോകുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കുന്നതോടെ നിലവിൽ പൊതുവിതരണ വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്ന പബ്ലിക് ഡാറ്റയുടെ നിയന്ത്രണം തുടർന്നും സംസ്ഥാനത്തിന് നിലനിർത്താൻ കഴിയുമോ; വിശദമാക്കാമോ?

(ബി&സി) പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) പദ്ധതി നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായ സ്മാർട്ട് പി.ഡി.എസ്.-ന്റെ ഭരണാനുമതി പ്രകാരം ടി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായുള്ള കേന്ദ്ര-സംസ്ഥാന ധനവിഹിതം 60:40 എന്ന അനുപാതത്തിലാണ്. ഇപ്രകാരം 2408-01-101-88-02 എന്ന സംസ്ഥാനത്തിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ 140 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിൽ റേഷൻ കാർഡുകൾ തരംമാറ്റൽ**

290(2426) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എ.പി.എൽ. വിഭാഗത്തിൽനിന്നും ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് റേഷൻ കാർഡുകൾ തരംമാറ്റുന്നതിനായി

നൽകപ്പെട്ടിട്ടുള്ള എത്ര അപേക്ഷകളാണ് തീർപ്പാകാതെ ശേഷിക്കുന്നതെന്ന് അറിയിക്കാമോ?

രണ്ട് അപേക്ഷകൾ.

(ബി) ഇതുമായി ബന്ധപ്പെട്ട നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ അപേക്ഷകൾ എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുമോ എന്നറിയിക്കാമോ?

(ബി&സി) ശേഷിക്കുന്ന അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

**കെ-സ്റ്റോറുകളിലെ സേവനങ്ങൾ**

291(2427) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ-സ്റ്റോറുകളിൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന റേഷൻ കടകൾവഴി സിറ്റിസൺ സർവ്വീസ് സെന്റർ, സപ്ലൈകോയുടെ ശബരി

ഉൽപ്പന്നങ്ങളുടെ വിൽപ്പന, മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉൽപ്പന്നങ്ങൾ, ഐ.ഒ.സി.-യുടെ ചോട്ടു ഗ്യാസ് എന്നിവയുടെ വിപണനമാണ് നിലവിൽ നടന്നുവരുന്നത്. ടി സേവനങ്ങൾക്ക് പുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ MSME ഉൽപ്പന്നങ്ങൾ (96 ഉൽപ്പന്നങ്ങൾ) കൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ ഉൽപ്പന്നങ്ങൾ, Meat Products of India-യുടെ ഉൽപ്പന്നങ്ങൾ, മിൽമയുടെ കൂടുതൽ ഉൽപ്പന്നങ്ങൾ എന്നിവകൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനുള്ള പ്രാഥമിക ചർച്ചകൾ നടന്നുവരുന്നു.

**കുറ്റ്യാടി മണ്ഡലത്തിലെ കെ-സ്റ്റോറുകൾ**

292(2428) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ കെ-സ്റ്റോറായി ഉയർത്തുന്നതിലൂടെയുണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും നിലവിൽ റേഷൻ കടകൾവഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമെ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉൽപ്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻകടയുടമകൾക്ക് അധിക വരുമാന മാർഗ്ഗമാണ് കെ-സ്റ്റോർ എന്ന പദ്ധതികൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. കെ-സ്റ്റോർ പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമീണ മേഖലയിൽനിന്ന് തെരഞ്ഞെടുക്കുന്ന റേഷൻ കടകൾവഴി സിറ്റിസൺ സർവ്വീസ് സെന്റർ മുഖേനയുള്ള സേവനങ്ങൾ, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉൽപ്പന്നങ്ങൾ, ഐ.ഒ.സി.-യുടെ ചോട്ടു ഗ്യാസ് എന്നിവയുടെ വിപണനവുമാണ് നിലവിൽ നടന്നുവരുന്നത്. ടി സേവനങ്ങൾക്ക് പുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ MSME ഉൽപ്പന്നങ്ങൾ (96 ഉൽപ്പന്നങ്ങൾ) കൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ ഉൽപ്പന്നങ്ങൾ, Meat Products of India-യുടെ ഉൽപ്പന്നങ്ങൾ, മിൽമയുടെ കൂടുതൽ ഉൽപ്പന്നങ്ങൾ എന്നിവ കൂടി കെ-സ്റ്റോർ വഴി വിപണനം

ചെയ്യുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമികഘട്ടമെന്ന നിലയിൽ 108 റേഷൻ കടകളിലാണ് പദ്ധതി ആരംഭിച്ചത്. കെ-സ്റ്റോറിന്റെ രണ്ടാംഘട്ടമായി സംസ്ഥാനത്തെ 200 റേഷൻ കടകളിൽക്കൂടി ടി പദ്ധതി നടപ്പിലാക്കി വരികയാണ്. ഈ സാമ്പത്തിക വർഷം 1000 കെ-സ്റ്റോറുകൾ ആരംഭിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ റേഷൻ കടകളാണ് കെ-സ്റ്റോറായി ഉയർത്താൻ വിഭാവനം ചെയ്തത്?

കുറ്റ്യാടി മണ്ഡലത്തിലുൾപ്പെട്ട എഫ്.പി.എസ്.-257 (ചോയിമഠം), എഫ്.പി.എസ്.-113 (മണിയൂർ) എന്നീ പൊതുവിതരണ കേന്ദ്രങ്ങളിൽ കെ-സ്റ്റോർ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം**

293(2429) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം ഏതൊക്കെ സ്ഥലങ്ങളിലുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ അമ്പൂരി പഞ്ചായത്തിലെ പൂരവിമല, കണ്ണമാംമൂട്, തെന്മല, കൊമ്പെ, വെല്ലി, തേക്കുംമൂട്, പീയണിപ്പാറ തുടങ്ങിയ പ്രദേശങ്ങളിൽ 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി പ്രകാരം റേഷൻ വിതരണം നടത്തിവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ മണ്ഡലത്തിലെ മുഴുവൻ ആദിവാസി ഊരുകളിലും ഭക്ഷ്യസാധനങ്ങളെത്തിക്കാൻ സാധിക്കുന്നുണ്ടോ; വിശദമാക്കാമോ?

'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിയിലൂടെ പാറശ്ശാല മണ്ഡലത്തിലെ അമ്പൂരി ആദിവാസി മേഖലയിലെ മുഴുവൻ ആദിവാസി ഊരുകളിലും റേഷൻ സാധനങ്ങളെത്തിക്കാൻ സാധിക്കുന്നുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി പ്രൊമോട്ടർമാരുടെ സഹകരണത്തോടെ റേഷനിംഗ് ഇൻസ്പെക്ടർമാർ ഊരുകളിൽ നേരിട്ടെത്തി പരാതിക്കിടവരാതെ റേഷൻ വിതരണം നടത്തി

വരുന്നു. ഇപ്രകാരം അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി ഓരോ കാർഡുടമയ്ക്കും ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിലെ ആദിവാസി ഊരുകളിലേയ്ക്ക് ഭക്ഷ്യ സാധനങ്ങളെത്തിക്കാൻ നിലവിൽ ഏത് വാഹനമാണ് ഉപയോഗിക്കുന്നത്; ആയതിന്റെ ചെലവുകൾ ആരാണ് വഹിക്കുന്നത്; വിശദമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ ആദിവാസി ഊരുകളിൽ ഭക്ഷ്യ സാധനങ്ങളെത്തിക്കാൻ കരാറടിസ്ഥാനത്തിൽ ഉപയോഗിക്കുന്ന Commercial Vehicles/EICHER (KL 74-A-5788) വാഹനത്തിന്റെ ചെലവുകൾ സർക്കാരാണ് വഹിക്കുന്നത്.

(ഡി) സഞ്ചരിക്കുന്ന റേഷൻ കട പദ്ധതിക്കായി എം.എൽ.എ.-മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതിക്കായി എം.എൽ.എ.-മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് വാഹനം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഇത്തരത്തിൽ വാങ്ങുന്ന വാഹനങ്ങളുടെ ഇന്ധനം, ഡ്രൈവറുടെ ശമ്പളം, മെയിന്റനൻസ് ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾ എന്നിവ ഏത് രീതിയിൽ നിർവ്വഹിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച് തീരുമാനമായിട്ടില്ല.

**കുറ്റ്യാടി മണ്ഡലത്തിൽ പുതിയ റേഷൻകട**

294(2430) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് പുതുതായി റേഷൻ കട അനുവദിക്കാൻ പദ്ധതിയുള്ളതെന്ന് അറിയിക്കാമോ;

(ബി) മണിയൂർ ഗ്രാമപഞ്ചായത്തിലെ തുറശ്ശേരിമുക്കിൽ റേഷൻ കട അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ?

(എ&ബി) കുറ്റ്യാടി മണ്ഡലത്തിലെ കാമിച്ചേരി (ആയഞ്ചേരി പഞ്ചായത്ത്), മാങ്ങോട് (തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്) ചെരണ്ടത്തൂർ (മണിയൂർ ഗ്രാമപഞ്ചായത്ത്) തുറശ്ശേരി മുക്ക് (മണിയൂർ ഗ്രാമപഞ്ചായത്ത്) എന്നീ പ്രദേശത്ത് പുതിയ കട അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ റേഷൻ കട ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ**

295(2431) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ കൂടാളി ഗ്രാമപഞ്ചായത്തിലെ ശ്രീമതി പുഷ്പ പി. പി., ഹരിതാലയം എന്നയാൾ റേഷൻ കട അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ?

അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയിൽ വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് പുതിയ റേഷൻ കടകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ?

അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്.

**റേഷൻ കടകളിൽനിന്നും വെള്ളപ്പൊക്കത്തിൽ നഷ്ടമായ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ**

296(2432) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ സൂക്ഷിച്ചിരുന്നതും വെള്ളപ്പൊക്കത്തിൽപ്പെട്ട് നശിച്ചുപോയതുമായ അരി, ഗോതമ്പ്, പഞ്ചസാര തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ കണക്ക് ഇപ്പോഴും സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. പ്രകൃതി ദുരന്തമോ, മറ്റ് അപ്രതീക്ഷിത സംഭവങ്ങളോ കാരണം റേഷൻ കടകളിൽ ഉപയോഗ യോഗ്യമല്ലാതായിത്തീരുന്ന റേഷൻ സാധനങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 06-06-2022-ലെ സ.ഉ. (അച്ചടി)നം. 3/2022/ഭ.പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കാൻ ജില്ല/താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സാധനങ്ങളുടെ നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

റേഷൻ കടകളിൽ 2018-ലെ വെള്ളപ്പൊക്കത്തിൽ നശിച്ച സാധനങ്ങളുടെ ഭൗതിക സ്റ്റോക്കിൽ വന്ന കുറവ് പ്രളയദുരിതാശ്വാസമായി ലഭിച്ച അരിയുടെ വിഹിതം ഉപയോഗിച്ച് നികത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നശിച്ചുപോയ പ്രസ്തുത സാധനങ്ങളുടെ കണക്ക് സ്റ്റോക്ക് രജിസ്റ്ററിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി റേഷൻ വ്യാപാരികളുടെ പ്രശ്നത്തിന് പരിഹാരം കാണുമോ?

നശിച്ചുപോയ ഭക്ഷ്യധാന്യങ്ങളുടെ കണക്ക് സ്റ്റോക്ക് രജിസ്റ്ററിൽനിന്നും ഒഴിവാക്കി വ്യാപാരികളുടെ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**'ഒപ്പം ' പദ്ധതിയുടെ പുരോഗതി**

297(2433) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ നേരിട്ടെത്തി സാധനങ്ങൾ കൈപ്പറ്റാൻ കഴിയാത്ത ആളുകൾക്ക് റേഷൻ നൽകുന്ന പദ്ധതിയായ ഒപ്പം പദ്ധതി ഇപ്പോൾ എത്ര ജില്ലകളിലാണ് പ്രവർത്തിക്കുന്നത്; ആയതിന്റെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 'ഒപ്പം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ നിലവിൽ 79 താലൂക്കുകളിലെ അർഹരായ ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിലെത്തിച്ച് നൽകിവരുന്നു.

(ബി) ഈ പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 'ഒപ്പം' പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

**ഗോതമ്പ് വിതരണം**

298(2434) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽനിന്നും പൊതുവിതരണത്തിനായി ഏറ്റെടുക്കുന്ന ഗോതമ്പിന്റെ അളവിൽ കുറവുവന്നിട്ടുണ്ടോ; എത്ര അളവ് ഗോതമ്പാണ് ഈ വർഷം ഓരോ മാസവും ഏറ്റെടുത്തത്; ഇങ്ങനെ കുറവുവരാനുള്ള കാരണം വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഗോതമ്പിൽ ഈ വർഷം ഓരോ മാസവും ഏറ്റെടുത്ത ഗോതമ്പിന്റെ അളവ് ചുവടെ ചേർക്കുന്നു.

| മാസം | ഗോതമ്പിന്റെ അളവ് (മെ.ടണ്ണിൽ) |
|---|---|
| ജനുവരി | 15629.217 |
| ഫെബ്രുവരി | 12708.294 |
| മാർച്ച് | 17560.985 |
| ഏപ്രിൽ | 14274.674 |
| മേയ് | 15342.622 |
| ജൂൺ | 13867.079 |
| ജൂലൈ | 10064.122 |
| ആഗസ്റ്റ് | 13080.062 |

2022 ജൂൺ മുതൽ ടൈഡ് ഓവർ വിഹിതത്തിലെ ഗോതമ്പ് ഒഴിവാക്കി പകരം അത്രയും അളവ് അരിയാണ് അനുവദിച്ചുവരുന്നത്. എന്നാൽ 2023 മാർച്ച് ക്വാട്ടയിലേയ്ക്ക് 5565.095 മെ.ടൺ ഗോതമ്പ് ടൈഡ് ഓവർ വിഹിതത്തിൽ അനുവദിച്ചെങ്കിലും 2023 ജൂലൈ ക്വാട്ടയിലെ എ.എ.വൈ., പ്രയോരിറ്റി വിഭാഗത്തിനുള്ള ഗോതമ്പിൽനിന്നും അത്രയും അളവ് കേന്ദ്രം കുറവ് വരുത്തിയിരുന്നു. കൂടാതെ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന സ്കീമിൽ സംസ്ഥാനത്ത് നീക്കിയിരിപ്പുവന്ന ഗോതമ്പിന്റെ

അളവും മുൻകാലങ്ങളിൽ എ.എ.വൈ., പ്രയോരിറ്റി വിഭാഗത്തിൽ നീക്കിയിരിപ്പുവന്ന ഗോതമ്പിന്റെ അളവും ക്രമീകരിച്ചതിനാലും പല മാസങ്ങളിലും ഗോതമ്പിന്റെ അലോട്ട്മെന്റിൽ കുറവ് വന്നിട്ടുണ്ട്.

(ബി) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽനിന്ന് ഏറ്റെടുക്കുന്ന ഗോതമ്പ് പൊടിച്ച് ആട്ട ഉല്പാദിപ്പിക്കുന്നതിനായി ഏതെല്ലാം മില്ലുകളെയാണ് നിയോഗിച്ചിട്ടുള്ളത്; ഇതിനുള്ള ചെലവ് വിഹിതം എങ്ങനെയാണ് കണ്ടെത്തുന്നത്; ഇതിന് കേന്ദ്ര സർക്കാർ വിഹിതം അനുവദിക്കുന്നുണ്ടോ?

സംസ്ഥാനത്തിന് ലഭ്യമാകുന്ന ഗോതമ്പ് ആട്ടയാക്കി നൽകുന്നതിനായി സപ്ലൈകോയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ചുവടെപ്പറയുന്ന മില്ലുകളെയാണ് സപ്ലൈകോ ഇതിനായി നിയോഗിച്ചിട്ടുള്ളത്.

1. M/s. ശ്രീരാഹുൽ ഫ്ലോർ മിൽ, ആലുവ

2. M/s. വെളിയത്ത് അഗ്രോ ഇൻഡസ്ട്രീസ്, തൃശ്ശൂർ

3. M/s. പ്രീമിയർ അഗ്രോ പ്രോഡക്ട്സ്, കിനാശ്ശേരി, പാലക്കാട്

4. M/s. മലപ്പുറം റോളർ ഫ്ലോർ മിൽ, ഇരുമ്പുഴി, മലപ്പുറം

5. M/s. പ്യൂവർലിഷ് വെഞ്ച്വേഴ്സ്, ചെലമ്പറ, മലപ്പുറം

6. M/s. പുനത്തിൽ റോളർഫ്ലോർ മിൽസ്, കണ്ണൂർ

7. M/s. ശാസ്താ കണ്ടെയ്നേഴ്സ് & പാക്കേജിംഗ് പ്രൈവറ്റ് ലിമിറ്റഡ്, പത്തനംതിട്ട.

ഗോതമ്പ് വിഹിതം ആട്ടയാക്കുന്നതിനുള്ള ചെലവ് ഗുണഭോക്താക്കളിൽ നിന്നാണ് ഈടാക്കുന്നത്. ഇതിന് കേന്ദ്രസർക്കാർ വിഹിതം അനുവദിക്കുന്നില്ല.

(സി) മുൻഗണനാ വിഭാഗത്തിലെ റേഷൻ കാർഡ് ഉടമകൾക്ക് ഗോതമ്പും ആട്ടയും നൽകുന്നതിന് വിവിധ വിലകൾ ഈടാക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ?

എ.എ.വൈ., പ്രയോരിറ്റി വിഭാഗങ്ങൾക്ക് നിലവിൽ സൗജന്യമായി ഗോതമ്പ് ലഭിക്കുന്നതിനാൽ പ്രസ്തുത ഗോതമ്പ് സൗജന്യമായിത്തന്നെയാണ് ടി വിഭാഗങ്ങൾക്ക് വിതരണം നടത്തുന്നത്. എന്നാൽ ഗോതമ്പ് ആട്ടയാക്കി എ.എ.വൈ. വിഭാഗത്തിന് പായ്ക്കറ്റൊന്നിന് 6/- രൂപയും പ്രയോരിറ്റി വിഭാഗത്തിന് 8/- രൂപയുമാണ് വിതരണം നടത്തിവന്നിരുന്നത്. വ്യാപാരികൾക്കുള്ള കമ്മീഷൻ ഇനത്തിൽ പ്രയോരിറ്റി വിഭാഗത്തിൽനിന്ന്

2/- രൂപ ഈടാക്കുന്നതിനാലാണ് ഇപ്രകാരം വിലയിൽ വ്യത്യാസമുള്ളത്. പ്രോസസ്സിംഗ് ചാർജ്ജ് വർദ്ധിച്ചിട്ടുള്ളതിനാൽ നിലവിൽ എ.എ.വൈ., പ്രയോരിറ്റി വിഭാഗങ്ങൾക്കുള്ള ആട്ടയുടെ വില യഥാക്രമം 7/- രൂപ, 9/- രൂപ എന്ന നിരക്കിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

**ഭക്ഷ്യഭദ്രതാ അലവൻസ്**

299(2435) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോസ് തകരാർമൂലം സംസ്ഥാനത്ത് റേഷൻ കാർഡ് ഉടമകൾക്ക് റേഷൻ വാങ്ങാൻ സാധിക്കാതെ വന്നിട്ടുള്ള സാഹചര്യം വിശദമാക്കാമോ?

റേഷൻ വിതരണവുമായി ബന്ധപ്പെട്ട സെർവ്വറുകളിലുണ്ടാകുന്ന തകരാർ കാരണം അപൂർവ്വം ചില അവസരങ്ങളിൽ റേഷൻ വിതരണത്തിൽ ഭാഗികമായ തടസ്സം നേരിടാറുണ്ട്. ഇ-പോസ് മെഷീൻ മുഖാന്തരമുള്ള ഇടപാടുകളിലുണ്ടാകുന്ന ഭാഗികമായ തടസ്സങ്ങൾ വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഏജൻസികളുമായി ചേർന്ന് പരിഹരിച്ച്

റേഷൻ വിതരണം സുഗമമായി നടത്താറുണ്ട്. വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യമോ ഗുണഭോക്താക്കൾക്ക് റേഷൻ കിട്ടാതിരിക്കുന്ന സാഹചര്യമോ ഉണ്ടായിട്ടില്ല.

(ബി) ഇ-പോസ് തകരാർമൂലം സംസ്ഥാനത്ത് റേഷൻ വാങ്ങാൻ സാധിക്കാതെ വന്ന ആളുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

ഇ-പോസ് തകരാർമൂലം സംസ്ഥാനത്ത് റേഷൻ കിട്ടാതിരിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല. സാങ്കേതിക പ്രശ്നങ്ങൾ കാരണം അവസാന ദിവസങ്ങളിൽ റേഷൻ വാങ്ങാൻ സാധിക്കാത്തവർക്ക് റേഷൻ വാങ്ങുന്നതിനായി തൊട്ടടുത്ത മാസത്തിലെ ആദ്യ ദിവസങ്ങളിൽ റേഷൻ വിതരണം നീട്ടി നൽകിക്കൊണ്ട് എല്ലാ ഗുണഭോക്താക്കൾക്കും റേഷൻ വാങ്ങുന്നതിനുള്ള സാഹചര്യം അനുവദിച്ചുനൽകാറുണ്ട്.

(സി) പ്രസ്തുത ആളുകൾക്ക് ഭക്ഷ്യഭദ്രതാ അലവൻസ് ലഭ്യമാകാത്തത് സംബന്ധിച്ച് ഭക്ഷ്യകമ്മീഷന് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ഭക്ഷ്യഭദ്രതാ അലവൻസ് ലഭ്യമാകാത്തത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ ഇ-പോസ് മെഷീൻ സെർവ്വർ തകരാർമൂലം 2023 ഏപ്രിൽ മാസം റേഷൻ മുടങ്ങിയതായും അർഹതപ്പെട്ട റേഷൻവിഹിതം ലഭിക്കാത്തവർക്ക് ഫുഡ് സെക്യൂരിറ്റി അലവൻസ് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് മുൻ എം.എൽ.എ. ശ്രീ. ജോസഫ് എം. പുതുശ്ശേരി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ, ടി മാസത്തെ റേഷൻവിതരണ കാലാവധി അവസാനിക്കുന്ന 05-05-2023-നകം റേഷൻ വിഹിതം ലഭിക്കാത്ത മുൻഗണനാവിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് ഫുഡ് സെക്യൂരിറ്റി അലവൻസ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ പരാതി പരിഹാര ഓഫീസർമാർക്കും ഭക്ഷ്യകമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അത്തരം പരാതികൾ ഒന്നുംതന്നെ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. സാങ്കേതിക തകരാർമൂലം ആർക്കും റേഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല.

## ഇ-പോസ് യന്ത്രത്തിലെ തകരാറുകൾ

300(2436) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളിലെ ഇ-പോസ് യന്ത്രത്തിലെ തകരാറുകൾ പൂർണ്ണമായി പരിഹരിച്ചിട്ടുണ്ടോയെന്നും ഇതുസംബന്ധിച്ച് എന്ത് റിപ്പോർട്ടാണ് നാഷണൽ ഇൻഫോർമാറ്റിക് സെന്റർ സർക്കാരിന് കൈമാറിയതെന്നും റിപ്പോർട്ടിലെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

റേഷൻ വിതരണം പൂർണ്ണമായും തടസ്സപ്പെടുന്ന രീതിയിലുള്ള യാതൊരു സാങ്കേതിക പ്രശ്നങ്ങളും നിലവിലില്ല. റേഷൻ വിതരണത്തിൽ ഭാഗികമായി ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് റേഷൻ കടകളിലെ ഇ-പോസ് യന്ത്രത്തിലെ തകരാറുകൾ പരിഹരിച്ചത് സംബന്ധിച്ച് നാഷണൽ

ഇൻഫോർമാറ്റിക് സെന്റർ സർക്കാരിന് റിപ്പോർട്ട് കൈമാറിയിട്ടില്ല. എന്നാൽ 10-03-2023-ൽ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ നാഷണൽ ഇൻഫോർമാറ്റിക് സെന്ററുമായി ചേർന്ന യോഗതീരുമാന പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- നിലവിൽ റേഷൻ വിതരണത്തിൽ ഉപയോഗിച്ചിരുന്ന BSNL ബാൻഡ് വിഡ്ത്ത് 20 എം.ബി. പെർ സെക്കന്റ് എന്നത് 50 എം.ബി. പെർ സെക്കന്റിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്.

- ആധാർ ഓതന്റിക്കേഷൻ സർവ്വറിൽ ~~(AUA)~~ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി NIC-യുടെ AUA സർവ്വറുകൾകൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് NIC-യ്ക്കും UIDAI-യ്ക്കും കത്ത് നൽകിയിട്ടുണ്ട്.

- NIC-യുടെ AUA സർവ്വറുകൾകൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി NIC-യുമായും UIDAI-യുമായും ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇ-പോസ് സംവിധാനത്തിനായി മറ്റൊരു സെർവ്വർ സംസ്ഥാനത്ത് തയ്യാറാക്കുന്നുണ്ടോയെന്നും നിലവിൽ ഇ-പോസിലെ സോഫ്റ്റ്‌വെയർ ഏത് വേർഷനിലേയ്ക്കാണ് അപ്‌ഡേറ്റ് ചെയ്തതെന്നും രാജ്യത്താകെ ഇതേ വേർഷനാണോ ഉപയോഗിക്കുന്നതെന്നും വിശദമാക്കാമോ?

ആധാർ ഓതന്റിക്കേഷനുവേണ്ടി NIC-യുടെ AUA സെർവ്വറുകൾക്കൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി NIC-യുമായും UIDAI-യുമായും ബന്ധപ്പെട്ടുകൊണ്ട് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിൽ ഇ-പോസ് മെഷീനിൽ കേരള PDS റേഷൻ വിതരണത്തിനായി 2.4 സോഫ്റ്റ്‌വെയർ വേർഷനും IMPDS വിതരണത്തിനായി 2.1 വേർഷനും അപ്‌ഡേറ്റ് ചെയ്തിട്ടുണ്ട്. രാജ്യത്താകെ ഇതേ വേർഷനാണോ ഉപയോഗിക്കുന്നത് എന്നതുസംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) ഈ വർഷം ജനുവരി മുതൽ ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ എത്ര തവണ ഇ-പോസ് യന്ത്രം തകരാറിലായിയെന്ന് അറിയിക്കാമോ?

ഇ-പോസ് യന്ത്രത്തിൽ വിതരണത്തിന് സഹായിക്കുന്ന RD സെർവ്വറിലുണ്ടായ സാങ്കേതിക തകരാർ കാരണം ഈ കാലയളവിൽ ഒരു ദിവസം കുറച്ചുസമയത്തേയ്ക്ക് റേഷൻ വിതരണത്തിൽ തടസം നേരിട്ടിരുന്നു. ആയത് ഉടൻതന്നെ പരിഹരിച്ച് റേഷൻ വിതരണം പുന:സ്ഥാപിച്ചിരുന്നു.

(ഡി) ഇ-പോസ് യന്ത്രത്തിൽ തകരാറുകളുണ്ടായാൽ ജനങ്ങൾക്ക് വിളിച്ചറിയിക്കാൻ ഹെൽപ്‌ലൈൻ സംവിധാനമുണ്ടോയെന്നും ഇ-പോസ് യന്ത്രത്തിലെ തകരാർമൂലം കാർഡ് ഉടമകൾക്ക് ഒ.ടി.പി. വഴി റേഷൻ നൽകുന്നത് വർദ്ധിച്ചിട്ടുണ്ടോയെന്നും ഇതല്ലാതെ മാന്വൽ സംവിധാനം വഴിയും റേഷൻ വിതരണം നടത്തുന്നുണ്ടോയെന്നും വിശദാംശങ്ങൾ നൽകാമോ?

ഇ-പോസ് യന്ത്രത്തിലെ തകരാറുകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് ഹെൽപ്പ് ഡെസ്ക് നമ്പറുകൾ നിലവിലുണ്ട് (7561050035, 7561050036). റേഷൻ വിതരണത്തിൽ ഭാഗികമായുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ 1976, 1800 425 1550 എന്നീ ഹെൽപ്പ് ഡെസ്ക് നമ്പറുകളിലും അറിയിക്കുന്നതിനുള്ള സൗകര്യമുണ്ട്. ആധാർ ഓതന്റിക്കേഷനുമായി

ബന്ധപ്പെട്ട് സാങ്കേതിക തകരാറുകൾ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ OTP സംവിധാനം ഉപയോഗിച്ച് റേഷൻ വിതരണം നടത്താറുണ്ട്. ഈ സമയങ്ങളിൽ റേഷൻ കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള മൊബൈൽ നമ്പർ ഉപയോഗിച്ചുള്ള OTP മുഖാന്തരമുള്ള വിതരണത്തിൽ വർദ്ധനവുണ്ടാകാറുണ്ട്. നിലവിലുള്ള റേഷൻ കടകളിൽ ഇ-പോസ് മുഖേനയല്ലാതെയുള്ള മാനുവൽ റേഷൻ വിതരണം നിലവിൽ അനുവദിച്ചിട്ടില്ല.

**അരി വിപണിയിലെ വിലക്കയറ്റം**

301(2437) ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊത്തവിപണിയിലും ചില്ലറ വിപണിയിലും അരിക്ക് രൂക്ഷമായ വിലക്കയറ്റം അനുഭവപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടെങ്കിൽ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'Center for Price Research Kerala' പൊതുവിപണിയിൽ

നിന്ന് ശേഖരിച്ച വില വിവരങ്ങൾ പരിശോധിക്കുമ്പോൾ ജയ അരിയുടെ വില ആറ് മാസമായി കുറഞ്ഞുവരുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. അരിയുടെ വില നിയന്ത്രിക്കുന്നതിനായി തെക്കൻ കേരളത്തിൽ മട്ട അരിയും പച്ചരിയും വടക്കൻ കേരളത്തിൽ അവിടത്തെ ജനങ്ങളുടെ അഭിരുചിക്കനുസരിച്ച് വെള്ള അരിയും പച്ചരിയും കൂടുതലായി റേഷൻ കടകൾവഴി വിതരണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 2023 ജനുവരി മുതൽ ജൂലൈ വരെയുള്ള കാലയളവിലെ അരിയുടെ ചില്ലറ വിപണി വിലയും മൊത്തവിപണി വിലയും അനുബന്ധമായി ചേർക്കുന്നു.+

(ബി) സപ്ലൈകോ വഴി ഉപഭോക്താക്കൾക്ക് വിലകുറച്ച് അരി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; അതിനാവശ്യമായ സ്റ്റോക്ക് എത്തിച്ചിട്ടുണ്ടോ?

സപ്ലൈകോ വഴി ഉപഭോക്താക്കൾക്ക് ഏറ്റവും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ദൗർലഭ്യമില്ലാതെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1633-ഓളം വരുന്ന സപ്ലൈകോ വില്പനശാലകളിലേയ്ക്ക് രണ്ടര

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാസത്തേയ്ക്ക് ആവശ്യമായ അരി, പഞ്ചസാര തുടങ്ങിയ പലവ്യഞ്ജനങ്ങൾ കമ്പോള നിലവാരം, ഫണ്ടിന്റെ ലഭ്യത, ഡിപ്പോയിലെ സ്ഥലസൗകര്യം എന്നിവ കണക്കിലെടുത്ത് എല്ലാ മാസവും ഇ-ടെണ്ടർ/ഇ-ഓക്ഷൻ മുഖേന വാങ്ങുന്നുണ്ട്. ഇതിനായി ആഗസ്റ്റ് മാസത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിവിധ വിൽപ്പനശാലകൾവഴി വിതരണം ചെയ്യുന്നതിനുവേണ്ടി 175,390 ക്വിന്റൽ അരി സംഭരിച്ചിട്ടുണ്ട്. മൊത്ത വിപണിയിലും ചില്ലറ വിപണിയിലും അരിയുടെ വിലക്കയറ്റം തടയാനുള്ള കേരള സർക്കാരിന്റെ നയത്തിന്റെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1633-ഓളം വിൽപ്പനശാലകളിൽ ജയ അരി, മട്ട അരി, പച്ചരി, കുറുവ അരി ആദിയായ 13 അവശ്യസാധനങ്ങളുടെ വിലയിൽ 2016 മുതൽ വ്യത്യാസം വരുത്തിയിട്ടില്ല.

(സി) അരി വിപണിയിൽ പച്ചരിക്ക് ക്ഷാമം അനുഭവപ്പെടുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

സംസ്ഥാനത്ത് പച്ചരിക്ക് ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റേഷൻ കടകൾ വഴി എല്ലാ കാർഡുടമകൾക്കും പച്ചരി ലഭ്യമാക്കുന്നുണ്ട്.

**ഉത്സവകാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി**

302 (2438) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉത്സവകാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; ആയത് എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

എല്ലാ വർഷവും ഓണം, ക്രിസ്തുമസ്-പുതുവത്സരം, വിഷു-ഈസ്റ്റർ-റംസാൻ എന്നീ ഉത്സവ സീസണുകളിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സർക്കാർ ഫെയറുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഈ ഓണക്കാലത്തും പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ

വിൽപ്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 18-08-2023 മുതൽ 28-08-2023 വരെയുള്ള കാലയളവിൽ വിപുലമായ തോതിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. FMCG ഉല്പന്നങ്ങൾക്കും ശബരി ഉല്പന്നങ്ങൾക്കും സാധാരണ ഡിസ്കൗണ്ടിനുപുറമേ വലിയ ഓഫറുകൾ ഓണം ജില്ലാ ഫെയറുകളിൽ ലഭ്യമാക്കിയിരുന്നു. ടി ചുരുങ്ങിയ കാലയളവിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ മാത്രം ഏകദേശം 6.28 കോടി രൂപയുടെ വിൽപ്പന നടന്നു. മുൻ വർഷം ഇത് 2.64 കോടി രൂപ മാത്രമായിരുന്നു. ഈ ഓണക്കാലത്ത് സപ്ലൈകോ ഓണം ഫെയറുകളിൽനിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് വളരെ വിലക്കുറവിൽ സാധനങ്ങൾ വാങ്ങുന്നതിന് സാധിച്ചു. കൂടാതെ 2023-ലെ ഓണത്തോടനുബന്ധിച്ച് AAY റേഷൻ കാർഡ് ഉടമകൾക്കും സാമൂഹികക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും 17-08-2023 തീയതിയിലെ സ.ഉ.(കൈ)നം.12/ 2023/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തുണിസഞ്ചി ഉൾപ്പെടെ 14 ഇനം അവശ്യസാധനങ്ങൾ അടങ്ങിയ സൗജന്യ ഓണക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

## സപ്ലൈകോയുടെ പൊതുവിപണി ഇടപെടൽ

303(2439) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന്

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിൽനിന്നുള്ള ധനസഹായം കൃത്യസമയത്ത് ലഭിക്കാതിരിക്കുന്നതും വിതരണക്കാർക്കുള്ള കുടിശ്ശിക കൊടുത്ത് തീർക്കാൻ കഴിയാത്തതുംമൂലം പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടാൻ സപ്ലൈകോയ്ക്ക് കഴിയുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ആഗസ്റ്റ് മാസത്തിൽ ഓണം പ്രമാണിച്ചുനടത്തിയ ടെണ്ടറിൽ വിതരണക്കാർ പങ്കെടുക്കുകയും സാധനങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുകയും മുൻമാസങ്ങളിലേതുപോലെ പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടാനും സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പനയും പ്രത്യേക ഓണം ഫെയറുകൾ സംഘടിപ്പിക്കുന്നതും ഉൾപ്പെടെയുള്ള വിപണി ഇടപെടൽ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായിതന്നെ സപ്ലൈകോ മുഖേന നടത്തുന്നുണ്ട്.

**പാലക്കാട് ജില്ലയിൽ അനുവദിച്ച സപ്ലൈകോ ഗോഡൗണുകൾ**

304(2440) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മുൻകാലങ്ങളിൽ അനുവദിച്ച സപ്ലൈകോ ഗോഡൗണുകളുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം ഗോഡൗണുകൾ സ്വകാര്യ വ്യക്തികൾക്ക് അനുവദിക്കുന്നതിനുപകരം സർക്കാർ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സർക്കാർ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പട്ടാമ്പി, മണ്ണാർക്കാട്, അട്ടപ്പാടി, പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ അനുവദിച്ച സപ്ലൈകോ ഗോഡൗണുകളുടെ നിലവിലെ വിവരങ്ങൾ നൽകാമോ?

പാലക്കാട് ജില്ലയിലെ പട്ടാമ്പി, മണ്ണാർക്കാട്, അട്ടപ്പാടി, പാലക്കാട് എന്നീ സ്ഥലങ്ങളിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ഗോഡൗണുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കർഷകരിൽനിന്നും സംഭരിച്ച വിളകളുടെ തുക ലഭ്യമാക്കാൻ നടപടി**

305(2441) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽനിന്നും കഴിഞ്ഞ സീസണിൽ സപ്ലൈകോ ശേഖരിച്ച നെല്ലിന് പുറമേ മറ്റ് വിളകളുടെയും തുക കർഷകർക്ക് നൽകാനുണ്ടോ; ഇവയുടെ ഇനം തിരിച്ച് തുക എത്രയെന്നും അവ നൽകാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി (Decentralized Procurement Scheme-DCP) പ്രകാരം കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽനിന്നും നെല്ല് മാത്രമാണ് സംഭരിക്കുന്നത്, മറ്റ് വിളകൾ സംഭരിക്കുന്നില്ല. നെല്ലിന്റെ വിലയായി നൽകാനുണ്ടായിരുന്ന 2070.69 കോടി രൂപയിൽ 2023 മേയ് 16

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരെ പേ ഓർഡർ നൽകിയ കർഷകർക്ക് 1637.57 കോടി രൂപ വിതരണം ചെയ്തതിന്റെ ബാക്കി 433.12 കോടി രൂപയാണ് നൽകാനുണ്ടായിരുന്നത്. ഇത് വിതരണം ചെയ്തുവരുന്നു.

(ബി) സപ്ലൈകോ ശേഖരിച്ച നെല്ലിന്റെയും മറ്റ് വിളകളുടെയും തുക എന്നത്തേയ്ക്ക് കർഷകർക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

2022-23 സീസണിൽ 250373 കർഷകരിൽ നിന്നായി സപ്ലൈകോ 731184 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. നെല്ലിന്റെ വില, കൈകാര്യ ചെലവ് എന്നിവയുടെ ഇനത്തിൽ 54339 കർഷകർക്ക് 433.12 കോടി രൂപ കുടിശ്ശിക നൽകാനുണ്ടായിരുന്നു. ടി കുടിശ്ശിക നൽകുന്നതിനായി സർക്കാർ 180 കോടി രൂപ അനുവദിച്ചിരുന്നു. അനുവദിച്ച 180 കോടി രൂപയിൽ 71.29 കോടി രൂപ 50,000/- രൂപയിൽ താഴെ കുടിശ്ശികയുണ്ടായിരുന്ന 26548 കർഷകരുടെ മുഴുവൻ കുടിശ്ശിക തുകയും അവരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. അൻപതിനായിരം രൂപയ്ക്ക് മുകളിൽ കുടിശ്ശിക നൽകാനുണ്ടായിരുന്ന 27791 കർഷകരുടെ കുടിശ്ശിക തുകയിൽ 7.80 രൂപ

നിരക്കിൽ സംസ്ഥാന പ്രോത്സാഹന ബോണസ്, 12 പൈസ നിരക്കിൽ കൈകാര്യ ചെലവ് എന്നിവയുൾപ്പെടെ കിലോയ്ക്ക് 7.92 രൂപ നിരക്കിലുള്ള തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിക്കഴിഞ്ഞു. ഇതിന് ശേഷം കിലോയ്ക്ക് 20.40 രൂപ നിരക്കിലുള്ള കുടിശ്ശിക തുക സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവവഴി PRS ലോണായി നൽകിവരുന്നു. 08-09-2023 വരെ 15361 കർഷകർക്കായി 137.03 കോടി രൂപ ഈ വിധത്തിൽ വിതരണം ചെയ്തുകഴിഞ്ഞു.

**സപ്ലൈകോയുടെ ഓണവിപണിയിലെ ഇടപെടൽ**

306(2442) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്ക് ഓണച്ചന്തകൾ ആരംഭിക്കുന്നതിനായി എത്ര കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

സപ്ലൈകോയ്ക്ക് ഓണച്ചന്തകൾ ആരംഭിക്കുന്നതിനുവേണ്ട സജ്ജീകരണങ്ങൾക്കും അവശ്യവസ്തുക്കൾ വാങ്ങുന്നതിനും ഏകദേശം 250 കോടി രൂപ ആവശ്യമാണ്.

(ബി) സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത ഇനത്തിൽ വിതരണക്കാർക്ക് 2023 ജൂലൈ വരെ നൽകാനുള്ള തുക എത്രയാണ്; പ്രസ്തുത തുക നൽകാതെ സാധനങ്ങൾ നൽകില്ലെന്ന നിലപാട് വിതരണക്കാർ സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്തവകയിൽ വിതരണക്കാർക്ക് 2023 ജൂലൈ 31 വരെ 558 കോടി രൂപയാണ് നൽകാനുണ്ടായിരുന്നത്. കുടിശ്ശിക നൽകാതെ സാധനങ്ങൾ നൽകില്ലെന്ന നിലപാട് വിതരണക്കാർ സ്വീകരിച്ചിട്ടില്ല. ആഗസ്റ്റ് മാസത്തിൽ ഓണം പ്രമാണിച്ചുനടത്തിയ ടെണ്ടറിൽ വിതരണക്കാർ പങ്കെടുക്കുകയും സാധനങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) സപ്ലൈകോയ്ക്ക് ഓണവിപണിയിൽ ഇടപെടാനും നെല്ല് സംഭരണത്തിന്റെ കുടിശ്ശിക തീർക്കാനും ധനകാര്യവകുപ്പ് അനുവദിച്ച തുക എത്രയാണ്; സപ്ലൈകോയ്ക്ക് ഓണവിപണിയിൽ ഇടപെടാൻ പ്രസ്തുത തുക പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

സപ്ലൈകോയ്ക്ക് ഓണവിപണിയിൽ ഇടപെടാൻ 140 കോടി രൂപയും ഓണത്തോടനുബന്ധിച്ച് AAY കാർഡുടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കും അവശ്യസാധനങ്ങൾ അടങ്ങിയ സൗജന്യ കിറ്റ് വിതരണം ചെയ്യുന്നതിനായി 32.27 കോടി രൂപയും നെല്ല് സംഭരണ കുടിശ്ശിക തീർക്കാൻ 180 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ഓണവിപണിയിൽ ഫലപ്രദമായി സപ്ലൈകോ ഇടപെട്ടിട്ടുണ്ട്.

**സബ്സിഡിയിൽ വിൽക്കുന്ന മാവേലി സ്റ്റോറുകളിലെ ഉൽപന്നങ്ങൾ**

307(2443) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഭൂരിഭാഗം മാവേലി സ്റ്റോറുകളിലും ലഭ്യമാകാത്തത് സർക്കാർ സപ്ലൈകോയ്ക്ക് നൽകാനുള്ള കുടിശ്ശിക കാരണമാണോ എന്ന് വ്യക്തമാക്കാമോ?

അല്ല. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ സപ്ലൈകോ വിൽപ്പനശാലകളിൽ മതിയായ അളവിൽ സ്റ്റോക്ക് ലഭ്യമാക്കുന്നതിന്

നടപടി സ്വീകരിച്ചുവരുന്നു. ഓരോ മാസത്തെ ഇ-ടെണ്ടർ നടപടികളിലൂടെ സംഭരിക്കുന്ന സാധനങ്ങൾ മാസത്തിന്റെ അവസാനനാളുകളിൽ വിറ്റ് തീർന്നുപോകുന്ന സാഹചര്യമുണ്ട്.

(ബി) സബ്സിഡിയിൽ വിൽക്കുന്ന പതിമൂന്ന് ഉൽപ്പന്നങ്ങൾക്കായി സപ്ലൈകോ നടത്തുന്ന പർച്ചേസുകൾ വർഷങ്ങൾ കഴിയുംതോറും കുറഞ്ഞുവരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഇല്ല. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ, സബ്സിഡിയിൽ വിൽക്കുന്ന 13 ഇനം ഉൽപ്പന്നങ്ങൾക്കായി സപ്ലൈകോ നടത്തുന്ന പർച്ചേസുകൾ ഓരോ വർഷം കഴിയുംതോറും കൂടി വരുന്നതായാണ് കാണുന്നത്.

**ഭക്ഷ്യകിറ്റ് വിതരണം**

308(2444) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം ഓണക്കാലത്ത് ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഭക്ഷ്യക്കിറ്റ് ലഭ്യമാക്കിയതെന്ന് വിശദമാക്കാമോ; ഈയിനത്തിൽ ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ വർഷത്തെ (2022) ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും തുണിസഞ്ചി ഉൾപ്പെടെ 14 ഇനം സാധനങ്ങളടങ്ങിയ 8569583 സൗജന്യ ഓണക്കിറ്റുകൾ സപ്ലൈകോ മുഖേന റേഷൻ കടകൾ വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും (നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന കണക്കിൽ) ഒരു റേഷൻ കാർഡിലും ഉൾപ്പെടാത്ത ട്രാൻസ്ജെൻഡേഴ്സിനും ടി ഓണക്കിറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുംകൂടി ആകെ 15590 ഓണക്കിറ്റുകൾ നൽകിയിട്ടുണ്ട്. 01-08-2022-ലെ സ.ഉ.(സാധാ) നം.273/

2022/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കിറ്റ് ഒന്നിന് 447/- രൂപ നിരക്കിൽ ആകെ വിതരണം ചെയ്ത 8585173 കിറ്റുകൾക്ക് 3,83,75,72,331/- രൂപ ചെലവായിട്ടുള്ളതായി കണക്കാക്കുന്നു. കൃത്യമായ കണക്ക് സപ്ലൈകോയുടെ 2022-ലെ ഓഡിറ്റ് പൂർത്തിയായശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ.

(ബി) ഈ വർഷം ഓണത്തിന് ഭക്ഷ്യ കിറ്റ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കാർഡ് ഉടമകൾക്കാണ് കിറ്റ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

2023-ലെ ഓണത്തോടനുബന്ധിച്ച് AAY റേഷൻ കാർഡ് ഉടമകൾക്കും സാമൂഹിക ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും 17-08-2023-ലെ സ.ഉ.(കൈ) നം.12/2023/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തുണിസഞ്ചി ഉൾപ്പെടെ 14 ഇനം അവശ്യസാധനങ്ങൾ അടങ്ങിയ സൗജന്യ ഓണക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

**ഉത്സവകാല വിപണികൾ**

309(2445) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്സവ സീസണുകളിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സപ്ലൈകോ വിൽപ്പനശാലകളിൽ ഉത്സവകാല വിപണികൾക്കായി ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ?

(എ&ബി) എല്ലാ വർഷവും ഓണം, ക്രിസ്തുമസ്-പുതുവത്സരം, വിഷു-ഈസ്റ്റർ-ഈദ്-ഉൽ ഫിതർ തുടങ്ങിയ ഉത്സവ സീസണുകളിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സർക്കാർ ഫെയറുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഉത്സവ സീസണുകളിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും വിപണി ഇടപെടൽ ശക്തിപ്പെടുത്തുന്നതിനും അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1633-ഓളം വരുന്ന ഔട്ട്ലെറ്റുകളിലേയ്ക്ക് രണ്ടര മാസത്തേയ്ക്കാവശ്യമായ ഭക്ഷ്യധാന്യങ്ങൾ

ഡിപ്പോയിൽനിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ, ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ പര്യാപ്തത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെണ്ടർ/ഇ-ഓക്ഷൻ/നാഫെഡ് മുഖേന അരി, പഞ്ചസാര ഉൾപ്പെടെയുള്ള പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വിൽപ്പനശാലകളിലൂടെ വിൽപ്പന നടത്തുന്നുണ്ട്. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാനത്തോടുകൂടിയ ഇ-ടെണ്ടർ മുഖാന്തരം സാധനങ്ങൾ വാങ്ങിക്കുന്നതിനാൽ സുതാര്യത ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്താൻ സാധിക്കുന്നു. രാജ്യത്തെ പ്രമുഖ ഉൽപ്പാദക സംസ്ഥാനങ്ങളിലുള്ള വിതരണക്കാർ നേരിട്ട് സപ്ലൈകോ മാസംതോറും നടത്തുന്ന ഇ-ടെണ്ടർ/ഇ-ഓക്ഷനിൽ പങ്കെടുക്കുന്നുണ്ട്. ഇപ്രകാരം 65-ഓളം വിതരണക്കാരും കൂടാതെ പ്രാദേശിക വിതരണക്കാരും പങ്കെടുക്കുന്നതിനാൽ കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നിത്യോപയോഗ പലവ്യഞ്ജനങ്ങൾ സപ്ലൈകോയ്ക്ക് വാങ്ങാൻ കഴിയുന്നുണ്ട്. എല്ലാ മാസവും സമയബന്ധിതമായി നിത്യോപയോഗ

സാധനങ്ങളുടെ പർച്ചേസ് നടത്തുന്നതിനാൽ എല്ലാ ഔട്ട്ലെറ്റുകളിലും ഇവയുടെ ലഭ്യത കുറഞ്ഞ വിലയ്ക്ക് ഉറപ്പുവരുത്താൻ കഴിയുന്നു. ഓണക്കാലത്ത് സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലക്കയറ്റമുണ്ടാകാതിരിക്കാൻ താഴെ പറയുന്ന അളവിൽ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പയർ വർഗ്ഗങ്ങൾ - 66000 ക്വിന്റൽ

2) പഞ്ചസാര - 58000 ക്വിന്റൽ

3) അരി - 181000 ക്വിന്റൽ

ഈ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വിൽപ്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 18-08-2023 മുതൽ 28-08-2023 വരെയുള്ള കാലയളവിൽ വിപുലമായ തോതിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ഇത്തവണ ഉപഭോക്തൃ സൗകര്യാർത്ഥം ജർമ്മൻ ഹാങ്കറുകൾ ഉപയോഗിച്ച് നിർമ്മിച്ച

എയർ കണ്ടീഷൻചെയ്ത ഷെഡുകളിലാണ് ജില്ലാ ഫെയറുകൾ സംഘടിപ്പിച്ചത്. ഇതിൽ പ്രത്യേകം ഡിസൈൻ ചെയ്ത കൗണ്ടറുകളും റാക്കുകളും സജ്ജീകരിച്ചിരുന്നു. ടി കൗണ്ടറുകളിൽ QR Code, EPOS Machines എന്നിവയും സജ്ജീകരിച്ചിരുന്നു. FMCG ഉല്പന്നങ്ങൾക്കും ശബരി ഉല്പന്നങ്ങൾക്കും സാധാരണ ഡിസ്കൗണ്ടിനുപുറമേ വലിയ ഓഫറുകളും ഓണം ജില്ലാ ഫെയറുകളിൽ ലഭ്യമാക്കിയിരുന്നു. ജനപ്രിയ ബ്രാൻഡുകൾക്ക് വൻ ഓഫറുകൾ നൽകിയിരുന്നു. പൊതുജനങ്ങൾക്കിടയിൽ ഈ ആധുനിക രീതിയിലുള്ള ജില്ലാ ഫെയറുകൾക്ക് വൻ സ്വീകാര്യതയാണ് ലഭിച്ചത്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ മാത്രം ടി ചുരുങ്ങിയ കാലയളവിൽ ഏകദേശം 6.28 കോടി രൂപയുടെ വിൽപ്പന നടന്നു. മുൻ വർഷം ഇത് 2.64 കോടി രൂപ മാത്രമായിരുന്നു. ഈ ഓണക്കാലത്ത് സപ്ലൈകോ ഓണം ഫെയറുകളിൽനിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വാങ്ങുന്നതിന് സാധിച്ചു.

(സി) മുൻവർഷങ്ങളിലേതുപോലെ സഞ്ചരിക്കുന്ന മാവേലി വിൽപ്പനശാലകൾ ക്രമീകരിച്ചിട്ടുണ്ടോ?

സപ്ലൈകോ 20 മൊബൈൽ മാവേലി വാഹനങ്ങളിലൂടെ സംസ്ഥാനത്തുടനീളം ഭക്ഷ്യ ധാന്യങ്ങൾ വിതരണം നടത്തുന്നുണ്ട്. റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ 13 അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിലും മറ്റ് പലചരക്ക് സാധനങ്ങൾ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി ന്യായമായ നിരക്കിലും നൽകിവരുന്നു. മാവേലി സ്റ്റോറുകൾ കുറവായ മേഖല, പ്രളയ ബാധിതമേഖല, തീരപ്രദേശങ്ങൾ, മലയോര ആദിവാസി മേഖലകൾ എന്നിവിടങ്ങളിലാണ് മൊബൈൽ മാവേലി വിൽപ്പനശാലകൾ കൂടുതലും പ്രവർത്തിക്കുന്നത്. ആവശ്യമായ ഘട്ടത്തിൽ വാഹനങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ മൊബൈൽ മാവേലി സർവ്വീസുകൾ ആരംഭിക്കാറുണ്ട്.

**സപ്ലൈകോ സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ഉറപ്പുവരുത്താൻ നടപടി**

310(2446) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ഉറപ്പുവരുത്താൻ ഭക്ഷ്യ വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) സപ്ലൈകോ സ്റ്റോറുകളിൽ സാധനങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും പൊതുവിപണിയേക്കാൾ വിലക്കുറവിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) സപ്ലൈകോ സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആഗസ്റ്റ് മാസത്തിൽ താഴെപ്പറയുന്ന അളവിൽ സബ്സിഡി സാധനങ്ങൾ സംഭരിച്ചിട്ടുണ്ട്.

പയറുവർഗ്ഗങ്ങൾ - 58625 ക്വിന്റൽ

അരി - 175390 ക്വിന്റൽ

പലവ്യഞ്ജനങ്ങൾ - 7350 ക്വിന്റൽ

പഞ്ചസാര - 57200 ക്വിന്റൽ

സപ്ലൈകോ സ്റ്റോറുകളിൽ സാധനങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും പൊതുവിപണിയേക്കാൾ വിലക്കുറവിൽ സാധനങ്ങൾ

വിതരണം ചെയ്യുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1633-ഓളം വരുന്ന ഔട്ട്‌ലെറ്റുകളിലേയ്ക്ക് രണ്ടര മാസത്തേയ്ക്കാവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഡിപ്പോയിൽനിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ, ഡിപ്പോയിലെ സ്ഥലസൗകര്യം, ഫണ്ടിന്റെ പര്യാപ്തത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെണ്ടർ/ഇ-ഓക്ഷൻ/നാഫെഡ് മുഖേന അരി, പഞ്ചസാര ഉൾപ്പെടെയുള്ള പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വില്പനശാലകളിലൂടെ വില്പന നടത്തുന്നുണ്ട്. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാനത്തോടുകൂടിയ ഇ-ടെണ്ടർ മുഖാന്തരം സാധനങ്ങൾ വാങ്ങിക്കുന്നതിനാൽ സുതാര്യത ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്താൻ സാധിക്കുന്നു. രാജ്യത്തെ പ്രമുഖ ഉൽപ്പാദക സംസ്ഥാനങ്ങളിലുള്ള വിതരണക്കാർ നേരിട്ട് സപ്ലൈകോ മാസം തോറും നടത്തുന്ന ഇ-ടെണ്ടർ/ഇ-ഓക്ഷനിൽ പങ്കെടുക്കുന്നുണ്ട്. ഇപ്രകാരം 65-ഓളം വിതരണക്കാരും കൂടാതെ പ്രാദേശിക വിതരണക്കാരും പങ്കെടുക്കുന്നതിനാൽ

കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നിത്യോപയോഗ പലവ്യഞ്ജനങ്ങൾ സപ്ലൈകോയ്ക്ക് വാങ്ങാൻ കഴിയുന്നു. എല്ലാ മാസവും സമയബന്ധിതമായി നിത്യോപയോഗ സാധനങ്ങളുടെ പർച്ചേസ് നടത്തി എല്ലാ ഔട്ട്ലെറ്റുകളിലും ഇവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിപണിയേക്കാൾ വിലക്കുറവിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുവേണ്ടി കേരള സർക്കാരിന്റെ നയത്തിന്റെ ഭാഗമായി സപ്ലൈകോയുടെ കീഴിലുള്ള വില്പനശാലകളിൽ സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്ന താഴെപ്പറയുന്ന 13 ഇനങ്ങൾ 2016 മുതൽ മാർക്കറ്റ് വിലയേക്കാൾ വളരെ താഴ്ന്ന സബ്സിഡി നിരക്കിൽ വിലയിൽ മാറ്റം വരുത്താതെ ഗുണനിലവാരം ഉറപ്പുവരുത്തി ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. ചെറുപയർ, കടല, ഉഴുന്ന്, തുവര പരിപ്പ്, വൻപയർ, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ട അരി (ഉണ്ട), ജയ അരി, കുറുവ അരി, വെളിച്ചെണ്ണ. ഈ ഓണക്കാലത്ത് എല്ലാ ജില്ലകളിലും സപ്ലൈകോ നടത്തിയ പ്രത്യേക ഓണം ജില്ലാ ഫെയറുകളിലൂടെ വെളിച്ചെണ്ണ, ആട്ട എന്നീ ശബരി ബ്രാൻഡ് ഉല്പന്നങ്ങൾക്കും പ്രമുഖ എഫ്.എം.സി.ജി. ബ്രാൻഡ് ഉല്പന്നങ്ങൾക്കും വമ്പിച്ച

ഓഫറുകൾ നൽകിയിരുന്നു. കൂടാതെ തേയില ഉൾപ്പെടെയുള്ള തെരഞ്ഞെടുക്കപ്പെട്ട ശബരി ഉല്പന്നങ്ങൾക്കും മിൽമ, ഉല്പന്നങ്ങൾക്കും പ്രമുഖ എഫ്.എം.സി.ജി. കമ്പനികളുടെ ഉല്പന്നങ്ങൾക്കും നിലവിലുള്ള വിലക്കുറവിനുപുറമേ അധിക ഡിസ്കൗണ്ടും ഓണം ജില്ലാ ഫെയറുകളിലൂടെ പൊതുജനങ്ങൾക്ക് നൽകിയിരുന്നു. കൂടാതെ 2 ലിറ്റർ ശബരി വെളിച്ചെണ്ണ വാങ്ങുമ്പോൾ ഒരു ലിറ്റർ സൗജന്യമായും 2 കിലോ ശബരി ആട്ട വാങ്ങുമ്പോൾ ഒരു കിലോ ആട്ട സൗജന്യമായും നൽകിയിരുന്നു. ഇവയ്ക്ക് പൊതുവിപണി വിലയേക്കാൾ വളരെ കുറഞ്ഞ വിലയാണ് സപ്ലൈകോ ഈടാക്കിയത്.

(സി) ഓണത്തിനോടനുബന്ധിച്ച് ഓണം ഫെയറുകളിലൂടെ വിവിധ ഉല്പന്നങ്ങൾ ആലപ്പുഴ മണ്ഡലത്തിലെത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഓണത്തോടനുബന്ധിച്ച് സപ്ലൈകോ നടത്തുന്ന ഓണം ഫെയറുകളിലൂടെ ആലപ്പുഴ മണ്ഡലത്തിൽ വിതരണം ചെയ്യുന്നതിനായി

ആലപ്പുഴ ഡിപ്പോയ്ക്ക് താഴെപ്പറയുന്ന അളവിൽ സബ്സിഡി സാധനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

പയറുവർഗ്ഗങ്ങൾ - 1400 ക്വിന്റൽ

അരി - 2400 ക്വിന്റൽ

പലവ്യഞ്ജനങ്ങൾ - 300 ക്വിന്റൽ

പഞ്ചസാര - 1300 ക്വിന്റൽ

**മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും**

311(2447) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോ മുഖേന എത്ര പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കാനായിട്ടുണ്ട്; മാവേലി സ്റ്റോറുകൾ ആധുനികവൽക്കരിച്ച് എത്ര സൂപ്പർ മാർക്കറ്റുകളും സൂപ്പർ സ്റ്റോറുകളും ആരംഭിക്കാനായിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോ മുഖാന്തരം 16 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. 21 മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായും 19 മാവേലി സൂപ്പർ സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും ആധുനികവൽക്കരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) വാമനപുരം മണ്ഡലത്തിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വാമനപുരം മണ്ഡലത്തിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് തീരുമാനമായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് മാവേലി സ്റ്റോറുകളോ സൂപ്പർ മാർക്കറ്റുകളോ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളുണ്ടോ; എങ്കിൽ അവ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളാണെന്നും ഇവിടങ്ങളിൽ മാവേലി സ്റ്റോറുകളോ സൂപ്പർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാർക്കറ്റുകളോ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാമോയെന്നും വിശദമാക്കാമോ?

കോട്ടയം മേഖലയ്ക്ക് കീഴിലുള്ള ഇടുക്കി ജില്ലയിലെ വട്ടവട, ഇടമലക്കുടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോർ/സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നില്ല. വട്ടവടയിൽ 'മൊബൈൽ മാവേലി' മുഖാന്തരം അവശ്യസാധനങ്ങൾ വിതരണം നടത്തുന്നുണ്ട്. ഇടമലക്കുടിക്കടുത്ത് പെട്ടിമുടി എന്ന സ്ഥലം വരെ 'മൊബൈൽ മാവേലി' വഴി അവശ്യസാധനങ്ങൾ വിതരണം നടത്തുന്നുണ്ട്. വലിയ വാഹനങ്ങൾക്ക് സഞ്ചാരയോഗ്യമല്ലാത്ത വഴിയായതുകൊണ്ടാണ് പെട്ടിമുടിക്കുശേഷം മൊബൈൽ മാവേലി സ്റ്റോർ പോകാത്തത്. സർക്കാരിന്റെ ഉച്ചഭക്ഷണ പദ്ധതി പ്രകാരമുള്ള ഭക്ഷ്യ വസ്തുക്കൾ ഇടമലക്കുടിയിലെ വിദ്യാലയങ്ങൾക്ക് മൂന്നാർ ഡിപ്പോയിൽനിന്നും എല്ലാമാസവും സ്കൂൾ അധികൃതരുടെ സഹായത്തോടെ വിതരണം ചെയ്യുന്നുണ്ട്. മാവേലി സ്റ്റോറുകളില്ലാത്ത പഞ്ചായത്തുകളിൽ ആവശ്യമെങ്കിൽ പുതിയ സ്റ്റോറുകൾ ആരംഭിക്കും.

## ഭക്ഷ്യ പൊതുവിതരണ വകുപ്പ് പദ്ധതികൾ

312(2448) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒപ്പം പദ്ധതി (05-05-2023-ന് ആരംഭിച്ചു)

2. കെ-സ്റ്റോർ പദ്ധതി (03 റേഷൻ കടകളിൽ ആരംഭിച്ചു.)

3. ആധാർ കാർഡില്ലാത്തവർക്ക് റേഷൻ കാർഡ് നൽകുന്ന പദ്ധതി.

4. എസ്.റ്റി. കോളനികളിൽ റേഷൻ കാർഡ് നൽകുന്ന പദ്ധതി.

5. 'കരുതലും കൈത്താങ്ങും' അദാലത്തിൽ അർഹരായവർക്ക് റേഷൻ കാർഡ് നൽകിയിട്ടുണ്ട്.

**പാഡി റെസീറ്റ് ഷീറ്റ് വായ്പാ പദ്ധതി**

313(2449) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിനായി ബാങ്കുകൾവഴി കർഷകർക്ക് നേരിട്ട് പണം നൽകാൻ രൂപീകരിച്ച പാഡി റെസീറ്റ് ഷീറ്റ് (പി.ആർ.എസ്.) വായ്പാ പദ്ധതി സപ്ലൈകോ നിർത്തലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നിർത്തലാക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

(എ&ബി) PRS വായ്പാ പദ്ധതി നിർത്തലാക്കിയിട്ടില്ല.

(സി) പ്രസ്തുത വായ്പാ പദ്ധതിക്ക് പകരമായി സപ്ലൈകോ 6.9 ശതമാനം പലിശനിരക്കിൽ ബാങ്ക് കൺസോർഷ്യത്തിൽനിന്നും വായ്പ എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

6.9 ശതമാനം സാധാരണ പലിശനിരക്കിൽ SBI, Canara Bank, Federal Bank എന്നിവയുടെ കൺസോർഷ്യത്തിൽനിന്നും സപ്ലൈകോ വർക്കിംഗ് ക്യാപ്പിറ്റൽ ലോണെടുത്തിട്ടുണ്ട്.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ധനവകുപ്പിന്റെ അനുമതിയില്ലാതെ ബാങ്ക് കൺസോർഷ്യവുമായി സപ്ലൈകോ ധാരണാപത്രം ഒപ്പിട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

25-07-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ഭക്ഷ്യ വകുപ്പുമന്ത്രി എന്നിവർ പങ്കെടുത്ത യോഗത്തിന്റെയടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ധനവകുപ്പിന്റെ അനുമതിയോടുകൂടി സർക്കാരിന്റെ 22-09-2022-ലെ G.O(Rt) No.18/2022/FCS നമ്പർ ഉത്തരവ് പ്രകാരം കടമെടുപ്പ് പരിധി ഉയർത്തിയതിന്റെ അടിസ്ഥാനത്തിലാണ് കൺസോർഷ്യം ബാങ്കുകളുമായി (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക്, ഫെഡറൽ ബാങ്ക്) ധാരണ പത്രം ഒപ്പിട്ടത്.

**സപ്ലൈകോ നെല്ല് സംഭരണം**

314(2450) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോ നെല്ല് സംഭരിച്ചതിൽ ഈ സീസണിൽ എത്ര രൂപയാണ് കർഷകർക്ക് നൽകാൻ കുടിശ്ശികയുള്ളതെന്നും ഇതുവരെ എത്ര രൂപ എത്ര കർഷകർക്ക് നൽകിയെന്നും എത്ര ടൺ നെൽ സംഭരിച്ചതിനാണ് ഈ തുക നൽകിയതെന്നും വിശദമാക്കാമോ?

2022-23 സീസണിൽ 250,373 കർഷകരിൽ നിന്നായി സപ്ലൈകോ 731,184 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. നെല്ലിന്റെ വില, കൈകാര്യ ചെലവ് എന്നിവയുടെ ഇനത്തിൽ 54,339 കർഷകർക്ക് 433 കോടി രൂപ കുടിശ്ശിക നൽകാനുണ്ടായിരുന്നു. ടി കുടിശ്ശിക നൽകുന്നതിനായി സർക്കാർ അനുവദിച്ച 180 കോടി രൂപയിൽ 71.29 കോടി രൂപ ഉപയോഗിച്ച് 50,000/- രൂപയിൽ താഴെ കുടിശ്ശികയുണ്ടായിരുന്ന 26548 കർഷകരുടെ മുഴുവൻ കുടിശ്ശിക തുകയും അവരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. അൻപതിനായിരം രൂപയ്ക്ക് മുകളിൽ കുടിശ്ശിക നൽകാനുണ്ടായിരുന്ന 27,791

കർഷകരുടെ കുടിശ്ശിക തുകയിൽ 7.80 രൂപ നിരക്കിൽ സംസ്ഥാന പ്രോത്സാഹനബോണസ്, 12 പൈസ നിരക്കിൽ കൈകാര്യ ചെലവ് എന്നിവയുൾപ്പെടെ കിലോയ്ക്ക് 7.92 രൂപ നിരക്കിലുള്ള തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിക്കഴിഞ്ഞു. ഇതിനുശേഷം കിലോയ്ക്ക് 20.40 രൂപ നിരക്കിലുള്ള കുടിശ്ശിക തുക സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവവഴി PRS ലോണായി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2022-23 സാമ്പത്തിക വർഷവും 2023-24 സാമ്പത്തിക വർഷവും സപ്ലൈകോ എത്ര തുക ആരിൽ നിന്നെല്ലാം കർഷകർക്ക് നെല്ല്സംഭരണ വില നൽകാനായി വായ്പയെടുത്തതെന്നും ഇവയെല്ലാം പി.ആർ.എസ്. (പാഡി റിസീപ്റ്റ് ഷീറ്റ് ) വായ്പയായിരുന്നോയെന്നും അതോ സപ്ലൈകോ വായ്പ വാങ്ങി കർഷകർക്ക് നൽകുകയായിരുന്നോയെന്നും വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ SBI, Federal Bank, Canara bank എന്നിവ ഉൾപ്പെട്ട കൺസോർഷ്യത്തിൽനിന്ന് വർക്കിംഗ് ക്യാപ്പിറ്റൽ ലോണായി 2500 കോടി രൂപയും കേരള ബാങ്കിൽനിന്ന് PRS വായ്പപദ്ധതി പ്രകാരം 200 കോടി രൂപയും സപ്ലൈകോ കടമെടുത്തിട്ടുണ്ട്. 2023-24

സാമ്പത്തിക വർഷത്തിൽ SBI, Federal Bank, Canara Bank എന്നിവ ഉൾപ്പെട്ട കൺസോർഷ്യം വഴി ഏകദേശം 950 കോടി രൂപയും സപ്ലൈകോ വായ്പയെടുത്തിട്ടുണ്ട്. വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ വഴിയുള്ള തുക സപ്ലൈക്കൊ അക്കൗണ്ടിൽനിന്ന് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുകയാണുണ്ടായത്.

(സി) എസ്.ബി.ഐ, കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവ ഉൾപ്പെട്ട കൺസോർഷ്യത്തിൽനിന്ന് സപ്ലൈകോ എത്ര രൂപയാണ് വായ്പയെടുത്തതെന്നും എന്നാണ് വായ്പയെടുത്തതെന്നും എത്രയായിരുന്നു പലിശയെന്നും പ്രസ്തുത വായ്പയിൽനിന്ന് എത്ര തുക ഏതെല്ലാം ബാങ്കുകൾ ഇതുവരെ കർഷകർക്ക് വിതരണം ചെയ്തുവെന്നും വിശദാംശം നൽകാമോ?

22-09-2022-ലെ G.O. (Ms) No.18/2022/F&CSD പ്രകാരമുള്ള സർക്കാർ അനുമതിയോടുകൂടി 6.90% പലിശ നിരക്കിൽ 28-09-2022-ൽ SBI, Canara Bank, Federal Bank എന്നീ കൺസോർഷ്യം ബാങ്കിൽനിന്നും 2500 കോടി രൂപയുടെ വായ്പ ലഭ്യമാക്കി. 2500 കോടി രൂപയുടെ കൺസോർഷ്യം വായ്പ അനുവദിച്ചുനൽകുമ്പോൾ കരാറനുസരിച്ച് ഒരേ പദ്ധതിക്കായി രണ്ടുതരം

വായ്പകൾ നിലനിർത്തുന്നത് അനുവദനീയമല്ലാത്തതിനാൽ കൺസോർഷ്യം ബാങ്കുകളിലെ PRS വായ്പകൾ ഉൾപ്പടെയുള്ള മറ്റെല്ലാ വായ്പകളും തിരിച്ചടവാക്കേണ്ടതുള്ളതിനാൽ അവയെല്ലാം മുൻഗണനാക്രമത്തിൽ അടവാക്കുകയുണ്ടായി. അപ്രകാരം 2500 കോടി രൂപയുടെ ലോൺ വിനിയോഗിച്ച് കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകളിൽനിന്നും നേരത്തെ ലഭ്യമാക്കിയിരുന്ന 600 കോടി രൂപയുടെ Working Capital Demand Loan (WCDL) ലോണുകളും 1800 കോടി രൂപയുടെ PRS വായ്പകളും അടവാക്കുകയുണ്ടായി. ഇതിൽ ഒരു വർഷത്തെ കാലാവധി കഴിഞ്ഞ 2020-21 സീസണിലെ 1050 കോടി രൂപയുടെ (പലിശ & പിഴ പലിശ ഉൾപ്പടെ) PRS വായ്പകൾ അടവാക്കിയതും ഉൾപ്പെടുന്നുണ്ട്. ടി വായ്പതുക മേൽ വിശദീകരിച്ച പ്രകാരം മുഴുവനായി വിനിയോഗിച്ചതിനാൽ കർഷകർക്ക് വിതരണം ചെയ്യാൻ സാധിച്ചില്ല. എന്നാൽ സ്വന്തം വിറ്റുവരവ് തുകയിൽനിന്നും കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച ഫണ്ട് ഉപയോഗിച്ചും കർഷകർക്ക് 741.44 കോടി രൂപ വിതരണം ചെയ്തു. ഇതിനുപുറമെ സംസ്ഥാന സർക്കാരിൽനിന്നും 2023

ഓഗസ്റ്റ് മാസം ലഭിച്ച 180 കോടി രൂപയിൽനിന്നും 171.51 കോടി രൂപ കൂടി കർഷകർക്ക് നൽകിയിട്ടുണ്ട്.

(ഡി) ബാങ്ക് കൺസോർഷ്യത്തിൽനിന്ന് വായ്പയെടുക്കാൻ ഏർപ്പെടുത്തിയ വ്യവസ്ഥകൾ എന്തായിരുന്നുവെന്നും മറ്റുബാങ്കുകളിൽനിന്ന് വായ്പയെടുക്കരുതെന്ന വ്യവസ്ഥ ഇതിൽ ഉൾപ്പെടുത്തിയിരുന്നോയെന്നും എങ്കിൽ ഇത് എന്തുകൊണ്ടാണ് ഉൾപ്പെടുത്തിയതെന്നും വ്യക്തമാക്കാമോ?

നെല്ല് സംഭരണ പദ്ധതി വഴി സംഭരിക്കുന്ന നെല്ലും അതിൽനിന്ന് ലഭിക്കുന്ന അരിയും സർക്കാരിൽനിന്നും ലഭിക്കേണ്ട തുകകളും ഈടായി നൽകിയാണ് സപ്ലൈകോ കൺസോർഷ്യം ബാങ്കുകളിൽനിന്നും വായ്പ ലഭ്യമാക്കിയത്. സപ്ലൈകോയ്ക്ക് സർക്കാരിൽനിന്നും മറ്റും ലഭിക്കുന്ന തുകകളെല്ലാം SBI-യുടെ ESCROW ACCOUNT മുഖേന മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതുകൊണ്ടുതന്നെ മറ്റുബാങ്കുകളിൽനിന്നും വായ്പ എടുക്കുന്നതിനുമുമ്പ് കൺസോർഷ്യം ബാങ്കുകളിൽനിന്നും അനുമതിയും കൂടാതെ മേൽ

വസ്തുവകകൾ ഈട് വയ്ക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കണമെന്നുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിരുന്നു.

(ഇ) ബാങ്ക് കൺസോർഷ്യത്തിൽനിന്ന് വായ്പയെടുക്കുന്ന അവസരത്തിൽ കേരള ബാങ്കുമായോ മറ്റ് ബാങ്കുകളുമായോ ചർച്ച നടത്തിയിരുന്നോയെന്നും അവർ എത്ര തുക പലിശയ്ക്കാണ് വായ്പ വാഗ്ദാനം ചെയ്തതെന്നും വിശദീകരിക്കാമോ?

11-02-2022-ൽ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ കേരളാ ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കുകളോട് നിലവിലെ പലിശ നിരക്കിൽനിന്നും കുറഞ്ഞ നിരക്കിൽ വായ്പ നൽകാൻ സാധിക്കുമോ എന്ന ചോദ്യത്തിന്, PRS വായ്പ പദ്ധതി നിരക്കായി 8.5 ശതമാനത്തിൽ കുറവായി ലോൺ നൽകാൻ സാധിക്കുകയില്ലായെന്ന് 08-03-2023-ലെ കത്ത് പ്രകാരം അറിയിച്ചിരുന്നു. കൂടാതെ 27-09-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ, ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പ്, ബഹുമാനപ്പെട്ട സഹകരണ വകുപ്പ് എന്നീ മന്ത്രിമാരുടെ സാന്നിധ്യത്തിൽ ചീഫ് സെക്രട്ടറി സഹകരണം, ഭക്ഷ്യ വകുപ്പ്

സെക്രട്ടറിമാർ, കേരള ബാങ്ക് മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ എന്നിവർ പങ്കെടുത്ത PRS വായ്പയെ സംബന്ധിച്ചുള്ള യോഗത്തിൽ കേരള ബാങ്കിനോട് നിലവിലെ 8.50% പലിശ നിരക്കിൽനിന്നും 7.65% പലിശ നിരക്കിൽ വായ്പ നൽകാൻ സാധിക്കുമോയെന്ന ചോദ്യത്തിന് ടി യോഗത്തിൽ വച്ച് കേരള ബാങ്ക് തീരുമാനം അറിയിക്കുകയുണ്ടായില്ല.

(എഫ്) ബാങ്ക് കൺസോർഷ്യത്തിൽനിന്ന് 400 കോടി രൂപകൂടി വായ്പയെടുക്കാൻ ധാരണാപത്രം ഒപ്പിടുമെന്ന് അറിയിച്ചശേഷം അതുനടക്കാതെ പോയത് എന്തുകൊണ്ടാണെന്നും ഇതുസംബന്ധിച്ച് എത്ര ചർച്ചകളാണ് ബാങ്ക് കൺസോർഷ്യവുമായി നടത്തിയതെന്നും ആരെല്ലാമാണ് ചർച്ചകൾ നടത്തിയതെന്നും എന്താണ് കൺസോർഷ്യം നൽകിയ മറുപടിയെന്നും അറിയിക്കാമോ?

30-06-2023-ൽ സംസ്ഥാന ധനകാര്യ വകുപ്പിന്റെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഫിനാൻസ് റിസോഴ്സ്സ്)-ന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ മീറ്റിംഗിൽ 2022-23 നെല്ല് സംഭരണ സീസണിൽ സംഭരിച്ച

നെല്ലിന്റെ വിലയായി കർഷകർക്ക് നൽകേണ്ട കുടിശ്ശിക തുക എത്രയും വേഗം നൽകുന്നതിനായി കൺസോർഷ്യം ബാങ്കിൽനിന്നും അടിയന്തരമായി 400 കോടി രൂപയുടെ PRS വായ്പ പദ്ധതി ലഭ്യമാക്കുന്നതിനായി യോഗം ചേർന്നിരുന്നു. കൺസോർഷ്യം ബാങ്കുകളുടെ യോഗം 03-07-2023-ലും 20-07-2023-ലും ചർച്ചകൾ നടത്തിയിരുന്നു. കൂടാതെ 16-08-2023-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ധനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സപ്ലൈകോ സി.എം.ഡി. എന്നിവർ പങ്കെടുത്ത കൺസോർഷ്യം ബാങ്കുകളുടെ ഒരു യോഗം ചേർന്നിരുന്നു. ടി യോഗത്തിന്റെ അടിസ്ഥാനത്തിൽ PRS വായ്പ ലഭ്യമാക്കാൻ കൺസോർഷ്യത്തിലെ ബാങ്കുകളായ SBI, Canara Bank എന്നീ ബാങ്കുകൾ സന്നദ്ധരാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയുള്ള 260 കോടി രൂപ നൽകുന്നതിനായി ധാരണാപത്രത്തിൽ ഏർപ്പെടുകയും 24-08-2023 മുതൽ PRS വായ്പ നൽകി തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(ജി) നെല്ല് സംഭരണ വിലയ്ക്ക് സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസും കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയും എത്ര വീതമാണ് സപ്ലൈകോയ്ക്ക് ലഭിക്കാനുള്ളതെന്നും എന്നുമുതലുള്ള വിഹിതമാണ് നൽകാനുള്ളതെന്നും കേന്ദ്ര സർക്കാരിന് സപ്ലൈകോ കണക്ക് സമർപ്പിച്ചശേഷം എത്ര വിഹിതം ലഭിക്കാനുണ്ടെന്നും വിശദമാക്കാമോ?

കേന്ദ്ര സർക്കാരിലേയ്ക്ക് ക്ലെയിം ചെയ്ത തുകകളുടെയും അനുവദിച്ച തുകകളുടെയും അനുവദിക്കാൻ ബാക്കിയുള്ള തുകകളുടെയും സംസ്ഥാന പ്രോത്സാഹന ബോണസിന്റെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പാലക്കാട് ജില്ലയിൽ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില**

315(2451) ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 2022-23 സീസണിലെ രണ്ടാം വിളയിൽ എത്ര കർഷകരിൽനിന്നും എത്ര നെല്ല് വീതം സംഭരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 സീസണിലെ രണ്ടാം വിളയിൽ പാലക്കാട് ജില്ലയിലെ 68764 കർഷകരിൽനിന്നും 179009 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) സംഭരിച്ച നെല്ലിന്റെ വിലയിനത്തിൽ എത്ര രൂപ നൽകിയെന്നും എത്രപേർക്ക് എത്ര രൂപ വീതം ഇനിയും നൽകാൻ ബാക്കിയുണ്ടെന്നും വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽനിന്നും സംഭരിച്ച നെല്ലിന്റെ വിലയിനത്തിൽ 59964 കർഷകർക്കായി 434.5 കോടി രൂപ 08-08-2023 വരെ നൽകിയിട്ടുണ്ട്. ഇനി 8800 കർഷകർക്കായി 72.44 കോടി രൂപ നൽകാൻ ബാക്കിയുണ്ട്. ടി തുക സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവ വഴി PRS വായ്പയായി വിതരണം ചെയ്തുവരുന്നു.

(സി) കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിൽ മുൻകാലങ്ങളിലില്ലാത്ത വിധം കാലതാമസമുണ്ടായതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

നെല്ല് സംഭരണത്തിനായി ചെലവായ തുക കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാൻ കാലതാമസം നേരിട്ടതുമൂലവും സപ്ലൈകോയുടെ കടമെടുപ്പ് പരിധി

അധികരിച്ചതിനാൽ വായ്പ അനുവദിക്കാൻ ബാങ്കുകൾ വിമുഖത കാണിച്ചതുമൂലവുമാണ് കർഷകർക്ക് നെല്ലിന്റെ വില നൽകാൻ കാലതാമസം നേരിട്ടത്.

(ഡി) നെല്ലിന്റെ വില പൂർണ്ണമായും കർഷകർക്ക് കൊടുത്ത് തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2022-23 സീസണിൽ 250373 കർഷകരിൽ നിന്നായി സപ്ലൈകോ 731184 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. അതിന്റെ വിലയായ 2070.69 കോടി രൂപയിൽ 2023 മേയ് 16 വരെ പേ ഓർഡർ നൽകിയ കർഷകർക്ക് 1637.57 കോടി രൂപ നൽകിയതിന്റെ ബാക്കിയായി നെല്ലിന്റെ വില, കൈകാര്യ ചെലവ് എന്നിവയുടെ ഇനത്തിൽ 54339 കർഷകർക്ക് 433 കോടി രൂപ കുടിശ്ശിക നൽകാനുണ്ടായിരുന്നു. ടി കുടിശ്ശിക നൽകുന്നതിനായി സർക്കാർ 180 കോടി രൂപ അനുവദിച്ചിരുന്നു. അനുവദിച്ച 180 കോടി രൂപയിൽ 71.29 കോടി രൂപ 50,000/- രൂപയിൽ താഴെ കുടിശ്ശികയുണ്ടായിരുന്ന 26548 കർഷകരുടെ മുഴുവൻ കുടിശ്ശിക തുകയും അവരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്.

അൻപതിനായിരം രൂപയ്ക്ക് മുകളിൽ കുടിശ്ശിക നൽകാനുണ്ടായിരുന്ന 27791 കർഷകരുടെ കുടിശ്ശിക തുകയിൽ 7.80 രൂപ നിരക്കിൽ സംസ്ഥാന പ്രോത്സാഹന ബോണസ്, 12 പൈസ നിരക്കിൽ കൈകാര്യ ചെലവ് എന്നിവയുൾപ്പെടെ കിലോയ്ക്ക് 7.92 രൂപ നിരക്കിലുള്ള തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിക്കഴിഞ്ഞു. ഇതിനുശേഷം കിലോയ്ക്ക് 20.40 രൂപ നിരക്കിലുള്ള കുടിശ്ശിക തുക സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവ വഴി PRS ലോണായി നൽകിവരുന്നു. ഈയിനത്തിൽ 08-09-2023 വരെ 15361 കർഷകർക്കായി 137.03 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു.

**നെല്ല് സംഭരണം**

316(2452) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരിച്ച വകയിൽ ഇനിയും എത്ര തുക കൊടുത്ത് തീർക്കാനുണ്ടെന്നും എത്ര കർഷകർക്കാണ് ഈ തുക കൊടുക്കാനുള്ളതെന്നും വ്യക്തമാക്കാമോ?

2022-23 സീസണിൽ 250,373 കർഷകരിൽനിന്നും ആകെ സംഭരിച്ച 731,184 മെട്രിക് ടൺ നെല്ലിന്റെ വിലയായ 2070.71 കോടി രൂപയിൽ 2023 മെയ് 16 വരെ പേ ഓർഡർ നൽകിയ കർഷകർക്ക് 1637.57 കോടി രൂപ വിതരണം ചെയ്തതിന്റെ ബാക്കിയായി 54,339 കർഷകർക്കായി 433.12 കോടി രൂപയാണ് നൽകാൻ ബാക്കിയുണ്ടായിരുന്നത്. സർക്കാർ അനുവദിച്ച 180 കോടി രൂപ ഉപയോഗിച്ച് ഇതിൽ 50,000/- രൂപ വരെ ലഭിക്കാനുള്ളവർക്ക് പൂർണ്ണമായും ശേഷിക്കുന്നവർക്ക് കിലോഗ്രാമിന് 7.92 നിരക്കിലും അവരുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തു. അവശേഷിക്കുന്ന തുക SBI, Canara Bank വഴി PRS വായ്പയായി വിതരണം ചെയ്തുവരുന്നു. 08-09-2023 വരെ ഈയിനത്തിൽ 15361 കർഷകർക്കായി 137.03 കോടി രൂപ നൽകിയിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽനിന്നും ഇക്കഴിഞ്ഞ രണ്ടാം വിള നെല്ല് സംഭരണത്തിൽ ആകെ എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്നും എത്ര കർഷകരിൽനിന്നാണ് ഇത്രയും നെല്ല് സംഭരിച്ചതെന്നും അറിയിക്കാമോ; ഇതിൽ എത്ര കർഷകർക്ക് നെല്ലിന്റെ പണം നൽകിയെന്നും ഇനി എത്ര

കർഷകർക്ക് പണം നൽകാൻ ബാക്കിയുണ്ടെന്നും തുക സഹിതം വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽനിന്നും 2022-23 സീസണിലെ രണ്ടാം വിളയിൽ 68,764 കർഷകരിൽനിന്നും 179,009.091 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽനിന്നും സംഭരിച്ച നെല്ലിന്റെ വിലയിനത്തിൽ 59,964 കർഷകർക്കായി 434.5 കോടി രൂപ 08-09-2023 വരെ നൽകിയിട്ടുണ്ട്. ഇനി 8800 കർഷകർക്കായി 72.44 കോടി രൂപ നൽകാൻ ബാക്കിയുണ്ട്. ഈ തുക സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവ വഴി PRS വായ്പയായി വിതരണം ചെയ്തുവരുന്നു.

**തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണം**

317(2453) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ തൃശ്ശൂർ ജില്ലയിലെ ഓരോ പാടശേഖരത്തിൽനിന്നും സംഭരിച്ച നെല്ലിന്റെ അളവ് എത്ര വീതമാണെന്ന് അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിലെ ഓരോ പാടശേഖരങ്ങളിൽനിന്നും സംഭരിച്ച നെല്ലിന്റെ അളവ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പാടശേഖരങ്ങളിൽനിന്നും സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. കുടിശ്ശികയുണ്ടായിരുന്ന കർഷകരിൽ അൻപതിനായിരത്തിൽ താഴെ കുടിശ്ശികയുള്ള കർഷകർക്ക് മുഴുവൻ തുകയും അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിയിട്ടുണ്ട്. അൻപതിനായിരത്തിന് മുകളിൽ കുടിശ്ശികയുണ്ടായിരുന്ന കർഷകരുടെ തുകയിൽ സംസ്ഥാന പ്രോത്സാഹന ബോണസ്, കൈകാര്യ ചെലവ് എന്നിവ ഉൾപ്പെടെ കിലോയ്ക്ക് 7.92 രൂപ നിരക്കിലുള്ള തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുകയും കേന്ദ്ര താങ്ങുവിലയിനത്തിൽ കിലോയ്ക്ക് 20.40 രൂപ നിരക്കിലുള്ള കുടിശ്ശിക തുക PRS ലോണായി വിതരണം ചെയ്യുന്നതിലേയ്ക്ക് കർഷകരുടെ ലിസ്റ്റ് സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവയിലേയ്ക്ക് നൽകുകയും ചെയ്തിട്ടുള്ളതാണ്. ബാങ്കിനെ സമീപിക്കുന്ന മുറയ്ക്ക് കർഷകർക്ക് തുക ലഭിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കഴിഞ്ഞ വർഷത്തെ നെല്ല് സംഭരണ രീതിയിൽനിന്നും ഈ വർഷം വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണ്?

മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.

(ഡി) നെല്ല് സംഭരിച്ച വകയിൽ കുടിശ്ശികയുള്ള തുക കർഷകർക്ക് എന്നത്തേയ്ക്ക് നൽകാനാകും; ഈ ഓണത്തിനുമുമ്പ് സംഭരണ വില ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ ഓണത്തിന് മുമ്പുതന്നെ സ്വീകരിച്ചിരുന്നു.

**ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്ന പദ്ധതി**

318(2454)ശ്രീ. എം. എം. മണി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്സവകാല പ്രത്യേക ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കംകുറിച്ചത് എന്നായിരുന്നു; വിശദമാക്കുമോ?

സംസ്ഥാനത്ത് ഉത്സവകാല പ്രത്യേക ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്ന പദ്ധതിക്ക് 2006 ഓണം മുതലാണ് തുടക്കം കുറിച്ചത്.

(ബി) 2011 മേയ് മുതൽ 2016 മേയ് വരെയുള്ള കാലയളവിൽ പ്രത്യേക ഭക്ഷ്യക്കിറ്റ് വിതരണം നടത്തിയിരുന്നോ; ഉണ്ടെങ്കിൽ ഏതെല്ലാം തരം ഭക്ഷ്യ സാധനങ്ങളാണ് ഈ കിറ്റിൽ ഉൾപ്പെടുത്തിയിരുന്നതെന്നും ഈ കാലയളവിൽ ഭക്ഷ്യക്കിറ്റുകൾക്കുമാത്രം ചെലവഴിച്ച തുകയെത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

2011 മേയ് മുതൽ 2016 മേയ് വരെയുള്ള കാലയളവിൽ BPL/AAY കാർഡുടമകൾക്ക് ഉത്സവകാല പ്രത്യേക ഭക്ഷ്യക്കിറ്റ് വിതരണം നടത്തിയിരുന്നു. വർഷം തിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർക്കുന്നു.+

(സി) 2016 മേയ് മുതൽ ഇതുവരെയുള്ള ഉത്സവകാലങ്ങളിലായി പ്രത്യേക ഭക്ഷ്യകിറ്റ് വിതരണം ചെയ്തിരുന്നോ; എങ്കിൽ എന്തൊക്കെ തരം ഭക്ഷ്യ സാധനങ്ങളാണ് ഈ കിറ്റിലുണ്ടായിരുന്നതെന്നും ഈ കാലയളവിൽ ഭക്ഷ്യകിറ്റിനായി എന്ത് തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016 മേയ് മുതൽ (2019 വർഷം ഒഴികെ) ഇതുവരെയുള്ള ഉത്സവകാലങ്ങളിലായി പ്രത്യേക ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.+

**പൂഞ്ഞാർ മണ്ഡലത്തിലെ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് പദ്ധതികൾ**

319(2455) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖേന പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്ന "വിശപ്പ് രഹിത കേരളം-സുഭിക്ഷ പദ്ധതി", "ഒപ്പം" പദ്ധതി, "K സ്റ്റോർ" എന്നീ 3 പദ്ധതികളും പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതികളിൽ 'ഒപ്പം' പദ്ധതി, 'K സ്റ്റോർ' പദ്ധതി എന്നിവ സൗജന്യമായാണ് നടപ്പിലാക്കി വരുന്നത്. പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി താലൂക്ക്, മീനച്ചിൽ താലൂക്ക് എന്നിവിടങ്ങളിലായി രണ്ട് സുഭിക്ഷ ഹോട്ടലുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ സുഭിക്ഷ ഹോട്ടൽ പ്രവർത്തനം ആരംഭിക്കുകയും നിലവിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. എന്നാൽ മീനച്ചിൽ താലൂക്കിൽ അനുവദിച്ച സുഭിക്ഷ ഹോട്ടലിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. കാഞ്ഞിരപ്പള്ളി-മീനച്ചിൽ താലൂക്കുകളിലെ സുഭിക്ഷ ഹോട്ടലുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5,70,000/- രൂപ 23-03-2022-ൽ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അനുവദിക്കുകയും ആയതിൽ 4,23,990/- രൂപ ചെലവാക്കുകയും ബാക്കി 1,46,010/- രൂപ സാമ്പത്തിക വർഷാവസാനം സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാഞ്ഞിരപ്പള്ളി താലൂക്കിലെ

സുഭിക്ഷ ഹോട്ടൽ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് 50,251/- രൂപയും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അനുവദിച്ചിട്ടുണ്ട്. ഈരാറ്റുപേട്ട മുൻസിപ്പാലിറ്റി രണ്ട് മുറികൾ സുഭിക്ഷ ഹോട്ടലിനായി അനുവദിച്ചിരുന്നുയെങ്കിലും പ്രാരംഭ പ്രവർത്തനങ്ങൾക്ക് മുൻസിപ്പാലിറ്റിക്ക് ഫണ്ടില്ലാത്തതിനാൽ, സുഭിക്ഷ കമ്മിറ്റി ചർച്ച ചെയ്ത് 50,000/- രൂപയുടെ എസ്റ്റിമേറ്റ് പാസ്സാക്കിയെങ്കിലും ഏറ്റെടുത്ത് നടത്താൻ കോൺട്രാക്ടർമാരാരും മുന്നോട്ടുവരാത്തതിനാൽ പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഇപ്രകാരം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലിനായി ആകെ 6,20,251/- രൂപ അനുവദിക്കുകയും ടി തുകയിൽ 4,74,241/- ചെലവഴിക്കുകയും ബാക്കി തുകയായ 1,46,010/- രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**സിവിൽ സപ്ലൈസ് വകുപ്പിന് ഗോഡൗൺ നിർമ്മാണം**

320(2456) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലാ കളക്ടറുടെ 09-12-2023-ലെ എൽ 7-9285/2021 നമ്പർ നടപടിക്രമത്തിലൂടെ സിവിൽ സപ്ലൈസ് വകുപ്പിന് ഗോഡൗൺ നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുള്ള പുതുവൈപ്പ് വില്ലേജിലെ ബ്ലോക്ക് 10, റീസർവ്വെ 1/1-ൽപ്പെട്ട 20.24 ആർ ഭൂമിയിൽ ഗോഡൗൺ നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലാ കളക്ടറുടെ 09-12-2023-ലെ എൽ 7-9285/2021 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിൽ കൊച്ചി താലൂക്ക്-പുതുവൈപ്പ് വില്ലേജിൽ ബ്ലോക്ക് 10, റീസർവ്വേ 1/1-ൽപ്പെട്ട 20.24 ആർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റവ്യവസ്ഥകൾക്കും നിലവിലുള്ള മറ്റ് നിബന്ധനകൾക്കും വിധേയമായി സിവിൽ സപ്ലൈസ് വകുപ്പിന് ഗോഡൗൺ നിർമ്മിക്കുന്നതിനായി അനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ 24-03-2023-ലെ GO.(Rt).128/2023/ഭപൊവിവ നമ്പർ ഉത്തരവ് പ്രകാരം സഹകരണ വകുപ്പിന്റെ സഹായത്തോടെ AIF (Agriculture Infrastructure

Fund) ഉപയോഗിച്ച് ഗോഡൗൺ നിർമ്മിക്കുന്നതിന് സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരുന്നു. സഹകരണ വകുപ്പുമായി ധാരണയിലെത്തുന്ന മുറയ്ക്ക് ഗോഡൗൺ നിർമ്മാണം ആരംഭിക്കുന്നതാണ്.

**ഭക്ഷ്യകമ്മീഷന്റെ പ്രവർത്തനങ്ങൾ**

321(2457) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർദ്ധന്യായ സ്വഭാവമുള്ള സംസ്ഥാന ഭക്ഷ്യകമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് തടയിടുന്നവിധം സർക്കാർ ഇടപെടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) കമ്മീഷന്റെ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങളിൽ വകുപ്പുമന്ത്രി വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ?

കമ്മീഷന്റെ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങളിൽ വകുപ്പുമന്ത്രി വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല.

(സി) എങ്കിൽ ആയത് നിയമവിരുദ്ധമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ആണെങ്കിൽ തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(സി&ഡി) ബാധകമല്ല.

**ഭക്ഷ്യകമ്മീഷൻ അംഗങ്ങളുടെ ഔദ്യോഗിക വാഹന ഉപയോഗം**

322(2458) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭക്ഷ്യകമ്മീഷൻ അംഗങ്ങൾക്ക് ഔദ്യോഗിക വാഹനം അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

16-02-2021-ലെ സ.ഉ(സാധാ)നം.92/2021/ഭ.പൊ.വി.വ. നമ്പർ ഉത്തരവനുസരിച്ച് സംസ്ഥാന ഭക്ഷ്യകമ്മീഷൻ അംഗങ്ങൾക്ക് സ്വന്തം വാഹനം ഔദ്യോഗിക വാഹനമായി ഉപയോഗിക്കുന്നതിനും ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിക്കുന്നതിനും അനുമതി നൽകിയതനുസരിച്ച്, കമ്മീഷൻ അംഗങ്ങൾ സ്വന്തം വാഹനം ഔദ്യോഗിക

വാഹനമായി ഉപയോഗിച്ചുവരുന്നു. ഡ്രൈവർമാരുടെ ദിവസവേതനത്തിന് പുറമേ അംഗങ്ങൾക്ക് പ്രതിമാസം 5,000/- രൂപ കൺവെയൻസ് അലവൻസും അനുവദിക്കുന്നുണ്ട്.

(ബി) സംസ്ഥാന ഭക്ഷ്യകമ്മീഷൻ അംഗങ്ങൾക്കും മെമ്പർ സെക്രട്ടറിക്കുംവേണ്ടി നാളിതുവരെ ചെലവഴിച്ച വാഹനഗതാഗത ചെലവ് ഇനം തിരിച്ച് എത്രയെന്ന് വിശദമാക്കാമോ?

കമ്മീഷൻ അംഗങ്ങളുടെ ഡ്രൈവർമാരുടെ ദിവസവേതനയിനത്തിൽ 17-02-2021 മുതൽ നാളിതുവരെ 22,03,870/- രൂപയും അംഗങ്ങൾക്കുള്ള കൺവെയൻസ് അലവൻസിനത്തിൽ 6,94,160/- രൂപയും ചെലവായിട്ടുണ്ട്. മെമ്പർ സെക്രട്ടറിക്കും കമ്മീഷന്റെ പൊതു ആവശ്യങ്ങൾക്കുമായി, പ്രതിമാസ വാടകയ്ക്കെടുത്തിട്ടുള്ള വാഹനത്തിന്റെ വാടകയിനത്തിൽ 2019 ആഗസ്റ്റ് മുതൽ ഇതുവരെ 15,56,722/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) മെമ്പർ സെക്രട്ടറിക്ക് വീട്ടിൽ പോകുന്നതിനും വരുന്നതിനും ഔദ്യോഗിക വാഹനം ഉപയോഗിക്കാൻ ചട്ടങ്ങൾ അനുവദിക്കുന്നുണ്ടോ; മെമ്പർ സെക്രട്ടറിയുടെയും അംഗങ്ങളുടെയും ടൂർ ഡയറി ലഭ്യമാക്കാമോ?

പുതുതായി വാഹനം വാങ്ങുന്നതിന് നിയന്ത്രണമുള്ളതിനാൽ, കമ്മീഷന്റെ ഭരണച്ചുമതല വഹിക്കുന്ന മെമ്പർ സെക്രട്ടറിയുടെയും കമ്മീഷൻ ഓഫീസിന്റെയും പൊതു ആവശ്യങ്ങൾക്കായി ഒരു വാഹനം കരാർ അടിസ്ഥാനത്തിൽ പ്രതിമാസ വാടകയ്ക്കെടുത്ത് ഉപയോഗിച്ചുവരുന്നു. മെമ്പർ സെക്രട്ടറിയുടെയും അംഗങ്ങളുടെയും ടൂർ ഡയറിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**ലീഗൽ മെട്രോളജിയിലെ ആഭ്യന്തര പരിശോധനാസംഘം**

323(2459) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ ആഭ്യന്തര പരിശോധനാസംഘം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ആഭ്യന്തര പരിശോധനാസംഘങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഒരു ആഭ്യന്തര പരിശോധനാസംഘമാണ് നിലവിലുള്ളത്.

(ബി) ഒന്നിൽ കൂടുതൽ ഓഫീസുകളുള്ള ജില്ലകളിൽ ഒന്നിൽ കൂടുതൽ ആഭ്യന്തര പരിശോധനാസംഘങ്ങൾ രൂപീകരിക്കേണ്ടതാണെന്ന ധനകാര്യ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പിന്റെ 19-09-2019-ലെ 79/2019/ധന. നമ്പർ പരിപത്രത്തിലെ നിർദ്ദേശം പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആഭ്യന്തര പരിശോധനാ വിംഗിന് മൂന്ന് ക്ലാർക്ക് തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. അതിൽ ഒരു ക്ലാർക്ക് IT മാനേജരുടെ ഡ്യൂട്ടി നിർവ്വഹിക്കുന്നതിനാൽ രണ്ട് ക്ലാർക്കുമാർ മാത്രമാണ് വിംഗിലുള്ളത്. ആയതിനാൽ നിലവിൽ ഒരു ടീം മാത്രമാണ് പ്രവർത്തിക്കുന്നത്. സമയബന്ധിതമായി ഓഡിറ്റ് പൂർത്തീകരിക്കുന്നതിന് കൺട്രോളർ ഓഫീസിലെ മറ്റുസെക്ഷനുകളിൽ ജോലി ചെയ്യുന്ന ക്ലാർക്കുമാരുടെ സേവനം കൂടി ഉപയോഗപ്പെടുത്തി ഫിനാൻസ് ആഫീസറുടെ നേതൃത്വത്തിൽ ഒരു സീനിയർ സൂപ്രണ്ട് ഉൾപ്പെടെ ഒരു ജില്ലയിലെ വിവിധ ഓഫീസുകളിൽ പരിശോധന നടത്തിവരുന്നു. അതിനാൽ ലീഗൽ മെട്രോളജി വകുപ്പിൽ ഒന്നിൽ കൂടുതൽ ആഭ്യന്തര പരിശോധനാസംഘം രൂപീകരിച്ചിട്ടില്ല.

(സി) ഇല്ലെങ്കിൽ പ്രസ്തുത നിർദ്ദേശം പാലിച്ചുകൊണ്ട് ഫിനാൻസ് ഓഫീസറുടെ കീഴിൽ ഒന്നിലധികം പരിശോധനാസംഘങ്ങൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ധനകാര്യ വകുപ്പിന്റെ 19-09-2019-ലെ 79/2019/ധന നമ്പർ പരിപത്രത്തിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ഫിനാൻസ് ഓഫീസറുടെ കീഴിൽ ഒന്നിലധികം പരിശോധനാസംഘങ്ങൾ രൂപീകരിക്കുന്നതിന് അധിക തസ്തികകൾ ആവശ്യമാണ്. അവ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

**ലീഗൽ മെട്രോളജി വകുപ്പിലെ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി**

324(2460) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റി യഥാസമയം ചേരുകയും ത്രൈമാസ റിപ്പോർട്ട് യഥാസമയം ധനകാര്യ വകുപ്പിന് നൽകുകയും ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി അവസാനമായി കൂടിയത് 2019-ലാണ്. 2018 ജൂലൈ മാസം മുതലുള്ള ത്രൈമാസ റിപ്പോർട്ട് ധനകാര്യ വകുപ്പിന് നൽകിയിട്ടില്ല.

(ബി) ഇല്ലെങ്കിൽ പ്രസ്തുത കമ്മിറ്റി യഥാസമയം ചേരുന്നതിനും ആഭ്യന്തര പരിശോധന കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്.

**വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ട് വിനിയോഗം**

325(2461) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ട് വിനിയോഗിക്കാതെ 2022-23 സാമ്പത്തിക വർഷം ലാപ്സായ തുക എത്രയാണ്?

വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2022-23 വർഷത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ട് ചുവടെ പറയും പ്രകാരം ചെലവഴിച്ചിട്ടില്ല.

പട്ടികജാതി വിഹിതം - 2,13,91,665/-

പട്ടികവർഗ്ഗ വിഹിതം - 7,30,28,619/-

(ബി) വയനാട് ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷം എത്ര തുകയാണ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി അനുവദിച്ചത്; ഇതിൽ എത്ര തുക കൈമാറി; എത്ര ഗഡുക്കളായാണ് തുക കൈമാറിയത്; വിശദമാക്കുമോ?

വയനാട് ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷം ആകെ 146,79,44,533/- രൂപ അനുവദിച്ച് നൽകുകയും കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

1) പൊതു ആവശ്യ ഫണ്ട് - 24,26,23,000/- രൂപ

2) റോഡിതര സംരക്ഷണ ഫണ്ട് - 14,61,41,100/- രൂപ

3) റോഡ് സംരക്ഷണ ഫണ്ട് - 25,53,77,000/- രൂപ

4) വികസന ഫണ്ട് സാധാരണ വിഹിതം - 44,00,56,400/- രൂപ

5) പട്ടികജാതി വികസന ഫണ്ട് (SCSP Fund) - 5,54,68,700/- രൂപ

6) പട്ടികവർഗ്ഗ വികസന ഫണ്ട് (TSP Fund) - 24,82,52,800/- രൂപ

7) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഉപാധിരഹിത ഗ്രാന്റ് - 2,56,45,500/- രൂപ

8) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഉപാധി ഗ്രാന്റ് - 3,84,68,000/- രൂപ

9) കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) - 1,59,12,033/- രൂപ

പൊതു ആവശ്യ ഫണ്ട് അഞ്ചുഗഡുക്കളായും ബാക്കിയുള്ളവ ഓരോ ഗഡുക്കളായിട്ടുമാണ് അനുവദിച്ചിട്ടുള്ളത്.

മുകളിൽ 7, 8 എന്നിവ 2023-24-ലാണ് ലഭ്യമായതും പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിട്ടുള്ളതും, മറ്റുള്ളവ 2023-24-ലെ സംസ്ഥാന വിഹിതമാണ്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ട്രഷറി നിയന്ത്രണത്തിന്റെ ഭാഗമായി എത്ര തുകയാണ് വയനാട് ജില്ലയിൽ ചെലവഴിക്കാൻ അനുവദിക്കാതെ തദ്ദേശ സ്ഥാപനങ്ങളിൽനിന്നും തിരിച്ചെടുത്തതെന്ന് അറിയിക്കുമോ?

ട്രഷറി നിയന്ത്രണത്തിന്റെ ഭാഗമായി തുകയൊന്നും തിരിച്ചെടുത്തിട്ടില്ല.

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നത്

326(2462) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റ് പ്രവർത്തനക്ഷമമാണോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റ് പ്രവർത്തനക്ഷമമാണ്. പ്രസ്തുത വെബ്സൈറ്റിൽ വിവരങ്ങൾ കൃത്യമായി അപ്ഡേറ്റ് ചെയ്തുവരുന്നുണ്ട്. വകുപ്പ് സംയോജനത്തിന് മുമ്പുള്ള അഞ്ച് വകുപ്പുകളുടെയും വെബ്സൈറ്റുകളിലെ വിവരങ്ങൾ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ വെബ്സൈറ്റിൽ സംയോജിപ്പിച്ച്, കൂടുതൽ ഫീച്ചറുകൾ ഉൾപ്പെടുത്തി, വെബ്സൈറ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിൽ നടക്കുന്ന സ്ഥലം മാറ്റം/ സ്ഥാനക്കയറ്റം, സീനിയോരിറ്റി പട്ടിക അടക്കം ജീവനക്കാർക്കാവശ്യമുള്ള വിവരങ്ങളും പ്രസ്തുത വെബ്സൈറ്റിൽ കൃത്യമായി അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിൽ നടക്കുന്ന സ്ഥലംമാറ്റം/സ്ഥാനക്കയറ്റം, സീനിയോരിറ്റി പട്ടികയടക്കം ജീവനക്കാർക്ക് ആവശ്യമുള്ള വിവരങ്ങളും പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്തുവരുന്നുണ്ട്.

(സി) പഞ്ചായത്ത് വകുപ്പിനായി മാത്രം നിലവിലുള്ള വെബ്സൈറ്റിൽ വകുപ്പിൽ നടക്കുന്ന സ്ഥലംമാറ്റം/സ്ഥാനക്കയറ്റം, സീനിയോരിറ്റി പട്ടിക അടക്കമുള്ള വിവരങ്ങൾ യഥാസമയം അപ്‌ലോഡ് ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകൃതമായതിനാൽ വകുപ്പ് സംയോജനത്തിനുശേഷം പഞ്ചായത്ത് വകുപ്പിന് മാത്രമായിട്ടുള്ള വെബ്സൈറ്റിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാറില്ല. തദ്ദേശസ്വയംഭരണ

വകുപ്പിൽ നടക്കുന്ന സ്ഥലംമാറ്റം/സ്ഥാനക്കയറ്റം, സീനിയോരിറ്റി പട്ടിക അടക്കമുള്ള ജീവനക്കാർക്ക് ആവശ്യമുള്ള വിവരങ്ങൾ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്തുവരുന്നുണ്ട്.

(ഡി) ഇതിനായി പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ പ്രത്യേക സപ്പോർട്ടിംഗ് ടീം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഇല്ല. നിലവിലുള്ള ടീമിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി പ്രത്യേക സപ്പോർട്ടിംഗ് ടീം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**അകത്തേത്തറ കുന്നംപാറ വാതക ശ്മശാനം നിർമ്മാണം**

327(2463) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ രണ്ട് കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ കുന്നംപാറ വാതക

ശ്മശാനം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ വിശദമായ പദ്ധതി രേഖയും എസ്റ്റിമേറ്റും തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) മേൽപ്പറഞ്ഞ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ-സി) മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ കുന്നംപാറ വാതക ശ്മശാനം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ല. 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ രണ്ട് കോടി രൂപ അനുവദിച്ച മേൽ പ്രവൃത്തിക്ക് പദ്ധതി രേഖയും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ ചീഫ് എഞ്ചിനീയറുടെ പരിഗണനയിലാണ്.

**മാലിന്യമുക്ത കേരളം പദ്ധതി**

328(2464) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2022-23 വർഷത്തിൽ നാളിതുവരെ മാലിന്യമുക്ത കേരളം പദ്ധതിയിലൂടെ എത്ര ടൺ മാലിന്യമാണ് നീക്കം ചെയ്തതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 2022-23 വർഷത്തിൽ നാളിതുവരെ മാലിന്യ മുക്ത കേരളം പദ്ധതിയിലൂടെ ഹരിതകർമ്മസേന ശേഖരിച്ചിട്ടുള്ള 45,086 ടൺ അജൈവ മാലിന്യം ക്ലീൻ കേരള കമ്പനി, പ്രൈവറ്റ് ഏജൻസികൾ എന്നിവർ മുഖേന നീക്കം ചെയ്തിട്ടുണ്ട്.

(ബി) ഹരിതകർമ്മസേന പുനരുപയോഗ സാധ്യതയുള്ള എത്ര ടൺ പ്ലാസ്റ്റിക്കാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ശേഖരിച്ചത്; വ്യക്തമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഹരിതകർമ്മസേന പുനരുപയോഗ സാധ്യതയുള്ള 15,945 ടൺ പ്ലാസ്റ്റിക് ശേഖരിച്ച് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള വിവിധ സ്വകാര്യ സ്ഥാപനങ്ങൾ, ക്ലീൻകേരള കമ്പനി എന്നിവർക്ക് കൈമാറിയിട്ടുണ്ട്.

**ആലപ്പുഴ ജില്ലയിൽ ആരോഗ്യ പരിപാലനത്തിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ**

329(2465) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ പഞ്ചായത്ത് മുഖേന പൊതുജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദവിവരം വിവിധ ഡിവിഷൻ തിരിച്ച് ലഭ്യമാക്കാമോ?

വിവിധ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ആലപ്പുഴ ജില്ലയിലെ ജീവിതശൈലീ രോഗ നിയന്ത്രണത്തിനായി ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരുന്ന തനത് പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലപ്പുഴ ജില്ലയിലെ 72 ഗ്രാമപഞ്ചായത്തുകളിൽ എഫ്.എച്ച്.സി., പി.എച്ച്.സി. എന്നിവയുടെ നേതൃത്വത്തിലും 12 ബ്ലോക്ക് പഞ്ചായത്തുകളിൽ സി.എച്ച്.സി.-കളുടെ നേതൃത്വത്തിലും ജില്ലാ പഞ്ചായത്തിൽ എല്ലാ ജില്ലാ ആശുപത്രികളുടെ നേതൃത്വത്തിലും എല്ലാ മാസത്തിലും ജീവിതശൈലി രോഗ നിർണ്ണയ ക്യാമ്പും മരുന്ന് വിതരണവും നടന്നുവരുന്നു.

(സി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി കളിസ്ഥലം ഒരുക്കുന്നതിനും ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി കളിസ്ഥലം ഒരുക്കുന്നതിനും ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കുന്നതിനും ഭരണിക്കാവ്, പാലമേൽ, പാണവള്ളി, തഴക്കര, തിരുവൻ മണ്ടൂർ, തുറവൂർ, വയലാർ, വെണ്മണി എന്നീ പഞ്ചായത്തുകളിൽ ഓപ്പൺ ജിമ്മുകൾ സ്ഥാപിച്ചിട്ടുണ്ട്. മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിൽ മാന്നാർ സി.എച്ച്.സി.-ൽ വനിതകൾക്ക് ഫിറ്റ്നസ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലാപഞ്ചായത്തിൽ അരൂർ ഡിവിഷനിൽ ഒരു

ഓപ്പൺ ജിം സ്ഥാപിക്കുന്നതിനുള്ള പദ്ധതി 2023-24 വർഷത്തിൽ ഏറ്റെടുത്തിട്ടുണ്ട്.

**ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

330(2466) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച 2017-ലെ കമ്മിറ്റി റിപ്പോർട്ട് സംസ്ഥാന മന്ത്രിസഭ അംഗീകരിച്ച് നടപ്പിലാക്കിയത് എന്നാണ്; പ്രസ്തുത ഉത്തരവിന്മേൽ സ്ഥാപനം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച 2017-ലെ കമ്മിറ്റി റിപ്പോർട്ട് 31-08-2017-ലെ സ.ഉ.(കൈ) നം.176/2017/ തസ്വഭവ പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ജീവനക്കാരുടെ പ്രവൃത്തിപരിചയം സുതാര്യമായ രീതിയിൽ പരിശോധിച്ച് ജീവനക്കാരുടെ പുനക്രമീകരണ തസ്തികയിലെ ആക്ഷേപം സ്വീകരിച്ച് അവരെ നേരിൽ കേട്ട് നടപടികൾ സ്വീകരിക്കാൻ

പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും തസ്തികയും അടങ്ങുന്ന കരട് പട്ടിക പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് ജീവനക്കാരിൽനിന്നും ആക്ഷേപം സ്വീകരിക്കുകയും 2017 ഡിസംബർ 23, 28 തീയതികളിൽ അവരെ നേരിൽ കേട്ട് അഭിപ്രായം രേഖപ്പെടുത്തുകയും പഞ്ചായത്ത് ഡയറക്ടറുടെ 01-01-2018-ലെ ജെ.8/34268/17 നമ്പർ കത്ത് പ്രകാരം അന്തിമമായി തസ്തിക നിർണ്ണയിച്ച് ശമ്പള പരിഷ്കരണ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. 20-01-2018-ലെ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറുടെ നം.5/ഇ 3/2018/ ഐ.കെ.എം. ഉത്തരവ് പ്രകാരം ശമ്പള പരിഷ്കരണം 01-09-2017 മുതൽ പ്രാബല്യത്തോടെ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. 31-08-2017-ലെ സ.ഉ.(കൈ)നം.176/2017/തസ്വഭവ സർക്കാർ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന റിപ്പോർട്ടിലെ ശിപാർശ പ്രകാരം ഐ.കെ.എം. ജീവനക്കാരുടെ പുനക്രമീകരണം നടത്തുന്നതിന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള

റീസ്ട്രക്ചറിംഗ് റിപ്പോർട്ടിലെ അനുബന്ധം 9-ൽ ചേർത്തിട്ടുള്ള 359 ജീവനക്കാരെയാണ് പുനക്രമീകരണം നടത്തുന്നതിനായി കമ്മിറ്റി ശിപാർശ ചെയ്തിരുന്നത്. ഇതിൽനിന്നും പല സമയങ്ങളിലായി ഐ.കെ.എം. സർവ്വീസിൽനിന്നും വിടുതൽ ചെയ്ത 11 ജീവനക്കാരെ ഒഴിവാക്കി ബാക്കിയുള്ള 348 ജീവനക്കാരെയാണ് റീസ്ട്രക്ചർ ചെയ്യേണ്ടിയിരുന്നത്. ആയത് നടപ്പിലാക്കുന്നതിനായി 22-05-2018-ന് ചേർന്ന ഐ.കെ.എം.-ന്റെ പതിനാറാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അഡീഷണൽ അജണ്ട 9-ലെ തീരുമാനപ്രകാരം റീസ്ട്രക്ചറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ക്രമീകരണം നടത്തുന്നതിന് യോഗം എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയതുപ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ പരിശോധിച്ച് പുനക്രമീകരണം നടത്തി 22-10-2019-ലെ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറുടെ 695/ഇ.ഡി/2019/ഐ.കെ.എം. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് 12-06-2020-ൽ കൂടിയ ഐ.കെ.എം.-ന്റെ ഇരുപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ

തീരുമാനപ്രകാരം റീസ്ട്രക്ചറിംഗ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ജീവനക്കാരുടെ ക്രമീകരണം നടത്തിയ നടപടി കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു.

(ബി) ഐ.കെ.എം.-ലെ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിലേയ്ക്കായി സർവ്വീസ് കൺസൾട്ടന്റിനെ നിയമിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത ഉത്തരവിറങ്ങിയത്?

ഉണ്ട്. 03-07-2020-ലെ സ.ഉ.(സാധാ)നം. 1332/2020/തസ്വഭവ പ്രകാരം ഐ.കെ.എം.-ലെ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിലേയ്ക്കായി സർവ്വീസ് കൺസൾട്ടന്റിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്കുവേണ്ടിയുള്ള സ്പെഷ്യൽ റൂൾസിൽ ഇതുവരെ സർക്കാരും സ്ഥാപനവും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഐ.കെ.എം.-ലെ ജീവനക്കാർക്കുവേണ്ടി സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനായി സർവ്വീസ് കൺസൾട്ടന്റിനെ നിയമിച്ച് 03-07-2020-ലെ സ.ഉ (സാധാ)നം. 1332/2020/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30-09-2020-ലെ 409/ഇ 4/2020/ഐ.കെ.എം. ഉത്തരവ് പ്രകാരം ധനകാര്യ വകുപ്പിലെ റിട്ടയേഡ് അഡീഷണൽ സെക്രട്ടറിയായിരുന്ന ശ്രീ. ബി. ശശിധരനെ നിയോഗിക്കുകയും ചെയ്തു. തുടർന്ന് ടിയാൻ ഐ.കെ.എം.-ലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കി നൽകിയ കരട് സ്പെഷ്യൽ റൂൾസ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. പ്രസ്തുത സ്പെഷ്യൽ റൂൾസിന്റെ കരട് ഐ.കെ.എം. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശിപാർശ വാങ്ങിയിട്ടില്ലാത്തതിനാൽ ആയതുകൂടി ലഭ്യമാക്കി സമർപ്പിക്കുന്നതിന് 22-09-2022-ലെ 27/ഇജി1/2022/ത.സ്വ.ഭ.വ. കത്ത് പ്രകാരം നിർദ്ദേശിച്ചതിനെ തുടർന്ന് പ്രസ്തുത വിഷയം 11-10-2022-ലെ ഇരുപത്തിയേഴാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും സർക്കാരിലേയ്ക്ക് സമർപ്പിച്ച കരട് സ്പെഷ്യൽ റൂൾസിന് സാധൂകരണം നൽകുകയും ഇൻഫർമേഷൻ കേരള മിഷൻ

ജീവനക്കാർക്കുവേണ്ടിയുള്ള കരട് സ്പെഷ്യൽ റൂൾസ് അംഗീകരിച്ച് നൽകുന്നതിനായി വീണ്ടും സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. വിശദമായ പരിശോധനയ്ക്കുശേഷം ഐ.കെ.എം.-ലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കിയ സ്പെഷ്യൽ റൂൾസിൽ ഐ.കെ.എം. ശിപാർശ ചെയ്തിട്ടുള്ള ശമ്പള സ്കെയിലുകൾ ഏത് വകുപ്പിലെ/സ്ഥാപനത്തിലെ തസ്തികകളുമായി താരതമ്യം ചെയ്തുകൊണ്ടുള്ളതാണെന്ന വിവരവും പ്രസ്തുത തസ്തികകളുടെ യോഗ്യതകളും നിയമനരീതി എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ സമർപ്പിക്കാനുള്ള നിർദ്ദേശം ഐ.കെ.എം.-ന് നൽകി പരിശോധിച്ച് വരികയാണ്.

**മണലൂർ മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ പുരോഗതി**

331(2467) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽനിന്നും തുക അനുവദിച്ച് തദ്ദേശസ്വയംഭരണ വകുപ്പ്

മുഖേന നടപ്പിലാക്കുന്ന കണ്ടാണശ്ശേരി പഞ്ചായത്തിലെ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം, പ്രൈമറി ആരോഗ്യ കേന്ദ്രത്തിനുള്ള പുതിയ കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ?

കണ്ടാണശ്ശേരി പഞ്ചായത്തിലെ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല. പ്രൈമറി ആരോഗ്യ കേന്ദ്രത്തിനുള്ള പുതിയ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി Ground floor roof slab, Dummy column-എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ കാലതാമസത്തിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ?

ഉണ്ട്. കരാറുകാരൻ പ്രവൃത്തി തുടങ്ങാത്തതിനാൽ കണ്ടാണശ്ശേരി പഞ്ചായത്തിലെ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല. കരാറുകാരൻ പ്രവൃത്തി തുടങ്ങാൻ കാലതാമസം

വരുത്തിയതിനാലാണ് പ്രൈമറി ആരോഗ്യ കേന്ദ്രത്തിനുള്ള പുതിയ കെട്ടിട നിർമ്മാണപ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിട്ടത്.

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കരാറുകാരന് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നും എങ്കിൽ കരാറുകാരനെതിരെ എന്ത് നടപടി എടുത്തുവെന്നും അറിയിക്കാമോ?

ഉണ്ട്. മേൽ പ്രവൃത്തികൾ അടിയന്തമായി തുടങ്ങാൻ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ പ്രൈമറി ആരോഗ്യ കേന്ദ്രത്തിനുള്ള പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി ആരംഭിക്കുകയും പ്രവൃത്തി അന്തിമഘട്ടത്തിലുമാണ്.

(ഡി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

## മാലിന്യമുക്ത മാവേലിക്കര പദ്ധതി

332(2468) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തെ മാലിന്യ മുക്തമാക്കുന്നതിനായി എം.എൽ.എ.-യുടെ നേതൃത്വത്തിൽ ആരംഭിച്ച 'മാലിന്യ മുക്ത മാവേലിക്കര' എന്ന പദ്ധതി വിജയകരമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനും ഹരിതകർമ്മ സേനയും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി മാവേലിക്കരയെ മാലിന്യ മുക്തമാക്കുന്നതിനായി എം.എൽ.എ.-യുടെ നേതൃത്വത്തിൽ ആരംഭിച്ച മാലിന്യ മുക്ത മാവേലിക്കര എന്ന പദ്ധതി വിജയകരമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഹരിതകർമ്മ സേനയും സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനയടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി**

മാവേലിക്കര മുനിസിപ്പാലിറ്റി

2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് 53 പദ്ധതികൾ (പൊതുശുചിത്വവുമായി ബന്ധപ്പെട്ട്- 6 പദ്ധതികൾ ദ്രവമാലിന്യത്തിൽ റോഡിലെ കാനയുടെ നിർമ്മാണവും മെയിന്റനൻസുമായി ബന്ധപ്പെട്ട് 24 പദ്ധതികൾ, ഖരമാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് 23 പദ്ധതികൾ) ഏറ്റെടുത്തിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണം നടത്തുന്നതിനും അജൈവ മാലിന്യങ്ങൾ കൃത്യമായി ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നതിനും ജനങ്ങൾക്ക് ബോധവത്കരണം നടത്തിയിട്ടുണ്ട്. 2023-24 വാർഷിക പദ്ധതിയിലും ബയോ ബിൻ വിതരണം ചെയ്യുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ഐ.ആർ.ടി.സി.-യുമായി കരാറിൽ ഏർപ്പെട്ട് മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി വാർഡ് തലത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും മാലിന്യം തെറ്റായ രീതിയിൽ കൈകാര്യം ചെയ്യുന്നവരിൽനിന്നും പിഴ ഈടാക്കുകയും ചെയ്തുവരുന്നു. ക്ലീൻ കേരള കമ്പനിക്ക് മാലിന്യം തരംതിരിച്ച് കൃത്യമായ ഇടവേളകളിൽ കൈമാറുന്നുണ്ട്. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്.

ഹരിത ഓഡിറ്റിലൂടെ കണ്ടെത്തിയ പരിമിതികൾ നികത്തുന്നതിനുള്ള പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. സ്കൂളുകൾക്കും സ്ഥാപനങ്ങൾക്കും ഹരിതചട്ടം പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജനകീയ ഹരിത ഓഡിറ്റ് ടീം രൂപീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി. നഗരസഭാതലത്തിലെ പരിപാടികൾ പൂർണ്ണമായും ഹരിതചട്ടം പാലിച്ചാണ് നടത്തിയിട്ടുള്ളത്.

വള്ളികുന്നം ഗ്രാമപഞ്ചായത്ത്

വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം ജൈവ മാലിന്യങ്ങൾ വീടുകളിൽതന്നെ സംസ്കരിക്കുന്നതിന് ബയോബിന്നുകൾ വിതരണം ചെയ്തു. ഹരിത കർമ്മസേനയ്ക്ക് കൃത്യമായ ഇടവേളകളിൽ അജൈവ മാലിന്യങ്ങൾ കൈമാറുന്നതിനുള്ള ബോധവൽക്കരണം നടത്തിയതിന്റെ ഭാഗമായി യൂസർഫീ കളക്ഷനിലും അജൈവ മാലിന്യങ്ങളുടെ കളക്ഷനിലും വലിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. ക്ലീൻ കേരള കമ്പനിക്ക് കൃത്യമായ ഇടവേളകളിൽ മാലിന്യം തരംതിരിച്ച് കൈമാറുന്നു. ഹരിത കർമ്മ സേനയ്ക്ക് ഇലക്ട്രിക്ക് വാഹനം വാങ്ങിനൽകി. എം.സി.എഫ്.-ൽ വെയ്യിംഗ് മെഷീൻ, ട്രോളി എന്നിവ വാങ്ങുന്നതിന് പദ്ധതി ഏറ്റെടുത്തു. സ്മാർട്ട്

ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കി. മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന് വാർഡ് തലത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ നടക്കുന്ന പൊതുപരിപാടികളിൽ ഹരിതചട്ടം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ജനകീയ ഹരിത ഓഡിറ്റ് ടീം രൂപീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി. ആയത് പ്രകാരമുള്ള പരിമിതി നികത്തുന്നതിനായി പുതിയ പദ്ധതികൾ രൂപീകരിച്ച് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടി നടപ്പിലാക്കി വരുന്നു.

മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത്

മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്തിൽ ജൈവ മാലിന്യങ്ങൾ വീടുകളിൽതന്നെ സംസ്കരിക്കുന്നതിന് 2022-23 സാമ്പത്തിക വർഷം ബയോബിന്നുകൾ വിതരണം ചെയ്തു. അജൈവ മാലിന്യങ്ങൾ ഹരിത കർമ്മസേനയ്ക്ക് കൃത്യമായ ഇടവേളകളിൽ കൈമാറുന്നതിനുള്ള ബോധവൽക്കരണം നടത്തിയതിന്റെ ഭാഗമായി യൂസർഫീ കളക്ഷനിലും അജൈവ മാലിന്യങ്ങളുടെ കളക്ഷനിലും വലിയ പുരോഗതി കൈവരിച്ചു,

കൃത്യമായ ഇടവേളകളിൽ മാലിന്യം തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. ഹരിത കർമ്മ സേനയ്ക്ക് ട്രോളി, ഇലക്ട്രിക് വാഹനം എന്നിവ വാങ്ങി നൽകാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കാനുള്ള പദ്ധതി 2023-24 സാമ്പത്തിക വർഷം നടപ്പാക്കും. മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി വാർഡ് തലത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ നടക്കുന്ന പൊതുപരിപാടികൾ ഹരിതചട്ടം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. മുൻവർഷങ്ങളിൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച തുമ്പൂർമുഴി പ്രവർത്തനങ്ങൾ സജ്ജമാക്കി. ജനകീയ ഹരിത ഓഡിറ്റ് ടീം രൂപീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി. ആയത് പ്രകാരമുള്ള വിടവ് നികത്തുന്നതിനായി പുതിയ പദ്ധതികൾ രൂപീകരിച്ച് ജില്ല ആസൂത്രണ സമിതി അംഗീകാരം നേടി.

<u>മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത്</u>

തെക്കേക്കര ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം ജൈവമാലിന്യങ്ങൾ വീട്ടുകളിൽതന്നെ സംസ്കരിക്കുന്നതിന് ബയോബിന്നുകൾ വിതരണം ചെയ്തു. ഹരിതകർമ്മ സേനയ്ക്ക് അജൈവ മാലിന്യങ്ങൾ കൈമാറുന്നതിനുള്ള ബോധവൽക്കരണം നടത്തി. അതിന്റെ ഭാഗമായി യൂസർഫീ കളക്ഷനിലും അജൈവ മാലിന്യങ്ങളുടെ കളക്ഷനിലും പുരോഗതിയുണ്ടായി. ഹരിത കർമ്മസേനയ്ക്ക് ട്രോളി, ഇലക്ട്രിക്ക് വാഹനം എന്നിവ വാങ്ങിനൽകി. കൃത്യമായ ഇടവേളകളിൽ മാലിന്യം തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. തോട്ടുകളിലെയും പൊതുസ്ഥലങ്ങളിലെയും മാലിന്യം നീക്കം ചെയ്തു. ജനകീയ ഹരിത ഓഡിറ്റ് ടീം രൂപീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി, ആയത് പ്രകാരമുള്ള പരിമിതി നികത്തുന്നതിനായി പുതിയ പദ്ധതികൾ രൂപീകരിച്ചു. മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

<u>തഴക്കര ഗ്രാമപഞ്ചായത്ത്</u>

തഴക്കര ഗ്രാമപഞ്ചായത്ത് മാലിന്യമുക്ത ഗ്രാമപഞ്ചായത്തായി മാറ്റുന്നതിന്റെ ഭാഗമായി വിപുലമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിനെ വലിച്ചെറിയൽ മുക്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവരുടെ സഹകരണത്തോടെ ശുചീകരണ യജ്ഞം പൂർത്തീകരിച്ചിട്ടുണ്ട്. 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളും പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ചട്ടങ്ങളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 21 വാർഡുകളിലും വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഹരിതകർമ്മ സേനാംഗങ്ങൾ യൂസർഫീ വാങ്ങി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും ആയത് ഗ്രാമപഞ്ചായത്തിലെ മാങ്കാംകുഴിയിലുള്ള എം.സി.എഫ്.-ൽ സംഭരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്തുവരുന്നു. ആകെ 34 ഹരിതകർമ്മ സേനാംഗങ്ങൾ മാലിന്യ ശേഖരണത്തിനായി പ്രവർത്തിക്കുന്നു. 21 വാർഡുകളിലും അജൈവ

മാലിന്യങ്ങൾ സംഭരിക്കുന്നതിന് മിനി എം.സി.എഫ്.-കൾ സ്ഥാപിച്ചിട്ടുണ്ട്. 2000 ച. അടി വിസ്തീർണ്ണമുള്ള എം.സി.എഫ്.-ൽ കുടിവെള്ളം, ടോയ്‌ലെറ്റ്, ഫയർ എക്സ്റ്റിൻഗ്യൂഷർ, വേയിംഗ് മെഷിൻ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം, സംരക്ഷണ ഉപകരണങ്ങൾ എന്നിവ നൽകിയിട്ടുള്ളതുമാണ്. മാലിന്യ ശേഖരണത്തിനായി ഒരു ഇലക്ട്രിക്ക് വാഹനം സ്വന്തമായി വാങ്ങിയിട്ടുള്ളതും ഒരു വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളതുമാണ്. പൊതുപരിപാടികളിൽ ഹരിത ചട്ടം പാലിക്കുന്നുണ്ട്. നിരോധിത പ്ലാസ്റ്റിക്ക് വസ്തുക്കൾ പിടിച്ചെടുക്കുന്നതിനായി പരിശോധനടത്തി നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങൾ പൂർണ്ണമായും നീക്കം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വീടുകളിൽ ജൈവ മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനായി ബയോബിന്നുകൾ 2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വാങ്ങി നൽകിയിട്ടുണ്ട്. 2023-24 വാർഷിക പദ്ധതിയിലും ഇതിനായി തുക വകയിരുത്തിയിട്ടുണ്ട്. ബൾക്ക് വേസ്റ്റ് സൃഷ്ടിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും അവരുടെ

മീറ്റിംഗ് കൂടി നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. മാലിന്യനിക്ഷേപം തടയുന്നതിനായി മുന്നറിയിപ്പ് ബോർഡുകൾ എല്ലാ വാർഡുകളിലും സ്ഥാപിച്ചിട്ടുണ്ട്. മാലിന്യനിക്ഷേപം കണ്ടെത്തി അറിയിക്കുന്നവർക്ക് പാരിതോഷികം പ്രഖ്യാപിട്ടുള്ളതും ഇതിനായി പ്രത്യേക മൊബൈൽ നമ്പർ പ്രദർശിപ്പിച്ചിട്ടുള്ളതുമാണ്. പഞ്ചായത്തിലെ 6-ാം വാർഡിലെ ചാക്കോപാടത്ത് മാലിന്യം തള്ളിയ വാഹനം പോലീസിന്റെ സഹായത്തോടെ പിടികൂടുകയും കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടുംബശ്രീ പ്രവർത്തകർ, വ്യാപാരി - വ്യവസായികൾ, റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ ഉൾപ്പെടെയുള്ളവർക്ക് ബോധവത്കരണ ക്ലാസുകൾ നൽകുകയും വലിച്ചെറിയൽ മുക്തകേരളത്തിന്റെ ഭാഗമായി അനൗൺസ്‌മെന്റും നോട്ടീസ് വിതരണവും നടത്തുകയും ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ജനകീയ ഓഡിറ്റ് നടത്തുന്നതിനായി ഓഡിറ്റ് ടീം രൂപീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹരിതസഭ നടത്തുകയും മാലിന്യ സംസ്കരണം സംബന്ധിച്ച് വിശദമായി റിപ്പോർട്ട് ഓഡിറ്റിനായി

തയ്യാറാക്കിയിട്ടുണ്ട്. ഗാർഹിക മാലിന്യ സംസ്കരണത്തിനായി 580 ബയോബിന്നുകൾ 2022-23 സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുണ്ട്.

ചുനക്കര ഗ്രാമപഞ്ചായത്ത്

ചുനക്കര ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം ജൈവ മാലിന്യങ്ങൾ വീടുകളിൽതന്നെ സംസ്കരിക്കുന്നതിന് ബയോബിന്നുകൾ വിതരണം ചെയ്തു. ഹരിത കർമ്മസേനയ്ക്ക് കൃത്യമായ ഇടവേളകളിൽ അജൈവ മാലിന്യങ്ങൾ കൈമാറുന്നതിനുള്ള ബോധവത്ക്കരണം നടത്തിയതിന്റെ ഭാഗമായി യൂസർഫീ കളക്ഷനിലും അജൈവ മാലിന്യങ്ങളുടെ കളക്ഷനിലും വലിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. ക്ലീൻ കേരള കമ്പനിക്ക് കൃത്യമായ ഇടവേളകളിൽ മാലിന്യം തരംതിരിച്ച് കൈമാറുന്നു. ഹരിത കർമ്മ സേനയ്ക്ക് ട്രോളി, ഇലക്ട്രിക്ക് വാഹനം എന്നിവ വാങ്ങി നൽകി, എം.സി.എഫ്.-ൽ വേയിംഗ് മെഷിൻ സ്ഥാപിച്ചു, സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കി. മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി വാർഡ് തലത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ നടക്കുന്ന

പൊതുപരിപാടികളിൽ ഹരിതചട്ടം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ജനകീയ ഹരിത ഓഡിറ്റ് ടീം രൂപീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി. ആയത് പ്രകാരമുള്ള പരിമിതി നികത്തുന്നതിനായി പുതിയ പദ്ധതികൾ രൂപീകരിച്ച് ജില്ല ആസൂത്രണ സമിതി അംഗീകാരം നേടി.

നൂറനാട് ഗ്രാമപഞ്ചായത്ത്

ഉറവിട മാലിന്യസംസ്കരണം നടത്തുന്നതിനും അജൈവ മാലിന്യങ്ങൾ കൃത്യമായും ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നതിനും ജനങ്ങൾക്ക് ബോധവത്കരണം നടത്തുകയും ചെയ്തതിന്റെ ഫലമായി യൂസർഫീ കളക്ഷനും അജൈവ മാലിന്യങ്ങളുടെ കളക്ഷനിലും വലിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവരുടെ സഹകരണത്തോടെ ശുചീകരണ യജ്ഞം പൂർത്തീകരിച്ചിട്ടുണ്ട്. 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളും പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ചട്ടങ്ങളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി വാർഡ് തലത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും മാലിന്യം തെറ്റായ രീതിയിൽ കൈകാര്യം ചെയ്യുന്നവരിൽനിന്നും പിഴ ഈടാക്കുകയും ചെയ്തുവരുന്നു. ക്ലീൻ കേരള കമ്പനിക്ക് മാലിന്യം തരംതിരിച്ച് കൃത്യമായ ഇടവേളകളിൽ കൈമാറുന്നുണ്ട്. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. ഹരിത ഓഡിറ്റിലൂടെ കണ്ടെത്തിയ പരിമിതികൾ നികത്തുന്നതിനുള്ള പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. സ്കൂളുകൾക്കും സ്ഥാപനങ്ങൾക്കും ഹരിതചട്ടം പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിലെ പരിപാടികൾ പൂർണ്ണമായും ഹരിതചട്ടം പാലിച്ചാണ് നടത്തിയിട്ടുള്ളത്.

പാലമേൽ ഗ്രാമപഞ്ചായത്ത്

ഉറവിട മാലിന്യ സംസ്കരണം നടത്തുന്നതിനും അജൈവ മാലിന്യങ്ങൾ കൃത്യമായും ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നതിനും ബോധവത്കരണ പരിപാടികൾ നടത്തുകയും ചെയ്തതിന്റെ ഫലമായി യൂസർഫീ കളക്ഷനിലും അജൈവ മാലിന്യങ്ങളുടെ കളക്ഷനിലും വലിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി 3290 ബയോബിന്നുകൾ

വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ 19 വാർഡുകളിലും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവരുടെ സഹകരണത്തോടെ ശുചീകരണ യജ്ഞം പൂർത്തീകരിച്ചിട്ടുണ്ട്. 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളും പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ചട്ടങ്ങളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി വാർഡ് തലത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും മാലിന്യം തെറ്റായ രീതിയിൽ കൈകാര്യം ചെയ്യുന്നവരിൽനിന്നും പിഴ ഈടാക്കുകയും ചെയ്തുവരുന്നു. ക്ലീൻ കേരള കമ്പനിക്ക് മാലിന്യം തരംതിരിച്ച് കൃത്യമായ ഇടവേളകളിൽ കൈമാറുന്നുണ്ട്. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. ഹരിത ഓഡിറ്റിലൂടെ കണ്ടെത്തിയ പരിമിതികൾ നികത്തുന്നതിനുള്ള പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. സ്കൂളുകൾക്കും സ്ഥാപനങ്ങൾക്കും ഹരിതചട്ടം പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതിനുള്ള

പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്തുതലത്തിലെ പരിപാടികൾ പൂർണ്ണമായും ഹരിതചട്ടം പാലിച്ചാണ് നടത്തിയിട്ടുള്ളത്.

ശുചിത്വ മിഷൻ സ്വീകരിച്ച നടപടികൾ

മാലിന്യ സംസ്കരണ മേഖലയിൽ മാവേലിക്കര മുനിസിപ്പാലിറ്റിയിൽ 92 ലക്ഷം രൂപയുടെ പദ്ധതികളും ഏഴ് ഗ്രാമപഞ്ചായത്തുകളിലായി 3.06 കോടി രൂപയുടെ പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്.

**എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ**

333(2469) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് പ്രവൃത്തി നിർവ്വഹണത്തിന് ഭരണാനുമതി ലഭിച്ചതും തദ്ദേശസ്വയംഭരണ വകുപ്പ് നിർവ്വഹണ ഏജൻസിയുമായ പ്രവൃത്തികളിൽ കരാറായിട്ടുള്ള എന്തെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കാമോ;

(ബി) കരാർ കാലയളവിനുള്ളിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; അവ പൂർത്തിയാക്കാത്തതിനുള്ള കാരണം

വിശദമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ആലത്തൂർ മണ്ഡലത്തിലെ ബഡ്സ് സ്കൂളുകൾ**

334(2470) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നിലവിലുള്ള ബഡ്സ് സ്കൂളുകൾ ഏതൊക്കെയാണ്; പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം, ഭൗതിക സാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

| ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെ പേര് | വിദ്യാർത്ഥികളുടെ എണ്ണം | ഭൗതിക സാഹചര്യം |
|---|---|---|
| ആലത്തൂർ ഗ്രാമപഞ്ചായത്ത് | 19 | പഞ്ചായത്ത് വക കെട്ടിടം, സ്വന്തം സ്കൂൾ ബസ്, സ്മാർട്ട് ക്ലാസ് റൂം |
| കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | 44 | പഞ്ചായത്ത് വക കെട്ടിടം, തെറാപ്പി ഉപകരണങ്ങൾ, അടുക്കള ഉപകരണങ്ങൾ, ടെലിവിഷൻ, സ്പീക്കർ, സൗണ്ട് സിസ്റ്റം |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| എരിമയൂർ ഗ്രാമപഞ്ചായത്ത് | 25 | പഞ്ചായത്ത് വക കെട്ടിടം |

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പുതിയ ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ എം.എൽ.എ. - എ.ഡി.എസ്./ എസ്.ഡി.എഫ്. പദ്ധതികൾ**

335(2471) ശ്രീ. എം. എസ് അരുൺകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പാക്കിയ എം.എൽ.എ. -എ.ഡി.എസ്., എം.എൽ.എ. -എസ്.ഡി.എഫ്. പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായവ, പൂർത്തിയാകാത്തവ എന്നിവയുടെ വിശദ വിവരം അറിയിക്കുമോ?

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പൂർത്തിയാകാത്തതും ആരംഭിക്കാത്തതുമായ പദ്ധതികൾക്ക് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഐ.ബി.പി.എം.എസ്. പോലുള്ള ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിച്ച് കെട്ടിട പ്ലാൻ സമർപ്പിക്കൽ**

336(2472) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ പ്ലാൻ ഓൺലൈനായി സമർപ്പിക്കാനുള്ള ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം (ഐ.ബി.പി.എം.എസ്.) എന്നുമുതലാണ് നടപ്പാക്കിയത്; പ്രസ്തുത സംവിധാനം നഗരസഭകളിൽ മാത്രമായി നടപ്പാക്കാൻ കാരണം എന്താണ്;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതിന്റെ പരിപാലനം പുറത്തുള്ള ഏതെങ്കിലും ഏജൻസിയെയോ കമ്പനിയെയോ ഏൽപ്പിച്ചിട്ടുണ്ടോ?

13-09-2021 മുതലാണ് ഐ.ബി.പി.എം.എസ്. നടപ്പിലാക്കിയത്. നിക്ഷേപ വ്യവസായ സേവന മേഖലകളിൽ സൗഹാർദ്ദപരമായ പരിസ്ഥിതി സൃഷ്ടിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി സംസ്ഥാനത്തെ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണ അപേക്ഷകൾ സുതാര്യമായും അതിവേഗത്തിലും തീർപ്പാക്കുന്നതിനുവേണ്ടിയാണ് ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയർ സംവിധാനം നഗരസഭകളിൽ നടപ്പിലാക്കിയത്. പ്രസ്തുത സോഫ്റ്റ്‌വെയർ സംവിധാനത്തിന്റെ ഡെവലപ്മെന്റും പരിപാലനവും ടെണ്ടർ നടപടികളിലൂടെ M/s. Dev Information Technology Ltd, Ahemmedabad എന്ന കമ്പനിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്പനി സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്ത് പരിപാലിച്ചുവരികയും ചെയ്യുന്നു.

(ബി) എങ്കിൽ ഏജൻസിയെ തെരഞ്ഞെടുത്ത മാനദണ്ഡം എന്താണ്; ഈ ഏജൻസിക്കുമുൻപ് മറ്റൊരു ഏജൻസിയെ നിയോഗിച്ച് ഇത്തരം

ഓൺലൈൻ സംവിധാനം പ്രവർത്തിപ്പിച്ചിരുന്നോ; പ്രസ്തുത കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് ടെണ്ടർ നടപടികളിലൂടെയാണ് ഏജൻസിയെ തെരഞ്ഞെടുത്തത്. ഈ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനുമുൻപ് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സങ്കേതം' സോഫ്റ്റ്‌വെയർ മുഖേനയാണ് കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്തിരുന്നത്. പ്രസ്തുത കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഐ.ബി.പി.എം.എസ്. വഴി കെട്ടിട പ്ലാൻ സമർപ്പിക്കുമ്പോൾ ഫീസ് ഓൺലൈനായാണോ അടയ്ക്കേണ്ടത്; ഇത്തരത്തിലുള്ള ഫീസ് ഏത് അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്; പ്രസ്തുത അക്കൗണ്ട് ആരുടെ പേരിലുള്ളതാണ്?

ഐ.ബി.പി.എം.എസ്. വഴി കെട്ടിട പ്ലാൻ സമർപ്പിക്കുമ്പോൾ ഫീസ് ഓൺലൈനായിട്ടാണ് അടയ്ക്കേണ്ടത്. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്കാണ് പോകുന്നത് .

(ഡി) ഇത്തരത്തിൽ ഓൺലൈനായി പ്ലാൻ സമർപ്പിക്കുമ്പോൾ നഗരസഭകൾക്ക് ഈ തുക കൈമാറുന്നത് എങ്ങനെയാണ്; പ്രസ്തുത തുക എത്ര ദിവസം കഴിഞ്ഞാണ് നഗരസഭകൾക്ക് ലഭിക്കുന്നത്?

ഫീസ് നഗരസഭകളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് പോകുന്ന തരത്തിലാണ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.

(ഇ) നിലവിലെ സംവിധാനം ഒഴിവാക്കി പുതിയ സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സവിശേഷതകളാണ് ഉണ്ടാവുക; തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തുക; വിശദമാക്കുമോ?

പുതിയ സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്ന തരത്തിൽ ഉപഭോക്തൃ സൗഹൃദമായ രീതിയിൽ തയ്യാറാക്കുന്നതിനാണ് ശ്രമിച്ചുവരുന്നത്. സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ ഇൻഫർമേഷൻ കേരള മിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ളിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പൗരന്മാർക്കുള്ള സേവനങ്ങൾ

ഓൺലൈനാക്കുന്നതിനും ഐ. കെ. എം തയ്യാറാക്കി വരുന്ന സോഫ്റ്റ്‌വെയറാണ് കെ-സ്മാർട്ട്. എല്ലാ മോഡ്യൂളുകളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഇന്റഗ്രേറ്റ് ചെയ്താണ് ഡിസൈൻ ചെയ്തിരിക്കുന്നത്. കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ Building Regulation മോഡ്യൂളിലൂടെ കെട്ടിട നിർമ്മാണ അനുമതി ഒക്യൂപൻസി, ഓൺലൈൻ പേയ്മെന്റ് എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(എഫ്) കെട്ടിടത്തിന് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുമ്പോൾ അതേ വിവരങ്ങൾ റവന്യൂ, തൊഴിൽ, രജിസ്ട്രേഷൻ വകുപ്പുകളുമായി പങ്കുവയ്ക്കാൻ നിലവിൽ ഓൺലൈൻ സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ ഇത്തരം സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; ആയതിന്റെ നടപടികൾ എവിടെ വരെയായി; വ്യക്തമാക്കുമോ?

കെട്ടിടത്തിന് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുമ്പോൾ അതേ വിവരങ്ങൾ റവന്യൂ, തൊഴിൽ, രജിസ്ട്രേഷൻ വകുപ്പുകളുമായി പങ്കുവയ്ക്കാൻ ഓൺലൈൻ സംവിധാനം ഇപ്പോൾ നിലവിലില്ല. പുതിയ സോഫ്റ്റ്‌വെയർ

സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

(ജി) ഐ.ബി.പി.എം.എസ്.-ന്റെ പ്രവർത്തനം സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ?

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിശോധനയിൽ ഐ.ബി.പി.എം.എസ്.-ന്റെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. Internal Vigilance Wing-ഉം ഐ.ബി.പി.എം.എസ്.-ന്റെ പ്രവർത്തനം പരിശോധനാവിധേയമാക്കുന്നുണ്ട്.

**വ്യക്തി വിവരശേഖരണം**

337(2473) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കെട്ടിടങ്ങൾ, വീടുകൾ, മറ്റ് ആസ്തികൾ എന്നിവയുടെയും വ്യക്തികളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

നിലവിലുള്ള കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ നടത്തുക, മാറ്റം വരുത്തുക, സഞ്ചയ സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക തുടങ്ങിയ കാരണങ്ങളാൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും വസ്തു നികുതി ഇനത്തിൽ വരുന്ന നഷ്ടം ഒഴിവാക്കാൻ ഫീൽഡ് പരിശോധന നടത്തുന്നതിന് 22-03-2023-ലെ സ.ഉ.(കൈ)നം.77/2023/ത.സ്വ.ഭ.വ. പ്രകാരം നടപടിക്രമങ്ങൾ നിർദ്ദേശിച്ചിരുന്നു. ആസ്തി വിവരങ്ങൾ വ്യക്തി വിവരങ്ങൾ എന്നിവ ശേഖരിക്കുന്നില്ല.

(ബി) പ്രസ്തുത വിവരശേഖരണം സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ടോ?

22-03-2023-ലെ സ.ഉ.(കൈ)നം.77/2023/ത.സ്വ.ഭ.വ. പ്രകാരമുള്ള ഫീൽഡ് പരിശോധന സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചിട്ടില്ല.

(സി) ഇത്തരത്തിൽ വിവരശേഖരണത്തിൽ ലഭ്യമാകുന്ന വ്യക്തി വിവരങ്ങൾ, സർക്കാരിന് പുറത്തുള്ള ഏജൻസികൾക്ക് ലഭ്യമാകുന്ന തരത്തിലാണെന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോഴിക്കോട് ജില്ലയിലെ പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ**

338(2474) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കുന്ന പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ ഏത് ഫേയ്സിൽ ഉൾപ്പെട്ടവയാണെന്ന് വ്യക്തമാക്കുമോ?

പി.എം.ജി.എസ്.വൈ.-III-യിൽ ഉൾപ്പെട്ട പ്രവൃത്തികളാണ് സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കുന്നത്.

(ബി) കോഴിക്കോട് ജില്ലയിൽ ഇപ്പോൾ അനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

(സി) പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്താനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

പി.എം.ജി.എസ്.വൈ.-III-യാണ് നിലവിൽ പ്രാബല്യത്തിലുള്ളത്. ഇതിൽ പ്രധാനമായും നിലവിലുള്ള ഗ്രാമീണ റോഡുകളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപ്ഗ്രേഡേഷനാണ് ചെയ്യുന്നത്. പി.എം.ജി.എസ്.വൈ.-III-യിൽ ഉൾപ്പെടുത്തേണ്ട റോഡുകൾ ഡിസ്ട്രിക് റൂറൽ റോഡ് പ്ലാനിൽ ഉൾപ്പെട്ടതായിരിക്കണം. അതിൽ പ്രധാനമായും ഗ്രാമീണ അഗ്രികൾച്ചറൽ മാർക്കറ്റിന്റെയും ഹയർ സെക്കൻഡറി സ്കൂളിന്റെയും ഹോസ്പിറ്റലിന്റെയും സമീപമുള്ള റോഡുകളെയാണ് തെരഞ്ഞെടുക്കുന്നത്. ഹാബിറ്റേഷനും ഫെസിലിറ്റികളും അതിന് നിശ്ചയിക്കപ്പെട്ട മാർക്ക് പ്രകാരമുള്ള റാങ്ക് അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ബ്ലോക്ക് അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ പ്രോസസ്സിലൂടെയാണ് റാങ്ക് നിർണ്ണയിക്കുന്നത്. റോഡിന് ചുരുങ്ങിയത് മൂന്ന് കി.മീ. നീളം ആവശ്യമാണ്. 7.5 മീറ്റർ (through route)/6 മീറ്റർ (major rural link) വീതിയിൽ മുഴുവൻ നീളത്തിലും സ്ഥല ലഭ്യത (ഫ്രീ സറണ്ടർ) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ലഭ്യമാക്കേണ്ടതായുമുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച്, സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരവും ലഭ്യമായതിനുശേഷം കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. അവിടെ പ്രീ-എംപവേർഡ് കമ്മിറ്റി,

എംപവേർഡ് കമ്മിറ്റി എന്നിവയുടെ അംഗീകാരം ലഭിച്ചതിനുശേഷമാണ് ഭരണാനുമതി നൽകുന്നത്.

(ഡി) കോഴിക്കോട് ജില്ലയിലെ പി.എം.ജി.എസ്.വൈ. പദ്ധതികളുടെ അനുമതിക്കായി സമർപ്പിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിലെ കുന്നുമ്മേൽ ബ്ലോക്കിൽ പാക്കേജ് നമ്പർ കെ.ആർ 08-80-ൽ ഉൾപ്പെട്ട 5.204 കി.മീ ദൈർഘ്യം വരുന്നതും 853.94 ലക്ഷം രൂപ അടങ്കൽ തുക വരുന്നതുമായ മൊയിലത്തറ മരുതൻകര മുള്ളൻകുന്ന് റോഡിന്റെ പ്രവൃത്തിയാണ് നിലവിൽ അനുമതിക്കായി കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുള്ളത്.

**കോഴിക്കോട് ജില്ലയിൽ കുടുംബശ്രീ സംരംഭങ്ങൾക്കുള്ള സബ്സിഡി വിതരണം**

339(2475) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അയൽക്കൂട്ടങ്ങൾ നടത്തുന്ന സംരംഭങ്ങൾ, ജനകീയ ഹോട്ടൽ തുടങ്ങിയവയ്ക്കുള്ള സബ്സിഡി വിതരണം ചെയ്യുന്നതിൽ

കോഴിക്കോട് ജില്ലയിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് ജില്ല ഉൾപ്പെടെ എല്ലാ ജില്ലകളിലും ജനകീയ ഹോട്ടലുകൾക്ക് 2022 നവംബർ മാസം വരെയുള്ള സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ 2022 ഡിസംബർ മാസത്തെ സബ്സിഡി അപേക്ഷകൾ മാറി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനുശേഷമുള്ള സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയനുസരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ അയൽക്കൂട്ടങ്ങൾ നടത്തുന്ന മറ്റുസംരംഭങ്ങൾക്ക് അർഹമായ സബ്സിഡി തുക നല്കുന്നതിൽ കാലതാമസമുണ്ടായിട്ടില്ല.

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

കോഴിക്കോട് ജില്ലയിൽ പ്രത്യേക കാലതാമസമുണ്ടായിട്ടില്ല.

**തദ്ദേശ സ്വയംഭരണ പൊതുസർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളുടെ ഭേദഗതി**

340(2476) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയംഭരണ പൊതുസർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് രണ്ട് തസ്തികയുടെ നിശ്ചിത യോഗ്യതകളുടെ സമാന യോഗ്യതയായി, സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്.സി.വി.ടി.) നടത്തിയിരുന്ന ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് കൂടി പരിഗണിച്ച് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ Junior Health Inspector Grade II (Municipal Common Service), Health Inspector Grade II (Panchayat Department) എന്നീ തസ്തികകൾ പുനർനാമകരണം ചെയ്ത് Public Health Inspector Grade II കാറ്റഗറിയായി Group II Public Health and Environment Management Wing, LSGD-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ Rule 5 Group II ൽ

Sl No. 5 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 'Any other equivalent qualification' ഉൾപ്പെടുത്തിയിട്ടുണ്ട്. ഐ.ടി.ഐ.-യുടെ കീഴിൽ സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്.സി.വി.റ്റി.) നടത്തിയിരുന്ന ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് സർട്ടിഫിക്കറ്റ് മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ നിശ്ചിത യോഗ്യതകളുടെ സമാന യോഗ്യതയായി അംഗീകരിച്ച് 05-07-2018-ൽ സ.ഉ (സാധാ) നം.1838/2018/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ equivalency certificate ലഭ്യമാക്കിയാൽ Public Health Inspector Grade-II തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഈ വിഷയത്തിൽ വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

341(2477) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള മെറ്റീരിയൽ തുക യഥാസമയം അനുവദിച്ച് കിട്ടാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ ഗുണഭോക്താക്കൾ തയ്യാറാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഇതുപരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ദുർബല വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആസ്തികൾ നിർമ്മിച്ച് നൽകുമ്പോൾ മെറ്റീരിയൽ ഇനത്തിലെ കേന്ദ്രവിഹിതം ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ മെറ്റീരിയൽ ഘടകത്തിലെ തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽനിന്നും വിതരണം ചെയ്യുന്നതിനും കേന്ദ്രവിഹിതം ലഭ്യമാകുന്നമുറയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് റീക്കുപ്പ് ചെയ്യാനും അനുമതി നൽകുന്ന ഉത്തരവ് 02-11-2020-ലെ സ.ഉ.(സാധാ) നം.2056/2020/ത.സ്വ.ഭ.വ പ്രകാരം

പുറപ്പെടുവിച്ചിരുന്നു. കൂടാതെ ദേശവൽകൃത/സഹകരണ ബാങ്കിൽനിന്നും ഗുണഭോക്താക്കൾക്ക് കുറഞ്ഞ പലിശയിൽ വായ്പ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ മുഖേന നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ഏകീകൃത ബദൽ മാർഗ്ഗം കണ്ടെത്തുന്ന കാര്യം പരിഗണണനയിലുണ്ടോ വിശദമാക്കുമോ?

ഇല്ല.

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ലോക്കൽ മാർക്കറ്റ് റേറ്റിൽ വായ്പ അനുവദിക്കുന്നതിന് ബാങ്കുകൾക്ക് നിർദേശം നൽകുന്ന കാര്യവും ഗുണഭോക്താക്കൾക്ക് കുടുംബശ്രീ മുഖേന പലിശരഹിതവായ്പ അനുവദിക്കുന്ന കാര്യവും പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

ദേശവൽകൃത ബാങ്ക്/സഹകരണ ബാങ്കിൽനിന്നും കുടുംബശ്രീ മുഖേനയും ഗുണഭോക്താക്കൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു.

**തൃശ്ശൂർ മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അനുവദിച്ച പദ്ധതികൾ**

342(2478) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ ബഡ്ജറ്റിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് വഴി ഏതെല്ലാം പദ്ധതികൾക്ക് അടങ്കൽ തുകയുടെ 20% അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

തൃശ്ശൂർ മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ ബഡ്ജറ്റിൽ തദ്ദേശ സ്വയംഭരണ വകുപ്പ് വഴി യാതൊരുവിധ പദ്ധതികൾക്കും അടങ്കൽ തുകയുടെ 20% അനുവദിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായവയുടെയും പൂർത്തിയാക്കാത്തവയുടെയും വിശദാംശം ലഭ്യമാക്കുമോ?

പ്രവൃത്തികൾ ഒന്നും പൂർത്തീകരിച്ചിട്ടില്ല.

**വർക്കല നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടത്തി വരുന്ന നിർമ്മാണ പ്രവൃത്തികൾ**

343(2479) ശ്രീ. വി ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ

സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടത്തി വരുന്ന നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ പുരോഗതി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.+

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് വർക്കല മണ്ഡലത്തിൽ ഏറ്റെടുത്ത പ്രവൃത്തികളിൽ ഭരണാനുമതി കാലയളവ് കഴിഞ്ഞ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) അത്തരത്തിൽ ഭരണാനുമതി കാലാവധി കഴിഞ്ഞ പ്രവൃത്തികളുടെ ഭരണാനുമതി പുതുക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ?

(ബി&സി) അനുബന്ധം (2)ആയി ചേർത്തിരിക്കുന്നു.+

**തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒഴിവുകൾ**

344(2480) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 2023 സെപ്റ്റംബർ 30 വരെ ഉണ്ടാകാൻ സാധ്യതയുള്ള റവന്യൂ ഇൻസ്പെക്ടർ/ഹെഡ്ക്ലർക്ക്/സൂപ്രണ്ട് ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ; വകുപ്പിന്റെ മൊത്തം ഒഴിവുകൾ കണക്കാക്കിയാണോ പ്രസ്തുത വേക്കൻസികൾ നികത്തുന്നത്; ഇവിടെ സീനിയോറിറ്റി പരിഗണിക്കുമോ; വിശദീകരിക്കാമോ?

മുൻസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 31-07-2023 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള 12 ഒഴിവുകളിലേയ്ക്ക് 18-08-2023-ൽ പ്രമോഷൻ വഴി നിയമനം നടത്തിയിട്ടുണ്ട്. ടി നിയമനങ്ങൾ മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്. റവന്യൂ ഇൻസ്പെക്ടർ/ഹെഡ്ക്ലാർക്ക് തസ്തികയിൽ 31-08-2023 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള 33 ഒഴിവുകളിലേയ്ക്കുള്ള പ്രമോഷൻ നടത്തിയിട്ടുണ്ട്. ടി നിയമനങ്ങൾ മുനിസിപ്പൽ കോമൺ സർവ്വീസിൽ

സീനിയർ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും അല്ലാതെയും ജോലി നോക്കുന്ന കരാർ/താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാത്തപക്ഷം അവർക്ക് ജോലിയിൽനിന്നും പിരിഞ്ഞുപോകുന്നതിന് പ്രായപരിധി എത്രയാണ്; നിലവിൽ ഇതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; സേവനകാലാവധിക്ക് പ്രായം നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മറ്റ് വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിജപ്പെടുത്തിയിരിക്കുന്ന പ്രായപരിധി തദ്ദേശസ്വയംഭരണ വകുപ്പിനും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) കരാർ/താൽക്കാലിക ജീവനക്കാർക്ക് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. പിരിച്ചുവിടാത്തപക്ഷം ഇത്തരം നിയമനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭരണസമിതി തീരുമാനപ്രകാരം സർക്കാർ

സാധൂകരണം ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ തുടരുകയാണ് ചെയ്യുന്നത്.

**കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി**

345(2481) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്ക് നൽകേണ്ട ധനസഹായം കുടിശ്ശികയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. 2023-24 സാമ്പത്തിക വർഷം 26.75 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും നൽകിയിട്ടുണ്ട്. ടി തുക ജില്ലകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ശേഷം 41.09 കോടി രൂപയാണ് നിലവിൽ ജനകീയ ഹോട്ടലുകൾക്ക് സബ്സിഡി ഇനത്തിൽ നൽകാനുള്ളത്.

(ബി) പ്രസ്തുത കുടിശ്ശിക അടിയന്തരമായി അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളിലെ കുടിശ്ശിക**

346(2482) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളിലാണ് കുടിശ്ശികയുള്ളത്, ഓരോന്നിനും എത്ര മാസത്തെ കുടിശികയാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ?

കർഷക തൊഴിലാളി പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ, 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ എന്നീ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 2023 ജൂൺ വരെ ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളിലെ കുടിശിക മുഴുവൻ തീർക്കുന്നതിന് എത്ര തുകയാണ് ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പെൻഷൻ യഥാസമയം വിതരണം ചെയ്യുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

(ബി&സി) പെൻഷൻ ഉപഭോക്താക്കളെ മസ്റ്ററിംഗ് നടത്തുകയും മരണപ്പെട്ടവരെ ഒഴിവാക്കുകയും പുതിയ അപേക്ഷകരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനാൽ ഓരോ മാസത്തിലെയും ഉപഭോക്താക്കളുടെ എണ്ണത്തിൽ വ്യത്യാസം വരാറുണ്ട്. ആകയാൽ സാമൂഹിക സുരക്ഷാ പെൻഷൻ തുക സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ബില്ല് ജനറേറ്റ് ചെയ്യുന്നമുറയ്ക്കേ ലഭ്യമാകുകയുള്ളൂ. 2023 ജൂൺ മാസത്തിൽ 7,76,51,08,700/- രൂപയാണ് ഗുണഭോക്താക്കൾക്ക് സാമൂഹിക സുരക്ഷാ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തത്.

**വാതിൽപ്പടി സേവനപദ്ധതി**

347(2483) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി സേവനപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സന്നദ്ധസേവന അംഗങ്ങൾക്ക് വേതനം നൽകുന്ന പദ്ധതി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എത്ര രൂപയുടെ പദ്ധതി ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത് ?

(എ&ബി) ഇല്ല.

(സി) അനുമതി നൽകിയിരിക്കുന്ന തുക എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ?

വാതിൽപ്പടി സേവനം പദ്ധതിയുടെ നിർവ്വഹണത്തിനാവശ്യമായ സാമ്പത്തികകാര്യ മാർഗ്ഗരേഖപ്രകാരം പദ്ധതി നടത്തിപ്പിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും യാത്രാ/ഇന്ധന ചെലവുൾക്കും ജീവൻരക്ഷാ മരുന്നുകൾ വാങ്ങുന്നതിനും മറ്റുമായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപ വീതവും മുനിസിപ്പാലിറ്റികൾ രണ്ട് ലക്ഷം രൂപ വീതവും കോർപ്പറേഷനുകൾ അഞ്ച് ലക്ഷം രൂപ വീതവും തനത് ഫണ്ടിൽനിന്നോ വികസന ഫണ്ടിൽ നിന്നോ വകയിരുത്താവുന്നതാണ്. പദ്ധതി തുക കൂടാതെ വ്യക്തികളിൽ നിന്നുള്ള സംഭാവന, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിളിറ്റി ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവയിലൂടെ ധനം പ്രത്യേക അക്കൗണ്ടിൽ സ്വരൂപിച്ച് പദ്ധതിയിലുൾപ്പെടുത്തി ചെലവ് ചെയ്യാവുന്നതാണ്. ഇതുകൂടാതെ ഫണ്ട്

സ്വരൂപിക്കുന്നതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി കലാ-കായിക-വിനോദ-സാംസ്കാരിക വാണിജ്യ മേളകൾ സംഘടിപ്പിക്കാവുന്നതാണ്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് ഒരു വർഷം ശരാശരി എത്ര രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും കണ്ടെത്തിയിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം, നൽകുന്ന സേവനങ്ങൾ, തുടങ്ങി വിവിധ ഘടകങ്ങളനുസരിച്ചാണ് പദ്ധതി നടത്തിപ്പിന് തുക ആവശ്യമായി വരുന്നത്.

**തൃശ്ശൂർ മണ്ഡലത്തിലെ എ.ഡി.എസ്., എസ്.ഡി.എഫ്. പദ്ധതികൾ**

348(2484) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ തദ്ദേശസ്വയംഭരണ വകുപ്പ്, എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവയിലൂടെ ഏതെല്ലാം പദ്ധതികൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക അനുവദിച്ചിട്ടും പൂർത്തിയാക്കാത്ത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; അവ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായുള്ള അംഗീകാരം**

349(2485) ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ് പുറത്തുവിട്ടിട്ടുള്ള ഏറ്റവും പുതിയ ദാരിദ്ര്യ സൂചിക അനുസരിച്ച് രാജ്യത്തെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളത്തെ വീണ്ടും കണ്ടെത്തിയിട്ടുണ്ടോ?

നീതി ആയോഗിന്റെ NATIONAL MULTI DIMENSIONAL POVERTY INDEX- A PROGRESS REVIEW 2023-ൽ കേരളത്തെ ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി രേഖപ്പെടുത്തിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എന്തെല്ലാം ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന് ഈ അംഗീകാരം വീണ്ടും ലഭിക്കാനിടയായതെന്ന് അറിയിക്കാമോ?

ആരോഗ്യം, വിദ്യാഭ്യാസം, ജീവിത നിലവാരം

(സി) കേരളത്തിൽ അതിദരിദ്രരില്ലാത്ത ജില്ലയായി തെരഞ്ഞെടുത്തത് ഏത് ജില്ലയെയാണ്?

ഒരു ജില്ലയേയും അതിദരിദ്രരില്ലാത്ത ജില്ലയായി കണ്ടെത്തിയിട്ടില്ല.

(ഡി) നീതി ആയോഗിന്റെ ബഹുതല സൂചികയിൽ മറ്റുസംസ്ഥാനങ്ങളുമായി നടത്തിയിട്ടുള്ള താരതമ്യപഠനം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ഇല്ല.

**ആലത്തൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

350(2486) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നിർവ്വഹണം നടത്തുന്നതിനായി ഭരണാനുമതി ലഭിച്ച സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി)

കിഫ്ബി - 3 കോടി രൂപ

1. ജി.എച്ച്.എസ്.എസ്. എരിമയൂർ (DPC അംഗീകാരം ലഭിക്കേണ്ടതുണ്ട്)
2. ജി.ജി.എച്ച്.എസ്. ആലത്തൂർ (ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്)

കിഫ്ബി -1 കോടി രൂപ

1. ഗവ.യു.പി.എസ്. പുതിയങ്കം (പ്രവൃത്തി പൂർത്തീകരണത്തിലേയ്ക്ക് നീങ്ങുന്നു)
2. ജി.എച്ച്.എസ്.എസ്. തെങ്കുറുശ്ശി (പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്)
3. ജി.എച്ച്.എസ്. കുനിശ്ശേരി (സാങ്കേതികാനുമതി ലഭ്യമാകേണ്ടതുണ്ട്)
4. ജി.എച്ച്.എസ്. മുടപ്പാല്ലൂർ (സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്)

പൊതുവിദ്യാഭ്യാസം - 8 കോടി രൂപ

1. ജി.എച്ച്.എസ്. കുഴൽമന്ദം (Structure work completed)

**തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ വളർച്ച**

351(2487) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കായി ആരോഗ്യ വകുപ്പുമായി ചേർന്ന് നടപ്പാക്കിയിട്ടുള്ള പദ്ധതികളേതൊക്കെയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് മരുന്ന്/ഉപകരണങ്ങൾ വാങ്ങൽ, ആരോഗ്യസ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യസ്ഥാപനങ്ങളിൽ പ്രത്യേക ചികിൽസാ പദ്ധതികൾ, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, മഹിളാമിത്രം ക്ലീനിക്ക് സാന്ത്വന പരിചരണം-പാലിയേറ്റീവ് ക്ലിനിക്ക് ലാബ് ഉപകരണങ്ങൾ, സ്കാനിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങൽ, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ, ഡയാലിസിസിന് ഉപകരണങ്ങൾ വാങ്ങൽ,

ഡയാലിസിസിസ് കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ഡയാലിസിസിസ് രോഗികൾക്കുള്ള ധനസഹായം, ഫിസിയോതെറാപ്പി യൂണിറ്റുകൾ സ്ഥാപിക്കൽ, ജീവിതശൈലി രോഗനിയന്ത്രണ പരിപാടികൾ, സബ്സെന്ററുകൾ സ്ഥാപിക്കലും നവീകരണവും, ജീവനം പദ്ധതി, ആരോഗ്യസ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകൽ, ആരോഗ്യസ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണവും നവീകരണവും, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ, ധനസഹായം-കനിവ്, സ്വാന്തനം പാലിയേറ്റീവ് കെയർ പി. എച്ച്. സി മരുന്ന് വാങ്ങൽ, ഗുരുതര രോഗമുള്ളവർക്ക് ജീവൻരക്ഷാ മരുന്നുകൾ വാങ്ങൽ, പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ്, പാലിയേറ്റീവ് രോഗികൾക്ക് ആയുർവേദ മരുന്ന് വാങ്ങൽ, കൗമാര പെൺകുട്ടികൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം, സബ്സെന്ററുകളിൽ വെൽനസ് ക്ലിനിക്ക് സജ്ജീകരിക്കൽ തുടങ്ങി നിരവധി പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) ആരോഗ്യ മേഖലയിൽ ഈ സാമ്പത്തികവർഷം ജൂലൈ 31 വരെ തദ്ദേശസ്വയംഭരണ വകുപ്പ് എത്ര തുക ചെലവഴിച്ചുയെന്ന് വ്യക്തമാക്കാമോ?

ഗ്രാമപഞ്ചായത്തുകൾ 10846.81 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 3335.14 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തുകൾ 1774.87 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾ 2398.02 ലക്ഷം രൂപയും കോർപ്പറേഷനുകൾ 603.08 ലക്ഷം രൂപയും അടക്കം ആകെ 18957.92 ലക്ഷം രൂപ ഈയിനത്തിൽ ചിലവഴിച്ചിട്ടുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

352(2488) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

**മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 തസ്തിക പ്രൊമോഷൻ**

353(2489) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നതോടെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-3 തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിക്കേണ്ടതിനാൽ പ്രൊവിഷണലായി നിയമിച്ചിരുന്ന മുനിസിപ്പൽ സെക്രട്ടറിമാർക്ക് മാതൃവകുപ്പിലേയ്ക്ക് മാറ്റം ഉണ്ടാകുമോ; വിശദമാക്കാമോ?

നേരിട്ടുള്ള നിയമനം/ ബൈട്രാൻസ്ഫർ നിയമനങ്ങൾക്ക് റാങ്ക് ലിസ്റ്റ് നിലവിലില്ല. ടി തസ്തികയിലേയ്ക്ക് യോഗ്യരായവരുടെ ലിസ്റ്റ് നിലവിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുന്നമുറയ്ക്ക് പ്രൊവിഷണലായി നിയമിച്ച മുനിസിപ്പൽ സെക്രട്ടറിമാരെ മാതൃവകുപ്പിലേയ്ക്ക് മടക്കി അയയ്ക്കുന്നതാണ്.

(ബി) മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-3 തസ്തികയിലേയ്ക്കുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; എത്ര തസ്തികകളാണ് 60:40 അനുപാത പ്രകാരം നേരിട്ടുള്ള നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഇല്ല. നിലവിലെ സ്പെഷ്യൽ റൂളിൽ ഓരോ തസ്തികയിലേയും മുൻപുള്ള അനുപാതം, വകുപ്പിലെ അവസാനത്തെ വ്യക്തിക്ക് റൂൾ 12-ലെ ഉപ ചട്ടങ്ങൾ (1), (2) എന്നിവയ്ക്ക് വിധേയമായി സ്ഥാനക്കയറ്റം ലഭിക്കുന്നതുവരെ തുടരുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് (Existing ratio prior to the commencement of these rules will continue till the last person in the above Departments at the time of commencement of these Rules is promoted subject to sub-rules (1) and (2) of Rule 12). 60:40 അനുപാത പ്രകാരം നേരിട്ടുള്ള നിയമനത്തിനായി തസ്തിക നീക്കിവയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

**നീർത്തടാധിഷ്ഠിത ആസൂത്രണം കാര്യക്ഷമമാക്കുവാൻ പദ്ധതി**

354(2490) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നീർത്തടാധിഷ്ഠിത ആസൂത്രണം കാര്യക്ഷമമാക്കുവാനും മണ്ണ്, ജല സംരക്ഷണ പ്രവൃത്തികൾ കാര്യക്ഷമമാക്കി നടപ്പിൽ വരുത്തുവാനും പുഴകളുടെയും തോടുകളുടെയും സംരക്ഷണം ഉറപ്പുവരുത്തുവാനും എന്തൊക്കെ പദ്ധതികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ?

ഹരിതകേരളം മിഷന്റെ ഭാഗമായ ജലഉപമിഷൻ മാർഗ്ഗരേഖയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുകയെന്നതാണ്. ഈ മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബ്ലോക്ക്, ജില്ലാതലങ്ങളിൽ ജലസേചന വകുപ്പ് എഞ്ചിനീയർ കൺവീനറായി സാങ്കേതിക സമിതികൾ രൂപീകരിക്കുകയും അവയുടെ നേതൃത്വത്തിൽ

സംസ്ഥാനത്തെ ആകെയുള്ള 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്തും നീർത്തടപ്ലാനുകൾ തയ്യാറാക്കുകയും ഇവയെ ബ്ലോക്കടിസ്ഥാനത്തിൽ കൂട്ടിച്ചേർത്ത് നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി ജനകീയ പുഴ പുനരുജ്ജീവന പ്രവർത്തനം ഏറ്റെടുക്കുകയും 422 കി.മീ നീളത്തിൽ 34 പുഴകളുടെ പുനരുജ്ജീവനം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ വിവിധ പദ്ധതികളുടെയും വകുപ്പുകളുടെയും സഹായത്തോടെ നീർച്ചാലുകളുടെ പുനരുജ്ജീവനം, പുതിയ കുളങ്ങളുടെ നിർമ്മാണം, നിലവിലുള്ള കുളങ്ങളുടെ പുനരുജ്ജീവനം, കിണർ റീ-ചാർജ്ജിംഗ് മുതലായ ജലസംരക്ഷണ പ്രവർത്തനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 15 ബ്ലോക്ക് പഞ്ചായത്തുകളിലും ആ ബ്ലോക്ക് പ്രദേശത്തെ 94 ഗ്രാമപഞ്ചായത്തുകളിലും ജനകീയ ജലബജറ്റ് പ്രവർത്തനം നടത്തിയിട്ടുണ്ട്. പശ്ചിമഘട്ട പ്രദേശത്തെ അടഞ്ഞുപോയ നീർച്ചാൽ ശൃംഖലകൾ പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക്

സുഗമമാക്കുന്നതിനുള്ള 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' കാമ്പയിന് തുടക്കംകുറിച്ചു. ഈ കാമ്പയിന്റെ ആദ്യഘട്ടമായി ആ പ്രദേശത്ത് വരുന്ന 230 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നീർച്ചാലുകൾ മാപ്പത്തോണിൽ ഉൾപ്പെടുത്തി ഡിജിറ്റൽ മാപ്പുകളിൽ രേഖപ്പെടുത്തുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനം പൂർത്തീകരണഘട്ടത്തിലാണ്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പിന്തുണയോടെയും ഐ.ടി. മിഷന്റെ ഭാഗമായ ICFOSS-ന്റെ സാങ്കേതിക സഹായത്തോടെയുമാണ് ഈ പ്രവർത്തനം നടത്തുന്നത്. ഹരിതകേരളം മിഷനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന നീർത്തടാധിഷ്ഠിത ജലസംരക്ഷണ പരിപാടിയായ നീരുറവിന്റെ വിശദമായ പദ്ധതിരേഖ എല്ലാ ഗ്രാമപഞ്ചായത്തുകളിലും തയ്യാറാക്കി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്.

**തദ്ദേശ സ്വയംഭരണ ഏകീകൃത പൊതുസർവ്വീസ് രൂപീകരിച്ചതുമൂലം ഉണ്ടായ പ്രയാസങ്ങൾ പരിഹരിക്കാൻ നടപടി**

355(2491) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ ഏകീകൃത പൊതുസർവ്വീസ് രൂപീകരിച്ചതോടുകൂടി ത്രിതലപഞ്ചായത്തുകളിലും നഗരസഭകളിലും മതിയായ ജീവനക്കാർ ഇല്ലാത്തതുമൂലം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം ഭാഗികമായി തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മതിയായ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് ആയത് അടിയന്തരമായി നികത്തുന്നതിനുവേണ്ട നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ആറ് വകുപ്പുകൾ ഏകീകരിച്ച് എൽ.എസ്.ജി.ഡി. ഏകീകൃത പൊതുസർവ്വീസ് രൂപീകരിച്ചതുകൊണ്ട് പൊതുജനങ്ങൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അഞ്ചുവകുപ്പുകൾ ഏകീകരിച്ച് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിച്ചതോടെ വ്യത്യസ്ത അറകളായി കിടന്നിരുന്ന ത്രിതലപഞ്ചായത്തുകൾ, നഗരസഭകൾ എന്നിവ ജില്ലാതലത്തിൽ ഒറ്റ ഉദ്യോഗസ്ഥ സംവിധാനം ഉപയോഗപ്പെടുത്തി പ്രവർത്തിച്ച് തുടങ്ങി. മാലിന്യ സംസ്കരണം, സംയോജിത പദ്ധതി പ്രവർത്തനങ്ങൾ, ആസൂത്രണം തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ ഫലപ്രദമായ ഭരണ നിർവ്വഹണം ഇതുവഴി സാധ്യമായിത്തുടങ്ങി. വിവര സാങ്കേതികവിദ്യയുടെയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരം ഉണ്ടാക്കുന്നതിനാണ് ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ

പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നത് വഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്നരീതിയിൽ ഓഫീസുകളെ മാറ്റുന്നതിനും സാധിക്കും. ഇലക്ട്രോണിക്‌വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസുരഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. ഓഫീസുകളിലെ ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്നായും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാല് തട്ടായും നിജപ്പെടുത്തുകവഴി ഫയലുകളിൽ വേഗത്തിൽ തീരുമാനം ഉണ്ടാകുന്നതിനും സേവന പ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകളിൽനിന്നും വിശിഷ്യ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴി സാധ്യമാകും. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിൽനിന്നും

ലഭ്യമാവുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്നരീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കുന്നതാണ്.

(സി) കേരള മുനിസിപ്പൽ ആക്ട് പ്രകാരം ജോലിചെയ്യേണ്ട മുനിസിപ്പാലിറ്റി-കോർപ്പറേഷൻ ജീവനക്കാരും പഞ്ചായത്ത്രാജ് ആക്ട് പ്രകാരം ജോലി ചെയ്യേണ്ട ത്രിതല പഞ്ചായത്ത് ജീവനക്കാരും പരസ്പരം ഓഫീസ് മാറി ജോലി ചെയ്യുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ജീവനക്കാർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഏകീകൃത പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് കില, ഐ.എം.ജി എന്നീ സ്ഥാപനങ്ങൾ മുഖേന ജീവനക്കാർക്കുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖേന വകുപ്പുതലത്തിലും പരിശീലനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഏകീകൃത പൊതുസർവ്വീസ് ജീവനക്കാരുടെ വിവിധ തസ്തികകളിലേയ്ക്കുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; കൃത്യസമയത്ത് സ്ഥാനക്കയറ്റമടക്കമുള്ള ആനുകൂല്യങ്ങൾ തടസ്സമില്ലാതെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഏകീകൃത പൊതുസർവ്വീസ് ജീവനക്കാരുടെ വിവിധ തസ്തികകളിലേക്കുള്ള 31-12-2022 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ജീവനക്കാർക്ക് യഥാസമയം സ്ഥാനക്കയറ്റം തടസ്സമില്ലാതെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വയനാട് ജില്ലയിലെ മാലിന്യ സംസ്കരണം**

356(2492) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തികവർഷം വയനാട് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പും ശുചിത്വമിഷനും ഹരിത കേരളമിഷനും മാലിന്യ

സംസ്കരണത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയത്; ഈ വർഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ലക്ഷ്യമിടുന്നത്; ഇതിനായി അനുവദിച്ച തുകയുടെ വിശദാംശം നൽകുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) വയനാട് ജില്ലയിൽ ശുചിമുറി മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥലം കണ്ടെത്തിയതെന്നും അവിടെ പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

വയനാട് ജില്ലയിൽ ശുചിമുറി മാലിന്യപ്ലാന്റുകൾ സ്ഥാപിക്കാൻ നിലവിൽ അമ്പലവയൽ, പുൽപ്പള്ളി, വെള്ളമുണ്ട, എടവക എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലങ്ങളിൽ പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു, പൂർത്തിയായിട്ടില്ല .

(സി) പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ വയനാട് ചുരത്തിലും വനമേഖലയിലും റോഡിലും വലിച്ചെറിയുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമലംഘനങ്ങൾ നടത്തിയ എത്ര പേരെ ഇതുവരെ പിടികൂടിയിട്ടുണ്ട്; വിശദമാക്കുമോ?

വയനാട് ചുരം കോഴിക്കോട് ജില്ലയുടെ ഭാഗമായാണ് സ്ഥിതി ചെയ്യുന്നത്. മറ്റ് വനമേഖലയിലും റോഡരികിലും മാലിന്യം വലിച്ചെറിയുന്നത് തടയാൻ വിവിധ തദ്ദേശ സ്ഥാപന സ്ക്വാഡും ജില്ലാതല സ്ക്വാഡും പരിശോധന നടത്തിവരുന്നു. ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും മാലിന്യം വലിച്ചെറിയുന്നത് നമ്മുടെ നാടിനെ നശിപ്പിക്കുന്നു. ആയത് ശിക്ഷാർഹമാണെന്ന് കാണിച്ച് ഐ.ഇ.സി. ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. 12 ലക്ഷം രൂപയുടെ ബോർഡുകൾ/ ചുവരെഴുത്തുകൾ ഈ വർഷം നടത്താൻ ഉദ്ദേശിച്ചിട്ടുണ്ട്. 59 ഗാർബേജ് വൾണറിബിൾ പോയിന്റ് കണ്ടെത്തുകയും ആയത് വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വലിച്ചെറിയുന്നത് ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന് എതിരാണെന്നും ആയത് ശിക്ഷാർഹമാണെന്നും വയനാട്ടിലെ പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുവാൻ വിവിധ ക്യാമ്പയിനുകളിലൂടെ സാധിച്ചിട്ടുണ്ട്. എന്നാൽ വയനാട് ടൂറിസം ജില്ലയായതിനാൽ യാത്രക്കാരാണ് ഇത്തരം നിയമലംഘനങ്ങളിൽ

ഭൂരിഭാഗവും ഏർപ്പെടുന്നത് എന്നത് ജില്ലയുടെ മാലിന്യ സംസ്കരണത്തെ ബാധിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് 50 കേസുകൾ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിൽ 5,05,000/ രൂപ പിഴ ചുമത്തിയിട്ടുണ്ട്.

(ഡി) വയനാട് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇതിനായുള്ള ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എന്ത് തുകയാണ് പിഴയായി ഈടാക്കിയതെന്നും വെളിപ്പെടുത്തുമോ?

1. ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിൽ ശുചീകരണ തൊഴിലാളികൾ മാലിന്യം ശേഖരിക്കുകയും ഹരിത കർമ്മസേന അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൃത്യമായ ഇടവേളകളിൽ എടുക്കുകയും ചെയ്തുവരുന്നു.

2. മാലിന്യം വലിച്ചെറിയരുത് എന്ന ഐ.ഇ.സി ബോർഡുകൾ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സമീപത്തും  സ്ഥാപിച്ചിട്ടുണ്ട്.

3. മാലിന്യം വലിച്ചെറിയരുതെന്ന സന്ദേശവുമായി എല്ലാ കേന്ദ്രങ്ങളിലും വിതരണം ചെയ്യുന്നതിനായി 5000 നോട്ടീസ് തയ്യാറാക്കുകയും ആയത് വിവിധ കേന്ദ്രങ്ങളിൽ നൽകുകയും ചെയ്തിട്ടുണ്ട്

4. എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡ് സന്ദർശിക്കുകയും നിർദ്ദേശം നൽകുകയും ചെയ്തു.

5. ഡി.പി.സി, ഡി.ഡി.സി മറ്റു ജില്ലാതല മീറ്റിംഗുകൾ എന്നിവയിൽ പ്രസ്തുത വിഷയം ഉന്നയിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പോലീസ് വകുപ്പിനെയും മോട്ടോർ വാഹന വകുപ്പിനെയും നിയമലംഘനങ്ങൾ കണ്ടെത്താൻ ജില്ലാ കളക്ടർ നിയോഗിച്ചിട്ടുണ്ട്.

6. എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും പരിശോധന നടത്തുവാനും നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനനുസരിച്ച് പിഴ ഈടാക്കുവാനും തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്ക് ജില്ലാ സ്ക്വാഡ് കത്ത് നൽകിയിട്ടുണ്ട്. ജില്ലാതല സ്ക്വാഡിന്റെ പരിശോധനയിൽ മൂന്ന് സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതായി കണ്ടെത്തുകയും ആയതിന് 30,000/- ഫൈൻ ഈടാക്കിയിട്ടുമുണ്ട്. കൂടാതെ ജില്ലയിൽ ഏറ്റവും കൂടുതൽ വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളായ ഒറ്റ തവണ ഉപയോഗിക്കുന്ന നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിപണനം, ഉപയോഗം എന്നിവ സംബന്ധിച്ച് കർശന പരിശോധന ജില്ലാതല സ്ക്വാഡ് നടത്തിവരുന്നു. 50

പേർക്ക് 5,05,000/ രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. ആയതിൽ 4,07,000/ രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

**മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ**
**കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ**

357(2493) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വേതനമായും മറ്റ് പ്രവൃത്തികളിലൂടെയും എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനയിനത്തിൽ 2987.95 കോടി രൂപയും മെറ്റീരിയൽ ഘടകത്തിനായി 865.37 കോടി രൂപയും ഭരണച്ചെലവ് ഇനത്തിൽ 136.60 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ പ്രവൃത്തികളാണ് ഏറ്റെടുക്കാൻ കഴിയുകയെന്നും

ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ; പ്രസ്തുത നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കേന്ദ്ര-ഗ്രാമവികസന മന്ത്രാലയം പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികളെ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ആന്വൽ മാസ്റ്റർ സർക്കുലറിൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2022-23-ലെ ആന്വൽ മാസ്റ്റർ സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) കേന്ദ്ര സർക്കാർ നിർദ്ദേശങ്ങളിന്മേൽ സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

**റീ-ബിൽഡ് കേരള പദ്ധതി**

358(2494) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കായംകുളം നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്; ആയതിനായി അനുവദിച്ച തുക എത്രയെന്നും പ്രസ്തുത പ്രവൃത്തിയുടെ നിലവിലുള്ള നിർമ്മാണ പുരോഗതി എന്തെന്നും വിശദമാക്കാമോ?

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനുകീഴിലെ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.+ 04-11-2020-ലെ സ.ഉ(കൈ)നം.170/2020/ത.സ്വ.ഭ.വ. എന്ന ഉത്തരവിലൂടെ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.+

**തദ്ദേശസ്ഥാപനങ്ങളിലെ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വരയ്ക്കുന്നതിനുള്ള സോഫ്റ്റ്‍വെയർ അനുമതി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

359(2495) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്ഥാപനങ്ങൾ വഴിയുള്ള വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി വരയ്ക്കുന്നതിനുള്ള അംഗീകൃത സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നൂതന മാർഗ്ഗങ്ങളുൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ്‌വെയറുകൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വരയ്ക്കാനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു .

**തദ്ദേശസ്വയംഭരണ വകുപ്പിലെ സ്ഥിരനിയമനങ്ങൾ**

360(2496) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെ തദ്ദേശസ്വയംഭരണ വകുപ്പിലും വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലും കേരള

പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും അല്ലാതെയും നടത്തിയ സ്ഥിര നിയമനങ്ങളുടെ വിശദാംശങ്ങൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) മേൽ നിയമനങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ, മുസ്ലിം, ഈഴവ, മറ്റ് പിന്നാക്കവിഭാഗങ്ങൾ, ഇ.ഡബ്ല്യൂ.എസ്., പൊതുവിഭാഗം എന്നീ കാറ്റഗറികളിലെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചുവെന്നതിന്റെ വിശദാംശങ്ങൾ തസ്തിക തിരിച്ചുലഭ്യമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർക്കുന്നു.+

**സർക്കാർ അതിദരിദ്രർക്കുവേണ്ടി ചെലവഴിച്ച തുക**

361(2497) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദരിദ്രരെ കണ്ടെത്തുന്നതിനുവേണ്ടി ഈ സർക്കാർ ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

അതിദരിദ്രരെ കണ്ടെത്തുന്നതിന് സർവ്വേ, മൊബൈൽ ആപ്ലിക്കേഷൻ & വെബ്പോർട്ടൽ തയ്യാറാക്കുന്നതിന് PAN ENVIRON INDIA PVT LTD ന് 11,40,000/- (പതിനൊന്ന് ലക്ഷത്തി നാല്പതിനായിരം) രൂപയും SECURITY

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

AUDIT-ന് വേണ്ടി MIROX CYBER SECURITY & TECHNOLOGY PVT LTD-ന് 94,400/- (തൊണ്ണൂറ്റി നാലായിരത്തി നാന്നൂറ്) രൂപയും (ആകെ 12,34,400/- രൂപ) കുടുംബശ്രീ ഫണ്ടിൽനിന്നും വിനിയോഗിച്ചു. 2023-24 ബഡ്ജറ്റിൽ 2515-00-102-25(P) എന്ന ശീർഷകത്തിൽ 50 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

(ബി) അതിദരിദ്രർക്കുവേണ്ടി 2023 ജൂലായ് 31 വരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്ഥാപനങ്ങൾ ഡെവലപ്പ്മെന്റ് ഫണ്ട്, തനത് ഫണ്ട്, ഇതര ഫണ്ടുകൾ എന്നിവയിൽനിന്നാണ് അതിദരിദ്രർക്കുവേണ്ടി മൈക്രോ പ്ലാനുകൾക്കുള്ള തുക വിനിയോഗിക്കുന്നത്. സുലേഖ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ഇങ്ങനെ 6272.56 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ഏകീകൃത തദ്ദേശസ്വയം ഭരണ വകുപ്പിന്റെ പ്രവർത്തനം**

362(2498) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽവന്നത് എന്നുമുതലാണെന്ന് അറിയിക്കുമോ; ആയതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് 17-07-2020-ൽ സ.ഉ(കൈ) നം. 106/2020/ത.സ്വ.ഭ.വ നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും സ്പെഷ്യൽ റൂൾസ് യഥാക്രമം സ.ഉ.(പി)നം.74/2022/ത.സ്വ.ഭ.വ, സ.ഉ.(പി)നം.75/2022/ ത.സ്വ.ഭ.വ. ഉത്തരവുകൾ പ്രകാരം 27-10-2022-ൽ ഗസറ്റ് വിജ്ഞാപനം നടത്തിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.+

(ബി) പ്രസ്തുത വകുപ്പിനുള്ള ഫംഗ്ഷണൽ മാന്വൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന വിവിധ തസ്തികകളുടെ റൂൾസ് ഓഫ് ബിസിനസ്സിൽ ഓരോ തസ്തികയിലുള്ളവരുടെ ഉത്തരവാദിത്ത്വങ്ങളും ചുമതലകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി&സി) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള കരട് ഫംഗ്ഷണൽ മാന്വൽ സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്.

(ഡി) തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ 17-10-2012-ലെ സ.ഉ.(പി)നം.270/2012/എൽ.എസ്.ജി.ഡി. പ്രകാരം നിലവിൽ വന്നിട്ടുള്ള പി.ഡബ്ല്യൂ.ഡി. മാന്വൽ തന്നെയാണോ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലും നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ 17-10-2012-ലെ സ.ഉ.(പി) നം.270/2012/എൽ.എസ്.ജി.ഡി. പ്രകാരം നിലവിൽ വന്നിട്ടുള്ള പി.ഡബ്ല്യൂ.ഡി. മാന്വൽ തന്നെയാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലും നടപ്പിലാക്കിയിട്ടുള്ളത്.

**ജീവനക്കാരുടെ ശമ്പള വിതരണത്തിലുള്ള തടസ്സം**

363(2499) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണവുമായി ബന്ധപ്പെട്ട് 'സ്പാർക്ക്' ഇല്ലാത്ത വകുപ്പുകളിൽനിന്നും ഓഫീസ് മേധാവിയായി വന്ന ജീവനക്കാരുള്ള ഓഫീസുകളിൽ ശമ്പള വിതരണത്തിന് തടസ്സം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്പാർക്ക് ഇല്ലാത്ത വകുപ്പുകളിൽനിന്നും ഓഫീസ് മേധാവിയായി വന്ന ജീവനക്കാരുള്ള ഓഫീസുകളിൽ ശമ്പള വിതരണത്തിന് തടസ്സം നേരിടാൻ സാധ്യതയുള്ളതിനാൽ പ്രിൻസിപ്പൽ ഡയറക്ടറുടെ 31-07-2023-ലെ LSGD/PD/49449/2023-AE2 നമ്പർ കത്ത് പ്രകാരം വകുപ്പിലെ എല്ലാ ഡി.ഡി.ഒ.-മാർക്കും ടി വിഷയത്തിൽ

സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**ആൾതാമസമില്ലാത്ത വീടുകൾക്ക് അധിക നികുതി**

364(2500) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ആൾതാമസമില്ലാത്ത വീടുകൾക്ക് അധിക നികുതി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിൽ ഇല്ല.

**പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിലേയ്ക്ക് പ്രൊപ്പോസലുകൾ**

365(2501) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിലേയ്ക്ക് ഗ്രാമവികസന വകുപ്പ് മുഖേന വഖഫ് ഭൂമിയിൽ സ്കൂളുകൾ, കോളേജുകൾ, ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ എന്നിവ

നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽനിന്നും നേരിട്ട് ഗ്രാമവികസന വകുപ്പ് സ്വീകരിക്കാറുണ്ടോ; വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ സംസ്ഥാന വഖഫ് ബോർഡ് മുഖാന്തരമാണോ ഗ്രാമവികസന വകുപ്പ് മുഖാന്തരമാണോ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിലേയ്ക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതെന്നും അറിയിക്കാമോ?

പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽനിന്നും എം.പി., എം.എൽ.എ. എന്നിവരിൽനിന്നും ബ്ലോക്ക് തലസമിതികളിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ ജില്ലാതലത്തിൽ ജില്ലാകളക്ടർ അധ്യക്ഷനായ സമിതി പരിശോധിച്ച് സംസ്ഥാന തലത്തിലേയ്ക്ക് ശിപാർശ ചെയ്യുകയാണ് ചെയ്യുന്നത്. വഖഫ് ഭൂമിയിലെ പ്രോജക്ടുകൾ വഖഫ് ബോർഡിന്റെ അനുമതിയോടെ സർക്കാർ വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സമർപ്പിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ ഗ്രാമവികസന വകുപ്പ് മുഖാന്തരം വഖഫ് ഭൂമിയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശവും നിർവ്വഹണ അധികാരവും ആവർത്തന ചെലവുകളും വഹിക്കേണ്ടതും പി.എം.ജെ.വി.കെ.-യുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ ആണോ എന്നറിയിക്കാമോ; വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് മേൽപ്പറഞ്ഞ അധികാരങ്ങളുണ്ടോ; വിശദമാക്കാമോ?

പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി പ്രകാരം വഖഫ് ഭൂമിയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം വഖഫ് സ്ഥാപനത്തിനും നിർവ്വഹണ അധികാരവും ആവർത്തന ചെലവുകളും വഹിക്കുന്നത് തദ്ദേശ സ്ഥാപനങ്ങളുമാണ്.

(സി) 2022-23 വർഷത്തിൽ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽനിന്നും ഗ്രാമവികസന വകുപ്പ് മുഖാന്തരം വഖഫ് ഭൂമിയിൽ പി.എം.ജെ.വി.കെ. പദ്ധതിക്കുവേണ്ടിയുള്ള എത്ര പ്രൊപ്പോസലുകൾ ലഭിച്ചിരുന്നുവെന്ന് ജില്ലാ പ്രൊപ്പോസലിന്റെ പേര്, ആവശ്യപ്പെടുന്ന തുക, ബ്ലോക്ക് പഞ്ചായത്ത് എന്നിവ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) വഖഫ് ഭൂമിയിൽ പി.എം.ജെ.വി.കെ. പദ്ധതിപ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ പ്രസ്തുത ഭൂമി വഖഫ് ഭൂമി തന്നെയാണോയെന്നും വഖഫ് ബോർഡിന്റെ കൈവശത്തിലാണോയെന്നുമുള്ള റവന്യൂ രേഖകൾ പരിശോധിക്കാറുണ്ടോ; ഇതുപരിശോധിക്കേണ്ട ഉദ്യോഗസ്ഥർ ആരെന്നും വ്യക്തമാക്കാമോ; ബന്ധപ്പെട്ട വില്ലേജ് അധികാരികളുടെ സാക്ഷ്യപത്രം ഇതിനായി ആശ്രയിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വസ്തു നികുതി അടച്ച രേഖകളും വഖഫ് ബോർഡിന്റെ സമ്മതപത്രവും പരിശോധിച്ച് ജില്ലാ കളക്ടർ അധ്യക്ഷനായ PMJVK-യുടെ സമിതിയാണ് നടപടി സ്വീകരിക്കുന്നത്.

(ഇ) മതസ്ഥാപനങ്ങൾ, ഓർഫനേജുകൾ തുടങ്ങി വഖഫിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് ഗ്രാമവികസന വകുപ്പ് മുഖാന്തരം പി.എം.ജെ.വി.കെ. പദ്ധതിയിലേയ്ക്ക് നേരിട്ട് പ്രൊപ്പോസലുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിക്കാൻ സാധിക്കുമോ; ഇതിനായി ഇത്തരം സ്ഥാപനങ്ങൾ ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ PMJVK പ്രകാരം സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ ബ്ലോക്കുതല കമ്മിറ്റി അംഗീകരിച്ച് ജില്ലാതല കമ്മിറ്റിയിലേയ്ക്ക് ശിപാർശ ചെയ്യുന്നു. വഖഫ് ബോർഡിൽ നിന്നുള്ള സമ്മതപത്രം, ഭൂമിയുടെ നികുതിയടച്ച രസീത്, ഭാവി പരിപാലന ചുമതല ഏറ്റെടുക്കുന്നത് സംബന്ധിച്ച സത്യവാങ്മൂലം, വിശദമായ പദ്ധതി റിപ്പോർട്ട് എന്നിവ ഉൾപ്പെടെ നിർദ്ദിഷ്ട മാനദണ്ഡപ്രകാരം ശിപാർശ സമർപ്പിക്കേണ്ടതുണ്ട്.

**തിരുവനന്തപുരം ജില്ലയിലെ ടേക്ക് എ ബ്രേക്ക് പദ്ധതി**

366(2502) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച വിശ്രമകേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച വിശ്രമ കേന്ദ്രങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) അരുവിക്കര നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 'ടേക്ക് എ ബ്രേക്ക്' കേന്ദ്രങ്ങൾ ചുവടെ ചേർക്കുന്നു.

1) അഴീക്കോട് -അരുവിക്കര ഗ്രാമപഞ്ചായത്ത്.

2) ഏലിയാവൂർ മാർക്കറ്റ് -ഉഴമലക്കൽ ഗ്രാമപഞ്ചായത്ത്.

3) വെറ്ററിനറി ഹോസ്പിറ്റലിന് സമീപം കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് .

**അഴിക്കോട് മണ്ഡലത്തിലെ റോഡുകൾ**

367(2503) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഴിക്കോട് മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകൾ, അവയുടെ പേര്, അതിന്റെ ദൈർഘ്യം, വീതി എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ചാവക്കാട് നഗരസഭയിൽ പങ്കാളിത്ത വ്യവസ്ഥയിൽ പാർപ്പിട സമുച്ചയ നിർമ്മാണം

368(2504) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചാവക്കാട് നഗരസഭയിൽ പങ്കാളിത്ത വ്യവസ്ഥയിൽ പാർപ്പിട സമുച്ചയം നിർമ്മിക്കാൻ നഗരസഭ നൽകിയ അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ ചാവക്കാട് മുൻസിപ്പാലിറ്റിയിൽപ്പെട്ട മണത്തല വില്ലേജിൽ സർവ്വേ നമ്പർ 75/3-ൽപ്പെട്ട 50 സെന്റ് സ്ഥലത്ത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പങ്കാളിത്ത വ്യവസ്ഥയിൽ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിന് നഗരസഭ ലൈഫ് മിഷനെ സന്നദ്ധത അറിയിച്ചിരുന്നു. ഇതിലേയ്ക്കാവശ്യമായി വരുന്ന ആകെ തുകയുടെ 71% തുക ലൈഫ് മിഷൻ നൽകണമെന്നാണ് നഗരസഭയുടെ ആവശ്യം. എന്നാൽ പങ്കാളിത്ത വ്യവസ്ഥയിൽ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിന് ലൈഫ് മിഷൻ 50% തുകയാണ് അനുവദിച്ച് നൽകുന്നത്. അതിനാൽ പ്രൊപ്പോസലിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

(ബി) തൃശ്ശൂർ ജില്ലയിൽ നിലവിൽ പങ്കാളിത്ത വ്യവസ്ഥയിൽ പാർപ്പിട സമുച്ചയം നിർമ്മിക്കാൻ പദ്ധതികൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

പാർപ്പിട സമുച്ചയം നിർമ്മിക്കാനായി പദ്ധതികളൊന്നും നിലവിലില്ല.

**മാലിന്യ സംസ്കരണത്തിന് വകയിരുത്തിയിട്ടുള്ള തുക**

369(2505) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷം മാലിന്യ സംസ്കരണ പദ്ധതികൾക്കായി വിവിധ സ്രോതസ്സുകളിൽനിന്നും (പ്ലാൻ ഫണ്ട്, തനത് ഫണ്ട്, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, AMRUT, SBM, KSWMP) ആകെ 3051.97 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**മലപ്പുറം, വയനാട്, കോഴിക്കോട് ജില്ലകളിലെ തദ്ദേശ സ്ഥാപനങ്ങളിലെ പെയിൻ & പാലിയേറ്റീവ് സംഘടനകൾ**

370(2506) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം, വയനാട്, കോഴിക്കോട് ജില്ലകളിലെ തദ്ദേശ സ്ഥാപനങ്ങളിൽ പെയിൻ & പാലിയേറ്റീവ് രംഗത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ വിശദാംശങ്ങളും വിലാസവും ബന്ധപ്പെടേണ്ട നമ്പരുകളും ലഭ്യമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാർക്കുള്ള പ്രൊമോഷൻ

371(2507) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ ഉൾപ്പെട്ട മുനിസിപ്പൽ കോമൺ സർവ്വീസിലെയും നഗരകാര്യ ഡയറക്ടറേറ്റിലെയും സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാർക്കും സ്റ്റേറ്റ് സർവ്വീസിലേയ്ക്ക് പ്രൊമോഷൻ നൽകേണ്ട ജീവനക്കാർക്കും 21-10-2022-നുശേഷം ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി (ഡി.പി.സി.) ചേർന്ന് പ്രൊമോഷൻ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അംഗീകരിച്ച ലിസ്റ്റുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

ഉണ്ട്. ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഡി.പി.സി. അംഗീകരിക്കാതെ മുനിസിപ്പൽ കോമൺ സർവ്വീസിലെയോ നഗരകാര്യ ഡയറക്ടറേറ്റിലെയോ ജീവനക്കാർക്ക് സ്റ്റേറ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവ്വീസായ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, സീനിയർ സെക്രട്ടറി, എൽ.എസ്.ജി.ഡി. സെക്രട്ടറി, ക്ലീൻ സിറ്റി മാനേജർ തസ്തികകളിലേയ്ക്ക് പ്രൊമോഷൻ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ (നഗരകാര്യം) ഡയറക്ടറുടെ 19-12-2022-ലെ ഡി. യു. എ/5387/2022-ഇ.6 നമ്പർ നടപടി പ്രകാരം ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേയ്ക്കും 10-11-2022-ലെ ഇ.5-4622/2022, 01-02-2023, 02-02-2023-ലെ ഡിയുഎ/4622/2022-ഇ.5 നമ്പർ നടപടികൾ പ്രകാരം ക്ലീൻ സിറ്റി മാനേജർ തസ്തികയിലേയ്ക്കും ഡി.പി.സി. കൂടാതെ പ്രൊമോഷൻ നൽകിയിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ 'ടേക്ക് എ ബ്രേക്ക്' പദ്ധതി**

372(2508) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാരിന്റെ 'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം ആധുനിക സൗകര്യങ്ങളോടുകൂടിയ ടോയ്‌ലറ്റ് കോംപ്ലക്സുകളും,

വിശ്രമ കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ എത്ര ടോയ്ലറ്റ് കോംപ്ലക്സുകൾ/വിശ്രമകേന്ദ്രങ്ങളാണ് പണിയുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതെന്നും അവ എവിടെയെല്ലാമാണെന്നും നിലവിൽ ഏത് ഘട്ടത്തിലാണെന്നും വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിൽ 217 ടോയ്ലറ്റ് കോംപ്ലക്സുകളും, വിശ്രമകേന്ദ്രങ്ങളുമാണ് നിർമ്മിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 22 പദ്ധതികൾ പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. അവയുടെ സ്ഥലം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**

373(2509) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതി പ്രകാരം അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിന്മേൽ പരിശോധന, പുന:പരിശോധന, ഒന്നും, രണ്ടുംഘട്ട അപ്പീലുകൾ പൂർത്തിയാക്കി ഗ്രാമസഭ/വാർഡുസഭ അംഗീകാരം, തദ്ദേശസ്വയംഭരണ സ്ഥാപന അംഗീകാരം എന്നിവയോടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തദ്ദേശസ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| തദ്ദേശ സ്വയംഭരണ സ്ഥാപനം | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ലൈഫ് 2020 പദ്ധതിക്ക് അർഹതയുള്ളവർ | | |
|---|---|---|---|
| | ഭവനരഹിതർ | ഭൂരഹിതർ | ആകെ |
| കൂത്തുപറമ്പ് നഗരസഭ | 9 | 42 | 51 |
| പാനൂർ നഗരസഭ | 20 | 11 | 31 |
| കോട്ടയം | 73 | 27 | 100 |

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | | | |
| കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് | 80 | 3 | 83 |
| പാട്യം ഗ്രാമപഞ്ചായത്ത് | 168 | 13 | 181 |
| തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | 141 | 2 | 143 |
| മൊകേരി ഗ്രാമപഞ്ചായത്ത് | 60 | 18 | 78 |
| ആകെ | 551 | 116 | 667 |

(സി) പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള അർഹതമാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

27-07-2020-ലെ സ.ഉ(കൈ) നം.112/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള അർഹതമാനദണ്ഡങ്ങളുടെയും ക്ലേശഘടകങ്ങളുടെയും അടിസ്ഥാനത്തിലാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

(ഡി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ അർഹതയുള്ള പലരും ഉൾപ്പെടാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

അത്തരം ആളുകൾക്ക് അവസരം നൽകുന്ന കാര്യം പരിശോധിക്കുമോയെന്ന് വിശദമാക്കുമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പ്രസ്തുത മണ്ഡലത്തിൽ യഥാസമയം വീട് നിർമ്മാണം പൂർത്തീകരിച്ചവർക്ക് ഘട്ടംഘട്ടമായി നൽകുന്ന തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഭവന നിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകൾ പൂർത്തിയാക്കുന്നമുറയ്ക്ക് ഘട്ടം ഘട്ടമായാണ് തുക അനുവദിക്കുന്നത്. ഇപ്രകാരം സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഫണ്ടഭ്യർത്ഥന നടത്തിയിട്ടുള്ള ഗുണഭോക്താക്കൾക്കുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

(എഫ്) പ്രസ്തുത മണ്ഡലത്തിലെ ലിസ്റ്റിൽനിന്നും ആദ്യ വർഷം എത്ര ഗുണഭോക്താക്കൾക്ക് വീട് ലഭിക്കുമെന്നും ബാക്കിയുള്ളവർക്ക് എപ്പോഴാണ് ലഭിക്കുകയെന്നും വ്യക്തമാക്കുമോ?

2022-23 സാമ്പത്തിക വർഷം (ലിസ്റ്റ് തയ്യാറാക്കിയ ആദ്യ വർഷം) 237 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് തുടർന്ന് ഭവന നിർമ്മാണാനുകൂല്യം ലഭിക്കുന്നതാണ്.

**തെരുവ് നായ ആക്രമണം**

374(2510) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായയുടെ ആക്രമണത്തിൽ മരണപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും നൽകിവരുന്ന സഹായം എന്തെല്ലാമാണെന്ന് അറിയിക്കുമോ?

തെരുവുനായ ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരത്തിനായി ബന്ധപ്പെട്ട രേഖകൾ സഹിതം ജസ്റ്റിസ് (റിട്ട.) സിരി ജഗൻ കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജസ്റ്റിസ് (റിട്ട.) സിരി ജഗൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നഷ്ടപരിഹാരം നൽകി വരുന്നു. കൂടാതെ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി മുഖേനയും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയായി എത്രപേർക്ക് ഈയിനത്തിൽ സഹായങ്ങൾ നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ജസ്റ്റിസ് (റിട്ട.) സിരി ജഗൻ കമ്മിറ്റി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഉത്തരവുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഉത്തരവ് | അനുവദിച്ച നഷ്ടപരിഹാര ത്തുക |
|---|---|---|
| 1 | G.O (Rt) No. 1546/2017/LSGD : 11-05-2017 | 33,37,743/- |
| 2 | G.O (Rt) No. 3551/2017/LSGD : 03-11-2017 | 60,34,255/- |
| 3 | G.O (Rt) No. 2093/2018/LSGD : 28-07-2018 | 96,54,796/- |
| 4 | G.O (Rt) No. 2919/2018/LSGD: 14-11-2018 | 11,78,788/- |
| 5 | G.O (Rt) No. 1621/2019/LSGD : 24-07-2019 | 38,55,598/- |
| 6 | G.O (Rt) No. 503/2020/LSGD : 28-02-2020 | 93,74,991/- |
| 7 | G.O (Rt) No. 1667/2021/LSGD: 02-09-2021 | 93,72,848/- |
| 8 | G.O (Rt) No. 453/2022/LSGD : 24-02-2022 | 85,72,079/- |
| 9 | G.O (Rt) No. 203/2023/LSGD : 24-01-2023 | 87,51,458/- |

| | | |
|---|---|---|
| 10 | G.O (Rt) No. 746/2023/LSGD: 29-03-2023 | 87,47,857/- |
| | ആകെ | 6,88,80,413/- |

മേൽ ഉത്തരവുകൾപ്രകാരം ആക്രമണത്തിനിരയായ 897 പേർക്കാണ് നഷ്ടപരിഹാരം നൽകാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. ഓരോരുത്തരും ക്ലെയിം ചെയ്ത തീയതി മുതൽ തുക വിതരണം ചെയ്യുന്ന തീയതി വരെയുള്ള കാലയളവിനനുസൃതമായി 9% വാർഷിക പലിശയുൾപ്പെടെയുള്ള തുകയാണ് നൽകുന്നത്.

**മലമ്പുഴ പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്.**
**ഹയർ സെക്കൻഡറി ബ്ലോക്ക് നിർമ്മാണം**

375(2511) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ നിയോജകമണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. ഹയർ സെക്കൻഡറി ബ്ലോക്ക് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. ഹയർ സെക്കൻഡറി ബ്ലോക്ക് നിർമ്മാണ പ്രവൃത്തിക്ക് സ.ഉ.(സാധാ)നം.1775/2023/ത.സ്വ.ഭ.വ. 05-09-2023-ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് പാലക്കാട് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13-01-2023-ലെ ഡി.ബി-3/ബജറ്റ്/എം.പി.4/19-20 കത്ത് പ്രകാരം സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

10-02-2023-ലെ ഡി.ബി.4/954/22/സി.ഇ./ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച ചീഫ് എഞ്ചിനീയർ ഓഫീസിലെ ഫയലിന്റെ നമ്പരും, ചീഫ് എഞ്ചിനീയർ നടത്തിയ കത്തിടപാടുകളുടെ പകർപ്പും ലഭ്യമാക്കാമോ?

ഡി.ബി.4/954/22/സി.ഇ./ത.സ്വ.ഭ.വ. ഇതേ നമ്പറിൽ 10-02-2023-ൽ സർക്കാരിലേയ്ക്ക് അയച്ച കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**എം.ജി.എൻ.ആർ.ഇ.ജി.എസ്-ൽ നിന്നും സംസ്ഥാനത്ത് തൊഴിലാളികൾ ഒഴിവാക്കപ്പെട്ടത്**

376(2512) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്-ൽനിന്നും സംസ്ഥാനത്ത് എത്ര തൊഴിലാളികൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്; ഇതുമുൻവർഷത്തേതിനെക്കാൾ എത്ര ശതമാനം കൂടുതലാണ്; വിശദമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും തൊഴിലാളികളുടെ അഭ്യർത്ഥന പ്രകാരവും 354,709 (108,111 കുടുംബങ്ങൾ) തൊളിലാളികളെ MIS-ൽ നിന്നും ഡിലീറ്റ് ചെയ്ത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിവാക്കിയിട്ടുണ്ട്. 2021-22 വർഷം ആകെ രജിസ്റ്റർ ചെയ്ത തൊഴിലാളികളിൽ 1.14% പേരെ ഒഴിവാക്കിയപ്പോൾ 2022-23 വർഷം ആകെ രജിസ്റ്റർ ചെയ്ത തൊഴിലാളികളിൽ 5.75% പേരെ ഒഴിവാക്കുകയുണ്ടായി.

(ബി) ഇത്തരത്തിൽ പ്രസ്തുത പദ്ധതിയിൽനിന്നും തൊഴിലാളികളെ നീക്കം ചെയ്തതിൽ രാജ്യത്ത് എത്രാം സ്ഥാനത്താണ് കേരളം; ഏറ്റവും കൂടുതൽ തൊഴിലാളികൾ ഒഴിവാക്കപ്പെട്ട സംസ്ഥാനങ്ങൾ ഏതൊക്കെയാണ്?

2022-23 സാമ്പത്തിക വർഷത്തിൽ തൊഴിലാളികളെ ഡിലീറ്റ് ചെയ്തതിൽ രാജ്യത്ത് പതിനെട്ടാം സ്ഥാനമാണ് കേരളത്തിനുള്ളത്. ഇതിൽ ഏറ്റവും മുന്നിലുള്ള സംസ്ഥാനങ്ങൾ ഒഡീഷ, ആന്ധ്രാപ്രദേശ്, പുതുച്ചേരി, ബീഹാർ, ബംഗാൾ എന്നിവയാണ്.

(സി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായവരിൽ എത്ര ശതമാനം പേരുടെ ബാങ്ക് അക്കൗണ്ട് ആധാറുമായി ബന്ധിപ്പിച്ചിട്ടുണ്ട്?

സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായ 98.40% സജീവ തൊഴിലാളികളുടെയും ബാങ്ക് അക്കൗണ്ട് ആധാറുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിൽ നിലവിൽ എത്ര അംഗങ്ങളുണ്ട്?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ 4069118 കുടുംബങ്ങളിൽനിന്നായി 6,038,087 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ഇരവിപുരം മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

377(2513) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) ഇരവിപുരം മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിൽ ഒഴിവുകളൊന്നും ~~തന്നെ~~ നിലവിലില്ല.

**പട്ടാമ്പി മണ്ഡലത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി തകർന്ന റോഡുകൾ ഗതാഗത യോഗ്യമാക്കുന്നത്**

378(2514) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലെയും തദ്ദേശ റോഡുകൾ ജലജീവൻ പദ്ധതിയുടെ ഭാഗമായി തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലജീവൻ പദ്ധതിയിൽ പൈപ്പുകൾ ഇടുന്നതിന്റെ ഭാഗമായി റോഡുകൾക്ക് റീസ്റ്റോറേഷൻ പ്രവൃത്തി ആവശ്യമായി വരുന്നുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ റോഡുകൾ പൂർണമായും നവീകരിക്കാൻ സാധ്യമല്ലാത്തതിനാൽ പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ബന്ധപ്പെട്ട വകുപ്പുമായി ചേർന്ന് ഗ്രാമീണ റോഡുകൾ തകർന്നത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) നിലവിൽ പ്രത്യേകമായി ഫണ്ടുകളൊന്നും വകയിരുത്തിയിട്ടില്ല. ജലജീവൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ റോഡ് റീസ്റ്റോറേഷൻ തുക ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന റോഡ് മെയിന്റനൻസ് ഫണ്ട് മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ഉപയോഗിക്കാവുന്നതാണ്.

**പാലക്കാട് ജില്ലയിലെ ടേക്ക് എ ബ്രേക്ക് പദ്ധതികൾ**

379(2515) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ആകെ എത്ര 'ടേക്ക് എ ബ്രേക്ക്' പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്?

പാലക്കാട് ജില്ലയിൽ ആകെ 120 'ടേക്ക് എ ബ്രേക്ക്' പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ പ്രസ്തുത പദ്ധതികൾ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്; അവ ഏതെല്ലാം പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമാണെന്ന് വ്യക്തമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ ആകെ 11 പദ്ധതികൾ പൂർത്തീകരിച്ചു. അവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | എണ്ണം |
|---|---|---|
| 1 | ഒറ്റപ്പാലം മുൻസിപ്പാലിറ്റി | 4 |
| 2 | അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് | 1 |
| 3 | കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് | 1 |
| 4 | കരിമ്പുഴ ഗ്രാമപഞ്ചായത്ത് | 2 |
| 5 | പൂക്കോട്ട് കാവ് ഗ്രാമപഞ്ചായത്ത് | 1 |
| 6 | ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | 1 |
| 7 | തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് | 1 |
| | ആകെ | 11 |

## സമ്പൂർണ്ണ മാലിന്യമുക്ത കേരളം

380(2516) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വമിഷനും ഹരിത കേരള മിഷനും ചേർന്ന് 2026-ൽ കേരളത്തെ സമ്പൂർണ്ണ മാലിന്യ മുക്തമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുന്നതിന് 'മാലിന്യമുക്ത നവകേരളം' എന്ന പേരിൽ കാമ്പയിൻ പ്രവർത്തനങ്ങൾക്ക് രൂപം നൽകി പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. 'മാലിന്യമുക്തം നവകേരളം' സമയബന്ധിതമായ ഭൗതിക ലക്ഷ്യവും സുസ്ഥിര സേവനപ്രദാന സംവിധാനവും കൈവരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ നിർമ്മാണം, സേവനപ്രദാന സംവിധാനവും പ്രക്രിയയും ഉറപ്പാക്കൽ, സേവന ദാതാക്കളുടെ വൈദഗ്ധ്യവും നൈപുണ്യവും വികസിപ്പിക്കൽ, ആവശ്യമായ പുതിയ നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ, മാർഗ്ഗരേഖകൾ എന്നിവ വികസിപ്പിക്കൽ, ജനങ്ങളുടെ മനോഭാവവും ശീലവും ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന് അനുയോജ്യമാക്കൽ തുടങ്ങി വിപുലവും വൈവിധ്യവുമാർന്ന പ്രവർത്തനങ്ങളാണ് മാലിന്യമുക്തം നവകേരളം

ക്യാമ്പയിന്റെ ഭാഗമായി നടത്തുന്നത്. കേരളത്തിന്റെ രോഗാതുരത കുറയ്ക്കുക, സർക്കുലർ എക്കണോമിയിൽ അധിഷ്ഠിതമായ ഉൽപ്പാദന-തൊഴിൽ സാധ്യത സൃഷ്ടിക്കുക, കൂടുതൽ ആകർഷകവും സുരക്ഷിതവുമായ പ്രദേശമായി കേരളത്തെ മാറ്റിയെടുക്കുക തുടങ്ങിയവയാണ് 'മാലിന്യമുക്തം നവകേരളം' എന്ന ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. കുട്ടികൾ യുവജനങ്ങൾ, സ്ത്രീകൾ, മുതിർന്നപൗരന്മാർ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പങ്കാളിത്തവും നേതൃത്വവും ഉറപ്പാക്കുന്ന ജനകീയ ക്യാമ്പയിനാണ് നടന്നു വരുന്നത്. മാലിന്യ സംസ്കരണത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും വാതിൽപ്പടി സേവനം നൽകി അജൈവപാഴ്വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയും ഉറവിടമാലിന്യ സംസ്കരണവും തരംതിരിക്കലും പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടന്നുവരുന്നു. ജലാശയങ്ങളിലുൾപ്പെടെ 5,588 മാലിന്യക്കൂനകൾ ഇതിനകം നീക്കം ചെയ്തിട്ടുണ്ട്. 2023 ജൂൺ 5-നകം പൂർത്തീകരിക്കേണ്ട അടിയന്തര കാലഘട്ടം, 2023 നവംബർ 30-നകം

പൂർത്തീകരിക്കേണ്ട ഹ്രസ്വകാലഘട്ടം, 2024 മാർച്ച് 31-നകം പൂർത്തീകരിക്കേണ്ട ദീർഘകാലഘട്ടം എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായി തിരിച്ചുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. സംസ്ഥാനാടിസ്ഥാനത്തിൽ ഈ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ എന്നിവരുടെയും തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ചെയർമാനും ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ കൺവീനറുമായി ജില്ലാ ഏകോപനസമിതികളും നിയോജകമണ്ഡലാടിസ്ഥാനത്തിൽ നിയമസഭാ സാമാജികർ ചെയർമാനായി നിയോജകമണ്ഡലം കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു.

(ബി) സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്ന അജൈവപാഴ്‌വസ്തുക്കൾ ഏതൊക്കെ വിധത്തിലാണ് പുനരുപയോഗിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; ഇതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഹരിതകർമ്മ സേന ശേഖരിക്കുന്ന പാഴ്വസ്തുക്കൾ വാർഡുതലത്തിൽ സ്ഥാപിച്ചിട്ടുള്ള മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേയ്ക്കോ/തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേയ്ക്കോ എത്തിച്ച് അവയുടെ പുനഃചംക്രമണ മൂല്യത്തിനനുസരിച്ച് തരംതിരിച്ച് സർക്കാർ ഏജൻസിയായ ക്ലീൻ കേരള കമ്പനി മുഖേനയോ, പാഴ്വസ്തു വ്യാപാരികൾ മുഖേനയോ പുനഃചംക്രമണത്തിനോ പുനരുപയോഗത്തിനോ കൈമാറിവരുന്നു. പുനഃചംക്രമണയോഗ്യമല്ലാത്തതും, നിലവാരം കുറഞ്ഞതുമായ പ്ലാസ്റ്റിക്കുകൾ റോഡ് നിർമ്മാണ പ്രവർത്തികൾക്കായി ഉപയോഗിക്കുന്നു. ബാക്കി വരുന്ന നിഷ്ക്രിയ അജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സിമന്റ് ഫാക്ടറികൾക്ക് കൈമാറുന്നു. സർക്കാർ ഏജൻസിയായ ക്ലീൻ കേരള കമ്പനിയ്ക്കുപുറമേ ഈ മേഖലയിൽ പരിജ്ഞാനവും പരിചയസമ്പത്തുമുള്ള പ്രൈവറ്റ് ഏജൻസികളും അജൈവപാഴ്വസ്തു ശേഖരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

## കുടുംബശ്രീ ജനകീയ ഹോട്ടൽ

381(2517) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കുറഞ്ഞ നിരക്കിൽ ഭക്ഷണം വിതരണം ചെയ്യുന്ന കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്ക് സബ്സിഡിയിനത്തിൽ നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്ക് സബ്സിഡി ഇനത്തിൽ നാളിതുവരെ 131.11 കോടി രൂപ നല്കിയിട്ടുണ്ട്.

| ക്രമ നം. | സാമ്പത്തിക വർഷം | അനുവദിച്ച തുക (കോടിയിൽ ) |
|---|---|---|
| 1 | 2019-20 | 23.64 |
| 2 | 2020-21 | 0 |
| 3 | 2021-22 | 50 |
| 4 | 2022-23 | 30.72 |
| 5 | 2023-24 | 26.75 |

## കുന്നംകുളം മണ്ഡലത്തിലെ ടേക്ക് എ ബ്രേക്ക് പദ്ധതി

382(2518) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ വേലൂർ ഗ്രാമപഞ്ചായത്ത് 'ടേക്ക് എ ബ്രേക്ക്' പദ്ധതി നടപ്പിലാക്കാൻ ആവശ്യപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ഡി) എങ്കിൽ തടസ്സങ്ങൾ നീക്കി എന്നേയ്ക്ക് പദ്ധതി ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

(എ-ഡി) നിവേദനം ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വേലൂർ ഗ്രാമപഞ്ചായത്തിനുകീഴിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതി സ്ഥാപിക്കുന്നതിന് സ്വന്തമായി അനുയോജ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ വേലൂർ ചുങ്കം സെന്ററിൽ ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള

സർവ്വേ നം. 1480/10-ൽ ഉൾപ്പെട്ട 7.48 സെന്റ് സ്ഥലം വിട്ട് കിട്ടുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടുണ്ട്. ഇറിഗേഷൻ വക സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. സ്ഥലം വിട്ടുകിട്ടുന്നത് അനുസരിച്ച് പദ്ധതി ആരംഭിക്കുന്നതാണ് .

## എം.എൽ.എ. എസ്.ഡി.എഫ്, എൽ.എ.സി.-എ.ഡി.എസ്, ഫ്ലഡ് റോഡ് പ്രവൃത്തികൾ

383(2519) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട്, മഞ്ചേശ്വരം ബ്ലോക്കുകളിൽ എം.എൽ.എ എസ്.ഡി.എഫ്., എൽ.എ.സി.-എ.ഡി.എസ്., ഫ്ലഡ് റോഡ് പ്രവൃത്തികൾ എന്നിവയുടെ ടെണ്ടർ നടപടികളും പ്രവൃത്തി പൂർത്തീകരണവും വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിലുള്ള പേരും പ്രൊപ്പോസ് ചെയ്യുന്ന പേരും തമ്മിലുള്ള വൈരുദ്ധ്യം, ഫയൽ നടപടിക്രമങ്ങൾ

പാലിക്കുന്നതിലുണ്ടാകുന്ന കാലതാമസം എന്നിവ പദ്ധതി നിർവ്വഹണത്തിന് കാലതാമസം വരുത്തുന്നതിന് ഇടയാക്കുന്നു.

(ബി) പ്രസ്തുത ബ്ലോക്കുകളിൽ ഇത്തരത്തിൽ പെൻഡിംഗായിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

നടപടിക്രമങ്ങൾ പൂർത്തിയാക്കി ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

## പാലാ മണ്ഡലത്തിലെ മൂന്നിലവ് പഞ്ചായത്തിലെ ജനങ്ങളുടെ ദുരിതം

384(2520) ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിൽ പാലാ മണ്ഡലത്തിലെ മൂന്നിലവ് പഞ്ചായത്തിൽ ഒന്നര വർഷം മുമ്പുണ്ടായ പ്രളയത്തിൽ കടവുപുഴ പാലവും റോഡും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തകർന്നുപോയതുകാരണം ജനങ്ങൾ ദുരിതത്തിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് പുനർനിർമ്മിച്ച് ജനങ്ങൾ ഇപ്പോൾ നേരിടുന്ന ദുരിതം മാറ്റാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി പുനർനിർമ്മാണ പ്രവൃത്തി നിർവ്വഹിക്കുന്നതിനാവശ്യമായ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് നൽകിയിരുന്നു. ഇതിനോടകം അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് മുൻഗണന നൽകേണ്ടതിനാൽ പ്രസ്തുത പ്രവൃത്തി റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ ഉൾപ്പെടുത്താൻ കഴിയില്ല.

**പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ എണ്ണം**

385(2521) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന് കീഴിലുള്ള പഞ്ചായത്ത് വകുപ്പിൽ ഹെഡ് അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് തസ്തികയിൽ സംസ്ഥാനത്താകെ എത്ര ജീവനക്കാർ നിലവിലുണ്ട്; വ്യക്തമാക്കാമോ?

പഞ്ചായത്ത് വകുപ്പിൽ ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്ക് തസ്തികയിൽ സംസ്ഥാനത്താകെ 1551 ജീവനക്കാർ നിലവിലുണ്ട്.

(ബി) നിലവിൽ പ്രസ്തുത വകുപ്പിൽ മേൽ സൂചിപ്പിച്ച തസ്തികയിലുള്ളവരുടെ അന്തിമ സീനിയോറിറ്റി പട്ടിക ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(സി) 2026 മേയ് 31 വരെ പ്രസ്തുത തസ്തികകളിൽനിന്നും വിരമിക്കുന്നവരുടെ എണ്ണം മാസം, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

**അയ്യൻകുന്ന്-ആറളം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മാഞ്ചുവട് പാലം**

386(2522) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ തകർന്ന അയ്യൻകുന്ന്-ആറളം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മാഞ്ചുവട് പാലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനർനിർമ്മിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) ഇൻവസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറായിട്ടും പാലം പുനർനിർമ്മിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; പാലം അടിയന്തരമായി പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുള്ള പുനർനിർമ്മാണ പ്രവൃത്തിയുടെ 3.10 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

**മലമ്പുഴ മണ്ഡലത്തിലെ മിഥുനംപള്ളം റോഡ് നവീകരണം**

387(2523) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബഡ്ജറ്റിൽ 2.5 കോടി രൂപ അനുവദിച്ച മലമ്പുഴമണ്ഡലത്തിലെ മിഥുനംപള്ളം റോഡ് നവീകരണപ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഭരണാനുമതി ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് പാലക്കാട് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 19-05-2022-ലെ ഡി.ബി3-ബഡ്ജറ്റ്/1135/2021/എം.പി.4 കത്തുപ്രകാരം സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ ഓഫീസിലെ ഫയലിന്റെ നമ്പർ, ചീഫ് എഞ്ചിനീയർ നടത്തിയ കത്തിടപാടുകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

(ബി&സി) പ്രസ്തുത കത്ത് ഇതുവരെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ഐ.എൽ.ജി.എം.എസ്. പോർട്ടൽ വേഗതക്കുറവ്**

388(2524) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഫയൽ പ്രോസ്സസിംഗിന് ഉപയോഗിക്കുന്ന ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) പോർട്ടലിന്റെ പ്രവർത്തനങ്ങൾ പലപ്പോഴും വേഗത കുറയുന്നതുമൂലം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ലൗഡ് സേവനങ്ങൾ ലഭ്യമാക്കിയും നിരീക്ഷണ സംവിധാനവും, സാങ്കേതിക വിദഗ്ധരെയും ഏർപ്പെടുത്തി യഥാസമയം പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) അവധി ദിവസങ്ങളിൽ ക്ലൗഡ് സ്റ്റോറേജ് നൽകുന്ന സ്ഥാപനത്തിന് നൽകുന്ന ഫീസിനത്തിൽ പണം ലാഭിക്കുന്നതിനായി ബാന്റ് വിട്ത്ത് കുറയ്ക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ഐ.എൽ.ജി.എം.എസ്. പോർട്ടൽ സ്ഥാപിത വേഗതയിൽ മുഴുവൻ സമയവും പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

(സി&ഡി) ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ ക്ലൗഡ് അധിഷ്ഠിത ഹൈബ്രിഡ് രീതിയിലാണ് ഉപയോഗിക്കുന്നത്. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ ക്ലൗഡിലും, അതുമായി ബന്ധപ്പെട്ട മറ്റുസോഫ്റ്റ്‌വെയറുകൾ ഐ.ടി. മിഷന്റെ നിയന്ത്രണത്തിലുള്ള കേരള സർക്കാർ ഡാറ്റാ സെന്ററിലുമാണ് ഹോസ്റ്റ് ചെയ്തിരിക്കുന്നത്. കൂടാതെ ഐ. എൽ. ജി. എം. എസ്സ്.-മായി സംയോജിപ്പിച്ച Payment Gateway, Aadhaar, മറ്റുവകുപ്പുകളുടെ സേവനങ്ങൾ തുടങ്ങിയ മറ്റുസേവനങ്ങൾ ആ സേവന ദാതാക്കളുടെ സെർവറുകളിലുമാണ് പ്രവർത്തിക്കുന്നത്. 941 ഗ്രാമപഞ്ചായത്തുകൾ അവരുടെ ദൈനംദിന പ്രവർത്തനങ്ങളും പൊതുജനങ്ങൾക്കുള്ള 200-ൽപ്പരം സേവനങ്ങളും നൽകുന്നതിന് ഐ.എൽ.ജി.എം.എസ്. പോർട്ടലാണ് ഉപയോഗിക്കുന്നത്. ഉപയോഗത്തിനനുസരിച്ച് ക്ലൗഡ് ഇൻഫ്രാസ്ട്രക്ച്ചർ auto scale up and scale down ആകുന്നതാണ്. ക്ലൗഡ് ദാതാവിന് ഉപയോഗത്തിന് അനുസരിച്ച് മാത്രം പണം നൽകിയാൽ മതിയാകും. കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന ഓഫീസ് സമയങ്ങളിൽ scale up ആവുകയും അവധി ദിവസങ്ങളിലും

ഓഫീസ് സമയം കഴിഞ്ഞുള്ള സമയത്തും scale down ആവുകയും ചെയ്യുന്നതാണ്. ഇത് ക്ലൗഡ് സേവനങ്ങളുടെ വേഗതയെ ബാധിക്കുന്നതല്ല.

**ഗ്രാമപഞ്ചായത്തുകളിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ചുമതല വിഭജിക്കൽ**

389(2525) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിലെ മുൻസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ചുമതല സെക്രട്ടറിമാർ, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് വിഭജിച്ച് നൽകിയിരിക്കുന്നതുപോലെ ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ പ്രസ്തുത ചുമതല വകുപ്പിന് വിട്ടുകിട്ടിയ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്കും ഹെൽത്ത് സൂപ്പർവൈസർമാർക്കും വിഭജിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ ടി വിഷയം സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

**പാലാ നരിക്കുഴി അരിക്കുന്ന് കുടിവെള്ള പദ്ധതി**

390(2526) ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലം നരിക്കുഴി അരിക്കുന്ന് കുടിവെള്ള പദ്ധതിയുടെ സർവ്വീസ് കണക്ഷൻ ചാർജ്ജായ ഫസ്റ്റ് ആൻഡ് പാർട്ട് ബിൽ തുക അനുവദിക്കുന്നതിനുവേണ്ടി കോട്ടയം ജില്ലാ കളക്ടറുടെ ഡി-4/4020/2021/എം.എൽ.എ.-എ.ഡി.എസ്. നമ്പരായുള്ള 1-1-202-ലെ ഉത്തരവുപ്രകാരം ജില്ലാ പഞ്ചായത്തിൽനിന്നും എ.ബി.4/4020/ഇ.ഇ./കെ.ടി. എം./2022 നമ്പരായി 03-04-2023-ൽ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് നൽകിയ കത്ത് പ്രകാരം 47,242 രൂപ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക അനുവദിച്ച് കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇല്ല. പാലാ നിയോജകമണ്ഡലത്തിലെ നരിക്കുഴി അരിക്കുന്ന് കുടിവെള്ള പദ്ധതിയുടെ first & part bill (service connection charge) അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ ഘടകത്തിന്റെ അനുപാതം

391(2527) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി നിർമ്മാണ പ്രവൃത്തികളായ ജീവനോപാധി, ജലസംരക്ഷണം, സ്കൂൾ, അങ്കണവാടി എന്നിവയ്ക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മുൻതൂക്കം നൽകുന്നതിനായി മെറ്റീരിയൽ ഘടകത്തിന്റെ അനുപാതം 50:50 ആക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ വ്യവസ്ഥകൾ കേന്ദ്ര സർക്കാരാണ് നിശ്ചയിക്കുന്നത്. ആയത് പ്രകാരം വേതന-മെറ്റീരിയൽ ഘടകങ്ങളുടെ അനുപാതം 60:40 എന്നാണ്.

(ബി) എങ്കിൽ ആയതിനായി കേന്ദ്രസർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

പരിഗണനയിലില്ല.

(സി) മെറ്റീരിയൽ ഘടകപ്രവൃത്തികൾ കൂടുതൽ ഏറ്റെടുക്കുകയാണെങ്കിൽ സ്കിൽഡ് ലേബർ ഇനത്തിൽ തൊഴിലാളികൾക്ക് കൂടുതൽ തുക വേതനമായി നൽകാനാവുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കുമോ?

ഉണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ ചെയ്യുന്നതിനാവശ്യമായ വിദഗ്ദ്ധ, അർദ്ധ-വിദഗ്ദ്ധ തൊഴിലാളികൾക്ക് മാർക്കറ്റ് നിരക്ക് പ്രകാരമുള്ള വേതനം ലഭിക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയിലെതന്നെ അർദ്ധ-വിദഗ്ദ്ധ തൊഴിലാളികളെ വിദഗ്ദ്ധ തൊഴിലാളികളാക്കുന്നതിനുള്ള പരിശീലന പരിപാടികൾ "മികവ്" പദ്ധതി പ്രകാരം തൊഴിലുറപ്പ് മിഷൻ കിലയുമായി ചേർന്ന് ആവിഷ്കരിച്ചിട്ടുണ്ട്.

**തിരൂരങ്ങാടി മണ്ഡലത്തിലെ ജനകീയ ഹോട്ടൽ**

392(2528) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ആയത് ഓരോന്നിന്റെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

തിരൂരങ്ങാടി മണ്ഡലത്തിൽ എട്ട് ജനകീയ ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നു.

1. ദിത്തുസ് ജനകീയ ഹോട്ടൽ, പരപ്പനങ്ങാടി

2. ശോഭിക ജനകീയ ഹോട്ടൽ, പരപ്പനങ്ങാടി

3. ഐക്യം ജനകീയ ഹോട്ടൽ,തിരൂരങ്ങാടി

4. നിർമ്മാല്യം ജനകീയ ഹോട്ടൽ,തിരൂരങ്ങാടി

5. പാലത്തിങ്ങൽ ജനകീയ ഹോട്ടൽ, തിരൂരങ്ങാടി

6. വീട്ടുരുചി ജനകീയ ഹോട്ടൽ, നന്നമ്പ്ര

7. ബിസ്മി ജനകീയ ഹോട്ടൽ, തെന്നല

8. പെരുമണ്ണക്ലാരി ജനകീയ ഹോട്ടൽ, പെരുമണ്ണക്ലാരി

(ബി) പ്രസ്തുത ഹോട്ടലുകൾക്ക് സബ്സിഡി നൽകാനുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക എത്രയുണ്ടെന്ന് വിശദമാക്കാമോ?

ഉണ്ട്. നിലവിൽ മലപ്പുറം ജില്ലാമിഷനിൽ ലഭ്യമായ അപേക്ഷകൾ പ്രകാരം ചുവടെ ചേർക്കും പ്രകാരമുള്ള തുക ജനകീയ ഹോട്ടലുകൾക്ക് കുടിശ്ശികയുണ്ട്.

| ക്രമ നം. | ജനകീയ ഹോട്ടലിന്റെ പേര് | കുടിശ്ശിക തുക |
|---|---|---|
| 1 | ശോഭിക, പരപ്പനങ്ങാടി | 1175730 |
| 2 | ദിത്തൂസ്, പരപ്പനങ്ങാടി | 458430 |
| 3 | വീട്ടുരുചി, നന്നമ്പ്ര | 358990 |
| 4 | നിർമ്മാല്യം, തിരൂരങ്ങാടി | 335240 |
| 5 | ഐക്യം, തിരൂരങ്ങാടി | 836230 |
| 6 | ബിസ്മി, തെന്നല | 345240 |

(സി) ഈ കുടിശ്ശിക നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ എന്നേയ്ക്ക് നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

(സി&ഡി) സബ്സിഡിക്കുള്ള അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം അർഹമായ സബ്സിഡി 2023-24 സാമ്പത്തിക വർഷത്തെ കുടുംബശ്രീയുടെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചിറ്റൂർ അണിക്കോട് ജംഗ്ഷൻ നവീകരണം

393(2529) ശ്രീ മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ അണിക്കോട് ജംഗ്ഷൻ നവീകരണത്തിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഒരു കോടി രൂപ.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായിട്ടുണ്ടെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(ബി&സി) പ്രവർത്തിയുടെ എസ്റ്റിമേറ്റ് NATPAC തയ്യാറാക്കി വരികയാണ്. എസ്റ്റിമേറ്റ് സമർപ്പിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കൊയിലാണ്ടി മണ്ഡലത്തിൽ ലൈഫ് പദ്ധതി

394(2530) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാനായിട്ടുണ്ട്?

അർഹരായ 3536 ഗുണഭോക്താക്കളിൽ 2696 ഗുണഭോക്താക്കൾ കരാറിലേർപ്പെടുകയും 1648 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 1048 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

(ബി) ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

## പാലക്കാട് തരൂർ പഞ്ചായത്തിലെ അത്തിപ്പൊറ്റ വാതക ശ്മശാനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

395(2531) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയ തരൂർ പഞ്ചായത്തിലെ അത്തിപ്പൊറ്റ വാതക ശ്മശാന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

അത്തിപ്പൊറ്റ വാതക ശ്മശാന പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ടി പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി 25-04-2023-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതിന്റെയടിസ്ഥാനത്തിൽ നിലവിൽ ടി വിഷയം ആലത്തൂർ തഹസിൽദാറിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തി ഭരണാനുമതി നൽകിയതിനുശേഷം മാത്രമേ പൂർത്തീകരണ തീയതി വ്യക്തമാക്കുവാൻ സാധിക്കുകയുള്ളൂ.

**വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ചുമതലകൾ**

396(2532) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകൃത സർവ്വീസ് രൂപീകരിക്കപ്പെട്ടതിനുശേഷം വി.ഇ.ഒ. (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ)-മാർ നിലവിൽ ഏത് ഓഫീസറുടെ കീഴിലാണെന്ന് വ്യക്തമാക്കാമോ?

ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത് നൽകിയിട്ടുള്ള ഉദ്യോഗസ്ഥരാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ. വി.ഇ.ഒ-മാരുടെ സേവന രേഖകളും മറ്റും അതത് ബ്ലോക്ക് പഞ്ചായത്തിലെ സെക്രട്ടറിമാരാണ് കൈകാര്യം ചെയ്യുന്നത്.

(ബി) നിലവിൽ ഇവർക്ക് ഗ്രാമപഞ്ചായത്തുകളിൽ എന്തെല്ലാം ജോലികൾ/ചുമതലകളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

I. പൊതുചുമതലകൾ

1. ഗ്രാമപഞ്ചായത്ത് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ
2. ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ കോർഡിനേറ്റർ

3. ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ടിന്റെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ

4. ശുചിത്വ മിഷൻ പഞ്ചായത്ത് തല കോർഡിനേറ്റർ.

5. ഗ്രാമസഭ കോർഡിനേറ്റർ

6. വാട്ടർഷെഡ് കമ്മിറ്റി സെക്രട്ടറി

7. വർക്കിംഗ് ഗ്രൂപ്പ് കൺവീനർ

8. പ്രൊക്വയർമെന്റ് കമ്മിറ്റി അംഗം

9. ഗ്രാമകേന്ദ്രം കൺവീനർ

10. വാർദ്ധക്യകാല പെൻഷൻ അന്വേഷണ ഉദ്യോഗസ്ഥൻ

11. ബി.പി.എൽ, ജെ.എസ്.പി, സുതാര്യകേരളം അന്വേഷണ ഉദ്യോഗസ്ഥൻ

12. പഞ്ചായത്ത്, ബ്ലോക്ക് ഓഫീസുകളിൽനിന്നുള്ള എൻ. ഒ. സി റിപ്പോർട്ട് തയ്യാറാക്കൽ.

13. പി. എം. കെ. എസ്. വൈ പ്രവൃത്തി കോർഡിനേറ്റർ

14. എം. കെ. എസ്. പി പ്രവൃത്തി കോർഡിനേറ്റർ

15. വിവിധ സ്വയം സഹായ സംഘങ്ങളുടെ കോർഡിനേറ്റർ

16. നാഷണൽ ന്യൂ ബയോഗ്യാസ് പദ്ധതി കോർഡിനേറ്റർ

17. സെറികൾച്ചറുമായി ബന്ധപ്പെട്ട് എ. എസ്. ഒ-മാർക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുക.

18. വിവിധ പ്രവൃത്തികളുടെ ഗുണഭോക്തൃസമിതി രൂപീകരണം.

19. വിവിധ പരിശീലന പരിപാടികളുടെ സംഘാടനം.

20. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കാര്യാലയവുമായി ബന്ധപ്പെട്ട എല്ലാ രേഖകളുടെയും രജിസ്റ്ററുകളുടെയും കസ്റ്റോഡിയൻ.

21. കാലാകാലങ്ങളിൽ പ്രിൻസിപ്പൽ ഡയറക്ടർ/ജില്ലാകളക്ടർ/ജില്ലാ ജോയിന്റ് ഡയറക്ടർ എന്നിവർ ഏല്പിക്കുന്ന പ്രവൃത്തികൾ

II. വിവിധ ഗ്രാമീണ ഭവന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഭവനരഹിതരെയും ഗ്രാമസഭയിലെത്തിച്ച് അർഹത പരിശോധിച്ച് കരാർ ഉടമ്പടിവച്ച് വിവിധ ഘട്ടങ്ങളിൽ പരിശോധനയും മോണിറ്ററിംഗും നടത്തി ധനശിപാർശ നടത്തുകയും ജിയോടാഗിംഗ് ചെയ്യുന്നതും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ചുമതലയിൽപ്പെടുന്നു. ഭൂരഹിതർക്ക് ഭൂമി

നൽകുന്നതുമായി ബന്ധപ്പെട്ട് അർഹത പരിശോധന നടത്തി കരാർ വയ്ക്കുന്നതിന് സഹായം നൽകുക തുടങ്ങി നിയമപരമായ സഹായം നൽകുന്നതുൾപ്പെടെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ചുമതലയാണ്. ഭവന പുനരുദ്ധാരണ പദ്ധതിയിൽ കരാർ വയ്ക്കുന്നതുമുതൽ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിക്കുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തേണ്ടത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ചുമതലയാണ്.

**III.** തൊഴിലുറപ്പ് പദ്ധതി നടത്തിപ്പും നീർത്തട പരിപാലനവും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പ്രധാന ചുമതലയാണ്.

(സി) പ്രസ്തുത ഓഫീസർമാർ ഗ്രാമപഞ്ചായത്ത് നൽകി വരുന്ന ഉത്തരവുകൾ അനുസരിക്കാൻ മടികാണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മേൽ സൂചിപ്പിച്ച ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ ഏത് തസ്തികളിലേയ്ക്കാണ് ഏകീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 2-തസ്തികയിൽനിന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-I തസ്തികയിലേയ്ക്കും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-I തസ്തികയിൽനിന്നും സീനിയർ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേയ്ക്കും സമാന തസ്തികകളായ ഹെഡ് ക്ലാർക്ക്, അക്കൗണ്ടന്റ്, റവന്യൂ ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുമാണ് സ്ഥാനക്കയറ്റം ഏകീകരിച്ചിരിക്കുന്നത്.

**നഞ്ച ഭൂമി തരംമാറ്റൽ**

397(2533) **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ ലൈഫ് പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് പ്രത്യേക അനുമതി തേടികൊണ്ടുള്ള ഇരിമ്പിളിയം പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനത്തിന്മേൽ (ഡി.ഇ 3/107/2023/ത.സ്വ.ഭ.വ.) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോട് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

(എ&ബി) ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ടി ഭൂമിയുടെ വിവരങ്ങളിൽ ഗാർഡൻ ലാൻഡ്, പാഡി ലാൻഡ് എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളതും ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തവ 4.04 ആർ വിസ്തൃതിയിൽ നേരിയ വർദ്ധനവുള്ളവയുമായതിനാൽ ഡിഎ/24/2019/ ത.സ്വ.ഭ.വ നമ്പർ പരിപത്രം പ്രകാരം ഭവന നിർമ്മാണത്തിന് അനുമതി നൽകാൻ സാധിക്കാത്ത സാഹചര്യമാണെന്ന് ലൈഫ് മിഷൻ സി.ഇ.ഒ-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ 05-09-2023-ലെ ഡി ഇ.3/107/2023/ ത.സ്വ.ഭ.വ നമ്പർ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്.

(സി) ഭൂരിഭാഗം പ്രദേശവും നഞ്ച വിഭാഗത്തിൽപ്പെട്ട കുറ്റിപ്പുറത്ത് ഭൂമി തരംമാറ്റൽ നടക്കാത്തതിനാൽ കുറ്റിപ്പുറം ബസ് സ്റ്റാൻഡ് വികസനത്തോടൊപ്പം നടപ്പാക്കുന്ന വ്യാപാരസമുച്ചയ പദ്ധതിക്കും കുറ്റിപ്പുറം

നഗര വികസന പദ്ധതികൾക്കും തടസ്സം നേരിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാൻഡ് വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കുറ്റിപ്പുറം ബസ് സ്റ്റാൻഡ് വികസനം നിലവിൽ സെക്രട്ടറി നിർവ്വഹണം നടത്തുന്ന സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതി നടത്തിപ്പിൽ ഭൂമി സംബന്ധമായ തടസ്സങ്ങൾ ഒന്നും നേരിടുന്നില്ല. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി ടെണ്ടർ നൽകിയിരിക്കുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് 07-09-2023-ന് ഡി.പി.ആർ ഗ്രാമപഞ്ചായത്തിലേയ്ക്ക് കൈമാറുകയും ഡി.പി.ആർ അംഗീകരിക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

**സ്പെഷ്യൽ റെസിഡന്റ് കെട്ടിടത്തിന് ഒക്കുപെൻസിയും നമ്പരും ലഭ്യമാക്കൽ**

398(2534) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പീരുമേട് ഗ്രാമപഞ്ചായത്ത് ഏലപ്പാറ വില്ലേജിൽ സ്പെഷ്യൽ റെസിഡന്റ് കെട്ടിടം നിർമ്മിക്കാൻ പെർമിറ്റ് എടുത്ത് നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് ഒക്യുപെൻസിയും നമ്പരും ലഭിക്കാത്തതുസംബന്ധിച്ച് വകുപ്പുമന്ത്രിക്ക് നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചുയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പരാതി സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതുസംബന്ധിച്ച് പീരുമേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ആയത് സർക്കാരിന്റെ പരിഗണനയിൽ എത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ആയതിന്റെ സെക്രട്ടേറിയറ്റ് ഫയൽ നമ്പർ ആയിട്ടുണ്ടങ്കിൽ ആയത് ലഭ്യമാക്കാമോ?

(എ-സി) പരാമർശിത പരാതി പീരുമേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് സഹിതം ചീഫ് ടൗൺ പ്ലാനർ ലഭ്യമാക്കിയിട്ടുണ്ട്.

ആയത് LSGD-RA3/244/2023-LSGD നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നു.

**എടരിക്കോട് എഫ്.എച്ച്.സി. കെട്ടിട നിർമ്മാണം**

399(2535) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം എന്നാണ് എൽ. എസ്. ജി. ഡി. ടെണ്ടർ ചെയ്തത്; വിശദമാക്കാമോ?

21-07-2020-ന് ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) ഈ കെട്ടിടത്തിന്റെ പ്രവൃത്തി എത്ര സമയത്തിനുള്ളിൽ പൂർത്തീകരിക്കണമെന്നാണ് കരാറുകാരനുമായി വ്യവസ്ഥ വച്ചിട്ടുള്ളത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പ്രവൃത്തി പൂർത്തീകരണത്തിനായി 15-09-2020 മുതൽ 12 മാസം അനുവദിച്ചിട്ടുണ്ട്.

(സി) നിർമ്മാണം നിർത്തിവച്ച സാഹചര്യത്തിൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടർനടപടി സ്വീകരിച്ചത് പ്രകാരം 2023 ഡിസംബറിനകം പ്രവൃത്തി പൂർത്തീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) ഈ പ്രവൃത്തി പൂർത്തീകരിക്കാതെ കാലതാമസം വന്നതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ അലംഭാവം കാണിച്ച കരാറുകാരനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

(ഡി&ഇ) സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

**ചവറ സ്വദേശിനിയായ ഉദ്യോഗാർത്ഥിക്ക്**
**ജോലി ലഭിക്കാതെ പോയ സംഭവം**

400(2536) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ സ്വദേശിനിയായ നിഷ ബാലകൃഷ്ണൻ എന്ന ഉദ്യോഗാർത്ഥിക്ക് നഗരകാര്യ വകുപ്പിലെ എൻ.ജെ.ഡി. ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നാല് സെക്കൻഡ് വൈകിയെന്ന കാരണത്താൽ ജോലി ലഭിക്കാതെ പോയതുസംബന്ധിച്ച് അന്വേഷണം നടത്താൻ 29-04-2023-ന് തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായോ; റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ജോലി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥിക്ക് ജോലി ലഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ടി ആളിന് ജോലി നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോയെന്നും അറിയിക്കുമോ?

(എ&ബി) 29-04-2023-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ

ശിപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ജോലി നൽകണമെന്ന ഉദ്യോഗാർത്ഥിയുടെ നിവേദനം നിലവിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പരിശോധിച്ചുവരുന്നു.

## ഹരിപ്പാട് നഗരസഭാ സെക്രട്ടറിക്കെതിരെയുള്ള പരാതിയിന്മേൽ നടപടി

401(2537) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നഗരസഭാ സെക്രട്ടറിയുടെ വീഴ്ചകൾ ചൂണ്ടിക്കാണിച്ച് ഹരിപ്പാട് നഗരസഭാ ചെയർമാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുള്ള കൗൺസിൽ പ്രമേയത്തിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന കാര്യം അറിയിക്കാമോ?

ഹരിപ്പാട് നഗരസഭാ സെക്രട്ടറിയുടെ വീഴ്ചകൾ ചൂണ്ടിക്കാണിച്ച് ഹരിപ്പാട് നഗരസഭാ ചെയർമാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുള്ള കൗൺസിൽ പ്രമേയത്തിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന്

തദ്ദേശസ്വയംഭരണ വകുപ്പ് ആലപ്പുഴ ജില്ലാജോയിന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) ഹരിപ്പാട് നഗരസഭാസെക്രട്ടറിയുടെ കൃത്യവിലോപം കാരണം എം.എൽ.എ.-ഫണ്ടിന്റെ വിനിയോഗത്തിലടക്കം വന്നിട്ടുള്ള കാലതാമസവും പ്രതിസന്ധിയും പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഹരിപ്പാട് നഗരസഭാസെക്രട്ടറിയുടെ കൃത്യവിലോപം കാരണം എം.എൽ.എ. ഫണ്ടിന്റെ വിനിയോഗത്തിലടക്കം കാലതാമസവും പ്രതിസന്ധിയും വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ത്രിതല പഞ്ചായത്തുകളിലും നഗര സഭകളിലും**
**കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ നടപടി**

402(2538) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിതലപഞ്ചായത്തുകളിലും നഗരസഭകളിലും തീർപ്പാക്കാതെയുള്ള ഫയലുകളുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ; നിരവധി അദാലത്തുകളും തീവ്രയജ്ഞ പരിപാടികളും സംഘടിപ്പിച്ചിട്ടും

ഫയലുകളിൽ പരിഹാരം കാണാതെ നീണ്ടുപോകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ?

തീർപ്പാകാതെയുള്ള ഫയലുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | ഫയലുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 71172 |
| കൊല്ലം | 12161 |
| പത്തനംതിട്ട | 30845 |
| ആലപ്പുഴ | 14829 |
| കോട്ടയം | 10723 |
| ഇടുക്കി | ഇല്ല |
| എറണാകുളം | 255 |
| തൃശ്ശൂർ | 20221 |
| പാലക്കാട് | 1847 |
| മലപ്പുറം | 681 |
| കോഴിക്കോട് | 6213 |
| വയനാട് | 26945 |
| കണ്ണൂർ | 11711 |
| കാസർഗോഡ് | 14805 |

നിയമപരമായി അനുവദിക്കാൻ കഴിയാത്തതും മതിയായ അനുബന്ധരേഖകൾ ഹാജരാക്കാത്തതുമായ അപേക്ഷകളുടെ തീർപ്പാക്കലിലാണ് പ്രധാനമായും കാലതാമസം. അപേക്ഷകളിലെ അപാകത പരിഹരിച്ച് ലഭിക്കുന്നതിലുള്ള കാലതാമസംമൂലവും അന്വേഷണ റിപ്പോർട്ടുകൾ ലഭിക്കാനുള്ളതിനാലുമാണ് കാലാവധി കഴിഞ്ഞിട്ടും ഫയലുകൾ തീർപ്പാക്കാൻ സാധിക്കാത്തത്. അപൂർണമായ അപേക്ഷകൾ, നിയമപരമായി തടസ്സമുള്ളതും സാങ്കേതിക തടസ്സമുള്ളതുമായ ഫയലുകൾ, കോടതി, വിജിലൻസ് കേസുകൾ, തീർപ്പുകൽപ്പിക്കാൻ സാധിക്കാത്ത പരാതികൾ എന്നിവയാണ് പ്രധാനമായും തീർപ്പാക്കാൻ അവശേഷിക്കുന്നത്. കൂടാതെ മറ്റ് വകുപ്പുകളിൽനിന്നും അനുമതി ഉത്തരവ് ലഭ്യമാകാത്തതും ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

(ബി) സാധാരണ ജനങ്ങൾ ദിനംപ്രതി ഇടപെടുന്ന പഞ്ചായത്തുകളിലും നഗരസഭകളിലും ഫയലുകൾ പരിഹാരം കാണാതെ കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഫയലുകളിൽ അന്തിമതീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ?

അനുവദിക്കാൻ കഴിയാത്തതും മതിയായ അനുബന്ധരേഖകൾ ഹാജരാക്കാത്തതുമായ അപേക്ഷകൾ, കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ ബാഹുല്യവും തൽഫലമായി ഉണ്ടാകുന്ന ഫയലുകളുടെ എണ്ണക്കൂടുതലും കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസുകൾ, അപേക്ഷകളിലെ അപാകത പരിഹരിച്ച് ലഭിക്കുന്നതിലുള്ള കാലതാമസംമൂലവും അന്വേഷണ റിപ്പോർട്ടുകൾ ലഭിക്കാനുള്ളതിനാലും കാലാവധി കഴിഞ്ഞിട്ടും ഫയലുകൾ തീർപ്പാക്കാൻ സാധിക്കാത്തത്, നിയമപരമായി തടസ്സമുള്ളതും സാങ്കേതിക തടസ്സമുള്ളതുമായ ഫയലുകൾ, മറ്റ് വകുപ്പുകളിൽനിന്നും അനുമതി ഉത്തരവ് ലഭ്യമല്ലാത്ത ഫയൽ, അപേക്ഷകൾ സമർപ്പിച്ചപ്പോൾ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കാത്ത ഫയൽ, അപൂർണമായ അപേക്ഷ എന്നിവ തീർപ്പാക്കുവാൻ കാലതാമസം നേരിടാറുണ്ട്. കോടതി, വിജിലൻസ് കേസുകൾ, തീർപ്പുകൽപ്പിക്കാൻ സാധിക്കാത്ത പരാതികൾ, ജീവനക്കാരുടെ അച്ചടക്ക നടപടികൾ, ഓഡിറ്റ് സംബന്ധിച്ചുള്ള ഫയലുകൾ എന്നിവയാണ് തീർപ്പാക്കാത്ത ഫയലുകളിൽ പ്രധാനമായുള്ളത്. കത്ത് നൽകി

പരിഹരിച്ചശേഷം തീർപ്പാക്കുക, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അദാലത്തുകൾ സംഘടിപ്പിക്കുക.

(സി) ഫയൽ തീർപ്പാക്കുന്നതിൽ മറ്റ് സംസ്ഥാനങ്ങളിലെ കാര്യശേഷി ഇവിടില്ലെന്ന പ്രസ്താവന ഗൗരവമായി കണക്കിലെടുക്കുന്നുണ്ടോ; എങ്കിൽ ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കാൻ വകുപ്പ് തലത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഫയൽ തീർപ്പാക്കുന്നതിൽ മറ്റ് സംസ്ഥാനങ്ങളിലെ കാര്യശേഷി ഇവിടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കാനായി ഫയൽ തീർപ്പാക്കാൻ പ്രതിമാസ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും കില, ഐ.എം.ജി. മുഖേന പരിശീലന പരിപാടികൾ നടത്തുകയും ചെയ്യുന്നു. ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി ഫയൽ നടപടികൾ വേഗത്തിലാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**തിരുവനന്തപുരം, കൊല്ലം കോർപ്പറേഷനുകളിലെ**
**എ.ജി.-യുടെ ഓഡിറ്റ്**

403(2539) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം, കൊല്ലം കോർപ്പറേഷനുകളിലെ എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ടിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഫണ്ട് ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് കണ്ടെത്തിയത്; അതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിന്മേൽ അക്കൗണ്ടന്റ് ജനറൽ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്നീ ഏജൻസികൾ നടത്തുന്ന ഓഡിറ്റുകളിൽ വിവിധങ്ങളായിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടാറുണ്ട്. ഇവ നിശ്ചിത വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലാണ് സൂചിപ്പിക്കപ്പെടുന്നത്. ചോദ്യത്തിൽ ഏത് വർഷത്തെയാണെന്ന വ്യക്തത ഇല്ലാത്തതിനാൽ കൃത്യമായ മറുപടി നൽകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു.

**ബ്രഹ്മപുരം തീപിടിത്തത്തിന്റെ അനന്തരഫലങ്ങൾ**

404(2540) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം തീപിടിത്തം നിയന്ത്രിക്കുന്നതിന്മേൽ സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ?

കൃത്യമായ തുക കണക്കാക്കിയിട്ടില്ല.

(ബി) വിഷപ്പുക ശ്വസിക്കേണ്ടിവന്നതിനാലുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച പഠനം നടത്തിയിരുന്നോ?

ബ്രഹ്മപുരം തീപിടിത്തത്തെത്തുടർന്ന് ഉടലെടുത്ത ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ കൺവീനറായി ഒരു വിദഗ്ധ സമിതി രൂപീകരിച്ച് 04-04-2023-ലെ സ.ഉ.(സാധാ)നം.793/2023/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിദഗ്ധ സമിതി സമർപ്പിച്ച ഇടക്കാല റിപ്പോർട്ട് പരിശോധിച്ചുവരുന്നു. എറണാകുളം ജില്ലാകളക്ടറുടെ 27-06-2023-ലെ

DCEKM/648/2021/D1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സോഷ്യോ ഇക്കണോമിക് & ഹെൽത്ത് ഇംപാക്റ്റ് സ്റ്റഡി ടീം രൂപീകരിച്ചിട്ടുണ്ട്.

(സി) ബ്രഹ്മപുരം പ്ലാന്റിന്റെ പ്രവർത്തനത്തിലെ വീഴ്ചകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലെ ബയോമൈനിംഗ് പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് കരാർ എടുത്തിരുന്ന സോൺടാ ഇൻഫ്രാടെക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ടി പ്രവൃത്തി നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭാ കൗൺസിലിന്റെ 30-05-2023-ലെ 22-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത കമ്പനിയുടെ കരാർ റദ്ദ് ചെയ്ത് വിവരം ടി സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം നടന്നുവരുന്നു. തീപിടിത്തവുമായി ബന്ധപ്പെട്ട് ഇൻഫോപാർക്ക് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 309/2023 പ്രകാരം കേസ് രജിസ്റ്റർ ചെയ്തും അന്വേഷണം നടന്നുവരുന്നു. 09-04-2023-ലെ സ.ഉ.(സാധാ)നം.841/2023/LSGD ഉത്തരവ്

പ്രകാരം ബ്രഹ്മപുരം അഗ്നിബാധ അന്വേഷിക്കുന്നതിന് സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കോർപ്പറേഷനുകളിലെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്**

405(2541) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളിൽ ഇലക്ട്രിക് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനും എന്ത് സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്?

വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഇലക്ട്രിക്കൽ കമ്മിറ്റി മുഖേനെയാണ് കോർപ്പറേഷനുകളിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും സാങ്കേതികാനുമതി നൽകുന്നതും.

(ബി) കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ ഇലക്ട്രിക് പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിലുള്ള സംവിധാനം മാറ്റുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി-പാസഞ്ചർ വെസൽ നിർമ്മാണം**

406(2542) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി (ജി.ഐ.ഡി.എ.) ജനറൽ കൗൺസിൽ പാസഞ്ചർ വെസൽ നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

എങ്കിൽ എന്നാണ് അംഗീകാരം നൽകിയതെന്നും, എത്ര രൂപയ്ക്കാണ് ഭരണാനുമതി നൽകിയതെന്നും വ്യക്തമാക്കാമോ?

ഉണ്ട്. 01-02-2011-ൽ നടന്ന ജിഡയുടെ 25-ാമത് ജനറൽ കൗൺസിലാണ് അംഗീകാരം നൽകിയത്. ഈ പ്രവൃത്തിക്ക് സർക്കാർ രണ്ട് കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്.

(ബി) പാസഞ്ചർ വെസൽ നിർമ്മിക്കുന്നതിനുള്ള ഉദ്ദേശ്യലക്ഷ്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

ദ്വീപ് പ്രദേശത്തെ ജലഗതാഗതം മെച്ചപ്പെടുത്തുകയെന്നതായിരുന്നു ലക്ഷ്യം.

(സി) പാസഞ്ചർ വെസലിന്റെ നിർമ്മാണം പൂർത്തിയാക്കിയതെന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ആരെന്നും, ഡിസൈൻ തയ്യാറാക്കിയത് ആരാണെന്നും വ്യക്തമാക്കാമോ;

പാസഞ്ചർ വെസലിന്റെ നിർമ്മാണം പൂർത്തിയാക്കിയത് 31-01-2019-ലാണ്. പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി M/s. KITCO

എന്ന സ്ഥാപനമാണ്. ഡിസൈൻ തയ്യാറാക്കിയത് കൺസോർഷ്യം ഓഫ് M/s. പ്രാഗാ മറൈൻ പ്രൈവറ്റ് ലിമിറ്റഡ് & M/s. സമുദ്ര ഷിപ്പ്‌യാർഡ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ്.

(ഡി) പ്രസ്തുത വെസൽ നാളിതുവരെ ഉപയോഗിക്കാൻ സാധിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

വൈപ്പിൻ മേഖലയിലെ ജനങ്ങൾക്ക് ഗതാഗത സൗകര്യം ഒരുക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് വെസ്സൽ നിർമ്മിച്ചത്. ബോട്ട് സർവ്വീസ് നടത്തുന്നതിനാവശ്യമായ സാങ്കേതിക വൈദഗ്ധ്യമുള്ള ജീവനക്കാർ ഇല്ലാത്തതിനാലാണ് ബോട്ട് ഉപയോഗിക്കാൻ സാധിക്കാതിരുന്നത്. ജിഡയുടെ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ ഇത്തരം ജീവനക്കാർ‌ലുൾപ്പെടുന്നില്ല. കൂടാതെ സ്വകാര്യ ബോട്ടുകളുടെ ശക്തമായ മത്സരമുള്ള കൊച്ചിയിൽ പ്രസ്തുത ബോട്ട് വിനോദസഞ്ചാരത്തിനായി ഉപയോഗിക്കുന്നത് ലാഭകരമാകാനുള്ള സാധ്യതയും കുറവാണ് എന്നതിനാൽ പ്രവർത്തനച്ചിലവിനുള്ള വരുമാനം ലഭിക്കുന്നത് പ്രയാസമേറിയതുമായിരുന്നു.

(ഇ) വെസലിന്റെ നിർമ്മാണ ഉദ്ദേശ്യം സാധ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

ബോട്ട് സർവ്വീസ് ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ ജിഡ ജനറൽ കൗൺസിലിന്റെ തീരുമാനപ്രകാരം ഈ ബോട്ട് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും പര്യാപ്തമായ തുക ലഭിക്കാത്തതിനാൽ ബോട്ട് വിൽപ്പന സാധ്യമായില്ല. ജിഡ ജനറൽ കൗൺസിൽ തീരുമാനപ്രകാരം ഇറിഗേഷൻ, ഹാർബർ എഞ്ചിനീയറിംഗ്, കൊച്ചി പോർട്ട് ട്രസ്റ്റ്, കൊച്ചി വാട്ടർ മെട്രോ, ടൂറിസം വകുപ്പ്, ഡി.ടി.പി.സി. എന്നീ വകുപ്പുകളിലെ വിദഗ്ധരുമായി ഒരു യോഗം കൂടിയിരുന്നു. പ്രസ്തുത ബോട്ട് കൊച്ചിയിൽ സർവ്വീസ് നടത്തുവാൻ സാധ്യതയില്ലെന്നും ആലപ്പുഴ, കുമരകം എന്നിവിടങ്ങളിൽ ഈ ബോട്ടിന് ഉപയോഗ സാധ്യതയുണ്ടെന്നും ആയതിനാൽ പ്രസ്തുത ബോട്ട് ആലപ്പുഴ, കുമരകം എന്നീ പ്രദേശത്ത് സർവ്വീസ് നടത്തുന്നതിന് അവിടങ്ങളിലെ ഡി.ടി.പി.സി.-ക്ക് വിൽപ്പന നടത്തുന്നതായിരിക്കും ഉചിതമെന്ന് യോഗം ശിപാർശ ചെയ്തു. ഈ ശിപാർശ

സംബന്ധിച്ച് ജനറൽ കൗൺസിൽ തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) പ്രസ്തുത വെസലിന്റെ നിർമ്മാണ ഉദ്ദേശ്യത്തിന് വിരുദ്ധമായിട്ടാണോ വെസൽ നിർമ്മിക്കപ്പെട്ടിട്ടുള്ളത്; എങ്കിൽ പ്രസ്തുത നഷ്ടത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

പ്രസ്തുത വെസലിന്റെ നിർമ്മാണ ഉദ്ദേശ്യത്തിന് വിരുദ്ധമായിട്ടല്ല വെസൽ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. നിലവിൽ ആർക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടില്ല.

**തവനൂർ മണ്ഡലത്തിൽ കില മുഖേന നടപ്പിലാക്കുന്ന സ്കൂളുകളുടെ പ്രവൃത്തി**

407(2543) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തവനൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ നിർമ്മാണമാണ് കില മുഖേന നടപ്പിലാക്കുന്നത്; അതിന്റെ നിർമ്മാണ പുരോഗതിയുടെ നിലവിലെ സ്ഥിതിയെന്ത്; വിശദമാക്കാമോ?

ഒരു കോടി രൂപ പദ്ധതിയിൽ രണ്ട് പ്രവൃത്തികളും മൂന്ന് കോടി രൂപ പദ്ധതിയിൽ മൂന്ന് പ്രവൃത്തികളുമാണ് കിഫ്ബി ധനസഹായത്തോടെ കില PMU വഴി ഈ മണ്ഡലത്തിൽ നടപ്പിലാക്കുന്നത്.

**<u>ഒരു കോടി രൂപ പദ്ധതികൾ</u>**

1. GUPS ചമ്രവട്ടം - ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ചമയ്ക്കുന്നഘട്ടത്തിലാണ്.

2. KMGUPS തവനൂർ - ഈ പ്രവൃത്തി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ കവറേജ് പാലിക്കുവാൻ സാധിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**<u>മൂന്ന് കോടി രൂപ പദ്ധതി</u>**

1. GHSS കാടഞ്ചേരി - ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിലേർപ്പെടുവാനുള്ള ഘട്ടത്തിലാണ്.

2. GUPS പുറത്തൂർ -സാങ്കേതികാനുമതി നൽകുന്നതിനുള്ള ഘട്ടത്തിലാണ്.

3. KMG GVHSS തവനൂർ- പ്രവൃത്തി ആരംഭഘട്ടത്തിലാണ്.

**കില ഡയറക്ടർ ജനറലിന്റെ സേവന കാലാവധി**

408(2544) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിലയുടെ ഡയറക്ടർ ജനറലിന്റെ സേവന കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സാഹചര്യം വിശദീകരിക്കുമോ?

ഉണ്ട്. നിലവിലെ ഡയറക്ടർ ജനറലിന്റെ കാലാവധി 18-05-2023 തീയതിയിൽ അവസാനിക്കുന്നതിനാൽ പുതിയ ഡയറക്ടർ ജനറലിനെ നിയമിക്കുന്നതുവരെ നിലവിലുള്ള ഡയറക്ടർ ജനറലിന് 19-05-2023 പൂർവ്വാഹ്നം മുതൽ കില ഡയറക്ടർ ജനറലിന്റെ ചുമതല നൽകി കാലാവധി ദീർഘിപ്പിച്ച് നൽകികൊണ്ട്. സ.ഉ(സാധാ)നം.1045/2023/ത.സ്വ.ഭ.വ 15-05-2023 പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) വിരമിക്കൽ പ്രായം പൂർത്തീകരിച്ച ഡയറക്ടർ ജനറലിന്റെ സേവന കാലാവധി ദീർഘിപ്പിച്ച് നൽകിയത് കിലയുടെ നിയമാവലിക്ക് അനുസൃതമാണോ; എങ്കിൽ ആയത് വിശദമാക്കുമോ?

പുതിയ ഡയറക്ടർ ജനറലിനെ നിയമിക്കുന്നതുവരെ നിലവിലുള്ള ഡയറക്ടർ ജനറലിന് ചുമതല നൽകുകയാണ് ചെയ്തിട്ടുള്ളത്.

(സി) നിലവിലുള്ള ഡയറക്ടർ ജനറലിനെതിരെ എന്തെങ്കിലും അച്ചടക്ക നടപടികളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എക്സൈസ് വകുപ്പ് നടപ്പാക്കുന്ന വിമുക്തി പദ്ധതി**

409(2545) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി പദ്ധതിയെന്താണെന്ന് വിശദമാക്കാമോ?

മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് എക്സൈസ് വകുപ്പിന് കീഴിൽ ആരംഭിച്ച പദ്ധതിയാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ശരിയായ അവബോധം നൽകി ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് വിമുക്തി മിഷൻ നടത്തി വരുന്നത്.

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിപ്രകാരം ആശുപത്രികളിൽ ലഭ്യമാക്കുന്നത്; വിശദമാക്കാമോ?

ലഹരിക്കടിമപ്പെട്ടവർക്ക് സൗജന്യമായി ലഹരിമോചന ചികിത്സ നൽകുന്നതിന് ആരോഗ്യ വകുപ്പുമായി സഹകരിച്ച് 14 ജില്ലകളിലും 10 കിടക്കകളോട് കൂടിയ വിമുക്തി ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. ഈ സെന്ററുകളിൽ എത്തുന്നവർക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിനായി ഒരു മെഡിക്കൽ ഓഫീസർ, ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒരു സൈക്യാട്രിക് സോഷ്യൽ വർക്കർ, മൂന്ന് സ്റ്റാഫ് നഴ്സ് എന്നീ ജീവനക്കാരുടെ സേവനം ലഭ്യമാണ്. കൂടാതെ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി ചികിത്സ നൽകുന്നതിന് നിലവിലെ സെന്ററിനോടനുബന്ധിച്ച് പ്രത്യേകമായി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ലഹരിക്കടിമപ്പെട്ടവർക്ക് ഒ.പി. വിഭാഗത്തിലും ഐ.പി. വിഭാഗത്തിലും ഈ സെന്ററുകളിൽ ചികിത്സ നൽകുന്നുണ്ട്. കൂടാതെ ഫാമിലി കൗൺസിലിംഗ്, ചികിത്സ കഴിഞ്ഞവരുടെ

തുടർനിരീക്ഷണം, ബോധവൽക്കരണ ക്ലാസുകൾ നൽകുക എന്നീ പ്രവർത്തനങ്ങളും നടത്തി വരുന്നു.

(സി) വാമനപുരം മണ്ഡലത്തിലെ പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ കഴിഞ്ഞ വർഷം ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

വാമനപുരം മണ്ഡലത്തിലെ പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നത് ഉൾപ്പെടെ, ഓരോ ജില്ലകളിലും പുതുതായി രണ്ട് ഡി-അഡിക്ഷൻ സെന്ററുകൾകൂടി ആരംഭിക്കുന്നതിനാവശ്യമായ തുക വകയിരുത്തിയിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഓരോ ജില്ലകളിലും രണ്ട് ഡീ-അഡിക്ഷൻ സെന്ററുകൾകൂടി പുതുതായി ആരംഭിക്കുന്നതിനുള്ള ഫണ്ട് വകയിരുത്തുന്നമുറയ്ക്ക് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതാണ്.

**പുകയിലയുടെ ദൂഷ്യവശങ്ങൾക്കെതിരെയുള്ള പ്രവർത്തനം**

410(2546) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യ സംഘടന നടത്തിയ ഗ്ലോബൽ അഡൽട്ട് ടുബാക്കോ സർവ്വേ-2 പ്രകാരം കേരളത്തിലെ പുകയില ഉപയോഗത്തിൽ ഗണ്യമായ കുറവുണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2009-10 വർഷത്തിൽ നടത്തിയ ഗ്ലോബൽ അഡൽട്ട് ടുബാക്കോ സർവ്വേ-1 പ്രകാരം കേരളത്തിൽ 21% പേർ പുകയില ഉൽപ്പന്നങ്ങൾ ഉപയോഗിച്ചിരുന്നു. എന്നാൽ 2016-17 വർഷത്തിൽ നടത്തിയ ഗ്ലോബൽ അഡൽട്ട് ടുബാക്കോ സർവ്വേ-2 പ്രകാരം അത് 12.7% ആയി കുറഞ്ഞിട്ടുണ്ട്.

(ബി) ഇതിനടിസ്ഥാനമായി പുകയില ഉപയോഗത്തിനും പുകയിലയുടെ ദൂഷ്യവശങ്ങൾക്കുമെതിരെ പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. പുകയില ഉൽപ്പന്നങ്ങൾ ശരീരത്തിലുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും മറ്റുപൊതുജനങ്ങൾക്കും അവബോധം നൽകുന്നതിന് ബോധവൽക്കരണ

ക്ലാസുകളും വിവിധ മത്സരങ്ങളും മറ്റ് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

(സി) പുകയിലയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രത്യേക ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഇവിടങ്ങളിൽ കൗൺസിലിംഗും ചികിത്സയും ലഭ്യമാക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

പുകയിലയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കായി മാത്രം എക്സൈസ് വകുപ്പ് പ്രത്യേക ക്ലിനിക്കുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉപയോഗങ്ങൾക്ക് അടിമപ്പെട്ടവർക്ക് കൗൺസിലിംഗ് നൽകുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മേഖലാ കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ലഹരി ഉപയോഗിക്കുന്നവർക്ക് ജില്ലകളിൽ പ്രാഥമിക കൗൺസിലിംഗ് നൽകുന്നതിനായി തെരഞ്ഞെടുത്ത എക്സൈസ് ജീവനക്കാരെ നിംഹാൻസ് മുഖേന ട്രെയിനിംഗ് നൽകി കൗൺസിലിംഗ് സേവനം നൽകിവരുന്നുണ്ട്. കൂടാതെ ലഹരിക്കടിമപ്പെട്ടവർക്കാവശ്യമായ

ചികിത്സയും കൗൺസിലിംഗും നൽകുന്നതിനായി 14 ലഹരി മോചന ചികിത്സാ കേന്ദ്രങ്ങളും വിമുക്തിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്നു.

**ഇതര സംസ്ഥാന തൊഴിലാളികളിലെ ലഹരി ഉപയോഗം**

411(2547) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതലായുള്ള സ്ഥലങ്ങളിൽ വ്യാപകമായ രീതിയിൽ ലഹരി ഉപയോഗം നടക്കുന്നതായിട്ടുള്ള വിവരങ്ങളുടെ പശ്ചാത്തലത്തിൽ എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. ലീഗൽ സർവ്വീസ് സൊസൈറ്റി, തൊഴിൽ വകുപ്പ്, ആർ.പി.എഫ്., ആരോഗ്യവകുപ്പ് എന്നിവരുമായി ചേർന്ന് സംസ്ഥാനത്തുള്ള ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളിൽ ആകസ്മിക പരിശോധനകൾ നടത്തുകയും രഹസ്യ നിരീക്ഷണം നടത്തി ലഹരി വിൽപ്പനയുമായി ബന്ധപ്പെടുന്ന ഇതരസംസ്ഥാന

തൊഴിലാളികൾക്കെതിരെ കേസെടുത്ത് കർശന നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി കച്ചവടം ഉൾപ്പെടെയുള്ള, സമൂഹത്തിന് ഭീഷണിയാകുന്ന സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി പ്രത്യേക പദ്ധതി വകുപ്പ് ആവിഷ്കരിക്കുമോ?

ഇതരസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി കച്ചവടം ഉൾപ്പെടെയുള്ള, സമൂഹത്തിന് ഭീഷണിയാകുന്ന സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ലീഗൽ സർവ്വീസ് സൊസൈറ്റി, തൊഴിൽ വകുപ്പ്, ആർ.പി.എഫ്, ആരോഗ്യവകുപ്പ് എന്നിവരുമായി ചേർന്ന് സംസ്ഥാനത്തുള്ള ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളിൽ ആകസ്മിക പരിശോധനകൾ നടത്തുകയും രഹസ്യ നിരീക്ഷണം നടത്തി ലഹരി വിൽപ്പനയുമായി ബന്ധപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്കെതിരെ കേസെടുത്ത്

കർശന നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. അതിഥി തൊഴിലാളികളുടെ ഭാഷ കൈകാര്യം ചെയ്യാൻ അറിയാവുന്നവരുടെ സേവനം വിനിയോഗിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസുകളും നിയമ അവബോധ ക്ലാസുകളും അതിഥി തൊഴിലാളികൾക്ക് നൽകിവരുന്നു.

**എക്സൈസ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ്**

412(2548) ശ്രീ. കെ.വി.സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. കാറ്റഗറി നം.497/2019 പ്രകാരം എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നടന്ന പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ; വിശദമാക്കാമോ?

പി. എസ്. സി കാറ്റഗറി നം.497/2019 പ്രകാരമുള്ള എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ കായികക്ഷമതാ പരീക്ഷയ്ക്കുശേഷമുള്ള ചുരുക്കപ്പട്ടിക 31-07-2023-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകളുടെ

സൂക്ഷ്മപരിശോധന നടന്നുവരുന്നു. ഇന്റർവ്യൂവിനുശേഷം താമസംവിനാ റാങ്ക് പട്ടിക കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) എക്സൈസ് വകുപ്പിൽ സ്ട്രെംഗ്ത്ത് പുതുക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) നികുതി വകുപ്പിന്റെ 03-10-2017-ലെ 85/2017-ാം നമ്പർ ഉത്തരവിൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ 15% ഒഴിവുകൾ വനിതകൾക്ക് നീക്കിവെയ്ക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 03-10-2017-ലെ സ.ഉ(കൈ) 85/17/നി.വ പ്രകാരം എക്സൈസ് ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള നിയമനത്തിലെ 15% ഒഴിവുകൾ വനിതകൾക്കുവേണ്ടി നീക്കിവച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ 15% ഒഴിവുകൾ ഇൻസ്പെക്ടർ റാങ്കിലേയ്ക്കുള്ള പ്രൊമോഷൻ തസ്തികകൾക്കും ബാധകമാകുന്നുണ്ടോ; വിശദമാക്കാമോ?

ബാധകമാകുന്നില്ല. നേരിട്ടുള്ള നിയമനത്തിന് മാത്രമാണ് ആയത് ബാധകമാകുന്നത്.

**സംസ്ഥാനത്തെ ലഹരിമരുന്ന് വിൽപ്പന തടയാൻ നടപടി**

413(2549) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾ ലഹരിക്കടിമപ്പെടുന്നുവെന്നതും അവരിൽ പലരും ലഹരി കച്ചവടക്കാരുടെ വാഹകർ ആകുന്നതുമായ ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; സംസ്ഥാനത്ത് സ്കൂളുകൾ കോളേജുകൾ ഇവ കേന്ദ്രീകരിച്ച് എന്തെല്ലാം ലഹരി മരുന്നുകളാണ് വിൽക്കപ്പെടുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ?

സ്കൂൾ കുട്ടികൾ ലഹരിക്കടിമപ്പെടുന്നതും അവരിൽ ചിലർ ലഹരി കച്ചവടക്കാരുടെ വാഹകർ ആകുന്ന സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഞ്ചാവ്, ഹാൻസ് തുടങ്ങിയ ലഹരി വസ്തുക്കളാണ് വിൽക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തമാക്കുന്നതിനോടൊപ്പം ലഹരി മാഫിയയ്ക്കെതിരെ ആഭ്യന്തരം, ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകൾ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തമാക്കുന്നതിനോടൊപ്പം നിലവിൽ ലഹരി മാഫിയയ്ക്കെതിരെ ആഭ്യന്തരം, ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നു. പോലീസ്, ആർ.പി.എഫ്, NCB തുടങ്ങിയ മറ്റ് കേന്ദ്ര ഏജൻസികളുമായി ചേർന്നും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആരോഗ്യം, റവന്യൂ, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് സ്കൂൾ, കോളേജ്, തദ്ദേശ സ്വയം ഭരണ സ്ഥാപനവാർഡ് തലങ്ങളിൽ വിമുക്തി ബോധവൽക്കരണ പ്രവർത്തനങ്ങളും രഹസ്യവിവരശേഖരണവും നടത്തിവരുന്നു.

(സി) വിദ്യാലയ പരിസരങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെ നിരീക്ഷണം ശക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്കൂളുകളിൽ പി.റ്റി.എ. പ്രസിഡന്റ് ചെയർമാനായും, പ്രഥമാദ്ധ്യാപകൻ കൺവീനറായും രൂപീകരിച്ച സ്കൂൾതല ജനജാഗ്രതാ സമിതിയിൽ പി. റ്റി. എ, എം.പി.റ്റി.എ പ്രതിനിധികൾ, അദ്ധ്യാപക പ്രതിനിധികൾ, സ്കൂൾ പാർലമെന്റ് പ്രതിനിധികൾ, പൂർവ്വവിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, വിദ്യാലയ വികസന സമിതി അംഗങ്ങൾ, SMC പ്രതിനിധികൾ, വിരമിച്ച അദ്ധ്യാപകർ, മാനേജ്മെന്റ് പ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വ്യാപാര സ്ഥാപന പ്രതിനിധികൾ, സ്കൂൾ പരിസരത്തുള്ള ഓട്ടോറിക്ഷാ ഡ്രൈവർമാരുടെ പ്രതിനിധികൾ (കഴിയുന്നതും രക്ഷിതാക്കൾ), പോലീസ്, എക്സൈസ് എന്നിവർ അംഗങ്ങളാണ്. ഇപ്രകാരം ജനപങ്കാളിത്തത്തോടെ രൂപീകരിച്ചിട്ടുള്ള സ്കൂൾതല ജനജാഗ്രതാ സമിതികൾ മുഖാന്തരം വിദ്യാലയ പരിസരത്ത് ലഹരിയുടെ കടന്നുവരവിനെ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ പരിസരത്തുള്ള ലഹരി വസ്തുക്കളെ സംബന്ധിച്ച പരാതികളും കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും

രഹസ്യമായി എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിന് 9447178000 എന്ന നമ്പർ നല്കിയിട്ടുണ്ട്. സ്കൂൾ അദ്ധ്യാപകരും ജനജാഗ്രതാ സമിതി അംഗങ്ങളും സ്കൂളിനു 100 വാര ചുറ്റളവിലെ കടകളിൽ സന്ദർശനം നടത്തി ഏതെങ്കിലും സ്ഥാപനങ്ങളിൽ ലഹരി വസ്തുക്കൾ വിൽക്കുന്നതായി കണ്ടെത്തിയാൽ ആ വിവരം എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**മദ്യനയം പിൻവലിക്കാൻ നടപടി**

414(2550) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മദ്യനയത്തിൽ വരുത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമൊ;

മദ്യവർജ്ജനത്തിലൂന്നിയ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മാത്രമെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി കുറച്ചുകൊണ്ടുവരുന്നതിന് സാധിക്കുകയുള്ളൂ. മുൻവർഷങ്ങളിൽ ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മദ്യനയത്തിന്റെ തുടർച്ചയായാണ് 2023-24 വർഷത്തെ മദ്യനയം

പ്രഖ്യാപിച്ചിട്ടുള്ളത്. വിമുക്തി മിഷന്റെ ആഭിമുഖ്യത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുവാനും, 2023 മുതൽ എല്ലാ വർഷവും ജൂൺ 26 മുതൽ ആഗസ്റ്റ് 15 വരെയുള്ള ദിവസങ്ങൾ ലഹരി വിരുദ്ധ തീവ്രയജ്ഞ കാലയളവായി പ്രഖ്യാപിച്ച് പൊതുജനപങ്കാളിത്തത്തോടെ ബോധവൽക്കരണ പരിപാടികൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. കള്ളുഷാപ്പുകൾ വൃത്തിയുള്ള അന്തരീക്ഷത്തിലും കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നുവെന്നും കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് വിതരണം ചെയ്യുന്നുവെന്നും ഉറപ്പുവരുത്തുവാനും കള്ള് കേരളത്തിന്റെ തനത് പാനീയം എന്ന നിലയിൽ പ്രോത്സാഹിപ്പിക്കുന്നതിനായി ത്രീ സ്റ്റാർ മുതൽ മുകളിലേയ്ക്ക് ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകളിൽ കള്ള് വിതരണം ചെയ്യുന്നതിന് അനുമതി നൽകുവാനും, കള്ളുഷാപ്പുകളുടെ വില്പന ഓൺലൈൻ മുഖേന ആക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആവശ്യമുള്ള മുഴുവൻ മദ്യവും സംസ്ഥാനത്തിനകത്ത് തന്നെ ഉൽപ്പാദിപ്പിക്കുവാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും വിനോദ സഞ്ചാരം

പ്രോത്സാഹിപ്പിക്കുവാനും ലക്ഷ്യംവച്ച് സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന മദ്യനിർമ്മാണ യൂണിറ്റുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും ധാന്യേതര കാർഷിക ഉല്പന്നങ്ങൾ ഉപയോഗിച്ച് നിശ്ചിത വീര്യത്തിൽ വൈൻ നിർമ്മിച്ച് സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകൾ വഴി വില്പന നടത്തുവാനും വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ റസ്റ്റോറന്റുകൾക്ക് പ്രത്യേക കാലയളവിലേയ്ക്ക് മാത്രം ബിയർ, വൈൻ എന്നിവ വില്പന നടത്തുവാൻ ലൈസൻസ് അനുവദിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) റസ്റ്റോറന്റുകൾ മുഖേന വീര്യം കുറഞ്ഞ മദ്യം വിതരണം ചെയ്തുകൊണ്ടും ബിവറേജസ് ഔട്ട്‌ലെറ്റുകളുടെ എണ്ണം ഏകദേശം ഇരട്ടിയായി വർദ്ധിപ്പിച്ചുകൊണ്ടും സംസ്ഥാനത്ത് മദ്യലഭ്യതയും ഉപഭോഗവും കുറച്ചുകൊണ്ടുവരുവാൻ സാധിക്കുമെന്ന് ഏതെങ്കിലും പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

റസ്റ്റോറന്റുകൾ മുഖേന വീര്യം കുറഞ്ഞ മദ്യം വിതരണം ചെയ്തുകൊണ്ടും ബിവറേജസ് ഔട്ട്‌ലെറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടും സംസ്ഥാനത്ത്

മദ്യലഭ്യതയും ഉപഭോഗവും കുറച്ചുകൊണ്ടുവരുവാൻ സാധിക്കുമെന്ന പഠന റിപ്പോർട്ടുകൾ ഒന്നുംതന്നെയില്ല. സമ്പൂർണ്ണ മദ്യനിരോധനം വിജയകരമായി നടപ്പിലാക്കുവാൻ കഴിയുകയില്ലെന്ന് അനുഭവങ്ങളിലൂടെ ബോധ്യമായതിനാൽ, മദ്യവർജ്ജനത്തിലൂന്നിയ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി കുറച്ചുകൊണ്ടുവരുകയെന്നതാണ് സർക്കാരിന്റെ മദ്യനയത്തിന്റെ ലക്ഷ്യം.

(സി) മേൽ പരാമർശിച്ച പ്രകാരം പഠനം നടത്തിയിട്ടില്ലെങ്കിൽ, മദ്യലഭ്യതയും ഉപഭോഗവും കുറയ്ക്കുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനത്തിന് വിരുദ്ധമായി മദ്യനയം ആവിഷ്കരിക്കാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

പ്രകടനപത്രികയിലെ വാഗ്ദാനത്തിനെതിരല്ല സർക്കാരിന്റെ മദ്യനയം. ടൂറിസം മേഖലയുടെ വികസനത്തിന് സഹായകരമാകുമെന്നതിനാലാണ് വിദേശ വിനോദസഞ്ചാരികൾ ധാരാളമായി എത്തുന്ന വിനോദസഞ്ചാര മേഖലകളിലെ റസ്റ്റോറന്റുകൾക്ക് ഒരു പ്രത്യേക കാലയളവിൽ ബിയർ, വൈൻ തുടങ്ങിയ മദ്യങ്ങൾ വില്പന നടത്തുവാൻ പ്രത്യേക ലൈസൻസ്

അനുവദിക്കുവാൻ തീരുമാനിച്ചത്. സംസ്ഥാനത്ത് വിദേശ മദ്യശാലകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ 2023-24 വർഷത്തെ മദ്യനയത്തിന്റെ ഭാഗമായി കൈക്കൊണ്ടിട്ടില്ല.

(ഡി) മദ്യനയം പിൻവലിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2023-24 വർഷം സർക്കാർ പ്രഖ്യാപിച്ച മദ്യനയം പിൻവലിക്കേണ്ട സാഹചര്യം നിലവിലില്ല.

**സംസ്ഥാനത്തെ ബിവറേജസ് ഔട്ട്‌ലെറ്റുകൾ**

415(2551) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ബിവറേജസ് ഔട്ട്‌ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള എണ്ണം വിശദമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ 317 ബിവറേജ് ഔട്ട്‌ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.+

(ബി) പുതിയ മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 250 പുതിയ ബിവറേജസ് ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എത്രയെണ്ണം വീതം ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 306 ബിവറേജസ് ഔട്ട്‌ലെറ്റുകൾ നിലവിലുണ്ടായിരുന്നു. ആയതിനോടൊപ്പം മുൻകാലങ്ങളിൽ അടച്ചുപൂട്ടിയ 78 ഔട്ട്‌ലെറ്റുകൾ തുറക്കുന്നതിനുള്ള അനുമതി 07-10-2022-ലെ ജി.ഒ.(പി)നം.128/2022/നികുതി ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. വിദേശ മദ്യഷാപ്പുകളിലെ തിരക്ക് കുറക്കുന്നതുമായി ബന്ധപ്പെട്ട് വാക്ക് ഇൻ സംവിധാനം നടപ്പിലാക്കുന്നതിന് 2022-23 വർഷത്തെ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ 17-05-2022-ലെ ജി.ഒ.(ആർ.ടി)നം.390/2022/ നികുതി ഉത്തരവ് പ്രകാരം 175 ബിവറേജസ് ഔട്ട്‌ലെറ്റുകൾക്ക്കൂടി അനുമതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നല്കിയിട്ടുള്ളതാണ്. ഇവയുടെ പ്രവർത്തനം നാളിതുവരെയും ആരംഭിച്ചിട്ടില്ല. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം(2) ആയി ചേർത്തിരിക്കുന്നു.⁺

(സി) സംസ്ഥാനത്തെ നിലവിലുള്ള ബിവറേജസ് ഔട്ട്ലെറ്റുകളുടെ എണ്ണം ഇപ്രകാരം വർദ്ധിപ്പിക്കുകയാണെങ്കിൽ മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനം എപ്രകാരം നടപ്പിലാക്കാൻ സാധിക്കുമെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മദ്യത്തിന്റെ ഉപഭോഗം സമൂഹത്തിൽ വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയല്ല പുതിയ ബിവറേജസ് ഔട്ട്ലെറ്റുകൾക്ക് അനുമതി നൽകിയിട്ടുള്ളത്. നിലവിലുള്ള വിദേശ മദ്യശാലകളിലെ തിരക്ക് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് വാക്ക് ഇൻ സംവിധാനം നടപ്പിലാക്കുന്നതിനും ബിവറേജസ് ഔട്ട്ലെറ്റുകൾക്ക് മുൻപിലുള്ള ഉപഭോക്താക്കളുടെ ക്രമാതീതമായ തിരക്കും വാഹന പാർക്കിംഗും കുറക്കുന്നതിനുമാണ് പുതിയ ഔട്ട്ലെറ്റുകൾക്ക് അനുമതി നൽകിയിട്ടുള്ളത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതിയ മദ്യനയത്തിലൂടെ നേട്ടങ്ങൾ

416(2552) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഠനവും നടത്താതെ രൂപം കൊടുത്ത പുതിയ മദ്യനയത്തിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

മദ്യവർജ്ജനത്തിലൂന്നിയ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മാത്രമെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി കുറച്ചുകൊണ്ടുവരുന്നതിന് സാധിക്കുകയുള്ളൂ. മുൻവർഷങ്ങളിൽ ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മദ്യനയത്തിന്റെ തുടർച്ചയായാണ് 2023-24 വർഷത്തെ മദ്യനയം പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) മദ്യവർജനമാണ് ലക്ഷ്യമെന്നിരിക്കെ മദ്യവിപണനത്തിനുള്ള സാധ്യതകൾ തുറന്നിടുന്ന പുതിയ മദ്യനയം പുനഃപരിശോധിക്കുമോ; വ്യക്തമാക്കുമോ?

പുതിയ മദ്യനയം മദ്യവിപണനത്തിനുള്ള സാധ്യതകൾ തുറന്നിടുന്നില്ല. പരമ്പരാഗത വ്യവസായമായ കള്ളുചെത്ത് മേഖലയുടെയും ടൂറിസം മേഖലയുടെയും ഉന്നമനത്തിനാവശ്യമായ തീരുമാനങ്ങൾ 2023-24 വർഷത്തെ മദ്യനയത്തിലൂടെ കൈക്കൊണ്ടിട്ടുണ്ട്. ടി തീരുമാനങ്ങൾ വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം കുറയ്ക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകരമാണ്. കൂടാതെ വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷത്തിൽ കള്ള് ഉപയോഗിക്കുന്നതിനും വിദേശമദ്യം വാങ്ങുന്നതിനായി ദീർഘനേരം ക്യൂ നിൽക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനും പുതിയ മദ്യനയം സഹായകരമാണ്.

(സി) ലഹരി മുക്തിക്കുപകരം എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുവാനും രാസമരുന്നുകളുടെ വ്യാപനം നിയന്ത്രിക്കുവാനുമുള്ള മാർഗ്ഗങ്ങൾ പുതിയ നയത്തിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുപുറമെ ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും

എക്സൈസ് വകുപ്പ് നടത്തിവരുന്നുണ്ട്. 2023-24 വർഷത്തെ മദ്യനയത്തിൽ വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ തീരുമാനിച്ചതിനോടൊപ്പം തന്നെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തുന്നതാണ്.

**ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ**

417(2553) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലഹരി നിർമ്മാർജന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ലഹരി വസ്തുക്കളുടെ ഉപയോഗവും വിൽപ്പനയും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. പോലീസ്, ആർ.പി.എഫ്., തീരദേശ സേന, ആരോഗ്യ വകുപ്പ് എന്നിവരുമായി ചേർന്ന് ഹോട്ടൽ, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, തീരദേശം എന്നിവിടങ്ങളിൽ ശക്തമായ റെയിഡുകൾ നടത്തിയും ചെക്ക് പോസ്റ്റുകളുടെ ശക്തമായ പരിശോധന നടത്തിയും മയക്കമരുന്നുമായി ബന്ധപ്പെട്ട സ്ഥിരം

കുറ്റവാളികളെ നിരീക്ഷിച്ചും മയക്കുമരുന്ന് ഉപയോഗം, വിപണനം, കടത്ത് എന്നിവ തടയുന്നതിന് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയും കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ലഹരിവസ്തുക്കളുടെ ഉറവിടം കണ്ടെത്തി ലഹരി മാഫിയകളെ ഉന്മൂലനം ചെയ്യുന്നതിനുള്ള വിപുലമായ നടപടികൾ വനം, ഫിഷറീസ്, പട്ടികജാതി/പട്ടികവർഗ്ഗ തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ ലഹരിയ്ക്കെതിരെ ഊർജ്ജിതമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ, ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ തദ്ദേശസ്വയംഭരണ തലങ്ങളിൽ ലഹരിവിരുദ്ധ കമ്മിറ്റികൾ, ആഭ്യന്തര വകുപ്പിന്റെ സഹായത്തോടെ എസ്.പി.സി.യു.-മായി ചേർന്ന് പൊതുജനങ്ങൾക്കിടയിലും സ്കൂളുകളിലും ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, വനിത ശിശുവികസന വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് എന്നിവരുടെ സഹായത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കുമിടയിൽ

ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ലഹരിക്കെതിരെയുള്ള അവബോധം കുട്ടികളിലും പൊതുജനങ്ങളിലും വളർത്തിയെടുക്കുകയും മയക്കുമരുന്ന് ഇടപാടുകളിൽ ഏർപ്പെടുന്നവരുടെ വിവരശേഖരണം നടത്തുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) വിവിധതരം ക്യാമ്പയിനുകളും റെയ്ഡുകളും നടത്തിയിട്ടും ലഹരി വില്പന കേസുകൾ കുറയാത്തതിന്റെ കാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എക്സൈസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുള്ളത്. വകുപ്പിന്റെ പ്രവർത്തനം തുടർന്നും ശക്തിപ്പെടുത്തുന്നതാണ്.

(സി) ലഹരി വസ്തുക്കളുടെ വിൽപ്പന നടത്തുന്നവരെയും ഉപയോഗിക്കുന്നവരെയും പിടികൂടുന്നുണ്ടെങ്കിലും ലഹരി എത്തിക്കുന്ന സംസ്ഥാനാന്തര റാക്കറ്റുകളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനും പിടികൂടുന്നതിനും നടപടി സ്വീകരിക്കാമോ?

ലഹരി വസ്തുക്കളുടെ വില്പന നടത്തുന്നവരെയും ഉപയോഗിക്കുന്നവരെയും പിടികൂടുന്നതിനും മയക്കുമരുന്നിന്റെ സ്രോതസ്സ് കണ്ടെത്തുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനാന്തര ബന്ധമുള്ള ലഹരി കേസുകളുടെ അന്വേഷണം എക്സൈസ് ക്രൈംബ്രാഞ്ച് നടത്തിവരുന്നു. കൂടാതെ മയക്കുമരുന്ന് റാക്കറ്റുകളെക്കുറിച്ച് എല്ലാതരം നൂതനവിവരസാങ്കേതിക വിദ്യകളിലൂടെയും അന്വേഷണം നടത്തി ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. രജിസ്റ്റർ ചെയ്യുന്ന കേസുകളിൽപ്പെട്ട പ്രതികളുടെ സി. ഡി. ആർ ലഭ്യമാക്കി വിശദമായ അന്വേഷണം നടത്തുകയും ഇതുമായി ബന്ധപ്പെട്ട എല്ലാവരെയും നിയമാനുസരണം പ്രതിസ്ഥാനത്ത് ചേർത്ത് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) വിദ്യാലയങ്ങളിൽ കുട്ടികളെ കാരിയർമാരായി ഉപയോഗിച്ച് ലഹരി വിൽപ്പന നടത്തുന്ന സംഘങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിദ്യാലയങ്ങളിൽ കുട്ടികളെ കാരിയർമാരായി ഉപയോഗിച്ച് ലഹരി വിൽപ്പന നടത്തുന്ന സംഘങ്ങളെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) ലഹരിക്കടിമയാകുന്നവരെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിന് താലൂക്ക് അടിസ്ഥാനത്തിൽ കൗൺസിലിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്താമോ?

ലഹരിക്കടിമപ്പെട്ടവരെ കൗൺസിലിംഗ് നൽകുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മേഖലാ കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പ്രാഥമിക കൗൺസിലിംഗ് നൽകുന്നതിനായി തെരഞ്ഞെടുത്ത 30 എക്സൈസ് ജീവനക്കാരെ നിംഹാൻസ് മുഖേന പരിശീലനം നൽകി ലഹരിക്കടിമപ്പെട്ടവർക്ക് കൗൺസിലിംഗ് നൽകിവരുന്നു. കൂടാതെ 14 ജില്ലകളിലും ജില്ലാ/താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് ലഹരിക്കടിമപ്പെട്ടവർക്കാവശ്യമായ ചികിത്സയും കൗൺസിലിംഗും

നൽകുന്നതിനായി 14 ലഹരി മോചന ചികിത്സാ കേന്ദ്രങ്ങളും വിമുക്തിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്നു.

(എഫ്) ലഹരി വില്പനയിലേയ്ക്ക് ആകർഷിക്കപ്പെടുന്നവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതടക്കമുള്ള കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ ലഹരി വില്പനയിലേയ്ക്ക് ആകർഷിക്കപ്പെടുന്നവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതടക്കമുള്ള കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് എൻ.ഡി.പി.എസ്. ആക്റ്റിലെ നിയമങ്ങൾ പര്യാപ്തമാണ്. ആയത് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ലഹരി സംഘങ്ങളുടെ പ്രവർത്തനം തടയാൻ നടപടി**

418(2554) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ-കോളേജ് പരിസരങ്ങൾ, ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷൻ പരിസരങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി സംഘങ്ങൾ

പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽപ്പറഞ്ഞ പരിസരങ്ങൾ കേന്ദ്രീകരിച്ച് എക്സൈസിന്റെയും-പോലീസിന്റെയും പ്രത്യേക എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോ സ്പെഷ്യൽ ഡ്രൈവോ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; നടത്തിയിട്ടുണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

സ്കൂൾ, കോളേജ് പരിസരങ്ങൾ, ബസ്സ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷൻ പരിസരങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി സംഘങ്ങൾ പ്രവർത്തിക്കാതിരിക്കാനായി എക്സൈസ് വകുപ്പ് സ്വന്തമായും മറ്റ് വകുപ്പുകളുമായും ചേർന്ന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആഘോഷങ്ങളും ഉത്സവങ്ങളുമായി ബന്ധപ്പെട്ട് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവുകൾ നടത്തുന്നുണ്ട്. ക്രിസ്തുമസ്, ന്യൂ ഇയർ സ്പെഷ്യൽ ഡ്രൈവ്, ഓണം സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്താറുണ്ട്. ഈ വർഷത്തെ ഓണം സ്പെഷ്യൽ ഡ്രൈവ് 2023 ആഗസ്റ്റ് ആറ് മുതൽ സെപ്റ്റംബർ അഞ്ചുവരെ നടത്തിയിട്ടുള്ളതാണ്. ടി സ്പെഷ്യൽ ഡ്രൈവുകൾ

സംസ്ഥാനത്തൊട്ടാകെയാണ് നടത്തുന്നത്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ**

419(2555) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ 142 ഒഴിവുകൾ നിലവിലുണ്ട്.

(ബി) എക്സൈസ് ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള നിയമനത്തിനുള്ള പി.എസ്.സി.-യുടെ റാങ്ക് പട്ടിക നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് എന്ന് നിലവിൽ വന്നെന്നും കാലാവധി എന്ന് അവസാനിക്കുമെന്നും എത്ര പേരെയാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

റാങ്ക് പട്ടിക നിലവിലില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത തസ്തികയിൽ നാളിതുവരെ ഉണ്ടായിട്ടുള്ള ഒഴിവുവിവരം പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ഡി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ അടിയന്തരനടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് ഉറപ്പ് ലഭ്യമാക്കാമോ?

(സി&ഡി) എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നേരിട്ട് നിയമനം ലഭിക്കുന്ന ഒഴിവുകളിൽ 76 എണ്ണം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽനിന്നും എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകുമ്പോൾ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്താൽ താൽക്കാലിക പ്രമോഷൻ നടത്തിയവയെല്ലാം ക്രമീകരിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ റിപ്പോർട്ട് ചെയ്ത തസ്തികകളിൽ നിയമനം നടത്തുവാൻ കഴിയാത്ത അവസ്ഥയുണ്ടാകുമെന്നും ഒരിക്കൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ കുറവ്

വരുത്തുവാനോ റദ്ദ് ചെയ്യുവാനോ കഴിയില്ലായെന്നും അതിനാൽ എക്സൈസ് ഇൻസ്പെക്ടർ റാങ്ക് പട്ടിക കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതുമൂലം ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന വിഷയം പരിശോധിക്കാമെന്ന് എക്സൈസ് കമ്മീഷണറെ സർക്കാർ അറിയിച്ചിട്ടുള്ളതാണ്.

**ലഹരി കേസുകളിൽ പിടിച്ചെടുക്കുന്ന തൊണ്ടിമുതലുകളുടെ പരിശോധന**

420(2556) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി കേസുകളിൽ എക്സൈസ് പിടിച്ചെടുക്കുന്ന തൊണ്ടിമുതലുകൾ പരിശോധിക്കുന്നതിന് സംസ്ഥാനത്ത് എന്തൊക്കെ സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രാഥമിക പരിശോധനയ്ക്ക് ഡ്രഗ് ഡിറ്റക്ഷൻ കിറ്റ് ഉപയോഗിക്കാറുണ്ട്. ബന്തവസ്സിലെടുക്കുന്ന തൊണ്ടിമുതലുകൾ രാസപരിശോധനാഫലം

ലഭിക്കുന്നതിനായി അംഗീകൃത സർക്കാർ കെമിക്കൽ എക്സാമിനറുടെ ലാബിലേയ്ക്ക് അയയ്ക്കുന്നു.

(ബി) ഇത്തരത്തിൽ പിടിച്ചെടുത്ത തൊണ്ടിമുതലുകളുടെ പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുണ്ട്. പരിശോധന ഫലം അടിയന്തിരമായി ലഭ്യമാക്കുന്നതിന് കെമിക്കൽ ലാബുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഇപ്രകാരമുള്ള എത്ര സാമ്പിളുകൾ എക്സൈസ് വകുപ്പ് പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്; എത്ര എണ്ണത്തിൽ പരിശോധന ഫലം ലഭിച്ചിട്ടുണ്ട്; ഇനി എത്രയെണ്ണത്തിൽ പരിശോധനാഫലം ലഭിക്കുവാനുണ്ട്?

ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെയായി 9610 സാമ്പിളുകൾ പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. 5913 എണ്ണത്തിൽ

പരിശോധന ഫലം ലഭിച്ചിട്ടുണ്ട്. 3697 എണ്ണത്തിൽ പരിശോധന ഫലം ലഭിക്കാനുണ്ട്.

(ഡി) പരിശോധനാഫലം ലഭിക്കുവാനുള്ള സാമ്പിളുകൾ പരിശോധനയ്ക്കായി നൽകിയ തീയതിയും നൽകിയിരിക്കുന്ന സ്ഥാപനവും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഇ) രാസലഹരിവസ്തുക്കൾ കാലപ്പഴക്കംകൊണ്ട് തിരിച്ചറിയാൻ സാധിക്കാതെ വരുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

രാസലഹരി വസ്തുക്കൾ കാലപ്പഴക്കം കൊണ്ടുതിരിച്ചറിയാൻ സാധിക്കാതെ വരുന്ന സംഭവങ്ങൾ ഇതുവരെയും റിപ്പോർട്ട് ചെയ്തിട്ടില്ല.

(എഫ്) ഇപ്രകാരമുള്ള കാലതാമസത്തിലൂടെ കുറ്റവാളികൾ രക്ഷപ്പെടുന്നത് ഒഴിവാക്കുന്നതിനായി സമയബന്ധിതമായി പരിശോധന ഫലം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലതാമസത്തിലൂടെ കുറ്റവാളികൾ രക്ഷപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടില്ല. പ്രധാനപ്പെട്ട കേസുകളിൽ രാസപരിശോധന ഫലം വേഗത്തിൽ ലഭ്യമാക്കാൻ ചീഫ് കെമിക്കൽ എക്സാമിനർക്ക് കത്ത് കൊടുക്കുകയും പ്രത്യേക ദൂതനെ നിയോഗിച്ച് ഫലം ലഭ്യമാക്കുകയും ചെയ്തുവരുന്നു.

**മാമല എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ വാഹനം**

421(2557) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാമല എക്സൈസ് റേഞ്ച് ഓഫീസിന്റെ പ്രവർത്തന പരിധി ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ടതാണെന്നറിയിക്കാമോ?

മാമല എക്സൈസ് റേഞ്ച് ഓഫീസിന്റെ പ്രവർത്തനപരിധിയിൽ തിരുവാണിയൂർ, കുന്നത്തുനാട്, കിഴക്കമ്പലം, ഐക്കരനാട്, വടവുകോട്-പുത്തൻകുരിശ്, പൂതൃക്ക എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്നു.

(ബി) പ്രസ്തുത ഓഫീസിലെ ഡിപ്പാർട്ട്മെന്റ് ജീപ്പ് ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലായതിനാൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. നിലവിലുള്ള ജീവനക്കാരെയും വാഹനവും ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു.

(സി) പ്രസ്തുത വാഹനത്തിന് എത്ര വർഷത്തെ കാലപ്പഴക്കമുണ്ടെന്ന് അറിയിക്കാമോ?

15 വർഷം.

(ഡി) മാമല എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ വാഹനം അനുവദിക്കുന്ന കാര്യത്തിൽ അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

2023 ഒക്ടോബർ മാസം 15 വർഷം പൂർത്തിയാകുന്നതും കണ്ടംനേഷന് വിധേയമാകുന്നതുമായ മാമല എക്സൈസ് റേഞ്ച് ഓഫീസിലെ KL-01-AS-8510 മഹിന്ദ്ര ജീപ്പ് (2008 മോഡൽ) മാറ്റി വാങ്ങുന്നത് ഉൾപ്പെടെ 33 പുതിയ വാഹനങ്ങൾ Gem മുഖാന്തരം എക്സൈസ് വകുപ്പിനായി വാങ്ങുന്നതിന്

അനുമതി നൽകുന്നത് സംബന്ധിച്ച് എക്സൈസ് കമ്മീഷണർ ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**എക്സൈസ് വകുപ്പിലെ സീനിയോറിറ്റി**

422(2558) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട ഇ.എക്സ്.സി./1375/2019-എക്സ്.ഇ.8 നമ്പർ ഫയലിലെ അവസാനത്തെ നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

ഇ.എക്സ്.സി/1375/2019-എക്സ്.ഇ.8 നമ്പർ ഫയലിന്റെ അവസാനത്തെ നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പ് അനുബന്ധം (1) ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത ഫയൽ തീർപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടാകാൻ കാരണക്കാരായ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) കോഴിക്കോട് ഡിവിഷനിലെ എക്സൈസ് ഗാർഡുമാരുടെ സീനിയോറിറ്റി തർക്കം സംബന്ധിച്ച് ഫയൽ ചെയ്ത TA-4186/2012 (WP(സി)32261/2008) നമ്പർ കേസിലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22-01-2019-ലെ വിധിയിൽ അപേക്ഷകർക്ക് എക്സൈസ് ഗാർഡുമാരുടെ 01-01-1989 മുതൽ 01-09-1994 വരെയും 02-09-1994 മുതൽ 31-12-2005 വരെയുള്ള സീനിയോറിറ്റി ലിസ്റ്റുകളിൽ അർഹമായ സ്ഥാനം നൽകണമെന്ന അപേക്ഷയിൽ ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ഉത്തരവാകുകയും ടി വിധിയിൽ സർക്കാർ ഉപദേശം ആരായുകയും സർക്കാർ അപേക്ഷകരായ സർവ്വശ്രീ. കെ. നിഷിൽ കുമാർ, സന്തോഷ് കുമാർ സി., ചന്ദ്രൻ കുട്ടോത്ത്, രാജൻ ടി. എന്നിവരെ നേരിൽ കേൾക്കുകയും ടി ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി പുന:പരിശോധിച്ച് അവർക്ക് അർഹമായ സീനിയോറിറ്റി അനുവദിച്ചുനൽകാൻ അടിയന്തരനടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകി 09-01-2021-ൽ സ.ഉ.(സാധാ.) നം. 21/2021/നി.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ

സർവ്വശ്രീ കെ.നിഷിൽ കുമാർ, സന്തോഷ് കുമാർ സി., ചന്ദ്രൻ കുട്ടോത്ത്, രാജൻ ടി. എന്നിവരുടെ സീനിയോറിറ്റി പുനഃപരിശോധിച്ച് അവർക്കർഹമായ സീനിയോറിറ്റി അനുവദിച്ച് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ഡിവിഷനിലെ 01-01-1989 മുതൽ 30-06-2009 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് പുന:ക്രമീകരിച്ച് കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി ഉത്തരവിനെതിരെ കോഴിക്കോട് ഡിവിഷനിലെ സിവിൽ എക്സൈസ് ഓഫീസർമാരായ സർവ്വശ്രീ ആഷ്കുമാർ എം.എൽ, ഷിബു എന്നിവർ സമർപ്പിച്ച അപേക്ഷകളിൽ ടി ലിസ്റ്റിലും മേൽ പറഞ്ഞ അന്തർജില്ലാ സ്ഥലമാറ്റം സംബന്ധിച്ച് വ്യവസ്ഥകൾ തെറ്റിച്ച് ചട്ടവിരുദ്ധമായി കോഴിക്കോട് ഡിവിഷനിലേയ്ക്ക് വന്നവർ ഉൾപ്പെട്ടിട്ടുണ്ടെന്നും ടി സീനിയോറിറ്റി ലിസ്റ്റിലെ അനർഹരെ ഒഴിവാക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. മേൽ പരാതിയിന്മേൽ കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ

സീനിയോറിറ്റി ലിസ്റ്റിൽ അന്തർജില്ലാ സ്ഥലം മാറ്റപ്രകാരം എത്തിയ 13 പേർ കോഴിക്കോട് ഡിവിഷനിൽ അഞ്ചുവർഷം പൂർത്തിയാക്കിയമുറയ്ക്ക് ഓരോരുത്തരെയായി സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, പരാതിയിൽ പരാമർശിച്ച രണ്ട് പേരൊഴികെ ബാക്കിയെല്ലാവരുംതന്നെ പ്രിവന്റീവ് ഓഫീസർമാർ ആയിട്ടുള്ളതാണെന്നും ടി 13 പേരും സർവ്വീസിൽനിന്ന് വിരമിക്കുകയും ചെയ്തിട്ടുള്ളതായും ഈ സാഹചര്യത്തിൽ ഇവരെ അതാത് ജില്ലകളിലേയ്ക്ക് തിരിച്ചയച്ച് ആ ജില്ലകളിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെടുന്നത് പ്രായോഗികമല്ലെന്ന് കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയത് എക്സൈസ് വകുപ്പിൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എക്സൈസ് വകുപ്പിലെ സിവിൽഎക്സൈസ് ഓഫീസർമാർ, പ്രിവന്റീവ് ഓഫീസർമാർ എന്നിവർക്ക് വീക്കിലി ഓഫ്, കോമ്പൻസേറ്ററി ഓഫ് എന്നിവ അനുവദിക്കുന്നതിനുള്ള ഉത്തരവ് ഏതാണെന്ന് വ്യക്തമാക്കാമോ?

ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പിന്റെ 25-10-1989-ലെ 10813/Rules-2/89/P&ARD നമ്പർ സർക്കുലർ. ആയതിന്റെ പകർപ്പ് അനുബന്ധം (2) ആയി ചേർക്കുന്നു.+

(ഇ) പ്രസ്തുത വകുപ്പിൽ സ്പെഷ്യൽ ഡ്രൈവ് പീരീഡിൽ ജീവനക്കാർ ട്രാൻസ്ഫർ പ്രകാരം ജോയിനിംഗ് ടൈമിലായിരുന്നാൽ ഓഫ് ഡ്യൂട്ടി അലവൻസ് അനുവദിക്കുമോ?

അനുവദിക്കുന്നതല്ല.

(എഫ്) ഇല്ലെങ്കിൽ നിലവിൽ ഈ രീതിയിൽ ഓഫ് ഡ്യൂട്ടി അലവൻസ് കൈപ്പറ്റിയവരിൽനിന്നും അതുതിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്പെഷ്യൽ ഡ്രൈവ് പീരീഡിൽ ജീവനക്കാർ ട്രാൻസ്ഫർ പ്രകാരം ജോയിനിംഗ് ടൈമിലായിരുന്ന കാലത്ത് ഓഫ് ഡ്യൂട്ടി അലവൻസ് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപ്രകാരം ക്രമവിരുദ്ധമായി അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എൽഎസ്ഡി സ്റ്റാമ്പ് കേസ്സ്

423(2559) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ എൽ.എസ്.ഡി. സ്റ്റാമ്പ് ബാഗിനുള്ളിൽ വച്ച് ബ്യൂട്ടിപാർലർ ഉടമയെ ലഹരി കേസിൽ കുടുക്കിയ സംഭവത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

വ്യാജ എൽ.എസ്.ഡി. സ്റ്റാമ്പുമായി ബന്ധപ്പെട്ട കേസ് കണ്ടെടുത്ത എക്സൈസ് ഇൻസ്പെക്ടറെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തു. കൂടാതെ ടി കേസ് കണ്ടെടുത്ത പാർട്ടിയിലുണ്ടായിരുന്ന പ്രിവന്റീവ് ഓഫീസർമാർ, വനിത സിവിൽ എക്സൈസ് ഓഫീസർ, ദേഹപരിശോധന നടത്തിയ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിച്ചുവരുന്നു.

പ്രിവന്റീവ് ഓഫീസർ, വനിത സിവിൽ എക്സൈസ് ഓഫീസർ എന്നിവരെ ഇരിങ്ങാലക്കുട താലൂക്കിന് പുറത്ത് മാറ്റി നിയമിച്ചു.

(ബി) പ്രസ്തുത കേസിൽ വ്യാജ എൽ. എസ്. ഡി. സ്റ്റാമ്പ് ബാഗിനുള്ളിൽ വച്ച വ്യക്തിയെ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

പ്രസ്തുത കേസിൽ വ്യാജ എൽ.എസ്.ഡി. സ്റ്റാമ്പ് ബാഗിനുള്ളിൽ വച്ച വ്യക്തിയെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. ഫിംഗർ പ്രിന്റ്, മൊബൈൽ ഫോൺ ഫോറൻസിക് വിദഗ്ദ്ധർ എന്നിവരുടെ സേവനങ്ങൾ ലഭ്യമാക്കി അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

(സി) എക്സൈസ് ഉദ്യോഗസ്ഥരുടെ തെറ്റായ ഇടപ്പെടൽമൂലം ജയിൽവാസത്തിന് ഇരയാകേണ്ടിവന്ന യുവതിക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സംസ്ഥാനത്തെ മദ്യശാലകൾ, കള്ള് ഷാപ്പുകൾ**

424(2560) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര മദ്യശാലകൾ, കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ?

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളുടെ വിവരം അനുബന്ധം (i) ആയും വിദേശമദ്യഷോപ്പുകളുടെ വിവരം അനുബന്ധം (ii) ആയും ചേർത്തിരിക്കുന്നു.+

(ബി) 2016 മുതൽ ഓരോ വർഷവും മദ്യശാലകളും, കള്ള് ഷാപ്പുകളും അനുവദിച്ചതിന്റെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

2016 മുതൽ പുതുയതായി കള്ള് ഷാപ്പുകൾ അനുവദിച്ചിട്ടില്ല.

17-05-2022-ലെ സ.ഉ.(സാധാ) നം.390/2022 പ്രകാരം സംസ്ഥാനത്തൊട്ടാകെ 175 പുതിയ വിദേശമദ്യ ചില്ലറവില്പനശാലകൾ തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഷോപ്പുകളുടെ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല. 2016 മുതൽ അനുവദിച്ച മദ്യശാലകൾ അനുബന്ധം (iii) ആയി ചേർത്തിരിക്കുന്നു.+

(സി) പുതുതായി കൂടുതൽ മദ്യശാലകളും, കള്ള് ഷാപ്പുകളും അനുവദിക്കുന്നതുസംബന്ധിച്ച സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

മദ്യവർജ്ജനത്തിലൂന്നിയ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിലെ മദ്യാസക്തി കുറച്ചുകൊണ്ടുവന്ന് 'ലഹരി മുക്ത കേരളം' സാക്ഷാൽക്കരിക്കുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത മദ്യനയം. സമ്പൂർണ്ണ മദ്യനിരോധനം വിജയകരമായി നടപ്പിലാക്കുവാൻ കഴിയില്ലെന്ന് അനുഭവങ്ങളിലൂടെ ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് മദ്യവർജ്ജനത്തിലൂന്നിയ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകിയത്. നിലവിലുള്ള മദ്യനയത്തിന്റെയും അബ്കാരി ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ത്രീസ്റ്റാറും അതിനുമുകളിലും സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭിച്ചിട്ടുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകേണ്ടതുണ്ട്. സംസ്ഥാനത്തെ ബിവറേജസ് കോർപ്പറേഷന്റെ വിദേശമദ്യ ഷോപ്പുകളിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് അടച്ചുപൂട്ടിയ ഷോപ്പുകൾ തുറക്കാൻ തീരുമാനിച്ചത്. നിലവിലുള്ള മദ്യനയത്തിൽ പുതുതായി കള്ള് ഷാപ്പുകൾ തുറക്കുവാൻ തീരുമാനമെടുത്തിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത 2314, 2350, 2365 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് വിഭാഗത്തിൽ ലഭ്യമല്ല)

***************